# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ജനുവരി 30, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

102/21

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..101

**II അറിയിപ്പ്**

രക്തസാക്ഷി ദിനാചരണം ..498

**III അടിയന്തരപ്രമേയം**

പ്രളയാനന്തര ദുരിതാശ്വാസ സഹായം
(അവതരണാനുമതി നിഷേധിച്ചു) ..498

**IV ശ്രദ്ധക്ഷണിക്കൽ**

1. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം
– ശ്രീ. ആർ. രാജേഷ് ..522

2. സ്കോളർഷിപ്പ് ആനുകൂല്യം
– ശ്രീ. എം. വിൻസെന്റ് ..524

**V സബ്മിഷൻ**

1. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശഭൂമി
– പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ..528

2. ചരക്ക് ഗതാഗത രംഗത്തെ പ്രശ്നങ്ങൾ
– ശ്രീ. ജോൺ ഫെർണാണ്ടസ് ..532

3. വില്ലേജ് ഓഫീസ് അനുവദിക്കൽ
– ശ്രീ. കെ. ജെ. മാക്സി ..532

4. സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ
– ശ്രീ. കെ. സി. ജോസഫ് ..534

5. മൂർക്കനാട് നടപ്പാലം പുനർനിർമ്മാണം
– ശ്രീ. പി. കെ. ബഷീർ ..536

*പേജ്*

6. കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
— ശ്രീമതി ഇ. എസ്. ബിജിമോൾ ..538

7. സർവ്വകലാശാല അസിസ്റ്റന്റ് നിയമനം
— ശ്രീ. ഒ. രാജഗോപാൽ ..540

8. നഷ്ടപരിഹാരം
— ശ്രീ. അനൂപ് ജേക്കബ് ..540

9. പരപ്പനങ്ങാടി ഹാർബർ നിർമ്മാണം
— ശ്രീ. വി. അബ്ദുറഹിമാൻ ..544

10. വന്യമൃഗ ആക്രമണം
— ശ്രീ. റ്റി. വി. രാജേഷ് ..546

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

സാമ്പത്തിക അവലോകനം-2018, ലിസ്റ്റ് 1 ലിസ്റ്റ് 2- ചട്ടം 47(2), ലിസ്റ്റ് 3-ചട്ടം 236(5),ലിസ്റ്റ് 4- ചട്ടം 236(6) അനുസരിച്ചുള്ള കടലാസുകൾ ..549

**VII ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ..576

**അനുബന്ധം**

1. ശ്രീ. ജോൺ ഫെർണാണ്ടസിന്റെ സബ്മിഷന് മുഖ്യമന്ത്രിയുടെ മറുപടി ..672

2. 29-1-2019 -ലെ ചോദ്യോത്തരങ്ങൾ ..673

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

*2019 ജനുവരി 30, ബുധൻ*


വാല്യം 175] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3


നിയമസഭ 2019 ജനുവരി മാസം 30-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

# I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ *61.

നക്ഷത്രചിഹ്നമിട്ട 61-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 66-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീമതി പി. അയിഷാ പോറ്റി നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

### ജലവിതരണ പദ്ധതികൾ പുനഃസ്ഥാപിക്കാൻ നടപടി

1 (*61) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ് . തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തെ തുടർന്ന് പ്രവർത്തനരഹിതമായ ജലവിതരണ പദ്ധതികൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട്, പാലക്കാട് ജില്ലകളിലും കുട്ടനാട് മേഖലയിലുമുള്ള കുടിവെള്ള വിതരണ പ്രതിസന്ധി പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചുവോ; വ്യക്തമാക്കാമോ;

(സി) പതിമൂന്നാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി കുട്ടനാട് പ്രദേശത്തെ കുടിവെള്ള വിതരണം ഉറപ്പാക്കാൻ വിഭാവന ചെയ്ത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) പ്രളയം കാരണം ജലവിതരണ പദ്ധതികൾ ഏറ്റവും പ്രതിസന്ധിയിലായത് 18-8-2018-ൽ ആണ്. മൊത്തം 1081 പദ്ധതികളിൽ 483 പദ്ധതികളാണ് വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായത്. എന്നാൽ ഇവയിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയം ഏറ്റവും രൂക്ഷമായി ബാധിച്ചത് 372 പദ്ധതികളെയാണ്. ഇവയിൽ 50 ശതമാനവും രണ്ടു ദിവസംകൊണ്ട് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. പ്രളയത്തെ തുടർന്ന് ചെളിയിലും വെള്ളത്തിലും മുങ്ങിപ്പോയ പമ്പ് ഹൗസുകളിൽനിന്നും ആദ്യപടിയായി വെള്ളം പുറത്തേയ്ക്ക് പമ്പ് ചെയ്തുകളയാനും ചെളിയും മാലിന്യങ്ങളും നീക്കാനുമാണ് ശ്രദ്ധ പതിപ്പിച്ചത്. പൂർണ്ണമായും മുങ്ങിപ്പോയ പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും മറ്റ് അനുബന്ധ ഉപകണങ്ങളും അഴിച്ചെടുത്ത് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഉണക്കിയെടുത്ത് പ്രവർത്തനസജ്ജമാക്കാനും പൈപ്പ് ലൈനുകൾക്ക് സംഭവിച്ച സ്ഥാനചലനവും അത് കാരണമുണ്ടായ ലീക്കുകളും പ്രളയജലം ഇറങ്ങിയതനുസരിച്ച് സമയബന്ധിതമായി പരിഹരിച്ച് ഭൂരിഭാഗം സ്ഥലങ്ങളിലും രണ്ടാഴ്ചയ്ക്കുള്ളിൽ ജലവിതരണം പ്രളയ പൂർവ്വസ്ഥിതിയിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രളയ പൂർവ്വാവസ്ഥയിലെത്താൻ കാലതാമസം നേരിട്ട കുട്ടനാട്, പാണ്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ കുടിവെള്ള വിതരണം പൂർവ്വസ്ഥിതിയിലെത്തിക്കാൻ കാലതാമസം നേരിട്ടുവെങ്കിലും പ്രളയത്തെ തുടർന്ന് തടസ്സപ്പെട്ട കുടിവെള്ള വിതരണം ഇപ്പോൾ പൂർണ്ണമായും പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇനിയും കുടിവെള്ള വിതരണം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കാൻ സാധിക്കാത്ത പദ്ധതികൾ താഴെ പ്രതിപാദിക്കുന്നു:

1. പത്തനംതിട്ട ജില്ലയിലെ അരയാഞ്ഞിലിമൺ ജലവിതരണ പദ്ധതി പൂർണ്ണമായും തകർന്നതിനാൽ പുനഃസ്ഥാപിക്കാൻ അധിക തുക വേണ്ടിയിരുന്നതിനാൽ അടിയന്തരമായി ചെയ്യുവാൻ സാധിച്ചിരുന്നില്ല. ആയതിന് ഇപ്പോൾ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

2. പാലക്കാട് ജില്ലയിലെ കരിമ്പുഴ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ പൈപ്പ്ലൈൻ പാലം ഒലിച്ചുപോയതിനാൽ പേരാമ്പ്ര പ്രദേശത്തേയ്ക്കുള്ള ജലവിതരണം തടസ്സപ്പെട്ടിരുന്ന 1200-ഓളം കണക്ഷനുകളിലേയ്ക്ക് ജലവിതരണം പുനഃസ്ഥാപിക്കാനുള്ള പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രവൃത്തി കാലതാമസം കൂടാതെ പൂർത്തീകരിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

3. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി കണ്ടപ്പൻ ചാൽ, കുരോട്ടുപാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പുനഃസ്ഥാപിക്കാൻ 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

4. വയനാട് ജില്ലയിലെ അഞ്ചുകുന്ന്-കുപ്പത്തോട് പദ്ധതിയിൽനിന്നുള്ള ജലവിതരണം പുനഃസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അധിക കാലതാമസം കൂടാതെ ടി പദ്ധതിയിൽനിന്നും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജലവിതരണം അടിയന്തരമായി പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള താൽക്കാലിക പരിഹാരമാർഗ്ഗങ്ങളാണ് മിക്ക പ്രളയബാധിത പദ്ധതികളിലും കുടിവെള്ള വിതരണ പുനഃസ്ഥാപനത്തിന് അനുവർത്തിച്ചത്. അതുകൊണ്ടുതന്നെ പൂർവ്വസ്ഥിതിയിലേയ്ക്ക് കുടിവെള്ള വിതരണം പുനഃസ്ഥാപിച്ച സ്ഥലങ്ങളിൽപ്പോലും സ്ഥിര സംവിധാനങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തേണ്ടതുണ്ട്.

2018 ആഗസ്റ്റ് മാസത്തെ പ്രളയത്തെത്തുടർന്ന് ജലനിധിയുടെ ഒന്നാം ഘട്ട പദ്ധതിയിലെ 153 സ്കീമുകൾക്കും രണ്ടാംഘട്ട പദ്ധതിയിലെ 365 സ്കീമുകൾക്കും നാശനഷ്ടം സംഭവിക്കുകയുണ്ടായി. ടി പദ്ധതികൾ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾ പരിഹരിച്ചിട്ടുണ്ട്. കുട്ടനാട് മേഖലയിൽ പ്രളയത്തിനുമുമ്പുണ്ടായിരുന്ന തൽസ്ഥിതി പുനഃസ്ഥാപിച്ചിട്ടുണ്ട്. എങ്കിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രളയംമൂലം കുടിവെള്ള വിതരണ പദ്ധതികളും പൈപ്പ് ലൈനുകളും പമ്പുകളും കേടായത് മാറ്റിസ്ഥാപിക്കുന്നതിനും റിപ്പെയർ ചെയ്യുന്നതിനും ട്യൂബ് വെല്ലുകൾ സ്ഥാപിക്കുന്നതിനുമായി ലഭിച്ച

89.50 ലക്ഷം രൂപയുള്ള ഭരണാനുമതി ഉപയോഗപ്പെടുത്തി കേടായ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിച്ചും റിപ്പെയർ ചെയ്തും പദ്ധതികൾ കാര്യക്ഷമമാക്കിയും 22 RO (reverse osmosis) പ്ലാന്റുകൾ കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചും കുടിവെള്ള വിതരണം സുഗമമായി നടത്തിവരുന്നു. കുട്ടനാട് പ്രദേശത്തെ കുടിവെള്ള വിതരണ പ്രതിസന്ധി പരിഹരിക്കുന്നതിനായി നിലവിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിന് 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽപ്പെടുത്തി 70 കോടി രൂപയുടെ ഒരു പദ്ധതി ആദ്യഘട്ടമായി പ്രളയത്തിനുമുമ്പ് ആരംഭിച്ചത് പുരോഗമിച്ചുവരുന്നു. 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉന്നതതല സംഭരണിയും രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും ഏതാനും വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇതുകൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 30 MLD ശുദ്ധീകരണശാലയും കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 13 പഞ്ചായത്തുകളിൽ (തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം) ഉന്നതതല സംഭരണികളും 39 കിലോമീറ്റർ പ്രധാന ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട്, പാലക്കാട് ജില്ലകളിലായി 2001-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാം ഘട്ടത്തിൽ 42 ഗ്രാമപഞ്ചായത്തുകളും 2012-2019 കാലയളവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലനിധി രണ്ടാം ഘട്ടത്തിൽ 19 ഗ്രാമപഞ്ചായത്തുകളിലുംകൂടി 1885 ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കുട്ടനാട് പ്രദേശത്തെ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് നിലവിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിലേയ്ക്കായി 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽപ്പെടുത്തി 70 കോടി രൂപയുടെ ഒരു പദ്ധതി ആദ്യഘട്ടമായി പ്രളയത്തിനുമുമ്പ് ആരംഭിച്ചത് പുരോഗമിച്ചുവരുന്നു. 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഒരു ഉന്നതതല സംഭരണിയും രണ്ട് പ്രധാന ട്രാൻസ്മിഷൻ ലൈനുകളും ഏതാനും വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു:

ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ ലൈൻ-സിസ്റ്റം-1- (വീയപുരം, എടത്വ, തലവടി, മുട്ടാർ, നീലംപേരൂർ ജലസംഭരണികളിൽ ജലം എത്തിക്കുന്ന പൈപ്പ് ലൈനുകൾ) ആകെ 27.2 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുവാനുള്ളതിൽ ഇനി 250 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കലും 2 സ്ഥലത്തെ ഇന്റർ കണക്ഷൻ ജോലികളുമാണ് പൂർത്തിയാക്കാനുള്ളത്.

ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ ലൈൻ-സിസ്റ്റം-2- (രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി ജല സംഭരണികളിൽ ജലം എത്തിക്കുന്ന പൈപ്പ് ലൈനുകൾ) ആകെ. 17.8 കി.മീ; പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ളതിൽ ഇനി 150 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കലും ഒരു സ്ഥലത്തെ ഇന്റർ കണക്ഷൻ ജോലികളുമാണ് പൂർത്തിയാക്കാനുള്ളത്. ഇവ മാർച്ച് 2019 -ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

വിതരണ ശൃംഖല-1- (തകഴി, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖലയിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതും തകഴിയിലെ ഉന്നതതല സംഭരണിയുടെ നിർമ്മാണവും)

ആകെ 48.85 കി.മീ. പൈപ്പ് ലൈൻ ഉള്ളതിൽ ഇനി 14.85 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കാനുണ്ട്. കൂടാതെ 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ബാക്കി പണികൾ പുരോഗമിച്ചുവരുന്നു. ജലവിതരണ ശൃംഖല ഏറ്റെടുത്ത് കരാറുകാരന് അടിയന്തരമായി പണി പൂർത്തിയാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. ജലസംഭരണിയുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## ജലവിഭവ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കിഫ്ബി പദ്ധതികൾ

2(*66) ശ്രീ. കെ. ആൻസലൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും കുടിവെള്ളം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയും ജലസേചനം കാര്യക്ഷമമാക്കുന്നതിനും ജലവിഭവ വകുപ്പ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) റോഡ്-റെയിൽ കട്ടിംഗിന് അനുമതി ലഭ്യമാകാത്തതുകൊണ്ട് നഗരങ്ങളിൽ ഉൾപ്പെടെ കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിനാൽ അതിന് വേണ്ട അനുമതി നേടിയെടുക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ;

(സി) വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 600 കോടി രൂപ ഉപയോഗിച്ച് വിവിധ നദികളിൽ റെഗുലേറ്ററുകൾ നിർമ്മിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വ്യക്തമാക്കാമോ:

(ഡി) ഏറെക്കാലമായി പൂർത്തീകരിക്കാനാകാതെ നീണ്ടുപോകുന്നതും വലിയ തുക നിശ്ചല നിക്ഷേപമായി മാറിയതുമായ വൻകിട ജലസേചന പദ്ധതികൾ സത്വരമായി പൂർത്തീകരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ജലസേചന വകുപ്പ്

(1) മൂലത്തറ വലതുകര കനാലിന്റെ ദീർഘിപ്പിക്കൽ കോരയാർ മുതൽ വരട്ടയാർ വരെ സ്ഥലമെടുപ്പ് പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(2) കുണ്ടൂർ തോടിന്റെ നവീകരണം.

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(3) 20 നദികളിൽ 28 റെഗുലേറ്ററുകളുടെ നിർമ്മാണം.

16 റെഗുലേറ്ററുകളുടെ നിർമ്മാണത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഏഴ് പദ്ധതികളുടെ റിപ്പോർട്ടുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. ബാക്കിയുള്ള പദ്ധതികളുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

കേരള ജല അതോറിറ്റി

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 23 പ്രധാന പദ്ധതികൾക്ക് 1257.1 കോടി രൂപയുടെയും 11 പദ്ധതികൾക്കായി 433.33 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 23 പദ്ധതികൾ 57 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. അതിൽ 40 പാക്കേജുകൾ ടെണ്ടർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്തുകഴിഞ്ഞു. അവയിൽ 3 പാക്കേജുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 31 പാക്കേജുകളുടെ പ്രവൃത്തികൾ പുരോഗമിക്കുകയും 2 പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകുകയും 4 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ശേഷിക്കുന്ന 17 പാക്കേജുകളിൽ 11 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 6 പാക്കേജുകൾ ടെണ്ടർ ചെയ്യപ്പെട്ട പാക്കേജുകളുടെ പുരോഗതിക്കനുസരിച്ച് ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്.

നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തിയ 433.33 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ 5 ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രൊപ്പോസലുകൾക്ക് 231.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2017-18-ൽ ഉൾപ്പെട്ടിട്ടുള്ള 36 കിഫ്ബി പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയും അവയിൽ 35 പദ്ധതികൾക്ക് അനുമതി നൽകി കിഫ്ബിയിൽ സമർപ്പിക്കുകയും അതിൽ 21 കുടിവെള്ള പദ്ധതികൾക്ക് 1140.784 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്ന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ബാക്കി 1144.50 കോടി രൂപയുടെ 14 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിച്ച 85 കോടി രൂപയുടെ ഒരു പദ്ധതി പരിശോധിച്ചുവരുന്നു.

2018-19 ൽ ഉൾപ്പെട്ട 262.5 കോടി രൂപയ്ക്കുള്ള രണ്ട് കിഫ്ബി പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് അനുമതി നൽകുകയും കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ നിരന്തരം നടത്താറുണ്ട്.

(സി) വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 600 കോടി രൂപ ഉപയോഗിച്ച് ഷിറിയ, കുപ്പം, വളപട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, ഇത്തിപ്പുഴ, മുറിഞ്ഞപ്പുഴ, പൂന്തോട്ടി, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ 28 റെഗുലേറ്ററുകൾ നിർമ്മിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കി വരുന്നു.

നിലവിൽ 16 റെഗുലേറ്ററുകൾക്ക് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിലെ കുപ്പംപുഴയിലെ ചപ്പരക്കടവ് പഞ്ചായത്തിൽ കുവേരി കട്ടംപള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാനുള്ള അനുമതി കിഫ്ബി ഇതിനോടകം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു. മറ്റ് റെഗുലേറ്ററുകളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(ഡി) ഏറെക്കാലമായി പൂർത്തീകരിക്കാനാകാതെ നീണ്ടുപോകുന്ന 2 പദ്ധതികളാണ് മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയും ഇടമലയാർ ജലസേചന പദ്ധതിയും. മൂവാറ്റുപുഴ നദീതട പദ്ധതി 2020 മാർച്ച് മാസത്തിനകം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ നദീതട പദ്ധതിയുടെ ഡാമും പ്രധാന കനാലുകളും ശാഖാ കനാലുകളും പൂർത്തീകരിച്ചു. ഉപശാഖ കനാലുകൾ 90% പൂർത്തീകരിച്ചു. ഇനി പൂർത്തീകരിക്കാനുള്ളവ 2020 മാർച്ചിനകം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇടമലയാർ ജലസേചന പദ്ധതിയിൽ 32278 മീറ്റർ മെയിൻ കനാൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ലോ ലെവൽ കനാലിൽ 15000 മീറ്റർ പണിതതിൽ ഇടയിലുള്ള രണ്ട് ഭാഗങ്ങൾ പൂർത്തീകരിക്കാനുണ്ട്. ഒരെണ്ണത്തിന്റെ പണി (MC road crossing) പുരോഗമിക്കുന്നു. അടുത്ത ഭാഗം ഐ.ഐ.പി. ലോ ലെവൽ കനാലിന്റെ ചെയിനേജ് 13818.5 മീറ്ററിൽ റെയിൽവേ ലൈനിന്റെ അടിയിലൂടെ കനാൽ നിർമ്മിച്ച് ജലസേചനം നടത്തുന്നതിനുവേണ്ടി റെയിൽവേയ്ക്ക് ആകെ 3,06,36,238 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി നാളിതുവരെ റെയിൽവേ ആരംഭിച്ചിട്ടില്ല. തിരുവനന്തപുരം റെയിൽവേയുടെ ഡി.ആർ.എം. ഓഫീസിൽ നിന്നാണ് ഈ പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടത്. എന്നാൽ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഇത് നടപ്പിലാക്കാൻ റെയിൽവേ ശ്രമിക്കുന്നില്ല.

ഇടമലയാർ പദ്ധതി ചാലക്കുടി പദ്ധതിയുമായി ബന്ധിപ്പിക്കുന്ന 7575 മീറ്ററുള്ള ലിങ്ക് കനാലിന്റെ 2000 മീറ്റർ വരെ 90% പൂർത്തിയായി. ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ഡോ. എൻ. ജയരാജ് : സർ, പ്രളയകാലത്തിനുശേഷമുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ സമഗ്രമായ പുനർനിർമ്മാണത്തെക്കുറിച്ച് ഇവിടെ

സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ പ്രത്യേകത, വളരെയേറെ നദികളും തടാകങ്ങളുമൊക്കെയുള്ള വിസ്തൃതമായ ജലസംഭരണിയാണെന്നതാണ്. പക്ഷേ, വരുംദിവസങ്ങളിൽ വെള്ളത്തിന്റെ ദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവിക്കാൻ പോകുന്ന ഒരു സംസ്ഥാനം കൂടിയാണ് കേരളം. കുടിവെള്ളവുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് കാലാകാലങ്ങളായി നടപ്പാക്കിയിട്ടുണ്ടെങ്കിലും നല്ലൊരു ശതമാനവും ഇപ്പോഴും പൂർണ്ണമായും പ്രവർത്തനസജ്ജമാകാത്ത അവസ്ഥയിലാണ്. കേന്ദ്ര ഗവൺമെന്റ് ഒരു കാലഘട്ടത്തിൽ സംസ്ഥാനങ്ങൾക്ക് കൊടുത്തിരുന്ന ഫണ്ട് വെട്ടിക്കുറച്ചതിനാൽ ആരംഭിച്ച പദ്ധതികൾതന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞ നിരക്കിലുള്ള സംസ്ഥാനമായ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ജലവിഭവ സ്രോതസ്സുകളുടെ സമഗ്രമായ ഒരു ഡാറ്റ തയ്യാറാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നിലവിൽ പല ഘട്ടങ്ങളിലായി ഏജൻസികൾ മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനപ്പുറം അത് സമഗ്രമായി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കത്വൽക്ക രീതിയിൽ, പ്രത്യേകിച്ച് കാർഷിക നയം പോലൊരു വളരെ പ്രധാനപ്പെട്ട നയത്തിന് രൂപംകൊടുത്ത ഒരാളാണ് ഇപ്പോഴത്തെ ജലവിഭവ വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട് അത്തരമൊരു സമഗ്രനയം രൂപപ്പെടുത്തി സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, നയത്തിന്റെ കാര്യം ആലോചിക്കാവുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും നിർത്തിവച്ചിരിക്കുകയാണ്. അതിന് പകരം 'റീബിൽഡ് കേരള'യിൽ ഉൾപ്പെടുത്തി പല പദ്ധതികളും പുനരുദ്ധരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അതുപോലെ, നബാർഡ് മുതലായ ഏജൻസികളിൽനിന്നുള്ള ഫണ്ടിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

<u>ഡോ. എൻ. ജയരാജ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ 2002-ൽ ആരംഭിച്ചതാണ് മണിമല മേജർ കുടിവെള്ള പദ്ധതി. ഏകദേശം മുപ്പത് കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ഒരുതുള്ളി വെള്ളംപോലും ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കുറേ പൈപ്പുകളും ടാങ്കുകളുമല്ലാതെ വേറൊന്നുമില്ല. മണിമല മേജർ കുടിവെള്ള പദ്ധതി ആറ് വില്ലേജുകളിലെ അറുപതിനായിരം കുടുംബങ്ങൾക്കുവേണ്ടിയുള്ള ബൃഹത്തായ ഒരു പ്രോജക്ടാണ്. 'റീബിൽഡ് കേരള'യുടെ കാര്യത്തിൽ, ഇത്തരമൊരു പദ്ധതി നടപ്പാക്കുമ്പോൾ ജില്ലയിലെ

എം.എൽ.എ.-മാരോടുപോലും ആലോചിച്ചില്ല എന്നുള്ളതാണ് ഏറ്റവും ദുഃഖകരമായ കാര്യം. എങ്കിൽ ഞങ്ങൾ ഈ പ്രൊപ്പോസൽ അവിടെ വയ്ക്കുമായിരുന്നു. കോട്ടയം ജില്ലയിൽ നടന്ന 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്'മായി ബന്ധപ്പെട്ട് ഒരു പദ്ധതിയിലും ഞങ്ങളുടെ ജില്ലയിലെ എം.എൽ.എ.-മാരോട് ഇതേപ്പറ്റി ആവശ്യപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇതിൽ ഉൾപ്പെടുത്താനുള്ള സാധ്യത കുറവാണ്. ഈ സാഹചര്യത്തിൽ ഏതെങ്കിലും ഒരു സ്കീമിൽ ഉൾപ്പെടുത്തി മണിമല മേജർ കുടിവെള്ള പദ്ധതി പ്രവർത്തനസജ്ജമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, എം.എൽ.എ.-മാരുമായി ആലോചിച്ചില്ല എന്നുള്ളതിന് ഒരു പരിഹാരമെന്ന നിലയ്ക്ക്, വിശദമായി ചർച്ചചെയ്ത റിപ്പോർട്ട് എന്റെ കയ്യിലുണ്ടെങ്കിലും അത് വായിക്കാൻ സമയമില്ലാത്തതിനാൽ പറയുകയാണ്, 6-2-2019-ൽ അങ്ങ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാരെ വിളിച്ച് വിശദമായി ചർച്ച ചെയ്ത് ഒരു പരിഹാരം ഉണ്ടാക്കാം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മറുപടിയിൽ പ്രധാനപ്പെട്ട കുറേയേറെ സ്കീമുകളെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ആവിഷ്കരിച്ച പദ്ധതികൾ ഇപ്പോഴും ചർച്ചയിൽ നിൽക്കുന്നു, പരിശോധിക്കുന്നു എന്ന സ്ഥിതിതന്നെ തുടരുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കമ്മീഷൻ ചെയ്ത പദ്ധതികൾ; കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞതിന്റെ തുടർച്ചയായി ബാക്കി കാര്യങ്ങൾ ചെയ്യാൻ പറ്റുന്നില്ല. വാട്ടർ അതോറിറ്റി ഗുരുതരമായ അനാസ്ഥ കാണിക്കുകയാണ്. അങ്ങ് ചുമതലയേറ്റെടുത്തിട്ട് കുറച്ച് സമയമേ ആയിട്ടുള്ളൂ. ഇക്കാര്യങ്ങൾ പരിശോധിക്കാൻ സമയം വേണമെന്നത് ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ, രണ്ടര വർഷം കടന്നുപോകുമ്പോൾ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംഭവിച്ചിട്ടുള്ള ഗുരുതരമായ അനാസ്ഥയെക്കുറിച്ച് പരിശോധിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ-കടുത്തുരുത്തിയിൽ വർഷങ്ങൾക്കുമുമ്പുള്ള പട്ടർമഠം പദ്ധതി പൂർത്തീകരിച്ച് കുറേ കുടുംബങ്ങൾക്ക് വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ തുടർച്ചയായി ഒന്നും ചെയ്യാൻ പറ്റുന്നില്ല. കടുത്തുരുത്തി ജലഭവന്റെ നിർമ്മാണം രണ്ടര വർഷമായി മുടങ്ങിക്കിടക്കുന്നു. പുനരാരംഭിക്കാൻ സാങ്കേതിക തടസ്സം മാത്രമാണുള്ളത്. ഈ പ്രശ്നങ്ങൾ ഗൗരവമായി അങ്ങ് പരിശോധിക്കണം. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് നൽകിക്കൊണ്ടിരുന്ന കെ.ആർ.ഡബ്ല്യൂ.എസ്.എസ്.എ., യുഡിസ്മാറ്റ്, ജൻറം തുടങ്ങിയ പദ്ധതികളുടെയെല്ലാം തുക കുറച്ചു. കേന്ദ്ര ഗവൺമെന്റ് തുക തരുന്നില്ല എന്നുപറഞ്ഞ് കേരളത്തിലെ പദ്ധതി

മുന്നോട്ടുകൊണ്ടുപോകാതിരിക്കാൻ പറ്റുമോ; പകരം ഒരു സംവിധാനം ഉണ്ടാക്കാൻ പറഞ്ഞത് കിഫ്ബിയാണ്. ഒന്നും നടന്നിട്ടില്ല. 140 മണ്ഡലങ്ങളെയും ബാധിക്കുന്ന വിഷയമാണ്. അതുകൊണ്ട് പ്രത്യേകമായി നിയോജകമണ്ഡലതലത്തിൽ പരിശോധിച്ച് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ തുടർന്നുകൊണ്ടുപോകാൻ സംസ്ഥാന ഗവൺമെന്റ് പ്രത്യേക ഫണ്ട് അനുവദിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇത് 'റീബിൽഡ് കേരള'യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം മാക്സിമം ചെയ്യാം. ഒരു പദ്ധതി തുടങ്ങുമ്പോൾ ഒന്നിച്ചല്ല ചെയ്യുന്നത്. ഒന്നുകിൽ സ്ഥലമുണ്ടാകും അല്ലെങ്കിൽ ടാങ്ക് മാത്രം കെട്ടിവച്ചിട്ടുണ്ടാകും. ആ പദ്ധതി കണക്ഷൻ ഉൾപ്പെടെ ഒന്നിച്ച് ചെയ്തിരുന്നുവെങ്കിൽ ഈ പ്രശ്നം വരില്ലായിരുന്നു. ആദ്യം ടാങ്ക് കെട്ടി, പിന്നെ ഫിൽറ്റർ കെട്ടി, ബാക്കി വിതരണങ്ങൾ ഒന്നും നടത്തിയിട്ടില്ല. ഇത് ഇപ്പോഴല്ല, കുറേക്കാലമായി ചെയ്തുവരുന്നതാണ്. ഇനിമുതൽ ഒരു പാക്കേജ് ആക്കണമെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. അത് പരിശോധിച്ച് ഓരോ നിയോജക മണ്ഡലത്തിലെ എം.എൽ.എ.-മാരും തരുന്ന വിഷയത്തിന്മേൽ വളരെ ശ്രദ്ധയോടുകൂടി, സമയബന്ധിതമായി ടൈംടേബിൾ വച്ചുതന്നെ തീരുമാനമെടുക്കുന്നുണ്ട്. അത് പൂർത്തിയാക്കാനുള്ള ശ്രമം നടത്താം.

ശ്രീ. കെ. ആൻസലൻ: സർ, കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 86 കോടി രൂപയുടെ കാരോട് കുടിവെള്ള പദ്ധതിയും 25 കോടി രൂപയുടെ അതിയന്നൂർ കുടിവെള്ള പദ്ധതിയും അനുവദിക്കുകയുണ്ടായി. എന്നാൽ, ഇക്കാര്യത്തിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങളും ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. ഇക്കാര്യം വേഗതയിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗംകൂടി കുടിവെള്ളവുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര, പത്തനാപുരം മണ്ഡലങ്ങളിലുള്ള നിരവധി പഞ്ചായത്തുകൾക്ക് ഗുണപ്രദമാകുന്ന മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ കിഫ്ബിയിലെ ജലവിതരണ പൈപ്പുകൾ ഇടാനായി അനുവദിച്ചത് അടിയന്തരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ മുടങ്ങിക്കിടന്ന ജപ്പാൻ കുടിവെള്ള പദ്ധതി വലിയ

പ്രശ്നമാണ്. അവിടെ രണ്ട് പഞ്ചായത്തുകളിലെ റോഡുകളെല്ലാം ബി.എം.&ബി.സി. ചെയ്തിരിക്കുകയാണ്. അത് മുറിച്ചിട്ടുവേണം പൈപ്പ് ഇടേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ മുടങ്ങിക്കിടന്ന പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്ന് റീടെണ്ടർ ചെയ്ത് ഇപ്പോൾ പണിയെടുക്കാൻ ആൾ വന്നിട്ടുണ്ടെങ്കിലും റോഡ് മുറിക്കേണ്ട പ്രയാസമുണ്ട്. അത് പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. എപ്പോഴും റോഡുകൾ മുറിക്കാതെ, സംയോജിതമായ പണം കണ്ടെത്തി ത്രിതല പഞ്ചായത്ത്, എം.എൽ.എ. ഫണ്ട്, സർക്കാർ ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥിരമായ ഒരു ഡക്ട് റോഡുകളിൽ എന്നന്നേയ്ക്കുമായി ചെയ്യാനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, എ.സി.എസ്. തലത്തിൽ, രണ്ട് സെക്രട്ടറിമാരും തമ്മിൽ ഒരു ചർച്ച നടത്തി അതിന് രൂപം നൽകിയിട്ടുണ്ട്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് ഭാവിയിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷിനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ: സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലം അടിസ്ഥാനപ്പെടുത്തിയുള്ളതാണ് തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി. ആ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; അതിന്റെ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും? ടൈം സ്ലോട്ടിനകത്ത് നിന്നുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കണം. ആ നിലയിലുള്ള ഇടപെടൽ താങ്കളുടെ ഭാഗത്തുനിന്നുണ്ടാകുമോ; മലബാർ കാൻസർ സെന്ററിൽ ഉൾപ്പെടെ യാതൊരു തടസ്സവുമില്ലാതെ വെള്ളം കൊടുക്കാൻ വേണ്ടിയുള്ളതാണ് യുഡിസ്മാറ്റ് പദ്ധതി. തലശ്ശേരി നഗരത്തെ കേന്ദ്രീകരിച്ചുള്ള ആ പദ്ധതി പൂർത്തീകരിക്കുന്ന കാര്യത്തിൽ ഇപ്പോഴും കാലതാമസമുണ്ട്. അത് പരിഹരിക്കാൻ അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടാകണം. പി.ഡബ്ല്യു.ഡി., ജലസേചന വകുപ്പുകൾ തമ്മിൽ ലെയ്സണിംഗ് ഉണ്ടാകണം. അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണം പൂർത്തീകരിച്ച് റോഡ് നല്ല നിലയിലാകുമ്പോഴായിരിക്കും കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് താഴ്ത്താനായി ജലസേചന വകുപ്പിന് റോഡ് കുഴിക്കേണ്ട അവസ്ഥ വരുന്നത്. ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങ് കുറേ ചോദ്യങ്ങൾ ചോദിച്ചു. അവസാനത്തെ ചോദ്യത്തിൽ, പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിച്ചും തലശ്ശേരി-കൂത്തുപറമ്പ് പദ്ധതിയുടെ കാര്യത്തിലും പരിശോധിച്ച് ശാശ്വത പരിഹാരം ഉണ്ടാക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഭൂഗർഭ ജലസ്രോതസ്സുകളിലുള്ള ജലവിതാനം ഭീതിജനകമായ തോതിൽ ഇപ്പോൾ താഴ്ന്നുകൊണ്ടിരിക്കുകയാണ്.

പ്രളയത്തെത്തുടർന്ന് മണ്ണിടിച്ചിൽ ഉണ്ടായതിന്റെ ഭാഗമായി ഈ ജലസ്രോതസ്സുകളിൽ മാറ്റം വന്നിട്ടുണ്ട്. മിനി കുടിവെള്ള പദ്ധതികളെല്ലാം പ്രതിസന്ധിയിലാണ്. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ കുഴൽക്കിണറിനെ ആശ്രയിച്ചുള്ള മിനി പദ്ധതികൾ ക്കുപകരം വലിയ കുളങ്ങളേയും ചെറിയ ഡാമുകളേയുമെല്ലാം ആശ്രയിക്കാനുള്ള ഒരു പദ്ധതിക്ക് വാട്ടർ അതോറിറ്റി രൂപം കൊടുക്കേണ്ടതുണ്ട്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ മൈനർ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള പെരിങ്കയം മിനി ഡാം പ്രളയത്തിൽ തകർന്നുപോയതാണ്. അത്തരത്തിൽ പ്രളയത്തിൽ തകർന്ന ഈ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ജില്ലാ യൂണിറ്റായി കണക്കാക്കി ഒരു സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി കുളങ്ങളെയും ഡാമുകളെയുമെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വലിയൊരു പദ്ധതി ആലോചിക്കുന്നുണ്ട്. അതിൽ തീർച്ചയായും ഇക്കാര്യങ്ങളെല്ലാം പരിഹരിക്കു ന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്രളയത്തെത്തുടർന്ന് തകർന്നുപോയ പുഴയോരങ്ങളിലുള്ള വീടുകൾ പുനർനിർമ്മിക്കാൻ ഇപ്പോൾ നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ നിരവധി വീടുകൾ ഇപ്പോഴും അപകട ഭീഷണിയിൽ തുടരുകയാണ്. എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന കടലുണ്ടി പുഴയുടെ ഓരങ്ങളിലടക്കം അപകട ഭീഷണി നിലനിൽക്കുന്ന പല വീടുകളും തകർന്നു വീണിട്ട് പുനർനിർമ്മിക്കുന്നതിനുപകരം ആ വീടുകൾക്കുകൂടി സംരക്ഷണ മേകുംവിധം കടലുണ്ടി പുഴയുടെ ഓരങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണഭിത്തി കെട്ടാൻ നടപടി സ്വീകരിക്കുമോ; നമ്മൾ വരൾച്ചയിലേക്ക് പോകുകയാണ്. എന്റെ മണ്ഡലത്തിൽ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ തുടങ്ങി മൂന്ന് പഞ്ചായത്തുകളിൽ നിലവിൽ കുടിവെള്ള പദ്ധതിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ മൂന്ന് പഞ്ചായത്തുകളെ ലക്ഷ്യമാക്കി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകി സർവ്വേ നടപടികൾക്കായി അതാത് പഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. അടുത്ത വരൾച്ച വരുന്നതിനുമുൻപ് സർവ്വേ നടപടികൾ പൂർത്തിയാക്കി കിഫ്ബിയിൽനിന്നോ റീബിൽഡ് കേരളയിൽനിന്നോ ഫണ്ട് ലഭ്യമാക്കി ഈ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടും സർവ്വേ പൂർത്തിയാക്കാത്തതാണെങ്കിൽ അതിന് തീർച്ചയായും നിർദ്ദേശം നൽകാം. പുഴയുടെ ഓരത്ത് ഭിത്തി കെട്ടുന്നത് സംബന്ധിച്ച കാര്യത്തിൽ തുക ലഭ്യമാകുന്നതിനനുസരിച്ച് നടപടികൾ സ്വീകരിക്കാം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, ചാലക്കുടി പുഴയുടെ തീരങ്ങളിൽ പ്രവർത്തിക്കുന്ന ലിഫ്റ്റ് ഇറിഗേഷനുകൾ, കുടിവെള്ള പദ്ധതികൾ, 5 മണ്ഡലങ്ങളിലേയ്ക്ക് കുടിവെള്ള ജലസേചന സൗകര്യം ഏർപ്പെടുത്തുന്ന തുമ്പൂർമുഴി ഡൈവേർഷൻ സ്കീമിലെ ഇടതുകര വലതുകര കനാലുകൾ ഇവയെല്ലാം ആശ്രയിക്കുന്നത് ചാലക്കുടി പുഴയിലെ നീരൊഴുക്കിനെയാണ്. ഷോളയാറിൽനിന്നും പെരിങ്ങലിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് പുറത്തേയ്ക്ക് ഒഴുകുന്ന വെള്ളമാണ് ചാലക്കുടി പുഴയുടെ നീരൊഴുക്ക്. ഷോളയാർ ഡാമിൽ പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് ഫെബ്രുവരി 1-ന് മുൻപ് ഷോളയാർ ഡാം നിറയ്ക്കേണ്ടതാണ്; എന്നാൽ ഡാം നിറച്ചിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത് പ്രളയകാലത്ത് തമിഴ്നാട് തുറന്നുവിട്ട വെള്ളം കണക്കിൽപ്പെടുത്തുന്നു എന്നുള്ളതാണ്. അടിയന്തരമായി ഇടപെട്ട് പറമ്പിക്കുളം-ആളിയാർ കരാറനുസരിച്ച് ഷോളയാർ ഡാം നിറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കഴിഞ്ഞ ദിവസം ജെ.ഡബ്ല്യു.ആർ.- ന്റെ മീറ്റിംഗ് കൂടി കർശനമായി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഷോളയാർ ഡാമിലേയ്ക്ക് ജലം തുറന്നുതരാൻ തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. ആദ്യം പ്രളയജലത്തെക്കൂടി കരാറിലെ വ്യവസ്ഥയിൽ കണക്കാക്കണമെന്ന് പറഞ്ഞിരുന്നു. പക്ഷെ അങ്ങനെ കണക്കാക്കാൻ പറ്റില്ലെന്ന് നമ്മുടെ ഉദ്യോഗസ്ഥർ കർശനമായി പറഞ്ഞതിനാൽ കഴിഞ്ഞ ബോർഡ് യോഗത്തിൽ അവർ തരാമെന്ന് സമ്മതിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ പ്രയാസമുണ്ടാകില്ല.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ നിന്നാണ് തൃശ്ശൂർ ജില്ലയിലെ പാവറട്ടി പ്രദേശത്തിലടക്കം കുടിവെള്ളം കൊടുക്കുന്ന പാവറട്ടി ശുദ്ധജല പദ്ധതി പ്രവർത്തിക്കുന്നത്. ഈ പദ്ധതിക്ക് മൂന്ന് മോട്ടോറുകൾ സ്ഥിരമായി പ്രവർത്തിക്കണമെന്നുണ്ട്. ഒരുകാലത്തും ഇത് മൂന്നും ഒരുമിച്ച് പ്രവർത്തിക്കാത്തതിനാൽ ഉയർന്ന പ്രദേശങ്ങളിലേയ്ക്കൊന്നും വെള്ളം ലഭിക്കുന്നില്ല എന്നുള്ളതാണ് അവസ്ഥ. ഒരു മീറ്റിംഗ് വിളിച്ചാൽപ്പോലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കിട്ടില്ല. കാരണം ഇതിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് തൃശ്ശൂരാണ്. പാവറട്ടി ശുദ്ധജല പദ്ധതി എന്റെ മണ്ഡലത്തിലെ നാല് പഞ്ചായത്തും തൃശ്ശൂർ ജില്ലയിലെ ആറ് പഞ്ചായത്തും ഉൾപ്പെടുന്നതാണ്. ഇത് ഡീ-ലിങ്ക് ചെയ്ത് പാലക്കാട്- ഷൊർണ്ണൂർ ഡിവിഷന് കീഴിൽ കൊണ്ടുവരുന്ന നടപടിയെക്കുറിച്ച് ആലോചിക്കുമോ; എന്നാൽ മാത്രമെ ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് സംവിധാനങ്ങളൊക്കെ നടക്കുകയുള്ളൂ. അങ്ങ് മന്ത്രിയാകുന്നതു വരെ പാലക്കാട് ഡി.ഡി.സി. മീറ്റിംഗിൽ സ്ഥിരമായി പങ്കെടുത്തിരുന്നതാണ്. ഈ വിഷയങ്ങളൊന്നും ചൂണ്ടിക്കാണിക്കാൻപോലും പറ്റാത്ത അവസ്ഥയാണ് അവിടെയുള്ളത്. ഇക്കാര്യത്തിൽ അങ്ങയുടെ ഇടപെടൽ ഉണ്ടാകുമോ; അതോടൊപ്പം അവിടെ നടപ്പാക്കാൻ പോകുന്ന കൂട്ടക്കടവ് റഗുലേറ്റർ

പദ്ധതിയിലേയ്ക്കുള്ള അപ്രോച്ച് റോഡ് പ്രളയത്തിൽ തകർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ നേരിട്ട് വന്ന് കണ്ടതാണ്. ആ പദ്ധതി വേണ്ട രീതിയിൽ മുന്നോട്ട് പോകാത്ത അവസ്ഥയുണ്ട്. കൂട്ടക്കടവിൽ ഒരു അപ്രോച്ച് റോഡും ബണ്ടും നിർമ്മിക്കുന്നതിന് അഡീഷണൽ ഫണ്ട് അനുവദിക്കാൻ സാധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പരിശോധിക്കാമെന്ന് മാത്രമെ എനിക്ക് ഇപ്പോൾ മറുപടി പറയാൻ സാധിക്കുകയുള്ളൂ. വിശദമായി നേരത്തേ നോട്ടീസ് കിട്ടിയിരുന്നെങ്കിൽ പറയാമായിരുന്നു.

ശ്രീമതി ഗീതാ ഗോപി: സർ, തീരദേശത്തേയ്ക്ക് ഫലപ്രദമായ കുടിവെള്ള പദ്ധതി ഉറപ്പുവരുത്തുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനം അതേ അർത്ഥത്തിൽ നടപ്പാക്കുകയാണ്. 4 കോടി രൂപയാണ് താന്ന്യം, അന്തിക്കാട് പഞ്ചായത്തിലെ പമ്പിന്മേൽ മാറ്റുന്നത്. തളിക്കുളത്ത് 1,46,00,000 രൂപയുടെ വർക്ക് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു പോരായ്മ പറയുമ്പോൾ നല്ല വശങ്ങളും ചൂണ്ടിക്കാണിക്കണമല്ലോ. നാട്ടിക തീരദേശത്തെ കുടിവെള്ള പദ്ധതി ഉറപ്പുവരുത്തുന്ന എന്നുപറഞ്ഞ പ്രഖ്യാപനം നടപ്പിലാക്കുന്നു. എന്റെ ചോദ്യം, തീരദേശത്തെ കുടിവെള്ള പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നാട്ടിക ഫർക്ക. ഏകദേശം 5 തീരദേശ മണ്ഡലങ്ങളിലെ 10 പഞ്ചായത്തുകൾക്ക് കിട്ടുന്ന ബെനിഫിറ്റാണത്. ഇപ്പോൾ ഒരു വ്യക്തിക്ക് പ്രതിദിനം 40 ലിറ്റർ വെള്ളം എന്ന തോതിൽ കിട്ടുന്നുണ്ട്. ഈ പദ്ധതി വരുമ്പോൾ ഒരു വ്യക്തിക്ക് ഒരു ദിവസം 100 ലിറ്റർ വെള്ളം എന്ന നിലയിൽ കൊടുക്കാൻ സാധിക്കും. 68 കോടി രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയത്. താന്ന്യം അന്തിക്കാട് പഞ്ചായത്ത് കോൾ/കായലോര മേഖലയാണ്. ഈ 68 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി, സാമ്പത്തിക അനുമതി നൽകിയ പദ്ധതി സമയബന്ധിതമായി 10 പഞ്ചായത്തുകൾക്ക്, 5 മണ്ഡലങ്ങളുടെ തീരദേശ കുടിവെള്ള പദ്ധതി പരിഹരിക്കപ്പെടാൻ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കഴിയുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും സമയബന്ധിതമായി ഒരു ടൈംടേബിൾ വച്ച് തീർക്കാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജലവിതരണ പദ്ധതികളുടെ പേരിൽ പി.ഡബ്ല്യൂ.ഡി. റോഡുകൾ കുഴിച്ച്, വെട്ടിപ്പൊളിച്ച് യാത്രക്കാർക്ക് വളരെ ദുരിതങ്ങൾ സൃഷ്ടിച്ചിരിക്കുന്ന സാഹചര്യമുണ്ട്. അതുപോലെ വാട്ടർ അതോറിറ്റിയും ജലനിധിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റേയും പഞ്ചായത്തിന്റെയും റോഡുകൾ നാശമാക്കിയിട്ടുണ്ട്. വേങ്ങര പഞ്ചായത്തിലെ ഒവൽക്കുങ്ങൽ, എ.ആർ. നഗർ

ഇങ്ങനെയുള്ള പല പഞ്ചായത്തുകളിലും എന്റെ മണ്ഡലത്തിലും റോഡുകളാകെ നാശമായി കിടക്കുകയാണ്. വർഷങ്ങളായി തുടങ്ങിയതാണ്. ഇവിടെ എല്ലാവരും ചോദിച്ചതും ഏതാണ്ട് ഇതേ ചോദ്യങ്ങൾ തന്നെയാണ്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ജലനിധിയും വാട്ടർ അതോറിറ്റിയും യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. വൈദ്യുതി ബോർഡിന് വാട്ടർ അതോറിറ്റിക്കാർ ഏതോ കാലത്ത് കാശ് കൊടുക്കാനുള്ളതുകൊണ്ട് കണക്ഷൻ കിട്ടാതിരിക്കുകയാണ്. ഇത് എല്ലാം കൊടുക്കാനുള്ള ബാധ്യത ഞങ്ങൾക്കാണ് വരുന്നത്. അതിനാൽ ഈ പ്രശ്നം അവസാനിപ്പിച്ച് റോഡ് പൊളിക്കൽ നിർത്തി കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമോ; അല്ലെങ്കിൽ റോഡിൽ കൂടിയല്ലാതെ ആകാശത്തുകൂടി വെള്ളം കൊണ്ടുപോകുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചാൽ അത് നന്നായിരിക്കുമെന്നാണെനിക്ക് പറയാനുള്ളത്. എല്ലാ റോഡുകളും കേടായിരിക്കുകയാണ്. കടക്കാർക്ക് പൊടിയടിച്ച് കട തുറന്നിരിക്കാൻ കഴിയാത്ത അവസ്ഥയാണ്. റോഡുമില്ല, വെള്ളവുമില്ല. ഇത് രണ്ടും പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വെള്ളം വേണമെന്ന് എം.എൽ.എ.-മാർ തന്നെ ആവശ്യപ്പെടും. അപ്പോൾ സ്ഥലം ഒന്നുമില്ലാതെ പദ്ധതി തുടങ്ങിയ പല സംഭവങ്ങളുമുണ്ട്. ടാങ്ക് എടുക്കുന്നതിനുമുൻപ് തന്നെ പൈപ്പ് ഇടീൽ തുടങ്ങിയ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. എന്തായാലും ഇതെല്ലാം പരിശോധിച്ച് എത്രയുംവേഗം പരിഹരിക്കാൻ, താങ്കൾ പറഞ്ഞതുപോലെ ഉദ്യോഗസ്ഥതലത്തിൽ കോ-ഓർഡിനേഷൻ ഉണ്ടാക്കാൻ ശ്രമിക്കാം. അല്ലെങ്കിൽ മന്ത്രിതലത്തിൽ എല്ലാവരും കൂടിയിരുന്ന് സംസാരിച്ച് അത് തീർക്കാനുള്ള ശ്രമം നടത്താം.

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനായിരം കോടിയോളം രൂപ കുടിവെള്ള പദ്ധതിക്കായി നൽകിയതിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ആലപ്പുഴ ജില്ലയോട് ഏറ്റവും നല്ല രീതിയിലുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ചരിത്രത്തിലാദ്യമായി കുട്ടനാട്-ചെങ്ങന്നൂർ പദ്ധതിക്ക് അംഗീകാരം നൽകി. പ്രളയത്തിൽ വലിയതോതിലുള്ള തകർച്ചയാണ് കുട്ടനാട് ചെങ്ങന്നൂർ മണ്ഡലങ്ങളിലുണ്ടായിട്ടുള്ളത്. ഗവൺമെന്റ് അംഗീകാരം നൽകിയ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അങ്ങ് തന്നെ വളരെ താൽപ്പര്യമെടുത്തിട്ടാണ് അതിന് അനുമതി നൽകിയത്. തീർച്ചയായും സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണഗതിയിൽ ഒരു ഡാമിനുള്ള വാൽവുകൾ ഷട്ടർ, സ്ലൂയിസ് വാൽവ്, സ്കോറിംഗ് വാൽവ് എന്നിവ വഴിയാണ്. ഏത് സാഹചര്യമുണ്ടായാലും സ്കോറിംഗ് വാൽവ് തുറക്കുന്ന പ്രശ്നമേയില്ല. ഇപ്പോൾ

തമിഴ്നാട്ടുമായിട്ടുള്ള ജോയിന്റ് വാട്ടർ റെഗുലേറ്ററി കമ്മിറ്റി കൺവീനർ സ്ഥാനം കേരളത്തിനാണ്. അങ്ങ് മറ്റൊരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്, അവിടെ മഴക്കാലത്ത് വെള്ളം ഓവർ ഫ്ലോ ചെയ്ത് കരാർ ലംഘനം നടത്തിക്കൊണ്ടാണ് ഷോളയാറിലേയ്ക്ക് വെള്ളം ഒഴുക്കിവിട്ടതെന്നാണ്. ഏതെങ്കിലും ഒരു ഡാമിന്റെ സ്കോറിംഗ് വാൽവ് തുറന്നുവിടുകയും അതിന്റെ അടിസ്ഥാനത്തിൽ ഡാമിലെ മുഴുവൻ ചെളിയും മണലും താഴത്തെ തലത്തിൽ അടിപ്പെട്ടുപോവുകയും കേരളം ചെളിക്കുണ്ടിലാവുകയും ചെയ്ത സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വ്യക്തമായി ചോദ്യം ചോദിച്ചെങ്കിൽ മാത്രമെ മറുപടി പറയാൻ സാധിക്കൂ. ഇന്റർസ്റ്റേറ്റ് വാട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്, എങ്കിലും എനിക്കറിയാവുന്ന കാര്യങ്ങൾ പറയാം. തമിഴ്നാട്ടുമായി ചർച്ച ചെയ്തശേഷം ഒഴുക്കിവിട്ട വെള്ളം കണക്കിലെടുക്കില്ലെന്ന് പറഞ്ഞുകൊണ്ട് കഴിഞ്ഞ ദിവസമുള്ള ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിൽ വാദിക്കുകയും തുടർന്ന് നമുക്ക് വെള്ളം തരാൻ സമ്മതിച്ചിട്ടുമുണ്ട്. ......(ബഹളം)..... ജെ.ഡബ്ല്യു.ആർ.ബി. ചെയർമാൻ കർശന നിർദ്ദേശം നൽകിയതിന്റെ പേരിലാണ് ഇപ്പോൾ ഷോളയാറിലേയ്ക്ക് വെള്ളം തന്നത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, പ്രളയകാലത്ത് ആറന്മുള ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി പ്രത്യേക ലാബുകൾ സെറ്റ് ചെയ്തത് ജനങ്ങൾക്ക് ഏറെ സഹായകമായി. അതുവഴി കിണറുകളിലെ വെള്ളം ഉപയോഗിക്കാമെന്നുള്ള ആത്മവിശ്വാസം ജനങ്ങൾക്കുണ്ടാവുകയും ചില കിണറുകളിലെങ്കിലും വെള്ളം ഉപയോഗിക്കാൻ കഴിയില്ലെന്നുള്ള തിരിച്ചറിവും ഉണ്ടായി. പ്രളയബാധിത മേഖലകളിൽ അനേകം കിണറുകൾ ഇടിഞ്ഞുതാഴുകയോ ചെളി മൂടിപ്പോവുകയോ ചെയ്തിട്ടുണ്ട്. മാത്രമല്ല, കിണറുകളിലേയ്ക്കുള്ള ഉറവകൾ ഇല്ലാതെയായിട്ടുണ്ട്. കഴിഞ്ഞ വേനൽ കാലത്തേക്കാൾ രൂക്ഷമായ വേനലായിരിക്കും ഇത്തവണ പ്രളയബാധിത മേഖലകളിൽ ഉണ്ടാകുക. കഴിഞ്ഞ വർഷമുണ്ടായിരുന്ന കിണറുകൾപോലും ഇത്തവണ ഇല്ലാത്ത സാഹചര്യമുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ കഴിഞ്ഞ വർഷത്തേതുപോലെ ഒരു പഞ്ചായത്തിൽ ഒരു കിയോസ്ക് എന്നുള്ളതിൽ കവിഞ്ഞ് എന്തൊക്കെ ക്രമീകരണങ്ങൾ സർക്കാരിന് ചെയ്യാൻ കഴിയും; ഇതുസംബന്ധിച്ചുള്ള ആലോചനകൾ നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അടുത്ത വരൾച്ച വരുന്നതിനെക്കുറിച്ച് അഡീഷണൽ ചീഫ് സെക്രട്ടറിതലത്തിൽ ഒരു മീറ്റിംഗ് കഴിഞ്ഞിട്ടുണ്ട്. വേണ്ടിവന്നാൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് സംസ്ഥാന- ജില്ലാതലത്തിൽ അവലോകന യോഗങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ പ്രളയമുണ്ടായതിനുശേഷം മുഴുവൻ കുടിവെള്ള പദ്ധതികളും താറുമാറായിരിക്കുകയാണ്. മാത്രമല്ല, പണി ആരംഭിച്ച പദ്ധതികളൊന്നും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യവുമുണ്ട്. എന്റെ മണ്ഡലത്തിലുള്ള മീനങ്ങാടി പദ്ധതിയും കാരാപ്പുഴയുമായി ബന്ധപ്പെട്ടുന്ന പദ്ധതിയും രണ്ട് പഞ്ചായത്തുകൾക്ക് വെള്ളം കൊടുക്കുന്ന പദ്ധതികളാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലുള്ള പമ്പ് ഹൗസ് മുഴുവൻ തകർന്നു. അങ്ങ് മന്ത്രിയാകുന്നതിനുമുമ്പ് വയനാട് ജില്ലയിൽ അങ്ങയുടെ പാർട്ടിയുടെ ഒരു വികസന സെമിനാർ കാർഷിക മേഖലയിൽ സംഘടിപ്പിച്ചതാണ്. വയനാട് ജില്ലയിലെ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങയുടെ നേതൃത്വത്തിൽ വയനാട് ജില്ലയ്ക്കുവേണ്ടി മാത്രമായൊരു കമ്മിറ്റി വിളിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: അക്കാര്യം പരിശോധിക്കാവുന്നതാണ്.

**വനഭൂമി കയ്യേറ്റം**

3 (*62) <u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിനുശേഷം കയ്യേറിയ 11917 ഹെക്ടറിലധികം വനഭൂമിയിൽ 4628 ഹെക്ടർ മാത്രമെ ഒഴിപ്പിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ എന്നും വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ വനം വകുപ്പ് പരാജയപ്പെട്ടതായും സി.ആന്റ് എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടോ;

(ബി) ടൂറിസം മേഖലയായ മൂന്നാർ, കോന്നി, കോതമംഗലം റേഞ്ചുകളിലാണ് കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളതെന്ന സി.ആന്റ് എ.ജി.-യുടെ നിഗമനം പരിശോധിച്ചിട്ടുണ്ടോ;

(സി) ജണ്ട കെട്ടി തിരിക്കാത്തത് വനം കയ്യേറ്റത്തെ സഹായിച്ചതായി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വനാതിർത്തി തിരിക്കാൻ ഇനിയും ജണ്ടകൾ നിർമ്മിക്കേണ്ടതായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, (എ) പരാമർശമുണ്ട്.

(ബി) സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിൽ ഒഴിപ്പിക്കുവാനുള്ളതായി അവശേഷിക്കുന്ന 1-1-1977-ന് ശേഷമുള്ള കയ്യേറ്റഭൂമിയായ 7289.3397 ഹെക്ടറിൽ ഉൾപ്പെട്ടുവരുന്ന മൂന്നാർ ഡിവിഷനിലെ 1099.6528 ഹെക്ടറും കോതമംഗലം ഡിവിഷനിലെ 147.5961 ഹെക്ടറും കോന്നി ഡിവിഷനിലെ 11.41 ഹെക്ടറും എടുത്തുപറഞ്ഞിട്ടുണ്ട്. കൂടാതെ 7289.3397 ഹെക്ടറിൽ ഉൾപ്പെടാത്തതുമായ കോതമംഗലം ഡിവിഷനിലെ കാളിയാർ റെയ്ഞ്ചിലെ 310.632 ഹെക്ടർ വനഭൂമിയും സി. ആന്റ് എ. ജി. റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ ടൂറിസം മേഖലയായ മൂന്നാർ, കോന്നി, കോതമംഗലം റെയ്ഞ്ചുകളിലാണ് കൂടുതൽ വനം കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതെന്ന് സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്തതാണ്.

1-1-1977-നുശേഷമുള്ള കയ്യേറ്റമായി സി.ആന്റ് എ.ജി. റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള 11917.8952 ഹെക്ടർ വനഭൂമിയുടെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ വിശദീകരണക്കുറിപ്പിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* ആയതിൻ പ്രകാരം, ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് മൂന്നാർ ഡിവിഷൻ (3188.6828 ഹെക്ടർ), മണ്ണാർക്കാട് ഡിവിഷൻ (2789.2233 ഹെക്ടർ), വയനാട് സൗത്ത് ഡിവിഷൻ (1259.2606 ഹെക്ടർ) എന്നിങ്ങനെയാണ്. ഇതേ പോലെതന്നെ, 1-1-1977-നുശേഷം ഒഴിപ്പിക്കാനുള്ളതായി സി.ആന്റ് എ.ജി. റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന 7289.3397 ഹെക്ടറിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകളും വിശദീകരണക്കുറിപ്പിനൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* ആയതിൻ പ്രകാരം, ഏറ്റവും കൂടുതൽ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ളത് മണ്ണാർക്കാട് ഡിവിഷൻ (2700.335 ഹെക്ടർ), വയനാട് സൗത്ത് ഡിവിഷൻ (1201.4973 ഹെക്ടർ), മൂന്നാർ ഡിവിഷൻ (1099.6528 ഹെക്ടർ) എന്നിവയാണ്.

(സി) വിലയിരുത്തിയിട്ടുണ്ട്. ജണ്ട കെട്ടുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കുമ്പോൾ പ്രാദേശികമായി ഉണ്ടാകുന്ന എതിർപ്പുകളും നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങളും ഉദ്ദേശിച്ച വേഗതയിൽ ജണ്ട നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അത്തരത്തിൽ ജണ്ട നിർമ്മാണം പൂർത്തീകരിക്കാനാകാത്ത സ്ഥലങ്ങൾ വനം കയ്യേറ്റത്തിന് സാധ്യത വർദ്ധിപ്പിക്കുന്നുണ്ട്.

(ഡി) ഉണ്ട്. സി. ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2017 മാർച്ച് മാസത്തിൽ 41880 ജണ്ടകൾ നിർമ്മിക്കാൻ ബാക്കിയുള്ളതായി പറഞ്ഞിട്ടുണ്ട്. ആയതിൽ 2017-18 സാമ്പത്തിക വർഷം ഉദ്ദേശം 680 കി.മീ. നീളത്തിലുള്ള വനാതിർത്തികളിൽ 14416 ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതാണ്. ജണ്ടകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മിക്കേണ്ടതായ വനാതിർത്തികളുടെ നീളവും ആയതിന് ആവശ്യമായി വരുന്ന ജണ്ടകളുടെ എണ്ണവും 1-4-2018 വച്ച് പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. 1-4-2018-ലെ പുനർനിർണ്ണയ പ്രകാരം ഉദ്ദേശം 2013 കി. മീ. വനാതിർത്തിയിൽ 45060 സ്ഥിരം ജണ്ടകൾ നിർമ്മിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും ഉദ്ദേശം 700 കി.മീ. നീളത്തിലുള്ള വനാതിർത്തികളിൽ ഉദ്ദേശം 15000 ജണ്ടകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. അവശേഷിക്കുന്ന ജണ്ടകളുടെ നിർമ്മാണം അടുത്ത ഏതാനും വർഷങ്ങളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോടതി വ്യവഹാരങ്ങളും പ്രാദേശികമായ എതിർപ്പും കാരണം ജണ്ടകളുടെ നിർമ്മാണത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. എന്നിരുന്നാലും 2017-18 സാമ്പത്തിക വർഷത്തിൽ ജണ്ടയുടെ നിർമ്മാണത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലും ജണ്ടകളുടെ നിർമ്മാണത്തിൽ നല്ല പുരോഗതി ഉണ്ടാക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, 1977-നുശേഷമുള്ള കയ്യേറ്റം ഒഴിപ്പിച്ചതിൽ നാളിതുവരെയായിട്ടും സി. ആന്റ് എ.ജി പറഞ്ഞ അത്രയും എന്നുമാത്രമല്ല, ഏതാണ്ട് അയ്യായിരത്തി ചില്വാനം ഹെക്ടർ ഇനിയും ബാക്കിയാണ്. അതിന് പുറമെ സി. ആന്റ് എ.ജി. പറയാത്തതും വേറെയുണ്ടെന്ന് അങ്ങ് തന്നെ ഉത്തരത്തിൽ പറഞ്ഞു. അതിത്രയും കാലമായിട്ടും ഒഴിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? പാവപ്പെട്ട കർഷകരുടെ ഭൂമിയൊക്കെ ഒരു നിയമവും പാലിക്കാതെ ഇ.എഫ്.എൽ. ആക്കും മറ്റ് ആക്കുമൊക്കെ പറഞ്ഞ് പിടിച്ചെടുക്കുന്നുണ്ട്. അതുസംബന്ധിച്ച് നിയമസഭയിൽ കാര്യങ്ങളൊക്കെ തീരുമാനിച്ച് ഭൂമി വിട്ടുകൊടുക്കാമെന്ന് പറഞ്ഞിട്ടും അതിന്റെ ചർച്ച ഇതുവരെ നടന്നിട്ടില്ല. അങ്ങനെ കയ്യേറ്റം ഒരു ഭാഗത്തും മറുഭാഗത്ത് അങ്ങോട്ട് പോയി കർഷകരിൽനിന്ന് ഭൂമി പിടിച്ചെടുക്കുകയും ചെയ്യുന്നു. എന്നാൽ ഉള്ള വനഭൂമി ഒഴിപ്പിക്കാൻ കഴിയുന്നില്ല, ഇതൊരു വലിയ വിരോധാഭാസമല്ലേ? ഉള്ള ഭൂമി ഒഴിപ്പിച്ചാൽ അത് സംരക്ഷിച്ച് മുന്നോട്ടുപോകാം. കയ്യേറാൻ എളുപ്പമാണ്. ഇപ്പോൾത്തന്നെ നാല്പതിനായിരത്തിലധികം ജണ്ടകൾ ഉള്ളതിൽ നിലവിൽ പതിനായിരത്തി ചില്വാനം മാത്രമെ യുള്ളൂ, ഇനിയും ജണ്ടകൾ നിർമ്മിക്കാൻ ബാക്കിയുണ്ട്. ജണ്ടകൾ ഇല്ലെങ്കിൽ അത്തരത്തിൽ പിന്നെയും കയ്യേറിക്കൊണ്ടേയിരിക്കും അതാണ് പ്രശ്നം. അവിടെ ജനങ്ങൾ തടസ്സമുണ്ടാക്കും അത് കയ്യേറ്റത്തിന് ആക്കം കൂട്ടും. അപ്പോൾ ഭൂമി ഫോറസ്റ്റ് വിലയിൽനിന്നും കൂട്ടും. അതുകൊണ്ട് സമയബന്ധിതമായി ഫോറസ്റ്റ് ഭൂമിയിൽനിന്നും കയ്യേറിയത് ഒഴിപ്പിക്കുന്നതിനും അതോടൊപ്പം കർഷകരുടെ ഭൂമി ഒഴിപ്പിച്ചുകൊടുക്കുന്നതിനും നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, കഴിഞ്ഞവർഷവും ഈ വർഷവും ജണ്ടയുടെ നിർമ്മാണകാര്യത്തിൽ വൻപുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന 41880 ജണ്ടകൾ നിർമ്മിക്കുന്നതുവഴി കേരളത്തിലെ എല്ലാ വനാതിർത്തികളും ജണ്ടയിട്ടുവേർതിരിക്കാൻ കഴിയില്ല. 1-4-2018-ൽ പുനർനിർണ്ണയിച്ച പ്രകാരം 2013 കി.മീ. നീളത്തിലുള്ള വനാതിർത്തികൂടി ജണ്ടയിട്ട് തിരിക്കാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ 1-4-2018-ൽ 45060 ജണ്ടകൾകൂടി നിർമ്മിക്കേണ്ടതുണ്ടായിരുന്നു. ഈ കണക്കുപ്രകാരം 31-3-2017-ൽ സി.ആന്റ് എ.ജി റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന 41809 ജണ്ടകളേക്കാൾ 17596 ജണ്ടകൾ കൂടി അധികമായി നിർമ്മിക്കേണ്ടിവരും. ഇ.എഫ്.എൽ., വെസ്റ്റഡ് ഫോറസ്റ്റ് എന്നിവയുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകളുടെ അന്തിമ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ ചില സ്ഥലങ്ങളിൽ ജണ്ടകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. കേസുകളുടെ തീർപ്പുകൾക്കനുസൃതമായി അതിർത്തി പുനർനിർണ്ണയം നടത്തേണ്ടതായും അതനുസരിച്ച് ജണ്ടകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ചെയ്യുന്നതാണ്. ജണ്ട ഇടണമെങ്കിൽ ജോയിന്റ് സർവ്വേ നടത്തണം, അതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ജോയിന്റ് സർവ്വേ റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി ചെയ്യേണ്ട കാര്യമാണ്. പല മേഖലകളിലും ജോയിന്റ് സർവ്വേയ്ക്ക് ഉദ്യോഗസ്ഥർ ചെല്ലുമ്പോൾ അവിടെ 1977- നുമുമ്പും അതിനുശേഷവും കയ്യേറി കൃഷി ചെയ്യുന്നവരുണ്ട്. അത് തമ്മിൽ വേർതിരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും വലിയ തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. ജനപ്രതിനിധികൾക്കൊക്കെ ഇതറിയാവുന്നതാണ്. എം.എൽ.എ.-മാർ പലരും ഈ ജണ്ട ഇടീൽ നടപടി നിർത്തിവയ്ക്കണമെന്നും ജോയിന്റ് സർവ്വേ നടത്തിയതിനുശേഷമേ ജണ്ടയിടാവൂ എന്നുമാവശ്യപ്പെട്ടുകൊണ്ട് എന്നെയും ഉദ്യോഗസ്ഥരെയും സമീപിക്കാറുണ്ട്. അതുകൊണ്ട് ജണ്ടയിടുന്ന കാര്യത്തിലും താമസം വന്നിട്ടുണ്ട്. എങ്കിൽപ്പോലും ജണ്ടയിട്ട് പൂർത്തീകരിക്കുക എന്നുള്ളത് വനാതിർത്തി നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിനുവേണ്ടിയുള്ള പരിശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. കഴിഞ്ഞ രണ്ട് വർഷമായി വൻതോതിൽ ജണ്ടയിടിയൽ നടപടിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് റിക്കോർഡുകൾ സൂചിപ്പിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇക്കാര്യത്തിൽ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സംഘടിപ്പിച്ച് നീതിയുക്തമായും നിഷ്പക്ഷമായും ഒരു അദാലത്ത് നടത്തി വ്യക്തമായ തീരുമാനം എടുക്കണം. ഇവിടെ ഇടുക്കി എം.പി.-യുമായി ബന്ധപ്പെട്ട് നീലക്കുറിഞ്ഞി കത്തിക്കരിഞ്ഞുപോയതും കോടതി ഇടപെട്ട്

ഒഴിപ്പിക്കണമെന്നതുമൊക്കെയുള്ള കാര്യങ്ങൾ പറഞ്ഞു. ഞാൻ പേരുപറയാൻ ആഗ്രഹിക്കുന്നില്ല. അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞോ; എന്തുകൊണ്ട് സ്വീകരിക്കുന്നില്ല? അതുകൊണ്ട് ഒഴിപ്പിക്കേണ്ടവരെ കൃത്യമായും ഒഴിപ്പിച്ചും ഉൾക്കൊള്ളേണ്ട വരെ ഉൾക്കൊണ്ടും അതനുസരിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കാൻ ഒരു അദാലത്തും ഒരു സംയുക്ത സംവിധാനവുമുണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, അദ്ദേഹം ഇടുക്കി എം.പി.-യുടെ കാര്യമൊക്കെ പറഞ്ഞു. 1977-നുശേഷം ഭൂമി കയ്യേറിയതായിട്ടുള്ള രേഖകളൊന്നും വനം വകുപ്പിലില്ല. വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെയും സർവ്വേ ട്രെയിനിംഗ്, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ് അല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടനെ ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരികയാണ്. കോടതിയിൽ പെൻഡിംഗായ കേസുകളുണ്ട്. അതുപോലെ ജോയിന്റ് സർവ്വേ പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരെത്തുമ്പോൾ ജനപ്രതിനിധികളടക്കമുള്ളവരാണ് പലപ്പോഴും സർവ്വേ തടസ്സപ്പെടുത്തുന്നത്. ജനപ്രതിനിധികൾ ജനങ്ങളോടൊപ്പം നിൽക്കാൻ ബാദ്ധ്യതയുള്ളവരാണ്. ഇതുകൊണ്ടൊക്കെയാണ് ജണ്ട ഇടീൽ യഥാർത്ഥത്തിൽ നീണ്ടുപോകുന്നത്. സർവ്വേ നടത്തുന്നതിന് റവന്യൂ വകുപ്പിലെ സർവ്വേയർമാരെയാണ് വനം വകുപ്പ് ആശ്രയിച്ചിരുന്നത്. പക്ഷേ റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന സർവ്വേയർമാരുടെ സേവനം പരിമിതമാണ്. അതുകൊണ്ട് വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് കൊടുത്ത് അവരുടെ സേവനവും ഉപയോഗിച്ചാണ് ഇപ്പോൾ സർവ്വേ നടപടികൾ നടത്തിവരുന്നത്. താങ്കൾ നിർദ്ദേശിച്ചതുപോലെ എത്രയും പെട്ടെന്ന് വനാതിർത്തി സമ്പൂർണ്ണമായും നിർണ്ണയിച്ച് ജണ്ടയിട്ട് പൂർത്തീകരിക്കേണ്ടത് വനം സംരക്ഷിക്കുന്നതിന് അത്യാവശ്യമാണ്. ആ നിലയ്ക്കുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇത് രണ്ടര വർഷം കൊണ്ടുണ്ടായതല്ല, വർഷങ്ങൾ കൊണ്ടുണ്ടായ പെൻഡിംഗ് വിഷയമാണെന്നുകൂടി മെമ്പർ മനസ്സിലാക്കണം.

ഡോ. എം. കെ. മുനീർ: സർ, വനം തിരിച്ചുപിടിക്കുന്നതിനെക്കുറിച്ച് പറയുന്നതിനിടയിൽ അങ്ങുതന്നെ 30-11-2018-ൽ ഒരു ചോദ്യത്തിന് നൽകിയ ഉത്തരമുണ്ട്. ചോദ്യം, 2016 മേയ് മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുനൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക്,

വ്യക്തികൾക്ക്, ഏജൻസികൾക്ക് നൽകിയിട്ടുണ്ട്? ഉത്തരം - പി.ഡബ്യു.ഡി.-ക്ക്, എൻ.എച്ച്.എ.ഐ.-യ്ക്ക് നൽകിയിട്ടുണ്ട്. അതിന്റെ കൂട്ടത്തിൽ റിലയൻസ് ജിയോ ഇൻഫോകോം, ആനക്കാംപൊയിൽ, എച്ച്.പി. തുടങ്ങിയ സ്വകാര്യ വ്യക്തികൾക്കും സ്വകാര്യ കമ്പനികൾക്കും വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട് എന്നതായി കാണുന്നു. അതിന്റെ മാനദണ്ഡം എന്താണ്? നമ്മൾ ഇങ്ങനെ പല ഭൂമിയും പിടിച്ചെടുക്കാൻ ജണ്ട കെട്ടുന്നതിന് വേണ്ടിയുള്ള കാര്യങ്ങൾ പറയുമ്പോൾ, ആദിവാസികൾക്കുവേണ്ടി ഒരു റോഡ് ചോദിച്ചാൽ അതിന് നൂറായിരം പ്രശ്നങ്ങൾ പറയുന്ന വനം വകുപ്പ് റിലയൻസിനൊക്കെ ഭൂമി അങ്ങോട്ടു കൊടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

ശ്രീ. കെ. രാജു: സർ, ഇങ്ങനെയൊരു ചോദ്യത്തെക്കുറിച്ച് നേരത്തെ അറിഞ്ഞിരുന്നെങ്കിൽ അതിനെ സംബന്ധിച്ച് വ്യക്തമായൊരു മറുപടി പറയാമായിരുന്നു. സ്വകാര്യ വ്യക്തികൾക്കോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പൊതു ആവശ്യങ്ങൾക്കോ വനഭൂമി വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ നിലവിലുണ്ട്. ഇപ്പോൾ ഒരു റോഡിന്റെ വിസ്തൃതി സ്വാഭാവികമായും ഉള്ളതിനേക്കാളും അല്പം കൂട്ടണം. അതിന് എത്രമാത്രം ഭൂമി ആവശ്യമുണ്ടോ ആ ഭൂമി ആവശ്യമുള്ള യൂസർ ഏജൻസി അപേക്ഷ കൊടുക്കണം. അതിനനുസരിച്ച് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് വിട്ടുകൊടുക്കേണ്ട താണെന്ന് കണ്ടാൽ അതുസംബന്ധിച്ചുള്ള റെക്കമെന്റേഷൻ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കും. കേന്ദ്രം അനുമതി നൽകിയാൽ മാത്രമാണ് ഭൂമി വിട്ടുകൊടുക്കുന്നത്. അത് സർക്കാർ ഭൂമിയായാലും അങ്ങനെയാണ് വിട്ടുകൊടുക്കുന്നത്. ഇപ്പോൾ സ്വകാര്യ കമ്പനികൾതന്നെ വൈദ്യുതി നിർമ്മാണവുമായി ബന്ധപ്പെട്ട് വനഭൂമിക്കകത്ത് ഒരു സെന്റ് അല്ലെങ്കിൽ അരസെന്റ് ഭൂമിയോടൊപ്പം ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന തിനോ വൈദ്യുതി പോസ്റ്റ് ഇടുന്നതിനു വേണ്ടിയോ സ്ഥലം ആവശ്യപ്പെട്ടാൽ എത്ര സ്ഥലം വേണമെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ച് യൂസർ ഏജൻസി അപേക്ഷ കൊടുക്കുന്നമുറയ്ക്ക് പരിശോധിച്ച് സ്ഥലം കൊടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. അത് നമ്മളല്ല, കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടു കൂടിയാണ് കൊടുക്കുന്നത്. നമുക്ക് അഞ്ച് സെന്റ് ഭൂമി ആവശ്യമുണ്ടെങ്കിൽ അതിന്റെ നേരെയിരട്ടി ഭൂമി തിരികെ വനം വകുപ്പിന് നൽകണമെന്നും ആ ഭൂമിയിൽ വനവൽക്കരണം നടത്തിക്കൊടുക്കണമെന്നും വ്യവസ്ഥയുണ്ട്. അതുപോലെ ഇപ്പോൾ ഒരു പൈപ്പ് സ്ഥാപിക്കുന്നതിന് എത്ര ഭൂമി ആവശ്യമുണ്ടോ അതിന് വില കെട്ടിവച്ചുകൊണ്ട് കൊടുക്കാൻ തീരുമാനമെടുത്താണ് കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇന്നലെ മലയാള മനോരമ പത്രത്തിൽ രണ്ട് പുലികൾ റോഡ് മുറിച്ചുകടക്കുന്ന ഫോട്ടോ കാണാനിടയായി. ഇങ്ങനെ

വന്യജീവികൾ റോഡിലേയ്ക്കും ജനവാസ കേന്ദ്രങ്ങളിലേയ്ക്കും ഇറങ്ങുന്നതിന്റെ പ്രധാന കാരണം അവരുടെ വാസസ്ഥലം മനുഷ്യൻ കയ്യേറി അവിടെ വീട് വച്ച് താമസിക്കുന്നതുകൊണ്ടാണ്. ഈ സാഹചര്യത്തിലാണ് പതിനൊന്നായിരത്തിൽപ്പരം ഹെക്ടർ ഭൂമി നിജപ്പെടുത്താതെ ഇപ്പോഴും കയ്യേറ്റ ഭൂമിയായി നിൽക്കുന്നത്. റവന്യൂ-വനം വകുപ്പുകളുടെ ജോയിന്റ് ഇൻസ്പെക്ഷൻ യഥാസമയം നടക്കാത്തതാണ് ഇതിനുകാരണം എന്ന് ഇവിടെ പറയുകയുണ്ടായി. സമയബന്ധിതമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് സമഗ്രമായ എന്തെങ്കിലും പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, അഞ്ച് ജില്ലകളിൽ വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള ജോയിന്റ് സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. അത്തരം സ്ഥലങ്ങളിലാണ് സമ്പൂർണ്ണമായി ജണ്ടയിടൽ ജോലികൾ നടന്നുവരുന്നത്. ബാക്കിയുള്ള ജില്ലകളിൽ റവന്യൂ, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി എത്രയുംപെട്ടെന്ന് ജോയിന്റ് സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. എങ്കിൽപ്പോലും നേരത്തെ പറഞ്ഞതുപോലെ പ്രാദേശികമായി ജോയിന്റ് സർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ചെല്ലുമ്പോൾ അതിനെ തടസ്സപ്പെടുത്തുന്ന സ്ഥിതി പല മേഖലകളിലും നിലവിലുണ്ടെന്നത് യാഥാർത്ഥ്യമാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഇവിടെ പറയുന്നതുകേട്ടാൽ എല്ലാവരും കൂടി വനഭൂമി കയ്യേറുകയാണെന്ന് തോന്നും. 1977-നുശേഷം ഇവിടെ എത്ര വനഭൂമി കയ്യേറി എന്നതുസംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ കണക്കുണ്ടാകും. 1977-നുമുമ്പാണ് വനഭൂമി കയ്യേറിയിരിക്കുന്നത്. അതാണെല്ലാവരുംകൂടി അക്കാലത്ത് പട്ടയം കൊടുക്കാൻ തീരുമാനിച്ചത്. അതുകൊണ്ടാണ് 1951-ലെ നിയമം ഇവിടെ നടപ്പാക്കാൻ സാധിക്കാതെ പോയത്. 1977-നുശേഷം നിലമ്പൂർ, മലബാർ മേഖലയിൽ അൻപത് കൊല്ലത്തോളമായി അഞ്ചും പത്തും സെന്റ് ഭൂമിക്ക് നികുതി അടച്ചവർക്ക് 2017-ൽ ജോയിന്റ് വെരിഫിക്കേഷൻ നടത്താതെ വനം വകുപ്പ് ജണ്ട കെട്ടുകയാണ്. എന്തൊരു അക്രമമാണിത്? ഫോറസ്റ്റ് അല്ലാത്ത സ്ഥലത്ത്, നാൽപ്പത്തിയഞ്ചും അൻപതും വർഷങ്ങളായി നികുതി അടയ്ക്കുന്ന പാവപ്പെട്ട ആളുകളുടെ സ്ഥലത്ത് എങ്ങനെയാണ് വനം വകുപ്പ് ഏകപക്ഷീയമായി ജണ്ട കെട്ടുന്നത്? ഇത്തരം സ്ഥലങ്ങളിലെ നികുതി സ്വീകരിക്കാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് വനം വകുപ്പ് റവന്യൂ വകുപ്പിന് കത്ത് നൽകുകയാണ്. ഇവിടെയുള്ള പാവപ്പെട്ടവർക്ക് ഒരു ലോണെടുക്കാൻ, പഞ്ചായത്തിൽനിന്ന് ആനുകൂല്യം ലഭിക്കാൻ, അല്ലെങ്കിൽ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് ഇവർക്ക് വില്ലേജ് ഓഫീസിൽനിന്ന് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുമോ? ഇതിന്

ഒരറുതി വരുത്തണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയാണ്. നിങ്ങൾ ആദിവാസി മേഖലയിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടോ; ഇല്ലല്ലോ? അതുകൊണ്ട് നാൽപ്പത്തിയഞ്ചും അൻപതും വർഷങ്ങളായി നികുതി അടയ്ക്കുന്ന പാവപ്പെട്ടവരുടെ സ്ഥലത്ത് ഇപ്പോൾ വനം വകുപ്പ് ജണ്ട കെട്ടി അതിന് നികുതി വാങ്ങാൻ പാടില്ലെന്ന് പറയുന്നത് അംഗീകരിക്കാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാന്യനായ സി. മമ്മൂട്ടി ഇവിടെ ഉന്നയിച്ച ആശയത്തിന് നേരെ കടകവിരുദ്ധമായിട്ടുള്ള കാര്യമാണ് ബഹുമാന്യനായ പി. കെ. ബഷീർ ഇവിടെ ഉന്നയിച്ചത്. തടസ്സവും ഇതുതന്നെയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട സി. മമ്മൂട്ടി വരുന്നതും വയനാട് ജില്ലയിൽ നിന്നാണ്.

<u>ശ്രീ. കെ. രാജു</u>: സർ, 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 7801.10 ഹെക്ടർ വനഭൂമി കയ്യേറിയെന്ന കൃത്യമായ കണക്കുണ്ട്. 1-1-1977 എന്ന ഒരു കട്ട് ഓഫ് ഡേറ്റ് സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റും ഹൈക്കോടതിയും കേരള സർക്കാരും എല്ലാം അംഗീകരിച്ചിട്ടുള്ള ഡേറ്റാണ്. അതിനുമുൻപ് ധാരാളം കയ്യേറ്റങ്ങൾ വനഭൂമിയിൽ ഉണ്ടായിട്ടുണ്ട്. അത് സാധൂകരിച്ച് കൊടുക്കുന്ന സമീപനമാണ് സർക്കാരിന്റേത്. പക്ഷേ ഒരു കാരണവശാലും അതിനുശേഷമുള്ള കയ്യേറ്റങ്ങൾ അംഗീകരിച്ചുകൊടുക്കാനോ, സാധൂകരിച്ചുകൊടുക്കാനോ കഴിയില്ല എന്നതാണ് ഗവൺമെന്റിന്റെ നയം. ആ നയമാണ് സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റുമെല്ലാം അംഗീകരിക്കുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായ ഒരു പ്രശ്നം തന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് ദീർഘകാലമായി നികുതി അടയ്ക്കുന്ന കുടുംബങ്ങളെ ഒഴിപ്പിക്കുന്ന നടപടികൾ എന്തിന്റെ പേരിലായാലും സാധൂകരിക്കാൻ കഴിയുന്നതല്ല. വനം സംരക്ഷിക്കുക തന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷെ അവിടെ താമസിക്കുന്നവരെ അനാവശ്യമായി ഉപദ്രവിക്കുന്ന സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പ്രത്യേകമായി പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

<u>ശ്രീ. കെ. രാജൻ</u>: സർ, ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇക്കാര്യത്തിലൊരു വ്യക്തത വന്നു. Non-revertible forest എന്ന പേരിലറിയപ്പെടുന്ന സ്ഥലമുൾപ്പെടെ ജണ്ട കെട്ടി തിരിക്കുകയും കയ്യാലയെന്ന

പേരിൽ രൂപീകരിക്കുകയും ചെയ്തതിന്റെ ഇപ്പുറത്ത് സ്ഥലമുണ്ട്. അത് ഇനി വനമാകില്ലെന്ന് പ്രഖ്യാപിച്ച സ്ഥലമാണ്. 1977-നുശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിവാക്കണമെന്ന് പറയുമ്പോൾ 1977-നുമുമ്പുള്ള പട്ടയം കിട്ടേണ്ട സ്ഥലങ്ങളിൽ അത് കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? അക്കാര്യത്തിൽ പ്രധാനപ്പെട്ട പ്രശ്നം ജെ.വി.ആർ. ഇല്ല, മരവില തീരുമാനിക്കാൻ പറ്റില്ല എന്നിവയാണ്. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് ഗുണകരമായ തീരുമാനമെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായ പ്രകടനത്തിൽനിന്ന് ധാരണയായി. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

<u>ശ്രീ. കെ. രാജു</u>: സർ, 1977-നുമുമ്പുള്ള കയ്യേറ്റങ്ങൾ സാധൂകരിച്ച് കൊടുത്തുകൊണ്ട് അർഹരായ ആളുകൾക്ക് പട്ടയം കൊടുക്കുകയെന്നത് തന്നെയാണ് ഗവൺമെന്റിന്റെ നയം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ അഭിനന്ദിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്; എതിർക്കാനല്ല. കാരണം, ഇൻഡ്യയിൽ ശതമാനക്കണക്കിൽ ഏറ്റവും അധികം വനഭൂമിയുള്ള സംസ്ഥാനം കേരളമാണ്. 29 ശതമാനവും വനമാണ്. കുമിളിയിൽ വച്ച് ചേർന്ന യോഗത്തിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. അതുപോലെ 79-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കയ്യിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വന്നതോടുകൂടി പകുതി ചോദ്യം ഉപേക്ഷിക്കുന്നു. പക്ഷെ ഒരു കാര്യമുണ്ട്, നമ്മൾ സൗരോർജ്ജ വേലി കെട്ടുകയാണല്ലോ; വന വിസ്തൃതി ഇത്രയും വർദ്ധിച്ച സാഹചര്യത്തിൽ ഇനി വനം നമുക്ക് ആവശ്യമുണ്ടെങ്കിൽ വർദ്ധിച്ചോട്ടെ, ഇവിടെ 3 കോടി 34 ലക്ഷം ജനങ്ങളുണ്ട്. ഈ ജനങ്ങൾ എവിടെപ്പോയി താമസിക്കും? അതുകൊണ്ട് വനഭൂമി ഇവിടെ വർദ്ധിപ്പിക്കണ്ട, ഉള്ള വനം സംരക്ഷിച്ചാൽ മതി. അല്ലാതെ കുടിയിറക്കു പോലുള്ള പരിപാടികൾ ഇനി നടത്തരുത്. സൗരോർജ്ജ വേലി കെട്ടിയാലുള്ള ഗുണം ആന, പന്നി ഉൾപ്പെടെയുള്ള കാട്ടുമൃഗങ്ങളൊന്നും ഇപ്പുറം കടക്കില്ല. എന്റെ നിയോജകമണ്ഡലത്തിൽ 17 കിലോമീറ്റർ സൗരോർജ്ജ വേലി കെട്ടി. സൗരോർജ്ജ വേലി കെട്ടിക്കഴിഞ്ഞാൽ മൃഗങ്ങൾ ഇങ്ങോട്ട് കൃഷിക്കാരെ ആക്രമിക്കില്ല, ഒരു ബുദ്ധിമുട്ടും കൃഷിക്കാർക്കില്ല, കൃഷിക്കാർ സംരക്ഷിക്കപ്പെടും. കൃഷിക്കാർ ഭൂമിയും കയ്യേറില്ല. ജണ്ടയിട്ടാൽ പ്രത്യേകിച്ച് ഗുണമൊന്നുമില്ല. അതുകൊണ്ട് എല്ലാ മേഖലകളിലും സൗരോർജ്ജ വേലി കെട്ടാനുള്ള നടപടി സ്വീകരിക്കുമോ; കർഷകരെ ഇനിയെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അനാവശ്യമായി കുടിയൊഴുപ്പിക്കില്ല എന്ന തീരുമാനമെടുക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. കെ. രാജു: സർ, ജണ്ട കെട്ടുന്നത് വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയാനല്ല. സർവ്വേ സ്റ്റോൺ ഇടുന്നപോലെ വനത്തിന്റെ അതിർത്തിയും സ്വകാര്യഭൂമിയുടെ അതിർത്തിയും നിർണ്ണയിക്കുന്നതിന് വേണ്ടിയാണ്. സൗരോർജ്ജ വേലി കെട്ടുന്നത് വന്യജീവികൾ വനത്തിൽനിന്ന് ഇങ്ങോട്ട് ഇറങ്ങിവരുന്നത് തടയുന്നതിനാണ്. സൗരോർജ്ജ വേലി നല്ലതുപോലെ സംരക്ഷിക്കപ്പെടുന്നിടത്ത് അങ്ങ് പറഞ്ഞതുപോലെ നല്ല പ്രയോജനം ചെയ്യുന്നുണ്ട്. അതേസമയം സൗരോർജ്ജ വേലി കെട്ടി പിന്നെ അവിടേയ്ക്ക് ആരും തിരിഞ്ഞുനോക്കാതെ, സംരക്ഷിക്കപ്പെടാതെയിരുന്നാൽ അത് പ്രയോജനരഹിതമായിപ്പോകും. പരമാവധി സൗരോർജ്ജ വേലിയും അതുപോലെ ആന വേലിയുമൊക്കെ കെട്ടി ജനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. രണ്ടാമത്തെ കാര്യം, പുതിയ കയ്യേറ്റം ഉണ്ടെങ്കിൽ ഒഴിപ്പിക്കാതിരിക്കാൻ ഇന്നത്തെ വനനിയമത്തിന്റെ അടിസ്ഥാനത്തിൽ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെ 1977-നുമുൻപ് ഭൂമി കൈവശംവച്ച് നികുതിയടച്ച് വരുന്ന ആളുകളുണ്ടെങ്കിൽ ഒരു കാരണവശാലും വനത്തിൽനിന്ന് ഇറക്കിവിടുന്ന വിഷയമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 1905-ൽ റിസർവ് വനമായി പ്രഖ്യാപിച്ചിരുന്ന പൊന്തൻപുഴയിലെ 7000 ഹെക്ടർ വനഭൂമി 283 സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാനുള്ള ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്? ഈ കേസ് വാദിക്കുന്നതിൽ ഹൈക്കോടതിയിലെ സർക്കാർ വക്കീലന്മാർക്ക് വീഴ്ച പറ്റിയിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ? അതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ ഒരു ചോദ്യം ചോദിച്ച, ചോദ്യം നമ്പർ 880-ൽ അങ്ങുതന്നെ നൽകിയ ഉത്തരത്തിൽ റിലയൻസ് ജിയോ ഇൻഫോകോമിനും ആനക്കാംപൊയിൽ എച്ച്.പി.-ക്കും വനഭൂമി കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞിരിക്കുകയാണ്. 2016-നുശേഷമാണ് കൊടുത്തിരിക്കുന്നത്. ഇവിടെ ആദിവാസികളും കർഷകരും ഒരുതുണ്ട് ഭൂമി ചോദിച്ചാൽ വനം വകുപ്പ് കൊടുക്കില്ല. അവിടെയാണ് റിലയൻസിനും ആനക്കാംപോയിൽ എച്ച്.പി.-ക്കും അങ്ങ് ഭൂമി കൊടുത്തിട്ടുള്ളത്. അത് നേരത്തെ ഉള്ളതാണെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല. വനം വകുപ്പ് ഇക്കാര്യങ്ങളിലൊക്കെ വളരെ തെറ്റായ സമീപനമാണ് സ്വീകരിക്കുന്നത്. ഒരു ഭാഗത്ത് കോടതിയിൽ കേസ് തോറ്റുകൊടുക്കുക എന്നിട്ട് സ്വകാര്യ വ്യക്തികളെ സഹായിക്കുക, റിലയൻസ് പോലുള്ള കമ്പനികൾക്ക് ഭൂമി കൊടുക്കുക, പാവപ്പെട്ട കർഷകർക്കും ആദിവാസികൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുക. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, XXXXXXX* അദ്ദേഹത്തിന് കൊടുത്ത മറുപടിയിൽ പറഞ്ഞതായി മനസ്സിലാക്കുന്നത് നേരത്തെ ഭൂമി കൊടുത്തിട്ടുണ്ടെന്നാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നിയമവിരുദ്ധമായി ആർക്കും ഭൂമി കൊടുത്തിട്ടില്ല. (...ബഹളം...)

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ. (...ബഹളം...)

ശ്രീ. കെ. രാജു: സർ, ഒരു ഹെക്ടർ വനഭൂമിവരെ മാത്രമെ സംസ്ഥാന ഗവൺമെന്റിന് ന്യായമായിട്ടുള്ള വനവൽക്കരണവും മറ്റും നടത്തിത്തരുന്നമുറയ്ക്ക് വിട്ടുകൊടുക്കുന്നതിനുള്ള അവകാശമുള്ളൂ. അതും കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂ. ബാക്കിയെല്ലാം കേന്ദ്ര ഗവൺമെന്റാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്ങനെ നിയമവിരുദ്ധമായി ആർക്കും ഒരിഞ്ചുഭൂമിപോലും വിട്ടുകൊടുത്തിട്ടില്ല.

മി.സ്പീക്കർ: അദ്ദേഹത്തിന്റെ ഉത്തരത്തിൽ എന്തെങ്കിലും അതൃപ്തിയുണ്ടെങ്കിൽ രേഖാമൂലം എഴുതിത്തന്നാൽ പരിശോധിക്കാം. (...ബഹളം...)

ശ്രീ. കെ. രാജു: സർ, പൊന്തൻപുഴയുടെ കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. പൊന്തൻപുഴയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കയ്യിലിരിക്കുന്ന ഒരിഞ്ച് വനഭൂമിപോലും ഒരു വ്യക്തിക്കും വിട്ടുകൊടുത്തിട്ടില്ല. ആ കേസിന്റെ വിധിയിൽ..... തർക്കമുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക ഭാഗത്തെ ടൈറ്റിൽ ഈ പറഞ്ഞ കുറച്ചാളുകൾക്കുണ്ടെന്ന രീതിയിൽ വിധി വന്നു എന്നുള്ളത് ശരിയാണ്. നമ്മളിവിടെ ചർച്ച ചെയ്തിട്ടുള്ളതുമാണ്. അതുകൊണ്ട് ഈ ഭൂമി അവർക്ക് വിട്ടുകൊടുക്കേണ്ടതില്ലെന്ന് ജഡ്ജി തന്നെ വിധിയിൽ പറയുന്നുണ്ട്. കാരണം, E.F.L Act, & Kerala Private Forests (Vesting and Assignment) Act-ഉം അനുസരിച്ച് ഓട്ടോമാറ്റിക്കായി ഈ ഭൂമി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലായതുകൊണ്ട് വിട്ടുകൊടുക്കേണ്ടതില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ ജഡ്ജ്മെന്റുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുകൊടുക്കുന്ന വിഷയം വനം വകുപ്പുമായി ബന്ധപ്പെട്ടില്ല. ഒരിഞ്ചു ഭൂമിപോലും നഷ്ടപ്പെട്ടിട്ടുമില്ല. എങ്കിൽപ്പോലും ടൈറ്റിലിന്റെ കാര്യത്തിൽ

---

*ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) -യുടെ കത്ത് പ്രകാരം (നമ്പർ.348/M(F,A,D&Z)2019 തീയതി 31-1-2019) തിരുത്തലുകൾ വരുത്തുകയുണ്ടായി.

ഈയൊരു വിധി അഡ്‌വേഴ്സായി വന്നുവെന്നുള്ളതുകൊണ്ട് അതിനെ ചോദ്യം ചെയ്യാനായി സുപ്രീം കോടതിയിൽ സംസ്ഥാന ഗവൺമെന്റ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇതാണ് പറയാനുള്ളത്. കേസ് നടത്തിയ വക്കീലന്മാർക്ക് ഒരു വീഴ്ചയും പറ്റിയിട്ടില്ല. ഞാനത് പരിശോധിച്ചു. വാദം നടന്ന എല്ലാ ദിവസവും വക്കീലന്മാർ ഹാജരായി വാദം പറഞ്ഞിട്ടുണ്ട്. വീഴ്ച പറ്റാതിരിക്കാനായി കോടതിയിൽ ആർഗ്യുമെന്റ് നോട്ടും സബ്മിറ്റ് ചെയ്തിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 30-11-2018-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി നൽകിയ ഉത്തരമാണ് ഞാൻ ഈ സഭയിൽ വായിച്ചത്. 2016 മേയ് മാസത്തിനുശേഷം, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് റിലയൻസ് ജിയോ ഇൻഫോകോമിനും ആനക്കാംപൊയിൽ എച്ച്.പി.-ക്കും ഭൂമി വിട്ടുകൊടുത്തത്. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയല്ലേ? അദ്ദേഹത്തിന്റെ ഉത്തരമാണിത്. ഇത് ശരിയായ നടപടിയാണോ; റിലയൻസിന് ഭൂമി കൊടുത്തത് യു.ഡി.എഫ്. ആണോ?xxxx ഈ ഗവൺമെന്റല്ലേ xxxxx?* (...ബഹളം...)

<u>മി.സ്പീക്കർ</u>: യെസ്.... ചോദ്യോത്തരവേള അവസാനിക്കുകയാണ്. വസ്തുതാപരമായ പിശകുകളുണ്ടെങ്കിൽ പരിശോധിച്ച് സഭയെ അറിയിക്കാവുന്നതാണ്. (...ബഹളം...)

<u>ശ്രീ. കെ. രാജു</u>: സർ, ഒരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. റിലയൻസിന് കേബിളിടാനായി ലീസിനുകൊടുത്ത ഭൂമിയെ സംബന്ധിച്ചാണ് ഇവർ പറയുന്നത്. (...ബഹളം...)

<u>മി. സ്പീക്കർ</u>: ഇരിക്കൂ.... അങ്ങ് ഉന്നയിച്ചെങ്കിലും വസ്തുതാപരമായ പിശകുകൾ ഉണ്ടെങ്കിൽ പരിശോധിച്ച് പറയാം എന്ന് പറഞ്ഞല്ലോ. ഒറ്റയടിക്ക് പറയാൻ കഴിയുമോ? അങ്ങുന്നയിച്ച കാര്യത്തിൽ വസ്തുതാപരമായ പിശകുകൾ ഉണ്ടെങ്കിൽ പരിശോധിച്ച് സഭയെ അറിയിക്കാവുന്നതാണ്. പ്ലീസ്.... പ്ലീസ്.... ഓർഡർ..... ഓർഡർ...... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

---

*ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു)-ന്റെ കത്ത് പ്രകാരം (നമ്പർ 348/M(F,A,D&Z)2019 തീയതി-31-1-2019) തിരുത്തലുകൾ വരുത്തുകയുണ്ടായി.

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള വാട്ടർ അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ

4 (*63) ശ്രീ. അൻവർ സാദത്ത്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനവും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവും ആരംഭിച്ചിട്ടുണ്ടോ; ഇതുമൂലം വാട്ടർ അതോറിറ്റിക്കുണ്ടായ സാമ്പത്തികനേട്ടം എന്താണ്; വിശദമാക്കാമോ;

(സി) കിഫ്ബിയുടെ ധനസഹായത്തോടെ വാട്ടർ അതോറിറ്റി നടത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശം നടപ്പിലായിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): 2016-17 ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് 2015-16 വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള വായ്പ തുകയായ 2281.57 കോടി രൂപ മൂലധനമാക്കി മാറ്റാനും അതിന്റെ പലിശയായി 1449.85 കോടി രൂപ എഴുതിത്തള്ളാനുമുള്ള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

30-9-2018 വരെയുള്ള കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശികയായി കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള 1,326.69 കോടി രൂപ 2019-20 മുതൽ 4 വർഷങ്ങളിലായി 4 ഗഡുക്കളായി

തീർപ്പാക്കാൻ 14-1-2019-ൽ ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള വെള്ളക്കര കുടിശ്ശിക 6 ശതമാനം പലിശയിനത്തിൽ പുനഃക്രമീകരിച്ച് അതിന്റെ ആദ്യഗഡുവായി 77.64 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റിൽനിന്ന് കുറവ് വരുത്തി വാട്ടർ അതോറിറ്റിക്ക് നൽകാനും ആ തുക കെ.എസ്.ഇ.ബി.-ക്ക് നൽകാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക തീർക്കുന്നതിന് ഉപയോഗിക്കാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാ വർഷവും പുതിയ രണ്ട് ലക്ഷം വാട്ടർ കണക്ഷനുകൾ നൽകാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല. ഈ സമ്പ്രദായം സർക്കാർ വകുപ്പുകൾക്കുമാത്രമാണ് ഉള്ളത്. പകരം മറ്റു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ചോദ്യം ഉദിക്കുന്നില്ല.

(സി) ഇതിനായി കൃത്യമായ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തിവരുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനായി ജല അതോറിറ്റി ഹെഡ് ഓഫീസിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് റീജിയണൽ ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടെണ്ടർ നിബന്ധനകളിൽ ആവശ്യമായ ചില ഭേദഗതികൾ വരുത്തി ടെണ്ടർ നടപടികൾ കാലതാമസം കൂടാതെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീക്വാളിഫിക്കേഷനുശേഷം പ്രൈസ് ബിഡ് തുറന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ നേരിട്ട് മാനേജിംഗ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് അയയ്ക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പാക്കിയതിനാൽ കുറഞ്ഞ സമയത്തിനകം ടെണ്ടർ നടപടികൾ സ്വീകരിക്കാനും സാധിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

1. എല്ലാ വർഷവും പുതിയ രണ്ടുലക്ഷം വാട്ടർ കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നു.

2. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

3. ഓരോ പദ്ധതിയും വരവുചെലവ് കണക്കാക്കി, കാര്യക്ഷമത വിലയിരുത്തി, വരുമാനച്ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു.

4. പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത് സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

## മദ്യത്തിനെതിരെയുള്ള ബോധവൽക്കരണം

5(*64) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യം ഗുരുതരമായ ഒരു സാമൂഹ്യ വിപത്തായി മാറിയെന്നതും കഞ്ചാവിന്റേയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന വ്യാപനം സമൂഹത്തിന് ഭീഷണിയായതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ വ്യാപകമായി ബാറുകൾക്ക് ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനും തത്ഫലമായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിക്കുന്നതിനും കുടുംബങ്ങളിൽ നിലനിന്നിരുന്ന സമാധാനാന്തരീക്ഷം തകരുന്നതിനും ഇടയാക്കിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മദ്യത്തിനെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകത്തിൽ ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(ഇ) മദ്യവർജ്ജന സമിതികളും സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മയക്കുമരുന്നുകൾ, പുകയില ഉത്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ കർശനമായി തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണങ്ങൾ നടത്തി വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നു. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കർശനമായ വാഹന പരിശോധനകൾ നടത്തുകയും ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

എല്ലാ വിഭാഗം ജനങ്ങളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജ മിഷൻ 'വിമുക്തി ' മുഖേന വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 8-ാം ക്ലാസ്സിലെ സയൻസ് പുസ്തകത്തിൽ 'തലമുറകളുടെ തുടർച്ചയ്ക്കായി' എന്ന 14-ാം അദ്ധ്യായത്തിലും ഹയർ സെക്കണ്ടറി ഒന്നാം വർഷം ഹോംസയൻസിലെ അഡോളസൻസ് ചാംസ് ആൻഡ് ചലഞ്ചസ് എന്ന യൂണിറ്റിലും 7-ാം ക്ലാസിലെ സയൻസ് പുസ്തകത്തിൽ 'പ്രാണവായുവും ജീവരക്തവും അന്നപഥത്തിലൂടെ' എന്നീ അദ്ധ്യായങ്ങളിലും ബോധവത്കരണ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 10, 12 ക്ലാസ്സുകളിലെ സിലബസ്സിൽ ബോധവത്കരണ വിഷയം ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) മദ്യവർജ്ജന സമിതിയുടെ അംഗങ്ങളെ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് തല ജനകീയ കമ്മിറ്റികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പ് നടത്തുന്ന ബോധവത്കരണ പരിപാടികളിൽ പ്രസ്തുത സമിതിയിലെ അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുമുണ്ട്.

## പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

6 (*65) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികസ്ഥിതിയിൽ പൊതു വിഭാഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറെ പിന്നിലുള്ള പട്ടികജാതിയിലുൾപ്പെട്ട ദുർബല വിഭാഗക്കാരുടെയും പട്ടികഗോത്ര വർഗ്ഗക്കാരുടെയും ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സ്വയംപര്യാപ്തത നേടാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യ വികസന പരിപാടിയുടെ വിശദാംശം നൽകുമോ; പരീക്ഷ പാസ്സാകാത്ത എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായുള്ള റെമെഡിയൽ കോഴ്സുകൾ നടത്തിവരുന്നുണ്ടോ;

(സി) പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നിലവാരം ഉയർത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : (എ) പട്ടികജാതി വിഭാഗത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന കള്ളാടി, നായാടി, വേടൻ, ചക്ലിയൻ/അരുന്ധതിയാർ എന്നീ ദുർബല വിഭാഗങ്ങളുടെ പുരോഗതിക്കായി ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. 5 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 5,00,000 രൂപയും ഭവന നിർമ്മാണത്തിന് 6,00,000 രൂപയും ധനസഹായം അനുവദിക്കുന്നു. കുറഞ്ഞത് 25 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് 10,00,000 രൂപ അനുവദിക്കുന്നു. പഠനമുറി പദ്ധതിക്ക് 3,00,000 രൂപയും കമ്മ്യൂണിറ്റി പഠന മുറിക്ക് (സ്വന്തമായി കെട്ടിടമുള്ള സ്ഥലങ്ങളിൽ) 6,80,000 രൂപയും അനുവദിക്കുന്നു. കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി പഠനമുറിക്ക് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും

അടിസ്ഥാനസൗകര്യ ആവർത്തന ചെലവുകൾക്കായി 6,80,000 രൂപയും അനുവദിക്കുന്നു. കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ കോളനികളിലെ വീടുകളുടെ നവീകരണം/ബലപ്പെടുത്തൽ എന്നിവയ്ക്ക് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നു. കൂടാതെ ടോയ്‌ലെറ്റ് നിർമ്മാണത്തിന് 40,000 രൂപയും വീട് മെയിന്റനൻസിന് 1,50,000 രൂപയും അനുവദിക്കുന്നു. തൊഴിൽ പരിശീലനം, സ്വയം തൊഴിൽ സംരംഭം എന്നിവയ്ക്ക് പ്രോജക്ട് റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്യുന്ന പ്രകാരമുള്ള തുക അനുവദിക്കുന്നു. ഈ വിഭാഗത്തിലെ പ്രീ-മെട്രിക് വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള നിരക്കിൽ സ്റ്റൈപ്പൻഡും നൽകിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ ഗോത്രവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിദ്യാഭ്യാസം, പാർപ്പിടം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകിയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി. സ്കൂൾ തലത്തിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ലഘുഭക്ഷണത്തോടൊപ്പം പഠനസൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ഊരുകളിൽ 100 സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി രൂപീകൃതമായ ആദിവാസി പുനരധിവാസ വികസന മിഷന്റെ നേതൃത്വത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് പോഷകാഹാര വിതരണത്തിനായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും

സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ് പട്ടികവർഗ്ഗക്കാർക്കുവേണ്ടി സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ഊരുകളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വൈദ്യുതീകരണം, കമ്മ്യൂണിറ്റി ഹാൾ, റോഡ്, പാലം, കലുങ്ക് നിർമ്മാണം, കുടിവെള്ളം, എ.റ്റി.എസ്.പി. പദ്ധതി, ഹാംലറ്റ് വികസന പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. നിർദ്ധനരും അനാഥരും നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സർക്കാർ ഉത്തരവിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം ഒരു ലക്ഷം രൂപ വരെ വിവാഹധനസഹായം അനുവദിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. പട്ടിക വർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും സ്വയംപര്യാപ്തത നേടാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നൈപുണ്യ വികസന പരിപാടികൾ വിവിധ നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.(അനുബന്ധമായി ചേർക്കുന്നു)* കൂടാതെ SCA to SCP പദ്ധതി പ്രകാരം തൊഴിലും വരുമാനവും നൽകുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. അഭ്യസ്തവിദ്യരും നൈപുണ്യ പരിശീലനം ലഭിച്ചവരുമായ പട്ടികജാതി ഗുണഭോക്താക്കൾക്ക് Oil &Rig മേഖലയിലും Hotel Management മേഖലയിലും വിദേശത്ത് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ബി.ടെക്. പരീക്ഷ പാസ്സാകാത്ത വിദ്യാർത്ഥികൾക്കായുള്ള റെമഡിയൽ കോച്ചിംഗ് പദ്ധതി 2017-18 മുതൽ IHRD-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി നടപ്പിലാക്കി വരുന്നു. Gulati Institute of Finance & Taxation തയ്യാറാക്കിയ സമുന്നതി എന്ന വെബ്സൈറ്റ് വഴിയാണ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നടത്തുന്നത്. സംസ്ഥാനത്തെ വിവിധ സർക്കാർ അംഗീകൃത എഞ്ചിനീയറിംഗ് അംഗീകൃത കോളേജുകളിൽ ബി.ടെക്-ന് പഠിക്കുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തോറ്റ പേപ്പറുകൾ എഴുതിയെടുക്കുന്നതിനും പ്രാപ്തരാക്കുന്ന പദ്ധതിയാണിത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സ്വയംപര്യാപ്തത നേടാൻ സഹായിക്കുന്നതിനായി ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ പ്രൊഫഷണൽ മേഖലകളിലെ പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

കൂടാതെ ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിനായി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളായ സി-ഡിറ്റ്, മിൽമ, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജീസ്, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, എത്തിയോസ്, എൻ.റ്റി.റ്റി.എഫ്. പോലുള്ള സ്വകാര്യ സ്ഥാപനങ്ങൾ വഴി പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ ഗോത്ര ജീവിക പദ്ധതിപ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകളിൽ സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സി.എം.ഡി. (Centre for Management Study)മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.ടി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി.ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി എഴുതിക്കുന്നതിനുള്ള പദ്ധതിക്കായുള്ള പ്രൊപ്പോസൽ തിരുവനന്തപുരത്തെ ഐ.എച്ച്. ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി ഏറ്റെടുക്കുന്നതാണ്.

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി UNICEF മാനദണ്ഡം അനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എം.ആർ.എസ്.-കളെ Centre of Excellence ആക്കുന്നതിന്റെ ഭാഗമായി smart class room, ISO സർട്ടിഫിക്കേഷൻ എന്നിവ നേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ രാത്രികാല മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ ഹോസ്റ്റലുകളിലും മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. പുന്നപ്രയിലെ പെൺകുട്ടികൾക്കുള്ള എം.ആർ.എസ്.-ന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

## ഐ.ടി.ഐ.-കളുടെ ആധുനീകരണം

7 (*67) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ അഞ്ച് ലക്ഷം പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം നൽകുകയെന്ന പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള ഐ.ടി.ഐ.-കളുടെ ആധുനീകരണത്തിനായി ഈ വർഷവും മുൻവർഷവുമായി പ്രഖ്യാപിച്ച 100 കോടി രൂപയുടെ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(സി) ദേശീയ, അന്തർദ്ദേശീയ നിലവാരത്തിലേക്ക് സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ ഉയർത്താനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ഡി) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മാനദണ്ഡം പാലിച്ചുകൊണ്ട് സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ റീഅഫിലിയേഷൻ നേടിയിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലൂടെ സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐ. കളിലായി പ്രതിവർഷം 55000 പരിശീലനാർത്ഥികളെ പരിശീലിപ്പിച്ചുവരുന്നു. കൂടാതെ അപ്രന്റീസ് ട്രെയിനിംഗ് സ്കീമിലായി 2017-18, 2018-19 കാലയളവിൽ 3027 പരിശീലനാർത്ഥികളെയും പരിശീലിപ്പിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനത്തിനായി തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

നഴ്സിംഗ് മേഖലയിൽ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE), KASE, ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA) എന്നീ സ്ഥാപനങ്ങൾ മുഖേനയും സെക്യൂരിറ്റി മേഖലയിൽ സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS) എന്ന സ്ഥാപനം മുഖേനയും ഓയിൽ ആന്റ് റിഗ് മേഖലയിൽ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് (ESPOR) എന്ന സ്ഥാപനം മുഖേനയും അദ്ധ്യാപക മേഖലയിൽ ബിരുദധാരികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT) എന്ന സ്ഥാപനം മുഖേനയും വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT) എന്ന സ്ഥാപനം മുഖേനയും നൈപുണ്യ വികസനത്തിനായി പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കൺസ്ട്രക്ഷൻ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം മുഖേന മാനേജീരിയൽ ലെവൽ, ടെക്നിക്കൽ ലെവൽ, സൂപ്പർവൈസറി ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു.

2. കൗശൽ കേന്ദ്രങ്ങൾ

ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുന്നതിന് കൗശൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3. അക്രെഡിറ്റേഷൻ

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതിനുവേണ്ടി അപ്രകാരമുള്ള പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് KASE അക്രെഡിറ്റേഷൻ നൽകുന്നുണ്ട്. നിലവിൽ 13 സ്ഥാപനങ്ങൾ വഴി ബാങ്കിംഗ് ആന്റ് ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ്, ഹൈടെക് ഓട്ടോമേഷൻ, പെട്രോളിയം, ബ്യൂട്ടി ആന്റ് വെൽനെസ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, മൾട്ടിമീഡിയ ആന്റ് ആനിമേഷൻ, ഫിസിയോ തെറാപ്പി, ആയുർവ്വേദ, മറൈൻ, ആർക്കിടെക്ച്ചർ ഡിസൈൻ, എഞ്ചിനീയറിംഗ് എന്നീ 10 മേഖലകളിൽ 38 അക്രെഡിറ്റഡ് കോഴ്സുകൾ നടന്നുവരുന്നുണ്ട്.

4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് KSID പ്രവർത്തിക്കുന്നത്. ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ, ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ & അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടരവർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ ഇവിടെ നടന്നുവരുന്നു.

മേൽ പ്രതിപാദിച്ചത് കൂടാതെ തൊഴിൽ അന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ KASE എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ (CDC) എന്നിവ മുഖേനയും നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന-(PMKVY)യുടെ സെൻട്രലി സ്പോൺസേർഡ് സ്റ്റേറ്റ് മാനേജ്ഡ് (CSSM) കംപോണന്റ് നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായി KASE-നെ നിയോഗിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഇതിനകം 58 സർക്കാർ ഐ.ടി.ഐ.-കൾ ഉൾപ്പെടെ 75 പരിശീലന പങ്കാളികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൂടുതൽ പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷം ഐ.ടി.ഐ.-കളുടെ ആധുനികവത്കരണത്തിനായി 50 കോടി രൂപ അനുവദിച്ചതിൽ 36.85 കോടി രൂപ ഉപകരണ സംഭരണത്തിനും 8.14 കോടി രൂപ മരാമത്തുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും 5 കോടി രൂപ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിനുമായിരുന്നു. ഇതിൽ ഉപകരണ സംഭരണത്തിനായി അനുവദിച്ചതിൽ 15,46,81,322 രൂപയും ചെറുകിടമരാമത്ത് പണികൾക്കായി 7,81,51,676 രൂപയും ചെലവഴിച്ചിട്ടുണ്ട്. മൂലധന ശീർഷകത്തിൽ അനുവദിച്ച 5 കോടി രൂപ എറണാകുളം ജില്ലയിലെ വേങ്ങൂർ ഐ.ടി.ഐ.-ലെ കെട്ടിട നിർമ്മാണത്തിനാണ് വിനിയോഗിക്കുന്നത്. ഇക്കാര്യത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്.

2018-19 വർഷം ഐ.ടി.ഐ.-കളുടെ ആധുനികവത്കരണത്തിനായി അനുവദിച്ച 50 കോടി രൂപയിൽ ഉപകരണ സംഭരണത്തിനായി അനുവദിച്ച 12,28,36,000 രൂപയിൽ 1,95,90,000 രൂപ ഇന്ത്യൻ സ്കിൽസ് സംഘടിപ്പിക്കുന്നതിനായി നീക്കിവച്ചു. ശേഷിക്കുന്ന 10,32,46,000 രൂപയിൽ ഇതിനകം 8,78,19,645 രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയ്ക്ക് ഉപകരണ സംഭരണ നടപടികൾ നടന്നുവരുന്നു. ചെറുകിട മരാമത്ത് പ്രവൃത്തികൾക്കായി 2,71,64,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ ഇതിനകം 1,17,30,000 രൂപ ചെലവഴിച്ചുകഴിഞ്ഞു. ശേഷിക്കുന്ന തുക ഇടുക്കി ജില്ലയിലെ കട്ടപ്പന ഐ.ടി.ഐ.-യുടെ ട്രെയിനീസ് ഹോസ്റ്റൽ, കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഐ.ടി.ഐ.-യുടെ ട്രെയിനീസ് ഹോസ്റ്റൽ, തൃശ്ശൂർ ജില്ലയിലെ മാള ഐ.ടി.ഐ.-ലെ വനിതാ വിശ്രമ കേന്ദ്രം എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വിനിയോഗിച്ചുവരുന്നു.

കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 35 കോടി രൂപയിൽ 17.31 കോടി രൂപയ്ക്ക് എറിയാട് (തൃശ്ശൂർ), ആരക്കുഴ (എറണാകുളം), മണലൂർ (തൃശ്ശൂർ), മരട് (എറണാകുളം), തിരുവമ്പാടി (കോഴിക്കോട്) എന്നീ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ എറിയാട്, ആരക്കുഴ, മണലൂർ എന്നീ ഐ.ടി.ഐ.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക വളയം, വയലാർ, റാന്നി ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണത്തിന് വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനായി തയ്യാറാക്കിയ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR), KIIFB-യ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര ഐ.ടി.ഐ.-കൾ ആക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ആയതിലേയ്ക്കുള്ള മാസ്റ്റർ പ്ലാനുകൾ സർക്കാർതലത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (QCI) മാനദണ്ഡം പാലിച്ചുകൊണ്ട് ഗവൺമെന്റ് (വനിത) ഐ.ടി.ഐ. കണ്ണൂർ, നിർമ്മല പ്രൈവറ്റ് ഐ.ടി.ഐ. പരിയാരം, കണ്ണൂർ എന്നീ രണ്ട് ഐ.ടി.ഐ.-കൾ റീ അഫിലിയേഷൻ നേടിയിട്ടുണ്ട്. 5 വർഷത്തെ കാലാവധിക്കുശേഷം ട്രേഡുകൾക്ക് റീഅഫിലിയേഷൻ നേടിയെടുക്കണമെന്ന ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്-(ഡി.ജി.റ്റി)-ന്റെ നിർദ്ദേശത്തെ തുടർന്നായിരുന്നു മേൽപരാമർശിച്ച 2 ഐ.ടി.ഐ.-കൾ അഫിലിയേഷൻ നേടിയത്. എന്നാൽ നിലവിൽ QCI മുഖേനയുള്ള റീ-അഫിലിയേഷൻ നടപടികൾ ഡി.ജി.റ്റി. അവസാനിപ്പിച്ചിരിക്കുകയാണ്.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പട്ടിക വിഭാഗ വിദ്യാർത്ഥികൾ

8 (*68) ശ്രീ. അടൂർ പ്രകാശ്:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവിഭാഗങ്ങളുടെ പ്രവേശനം ജനസംഖ്യാനുപാതികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പലർക്കും പരീക്ഷ പാസ്സാകാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് തയ്യാറാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : (എ) സംവരണ തത്വങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിനാലും ഉന്നത വിദ്യാഭ്യാസം കാംക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നൽകുന്നു എന്നതുകൊണ്ടും ഉന്നതവിദ്യാഭ്യാസ മേഖലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രവേശനം ജനസംഖ്യാനുപാതികമായി ഉയർത്തിക്കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചതിനുശേഷം ചില വിദ്യാർത്ഥികൾ പരീക്ഷ പാസ്സാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽനിന്നുള്ള കുട്ടികളാണ് കൂടുതലായി പരീക്ഷ പാസ്സാകാത്തതും ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതുമായി കണ്ടുവരുന്നത്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് ഇത്തരം കുട്ടികളുടെ ഹാജർ നില കുറയുകയും ക്രമേണ ക്ലാസ്സുകളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. കുടുംബത്തിലെ പ്രശ്നം, രക്ഷിതാക്കളിലെ മദ്യപാന ശീലം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ തുടങ്ങിയവയാണ് ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതിനുള്ള കാരണങ്ങൾ. ഇത് പരിഹരിക്കുന്നതിന് IHRD-യുമായി സഹകരിച്ച് റെമഡിയൽ കോച്ചിംഗ് ക്ലാസ് (2017-18 മുതൽ ) നടത്തിവരുന്നു.

(സി) എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും തോറ്റ പേപ്പറുകൾ എഴുതിയെടുക്കുന്നതിനും വകുപ്പിന്റെ നേതൃത്വത്തിൽ IHRD മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ ഈ സർക്കാർ വന്നശേഷം 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ താമസം ഭക്ഷണം എന്നിവയ്ക്കുള്ള പ്രതിമാസ ആനുകൂല്യം 3,500-രൂപയിൽനിന്നും 4,500 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി 2,000 രൂപ പ്രതിവർഷം നൽകുന്ന പദ്ധതിയും നടപ്പാക്കി. നിലവിൽ നൽകിവരുന്ന ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ

9(*69) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് യു.പി.എ. സർക്കാർ പാസ്സാക്കിയ 2013-ലെ നിയമം സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) പത്തിൽ കൂടുതൽ വനിതകൾ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം തൊഴിലുടമകൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) ഇത് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(ഡി) അസംഘടിത മേഖലയിൽ ഈ നിയമം ബാധകമാണോ; എങ്കിൽ പ്രസ്തുത മേഖലയിൽ ഇത് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): (എ-ഡി) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013'. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 26-5-2016-ലെ 1556/ബി3/16/ സാനീവ. പ്രകാരം സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇത് സംബന്ധിച്ച് അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്വമാണ്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി (5) പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തൊഴിലുടമകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാത്തപക്ഷം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

'The sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013 വകുപ്പ് 2 (P)പ്രകാരം അസംഘടിത മേഖലയിലും ഈ നിയമം ബാധകമാണ്.

## ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തത

10 (*70) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കുമോ;

(ബി) 2018-ഓടെ സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര മേഖലയിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ നൽകുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവും കാലിത്തീറ്റയ്ക്ക് അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവും ക്ഷീര മേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്നുവെന്ന വസ്തുത പരിഗണിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ കൈവശമുള്ള തരിശുഭൂമി കണ്ടെത്തി തീറ്റപ്പുൽ കൃഷി വ്യാപകമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(എഫ്) പ്രളയത്തിൽ നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) ക്ഷീരമേഖലയിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 80-85 ശതമാനം വരെ ഉത്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം പാലുത്പാദനത്തിൽ നേരിയ കുറവുണ്ടാക്കിയെങ്കിലും പ്രളയാനന്തര പ്രവർത്തനങ്ങളിലൂടെയും ക്രിയാത്മക ഇടപെടലുകളിലൂടെയും ഈ കുറവ് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2018-ൽ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലുള്ള രൂക്ഷമായ പ്രളയത്തിന്റെയും മഴക്കെടുതിയുടെയും ഫലമായി പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ടായി. എന്നാൽ പ്രളയാനന്തര പ്രവർത്തനത്തിലൂടെ പാലുത്പാദനം പഴയ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ നൽകുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്.

(ഡി) പാലുത്പാദന ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി പദ്ധതി തുക വകയിരുത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരസംഘത്തിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് 4 രൂപ ഇൻസെന്റീവ് നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുന്ന പദ്ധതിയും ക്ഷീരസംഘം മുഖേന പച്ചപ്പുല്ല്, വൈക്കോൽ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു.

(ഇ) സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ കൈവശമുള്ള തരിശ് ഭൂമി കണ്ടെത്തി തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ 67 ഹെക്ടർ സ്ഥലത്ത് ടി പദ്ധതി മുഖേന തീറ്റപ്പുൽ കൃഷി നടത്തിയിട്ടുണ്ട്. ഇതിനായി 62.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) പ്രളയത്തിൽ നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് സമയബന്ധിതമായി ആശ്വാസ നടപടികൾ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉരുക്കൾ പ്രളയത്തിൽ നഷ്ടപ്പെട്ടവർക്ക് കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപ നൽകുകയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള 181 ലക്ഷം രൂപയും പച്ചപ്പുല്ല്, വൈക്കോൽ എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപയുടെ ഫ്ലഡ് റിലീസ് റീഹാബിലിറ്റേഷൻ പ്രോഗ്രാം പ്രളയബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു.

പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്ത നിവാരണ മാനദണ്ഡപ്രകാരം 17.89 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

## മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

11 (*71) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാംസം, മുട്ട എന്നിവയുടെ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ കോഴി, താറാവ്, ആട് എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) കേരള ചിക്കൻ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നഗരപ്രിയ, കോഴിഗ്രാമം തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (കേരള ചിക്കൻ) ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള ചിക്കൻ പദ്ധതിക്ക് പുറമെ മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നിവർ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) മൃഗസംരക്ഷണ വകുപ്പ്

വിദ്യാർത്ഥികൾ മുഖേനയുള്ള കോഴിവളർത്തൽ പദ്ധതികൾ

സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 46-60 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളും കോഴിത്തീറ്റയും നൽകുന്ന പദ്ധതി. സംസ്ഥാനത്തെ 1304 സ്കൂളുകളിലെ 65200 സ്കൂൾ കുട്ടികൾക്ക് ആനുകൂല്യം നൽകുന്നു. ഈ പദ്ധതി വഴി 326000 കോഴിക്കുഞ്ഞുങ്ങളെ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നു.

കൂടുകളിൽ കോഴിവളർത്തൽ (നഗരപ്രദേശങ്ങളിൽ )

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൂടുകളിൽ കോഴിവളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂട്, മുട്ടക്കോഴി (5 എണ്ണം) എന്നിവയുൾപ്പെടെ 5,000 രൂപയുടെ സഹായം ഒരു ഗുണഭോക്താവിന് ലഭിക്കും. മൊത്തം 410 യൂണിറ്റുകൾ നടപ്പാക്കുന്നു.

സംസ്ഥാനത്ത് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽ കോഴി, താറാവ് കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ വളർത്തി 46-60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ വഴിയും വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിലെ ആയൂർ-തോട്ടത്തറ, മലപ്പുറം ജില്ലയിലെ എടവണ്ണ എന്നീ ഹാച്ചറികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഇതുവഴി ആഴ്ചയിൽ 60000 കോഴിക്കുഞ്ഞുങ്ങളെ അധികമായി ഉത്പാദിപ്പിക്കാൻ കഴിയുന്നതാണ്.

താറാവ് വളർത്തൽ പദ്ധതി

- താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 51-60 ദിവസം പ്രായമുള്ള 10 താറാവിൻ കുഞ്ഞുങ്ങളെ വീതം നൽകുന്ന താറാവ് വളർത്തൽ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രവർത്തന ചെലവ് ഉൾപ്പെടെ 48.70 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 1,200 രൂപ വീതം 4000 കർഷകർക്ക് 48,00,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

ആട് വളർത്തൽ

- ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾ വഴി സൗജന്യമായി ലഭ്യമാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തലിന് സബ്സിഡി സഹായം (50 ശതമാനം) മൃഗസംരക്ഷണ വകുപ്പ് വഴി നൽകുന്നു.

- 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിക്കും. ഒരു യൂണിറ്റ് സ്ഥാപിക്കാൻ കർഷകന് 25,000 രൂപയാണ് ധനസഹായം. ആകെ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

- ആട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19-ൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

<u>കെ.എസ്.പി.ഡി.സി</u>

കെ.എസ്.പി.ഡി.സി. സംസ്ഥാനത്ത് മാംസം, മുട്ട എന്നിവയുടെ ആവശ്യം നിറവേറ്റുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- <u>കെപ്കോ ആശ്രയ</u> - തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവാ പെൻഷൻ വാങ്ങുന്ന മുഴുവൻ വിധവകൾക്കും 10 കോഴി 10 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

- <u>കെപ്കോ വനിതാ മിത്രം</u> - തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിതകൾക്ക് 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 250 രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി.

- <u>കോഴിഗ്രാമം പദ്ധതി</u> - തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ 500 വനിതാ ഗുണഭോക്താക്കൾക്ക് 8 കോഴികൾ, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.

- <u>കെപ്കോ നഗരപ്രിയ</u> - തെരഞ്ഞെടുക്കപ്പെടുന്ന മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെടുന്ന 1000 വനിതാ ഗുണഭോക്താക്കൾക്ക് ആധുനികരീതിയിലുള്ള ഒരു കൂട്ടം 5 കോഴികൾ, 5 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 850 രൂപ മാത്രം ഗുണഭോക്തൃ വിഹിതം അടച്ചാൽ മതി.

- <u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്</u> - സംസ്ഥാനത്തെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും 5 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു.

- കൂടാതെ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിലെ ബ്രോയിലർ ബ്രീഡർ ഫാമിൽ പ്രതിമാസം ഏകദേശം ഒന്നേകാൽ ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നു. ഇവിടെ പുതിയ പാരന്റ് സ്റ്റോക്ക് കുഞ്ഞുങ്ങൾ ഈ മാസംതന്നെ എത്തിച്ചേരുന്നതാണ്.

<u>കുടുംബശ്രീ</u>

താഴെപ്പറയുന്ന പദ്ധതികൾ കുടുംബശ്രീ നിലവിൽ നടപ്പിലാക്കിവരുന്നു:

- 1. താറാവ് വളർത്തൽ

  അഞ്ച് പേരടങ്ങുന്ന ഒരു യൂണിറ്റിന് ഒരാൾക്ക് 50 താറാവ് കുഞ്ഞുങ്ങൾ (90 ദിവസം പ്രായം) + കൂട് + തീറ്റ വീതം യൂണിറ്റിന് 250 താറാവ് കുഞ്ഞുങ്ങൾ മൂലധന സബ്സിഡിയായി ഒരു യൂണിറ്റിന് കുടുംബശ്രീ മിഷൻ 20.000 രൂപ നൽകി വരുന്നു.

- 2. അടുക്കളത്തോട്ട മുട്ടക്കോഴി പരിപാലനം - 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് ഒരാൾക്ക് 20 കോഴിക്കുഞ്ഞുങ്ങൾ (60-70 ദിവസം പ്രായം) + കോഴിക്കൂട് + തീറ്റ വീതം ഒരു യൂണിറ്റിന് 100 കോഴിക്കുഞ്ഞുങ്ങൾ മൂലധന സബ്സിഡിയായി ഒരു യൂണിറ്റിന് കുടുംബശ്രീ മിഷൻ 25,000 രൂപ നൽകി വരുന്നു. നിലവിൽ 691 യൂണിറ്റുകളിലായി 3269 ഗുണഭോക്താക്കൾ.

- 3. ആടുഗ്രാമം പദ്ധതി - ആടുവളർത്തൽ സംരംഭം തുടങ്ങുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുകയും മികച്ച ഉത്പാദന വിപണന മാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. 5 പേർ അടങ്ങുന്ന ഗ്രൂപ്പിന് ഒരാൾക്ക് 4 ആട്ടിൻകുട്ടികൾ വീതം യൂണിറ്റിന് 20 ആട്ടിൻകുട്ടികൾ. മൂലധന സബ്സിഡിയായി കുടുംബശ്രീ മിഷൻ 50,000 രൂപ നൽകിവരുന്നു. നിലവിൽ 2825 യൂണിറ്റുകളിലായി 14051 ഗുണഭോക്താക്കൾ ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 188 യൂണിറ്റുകൾ ആരംഭിച്ചു. 94 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

(ബി) നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കേരള ചിക്കൻ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായവും കുടുംബശ്രീ മുഖേന ഗുണഭോക്തൃ തെരഞ്ഞെടുപ്പും സാമ്പത്തിക സഹായവും നൽകിവരുന്നു. ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന് കെപ്കോ നൽകി 40-45 ദിവസം

പ്രായവും രണ്ടുകിലോ ഭാരവുമാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ്സ് ചെയ്ത് വിപണനം നടത്തുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലായി ഇപ്രകാരമുള്ള 53 യൂണിറ്റ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. 1000 കോഴികളുള്ള യൂണിറ്റുകളാണ് ഈ ജില്ലകളിൽ ആരംഭിച്ചിട്ടുള്ളത്. ബ്രഹ്മഗിരിയെക്കൂടി പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായി നിലവിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാന വ്യാപകമായി നിലവിൽ 549 ബ്രോയിലർ ഫാമുകൾ കുടുംബശ്രീയുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ ആരംഭിച്ച് നടത്തിവരുന്നു. ഇവ ആരംഭിക്കുന്നതിനായി മൂലധന സബ്സിഡിയായി കുടുംബശ്രീ മിഷൻ 50,000 രൂപ നൽകിവരുന്നു. ഇതിനുപുറമെ പുതുതായി 931 ഫാമുകൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്താക്കളെ കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 1000 ബ്രോയിലർ വീതമുള്ള 1000 ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം ഇരുപത്തയ്യായിരം ബ്രോയിലർ ചിക്കൻ വിപണിയിൽ എത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തുടനീളം കെപ്കോയ്ക്ക് സംയോജനം സാധ്യമാകാത്തതിനാൽ കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ മുതൽ (ബ്രീഡർ സ്റ്റോക്ക്), ഹാച്ചറികൾ, മാംസസംസ്കരണത്തിനുള്ള അബറ്റേയറുകൾ, കോഴിമാലിന്യം സംസ്കരിക്കുന്നതിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉത്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇറച്ചിക്കോഴികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു.

(സി) പ്രാവർത്തികമായിട്ടുണ്ട്.

(ഡി) ഉണ്ട്. എം.പി.ഐ.-യുടെ വികസനത്തിനായി ഒരു അബറ്റയർ (ഹൈടെക് സ്ലോട്ടർ ഹൗസ്) പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. 31.02 കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതിയിൽ സ്വയിൻ പ്ലാന്റ്, ബോവൈൻ പ്ലാന്റ്, മാലിന്യനിർമ്മാർജ്ജന പ്ലാന്റ് എന്നിവ പ്രവർത്തിക്കുന്നു. ദിനംപ്രതി 400 മൃഗങ്ങളെ കശാപ്പ് ചെയ്ത് ദിവസേന സംസ്കരിച്ച് 35 മെട്രിക് ടൺ ഇറച്ചി ഉത്പാദിപ്പിക്കാനുള്ള ശേഷി ഈ പ്ലാന്റിനുണ്ട്. ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസുരക്ഷാ നിയമം പാലിച്ച് വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ശുദ്ധമായ മാംസമായും മൂല്യവർദ്ധിത ഉത്പന്നങ്ങളുമായി ഗുണഭോക്താക്കൾക്ക് വിപണനം നടത്തിവരുന്നു. 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യവർദ്ധിത മാംസ ഉത്പന്നങ്ങൾ സംസ്കരിക്കാനുള്ള ഒരു പ്ലാന്റ് 13.5 കോടി രൂപ ചെലവിൽ കൊല്ലം ഏരൂരിൽ തുടങ്ങാനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

2019-20-ൽ ഇത് പൂർത്തിയാക്കാൻ കഴിയും. കൂടാതെ കശാപ്പിനാവശ്യമുള്ള മൃഗങ്ങളെ വളർത്തിയെടുക്കാൻ കമ്പനിക്ക് ചാലക്കുടിയിൽ സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് കാള/കന്നുകിടാരികളെ വളർത്താനുള്ള ഒരു പദ്ധതി കമ്പനി ആവിഷ്ക്കരിച്ച് 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 19.5 കോടി രൂപ മുതൽമുടക്കുള്ള പദ്ധതിയാണിത്.

വൈവിദ്ധ്യവൽക്കരണം, പ്രവർത്തന വികേന്ദ്രീകരണം, മറ്റു വകുപ്പുകളുമായി ചേർന്നുള്ള വിപണനം എന്നിവയെല്ലാം പുതിയ പ്രവർത്തനങ്ങളാണ്.

## തൊഴിലാളികളുടെ അവകാശ സംരക്ഷണം

12 (*72) ശ്രീ. കെ. ദാസൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനിർമ്മാണത്തിലൂടെയും സർക്കാർ മേഖലയിലുൾപ്പെടെ കരാർവൽക്കരണം വ്യാപകമാക്കുന്ന നയം സ്വീകരിച്ചതിലൂടെയും കേന്ദ്ര സർക്കാർ രാജ്യത്തെ തൊഴിലാളികളെ അരക്ഷിതാവസ്ഥയിലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) യഥാർത്ഥ സാമ്പത്തിക ചൂഷകരെ സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ നോക്കുകൂലിയാണ് സംസ്ഥാനത്തെ വ്യവസായ മേഖലയിലെ മുഖ്യപ്രശ്നമെന്ന് ചില കേന്ദ്രങ്ങൾ ബോധപൂർവം വരുത്തിതീർത്തിട്ടുള്ളത് പരിഹരിക്കാൻ നോക്കുകൂലി അവസാനിപ്പിച്ചതോടൊപ്പം, വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പ്രതിദിനം 600 രൂപയെങ്കിലും ഏറ്റവും കുറഞ്ഞ വേതനമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തുച്ഛ വേതനക്കാരായ തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ പാർപ്പിടം ഒരുക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രത്യേക സാമ്പത്തിക മേഖലയിലും ഐ.ടി. രംഗത്തും തൊഴിലാളികൾക്ക് സംഘടിക്കാനുള്ള മൗലികാവകാശം എത്രമാത്രം ഫലപ്രദമായി വിനിയോഗിക്കാൻ സാധ്യമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ): (എ) തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്രമായ തൊഴിൽനയം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന തിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി ഓർഡിനൻസ് വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടേതുൾപ്പെടെ കാലാവധി പൂർത്തിയായ 26 തൊഴിൽ മേഖലകളിലെ മിനിമം വേജസ് വിജ്ഞാപനങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുള്ളതുൾപ്പെടെ സംസ്ഥാനത്ത് ആകെ 80 മേഖലകളിൽ മിനിമം വേജസ് നിശ്ചയിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് അർഹതപ്പെട്ട സേവന വേതന വ്യവസ്ഥകൾ ലഭ്യമാക്കുന്നതിനൊപ്പം മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യംവച്ച് തൊഴിൽ നിയമങ്ങളുടെ പാലനം മാനദണ്ഡമാക്കി സ്ഥാപനങ്ങൾക്ക് ഗ്രേഡുകൾ നൽകി മാതൃകാ സ്ഥാപനങ്ങളാക്കി പ്രഖ്യാപിക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളിലെ തൊഴിലാളികൾക്ക് ആയത് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുന്നുണ്ട്. മിനിമം വേതനം നൽകാത്ത സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഭവനം ഫൗണ്ടേഷൻ കേരള (ബി.എഫ്.കെ.) കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള ജോലിക്കാർക്കും താങ്ങാനാവുന്ന വിലയ്ക്ക് ഗുണനിലവാരമുള്ള അപ്പാർട്ടുമെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ജനനി പദ്ധതി.

ജനനി പദ്ധതിയുടെ കീഴിൽ ഇടുക്കിയിലെ അടിമാലിയിലുള്ള 217 യൂണിറ്റ് അപ്പാർട്ടുമെന്റ് കോംപ്ലക്സുകളുടെ പണി പൂർത്തിയായിട്ടുണ്ട്. എറണാകുളത്ത് പോഞ്ഞാശ്ശേരിയിൽ 296 അപ്പാർട്ടുമെന്റ് കോംപ്ലക്സുകളുടെ പണി പുരോഗമിച്ചുവരുന്നു. കൂടാതെ, കൊച്ചി സ്കീം നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ 400 മുതൽ 600 ചതുരശ്ര അടി വരെയുള്ള കോംപ്ലക്സുകളാണ് പണിയുന്നത്.

(ഡി) ഇല്ല.

## വനം കയ്യേറ്റം തടയാൻ നടപടി

13 (*73) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷിഭൂമിയായും പരിവർത്തനം ചെയ്തത് പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം തോട്ടങ്ങളാക്കി മാറ്റിയ പ്രദേശങ്ങളിൽ, സംസ്ഥാനത്തെ വനങ്ങളിൽ സ്വാഭാവികമായി കാണുന്ന വൃക്ഷങ്ങൾ വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വനം കയ്യേറ്റം കർശനമായി തടയുന്നതിനും വനാതിർത്തിയിൽ സ്ഥിരമായ വഴി അടയാളങ്ങൾ സ്ഥാപിച്ച് വേർതിരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) പരിശോധിച്ചിട്ടുണ്ട്. ടി ആക്ഷേപം വസ്തുതാപരമാണ്. സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷി ഭൂമിയായും പരിവർത്തനം ചെയ്തുവഴി വനത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് ക്ഷതം സംഭവിക്കുകയും ജൈവ വൈവിധ്യശോഷണം ഉണ്ടാകുകയും മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരികയും ജലാഗിരണശേഷി കുറയുകയും മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും കാരണമാകുകയും പ്രാദേശികമായ കാലാവസ്ഥ വ്യതിയാനത്തിനുവരെയും കാരണമാവുകയും ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഗ്രാസിം ഇൻഡസ്ട്രീസ് തുടങ്ങിയ വ്യാവസായിക സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കായി യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വേഗത്തിൽ വളരുന്ന വിദേശീയ വൃക്ഷങ്ങളുടെ ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചത് പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നിവയുടെ ഏകവിളത്തോട്ടങ്ങൾ 25000 ഹെക്ടറോളം നിലവിലുണ്ട്. വനങ്ങൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയായി പരിവർത്തനം ചെയ്തതിൽ വച്ച് വനവിസ്തൃതി കുറയുകയും മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷം വർദ്ധിക്കുകയുമുണ്ടായി. എന്നാൽ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമം നിലവിൽ വന്നതിനെത്തുടർന്ന് സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷിഭൂമിയായും പരിവർത്തനം ചെയ്യുന്നത് നിലവിലില്ലാത്തതാണ്. അപൂർവ്വമായി സംഭവിക്കുന്ന പുതിയ വനം കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) ഏകവിള തോട്ടങ്ങളാക്കി മാറ്റിയ പ്രദേശങ്ങളിൽ സംസ്ഥാനത്തെ വനങ്ങളിൽ സ്വാഭാവികമായി കാണുന്ന വൃക്ഷങ്ങൾ വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ തെരഞ്ഞെടുത്ത വനപ്രദേശങ്ങളിൽ തദ്ദേശീയ ഫല-ഔഷധ വിവിധയിനം വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിന് 2012-13-ൽ തുടങ്ങിയ പദ്ധതിയാണ് 'വനദീപ്തി'. ഏകവിളത്തോട്ടങ്ങൾമൂലമുണ്ടാകുന്ന പാരിസ്ഥിതിക പരിമിതികൾ മറികടക്കാനായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് 'വനദീപ്തി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. കൂടാതെ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശീയ വൃക്ഷങ്ങളുടെ നടീൽ തുടരേണ്ടതില്ലെന്ന് വനം വകുപ്പ് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ, വാറ്റിൽ തോട്ടങ്ങൾ മൂന്നാർ, ദേവികുളം മേഖലയിലാണ്. 1993 മുതൽ ടി വാറ്റിലിന്റെ നടീൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. ടി വാറ്റിൽ തോട്ടങ്ങൾ വെട്ടിമാറ്റി ടി പ്രദേശങ്ങളെ പ്രകൃത്യാലുള്ള പുൽമേട്-ഷോല ഇക്കോ സിസ്റ്റത്തിലേയ്ക്ക് തിരിച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. 2018 വർഷം മുതൽ കേരളത്തിലെ വനങ്ങളിൽ അക്കേഷ്യ ഓറിക്കുലിഫോമിസിന്റെയും അക്കേഷ്യ മാഞ്ചിയത്തിന്റെയും നടീൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. 2019 വർഷം മുതൽ യൂക്കാലിപ്റ്റസിന്റെ നടീലും കേരള വനങ്ങളിൽ ചെയ്യുന്നതല്ലെന്ന് തീരുമാനം എടുത്തിട്ടുള്ളതാണ്. ഓറിക്കുലിഫോമിസ്, മാഞ്ചിയം, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വെട്ടുന്ന മുറയ്ക്ക് തദ്ദേശീയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. 2025 വർഷത്തോടുകൂടി കേരള വനത്തിൽനിന്നും അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളെ ഇല്ലാതാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. 2038 വർഷത്തോടുകൂടി യൂക്കാലിപ്റ്റസ് തോട്ടങ്ങളും ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും നിരന്തരമായി അതിർത്തി പരിശോധന, പട്രോളിംഗ് എന്നിവ നടത്തിയും കയ്യേറ്റശ്രമങ്ങൾ

സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2016-17-ൽ 12500 ജണ്ടകളും 2017-18-ൽ 14416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്.1-4-2018-ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കാനുള്ള വനാതിർത്തിയുടെ നീളം ഉദ്ദേശം 2013 കി.മീ. ആണെന്ന് (ഉദ്ദേശം 45060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15000 ജണ്ടകൾ നിർമ്മിച്ച് ഏകദേശം 700 കി.മീ. വനാതിർത്തികൾക്കൂടി വേർതിരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതി നായി 2016-17 മുതൽ 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം നടന്നു വരുന്നുമുണ്ട്.

## വനദീപ്തി പദ്ധതി

14 (*74) ശ്രീ. അബ്ദുൽ ഹമീദ് പി.:

ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന പ്രദേശത്തിന് പുറമെ സ്വാഭാവിക വനം നിർമ്മിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വനദീപ്തി പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കു ന്നതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന പ്രദേശത്തിന് പുറമെ സ്വാഭാവിക വനം നിർമ്മിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടില്ല.

(ബി) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത്

അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള പാലോട് റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴിലുള്ള പത്തനാപുരം റെയ്ഞ്ചിന് കൈമാറിയിട്ടുണ്ട്.

(സി) സ്വാഭാവിക വനത്തെക്കുറിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം സൃഷ്ടിക്കുന്നതിന് സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിത കേരളം പദ്ധതി പ്രകാരം ലോകപരിസ്ഥിതി ദിനമായ ജൂൺ 5-നോട് അനുബന്ധിച്ച് വിവിധയിനം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ എന്നിവയുടെ സഹായ സഹകരണത്തോടെ സാമൂഹിക വനവത്കരണ വിഭാഗം ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു വരുന്നു. വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നേച്ചർ അപ്രിസിയേഷൻ സെന്റർ, നക്ഷത്രവനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികളും പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് നടപ്പാക്കി വരുന്നവയാണ്. സ്വകാര്യ ഭൂമികളിൽ വനവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവ്, കണ്ടൽവനങ്ങൾ എന്നിവ സംരക്ഷിച്ച് പരിപാലിച്ചുപോരുന്ന വ്യക്തി/സംഘടനകൾക്കുമുള്ള പ്രോത്സാഹന ധനസഹായം, വനവത്കരണ പ്രവർത്തനങ്ങളിലും മറ്റ് പരിസ്ഥിതി സംരക്ഷണ മേഖലകളിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യക്തികൾക്കും/ സംഘടനകൾക്കും ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും നൽകുന്ന വനമിത്ര പുരസ്കാരം, വനവത്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവത്കരിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, ബോധവത്കരണ ക്ലാസ്സുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, റേഡിയോ പ്രഭാഷണം, ലഘുലേഖകൾ, ബോർഡുകൾ സ്ഥാപിക്കൽ, നീർത്തട ശുചീകരണ പ്രവർത്തനങ്ങൾ, ഫോറസ്ട്രി ക്ലബ്ബുകൾക്ക് ധനസഹായം നൽകൽ, വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരണം, നഗര വനവത്കരണത്തിന്റെ ഭാഗമായി അർബൻ ഫോറസ്ട്രി എന്നിവയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വനത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പാക്കി വരുന്നവയാണ്.

## പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം

15 (*75) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പ്

പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസത്തിന് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ കോഴ്സിന് മെറിറ്റിലും റിസർവേഷനിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സ്വകാര്യ-സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ പൂർണ്ണമായും സർക്കാർ വഹിക്കുന്നു. കോളേജ് ഹോസ്റ്റലുകളിലെ പ്രതിമാസ ABLC 3,500 രൂപയിൽനിന്ന് 4,500 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന മെഡിക്കൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ്, ലാപ്ടോപ് ധനസഹായ പദ്ധതി, സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, വിദേശ പഠനത്തിന് ധനസഹായം എന്നിവയും നടപ്പിലാക്കി വരുന്നു. ക്രസ്റ്റ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

1. ലാപ്ടോപ് പദ്ധതി
2. വിദേശ പഠനത്തിനുള്ള ധനസഹായം
3. നൈപുണ്യ വികസന പദ്ധതി
4. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം 25 ശതമാനം വർദ്ധിപ്പിച്ചു.
5. മെഡിക്കൽ എഞ്ചിനീയറിംഗ് പൊതുപ്രവേശന പരീക്ഷ പരിശീലനവും നൽകിവരുന്നു.
6. മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ വീതം അനുവദിക്കുന്നു.
7. സംസ്ഥാനത്തിന് പുറത്ത് നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേനയോ അല്ലാതെയോ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന അർഹതയുള്ള വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു.

(ബി) ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടിശേഷം 5149 കുട്ടികൾ പഠനം പൂർത്തിയാക്കാത്തവരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ നടത്തിയ സോഷ്യോ എക്കണോമിക് സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പണിയ സമുദായത്തിൽ നിന്നുള്ളവരാണ് കൂടുതലായി പഠനം നിർത്തിപോകുന്നത്.

പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് ഇത്തരമൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തി തോറ്റ പേപ്പറുകൾ എഴുതിയെടുക്കുന്നതിനും IHRD യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി റെമഡിയൽ കോച്ചിംഗ് പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

എം.ബി.ബി.എസ്., ബി.വി.എസ്.സി. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തോറ്റ് പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിലെ ഇത്തരത്തിലുള്ളവർക്ക് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

## പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഉന്നമനം

16 (*76) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പട്ടികജാതി-പട്ടികഗോത്രവർഗ്ഗക്കാരും സമ്പന്നരും തമ്മിലുള്ള സാമ്പത്തികഅന്തരം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യ വൽക്കരിക്കുകയും കേന്ദ്ര സർവ്വീസിൽ കരാർവൽക്കരണം നടപ്പിലാക്കുകയും ചെയ്യുന്നത് മൂലം പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് ഭരണഘടനാനുസൃതം ലഭിക്കേണ്ട അവസരങ്ങൾ ഇല്ലാതാക്കുന്നതിനാൽ എയ്ഡഡ്, സ്വകാര്യ മേഖലകളിൽക്കൂടി ജോലി സംവരണം ഏർപ്പടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി -പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ തൊഴിൽദായക പരിപാടികൾ ചുവടെ ചേർക്കുന്നു :

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടിജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർ ശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തിവരുന്നു.

3. സ്റ്റാർട്ടപ് മിഷന്റെ കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് തുടങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം 40 ലക്ഷം രൂപ സ്ഥാപനത്തിന് വിതരണം ചെയ്തിട്ടുണ്ട്.
4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പിക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി.
5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.
6. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ-യുവാക്കൾക്ക് വകുപ്പുമുഖേന പരമാവധി ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീയുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടുവർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.
8. സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതി.
9. SCA to SCSP പദ്ധതി പ്രകാരവും കാർഷിക-കാർഷികേതര മേഖലകളിൽ നിരവധി പേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ പട്ടികജാതി യുവതീയുവാക്കൾക്ക് ഹൗസ് കീപ്പിംഗ് /ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഒട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവ്വേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിലധിഷ്ഠിത കോഴ്സുകൾ, നൈപുണ്യ വികസന

പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു. പെൺകുട്ടികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷിതത്വത്തിനായി വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികഗോത്ര വർഗ്ഗ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി തൊഴിൽ, നൈപുണ്യ വികസനത്തിലൂടെയുള്ള സംരംഭകത്വ വികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് ധാരാളം പരിപാടികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീ-യുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു.

2016-17 വർഷം മുതൽ ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നു.

പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതിന് കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ലൈഫ് മിഷൻ പദ്ധതിയിൽ 2018-19 വർഷം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ ഗോത്രവാത്സല്യ നിധി,

നിർദ്ധനരും അനാഥരും നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായം അനുവദിച്ചുവരുന്ന പദ്ധതി.

പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സർക്കാർ-അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സംവരണം 8 ശതമാനം, 2 ശതമാനം ആണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരിക്കലും കരാർവത്കരിക്കലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള തൊഴിൽ സാദ്ധ്യത കുറയാൻ കാരണമാകുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) സംരംഭക രംഗത്തും തൊഴിൽ മേഖലയിലും പട്ടികജാതി യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്.

ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീ-യുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു.

ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ് വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സജ്ജമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതി.

കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എത്തിയോസ് എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി മുന്തിയ ഹോട്ടലുകളിൽ പ്ലെയ്സ്മെന്റ് നൽകിയിട്ടുണ്ട്.

സെന്റ് ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് നടത്തിവരുന്നു.

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ താഴെപ്പറയും പ്രകാരം പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്:

ഗോത്രബന്ധു

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലയിൽ 241 മെന്റർ ടീച്ചർമാരെയും അട്ടപ്പാടിയിൽ 26 മെന്റർ ടീച്ചർമാരെയും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിച്ചു.

കമ്മിറ്റഡ് സോഷ്യൽ വർക്കർ

എം.എ. സോഷ്യോളജി, എം.എ. ആന്ത്രപ്പോളജി, എം.എസ്.ഡബ്ല്യു എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീ-യുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായി നിയമിച്ചിട്ടുണ്ട്.

മാനേജ്മെന്റ് ട്രെയിനികൾ

140 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായും നിയമിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ കുടുംബശ്രീ അനിമേറ്റർമാർ

പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കിയ സോഷ്യൽ ട്രൈബൽ പ്രോജക്ട് മുഖേന 200 പട്ടികവർഗ്ഗ അനിമേറ്റർമാരെ നിയമിച്ചു.

ഗോത്ര ജീവിക: 2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി

തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽ ദിനങ്ങൾക്കു പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്.

**വാണിജ്യാടിസ്ഥാനത്തിൽ പാലുത്പാദനത്തിനുള്ള പദ്ധതികൾ**

17 (*77) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള പാലുല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഡയറിഫാം യന്ത്രവല്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) 2018 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെ ക്ഷീരവികസന വകുപ്പ് നടത്തിയ പാൽ ഗുണനിയന്ത്രണ ജാഗരണ യജ്ഞത്തിന്റെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ; ഇതിലൂടെ ഏതെല്ലാം ജില്ലകളിൽ പാലിന്റെ ഗുണമേന്മയിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ പരിശോധനയ്ക്കായി ദേശീയതലത്തിൽ അംഗീകാരമുള്ള ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) സംസ്ഥാനത്ത് പാലുത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി

2. കാറ്റിൽഫീഡ് സബ്സിഡി

3. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ

4. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

5. ഹീഫർ പാർക്ക്

6. ക്ഷീരഗ്രാമം

7. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി.

8. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, മരണാന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു.

(ബി) ഡെയറി ഫാം യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

- ചാഫ് കട്ടർ വാങ്ങുന്നതിനുള്ള ധനസഹായം
- ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള ധനസഹായം
- കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം
- ജലസേചന സൗകര്യം ഒരുക്കുന്നതിന് പമ്പുകൾ സ്ഥാപിക്കുന്നതിനും കുളങ്ങൾ/കിണറുകൾ നിർമ്മിക്കുന്നതിനും സ്ലറി പമ്പ് വാങ്ങുന്നതിനുമുള്ള ധനസഹായം
- ഉരുക്കളുടെ പാരിസ്ഥിതിക സമ്മർദ്ദം കുറയ്ക്കുന്നതിന് സഹായകരമായ പദ്ധതികൾക്കുള്ള സഹായം
- ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സഹായം

- കാലിത്തൊഴുത്ത് ശുചിയാക്കുന്നതിനും ശുചിത്വ സംരക്ഷണത്തിനുമായി പ്രഷർ വാഷർ, ഫ്ലൈട്രാപ്പ്, വീൽബാരോ, ആട്ടോമാറ്റിക് വാട്ടർ ബൗൾ, റബ്ബർ മാറ്റ് തുടങ്ങിയവ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള സഹായം
- സോളാർ വാട്ടർ ഹീറ്റർ, ക്രീം സെപ്പറേറ്റർ, ജനറേറ്റർ എന്നിവ വാങ്ങി സ്ഥാപിക്കുന്നതിനുള്ള സഹായം
  കൂടാതെ അവശ്യാധിഷ്ഠിത സഹായത്തിലുൾപ്പെടുത്തി കർഷകർക്ക് ഫാം യന്ത്രവൽക്കരിക്കുന്നതിനും പാൽ സംസ്കരിക്കുന്നതിനും പാൽ വിപണനം നടത്തുന്നതിനുള്ള സഹായവും നൽകിവരുന്നുണ്ട്.

(സി) ക്ഷീരവികസന വകുപ്പ് നടത്തിയ പാൽഗുണനിയന്ത്രണ ജാഗ്രതാ യജ്ഞത്തിൽ പ്രധാനമായും പാലിലെ മൊത്തം ഖരപദാർത്ഥങ്ങൾ, അണു ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനും അമ്ലത 0.14 ശതമാനം ലാക്റ്റിക് ആസിഡ് ആയി നിലനിർത്തുന്നതിനും വേണ്ട പ്രവർത്തനങ്ങളാണ് നടത്തിയത്. ഇതിന്റെ ഫലമായി പാൽ ഗുണനിയന്ത്രണ ജാഗ്രതാ യജ്ഞം തുടങ്ങിയതിന് മുമ്പുള്ള 2018 മേയ് മാസത്തേക്കാൾ മൊത്തം ഖരപദാർത്ഥങ്ങൾ വർദ്ധിപ്പിക്കുന്നതിനും അമ്ലത 0.14 ശതമാനം ലാക്റ്റിക് ആസിഡ് ആയി നിലനിർത്തുന്നതിനും അണു ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള മെത്തിലീൻ ബ്ലൂ റിഡക്ഷൻ ടെസ്റ്റ് (MBRT) പ്രകാരം സമയം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

പാൽ ഗുണനിയന്ത്രണ ജാഗ്രതാ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പാലിന്റെ ഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്.

(ഡി) ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാൽ, പാലുത്പന്നങ്ങൾ എന്നിവയുടെ പരിശോധനയ്ക്കായി NABL അക്രെഡിറ്റേഷനുള്ള ഒരു ഡയറി ലാബ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

ടി ലാബിൽ പാലിലെയും പാലുത്പന്നങ്ങളിലെയും ഘടകങ്ങൾ പരിശോധിക്കുന്നതിനും പാലിലും പാലുത്പന്നങ്ങളിലും കലർത്തുന്ന മായ പദാർത്ഥങ്ങൾ ആന്റിബയോട്ടിക്കുകൾ, കീടനാശിനികൾ തുടങ്ങിയവയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനും പാലിൽ അടങ്ങിയിരിക്കുന്ന സൂക്ഷ്മാണുക്കളുടെ എണ്ണം, തരം, എന്നിവ കണ്ടുപിടിക്കുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ കാലിത്തീറ്റ, വെള്ളം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനവുമുണ്ട്.

## നദികളെ സംരക്ഷിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ

18 (*78) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ നദികളിലും പുഴകളിലും നടക്കുന്ന വ്യാപകമായ കയ്യേറ്റവും മലിനീകരണവും സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണം ഇല്ലാതാക്കുന്നതിനും നദികളെ സംരക്ഷിക്കുന്നതിനും ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആക്ഷൻ പ്ലാൻ വിജയകരമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തിമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻ കുട്ടി): (എ) ഉണ്ട്.

(ബി) ഉണ്ട്. ഹരിത കേരളം മിഷൻ ഇതിന് മാർഗ്ഗദർശകമായ പ്രവർത്തനരേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി)ഉണ്ട്.

(ഡി) പമ്പാനദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏല്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ ഇനിയും പൂർത്തിയാകാനുണ്ട്. പമ്പ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ

ആരംഭിച്ചു. ഇതിനായി ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, വനം വകുപ്പ്, ദേവസ്വം ബോർഡ്, എൽ.എസ്.ജി.ഡി. എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാം എന്നിവരെ ഉൾപ്പെടുത്തി ആറ് മീറ്റിംഗുകൾ നടത്തി. മേൽ വകുപ്പുകൾ ലഭ്യമാക്കിയ കരട് പ്രൊപ്പോസലുകൾ പഠിച്ച് സമഗ്രമായ മാസ്റ്റർപ്ലാൻ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ പ്രോജക്ട് 2, സൂപ്രണ്ടിംഗ് എഞ്ചിനീയർ (South circle)എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം നേരിട്ടവർക്കുള്ള നഷ്ടപരിഹാരം

19 (*79) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനങ്ങളോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് എന്തെല്ലാം നഷ്ട പരിഹാരമാണ് നൽകുന്നത്; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽനിന്നും കൃഷിയെയും കർഷകരെയും സംരക്ഷിക്കാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.
3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രത്തിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്ന് അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാനിർദ്ദേശം നൽകൽ

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പ്പാർപ്പിക്കുന്നതിനുള്ള നടപടികൾ

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ

9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ മുഴവൻ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കാനുമുള്ള നടപടികൾ

10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്ത നങ്ങൾ.

(ബി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ 'ദ് കേരള റൂൾസ് ഫോർ പേമെൻറ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്' പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം നിലവിൽ

നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ നിരക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|
| 1 | വന്യജീവി ആക്രമണംമൂലമുള്ള മരണം | 10 ലക്ഷം രൂപ |
| 2 | വനത്തിനുപുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 2 ലക്ഷം രൂപ |
| 3 | വന്യജീവി ആക്രമണംമൂലമുള്ള സ്ഥായിയായ അംഗഭംഗം | 2 ലക്ഷം രൂപ |
| 4 | വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | 1 ലക്ഷം രൂപ പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ) |
| 5. | വന്യജീവി ആക്രമണം മൂലമുള്ള വീടു നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ) |
| 6. | വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ) |

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ പദ്ധതി

20 (*80) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിവരുന്ന നൂതനപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തി പോകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഗോത്രബന്ധു പദ്ധതി എപ്രകാരം സഹായകരമാകുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) പ്രീമെട്രിക് ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും കുട്ടികളുടെ രാത്രികാല പഠനത്തിന് സഹായിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. ഗോത്രബന്ധു പദ്ധതി - പുതുതായി വിദ്യാലയ പ്രവേശനം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുക, മറ്റ് വിദ്യാർത്ഥികളുമായും സ്കൂളിന്റെ അന്തരീക്ഷവുമായും പൊരുത്തപ്പെടുന്നതിന് സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീ-യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെയും അട്ടപ്പാടിയിൽ 26 പേരെയും ഇതുവരെ നിയമിച്ചു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് തൊഴിൽ നൽകാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

2. സാമൂഹ്യപഠന മുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠന മുറികൾ ആരംഭിച്ചു.

500 പഠനമുറികൾകൂടി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. അവയിൽ 150 പഠനമുറികൾകൂടി ആരംഭിക്കുന്നതിനുള്ള നടപടി ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. വീടുകളിൽ മതിയായ പഠന സൗകര്യമില്ലാത്തവർക്കും പഠനകാര്യത്തിൽ സഹായിക്കാൻ വീട്ടിൽ മുതിർന്നവർ ഇല്ലാത്തതുമായ കുട്ടികൾക്ക് അന്നന്നത്തെ പാഠഭാഗങ്ങൾ പഠിക്കുന്നതിനും ഗൃഹപാഠങ്ങൾ ചെയ്യുന്നതിനും പഠനമുറികൾ സഹായകമാണ്.

3. <u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി</u>

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു. പരിശീലനം ലഭിച്ചതിൽ 18 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

4. <u>ലാപ്ടോപ് വിതരണം</u>

2018-19 വർഷം മുതൽ 32 കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിക്കാൻ ഉത്തരവായതിൻ പ്രകാരം 468 കുട്ടികൾ ലാപ്ടോപ് വിതരണത്തിന് അർഹരായിട്ടുണ്ട്.

5. <u>സമഗ്ര സാക്ഷരതാ പദ്ധതി</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ മിഷൻ മുഖേന പഠനക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യതാ പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

6. <u>വിദേശ പഠനത്തിനുള്ള ധനസഹായം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

7. <u>നൈപുണ്യ വികസന പദ്ധതികൾ</u>

1. എൻ.റ്റി.റ്റി.എഫ്. (നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ) മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകളിൽ പരിശീലനം ലഭിച്ച 192 കുട്ടികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്. 420 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ(ECIL) മുഖേന അട്ടപ്പാടിയിൽ 21 പേർക്ക് ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കോഴ്സ് പരിശീലനം നൽകി ജോലി ലഭ്യമാക്കി.

3. 125 പേർക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നടത്തി പ്രമുഖ ഹോട്ടലുകളിൽ പ്ലേസ്മെന്റ് ലഭ്യമാക്കി. ഈ സ്ഥാപനം മുഖേന 130 വിദ്യാർത്ഥികൾക്കുകൂടി പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. ആയുർവേദ-നഴ്സിംഗ് കോഴ്സുകളിൽ 60 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ ആയുർവ്വേദ നഴ്സിംഗ് കോഴ്സുകളിൽ 159 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. 2017-18 വർഷം എസ്.എസ്.എൽ.സി.-ക്ക് 99.82 ശതമാനം വിജയവും പ്ലസ്ടുവിന് 89 ശതമാനം വിജയവും ഈ സ്കൂളുകൾക്കുണ്ട്. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽരക്ഷാ ചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക് നിർമ്മാണം, സ്റ്റീം അടുപ്പുകൾ സ്ഥാപിച്ച് അടുക്കള നവീകരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഫയർ എക്സ്റ്റിംഗ്വഷർ സിസ്റ്റം, ഔട്ട് ഡോർ ഫിറ്റ്നെസ് സെന്റർ, ഡിജിറ്റൽ ലൈബ്രറി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ സഹായം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് our responsibility to children (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ്. ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ എം.ആർ.എസ്.-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു.

കൂടാതെ പുതുതായി 2 എം.ആർ.എസ്.-കൾ കൂടി ആരംഭിക്കുന്നതിന് കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

9. <u>ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിൽ 103 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കിഫ്ബി ഫണ്ടുപയോഗിച്ച് 4 പ്രീ മെട്രിക് ഹോസ്റ്റലും 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നാട്ടുകാണി, ഐ.റ്റി.ഐ.-യിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാകുകയും 3 പ്രീമെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐ.-യിൽ ഹോസ്റ്റൽ-അക്കാദമിക് ബ്ലോക്കിന്റെയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

കൂടാതെ നാല് ഹോസ്റ്റലുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളിൽനിന്നുള്ള കുട്ടികളാണ് കൂടുതലായി പരീക്ഷ പാസ്സാകാത്തതും ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതുമായി കണ്ടുവരുന്നത്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് ഇത്തരം കുട്ടികളുടെ ഹാജർനില കുറയുകയും ക്രമേണ ക്ലാസുകളിൽ വരാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. ഇതേത്തുടർന്ന് രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതിരിക്കുന്നതും ചിലരുടെ രക്ഷിതാക്കളിലെ മദ്യപാന ശീലവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ അനുഭവിക്കുന്നതും ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതിനുള്ള കാരണങ്ങളിൽപ്പെടുന്നു.

(സി) ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിതരായിട്ടുള്ള മെന്റർ ടീച്ചർമാർ ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിൽ എത്തിക്കുകയും കൊഴിഞ്ഞുപോക്കിന് പ്രധാന കാരണങ്ങളിലൊന്നായ ഭാഷാ പ്രശ്നം പരിഹരിക്കുന്നതിനായി ഒന്നാം ക്ലാസിലെ അദ്ധ്യാപകർക്കൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളുകളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുകയും സഹ അദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ഈ മേഖലയിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതുമൂലം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ടി പദ്ധതി വളരെയധികം സഹായിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സർക്കാർ 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.-കളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ രാത്രികാല പഠനത്തിന് സഹായിക്കുന്നതിനായി റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിൽ താമസിച്ച് പഠിപ്പിക്കുന്ന മറ്റ് അദ്ധ്യാപകരും വിദ്യാർത്ഥികളെ രാത്രികാല പഠനങ്ങളിൽ സഹായിക്കാറുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായിക്കാനായി പാർട്ട് ടൈം ട്യൂട്ടർമാരെയാണ് നിയമിച്ചിട്ടുള്ളത്. ടി ട്യൂട്ടർമാരുടെ സേവനം ആവശ്യാനുസരണം രാത്രികാലങ്ങളിലും പ്രയോജനപ്പെടുത്തുന്നുണ്ട്.

## സംസ്ഥാന നൈപുണ്യ വികസന മിഷൻ

21 (*81) ശ്രീ. ആർ. രാജേഷ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകരുടെ നൈപുണ്യവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയി ശക്തിപ്പെടുത്താനുള്ള പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഉൽകൃഷ്ട കേന്ദ്രങ്ങൾ (സെന്റർ ഫോർ എക്സലൻസ്) സ്ഥാപിച്ചിട്ടുള്ളതെന്നും അവയുടെ പ്രവർത്തനവും വിശദമാക്കാമോ;

(ഡി) തൊഴിൽ സാധ്യതയുള്ള പുതിയ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൽകൃഷ്ട കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോള തലത്തിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ വികസന ഇൻസ്റ്റിറ്റ്യൂട്ട് )
3. കൗശൽ കേന്ദ്രങ്ങൾ
4. നൈപുണ്യ വികസന കേന്ദ്രങ്ങളുടെ അക്രെഡിറ്റേഷൻ
5. ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് താഴെപ്പറയുന്ന നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

(i) എംപ്ലോയബിലിറ്റി സെന്ററുകൾ

(ii) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

(ബി) സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിച്ചു.

2. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ സെക്രട്ടേറിയറ്റായി ചുമതലപ്പെടുത്തി.

3. വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/ വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടു കൊണ്ട് സ്കിൽ സെക്രട്ടറിയറ്റിന് ഒരു തിങ്ക് ടാങ്ക് (think-tank) ആയി വേൾഡ് സ്കിൽ ലൈസിയം (World skill Lyceum) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

4. മേൽപ്പറഞ്ഞ ഭരണപരമായ ചട്ടക്കൂടിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് നയം രൂപീകരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ രൂപീകരിക്കുകയും പ്രസ്തുത കൗൺസിൽ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

5. KASE-ൽ ഒരു ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽനിന്നും ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നിലവിൽ KASE-ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 7 ഉത്കൃഷ്ട കേന്ദ്രങ്ങളുടെ (സെന്റേഴ്സ് ഓഫ് എക്സലൻസ്) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്</u> (NICE)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. 4 മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, 3 മാസം ദൈർഘ്യമുള്ള IELTS എന്ന ഇംഗ്ലീഷ് കോഴ്സ്, ഒരു മാസം ദൈർഘ്യമുള്ള നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകിവരുന്നു.

2. <u>സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)</u>

സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന Pragmatic Educational Society-യുമായി സഹകരിച്ച് CATS എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. അൺ ആർമ്ഡ് സെക്യൂരിറ്റി ഗാർഡ്, സർട്ടിഫിക്കറ്റ് ഇൻ സെക്യൂരിറ്റി മാനേജ്മെന്റ്, പി.ജി. ഡിപ്ലോമ/ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകിവരുന്നു.

3. <u>എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR)</u>

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR( Enlighten Skills Programme for oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. ഫാബ്രിക്കേറ്റർ/ഫിറ്റർ, ജനറൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രമെന്റ് ഫിറ്റർ, വെൽഡർ, ഇൻസ്ട്രമെന്റ് ടെക്നീഷ്യൻ, മെക്കാനിക്കൽ സൂപ്പർവൈസർ, ഇലക്ട്രിക്കൽ സൂപ്പർവൈസർ, ഇൻസ്ട്രമെന്റേഷൻ സൂപ്പർവൈസർ എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകിവരുന്നു.

4. <u>സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ& ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT)</u>

സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന സ്കൂൾ കാമ്പസിൽ പ്രവർത്തിച്ചുവരുന്നു. പ്രോഗ്രാം ഫോർ അച്ചീവിംഗ് കോംപീറ്റൻസീസ് ഓഫ് എഡ്യൂക്കേറ്റേഴ്സ് എന്ന പരിശീലന പദ്ധതി പ്രസ്തുത സ്ഥാപനത്തിൽ നടപ്പിലാക്കിയിരുന്നു.

5. KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA)

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് KASE-Global Nursing Leadership Academy(KGNLA). മൂന്നുമാസം ദൈർഘ്യമുള്ള നഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം പ്രസ്തുത സ്ഥാപനത്തിലൂടെ നടത്തുന്നുണ്ട്.

6. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ(IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ IIIC പ്രവർത്തിച്ചുവരുന്നു. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനം മുഖേന നടത്തുന്നുണ്ട്.

7. സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി(SWAT)

വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് SWAT എന്ന മികവിന്റെ കേന്ദ്രം കൊച്ചിയിൽ ആരംഭിച്ചു. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ സർട്ടിഫൈഡ് കോഴ്സ് ഇൻ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ/ഹെൽപ്പർ എന്ന ഒരു പരിശീലന പദ്ധതി നടത്തുന്നുണ്ട്.

(ഡി) വൈവിധ്യവും തൊഴിൽ സാധ്യതയേറിയതും ആയ മേഖലകളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. നിലവിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ലോജിസ്റ്റിക് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിസൈൻ, ലാംഗ്വേജ് ട്രാൻസ്ലേഷൻ സ്കിൽസ് എന്നിവയുമായി ബന്ധപ്പെട്ട് ലഭിച്ച പദ്ധതികൾ പരിശോധിച്ചുവരുന്നു.

**വൈലോപ്പിള്ളി സംസ്കൃതിഭവന്റെ പ്രവർത്തനങ്ങൾ**

22 (*82) ശ്രീ. വി. ജോയി:

ശ്രീ. എം. മുകേഷ്:

ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഒരു പ്രധാന സാംസ്കാരിക കേന്ദ്രം എന്ന നിലയിൽ വൈലോപ്പിള്ളി സംസ്കൃതിഭവന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) സാഹിത്യ പ്രവർത്തകർക്ക് സ്വസ്ഥമായ അന്തരീക്ഷത്തിൽ സൃഷ്ടികളിലേർപ്പെടുന്നതിനും താമസിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ; വിശദമാക്കുമോ;

(സി) കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ആവശ്യമായ സ്ഥലസൗകര്യങ്ങൾ ലഭ്യമാണോ; ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ടോ; പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വൈലോപ്പള്ളി സംസ്കൃതിഭവൻ വിഭാവനം ചെയ്യുന്ന അതിഥി മന്ദിരം സാക്ഷാൽക്കരിക്കുന്നതോടെ കുറഞ്ഞ ചെലവിൽ കൂടുതൽ കലാകാരൻമാർക്ക് താമസിച്ച് കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് അവയെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെയാണ് വൈലോപ്പിള്ളി സംസ്കൃതി ഭവൻ രൂപീകൃതമായത്. 2016 ഡിസംബർ മാസം മുതൽ വാരാന്ത്യത്തിൽ നടത്തിയിരുന്ന പ്രതിവാര പരിപാടികളെ ഏകോപിപ്പിച്ച് 'സംസ്കൃതി പ്രതിമാസ സാംസ്കാരികോത്സവം' എന്ന പേരിൽ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മാസത്തിൽ നാലോ അഞ്ചോ ദിവസം നീണ്ടുനിൽക്കുന്ന പാരമ്പര്യ കലകളും കലാ സാംസ്കാരിക പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. പാരമ്പര്യ കലകളും ആധുനിക കലകളും ഒരുപോലെ ഉൾപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും കൂടുതൽ പരിഗണന നൽകി നവോത്ഥാന മൂല്യങ്ങൾ, പുരോഗമന ആശയങ്ങൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിലുള്ള പരിപാടികൾ നടത്തിവരുന്നു. പ്രസ്തുത പരിപാടികളിൽ ആഗോളതലത്തിൽ പ്രശസ്തരായവരും ഉയർന്നുവരുന്ന കലാകാരന്മാരും കലാകാരികളുമടക്കം പങ്കെടുത്തിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിലും വിജയവാഡ തുടങ്ങി സംസ്ഥാനത്തിന് പുറത്തും സംസ്ഥാനത്തിനകത്ത് മറ്റ് ജില്ലകളിലും സ്ഥാപനം പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(ബി&സി) സാഹിത്യപ്രവർത്തകർക്ക് സ്വസ്ഥമായ അന്തരീക്ഷത്തിൽ താമസിച്ച് സൃഷ്ടികളിലേർപ്പെടുന്നതിനായി നിലവിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിലുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

2 ഡോർമെട്ടികളാണ് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ താമസാവശ്യത്തിനായുള്ളത്. ഒരു ഡോർമെട്ടിയിൽ 20 കിടക്ക വീതം രണ്ട് ഡോർമെട്ടിയിലുമായി 40 കിടക്കകളാണ് സജ്ജമാക്കിയിട്ടുള്ളത്. പ്രതിദിനം ഒരു ഡോർമെട്ടിക്ക് 3,300 രൂപയും ടാക്സും ഈടാക്കി വാടകയ്ക്ക് നൽകി വരുമാനവും ലഭ്യമാക്കിവരുന്നു.

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഭൂഗർഭ ജലവിതാന പരിശോധന**

23 (*83) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം പുഴകളും മറ്റ് ജലാശയങ്ങളും ജലസ്രോതസ്സുകളും വറ്റുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂഗർഭ ജലവിതാനം പരിശോധിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഭൂജലതോത് കൃത്യമായും വേഗത്തിലും അറിയാൻ സഹായിക്കുന്ന ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡറുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉപകരണത്തിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) ഉണ്ട്. പ്രളയത്തെത്തുടർന്ന് ഉണ്ടായ ശക്തമായ നീരൊഴുക്കിൽ നദികളുടെ അടിത്തട്ടിലെ മണൽ, ചെളി തുടങ്ങിയവ ഒഴുകിപ്പോകുകയും തൽഫലമായി നദികളുടെ അടിത്തട്ട് താഴ്ന്നുപോകുകയും ചെയ്തു. കൂടാതെ നദിയിലൂടെ ഒഴുകിയെത്തിയ മണലും ചെളിയും അടിഞ്ഞുകൂടിയതുമൂലം ചില ഭാഗങ്ങൾ നികന്നുപോയതും ജലസംഭരണശേഷി കുറയുവാൻ കാരണമായിട്ടുണ്ട്. പ്രളയം കഴിഞ്ഞതിനുശേഷം മഴയുടെ ലഭ്യതയിലുണ്ടായ കുറവ്, നദികളുടെ അടിത്തട്ടിലെ മണ്ണൊലിപ്പിനെ ത്തുടർന്നുണ്ടായ ഘടനാമാറ്റം, നദികളിലെയും മറ്റ് ജലാശയങ്ങളിലും അടിഞ്ഞുകൂടിയ സൂക്ഷ്മകണങ്ങളടങ്ങിയ ചെളി/കളിമണ്ണ്, തീവ്രമായ നീരൊഴുക്കിനെത്തുടർന്ന്

നദികളിലെ സ്വാഭാവിക തടസ്സങ്ങൾ ഇല്ലാതായത്, വളരെ വേഗത്തിൽ ജലം ഒഴുകി കടലിലെത്തുംവിധമുള്ള ചരിവ്, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, വനപ്രദേശത്ത് വലിയതോതിൽ മേൽമണ്ണ് നഷ്ടമായതിന്റെ ഫലമായുണ്ടായ ജലസംഭരണ ശേഷിയിലെ കുറവ് തുടങ്ങിയവയാലാണ് പ്രളയാനന്തരം ജലലഭ്യതയിൽ കുറവുവരാനിടയായത്.

(ബി) ഭൂജല വിതാന നിരീക്ഷണത്തിനായി തെരഞ്ഞെടുക്കപ്പെട്ട തുറന്ന കിണറുകളിൽനിന്നുമുള്ള ജലവിതാന ഡാറ്റാ (Water level Data) ശേഖരിച്ചുവരുന്നു. സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ട് ഒന്നാം ഘട്ടത്തിൽ പീസോമീറ്ററുകൾ (ബോർ വെല്ലുകൾ, ട്യൂബ് വെല്ലുകൾ) സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഒരു പ്രാവശ്യം ജലവിതാനം നേരിട്ട് ശേഖരിച്ച് പഠനം നടത്തിവരുന്നു.

(സി&ഡി) നാഷണൽ ഹൈഡ്രോളജി പ്രോജക്ട് (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) മുഖാന്തരം ഹൈഡ്രോളജി പ്രോജക്ട് ഒന്നാംഘട്ടത്തിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ (പീസോമീറ്ററുകൾ- ബോർ വെല്ലുകൾ, ട്യൂബ് വെല്ലുകൾ) പ്രാരംഭഘട്ടമായി 150 എണ്ണത്തിൽ ഡിജിറ്റൽ വാട്ടർ ലെവൽ റിക്കാർഡുകൾ (DWLR) സ്ഥാപിച്ച് ജലവിതാന ഡാറ്റ ശേഖരണം ആധുനികവത്കരിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

നിരീക്ഷണ കിണറുകളിൽ സ്ഥാപിക്കുന്ന ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡറുകൾ ജലവിതാനം രേഖപ്പെടുത്തുകയും ശേഖരിക്കപ്പെടുകയും അത് ഭൂജല വകുപ്പിലെ ഡാറ്റാ സെന്ററിൽ ടെലിമെട്രി സംവിധാനത്തിലൂടെ തൽസമയം ലഭ്യമാക്കാനും സാധിക്കും.

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

24 (*84) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കോർപ്പറേഷൻ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ്
2. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. ഒ.ഇ.സി. ലംപ്സം ഗ്രാന്റ്
4. ഒ.ഇ.സി. പോസ്റ്റ്മെട്രിക് അസിസ്റ്റൻസ്
5. ഓവർസീസ് സ്കോളർഷിപ്പ്
6. അഡ്വക്കേറ്റ് ഗ്രാന്റ്
7. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം
8. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം
9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം
10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം
11. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.

(ബി) കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് രൂപീകരിച്ച പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിരവധി വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയം

തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, വനിതകൾക്ക് മാത്രമായുള്ള മഹിളാ സമൃദ്ധി യോജന വായ്പ, വിവാഹ വായ്പ, വ്യക്തിഗത വായ്പ, വാഹന വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ പ്രവർത്തന മൂലധന വായ്പ തുടങ്ങിയ വായ്പാ പദ്ധതികളോടൊപ്പം ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിദേശത്തുനിന്ന് മടങ്ങിയെത്തുന്നവർക്കായുള്ള പ്രവാസി പുനരധിവാസ വായ്പ, പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ടപ് വായ്പ, ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള എന്റെ വീട് വായ്പ തുടങ്ങിയ വായ്പാ പദ്ധതികളും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1995-ൽ രൂപീകൃതമായ കോർപ്പറേഷൻ നാളിതുവരെ 5 ലക്ഷം ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിവിധ പദ്ധതികളിൽ 3000-ൽപ്പരം കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ 110487 ഗുണഭോക്താക്കൾക്കായി 1066.01 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം കോർപ്പറേഷൻ പ്രദർശന വിപണന മേള, സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) 3 ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പിന്നാക്ക വിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് വരുമാനദായകമായ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം രൂപ വരെ 6 ശതമാനം മുതൽ 7 ശതമാനം പലിശ നിരക്കിൽ കോർപ്പറേഷൻ നൽകുന്നു. ഇതിൽ പ്രൊഫഷണൽ യോഗ്യതയുള്ള സംരംഭകർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 20 ശതമാനം മൂലധന സബ്സിഡിയും (പരമാവധി രണ്ടുലക്ഷം) കോർപ്പറേഷൻ മുഖാന്തരം നൽകുന്നു. കൂടാതെ പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തുന്നവർക്കായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി കോർപ്പറേഷൻ റീ-ടേൺ വായ്പാ പദ്ധതി പ്രകാരം 20 ലക്ഷം രൂപ വരെ 6 ശതമാനം മുതൽ 7 ശതമാനം വരെ പലിശ നിരക്കിൽ നൽകുന്നു. ടി പദ്ധതി പ്രകാരം നോർക്കാ റൂട്ട്സിൽനിന്നും പദ്ധതി അടങ്കലിന്റെ 15 ശതമാനം വരെ (പരമാവധി മൂന്ന് ലക്ഷം) മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3 ശതമാനം പലിശ സബ്സിഡിയും ലഭിക്കുന്നു.

(ഡി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ 10 ഉപജില്ലാ

ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഓഫീസ് |
|---|---|---|
| 1. | തിരുവനന്തപുരം | നെയ്യാറ്റിൻകര |
| 2. | കൊല്ലം | പത്തനാപുരം |
| 3. | കൊല്ലം | കരുനാഗപ്പള്ളി |
| 4. | ആലപ്പുഴ | ചേർത്തല |
| 5. | ഇടുക്കി | ദേവികുളം |
| 6. | എറണാകുളം | മൂവാറ്റുപുഴ |
| 7. | പാലക്കാട് | വടക്കംചേരി |
| 8. | കോഴിക്കോട് | പേരാമ്പ്ര |
| 9. | കണ്ണൂർ | തലശ്ശേരി |
| 10. | കാസർഗോഡ് | കാഞ്ഞങ്ങാട് |

## ലഹരി വ്യാപാരം തടയാൻ നടപടി

25 (*85) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്താകെ എണ്ണൂറ് കോടിയുടെ ലഹരി പദാർത്ഥങ്ങൾ പിടിച്ചെടുത്തെന്നത് എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത വെളിവാക്കുമ്പോൾത്തന്നെ മയക്കമരുന്ന് വ്യാപാരത്തിന്റെ വൈപുല്യവും സൂചിപ്പിക്കുന്നതായതിനാൽ ലഹരി വ്യാപാരത്തിന്റെ വേരറുക്കാൻ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാനും വിപുലീകരിക്കാനുമായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതോടൊപ്പം യുവാക്കൾ ലഹരി പദാർത്ഥങ്ങൾക്കും മയക്കമരുന്നിനും മദ്യത്തിനും അടിമകളാകാതിരിക്കാനുള്ള പ്രചാരണ പരിപാടികൾ ജനകീയ പ്രസ്ഥാനമാക്കിത്തീർക്കാൻ വേണ്ട പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഓൺലൈൻ മയക്കുമരുന്ന് വ്യാപാരം വ്യാപകമാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇത് തടയുന്നതിനായി ആധുനിക സംവിധാനം ഏർപ്പെടുത്തി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിനും വാഹന പരിശോധന കർശനമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ) :(എ) ലഹരി പദാർത്ഥങ്ങളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട ബോർഡർ പട്രോളിംഗും സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വകുപ്പുകളുമായി ഏകോപിച്ചുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ലഹരി വ്യാപനം തടയുന്നതിന് ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.

എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കൂടുതൽ വനിതാ ജീവനക്കാരെ എക്സൈസ് സേനയിൽ നിയമിച്ചു. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകൾ പുതുതായി അനുവദിച്ചു. ക്രൈം രജിസ്ട്രേഷനായി വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ സ്ഥാപിച്ചു. ഓഫീസുകളിലേയ്ക്ക് പുതിയ കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും പാലക്കാട്, എറണാകുളം ജില്ലകളിൽ രണ്ടുകോടി രൂപയ്ക്ക് വയർലസ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു.

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കാൻ സി.സി.റ്റി.വി. ക്യാമറാ സംവിധാനം, പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകളുടെ കമ്പ്യൂട്ടർവത്കരണം, 20 മോട്ടോർ ബൈക്കുകൾ എന്നിവ അനുവദിക്കുകയും റിഫ്ലക്റ്റീവ് ജാക്കറ്റ് ട്രാഫിക് കോൺ, ഡസ്റ്റ്മാസ്ക്, കുട എന്നിവ വിതരണം ചെയ്യുകയും ചെക്ക് പോസ്റ്റുകളിൽ എൽ.ഇ.ഡി. സൈൻ ബോർഡുകളും 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പുകളും മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റിയും സ്ഥാപിക്കുകയും ചെയ്തു.

(ബി) ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളതാണ്.

സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് നടത്തിവരുന്നു.

വിമുക്തി മിഷന്റെ ഭാഗമായി ബോധവത്കരണ ക്ലാസുകൾ, തെരുവ് നാടകം, പാവനാടകം, മാജിക് ഷോ, ഓട്ടൻതുള്ളൽ, കളരിപ്പയറ്റ്, ലഹരിവിരുദ്ധ റാലി, ഫിലിം ഷോ, ലഹരിവിരുദ്ധ സദസ്സ് തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ ആധുനികവത്കരണത്തിനായി 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം, കമ്പ്യൂട്ടർവത്കരണം, ചെക്ക്പോസ്റ്റുകളിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി 20 മോട്ടോർ ബൈക്കുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

ഓൺലൈൻ സാങ്കേതികവിദ്യ സംവിധാനങ്ങൾ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വില്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഷാഡോ, ഇന്റലിജൻസ് സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നതിനൊപ്പം കർശനമായ വാഹന പരിശോധനകളും നടത്തുന്നുണ്ട്.

## പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭൂപ്രശ്നം

26 (*86) ശ്രീ. ആന്റണി ജോൺ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിനകം പട്ടികഗോത്ര വർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) നിലവിൽ ഭൂരഹിതരായ പട്ടികഗോത്ര വർഗ്ഗ കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും ഭൂമി വില കൊടുത്തുവാങ്ങി നൽകുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പട്ടികഗോത്ര വർഗ്ഗ പുനരാവാസവും വികസനവും ദൗത്യം (ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ്മെന്റ് മിഷൻ) ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പട്ടികഗോത്ര വർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനായി പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്ന പദ്ധതി (ലാൻഡ് ബാങ്ക് പദ്ധതി) നടപ്പാക്കുന്നതിനായി 3-3-2018-ലെ സ.ഉ. (കൈ) നമ്പർ 21/18/പജ.പവ.വിവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ലാൻഡ് ബാങ്ക് പദ്ധതി നടപ്പാക്കുന്നതിനായി ഭൂമി വില്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാദ്ധ്യമങ്ങളിലൂടെയും വെബ്സൈറ്റിലൂടെയും റവന്യൂ, പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചരണം നൽകി ഭൂഉടമകളിൽനിന്നും ഓഫറുകൾ സ്വീകരിച്ചു. അപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലിയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനമൊട്ടാകെ 678 ഭൂഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വില്പനയ്ക്ക് തയ്യാറാണെന്ന് ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത്

സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം. കോ-ഓർഡിനേറ്റർ ജില്ലാ കളക്ടർക്ക് നൽകേണ്ടതുണ്ട്.

ഭൂമി നൽകുന്നതിന് തയ്യാറായ 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർ ഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ മിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സ്ക്രൂട്ടണി കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പുവരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. കൂടാതെ വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വേ ചെയ്യുന്ന നടപടി നടന്നുവരുന്നു. ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്നുവരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് പ്രവർത്തനം നടത്തിവരികയാണ്. ഇതിനുപുറമെ സുപ്രീംകോടതി വിധിപ്രകാരം ലഭിച്ച 19002 ഏക്കർ ഭൂമിയിൽ വിതരണം ചെയ്ത 3537.73 ഏക്കർ ഭൂമിക്ക് പുറമെയുള്ള 15464.49 ഏക്കർ ഭൂമിയിൽ വിതരണയോഗ്യമായത് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങളുടെ എണ്ണം കണക്കായിട്ടുണ്ട്. നിലവിൽ സംസ്ഥാനമൊട്ടാകെ 11474 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) മുഖേന വ്യക്തിഗത അവകാശം അതായത് ഭൂമിക്കുള്ള അവകാശം സംബന്ധിച്ച അപേക്ഷകൾ ശേഖരിക്കുന്നതിനും നാളിതുവരെ വനാവകാശരേഖ ലഭിക്കാത്തവർക്ക് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 25631 കുടുംബങ്ങൾക്ക് 34566 ഏക്കർ ഭൂമിക്ക് വനാവകാശ രേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സുഗമമാക്കുന്നതിലേയ്ക്ക് 3-3-2018-ലെ സ.ഉ.(കൈ) നമ്പർ 21/2018/ പജ.പവ.വിവ. പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വിവിധ ജില്ലകളിലായി ലഭിച്ച 161 അപേക്ഷകൾ അതായത് 428.21 ഏക്കർ ഭൂമിക്കുള്ള വില നിർണ്ണയ ഘട്ടത്തിലാണ്.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി രൂപീകൃതമായ റ്റി.ആർ.ഡി.എം. അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ മുൻകയ്യെടുത്ത് സംസ്ഥാനമൊട്ടാകെ 7817 കുടുംബങ്ങൾക്കായി 9747.39 ഏക്കർ ഭൂമി വിതരണം ചെയ്യാൻ സാധിച്ചു. ഇതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, മിച്ചഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ ഉൾപ്പെടുന്നു.

കൂടാതെ ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 825 കുടുംബങ്ങൾക്ക് 386 ഏക്കർ ഭൂമി വാങ്ങി നൽകാൻ സാധിച്ചു.

വനാവകാശ നിയമപ്രകാരം 25631 കുടുംബങ്ങൾക്ക് 34566 ഏക്കർ ഭൂമിക്ക് വനാവകാശ രേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ജലസുരക്ഷ ഉറപ്പുവരുത്തുവാൻ പദ്ധതി**

27 (*87) ശ്രീ. എം. വിൻസെന്റ്:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കൊടിയ വരൾച്ചയുണ്ടാകുമെന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച മുന്നൊരുക്കങ്ങൾ വ്യക്തമാക്കാമോ;

(ബി) ജലത്തിന്റെ ദുരുപയോഗം ഒഴിവാക്കുന്നതിനും ജലം കൂടുതൽ ഉപയോഗിക്കുന്ന വാണിജ്യ-വ്യവസായ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ടോ;

(സി) ജല സുരക്ഷ ഉറപ്പുവരുത്തുവാൻ ഫലപ്രദമായ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) പഴയ എ.സി.പൈപ്പുകൾ മാറ്റി ഇടുന്ന പദ്ധതി എവിടെയൊക്കെ പൂർത്തിയായി; ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് ധനസഹായമാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): (എ) സംസ്ഥാനത്ത് ഈ വർഷം കൊടിയവരൾച്ചയുണ്ടാകുമെന്നത് സംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണം ലഭ്യമായിട്ടില്ല. എന്നാൽ 2018 ആഗസ്റ്റിലെ അതിതീവ്ര മഴയ്ക്കുശേഷം മഴയുടെ ലഭ്യതയിൽ പല ജില്ലകളിലും കുറവ് വന്നിട്ടുള്ളതായി ഭാരതീയ കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. ഇത് പരിഗണിച്ച് ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ ജല ഉപയോഗ മാനേജ്മെന്റ് കൂടുതൽ ശാസ്ത്രീയവും സൂക്ഷ്മവുമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനുകൾ ബ്ലോക്ക്/പഞ്ചായത്തുതലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. നീർത്തട പ്ലാനുകളിൽ റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവൃത്തികൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നിർവ്വഹണത്തിലിരിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശ്രമവും ഇതോടൊപ്പം നദികളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി തടയണകൾ/റഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെമാത്രം ആശ്രയിച്ചായതിനാൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണവും ഗ്യാലറി, ലീഡിംഗ്ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യലും തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ എല്ലാം ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർ കണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള വിവിധയിനം പ്രവൃത്തികളിൽ തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾക്ക് കേരള ജല അതോറിറ്റി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഭൂജലവകുപ്പ് കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽകിണർ കൈപമ്പ് പദ്ധതികളും കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു.

ബോധവത്കരണ പ്രവർത്തനങ്ങളിലൂടെയും ജല സംരക്ഷണം വഴിയും ജലവിനിയോഗം നിയന്ത്രിച്ചും വരൾച്ചയെ നേരിടുന്നതിനുള്ള നടപടികൾ ജലനിധിയുടെ ഗുണഭോക്തൃ സമിതികൾ സ്വീകരിച്ചുവരുന്നു.

(ബി) വേനൽക്കാലത്ത് കുടിവെള്ളം ദുർലഭമാകുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ ജലം കൂടുതൽ ഉപയോഗിക്കുന്ന വാണിജ്യ-വ്യവസായ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്രോതസ്സിന് സമീപം സാദ്ധ്യമായ സ്ഥലങ്ങളിൽ വേലികൾ നിർമ്മിച്ചും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളിലെ മലിനീകരണം തടയാൻ നടപടി സ്വീകരിക്കാറുണ്ട്. സ്രോതസ്സുകളിൽ അടിഞ്ഞുകൂടുന്ന ചെളിയും മണ്ണും കാലാകാലങ്ങളിൽ നീക്കം ചെയ്യാറുണ്ട്. ജലം മതിയായ അളവിൽ വിതരണം ചെയ്യുക എന്നതാണ് ജലസുരക്ഷയുടെ മറ്റൊരു ഘടകം. വിതരണക്കുഴലുകളിലെ ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ലീക്ക് ഡിറ്റക്ഷൻ സ്ക്വാഡ് ഉപയോഗപ്പെടുത്തി ഭൂമിക്കടിയിൽ ഉണ്ടാകുന്നതും പുറത്തുവരാത്തതുമായ ജലശോഷണം കണ്ടുപിടിച്ച് പരിഹരിച്ചും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ വഴി ജലത്തിന്റെ നഷ്ടവും ദുരുപയോഗവും തടഞ്ഞാണ് ജലത്തിന്റെ അളവ് ഉറപ്പുവരുത്തുന്നത്.

(ഡി) പഴയ എ.സി. പൈപ്പുകൾ മാറ്റി ഇടുന്ന പദ്ധതികൾ പൂർത്തിയായതിന്റെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. *

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ അഞ്ച് ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രൊപ്പോസലുകൾക്ക് 231.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

### സാംസ്കാരിക നവോത്ഥാനത്തിനായി നടത്തുന്ന ഇടപെടലുകൾ

28 (*88) ശ്രീ. എസ്. ശർമ്മ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭരണാധികാരികളെയും സാംസ്കാരിക രംഗത്ത് സജീവമായിട്ടുള്ളവരെയും ജാതിയുടെ കള്ളികളിലാക്കി കാണുന്നവിധം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരളീയരുടെ പൊതുബോധത്തിൽ അപചയം സൃഷ്ടിക്കാൻ പിന്തിരിപ്പൻ ശക്തികൾ ഊർജ്ജിത ശ്രമം നടത്തുന്ന പശ്ചാത്തലത്തിൽ അതിനെ പ്രതിരോധിക്കാൻ സാംസ്കാരിക നവോത്ഥാനത്തിനായി നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) നവോത്ഥാനത്തിന് സ്ത്രീപക്ഷ മാനം നൽകുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;വിശദമാക്കാമോ;

(സി) ഭരണഘടനാ മൂല്യങ്ങളുടെ നിരാസത്തിലൂടെ ചാതുർവർണ്യവ്യവസ്ഥാ ബോധം ഉത്തേജിപ്പിക്കാനായി പിന്തിരിപ്പൻമാരും അവരെ പിന്തുണയ്ക്കുന്നവരും നടത്തുന്ന കുത്സിത പ്രവർത്തനങ്ങളെ നിർവീര്യമാക്കാൻ നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : (എ) ജാതീയവും വർഗ്ഗീയവുമായ ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും കടന്നുകയറ്റത്തിനെതിരെയും മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന ഒരു സമൂഹസൃഷ്ടിക്കായും കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകരുന്നതിനും സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ 100-ാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വാർഷികവും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം, അയ്യങ്കാളി, മഹാത്മാഗാന്ധി മഹാത്മാസംഗമം, ക്ഷേത്രപ്രവേശന വിളംബരം എന്നീ വാർഷിക ആചരണങ്ങൾ തുടങ്ങിയവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പരിപാടികളാണ്.

നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വിഭാഗീയ ചിന്താഗതികൾ സംസ്ഥാനത്തിന്റെ പുരോഗതിക്ക് വിഘാതമാകാതിരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നിരവധി പരിപാടികൾ പലപ്പോഴായി സംഘടിപ്പിച്ചു വരുന്നുണ്ട്. നവോത്ഥാന ചരിത്രത്തെയും ക്ഷേത്രപ്രവേശന വിളംബരത്തെയും ആധാരമാക്കി എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലും പ്രദർശനങ്ങൾ, സെമിനാറുകൾ, വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ തുടങ്ങിയ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സ്കൂൾ വിദ്യാർത്ഥികളിൽ നവോത്ഥാന ആശയങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രചരണ പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും പ്രത്യേക ഡോക്യുമെന്ററി തയ്യാറാക്കുകയുമുണ്ടായി.

നവോത്ഥാനമൂല്യങ്ങളെ നിരാകരിക്കുന്ന വർഗ്ഗീയശക്തികളാണ് ജാതി ജഡിലമായിരുന്ന ഒരു ഭൂതകാലത്തിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്നത്. അതിനെ പ്രതിരോധിക്കുന്നതിനായി നവോത്ഥാന മൂല്യങ്ങളെ പുതുജീവൻ നൽകി ജനഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കേണ്ടത് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തികളെയും ചരിത്രസംഭവങ്ങളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള നവോത്ഥാനമൂല്യ സംരക്ഷണ സംരംഭങ്ങൾ കേരളത്തിന്റെ പല പ്രദേശങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

വർഗ്ഗീയശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം സാംസ്കാരിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നുമാത്രമല്ല കഴിഞ്ഞ രണ്ടുപതിറ്റാണ്ടുകളായി ഈ പ്രശ്നത്തെക്കുറിച്ച് സജീവ സംവാദ മേഖലകൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടണമെന്നത് സർക്കാർ നയമാണ്. എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന ഒരു സമൂഹസൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരുന്നു. സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയുമാണ് നാടിന്റെ ശക്തിസ്രോതസ്സെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്തിരിപ്പനും വിഭാഗീയവുമായ ആശയങ്ങളുടെയും പ്രയോഗങ്ങളുടെയും കടന്നുകയറ്റത്തെനെതിരെയുള്ള ചെറുത്ത് നിൽപ്പ് കാലഘട്ടത്തിന്റെ ആവശ്യമാണ്.

കേരളത്തിന്റെ പുരോഗമന മനസ്സിന് ഊർജ്ജം പകർന്നതും അയിത്തോച്ചാടന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് ശക്തി പകർന്നതുമായ "നമുക്ക് ജാതിയില്ലാ വിളംബരം" , സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം എന്നിവയെ സമുചിതമായി ആഘോഷിക്കുക വഴി ശക്തമായ സന്ദേശം നൽകാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മാനവികതയും മതമൈത്രിയും ഉയർത്തിപ്പിടിച്ച് രക്തസാക്ഷിത്വം വരിച്ച മഹാത്മാഗാന്ധിയുടെ സ്മരണയുണർത്തുന്ന ഒരു വർഷം നീണ്ടുനിന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സമത്വം, ലിംഗനീതി, പുരോഗമനദർശനങ്ങൾ തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള ചർച്ചകൾ, സെമിനാറുകൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുകയുണ്ടായി.

ഭരണഘടാനനുസൃതമായ സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കുന്നതിന് സ്ത്രീ സമൂഹത്തിന് അവരുടെ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) കേരളത്തിന്റെ നവോത്ഥാന മുന്നേറ്റങ്ങളെ ഉദ്ഘോഷിക്കുന്ന ശ്രദ്ധേയങ്ങളായ ചിത്ര, ശില്പ, പുരാവസ്തു പുരാരേഖ പ്രദർശനങ്ങൾ തുടങ്ങിയവയും സാംസ്കാരിക വകുപ്പ് വിവിധ ആചരണ പരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ച് വരുന്നുണ്ട്. ജാതിവിവേചനം ഉൾപ്പെടെയുള്ള ദുരാചാരങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ നവോത്ഥാന നായകരുടെ ചരിത്രം, നവോത്ഥാനത്തിന്റെ ഭാഗമായി നടന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണം, സ്ത്രീകളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സർക്കാരിന്റെ വിവിധ വകുപ്പുകൾ പിന്തുണ നൽകുകയും ആവശ്യമായ പ്രചാരണം നൽകുകയും ചെയ്യുന്നു. 'നാം മുന്നോട്ട് 'ഉൾപ്പെടെയുള്ള ടെലിവിഷൻ പരിപാടികൾ, ഡോക്യുമെന്ററി പ്രദർശനം, സോഷ്യൽ മീഡിയ ക്യാമ്പെയിൻ, പ്രസിദ്ധീകരണങ്ങൾ വഴിയുള്ള പ്രചാരണം എന്നിവയും നടത്തിവരുന്നു.

ഭരണഘടന, ഭരണഘടനാ മൂല്യങ്ങൾ, നവോത്ഥാനം, നവോത്ഥാന നായകർ എന്നിവ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഭരണഘടനാ പഠന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

ജാതി മത ഭിന്നതകളില്ലാത്ത സമൂഹ സൃഷ്ടിക്കായി വിഭിന്ന ജാതി/മതസ്ഥർ തമ്മിലുള്ള മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മിശ്രവിവാഹ ദമ്പതികൾക്ക് (എസ്.സി./എസ്.റ്റി.വിഭാഗം ഒഴികെ) സാമ്പത്തിക സഹായമായി 30,000 രൂപ സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്നുണ്ട്.

ജനാധിപത്യവും നിയമവാഴ്ചയും നിലിനൽക്കുന്ന ഒരു രാജ്യത്ത് ഭരണഘടനയ്ക്കാണ് പ്രാമാണികത്വമുള്ളത്. ആചാരങ്ങളും അനുഷ്ഠാനങ്ങളും ചാതുർവർണ്യ വ്യവസ്ഥാപനങ്ങളും എല്ലാം ഇന്ത്യൻ ഭരണഘടനയ്ക്ക് മുകളിലാണെന്ന രീതിയിൽ രാഷ്ട്രത്തിന്റെ ഉന്നത നീതിപീഠത്തിന്റെ നിർദ്ദേശങ്ങളെപ്പോലും അവഗണിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജാതിമത വർഗ്ഗീയ ചിന്തകൾക്കെതിരെയും നവോത്ഥാന മൂല്യങ്ങൾ നിലനിർത്തുന്നതിനും മാനവികത, സാഹോദര്യം, സമത്വം എന്നിവ നിലനിർത്തി മെച്ചപ്പെട്ട ഒരു സംസ്കാരം കെട്ടിപ്പടുക്കുന്നതിനും ഭരണഘടനാ മൂല്യങ്ങൾ നിർവ്വഹിക്കുന്നതിനും ഈ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് നടപടി

29 (*89) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുന്നതിന് സഹായകമായ നയമാണോ ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് പൂട്ടിക്കിടന്ന ബാറുകൾ തുറക്കുകയും പുതിയതായി ബ്രൂവറികളും ഡിസ്റ്റിലറിയും അനുവദിക്കുകയും ചെയ്തത് ഈ നയത്തിന്റെ ഭാഗമായിട്ടാണോ എന്ന് അറിയിക്കാമോ;

(ഡി) പൂട്ടിയ ബാറുകൾ തുറക്കുന്നതിലൂടെയും ബ്രൂവറിയും ഡിസ്റ്റിലറിയും അനുവദിക്കുക വഴിയും മദ്യത്തിന്റെ ലഭ്യതയിൽ എപ്രകാരമാണ് കുറവുണ്ടാവുക എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):(എ&ബി) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യതയും വ്യാപനവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മദ്യം, ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപഭോഗംമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ നേതൃത്വത്തിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും രഹസ്യ നിരീക്ഷണം നടത്തുന്നതുപ്രകാരം വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തുന്നു. അയൽ സംസ്ഥാനങ്ങളിൽനിന്നും ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ

പ്രവർത്തനം ശക്തിപ്പെടുത്തുകയും കർശനമായ വാഹന പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

(സി) എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിദേശമദ്യ ചട്ടമനുസരിച്ച് നൽകുന്ന ബിയർ, വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിശ്ചിത മാനദണ്ഡവും നിയമവുമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കാവുന്നതാണെന്ന് മദ്യനയത്തിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിശ്ചിത യോഗ്യതയുള്ള ബാറുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബ്രൂവറികൾ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് &ബോട്ടിലിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് ചട്ടപ്രകാരം നൽകിയ മുൻ അനുമതി 9-10-2018-ലെ സ.ഉ. (സാധാ)744/18/നി.വ. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ പ്രകാരം റദ്ദ് ചെയ്തിട്ടുമുണ്ട്.

(ഡി) മദ്യ നിരോധനത്തിനല്ല മറിച്ച് മദ്യവർജ്ജനത്തിനാണ് സർക്കാരിന്റെ മദ്യനയത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. യാഥാർത്ഥ്യ ബോധത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മദ്യനയം പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. ജനങ്ങൾക്കിടയിലെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിനുമാണ് ഊന്നൽനൽകുന്നത്.

**വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം**

30 (*90) <u>ശ്രീ. പി. വി. അൻവർ:</u>

<u>ശ്രീ. ഒ. ആർ. കേളു:</u>

<u>ശ്രീ. കാരാട്ട് റസാഖ്:</u>

<u>ശ്രീ. കെ. വി. വിജയദാസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽനിന്നും കാർഷിക വിളകളെയും കർഷകരെയും രക്ഷിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യമൃഗശല്യമുള്ള പ്രദേശങ്ങളിലെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം ധനസഹായങ്ങളാണ് കർഷകർക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണത്താൽ വിളനഷ്ടം സംഭവിക്കുന്ന കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു:

1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനും അവയെ തിരികെ കാട്ടിലേയ്ക്ക് ഓടിച്ചുവിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലെസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങൾക്ക് ഭീഷണിയുണ്ടാക്കുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനും ആവശ്യമെങ്കിൽ പിടികൂടുന്നതിനും പരിശീലനം ലഭിച്ച കുങ്കിയാനകളുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

4. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 5 ജനവാസ മേഖലകളിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം മറ്റ് സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. നാട്ടിലിറങ്ങി പ്രശ്നമുണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകിവരുന്നു.

6. ജനവാസ കേന്ദ്രത്തിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നുണ്ട്.

7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

8. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും ദ്രുതകർമ്മസേന (Rapid Response Team)യുടെ സേവനം വിനിയോഗിച്ചുവരുന്നു. വനം വകുപ്പിൽ നിലവിൽ 8 ആർ.ആർ.ടി.-കളും ഒരു എലിഫന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

9. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി ഡിവിഷൻ, സൗത്ത് വനയാട് ഡിവിഷൻ, നിലമ്പൂർ സൗത്ത് ഡിവിഷൻ എന്നിവിടങ്ങളിലായി ആകെ 42 കിലോമീറ്റർ നീളത്തിൽ ക്രാഷ്ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വന്യമൃഗശല്ല്യമുള്ള പ്രദേശങ്ങളിലെ കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് കർഷകർക്ക് ധനസഹായമൊന്നും വനം വകുപ്പ് നൽകുന്നില്ല. എന്നാൽ വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ്(കൈ)നമ്പർ 17/2018/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം, വിളനാശം എന്നിവയ്ക്ക് നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ വരെ) നഷ്ടപരിഹാരം നൽകുന്നുണ്ട്.

(സി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്റ്റ് മുഖാന്തിരം ഓൺലൈനായിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെന്മാറ മണ്ഡലത്തിലെ പട്ടയ വിതരണം

1 (720) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ആളുകൾക്കാണ് ഭൂമി പതിച്ചുനല്കി പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇനിയും ഭൂമി ലഭിക്കാത്ത ഈ വിഭാഗത്തിലുള്ള മുഴുവൻ കുടുംബങ്ങൾക്കും ഭൂമി പതിച്ചു നല്കി പട്ടയം നൽകാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ; ഇതിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിലെ 20 പട്ടികജാതി കുടുംബങ്ങൾക്കും 137 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കെ.എസ്.ടി. ആക്ട് സെക്ഷൻ 10 പ്രകാരം ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ തുടർന്നുവരുന്നുണ്ട്.

### ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ എണ്ണം

2(721) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ട്;ഇവയുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിൽ 414 പട്ടികജാതി കോളനികൾ ഉണ്ട്. കോളനികളുടെയും കുടുംബങ്ങളുടെയും എണ്ണം ചുവടെ

പട്ടികയിൽ കൊടുക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | മുള്ളൂർക്കര | 19 | 469 |
| 2 | വരവൂർ | 33 | 697 |
| 3 | ദേശമംഗലം | 28 | 593 |
| 4 | തിരുവില്വാമല | 72 | 1003 |
| 5 | പഴയന്നൂർ | 72 | 903 |
| 6 | പാഞ്ഞാൾ | 45 | 580 |
| 7 | വള്ളത്തോൾ നഗർ | 29 | 390 |
| 8 | കൊണ്ടാഴി | 43 | 693 |
| 9 | ചേലക്കര | 73 | 927 |

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിന്റെ വിനിയോഗം**

3 (722) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവച്ച തുക ചെലവഴിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം വകയിരുത്തിയ പ്ലാൻ ഫണ്ടിൽ നിന്നും ഇനിയും എത്ര കോടി രൂപയാണ് ചെലവഴിക്കാനുള്ളത്; വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി വിഹിതമായ 1491.39 കോടി രൂപയിൽ 861.03 കോടി രൂപ ചെലവായി. 630.36 കോടി രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി വിഹിതമായ 597.12 കോടി രൂപയിൽ 373.47 കോടി രൂപ ചെലവായി. 223.65 കോടി രൂപ ബാക്കിയുണ്ട്. പദ്ധതി വിഹിതം 20% വെട്ടിച്ചുരുക്കുന്നതിന് മുമ്പുള്ള അടങ്കലിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കണക്കുകൾ നൽകിയിരിക്കുന്നത്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം

4(723) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകൻ മരണമടഞ്ഞാൽ കുടുംബത്തിന് നൽകിവരുന്ന ധനസഹായം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ. എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) 22-11-2018-ലെ സ.ഉ. (കൈ) നമ്പർ 85/2018/പജപവവിവ.. പ്രകാരം പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണമടഞ്ഞാൽ കുടുംബത്തിന് നൽകുന്ന ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

## പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ

5 (724) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ ;

(ബി) പ്രളയാനന്തരം പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസത്തിനു കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉരുൾപൊട്ടലിൽ ഭൂമി ഒലിച്ചുപോയവർക്കും പുഴയോരമിടിഞ്ഞ് വാസസ്ഥലം നഷ്ടപ്പെട്ടവർക്കും പുഴ വഴിമാറിയൊഴുകി ഭൂമി വാസയോഗ്യമല്ലാതായവർക്കും പുനരധിവാസത്തിന് ഇതിനോടകം ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) പ്രളയാനന്തരം ദുരിതമനുഭവിക്കുന്ന പ്രസ്തുത ജനവിഭാഗത്തിന്റെ കഷ്ടനഷ്ടങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു :

പട്ടികജാതി വികസന വകുപ്പ്

| | | |
|---|---|---|
| 1. പ്രളയബാധിത കുടുംബങ്ങൾ | - | 85207 |
| 2. മരണപ്പെട്ടവർ | - | 44 |
| 3. പരിക്കുപറ്റിയവർ | - | 65 |
| 4. പൂർണ്ണമായി തകർന്ന വീടുകൾ | - | 2733 |
| 5. ഭാഗികമായി തകർന്ന വീടുകൾ | - | 11223 |
| 6. ഭൂമി വാസയോഗ്യമല്ലാതായവർ | - | 165 |
| 7. പൂർണ്ണമായി വാസയോഗ്യമല്ലാതായ പ്രദേശങ്ങൾ/കോളനികൾ | - | 4 |
| 8. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ കക്കൂസുകൾ | - | 10154 |
| 9. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ സ്വകാര്യ കിണറുകൾ | - | 6800 |
| 10. ഉപയോഗശൂന്യമായ/റിപ്പയർ ആവശ്യമായ പൊതു കിണറുകൾ | - | 405 |
| 11. തകരാറിലായ റോഡ്/നടപ്പാത | - | 777 എണ്ണം 487 കി.മീ. |
| 12. തകരാറിലായ കുടിവെള്ള പദ്ധതികൾ | - | 107 |
| 13. കൃഷി നഷ്ടം | - | 527 ഏക്കർ |
| 14. വളർത്തുമൃഗങ്ങളുടെ നഷ്ടം | - | 4979 |

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

| | | |
|---|---|---|
| 1. പൂർണ്ണമായി തകർന്ന വീടുകൾ | - | 729 |
| 2. ഭാഗികമായി തകർന്ന വീടുകൾ | - | 1220 |
| 3. ഭൂമി നഷ്ടപ്പെട്ടവർ | - | 425 |
| 4. ഭൂമിയും വീടും നഷ്ടപ്പെട്ടവർ | - | 248 |
| 5. കൃഷി ഭൂമി നഷ്ടപ്പെട്ടവർ | - | 591 |

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

പ്രളയബാധിതരായ 62466 പട്ടികജാതി കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 5,000 രൂപ വീതം ആകെ 8,90,40,000 രൂപ അനുവദിച്ചു. ബാക്കിയുള്ളവർക്ക് ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൂർണ്ണമായും വീട് തകർന്ന 111 പേർക്ക് 72,60,000 രൂപ അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് റീബിൽഡ് കേരള മുഖേന നൽകാൻ നടപടിയായി. പ്രളയത്തിൽ തകർന്ന 90 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രളയാനന്തരം ഭൂമി വാസയോഗ്യ മല്ലാതായ 165 പട്ടികജാതി കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം നൽകി മറ്റൊരു സ്ഥലത്ത് വാസയോഗ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിച്ച അർഹരായ 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 4-9-2018-ലെ സ.ഉ. (സാധാ) നമ്പർ 480/18/D &MD പ്രകാരം ഭക്ഷ്യേതര വസ്തുക്കൾ ജില്ലാതല ഉദ്യോഗസ്ഥർ മുഖേന ദുരിതം നേരിട്ട 32631 പട്ടികവർഗ്ഗക്കാർക്ക് നൽകിയിട്ടുണ്ട്. കാലവർഷക്കെടുതിമൂലം വീട് നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടു ത്തിയോ വകുപ്പിന്റെ ഭവന പദ്ധതിയിൽപ്പെടുത്തിയോ വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതിയിൽപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) <u>പട്ടികജാതി വികസന വകുപ്പ്</u>

ഭൂമി നഷ്ടപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ സ്ഥലം കണ്ടെത്തി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായും വീട് തകർന്ന് വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 111 പേർക്ക് ഒന്നാം ഗഡുവും 5 പേർക്ക് രണ്ടാം ഗഡു തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന 90 കോളനികൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

കാലവർഷക്കെടുതിമൂലം ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

**പാർപ്പിട പദ്ധതികൾക്കായി വകയിരുത്തിയ തുക**

6 (725) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി.-യിലും റ്റി.എസ്.പി.-യിലും പാർപ്പിട പദ്ധതിക്കൾക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയത്; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു;വിശദമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതികളിലായി ഓരോ വർഷവും എത്ര പേർക്ക് പാർപ്പിടങ്ങൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും എസ്.സി.പി.-യിലും റ്റി.എസ്.പി.-യിലും പാർപ്പിട പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, പാർപ്പിടം അനുവദിച്ച് നൽകിയവരുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

<u>പട്ടികജാതി വികസന വകുപ്പ്</u>

| വർഷം | ആകെ അനുവദിച്ച തുക | ഭവന നിർമ്മാണത്തിനായി ചെലവഴിച്ച തുക | വീട് അനുവദിച്ച് നൽകിയവരുടെ എണ്ണം |
|---|---|---|---|
| 2016-17 | 373,67,89,030 | 234,50,09,800 | 14906 |
| 2017-18 | 575,00,00,000 | 395,43,35,036 | 8895 |
| 2018-19 | 380,00,00,000 | 226,77,60,675 | |

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

| വർഷം | വകയിരുത്തിയ തുക | ചെലവ് (കോടി) | വീട് അനുവദിച്ച് നൽകിയവരുടെ എണ്ണം |
|---|---|---|---|
| 2016-17 | 156.00 | 107.55 | 1060 |
| 2017-18 | 176.02 | 135.95 | 187 |
| 2018-19 | 193.60 (spill over) | 100.90 | |

2018-19 വർഷത്തിൽ ലൈഫ് പദ്ധതിയിൻ കീഴിലാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

**കോർപ്പസ് ഫണ്ട്**

7 (726) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; ആരുടെയെല്ലാം ശിപാർശ പ്രകാരമാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം കൊല്ലം ജില്ലയ്ക്ക് 3,56,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി & സി) അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

8(727) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരണം നടത്തുന്ന കോളനികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവയ്ക്കായി എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ഈ കോളനികളുടെ നവീകരണം ഏത് സ്ഥാപനം മുഖേനയാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. നെടുങ്ങരൻ കാട്
2. പനമ്പഴക്കാട്
3. കുട്ടല കവറപ്പുഴ
4. പറക്കുന്നം കോളനി.

(ബി) മേൽപരാമർശിച്ചിട്ടുള്ള കോളനികളുടെ നവീകരണത്തിനായി ഓരോ കോളനിക്കും ഒരു കോടി രൂപയുടെ പദ്ധതിയാണ് വകയിരുത്തിയിരിക്കുന്നത്. നെടുങ്ങരൻ കാട്, പനമ്പഴക്കാട് എന്നീ കോളനികളുടെ പദ്ധതി നിർവ്വഹണം പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രവും കുട്ടാല കവറപ്പുര, പറക്കുന്നം കോളനി എന്നിവയുടെ നിർവ്വഹണം കേരള ഇലക്ട്രിക്കൽ & അലൈൻഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എന്ന ഏജൻസിയുമാണ് നിർവ്വഹിക്കുന്നത്.

**പാർപ്പിട പദ്ധതികൾ**

9(728) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ എസ്.സി.പി.-യിലും റ്റി.എസ്.പി.-യിലും പാർപ്പിട പദ്ധതികൾക്കായി എത്രകോടി രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതികളിൻ കീഴിൽ എത്ര പേർക്ക് പാർപ്പിടം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും എസ്.സി.പി.-യിലും റ്റി.എസ്.പി.-യിലും പാർപ്പിട പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, പാർപ്പിടം അനുവദിച്ച് നൽകിയവരുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു:

പട്ടികജാതി വികസന വകുപ്പ്

| വർഷം | ആകെ അനുവദിച്ച തുക | ഭവന നിർമ്മാണത്തിനായി ചെലവഴിച്ച തുക | വീട് അനുവദിച്ച് നൽകിയവരുടെ എണ്ണം |
|---|---|---|---|
| 2016-17 | 373,67,89,030 | 234,50,09,800 | 14906 |
| 2017-18 | 575,00,00,000 | 395,43,35,036 | 8895 |
| 2018-19 | 380,00,00,000 | 226,77,60,675 | |

പട്ടികവർഗ്ഗ വികസന വകുപ്പ്

| വർഷം | വകയിരുത്തിയ തുക (കോടി) | ചെലവ് (കോടി) | വീട് അനുവദിച്ച് നൽകിയവരുടെ എണ്ണം |
|---|---|---|---|
| 2016-17 | 156.00 | 107.55 | 1060 |
| 2017-18 | 176.02 | 135.95 | 187 |
| 2018-19 | 193.60 (spill over) | 100.90 | |

2018-19 വർഷത്തിൽ ലൈഫ് പദ്ധതിയിൻ കീഴിലാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

**കാസർഗോഡ് ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി**

10 (729) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാധനസഹായമായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി ആരംഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചികിത്സാ ധനസഹായമായി പട്ടികജാതി വിഭാഗക്കാർക്ക് 2018 ഡിസംബർ 31 വരെ 106,01,82,346 രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2016-19 കാലയളവിൽ 56,88,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തികസ്ഥിതി**

11 (730) <u>ശ്രീ. വി. പി. സജീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികഗോത്ര വർഗ്ഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും, പുതിയവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത സംഘങ്ങൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഗദ്ദിക പോലുള്ള വിപണന മേളകൾ സംഘടിപ്പിക്കുന്നതിലൂടെ സാധിക്കുന്നുണ്ടോ; ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിന് എന്തൊക്കെ സാമ്പത്തിക സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ തൊഴിൽദായക പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു:

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർ ശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നിങ്ങനെ വിവിധ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടത്തിവരുന്നു.

3. സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് നൽകിവരുന്നു.

4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പിക്കുന്നതിനായി പ്രീ-റിക്രൂട്ട്മെന്റ് കോഴ്സ് എന്ന പദ്ധതി.

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ-യുവാക്കൾക്ക് വകുപ്പ് മുഖേന പരമാവധി ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീ-യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.

8. സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ ധനസഹായ പദ്ധതി.

9. SCA to SCSP പദ്ധതി പ്രകാരവും കാർഷിക കാർഷികേതര മേഖലകളിൽ നിരവധി പേർക്ക് തൊഴിലും വരുമാനവും നൽകുന്ന പദ്ധതികളും വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

10. പെൺകുട്ടികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷയ്ക്കായി വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

കൂടാതെ പട്ടികജാതി യുവതീ-യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവ്വേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി

തൊഴിലധിഷ്ഠിത കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, പ്ലേസ്മെന്റിനായി ജോബ് ഫോർ സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി തൊഴിൽ, നൈപുണ്യവികസനത്തിലൂടെയുള്ള സംരംഭകത്വവികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് ധാരാളം പരിപാടികൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ച് വരുന്ന തൊഴിൽ ദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കുന്നതിന് ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീ-യുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ജോബ് ഫെയർ സംഘടിപ്പിച്ചു.

2016-17 വർഷം മുതൽ ഗോത്രജീവിക പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപ്പെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ പ്രധാനമായും 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകിവരുന്നു.

പട്ടികവർഗ്ഗ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവരുന്നതിന് പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു.

ലൈഫ് മിഷൻ പദ്ധതിയിൽ 2018-19 വർഷം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട പട്ടിവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി 2001-ൽ രൂപീകൃതമായതാണ് റ്റി.ആർ.ഡി.എം. അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രവാൽസല്യ നിധി. നിർദ്ധനരും അനാഥരും നിലവിൽ 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിച്ച് വരുന്ന പദ്ധതി.

പട്ടികവർഗ്ഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. നിലവിൽ സാമ്പത്തിക അച്ചടക്കമുള്ളതും മികച്ച രീതിയിൽ 5 വർഷകാലമായി പ്രവർത്തിക്കുന്നതും കഴിഞ്ഞ 3 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി യിട്ടുള്ളതും അറ്റനഷ്ടം 50%-ത്തിൽ അധികരിക്കാത്തതുമായ പട്ടികജാതി സംഘങ്ങൾക്ക് ആനുകൂല്യം നൽകിവരുന്നു. മേൽനിബന്ധനകൾ പ്രകാരം പല പട്ടികജാതി സംഘങ്ങൾക്കും ആനുകൂല്യം നൽകാൻ കഴിയുന്നില്ല. ടി സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുതിയ സംഘങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമായി നിലവിലുള്ള വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നത് പരിഗണിച്ചുവരുന്നു. കൂടാതെ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി സഹകരണ വകുപ്പുമായി യോജിച്ചുകൊണ്ട് 'പുനർജനി ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പട്ടികജാതി സംഘങ്ങൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിനും സാധിക്കുന്നുണ്ട്. ഗദ്ദിക മേളകളിലെ വിപണനത്തിനെത്തുന്ന സംരംഭകർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ ഗദ്ദിക നടക്കുന്ന ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന നൽകിവരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

12 (731) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി ആരംഭിച്ചു. 2 വർഷം കൊണ്ട് 9156 പഠനമുറികളുടെ നിർമ്മാണം ആരംഭിച്ചു. 3368 എണ്ണം പൂർത്തിയായി.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി. 2017-18-ൽ 2555 പേർ ഗുണഭോക്താക്കളായി.

3. M.Sc Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും ഉച്ചഭക്ഷണവും നൽകുന്നതിനുള്ള പദ്ധതി.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.

6. നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ പരിശീലനം നൽകുന്ന പദ്ധതി.

(ബി) അപേക്ഷകർ പട്ടികജാതിക്കാരായിരിക്കണം. വ്യക്തിഗത പദ്ധതികളോരോന്നിനും വരുമാന പരിധിയും മാനദണ്ഡങ്ങളും വെവ്വേറെ നിശ്ചയിച്ചിട്ടുണ്ട്.

### പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികളുടെ അടങ്കൽ തുക

13(732) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ പട്ടികജാതി ഘടകപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും അടങ്കൽ തുക എത്ര കോടി വീതമാണെന്ന് സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ ഈ വിഭാഗങ്ങൾക്കായി ഇതിൽ നിന്നും ചെലവഴിച്ചുവെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) തുക പൂർണ്ണമായും ചെലവാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി ഘടക പദ്ധതിയുടെ അടങ്കൽ തുക

| വർഷം | അടങ്കൽ തുക(കോടിയിൽ) |
|---|---|
| 2016-17 | 2354.4 |
| 2017-18 | 2599.65 |
| 2018-19 | 2859.62 |

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ അടങ്കൽ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) പട്ടികജാതി വിഭാഗത്തിനായി ചെലവഴിച്ച തുക

| വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 1820.54 |
| 2017-18 | 2217.97 |
| 2018-19 | 1565.49 (25-1-2019 വരെ) |

പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവഴിച്ച അനുബന്ധമായി ചേർക്കുന്നു*.

(സി) വകയിരുത്തിയിട്ടുള്ള തുക മുഴുവനും ചെലവഴിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് പദ്ധതികൾ

14(733) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ജനസംഖ്യയുടെ 25 ശതമാനത്തോളം വരുന്ന പട്ടികവിഭാഗങ്ങൾക്ക് എണ്ണത്തിന് ആനുപാതികമായി കേന്ദ്രപദ്ധതികളുടെ വിഹിതം വകയിരുത്താത്തതിനാലും പഞ്ചവത്സര പദ്ധതി ഇല്ലാതാക്കിയതുമൂലവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതി ഘടകപദ്ധതിയും, പട്ടികജാതി ഉപപദ്ധതിയും ഇല്ലാതാക്കിയ സാഹചര്യവും പ്രസ്തുത വിഭാഗത്തിന്റെ ശാക്തീകരണത്തിന് തടസ്സമായതായി വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ കേന്ദ്രസർക്കാരിന്റെ ഇത്തരത്തിലുള്ള നിലപാടുകൾക്ക് ബദലെന്ന നിലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെങ്കിലും പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ പങ്കെടുത്ത് തങ്ങളുടെ ആഗ്രഹ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കിവെച്ചിട്ടുള്ള തുകയുടെ പരിധി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ 20 ശതമാനം കുറവ് വരുത്തിയത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിന് തടസ്സമായിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് അർഹമായ തുക സംസ്ഥാനത്തിന് ലഭിക്കാത്ത സ്ഥിതിയുണ്ട്. പ്രസ്തുത പ്രശ്നം മറികടക്കുന്നതിനായി സംസ്ഥാന പദ്ധതിയിൽത്തന്നെ ആവശ്യമായ വിഹിതം വകയിരുത്തുന്നുണ്ട്.

(ബി) 2018-19 വാർഷിക ബഡ്ജറ്റ് അടങ്കലിന്റെ 9.81% തുകയാണ് പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ ആകെ ജനസംഖ്യയുടെ 9.1% ആണെന്നിരിക്കെ ബഡ്ജറ്റ് അടങ്കലിന്റെ 9.81% പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 2859.62 കോടി രൂപയാണ് ഇതിലേയ്ക്ക് നീക്കിവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6-ഓളം നൂതന വിദ്യാഭ്യാസ സാമ്പത്തിക ക്ഷേമ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കി വരുന്നതുമാണ്. പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(സി) ഉയർത്തിയിട്ടില്ല.

(ഡി) പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ 20% കുറവുവരുത്തിയത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള പരമപ്രധാനമായ പദ്ധതികളെ ഒഴിവാക്കിയാണ് പ്ലാൻ കട്ട് നടപ്പാക്കുന്നത്. ഇത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിഹിതത്തിലെ വെട്ടിക്കുറയ്ക്കൽ

15 (734) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന വിഹിതത്തിൽ വ്യാപകമായ വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; ഇതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(സി) ഭൂരഹിത കുടുംബങ്ങൾക്കുള്ള ഭൂമി, വീട് നിർമ്മാണം, ആദിവാസികൾക്കുള്ള വിവിധ വികസന പദ്ധതികൾ എന്നീ മേഖലകളിൽ ഓരോന്നിലും എത്ര ശതമാനം വീതമാണ് വെട്ടിക്കുറച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) ഇത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിനാൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാന പദ്ധതിയിൽ പൊതുവെ 20 ശതമാനം വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് 20 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പ് 14 ശതമാനവും കുറവ് പദ്ധതിയിൽ വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം എന്നീ മേഖലകളിലെ പദ്ധതികളിൽ ഒരു കുറവും വരുത്തിയിട്ടില്ല. അതിനാൽ പദ്ധതി വിഹിതത്തിൽ നിർദ്ദേശിക്കപ്പെട്ട 20 ശതമാനം കുറവ് വരുത്തുന്നതിനായി ചില പദ്ധതികളിൽ കൂടുതൽ തുക കുറവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

പ്രളയ നാശനഷ്ടം സംഭവിച്ച 90 പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനർനിർമ്മാണത്തിനുമായി അംബേദ്കർ ഗ്രാമം മാതൃകയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രളയദുരിതം അനുഭവിച്ച 62466 പട്ടികജാതി കുടുംബങ്ങൾക്ക് അയ്യായിരം രൂപ വീതവും 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപ വീതവും പ്രത്യേക ആശ്വാസ ധനസഹായമായി അനുവദിച്ചിരുന്നു.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ പദ്ധതിയിൽ വെട്ടിക്കുറവ് ഉണ്ടായിട്ടില്ല. അധികം തുക ആവശ്യമായ പദ്ധതികളിലേയ്ക്ക് റീ-അപ്രോപ്രിയേഷൻ മുഖേന തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായം

16 (735) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ കുടുംബത്തിന് നൽകുന്ന ധനസഹായ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ ധനസഹായം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി നൽകേണ്ട അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(സി) കഴിഞ്ഞവർഷം ഈയിനത്തിൽ എത്ര കുടുംബങ്ങൾക്ക് എത്രതുക വീതം അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബത്തിന് 20-9-2012-ലെ സ.ഉ. (കൈ) നമ്പർ 128/12/പജപവവിവ. ഉത്തരവ് പ്രകാരം 50,000 രൂപ വരെ ധനസഹായമായി നൽകിവന്നിരുന്നു.

(ബി) 22-11-2018-ലെ സ.ഉ. (കൈ) നമ്പർ 85/2018/പജപവവിവ.. പ്രകാരം പ്രസ്തുത ധനസഹായം 2 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാന ദായകനായിരുന്നു എന്നുള്ള ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, എഫ്.ഐ.ആർ., പോസ്റ്റ്മോർട്ടം റിപ്പോർട്ട് (അപകടമരണമാണെങ്കിൽ) തുടങ്ങിയ രേഖകൾ സഹിതം ബ്ലോക്ക് പട്ടികജാതി വികസന ആഫീസിൽ അപേക്ഷിക്കാവുന്നതാണ്.

(സി) ഈയിനത്തിൽ 2017-18 വർഷത്തിൽ 51 കുടുംബങ്ങൾക്കായി ആകെ 26,75,000 രൂപ അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫണ്ട്

17(736) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച വികസന ഫണ്ടിൽ കുറവുവരുത്തുവാൻ തിരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ എത്ര ശതമാനം വീതമാണ് കുറച്ചിട്ടുള്ളതെന്നതിന്റെ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം കുറവു വരുത്തുന്നതുമൂലം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പദ്ധതികൾ പാതിവഴിയിൽ മുടങ്ങിപ്പോകുമെന്ന കാര്യം പരിശോധിക്കുമോ ; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാന പദ്ധതിയിൽ പൊതുവെ 20 ശതമാനം വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് 20 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പ് 14 ശതമാനവും കുറവ് പദ്ധതിയിൽ വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം, ഭവനിർമ്മാണം എന്നീ മേഖലകളിലെ പദ്ധതികളിൽ ഒരു കുറവും വരുത്തിയിട്ടില്ല. വിവിധ പദ്ധതികളിൽ വരുത്തിയ കുറവ് സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് വരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് അനുവദിച്ച പദ്ധതികൾ മുടങ്ങിപ്പോകുന്ന സ്ഥിതി നിലവിലില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

18(737) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ മണ്ഡലത്തിൽ പട്ടികജാതി ക്ഷേമത്തിനും പട്ടികവർഗ്ഗ ക്ഷേമത്തിനുമായി ഭരണാനുമതി ലഭിച്ച പദ്ധതികളും അവയ്ക്കായി നീക്കിവച്ച തുകയും സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഈ രണ്ട് വിഭാഗങ്ങളുടെയും ക്ഷേമത്തിനായി നിലമ്പൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കുവാനുള്ള പദ്ധതികളും അവയ്ക്കായി നീക്കിവച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കാളികാവ് ബ്ലോക്കിലെ ഇല്ലിക്കോട്ട്പൊയിൽ എസ്.സി. കോളനിയെ അംബേദ്കർ ഗ്രാമ വികസന പദ്ധതി (2016-17)-യിൽ തെരഞ്ഞെടുത്ത് ഒന്നാം ഗഡുവായി 50,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

2016-17 വർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ആനപ്പാറ എസ്.സി. കോളനി നടപ്പാത നിർമ്മാണത്തിനായി 4.98 ലക്ഷം രൂപയും മതിൽമൂല എസ്.സി. കോളനി ശ്മശാനം റോഡ് കോൺക്രീറ്റ് നിർമ്മാണത്തിനായി 4.98 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു. *

നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. *

(ബി) 2018-19 വർഷം നിലമ്പൂർ മണ്ഡലത്തിൽ പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം III-ൽ ചേർക്കുന്നു. *

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം

19 (738) ശ്രീ. ബി. സത്യൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) മുൻസർക്കാരിന്റെ കാലത്ത് പണി പൂർത്തിയാകാതെ കിടന്ന വീടുകൾ പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകേണ്ടിയിരുന്ന അധിക വിഹിതം നൽകാത്തതുമൂലം നിർമ്മാണം മുടങ്ങിയ വീടുകൾ പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 15657 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്ന പട്ടികജാതി വിഭാഗക്കാരുടെ വീടുകൾ പുനർനിർമ്മിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് മുഖേന 243 വീടുകൾ നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 111 പേർ ഒന്നാം ഗഡുവും 5 പേർ രണ്ടാം ഗഡുവും കൈപ്പറ്റിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് വകുപ്പ് മുഖേന വീട് അനുവദിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലൈഫ് മിഷൻ 6025 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ച വീടുകൾക്ക് സ്പിൽഓവർ പദ്ധതി പ്രകാരം തുടർന്നുള്ള ഗഡുക്കൾ വർദ്ധിപ്പിച്ച നിരക്കിന് ആനുപാതികമായി നൽകുന്നുണ്ട്. ആയത് പ്രകാരം 2007-08 മുതൽ പണി പൂർത്തിയാവാതെ അവശേഷിച്ച 16360 വീടുകളിൽ 9104 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 3533 വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡ പ്രകാരമുള്ള തുക നൽകിയാണ് പൂർത്തീകരിച്ചത്.

മുൻ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും 31-3-2016-നുള്ളിൽ പണി പൂർത്തീകരിക്കാത്തതുമായ 12256 വീടുകളിൽ ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യഘട്ടമായ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണത്തിലുൾപ്പെടുത്തി 9736 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 2520 വീടുകൾ വിവിധ ഘട്ടങ്ങളിൽ പൂർത്തീകരിച്ചുവരുന്നു.

(സി) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാരുടെ വീടുകൾക്ക് വകുപ്പ് മുഖേന അനുവദിക്കേണ്ട അധിക ധനസഹായം നൽകുന്നതിനായി 2016-17 വർഷം 107,63,79,000 രൂപയും 2017-18 വർഷം 104,74,31,429 രൂപയും ഗ്രാമവികസന വകുപ്പ് ആവശ്യപ്പെട്ട പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

ഐ.എ.വൈ. പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച വീടുകൾക്ക് വകുപ്പിന്റെ വിഹിതമായി 1 ലക്ഷം രൂപ അനുവദിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 6,80,64,340 രൂപ ഗ്രാമവികസന വകുപ്പിന് അനുവദിച്ചിട്ടുണ്ട്. വീടുകളുടെ നിർമ്മാണ പുരോഗതി പ്രകാരം ഒരു ലക്ഷം രൂപ വീതം ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

## പ്രളയബാധിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സഹായം

20 (739) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് ദുരിതമനുഭവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേക സഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത അയ്യായിരം രൂപ പോലും പലർക്കും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തിരമായി വീട് നിർമ്മിച്ചു നൽകുവാൻ സർക്കാർ മുൻകൈയെടുക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയത്തെ തുടർന്ന് ദുരിതമനുഭവിക്കുന്ന പട്ടികജാതി വിഭാഗ കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി ഓരോ കുടുംബത്തിനും 5,000 രൂപ വീതവും പട്ടികവർഗ്ഗ വിഭാഗത്തിന് 10,000 രൂപ വീതവും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. എല്ലാവർക്കും ധനസഹായം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ 67194 പേർക്കുള്ള ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് അർഹതയുള്ള 3367 കുടുംബങ്ങളിൽ 3355 പേർക്ക് നാളിതുവരെ പതിനായിരം രൂപ വീതം രണ്ട് ഗഡുക്കളായി വിതരണം നടത്തിയിട്ടുണ്ട്.

(സി) പ്രളയത്തിൽ തകർന്ന വീടുകൾ നിർമ്മിക്കുന്നതിനായി സംസ്ഥാനത്തെ 2733 പേർക്ക് അനുമതി നൽകിയതിൽ 243 പേർക്ക് ആവശ്യമായ രേഖകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പ് ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് റീബിൽഡ് കേരള (RBK) മുഖേന ഭവന നിർമ്മാണ ധനസഹായം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 111 പേർക്ക് ഒന്നാം ഗഡുവിനത്തിൽ 6,66,60,000 രൂപയും 5 പേർക്ക് രണ്ടാം ഗഡുവിനത്തിൽ 6,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം പട്ടികവർഗ്ഗക്കാരായ 729 പേർക്ക് പൂർണ്ണമായും വീട് നഷ്ടപ്പെടുകയും 1220 പേർക്ക് ഭാഗികമായി വീട് നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തിയോ വകുപ്പ് മുഖേനയുള്ള വീട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ സാമൂഹ്യ പഠനമുറി പദ്ധതി

21 (740) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായം ആർക്കെല്ലാമാണ് അനുവദിച്ചിട്ടുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2017-18 വർഷം 815 പേർക്കും 2018-19 വർഷം 580 പേർക്കും പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠനമുറി എന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. 2017-18 വർഷം പാലക്കാട് ജില്ലയിൽ 25 സാമൂഹ്യപഠനമുറി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വകുപ്പുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലം തിരിച്ചുള്ള ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി ഊരുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം വ്യക്തികൾക്ക് ധനസഹായം അനുവദിച്ചിട്ടില്ല.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

22 (741) <u>ശ്രീ. പി. കെ. ശശി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വാണിയംകുളം പഞ്ചായത്തിലെ അരിക്കത്ത് മനപ്പടി കോളനി, ചളവറ പഞ്ചായത്തിലെ ചെട്ടിതൊടി കോളനി, തൃക്കടിരി പഞ്ചായത്തിലെ കാര്യാട്ടിൽ കോളനി എന്നിവയുടെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ വേഗത്തിലാക്കി ഈ മൂന്ന് കോളനികളും നവീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ നെല്ലായി അംബേദ്കർ കോളനി, വെള്ളത്തേൻമാരി കോളനി എന്നിവയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ളത്. അരിക്കത്ത് മനപ്പടി കോളനി, ചെട്ടിതൊടി കോളനി എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

23(742) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കായംകുളം നിയോജക മണ്ഡലത്തിൽ ഒരു കോടി രൂപ വീതം അനുവദിച്ച് നവീകരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ചാലയ്ക്കൽ, ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ പുത്തൻപുരക്കൽ എന്നീ കോളനികളുമായി ബന്ധപ്പെട്ട

പദ്ധതികൾ പൂർത്തിയാക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി)എങ്കിൽ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2017 നവംബർ മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ട ടി കോളനികളിലെ പദ്ധതി പ്രവർത്തനങ്ങളിൽ പ്രളയക്കെടുതി കാരണം കാലതാമസം വന്നിട്ടുണ്ടെങ്കിലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

24(743) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തൊടിയൂർ പഞ്ചായത്തിലെ അംബേദ്കർ കോളനിയുടെയും, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ മൂത്തേത്ത് കോളനിയിലെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഓരോ വർഷവും ഒരു നിയോജകമണ്ഡലത്തിൽ നിന്ന് ഒരു ഗ്രാമം എന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമായതുമായ കോളനികളെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയ സ.ഉ. (കൈ) നമ്പർ 15/2017/പജപവവിവ. തീയതി 18-3-2017 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൊടിയൂർ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ കോളനിയുടെ റീ ടെന്ററിംഗ് നടപടികൾ പൂർത്തിയായി ഫെബ്രുവരി രണ്ടാം വാരത്തോടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ മൂത്തേത്ത് കോളനിയുടെ 70% പ്രവൃത്തികൾ പൂർത്തിയായി. ശേഷിക്കുന്നവ മൂന്ന് മാസത്തിനകം പൂർത്തിയാകും.

(സി) 2016-17 സാമ്പത്തിക വർഷം മുതലാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോളനികളെ തെരഞ്ഞെടുക്കാൻ തുടങ്ങിയത്. ഒരു നിയോജകമണ്ഡലത്തിൽനിന്നും എം.എൽ.എ. ശിപാർശ ചെയ്യുന്ന രണ്ട് കോളനികളെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

2018-19 സാമ്പത്തിക വർഷം പ്രളയബാധിത കോളനികളുടെ പുനർനിർമ്മാണത്തിനാണ് പരിഗണന നൽകുന്നത്. 30 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതും കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതുമായ 90 കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി, പ്രളയബാധിത കോളനിയുടെ പുനർനിർമ്മാണം എന്ന പരിഗണനയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

25(744) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എത്ര തവണ ടെണ്ടർ ചെയ്തെന്നും എന്നൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്ക് 94,57,999 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കായി 6-8-2018, 21-8-2018, 30-8-2018, 3-9-2018, 2-11-2018, 15-11-2018 എന്നീ തീയതികളിലായി 6 തവണ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ആദ്യത്തെ 5 ടെണ്ടറുകൾക്കും അപേക്ഷ ഉണ്ടായിരുന്നില്ല. 6-ാമത്തെ ടെണ്ടർ എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലായതിനാൽ ടെണ്ടർ സ്വീകരിച്ചിട്ടില്ല.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഒരു മാസത്തിനുള്ളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി**

26(745) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ മതുക്കര, ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എന്നീ കോളനികളിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മതുക്കര കോളനി

(i) Construction of building for subcentre, Vijnanvadi, water tank

(ii) Well maintenance

(iii) Renovation of Vayanasala

(iv) Construction of Kulikkadavu, Bus stop retaining wall

(v) Solar Street light

(vi) Maintenance of houses - 26

പെരുമല കോളനി

റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല.

(ബി) <u>മതുക്കര കോളനി</u>

Construction of Vijnanvadi, subcentre, water tank - പണി 50% പൂർത്തീകരിച്ചു.

Well maintenance - പണി പൂർത്തീകരിച്ചു.

Construction of Kulikkadavu- നിലവിൽ വെള്ളം കെട്ടി നിൽക്കുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മാർച്ചിൽ പണി ആരംഭിക്കുന്നതാണ്.

Solar Street light - ടെണ്ടർ പൂർത്തിയായി.

Maintenance of houses - 25 വീടുകൾ പൂർത്തീകരിച്ചു. അവശേഷിക്കുന്ന ഒരു വീടിന്റെ പണി ചെയ്യേണ്ടതില്ലെന്ന് വീട്ടുടമ അറിയിച്ചിട്ടുണ്ട്.

<u>പെരുമല കോളനി</u>

റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല.

(സി) മതുക്കര പട്ടികജാതി കോളനി പ്രവൃത്തികൾ 2019 മാർച്ച് 31-നകം പൂർത്തീകരിക്കും.

പെരുമല പട്ടികജാതി കോളനി പ്രവൃത്തികൾ എട്ട് മാസംകൊണ്ട് പൂർത്തീകരിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

27 (746) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) കാട്ടാക്കട മണ്ഡലത്തിലെ നിലമേൽ കോളനി, തേരിക്കാവിള കോളനി എന്നിവിടങ്ങളിലെ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) ഏജൻസികളുടെ ഭാഗത്തുനിന്നുള്ള കാലതാമസംമൂലമാണ് പ്രസ്തുത പദ്ധതി വൈകുന്നത്.

(ബി) നിലമേൽ കോളനിയിൽ നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള എസ്റ്റിമേറ്റിൽ, 20 ഗുണഭോക്താക്കളുടെ വീട് മെയിന്റനൻസ്, 7 ഗുണഭോക്താക്കളുടെ സൈഡ് വാൾ നിർമ്മാണം എന്നിവകൂടി ഉൾപ്പെടുത്തി മാറ്റം വരുത്തണമെന്ന് നിലമേൽ കോളനിയിൽ 18-4-2018-ൽ കൂടിയ യോഗത്തിൽ കമ്മിറ്റി ആവശ്യപ്പെടുകയുണ്ടായി. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തേരിക്കവിള കോളനിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

## പ്രളയാനന്തര കേരള നിർമ്മിതിക്കായി പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയ തുക

28 (747) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന ഫണ്ട് വെട്ടിക്കുറയ്ക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽനിന്നും വെട്ടിക്കുറച്ചതെന്ന് അറിയിക്കുമോ;

(ബി) ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുകയിൽ എത്ര തുക കുറവ് വരുത്തിയിട്ടുണ്ട്;

(സി) പട്ടികജാതിക്കാർക്കിടയിലെ ദുർബലവിഭാഗങ്ങളുടെ വികസന പദ്ധതികൾക്കായി നീക്കിവച്ച തുകയെത്രയെന്നും അതിൽ എന്ത് തുക കുറവ് വരുത്തിയെന്നും വ്യക്തമാക്കുമോ;

(ഡി) ആദിവാസികളുടെ വികസന പദ്ധതികൾക്കായി നീക്കിവച്ച തുകയിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇപ്പോൾ കുറവ് വരുത്തിയ തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാന പദ്ധതിയിൽ പൊതുവെ 20 ശതമാനം വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് 20 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പ് 14 ശതമാനവും കുറവ് പദ്ധതിയിൽ വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം, ആരോഗ്യം, ഭവനനിർമ്മാണം എന്നീ മേഖലകളിലെ പദ്ധതികളിൽ ഒരു കുറവും വരുത്തിയിട്ടില്ല. അതിനാൽ പദ്ധതി വിഹിതത്തിൽ നിർദ്ദേശിക്കപ്പെട്ട 20 ശതമാനം കുറവ് വരുത്തുന്നതിനായി ചില പദ്ധതികളിൽ കൂടുതൽ തുക കുറവ് വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

പ്രളയ നാശനഷ്ടം സംഭവിച്ച 90 പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുനർനിർമ്മാണത്തിനുമായി അംബേദ്കർ ഗ്രാമം മാതൃകയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രളയദുരിതം അനുഭവിച്ച 62466 പട്ടികജാതി കുടുംബങ്ങൾക്ക് അയ്യായിരം രൂപ വീതവും 3355 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപ വീതവും പ്രത്യേക ആശ്വാസ ധനസഹായമായി അനുവദിച്ചിരുന്നു.

## തൃപ്പൂണിത്തുറ പട്ടികജാതി കോളനികളിലെ വികസന പ്രവർത്തനങ്ങൾ

29 (748) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കാമോ;

(ബി) ഇവയുടെ വിശദാംശം അറിയിക്കുമോ;

(സി) കൂടുതലായി എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽനിന്നും രണ്ട് കോളനികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. യോഗപ്പറമ്പ് കോളനി

2. എസ്.എം.പി. കോളനി

(ബി) എസ്.എം.പി. കോളനിയിൽ 99,07,124 രൂപയുള്ള താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(i) സംരക്ഷണ ഭിത്തി നിർമ്മാണം

(ii) റോഡ് ടൈൽ വിരിക്കൽ

(iii) ക്ലബ്ബ് കെട്ടിടത്തിന്റെ നവീകരണം

(iv) 39 ഭവന നവീകരണം

(v) പുതിയ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം

(vi) ടോയ്‌ലറ്റ് നിർമ്മാണം

(vii) 1000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് സ്ഥാപിക്കൽ

(viii) ഓഡിറ്റോറിയത്തിന്റെ ട്രസ് വർക്ക്.

യോഗപ്പറമ്പ് കോളനിയിൽ പദ്ധതി നിർവ്വഹണത്തിനായി മോണിറ്ററിംഗ് കമ്മിറ്റി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല.

(i) റോഡ് പുനർനിർമ്മാണം

(ii) കാന നിർമ്മാണം

(iii) ഭവന പുനരുദ്ധാരണം

(iv) ടോയ്‌ലെറ്റ് നിർമ്മാണം

(v) സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ

(vi) റീഡിംഗ് റൂം കം ഇൻഫർമേഷൻ സെന്റർ

(vii) സൈഡ് കെട്ടി പൂഴി നിറയ്ക്കൽ

(viii) വ്യക്തിഗത കുടിവെള്ള കണക്ഷൻ.

(സി) ഉണ്ട്.

(ഡി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച മേക്കര എസ്.സി. സെറ്റിൽമെന്റ് കോളനിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഭവനസംരക്ഷണത്തിനുള്ള പദ്ധതികൾ

30 (749) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളുടെ ഭവനസംരക്ഷണത്തിനായി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന മേഖലയിലെ പട്ടികജാതി കുടുംബങ്ങളുടെ ഭവനസംരക്ഷണത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ കഴിയുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഭവന സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ ചില പ്രത്യേക കേസുകളിൽ (വൃദ്ധർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, രോഗികൾ എന്നിവർ ഉൾപ്പെടുന്ന ഭവനങ്ങൾ) സംരക്ഷിക്കുന്നതിനായി അത്യന്താപേക്ഷിതവും അനിവാര്യവുമായ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി ജില്ലാ പട്ടികജാതി വികസന ആഫീസർ എസ്റ്റിമേറ്റ് സഹിതം ശിപാർശ ചെയ്യുന്ന അപേക്ഷകൾ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം നേടി ധനസഹായം നൽകാറുണ്ട്.

## പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതികൾ

31 (750) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. യു. ആർ. പ്രദീപ്:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പട്ടികജാതിയിലെ അതീവ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിനായി പട്ടികജാതി ഉപപദ്ധതിയിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിന് ഭൂമി.
2. ഭവനരഹിതർക്ക് ഭവനം പഠനമുറി.
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.
4. വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്.
5. മരാമത്തും കെട്ടിടവും.
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും e-governance സംരംഭങ്ങളും.
7. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് വികസന പരിപാടികളിൽ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി.
8. പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം.
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.
10. വെള്ളായണി അയ്യൻകാളി മെമ്മോറിയൽ മാതൃക റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റെസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്.
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം.
12. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം.
13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് എസ്.സി.പി. (51 ശതമാനം സംസ്ഥാന വിഹിതം).

14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം).
15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം സംസ്ഥാന വിഹിതം).
16. ആരോഗ്യ സംരക്ഷണ പദ്ധതി.
17. വാത്സല്യനിധി പദ്ധതി.
18. എല്ലാ ജില്ലകളിലും വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ.
19. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിക്കുള്ള 40% സംസ്ഥാന വിഹിതം.
20. എൻ.ആർ.എൽ.എം. ദേശീയ ഗ്രാമീണ ഉപജീവന മിഷനുള്ള (40% സംസ്ഥാന വിഹിതം).
21. പ്രത്യേക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം.

കൂടാതെ താഴെപ്പറയുന്ന 100 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു:

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്.
2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ.
3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ്മെട്രിക്) ജഗജീവൻ റാം ഛത്ര വാസയോജന.
4. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ.
5. 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം).
6. നാഷണൽ കർമ്മ ചാരി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NSKFDC).
7. വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട് ഫോർ എസ്.സി.
8. ക്രെഡിറ്റ് എൻഹാൻസ്മെന്റ് ഗ്യാരണ്ടി സ്കീം ഫോർ എസ്.സി.
9. അസിസ്റ്റൻസ് ടു വോളണ്ടറി ഓർഗനൈസേഷൻ വർക്കിംഗ് ഫോർ വെൽഫെയർ ഓഫ് എസ്.സി.
10. പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് വിദേശ രാജ്യത്ത് തൊഴിൽ ലഭ്യമാക്കുന്നതിന് വിവിധ നിർവ്വഹണ ഏജൻസികൾ മുഖേന പരിശീലന പരിപാടികൾ നടത്തിയിരുന്നു. ടി പരിശീലന പരിപാടികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) പട്ടികജാതിയിൽ അതീവ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, ചക്ലിയൻ, അരുന്ധതിയാർ എന്നിവരുടെ പുനരധിവാസ ധനസഹായ തുക പട്ടികവർഗ്ഗ വിഭാഗക്കാരുടേതുമായി ഏകീകരിച്ച് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) പട്ടികജാതിക്കാർക്കിടയിലെ ദുർബല വിഭാഗങ്ങളുടെ വികസന പദ്ധതികൾക്കായി ബഡ്ജറ്റിൽ 2018-19 വർഷം 5,000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കൃഷിഭൂമി
2. കമ്മ്യൂണിറ്റി പഠനമുറി
3. പഠനമുറി (വ്യക്തിഗതം)
4. കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ
5. കോളനികളിലെ വീടുകളുടെ നവീകരണം ബലപ്പെടുത്തൽ
6. വീടിന്റെ അറ്റകുറ്റപ്പണികൾ (വ്യക്തിഗതം)
7. ടോയ്ലെറ്റ് നിർമ്മാണം
8. തൊഴിൽ പരിശീലനം/സ്വയംതൊഴിൽ സംരംഭം
9. ഭൂരഹിത പുനരധിവാസം (കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന്)
10. 10 ഭവനനിർമ്മാണം.

### ഗോത്ര ജീവിക പദ്ധതി

32 (751) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഗോത്ര ജീവിക പദ്ധതിയുടെ ഭാഗമായി സ്വാശ്രയ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകി; സംഘങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ധനസഹായം സർക്കാർ തലത്തിൽ നൽകുന്നുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുള്ള ഗോത്രജീവിക പദ്ധതി പ്രകാരം അട്ടപ്പാടിയിൽ 156 പേർക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി 5 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും വർക്കിംഗ് ക്യാപ്പിറ്റൽ ഇനത്തിൽ 23,60,000 രൂപ നൽകി ലൈഫ് മിഷൻ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിവരികയുംചെയ്യുന്നു.

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 1170 പേർക്ക് വിവിധ ട്രേഡുകളിൽ പരിശീലനം നൽകി 47 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അവയിൽ 6 എണ്ണത്തിന്റെ പ്രവർത്തനം പൂർത്തിയായി വരുന്നു. സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപ്പിറ്റലായി 1,66,90,000 രൂപ വകയിരുത്തിയിട്ടുണ്ട്.

**മൈക്രോ പ്ലാനുകൾ മുഖേന ധനസഹായം**

33 (752) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൈക്രോ പ്ലാനുകളുണ്ടാക്കി ധനസഹായം നൽകുന്ന പദ്ധതി വിശദമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം പ്രസ്തുത വിഭാഗക്കാർക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതി പ്രകാരമുള്ള മൈക്രോ പ്ലാനുകൾ ആവിഷ്കരിക്കുന്നത് എപ്രകാരമാണ്; 2018-19-ൽ ഈ പദ്ധതി പ്രകാരം അനുവദിച്ച തുകയെത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട സ്ഥലങ്ങളിലെ വീടുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി. കെ. കാളൻ കുടുംബ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

കോളനികളിലല്ലാതെ ചിന്നിച്ചിതറി കിടക്കുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മൈക്രോ പ്ലാനുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഇതിൽ ഓരോ കുടുംബത്തിനും വരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിച്ചുനൽകുന്ന രീതിയിലാണ് പദ്ധതി പ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. പരമാവധി നിലവിലുള്ള സ്കീമുകളെ സംയോജിപ്പിക്കുന്ന സമീപനമാണ് ഈ മൈക്രോ പ്ലാനുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം ആലപ്പുഴ നിയോജക മണ്ഡലത്തിലെ 53 വീടുകളുടെ മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചു. പുതിയ വീടുകളുടെ നിർമ്മാണം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ അംഗത്വമില്ലാതിരുന്ന അംഗങ്ങളെ ഉൾപ്പെടുത്തി എസ്.ടി. സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ആരോഗ്യ ഇൻഷ്വറൻസ് ഇല്ലാത്ത 45 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 36 പേർക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ലഭിച്ചു. തൊഴിൽ കാർഡ് ഇല്ലാത്ത 73 കുടുംബങ്ങൾ ഉണ്ടായിരുന്നതിൽ 62 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചു. വനിതകൾക്കായി കയർ, തടുക്ക് നിർമ്മാണ പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കി തൊഴിൽ ചെയ്യുന്നവർക്ക് ദിവസേന 300 രൂപ നിരക്കിൽ മാസാവസാനം തുക ബാങ്ക് അക്കൗണ്ട് വഴി നൽകിവരുന്നു.

(സി) താഴെപ്പറയുന്ന രീതികളാണ് സൂക്ഷ്മപദ്ധതി രൂപീകരണത്തിനായി അവലംബിക്കുന്നത്:

- പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികൾ ചേർന്ന് പി. കെ. കാളൻ സൂക്ഷ്മ പദ്ധതി ചർച്ച ചെയ്യൽ പഠനം
- കുടുംബങ്ങളെ കണ്ടെത്തൽ പ്രക്രിയ
- കുടുംബ പഠനത്തിനുള്ള മാർഗ്ഗങ്ങളും പഠന സാമഗ്രികളും പഠന സമയവും തീരുമാനിക്കൽ
- വിവര ശേഖരണ പരിശീലനം, വിവര ശേഖരണം, സൂക്ഷ്മപദ്ധതി രൂപീകരണം
- വിവിധ വകുപ്പുകളുമായും തദ്ദേശഭരണ സ്ഥാപന പ്രതിനിധികളുമായും ആദിവാസി കുടുംബങ്ങളുമായും ചർച്ച ചെയ്ത് പദ്ധതി അന്തിമമാക്കുക.
- പഞ്ചായത്തുതല പദ്ധതി വിശദീകരണം
- പദ്ധതി നടപ്പാക്കൽ.

ആലപ്പുഴയിൽ 5.06 കോടി രൂപയുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിൽ നാളിതുവരെ 1.68 കോടി രൂപയും മലമ്പുഴയിൽ 1.54 കോടി രൂപയുടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതിൽ നാളിതുവരെ 4.3 ലക്ഷം രൂപയും ചെലവഴിച്ചു.

## അരുവിക്കര നിയോജകമണ്ഡലത്തിലെ അംബേദ്കർ വികസന പദ്ധതിയുടെ പുരോഗതി

34 (753) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ വിതുര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പട്ടൻകുളിച്ചപാറ, വള്ളിപ്പൂര കരിക്കകം, ആല്യംമൂട് എന്നീ പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കുന്ന അംബേദ്കർ വികസന പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത അരുവിക്കര മണ്ഡലത്തിലെ പട്ടൻകുളിച്ചപാറയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ്. ടി ഏജൻസി സമർപ്പിച്ച ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമായി 20 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി ഏജൻസി സ്വീകരിച്ചിട്ടുണ്ട്.

പള്ളിക്കര കരിക്കകം, ആല്യംമൂട് സെറ്റിൽമെന്റുകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രമാണ്. ടി ഏജൻസി സമർപ്പിച്ച ഡി.പി.ആർ.-ന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ്

35 (754) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുപുറത്ത് ഉന്നതവിദ്യാഭ്യാസത്തിനായി പോകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ സ്കോളർഷിപ്പ് നൽകാൻ കഴിയില്ലെന്ന വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ കേരളത്തിനുപുറത്ത് ഉന്നതവിദ്യാഭ്യാസം നടത്തിയതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്കോളർഷിപ്പിന് അപേക്ഷിച്ച എത്ര വിദ്യാർത്ഥികൾ ഉണ്ട്; ഇതിൽ എത്രപേർക്ക് ആനുകൂല്യം നിഷേധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പായ സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ (CSS) കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലുള്ള ഈ നിർദ്ദേശം ഒഴിവാക്കി പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിനുപുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അഡ്മിഷൻ ലഭ്യമാകുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേന അല്ലാതെ ഇത്തരം സ്ഥാപനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ ആനുകൂല്യമാണ് അനുവദിച്ചുവരുന്നത്.

(ബി) കേരളത്തിനുപുറത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിൽ ആനുകൂല്യത്തിനായി സംസ്ഥാനത്ത് ആകെ 154 വിദ്യാർത്ഥികൾ അപേക്ഷിക്കുകയും ആവശ്യമായ രേഖകളുടെ വിശദ പരിശോധന നടത്തി ഇതുവരെ 40 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ഇല്ലാത്ത 113 അപേക്ഷകളിൽ നിശ്ചിത രേഖകൾ ഹാജരാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട വരുമാന പരിധിയായ 2.5 ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള ഒരു അപേക്ഷ മാത്രം നിരസിച്ചിട്ടുണ്ട്.

(സി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായ സെന്റ്രലി സ്പോൺസേഡ് സ്കീമിന്റെ മാർഗ്ഗനിർദ്ദേശം ഒഴിവാക്കാൻ സംസ്ഥാന സർക്കാരിന് കഴിയുന്നതല്ല.

## പാറശ്ശാലയിലെ പട്ടികവർഗ്ഗ കോളനികൾ

36 (755) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളതെന്നും ഓരോ കോളനിയിലും എത്ര താമസക്കാരുണ്ടെന്നുമുള്ള വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി)ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, ആയതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും അവയുടെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടാത്ത പാറശ്ശാല മണ്ഡലത്തിലെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉന്നമനത്തിനായുള്ള നടപടികൾ സ്വീകരിക്കാമോ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | പഞ്ചായത്ത് | കോളനികളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1 | അമ്പൂരി | 7 | 1452 |
| 2 | കള്ളിക്കാട് | 2 | 747 |
| 3 | ഒറ്റശേഖര മംഗലം | 2 | 39 |
| 4 | വെള്ളറട | 5 | 252 |
| 5 | കുന്നത്തുകാൽ | 1 | 40 |
| 6 | ആർങ്കോട് | 0 | 15 |
| 7 | പാറശ്ശാല | 0 | 11 |
| 8 | കൊല്ലായിൽ | 0 | 4 |
| 9 | പെരുങ്കടവിള | 0 | 3 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിലെ തെന്മല പട്ടികവർഗ്ഗ കോളനിയിൽ ഒരു കോടി രൂപ

ചെലവിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്നൂരി ഗ്രാമപഞ്ചായത്തിനെയാണ് ടി പദ്ധതിക്ക് നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

## അരയ്ക്കാപ്പ് പട്ടികവർഗ്ഗ കോളനിയിലേയ്ക്ക് ഗതാഗത സൗകര്യം

37 (756) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ് പട്ടികവർഗ്ഗ കോളനിയിലേക്ക് മലക്കപ്പാറയിൽ നിന്നും ഗതാഗത സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 4.5 കി.മി. ദൂരം കാട്ടുപാതയിലൂടെ സഞ്ചരിച്ചാൽ മാത്രമെ വാഹന ഗതാഗതമുള്ള മലക്കപ്പാറയിൽ എത്താൻ സാധിക്കുവെന്നിരിക്കെ, ഇവിടേയ്ക്ക് വാഹന ഗതാഗതയോഗ്യമായ ഒരു റോഡ് നിർമ്മിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലക്കപ്പാറയിൽനിന്ന് അരയ്ക്കാപ്പ് സങ്കേതത്തിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ വനത്തിലൂടെയുള്ളതും കുത്തനെ ഉള്ളതും കാൽ നടയാത്ര ചെയ്യുന്ന സ്ഥലവുമാകയാൽ റോഡ് നിർമ്മാണത്തിന് സാധ്യതാപഠനം നടത്തുന്നതിന് ആവശ്യമായ ചെലവ് വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്.

## അട്ടപ്പാടിയിലെ ശിശുമരണം

38 (757) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും അട്ടപ്പാടി ആദിവാസി മേഖലയിൽ ശിശുമരണം തുടർക്കഥയാകുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) തുടർച്ചയായി ഉണ്ടാകുന്ന ശിശുമരണങ്ങളെ സംബന്ധിച്ച് അന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ളത്;

(ഡി) അട്ടപ്പാടിയിൽ മുമ്പുണ്ടായിട്ടുള്ള ശിശുമരണം സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ഇ) പോഷകാഹാര കുറവ് മൂലമാണ് അട്ടപ്പാടിയിൽ ശിശുമരണം ഉണ്ടാകുന്നതെന്ന കാര്യം ഗൗരവമായി പരിഗണിക്കുകയും അതിന് ഉത്തരവാദികളായവരുടെ മേൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്ന പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

2016-ൽ 8 ശിശുക്കളും 2017-ൽ 14 ശിശുക്കളും 2018-ൽ 13 ശിശുക്കളുമാണ് മരണപ്പെട്ടിട്ടുളളത്. ഈ മരണങ്ങളെല്ലാം തന്നെ പോഷകാഹാരക്കുറവ് മൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസം കാരണമോ ആണ് സംഭവിച്ചതെന്ന് അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ ആകെ 32 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| 2016 | 5 എണ്ണം |
| 2017 | 14 എണ്ണം |
| 2018 | 13 എണ്ണം |

(സി) അട്ടപ്പാടിയിലെ ആദിവാസി ശിശുമരണങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നത് പരിശോധിക്കാനായി പാലക്കാട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷാകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്:

- അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
- അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64 (2013)-ൽനിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)-ൽനിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.

പോഷാകാഹാര കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

(ഇ)അട്ടപ്പാടിയിൽ പോഷകാഹാരക്കുറവുമൂലം ശിശുമരണം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല.

## പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി

39 (758) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതിയെ കുറിച്ച് ഡോ.അഭയ് ബാൽഗിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മറ്റുസംസ്ഥാന ങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാണോ; വ്യക്തമാക്കുമോ;

(സി) പട്ടികവർഗക്കാർക്കിടയിൽ മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കളുടെ അമിത ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മെച്ചപ്പെട്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനഫലമായി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സ്ഥിതി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാക്കാൻ സഹായിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ.
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- വനിതാശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷാകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

- കേരളത്തിൽ ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- ശിശുമരണ നിരക്ക് 21 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.

- അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.

- ഹോം ഡെലിവറി 64 (2013)-ൽനിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.

- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)-ൽനിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.

- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.

- പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

- പോഷകാഹാര കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

(സി) ചില പട്ടികവർഗ്ഗക്കാർക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ കോളനികളിൽ പുറത്തുനിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കുമരുന്ന് മുതലായ ലഹരിവസ്തുക്കൾ വിതരണം ചെയ്യുന്നതും കോളനി നിവാസികളുടെ മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനുമായി ടി കോളനികളിലെ മദ്യപാനികളെ കണ്ടെത്തി അവർക്ക് ഇവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് സമിതിയും ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഇതുകൂടാതെ മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തുന്നതിനും അപ്രകാരമുള്ള കുട്ടികൾക്ക് മെഡിക്കൽ കൗൺസിലിംഗ് നടത്തുന്നതിനും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി ചികിത്സയും നൽകിവരുന്നു. കോളനികളിൽ ബോധവൽക്കരണത്തിന് വയനാട് ജില്ലയിൽ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരേയും നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത കോളനികളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.

## ചികിത്സാ ധനസഹായം

40 (759) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ ഇതേവരെ പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ചികിത്സ സഹായ നിധിയിൽ നിന്നും എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ആകെ അനുവദിച്ച തുക എത്രയെന്ന് ആലത്തൂർ മണ്ഡലത്തിലെ പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1149 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽ താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

| ക്രമ നമ്പർ | പഞ്ചായത്ത് | തുക |
|---|---|---|
| 1 | കുഴൽമന്ദം | 16,61,000 |
| 2 | തേങ്കുറുശ്ശി | 28,12,400 |
| 3 | ആലത്തൂർ | 45,80,681 |
| 4 | എരിമയൂർ | 35,71,000 |
| 5 | കിഴക്കഞ്ചേരി | 24,35,000 |
| 6 | വണ്ടാഴി | 28,52,500 |
| 7 | മേലാർകോട് | 12,05,000 |
| | ആകെ | 1,91,17,581 |

പട്ടികവർഗ്ഗ വിഭാഗത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ 5 പേർക്ക് ആകെ 75,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**ചികിത്സാ ധനസഹായം**

41(760) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിലെ എത്ര പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്; എത്ര രൂപയാണ് നൽകിയിട്ടുള്ളത്; വർഷം തിരിച്ച് ഇനം തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർക്ക് 32,09,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2016-17 | 47 | 523000 |
| 2017-18 | 70 | 1276000 |
| 2018-19 ജനുവരി24 വരെ | 74 | 1410000 |
| ആകെ | 191 | 3239000 |

പട്ടികവർഗ്ഗക്കാരിൽനിന്നും ആകെ ലഭ്യമായ 2400 അപേക്ഷകളിൽ ചികിത്സാ ധനസഹായമായി 86,75,103 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 2016-17 | 956 | 24,99,993 |
| 2 | 2017-18 | 766 | 32,06,375 |
| 3 | 2018-19 | 678 | 29,68,735 |
| | ആകെ | 2400 | 86,75,103 |

## ട്രൈബൽ ഹെൽത്ത് ഡയറക്ടറേറ്റ് രൂപീകരണം

42 (761) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രൈബൽ ഹെൽത്ത് ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് നടപടി സ്വീകരിക്കാനാകുമോ ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലക്ക് രണ്ടര ശതമാനം ജി.ഡി.പി. പെർ ക്യാപിറ്റക്ക് തുല്യമായ തുക 2018-19 -ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം അനുവദിച്ച തുകയിൽ പ്രാഥമിക ആരോഗ്യ മേഖലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയം സർക്കാർ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തിലെ മൊത്തം ജനസംഖ്യയിൽ പട്ടികവർഗ്ഗത്തിന്റെ ജനസംഖ്യാനുപാതം 1.45 ശതമാനം ആണ്. ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത വിഭാഗത്തിന് തുക അനുവദിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായി ബഡ്ജറ്റിൽ 2.83% തുക വകയിരുത്തിയിട്ടുണ്ട്. ജി.ഡി.പി. പെർ ക്യാപിറ്റയ്ക്ക് തുല്യമായ തുക നിലവിൽ വകയിരുത്തുന്നില്ല.

(സി) 2018-19-ലെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്കായി 24 കോടി 39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

43 (762) <u>ശ്രീ. അടൂർ പ്രകാശ്</u>:
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികൾ അവരുടെ ജീവിതനിലവാരത്തിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാക്കിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പട്ടികജാതി ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികൾക്കായി നടപ്പിലാക്കിയ വാത്സല്യ നിധി പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ വികസനപദ്ധതി ആ വിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിന് എത്രമാത്രം പ്രയോജനപ്രദമായി എന്ന് വിശദീകരിക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കിയിട്ടും പട്ടികവർഗ്ഗക്കാർക്കിടയിൽ ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശാക്തീകരണത്തിനും ജീവിത നിലവാരത്തിന്റെ ഉന്നമനത്തിനുമായി വിദ്യാഭ്യാസ പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ, സാമൂഹ്യക്ഷേമ പരിപാടികൾ, സാംസ്കാരിക പരിപാടികൾ, നിയമാധിഷ്ഠിത സേവനങ്ങൾ നൽകുക എന്നീ തരത്തിലുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾക്കൊണ്ട് ഈ ജനവിഭാഗത്തിനുണ്ടായ മാറ്റങ്ങളെ സംബന്ധിച്ച് വിശദ പഠനം നടത്തുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന സർക്കാർ സ്വയംഭരണ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് 1,38,000 രൂപ 4 ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ എൽ.ഐ.സി. ഓഫ് ഇന്ത്യയിൽ നിക്ഷേപിക്കുന്നു. 1-4-2017-നുശേഷം ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ മൂന്ന് ലക്ഷം രൂപയും അതിൽ കൂടുതലോ നൽകുന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

**ആദിവാസികളുടെ പരമ്പരാഗത ജീവിതശൈലിയിൽനിന്നുള്ള മാറ്റം**

44 (763) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. എം. ഉമ്മർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ഭക്ഷണശീലങ്ങളിൽനിന്നും ആരോഗ്യകരമായ ജീവിതശൈലിയിൽനിന്നും ഉള്ള മാറ്റം അട്ടപ്പാടിയിലുൾപ്പെടെയുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആദിവാസികളുടെ ആരോഗ്യത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നത് സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ ആദിവാസികളുടെ പരമ്പരാഗത ജീവിതരീതിയുമായി പൊരുത്തപ്പെടുന്നതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) പുതിയ ശീലങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെയാണ് ആരോഗ്യകരമായ ജീവിതശൈലിയുണ്ടായിരുന്നവരിൽ പോലും പോഷകാഹാരക്കുറവുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ആദിവാസിക്ഷേമം മുൻനിർത്തി ആസൂത്രണം ചെയ്യുന്ന സർക്കാർ പദ്ധതികൾ എല്ലാം തന്നെ പ്രസ്തുത മേഖലയുടെ പരമ്പരാഗത ജീവതരീതിയുമായും ആരോഗ്യശീലങ്ങളുമായും പൊരുത്തപ്പെടുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിനും നിലവിലെ പദ്ധതികളിൽ അപ്രകാരം അനിവാര്യമായ മാറ്റംവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ആദിവാസികളുടെ ഭക്ഷണശീലങ്ങളെ കുറിച്ച് ആധികാരിക പഠനം നടത്തിയിട്ടില്ല. പരമ്പരാഗത ഭക്ഷണശീലങ്ങളിൽനിന്നുള്ള മാറ്റം ആദിവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിഭാഗം ജനങ്ങളിൽ കണ്ടുവരുന്ന ജീവിതശൈലീരോഗങ്ങൾ ആദിവാസികളിലും കണ്ടുവരുന്നുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് പ്രാദേശികതലത്തിൽ വിളിച്ചുചേർക്കുന്ന ഊരുകൂട്ടങ്ങളിലാണ്. ഇവിടെ അവർ ഉന്നയിക്കുന്ന അവരുടെതന്നെ ആവശ്യങ്ങളാണ് വിവിധ പദ്ധതികളായി രൂപാന്തരം പ്രാപിക്കുന്നത്. ഇവയെ ജില്ലാതല സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ച് പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുകയാണ് നടന്നുവരുന്നത്. ഇത്തരത്തിൽ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത രീതിയുമായി പൊരുത്തപ്പെടുന്നതും അവരുടെ ജീവിതരീതിയുമായി പൊരുത്തപ്പെടുന്നതുമായ പദ്ധതികൾ തന്നെയാണ് നടപ്പിലാക്കിവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ള പദ്ധതി ആസൂത്രണ നയങ്ങളും നിബന്ധനകളും അനുസരിച്ച് പ്രാദേശിക തലത്തിൽ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രസ്തുത മേഖലയുടെ പരമ്പരാഗത ജീവിതരീതിയുമായും ആരോഗ്യ ശീലങ്ങളുമായും പൊരുത്തപ്പെടുന്ന പദ്ധതികളാണ് ഊരുകൂട്ടങ്ങളിൽ ഉന്നയിക്കുന്നതും ആയതിന് അനുസരിച്ച് ജില്ലാ/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതെന്നും ഉറപ്പ് വരുത്തിയിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാർക്കായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**

45 (764) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയശേഷവും അട്ടപ്പാടിയിൽ ശിശുമരണം ഉണ്ടാകുന്നു എന്നുള്ള വിഷയം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കിയ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പരാജയപ്പെട്ടത് ഏതുസാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച യൂണിസെഫ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണിത്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപ വരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ.

വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി എന്നീ സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിക്കുന്നു. ആശുപത്രിയിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രിയോട് അനുബന്ധിച്ചുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രി വികസന സമിതിയുടെ അധീനതയിലുള്ള മെഡിക്കൽ സ്റ്റോറുകളിൽനിന്നും ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽനിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽനിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽനിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തുനിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/വാഹന വാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150 രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200 രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു.

(ബി) തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു ശിശുമരണത്തിന്റെ പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

2016-ൽ 8-ഉം 2017-ൽ 14-ഉം 2018-ൽ ഇതുവരെ 13-ഉം ശിശുമരണങ്ങളാണുണ്ടായിട്ടുള്ളത്. ഈ മരണങ്ങളെല്ലാംതന്നെ പോഷകാഹാരക്കുറവുമൂലമല്ലെന്നും ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം കാരണമോ ആണ് സംഭവിച്ചതെന്ന് അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്.

(സി) കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടില്ല.

(ഡി) അട്ടപ്പാടിയിലെ ശിശുമരണങ്ങൾക്ക് പരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടുകൂടി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- വനിതാശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.

- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ ക്യാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.
- പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും മേൽ ആശുപത്രിയിൽ നടത്തിവരുന്നു.

ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

- അട്ടപ്പാടി മേഖലയിൽ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.
- അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6(2018) ആയി കുറഞ്ഞിട്ടുണ്ട്.
- ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.

പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.

## പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിന് വായ്പ

46 (765) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വസ്തുവിന്റെ ഈടിന്മേൽ ഭവന വായ്പയിനത്തിൽ ഒരു ലക്ഷം രൂപ പലിശരഹിത വായ്പാ പദ്ധതി പ്രകാരം അനുവദിച്ചുനൽകിയിരുന്നു. എന്നാൽ 2011-ന് ശേഷം ഈ പദ്ധതി പ്രകാരം അപേക്ഷകൾ ലഭ്യമായിട്ടില്ല. 2018-19 വർഷം പദ്ധതിക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഈ പദ്ധതി സജീവമല്ല. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

- വരുമാന പരിധി ഒരു ലക്ഷം രൂപയാണ്.
- വകുപ്പിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തവർക്കാണ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നത്.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അസ്സൽ പ്രമാണം, കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, തണ്ടപ്പേര് കണക്ക്, ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ടൈറ്റിൽ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പ്ലാൻ & എസ്റ്റിമേറ്റ്, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- 30%, 50%, 20% എന്ന നിരക്കിൽ വായ്പാ തുക വിതരണം ചെയ്യുന്നു.
- വായ്പാ തുകയുടെ അവസാന ഗഡു കൈപ്പറ്റി ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തിരിച്ചടവ് ആരംഭിക്കുന്നതാണ്.
- 240 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പ നൽകുന്ന ഒരു പുതിയ പദ്ധതി "ഞങ്ങളുടെ വീട്" ആരംഭിച്ചിട്ടുണ്ട്.

## കടക്കെണിയിൽ അകപ്പെട്ട പട്ടികജാതി വിഭാഗക്കാർ

47 (766) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടക്കെണിയിൽ അകപ്പെട്ട പട്ടികജാതി വിഭാഗക്കാർക്ക് ആശ്വാസമേകുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

30-3-2015-ലെ സ.ഉ.(പി)നമ്പർ 24/2015/പജപവവിവ. പ്രകാരം പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതിൽ 31-3-2010-ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്കുമാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.
2. ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളു.
3. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
4. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പാ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-3-2015 വരെയോ ഉള്ള പലിശ മാത്രമെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളൂ.

മേൽ പദ്ധതി പ്രകാരം ഈ സർക്കാർ വന്നശേഷം 88.53 കോടി രൂപ ചെലവഴിച്ചു. 69413 പട്ടികജാതി വിഭാഗക്കാർക്ക് ഇതിലൂടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

**ഭവനരഹിതരുടെ വിവരം**

48 (767) <u>ശ്രീ. എൽദോ എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായങ്ങളിലെ ഭൂരഹിതരുടെയും ഭവന രഹിതരുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഭാഗക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ പ്രകാരം എത്ര കുടുംബങ്ങൾക്ക് ഇവ നൽകാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>:- പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതരുടെ വിവരം 2009-ൽ നടത്തിയ സർവ്വേ പ്രകാരം 43282 ആയിരുന്നു. സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം നിലവിൽ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം കൈവശഭൂമിയുള്ള 15176 കുടുംബങ്ങൾ ഭവനരഹിതരായി ഉണ്ട്. 2009-ലെ സർവ്വേ പ്രകാരം ജില്ല തിരിച്ചുള്ള ഭൂരഹിത/ഭവനരഹിതരുടെ എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു. *

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>:- പട്ടികവർഗ്ഗ വികസന വകുപ്പിലെ ഭൂരഹിതരുടെയും ഭവനരഹിതരുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

<u>പിന്നോക്ക വിഭാഗ വികസന വകുപ്പ്</u>:- ഭൂരഹിത-ഭവനരഹിത ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

(ബി) <u>പട്ടികജാതി വികസന വകുപ്പ്:-</u> ഭൂരഹിത പുനരധിവാസ പദ്ധതിയിൻ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഡിസംബർ 31 വരെ 12164 പേർക്കു ഭൂമി നൽകി. ഭവനരഹിത പദ്ധതിയിൻ പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷം ലൈഫ് മിഷൻ മുഖേന 6130 വീടുകൾ അനുവദിച്ചിട്ടുള്ളതിനാൽ വകുപ്പിൽനിന്ന് പ്രത്യേകമായി അനുവദിച്ച് നൽകിയിട്ടില്ല. 2018-19 വർഷം പ്രളയത്തിൽ തകർന്ന 243 വീടുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:-</u> 2016-17 സാമ്പത്തിക വർഷം 6709 വീടുകൾ അനുവദിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ 6025 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 283 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

| വർഷം | ഭൂമി വാങ്ങി നൽകിയവരുടെ എണ്ണം |
|---|---|
| 2016-17 | 163 |
| 2017-18 | 94 |
| 2018-19 | 26 |
| ആകെ | 283 |

### വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

49 (768) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ എന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്ന അവസരത്തിൽ എടുത്ത കണക്ക് പ്രകാരം വയനാട് ജില്ലയിൽ 8271 ഭൂരഹിത കുടുംബങ്ങളാണ് ഉള്ളത്.

(ബി) മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ കീഴിൽ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 32 കൈവശ രേഖകൾ വിതരണം ചെയ്തു.

4-3-2016-ലെ സ.ഉ.(ആർ.ടി.)നമ്പർ 663/16/പജപവവിവ.പ്രകാരം വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണിമൂലം ദുരിതമനുഭവിക്കുന്ന കാക്കത്തോട് ചാടകപ്പുര, പുഴങ്കുനി (നൂൽപ്പുഴ), മാത്തൂർപൊയിൽ (പനമരം), വൈശ്യൻ കോളനി

(കോട്ടത്തറ), പാളക്കൊല്ലി (പുൽപ്പള്ളി), വെള്ളച്ചാൽ (ചീരാൽ) എന്നീ 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അനുമതി ലഭിച്ചിരുന്നുവെങ്കിലും ആ വർഷം തുക അനുവദിച്ച് നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5-11-2018-ൽ വയനാട് ജില്ലയിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 6 കോടി രൂപ വയനാട് ജില്ലയ്ക്ക് അനുവദിച്ച് നൽകിയിരുന്നു.

ഇതിൻപ്രകാരം വയനാട് ജില്ലയിൽ കൽപ്പറ്റ പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന വൈത്തിരി താലൂക്കിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 60 കുടുംബങ്ങൾക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിൽ പ്രളയക്കെടുതി ബാധിച്ച 91 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3-3-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 21/2018/പജപവവിവ. പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപടിക്രമം പാലിച്ച് ഭൂമി വാങ്ങി അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള (ലാന്റ് ബാങ്ക് പദ്ധതി) നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുപ്രകാരം വയനാട് ഐ.റ്റി.ഡി.പി. ഓഫീസിന്റെ പരിധിയിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭ്യമായ 103 ഭൂവുടമകളിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ ലാന്റ് ബാങ്ക് പദ്ധതിപ്രകാരം ലഭ്യമായ 52 അപേക്ഷകളിൽ പഞ്ചായത്തുതല ഫീൽഡ് പരിശോധന പൂർത്തിയാകുകയും പുനരധിവാസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ 33 അപേക്ഷകൾ ജില്ലാതല പരിശോധന കമ്മിറ്റിക്ക് കൈമാറുകയും ജില്ലാതല കമ്മിറ്റി സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വയനാട് ജില്ലയിൽ 103 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 85 ഏക്കർ ഭൂമിയുടെ കൈവശരേഖ നൽകിയിട്ടുണ്ട്. കൂടാതെ 7 ഗുണഭോക്താക്കൾക്കായി 3 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിൽ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി

50 (769) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കല്പറ്റ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക്,എത്ര ഏക്കർ ഭൂമി ആകെ നൽകിയിട്ടുണ്ട്;

(സി) വയനാട് ജില്ലയിൽ ആദിവാസികൾക്ക് നൽകുന്നതിനായി, പുതുതായി എത്ര ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്; മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ നൽകാമോ?

ഉത്തരം

(എ) 2013-ൽ പുനരധിവാസ മിഷൻ തയ്യാറാക്കിയ കണക്കുപ്രകാരം വൈത്തിരി താലൂക്കിൽ 2189 കുടുംബങ്ങളും മാനന്തവാടി മണ്ഡലത്തിൽ 2418 കുടുംബങ്ങളും സുൽത്താൻ ബത്തേരി മണ്ഡലത്തിൽ 3664 കുടുംബങ്ങളുമായി ആകെ 8271 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരാണ്.

(ബി&സി) വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കോളനികളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി വൈത്തിരി താലൂക്കിൽ 2.8488 ഹെക്ടർ ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ലഭിച്ച 12 അപേക്ഷകളിൽ അനുയോജ്യമായി കണ്ടെത്തിയ 2 അപേക്ഷകളിൽ 3.371 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

മാനന്തവാടി മണ്ഡലത്തിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭിച്ച അപേക്ഷയിൽ പഞ്ചായത്തുതല കമ്മിറ്റി പരിശോധനയിൽ 88.77 ഏക്കർ ഭൂമി പുനരധിവാസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ലാതല പരിശോധന നടന്നുവരുന്നതേയുള്ളൂ. ആയത് പൂർത്തിയായാൽ മാത്രമെ അന്തിമ കണക്ക് ലഭ്യമാകുകയുള്ളൂ.

സുൽത്താൻ ബത്തേരി മണ്ഡലത്തിൽ 34 ഏക്കർ ഭൂമി നിലവിൽ കണ്ടെത്തിയിട്ടുണ്ട്.

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ

51 (770) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 11474 ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമപ്രകാരവും നിക്ഷിപ്ത വനഭൂമി നൽകുന്ന പദ്ധതി പ്രകാരവും ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 3-3-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 21/2018/ പജപവവിവ. പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപടിക്രമം പാലിച്ച് ഭൂമി വാങ്ങി അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള (ലാന്റ് ബാങ്ക്) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഭൂമി വിതരണം സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതികൾ

52(771) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള പുനരധിവാസ പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) ചെങ്ങന്നൂർ നിവാസികളുടെ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) എത്ര പേർക്ക് വീടുകൾ നൽകിയിട്ടുണ്ടെന്നും ഇനി അനുവദിക്കേണ്ട വീടുകൾ എത്രയെന്നും അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പ്രളയത്തിൽ വീട് തകർന്ന പട്ടികജാതി വിഭാഗക്കാർക്ക് വീട് പുനർനിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 4 ലക്ഷം രൂപ അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 9 പേർക്ക് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം പുനർനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ടിയാൾക്കാർ ഒന്നാം ഗഡു കൈപ്പറ്റി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

മണ്ഡലത്തിൽ പ്രളയത്തിൽ വീട് തകർന്ന പട്ടികവർഗ്ഗക്കാർ ഇല്ല.

(ബി) പ്രളയത്തിൽ തകർന്ന് വാസയോഗ്യമല്ലാതായ വീടുകൾ പുനർനിർമ്മിക്കുന്നതിനായി ചെങ്ങന്നൂർ മണ്ഡലത്തിൽനിന്ന് 48 അപേക്ഷകൾ പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായിട്ടുണ്ട്.

(സി) ലഭ്യമായ 48 അപേക്ഷകളിൽ 9 പേർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 39 പേർക്ക് റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി

53(772) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി നൽകി; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 66,15,50,850 രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന നടപടി പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) പട്ടികജാതി വികസന വകുപ്പിൽ ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം വാങ്ങുന്ന ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തി വാങ്ങുകയാണ് ചെയ്യുന്നത്. വകുപ്പ് ഭൂമി കണ്ടെത്തി ഏറ്റെടുത്ത് വിതരണം ചെയ്യുന്നില്ല.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭൂമി വാങ്ങി നൽകുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിൽനിന്നും 103 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. നെടുമങ്ങാട് ബ്ലോക്കിൽ 12 ഗുണഭോക്താക്കൾക്കും വാമനപുരം ബ്ലോക്കിൽ 11 ഗുണഭോക്താക്കൾക്കും പോത്തൻകോട് ബ്ലോക്കിൽ 27 ഗുണഭോക്താക്കൾക്കും നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ 53 പേർക്കും ധനസഹായം നൽകിയിട്ടുണ്ട്.

## പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഭൂമി

54 (773) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ പ്രകാരം നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് നേരിട്ട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് കുറഞ്ഞത് 50 സെന്റ് കൃഷിഭൂമി വാങ്ങി അതിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി 50,000 രൂപ

സബ്സിഡിയോടുകൂടി, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 3 ലക്ഷം രൂപ നൽകുന്ന കൃഷിഭൂമി വായ്പാ പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്നു. തുടർന്ന് പരമാവധി 10 സെന്റ് വരെ സ്വന്തമായി ഭൂമിയുള്ളവരെക്കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 30 സെന്റ് കൃഷി ഭൂമി വാങ്ങി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിലേയ്ക്കായി, 50,000 രൂപ വരെ സബ്സിഡിയോടുകൂടി 5,00,000 രൂപ വരെ നൽകുന്ന പരിഷ്കരിച്ച പദ്ധതി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. പട്ടികജാതിയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങളായ ചക്ലിയൻ/അരുന്ധതിയാർ, വേടൻ, കള്ളാടി, നായാടി വിഭാഗങ്ങൾക്ക് 25 സെന്റിൽ കുറയാത്ത കൃഷി ഭൂമി വാങ്ങുന്നതിന് 10,00,000 രൂപ അനുവദിക്കുന്ന ഒരു പദ്ധതി ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിൻകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചു.

പട്ടികവിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് സ്വന്തമായുള്ള സ്ഥലത്ത് വീട് നിർമ്മിക്കുകയോ അഥവാ പുതിയ വീട് കരസ്ഥമാക്കുകയോ ചെയ്യുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഈ സർക്കാരിന്റെ കാലത്ത് "ഞങ്ങളുടെ വീട്" എന്ന പേരിൽ പുതിയ ഭവന വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം ഒരാൾക്ക് പരമാവധി 10,00,000 രൂപ വരെ അനുവദിക്കുന്നു.

(ബി) ദുർബല വിഭാഗങ്ങൾക്കുള്ള കൃഷിഭൂമി പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് 2.5 കോടി രൂപയും കൃഷിഭൂമി വായ്പാ പദ്ധതിക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കൃഷിഭൂമി വായ്പാ പദ്ധതി, ഭവന വായ്പാ പദ്ധതി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ജില്ല | കൃഷിഭൂമി വായ്പാ പദ്ധതി (തുക ലക്ഷത്തിൽ) | ഭവന വായ്പ |
|---|---|---|
| തിരുവനന്തപുരം | 20.00 | 7.00 |
| കോട്ടയം | 30.00 | 10.00 |
| കണ്ണൂർ | 5.00 | 0.00 |
| വയനാട് | 0.00 | 10.00 |
| ആകെ | 55.00 | 27.00 |

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

55 (774) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്രവികസനം ഇതിലൂടെ എത്രമാത്രം സാധ്യമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി എത്ര തുക അനുവദിച്ചുവെന്നും, അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്ര വികസനമാണ് അംബേദ്കർ ഗ്രാമം എന്ന പദ്ധതിയുടെ ലക്ഷ്യം. റോഡ്, കുടിവെള്ളം, വൈദ്യുതി, ഭവന നവീകരണം മുതലായ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിന് ഒരു കോടി രൂപയിൽ ഒതുങ്ങുന്ന പദ്ധതികൾ ആണ് നടപ്പാക്കുക.

(ബി) പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നതേയുള്ളൂ. അന്തിമ വിലയിരുത്തൽ നടത്തിയിട്ടില്ല. 40 പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ള സങ്കേതങ്ങളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി ലക്ഷ്യമിടുന്നത്. കോർപ്പസ് ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ SCSP-യിലും സമാന പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി അഡ്വാൻസ് ആയി 43 കോടി രൂപ അനുവദിച്ചു. പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ ലഭിച്ചു വരുന്നതേയുള്ളൂ.

**അംബേദ്കർ സ്വയം ഗ്രാമം പദ്ധതി**

56(775) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വയം ഗ്രാമം പദ്ധതിയിൻകീഴിൽ എത്ര കോളനികളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അംബേദ്ക്കർ സ്വയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഒരു കോളനിയിൽ എത്ര കുടുംബങ്ങൾ ഉണ്ടാവണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം; ഇത് കർശനമായി പാലിക്കപ്പെടുന്നതുകൊണ്ട് നവീകരിക്കപ്പെടേണ്ട പല കോളനികളും ഈ പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്ക്കർ സ്വയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരിങ്കാളി കോളനിയുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 268 കോളനികളെ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നാൽപതോ അതിലധികമോ കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(സി) 2019 മാർച്ച് 31-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

57(776) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) ഈ വർഷം കോളനി വികസനത്തിനുള്ള പദ്ധതി നിലവിലുണ്ടോ; മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ആയിക്കമത്ത് വിള കോളനി, ഐ.കെ.എസ്. കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുള്ളതാണ്.

(ബി) ആയിക്കമത്ത് വിള കോളനിയുടെ പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഐ.കെ.എസ്. കോളനിയുടെ എസ്റ്റിമേറ്റിൽ ഉള്ള ന്യൂനത പരിഹരിക്കുന്നതിനായി ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആയിക്കമത്ത് വിള കോളനിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. MOU ഒപ്പുവച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.കെ.എസ്. കോളനിയുടെ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമുള്ള എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം പ്രളയബാധിത കോളനികളുടെ പുനർനിർമ്മാണത്തിനാണ് പരിഗണന നൽകുന്നത്. 30 പട്ടികജാതി കുടുംബങ്ങളിലധികം ഉള്ളതും കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചതുമായ 90 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രളയബാധിത കോളനികളുടെ പുനർനിർമ്മാണം എന്ന പരിഗണനയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവുകൾ നൽകിയിട്ടുണ്ട്.

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

58 (777) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ താമസിക്കുന്നുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനപ്പെടുത്തി വിവരം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര അംഗീകൃത പട്ടികജാതി കോളനികളുണ്ട്; ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വിവരം നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി ജനസംഖ്യ

| ക്രമ നമ്പർ | പഞ്ചായത്ത് | ബ്ലോക്ക് | എണ്ണം |
|---|---|---|---|
| 1 | കടമ്പഴിപ്പുറം | ശ്രീകൃഷ്ണപുരം | 6960 |
| 2 | കരിമ്പുഴ | ശ്രീകൃഷ്ണപുരം | 6732 |
| 3 | പൂക്കോട്ടുകാവ് | ശ്രീകൃഷ്ണപുരം | 4300 |
| 4 | ശ്രീകൃഷ്ണപുരം | ശ്രീകൃഷ്ണപുരം | 3672 |
| 5 | ലക്കിടി | ഒറ്റപ്പാലം | 3582 |
| 6 | അമ്പലപ്പാറ | ഒറ്റപ്പാലം | 2930 |
| 7 | ഒറ്റപ്പാലം | ഒറ്റപ്പാലം | 5671 |
| 8 | തച്ചനാട്ടുകര | മണ്ണാർക്കാട് | 2107 |
| | | ആകെ | 35954 |

ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട 81 പേർ താമസിക്കുന്നു

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കടമ്പഴിപ്പുറം | 36 |
| 2 | കരിമ്പുഴ | 41 |
| 3 | ശ്രീകൃഷ്ണപുരം | 4 |
| | ആകെ | 81 |

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ 430 പട്ടികജാതി കോളനികൾ ഉണ്ട്.

| ക്രമ നമ്പർ | പഞ്ചായത്ത് | ബ്ലോക്ക് | എണ്ണം |
|---|---|---|---|
| 1 | കടമ്പഴിപ്പുറം | ശ്രീകൃഷ്ണപുരം | 59 |
| 2 | കരിമ്പുഴ | ശ്രീകൃഷ്ണപുരം | 52 |
| 3 | പൂക്കോട്ടുകാവ് | ശ്രീകൃഷ്ണപുരം | 48 |
| 4 | ശ്രീകൃഷ്ണപുരം | ശ്രീകൃഷ്ണപുരം | 41 |
| 5 | ലക്കിടി | ഒറ്റപ്പാലം | 58 |
| 6 | അമ്പലപ്പാറ | ഒറ്റപ്പാലം | 67 |
| 7 | ഒറ്റപ്പാലം | ഒറ്റപ്പാലം | 71 |
| 8 | തച്ചനാട്ടുകര | മണ്ണാർക്കാട് | 34 |
| | | ആകെ | 430 |

(സി) അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ അമരമംഗലം കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിക്കുകയും എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം

59 (778) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഏതെല്ലാം കോളനികളാണ് വകുപ്പുതല പദ്ധതികളായി ഏറ്റെടുത്തിട്ടുള്ളതെന്നും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അടിസ്ഥാനസൗകര്യ വികസനങ്ങളിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമവികസനം പദ്ധതിയും പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽനിന്ന് മണ്ണാറത്തറ, ചെറുമിക്കാട് എന്നീ പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. മണ്ണാറത്തറ കോളനിയുടെ അടങ്കൽ തുക 75,48,000 രൂപയും ചെറുമക്കാട് കോളനിയുടെ അടങ്കൽ തുക 46,10,500 രൂപയുമാണ്.

(സി) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാലിത്തറ കോളനി (റോഡ് നിർമ്മാണം- 10 ലക്ഷം രൂപ) കുഴിവേലിത്തറ കോളനി (റോഡ് നിർമ്മാണം- 10 ലക്ഷം രൂപ) മുട്ടംപാട്ട് കരിപ്പുറം കോളനി (റോഡ് ടാറിംഗ്- 25 ലക്ഷം രൂപ) എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 2018-19 സാമ്പത്തികവർഷം പദ്ധതികളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല.

**തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

60 (779) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ എടുത്തുവെച്ചകല്ല്, കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ആതാടിക്കുന്ന് എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ട് കോളനികളെയും സംബന്ധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

61 (780) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; ഇവയ്ക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) 2016-17-ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂഴിക്കുന്ന്, ഭാസ്കർ നഗർ കോളനികളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും ഭാസ്കർ നഗർ, പൂഴിക്കുന്ന് പനവിളാകം എന്നീ രണ്ട് കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഒരു കോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(ബി) 2016-17-ൽ തെരഞ്ഞെടുക്കപ്പെട്ട പൂഴിക്കുന്ന് പട്ടികജാതി കോളനിയിലെ കൾവർട്ടിന്റെ സ്കെച്ച് ഇറിഗേഷൻ വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചിട്ടില്ല. ഭാസ്കർ നഗർ കോളനിയിലെ നിർമ്മാണം പുരോഗമിക്കുന്നു.

(സി) 2019 മാർച്ചിന് മുൻപ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

62 (781) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭയിലും അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലുമായി എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത്, നഗരസഭ എന്നിവ തിരിച്ച് ഓരോ പ്രദേശത്തും എത്ര കോളനികൾ ഉണ്ടെന്നും ഓരോ കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്നും വിശദീകരിക്കാമോ;

(സി) നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾക്ക് 2016 ജനുവരി മുതൽ 2018 ഡിസംബർ വരെ ഏതൊക്കെ തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ പേരുവിവരം വിശദീകരിക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/നഗരസഭ | പട്ടികജാതി കോളനികളുടെ എണ്ണം |
|---|---|---|
| 1 | നെയ്യാറ്റിൻകര നഗരസഭ | 18 |
| 2 | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | 26 |
| 3 | തിരുപുറം പഞ്ചായത്ത് | 5 |
| 4 | ചെങ്കൽ പഞ്ചായത്ത് | 8 |
| 5 | കാരോട് പഞ്ചായത്ത് | 7 |
| 6 | കുളത്തൂർ പഞ്ചായത്ത് | 6 |

(ബി) കോളനികളുടെയും കുടുംബങ്ങളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/നഗരസഭ | കോളനികളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | നെയ്യാറ്റിൻകര നഗരസഭ | 18 | 416 |
| 2 | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | 26 | 300 |
| 3 | തിരുപുറം പഞ്ചായത്ത് | 5 | 313 |
| 4 | ചെങ്കൽ പഞ്ചായത്ത് | 8 | 1085 |
| 5 | കാരോട് പഞ്ചായത്ത് | 7 | 725 |
| 6 | കുളത്തൂർ പഞ്ചായത്ത് | 6 | 590 |

(സി) അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഭാസ്കർ നഗർ കോളനിയെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുകയും വിവിധ നിർമ്മാണ പ്രവൃത്തികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. 2016 ജനവരി മുതൽ 2018 ഡിസംബർ വരെ നെയ്യാറ്റിൻകര നഗരസഭ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നിവിടങ്ങളിലെ കോളനികളിൽ പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ സ്ത്രീകൾക്കെതിരെയുള്ള അക്രമം

63 (782) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് അനുസരിച്ച് സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമവും പീഡനവും വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്കെതിരെയുള്ള ക്രൈം കേസുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇത്തരം കേസുകളിൽ പ്രതിയാകുന്നവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുവാൻ കാലതാമസം കൂടാതെ കുറ്റപത്രം സമർപ്പിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകുവാൻ പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) POA Act-ലെയും Rule-ലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസന്വേഷണങ്ങൾ 60 ദിവസത്തിനകവും കോടതി നടപടികൾ കഴിയുന്നത്ര 3 മാസത്തിനകവും പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കേസന്വേഷണത്തിന്റെയും കോടതിയിലെ ട്രയൽ നടപടികളുടേയും പുരോഗതി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടേയും സംസ്ഥാനതലത്തിൽ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടേയും അദ്ധ്യക്ഷതയിൽ 3 മാസത്തിലൊരിക്കൽ വിലയിരുത്തുകയും യഥാസമയം കുറ്റപത്രം സമർപ്പിക്കുന്നു എന്നത് ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

**തയ്യേനിയിൽ തുല്യതാ പഠനകേന്ദ്രം**

64 (783) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തയ്യേനി, കുമ്പൻകുന്ന് കോളനികളിലെയും സമീപ പ്രദേശങ്ങളിലെയും പട്ടികജാതി പട്ടികവർഗ്ഗ പഠിതാക്കൾക്ക് ചിറ്റാരിക്കൽ പ്രദേശത്തുള്ള തുല്യതാ പഠന കേന്ദ്രത്തിലേക്ക് കിലോമീറ്ററുകൾ താണ്ടി എത്താൻ കഴിയാത്തതിനാൽ തയ്യേനിയിൽ തുല്യതാ പഠനകേന്ദ്രം അനുവദിക്കുന്നതിനും പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

തയ്യേനിയിൽ തുല്യതാപഠനകേന്ദ്രം ആവശ്യമെങ്കിൽ ജില്ലാസാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് ഇതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**പട്ടിക വിഭാഗങ്ങളുടെ വിദ്യാഭ്യാസ പദ്ധതി**

65 (784) <u>ശ്രീ. ഐ. സി .ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ പദ്ധതിയിൽ ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) എസ്.സി.പി.-യിലും, ടി.എസ്.പി.-യിലും ഈ സാമ്പത്തിക വർഷം ആവശ്യത്തിനു തുക വകയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുകയിൽ ഭൂരിഭാഗവും വിദ്യാർത്ഥികൾക്കുള്ള ധനസഹായമായിരിക്കെ അവർക്ക് ലംപ്സംഗ്രാന്റും മറ്റാനുകൂല്യങ്ങളും നൽകുന്നതിനു കാലതാമസം ഉണ്ടാകാൻ കാരണമെന്തെന്ന് അറിയിക്കുമോ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളുടെ നിലവാരം ശോചനീയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഹോസ്റ്റലുകളുടെ നവീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടിക വിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ പദ്ധതിയിൽ ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു:

<u>പട്ടികജാതി വികസന വകുപ്പ്</u>

1. പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു. [23-7-2016-ലെ സ.ഉ. (പി)4/2016/പജപവവിവ.]

2. ലാപ്ടോപ് ധനസഹായ പദ്ധതിയിൽ പുതിയതായി polytechnic, Bsc Computer Science, MBBS, BAMS, BHMS, BVSC & AH, MBA, B.Arch, Msc Electronics, Mphil, PhD. കോഴ്സുകളെക്കൂടി ഉൾപ്പെടുത്തി.

3. Btech വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ Remedial Coaching നൽകുന്ന പദ്ധതി നടപ്പിലാക്കി.

4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.

5. 5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് കണ്ടെത്തുന്നതിനായി 2,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

6. വിദേശ പഠന ധനസഹായ സ്കീം മാർഗ്ഗരേഖ പുറത്തിറക്കി.

7. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് 2,00,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവിഭാഗങ്ങൾക്കായുള്ള വിദ്യാഭ്യാസ പദ്ധതിയിൽ ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

(1) ഗോത്രബന്ധു പദ്ധതി

പട്ടികവർഗ്ഗത്തിൽപ്പെട്ട അധ്യാപകയോഗ്യതയുള്ള യുവതീ-യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു. അട്ടപ്പാടിയിൽ 26 പേരെയും നിയമിച്ചു.

(2) സാമൂഹ്യപഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠനമുറികൾ ആരംഭിച്ചു.

(3) സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു.

(4) ലാപ്ടോപ് വിതരണം

ലാപ്ടോപ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻപ്രകാരം 468 കുട്ടികൾ ലാപ്ടോപ് വിതരണത്തിന് അർഹരായിട്ടുണ്ട്.

(5) <u>സമഗ്ര സാക്ഷരതാ പദ്ധതി</u>

പട്ടികവർഗ്ഗ കോളനികളിൽ സാക്ഷരതാ മിഷൻ മുഖേന പഠനക്ലാസ്സുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യതാ പരീക്ഷയ്ക്ക് പട്ടികവർഗ്ഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(6) <u>നൈപുണ്യവികസന പദ്ധതികൾ</u>

ഐ.ടി. പരിശീലനം നൽകുന്നതിന് സെന്റർ ഫോർ എക്സലൻസ് സ്ഥാപനം, ആധുനിക വസ്ത്രനിർമ്മാണം, എൻ.റ്റി.റ്റി.എഫ്. മുഖേന ഇലക്ട്രോണിക് അനുബന്ധ കോഴ്സുകൾ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST), ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ECIL), എത്തിയോസ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന തൊഴിൽ പരിശീലനം നൽകുന്നു.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

SCP-യിൽ 2018-19 വർഷം വിദ്യാഭ്യാസത്തിന് വകയിരുത്തിയിരിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Scheme & HOA | Budget estimates in Lakhs |
|---|---|---|
| 1 | Management of MRS (2225-1-277-58) | 1500 |
| 2 | Assistance for Education of SC Students (2225-1-277-57) | 30549 |
| 3 | Additional State Assistance to post matric Studies(2225-1-277-53) | 1500 |
| 4 | Construction of Boys Hostel (State Scheme 50 %)(4225-1-277-98) | 125 |
| 5 | Assistance for Education of SC Students<br>(4225-1-277-89) (4225-1-277-88) | 7500<br>2500 |

CSS (100% Central Assistance)

| Sl. No. | Scheme & HOA | Budget estimates in Lakhs |
|---|---|---|
| 1 | Post Matric Scholarship (SC) (2225-01-277-98) | 15000 |
| 2 | Upgradation of Merit (2225-01-277-75) | 20 |
| 3 | Construction of Girls Hostels (Post Matric) (4225-01-277-91) | 400 |
| 4 | Prematric Scholarship for students (2225-01-277-59) | 2200 |
| 5 | Pre matric Scholarship (Unclean Occupation) (2225-01-277-55) | 50 |
| 6 | Construction of Boys Hostel (4225-01-277-98) | 125 |

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

വകയിരുത്തിയിട്ടുണ്ട്. വിവിധ വിദ്യാഭ്യാസ പദ്ധതികൾക്കായി പ്ലാൻ ശീർഷകത്തിൽ 19,606 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 5514.02 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) <u>പട്ടികജാതി വികസന വകുപ്പ്</u>

പോസ്റ്റ്മെട്രിക്/പ്രീമെട്രിക് ലംപ്സംഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും കാലതാമസമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പ്രീ-മെട്രിക് വിഭാഗത്തിനുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അതത് വിദ്യാലയങ്ങൾ മുഖേനയാണ് നൽകിവരുന്നത്. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്ലെയിം ചെയ്യുന്നമുറയ്ക്ക് വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്കും നൽകിവരുന്നു. ആയവ നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല.

(ഡി) <u>പട്ടികജാതി വികസന വകുപ്പ്</u>

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ ഹോസ്റ്റലുകൾ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നവയാണ്.

വകുപ്പുതല ഉദ്യോഗസ്ഥൻമാർ സർക്കാർ നിർദ്ദേശമനുസരിച്ച് കൃത്യമായ ഇടവേളകളിൽ MRS ഹോസ്റ്റലുകൾ സന്ദർശിക്കുകയും ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ഹോസ്റ്റലുകൾ നവീകരിക്കുന്നതിനും സമയബന്ധിതമായ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

എല്ലാ ഹോസ്റ്റലുകളിലും ടി.വി., ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ, ഗ്രൈൻഡർ, മിക്സി, കമ്പ്യൂട്ടർ, ബയോഗ്യാസ് പ്ലാന്റ്, വാഷിംഗ് മെഷീൻ, കൊതുകുവല തുടങ്ങിയ അത്യാവശ്യ സാധനങ്ങൾ/ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാത്ത്റൂം, ടോയ്ലെറ്റ് എന്നിവയ്ക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സി.സി.ടി.വി. സ്ഥാപിച്ചു.
2. എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകംചെയ്യുന്നതിന് എം.ആർ.എസ്.-കളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി.
3. ഹോസ്റ്റലുകളിലെ ഖര ദ്രാവക മാലിന്യങ്ങൾ സംസ്കരണം ചെയ്യുന്നതിനുള്ള ഖര/ദ്രാവക മാലിന്യസംസ്കരണ പ്ലാന്റ് പദ്ധതി.
4. എം.ആർ.എസ്.-കളിൽ വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

## പഠനമുറി പദ്ധതി

66(785) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പഠനമുറി പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാർ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പഠനമുറികൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ നിലവിലുള്ള 800 സ്ക്വയർ ഫീറ്റ് വരെ വലിപ്പമുള്ള വീടിനൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ടി തുക ഉപയോഗിച്ച് 120 സ്ക്വയർഫീറ്റ് വലിപ്പത്തിൽ റൂം നിർമ്മിച്ച് വാതിലും ജനലുകളും സ്ഥാപിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവരുകൾ പ്ലാസ്റ്ററിംഗ് നടത്തുന്നതിനും തറ ടൈൽ പാകുന്നതിനും പുസ്തകം സൂക്ഷിക്കുന്നതിന് ഭിത്തി അലമാര സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് ഉറപ്പാക്കി ധനസഹായം നൽകുന്നു.

തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കാത്ത ഇടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പദ്ധതിയുടെ വരുമാനപരിധി 1,00,000 രൂപയാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയും ജാതി, വരുമാനം, കൈവശാവകാശം/ഉടമസ്ഥാവകാശം എന്നിവ തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, ആധാർ, വിദ്യാർത്ഥിയുടെ സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) മണലൂർ മണ്ഡലത്തിൽ 134 പേർക്ക് പഠനമുറി പദ്ധതിപ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി

67(786) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര പേർക്ക് പഠനമുറി നിർമ്മിച്ചുനൽകിയിട്ടുണ്ട്; ഇതിനായി എത്രരൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

### ഉത്തരം

വകുപ്പ് നടപ്പിലാക്കിവരുന്ന പഠനമുറി പദ്ധതിപ്രകാരം വിവിധ ജില്ലകളിലായി 11540 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2017-18 വർഷം 6623 പേർക്കും 2018-19 വർഷം 5000 പേർക്കും പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആദ്യവർഷം നൽകിയതിൽ 3362-ഉം രണ്ടാംവർഷം 6-ഉം പൂർത്തിയായി. ഇതിനായി 2017-18 വർഷം 56,53,11,250 രൂപയും 2018-19 വർഷം നാളിതുവരെ 86,46,31,633 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## നെടിയിരിപ്പ് ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂൾ കെട്ടിടം

68 (787) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പ് കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ നെടിയിരിപ്പ് ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിച്ച 194 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതുവരെയും പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നടപടിക്രമം പൂർത്തിയാക്കി ഈ കെട്ടിടത്തിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) നെടിയിരിപ്പ് ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് 3-5-2018-ലെ സ.ഉ. (സാധാ) നമ്പർ 568/2018 പ്രകാരം 191 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. സിഡ്കോയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് അനുമതി നൽകുന്നതിനുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം**

69 (788) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ സ്കൂൾപഠനം പൂർത്തിയാക്കാതെ നിർത്തിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗോത്രവർഗ്ഗ കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുവാൻ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി വിജയപ്രദമാണോ;

(സി) പ്രസ്തുത കുട്ടികളെ പഠിപ്പിക്കുന്നതിന് അവരുടെ ഭാഷ സംസാരിക്കുന്ന അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സാമൂഹ്യ പഠനമുറി സംവിധാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൈമറിതല വിഭ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ വയനാട് ജില്ലയിൽ ഗോത്രബന്ധു പദ്ധതി വിജയപ്രദമാണ്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലയിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്ഥാപിച്ച സാമൂഹ്യപഠനമുറി സംവിധാനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്താകെ 100 സാമൂഹ്യപഠനമുറികൾ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കാസർഗോഡ് | - | 5 |
| കണ്ണൂർ | - | 5 |
| വയനാട് | - | 25 |
| കോഴിക്കോട് | - | 3 |
| മലപ്പുറം | - | 7 |
| തൃശ്ശൂർ | - | 2 |
| പാലക്കാട് | - | 25 |
| ഇടുക്കി | - | 15 |
| എറണാകുളം | - | 3 |
| പത്തനംതിട്ട | - | 3 |
| കൊല്ലം | - | 2 |
| തിരുവനന്തപുരം | - | 5 |
| | | 100 |

മേൽപ്പറഞ്ഞ സാമൂഹ്യപഠനമുറികളുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിയതിനുശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളിലും മാതാപിതാക്കളിലും വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും സ്കൂളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും കൃത്യസമയത്ത് എത്തിച്ചേരുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്കുള്ള പദ്ധതികൾ

70 (789) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ എണ്ണവും പേരുവിവരവും വിദ്യാഭ്യാസ യോഗ്യതയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സർക്കാർ/അർദ്ധസർക്കാർ മേഖലയിൽ ജോലി നേടുവാൻ ഇവരെ പ്രാപ്തരാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ പ്രസ്തുത നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 280 യുവജനങ്ങൾ ഉണ്ട്. അവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ വിവരം ക്രോഡീകരിച്ച് ലഭ്യമല്ല.

(ബി) സർക്കാർ/അർദ്ധസർക്കാർ മേഖലയിൽ ജോലി നേടാൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി വിഭാത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സരപ്പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന്റെ സേവനം പീരുമേട് നിയോജകമണ്ഡലത്തിലെ യുവജനങ്ങൾക്കും പ്രയോജനപ്പെടുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പീരുമേട് നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ യുവാക്കളെ സർക്കാർ/ സർക്കാരിതര ഉദ്യോഗങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പീരുമേട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന SPICES (Smart Peerumedu Integrated and Comprehensive Education Scheme) എന്ന NGO പീരുമേട് മാർ ബസേലിയോസ് കോളേജ് ഹോസ്റ്റലിൽ 2018 ജനുവരി 26-28 വരെ സംഘടിപ്പിച്ച ഒരു ക്യാമ്പിൽ 88 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. എസ്.സി.എ.ടു ടി.എസ്.പി.-യിൽനിന്നും 82,412 രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുകയുണ്ടായി.

## ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥ

71 (790) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന ജാതിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടും രണ്ട് അയൽസാക്ഷി മൊഴിയും നൽകിയാൽ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുമോ; വിശദാംശം നൽകാമോ;

(ബി) മാതാപിതാക്കളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ മക്കൾക്ക് അവരുടെ ആരുടെ ജാതി വേണമെങ്കിലും സ്വീകരിക്കാമെന്ന 20-11-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 109/2008/എസ്.സി. /എസ്.ടി. പ്രകാരം വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും അയൽ സാക്ഷിമൊഴിയും നൽകിയാൽ പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുമോ;

(സി) മാതാപിതാക്കളുടെ കൺവെർട്ട് ഗസറ്റ് വിജ്ഞാപനം, മക്കളുടെ എസ്.എസ്.എൽ.സി. ബുക്ക്, വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, അയൽ സാക്ഷിമൊഴി, ചേരമർ സംഘത്തിന്റെ കത്ത്, മുൻപ് വാങ്ങിയ റവന്യൂ അധികാരിയുടെ ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടും ഹിന്ദു ചേരമർ സർട്ടിഫിക്കറ്റ് നൽകുന്നതിനുതടസ്സം ഉണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) 1996-ലെ കേരള (പട്ടികജാതി/പട്ടികവർഗ്ഗ) സമുദായ സാക്ഷ്യപത്രം അനുവദിക്കൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് പട്ടികവിഭാഗക്കാർക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. താലൂക്ക് തഹസിൽദാരാണ്

സാക്ഷ്യപത്രം നൽകാൻ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം നൽകുമ്പോൾ അദ്ദേഹത്തിന് അപേക്ഷകന്റെ ജാതി സംബന്ധിച്ച വ്യക്തമായ തെളിവുകൾ അന്വേഷണത്തിലൂടെ ശേഖരിക്കാവുന്നതാണ്. സംശയമുള്ള അവസരങ്ങളിൽ കിർത്താഡ്സിന്റെ ഉപദേശം തേടാവുന്നതുമാണ്. ജാതി നിർണ്ണയം സംബന്ധിച്ച തർക്കങ്ങളുണ്ടെങ്കിൽ സ്കൂട്ടിനി കമ്മിറ്റിയുടെ മുമ്പാകെ അവതരിപ്പിച്ച് പരിഹാരം തേടാവുന്നതാണ്. എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയ ജാതിയുടെ മാത്രം അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതല്ല.

(ബി) 20-11-2008-ലെ ജി.ഒ.(എം.എസ്.) 109/08/ പജപവവിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മിശ്രവിവാഹിതരുടെ മക്കളുടെ ജാതി നിർണ്ണയിക്കുമ്പോൾ ഓരോ കേസും പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. ഇവർ അനുഭവിക്കുന്ന സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, ജീവിതസാഹചര്യം, ഇവർ അവകാശപ്പെടുന്ന സമുദായം ടിയാളെ സമുദായാംഗമായി അംഗീകരിക്കുന്നുണ്ടോ എന്നിവകൂടി കണക്കിലെടുത്താണ് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നത്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിന്റെ സാമൂഹിക അവശത അനുഭവിക്കുന്നുണ്ടെങ്കിൽ മാത്രമെ അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിന് അർഹത ഉണ്ടാവുകയുള്ളൂ.

## പട്ടികജാതി വികസന ഓഫീസർമാരുടെ നിയമനം

72 (791) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഒരേസമയം ബ്ലോക്കുകളുടെയും നഗരസഭകളുടെയും ഇരട്ടച്ചുമതല വഹിക്കുന്നത് കാരണം നിലവിലുള്ള ഓഫീസർമാർക്കുള്ള പ്രയാസങ്ങളും ഭരണപരമായ കാലതാമസവും ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലയിൽ തസ്തിക ഒഴിവുള്ള ബ്ലോക്കുകളിലും നഗരസഭകളിലും പട്ടികജാതി വികസന ഓഫീസർമാരെ നിയമിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം യഥാവിധി ചെലവഴിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. മലപ്പുറം ജില്ലയിൽ നിലവിലുള്ള 12 നഗരസഭകളിൽ, പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ള 2 നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ നിയമനം നടത്തിയിട്ടുണ്ട്. മറ്റ് നഗരസഭകളിൽ തൊട്ടടുത്തുള്ള ബ്ലോക്കിലെ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിവരുന്നു.

(ബി&സി) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ക്രോഡീകരിച്ച ശിപാർശ സമർപ്പിക്കാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗം

73 (792) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; കോളനിതിരിച്ച് ഇവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ, ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതി

74 (793) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കുടിവെള്ള പദ്ധതികളിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

2018-19 കോർപ്പസ് ഫണ്ട് പദ്ധതിയിൽ വർക്കല നിയോജക മണ്ഡലത്തിലെ എടവ ഗ്രാമപഞ്ചായത്തിൽനിന്നും തെരഞ്ഞെടുത്ത 7 കുടിവെള്ള പദ്ധതികൾക്കായി 22,19,363 രൂപ ഏജൻസിയായ ആറ്റിങ്ങൽ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു.

**ഗോത്രബന്ധു പദ്ധതി**

75(794) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആവിഷ്കരിച്ച ഗോത്ര ബന്ധു പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അട്ടപ്പാടി മേഖലയിലെ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്;

(സി) ഇതിനായി പട്ടികവിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".

വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2018-19 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 111 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) അട്ടപ്പാടി മേഖലയിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലാണ് 2018-19 വർഷം ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഉണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപക യോഗ്യതയുള്ള യുവതീ യുവാക്കളെയാണ് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്. ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 2017-18 അദ്ധ്യയന വർഷം 241 പേരെ നിയമിച്ചു.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 മെന്റർ ടീച്ചർമാരെ 2018-19 അധ്യയന വർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.

## സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ

76 (795) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ആദിവാസി/പട്ടികവർഗ്ഗ മേഖലകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലകളിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ആദിവാസി/പട്ടികവർഗ്ഗ മേഖലകൾ താഴ പറയുന്നു:

<u>പെരിങ്ങമല പഞ്ചായത്ത്</u>

1. പോട്ടോമാവ്
2. കലയപുരം
3. താന്നിമൂട്
4. പാമ്പുചത്തമണ്ണ്
5. കുറുപ്പൻകാല
6. മങ്കയം

7. വിട്ടിക്കാവ്
8. കൊന്നമൂട്
9. ഈയ്യക്കോട്
10. കല്ലണ
11. ചെന്നെല്ലിമൂട്
12. കാട്ടിലക്കുഴി
13. ഇലഞ്ചിയം
14. ഞാറനീലി
15. ഊറാംമൂട്
16. ആലുംമൂട്
17. ഒരുപറക്കരിക്കകം
18. പന്നിയോട്ടുകടവ്.

<u>നന്ദിയോട് പഞ്ചായത്ത്</u>

1. പ്രാമല കരിക്കകം
2. വട്ടപ്പൻകാട്
3. ചൂടൽമൺപുറം
4. ഭദ്രംവച്ചപാറ
5. മാങ്കുഴി
6. കിടാരക്കുഴി
7. നാഗര
8. പച്ചമല
9. മണലയം
10. മരുതംമൂട്
11. കുഴിയം
12. പനയമുട്ടം
13. ചെറ്റപ്പാട്.

<u>പാങ്ങോട് പഞ്ചായത്ത്</u>

1. ചെട്ടിയെക്കൊന്നകയം
2. തോട്ടുംപുറം
3. അഞ്ചാനക്കുഴിക്കര
4. വാഴോട്ടുകാല
5. കൊച്ചുടപ്പുപാറ
6. കക്കോട്ടുകുന്ന്.

<u>പുല്ലമ്പാറ പഞ്ചായത്ത്</u>

വേങ്കമല.

(ബി&സി) KMSCL മുഖേന പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഞ്ചരിക്കുന്ന വൈദ്യസഹായ യൂണിറ്റിന്റെ സേവനം വാമനപുരം മണ്ഡലത്തിലെ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ലഭ്യമാകുന്നുണ്ട്.

## ചേലക്കര മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം

77 (796) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ചേലക്കര മണ്ഡല പരിധിയിൽ വരുന്ന പഴയന്നൂർ, വടക്കാഞ്ചേരി പട്ടികജാതി വികസന ആഫീസുകൾ മുഖേന എത്രപേർക്ക് പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ചികിത്സാസഹായ നിധിയിൽനിന്നും ചികിത്സാധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഓരോ ആഫീസ് പരിധിയിലെയും കണക്കുകൾ പ്രത്യേകം വ്യക്തമാക്കുമോ;

(ബി) എത്രകോടി രൂപയാണ് ഇത്രയും പേർക്കായി അനുവദിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആകെ 1270 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. പഴയന്നൂരിൽ 151 പേർക്കും വടക്കാഞ്ചേരിയിൽ 1119 പേർക്കും തുക അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 1,95,97,000 രൂപ അനുവദിച്ചിട്ടുണ്ട്. പഴയന്നൂർ - 151 പേർക്ക് 22,67,500 രൂപ വടക്കാഞ്ചേരി - 1119 പേർക്ക് 1,73,29,500 രൂപ.

## കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

78 (797) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

2016-17 വർഷത്തിൽ കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ചത്

1. തെക്കേ വയൽ കോളനി റോഡ് നിർമ്മാണം, കുഞ്ഞിമംഗലം
2. പട്ടുവം പണിങ്ങാറെച്ചാൽ കുടിവെള്ള പദ്ധതി, പട്ടുവം.
3. കുറ്റിയേരി പാറക്കടവ് കോളനി കുടിവെള്ള പദ്ധതി, പട്ടുവം
4. കയ്യംതടം കോളനി കുടിവെള്ള പദ്ധതി, പട്ടുവം

2018-19 വർഷത്തിൽ കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ചത്

1. കുളവയൽ കോളനി കുടിവെള്ള പദ്ധതി, ഏഴോം.
2. വെടിയപ്പൻചാൽ കോളനി കുടിവെള്ള പദ്ധതി, ഏഴോം.
3. അരയോളം കുറ്റിക്കോട് കോളനി കുടിവെള്ള പദ്ധതി, ഏഴോം.
4. മാടാടിപ്പാറ സുനാമി കോളനി കുടിവെള്ള പദ്ധതി, മാടായി.

അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കിയ കോളനികൾ

1. വെടിയപ്പൻചാൽ കോളനി, ഏഴോം.
2. പുഞ്ചവയൽ കോളനി, കണ്ണപുരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരുംതന്നെ താമസിക്കുന്നില്ല. കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ കല്ല്യാശ്ശേരി

നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും ഈ സ്കൂളിലും നടപ്പിലാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

സ്കൂളിലെ യു.പി. സ്കൂൾ, ഹൈസ്കൂൾ വിഭാഗത്തിലുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾക്ക് 1,91,32,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇലക്ട്രിക്കൽ വർക്ക് പൂർത്തിയാക്കാൻ ശേഷിക്കുന്നുണ്ട്.

ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾക്ക് 54,60,000 രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചു.

സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചു.

സ്കൂളിലെ വിദ്യാർത്ഥികളുടെ കായിക അഭിവൃദ്ധിക്കായി മൾട്ടിപർപ്പസ് പ്ലേഗ്രൗണ്ട് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചു.

ഹൈസ്കൂൾ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് എൻ.എസ്.എസ്. തുടങ്ങിയ പദ്ധതികൾ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നുണ്ട്.

സ്കൂളിലുള്ള ബിൽഡിംഗ് അറ്റകുറ്റപ്പണികൾക്കായി 9,20,000 രൂപ അനുവദിച്ചിട്ടുണ്ട്.

സ്കൂളിൽ മോഡേനൈസ് സയൻസ് എക്സ്പെരിമെന്റ് കിറ്റ് ലഭ്യമാക്കി. ഡിജിറ്റൽ ക്ലാസ് റൂം, സി.സി.ടി.വി., മിനി മാസ്റ്റ് ലൈറ്റ് 4 എണ്ണം, റേഡിയോ സ്റ്റേഷൻ, ജല ശുദ്ധീകരണ പ്ലാന്റ്, അടുക്കളയിൽ സ്റ്റീമർ എന്നിവ സ്ഥാപിച്ചു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ കമ്പ്യൂട്ടർ ലാബ് ആരംഭിച്ചു. സ്കൂളിൽ ശാസ്ത്രബോധിനി പ്രോജക്ട് നടപ്പിലാക്കി. ഡിജിറ്റൽ ലൈബ്രറിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

സ്കൂളിലെ വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ്, ക്വിസ് മത്സര പരിശീലനം, ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ക്ലാസ്സുകൾ, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകൽ തുടങ്ങിയവ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നുണ്ട്.

## മുസ്ലീം വ്യക്തി നിയമം

79(798) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ് 2018 എന്ന പേരിൽ 21-12-2018-ലെ സ.ഉ.(പി)13/2018/നിയമം ആയി (എസ്.ആർ.ഒ. നമ്പർ 920/2018) 1937-ലെ മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) അപ്ലിക്കേഷൻ ആക്ട് എന്ന കേന്ദ്ര നിയമത്തിന് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) 1937-ലെ കേന്ദ്ര നിയമത്തിന് 81 വർഷങ്ങൾക്ക് ശേഷം ചട്ടങ്ങൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്താണ്;

(സി) വിവാഹം, ഇഷ്ടദാനം, വഖഫ്, അനന്തരാവകാശം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ 1937-ലെ ശരീയത്ത് നിയമത്തിന്റെ പരിധിയിൽ വരുന്നതിന് മുസ്ലീം ആണെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തി നിശ്ചിത ഫീസ് അടച്ച് ഓരോ മുസ്ലീം ഫോം ഒന്നിൽ ഡിക്ലറേഷൻ സമർപ്പിക്കണമെന്ന് പ്രസ്തുത എസ്.ആർ.ഒ.-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) എസ്.ആർ.ഒ നമ്പർ 920/2018-ലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത എസ്.ആർ.ഒ.-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ മുസ്ലീം പൗരന്മാർക്ക് അവരുടെ സിവിൽ വ്യവഹാരങ്ങളിൽ ക്ലേശങ്ങളുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പ്രസ്തുത എസ്.ആർ.ഒ. അടിയന്തരമായി റദ്ദ് ചെയ്യാനോ ഭേദഗതി ചെയ്യാനോ തയ്യാറാകുമോ;

(ജി) പ്രസ്തുത എസ്.ആർ.ഒ.-യിൽ എന്തെല്ലാം ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പുറപ്പെടുവിച്ചിട്ടുണ്ട്. 21-12-2018-ലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O.(P)No.13/2018/ നിയമം (S.R.O. 920/2018) ആയി മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) 1937-ലെ മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ ആക്ടിൻ (1937-ലെ 26-ാം കേന്ദ്ര ആക്ട്) കീഴിൽ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതിയുടെ W.P.(c) 6403/ 2018-ാം നമ്പർ റിട്ട് ഹർജിയിലെ 26 ജൂൺ 2018 -ലെ വിധിന്യായവും തുടർന്ന് CCC No. 1984/2018-ാം നമ്പർ കോടതിയലക്ഷ്യ നടപടിയുടെയും ഭാഗമായാണ് ബഹു. കോടതി നിർദ്ദേശം പാലിച്ചുകൊണ്ട് മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 ചട്ടം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) വ്യവസ്ഥ ചെയ്തിട്ടില്ല. ടി ആക്ടിന്റെ 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി ഒരു 'മുസ്ലീം' ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ മാത്രമാണ് പ്രസ്തുത ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ടി ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരീയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law-യ്ക്ക് പകരം ശരീയത്തിന്റെ ആനുകൂല്യം ലഭിക്കണമെന്ന് ആഗ്രഹമുള്ളപക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഒരു നിർണ്ണയിക്കപ്പെട്ട അധികാരി മുൻപാകെ അയാൾ തെളിയിക്കുന്നപക്ഷം പ്രസ്തുത അധികാരിയിൽനിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതും അപ്രകാരമുള്ള ഒരു ഡിക്ലറേഷൻ ലഭിച്ചുകഴിഞ്ഞാൽ അയാൾക്കും തന്റെ മൈനറായ കുട്ടികൾക്കും അവരുടെ പിന്തുടർച്ചാവകാശികൾക്കും Adoption, Will and Legacies എന്നീ സംഗതികളിൽ ആക്ടിന്റെ 2-ാം വകുപ്പിലേതെന്നതുപോലെ ശരീയത്ത് നിയമം ബാധകമാകുന്നതാണെന്ന് ആക്ടിന്റെ 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയെയും ഡിക്ലറേഷൻ നിരസിക്കുന്നതിനുള്ള സംഗതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അപ്പീലധികാരിയെയും നിർണ്ണയിക്കുന്നതിനും ഡിക്ലറേഷന്റെ ഫാറം ചിട്ടപ്പെടുത്തുന്നതിനും അതിന് അനുബന്ധമായിട്ടുള്ള മറ്റാവശ്യങ്ങൾക്കുമായാണ് ടി ആക്ടിന്റെ 4-ാം വകുപ്പ് നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) നിലവിൽ സ്വീകരിച്ചിട്ടില്ല.

(ജി) നിലവിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

## കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ നിയമനം

80 (799) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ വിവിധ തസ്തികകളിൽ കരാർ, ദിവസ വേതന,ശമ്പള സ്കെയിൽ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ആസ്ഥാന ഓഫീസിലും ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരെ വീതം നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊമോഷൻ തസ്തികയിലേക്ക് താൽക്കാലിക ജിവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടത്തിയിട്ടുള്ളത്; ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ ടെസ്റ്റ് പാസ്സാകാത്ത എത്ര ജീവനക്കാർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വകുപ്പുതല പരീക്ഷ പാസ്സാകാത്തവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് പ്രൊമോഷൻ നല്കിയിട്ടുള്ളതെന്നും ഏതെല്ലാം ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്നും അറിയിക്കുമോ; ക്ലാസ് IV തസ്തികയിൽ നിന്ന് ക്ലാസ് III തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എത്ര പേർക്ക് ക്ലാസ് IV തസ്തികയിൽനിന്നും ക്ലാസ് III തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഇത്തരത്തിൽ നിയമനം ലഭിച്ചവരെ പ്രമോഷൻ തസ്തികയിൽ റഗുലറൈസ് ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഏതെല്ലാം നടപടിക്രമങ്ങൾ പാലിച്ചാണ് റഗുലറൈസ് ചെയ്തിട്ടുള്ളതെന്നും പ്രൊമോഷൻ ലഭിച്ചശേഷം നിശ്ചിത സമയപരിധിക്കകത്ത് വകുപ്പുതല പരീക്ഷ പാസ്സാകാത്ത ജീവനക്കാരെ ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരമാണ് അതേ തസ്തികയിൽ തുടരുവാൻ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ജി) ചട്ടങ്ങൾക്ക് വിധേയമായി വകുപ്പുതല പരീക്ഷ പാസ്സാകാതെ പ്രൊമോഷൻ ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഓരോ തസ്തികയിലും താൽക്കാലികമായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; തസ്തികയും ജില്ലയും തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ശമ്പള സ്കെയിൽ അടിസ്ഥാനത്തിലും താലക്കാലികമായി നിയമിച്ചവരുടെ ഓഫീസ് തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) ഉണ്ട്. കോർപ്പറേഷനിലെ ജൂനിയർ അസിസ്റ്റന്റിന്റെ പ്രൊമോഷൻ തസ്തികയായ പ്രോജക്ട് അസിസ്റ്റന്റ്, അക്കൗണ്ടന്റ് തസ്തികകളിൽ പ്രൊമോഷന് അർഹതയുള്ള ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമുള്ള സ്ഥിര നിയമനത്തിന് കാലതാമസം നേരിടുമെന്നതിനാലും കരാർ വ്യവസ്ഥയിൽ ജീവനക്കാരെ ഒരു വർഷത്തേയ്ക്കോ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം സ്ഥിര നിയമനം നടത്തുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം, അതുവരെ നിയമിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഹെഡ് ഓഫീസ് | - | അക്കൗണ്ടന്റ് -3<br>പ്രോജക്ട് അസിസ്റ്റന്റ്-1 |
| ജില്ലാ ഓഫീസ് - കൊല്ലം | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - പത്തനംതിട്ട | - | പ്രോജക്ട് അസിസ്റ്റന്റ് -2 |
| ജില്ലാ ഓഫീസ് - ആലപ്പുഴ | - | പ്രോജക്ട് അസിസ്റ്റന്റ് -2 |
| ജില്ലാ ഓഫീസ് - കോട്ടയം | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - ഇടുക്കി | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - പാലക്കാട് | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - കോഴിക്കോട് | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - കണ്ണൂർ | - | പ്രോജക്ട് അസിസ്റ്റന്റ് -2 |
| ജില്ലാ ഓഫീസ് - കാസർഗോഡ് | - | പ്രോജക്ട് അസിസ്റ്റന്റ് -2 |
| ജില്ലാ ഓഫീസ് - ചേലക്കര | - | പ്രോജക്ട് അസിസ്റ്റന്റ് -1 |
| ജില്ലാ ഓഫീസ് - വണ്ടൂർ | - | പ്രോജക്ട് അസിസ്റ്റന്റ് -1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോർപ്പറേഷനിലെ നിലവിലെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന നിബന്ധന പ്രകാരമാണ് പ്രൊമോഷൻ നൽകുന്നത്.

(സി) പി.എസ്.സി. നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത 2 അസിസ്റ്റന്റ് ജനറൽ മാനേജർമാർക്ക് ജനറൽ മാനേജർ (HRM&ADMN) ജനറൽ മാനേജർ (പ്രോജക്ട്സ്) എന്നീ തസ്തികകളിൽ താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ഡി&ഇ) പി.എസ്.സി. നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത 2 അസിസ്റ്റന്റ് ജനറൽ മാനേജർമാർക്ക് ജനറൽ മാനേജർ (HRM&ADMN) ജനറൽ മാനേജർ (പ്രോജക്ട്സ്) എന്നീ തസ്തികകളിൽ താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. കൂടാതെ കോർപ്പറേഷനിലെ ജൂനിയർ അസിസ്റ്റന്റുമാരായിരുന്ന 2 പേർക്ക് പ്രോജക്ട് അസിസ്റ്റന്റുമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന അക്കൗണ്ട് ടെസ്റ്റ് (ലോവർ) ഒരു വർഷത്തിനകം പാസ്സാകണമെന്ന നിബന്ധനയിൽ പ്രോജക്ട് അസിസ്റ്റന്റുമാരായി 23-11-2015-ൽ താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്നു. കോർപ്പറേഷനിലെ സ്പെഷ്യൽ റൂളിൽ ക്ലാസ് IV തസ്തികയിൽനിന്ന് ക്ലാസ് III തസ്തികയിലേയ്ക്ക് പ്രൊമോഷനുള്ള വ്യവസ്ഥ ഇല്ല. ആയതിനാൽ ക്ലാസ്സ് IV തസ്തികയിൽനിന്നും ആർക്കും ക്ലാസ്സ് III തസ്തികയിൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(എഫ്) ബാധകമല്ല.

(ജി) ചട്ടങ്ങൾക്ക് വിധേയമായി വകുപ്പുതല പരീക്ഷ പാസ്സാകാതെ പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. താൽക്കാലിക ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സംസ്ഥാന പിന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർ

81 (800) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്കസമുദായ ക്ഷേമ കോർപ്പറേഷനിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോർപ്പറേഷനിൽ സ്ഥിര/കരാർ/ദിവസവേതന അടിസ്ഥാന ത്തിലുള്ള ജീവനക്കാരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ടി ജീവനക്കാരുടെ ജാതി/സമുദായം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്കസമുദായ ക്ഷേമ കോർപ്പറേഷനിലൂടെ എത്ര പിന്നോക്ക സമുദായ അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ ലഭിച്ചു എന്നതിന്റെ കണക്കുകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിലവിൽ 212 ജീവനക്കാർ ജോലി നോക്കിവരുന്നു.

(ബി) സ്ഥിരം ജീവനക്കാർ - 118

കരാർ ജീവനക്കാർ - 33

ദിവസ വേതന ജീവനക്കാർ - 43

(സി) സ്ഥിരം, കരാർ ജീവനക്കാരുടെ ജാതി/സമുദായം തിരിച്ചുള്ള കണക്ക് യഥാക്രമം അനുബന്ധം 1 ആയും അനുബന്ധം 2 ആയും ചേർക്കുന്നു.*

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിൽ വിതരണം ചെയ്ത വായ്പകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പാ പദ്ധതി | ഗുണഭോക്താക്കൾ | വായ്പാ തുക (കോടിയിൽ ) |
|---|---|---|---|
| 1 | സ്വയം തൊഴിൽ വായ്പ | 16680 | 353.00 |
| 2 | മൈക്രോ ക്രെഡിറ്റ് വായ്പ | 67847 | 201.43 |
| 3 | വിദ്യാഭ്യാസ വായ്പ | 2457 | 87.87 |
| 4 | ഭവന നിർമ്മാണ വായ്പ | 265 | 10.05 |
| 5 | വിവാഹ വായ്പ | 9289 | 156.80 |
| 6 | മറ്റ് വായ്പാ പദ്ധതികൾ | 13949 | 257.85 |
| | ആകെ | 110487 | 1,067.00 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നിയമ വകുപ്പിലുണ്ടായ ഒഴിവുകൾ

82 (801) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

4-6-2016 മുതൽ നാളിതുവരെ നിയമ വകുപ്പിൽ റിട്ടയർമെന്റ് വഴിയും പോസ്റ്റ് ക്രിയേഷൻ വഴിയും പ്രൊമോഷൻ വഴിയും റിലീവിംഗ് വഴിയും ഡെപ്യൂട്ടേഷൻ വഴിയും മരണംമൂലവും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഭരണഘടന സാക്ഷരത

83 (802) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന നിയമ സേവന അതോറിറ്റി ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടനാതത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'നിയമ പാഠം' എന്ന പുസ്തകം കേരളത്തിലെ ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി സൗജന്യമായി നൽകുകയും ഈ പുസ്തകത്തിനെ ആസ്പദമാക്കി ക്ലാസ്സുകൾ എടുത്തുവരികയും ചെയ്തുവരുന്നു. കൂടാതെ ഹയർ സെക്കണ്ടറിതലത്തിൽ ടി പുസ്തകത്തിനെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം സ്കൂൾ, താലൂക്ക്, ജില്ലാ, സംസ്ഥാനതലത്തിൽ നടത്തിവരികയും ചെയ്യുന്നു. ഭരണഘടന അനുശാസിക്കുന്ന പൗരധർമ്മങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലഘുലേഖ നിയമ സേവന സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തുവരുന്നു.

## ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ നിയമനം

84 (803) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയിലും അനുബന്ധ സ്ഥാപനങ്ങളിലും ലീഗൽ അസിസ്റ്റന്റ് തസ്തികയ്ക്ക് സമാനമായി ഡെപ്യൂട്ടേഷൻ നിയമനം നൽകുന്ന എത്ര തസ്തികകളുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും സെക്രട്ടേറിയറ്റിലെ ലീഗൽ അസിസ്റ്റന്റുമാർ എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ലീഗൽ അസിസ്റ്റന്റ്/സെക്ഷൻ ഓഫീസർ/ലാ ഓഫീസർ തസ്തികകളിൽ സെക്രട്ടേറിയറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കാത്തത് കാരണം നിലവിൽ ഉള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റുകളിൽനിന്നും ഒഴിവുകൾ നികത്തുവാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 84.

(ബി) കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിലവിൽ അസിസ്റ്റന്റിന്റെ ഒരു ഒഴിവ് ഉണ്ട്. അനുബന്ധ സ്ഥാപനങ്ങളിലുള്ള ഒഴിവുകളുടെ വിവരവും ലീഗൽ അസിസ്റ്റന്റുമാരുടെ എണ്ണവും ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ നിയമനം**

85 (804) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ സർവ്വീസസ് അതോറിറ്റി ചെയ്യുന്ന സേവനങ്ങൾ/നിയമസഹായങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ലീഗൽ സർവ്വീസസ് അതോറിറ്റി ഓഫീസുകളുടെ മേൽവിലാസവും പ്രസ്തുത ഓഫീസുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരവും ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(സി) ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ മെമ്പർമാർ ആരെല്ലാമാണ്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനിതകൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും വരുമാനപരിധി ഇല്ലാതെയും മറ്റ് വിഭാഗങ്ങൾക്ക് വരുമാനം പരിഗണിച്ചും സൗജന്യ നിയമസഹായം ലഭ്യമാക്കുക എന്നതാണ് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ പ്രവർത്തനോദ്ദേശ്യം. ഇതിനായി നിയമ സേവന അതോറിറ്റീസ് ആക്ട് അനുശാസിക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനം നൽകിവരുന്നതിനോടൊപ്പം ലോക് അദാലത്തുകൾ സംഘടിപ്പിക്കുകയും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് നിയമബോധനം നടത്തിവരികയും ചെയ്യുന്നു. കൂടാതെ ദേശീയ നിയമ സേവന അതോറിറ്റിയും സംസ്ഥാന നിയമസേവന അതോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും നടത്തിവരുന്നു.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

**ശബരിമല സുപ്രീംകോടതിവിധി മറികടക്കാൻ നിയമനിർമ്മാണം**

86 (805) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ച സുപ്രീംകോടതിവിധി മറികടക്കാൻ കേരള നിയമസഭയുടെ നിയമനിർമ്മാണത്തിലൂടെ സാധിക്കുമോ എന്ന് വിശദമാക്കാമോ;

(ബി) ശബരിമലയിൽ എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ച സുപ്രീംകോടതിവിധി കേന്ദ്ര സർക്കാരിന് നിയമനിർമ്മാണത്തിലൂടെ മറികടക്കാൻ സാധിക്കില്ലെന്ന് സംസ്ഥാന നിയമമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലായിരുന്നു ഈ പ്രസ്താവനയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമനിർമ്മാണം പരിഗണനയിലില്ല.

(ബി) ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടിനെ ബാധിക്കുന്ന വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്ര സംസ്ഥാന നിയമനിർമ്മാണ സഭകൾക്ക് അധികാരമില്ലെന്ന തരത്തിൽ നിയമരംഗത്തെ പ്രഗത്ഭർ അഭിപ്രായപ്പെട്ടിരുന്നു. ഈ അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ വിഷയത്തിൽ നിയമ മന്ത്രി അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്.

## ലീഗൽ അസിസ്റ്റന്റ് തസ്തിക

87 (806) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസസ് അതോറിറ്റിയിലേക്ക് നിയമപരിജ്ഞാനം ആവശ്യമുള്ള വിവിധ തസ്തികകളിലേക്ക് നിരവധി തവണ ആളിനെ ആവശ്യപ്പെട്ടിട്ടും നിയമവകുപ്പിൽനിന്നും ആരും പോകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ നിലവിലുള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നഗരസഭകളിലും കോർപ്പറേഷനുകളിലും ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുവാൻ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നിയമവകുപ്പിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ അതിൻമേൽ നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസിയുടെ ഭാഗമായി ലാ നോഡൽ ഓഫീസറെ നിയമിക്കാത്ത വകുപ്പുകളിൽ ടി ഓഫീസറെ അടിയന്തരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-ലെ കേരള ലീഗൽ സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 13 പ്രകാരമാണ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളും അവയിലേയ്ക്കുള്ള നിയമന രീതികളും നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. നിയമ വകുപ്പിലെ സെക്കൻഡ് ഗ്രേഡ് ലീഗൽ അസിസ്റ്റന്റുമാരിൽനിന്നോ ജുഡീഷ്യൽ സർവ്വീസിലേയോ, സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസിലേയോ സമാന തസ്തികകളിൽ നിന്നുള്ളവരിൽനിന്നോ ആണ് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളിലേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നത്. ആയതിനാൽ ലീഗൽ അസിസ്റ്റന്റ് ലാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ നിലവിലെ വ്യവസ്ഥ പ്രകാരം പരിഗണിക്കാൻ കഴിയില്ല. ലീഗൽ സർവ്വീസ് അതോറിറ്റിയിലേയ്ക്ക് നേരിട്ട് നിയമനം നടത്താൻ ആവശ്യപ്പെട്ട് ലഭിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

(ബി) നിയമ വകുപ്പിൽ പ്രൊപ്പോസൽ നിലവിലില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമവകുപ്പിൽനിന്നും ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിച്ച് ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ഉറപ്പ് വരുത്തണമെന്ന ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനത്തിന്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പായ തദ്ദേശ സ്വയംഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത് എന്നതിനാൽ പ്രസ്തുത വകുപ്പിന് കൈമാറാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ഡി) സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകൾ അപ്രകാരം ആവശ്യപ്പെടുന്നപക്ഷം നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

## മുസ്ലീം വ്യക്തി നിയമത്തിലെ ചട്ടങ്ങളിൽ ഭേദഗതി

88 (807) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ.അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം വ്യക്തി നിയമത്തിൽ (ശരീയത്ത് നിയമം) സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശരീയത്ത് നിയമത്തിന്റെ പരിധിയിൽ വരുന്നവർ തഹസിൽദാർ മുമ്പാകെ സത്യവാങ്മൂലം നൽകണമെന്ന വ്യവസ്ഥ പിൻവലിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചട്ടം രൂപീകരിക്കുമ്പോൾ സുതാര്യത ഉറപ്പാക്കിയും ദുരുപയോഗ ത്തിനുള്ള പഴുതുകൾ അടച്ചും വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ;

(ഡി) മൗലികാവകാശങ്ങളെ സാങ്കേതിക നിയമക്കുരുക്കുകളിൽപ്പെടുത്തി മതവിശ്വാസികൾക്ക് പ്രയാസമുണ്ടാക്കുന്ന നിയമനിർമ്മാണത്തിനുള്ള നീക്കങ്ങളിൽ നിന്നും പിന്തിരിയുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 21-12-2018-ലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് G.O (P) No. 13/2018/നിയമം (S.R.O 920/2018) ആയി പുറപ്പെടുവിച്ച മുസ്ലീം പേഴ്സണൽ ലാ (ശരീയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018-ൽ അനുശാസിക്കുന്ന പ്രകാരം ഡിക്ലറേഷൻ ഫയൽ ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും പ്രസ്തുത ചട്ടങ്ങൾ ബാധകമാകുന്നത് സംബന്ധിച്ചും ചില അവ്യക്തതകൾ നിലനിൽക്കുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ചില പരാതികൾ ലഭിക്കുകയും പത്രവാർത്തകൾ ഉണ്ടാകുകയും ചെയ്തതിനെ തുടർന്ന് അവ സർക്കാർ വിശദമായി പരിശോധിച്ചുകൊണ്ട് ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ഒരു പരിപത്രം (സർക്കുലർ) പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ബി) അപ്രകാരം ഒരു വ്യവസ്ഥ നിലവിലെ ചട്ടത്തിൽ ഉൾപ്പെടുന്നില്ല. ടി ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം Adoption, Will and Legacies എന്നീ വിഷയങ്ങളിൽ ശരീയത്ത് നിയമത്തിന് വിരുദ്ധമായ Customary Law ബാധകമായിട്ടുള്ള ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം തനിക്ക് അപ്രകാരമുള്ള Customary Law-യ്ക്കുപകരം ശരീയത്ത് നിയമം ബാധകമാക്കണമെന്ന് ആഗ്രഹമുള്ളപക്ഷം 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നിർണ്ണയിക്കപ്പെട്ട ഒരു അധികാരി മുൻപാകെ അയാൾ തെളിയിക്കുന്നപക്ഷം പ്രസ്തുത അധികാരിയിൽനിന്ന് ഒരു ഡിക്ലറേഷൻ നേടാവുന്നതും അപ്രകാരമുള്ള ഒരു ഡിക്ലറേഷൻ ലഭിച്ചുകഴിഞ്ഞാൽ അയാൾക്കും തന്റെ മൈനറായ കുട്ടികൾക്കും അവരുടെ പിന്തുടർച്ച അവകാശികൾക്കും Adoption, Will and Legacies എന്നീ സംഗതികളിൽ ആക്ടിന്റെ 2-ാം വകുപ്പിലേതെന്നതുപോലെ ശരീയത്ത് നിയമം ബാധകമാകുന്നതാണെന്ന് ആക്ടിന്റെ 3-ാം വകുപ്പിൽ വ്യക്തമാക്കുന്നു. 3-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിനുള്ള അധികാരിയെയും ഡിക്ലറേഷൻ നിരസിക്കുന്നതിനുള്ള സംഗതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അപ്പീലധികാരിയെയും നിർണ്ണയിക്കുന്നതിനും ഡിക്ലറേഷന്റെ ഫാറം ചിട്ടപ്പെടുത്തുന്നതിനും അതിന് അനുബന്ധമായിട്ടുള്ള മറ്റാവശ്യങ്ങൾക്കുമായാണ് ടി ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അതായത് മൂന്നാം വകുപ്പിൽ വിവരിച്ചിട്ടുള്ള സംഗതികൾക്ക് എല്ലാ മുസ്ലീങ്ങളും ഡിക്ലറേഷൻ നൽകണമെന്ന് ടി ചട്ടങ്ങളിലോ ആക്ടിലോ വ്യവസ്ഥയില്ല. 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള

കാര്യങ്ങളിൽ ശരീയത്തിന് വിരുദ്ധമായ ഏതെങ്കിലും ആചാരവും വഴക്കവും ബാധകമായിട്ടുള്ള ഒരു മുസ്ലീമിന് ശരിയത്തിലെ വ്യവസ്ഥകൾ തെരഞ്ഞെടുക്കുന്നതിനുള്ള അവസരം വിനിയോഗിക്കാനുള്ള നടപടിക്രമം മാത്രമാണ് ഈ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളത്.

(സി) ബാധകമല്ല.

(ഡി) അപ്രകാരം ഒരു നിയമനിർമ്മാണം നടത്തിയിട്ടില്ല.

**ദേവസ്വം ബോർഡിലെ സംവരണം**

89 (808) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് സംവരണവുമായി ബന്ധപ്പെട്ട് നിയമ വകുപ്പ് സർക്കാരിന് നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഏതെങ്കിലും വ്യക്തികളോ സാമുദായിക സംഘടനകളോ പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ദേവസ്വം ബോർഡിൽ പട്ടികജാതി വിഭാഗങ്ങളുടെ സംവരണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമ വകുപ്പിൽ ഏതെങ്കിലും വ്യക്തികളോ സംഘടനകളോ പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ദേവസ്വം ബോർഡ് സംവരണവുമായി ബന്ധപ്പെട്ട് റവന്യൂ (ദേവസ്വം) വകുപ്പിന്റെ 435/Rev.Dev.2/2017-Rev. Dev.2/42/2018/Rev എന്നീ നമ്പർ ഫയലുകളിൽ 24-11-2017-ലെ 68/LS/2017/Law നമ്പരായും 25-4-2018-ലെ 8357/ജി2/2018/നിയമം നമ്പരായും നിയമ വകുപ്പിൽനിന്നും നിയമോപദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ദേവസ്വം ബോർഡ് സംവരണം സംബന്ധിച്ച വിഷയത്തിൽ ഏതെങ്കിലും വ്യക്തികളോ സാമുദായിക സംഘടനകളോ നിയമവകുപ്പിൽ പരാതി സമർപ്പിച്ചിട്ടില്ല.

(സി) ദേവസ്വം ബോർഡിൽ പട്ടികജാതി വിഭാഗങ്ങളുടെ സംവരണം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും വ്യക്തികളോ സാമുദായിക സംഘടനകളോ നിയമ വകുപ്പിൽ പരാതി സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി

90 (809) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി അടക്കമുള്ള തുക 4 ലക്ഷമാക്കി ഉയർത്തിയതായി ബഹു. മന്ത്രി ആലപ്പുഴയിൽ പ്രഖ്യാപിച്ചത് അനുസരിച്ചുള്ള നിയമഭേദഗതി ഓർഡിനൻസ് ഇറങ്ങിയോ; ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ;

(ബി) നിയമഭേദഗതി ഉടനെ നിയമസഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പ്രകാരം അംഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ചികിത്സാസഹായ സൗകര്യങ്ങൾ അവസാനമായി വിതരണം ചെയ്തത് എന്നാണ്;

(ഡി) ക്ഷേമനിധി ഓഫീസിൽ ഈ കാര്യങ്ങൾ ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ അഭാവം നിമിത്തം ഒരു വർഷത്തിലേറെയായി ഈ സൗകര്യം നൽകാനാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വക്കീൽ ഗുമസ്തന്മാരുടെ ക്ഷേമനിധി തുക 4 ലക്ഷം രൂപയാക്കി ഉയർത്തുന്നതടക്കമുള്ള നിയമ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചില്ല. അഡ്വക്കേറ്റ് ഗുമസ്തന്മാരുടെ പെൻഷനും വിരമിക്കൽ അനുകൂല്യവും ഉയർത്തുന്നതിനായി ക്ഷേമനിധിയുടെ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ബിൽ, ബിൽ നമ്പർ 132 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി) മേൽപ്രസ്താവിച്ച ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നത് സംബന്ധിച്ച തീരുമാനം നിയമസഭയുടെ കാര്യോപദേശക സമിതിയാണ് കൈക്കൊള്ളേണ്ടത്.

(സി) 30-11-2017 വരെയുള്ള ചികിത്സാസഹായ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 30-11-2017-നുശേഷമുള്ള മൂന്ന് മാസം ലഭ്യമായ അപേക്ഷകളിന്മേലുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 17-1-2019-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതുമാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ചികിത്സാ ആനുകൂല്യ വിതരണം തസ്സപ്പെട്ടിട്ട് ഒരു വർഷക്കാലമായിട്ടില്ല. ഈ ജോലികൾ കൈകാര്യം ചെയ്തിരുന്ന അക്കൗണ്ടന്റ് മറ്റൊരു നിയമനം ലഭിച്ചതിനെ തുടർന്ന് 26-9-2018-ന് വിടുതൽ ചെയ്തുപോയതുകൊണ്ടാണ് ഇപ്രകാരം കാലതാമസം നേരിട്ടത്.

(ഇ) അക്കൗണ്ടിന്റിന്റെ ഒഴിവുള്ള തസ്തികയിലേയ്ക്ക് ഇതിനകംതന്നെ ദിവസവേതനാടിസ്ഥാനത്തിൽ ഒരാളിനെ നിയമിച്ചിട്ടുണ്ട്.

## നിയമ വകുപ്പിൽ അസിസ്റ്റന്റ് നിയമനം

91 (810) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമ വകുപ്പിൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും നിയമ വകുപ്പിന്റെ സേവനം നേരിൽ ലഭ്യമാക്കുന്നതിന് ലാ ഓഫീസർമാരെ നിയമിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും ഇത്തരത്തിൽ ലാ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ചെയ്യപ്പെട്ട 48 ഉദ്യോഗാർത്ഥികളെയും അസിസ്റ്റന്റ് തമിഴ് ട്രാൻസ്ലേറ്റർ തസ്തികയിൽനിന്നും ഒരു ഉദ്യോഗസ്ഥയെ തസ്തികമാറ്റം നൽകിയും ലീഗൽ അസിസ്റ്റന്റായിരിക്കെ മുൻസിഫ്-മജിസ്ട്രേറ്റ് തസ്തികയിലേയ്ക്ക് നിയമനം ലഭിച്ചുപോയ ഒരു ഉദ്യോഗസ്ഥനെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേയ്ക്ക് പുനർനിയമനം നൽകിയും ആകെ 50 പേരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിയമ വകുപ്പിൽ നിമിച്ചിട്ടുണ്ട്.

(ബി) സ്റ്റേറ്റ് ലിറ്റിഗേഷൻ പോളിസി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നിയമ (നോഡൽ) ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകൾ ആവശ്യപ്പെടുന്നപക്ഷം നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന വ്യവഹാരനയത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമ നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനായി നിയമ വകുപ്പുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൻപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രമുള്ള നിയമനങ്ങൾക്ക് വിജ്ഞാപനം

92 (811) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വകുപ്പിൽ ഫയൽ നമ്പറുകൾ 17450/ഭരണ II(2)/ 18/നിയമം, 19559/ഭരണ II (2)/18/ നിയമം പ്രകാരം നിയമ വകുപ്പുമന്ത്രി അറിയാതെ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രം വേണ്ടിയുള്ള നിയമനങ്ങൾക്ക് ചട്ടവിരുദ്ധമായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് പി.എസ്.സി.-ക്ക് എഴുതിയ കത്ത് പിൻവലിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ;എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കത്ത് നൽകിയതിന് എതിരായി സർക്കാരിൽ നിവേദനങ്ങൾ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കത്ത് പിൻവലിച്ചതായും തുടർ നടപടികൾ ആവശ്യമില്ലെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ 02-11-2018-ലെ 17450/ഭരണ II(2)/2018 /നിയമം നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. കത്തിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) കത്തയച്ചതിന്റെ ഉത്തരവാദികളായവരുടെ വിശദീകരണം സഹിതം സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. നടപടി പുരോഗമിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വകാര്യ നൃത്ത, സംഗീത വിദ്യാലയങ്ങൾ, ലൈബ്രറികൾ എന്നിവയ്ക്ക് അംഗീകാരം

93 (812) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവൻ, സാംസ്കാരിക മേഖലയുടെ ജനകീയവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നൃത്ത, സംഗീത വിദ്യാലയങ്ങൾ, ലൈബ്രറികൾ എന്നിവയ്ക്ക് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) അംഗീകാരം നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അംഗീകാരം നൽകുന്ന സ്ഥാപനത്തിന് എന്തെല്ലാം സഹായ സഹകരണങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി &സി) ബാധകമല്ല.

## ഭരത് മുരളി നാടക പരിശീലന കേന്ദ്രം

94 (813) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം പഞ്ചായത്തിൽ അനുവദിച്ച ഭരത് മുരളി നാടക പരിശീലന കേന്ദ്രം പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ;

(ബി) ആരിലാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല നിക്ഷിപ്തമാക്കി യിരിക്കുന്നത്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വെളിയം കുടവട്ടൂരിൽ ഭരത് മുരളി നാടക പഠന കേന്ദ്രം നിർമ്മിക്കുന്നതിനായി 23-3-2019-ലെ സ.ഉ. (സാധാ) നമ്പർ 212/18/ സാം.കാ.വ. പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെളിയം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡിനെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെയും പണി തുടങ്ങാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന നിർമ്മാണ പ്രവർത്തനം 6 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## രാജാരവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ട്

95 (814) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ രാജാ രവിവർമ്മ ചിത്രകലാ ഇൻസ്റ്റിറ്റ്യൂട്ടും, മ്യൂസിയവും സ്ഥാപിക്കുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കിളിമാനൂരിലുള്ള രാജാരവിവർമ്മ സ്മാരക നിലയത്തിൽ ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോ നിർമ്മിക്കാൻ 17-9-2018-ലെ സ.ഉ. (സാധാ) നമ്പർ 560/2018/ സാം.കാ.വ. പ്രകാരം 49,13,794 (നാല്പത്തൊൻപത് ലക്ഷത്തി പതിമൂവായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണച്ചുമതല കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ കേരള ലളിതകലാ അക്കാദമി ഏൽപ്പിക്കുകയും അവർ പണിയുടെ പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 30-3-2017-ലെ സ.ഉ. (സാധാ) 275/2017/സാം.കാ.വ. ഉത്തരവ് പ്രകാരം കേരള ലളിതകലാ അക്കാദമിക്ക് അനുവദിച്ച 25 ലക്ഷം രൂപയും ബാക്കിയുള്ള തുക, 2018-19 സാമ്പത്തിക വർഷത്തിലെ കേരള ലളിതകലാ അക്കാദമിയുടെ പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## പുതിയ സാംസ്കാരിക നിലയങ്ങൾ

96 (815) ശ്രീ. പി. ടി. തോമസ്

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സാംസ്കാരിക വകുപ്പ് പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങൾ/സമുച്ചയങ്ങൾ/കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും പൂർത്തിയാക്കിയതുമായവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പുതിയ സാംസ്കാരിക നിലയങ്ങൾ/സമുച്ചയങ്ങൾ/കേന്ദ്രങ്ങൾ എന്നിവയുടെ പേരും പ്രഖ്യാപിച്ച തുകയും താഴെപ്പറയുന്നവയാണ്:

2016-17

1. സംസ്ഥാനത്തെ 14 ജില്ലകളിലുമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ വിവിധ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ടി സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും നിർമ്മിക്കുന്നതിന് 50 കോടി രൂപ വീതം ചെലവഴിച്ച് മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-4-2017-ലെ സ. ഉ. (സാധാ) നമ്പർ 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി.

2. ശിവഗിരി ജാതിയില്ലാ വിളംബര ശതാബ്ദി മ്യൂസിയം
   തിരുവനന്തപുരം- 5 കോടി രൂപ

3. ഒടുവിൽ ഉണ്ണി കൃഷ്ണൻ സ്മാരകം
   പാലക്കാട് - 25 ലക്ഷം രൂപ

4. എം.ഡി. രാമനാഥൻ സ്മാരകം, കണ്ണമ്പ്ര
   പാലക്കാട്- 50 ലക്ഷം രൂപ

5. കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം വലപ്പാട്
   തൃശ്ശൂർ - 25 ലക്ഷം രൂപ.

2017-18

1. ഒ. എൻ. വി. കൾച്ചറൽ കോംപ്ലക്സ്
   തിരുവനന്തപുരം - 5 കോടി രൂപ

2. ബ്രഹ്മശ്രീ അയ്യാഗുരു സ്വാമികളുടെ പേരിൽ ഒരു മഹാസമാധി ക്ഷേത്രം
   തിരുവനന്തപുരം - 10 ലക്ഷം രൂപ

3. റ്റി. ദിവാകരൻ സ്മാരകം, വഴുതക്കാട്
   തിരുവനന്തപുരം - 10 ലക്ഷം രൂപ

4. വി. സാംബശിവൻ സ്മാരകം
   കൊല്ലം - 10 ലക്ഷം രൂപ

5. കടമ്മനിട്ട രാമകൃഷ്ണ ഫൗണ്ടേഷൻ - 50 ലക്ഷം രൂപ.

2018-19

1. റൂറൽ ആർട്ട് ഹബ്ബുകൾ (വിവിധ ജില്ലകളിൽ )- 3 കോടി രൂപ

2. എ. കെ. ജി. സ്മാരകം, പെരളശ്ശേരി,

   കണ്ണൂർ - 10 കോടി രൂപ

3. മഹാകവി ഒളപ്പമണ്ണ സ്മാരക സാംസ്കാരിക നിലയം

   പാലക്കാട് - 75 ലക്ഷം രൂപ

4. വെള്ളൂർ പി. രാഘവൻ സാംസ്കാരികകേന്ദ്രം,

   കോഴിക്കോട് - 18,60,000 രൂപ.

(ബി) മേൽപരാമർശിച്ചവയിൽ 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ശിവഗിരി ജാതിയില്ലാ വിളംബര ശതാബ്ദി മ്യൂസിയം സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം, പാലക്കാടിന് 25 ലക്ഷം രൂപയും എം.ഡി. രാമനാഥൻ സ്മാരകം, കണ്ണമ്പ്ര, പാലക്കാടിന് 50 ലക്ഷം രൂപയും കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകം, വലപ്പാട്, തൃശ്ശൂരിന് 25 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

മേൽപരാമർശിച്ചവയിൽ 2017-18 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ബ്രഹ്മശ്രീ അയ്യാഗുരു സ്വാമികളുടെ പേരിൽ ഒരു മഹാസമാധി ക്ഷേത്രം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും റ്റി. ദിവാകരൻ സ്മാരകം വഴുതക്കാട്, തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വി. സാംബശിവൻ സ്മാരകം, കൊല്ലത്ത് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും കടമ്മനിട്ട രാമകൃഷ്ണ ഫൗണ്ടേഷന് 50 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

മേൽ പരാമർശിച്ചവയിൽ 2018-19 സാമ്പത്തിക വർഷം പ്രഖ്യാപിച്ച റൂറൽ ആർട്ട് ഹബ്ബുകൾ സ്ഥാപിക്കുന്നതിന് 3 കോടി രൂപ അനുവദിക്കുകയുണ്ടായി. കൂടാതെ മഹാകവി ഒളപ്പമണ്ണ സ്മാരക സാംസ്കാരിക നിലയം, പാലക്കാടിന് 75 ലക്ഷം രൂപയും വെള്ളൂർ പി. രാഘവൻ സാംസ്കാരിക കേന്ദ്രം, കോഴിക്കോടിന് 18,60,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) മേൽപരാമർശിച്ച പദ്ധതികളിൽ സ്ഥലലഭ്യത ഉറപ്പാക്കി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നതും ചില പദ്ധതികൾ അന്തിമ അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണം**

97 (816) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുത്വ രാഷ്ട്രീയം കേരള സമൂഹത്തിലെ നവോത്ഥാനമൂല്യങ്ങൾക്കും സമൂഹത്തിന്റെ കെട്ടുറപ്പിനും ശക്തമായ വെല്ലുവിളിയുയർത്തുന്ന സാഹചര്യവും സാംസ്കാരിക രംഗത്തെ ശോഷണത്തിലേക്ക് നയിക്കുന്ന സാഹചര്യവും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെക്കാളും മതഗ്രന്ഥങ്ങളും ആചാരങ്ങളും വിശ്വാസവും ഉയർത്തിപ്പിടിക്കുന്ന ഒരു വിഭാഗം സമൂഹത്തെ ശിഥിലമാക്കാൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നവോത്ഥാന മൂല്യങ്ങൾക്കെതിരായ ആക്രമണത്തെ പ്രതിരോധിക്കുന്നതിനും ഇതേപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) നവോത്ഥാന നേതാക്കളെ അനുസ്മരിക്കുന്നതിനും നവോത്ഥാന പാരമ്പര്യമുള്ള സംഘടനകളെയും പ്രസ്ഥാനങ്ങളെയും കോർത്തിണക്കി ഇതിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹിന്ദുത്വ രാഷ്ട്രീയം നവോത്ഥാനമൂല്യങ്ങൾക്ക് പോറലേൽപ്പിക്കുമാറ് ജാതി-മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരാധനാലയങ്ങളേയും ക്ഷേത്രങ്ങളേയും കൂട്ടുപിടിച്ചു കൊണ്ട് ഇന്ത്യയുടെ മതേതര ഘടനയെത്തന്നെ തകർക്കുന്ന രീതിയിലുള്ള വർഗ്ഗീയപ്രചരണപരിപാടികൾ സമീപകാലത്തായി കേരളത്തിൽ വേരൂന്നുന്നത് ഉൽക്കണ്ഠയോടുകൂടിയാണ് സർക്കാർ നോക്കിക്കാണുന്നത്. ഇതിനെതിരെ നവോത്ഥാനമൂല്യങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരികയാണ്.

(ബി) ഭരണഘടനാ തത്വങ്ങൾക്കും അത് അനുശാസിക്കുന്ന മതേതര നിലപാടുകൾക്കും ഉപരിയാണ് ആചാരങ്ങളും വിശ്വാസങ്ങളും എന്ന പ്രചരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേത്രങ്ങളിൽ ജാതിപരമായോ ലിംഗപരമായോ <u>ഉള്ള</u> വിവേചനം ഭരണഘടനാ തത്വങ്ങൾക്ക് നിരക്കാത്തതാണെന്ന വിധി ഉന്നതനീതി പീഠത്തിൽ നിന്നുണ്ടായിട്ടും അതിനെതിരെ ആചാര വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിരോധം സംഘടിപ്പിക്കുന്നത് തികച്ചും ശരിയല്ലെന്നാണ് സർക്കാർ കാണുന്നത്.

(സി) ജാതി-മത വിശ്വാസങ്ങൾക്കുപരിയായി മനുഷ്യരെല്ലാവരും ഒന്നാണെന്ന ബോധമാണ് നവോത്ഥാനമൂല്യങ്ങളുടെ കാതൽ. ഈ ബോധം ഉളവാക്കുന്നതിനുവേണ്ടി നവോത്ഥാന കാലഘട്ടത്തിൽ നടന്ന നിരവധി സമരങ്ങളിലൂടെ ആർജ്ജിച്ച സത്തയിലൂടെയാണ് ഇന്ന് കാണുന്ന കേരളം രൂപമെടുക്കുന്നതിന് കാരണമായത്. എല്ലാത്തരം വിവേചനങ്ങൾക്കുമെതിരെ മനുഷ്യർ ഒന്നിച്ചുനീങ്ങിയതിന്റെ ചരിത്രമാണ് നവോത്ഥാനത്തിന്റെ ചുരുക്കം. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങളിലൂടെ എല്ലാ രീതിയിലും സർക്കാർ മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ട്.

(ഡി) നിരന്തരം ചരിത്രവത്കരിക്കുന്നതിലൂടെയാണ് ഒരു ജനതയ്ക്ക് വർത്തമാനകാലത്തിൽ പാദമൂന്നിനിൽക്കാനും ഭാവിയിലേയ്ക്ക് കുതിക്കാനും കഴിയുന്നത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ശ്രീനാരായണഗുരു, അയ്യങ്കാളി, പണ്ഡിറ്റ് കെ. പി. കുറുപ്പൻ തുടങ്ങി നവോത്ഥാനത്തിന്റെ ഊർജ്ജം കേരളത്തിൽ പ്രസരിപ്പിക്കാൻ ശ്രമിച്ച ചരിത്രപുരുഷന്മാരെ പലരീതിയിൽ അനുസ്മരിക്കുന്നത്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, വില്ലുവണ്ടി സമരത്തിന്റെ വാർഷികം, കായൽ സമ്മേളനത്തിന്റെ ഓർമ്മ പുതുക്കൽ എന്നിങ്ങനെ നിരവധി പരിപാടികൾ ഇത്തരത്തിൽ ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതിനുപുറമെ വിവേകാനന്ദൻ, ഗാന്ധിജി തുടങ്ങിയ ദേശീയ നേതാക്കളുടെയും സ്മരണകൾ കാലാനുസൃതമായി പുതുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്. നവോത്ഥാന മൂല്യങ്ങൾക്കെതിരായ ആക്രമണത്തെ പ്രതിരോധിക്കുന്നതിനും നവോത്ഥാന നേതാക്കളെ അനുസ്മരിക്കുന്നതിനും കേരളത്തിന്റെ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നമ്മുടെ തനതായ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും ജില്ലകൾതോറും ബൃഹത്തായ 'സാംസ്കാരിക സമുച്ചയം' എന്ന പദ്ധതിയും സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

## നൂറനാട് ശില്പ പൈതൃക ഗ്രാമം പദ്ധതി

98 (818) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പടനിലം ക്ഷേത്രത്തോടനുബന്ധിച്ച് ശില്പ പൈതൃക ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സാംസ്കാരിക വകുപ്പും ലളിതകലാ അക്കാഡമിയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

പടനിലം പരബ്രഹ്മ ക്ഷേത്ര സമിതി നന്ദികേശ ശില്പം സൂക്ഷിക്കുന്നതിനുതകുംവിധം കെട്ടിടം നിർമ്മിക്കുകയും പൈതൃക ആർട്ട് ഗ്യാലറി സജ്ജീകരിക്കുന്നതിനുള്ള സൗകര്യങ്ങൾകൂടി ഒരുക്കി കേരള ലളിതകലാ അക്കാദമിയെ ഏൽപ്പിക്കുകയാണെങ്കിൽ ഇതിന്റെ നടത്തിപ്പ് അക്കാദമി ഏറ്റെടുക്കുന്നതാണെന്ന് 30-10-2018-ലെ അക്കാദമി നിർവാഹക സമിതി തീരുമാനിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് അനുവദിച്ച തുക

99 (819) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തലശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് പണം അനുവദിച്ചിട്ടുണ്ടെന്ന് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും തലശ്ശേരി മണ്ഡലത്തിൽ പ്രവൃത്തികൾക്ക് പണം അനുവദിച്ച് നൽകിയിട്ടില്ല.

2018-19 -ലെ ബഡ്ജറ്റിൽ ഒയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി, തെയ്യം കലാ അക്കാദമി എന്നിവയ്ക്ക് യഥാക്രമം 50 ലക്ഷം രൂപയും 25 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

100 (820) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സാംസ്കാരിക വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സാംസ്കാരിക വകുപ്പ് വികസന പ്രവർത്തനങ്ങളൊന്നും ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല.

## സ്വദേശാഭിമാനി ഹബ്ബ്

101 (821) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മഗൃഹത്തിൽ, 2016-17 പൊതുബഡ്ജറ്റിൽ ഉൾപ്പെടുത്തിയ സ്വദേശാഭിമാനി ഹബ്ബ് സ്ഥാപിക്കാൻ തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് സെക്രട്ടറി 17-12-2018-ൽ നൽകിയ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 26-12-2018 1439/VIP/M(SC/ST) SC നമ്പറായി നൽകിയ കത്ത് അനുസരിച്ച് സാംസ്കാരിക വകുപ്പ് സെക്രട്ടറി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സ്വദേശാഭിമാനി മീഡിയ ഹബ്ബിന് 20 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായമായി പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത തുക ഉപയോഗിച്ച് തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മഗൃഹത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പ്രസ്സ് ക്ലബ്ബ് സെക്രട്ടറിയുടെ 8-12-2018 തീയതിയിലെ വിശദമായ പ്രൊപ്പോസൽ ശ്രീ. കെ. ആൻസലൻ. എം.എൽ.എ.-യുടെ 17-12-2018-ലെ എ.കെ./എസ്.ഡബ്ല്യൂ-1/2018-19 നമ്പർ കത്ത് മുഖാന്തരം (പുറത്തെഴുത്ത് നമ്പർ 1439/വി.ഐ.പി./എം.ഐ.എൻ. (എസ്.സി./എസ്.റ്റി., ബി.സി., എൽ.എ. ഡബ്ല്യൂ. ആന്റ് സി/18 പ്രകാരം) ലഭ്യമാക്കുകയുണ്ടായി. ആയതിനെ തുടർന്ന് മേൽ പരാമർശിച്ച പ്രൊപ്പോസൽ തിരുവനന്തപുരം ജില്ലാ പ്രസ്സ് ക്ലബ്ബ് സമർപ്പിച്ചതായതിനാൽ ഇക്കാര്യത്തിൽ സർക്കാരിലെ അവരുടെ ഭരണ വകുപ്പായ വിവര പൊതുജന സമ്പർക്ക വകുപ്പുമായി ബന്ധപ്പെടുകയും ടി വകുപ്പിൽ ഈ വിഷയം സി.1/124/2017/ഐ.ആന്റ്.പി.ആർ.ഡി. എന്ന ഫയലായി പരിശോധിച്ച് വരികയാണെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ, 8-12-2018-ലെ പ്രസ്തുത പ്രൊപ്പോസൽ തുടർ-നടപടികൾ സ്വീകരിക്കുന്നതിനായി ഈ വകുപ്പിന്റെ എ.2/491/2018/ സാം.കാ.വ നമ്പർ ഫയലായി വിവര-പൊതുജന സമ്പർക്ക വകുപ്പിന് 5-1-2019-ൽ കൈമാറിയിട്ടുണ്ട്.

## പൂക്കോട്ടൂരിൽ സാംസ്കാരിക കേന്ദ്രം

102 (822) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1921-ൽ മലപ്പുറം ജില്ലയിലെ പൂക്കോട്ടൂരിൽ ബ്രിട്ടീഷ് പട്ടാളക്കാരോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ചവരുടെ ഓർമ്മക്കായി പൂക്കോട്ടൂരിൽ സാംസ്കാരിക വകുപ്പ് സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ പൂക്കോട്ടൂർ കേന്ദ്രീകരിച്ച് ലൈബ്രറി, മ്യൂസിയം എന്നിവ ഉൾപ്പെടുന്ന ഒരു സാംസ്കാരികകേന്ദ്രം ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള അപേക്ഷയോ, റിപ്പോർട്ടോ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് നാളിതുവരെ യാതൊരുവിധ പ്രൊപ്പോസലുകളും സർക്കാരിൽ ലഭ്യമായിട്ടില്ല.

## കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം

103 (823) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ കായംകുളം കൃഷ്ണപുരത്ത് പ്രവർത്തിച്ചുവരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയം സന്ദർശിക്കാൻ എത്തുന്നവർക്ക്, ഓണാട്ടുകരയുടെ പൈതൃകവും അനുഷ്ഠാനകലകളും ഇവിടുത്തെ സാമൂഹിക സാംസ്കാരികമേഖലയിലെ മഹാരഥൻമാരെയും പരിചയപ്പെടുത്തുന്നതിനുവേണ്ടി ആഡിയോ വിഷ്വൽ ക്രമീകരണം ഏർപ്പെടുത്തുന്നതിനും ഇവിടെ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ള, വർഷങ്ങൾക്ക് മുമ്പുള്ള കാർട്ടൂണുകളുടെ ആശയം പുതിയ തലമുറയ്ക്ക് വിശദീകരിക്കുന്നതിന് വേണ്ടിയുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം കൃഷ്ണപുരത്ത് പ്രവർത്തിച്ചുവരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ കാർട്ടൂൺ മ്യൂസിയത്തിൽ നിലവിൽ ആഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് മ്യൂസിയത്തിൽ ആഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. വർഷങ്ങൾക്കുമുമ്പുള്ള കാർട്ടൂണുകളുടെ ആശയം പുതിയ തലമുറയ്ക്ക് വിശദീകരിക്കുന്നതിനുവേണ്ടി എല്ലാ മാസവും കലയുടെ ദർബാർ എന്ന നാമധേയത്തിൽ കാലാകാരന്മാരുടെ സൃഷ്ടികളുടെ പവർപോയിന്റ് പ്രസന്റേഷനുകളും പ്രഭാഷണ പരിപാടികളും കാർട്ടൂണിസ്റ്റ് ശങ്കർ സ്മാരക ദേശീയ മ്യൂസിയത്തിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ വിഖ്യാതരായ കലാകാരൻമാരെക്കുറിച്ചുള്ള അനുസ്മരണ പരിപാടികളും ചലച്ചിത്ര പ്രദർശനങ്ങളും ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മലയാളം മിഷൻ**

104 (824) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം മിഷൻ ഡയറക്ടർ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സർക്കാർ അനുമതിയോടുകൂടി ഏതൊക്കെ വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; ഈ കാലയളവിൽ സർക്കാർ അനുമതിയില്ലാതെ ഡയറക്ടർ വിദേശയാത്ര ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളം മിഷനിൽ ഏതൊക്കെ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; പ്രസ്തുത നിയമനങ്ങൾ നിയമാനുസൃതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) മലയാളം മിഷൻ പ്രവർത്തനങ്ങൾ പ്രവാസി മലയാളികൾ

താമസിച്ചുവരുന്ന രാജ്യങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 20-9-2017-ലെ G.O.(Rt)No.547/2017/CLAD ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തോടൊപ്പം യു.എ.ഇ., ബഹ്റൈൻ, ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങൾ മലയാളം മിഷൻ ഡയറക്ടർ സന്ദർശിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 3,94,008 രൂപ മലയാളം മിഷൻ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് 15 മുതൽ 18 വരെയുള്ള തീയതികളിൽ അബുദാബിയിൽ സംഘടിപ്പിച്ച മലയാളം മിഷൻ വിദ്യാർത്ഥികളുടെ പ്രവേശനോത്സവത്തിലും വിവിധ മലയാളി സംഘടനകളുടെ സംയുക്ത യോഗത്തിലും പങ്കെടുക്കുന്നതിനും മാർച്ച് 30-ന് ഫുജൈറയിൽ നടന്ന മലയാളം മിഷൻ പ്രവേശനോത്സവത്തിലും ചാപ്റ്റർ രൂപീകരണ യോഗത്തിലും പങ്കെടുക്കുന്നതിനുമായി മലയാളം മിഷൻ ഡയറക്ടർക്ക് 4-4-2018-ലെ സ.ഉ.(സാധാ)നമ്പർ 280/2018/സാം.കാ.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കുള്ള ചെലവുകൾ മലയാളി സംഘടനകളാണ് വഹിച്ചത്. സർക്കാർ അനുമതിയില്ലാത്ത വിദേശ യാത്രകളൊന്നും മലയാളം മിഷൻ ഡയറക്ടർ നടത്തിയിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാളം മിഷനിൽ പ്രൊഫ. സുജ സൂസൻ ജോർജ്ജ് - ഡയറക്ടർ, ശ്രീ. എം. സേതുമാധവൻ - രജിസ്ട്രാർ, ശ്രീ. എൻ. തിബീൻ - ഫിനാൻസ് ഓഫീസർ, ശ്രീ. ശശി എം. ടി. - ഭാഷാധ്യാപകൻ, ശ്രീ. ഷോമി ജോസ് - അസിസ്റ്റന്റ് എന്നീ നിയമനങ്ങളും അക്കൗണ്ടന്റ് തസ്തികയിൽ ശ്രീമതി ലക്ഷ്മി നായർ എം. എൻ.-നെയും പി.ആർ.ഒ. തസ്തികയിൽ ശ്രീമതി ദീപ സെസ്സിൽ ജേക്കബിനെയും കൺസൾട്ടന്റ് തസ്തികയിൽ ശ്രീ. ആർ. മുകുന്ദൻ പിള്ളയെയും കരാർ അടിസ്ഥാനത്തിലും ഡ്രൈവർ തസ്തികയിൽ ശ്രീ. സുധീർ കുമാർ എസ്., സ്വീപ്പർ തസ്തികയിൽ ശ്രീമതി ഫബിയോള ഇ. എന്നിവരെ ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ടി നിയമനങ്ങൾ നിയമാനുസൃതമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇന്റർനെറ്റ് മുഖേനയുള്ള മലയാള ഭാഷാപഠനം

105 (825) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയാള ഭാഷ ഇന്റർനെറ്റ് മുഖേന സൗജന്യമായി പഠിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ?

<u>ഉത്തരം</u>

മലയാള ഭാഷാപഠന പ്രവർത്തനങ്ങൾ കൂടുതൽ ദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭഘട്ടം സി-ഡിറ്റിന്റെ സാങ്കേതിക സഹായത്തോടെ പൂർത്തിയാക്കിക്കഴിഞ്ഞു. 2019 നവംബറോടെ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന മലയാളം കോഴ്സ് പൂർണ്ണരൂപത്തിൽ ലഭ്യമാകുന്നതാണ്.

## രക്തസാക്ഷ്യം-2018

106 (826) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രക്തസാക്ഷ്യം-2018 എന്ന ആഘോഷ പരിപാടി ആചരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആഘോഷങ്ങൾക്കായി നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആഘോഷവുമായി ബന്ധപ്പെട്ട് ശബരി ആശ്രമത്തിന്റെ പുനർനിർമ്മാണത്തിന് ഭീമമായ തുക വകയിരുത്തിയതിന്റെ സാഹചര്യം വിശദമാക്കാമോ;

(ഡി) പ്രസ്തുത ആശ്രമം പുനർനിർമ്മിക്കുവാൻ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികാചരണങ്ങളുടെ ഭാഗമായി രക്തസാക്ഷ്യം 2018 എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ആചരണ പരിപാടികൾ സംസ്ഥാന സർക്കാർ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗാന്ധിജി കേരളത്തിൽ സന്ദരശനം നടത്തിയ പയ്യന്നൂർ, പാലക്കാട്, തവനൂർ, വൈക്കം, വെങ്ങാനൂർ തുടങ്ങിയ സ്ഥലങ്ങളിലും ജില്ലാ ബ്ലോക്ക് കേന്ദ്രങ്ങളിലും ഗാന്ധി സ്മൃതിയുണർത്തുന്ന വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം, മ്യൂസിയം, പുരാവസ്തു, പുരാരേഖ,

വിവരപൊതുജന സമ്പർക്ക വകുപ്പുകൾ, ഗ്രന്ഥശാലാ സംഘം, കുടുംബശ്രീ മിഷൻ, ഗാന്ധി സ്മാരകനിധി, ഗാന്ധി പീസ് ഫൗണ്ടേഷൻ, സർവ്വകലാശാല യൂണിയനുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് തുടങ്ങിയവയുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടികൾ സംഘടിപ്പിക്കുന്നത്. അതിൽ തവനൂർ ഒഴികെയുള്ള നാല് സ്ഥലങ്ങളിലും ആചരണം പൂർത്തിയായി. 2019 ഫെബ്രുവരി 9 മുതൽ 14 വരെ സർവ്വോദയ മേളയുമായി സഹകരിച്ച് തവനൂരിൽ വിപുലമായ രീതിയിൽ രക്തസാക്ഷ്യം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) പയ്യന്നൂരിൽ സാഹിത്യ അക്കാദമിയുമായി സഹകരിച്ച് മൂന്ന് ദിവസത്തെ രക്തസാക്ഷ്യം പരിപാടി നടത്തി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കലാപരിപാടികൾ ഒഴിവാക്കിയാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഇതിനായി സാഹിത്യ അക്കാദമി ചെലവഴിച്ചത് 2,35,434 (രണ്ട് ലക്ഷത്തി മുപ്പത്തയ്യായിരത്തി നാനൂറ്റി മുപ്പത്തിനാല് രൂപ മാത്രം)രൂപയാണ്. പാലക്കാട് 23 ലക്ഷം രൂപയും വെങ്ങാനൂരിൽ 15 ലക്ഷം രൂപയും വൈക്കത്ത് 11 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. എല്ലാ കേന്ദ്രങ്ങളിലെയും ആചരണ പരിപാടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അന്തിമ കണക്കുകൾ ലഭ്യമല്ല.

(സി) ഗാന്ധിജിയും കസ്തൂർബായും ഒന്നിലധികം തവണ സന്ദർശിക്കുകയും താമസിക്കുകയും ചെയ്ത പാലക്കാട്ടെ ശബരി ആശ്രമം ചരിത്രപ്രധാനമായ കേന്ദ്രമാണ്. സ്വാതന്ത്ര്യസമര സേനാനി ടി.ആർ. കൃഷ്ണസ്വാമി 1923-ൽ സ്ഥാപിച്ച പ്രസ്തുത ആശ്രമം ഇന്ന് ശോചനീയാവസ്ഥയിലാണുള്ളത്. കെട്ടിടങ്ങൾ കാലപ്പഴക്കംകൊണ്ട് അപകടകരമാംവിധം ജീർണ്ണാവസ്ഥയിലുമാണ്. ടി സാഹചര്യത്തിലാണ് ആശ്രമത്തിന്റെ പുനർനിർമ്മാണത്തിനായി 2.66 കോടി രൂപ വകയിരുത്തുകയുണ്ടായത്.

(ഡി) പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ. ഏജൻസിയെ നിശ്ചയിച്ചിട്ടില്ല.

## സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിന്നുള്ള ധനസഹായം

107 (827) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ എത്ര ഫിലിം സൊസൈറ്റികൾ, സംഘടനകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഫിലിം സൊസൈറ്റികൾ, സംഘടനകൾ എന്നിവയ്ക്ക് കെ.എസ്.എഫ്.ഡി.സി. സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; ഇനം തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ?

ഉത്തരം

(എ &ബി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ ഫിലിം സൊസൈറ്റികൾക്ക് രജിസ്ട്രേഷൻ നൽകുകയോ ഫിലിം സൊസൈറ്റികൾ, സംഘടനകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുകയോ ചെയ്യുന്ന പദ്ധതി നിലവിലില്ല.

**കാട്ടുതീമൂലമുള്ള വനനശീകരണം**

108 (828) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണത്തിനുള്ള ഒരു പ്രധാനകാരണം കാട്ടുതീ ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം കാട്ടുതീമൂലം എത്ര ഹെക്ടർ വനമാണ് കത്തിനശിച്ചതെന്ന് അറിയിക്കാമോ;

(സി) കാട്ടുതീയുടെ നിയന്ത്രണത്തിനായി അരിപ്പ ഫയർ ട്രെയിനിംഗ് സെന്റർ പുനരുജ്ജീവിപ്പിച്ചിട്ടുണ്ടോ; പ്രസ്തുത സെന്ററിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ എന്തൊക്കെ പരിശീലനമാണ് നിലവിൽ നൽകുന്നത്;

(ഇ) അതിനായുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാട്ടുതീ കാരണം വനത്തിന് നാശമുണ്ടാകുന്നുണ്ടെങ്കിലും അത് വനം നശിക്കുന്നതിനുള്ള പ്രധാന കാരണമല്ല.

(ബി) കഴിഞ്ഞ വർഷം 1278.95 ഹെക്ടർ വനത്തിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്. കാട്ടുതീ ഉണ്ടായ വനങ്ങൾ കത്തി നശിച്ചു എന്ന് പറയാൻ കഴിയുകയില്ല.

(സി) കാട്ടുതീയുടെ നിയന്ത്രണത്തിനായി അരിപ്പ ഫയർ ട്രെയിനിംഗ് സെന്റർ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സെന്ററിൽ ഇക്കാര്യത്തിനായി പുതിയ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല.

(ഡി) ഫയർ & റസ്ക്യൂ വകുപ്പിന്റെ സഹായത്തോടെ വിവിധ ഡിവിഷനുകളിലെ ജീവനക്കാർക്ക് പ്രത്യേക ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. പല ഡിവിഷനുകളിലും ഫയർ ഗ്യാംഗുകളിലെ ജീവനക്കാർക്കും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും സമാനമായ പരിശീലനം നൽകിയിട്ടുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു. കാട്ടുതീ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും ഉപയോഗിക്കുന്നുണ്ട്.

അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

(ഇ) വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രെയർ, വാട്ടർബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകുന്നുണ്ട്. കൂടാതെ ഫയർഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോ മാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകുന്നുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്.

## വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ

109 (829) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി എത്ര രൂപ വീതം വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുകയിൽ എത്രയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ പ്രവൃത്തികൾക്കുവേണ്ടിയാണ് തുക വിനിയോഗിച്ചതെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(സി) വനം വകുപ്പിന്റെ അധീനതയിൽ എത്ര ദേശീയ ഉദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും ഉണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-12 മുതൽ 2015-16 വരെ) വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരുന്ന തുകയുടെ വർഷംതിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 33513.85 |
| 2 | 2012-13 | 39900.48 |
| 3 | 2013-14 | 48345.53 |
| 4 | 2014-15 | 53887.25 |
| 5 | 2015-16 | 57083.54 |
| | ആകെ | 232730.65 |

ഈ സർക്കാരിന്റെ കാലത്ത് (2016-17 മുതൽ 2018-19 ഡിസംബർ വരെ) വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം വരെ വകയിരുത്തിയ തുകയുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 67158.16 |
| 2 | 2017-18 | 75599.37 |
| 3 | 2018-19 | 73290.56 |
| | ആകെ | 216048.09 |

(ബി) മുൻസർക്കാരിന്റെ കാലത്ത് വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ആകെ തുകയായ 232730.65 ലക്ഷം രൂപയിൽ 2,12,933.98 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് ആകെ ലഭിച്ച തുകയായ 2,16,048.09 ലക്ഷം രൂപയിൽ 164690.53 ലക്ഷം രൂപയും (ഡിസംബർ 2018 വരെ) വിനിയോഗിച്ചിട്ടുണ്ട്.

വനം വകുപ്പിൽ പ്രവൃത്തികൾ എല്ലാംതന്നെ ഡിവിഷൻതലത്തിലാണ് നടപ്പിലാക്കിവരുന്നത്. വനഡിവിഷനുകളുടെ അതിർത്തി ജില്ലാ അതിർത്തി അല്ലാത്തതിനാൽ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമല്ല. ടി തുക ഉപയോഗിച്ച് വനമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രവൃത്തികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു:

വനാതിർത്തിയിൽ സ്ഥിരം ജണ്ടകൾ നിർമ്മിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനും വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം, റോഡുകളുടെ പരിപാലനം, വാർത്താ വിനിമയം അടക്കമുള്ള പശ്ചാത്തലസൗകര്യം ഒരുക്കൽ, വനസംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവയ്ക്കും അനുബന്ധ പ്രവൃത്തികൾ നടപ്പാക്കുന്നതിനും ഉപയോഗിച്ചിട്ടുള്ളതാകുന്നു. ടി തുകയിൽനിന്നും നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനത്തിനും ഇത്തരത്തിലുള്ള പുതിയ തോട്ടനിർമ്മാണത്തിനും തുക വിനിയോഗിച്ചിട്ടുള്ളതാണ്. കൂടാതെ ടി തുക ഉപയോഗിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നീ

പ്രവൃത്തികളും പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവല്കരണവും അവയുടെ സംരക്ഷണവും ഉറപ്പുവരുത്തിയിട്ടുള്ളതുമാകുന്നു. വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിലേയ്ക്കും അതുവഴി വനാശ്രിത കുടുംബങ്ങളുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും ടി തുക ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി വിഹിതം ഉപയോഗിച്ച് വിവിധയിനം വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് സ്വകാര്യ സ്ഥലങ്ങളിലെ വിവിധ വനവൽക്കരണ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളതാകുന്നു.

(സി) സംസ്ഥാനത്തെ വനം വകുപ്പിന്റെ അധീനതയിൽ 5 ദേശീയോദ്യാനങ്ങളും 15 വന്യജീവി സങ്കേതങ്ങളും പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ 2 ടൈഗർ റിസർവ്വുകളും ഒരു കമ്മ്യൂണിറ്റി റിസർവ്വും ഉള്ളതാകുന്നു.

## വനവൽക്കരണ പരിപാടി

110 (830) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആഗോള താപനം - മരമാണ് മറുപടി എന്ന മുദ്രാവാക്യവുമായി വനവല്കരണ പരിപാടി സംഘടിപ്പിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വനവൽക്കരണ പരിപാടി നടത്തിയതിന് സംസ്ഥാന വനം വകുപ്പിന് എന്തെങ്കിലും ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) കഴക്കൂട്ടം-തിരുവനന്തപുരം നാഷണൽ ഹൈവേ വികസനത്തിനായി മരങ്ങൾ മുറിച്ചുനീക്കിയതിനു പകരം വനവല്കരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആഗോള താപനത്തെ ചെറുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം 'ഹരിതകേരളം' പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. 2016-17, 2017-18 കാലയളവിൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവനം കണക്കാക്കിയതിൽ 2016-17-ൽ 55.24%-വും 2017-18-ൽ 62.53% കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഹരിതകേരളം പദ്ധതി മുഖേന വിതരണം ചെയ്യപ്പെട്ട വൃക്ഷത്തൈകൾ ഈ വർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ വൃക്ഷത്തൈകൾ ആഗോള താപനത്തിന് കാരണമാകുന്ന വാതകങ്ങളെ ആഗിരണം ചെയ്യുന്ന കാർബൺ സിങ്ക് ആയി വർത്തിക്കുന്നതാണ്. കൂടാതെ വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നക്ഷത്രവനം, ഔഷധത്തോട്ടം തുടങ്ങിയ പദ്ധതികളും ആഗോളതാപനം ചെറുക്കുന്നതിൽ തനതായ പങ്കുവഹിക്കുന്നുണ്ട്. ആഗോളതാപനം ചെറുക്കുന്നതിനായി വനം വകുപ്പ് വിവിധ രീതിയിലുള്ള ബോധവത്കരണ പരിപാടികൾ നടപ്പിലാക്കിവരുന്നു. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള വിശേഷദിനങ്ങളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചാ ക്ലാസ്സുകൾ തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ വനം വകുപ്പ് നേചർ ക്യാമ്പുകൾ, എക്സിബിഷനുകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവയും നടത്തിവരുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ബോധവത്കരിക്കുവാൻ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന മാസികയായ അരണ്യം മുഖേനയും വൃക്ഷവത്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ നടുന്നതിന് സൗജന്യമായി വിതരണം ചെയ്തുവരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുളങ്ങൾ, ജലാശയങ്ങൾ, നദീതീരങ്ങൾ, പൊതുസ്ഥലങ്ങൾ, ബീച്ചുകൾ എന്നിവയുടെ ശുചീകരണം, പരിസ്ഥിതി ബോധവത്കരണ റാലികൾ, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(ബി) ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി "ആഗോളതാപനം - മരമാണ് മറുപടി" എന്നത് അടിസ്ഥാനമാക്കി വിവിധ വനവൽക്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കാർബൺ സിങ്കായി (carbon sink) പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തിന്റെ ഉദ്ദേശം 29% ഭൂപ്രദേശത്തുള്ള വനത്തെ വനം വകുപ്പ് സംരക്ഷിച്ചുവരുന്നുണ്ട്. അന്തരീക്ഷത്തിൽ ഉണ്ടാകുന്ന കാർബണിന്റെ അതിപ്രസരണം കുറയ്ക്കുന്നതിനായി വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനും അതിനനുസരിച്ച് അവരുടെ ജീവിതശൈലിയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുമുള്ള "വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ" വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(സി)'എന്റെ മരം' പദ്ധതി മുഖേന മികച്ച വനവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2007-ലെ ഇന്ദിരാപ്രിയദർശിനി വൃക്ഷമിത്ര അവാർഡ് വനം വകുപ്പിനും വിദ്യാഭ്യാസ വകുപ്പിനും സംയുക്തമായി ലഭിച്ചിട്ടുണ്ട്. കൂടാതെ 2007 മുതൽ 2010 വരെയുള്ള കാലയളവിൽ വനം വകുപ്പിന്റെ മികച്ച വനവൽക്കരണപ്രവർത്തനങ്ങൾ പരിഗണിച്ച് ഐക്യരാഷ്ട്ര സഭയുടെ United Nations Environment Programme (UNEP)-ന്റെ അനുമോദന പത്രം ലഭിച്ചിട്ടുണ്ട്.

(ഡി) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണത്തിനായി 4073 മരങ്ങൾ മുറിച്ചുനീക്കാൻ അനുമതി നൽകിയതിനെ തുടർന്ന് മുറിച്ചുനീക്കിയ മരങ്ങൾക്ക് പകരമായി 1:10 എന്ന അനുപാതത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിനകത്ത് 20 ഹെക്ടറിലും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിനകത്ത് 1.28 ഹെക്ടറിലുമായി 34000 തദ്ദേശീയ വൃക്ഷത്തൈകൾ 2016-17 വർഷത്തിൽ നട്ടുപിടിപ്പിച്ച് പരിപാലിച്ചുവരുന്നു.

**വനമേഖലയിലെ സന്ദർശന സൗകര്യങ്ങൾ**

111 (831) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര താല്പര്യം വർദ്ധിച്ചുവരുന്നതുമൂലം വനമേഖലകളിലും വനത്തോടുചേർന്ന പല കേന്ദ്രങ്ങളിലും ഉൾക്കൊള്ളാനാവാത്ത വിധം സന്ദർശകർ എത്തുന്നത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അവധി ദിനങ്ങളിലും മറ്റും അതിയായ തിരക്ക് അനുഭവപ്പെടുന്നതിനാൽ, സന്ദർശകർക്ക് സുരക്ഷിതമായി കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) എല്ലാവർക്കും സന്ദർശനത്തിനുള്ള അവസരം ലഭിക്കത്തക്കവിധം വനമേഖലകളിലെ എല്ലാ സന്ദർശന കേന്ദ്രങ്ങളിലും പ്രത്യേക ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഇക്കോടൂറിസം മേഖലകൾ സന്ദർശിക്കുന്ന സഞ്ചാരികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുന്ന എന്നത് ഒരു വസ്തുതയാണ്. കേരളത്തിലെ ഇക്കോടൂറിസം മേഖലകൾ മിക്കവയും പരിസ്ഥിതി പ്രാധാന്യമേറിയ ഇടങ്ങളാണ്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദപരമായി പ്രകൃതിക്കും അതിന്റെ സ്വാഭാവിക ജൈവവൈവിദ്ധ്യത്തിനും യാതൊരുവിധ കോട്ടവുംതട്ടാത്ത വിധത്തിലാണ് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ വിഭാവന ചെയ്ത് നടപ്പിലാക്കിവരുന്നത്. പങ്കാളിത്ത വനപരിപാലന തത്വമനുസരിച്ച് തദ്ദേശീയരായ വനാശ്രിതരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതാണ് കേരളത്തിലെ ഇക്കോടൂറിസം പരിപാടികൾ. ഓരോ ഇക്കോടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിൽ നിയന്ത്രിതമായാണ് സന്ദർശകരെ നിലവിൽ ഇക്കോടൂറിസത്തിനായി അനുവദിക്കുന്നത്. എങ്കിലും ഇത് കുറെക്കൂടി ശാസ്ത്രീയമാക്കുന്നതിനായി കേരളത്തിലെ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലെയും സന്ദർശക വാഹകശേഷി കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി കേരളത്തിലെ പ്രധാനപ്പെട്ടതും സന്ദർശകർ ഏറ്റവും കൂടുതൽ എത്തുന്നതുമായ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ വിവിധ ഏജൻസികൾ മുഖാന്തിരം സന്ദർശകവാഹക പഠനം നടത്തിവരുന്നു. കേരളത്തിലെ എല്ലാ കേന്ദ്രങ്ങളിലും ടി പഠനം പൂർത്തിയാക്കി സന്ദർശക നിയന്ത്രണം പൂർണ്ണമായും നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

കൂടാതെ ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും ആയതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതും സന്ദർശകർ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിനുമായി ആവശ്യമായ പ്രോത്സാഹനം നൽകിവരികയും ചെയ്യുന്നുണ്ട്. എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സന്ദർശകർ

മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കുന്നതിനുള്ള കരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും സന്ദർശകർ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ച് അവയെ തരംതിരിച്ച് ശാസ്ത്രീയമായി പരിസ്ഥിതിക്ക് ദോഷകരമാകാത്ത തരത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ നിർമ്മിതികൾ പരമാവധി ഒഴിവാക്കി ആവശ്യമെങ്കിൽ മാത്രം പരിസ്ഥിതിക്ക് ഇണങ്ങും വിധത്തിലുള്ള തരത്തിൽ അത്തരം വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നത്. ഇങ്ങനെ വിവിധ പരിപാടികൾ പരിസ്ഥിതിക്ക് ഇണങ്ങുംവിധം ആസൂത്രണം ചെയ്ത് പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയാണ് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നത്.

(ബി) എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും നിയന്ത്രിയ അളവിൽ മാത്രമെ നിലവിൽ സന്ദർശകരെ അനുവദിക്കാറുള്ളൂ. വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവകളിലെ അംഗങ്ങളെ ഇക്കോടൂറിസം മേഖലകളിലെ ഗൈഡുകളായി നിയോഗിച്ച് സന്ദർശകരെ മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിനും അവർക്ക് സുരക്ഷിതമായ സന്ദർശനം സാദ്ധ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കോടൂറിസം മേഖലകളിൽ ഗൈഡുകളായി പ്രവർത്തിക്കുന്ന ടി ഗൈഡുകൾക്ക് വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകൾ വഴി സന്ദർശക സുരക്ഷയിലും മാനേജ്മെന്റിലും സന്ദർശകർക്ക് അടിയന്തര ഘട്ടങ്ങളിൽ പ്രാഥമിക ശുശ്രൂഷ നൽകുന്നതിലും ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ആവശ്യമായ ഇടങ്ങളിൽ കൈവരികൾ, ബാരിക്കേഡുകൾ തുടങ്ങിയ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സംരക്ഷണം, സന്ദർശക സുരക്ഷ എന്നിവ കണക്കിലെടുത്ത് നിയന്ത്രിതമായാണ് നിലവിൽ സന്ദർശകരെ അനുവദിച്ചുവരുന്നത്. മിക്ക ഇക്കോടൂറിസം കേന്ദ്രങ്ങളിലും ടി കേന്ദ്രങ്ങളിലെ ടിക്കറ്റ് കൗണ്ടറുകളിലൂടെ നേരിട്ടുള്ള ബുക്കിംഗ് സംവിധാനമാണ് നിലവിലുള്ളത്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകത്തക്ക വിധത്തിൽ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു കേന്ദ്രീകൃത ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇത് എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി

112 (832) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ വർഷം ഇക്കാര്യത്തിനായി എത്ര സ്ത്രീകളാണ് അപേക്ഷ നൽകിയത്;

(സി) അപേക്ഷ നൽകിയിട്ടുള്ള സ്ത്രീകൾക്ക് അഗസ്ത്യാർകൂടം കയറുന്നതിനായി വനംവകുപ്പ് പ്രത്യേക സുരക്ഷയും സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അഗസ്ത്യാർകൂടം കയറുന്നതിന് സ്ത്രീകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം അഗസ്ത്യാർകൂടം കയറുന്നതിന് 100 വനിതകളുടെ അപേക്ഷയാണ് ലഭിച്ചിട്ടുള്ളത്.

(സി) അഗസ്ത്യാർകൂടം കയറുന്നതിനായി സ്ത്രീകൾക്ക് വനം വകുപ്പ് പ്രത്യേക സുരക്ഷയും സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. 16 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെയും 3 വനിതാ ട്രൈബൽ വാച്ചർമാരെയും 1 വനിതാ ഫോറസ്റ്റ് വാച്ചറെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ഗൈഡുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അതിരുമല ബേസ് ക്യാമ്പിൽ 200 സന്ദർശകർക്ക് താമസിക്കുന്നതിനായി 2 സെമിപെർമനന്റ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ വനിതകൾക്കായി പ്രത്യേകം സ്ഥലം വേർതിരിച്ചിട്ടുണ്ട്. 10 ശുചിമുറികളുള്ളതിൽ വനിതാ സന്ദർശകർക്കായി 3 എണ്ണവും 5 കുളിമുറികളുള്ളതിൽ 2 എണ്ണവും നീക്കിവച്ചിട്ടുണ്ട്. വനിതകൾ ഉൾപ്പെടെയുള്ള സന്ദർശകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. സന്ദർശകരുടെ സുരക്ഷയ്ക്കായി ബോണക്കാട് മുതൽ അതിരുമല വരെയുള്ള നടപ്പാതയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. വാർത്താവിനിമയ സംവിധാനങ്ങൾക്കായി അതിരുമല ബേസ് ക്യാമ്പിലും പേപ്പാറ റെയിഞ്ച് ആസ്ഥാനത്തും വയർലെസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് വാക്കിടോക്കികൾ വിതരണം ചെയ്തിട്ടുണ്ട്.

## അഗസ്ത്യാർകൂടം യാത്രയ്ക്ക് സ്ത്രീകൾക്ക് അനുമതി

113 (833) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യാർകൂട യാത്രയ്ക്ക് സ്ത്രീകൾക്ക് ഏതെങ്കിലും തരത്തിലുള്ള വിലക്ക് നിലവിലുണ്ടോ;

(ബി) ഈ വർഷത്തെ യാത്രയെ സംബന്ധിച്ച് വിവാദം ഉയർന്ന് വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) യാത്രയുമായി ബന്ധപ്പെട്ട് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ വർഷം വരെ അഗസ്ത്യാർകൂടത്തിൽ സ്ത്രീകൾക്ക് പ്രവേശന അനുമതി ഉണ്ടായിരുന്നില്ല. WP (c) 5486/17-ാം നമ്പർ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-11-2018-ലെ വിധി പ്രകാരം 2019-ൽ അഗസ്ത്യാർകൂടം ട്രക്കിംഗിന് സ്ത്രീകൾക്ക് പ്രവേശനാനുമതി നൽകിയതുമായി ബന്ധപ്പെട്ട് ചില വിഭാഗം ജനങ്ങളിൽനിന്നും പ്രതിഷേധം ഉയർന്നുവരാനുള്ള സാഹചര്യമുണ്ടായി.

(സി) 1. 2019 അഗസ്ത്യാർകൂടം സന്ദർശനവുമായി ബന്ധപ്പെട്ട് ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ സന്ദർശകരുടെ പാസ്സും ബാഗേജുകളും പരിശോധിക്കുന്നതിനായി സെക്ഷൻ ഫോറസ്റ്ററുടെ നേതൃത്വത്തിൽ 2 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ട്രൈബൽ വാച്ചർമാർ ഉൾപ്പെടെ 5 പേരെ നിയോഗിച്ചിട്ടുണ്ട്.

2. പ്രവേശന കവാടമായ ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ എത്തുന്ന 20 പേർ വീതമുള്ള സന്ദർശക ഗ്രൂപ്പുകൾക്ക് ഒരു ഗൈഡിന്റെ സേവനം ലഭ്യമാണ്.

3. അതിരുമല ബേസ് ക്യാമ്പിൽ 200 സന്ദർശകർക്ക് താമസിക്കുന്നതിനായി 2 സെമിപെർമനന്റ് ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ വനിതകൾക്കായി പ്രത്യേകം സ്ഥലം വേർതിരിച്ചിട്ടുണ്ട്. കൂടാതെ ശുചിമുറികൾ, കുളിമുറികൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

4. ബോണക്കാട് പിക്കറ്റ് സ്റ്റേഷനിൽ ബോണക്കാട് ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലും അതിരുമല ബേസ് ക്യാമ്പിൽ പൊടിയം ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്യാന്റീൻ സജ്ജമാക്കിയിട്ടുണ്ട്.

5. അതിരുമല ബേസ് ക്യാമ്പിൽ ക്യാന്റീൻ പ്രവർത്തനം, സന്ദർശകരുടെ മേൽനോട്ടം, ഗൈഡുമാരെ നിയോഗിക്കൽ എന്നിവയ്ക്കായി ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ 2 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ട്രൈബൽ വാച്ചർ ഉൾപ്പെടെ 5 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

6. വാർത്താവിനിമയ സംവിധാനങ്ങൾക്കായി അതിരുമല ബേസ് ക്യാമ്പിലും പേപ്പാറ റെയിഞ്ച് ആസ്ഥാനത്തും വയർലെസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള ജീവനക്കാർക്ക് വാക്കിടോക്കികൾ വിതരണം ചെയ്തിട്ടുണ്ട്.

7. സന്ദർശകരെ അനുഗമിക്കുന്നതിലേയ്ക്കായി പ്രത്യേക പരിശീലനം നൽകിയ 32 ഗൈഡുമാരെ നിയോഗിച്ചിട്ടുണ്ട്.

8. സന്ദർശകരെ അനുഗമിക്കുന്ന ഗൈഡുകൾക്ക് താൽക്കാലിക ക്യാമ്പ് ഷെഡുകൾ നിർമ്മിച്ചിട്ടുണ്ട്.

9. ബോണക്കാട് മുതൽ അതിരുമല വരെയുള്ള നടപ്പാതയിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ പട്രോളിംഗ് നടത്തിവരുന്നു.

10. എല്ലാ സന്ദർശകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

## വനത്തിനുള്ളിലെ അനധികൃത ക്വാറികൾ

114 (834) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അധീനതയിലുള്ള വനത്തിനുള്ളിൽ അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ക്വാറികൾ ഏതൊക്കെ വനമേഖലയിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ക്വാറികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) മേൽഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## പ്രളയദുരന്തത്തിന്റെ ഫലമായി വനവിസ്തൃതിയിലുണ്ടായ കുറവ്

115 (835) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര ചതുരശ്ര കിലോമീറ്ററാണ് കുറവ് വന്നിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രളയദുരന്തംമൂലം വനപ്രദേശത്ത് നഷ്ടമായ മരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയദുരന്തത്തിൽ നശിച്ച ജീവജാലങ്ങളുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ പ്രളയത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വനഭൂമിയുടെ വിസ്തൃതിയിൽ കുറവുവന്നിട്ടില്ല. എന്നാൽ മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിൽ വനങ്ങൾക്ക് നാശം ഉണ്ടായിട്ടുണ്ട്.

(ബി) പ്രളയംമൂലം നഷ്ടമായ മരങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്രളയംമൂലം 993 മരങ്ങൾ കടപുഴകി വീണതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലങ്ങളിൽ മണ്ണിനടിയിൽപ്പെട്ടുപോയ മരങ്ങളുടെ കണക്കെടുക്കാൻ സാധിച്ചിട്ടില്ല.

(സി) കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കടുവ - 2, മ്ലാവ് - 1, കാട്ടുപോത്ത് - 3, കാട്ടുപന്നി - 4, ആന – 2, മുള്ളൻപന്നി -1, രാജവെമ്പാല 1, പെൺ മയിൽ - 1

## 2016 മേയ് മാസത്തിനുശേഷം വിട്ടുനൽകിയ വനഭൂമി

116 (836) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകിയ 9.59635 ഹെക്ടർ വനഭൂമി, സർക്കാർ സ്ഥാപനങ്ങൾക്കല്ലാതെ മറ്റേതെങ്കിലും സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് നൽകിയത്; ഇവർക്ക് വനഭൂമി നൽകുവാനുണ്ടായ സാഹചര്യം എന്താണ്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) റിലയൻസ് ജിയോ ഇൻഫോകോം (0.02 ഹെക്ടർ), ആനക്കാംപോയിൽ SHEP (0.25 ഹെക്ടർ), വനം വനേതര ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരവും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരവുമാണ് അനുമതി നൽകിയിട്ടുള്ളത്.

## വനപ്രദേശങ്ങളോടുചേർന്ന കൃഷിയിടങ്ങളിലെ ജണ്ടയിടൽ

117 (837) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളോടുചേർന്ന പ്രദേശങ്ങളിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന കർഷകരുടെ കൃഷി സ്ഥലങ്ങളിൽ വ്യാപകമായി ജണ്ടയിട്ടു വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് ഇപ്രകാരം നടപടി സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പരമ്പരാഗത കർഷകരുടെ സ്ഥലം മുന്നറിയിപ്പില്ലാതെ ജണ്ടയിടുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടി അവസാനിപ്പി ക്കുന്നതിന് വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർവ്വേ ചെയ്ത വനാതിർത്തികളിൽ മാത്രമാണ് ജണ്ടകളുടെ നിർമ്മാണം നടത്തുന്നത്. വനം കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനത്തെ സംരക്ഷിക്കുന്നതിന് വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണം അത്യാവശ്യമാണ്.

(ബി) വനാതിർത്തി സർവ്വേ ചെയ്താണ് അതിർത്തി ജണ്ടകൾ നിർമ്മിച്ചുവരുന്നത്.

(സി) പരമ്പരാഗത കർഷകരുടെ സ്ഥലത്ത് വനം വകുപ്പ് ജണ്ടയിടുന്നില്ല. വനാതിർത്തി സർവ്വേ ചെയ്ത് ടി അതിർത്തിയിൽ മാത്രമാണ് ജണ്ടയിടുന്നത്. വനം കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനത്തെ സംരക്ഷിക്കുന്നതിന് വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണം അത്യാവശ്യമാണ്.

**സാമൂഹികവനവൽക്കരണത്തിന് തൈകളുടെ ഉൽപ്പാദനം**

118 (838) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം എത്ര തൈകളാണ് ഉല്പാദിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തൈകൾ ഉല്പാദിപ്പിക്കുന്നതിന് പ്ലാസ്റ്റിക് കവറുകളാണോ ഉപയോഗിച്ചത്; അവ പരിസ്ഥിതിക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പരിസ്ഥിതിസൗഹൃദമായ എന്ത് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ബദൽമാർഗ്ഗങ്ങൾ കണ്ടെത്തി പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സാമൂഹിക വനവൽക്കരണ വിഭാഗം 81.1 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചിട്ടുള്ളതാണ്.

(ബി) തൈകൾ ഉത്പാദിപ്പിക്കാൻ ബദൽമാർഗ്ഗങ്ങൾ ലഭ്യമല്ലാത്തതിനാൽ പ്ലാസ്റ്റിക് കവറുകളാണ് ഉപയോഗിച്ചിട്ടുള്ളത്.

(സി) പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള തീവ്രശ്രമങ്ങൾ നടത്തിവരികയാണ്.

(ഡി) പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ബദൽമാർഗ്ഗങ്ങൾ കണ്ടെത്തിയാൽ, പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്വാഭാവിക വനങ്ങളുടെ സംരക്ഷണം

119 (839) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ആധുനിക ആശയവിനിമയ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വേനൽക്കാലത്ത് കാട്ടുതീ പ്രതിരോധിക്കുന്നതിനുള്ള എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രകൃതിക്ക് ദോഷകരമായ അക്കേഷ്യ പോലുള്ള മരങ്ങൾ വെട്ടിമാറ്റി പൊതുലേലത്തിൽ വിറ്റഴിക്കുന്നതിനും പകരം ഉപകാരപ്രദമായ തദ്ദേശീയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളുടെ രൂപീകരണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം

റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ, വനസംരക്ഷണത്തിനായി വനാതിർത്തിക്കുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.

- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പിലാക്കിവരുന്നു.

- വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണകൾ, വാട്ടർ ഹോളുകൾ എന്നിവ നിർമ്മിക്കുകയും സ്വാഭാവിക നീരുറവകളുടെയും നീർച്ചാലുകളുടെയും സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ "ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് " എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി വന സംരക്ഷണ സമിതികളിലെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും വനാശ്രിത കുടുംബങ്ങളെ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കി അതുവഴി അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു.

- ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.

- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.

(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ആധുനിക ആശയവിനിമയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ വയർലെസ്സ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) വനമേഖലകളിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് വനമേഖലകളെ Highly Fire Prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരംതിരിച്ച് ഡിവിഷൻ തലത്തിൽ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കാട്ടുതീ പ്രതിരോധിക്കുന്നതിന് ബൃഹത്തായ കർമ്മ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. കാട്ടുതീ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതലെന്നോണം ആവശ്യമായ വനമേഖലകളിൽ കൺട്രോൾ ബേർണിംഗും ചില മേഖലകളിൽ ഏർലി ബേർണിംഗും നടത്തുന്നുണ്ട്. വനമേഖലകളിൽ ഫയർലൈൻ തെളിച്ച് സംരക്ഷണ വാച്ചർമാരെയും ഫയർഗ്യാംഗുകളെയും വിന്യസിച്ചും കാട്ടുതീ പ്രതിരോധം ഉറപ്പുവരുത്തുന്നു. കൂടാതെ വനമേഖലകളിൽ ജല ലഭ്യത ഉറപ്പുവരുത്താൻ കുളങ്ങൾ/വാട്ടർ ഹോൾ എന്നിവ നിർമ്മിച്ചും നിലവിലുള്ളവയുടെ ആഴം കൂട്ടിയും വേണ്ട മുൻകരുതലുകൾ എടുത്തിട്ടുണ്ട്. വിവിധ മേഖലകളിൽ ക്യാമ്പ് ഷെഡുകൾ പ്രവർത്തനം ആരംഭിച്ചു. ജനങ്ങളിൽ കാട്ടുതീയുടെ ഭവിഷ്യത്ത് അറിയിക്കുന്നതിലേയ്ക്കായി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. ബന്ധപ്പെട്ട വന സംരക്ഷണ വിഭാഗം ജീവനക്കാരുടെ പട്രോളിംഗ് ശക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടുകൂടി കാട്ടുതീ പ്രതിരോധിക്കാൻ വി.എസ്.എസ്./ഇ.ഡി.സി. മുഖേന ഫയർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ യാത്രാസംവിധാനവും ആശയവിനിമയ സംവിധാനവും വനമേഖലകളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.

കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിക്കും. ഇതിനുപുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിപ്പിക്കുന്നതാണ്.

മേൽ വിശദീകരിച്ച സംവിധാനങ്ങളും മുൻവർഷങ്ങളിൽ കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ പരിശോധിച്ച് ആയത് ഫലപ്രദമായി തടയുന്നതിനുള്ള പദ്ധതികൾകൂടി ഉൾപ്പെടുത്തി സർക്കിൾ തലത്തിൽ വിശദമായ ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് ഓരോ വർഷവും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(ഡി) അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് എന്നിവയുടെ തോട്ടങ്ങളുടെ വ്യാപ്തി ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവന്ന് തദ്ദേശീയമായ മരങ്ങൾ നട്ടുപിടിപ്പിച്ച് സ്വാഭാവികമായ വനവൽക്കരണം നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

കേരളത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് നൽകിയിട്ടുള്ള ക്യാപ്റ്റീവ് തോട്ടങ്ങൾ ഉൾപ്പെടെ ഉദ്ദേശം 25,000 ഹെക്ടറോളം മേൽ സ്പീഷീസുകളുടെ തോട്ടങ്ങൾ നിലവിലുണ്ട്. ആയതിൽ വാറ്റിൽ തോട്ടങ്ങൾ മൂന്നാർ, ദേവികുളം മേഖലയിലാണ്. 1993 മുതൽ ടി വാറ്റിലിന്റെ നടീൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. ടി വാറ്റിൽ തോട്ടങ്ങൾ വെട്ടിമാറ്റി ടി പ്രദേശങ്ങളെ പ്രകൃത്യാലുള്ള പുൽമേട് - ഷോല ഇക്കോ സിസ്റ്റത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. 2018 വർഷം മുതൽ കേരളത്തിലെ വനങ്ങളിൽ അക്കേഷ്യ ഓറിക്കുലിഫോമിസിന്റെയും അക്കേഷ്യ മാഞ്ചിയത്തിന്റെയും നടീൽ അവസാനിപ്പിച്ചിട്ടുണ്ട്. 2019 വർഷം മുതൽ യൂക്കാലിപ്റ്റസിന്റെ നടീലും കേരള വനങ്ങളിൽ ചെയ്യുന്നതല്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഓറിക്കുലിഫോമിസ്, മാഞ്ചിയം യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വെട്ടുന്ന മുറയ്ക്ക് തദ്ദേശീയ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കാനും ലക്ഷ്യമിട്ടിട്ടുള്ളതാണ്. 2025 വർഷത്തോടുകൂടി കേരള വനത്തിൽനിന്നും അക്കേഷ്യ മാഞ്ചിയം തോട്ടങ്ങളുടെ റൊട്ടേഷൻ പൂർത്തിയാക്കാനും 2038 വർഷത്തോടുകൂടി കേരള വനത്തിൽനിന്നും അക്കേഷ്യ മാഞ്ചിയം തോട്ടങ്ങളെ പൂർണ്ണമായും ഇല്ലാതാക്കാനുമാണ് വിഭാവന ചെയ്തിട്ടുള്ളത്.

**വനസംരക്ഷണം**

120 (840) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) വനം കയ്യേറ്റം ഒഴിവാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നശിച്ചുപോയ വനത്തിന് പകരം വനം വച്ചുപിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വന സംരക്ഷണത്തിനായി വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള സർവ്വേ നടത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ ടി സർവ്വേ പൂർത്തിയായിട്ടില്ല.

(ബി) അതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 2016-17-ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ ഉദ്ദേശം 680 കി.മീ. അതിർത്തിയിൽ 14416 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15000 ജണ്ടകൾ (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 6 ബാച്ചിലായി 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 30 പേരടങ്ങുന്ന 7-ാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്. 30 പേരുടെ 8-ാമത് ബാച്ചിന്റെ പരിശീലനം 2019 മാർച്ചിൽ തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 4-4-2016-ലെ G.O(P)No.290/16/RD പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ് 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 1980-ലെ കേന്ദ്രവന (സംരക്ഷണ) നിയമത്തിൻ കീഴിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി വനേതര ആവശ്യങ്ങൾക്കായി വനഭൂമി ഉപയോഗിക്കുന്ന കേസുകളിൽ തുല്യ വിസ്തൃതിയിലുള്ള ഭൂമി അതാത് യൂസർ ഏജൻസികൾ പരിഹാരവനവൽക്കരണത്തിനായി നൽകേണ്ടതുണ്ട്. ഇപ്രകാരമുള്ള കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ ഭൂമികളിൽ, പരിഹാരവനവൽക്കരണം ചെയ്തുവരുന്നതും ആയതിനുള്ള ചെലവ് യൂസർ ഏജൻസിതന്നെ മുൻകൂറായി

അടച്ചുവരുന്നതുമാണ്. പരിഹാര വനവൽക്കരണത്തിന് ഭൂമി ലഭ്യമാകാതെ വരുന്ന സംഗതിയിൽ, ഇരട്ടി വിസ്തൃതിക്ക് ശുഷ്കവനങ്ങളിൽ പരിഹാരവനവൽക്കരണം നടത്തുന്നതുമാണ്. ആയതിനുള്ള ചെലവും യൂസർ ഏജൻസിയിൽനിന്നും മുൻകൂറായിത്തന്നെ ഈടാക്കിവരുന്നതുമാണ്.

**വൃക്ഷത്തൈകൾ നടുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം**

121 (841) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് കോടി വൃക്ഷത്തൈകൾ നടുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്നറിയിക്കാമോ;

(ബി) നടീൽ വസ്തുക്കളുടെ ദൗർലഭ്യം ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് പ്രതിബന്ധമായിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷമുണ്ടായ പ്രളയം നഴ്സറികൾക്ക് കനത്ത നാശനഷ്ടം ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ വർഷവും നടീൽ വസ്തുക്കൾക്ക് ദൗർലഭ്യമുണ്ടാകുമോ എന്ന് വെളിപ്പെടുത്താമോ;

(ഡി) എങ്കിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മൂന്ന് കോടി വൃക്ഷത്തൈകൾ നടുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിക്കാതെ വന്നത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 14 കോടി രൂപയാണ് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് തൈ ഉത്പാദനത്തിനായി അനുവദിച്ചിരുന്നത്. എന്നാൽ 3 കോടി വൃക്ഷത്തൈകൾ തയ്യാറാക്കുന്നതിനായി 50 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.

(ബി) ഇല്ല.

(സി) കഴിഞ്ഞ വർഷമുണ്ടായ പ്രളയം നഴ്സറികൾക്ക് കനത്ത നാശനഷ്ടം ഉണ്ടാക്കിയിട്ടില്ല. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന് തൈ ഉത്പാദനത്തിനായി അനുവദിച്ച ഫണ്ടിൽ മുൻവർഷത്തേതിലും 20.49% കുറവ് വന്നിട്ടുള്ള സാഹചര്യത്തിൽ നടീൽ വസ്തുക്കൾക്ക് ദൗർലഭ്യമുണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

(ഡി) വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നില്ല. നിലവിൽ വൃക്ഷത്തൈ ഉത്പാദന ജോലികൾ ടെണ്ടർ മുഖേനയാണ് ചെയ്തുവരുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം നിലവിൽ വനം വകുപ്പിന്റെ പരിഗണനയിലില്ല.

## പാതയോരങ്ങളിൽ വേപ്പിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

122 (842) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ളവയും വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നവയുമായ ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിലും അനുബന്ധ ഇടങ്ങളിലും വേപ്പിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് അയൽ സംസ്ഥാനമായ തമിഴ്നാടിനെ മാതൃകയാക്കുമോ;

(ബി) ഇത്തരം ചെടികൾ വച്ചുപിടിപ്പിച്ചാൽ അവ സംരക്ഷിക്കുന്നതിന് പരിസരവാസികളായവരുടെ സഹായ സഹകരണം അഭ്യർത്ഥിക്കുമോ;

(സി) 2018-ലെ ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാന സർക്കാരും അതിന്റെ ഏജൻസികളും ഏതെല്ലാം വിഭാഗങ്ങളിലുള്ള ചെടികളുടെ, എത്ര വീതം തൈകൾ, ഏതെല്ലാം ജില്ലകളിൽ വച്ചുപിടിപ്പിച്ചു എന്നും അതിന്റെ സംരക്ഷണം എങ്ങനെ ഉറപ്പാക്കിയിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ളവയും വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നവയുമായ ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിലും അനുബന്ധ ഇടങ്ങളിലും സ്ഥല ലഭ്യതയ്ക്കനുസരിച്ച് NHAI/PWD എന്നീ വകുപ്പുകളുടെ അനുമതിയോടെ വേപ്പിൻ തൈകൾ ഉൾപ്പെടെയുള്ള തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്. വരണ്ട കാലാവസ്ഥയുള്ള തമിഴ്നാട്ടിലെയും നല്ലമഴയുള്ള കേരളത്തിലെയും വേപ്പിൻ തൈകളുടെ വളർച്ചാനിരക്ക് വ്യത്യസ്തമായിരിക്കുമെന്നതിനാൽ തമിഴ്നാട്ടിലെ അതേ മാതൃക ഇവിടെ അനുവർത്തിക്കേണ്ടതില്ല.

(ബി) പരിസരവാസികൾ, വ്യാപാരികൾ, തൊഴിലാളി യൂണിയനുകൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ സഹായ സഹകരണം അഭ്യർത്ഥിക്കാവുന്നതാണ്.

(സി) 2018-ലെ ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്ത തൈകളിൽ ഫലവൃക്ഷത്തൈകളായ പ്ലാവ്, മാവ്, ബദാം, കുടംപുളി, നെല്ലി, ഞാവൽ, പേര, സപ്പോട്ട, മാതളം എന്നിവയും പൂമര വൃക്ഷങ്ങളായ ചെമ്പകം, കണിക്കൊന്ന, മന്ദാരം, രാജമല്ലി തുടങ്ങിയവയും തടി ഉപയോഗത്തിന് പ്രയോജനപ്പെടുന്ന ഈട്ടി, കമ്പകം, തേക്ക്, കുമ്പിൾ, ആഞ്ഞിലി, മഹാഗണി തുടങ്ങിയവയും ഔഷധസസ്യങ്ങളായ അശോകം, കൂവളം, ലക്ഷ്മിതരു, രക്തചന്ദനം തുടങ്ങിയവയും തീര സംരക്ഷണം ലക്ഷ്യമാക്കി മുള, കാറ്റാടി തുടങ്ങിയവും ഉൾപ്പെടെ 75 ഓളം ഇനം സസ്യങ്ങളുടെ തൈകൾ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കാനായി വിതരണം ചെയ്തിട്ടുണ്ട്.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് നട്ടുപിടിപ്പിച്ചതും നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തതുമായ തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ള തൈകളുടെ എണ്ണം (ലക്ഷം) | സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ടു നട്ടുപിടിപ്പിച്ച തൈകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 6.10 | 0 |
| കൊല്ലം | 3.91 | 750 |
| പത്തനംതിട്ട | 5.28 | 880 |
| ആലപ്പുഴ | 8.02 | 0 |
| കോട്ടയം | 8.45 | 15998 |
| എറണാകുളം | 7.98 | 16325 |
| എൻ.എസ്.സി കാലടി | 0.91 | 0 |
| ഇടുക്കി | 4.5 | 1532 |
| തൃശ്ശൂർ | 6.25 | 2000 |
| പാലക്കാട് | 4.32 | 12825 |
| മലപ്പുറം | 4.28 | 0 |

| (1) | (2) | (3) |
|---|---|---|
| വയനാട് | 3.10 | 1055 |
| കോഴിക്കോട് | 4.9 | 0 |
| കണ്ണൂർ | 5.0 | 0 |
| കാസർഗോഡ് | 4.49 | 0 |
| ആകെ | 77.49 | 51365 |

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 9-5-2017-ലെ സർക്കുലർ നമ്പർ പൊതു.വി.(ജി) വകുപ്പ് നമ്പർ ജി3/136/17 പൊ.വി.വ. പ്രകാരം സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ 22-4-2017-ലെ സർക്കുലർ K1/49/17/H Edn. പ്രകാരം കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും തദ്ദേശ സ്വയംഭരണവിഭാഗം 19-5-2017-ലെ സർക്കുലർ നമ്പർ പി.എസ്.2/249/2017 ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്തുതലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കുന്നതിനും തുടർനിർദ്ദേശം നൽകുന്നതാണ്. വനം വകുപ്പ് നേരിട്ട് വിവിധ സ്ഥാപനങ്ങളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം ആദ്യത്തെ രണ്ട് വർഷം വനം വകുപ്പ് നേരിട്ടും തുടർ പരിപാലനം വനം വകുപ്പുമായി MOU-ൽ ഏർപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിലും നിക്ഷിപ്തമായിരിക്കും.

## റബ്ബറധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്

123 (843) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്/ നിരാക്ഷേപപത്രം ആവശ്യപ്പെട്ട് വനം വകുപ്പിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) അപേക്ഷ ലഭിച്ചിട്ടും ലൈസൻസ്/നിരാക്ഷേപ പത്രം അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) റബ്ബർ മരത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനത്തെയോ ഏജൻസിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം/ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(ഇ) റബ്ബറധിഷ്ഠിത സംരംഭങ്ങൾക്ക് വനം വകുപ്പിൽ നിന്ന് ലൈസൻസ്/നിരാക്ഷേപ പത്രം ലഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ?

ഉത്തരം

(എ) റബ്ബറധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ്/ നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് വനം വകുപ്പിന് 1099 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 4 |
| കൊല്ലം | 10 |
| ആലപ്പുഴ | 7 |
| ഇടുക്കി | 25 |
| പത്തനംതിട്ട | 8 |
| കോട്ടയം | 62 |
| എറണാകുളം | 918 |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | 9 |

| (1) | (2) |
|---|---|
| കോഴിക്കോട് | 5 |
| മലപ്പുറം | 14 |
| വയനാട് | 4 |
| കണ്ണൂർ | 25 |
| കാസർഗോഡ് | 8 |

(ബി) 14-10-2014-ലെ സർക്കാർ ഉത്തരവ് GO (Rt) No. 469/2014/വനം പ്രകാരം 3,17,000 M3 റബ്ബർ തടിയധിഷ്ഠിത വ്യവസായത്തിന് ലൈസൻസ് നൽകുന്നതിന് അനുവാദമുള്ളതാണ്. പ്രസ്തുത അനുമതി പ്രകാരം 22-5-2018 വരെ ലഭിച്ച അപേക്ഷകളിൽ ക്രമപ്രകാരമുള്ളവർക്കെല്ലാം ലൈസൻസ് നൽകിയിട്ടുണ്ട്. സർക്കാർ അനുവദിച്ച പരിധി കഴിഞ്ഞാൽ തുടർന്നുള്ള അപേക്ഷകളിന്മേൽ ലൈസൻസ് നൽകാൻ നിർവ്വാഹമില്ലാത്തതാണ്. 22-5-2018-ന് മുമ്പ് ലഭിച്ച അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടും വ്യക്തമായ വിവരങ്ങൾ നൽകാത്തവ, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്തവ, ഒറ്റത്തവണ നിക്ഷേപം ഒടുക്കാത്തവ എന്നിവയും 22-5-2018-നുശേഷം അപേക്ഷിച്ചവയും ഉൾപ്പെടെ മൊത്തം 26 അപേക്ഷകൾ ലൈസൻസ് നൽകാതെ അവശേഷിക്കുന്നുണ്ട്.

(സി) റബ്ബർ മരത്തിന്റെ ലഭ്യതയെക്കുറിച്ച് പ്രത്യേക പഠനം നടത്തുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കേരളത്തിലെ തടിലഭ്യതയെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കേരള വനഗവേഷണ കേന്ദ്രം, പീച്ചിയെ ചുമതലപ്പെടുത്തിയിരുന്നതും ആയതിൻപ്രകാരം "Wood Balance Study in Kerala 2014-15" എന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഇ) The Kerala Forest (Regulation of Sawmills and Other Wood-based Industrial Units) Rules, 2012 ചട്ടം 7 (1) പ്രകാരം ലൈസൻസിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് 3 മാസത്തെ സമയപരിധിയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ അനുവദിക്കപ്പെട്ടിട്ടുള്ള റബ്ബറിന്റെ അളവിനുള്ള ലൈസൻസുകൾ നൽകിക്കഴിഞ്ഞിട്ടുള്ളതിനാൽ പുതിയ ലൈസൻസുകൾ നിലവിലെ ചട്ടങ്ങൾ പ്രകാരം നൽകാൻ കഴിയുകയില്ല. പ്രസ്തുത പരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇരവികുളം നാഷണൽ പാർക്ക്

124 (844) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് ഇരവികുളം നാഷണൽ പാർക്ക് സന്ദർശകരിൽനിന്നും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ തുകയിൽനിന്നും വിനോദസഞ്ചാരവകുപ്പ് വനം വകുപ്പിന് കൈമാറിയ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാരവകുപ്പ് വനം വകുപ്പിന് കൈമാറിയ തുക ഉപയോഗിച്ച് വനം വകുപ്പ് വിനോദസഞ്ചാരികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നീലക്കുറിഞ്ഞിയുടെ പേരിൽ ഇരവികുളം നാഷണൽ പാർക്കിൽ നടക്കുന്ന അമിത പ്രകൃതി ചൂഷണം അവസാനിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇരവികുളം നാഷണൽ പാർക്കിലെ ടിക്കറ്റ് കൗണ്ടറിൽ ഉണ്ടാകുന്ന തിരക്കും പാർക്ക് മേഖലയിലെ ട്രാഫിക്കുംമൂലം ജീവനുകൾ പൊലിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ നീലക്കുറിഞ്ഞി സീസണിൽ സന്ദർശകരിൽനിന്നും 1,12,65,310 രൂപ ലഭിച്ചു.

(ബി) ഇതിൽനിന്നും വിനോദസഞ്ചാരവകുപ്പ് വനം വകുപ്പിന് തുകയൊന്നും കൈമാറിയിട്ടില്ല. എന്നാൽ വിനോദസഞ്ചാര വകുപ്പ് കുറിഞ്ഞി പൂക്കാലത്തോടനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 88,00,000 രൂപ വനം വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) വിനോദസഞ്ചാര വകുപ്പ് വനം വകുപ്പിന് കൈമാറിയ 88 ലക്ഷം രൂപ ഉപയോഗിച്ച് കുറിഞ്ഞി പൂക്കാലത്തിന് മുന്നോടിയായി ഇരവികുളം നാഷണൽ പാർക്കിന്റെ പ്രവേശന കവാടമായ അഞ്ചാംമൈലിൽ വിസിറ്റേഴ്സ് ലോഞ്ചിന്റെ നിർമ്മാണം, ഇ-ടോയ്‌ലെറ്റ് സംവിധാനം, സന്ദർശകർക്കായി ടൂറിസം മേഖലയിൽ ആവശ്യത്തിന് കുടിവെള്ള സൗകര്യം ഒരുക്കൽ, താർ 1-ലെ ബസ് ബേ നവീകരണം, സന്ദർശകർക്ക് വിവിധ നിർദ്ദേശങ്ങളും അവബോധവും നൽകുന്നതിനായി നിർദ്ദേശ ബോർഡുകൾ സ്ഥാപിക്കൽ, നടപ്പാതകളുടെ നവീകരണവും മോടിപിടിപ്പിക്കലും തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) NATPAC-ന്റെ പഠനറിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തീരുമാനപ്രകാരം ഒരു ദിവസം 3500 എണ്ണം എന്ന ക്രമത്തിലാണ് സന്ദർശകരെ നാഷണൽ പാർക്കിലേയ്ക്ക് പ്രവേശിപ്പിച്ചിരുന്നത്. നീലക്കുറിഞ്ഞിയുടെ പേരിൽ ഇരവികുളം നാഷണൽ പാർക്കിൽ അമിത പ്രകൃതി ചൂഷണം നടന്നിട്ടില്ല.

(ഇ) ഇരവികുളം നാഷണൽ പാർക്കിൽ ടിക്കറ്റ് കൗണ്ടറിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി 75% ടിക്കറ്റുകൾ ഓൺലൈനായും 25% ടിക്കറ്റുകൾ ഓഫ് ലൈനായും രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിരുന്നു. നീലക്കുറിഞ്ഞി സീസണിൽ തിരക്ക് ഒഴിവാക്കുന്നതിനായി മൂന്നാർ ടൗണിലും ചട്ടമൂന്നാറിലും ടിക്കറ്റ് കൗണ്ടർ പ്രവർത്തിപ്പിച്ചിരുന്നു. നിലവിൽ ടിക്കറ്റ് കൗണ്ടറിലെ തിരക്കും ട്രാഫിക്കുംമൂലം ഇരവികുളം നാഷണൽ പാർക്കിനുള്ളിൽ അപകടങ്ങളൊന്നും ഉണ്ടായിട്ടില്ല.

**അനങ്ങന്മല ഇക്കോ ടൂറിസം പദ്ധതി**

125 (845) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുമോ;

(ബി) വനം വകുപ്പിന്റെ ഫണ്ട് അനുവദിച്ച് പ്രസ്തുത പദ്ധതി യഥാർത്ഥ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങന്മല ഇക്കോടൂറിസം പദ്ധതി ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ (ആർ.ടി) 7648/2009/ടി.എസ്.എം പ്രകാരം ഗവൺമെന്റ് അംഗീകാരം നൽകുകയും ആയത് 1-3-2011-ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ടി ഇക്കോടൂറിസം പദ്ധതി ഇപ്പോൾ വനം വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണ് അനങ്ങന്മല ഇക്കോടൂറിസം പദ്ധതി പ്രവർത്തിച്ചുവരുന്നത്.

**വനം വകുപ്പിലെ യൂണിഫോം അലവൻസ്**

126 (846) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ഏതൊക്കെ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരാണ് യൂണിഫോം ധരിക്കേണ്ടതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള മുഴുവൻ ഉദ്യോഗസ്ഥർക്കും യൂണിഫോം അലവൻസ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) യൂണിഫോം അലവൻസ് വാങ്ങുന്ന ജീവനക്കാർ യൂണിഫോം ധരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഡ്രൈവർ, വാച്ചർ എന്നീ തസ്തികകളിൽ ജോലി നോക്കുന്നവർ യൂണിഫോം ധരിക്കണം.

(ബി) നൽകുന്നുണ്ട്.

(സി) ഭരണ വിഭാഗം ഉപമുഖ്യവനപാലകന്റെ 19-5-2018-ലെ 15/2018 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)*

## പാമ്പാടുംചോല പ്രദേശത്തെ യൂക്കാലി മരങ്ങളുടെ ലേലം

127 (847) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടവട പാമ്പാടുംചോല പ്രദേശത്തെ യൂക്കാലി മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് യൂക്കാലിക്ക് പകരം മറ്റ് മരങ്ങൾ സാമൂഹ്യ വനവൽക്കരണത്തിലൂടെ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 10-5-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 178/2018/റവ. പ്രകാരം വട്ടവട, കൊട്ടക്കാമ്പൂർ, മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ വില്ലേജുകൾ ഉൾപ്പെടുന്ന അഞ്ചുനാട് പ്രദേശങ്ങളിലെ റവന്യൂ ഭൂമിയിലെ എല്ലാ അക്കേഷ്യ, യൂക്കാലിപ്റ്റസ് - ഗ്രാന്റിസ് മരങ്ങളും പിഴുതുമാറ്റുന്നതിനുള്ള ചുമതല പട്ടയ ഉടമകളെയും ജില്ലാ കളക്ടറെയും ഏൽപ്പിച്ചിട്ടുള്ളതാണ്. ടി സംഗതിയിൽ വനം വകുപ്പിന് പ്രത്യേകിച്ച് നടപടികൾ എടുക്കാനില്ലാത്തതാണ്. ഈ മേഖലയിലെ വന്യജീവി സങ്കേതങ്ങൾ ഒഴികെയുള്ള വനഭൂമിയിൽ ഉള്ള യൂക്കാലി മരങ്ങൾ കേന്ദ്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാർ അംഗീകരിച്ചിട്ടുള്ള വർക്കിംഗ് പ്ലാനിലെ വ്യവസ്ഥകൾക്കനുസരണമായി വിൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിക്കുന്നതാണ്. ഇപ്രകാരം യൂക്കാലി തോട്ടങ്ങൾ വെട്ടി നീക്കംചെയ്യുന്ന സാഹചര്യത്തിൽ ടി പ്രദേശങ്ങളിൽ വീണ്ടും വനം വകുപ്പിന്റെ ഭാഗത്തുനിന്നും യൂക്കാലി പുതിയതായി നട്ടുപിടിപ്പിക്കുന്നതല്ല. ടി മേഖലയിലെ പാമ്പാടുംചോല, കുറിഞ്ഞിമല ഉൾപ്പെടുന്ന വന്യജീവി സങ്കേതങ്ങളിൽനിന്നും യൂക്കാലി ഘട്ടം ഘട്ടമായി മാത്രമെ ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. ടി വന്യജീവി സങ്കേതങ്ങളുടെ അംഗീകൃത മാനേജ്മെന്റ് പ്ലാനുകളിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമെ ഇക്കാര്യം ചെയ്യാനാവൂ. 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി സങ്കേതങ്ങളിൽനിന്നും യൂക്കാലി മരങ്ങൾ വെട്ടുന്നപക്ഷം ആയവയുടെ വാണിജ്യ വിൽപ്പന സാധ്യമല്ലാത്തതുമാണ്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. റവന്യൂ ഭൂമിയിലെ യൂക്കാലി പിഴുതുമാറ്റുന്ന സാഹചര്യത്തിൽ ഭൂവുടമകളുടെ താൽപര്യത്തിനനുസരിച്ചുള്ള വൃക്ഷത്തൈകൾ നടുന്നതിനായി സാമൂഹ്യവനവൽക്കരണ വിഭാഗംവഴി നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

## കരാർ ജോലിയിലെ ക്രമക്കേട്

128 (848) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനം വികസന കോർപ്പറേഷന്റെ കീഴിലുള്ള 2008 യൂക്കാലിപ്റ്ററസ് പെലിറ്റ പ്ലാന്റേഷൻ ബ്ലോക്ക് V, കറവൂർ സബ് യൂണിറ്റിലെ കുടമുക്കിൽ 15.60 ഹെക്ടറിലെ യൂക്കാലി തടിയും തലപ്പും ശേഖരിച്ച് നീക്കം ചെയ്യുന്ന കരാർ ജോലിയുമായി ബന്ധപ്പെട്ട് 2,10,000 രൂപയുടെ പണാപഹരണം നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ;

(ബി) ഇതിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു; സർക്കാരിന് നഷ്ടപ്പെട്ട തുക ഇവരിൽ നിന്ന് ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തെ കുറിച്ച് 19-2-2018-ൽ പ്രധാന പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വനം വികസന കോർപ്പറേഷൻ പൂനലൂർ ഡിവിഷന്റെ കീഴിലുള്ള 2008 യൂക്കാലിപ്റ്റസ് പെല്ലിറ്റ പ്ലാന്റേഷൻ ബ്ലോക്ക് 5 കറവൂർ യൂണിറ്റിലെ കുടമുക്കിൽ 15.60 ഹെക്ടറിലെ യൂക്കാലി തടിയും തലപ്പും ശേഖരിച്ച് നീക്കംചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ട് 2,10,000 രൂപയുടെ പണാപഹരണം നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മേൽ ക്രമക്കേടുകൾ കണ്ടെത്തിയ ഉടൻതന്നെ വകുപ്പുതല അന്വേഷണം നടത്തുകയും ഇൻവോയ്സ് പ്രകാരം അടവിൽ കുറവ് വന്ന തുക ഈടാക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20-12-2017-ലെ ഉത്തരവ് നമ്പർ IA-3791/2017 പ്രകാരം ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും കുറ്റപത്രം നൽകുകയുമുണ്ടായി. കുറ്റപത്രത്തിനുള്ള മറുപടി ലഭിച്ചതിനെ തുടർന്ന് ടി അച്ചടക്ക നടപടികൾ നിലനിർത്തിക്കൊണ്ട് സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയുമുണ്ടായി.

(ബി) ഔപചാരികാന്വേഷണ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. കോർപ്പറേഷന് വന്ന നഷ്ടം ഈടാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് ഔപചാരികാന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. അത് അന്തിമഘട്ടത്തിലാണ്.

## ആദിവാസി കോളനിയിലെ ഭവനനിർമ്മാണത്തിന് മരം മുറിക്കാൻ അനുമതി

129 (849) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് വനാവകാശരേഖ കൈമാറിയെങ്കിലും ഭവനനിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭവനനിർമ്മാണ പദ്ധതി പ്രദേശത്ത് ഓരോ പ്ലോട്ടിലും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ചുമാറ്റുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും വനം വകുപ്പ് അനുമതി നൽകാത്തതിനാലാണ് പ്രസ്തുത ഭവനനിർമ്മാണം നടപ്പിലാക്കുവാൻ കഴിയാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതി പ്രദേശത്തെ തേക്ക് മരങ്ങൾ മുറിച്ച് മാറ്റിയാൽ മാത്രമെ ഭവനനിർമ്മാണവും, വൈദ്യുതി ലൈൻ വലിക്കലുമടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അവ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് 31-3-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനാവകാശ രേഖ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി മലയാറ്റൂർ ഡിവിഷനിലെ 1977, 1978, 1981 തേക്ക് തോട്ടങ്ങളിലാണ് യൂസർ ഏജൻസിയായ ട്രൈബൽ ഡിപ്പാർട്ടുമെന്റ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. ടി തേക്ക് തോട്ടങ്ങളിൽ ആദിവാസി പുനരധിവാസത്തിനായി മരങ്ങൾ മുറിച്ചുനീക്കേണ്ടതായിട്ടുണ്ട്. അടച്ചുമുറിക്ക് പ്രായപൂർത്തിയാകാത്ത തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുനീക്കുന്നതിന് മലയാറ്റൂർ ഡിവിഷനിൽനിന്നും മേൽ പ്രവൃത്തി ഉൾച്ചേർത്ത് പുതുക്കിയ പ്രവൃത്തി പദ്ധതി (Adendum to Working Plan) കേന്ദ്രാനുമതിക്കായി നൽകുകയുണ്ടായെങ്കിലും വന സംരക്ഷണ നിയമപ്രകാരം മേൽ നടപടികൾ കൈക്കൊള്ളുന്നതിനായി മടക്കി നൽകിയിട്ടുള്ളതാണ്.

24-11-2016-ലെ ജില്ലാതല കമ്മിറ്റി തീരുമാനം, 4-2-2017-ലെ സംസ്ഥാന തല കമ്മിറ്റി തീരുമാനം, 18-12-2017 സർക്കാർ ഉത്തരവ് GO (Ms.) No. 54/17/ വനം എന്നിവ പ്രകാരം നിലവിൽ 67 കുടുംബങ്ങൾക്ക് കൃഷിക്കും താമസത്തിനുമായി 2 ഏക്കർ ഭൂമി വീതവും കോളനിയുടെ പൊതു ആവശ്യത്തിനായി 26.8 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ ഓരോ കുടുംബത്തിനും അനുവദിക്കപ്പെട്ട 2 ഏക്കർ ഭൂമിയിൽനിന്നും 15 സെന്റ് വീതം സ്ഥലത്തെ (ഭവന നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കും) മരങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അവ നീക്കംചെയ്യുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഭവനനിർമ്മാണത്തിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നു.

## നിലമ്പൂർ മണ്ഡലത്തിൽ വനം വകുപ്പിന്റെ പദ്ധതികൾ

130 (850) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ വനം വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായ പദ്ധതികളും ആയതിന് നീക്കിവയ്ക്കാൻ ഉദ്ദേശിക്കുന്ന തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ നിയോജക മണ്ഡലത്തിൽ വനം വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ഡിവിഷൻ തലത്തിൽ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

നിലമ്പൂർ നോർത്ത് ഡിവിഷൻ-

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2016-17 | തോട്ടങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലനവും | 37.24 |
| 2 | | റോഡുകളുടെ നവീകരണം | 7.01 |
| 3 | | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ | 25.07 |
| 4 | | ജണ്ട നിർമ്മാണം | 12.56 |
| 5 | | അഗ്നി പ്രതിരോധപ്രവർത്തനങ്ങൾ | 34.91 |
| 6 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 56.33 |
| | | ആകെ | 173.12 |

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2017-18 | തോട്ടങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലനവും | 69.34 |
| 2 | | റോഡുകളുടെ നവീകരണം | 8.00 |
| 3 | | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ | 35.53 |
| 4 | | ജണ്ട നിർമ്മാണം | 11.00 |
| 5 | | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ | 46.80 |
| 6 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 89.00 |
| | | ആകെ | 259.67 |

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2018-19 നാളിതുവരെ | തോട്ടങ്ങൾ വച്ചുപിടിപ്പിക്കലും പരിപാലനവും | 48.70 |
| 2 | | റോഡുകളുടെ നവീകരണം | 6.50 |
| 3 | | ജണ്ട നിർമ്മാണം | 11.20 |
| 4 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 105.05 |
| 5 | | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ | 63.90 |
| 6 | | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ | 56.13 |
| | | ആകെ | 291.48 |

നിലമ്പൂർ സൗത്ത് ഡിവിഷൻ -

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2016-17 | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ | 41.75 |
| 2 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 80.65 |
| 3 | | ജണ്ട നിർമ്മാണം | 2.10 |
| 4 | | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ | 35.51 |
| | | ആകെ | 160.01 |

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2017-18 | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ | 31.15 |
| 2 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 4.90 |
| 3 | | മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ | 4.21 |
| | | ആകെ | 40.26 |

| ക്രമ നമ്പർ | സാമ്പത്തിക വർഷം | പ്രവൃത്തി | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | 2018-19 (നാളിതുവരെ) | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ | 25.44 |
| 2 | | കെട്ടിടങ്ങളുടെ നിർമ്മാണവും നവീകരണവും | 9.00 |
| | | ആകെ | 34.44 |

(ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നോർത്ത് ഡിവിഷനിൽ രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകളുടെയും (180 ലക്ഷം രൂപ) നിലമ്പൂർ സൗത്ത് ഡിവിഷനിൽ ഒരു ഫോറസ്റ്റ് സ്റ്റേഷന്റെയും (90 ലക്ഷം രൂപ) നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ മേൽ വിവരിച്ചിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഈ വർഷവും തുടരുന്നതാണ്.

**ബംഗ്ലാവ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി വനം വകുപ്പിന്റെ അനുമതി**

131 (851) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, വടാട്ടുപാറ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2018-19 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ 18 കോടി രൂപ അടങ്കലും 100 രൂപ ടോക്കണും നൽകി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വടാട്ടുപാറ പ്രദേശം വനം വകുപ്പിന്റെ അധീനതയിൽ വരുന്നതായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭ്യമായാൽ മാത്രമെ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ ടൂറിസം വികസനത്തിന് ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി വനം വകുപ്പിന്റെ അനുമതി വേഗത്തിൽ ലഭ്യമാക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, വടാട്ടുപാറ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ്കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## ഇടമലക്കുടിയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

132 (852) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ വനം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ആയതിന് അനുവദിച്ചിട്ടുള്ള ആകെ തുക എത്രയാണ്;

(ബി) ഇതിൽ എക്കോ ഡെവലപ്മെന്റ് കമ്മിറ്റിയേയും വന സംരക്ഷണ സമിതിയേയും ഏൽപിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ആയതിന് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും പ്രവൃത്തികൾ എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഇടമലക്കുടി സമഗ്ര വികസന പദ്ധതി - അനുവദിച്ച തുക - 10.35 കോടി രൂപ.

2. പെട്ടിമുടി - ഇഡലിപ്പാറ റോഡ് നിർമ്മാണത്തിന് ലഭ്യമായ തുക - 1.87 കോടി രൂപ.

3. കുളം/വാട്ടർ ഹോൾ നിർമ്മാണത്തിന് ലഭ്യമായ തുക - 0.112 കോടി രൂപ.

4. കാട്ടുതീ പ്രതിരോധത്തിന് അനുവദിച്ച തുക - 0.15 കോടി രൂപ.

(ബി) എല്ലാ പ്രവൃത്തികളും വനസംരക്ഷണ സമിതിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(സി) ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിലെ വീട് നിർമ്മാണത്തിന് ലഭ്യമായ 4.33 കോടി രൂപയിൽ മുഴുവൻ തുകയും വീട് നിർമ്മാണത്തിന് കൈമാറിയിട്ടുള്ളതാണ്.

റോഡ് നിർമ്മാണത്തിന് ലഭ്യമായ തുകയായ 1.87 കോടി രൂപയിൽ 66 ലക്ഷം രൂപ കൈമാറിയിട്ടുള്ളതാണ്.

(ഡി) ഇടമലക്കുടി വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് 4.33 കോടി രൂപ ലഭ്യമായിട്ടുണ്ട്. 250 വീടുകളുടെ അടങ്കൽ പാസ്സാക്കിയിട്ടുള്ളതാണ്. ആയതിൽ 144 വീടുകൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. 35 വീടുകളുടെ ഫൗണ്ടേഷൻ വർക്കുകൾ വരെയും 11 വീടുകൾ ഭിത്തി കെട്ടുന്നതുവരെയും 12 വീടുകൾ മേൽക്കൂര പണിയും നടത്തിയിട്ടുള്ളതാണ്. ലഭ്യമായ തുകയായ 4.33 കോടി രൂപയും വീട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ളതാണ്.

റോഡ് നിർമ്മാണത്തിന് ലഭ്യമായ 1.87 കോടി രൂപയിൽ പ്രാരംഭ ജോലികൾക്കായി 66 ലക്ഷം രൂപ ചെലവായിട്ടുള്ളതാണ്.

**ആന ഉടമസ്ഥർക്കും പാപ്പാന്മാർക്കും ബോധവൽക്കരണം**

133 (853) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിപാലനത്തിലെ അശ്രദ്ധ മൂലം നാട്ടാനകളുടെ മരണസംഖ്യ കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; 2018 ൽ സംസ്ഥാനത്ത് എത്ര നാട്ടാനകളാണ് ചരിഞ്ഞതെന്ന് വ്യക്തമാക്കാമോ;

(ബി) നാട്ടാനകളുടെ ശരാശരി ആയുസ് 85 വയസ്സെന്നത് കണക്കാക്കിയാൽ കഴിഞ്ഞ വർഷം ചരിഞ്ഞ ആനകൾക്ക് പ്രായം വളരെ കുറവായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനകളുടെ ആരോഗ്യസംരക്ഷണം സംബന്ധിച്ച അജ്ഞതയാണ് നാട്ടാനകളുടെ മരണസംഖ്യ കൂടുന്നതിന് ഇടയാക്കുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച് ആന ഉടമസ്ഥന്മാർക്കും പാപ്പാന്മാർക്കും പ്രത്യേക ബോധവൽക്കരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടുണ്ട്. 2018-ൽ 34 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20 മുതൽ 63 വയസ്സുവരെ പ്രായമുള്ള 34 നാട്ടാനകളാണ് കഴിഞ്ഞവർഷം ചരിഞ്ഞിട്ടുള്ളത്.

(സി) നിലവിൽ പാപ്പാന്മാർക്ക് ബോധവൽക്കരണവും പരിശീലനവും നൽകിവരുന്നുണ്ട്.

## വയനാട് ജില്ലയിലെ അനധികൃത രാത്രികാല ട്രക്കിംഗ്

134 (854) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വനപാതകളിൽ സ്വകാര്യ റിസോർട്ടുകൾ അനധികൃതമായി രാത്രികാല ട്രക്കിംഗ് സംഘടിപ്പിക്കുന്നത് വന്യമൃഗങ്ങൾക്ക് ദുരിതമുണ്ടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബത്തേരി, മുത്തങ്ങ, പുൽപ്പള്ളി, തോൽപ്പെട്ടി, ബാവലി, തിരുനെല്ലി , നൂൽപ്പുഴ റോഡുകളിൽ രാത്രി എട്ട് മണിക്കുശേഷം സ്വകാര്യ റിസോർട്ടുകളിൽ നിന്നും സഞ്ചാരികളുമായി നിരവധി വാഹനങ്ങൾ കാനനപാതയിൽ സഞ്ചരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) രാത്രിയിൽ വനപാതയിൽ ട്രക്കിംഗിനും വാഹനം പാർക്ക് ചെയ്യുന്നതിനും മൃഗങ്ങളുടെ ഫോട്ടോ എടുക്കുന്നതിനും എന്തെങ്കിലും നിരോധനം നിലവിലുണ്ടോ;

(ഡി) എങ്കിൽ നിരോധിത സമയത്ത് ട്രെക്കിംഗ് നടത്തുന്നതിന് സഹായകരമായി കാനനപാതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നുവരുന്നുണ്ട്.

(സി) രാത്രിയിൽ വനപാതയിൽ ട്രക്കിംഗ് നടത്തുന്നതും വാഹനം പാർക്ക് ചെയ്യുന്നതും ഫോട്ടോ എടുക്കുന്നതും വന്യമൃഗങ്ങളെ ഉപദ്രവിക്കുന്നതും വന്യജീവി (സംരക്ഷണ) നിയമം, 1972, കേരള വന നിയമം, 1961 എന്നിവ പ്രകാരം ശിക്ഷാർഹമാണ്.

(ഡി) ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിലവിലുള്ള വന നിയമങ്ങളിൽ അനുശാസിക്കുന്ന പ്രകാരം ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ആധുനിക വാർത്താവിനിമയ സംവിധാനങ്ങളും ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

## വന്യജീവികളുടെ ആക്രമണത്തിൽനിന്നും സംരക്ഷണം

135 (855) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ കാടിറങ്ങി എത്തുന്ന വന്യജീവികളെ തുരത്താൻ വിവിധ വർണ്ണങ്ങളിൽ വട്ടംകറങ്ങുന്ന എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം പ്രസ്തുത ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ദോഷം ചെയ്യുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ;

(സി) വന്യജീവികളുടെ ആക്രമണത്തിൽനിന്നും മനുഷ്യരെയും വളർത്തുമൃഗങ്ങളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) വനം വകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥിരമായി ഒരു സ്ഥലത്ത് സ്ഥാപിച്ചവയല്ല. ആവശ്യമനുസരിച്ച് സ്ഥലങ്ങൾ മാറ്റിസ്ഥാപിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ദോഷം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് സംബന്ധിച്ച് പരിശോധന നടത്തിവരുന്നുണ്ട്.

(സി) വന്യജീവികളുടെ ആക്രമണത്തിൽനിന്നും മനുഷ്യരെയും വളർത്തുമൃഗങ്ങളെയും സംരക്ഷിക്കാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.
2. വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ബോധവൽക്കരണ നടപടികൾ.

10. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കാനുമുള്ള നടപടികൾ.

## വന്യജീവി സങ്കേതങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

136 (856) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും ഇവയിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളിൽ താഴെപ്പറയും പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)
2. പ്രോജക്ട് എലിഫന്റ്
3. പ്രോജക്ട് ടൈഗർ
4. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
5. നീലഗിരി ബയോസ്ഫിയർ റിസർവ്.

(ബി) സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടെയും 5 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH) എന്ന പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. കേരളത്തിലെ പെരിയാർ, പറമ്പിക്കുളം എന്നീ കടുവ സങ്കേതങ്ങളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗറിലൂടെ ധനസഹായം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ കാട്ടാനകളുടെ ആവാസവ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും വനാശ്രിത സമൂഹത്തിന്റെ വികസനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ റിസർവ് (ABR) നീലഗിരി ബയോസ്ഫിയർ റിസർവ് (NBR) എന്നിവയും നടപ്പിലാക്കിവരുന്നു.

പ്രോജക്ട് ടൈഗർ ഒഴികെ മറ്റ് പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60% -ഉം റെക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50% -ഉം ആണ് കേന്ദ്രവിഹിതം.

**കുമ്പിച്ചൽക്കടവ് പാലത്തിന് വന്യജീവി ബോർഡിന്റെ അനുമതി**

137 (857) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ കുമ്പിച്ചൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടും കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി വൈകുന്നതിനാൽ രണ്ടായിരത്തിലേറെ വരുന്ന ആദിവാസി ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശവും ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 12-11-2018 ൽ സംസ്ഥാന വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമായിട്ടും പൊതുമരാമത്ത് വകുപ്പിന് നിർമ്മാണാനുമതി കൈമാറാത്തതിനാൽ ടെൻഡർ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 12-11-2018-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ കുമ്പിച്ചൽക്കടവ് പാലം നിർമ്മിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്. കേന്ദ്ര അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(സി) കേന്ദ്ര അനുമതി ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## വന്യജീവി ആക്രമണം

138 (858) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ വന്യജീവികളുടെ നിയന്ത്രണത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) ചിന്നക്കനാൽ, മറയൂർ പ്രദേശങ്ങളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടേയും പരിക്ക് പറ്റിയവരുടേയും വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആക്രമണകാരികളായ വന്യജീവികളുടെ നിയന്ത്രണത്തിനായി വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.

2. വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

(ബി) ചിന്നക്കനാൽ, മറയൂർ പ്രദേശങ്ങളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ത്രേസ്യാമ്മ, മാങ്കുഴി, സിങ്കുകണ്ടം.
2. സുനിൽ ജോർജ്ജ്, നടയ്ക്കൽ, സിങ്കുകണ്ടം.
3. അന്തോണിയമ്മ W/o ആരോഗ്യദാസ്, ചിന്നക്കനാൽ, സിങ്കുകണ്ടം.
4. വേൽ S/o പളനിവേൽ, മൂലത്തറ, ചിന്നക്കനാൽ.
5. കൃഷ്ണൻകുട്ടി S/o ബെന്നി, പേമരം, സിങ്കുകണ്ടം.
6. മണി, അമ്പലത്തറ, 301 കോളനി, സിങ്കുകണ്ടം.
7. തങ്കച്ചൻ S/o രാഘവൻ, പെട്ടിമുടി കോളനി, കല്ലാർ.
8. ഹബീബുള്ള, ബാബുനഗർ, മറയൂർ.
9. ബേബി, 282, വടക്കേപ്പറമ്പിൽ, കുണ്ടക്കാട്, കാന്തല്ലൂർ ഗ്രാമം, കീഴാന്തൂർ
10. രജനിഉടയാർ, ഉടയാർ മകൻ, ഇന്ദിരാനഗർ കോളനി, മറയൂർ.

<u>പരിക്കുപറ്റിയവരുടെ പേരുകൾ</u>

1. രാധാ നാരായണൻ, 301 കോളനി, ചിന്നക്കനാൽ
2. തോമസ് S/o ഹാരിസ്, വിലക്ക് ചിന്നക്കനാൽ
3. സുന്ദർ, പന്നിയാർ എസ്റ്റേറ്റ്, ചിന്നക്കനാൽ

4. ജയ W/o രാജ, മൂലത്തറ ചിന്നക്കനാൽ

5. പി. വി. തോമസ്, പുത്തൻപറമ്പിൽ, 301 കോളനി, സിങ്കുകണ്ടം.

6. സെബാസ്റ്റ്യൻ മതാളിപ്പാറ, ബാബുനഗർ, മറയൂർ

7. കാശി, വെള്ളപ്പാണ്ടി മകൻ, മേലാടി, മറയൂർ.

8. പൂർണ്ണ, W/o ശിവലുമുത്തു, പള്ളനാട്, മറയൂർ.

9. മുരുകൻ, ചാപ്പി മകൻ, കീഴാന്തൂർ

10. മാരിയപ്പൻ, വേലൻ മകൻ, ഇടക്കടവ്, കാന്തല്ലൂർ

11. പി. ബാലചന്ദ്രൻ, അനന്തുഭവൻ, ഗുഗനാദപുരം

12. സരോജിനി, 282, വടക്കേപ്പറമ്പിൽ, കുണ്ടക്കാട്, കാന്തല്ലൂർ ഗ്രാമം, കീഴാന്തൂർ

13. നെല്ലിയപ്പൻ, 23, പുളിക്കരവയൽ, മറയൂർ

14. ചെല്ലദുരൈ, കുണ്ടൻ മകൻ, മറയൂർ

15. സൂര്യകല, 251, ശങ്കുവീട്, കീഴാന്തൂർ, കാന്തല്ലൂർ

16. സി. രാമചന്ദ്രൻ, മേലാടി, മറയൂർ

17. ഉടയാർ, 160, പട്ടലമ്മൻ കോളനി, കാന്തല്ലൂർ.

## കാസർഗോഡ് ജില്ലയിൽ ആന പ്രതിരോധ മതിൽ നിർമ്മിക്കാൻ നടപടി

139 (859) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയൽ വില്ലേജിൽ, കണ്ണൂർ ഡിവിഷനിൽ ചെയ്തുവരുന്നത് പോലെയുള്ള ആന പ്രതിരോധ മതിൽ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായ ഇവിടങ്ങളിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആന ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിൽ ആന പ്രതിരോധ മതിൽ നിർമ്മിച്ചിട്ടുണ്ട്. പാലവയൽ വില്ലേജിലെ കർണ്ണാടക അതിർത്തി പങ്കിടുന്ന വനഭൂമിയിൽ ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയൽ വില്ലേജിൽ നിലവിൽ സോളാർ പവർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. ആയത് പരിപാലിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കോരുത്തോട്, എരുമേലി പഞ്ചായത്തുകളിലെ വന്യജീവി ആക്രമണം**

140 (860) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോരുത്തോട്, എരുമേലി പഞ്ചായത്തുകളിലെ വനത്തോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികളിൽനിന്നും സുരക്ഷ നേടുന്നതിനുള്ള വൈദ്യുത വേലി നിർമ്മാണപദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിൽ വന്യജീവി ആക്രമണം നേരിട്ടവർക്ക് എന്തൊക്കെ നഷ്ടപരിഹാരം നൽകി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോരുത്തോട്, എരുമേലി പഞ്ചായത്തുകളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഭൂരിഭാഗം സ്ഥലങ്ങളിലും സൗരോർജ്ജവേലി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കോയിക്കക്കാവ് - ആശാൻ കോളനി ഭാഗം | 1 കി.മീ |
| 2 | മാമ്പാടി - പാക്കാനം | 0.75 കി.മീ |
| 3 | കോയിക്കക്കാവ് - കൊപ്പം | 1 കി.മീ |
| 4 | 2015 കാളകെട്ടി തേക്ക് തോട്ടം ഭാഗം | 1 കി.മീ |
| 5 | അരുവിക്കൽ - കാളകെട്ടി | 5 കി.മീ |
| 6 | കാരിശ്ശേരി - 504 കോളനി | 5 കി.മീ |
| 7 | എഴുകുമൺ - മൂലക്കയം | 12.5 കി.മീ |

ഇവയ്ക്ക് ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികളും നടത്തിവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിൽ വന്യജീവി ആക്രമണം നേരിട്ടവർക്ക് നാളിതുവരെ 8,46,632 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം

141 (861) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇവരുടെ കുടുംബത്തിന് നാളിതുവരെ എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചു എന്നറിയിക്കാമോ;

(ബി) നഷ്ടപരിഹാരത്തോത് എപ്രകാരമാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്ര പേർക്ക് പരിക്കേറ്റെന്നും എത്ര ഹെക്ടർ കൃഷിസ്ഥലത്ത് കൃഷിനാശം സംഭവിച്ചെന്നും എത്ര വീടുകൾ നഷ്ടപ്പെട്ടെന്നും വ്യക്തമാക്കാമോ;

(ഡി) പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കും നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ പാമ്പ് കടിയേറ്റ് മരണപ്പെട്ടു; ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(എഫ്) ഇത്തരത്തിലുള്ള വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷിമേഖലയെയും സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ 46 പേർ മരിച്ചിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്ത് പാമ്പ് കടിയേറ്റ് 256 പേരും മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് ആകെ 4,92,82,500 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/18/വനം പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെയും നഷ്ടപരിഹാരം നൽകിയതിന്റെയും കണക്കുകൾ ചുവടെ ചേർക്കുന്നു :

| വന്യജീവികളുടെ ആക്രമണം മൂലം പരിക്കേറ്റവർ (എണ്ണം) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം കൃഷി നാശം (ഹെക്ടർ) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) | വന്യജീവികളുടെ ആക്രമണം മൂലം വീട് നാശം (എണ്ണം) | നഷ്ടപരിഹാരമായി നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1985 | 5,65,06,808 | 8542 | 10,46,23,016 | 365 | 64,67,488 |

(ഇ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 256 പേർ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് 201.50 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(എഫ്) വന്യജീവി ആക്രമണങ്ങളിൽനിന്നും ജനങ്ങളെയും കൃഷി മേഖലയെയും സംരക്ഷിക്കാവാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.
2. വനത്തിന് പുറത്തേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.
3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ട പരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

9. ബോധവൽക്കരണ നടപടികൾ.

## കുളമ്പ് രോഗനിയന്ത്രണം

142 (862) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുളമ്പ് രോഗം പടർന്നുപിടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കുളമ്പ് രോഗം നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാം എന്ന് വിശദീകരിക്കുമോ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന കന്നുകാലികൾക്ക് രോഗപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) കുളമ്പ് രോഗ നിയന്ത്രണത്തിനും പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനും വേണ്ടി താൽകാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(1) അന്യസംസ്ഥാനങ്ങളിൽനിന്നും രോഗബാധയുള്ള മൃഗങ്ങളെ കശാപ്പിനായി കൊണ്ടുവരുമ്പോൾ അവവഴിയെത്തുന്ന രോഗാണുക്കൾ കശാപ്പ്

മാലിന്യങ്ങളിലൂടെയും ജലസ്രോതസ്സുകളിലൂടെയും പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത പശുക്കളിലെത്തി ശക്തിയാർജ്ജിക്കുന്നു.

(2) പുറമെനിന്നും വാങ്ങിക്കൊണ്ടുവരുന്ന പശുക്കളെ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത പശുക്കളോടൊപ്പം പാർപ്പിക്കുമ്പോൾ (വാങ്ങിക്കൊണ്ടുവന്ന പശുക്കൾക്ക് നേരത്തേ കുളമ്പുരോഗ ബാധയുണ്ടായിട്ടുണ്ടെങ്കിൽ അവയിൽ രോഗലക്ഷണങ്ങളില്ലെങ്കിലും വളരെ നാളത്തേയ്ക്ക് അവ രോഗാണുവാഹകരായിരിക്കും.) അത്തരം പശുക്കളിൽനിന്നും വൈറസ് ശക്തിയാർജ്ജിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുത്ത പശുക്കളിൽ മിതമായ തോതിൽ രോഗബാധയുണ്ടാക്കാൻ സാധിക്കും.

(ബി) കുളമ്പുരോഗ നിയന്ത്രണ പദ്ധതി : -

രാജ്യത്തെ കന്നുകാലി സമ്പത്തിനെ കുളമ്പുരോഗം മൂലമുള്ള കെടുതികളിൽനിന്നും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആറുമാസ ഇടവേളകളിൽ രാജ്യമൊട്ടുക്കുമുള്ള കന്നുകാലികളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നതിനായി കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചത്. എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതി 2004 മുതൽ നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ സജ്ജീകരണങ്ങളോടെ ഓരോ ഘട്ടം പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയും വിപുലമായ പ്രചരണത്തോടെയും പൊതുജന പങ്കാളിത്തത്തോടെയും തദ്ദേശ സ്വയംഭരണവകുപ്പ്, ക്ഷീരവികസന വകുപ്പ്, മിൽമ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, വനം വന്യജീവി വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെയും കൃത്യമായ ആറുമാസ ഇടവേളകളിൽ നടത്തിവരുന്നു.

21 ദിവസം നീണ്ടുനിൽക്കുന്ന പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള വാക്സിനേഷൻ സ്ക്വാഡുകൾ കർഷക ഭവനം സന്ദർശിച്ച് കന്നുകാലികളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുകയും വിവരങ്ങൾ കമ്പ്യൂട്ടർ ടാബുകൾ മുഖേന രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. ഒരു മൃഗത്തിന് 10 രൂപ ( പത്ത് രൂപ മാത്രം) നിരക്കിൽ സർവ്വീസ് ചാർജ് ഈടാക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്ത്/താലൂക്ക്/ജില്ല/സംസ്ഥാന തലങ്ങളിൽ പദ്ധതിയുടെ പുരോഗതി പ്രതിദിനം വിലയിരുത്തപ്പെടുകയും ചെയ്യുന്നു.

(സി) സ്വീകരിക്കാവുന്നതാണ്. സംസ്ഥാനത്ത് നിലവിൽ 18 ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ ചെക്ക്പോസ്റ്റുകൾ കൂടാതെ ധാരാളം ഇടറോഡുകളും സംസ്ഥാനത്തുണ്ട്. ഈ വഴിയെല്ലാം ധാരാളം മൃഗങ്ങൾ സംസ്ഥാനത്ത് പ്രവേശിക്കുന്നുണ്ട്. ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങളും മൊബൈൽ സ്ക്വാഡുകളുടെ പ്രവർത്തനവും ഊർജ്ജിതമാക്കുന്നത് മുഖാന്തരം ഈ മൃഗങ്ങളുടെ വരവ് തടയാനാകും.

(ഡി) പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിനുവേണ്ടി നിലവിലെ സാഹചര്യത്തിൽ താത്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാറില്ല. എന്നാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ വാക്സിനേറ്റേഴ്സിനെയും ഹെൽപ്പേഴ്സിനെയും നിയമിക്കാറുണ്ട്.

**മൃഗസംരക്ഷണ ബോർഡ് രൂപീകരണം**

143 (863) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമഭേദഗതി പാർലമെന്റ് പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പെറ്റ് ഷോപ്പുകൾ, അലങ്കാര മത്സ്യ വിപണി എന്നിവക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള ചട്ടം നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല.

(ബി) 23-3-2018-ലെ സ.ഉ.(കൈ)നമ്പർ 8/2018/എ.എച്ച്.ഡി. പ്രകാരം സംസ്ഥാനത്ത് മൃഗക്ഷേമ ബോർഡ് പുനഃസംഘടിപ്പിക്കുകയും ആയത് കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്തുവരുന്നു.

**മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

144 (864) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ നൽകാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കർഷകർക്ക് ഉപകാരപ്രദമായ എന്തെല്ലാം പരിശീലന പരിപാടികളാണ് മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങൾ ജിയോ മാപ്പിംഗ് നടത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) മാംസത്തിന്റെ ആവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ (NLM) കീഴിൽ ആട് വളർത്തൽ, പന്നി വളർത്തൽ പദ്ധതികൾ നടപ്പിലാക്കാൻ കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് 90% സബ്സിഡിയോടെ 19 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1000 യൂണിറ്റുകളും 3 പെൺ പന്നിയും ഒരു ആൺ പന്നിയും ഉൾപ്പെടുന്ന 500 യൂണിറ്റുകളും നടപ്പിലാക്കും.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകഭവനങ്ങൾ ജിയോമാപ്പ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള (IIITM-K)യുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മൃഗാശുപത്രികളിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി കർഷക ഭവനങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ അവർക്ക് അനുവദിച്ചിട്ടുള്ള ടാബ്ലറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് കർഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും അവരുടെ വീടിന്റെ അക്ഷാംശ രേഖാംശ വിവരങ്ങൾ (ജ്യോഗ്രഫിക് ലൊക്കേഷൻ) മാപ്പിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഇതുവരെ മൂന്നര ലക്ഷത്തിലധികം കർഷകരുടെ വിവരങ്ങൾ ഇങ്ങനെ രേഖപ്പെടുത്തിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി വിവിധ പകർച്ച വ്യാധികളുടെ വ്യാപനം കൃത്യമായി നിരീക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സാധിക്കുന്നതാണ്. കൂടാതെ പ്രകൃതിദുരന്തങ്ങൾ പോലുള്ള അവസരങ്ങളിൽ അടിയന്തര രക്ഷാനടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലെ ഏതൊരു വകുപ്പിനും ഈ വിവരങ്ങൾ ഉപയോഗിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പുവഴി നൽകിവരുന്നു.

5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ 2018-19-ൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. യൂണിറ്റ് ഒന്നിന് 25,000 രൂപ വീതം ധനസഹായം നൽകുന്നതിനായി ആകെ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

2018-19-ൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

(ഇ) ഉണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ.

## കന്നുകാലികളുടെ എണ്ണത്തിൽ ഉണ്ടായ കുറവ്

145 (865) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ വൻകുറവ് ഉണ്ടാകുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ നാടൻ പശുവിനങ്ങളുടെ വർദ്ധനവിനായി ഭ്രൂണമാറ്റ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പശുക്കളുടെ എണ്ണം ക്രമാതീതമായി കുറയുന്നത് പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ഭീഷണി സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) പ്രളയകാലത്ത് കന്നുകാലി കർഷകർക്ക് ഉണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) നഷ്ടം സംഭവിച്ച കർഷകർക്ക് എന്തൊക്കെ ആശ്വാസ സഹായമാണ് ഇതിനകം നൽകിയതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. പ്രളയംമൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ, 1053 പന്നികൾ എന്നിവയും 11.43 ലക്ഷം കോഴികളും 4.6 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽ കൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടി രൂപയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളുടെ കേടുപാടുകൾമൂലം 23 കോടി രൂപയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ഇ) പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം അർഹതപ്പെട്ട 17.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി. നവകേരള സൃഷ്ടി പ്രകാരം വിഭാവന ചെയ്തിട്ടുള്ള 77 കോടി രൂപയുടെ പുനരധിവാസ പദ്ധതികളുള്ളിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

## പാൽ, മുട്ട, ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

146 (866) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) വെച്ചൂർ പശു തുടങ്ങിയ തദ്ദേശീയ ഇനം കന്നുകാലികളെ വാങ്ങുന്നതിന് സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കന്നുകാലികൾക്കും കന്നുകാലി ഉടമസ്ഥർക്കും വേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- മൃഗാശുപത്രിയുടെ വികസനവും പുനഃസംഘടനയും
- ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി
- ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗ ചികിത്സ സേവനം
- ഊർജ്ജിത കന്നുകാലി വികസനം
- ബീജ സങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
- വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
- പ്രത്യേക കന്നുക്കുട്ടി വികസന പദ്ധതി
- ഗോവർദ്ധിനി
- ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
- വികസനവും പരിശീലനവും
- വിവരസാങ്കേതിക വിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
- കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് സാമ്പത്തിക സഹായം.
- കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം
- കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം
- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് സാമ്പത്തിക സഹായം
- 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതി - അനിമൽ റിസോഴ്സ് ഡെവലപ്മെന്റ്.

<u>കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ</u>

- 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനന നയത്തിന് അനുസൃതമായി പ്രജനന പരിപാടികൾ നടന്നുവരികയും ചെയ്യുന്നു.

• പശുക്കുട്ടികളെ മാത്രം ഉല്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

• വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് വിത്തുകാളകളെ ഡെന്മാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തികത്ത് വിതരണം ചെയ്തുവരുന്നു.

• കാനഡയിൽനിന്നും ഉയർന്ന ജനിതകമേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

• പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നു.

• കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16,000) രൂപവരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു.

സംസ്ഥാനത്ത് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി ഗുണപരിശോധനകൾ നടത്തി ക്ഷീര വികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഒരേക്കർ വീതമുള്ള പുൽകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകിവരുന്നു:

<u>കെപ്കോ നടത്തുന്ന പദ്ധതികൾ</u>

മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെപ്കോ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കെപ്കോ ആശ്രയ
2. കെപ്കോ വനിതാമിത്രം
3. കോഴിഗ്രാമം പദ്ധതി
4. കെപ്കോ നഗരപ്രിയ
5. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്.

ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്തുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 45 ദിവസം അല്ലെങ്കിൽ രണ്ട് കിലോ ഭാരമാകുമ്പോൾ കെപ്കോ തന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. 1000 ഇറച്ചിക്കോഴികൾ ഉൾപ്പെടുന്ന യൂണിറ്റുകളാണ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രൂപീകരിക്കുന്നത്. ഇതിനുപുറമെ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കിവരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നുവരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിന് കൂടുതൽ പേരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ ഇത്തരം പദ്ധതികൾ നിലവിലില്ല. എന്നാൽ വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ ധനസഹായമായി പതിനായിരം രൂപ (10,000) വിവിധ പദ്ധതികളിലായി കെ.എൽ.ഡി. ബോർഡിൽനിന്നും നൽകിവരുന്നുണ്ട്.

(സി) കേരളത്തിൽ ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ ആരംഭിച്ച എൻ.എൽ.എം. 2016-17 ഇൻഷ്വറൻസ് പദ്ധതിയിലൂടെ (ജനറൽ വിഭാഗത്തിലെ കർഷകരുടെ 17875 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 3339 ഉരുക്കളെയും ചേർത്ത്) ആകെ 21214 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

- കേരള സർക്കാരിന്റെ ധനസഹായത്തോടെ ആരംഭിച്ച ഗോസമൃദ്ധി 2017-18 ഇൻഷ്വറൻസ് പദ്ധതിയിലൂടെ (ജനറൽ വിഭാഗത്തിലെ കർഷകരുടെ 55,068 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 2,458 ഉരുക്കളെയും ചേർത്ത്) ആകെ 57,526 ഉരുക്കളെയും 24-1-2019 വരെ ലഭിച്ച കണക്കുപ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്.

- കേരളത്തിൽ ഉരുക്കളെയും ഉരുവിന്റെ ഉടമയായ കർഷകരെയും ഇൻഷ്വർ ചെയ്യാനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ എൻ.എൽ.എം. പ്ലസ് 2017-18, കേരള സർക്കാരിന്റെ ധനസഹായത്തോടെ ഗോസമൃദ്ധി പ്ലസ് 2018-19 എന്നീ പദ്ധതികൾ നിലവിലുണ്ട്.

- എൻ.എൽ.എം. പ്ലസ് 2017-18 പദ്ധതിയിൽ ജനറൽ വിഭാഗത്തിലുള്ള കർഷകരുടെ 6463 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 1330 ഉരുക്കളെയും ചേർത്ത് ആകെ 7793 ഉരുക്കളെയും അവയുടെ ഉടമയായ കർഷകരെയും ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിടുന്നു.

- ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതിയിൽ ജനറൽ വിഭാഗത്തിലുള്ള കർഷകരുടെ 35700 ഉരുക്കളെയും എസ്.സി./എസ്.ടി. വിഭാഗത്തിലെ കർഷകരുടെ 3570 ഉരുക്കളെയും ചേർത്ത് ആകെ 39270 ഉരുക്കളെയും അവയുടെ ഉടമയായ കർഷകരെയും ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതികൾ 8-11-2018-ലാണ് ആരംഭിച്ചത്. എന്നിരുന്നാലും നാളിതുവരെ 6778 ഉരുക്കളെയും അവയുടെ ഉടമസ്ഥരായ കർഷകരെയും പദ്ധതിയിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

• കേരള സർക്കാരിന്റെ കൈത്താങ്ങായി കേരളത്തിലെ കർഷകർക്ക് നൽകുന്നതാണ് ഗോസമൃദ്ധി പ്ലസ് 2018-19-ലെ ഇൻഷ്വറൻസ് പദ്ധതി. സംസ്ഥാനത്ത് ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കാണ് ഈ പദ്ധതിക്കുള്ളത്. ഒരു വർഷം, മൂന്നുവർഷം എന്നീ കാലയളവുകളിലേയ്ക്ക് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്. മൃഗസംരക്ഷണ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി തികച്ചും സുതാര്യമായി പദ്ധതി നടപ്പിലാക്കുന്നു. ക്ഷീര കർഷകരെ പൂർണ്ണമായും ജിയോമാപ്പിംഗ് ചെയ്താണ് പദ്ധതി നടപ്പിലാക്കുന്നത്. ആയതിനാൽ കർഷകന്റെ ഭവനം കണ്ടെത്താൻ എളുപ്പമാണ്. ഒരു വർഷം പദ്ധതിക്ക് ഉരുവിന്റെ വിലയുടെ 2.8% - ഉം മൂന്ന് വർഷം പദ്ധതിക്ക് ഉരുവിന്റെ വിലയുടെ 6.54% ഉം ആണ് പ്രീമിയം നിരക്ക്. ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% ഉം എസ്.സി./എസ്.ടി. വിഭാഗത്തിന് 70% ഉം പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. ദൈനംദിന പദ്ധതി അവലോകനവും പരാതിപരിഹാരവും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തപ്പെടുന്നു. ഉരുക്കളുടെ ഉടമയായ കർഷകനും ഈ പദ്ധതിവഴി അപകട ഇൻഷ്വറൻസ് കൂടി ലഭ്യമാക്കുന്നു. കർഷകന്റെ ആവശ്യാനുസരണം ഒരു വർഷത്തേയ്ക്കോ മൂന്ന് വർഷത്തേയ്ക്കോ ഇൻഷ്വറൻസ് വാങ്ങാവുന്നതാണ്. ഉരുവിന് ഒരു വർഷത്തേയ്ക്ക് ഇൻഷ്വറൻസ് എടുത്താൽ ഒരു വർഷത്തേയ്ക്ക് കർഷകനും ഉരുവിന് മൂന്ന് വർഷത്തേയ്ക്ക് ഇൻഷ്വറൻസ് എടുത്താൽ കർഷകന് മൂന്ന് വർഷത്തേയ്ക്കും ഇൻഷ്വറൻസ് ലഭിക്കുന്നുവെന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്. ജനറൽ വിഭാഗത്തിന് 50,000 രൂപ മതിപ്പുവിലയുള്ള പശുവിന് ഒരു വർഷം ഇൻഷ്വറൻസിനായി 700 രൂപയും മൂന്നുവർഷ ഇൻഷ്വറൻസിനായി 1,635 രൂപയും പ്രീമിയമായി നൽകേണ്ടതാണ്. എസ്.സി./എസ്.ടി. വിഭാഗത്തിന് 50,000 രൂപ മതിപ്പുവിലയുള്ള പശുവിന് ഒരു വർഷത്തേയ്ക്ക് 420 രൂപയും മൂന്നുവർഷത്തേയ്ക്ക് 981 രൂപയും പ്രീമിയമായി നൽകേണ്ടതാണ്. 50,000 രൂപയിൽ കൂടുതൽ മതിപ്പുവിലയുള്ള ഉരുക്കൾക്ക് അഡീഷണൽ പോളിസി സൗകര്യവും ലഭ്യമാണ്. ഉരുക്കളോടൊപ്പം കർഷകനും 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഒരു വർഷത്തേയ്ക്ക് 42 രൂപയും മൂന്നുവർഷത്തേയ്ക്ക് 114 രൂപയും മാത്രം ഇതിനായി ഉരുവിന്റെ പ്രീമിയത്തോടൊപ്പം നൽകിയാൽ മതി.

• കർഷകർ പദ്ധതിക്കായി മൃഗാശുപത്രിയെ മാത്രം ആശ്രയിച്ചാൽ മതി. പദ്ധതി സുതാര്യമായി നടത്തപ്പെടുന്നതിനാൽ കമ്പനി താമസംവിനാ ക്ലെയിം ലഭ്യമാക്കുന്നു എന്നതും ഈ പദ്ധതിയുടെ പ്രത്യേകതയാണ്. കേരളത്തിൽ പദ്ധതി വിജയകരമായി തുടർന്നുവരുന്നു.

## വയനാട് ജില്ലയിൽ പ്രളയത്തിൽ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങൾ

147 (867) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പ്രളയത്തിൽ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ പശുക്കളെ നഷ്ടപ്പെട്ട എത്ര കർഷകരാണ് ഉള്ളത്; എത്ര പശുക്കളെയാണ് നഷ്ടമായത്;

(സി) പ്രസ്തുത ക്ഷീരകർഷകർക്കുള്ള ധനസഹായ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ഡി) എത്ര രൂപയാണ് ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | പശു | - | 124 |
| | എരുമ/പോത്ത് | - | 29 |
| | കിടാരി/കന്നുകുട്ടി | - | 136 |
| | പന്നി | - | 329 |
| | ആട് | - | 355 |
| | കോഴി/താറാവ് | - | 54054 |
| | കുതിര | - | 1 |
| (ബി) | കർഷകർ | - | 114 |
| | പശുക്കൾ | - | 124 |
| | പശുക്കിടാവുകൾ | - | 136 |

(സി) ഇല്ല.

(ഡി) ₹ 33,30,000.

## വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവരുടെ കണക്കുകൾ

148 (868) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയവുമായി ബന്ധപ്പെട്ട് ആലുവ, അങ്കമാലി, കുട്ടനാട്, റാന്നി, ആറന്മുള നിയോജകമണ്ഡലങ്ങളിൽ ആട്, പശു, താറാവ്, കോഴി എന്നിവ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ലഭ്യമാക്കാമോ; ഇവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ കണക്കുകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

| ക്രമ നമ്പർ | നിയോജകമണ്ഡലം | കർഷകരുടെ എണ്ണം | അനുവദിച്ച ധനസഹായം |
|---|---|---|---|
| 1 | ആലുവ | 871 | 71,52,150 |
| 2 | അങ്കമാലി | 661 | 52,45,900 |
| 3 | കുട്ടനാട് | 11071 | 58,70,630 |
| 4 | റാന്നി | 115 | 30,53,300 |
| 5 | ആറന്മുള | 368 | 6,88,850 |

**മൃഗങ്ങളെ വളർത്തുന്നവർക്ക് പ്രോത്സാഹനം**

149 (869) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരെയും കോഴി, ആട് എന്നിവ വളർത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ ;

(ബി) പാൽ, കോഴിയിറച്ചി, കോഴിമുട്ട, ആട്ടിറച്ചി തുടങ്ങിയവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കുടുംബശ്രീയുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ ഇതിലേക്കായി നടപ്പിലാക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ക്ഷീര കർഷകരെയും കോഴി, ആട് എന്നിവ വളർത്തുന്നവരെയും പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ സ്വീകരിച്ചുവരുന്നു.

<u>ഗോവർദ്ധിനി</u>

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്ക് പദ്ധതി

കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു.

പ്രത്യേക കന്നുകാലി വികസന പദ്ധതി

പ്രത്യേക കന്നുകാലി വികസന പദ്ധതിയിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു.

ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി

പദ്ധതിവഴി ക്ഷീര കർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവുമൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18-ൽ 500 ലക്ഷം രൂപ പദ്ധതിക്കായി വകയിരുത്തിയിരുന്നു. 60000 ത്തോളം കർഷകർക്ക് പ്രയോജനം ലഭിച്ചു. 2018-19 ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

രാത്രികാല അടിയന്തര വെറ്ററിനറി സേവന പദ്ധതി

അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 105 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്.

കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

കോഴി വളർത്തൽ

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1304 സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

ആട് വളർത്തൽ

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പുവഴി നൽകിവരുന്നു.

5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 1200 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. ആകെ 300 ലക്ഷം രൂപ ഇതിനായി 2018-19 -ൽ നീക്കിവച്ചിട്ടുണ്ട്.

ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19-ൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 150 യൂണിറ്റിന് 150 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെപ്കോയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രം നവീകരിക്കുകയും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം ഒന്നേകാൽ ലക്ഷത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിച്ച് ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് വിതരണം ചെയ്തുവരുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്ത് വളർത്തിയെടുത്ത് 45 ദിവസം അല്ലെങ്കിൽ രണ്ടുകിലോ ഭാരമാകുമ്പോൾ കെപ്കോതന്നെ വിലകൊടുത്ത് തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ സംസ്കരിച്ച് ഗുണമേന്മയുള്ള ഇറച്ചിയാക്കി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. 1000 ഇറച്ചിക്കോഴികൾ ഉൾപ്പെടുന്ന യൂണിറ്റുകളാണ് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ രൂപീകരിക്കുന്നത്. ഇതിനുപുറമെ കോൺട്രാക്ട് ഫാമിംഗ് രീതിയും നടപ്പാക്കിവരുന്നു. കൂടുതൽ കർഷകർ ഇറച്ചിക്കോഴി വളർത്തൽ രംഗത്തേയ്ക്ക് കടന്നുവരുന്നതനുസരിച്ച് അവർക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ നൽകുന്നതിന് കൂടുതൽ പേരന്റ് സ്റ്റോക്കിനെ വാങ്ങി വളർത്തുന്നതിന് പുതിയ പൗൾട്രി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കോഴിയിറച്ചി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയിൽ രണ്ട് ജില്ലകളിൽ രണ്ട് ബ്ലോക്ക് വീതം തെരഞ്ഞെടുത്ത് 200 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു. കേന്ദ്രസഹായം 135 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 90 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 225 ലക്ഷം രൂപയുടെ പദ്ധതിയാണിത്. ഒരു ഗുണഭോക്താവിന് 1,08,000 രൂപയുടെ സഹായം ലഭിക്കും.

(സി) കുടുംബശ്രീയുടെ നേതൃത്വത്തിൽ 2017-18 സാമ്പത്തിക വർഷം KEPCO മൃഗസംരക്ഷണ വകുപ്പുമായി സംയോജിച്ച് കേരള ചിക്കൻ, അടുക്കളത്തോട്ട മുട്ടക്കോഴി പരിപാലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള ചിക്കൻ

കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പാരന്റ് പക്ഷികൾ മുതൽ (ബ്രീഡർ സ്റ്റോക്ക്), ഹാച്ചറികൾ, മാംസ സംസ്കരണത്തിനുള്ള അബറ്റയറുകൾ, കോഴിയിറച്ചി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണമായ ഉല്പാദന വിപണന സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

അടുക്കളത്തോട്ട മുട്ടക്കോഴി പരിപാലനം

അഞ്ചുപേരടങ്ങുന്ന ഒരു യൂണിറ്റിന് ഒരാൾക്ക് 20 കോഴിക്കുഞ്ഞുങ്ങൾ (ആകെ 100 എണ്ണം (5x20)+കോഴിക്കൂട്+തീറ്റ) വീതം നൽകുന്നു. മൂലധന സബ്സിഡിയായി ഒരു യൂണിറ്റിന് കുടുംബശ്രീ മിഷൻ 25,000 രൂപ വീതം നൽകിവരുന്നു. നിലവിൽ 691 യൂണിറ്റിലായി 3269 ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കുന്നു.

**കന്നുകാലി സെൻസസ്**

150 (870) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അവസാനമായി നടന്ന കന്നുകാലി സെൻസസ് പ്രകാരം കന്നുകാലി സമ്പത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് അവസാനമായി കന്നുകാലി സെൻസസ് നടന്നത് 2012-ലാണ്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ഇനം | എണ്ണം |
|---|---|
| എക്സോട്ടിക്/ക്രോസ്ബ്രഡ് കന്നുകാലികൾ | 12.52 ലക്ഷം |
| ഇൻഡീജിനസ് കന്നുകാലികൾ | 0.77 ലക്ഷം |
| ബഫല്ലോ (എരുമയും പോത്തും) | 1.02 ലക്ഷം |
| ആട് | 12.46 ലക്ഷം |

**കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് അടിയന്തര സഹായം**

151 (871) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) കന്നുകാലികൾ ഉപജീവനമാർഗ്ഗമായിരുന്ന ഇത്തരം നിരവധി കർഷകർക്ക് യാതൊരു അനുകൂല്യങ്ങളും നൽകിയിട്ടില്ല എന്ന വസ്തുത പരിശോധിക്കുമോ;

(സി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് അടിയന്തര സഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് തലത്തിൽ ശേഖരിച്ചിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി ദുരന്തനിവാരണ മാനദണ്ഡ പ്രകാരം അർഹതപ്പെട്ട 17.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

## കന്നുകാലികളുടെ എണ്ണത്തിലെ കുറവ്

152 (872) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണം കുറയുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) 2003-ൽ 21.22 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2012-ലെ സെൻസസ് പ്രകാരം അത് 13.29 ലക്ഷമായി കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കുന്നതിനായി നാടൻ ജനുസുകളുടെ കൂടുതൽ കിടാവുകളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; ഏതു സ്ഥാപനത്തിനാണ് ഇതിന്റെ പ്രവർത്തന ചുമതല; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് 2003-ൽ 21.22 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്നത് 2007-ലെ സെൻസസ് പ്രകാരം 17.40 ലക്ഷം കന്നുകാലികളായി കുറയുകയും 2012-ലെ സെൻസസ് പ്രകാരം 13.29 ലക്ഷം കന്നുകാലികളായി വീണ്ടും കുറയുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) നാടൻ ജനുസുകളുടെ കൂടുതൽ കിടാവുകളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിന് ഭ്രൂണമാറ്റ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഒരു പദ്ധതിക്ക് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ രൂപം നൽകിയിട്ടുണ്ട്. നാടൻ ജനുസ്സുകളായ വെച്ചൂർ, സഹിവാൾ എന്നിവയിൽനിന്നും കൂടുതൽ കുട്ടികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിനായി ഭ്രൂണമാറ്റ പദ്ധതി കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ

മിഷൻ പദ്ധതിയിൻ കീഴിൽ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മൂന്ന് വർഷത്തിനുള്ളിൽ (2018-2021) 130 കന്നുകുട്ടികളെ ഭ്രൂണമാറ്റ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നതാണ്. പദ്ധതിയുടെ ആകെ അടങ്കൽ തുക 2.48 കോടി രൂപയാണ്. പദ്ധതി 2018 ഡിസംബർ മാസം മുതൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

## ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ നടപടി

153 (873) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കി ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ഇറച്ചി സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പേരന്റ് സ്റ്റോക്കും ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്നതിന് പൗൾട്ടി ഡെവലപ്മെന്റ് കോർപ്പറേഷന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കോഴിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) മാളയിൽ സ്ഥാപിക്കുന്ന കോഴിത്തീറ്റ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) പുതിയ ഫാമുകളും ഹാച്ചറികളും സ്ഥാപിക്കുന്നതിന് കെപ്കോയ്ക്ക് തുക അനുവദിച്ചിട്ടില്ല. എന്നാൽ കെപ്കോയുടെ കീഴിലുള്ള ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല. മിതമായ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് നൽകുന്നുണ്ട്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## മൃഗാശുപത്രികൾ

154 (874) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മൃഗാശുപത്രികളാണ് ഉള്ളത്; ഇവയുടെ വിശദാംശം ജില്ല, താലൂക്ക്, തദ്ദേശഭരണ സ്ഥാപനം എന്നിവ തിരിച്ച് അറിയിക്കുമോ;

(ബി) കൂടുതൽ മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 215 മൃഗാശുപത്രികളും 868 വെറ്ററിനറി ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ജില്ല, താലൂക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ തിരിച്ചുള്ള മൃഗാശുപത്രികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇക്കാര്യം പരിശോധനയിലാണ്.

## വളർത്തുമൃഗങ്ങൾക്കായി മുഴുവൻ സമയ ക്ലിനിക്കുകൾ

155 (875) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുമൃഗങ്ങൾക്ക് രാത്രി സമയങ്ങളിൽ അടിയന്തര ചികിത്സ ലഭ്യമാക്കാൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ലിനിക്കുകളിൽ സംവിധാനമുണ്ടോ;

(ബി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്ലിനിക്കുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മൃഗഡോക്ടർമാരുടെ സേവനം

156 (876) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ക്ഷീര കർഷകരെയും ആട്/കോഴി വളർത്തുകാരെയും മറ്റും സഹായിക്കുന്ന തരത്തിൽ മൃഗഡോക്ടർമാരുടെ സേവനം ഈ സംരംഭങ്ങൾ നടത്തുന്ന സ്ഥലത്ത് ലഭ്യമാക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മൃഗഡോക്ടർമാരുടെ സേവനം വിപുലപ്പെടുത്തുന്നതിന് കൂടുതൽ നടപടി സ്വീകരിക്കുമോ;

(സി) ഇതിലേക്കായി മൊബൈൽ ക്ലിനിക്കുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 105 ബ്ലോക്കുകളിൽ നടപ്പിലാക്കിവരുന്ന 'രാത്രികാല അടിയന്തര വെറ്ററിനറി സേവനം' പദ്ധതിയിൽ അടിയന്തരഘട്ടങ്ങളിൽ കർഷകന്റെ വീട്ടുപടിക്കൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു.

(ബി) എല്ലാ ബ്ലോക്കുകളിലും രാത്രികാല അടിയന്തര വെറ്ററിനറി സേവനം ഏർപ്പെടുത്തുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പുതിയ മൃഗാശുപത്രികൾ, നിലവിലുള്ള മൃഗാശുപത്രികളുടെ അപ്ഗ്രഡേഷൻ, ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കൽ എന്നിവയ്ക്കായി സർക്കാർതലത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മൃഗഡോക്ടർമാരുടെ സേവനം വിപുലപ്പെടുത്തുന്നതാണ്.

(സി) ആധുനിക രോഗനിർണ്ണയ ചികിത്സാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് നിലവിൽ കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തോടനുബന്ധിച്ച് സേവനം നൽകിവരുന്നു. പുതിയ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പറവൂർ മണ്ഡലത്തിൽ പ്രളയത്തിൽ നഷ്ടപ്പെട്ട കന്നുകാലികളുടെ കണക്ക്

157 (877) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറവൂർ നിയോജകമണ്ഡലത്തിൽ പ്രളയവുമായി ബന്ധപ്പെട്ട് ആട്, പശു, താറാവ്, കോഴി എന്നിവ നഷ്ടപ്പെട്ടവരുടെ കണക്കുകൾ ലഭ്യമാക്കാമോ; ഇവർക്ക് നഷ്ടപരിഹാരം നൽകിയതിന്റെ കണക്കുകളും ലഭ്യമാക്കുമോ?

ഉത്തരം

കർഷകരുടെ എണ്ണം - 1949
അനുവദിച്ച ധനസഹായം - 1,23,93,150.

### നിലമ്പൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

158 (878) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നിലമ്പൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും അനുവദിച്ച തുകയും സാമ്പത്തിക വർഷംതിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അവയ്ക്കുവേണ്ടി നീക്കിവയ്ക്കുന്ന തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തികവർഷം 60,91,300 രൂപയുള്ള ഭരണാനുമതി വിവിധ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

### പ്രളയത്തിൽ ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടങ്ങൾ

159 (879) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് കഴിഞ്ഞ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടമായ ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ലെ പ്രളയത്തിൽ ക്ഷീര മേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1228 കിടാരികൾ, 5166 കന്നുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഈ കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ക്ഷീരവികസന മേഖലയിൽ ഉണ്ടായ കനത്ത നാശനഷ്ടം നികത്തുന്നതിനായി 2018-19 വർഷത്തെ പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി ഒട്ടനവധി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപ എന്നീ ഇനത്തിൽ തുക ഉപയോഗപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താൻ സാധിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടംവരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന്, കാലിത്തൊഴുത്ത് നിർമ്മിക്കുക/നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോടുകൂടി ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം 17.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി.

## ക്ഷീരഗ്രാമം പദ്ധതി

160 (880) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പട്ടിക ചുവടെ

ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | നിയോജകമണ്ഡലം | പദ്ധതി നടപ്പാക്കിയ സാമ്പത്തിക വർഷം |
|---|---|---|---|
| 1 | ഏരൂർ | പുനലൂർ | 2016-17 |
| 2 | ഉദയനാപുരം | വൈക്കം | 2016-17 |
| 3 | വെള്ളാങ്കല്ലൂർ | കൊടുങ്ങല്ലൂർ | 2016-17 |
| 4 | ചിറയിൻകീഴ് | ചിറയിൻകീഴ് | 2017-18 |
| 5 | ഇടമുളയ്ക്കൽ | പുനലൂർ | 2017-18 |
| 6 | മണ്ണഞ്ചേരി | ആലപ്പുഴ | 2017-18 |
| 7 | ചാഴൂർ | നാട്ടിക | 2017-18 |
| 8 | പറളി | കോങ്ങാട് | 2017-18 |
| 9 | വെമ്പായം | നെടുമങ്ങാട് | 2018-19 |
| 10 | മേലില | പത്തനാപുരം | 2018-19 |
| 11 | തൊടിയൂർ | കരുനാഗപ്പള്ളി | 2018-19 |
| 12 | വയലാർ | ചേർത്തല | 2018-19 |
| 13 | കോലഴി | വടക്കാഞ്ചേരി | 2018-19 |
| 14 | കണ്ണമംഗലം | വേങ്ങര | 2018-19 |
| 15 | വട്ടംകുളം | തവനൂർ | 2018-19 |
| 16 | ചെറുവണ്ണൂർ | പേരാമ്പ്ര | 2018-19 |
| 17 | തില്ലങ്കേരി | മട്ടന്നൂർ | 2018-19 |
| 18 | പനത്തടി | കാഞ്ഞങ്ങാട് | 2018-19 |

**ക്ഷീരമേഖലയിൽ വയനാട് ജില്ലയിൽ നടപ്പിൽവരുത്തിയ പദ്ധതികൾ**

161 (881) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിൽവരുത്തിയ പദ്ധതികൾ എന്തെല്ലാമാണ്; മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ നൽകാമോ;

(ബി) പ്രളയാനന്തരം പാലുല്പാദന മേഖലയിൽ ഇടിവ് സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രളയത്തിൽ വയനാട് ജില്ലയിലെ ക്ഷീരമേഖലയിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരമേഖലയിൽ വയനാട് ജില്ലയിലെ മണ്ഡലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയാനന്തരം പാലുല്പാദന മേഖലയിൽ സംഭവിച്ച ഇടിവ് പരിഹരിക്കുന്നതിനായി ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കൂടാതെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും വൈക്കോലും വിതരണം ചെയ്തിട്ടുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെയും സന്നദ്ധ സംഘങ്ങളുടെയും സഹകരണത്തോടെ നിരവധി ധനസഹായ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. പ്രളയം മുഖേന നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷംകൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രളയത്തിൽ വയനാട് ജില്ലയിലെ ക്ഷീരമേഖലയിൽ ആകെ 10,88,31,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

**ക്ഷീരമേഖലയിൽ പ്രളയത്തിന്റെ അനന്തര ഫലങ്ങൾ**

162 (882) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയം ക്ഷീരമേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ഇതിനകം എന്തൊക്കെ ധനസഹായമാണ് നൽകിയതെന്ന് വിശദമാക്കുമോ;

(സി) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള സർക്കാർ പരിശ്രമങ്ങളെ പ്രളയം എത്രമാത്രം ദോഷകരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1089 കിടാരികൾ, 5166 കന്നുകുട്ടികൾ, 527 എരുമകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗികമായും നശിച്ചുപോയിട്ടുണ്ട്. പ്രളയത്തിന്റെ ഭാഗമായി ക്ഷീര സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ക്ഷീരവികസന മേഖലയിൽ ഉണ്ടായ കനത്ത നാശനഷ്ടം നികത്തുന്നതിനായി 2018-19 വർഷത്തെ പദ്ധതി വിഹിതം പ്രയോജനപ്പെടുത്തി ഒട്ടനവധി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. പെട്ടെന്നുള്ള നഷ്ടം നികത്തുന്നതിനായി കണ്ടിജൻസി ഫണ്ട് ഇനത്തിൽ 24.9 ലക്ഷം രൂപയും പ്രളയ സമയത്ത് കാലികൾക്ക് നൽകുന്നതിനായി 28857 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും പദ്ധതി തുക ഉപയോഗപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൂടാതെ 22 കോടി രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് നഷ്ടം വരുന്ന കർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന്, കാലിത്തൊഴുത്ത് നിർമ്മിക്കുക/ നവീകരിക്കുക, നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത ധനസഹായം നൽകുക എന്നീ ലക്ഷ്യത്തോടുകൂടി പ്രളയാനന്തര പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പ് പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് ആകെ 17.89 കോടി രൂപ നൽകുകയും 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു.

(സി) ക്ഷീരമേഖലയിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 80-85% വരെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം പാലുല്പാദനത്തിൽ നേരിയ കുറവുണ്ടാക്കിയെങ്കിലും പ്രളയാനന്തര പ്രവർത്തനങ്ങളുടെയും ക്രിയാത്മകമായ ഇടപെടലുകളുടെയും ഭാഗമായി പാലുല്പാദനത്തിലുണ്ടായ കുറവ് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## ക്ഷീരമേഖലയുടെ വികസനം

163 (883) ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എട്ടുലക്ഷത്തോളം വരുന്ന ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുന്ന കാലിത്തീറ്റ വിലക്കയറ്റം നിയന്ത്രിക്കാനായി ഇടപെടൽ നടത്താൻ സാധിക്കുമോ എന്നറിയിക്കാമോ;

(ബി) തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കാനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മിൽക്ക്ഷെഡ് വികസന പദ്ധതി പ്രകാരം ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ക്ഷീര വിപണനസംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) കാലിത്തീറ്റ വിലവർദ്ധനവ് ഉൾപ്പെടെയുള്ള പാലുല്പാദന ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി തുക വകയിരുത്തിയിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ക്ഷീരസംഘത്തിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് 4 രൂപ വരെ ഇൻസെന്റീവ് നൽകുന്നുണ്ട്.

(ബി) ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 20,000 രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യവ്യക്തികൾ, വശംതരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസംഘങ്ങൾ മുഖേനയോ കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ മുഖേനയോ തീറ്റപ്പുൽകൃഷി നടത്തുകയും ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് കുറഞ്ഞ വിലയ്ക്ക് നൽകുന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. 2018-19 വർഷത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി 600 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) കേരളത്തിലെ കന്നുകാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഉയർന്ന ജനിതകമൂല്യവും ഉല്പാദനക്ഷമതയുള്ളതുമായ ഉരുക്കളെ ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

| | | |
|---|---|---|
| 1 | ഗോദാനം (1 പശു) | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 8 | കറവയന്ത്രം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |

(ഡി) പ്രാഥമിക ക്ഷീരസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പാലിന്റെ മാർക്കറ്റ് ഉറപ്പുവരുത്തി മെച്ചപ്പെട്ട വില ലഭിക്കുന്നതിനും കൂടുതൽ കർഷകരെ സഹകരണ ശൃംഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി ക്ഷീരസംഘങ്ങൾക്ക് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇനവിവരം | ധനസഹായം |
|---|---|---|
| (1) | (2) | (3) |
| 1 | പാൽ സംഭരണ മുറി | 3,75,000 |
| 2 | ഗോഡൗൺ | 3,75,000 |
| 3 | ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ | 5,25,000 |

| (1) | (2) | (3) |
|---|---|---|
| 4 | AMC യൂണിറ്റ് | 1,10,000 |
| 5 | ട്രാൻസ്പോർട്ടേഷൻ മിൽക്ക് റൂട്ടിനുള്ള ധനസഹായം | 35,000 |
| 6 | പുതിയ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള സഹായം | 61,500 |
| 7 | പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾ പുനർജീവിപ്പിക്കുന്നതിനുള്ള ധനസഹായം | 61,500 |
| 8 | ക്ഷീരസംഘങ്ങൾക്ക് ഇൻഫർമേഷൻ കിയോസ്ക് | 1,10,000 |
| 9 | ആവശ്യാധിഷ്ഠിത സഹായം | 1,20,000 |

**ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത**

164 (884) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ആവശ്യമുള്ള പാലിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് നിലവിൽ ഉല്പാദിപ്പിക്കുന്നതെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ വഴി എത്ര ലിറ്റർ പാൽ ദിവസേന കൊണ്ടുവരുന്നു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി

(2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

(3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

(4) ഹീഫർ പാർക്ക്

(5) ക്ഷീരഗ്രാമം

(6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

(7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

(8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

(9) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി

(10) സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

(ബി) കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 80-85% വരെ ഉല്പാദിപ്പിക്കപ്പെടുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

മിൽമ അന്യസംസ്ഥാനങ്ങളിൽനിന്നും 60000 ലിറ്റർ പാൽ ദിവസേന വാങ്ങുന്നുണ്ട്.

**ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ നടപടി**

165 (885) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രളയകാലത്ത് നഷ്ടമായ കന്നുകാലികൾക്ക് പകരം അയൽ സംസ്ഥാനങ്ങളിൽനിന്ന് കന്നുകാലികളെ വാങ്ങുന്ന കർഷകർക്ക് വകുപ്പ് തലത്തിൽ സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(1) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി

(2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ

(3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം

(4) ഹീഫർ പാർക്ക്

(5) ക്ഷീരഗ്രാമം

(6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

(7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

(8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ

(9) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി

(10) സമഗ്ര ഇൻഷ്വറൻസ് പദ്ധതി

(11) ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള ധനസഹായ പദ്ധതികൾ എന്നിവയാണ്.

(ബി) പ്രളയകാലത്ത് നഷ്ടമായ കന്നുകാലികൾക്ക് പകരമായി സംസ്ഥാനത്തിന് പുറത്തുനിന്നും ഉരുക്കളെ കൊണ്ടുവരുന്നതിനുവേണ്ടി പ്രളയ ദുരിതാശ്വാസത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 1200 ഒരു പശു യൂണിറ്റും 900 രണ്ട് പശു യൂണിറ്റും ആണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33,000 രൂപ ധനസഹായവും 2 പശു യൂണിറ്റിന് 66,000 രൂപയും ധനസഹായം നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം 396 ലക്ഷം രൂപ ഒരു പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും 594 ലക്ഷം രൂപ 2 പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും അനുമതി നൽകുകയും ആയതുപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി പൂർത്തീകരിച്ചുവരുന്നു.

**അതിർത്തി കടന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധന**

166 (886) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംസ്ഥാന അതിർത്തികളിൽ ലാബ് സംവിധാനമുണ്ടോ; എങ്കിൽ എത്ര ലാബുകൾ പ്രസ്തുത ആവശ്യത്തിന് നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഒരു ദിവസം എത്ര ലിറ്റർ പാൽ അതിർത്തി കടന്നെത്തുന്നുവെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധനാ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ബി) പാലക്കാട് മീനാക്ഷിപുരം ചെക്ക് പോസ്റ്റ് മുഖേന പ്രതിദിനം 3.20 ലക്ഷം ലിറ്റർ പാലും കൊല്ലം ആര്യങ്കാവ് ചെക്ക് പോസ്റ്റ് വഴി 2.24 ലക്ഷം ലിറ്റർ പാലും ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ട്. ടി ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന പാൽ പൂർണ്ണമായും ഗുണമേന്മ പരിശോധന നടത്തുന്നുണ്ട്. എന്നാൽ മറ്റ് അതിർത്തി പ്രദേശങ്ങൾ വഴി സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ അളവ് അറിയുന്നതിന് നിലവിൽ സംവിധാനമില്ല.

## മിൽമയ്ക്ക് അനുവദിച്ച ഗ്രാന്റ്

167 (887) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾ പ്രളയദുരിതമേഖലയിൽ നടപ്പിലാക്കുവാൻ മിൽമയ്ക്ക് സർക്കാർ അനുവദിച്ച ഗ്രാന്റ് തുക എത്രയാണ്;

(ബി) പ്രളയ ദുരിതം കൂടുതൽ ഉണ്ടായ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണം, ഡയറി, മിൽമ എന്നിവ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളും തുകയും വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾ പ്രളയദുരിത മേഖലയിൽ നടപ്പിലാക്കാൻ കേരള സർക്കാർ മിൽമയ്ക്ക് ഗ്രാന്റായി തുക നൽകിയിട്ടില്ല. പ്രളയം മുഖേന നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷംകൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രളയബാധിത മേഖലയായ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പുമുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | അനുവദിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഗോദാനം | 4,95,000 | 15 |
| 2 | രണ്ട് പശു യൂണിറ്റ് | 9,90,000 | 15 |
| 3 | ധാതുലവണ മിശ്രിതം | 20,000 | - |
| 4 | അവശ്യാധിഷ്ടിത ധനസഹായം | 11,50,000 | 22 |
| 5 | കാലിത്തൊഴുത്ത് നവീകരണം | 7,50,000 | 15 |
| 6 | ശാസ്ത്രീയ കാലിത്തൊഴുത്ത് | 2,00,000 | 2 |
| 7 | കണ്ടിജൻസി ഫണ്ട് | 75,000 | 5 |
| 8 | കാലിത്തൊഴുത്ത് നഷ്ടപ്പെട്ടതിന് ധനസഹായം | 30,000 | 6 |
| 9 | കാലിത്തീറ്റ | 1,68,000 | - |
| | ആകെ | 38,78,000 | |

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 28 ക്ഷീരസംഘങ്ങളാണ് മിൽമയുടെ ദുരിതബാധിത സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സംഘങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതം ഉപയോഗിച്ച് വിവിധ പദ്ധതികൾ മിൽമ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കന്നുകാലി കർഷകർക്ക് സഹായം

168 (888) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കന്നുകാലികളും തൊഴുത്തും മറ്റും നഷ്ടപ്പെട്ട കന്നുകാലി കർഷകർക്ക് അർഹമായ സഹായങ്ങൾ നാളിതുവരെയും ലഭ്യമായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നാശനഷ്ടമുണ്ടായ എത്ര കർഷകർക്ക് കൂടി സഹായം നൽകാൻ ബാക്കിയുണ്ട്; സഹായം നൽകുന്നതിന് ഇത്രയും കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണെന്നറിയിക്കാമോ;

(സി) പ്രളയത്തെ തുടർന്ന് നാശനഷ്ടമുണ്ടായ കന്നുകാലി കർഷകർക്ക് കന്നുകാലികളെ വിതരണം ചെയ്യുന്നതിനും തൊഴുത്തുകൾ പുനർനിർമ്മിക്കുന്നതിനും ആവശ്യമായ സഹായം നൽകുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മേലാറ്റൂർ, പുലാമന്തോൾ, പെരിന്തൽമണ്ണ, ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിൽനിന്നും ലഭിച്ച 18 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഏലംകുളം, വെട്ടത്തൂർ എന്നീ പഞ്ചായത്തുകളിൽനിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാൽ ആയത് ശരിയാക്കി ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹതപ്പെട്ടവർക്ക് കാലതാമസം കൂടാതെ ധനസഹായം നൽകിയിട്ടുണ്ട്.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നവകേരള സൃഷ്ടി പ്രകാരം പശു വളർത്തൽ, കിടാരി പരിപാലനം, കന്നുക്കുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവുവളർത്തൽ എന്നീ പദ്ധതികളും കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം, ഇവയും ഉൾപ്പെടുത്തി 77 കോടി രൂപയുടെ പുനരധിവാസ പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

**കേരള ഫീഡ്സ് ലിമിറ്റഡിൽ സ്ഥിര നിയമനം**

169 (889) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതി പ്രകാരം തൊഴിൽ നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളി യൂണിറ്റിനുവേണ്ടി സ്ഥലം നൽകിയവരിൽ എത്രപേർക്ക് ഏതെല്ലാം വിഭാഗത്തിൽ തൊഴിൽ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; അപ്രകാരം തൊഴിൽ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എട്ട് വർഷത്തിലധികമായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഫീഡ്സ് ലിമിറ്റഡിന്റെ കരുനാഗപ്പള്ളിയിലുള്ള ഫാക്ടറിയ്ക്കായി വീടും സ്ഥലവും നൽകിയവർ അഥവാ അവരുടെ ആശ്രിതരായ 30 പേരെ കമ്പനി ഡയറക്ടർ ബോർഡ് തീരുമാന പ്രകാരം വിവിധ വിഭാഗങ്ങളിലായി 27-3-2012 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിയിൽ ഏർപ്പെടുത്തിവരുന്നു. നിലവിൽ ഇപ്രകാരം ജോലി ചെയ്യുന്ന 30 പേരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സ്ഥിരനിയമനം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ക്ഷീര സംഘങ്ങൾ**

170 (890) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ ക്ഷീര സംഘങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(ബി) പുതിയ ക്ഷീര സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 77 പുതിയ ക്ഷീര സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) (1) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല, നിലവിൽ പ്രവർത്തിക്കുന്നതോ, നിലവിൽ രൂപീകരണത്തിലുള്ളതോ ആയ ഏതെങ്കിലും ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽപ്പെട്ടതാകാൻ പാടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(2) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽ വേണ്ടത്ര ക്ഷീരകർഷകർ ഉണ്ടെന്നും, വേണ്ടത്ര കറവമാടുകളെ വളർത്തുന്നുണ്ടെന്നും പ്രവർത്തന മേഖലയിൽനിന്നും സംഘം ആദായകരമായി പ്രവർത്തിക്കാനാവശ്യമായ പാൽ സംഭരിക്കാൻ കഴിയുമെന്നും ഒരു പ്രാഥമിക സർവ്വേ നടത്തി ഉറപ്പാക്കേണ്ടതുണ്ട്.

(3) പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീര സഹകരണ സംഘങ്ങൾ ആനന്ദ് മാതൃകാ ബൈലോ അനുസരിച്ച് മാത്രമെ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

(4) പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽപ്പെട്ട വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട, പ്രായപൂർത്തിയായ, 25-ൽ കുറയാത്ത വ്യക്തികൾ ഒപ്പിട്ട അപേക്ഷ ജില്ലയിലെ ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചാൽ അപേക്ഷ പരിശോധിച്ച്, സംഘം രൂപീകരിക്കുന്നതിനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും അപേക്ഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നല്കുന്നതുമാണ്.

**മൃഗശാലകൾക്ക് അക്രെഡിറ്റേഷൻ**

171 (891) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മൃഗശാലകൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) മൃഗശാലകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം കേരളത്തിൽ നിലവിലുണ്ടോ; എങ്കിൽ ഇത്തരത്തിൽ പരിശീലനം നൽകുന്നുണ്ടോ;

(സി) മൃഗശാലകൾക്ക് ദേശീയ, അന്തർദ്ദേശീയ അക്രെഡിറ്റേഷൻ മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കേരളത്തിലെ മൃഗശാലകൾക്ക് ഇത്തരത്തിൽ അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്തെ മൃഗശാലയും തൃശ്ശൂരിലെ മൃഗശാലയുമാണ് കേരളത്തിലെ രണ്ട് മൃഗശാലകൾ.

(ബി) മൃഗശാലകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള സംവിധാനം കേരളത്തിൽ നിലവിലില്ല. എന്നിരുന്നാലും മൃഗശാലകളിലെ ജീവനക്കാരെ സംസ്ഥാനത്തിന് പുറത്തുള്ള മൃഗശാലകളിലേയ്ക്ക് അയച്ച് പരിശീലനം നൽകുന്നുണ്ട്.

(സി) മൃഗശാലകൾക്ക് ദേശീയ, അന്തർദ്ദേശീയ അക്രെഡിറ്റേഷൻ മാനദണ്ഡങ്ങൾ നിലവിലുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ Rule 9 of Recognition of Zoo Rules 2009 പ്രകാരമാണ് മൃഗശാലകൾക്ക് ദേശീയ തലത്തിൽ അംഗീകാരം നൽകുന്നത്. മൃഗശാലകളുടെ ഏരിയ, സന്ദർശകരുടെ എണ്ണം, മൃഗങ്ങളുടെ ഇനം, മൃഗങ്ങളുടെ എണ്ണം, വംശനാശഭീഷണി നേരിടുന്നവയുടെ ഇനം, എണ്ണം എന്നിവ പരിശോധിച്ചാണ് മൃഗശാലകൾക്ക് ദേശീയതലത്തിൽ അക്രെഡിറ്റേഷൻ നൽകുന്നത്.

(ഡി) തിരുവനന്തപുരം മൃഗശാലയ്ക്ക് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുകയും മീഡിയം മൃഗശാലയിൽനിന്നും വലിയ മൃഗശാലകളുടെ പട്ടികയിലേയ്ക്ക് ഉയർത്തിയിട്ടുമുണ്ട്. തൃശ്ശൂർ മൃഗശാലയ്ക്ക് അക്രെഡിറ്റേഷൻ പുതുക്കി ലഭിച്ചിട്ടില്ല.

## തൃശ്ശൂർ പുത്തൂരിലെ സുവോളജിക്കൽ പാർക്ക്

172 (892) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മൃഗങ്ങൾക്കുള്ള ആധുനിക കൂടുകൾ എവിടെ നിന്നാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുക വെളിപ്പെടുത്തുമോ;

(ഡി) തൃശ്ശൂർ മൃഗശാലയിൽ സിംഹത്തിനെയും കടുവയെയും പ്രദർശിപ്പിക്കുന്നില്ല എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിന്റെ ഫേസ്-1 പ്രകാരം സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, പക്ഷികൾ, കാട്ടുപോത്ത്

എന്നിവയുടെ കൂടുകളുടെ നിർമ്മാണങ്ങൾ പുരോഗമിച്ചുവരുന്നു. സുവോളജിക്കൽ പാർക്കിലേയ്ക്കുള്ള ജലവിതരണത്തിനായി മണലിപ്പുഴയിൽനിന്നും വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അടങ്കൽ സഹിതം കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി വിതരണത്തിനുള്ള അടങ്കൽ സെൻട്രൽ പി.ഡബ്ല്യു.ഡി.-യും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

ഫേസ്-II പ്രകാരമുള്ള മാനുകളുടെ 3 കൂടുകളുടേയും പുള്ളിപ്പുലി, കടുവ, സിംഹം, മുതല എന്നിവയുടെ കൂടുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി M/s PNSC, ന്യൂഡൽഹി ആസ്ഥാനമായ സ്ഥാപനത്തിന്റെ ടെണ്ടർ സെൻട്രൽ പി.ഡബ്ല്യു.ഡി. അംഗീകരിച്ചിട്ടുണ്ട്.

ഫേസ്-III പ്രകാരമുള്ള ബാക്കി കൂടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇറക്കുമതി ചെയ്യുന്നില്ല.

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുക 26.5920235 കോടി രൂപ ആകുന്നു.

(ഡി) ഇല്ല. തൃശ്ശൂർ മൃഗശാലയിൽ സിംഹത്തിനേയും കടുവയേയും പ്രദർശിപ്പിച്ചിട്ടുണ്ട്.

## മൃഗശാലകളും സുവോളജിക്കൽ പാർക്കുകളും

173 (893) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മൃഗശാലകളും സുവോളജിക്കൽ പാർക്കുകളും സ്ഥാപിതമായതിനുശേഷം പദ്ധതി പ്രദേശത്തിന് ഉണ്ടായിട്ടുള്ള മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക വ്യതിയാനങ്ങൾ പഠനവിധേയ മാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പഠനം നടത്തിയിട്ടില്ലെങ്കിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം പദ്ധതി പ്രദേശത്തും ചുറ്റുപാടിലുമുള്ള ഭൂമിശാസ്ത്രത്തിലും സസ്യജാലങ്ങളിലും ജലസ്രോതസ്സുകളിലും ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളെക്കുറിച്ച് ആവശ്യമായ പഠനം നടത്തുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം മൃഗശാല 1859-ലും തൃശ്ശൂർ മൃഗശാല 1913-ലുമാണ് സ്ഥാപിതമായത്. ഈ മൃഗശാലകൾ സ്ഥിതിചെയ്യുന്ന സ്ഥലത്ത് മാറ്റങ്ങൾ ഉണ്ടായിട്ടില്ലാത്തതിനാൽ പഠനം നടത്തിയിട്ടില്ല. തൃശ്ശൂർ, പുത്തൂർ സുവോളജിക്കൽ പാർക്ക് തുടങ്ങുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്.

**ജലനയം**

174 (894) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തം അതിജീവിക്കുവാൻ കേരളം നെതർലാൻഡിന്റെ മാതൃകയിൽ ജലനയം രൂപീകരിക്കണമെന്ന് യു.എൻ. സംഘം ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജലത്തിന്റെ ലഭ്യതയും ഒഴുക്കിനും അനുസരിച്ച് ജലനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) Integrated Water Resources Management (IWRM) ആണ് recovery strategy-യുടെ നെടുംതൂണായി ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) Rebuild Kerala Intiative- ന്റെ ഭാഗമായുള്ള Water Sector Plan-ൽ ഇത്തരം വിഷയങ്ങൾ വിശകലനം ചെയ്തുവരികയാണ്.

**ഫ്ലഡ് മാപ്പിംഗ് നടപ്പിലാക്കാൻ നടപടി**

175 (895) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>
<u>ശ്രീ. എം. ഉമ്മർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ അണക്കെട്ടുകളിൽനിന്നും താഴേക്ക് ഒഴുകുന്ന വെള്ളത്തിന്റെ അളവ് എത്രയെന്നും അത് ഏതൊക്കെ പ്രദേശങ്ങളിൽ പരക്കുമെന്നും എത്ര ഉയരത്തിൽ ഏതൊക്കെ പ്രദേശത്ത് എത്ര സമയം നിലനിൽക്കുമെന്നും കണക്കാക്കുന്ന വെള്ളപ്പൊക്ക ഭൂപടം തയ്യാറാക്കിയിട്ടുണ്ടോ;

ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വെള്ളപ്പൊക്ക സാദ്ധ്യത മുൻകൂട്ടി അറിയാനും അതിനനുസരിച്ച് വേണ്ട മുന്നറിയിപ്പുകൾ നൽകി രക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനും മഴക്കാലങ്ങളിൽ കൂടുതൽ കരുതൽ പുലർത്താനും ഫ്ലഡ് മാപ്പിംഗ് അടിയന്തരമായി നടപ്പിലാക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 14 ഡാമുകളുടെ Inundation Map തയ്യാറാക്കിയിട്ടുണ്ട്.

(ബി) വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിയാൻ ഫ്ലഡ് ഫോർകാസ്റ്റിംഗ് ഏർപ്പെടുത്താനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. ജലസേചന വകുപ്പിലെ 14 ഡാമുകളുടെ Inundation Map ഉപയോഗിച്ച് ഇതിനുള്ള എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

## ജലസേചന വകുപ്പിൽ ഇംപ്രസ്റ്റ് തുക

176 (896) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ സ്കീം പോലെയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങളിൽ വളരെ ചെറിയ തുകയുടെ ആവശ്യം പോലും നിറവേറ്റുന്നതിനായി സർക്കാരിന്റെ അനുമതിക്കായി കാത്തുനിൽക്കുന്നതിനാൽ വളരെയേറെ ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാവുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തര സാഹചര്യങ്ങളിൽ ചെലവാക്കുന്നതിനായി, പൊതുമരാമത്ത് വകുപ്പിൽ ഉള്ളതുപോലെ ഒരു ഇംപ്രസ്റ്റ് തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ജലസേചന വകുപ്പിൽ ഇലക്ട്രിക്കൽ വിഭാഗം

177 (897) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും വേർപെട്ട ജലസേചന വകുപ്പിന് ഒരു ഇലക്ട്രിക്കൽ വിഭാഗം ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസേചന വകുപ്പിന്റെ പുനഃസംഘടനാ ചർച്ചയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ഇറിഗേഷൻ മാന്വൽ

178 (898) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചത് പോലെ ഇറിഗേഷൻ മാന്വൽ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുതിയ ഇറിഗേഷൻ മാന്വൽ എപ്പോൾ പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഇറിഗേഷൻ കരട് മാന്വൽ പരിശോധിച്ചുവരുന്നു.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

179 (899) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളും അവയിൽ ഭരണാനുമതി നല്കിയവ, ടെണ്ടർ നടപടി പൂർത്തീകരിച്ചവ, പ്രവർത്തി തുടങ്ങിയവ, പ്രവൃത്തി പൂർത്തീകരിച്ചവ, നടപടി സ്വീകരിക്കാത്തവ എന്നീ പദ്ധതികളും ഏതൊക്കെയാണെന്നതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ജലവിഭവ വകുപ്പ് മുഖേന ചെയ്യുന്നതിന് ഭരണാനുമതി നല്കിയത്, അവയോരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി ജലസേചന പദ്ധതി വിഭാഗം 1 എന്നീ വകുപ്പുകൾക്ക് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1, അനുബന്ധം 2, അനുബന്ധം 3 എന്നിങ്ങനെ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ ജല അതോറിറ്റിക്ക് സ്റ്റേറ്റ് പ്ലാൻ ഹെഡ്ഡിൽ 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 6 കോർപ്പറേഷനുകൾക്കും ആലപ്പുഴയ്ക്കും സ്വീവറേജ് പദ്ധതിക്കായുള്ള 120 കോടി രൂപയിൽ, 50 കോടി രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ. അതിൽ 3.2491 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 4.02 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയും ചെയ്യുന്നു. ബാക്കിയുള്ള 42.73 കോടി രൂപ വരൾച്ച/ദുരന്ത നിവാരണം എന്ന ഹെഡ്ഡിലേക്ക് വകമാറ്റി പ്രളയദുരിത നിവാരണ പദ്ധതികൾക്ക് ഭരണാനുമതി നൽകി.

ചീഫ് എഞ്ചിനീയർ, ഐ. ഡി. ആർ. ബി.-ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ ഭാഗമായിട്ടുള്ള പര്യവേഷണ പ്രവൃത്തികൾക്കായി 4700-80-005-99 എന്ന ശീർഷകത്തിൽ കിഫ്ബി-യിൽ ഉൾപ്പെടുത്തി 19 പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 15 എണ്ണത്തിന്റെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 3 പ്രവൃത്തികൾ CWRDM-ന് EIA പഠനത്തിനായി നൽകുകയും ചെയ്തിട്ടുണ്ട്. ഒരു പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ ഐ. ഡി. ആർ. ബി. -യുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (DRIP) ഉൾപ്പെടുത്തി 360 കോടി രൂപയുടെ ഭരണാനുമതി നൽകി. ജലസേചന വകുപ്പിന് കീഴിലുള്ള 16 ഡാമുകൾ/ബാരേജുകൾ എന്നിവയുടെ Rehabilitation-ഉം തിരുവനന്തപുരത്ത് പി.എം.ജി.-യിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഡാം സേഫ്റ്റി ഹെഡ്ഡ് ക്വാർട്ടേഴ്സിനും ഡാമുകളുടെ സർവ്വീലൻസും ഇൻസ്ട്രുമെന്റേഷനും ഉൾപ്പെടെ 45 പാക്കേജുകളായാണ് ഈ പ്രവൃത്തി ചെയ്തുവരുന്നത്. 2012-ൽ തുടങ്ങിയ പദ്ധതിയുടെ കാലാവധി 2020 ജൂൺമാസം വരെയാണ്.

ഓരോ വർഷവും ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചവ ചുവടെ ചേർക്കുന്നു :

| 2016-17 | 2017-18 | 2018-19 |
|---|---|---|
| കാഞ്ഞിരപ്പുഴ (C) | മൂലത്തറ (C,M,E Combined) | വാഴായനി (E) |
| വാളയാർ (C,M,E Combined) | കാഞ്ഞിരപ്പുഴ (M) | ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സ് (C) |
| പീച്ചി (M) | കാഞ്ഞിരപ്പുഴ (E) | കുറ്റ്യാടി ബാക്കിംഗ് |
| മലങ്കര (E) | മലങ്കര (river training well) | |
| കല്ലട (C, M) | | |
| കല്ലട (M) | | |
| പഴശ്ശി (C) | | |
| കുറ്റ്യാടി (C) | | |
| കുറ്റ്യാടി (M) | | |
| കുറ്റ്യാടി (E) | | |
| PVIP (C, bridge, Mech, E) | | |

ഓരോ വർഷവും പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

| 2016-17 | 2017-18 | 2018-19 |
|---|---|---|
| പോത്തുണ്ടി (M) | ചുള്ളിയാർ (C,M,E) | പോത്തുണ്ടി (C) |
| മീങ്കര (M) | മീങ്കര (C) | വാളയാർ (C,M,E combined) |
| വാഴാനി (CM) | പീച്ചി (M) | കാഞ്ഞിരപ്പുഴ (E) |
| ചിമ്മിണി (M) | PVIP (C,M) | മലങ്കര (C,E, river training well) |
| നെയ്യാർ (M) | | കുറ്റ്യാടി (M) |
| പഴശ്ശി (M) | | PVIP (E) |

(ഇതിൽ C-Civil, M-Mechanical, E-Electrical വർക്ക് പാക്കേജുകളാണ്)

DRIP പദ്ധതിയിൽ മീങ്കര, ചിമ്മിണി, കല്ലട, പഴശ്ശി, പീച്ചി, നെയ്യാർ എന്നീ പദ്ധതികളുടെയും ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സിന്റേയും ഇലക്ട്രിക്കൽ വർക്കുകൾ, സർവ്വീലൻസും ഇൻസ്ട്രുമെന്റേഷൻ എന്നീ പ്രവൃത്തികൾ ഇനി അവാർഡ് ചെയ്യാനുണ്ട്. ഇതിൽ 6 ഡാമുകളുടെ ഇലക്ട്രിക്കൽ പദ്ധതികൾക്ക് പലതവണ

ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും വർക്ക് ഏറ്റെടുക്കുന്നതിന് കോൺട്രാക്ടർമാർ വൈമുഖ്യം കാണിച്ചതിനാൽ നാളിതുവരെ അവാർഡ് ചെയ്യാൻ സാധിച്ചില്ല. എന്നാൽ ഇപ്പോൾ എസ്റ്റിമേറ്റ് പുതുക്കിയ DSR-ൽ ആക്കുന്നതിനുള്ള നടപടികൾ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജന പ്പെടുത്തുന്നതിനും തയ്യാറാക്കിയ ഒരു സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയർ (എസ്.ഒ.പി.) അംഗീകരിച്ചിട്ടുണ്ട്. എസ്.ഒ.പി.-യിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്താൻ അംഗീകാരം നൽകിയിട്ടുണ്ട്. എസ്.ഒ.പി.-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം സെഡിമെന്റിന്റെ അളവും ഘടനയും അറിയുന്നതിനായുള്ള പര്യവേഷണ പ്രവൃത്തികൾ മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളുടെ റിസർവോയറിൽ നടത്തിക്കഴിഞ്ഞു. ഇതിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. നിർമ്മാണം നടത്തുകയും അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരികയുമാണ്. അംഗീകാരം ലഭിക്കുന്നതിനും മറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിനുമായി എസ്.ഒ.പി. പ്രകാരം ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏറ്റെടുക്കുന്നതാണ്.

2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഭൂജല വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നുംതന്നെ പ്രഖ്യാപിച്ചിരുന്നില്ല. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (പാര 174 പ്രകാരം) മഴവെള്ള കൊയ്ത്തിനും ഭൂഗർഭജല റീചാർജ്ജിംഗിനും വേണ്ടി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭൂജല വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി (പ്ലാൻ ഫണ്ട്) 157 ലക്ഷം രൂപ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ അനുവദിച്ചിരുന്നു. 97 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ നടപ്പാക്കുന്നതിനായി വിവിധ ജില്ലകൾക്കും, 5 കുഴൽകിണർ വഴിയുള്ള പദ്ധതികൾക്ക് ഇടുക്കി ജില്ലയ്ക്കും ഭരണാനുമതി നൽകിയിരുന്നു. 83 തുറന്ന കിണർ/റീചാർജ് പിറ്റ് പദ്ധതികൾ വിവിധ ജില്ലകളിലും 5 കുഴൽക്കിണർ വഴിയുള്ള പദ്ധതികൾ ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ

11, കോഴിക്കോട് ജില്ലയിലെ 2, കണ്ണൂർ ജില്ലയിലെ 1 വീതം പൂർത്തീകരിക്കാൻ കഴിയാത്ത തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾക്ക് 2018-19 സാമ്പത്തിക വർഷം പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ (പാര 171 പ്രകാരം) ചെറുകിട ജലസേചനത്തിൽ 21 കോടി രൂപ ഭൂഗർഭ ജലത്തിനും 170 കോടി രൂപ ലിഫ്റ്റ് ഇറിഗേഷൻ പോലുള്ള സർഫസ് വാട്ടർ ഇറിഗേഷനും ആണ്.

2016-17-ലെ ബഡ്ജറ്റിൽ കെ.ആർ.ഡബ്ല്യു.എസ്.എ. (ജലനിധി) നടപ്പിലാക്കേണ്ട പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ 2012 മുതൽ നടന്നുവന്നിരുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് 314 കോടി രൂപ വകയിരുത്തിയതായുള്ള പരാമർശമുണ്ട്. ആയതിന് നേരത്തേതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17-ൽ പദ്ധതി പ്രവർത്തനം തുടർന്ന് നടത്തിയിരുന്നു. ജലനിധി രണ്ടാം ഘട്ട പദ്ധതി 2019 ജൂൺ മാസത്തിൽ പൂർത്തിയാകുന്നതാണ്.

2017-18-ലെ ബഡ്ജറ്റിലും ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് 361 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വർഷവും പദ്ധതി പ്രവർത്തനം സജീവമായി തുടർന്നിരുന്നു. കൂടാതെ 2017-18-ൽ 18 കോടി രൂപ 'Rain Water Harvesting and Ground Water Recharge' സ്കീമിനായി വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗാർഹികതല മഴവെള്ള യൂണിറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

2018-19 വർഷത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് 216 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2018-19-ൽ Rain Water Harvesting & Ground Water Recharge സ്കീമിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ബാക്കിയുള്ള 5 കോടി രൂപ പ്രളയക്കെടുതിയിൽ തകരാറിലായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി വകമാറ്റിയിട്ടുണ്ട്.

പൂർണ്ണമായോ ഭാഗികമായോ തകർന്ന ജലനിധി ഒന്നാംഘട്ട പദ്ധതിയുടെ പുനസ്ഥാപനത്തിനും പുനരുദ്ധാരണത്തിനുമായി 2018-19-ൽ 10 കോടി രൂപ വകയിരുത്തിക്കൊണ്ട് "ഗുണഭോക്താക്കൾ പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതയ്ക്കായുള്ള സഹായം" എന്ന പേരിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ആയതിന് 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി.

പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 5 കോടി രൂപ വെള്ളപ്പൊക്കംമൂലം തകരാറിലായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി വകമാറ്റിയിട്ടുണ്ട്.

ജലസേചന പദ്ധതി വിഭാഗം 2-നുകീഴിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി

| വർഷം | ഭരണാനുമതി നൽകിയവ | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നവ | പ്രവൃത്തി തുടങ്ങിയവ | പ്രവൃത്തി പൂർത്തീകരിച്ചത് | നടപടികൾ സ്വീകരിക്കാത്തത് |
|---|---|---|---|---|---|---|
| 2016-17 | 39 | 35 | | 35 | 32 | 4 |
| 2017-18 | 117 | 114 | 2 | 114 | 97 | 1 |
| 2018-19 | 94 | 85 | 8 | 82 | 34 | 1 |

2016-17-പാമ്പാർ പ്രോജക്ട്

ബഡ്ജറ്റ് പ്രസംഗത്തിൽ കാവേരി നദീതട പ്രദേശത്തെ ജലവിഭവങ്ങളുടെ വിനിയോഗത്തിന് പ്രഖ്യാപിച്ച 145.50 കോടി രൂപയിൽ 50 കോടി രൂപ പാമ്പാർ പദ്ധതിയിലെ പട്ടിശ്ശേരി ഡാം നിർമ്മാണത്തിനായിരുന്നു. പാമ്പാർ നദീതട പദ്ധതിയിലെ പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണത്തിനായി 2013-ൽ 26 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം ടി നിർമ്മാണ പ്രവൃത്തികൾ 2014-15-ൽ ആരംഭിച്ചിരുന്നെങ്കിലും പദ്ധതിയുടെ മണ്ണുവേലകൾ ചെയ്ത സമയത്ത് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ജിയോളജിസ്റ്റുകൾ പാറ പരിശോധിച്ച് കൂടുതൽ ആഴത്തിൽ അസ്ഥിവാരം എടുക്കണമെന്ന് നിർദ്ദേശിച്ചു. ഇതുമൂലം ഡാമിന്റെ ഡിസൈൻ മാറ്റം വരുത്തേണ്ടതായി വന്നു. പുതുക്കിയ ഡിസൈൻ പൂർണ്ണമായും തയ്യാറാക്കാത്തതിനാൽ ഈ കാലയളവിൽ ഡാം നിർമ്മാണം താത്കാലികമായി നിർത്തിവച്ചിരു ന്നതിനാൽ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക വിനിയോഗിക്കാൻ സാധിച്ചില്ല. പട്ടിശ്ശേരി ഡാമിന്റെ മണ്ണുപണികളുടെ കുടിശ്ശിക ബില്ലുകൾ മാറ്റുന്നതിന് 2016-17-ൽ 55,74,122 രൂപ മാത്രമാണ് ചെലവഴിച്ചത്.

<u>2017-18- പാമ്പാർ പ്രോജക്ട്</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പാമ്പാർ നദീതട പദ്ധതികൾക്ക് 53 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുക പാമ്പാർ നദീതട പദ്ധതിയിലെ പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണത്തിനായിരുന്നു. ഈ കാലയളവിൽ ഡാം നിർമ്മാണ പ്രവൃത്തി താത്കാലികമായി നിർത്തിവച്ചിരിക്കുകയായിരുന്നു.

പുതുക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് കരാർ പ്രകാരമുള്ള നിരക്കിൽ (10.5% കുറവ്) പ്രവൃത്തി തുടരാൻ കരാറുകാരന് സമ്മതമാണെങ്കിൽ ടി പ്രവൃത്തിക്ക് 37.61 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകാമെന്ന് അറിയിച്ചുവെങ്കിലും കരാറുകാരൻ വിസമ്മതിച്ചു. തുടർന്ന് ടി പ്രവൃത്തിയുടെ കരാർ അവസാനിച്ചുവെങ്കിലും കരാറുകാരൻ കോടതി വിധിയിലൂടെ കരാർ അവസാനിപ്പിച്ച വിധി അസ്ഥിരപ്പെടുത്തി ഉത്തരവ് സമ്പാദിച്ചു.

2017-18 സാമ്പത്തിക വർഷം ഡാം നിർമ്മാണ ജോലികൾ തുടർന്ന് നടക്കാത്തതിനാൽ മുൻവർഷത്തെ കുടിശ്ശിക ബില്ലുകൾ മാറി നൽകിയ 12,50,784 രൂപ മാത്രമാണ് ചെലവഴിച്ചത്.

<u>2018-19- പാമ്പാർ പ്രോജക്ട്</u>

2018-19-ൽ പാമ്പാർ നദീതട പദ്ധതികൾക്കായി 7 കോടി രൂപ വകയിരുത്തിയിരുന്നു. പാമ്പാർ നദീതട പദ്ധതിയിലെ പട്ടിശ്ശേരി ഡാം നിർമ്മാണത്തിനായിരുന്നു ടി തുക അനുവദിച്ചിരുന്നത്. ഡാം നിർമ്മാണ ജോലി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയായിരുന്നു. പട്ടിശ്ശേരി ഡാമിന്റെ പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് 46.81 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ഈ സാമ്പത്തിക വർഷം 6,41,563 രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചത്.

ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ്

| വർഷം | ഭരണാനു മതി നൽകിയവ | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ | പ്രവൃത്തി തുടങ്ങിയവ | പ്രവൃത്തി പൂർത്തീകരി ച്ചത് | നടപടികൾ സ്വീകരി ക്കാത്തത് |
|---|---|---|---|---|---|
| 2016-17 | 53 | 47 | 47 | 35 | 7 |
| 2017-18 | 37 | 30 | 25 | 14 | 7 |
| 2018-19 | 24 | 7 | 0 | 0 | 0 |

2016-17

വൻകിട ഇടത്തരം ജലസേചനത്തിനായി 2016-17-ൽ 307.23 കോടി രൂപയിൽ ഐ.ഐ.പി.-ക്ക് ആക്ഷൻ പ്ലാനിൽ 10 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഐ.ഐ.പി. ഡിവിഷൻ അങ്കമാലി 2 വർഷത്തേയ്ക്ക് നടപ്പിൽ വരുത്തുന്നതിനായി ഭരണാനുമതി നൽകിയത് 1,270.35 ലക്ഷം രൂപ ഇതിൽ 571 ലക്ഷം രൂപയുടെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പണികൾ പുരോഗമിക്കുന്നു.

2017-18

വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കായി 2017-18-ൽ 413 കോടി രൂപയിൽ ഐ.ഐ.പി.-ക്ക് 10 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

597 ലക്ഷം രൂപയുടെ പണികൾ ടെണ്ടർ ചെയ്യുകയും പണികൾ പുരോഗമിച്ചുവരുന്നു.

2018-19

വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കായി 2018-19-ൽ 304 കോടി രൂപ വകയിരുത്തിയിരിക്കുന്നതിൽ ഐ.ഐ.പി. 7.37 കോടി രൂപയ്ക്ക് ആക്ഷൻ പ്ലാനിൽ അനുമതി നൽകിയിട്ടുണ്ട്.

2 വർഷത്തേയ്ക്ക് നടപ്പിൽവരുത്തുന്നതിനായി സ്ഥലമെടുപ്പിനുള്ള തുക ഉൾപ്പെടെ 427 ലക്ഷം രൂപയുടെ പണികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു.

(ബി) 2016-17, 2017-18, 2018-19 കാലയളവിൽ ഏറനാട് മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പ്രവൃത്തിയുടെ പേര് | വർഷം | തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | അരീക്കോട് പഞ്ചായത്തിലെ മംഗലശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ഇടതുകര കനാലിന്റെ അടിയന്തര പുനർനിർമ്മാണ പ്രവൃത്തി | 2016-17 | 20 | പ്രവൃത്തി പൂർത്തിയായി |
| 2 | കീഴുപ്പറമ്പ് പഞ്ചായത്തിലെ കണ്ണംപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 2016-17 | 30 | പ്രവൃത്തി പുരോഗതിയിലാണ് |
| 3 | എടവണ്ണ പഞ്ചായത്തിലെ തുമ്പപ്പൊയിൽ ചാലിമ്പറ്റ കേലൻ തോടിന്റെ പാർശ്വഭിത്തി നിർമ്മാണം | 2017-18 | 25 | പ്രവൃത്തി പുരോഗതിയിലാണ് |
| 4 | അരീക്കോട് പഞ്ചായത്തിലെ സൗത്ത് പുത്തലം മൂഴിക്കൽ തോടിന്റെ പാർശ്വഭിത്തി സംരക്ഷണം | 2017-18 | 23 | പ്രവൃത്തി പുരോഗതിയിലാണ് |
| 5 | എടവണ്ണ പഞ്ചായത്തിലെ കമ്പനിപ്പറമ്പ് തോടിന് ഇരുമ്പ് ചോലയിൽ അടിയന്തര പാർശ്വ സംരക്ഷണം | 2017-18 | 11.20 | പ്രവൃത്തി പുരോഗതിയിലാണ് |
| 6 | Natural Calamity - 2018 FD - മലപ്പുറം ജില്ലയിലെ അരീക്കോട് പഞ്ചായത്തിൽ സൗത്ത് പുത്തലത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം. | 2018-19 | 25.00 | ഭരണാനുമതി നൽകി. ടെണ്ടർ നടപടികളിലാണ്. |
| 7 | KIIFB - മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്തിലെ പന്നിപ്പാറ പള്ളിമുക്കിൽ റഗുലേറ്റർ നിർമ്മാണത്തിന് വേണ്ടിയുള്ള സർവ്വേ Topographical പര്യവേഷണ പ്രവൃത്തികൾ | 2018-19 | 2.00 | സാങ്കേതികാനുമതി നൽകി. ക്വട്ടേഷൻ ക്ഷണിച്ചു. |

പ്രസ്തുത കാലയളവിൽ ഏറനാട് മണ്ഡലത്തിൽ കേരള ജല അതോറിറ്റി മുഖേന ചെയ്യുന്നതിന് ഭരണാനുമതി നല്കിയ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു :

1. കിഫ്ബി-എടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി- രണ്ടാം ഘട്ടം എന്ന പദ്ധതിക്ക് 47.21 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് പാക്കേജുകളിലായാണ് നടപ്പിലാക്കാൻ വിഭാവന ചെയ്തിരിക്കുന്നത്. ഒന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

2. സ്റ്റേറ്റ് പ്ലാൻ- കാവനൂർ വില്ലേജിനുള്ള കുടിവെള്ള പദ്ധതി (ഫേസ്-3) 10.80 കോടി രൂപയ്ക്ക് സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി നൽകി. ശേഷിച്ച വിതരണ ശൃംഖലയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ഏറനാട് നിയോജകമണ്ഡലത്തിലെ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 4 * ആയി ചേർത്തിരിക്കുന്നു.

ഏറനാട് നിയോജകമണ്ഡലത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

1. കോട്ടംപാറ കുടിവെള്ള പദ്ധതി - 47 കുടുംബങ്ങൾക്ക് കണക്ഷൻ നൽകി കുടിവെള്ള വിതരണം നടത്തിവരുന്നു.
2. നെല്ലിക്കുന്നത്ത് കുടിവെള്ള പദ്ധതി - 27 കുടുംബങ്ങൾക്ക് കണക്ഷൻ നൽകി കുടിവെള്ള വിതരണം നടത്തിവരുന്നു.
3. ഊർങ്ങാട്ടിരി ലാർജ് വാട്ടർ സപ്ലൈ സ്കീം - രണ്ട് ഘട്ടമായി നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിലെ 2200 കുടുംബങ്ങൾക്ക് ഇപ്പോൾ ജലവിതരണം നടത്തിവരുന്നു. രണ്ടാം ഘട്ടത്തിലെ 1457 കുടുംബങ്ങൾക്കുള്ള പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കരാർ നൽകിയിട്ടുണ്ട്.

## 'ഹരിത കേരളം' മിഷന്റെ ഉപപദ്ധതിയായ ജലസമൃദ്ധി

180 (900) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഹരിത കേരളം' മിഷന്റെ ഉപപദ്ധതിയായ ജലസമൃദ്ധിയുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉപപദ്ധതി വഴി നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനും ജലമലിനീകരണം തടയുന്നതിനും ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുക വകയിരുത്തി; എത്ര ചെലവാക്കി; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ കാലയളവിൽ ജലവിഭവ വകുപ്പ് കൊച്ചി നിയോജകമണ്ഡലത്തിൽ ഓരോ വർഷവും നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ)

1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുക; കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കുക.

2. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജിംഗും ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

3. ക്വാറികൾ പോലെയുള്ള മനുഷ്യപ്രവർത്തനങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കുക.

4. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച്, ഭൂജലസംപോഷണംവഴി പരമാവധി മഴവെള്ളം മണ്ണിലേക്കിറങ്ങാൻവേണ്ടി നടപടികൾ (കുന്നിൻമുകളിൽനിന്ന് താഴ്വാരത്തിലേയ്ക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുക.

5. വ്യാവസായിക ഗാർഹിക ഉപയോഗത്തിൽ ദുർവ്യയം കുറച്ച് എല്ലാഘട്ടങ്ങളിലും പരിശോധനയും ജല ഓഡിറ്റിംഗും ബഡ്ജറ്റിംഗും നടത്തുകയും പാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജലം സംരക്ഷിക്കുന്നതിന് ശ്രമിക്കുക.

6. ഭൂ സവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.

7. ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുക.

8. ഭൂജല വകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) നീർച്ചാലുകളുടെ പുനരുദ്ധാരണത്തിന് മാത്രമായി ഹരിത കേരളം ഉപപദ്ധതിയായ ജല സമൃദ്ധിയിൽ ഉൾപ്പെടുത്തി പ്രത്യേക സ്കീം ആവിഷ്കരിച്ചിട്ടില്ല. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതികളുടെ വകയിരുത്തിയ തുകയുടെയും ചെലവാക്കിയ തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I, II, III & IV* ആയി ചേർത്തിരിക്കുന്നു.

(സി) ഹരിത കേരളം ജലസമൃദ്ധി ഉപമിഷൻ സാങ്കേതിക സമിതി അംഗങ്ങൾക്കുവേണ്ടി വടവുകോട് ബ്ലോക്ക് പഞ്ചായത്തിലും ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലുമായി വച്ച് നടത്തിയ പരിശീലന പരിപാടികളിൽ ഭൂജലസംരക്ഷണവും പരിപോഷണവും എന്ന വിഷയത്തിൽ ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസിൽനിന്നും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിന് കീഴിൽ മേജർ ഇറിഗേഷൻ നടപ്പിലാക്കിയ പ്രവൃത്തികൾ താഴെ കൊടുക്കുന്നു:

2016-17

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും ഇല്ല.

2017-18

ചെല്ലാനം

1. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി.പി. സ്റ്റോൺ 984-നും 986-നും ഇടയിലായി സി.ഇ.എസ്.ഇ.പി. സ്റ്റോൺ 985-ന് തെക്കുനിന്ന് 46 മീറ്റർ മുതൽ കമ്പനിപ്പടിയുടെ വടക്കുഭാഗത്ത് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള തകർന്നതും താഴ്ന്നുപോകുന്നതുമായ കടൽഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ (275 മീറ്റർ നീളത്തിൽ).

എസ്റ്റിമേറ്റ് തുക – 2.17 കോടി രൂപ - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

2. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി.പി. സ്റ്റോൺ 997-നും 999-നും ഇടയിലായി സി.ഇ.എസ്.സി.പി. സ്റ്റോൺ 998-ന് തെക്കുനിന്ന് 25 മീറ്റർ മുതൽ വേളാങ്കണ്ണി പള്ളിയുടെ വടക്കുഭാഗത്ത് 160 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള തകർന്നതും താഴ്ന്നുപോയതുമായ കടൽഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് തുക - 1.18 കോടി രൂപ - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

3. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി.പി. സ്റ്റോൺ 1029-നും 1031-നും ഇടയിലായി സി.ഇ.എസ്.സി.പി. സ്റ്റോൺ 1029-ന് വടക്കുനിന്ന് 100 മീറ്റർ മുതൽ ചെറിയ കടവിന്റെ വടക്കുഭാഗത്ത് 200 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ റ്റ്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള തകർന്നതും താഴ്ന്നപോയതുമായ കടൽഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ (175 മീറ്റർ നീളത്തിൽ).

എസ്റ്റിമേറ്റ് തുക - 1.46 കോടി രൂപ - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

4. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ചെല്ലാനം ദ്വീപിൽ വേളാങ്കണ്ണി പള്ളിക്ക് സമീപം ബസാറിൽ സി.ഇ.എസ്.സി.പി. സ്റ്റോൺ 995-നും 997-നും ഇടയിലായി സി.ഇ.എസ്.സി.പി. സ്റ്റോൺ 995-ന് വടക്കുനിന്ന് 75 മീറ്റർ മുതൽ വടക്കോട്ട് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ റ്റ്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള തകർന്നതും താഴ്ന്നപോയതുമായ കടൽ ഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ.

എസ്റ്റിമേറ്റ് തുക - 2.17 കോടി രൂപ- ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി. പ്രവൃത്തി ആരംഭിച്ചു.

5. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ വാച്ചക്കലിൽ സി.ഇ.എസ്.സി.പി. സ്റ്റോൺ 983-നും 984-നും ഇടയിലായി സി.ഇ.എസ്.സി.പി. സ്റ്റോൺ 983-ന് വടക്കുനിന്ന് 42 മീറ്റർ മുതൽ വടക്കോട്ടേയ്ക്ക് 140 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ചുകൊണ്ടുള്ള തകർന്നതും താഴ്ന്നപോയതുമായ കടൽ ഭിത്തിയുടെ അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ

എസ്റ്റിമേറ്റ് തുക - 1.02 കോടി രൂപ- ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

6. പ്രകൃതി ദുരന്തം 2017 - കൊച്ചി നിയോജകമണ്ഡലത്തിൽ ചെല്ലാനം പഞ്ചായത്തിൽ കമ്പനിപ്പടിയിൽ സി.ഇ.എസ്.സി.പി. സ്റ്റോൺ നമ്പർ 985-നും 986-നും ഇടയിലായി 100 മീറ്റർ നീളത്തിൽ തീരപ്രദേശത്ത് അടിയന്തര സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾ - 13.5 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

<u>2018-19</u>

പദ്ധതികൾ ഒന്നുംതന്നെ ഇല്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിന് കീഴിൽ മൈനർ ഇറിഗേഷൻ നടപ്പിലാക്കിയ പ്രവൃത്തികൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക എ.എസ്. | റിമാർക്ക്സ് |
|---|---|---|---|
| 2016-17 | | | |
| 1 | ചിത്രപ്പുഴ ടൈഡൽ ബണ്ട് നിർമ്മാണം | 481000 | പൂർത്തീകരിച്ചു |
| 2 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റപ്പണികൾ | 415000 | പൂർത്തീകരിച്ചു |
| 3 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 225800 | പൂർത്തീകരിച്ചു |
| 4 | കപ്പിതാൻകരി, പടന്നകരി ബണ്ടിന്റെ നിർമ്മാണം | 770000 | പൂർത്തീകരിച്ചു |
| 2017-18 | | | |
| 1 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റപ്പണികൾ | 542622 | പൂർത്തീകരിച്ചു |
| 2 | പുത്തൻപാടം ബണ്ടിന്റെ നിർമ്മാണം | 220000 | പൂർത്തീകരിച്ചു |
| 3 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 240000 | പൂർത്തീകരിച്ചു |
| 2018-19 | | | |
| 1 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റപ്പണികൾ | 470000 | പൂർത്തീകരിച്ചു |
| 2 | പുത്തൻപാടം ബണ്ടിന്റെ നിർമ്മാണം | 215000 | പൂർത്തീകരിച്ചു |
| 3 | കപ്പിതാൻകരി, പടന്നകരി ബണ്ടിന്റെ നിർമ്മാണം | 360000 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 4 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 270000 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

കൊച്ചി നിയോജകമണ്ഡലത്തിൽ കുമ്പളങ്ങി പഞ്ചായത്ത് വാർഡ് നമ്പർ 17-ൽ സാൻജോസ് പള്ളിക്ക് സമീപം ഒരു കുളവും വാർഡ് നമ്പർ. 6-ൽ എ.റ്റി.ഡി. ക്ഷേത്രത്തിനോട് ചേർന്നുള്ള കുളവും നന്നാക്കി എടുക്കുന്നതിനായി 70,000 രൂപ അനുവദിച്ചിരുന്നു. ആയതിന് 3 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്ന് യാതൊരുവിധ പ്രതികരണവും ഇല്ലാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

## ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം

181 (901) ശ്രീ. എസ്. ശർമ്മ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായുള്ള എന്തെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഹരിത കേരളം മിഷന്റെ ഭാഗമായി ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന കുളങ്ങൾ നവീകരിക്കുന്നതിനും കിണറുകളുടെ സംപോഷണത്തിനും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ & ബി) ഉണ്ട്.

2018 ഡിസംബർ മാസം 31 വരെയുള്ള കണക്കനുസരിച്ച് ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ പണി പൂർത്തിയാക്കി തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുള്ള 2027 കുടിവെള്ള പദ്ധതികളിലൂടെ 219263 കുടുംബങ്ങളിലുള്ള 8.87 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി വരുന്നു. ബാക്കിയുള്ള പദ്ധതികൾ എല്ലാം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനുപുറമെ 45956 ശുചിത്വ യൂണിറ്റുകളും 1832 ഭൂഗർഭ ജലസംവർദ്ധന യൂണിറ്റുകളും ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 23-10-2017-ലെ സ.ഉ.(അച്ചടി)20/2017/ജ.വി.വ. നമ്പരിലുള്ള സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും അതുപ്രകാരം കണ്ടെത്തിയ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പുൾപ്പെടെ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ആരംഭിച്ചിട്ടുമുണ്ട്. ജനകീയമായി പുനരുജ്ജീവനം സാധ്യമാക്കിയ പുഴകളുടേയും കുളങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ജലസ്രോതസ്സുകളുടേയും സംരക്ഷണ പ്രവൃത്തികൾ ജൈവരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള തോടുകളുടേയും പുഴകളുടേയും കുളങ്ങളുടേയും പാർശ്വ സംരക്ഷണം, വി.സി.ബി.-കൾ, തടയണകൾ മുതലായ ചെറുജലസംഭരണികളുടെ നവീകരണം, പുതിയ സംഭരണികളുടെ നിർമ്മാണം മുതലായവയാണ് പ്രധാനമായും ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നിർവ്വഹിക്കുന്നത്. ഇതുകൂടാതെ സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളിലെ കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഒരുക്കുന്ന പ്രവൃത്തി ഭൂജല വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

എറണാകുളം ജില്ലയിൽ തനതായി നടപ്പിലാക്കിയ 100 ദിവസം 100 കുളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 3 തവണയായി 300 കുളങ്ങൾ ജനകീയമായി ശുചീകരിച്ച് പുനരുജ്ജീവിപ്പിച്ചു.

## ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീം

182 (902) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് സ്കീമിൽ എത്ര പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്ലാൻ സ്കീമുകൾ:-

1. മൈനർ ഇറിഗേഷൻ ക്ലാസ് 1 പദ്ധതി
2. മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതി
3. പുതിയ എൽ.ഐ. സ്കീം പദ്ധതി
4. റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
5. കാവേരി നദീതടത്തിലെ ഭവാനി ബേസിൻ പദ്ധതികൾ
6. കബനീ ബേസിനിലെ പദ്ധതികൾ
7. മൈനർ ഇറിഗേഷൻ ക്ലാസ് 1 ഹരിത കേരളം
8. മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം
9. റെനോവേഷൻ ഓഫ് ടാങ്ക് ആൻഡ് പോണ്ട്സ് - ഹരിത കേരളം
10. റിപ്പയേഴ്സ് റ്റു മൈനർ ഇറിഗേഷൻ സ്ട്രക്ചർ
11. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ
12. നബാർഡ് ആർ.ഐ.ഡി.എഫ്. 24.

പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർ പ്ലാൻ ഫണ്ട് സ്കീമിൽ ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിൽ 24, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ 94, മീനച്ചിൽ റിവർ വാലി പ്രോജക്ടിൽ 1, (പുതുക്കിയ എസ്റ്റിമേറ്റ്) പാമ്പാർ പ്രോജക്ടിൽ 1 (പുതുക്കിയ എസ്റ്റിമേറ്റ്) എന്നിങ്ങനെ 110 സ്കീമുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷം പ്ലാൻ ഫണ്ട് സ്കീമിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പഴശ്ശി - 13 എണ്ണം
2. കുറ്റ്യാടി - 72 എണ്ണം
3. കാരാപ്പുഴ - 77 എണ്ണം
4. ബാണാസുരസാഗർ - 12 എണ്ണം
5. മലമ്പുഴ - 15 കാഡാ പ്രവൃത്തികൾ

6. മംഗലം - 11 കാഡാ പ്രവൃത്തികൾ
7. പോത്തുണ്ടി - 5 കാഡാ പ്രവൃത്തികൾ
8. ചേരാമംഗലം - 9 കാഡാ പ്രവൃത്തികൾ
9. ചിറ്റൂർപ്പുഴ – 37 കാഡാ പ്രവൃത്തികൾ

    31 (കനാലുകളുടെ നവീകരണം)

    31 (ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)

10. ഗായത്രി - 18 (ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)
11. വാളയാർ - 2 (ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം)
12. ചമ്രവട്ടം ആർ.സി.ബി - 7
13. തൃത്താല ആർ.സി.ബി. ഫ്ലഡ് ഡാമേജ് 2018 – (ധനപുനർവിനിയോഗം).

കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ പ്ലാൻ ഫണ്ട് സ്കീമിൽ പുത്തനാറായിരം പാടശേഖരത്തിൽ ഡി ബ്ലോക്ക് ബണ്ട് നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 130 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(ബി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ

1. മൈനർ ഇറിഗേഷൻ ക്ലാസ് 1 ഹരിത കേരളം (15 എണ്ണം) - 796 ലക്ഷം രൂപ
2. മൈനർ ഇറിഗേഷൻ ക്ലാസ് 2 ഹരിത കേരളം (26 എണ്ണം) - 689.79 ലക്ഷം രൂപ
3. ഭവാനി ബേസിൻ (1 എണ്ണം) - 950 ലക്ഷം രൂപ
4. കബനീ ബേസിൻ പദ്ധതികൾ (8 എണ്ണം) - 990 ലക്ഷം രൂപ
5. റീഹാബിലിറ്റേഷൻ ഓഫ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (207 എണ്ണം) - 1,400 ലക്ഷം രൂപ.

പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ, ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിലെ 24 സ്കീമുകൾക്കും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിലെ 94 സ്കീമുകൾക്കും പാമ്പാർ പ്രോജക്ട് (പട്ടിശ്ശേരി ഡാം) 1 സ്കീമിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ:-

പഴശ്ശി പദ്ധതി -2018-19 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും 7.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. (13 പ്രവൃത്തികൾ)

കുറ്റ്യാടി ജലസേചന പദ്ധതി - 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് (52 പ്രവൃത്തികൾ)

കാരാപ്പുഴ ജലസേചന പദ്ധതി - 11.42 കോടി രൂപയുടെ ആക്ഷൻ പ്ലാൻ അനുമതി നൽകിയിട്ടുണ്ട് (77 പ്രവൃത്തികൾ)

ബാണാസുരസാഗർ പദ്ധതി - ആക്ഷൻ പ്ലാൻ അനുമതി നൽകിയിട്ടുണ്ട് (12 പ്രവൃത്തികൾ)

മലമ്പുഴ – 15 പ്രവൃത്തികൾ - 140 ലക്ഷം രൂപ

മംഗലം - 11 പ്രവൃത്തികൾ - 130 ലക്ഷം രൂപ- കാഡാ - ഫീൽഡ് ചാനലുകളുടെ നവീകരണം

പോത്തുണ്ടി - 5 പ്രവൃത്തികൾ - 130 ലക്ഷം രൂപ

ചേരാമംഗലം - 9 പ്രവൃത്തികൾ - 200 ലക്ഷം രൂപ

ചിറ്റൂർപ്പുഴ – 37 പ്രവൃത്തികൾ - 300 ലക്ഷം രൂപ

ചിറ്റൂർപ്പുഴ – 31 പ്രവൃത്തികൾ - 400 ലക്ഷം രൂപ - കനാലുകളുടെ നവീകരണം

ചിറ്റൂർപ്പുഴ – 31 പ്രവൃത്തികൾ - 308 ലക്ഷം രൂപ

ഗായത്രി - 18 പ്രവൃത്തികൾ - 300 ലക്ഷം രൂപ- ഫ്ലഡ് ഡാമേജസ് 2018

വാളയാർ - 2 പ്രവൃത്തികൾ - 120 ലക്ഷം രൂപ

ആർ.സി.ബി. ചമ്രവട്ടം - 1 പ്രവൃത്തി - Rectification works for the RCB across Bharathappuzha at Chamravattom

ആർ.സി.ബി. തൃത്താല – 4 പ്രവൃത്തികൾ - 200 ലക്ഷം രൂപ

കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർക്ക് കീഴിൽ പുത്തനാറായിരം പാടശേഖരത്തിൽ ഡി ബ്ലോക്ക് ബണ്ട് നിർമ്മാണം എന്ന പദ്ധതിക്ക് 2.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (പ്രധാനമന്ത്രി കൃഷി സിൻചായി യോജന) – 50% CSS – പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു.

ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. 48 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭ്യമാകാത്ത പദ്ധതികൾ

1. റെനോവേഷൻ ഓഫ് ടാങ്ക് ആൻഡ് പോണ്ട്സ് - ഹരിത കേരളം - 13.07 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2. പുതിയ എൽ.ഐ.സ്കീം പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക പുനർവിനിയോഗം ചെയ്യുകയും റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ചെയ്തു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ എൽ.ഐ. പദ്ധതികളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

3. മൈനർ ഇറിഗേഷൻ ക്ലാസ് 1 പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾക്കായി ഈ പദ്ധതിക്ക് അനുവദിച്ച തുക റിപ്പയേഴ്സ് റ്റു മൈനർ ഇറിഗേഷൻ സ്ട്രക്ചറിൽ പുനർവിനിയോഗം ചെയ്യുകയും പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരികയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

4. മൈനർ ഇറിഗേഷൻ ക്ലാസ് 2 പദ്ധതി - 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾക്കായി ഈ പദ്ധതിക്ക് അനുവദിച്ച തുക ഫ്ലഡ് കൺട്രോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

5. കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ - കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

6. നബാർഡ് ആർ.ഐ.ഡി.എഫ്. 24 – പ്രൊപ്പോസൽ ഭരണാനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു.

ചമ്രവട്ടം പദ്ധതിയുടെ ആക്ഷൻ പ്ലാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 ലഭ്യമാക്കിയതിൽ അപാകത ഉള്ളതിനാൽ അത് പരിഹരിച്ച് സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഒരു പര്യവേഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള മീനച്ചിൽ റിവർവാലി പ്രോജക്ടിലെ 2 പദ്ധതികൾക്ക് (കുളത്തുക്കടവ് ആറിനുകുറുകെ ചില്ലാച്ചി ഭാഗത്ത് പാലത്തോടുകൂടിയ ചെക്ക് ഡാം നിർമ്മാണം, അരുണാപുരത്തിൽ പാലാ മുനിസിപ്പാലിറ്റിയിൽ മീനച്ചിൽ നദിക്കുകുറുകെ മിനിഡാമോടുകൂടിയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം) ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മേജർ-മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പാക്കിയ പദ്ധതികൾ**

183 (903) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ 2016, 2017, 2018 കാലഘട്ടങ്ങളിൽ മേജർ-മൈനർ ഇറിഗേഷൻ വകുപ്പുകൾ വഴി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ മണ്ഡലങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കോതമംഗലം മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

184 (904) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പെരിയാറിനോട് ചേർന്ന് കിടക്കുന്ന കവളങ്ങാട്, പല്ലാരിമംഗലം, വാരപ്പെട്ടി പഞ്ചായത്തുകളിലേയും കോതമംഗലം മുൻസിപ്പാലിറ്റിയിലേയും വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ള ക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(സി) വിവിധ പഞ്ചായത്തുകളിലേയും മുൻസിപ്പാലിറ്റിയിലെയും കർഷകർക്കും സാധാരണക്കാർക്കും വലിയ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) 2 പുഴകൾ തമ്മിൽ ബന്ധിപ്പിക്കുന്നതാകയാൽ വിശദമായ സാങ്കേതിക പഠനവും പാരിസ്ഥിതിക പഠനവും നടത്തിയതിനുശേഷമേ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ. നൽകാനും തയ്യാറാക്കാനും എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് (EIA) പഠനത്തിന് ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

185 (905) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗം വിവിധ പദ്ധതികളിലൂടെ ഭരണാനുമതി ലഭ്യമാക്കിയതും നടപ്പിലാക്കിവരുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ പൊതുവിവരം, അടങ്കൽ തുക എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിനായി പ്രാധാന്യമേറിയ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.*

ഉണ്ട്; മണ്ഡലത്തിലെ 7 വി.സി.ബി.-കളുടെ നിർമ്മാണം, ഒരു ചെക്ക് ഡാമിന്റെ പുനരുദ്ധാരണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

186 (906) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളും അവയ്ക്കായി നീക്കിവച്ച തുകയും സാമ്പത്തിക വർഷം കണക്കാക്കി വിശദമാക്കാമോ;

(ബി) നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ, അവയ്ക്കായി നീക്കിവച്ച തുക എന്നിവയുടെ വിശദാംശം നല്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയ്ക്ക് കീഴിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III* എന്നിങ്ങനെ ചേർത്തിരിക്കുന്നു.

ജലനിധി മഴവെള്ളക്കൊയ്ത്തിന്റെ പ്രചരണവും പദ്ധതി നടപ്പാക്കലും പ്രവൃത്തിക്കായി 2016-17 സാമ്പത്തിക വർഷം 10 കോടി രൂപ നീക്കിവയ്ക്കുകയും 2 കോടി രൂപ ചെലവാക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം 18.20 കോടി രൂപ നീക്കിവയ്ക്കുകയും 5 കോടി രൂപ ചെലവാക്കുകയും ചെയ്തു. ടി പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം 20 കോടി രൂപ (പുതുക്കിയത് 15 കോടി) രൂപ നീക്കിവയ്ക്കുകയും 11.27 കോടി രൂപ ചെലവാക്കുകയും ചെയ്തു. ഗുണഭോക്തൃ സമിതികൾ പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ സുസ്ഥിരതയ്ക്ക് നൽകുന്ന സഹായം എന്ന പദ്ധതിക്ക് 10 കോടി രൂപ (പുതുക്കിയത് 21.50 കോടി) രൂപ നീക്കിവച്ചു.

(ബി) ജലസേചന വകുപ്പ് നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻപോകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-IV* ആയി ചേർക്കുന്നു.

കേരള ജല അതോറിറ്റി നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ

1. ചുങ്കത്തറ എടക്കര പോത്തുകല്ല് വഴിക്കടവ് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള എസ്. എൽ. എ. സി. 2013 :- 14 കോടി രൂപ.

2. നിലമ്പൂർ ജലശുദ്ധീകരണശാല അനുബന്ധിച്ചുള്ള സംരക്ഷണ ഭിത്തിക്കും ശുദ്ധീകരണശാലയ്ക്കും സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള 2 പ്രവൃത്തികൾ :- 230 ലക്ഷം രൂപ.

## പ്രളയംമൂലം തകർന്ന പമ്പാ നദിയുടെ പുനരുദ്ധാരണം

187 (907) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിലെ വെള്ളപ്പൊക്കംമൂലം തകർന്ന പമ്പാവാലി, എയ്ഞ്ചൽവാലി, കണമല തുടങ്ങിയ സ്ഥലങ്ങളിലെ തീരങ്ങൾ സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രളയംമൂലം തകർന്ന പമ്പാ നദിയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികൾ ആണ് ജലസേചന വകുപ്പ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പമ്പാ നദിയുടെ പുനരുദ്ധാരണത്തിനായി വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കംചെയ്യുന്നതിനും ജലസേചന നിർമ്മിതികളുടെ അറ്റകുറ്റ പണികൾക്കും ഉള്ള എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയർ (ഐ&എ) തയ്യാറാക്കിവരുന്നു.

**പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ സംരക്ഷണം**

188(908) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയശേഷം പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ തീരങ്ങളിൽ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പുഴകളുടെയും കനാലുകളുടെയും തോടുകളുടെയും അതിർത്തി സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലാശയങ്ങളോട് ചേർന്നുള്ള സ്ഥലം കയ്യേറി നിർമ്മിച്ച വീടുകൾ പ്രളയത്തിൽ തകർന്ന സാഹചര്യത്തിൽ അവിടെ വീടുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട റവന്യൂ അധികാരികളെ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി അറിയിച്ചുവരുന്നു. പുഴകളുടെയും തോടുകളുടെയും തീരസംരക്ഷണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാറുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുമ്പോൾ റവന്യൂ വകുപ്പ് മുഖാന്തരം അതിർത്തി അളന്ന് തിട്ടപ്പെടുത്തിയതിനുശേഷമാണ് നടപ്പിലാക്കുന്നത്.

(സി) ഇപ്രകാരമുള്ള സ്ഥലങ്ങളിൽ വീടുകൾ പുനർനിർമ്മിക്കുന്നതിന് ജലസേചന വകുപ്പിൽനിന്നും അനുമതി നൽകിയിട്ടില്ല.

## തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടെ തീരസംരക്ഷണം

189 (909) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വലിയ നാശനഷ്ടം സംഭവിച്ച തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടെ തീരസംരക്ഷണത്തിനായി സമർപ്പിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ മുൻഗണന പരിഗണിച്ചും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവമ്പാടി മണ്ഡലത്തിലെ നദീതീരസംരക്ഷണം

190 (910) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ നിന്നും പ്രളയത്തിൽ തകർന്ന നദീതീരങ്ങളുടെ സംരക്ഷണത്തിനായി സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തിയുടെ മുൻഗണന പരിഗണിച്ചും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആമയിഴഞ്ചാൻ തോട്

191 (911) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് ചെളിയും മാലിന്യവും നീക്കംചെയ്യാത്തതുമൂലവും തോടിന്റെ കരയിലെ കയ്യേറ്റംമൂലവും ഉള്ളൂർ തോട്, പട്ടം തോട് എന്നിവയിൽ നിന്നുള്ള ജലം ഒഴുകുന്നതിന് തടസ്സമുണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഒരു മണിക്കൂർ തുടർച്ചയായി മഴ പെയ്താൽപോലും കുഴിവയൽ, ഗൗരീശപട്ടം ഭാഗങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭാഗത്തെ ചെളിയും മാലിന്യവും നീക്കംചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത ഭാഗങ്ങളിൽ നിരന്തരമായി അനുഭവപ്പെടുന്ന വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ കണ്ണമ്മൂലവഴി ഒഴുകുന്ന ആമയിഴഞ്ചാൻ തോട്ടിൽ പട്ടം തോട്, പഴവങ്ങാടി തോട്, ഉള്ളൂർ തോട് എന്നിവ കണ്ണമ്മൂല പാലത്തിന് മുമ്പായി സംയോജിച്ച് ആക്കുളം തടാകത്തിൽ അവസാനിക്കുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനേയും അനുബന്ധ തോടുകളെയും കരമന, കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി, RITES- ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിലുള്ള മണ്ണും എക്കലും നീക്കാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാരതപ്പുഴയുടെ വലതുകര ഇടിയുന്നതിന് പരിഹാരം

192 (912) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ പിഷാരാക്കൽ ദുർഗ്ഗ ഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര ഇടിയുന്നതിന് പരിഹാരമായി പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ ഇറിഗേഷന് അയച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം

എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ഡി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും ആർ.എം.എഫ്.ൽ അയച്ച പദ്ധതികൾ ഏതെല്ലാം; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം എന്ന പ്രവൃത്തി ക്ഷേത്രത്തിന്റെയോ ദേവസ്വം ബോർഡിന്റെയോ ഫണ്ടുപയോഗിച്ച് ചെയ്യേണ്ടതാണെന്ന് ജില്ലാ വിദഗ്ധ സമിതി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമെ പ്രവൃത്തിക്ക് അംഗീകാരം നൽകാൻ കഴിയുകയുള്ളൂവെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി&സി) എസ്റ്റിമേറ്റുകളുടെ വിശദാംശങ്ങളും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ ലിസ്റ്റും അംഗീകരിച്ച 4 പ്രവൃത്തികളുടെ ഭരണാനുമതികളുടെ പകർപ്പും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കളക്ടർക്ക് സമർപ്പിച്ച പദ്ധതികളുടെ ലിസ്റ്റ് അനുമബന്ധമായി ചേർത്തിരിക്കുന്നു.

## പെരുമ്പുഴക്കടവ് പാലത്തിന്റെ പുനർനിർമ്മാണ നടപടികൾ

193 (913) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിക്കുന്ന സമയത്ത് അപ്രോച്ച് റോഡ് തകർന്ന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പെരുമ്പുഴകടവ് പാലത്തിന്റെ പുനർ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പാലത്തിന്റെ പുനർനിർമ്മാണത്തിനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ചങ്ങനാശ്ശേരി നഗരവും, പായിപ്പാട്ട് പഞ്ചായത്തിൽ പൂവം പ്രദേശവുമായി ബന്ധിപ്പിക്കുന്ന, വെള്ളപ്പൊക്കബാധിത മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ പാലത്തിന്റെ നിർമ്മാണം കാലതാമസം ഒഴിവാക്കി പൂർത്തികരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-ഡി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി 2015-ൽ നൽകിയിരുന്നു. ഭരണാനുമതി ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് കൂടുതൽ വിശദമായ മണ്ണ് പരിശോധനയും അനുയോജ്യമായ ഡിസൈനും നടത്തുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് നൽകുകയും അവിടെനിന്നും ലഭിച്ച റിപ്പോർട്ട് അനുസരിച്ചുള്ള ഡിസൈനുവേണ്ടി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറെ ഏൽപ്പിക്കുകയും ചെയ്തു. IDRB-യുടെ ഡിസൈൻ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്കനുസരിച്ച് പൂർണ്ണമായും ലാൻഡ് സ്പാൻ ആക്കിക്കൊണ്ട് IDRB ഡിസൈനിൽ വരുത്തിയ ഭേദഗതി ഉൾപ്പെട്ട 450 ലക്ഷം രൂപയുടെ പുതിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

194 (914) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ വ്യാപകമായി മലിനപ്പെടുത്തുന്നതും നിലവിലുള്ളവയെ വേണ്ടവിധം സംരക്ഷിക്കാത്തതും ശുദ്ധജല ലഭ്യതയിൽ കുറവ് ഉണ്ടാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ കർശനമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനായി കൂടുതൽ അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ മലിനീകരണപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചശേഷം ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി 2017-18 സാമ്പത്തിക വർഷത്തിൽ 22.11 കോടി രൂപയും 2018-19 വർഷത്തിൽ 14.85 കോടി രൂപയുമുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ കാനാമ്പുഴ, പൂന്തുർപുഴ, വരട്ടാർ, കോലറയാർ, മീനച്ചിലാർ, പള്ളിക്കലാർ എന്നിവ ജനപങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരട്ടാറിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളോടനുബന്ധിച്ച് നടപ്പാതയും മറ്റ് അനുബന്ധപ്രവൃത്തികളും ഉൾപ്പെടെ 7.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കോലറയാറിന്റെ പുനരുദ്ധാരണത്തിനായി 4.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമപ്രകാരമുള്ള അനുമതിയുടെ പരിധിയിൽ കൊണ്ടുവന്നും ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

(സി) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചു കൊണ്ടുള്ള കേരള ജലസേചനവും ജലസംരക്ഷണവും ഭേദഗതി ബിൽ 2018-ന് കേരള നിയമസഭയുടെ അംഗീകാരം 21-6-2018-ന് ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള ജല അതോറിറ്റി, ഭൂജല വകുപ്പ്, പബ്ലിക് ഹെൽത്ത് ലാബ്, ജലവിഭവ വികസന വിനിയോഗകേന്ദ്രം (CWRDM) എന്നിവിടങ്ങൾക്കുപുറമെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ജലഗുണനിലവാരപരിശോധന നടത്തിവരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ബോർഡിന്റെതന്നെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മാസംതോറും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തുകയും പരിശോധനാഫലം വിലയിരുത്തി തുടർനടപടി സ്വീകരിക്കുകയും പ്രസ്തുത പരിശോധനാ ഫലങ്ങൾ ക്രോഡീകരിച്ച് വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു.

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും എറണാകുളത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ കുടിവെള്ളത്തിൽ ഘനലോഹങ്ങളുടേയും കീടനാശിനികളുടേയും സാന്നിധ്യമുൾപ്പെടെയുള്ള ഘടകങ്ങൾ പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. മേല്പറഞ്ഞ പരിശോധനാ സംവിധാനങ്ങൾക്ക് പുറമെ കേന്ദ്രസർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ളപദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവേയ്‍ലൻസ് പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് 33 സബ് ഡിവിഷണൽ ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ ലാബുകളിലെ പരിശോധനാ സംവിധാനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലാബുകളിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ലാബുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 2018-19-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 23 പ്രവൃത്തികൾക്കായി 465 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രളയംമൂലം തകരാറിലായ ജലപ്രവാഹങ്ങളെ സജ്ജമാക്കാൻ നടപടി

195 (915) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ ഭീകരമായ പ്രളയത്തിൽ നിന്നും എന്തൊക്കെ അനുഭവ പാഠങ്ങളാണ് ജലവിഭവ വകുപ്പ് ഉൾക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയം ബാധിച്ച സ്ഥലങ്ങളിൽ മറ്റ് വകുപ്പുകളുമായി ഏകോപിച്ച് വില്ലേജ് ഓഫീസുകളിലെ പഴയരേഖകൾ പരിശോധിച്ച് വെള്ളക്കെട്ടുകൾ, തോടുകൾ, പുഴകൾ, വയലുകൾ തുടങ്ങി ജലപ്രവാഹം തടസ്സപ്പെട്ട ഇടങ്ങൾ കണ്ടുപിടിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ചെളി മാറ്റിയും ആഴം കൂട്ടിയും ജലം പരന്നൊഴുകത്തക്ക രീതിയിൽ ജലപ്രവാഹങ്ങളെ സജ്ജമാക്കുമോ;

(ഡി) കുട്ടനാട്ടിലെ ബണ്ടുകളുടെ അവസ്ഥ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ ഭീകരമായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന അണക്കെട്ടുകളുടെ സംഭരണശേഷിയിൽ പ്രളയ ജലത്തിന്റെ ഒരു ഭാഗംകൂടി സംഭരിക്കാൻ ഉതകുന്ന രീതിയിൽ rule curve-കൾ രൂപപ്പെടുത്താൻ തീരുമാനമെടുക്കുകയുണ്ടായി. ഡാമുകളിലേയ്ക്ക് ഓരോ മാസം ഒഴുകിവരാൻ സാദ്ധ്യതയുള്ള ജലത്തിന്റെയും ഉപയോഗത്തിനാവശ്യമായ ജലത്തിന്റെയും കണക്കുകൾ മുൻകൂട്ടി ഉദ്ദേശിച്ചുകൊണ്ടാണ് rule curve രൂപപ്പെടുത്തിവരുന്നത്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമായും വെള്ളപ്പൊക്ക പ്രവചന സംവിധാനവും (Real Time Flood Forecasting System) Integrated Reservoir Operation Management System-ഉം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ വിവിധ നദികളിൽ Flood Maping-ഉം flood zoning-ഉം നടത്തേണ്ടതുണ്ട്.

പ്രളയ സാഹചര്യത്തിൽ Flood forecasting, integrated reservoir operation എന്നിവയ്ക്കാവശ്യമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ പ്രളയം ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട നദീതടങ്ങളായ പെരിയാർ, ചാലക്കുടി അതുപോലെതന്നെ കുട്ടനാട്ടിലേയ്ക്ക് പ്രവഹിക്കുന്ന പമ്പ, മീനച്ചിൽ, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ എന്നീ നദീതടങ്ങളിലും വെള്ളപ്പൊക്ക പ്രവചന സംവിധാനം സജ്ജീകരിക്കാനുള്ള നടപടിക്രമങ്ങൾ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ ആരംഭിച്ചുകഴിഞ്ഞു. ഇവ കൂടാതെ ഡാം ഓപ്പറേഷൻ കൂടുതൽ കാര്യക്ഷമമാക്കാൻ Radar water level sensor, Spillway gate Sensor എന്നിവയും ഡാമുകളുടെ instrumentation-ന്റെ കൂടെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

സമയാസമയങ്ങളിലെ കാലാവസ്ഥാ പ്രവചനങ്ങൾക്ക് മുന്നോടിയായി വേണ്ട മുൻകരുതലുകൾ ആവശ്യമാണ്. പുഴകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ കയ്യേറി സ്ഥലത്തിന്റെ ഘടനകളിൽ വ്യത്യാസം വന്നിട്ടുള്ളത് പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. ഇവ വീണ്ടെടുത്താൽ മാത്രമെ വെള്ളം സ്വാഭാവികമായ രീതിയിൽ ഒഴുകുന്നതിനും പുഴകളിൽ ആവശ്യത്തിന് ജലം സംഭരിക്കുന്നതിനും സാധിക്കുകയുള്ളൂ. റിസർവ്വോയർ ഓപ്പറേഷൻ പുനഃക്രമീകരിക്കേണ്ടതും കയ്യേറ്റങ്ങൾ ഒഴിവാക്കി പുഴകളുടെ വീതി നിലനിർത്തേണ്ടതുമാണ്. നീർച്ചാലുകൾ, പുഴകൾ, അരുവികൾ, നെൽപ്പാടങ്ങൾ എന്നിവ നികത്തുന്നത് കർശനമായി നിരോധിക്കേണ്ടതാണ്. ഡാം തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നതിനെ സംബന്ധിച്ച ഫ്ലഡ് മാപ്പിംഗ് പോലുള്ള ആധുനിക സംവിധാനങ്ങൾ കാലവർഷക്കെടുതികൾ കുറയ്ക്കാൻ പ്രയോജനമാണെന്ന് ബോദ്ധ്യപ്പെട്ടു. ഡാമുകളിൽ വർഷങ്ങളായി അടിഞ്ഞുകൂടിയ ചെളിയും മണ്ണും ആവശ്യമായ പഠനം നടത്തി നീക്കംചെയ്ത് ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നീക്കങ്ങളും ആവശ്യമാണ്. വർഷകാലത്ത് ഡാമുകളിൽ വെള്ളത്തിന്റെ അളവ് ക്രമപ്പെടുത്തേണ്ടതാണെന്ന് വ്യക്തമായിട്ടുണ്ട്. പൊതുജനങ്ങൾക്ക് അറിയിപ്പുകൾ നല്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

നദികളുടെ തീരപ്രദേശങ്ങളിൽ അശാസ്ത്രീയമായ ഭൂവിനിയോഗംമൂലം ഭൂജല സംപോഷണം നടക്കാതിരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം State Disaster Management Authority വിവിധ നദികളിൽ Maximum flood level

അടയാളപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ച് വെള്ളക്കെട്ടുകൾ, തോടുകൾ, പുഴകൾ, വയലുകൾ തുടങ്ങി ജലപ്രവാഹം തടസ്സപ്പെടുന്ന ഇടങ്ങൾ കണ്ടുപിടിച്ച് Emergency Action Plan തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഡാമുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ/എക്കൽ സംഭരിച്ച് ഡാമുകളുടെ സംഭരണ ശേഷി കൂട്ടാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റിംഗ് നടത്താനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) ചെളി മാറ്റി ആഴം കൂട്ടുന്ന പ്രവൃത്തികൾ MGNREGS- പദ്ധതി പ്രകാരം നടപ്പിലാക്കാവുന്നതാണ്. പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും മറ്റും മാറ്റി ജലപ്രവാഹങ്ങളെ സജ്ജമാക്കുന്ന പ്രവൃത്തികൾക്ക് SDRF മുഖേന അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടനാട്ടിലെ തോടുകളും ചാനലുകളും ശുചീകരിച്ച് ആഴംകൂട്ടുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**കനാൽ ബണ്ട് റോഡുകൾ**

196(916) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പെരിയാർ വാലി, മുവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായുള്ള കനാൽ ബണ്ട് റോഡുകൾ ഇക്കഴിഞ്ഞ പ്രളയത്തിനുശേഷം സഞ്ചാര യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ ബണ്ട് റോഡുകളുടെ സംരക്ഷണ പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ടും അനുമതിയും നല്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറിൽനിന്നും സർക്കാരിലേക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത കനാൽ ബണ്ട് റോഡുകൾ സമയബന്ധിതമായി സംരക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ചെയ്തുവരുന്നു.

(സി&ഡി) ഉണ്ട്. 28-1-2019-ലെ G.O.(Rt) No.57/2019/DMD പ്രകാരം 536 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കേരളത്തിലുള്ള ജലസംഭരണികളുടെ എണ്ണം

197 (917) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ-പൊതുമേഖലകളിൽ ഉൾപ്പെടുന്ന ചെറുതും വലുതുമായ എത്ര കുളങ്ങളും ജലസംഭരണികളും കേരളത്തിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കുളങ്ങളുടെയും ജലസംഭരണികളുടെയും സംരക്ഷണത്തിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) വകയിരുത്തിയ തുക ഏതെല്ലാം പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.)-യുടെ കാര്യാലയത്തിൽ ലഭ്യമായ കണക്കുപ്രകാരം കുളങ്ങളുടെ എണ്ണം 41000 (നാൽപ്പത്തിയൊന്നായിരം) ആണ്. 20 ഡാമുകളുടെ ജലസംഭരണികളും ജലവിഭവ വകുപ്പിന്റെ കീഴിലുണ്ട്.

(ബി) കുളങ്ങളുടെ നവീകരണത്തിന് വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു :

(1) കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ളവ

(a) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി - 7,275.78 ലക്ഷം രൂപ

(b) കുളങ്ങളുടെ നവീകരണം ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് - 569.41 ലക്ഷം രൂപ

(c) റെനോവേഷൻ ഓഫ് ടാങ്ക്സ് പോണ്ട്സ് - 2,900.00 ലക്ഷം രൂപ

(d) പതിമൂന്നാമത് ഫിനാൻസ് കമ്മീഷൻ - 4,447.65 ലക്ഷം രൂപ

(e) നബാർഡ് - 163.05 ലക്ഷം രൂപ

കൂടാതെ പത്താഴക്കുണ്ട് ഡാമിന്റെ 2-ാം ഘട്ട പ്രവർത്തനങ്ങൾക്കായി 198 ലക്ഷം രൂപ വകയിരുത്തി.

(2) ഈ സർക്കാരിന്റെ കാലത്തുള്ളവ

(a) മൈനർ ഇറിഗേഷൻ ക്ലാസ്സ് 2 പദ്ധതി - 971.40 ലക്ഷം രൂപ

(b) റെനോവേഷൻ ഓഫ് ടാങ്ക്സ് പോണ്ട്സ് അണ്ടർ ഹരിത കേരളം 980.10 ലക്ഷം രൂപ

(c) റെനോവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് - 85.17 ലക്ഷം രൂപ

(സി) കുളത്തിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കംചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്കൊപ്പം അത്യാവശ്യമുള്ള സിവിൽ പ്രവൃത്തികളും നടത്തുന്നതിനായാണ് വിനിയോഗിക്കുന്നത്. വിവരം അനുബന്ധമായി * ചേർക്കുന്നു.

**പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

198 (918) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചുവെന്നും എന്നത്തേക്ക് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കുളം പദ്ധതിയിൽ ഉൾപ്പെടുത്തിയ ശേഷം ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പേരിലുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 3 കുളങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നല്കിയിരുന്നു. അതിൽ 2 കുളങ്ങളുടെ (പോത്തൻകോട് ചിറ നവീകരണം - Rs.75,000, മരുതൻകോട് കുളം, വെമ്പായം - Rs.1,51,000) പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കരകുളം പഞ്ചായത്തിലെ പുള്ളിക്കോണം ചിറയുടെ നവീകരണ പ്രവൃത്തിയുടെ (Rs.4,60,000) ടെണ്ടർ നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മണിയാർ ഡാമിന്റെ അറ്റകുറ്റപ്പണികൾ

199(919) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ തകരാർ സംഭവിച്ച മണിയാർ ഡാമിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയോ; എന്തൊക്കെ തകരാറുകളാണ് ഉണ്ടായത്; അറ്റകുറ്റപ്പണിക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണിയാർ ഡാമിന്റെ വയറിംഗ് സംവിധാനം തകരാറിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തകരാറിലായിട്ട് എത്ര വർഷമായെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മണിയാർ ബാരേജിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരണ ഘട്ടത്തിലാണ്. സ്പിൽവേ, ഗൈഡ് വാൾ, കനാൽ ഇൻടേക്ക് എന്നിവയ്ക്ക് പ്രളയംമൂലം കേടുപാടുകൾ സംഭവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് 112.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 50% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പുരോഗതിയിലാണ്.

(ബി) ഉണ്ട്; മണിയാർ ബാരേജിന്റെ ഷട്ടറുകൾ അടിയന്തര സാഹചര്യത്തിൽ പ്രവർത്തിപ്പിക്കാനാവാത്തവിധം ഇലക്ട്രിക്കൽ സംവിധാനം പ്രവർത്തന രഹിതമായിട്ടില്ല. എന്നാൽ കാലപ്പഴക്കം കാരണം കേബിളുകൾ, സ്റ്റാർട്ടർ കപ്ലിംഗ്, ഇൻസുലേഷൻ എന്നിവയ്ക്ക് സാരമായ കേടുപാടുകൾ ഉള്ളതിനാൽ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യേണ്ടതാണ്. ഇതിനായി പൊതുമരാമത്ത് (ഇലക്ട്രിക്കൽ) കാര്യാലയവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫ്ലഡ് മാപ്പ്

200(920) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഡാമുകൾ തുറന്നാൽ ഏതൊക്കെ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകുമെന്നത് സംബന്ധിച്ച വിശദമായ ഫ്ലഡ് മാപ്പ് വകുപ്പിന്റെ കൈവശമുണ്ടോ;

(ബി) എങ്കിൽ ആഗസ്റ്റിലുണ്ടായ പ്രളയം മൂലം ഡാമുകൾ തുറന്നപ്പോൾ കാലേക്കൂട്ടി ജനങ്ങൾക്ക് ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് ജലവിഭവ വകുപ്പ് പരാജയപ്പെട്ടത് ഏത് സാഹചര്യത്തിലാണ്;

(സി) ഇത്തരം മുന്നറിയിപ്പുകൾ യഥാസമയം നൽകിയിരുന്നുവെങ്കിൽ പ്രളയത്തിലുണ്ടായ നഷ്ടം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുമായിരുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭാവിയിൽ ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും ചർച്ച നടത്തുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 14 ഡാമുകളുടെ Inundation Map തയ്യാറാക്കിയിട്ടുണ്ട്.

(ബി&സി) നിലവിൽ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പ്രവർത്തനത്തിനായി തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ മഴക്കാലത്ത് FRL വരെ ജലം സംഭരിക്കുകയും സംഭരണശേഷി കവിയുമ്പോൾ അധിക ജലം നിയന്ത്രിതമായി തുറന്നുവിടുകയുമാണ് ചെയ്യുന്നത്. ഇതിനായി Warning Level നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡാം തുറക്കുന്നതിനുമുമ്പ് ജില്ലാ അധികാരികൾക്ക് മുന്നറിയിപ്പ് നൽകുന്നതാണ്. ആഗസ്റ്റ് മാസത്തിലെ മഴക്കാലത്തും മേൽ പ്രകാരമാണ് ഡാമുകൾ തുറന്നുവിട്ടത്.

(ഡി) സെൻട്രൽ വാട്ടർ കമ്മീഷൻ (CWC) തയ്യാറാക്കി നൽകിയ 14 ഡാമുകളുടെ Inundation Map ഉപയോഗിച്ച് Emergency Action Plan തയ്യാറാക്കി, CWC-യിൽ സമർപ്പിച്ചിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ നിർദ്ദേശമനുസരിച്ച് അതിൽ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. കൂടാതെ ജലസേചന വകുപ്പിന്റെ എല്ലാ ഡാമുകളുടെയും സംഭരണശേഷിയിൽ പ്രളയ ജലവും കൂടി ശേഖരിക്കാവുന്ന വിധത്തിലുള്ള ഡാം മാനേജ്മെന്റിനായി റൂൾ കർവ് തയ്യാറാക്കി വരുന്നു.

**ചിമ്മിണി ഡാം**

201 (921) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിണി ഡാമിൽ നിന്നുള്ള വെള്ളം തൃശ്ശൂർ കോൾ നിലങ്ങളിൽ എത്തുന്നതിന് തടസ്സമുണ്ടാക്കി ഇല്ലിക്കൽ റെഗുലേറ്ററിനു സമീപം

നിർമ്മിച്ചിരിക്കുന്ന ഏകദേശം 50 സെ.മീ. ഉയരത്തിലുള്ള കോൺക്രീറ്റ് തടയണ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ 2500 ഏക്കറിൽ ആദ്യമായി ഇരുപ്പൂകൃഷി ഇറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ജലലഭ്യത ഉറപ്പാക്കാൻ അടിയന്തരമായി ഇടപെടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഇല്ലിക്കൽ റഗുലേറ്ററിനുസമീപം നിർമ്മിച്ചിരിക്കുന്ന ഏകദേശം 50 സെ.മീ. ഉയരത്തിലുള്ള കോൺക്രീറ്റ് തടയണ നീക്കംചെയ്യുന്നത് സംബന്ധിച്ച് 4-1-2019-ൽ ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ എന്നിവർ യോഗം ചേരുകയും ഇപ്പോൾ നീരൊഴുക്ക് സുഗമമായതിനാൽ റഗുലേറ്ററിന് സമീപത്തെ കോൺക്രീറ്റ് തടയണ തൽക്കാലം പൊളിച്ചുമാറ്റേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഈ സീസൺ അവസാനിക്കുന്ന മേയ് 31 വരെ ഈ പ്രദേശത്തെ നീരൊഴുക്ക് നിരീക്ഷണം നടത്താനും എപ്പോഴെങ്കിലും നീരൊഴുക്കിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതുമാണ്.

(ബി) മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ മണലൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 14-1-2019-ൽ ചേർന്ന യോഗത്തിൽ ഇരുപ്പൂകൃഷിക്കു വേണ്ടി ഏപ്രിൽ 30 വരെ ജലവിതരണം നടത്തുന്നതിനാവശ്യമായ വെള്ളം അന്നത്തെ സംഭരണശേഷി അനുസരിച്ച് ചിമ്മിണി ഡാമിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**ഡാമുകളിലെ മണൽ മാറ്റാൻ നടപടി**

202 (922) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാ പ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തെ ഡാമുകളിൽ മണൽ അടിഞ്ഞുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മണൽ ഖനനം ചെയ്ത് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രളയത്തിനുമുൻപുതന്നെ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കംചെയ്യാനുള്ള പ്രാരംഭ നടപടികൾ എടുത്തിരുന്നു. സംസ്ഥാനത്തെ ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞുകിടക്കുന്ന മണൽ, ചെളി എന്നിവ നീക്കി സംഭരണശേഷി പൂർവ്വരൂപത്തിലാക്കി ഇതിൽനിന്നും ലഭിക്കുന്ന മണൽ, ചെളി എന്നിവ ഉപയോഗപ്പെടുത്തുന്നതിനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ മണൽ നീക്കംചെയ്യാനായുള്ള പദ്ധതി തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു.

## നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

203 (923) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ 2018-ലെ പ്രളയത്തിൽ തകർന്ന നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാർബണ്ട് പുനർനിർമ്മിക്കുന്നതിന് എത്രകോടിരൂപയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പുനർനിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര അമരവിള പുല്ലാമലയിൽ പ്രളയത്തിൽ തകർന്ന നെയ്യാർ ബണ്ട് പുനർനിർമ്മിക്കുന്നതിലേയ്ക്കായി മണ്ണ് പരിശോധന നടത്തി ഉചിതമായ ഡിസൈൻ ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

## ഡാമുകളിലെ സിൽറ്റും മണലും നീക്കം ചെയ്യാൻ നടപടി

204 (924) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലെ സിൽറ്റ് നീക്കം ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡാമുകളിലെ മണൽ നീക്കം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വ രൂപത്തിലാക്കാനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) 26-9-2017-ലെ സർക്കാർ ഉത്തരവ് (Ms)നമ്പർ 79/2017/WRD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പൈലറ്റ് പദ്ധതിയായി മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റിംഗ് നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരത്തിന് പ്രത്യേകം രൂപീകരിച്ച ഉന്നതാധികാര സമിതിയിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

കൂടാതെ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള അരുവിക്കര റിസർവോയറിന്റെ സംഭരണശേഷി കൂട്ടുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിലേയ്ക്കായി വരൾച്ച ലഘൂകരണ നടപടിയുടെ ഭാഗമായി 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### ഡാമുകളിലെ മണലിന്റെ കണക്ക്

205 (925) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലെ മണൽ സംബന്ധിച്ച മതിപ്പ് കണക്ക് ഉണ്ടാക്കുവാനും മണൽ വാരുന്നതിനുള്ള പദ്ധതി ടെൻഡർ ചെയ്യുന്നതിനും തീരുമാനം എടുത്തിരുന്നോ;

(ബി) സംസ്ഥാനത്തുണ്ടായ പ്രളയം മൂലം ഡാമുകളിലെ മണൽ ഒഴുകിപ്പോകാനിടയായ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച തീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ;

(സി) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഡാമുകളിൽ നിന്നും മണൽ വാരുന്നതിന് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമായിരുന്നോ; അല്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ നഷ്ടം വരുത്തുന്ന ഇത്തരം പദ്ധതികൾ ഉപേക്ഷിക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനം എടുത്തിരുന്നു.

(ബി) സംസ്ഥാനത്തെ പ്രളയംമൂലം ഡാമുകളിൽ മണൽ ഒഴുകി പ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മണൽ വാരുന്നതിനായിട്ടുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും സെഡിമെന്റ്സ് നീക്കുന്നതിനും മണൽ, ക്ലേ എന്നീ ഘടകങ്ങൾ വേർതിരിച്ചെടുത്ത് ഉപയോഗപ്പെടുത്തുന്നതിനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്.ഒ.പി. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന എക്സ്പേർട്സ്, സ്ഥാപനങ്ങൾ എന്നിവ വഴി സൂക്ഷ്മ നിരീക്ഷണം നടത്തിയിരുന്നു. എസ്.ഒ.പി. പ്രകാരം ഡീസിൽറ്റേഷൻ നടത്തുകവഴി പാളിച്ചകൾ ഒഴിവാക്കി വിജയകരമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കേസ്

206 (926) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിനായി കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 5.65 കോടി രൂപ ചെലവഴിക്കുകയുണ്ടായോ;

(ബി) ഇതിൽ 4.31 കോടി രൂപ സർക്കാരിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരായ അഭിഭാഷകർക്ക് ഫീസ് ഇനത്തിൽ നൽകിയതാണോ;

(സി) ഇത്രയും തുക ചെലവാക്കിയിട്ടും 118 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമുണ്ടെന്ന് തെളിയിക്കാനോ നിലവിലെ അണക്കെട്ട് അപകടാവസ്ഥയിലാണെന്ന് കോടതിയെ ബോധ്യപ്പെടുത്താനോ സർക്കാരിനും സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകർക്കും കഴിയാത്ത സാഹചര്യമുണ്ടോ;

(ഡി) അതുകൊണ്ടുതന്നെ അപകടാവസ്ഥയിലുള്ള അണക്കെട്ട് സ്വന്തം ചെലവിൽ പുതിക്കിപ്പണിയാൻ സംസ്ഥാനം സന്നദ്ധത പ്രകടിപ്പിച്ചിട്ടും കോടതിയിൽനിന്ന് അനുകൂല ഉത്തരവ് ലഭിക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2009 മുതൽ 2018 വരെയുള്ള കാലയളവിൽ മുല്ലപ്പെരിയാർ കേസിന്റെ നടത്തിപ്പിനായി ആകെ 5,62,42,049 രൂപ ചെലവഴിക്കുകയുണ്ടായി.

(ബി) അതെ.

(സി) മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിൽ ഉണ്ടായിരുന്ന കേസിൽ കേരളത്തിനുവേണ്ടി വാദിക്കുന്നതിന് സമർത്ഥരായ അഡ്വക്കേറ്റ്മാരെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. നിയമ നിർമ്മാണത്തിന്റെ ഭരണഘടനാ സാധുത (Constitutional validity of legislation), ജുഡീഷ്യറിയുടെ അധികാരത്തിന്മേലുള്ള കടന്നുകയറ്റം (usurpation of judicial power), അധികാര വിഭജന സിദ്ധാന്തം (Doctrine of separation of powers) എന്നിവയായിരുന്നു സുപ്രീംകോടതി പ്രധാന വിഷയങ്ങളായി പരിഗണിച്ചത്. മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടി വരെ ഉയർത്താമെന്ന സുപ്രീം കോടതിയുടെ നിർദ്ദേശത്തെ നിയമനിർമ്മാണംവഴി കേരള നിയമസഭയ്ക്ക് മറികടക്കാനാകില്ല എന്നതിനാൽ, 2006-ൽ കേരള നിയമസഭ പാസ്സാക്കിയ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം ഭരണഘടനാവിരുദ്ധം ആണെന്ന് സുപ്രീം കോടതി വിധിച്ചു.

ബഹു. സുപ്രീം കോടതി ഈ കേസുമായി ബന്ധപ്പെട്ട് നിയോഗിച്ച എംപവേർഡ് കമ്മറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് മുല്ലപ്പരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന നിഗമനത്തിൽ കോടതി എത്തിച്ചേർന്നത്.

2006-ലെ വിധിന്യായത്തിൽനിന്നും വിഭിന്നമായി 2014-ലെ വിധിന്യായത്തിൽ മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന് കോടതിവിധി പുറപ്പെടുവിച്ചെങ്കിൽ കൂടി അണക്കെട്ടിന്റെ സുരക്ഷയെപ്പറ്റിയുള്ള കേരളത്തിന്റെ ഉത്കണ്ഠ കണക്കിലെടുത്ത്, കേരളത്തിനുകൂടി പങ്കാളിത്തമുള്ള ഒരു മൂന്നംഗ സൂപ്പർവൈസറി കമ്മിറ്റിയെ, അണക്കെട്ടിന്റെ സുരക്ഷിതത്വം കാലാകാലം വിലയിരുത്തുന്നതിനായി ബഹു. സുപ്രീം കോടതി നിയോഗിച്ചിട്ടുണ്ട്. അതിനാൽ അണക്കെട്ടിന്റെ പരിശോധനാ പ്രവർത്തനങ്ങളിൽ കേരളത്തിനും പങ്കാളിത്തം ലഭിച്ചു.

(ഡി) 2014 മേയ് 7-ലെ ബഹു.സുപ്രീം കോടതിയുടെ വിധിന്യായം അനുസരിച്ച് പുതിയ അണക്കെട്ടിനെ സംബന്ധിച്ച് കേരളവും തമിഴ്നാട്ടും തമ്മിൽ സൗഹാർദ്ദപരമായ ഒരു പ്രതിവിധി കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ രണ്ട് കക്ഷികൾക്കും കോടതിയെ സമീപിക്കാനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. 2014 മേയ് 7-ലെ ബഹു.സുപ്രീം കോടതി വിധി പ്രകാരം പുതിയ അണക്കെട്ട് പണിയണമെന്ന കേരളത്തിന്റെ നിർദ്ദേശത്തിന്മേൽ പ്രാഥമിക നടപടി എന്ന നിലയ്ക്ക് പാരിസ്ഥിതികാഘാത പഠനത്തിനുള്ള (Environmental Impact

Assessment Study) വിവരശേഖരണത്തിനോ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനോ കോടതി, വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി, അവശ്യം വേണ്ട ക്ലിയറൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. 2018 നവംബർ 14-നു കേന്ദ്ര പരിസ്ഥിതിയും വനവും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയം പുതിയ അണക്കെട്ടിനുവേണ്ടിയുള്ള പാരിസ്ഥിതികാഘാത പഠനത്തിനുള്ള പരിശോധനാവിഷയങ്ങൾക്ക് (Terms of Reference) അംഗീകാരം നൽകി. പാരിസ്ഥിതികാഘാത പഠനവുമായി മുന്നോട്ടുപോകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വാമനപുരം ആറിൽ തടയണ നിർമ്മാണം

207 (927) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ആറിൽ കാരേറ്റ് നിർമ്മിക്കുന്ന തടയണ സംബന്ധിച്ച പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണത്തിന് മുൻപായി എന്തെല്ലാം പരിശോധനകളാണ് ഇനി സ്വീകരിക്കാനുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) വാമനപുരം നദിയിൽ കാരേറ്റ് തടയണ നിർമ്മാണത്തിന് വേണ്ടി നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലം തടയണ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

### കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ചെക്ക് ഡാമുകൾ

208 (928) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ നിയോജക മണ്ഡല പരിധിയിൽ എത്ര ചെക്ക്ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പുതിയ ചെക്ക്ഡാമുകൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചാൽ അത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 5 ചെക്ക് ഡാമുകൾക്ക് ഭരണാനുമതി നല്കി. അതിൽ ഒരു പ്രവൃത്തി പുരോഗതിയിലാണ്. ഒരു പ്രവൃത്തി ടെണ്ടർ ചെയ്തു. തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) പ്രവൃത്തിയുടെ ആവശ്യകത, ഫീസിബിലിറ്റി, പബ്ലിക് യൂട്ടിലിറ്റി ഫണ്ടിന്റെ ലഭ്യത എന്നിവ പരിഗണിച്ചാണ് പുതിയ ചെക്ക് ഡാമുകളുടെ പ്രൊപ്പോസൽ പരിഗണിക്കുന്നത്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മാണം**

209 (929) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന അകവണ്ടതോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) അകവണ്ടതോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുകയാണെങ്കിൽ ഏതെല്ലാം പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനകരമാകുമെന്ന് വിശദീകരിക്കാമോ;

(സി) അതിനായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ-സി) അകവണ്ടതോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ടെ ഓഫീസിൽ തയ്യാറാക്കിവരുന്നു. അമ്പലപ്പാറ പഞ്ചായത്തിലെ 15 വാർഡുകളിലെ ജനങ്ങൾക്ക് പ്രയോജനകരമാവുകയും 71 ഹെക്ടർ ജലസേചനത്തിന് ഉപകരിക്കുകയും ചെയ്യും.

**മങ്കടയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം**

210 (930) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കടയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ ആനപ്പാറ പൊറ്റമൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാങ്കേതികാനുമതി നല്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതി അതിവേഗം പൂർത്തീകരിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പകർപ്പ് അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി&സി) ഉണ്ട്. 5-12-2018-ന് ടെണ്ടർ ചെയ്തെങ്കിലും സിംഗിൾ ടെണ്ടർ ആയതിനാൽ 18-1-2019-ന് റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

**ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തി പുനരുദ്ധാരണം**

211 (931) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായുള്ള 16-1-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 29/2018/ജ.വി.വ. പ്രകാരം അനുവദിച്ച 8 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കടൽഭിത്തിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആകെ 5 പ്രവൃത്തികളിൽ ഒരു പ്രവൃത്തിക്ക് 3-4-2018-ന് ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകുകയും സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. തുടർന്ന് 16-7-2018-ാം തീയതിയിൽ ഉടമ്പടി വച്ച് 24-7-2018-ന് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളതുമാകുന്നു.

മറ്റ് നാല് പ്രവൃത്തികൾക്ക് 22-4-2018-ന് സാങ്കേതികാനുമതി നൽകുകയും 10-9-2018-ന് പ്രവൃത്തിക്കായി സ്ഥലം കരാറുകാരന് കൈമാറിയിട്ടുള്ളതുമാണ്. ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച് ജില്ലയിൽ ആദ്യമായാണ് സംരക്ഷണഭിത്തി നിർമ്മിക്കുന്നത്. ആകയാൽ ടി മെറ്റീരിയൽസിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലാബുകൾ ഇല്ലാത്തതിനാൽ അഹമ്മദാബാദിലും ഡൽഹിയിലുമാണ് ഇതിന്റെ ഗുണനിലവാര പരിശോധനകൾ നടത്തിയത്. ടി പരിശോധനാഫലം 22-1-2019-ൽ മാത്രമാണ് ലഭ്യമായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടി പരിശോധനാഫലം ലഭ്യമാകാനുണ്ടായ കാലതാമസംമൂലം പ്രവൃത്തി ആരംഭിക്കുന്നതിലും കാലതാമസം നേരിട്ടു. പരിശോധനാഫലം ലഭിച്ച സാഹചര്യത്തിൽ മെറ്റീരിയൽ സൈറ്റിൽ ലഭ്യമാക്കി അടുത്ത കാലവർഷത്തിനു മുൻപായി ടി പ്രവൃത്തികൾ എല്ലാംതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## കടലോര മേഖലയിലെ സംരക്ഷണ കടൽഭിത്തികളുടെ പുനർനിർമ്മാണം

212 (932) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കടലോര മേഖലയിൽ കഴിഞ്ഞ കാലവർഷക്കാലത്തും ഓഖി കാലത്തും സംരക്ഷണ കടൽഭിത്തികൾ പലയിടങ്ങളിലായി തകർന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കാലവർഷത്തിന് മുന്നോടിയായി ഇത് പുനർനിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ വർഷത്തെ പ്ലാൻഫണ്ടിൽ നിന്നും പ്രസ്തുത പ്രവൃത്തികൾക്ക് ഫണ്ട് നീക്കിവക്കുന്നതിന്റെ അടിയന്തര പ്രാധാന്യം തിരിച്ചറിഞ്ഞ് ആയതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ കരിങ്കല്ല് ലഭ്യമാക്കുന്നതിന് ക്വാറികളുമായി ബന്ധപ്പെട്ട് ക്രമീകരണം നടത്തുമോ; കാലവർഷത്തിന് മുന്നോടിയായി പുനർനിർമ്മാണത്തിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്; കോഴിക്കോട് ജില്ലയിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തകർന്ന കടൽഭിത്തികൾ പുനർനിർമ്മിക്കാനും പുതിയ കടൽഭിത്തികൾ നിർമ്മിക്കുന്നതിനുമായുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(സി) കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ കരിങ്കല്ല് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ക്രമീകരണം നടത്തുന്നത് റവന്യൂ, ജിയോളജി വകുപ്പുകളാണ്. കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കായി അനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**സംരക്ഷണഭിത്തി നിർമ്മാണത്തിന് തുക**

213 (933) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽപ്പെട്ട് ഇടിഞ്ഞുപോയ പിറവം മുനിസിപ്പാലിറ്റിയിലെയും രാമമംഗലം, മണീട് എന്നീ പഞ്ചായത്തുകളിലെയും നദീതീരത്തുള്ള സ്ഥലങ്ങൾ, ആരാധനാലയങ്ങൾ, വീടുകൾ എന്നിവ സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട ജലവിഭവ വകുപ്പ് ഓഫീസുകളിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംരക്ഷണഭിത്തി നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അടിയന്തരമായി അനുവദിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

**സംരക്ഷണഭിത്തി നിർമ്മാണം**

214 (934) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ ചെങ്ങന്നൂരിലെ പമ്പ, അച്ചൻകോവിൽ ആറുകളുടെ തീരങ്ങളിലെ വീടുകൾ ഉൾപ്പെടെ ഇടിഞ്ഞ് വൻ നാശനഷ്ടങ്ങൾ ഉണ്ടായതും ഇവിടുത്തെ ജനങ്ങളുടെ അപകടഭീതിയും കണക്കിലെടുത്ത് നദികളുടെ കരകളിൽ സംരക്ഷണ ഭിത്തി കെട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിന്റെ മേൽനോട്ടത്തിൽ സംരക്ഷണഭിത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-ലെ പ്രളയത്തെത്തുടർന്ന് പമ്പ, അച്ചൻകോവിൽ ആറുകളുടെയും തീരങ്ങളിലെയും നാശനഷ്ടം കണക്കാക്കി സംരക്ഷണഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് പ്രളയാനന്തര പുനർനിർമ്മാണം സംബന്ധിച്ചുള്ള പദ്ധതികളിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരസംരക്ഷണം**

215 (935) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ തീരസംരക്ഷണം ഉറപ്പാക്കുന്നതിനു വേണ്ടി ഏതെല്ലാം ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പഠനം പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കാമോ; ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ഓഖിചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) ആലപ്പാട് ഗ്രാമപഞ്ചായത്തിലുണ്ടാകുന്ന കടൽക്ഷോഭവും തീരശോഷണവും സംബന്ധിച്ച് വിദഗ്ധ പഠനം നടത്താൻ ജലവിഭവ വകുപ്പ് മുൻകയ്യെടുക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ഐ.ആർ.ഇ. ലിമിറ്റഡിന്റെ സാമ്പത്തികം ഉപയോഗിച്ച് വെള്ളനാതുരുത്ത് ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തി പ്രവൃത്തി നടന്നുവരുന്നു. കൂടാതെ ആലപ്പാട് പഞ്ചായത്തിന് തെക്കുഭാഗത്തായി പന്മന പഞ്ചായത്തിൽ KMML- ന്റെ ഖനന സ്ഥലത്ത് CWPRS പഠനപ്രകാരം KMML-ന്റെ ഫണ്ട് ഉപയോഗിച്ച് നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഠനം നടത്തുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല.

(ബി) കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നാല് പ്രവൃത്തികൾ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**പൂന്തുറയിലെ പുലിമുട്ട് നിർമ്മാണം**

216 (936) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ പൂന്തുറയിൽ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടിരൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി അംഗീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പുലിമുട്ട് നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 946 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.)

**കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ്**

217 (937) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഐ ആർ 2/313/18/ ഡബ്ല്യൂ.ആർ.ഡി. എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയലിൽ ചീഫ് എഞ്ചിനീയറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരം ലഭ്യമായിട്ടുണ്ടോ;

(ഇ) സാങ്കേതിക പ്രശ്നങ്ങളും കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കവളങ്ങാട് - വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം-കം-പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടുപോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്ത് റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹു. മുൻസിഫ് കോടതിയിൽ ഒ.എസ്. 104/2016 എന്ന കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന്

കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വേയർ, കോടതി തന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഈ കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല. താലൂക്ക് സർവ്വേയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 $m^2$) സ്ഥലം സർക്കാർഭൂമിയോട് ചേർന്നുകിടക്കുന്നതായി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 $m^2$) ഉണ്ടെങ്കിൽ മാത്രമെ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കാൻ സാധിക്കൂ.

(ബി-ഇ) ചീഫ് എഞ്ചിനീയറിൽനിന്നും അധിക വിവരം ആരാഞ്ഞത് ലഭ്യമായിട്ടില്ല.

**കോൾ നിലങ്ങളിലെ ഉപ്പുവെള്ള ഭീഷണി തടയുന്നതിന് നടപടി**

218 (938) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ ഉപ്പുവെള്ള ഭീഷണി തടയുന്നതിനായി നിർമ്മിച്ചിരിക്കുന്ന ഏനാമാക്കൽ, ഇടിയഞ്ചിറ റഗുലേറ്ററുകൾ ഉയർത്തുന്നതിനും താഴ്ത്തുന്നതിനും മോട്ടോർ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദവിവരങ്ങൾ എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുത്തി ഏനാമാക്കൽ റഗുലേറ്ററിന് 4.48 ലക്ഷം രൂപയുടെയും ഇടിയഞ്ചിറ റഗുലേറ്ററിന് 3.35 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഏനാമാക്കൽ, ഇടിയഞ്ചിറ ഷട്ടറുകൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി യഥാക്രമം 500 ലക്ഷം രൂപ, 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ മെക്കാനിക്കൽ വിഭാഗം തയ്യാറാക്കിവരുന്നു.

(സി) വാർഷിക അറ്റകുറ്റപ്പണികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്.

**ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്**

219 (939) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചോർച്ചയുടെ കാരണം കണ്ടെത്തിയിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇതിനായി പ്രത്യേക പഠനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ചോർച്ച പരിഹരിക്കുന്നതിന് ഈ സർക്കാർ പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗും ഡൽഹി ഐ.ഐ.ടി.-യും നടത്തിയ പഠനത്തിൽ പൈപ്പിംഗ് പ്രതിഭാസംമൂലം സ്ട്രക്ചറിനുണ്ടായ തകരാറാണ് ചോർച്ചയ്ക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള റെക്ടിഫിക്കേഷൻ പ്രവൃത്തികൾക്കായുള്ള 29.75 കോടി രൂപ (ഇരുപത്തി ഒൻപത് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ)-യുടെ ഭരണാനുമതി 24-7-2018-ലെ സ.ഉ.(സാധാ) നമ്പർ 544/2018/ജവിവ പ്രകാരം നൽകുകയും 17-12-2018-ൽ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മാണം**

220 (940) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിൽ മോദിക്കയത്ത് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ സാങ്കേതിക വിഭാഗവും കെ.ഐ.ഐ.ഡി.സി.-യും ജലസേചന വകുപ്പും സംയുക്തമായി നടത്തിയ പരിശോധനയുടെ തുടർനടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) നിർദ്ദിഷ്ട പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികാനുമതി നൽകുന്നതിന് വന്നിട്ടുള്ള കാലതാമസം ഗൗരവമായി കാണുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കിഫ്ബിയുടെ സാങ്കേതിക വിഭാഗവും കെ.ഐ.ഐ.ഡി.സി. ലിമിറ്റഡും ജലസേചന വകുപ്പും സംയുക്തമായി 23-11-2018-ന് പരിശോധന നടത്തുകയും അതിൻ പ്രകാരം കിഫ്ബിയുടെ സാങ്കേതിക വിഭാഗം 10 നിർദ്ദേശങ്ങൾ അടങ്ങിയ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് കെ.ഐ.ഐ.ഡി.സി. ലിമിറ്റഡ്-ലേയ്ക്ക് ഡിസംബർ അവസാനം നൽകി. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള മറുപടി കെ.ഐ.ഐ.ഡി.സി. ലിമിറ്റഡ് തയ്യാറാക്കിവരുന്നു. ഭരണപരമായ നടപടിക്രമങ്ങൾക്കുള്ള താമസമാണ് വന്നിട്ടുള്ളത്.

## കിടങ്ങൂർ പഞ്ചായത്തിൽ റെഗുലേറ്റർ-കം ബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതി

221 (941) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ റിവർ വാലി പദ്ധതിയുടെ കീഴിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചലാറിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് വേണ്ടത്ര തുക വകയിരുത്തുന്നത് സംബന്ധിച്ച് നൽകിയിരുന്ന നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 4-3-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 253/2014/ജ.വി.വ പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തിക്ക് വേണ്ടത്ര തുക ബഡ്ജറ്റിൽ (ഹെഡ് നമ്പർ 4700-21-80-97) ഇല്ലാത്തതുമൂലം സാങ്കേതിക അനുമതി വരെ ലഭിച്ച പദ്ധതി ടെണ്ടർ നടപടിയിലേക്ക് കടക്കാൻ പറ്റാത്ത അവസ്ഥ പരിശോധിച്ച് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വിവിധ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് എന്ന നിലയിൽ മീനച്ചലാറിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ മറ്റേതെങ്കിലും ഹെഡിൽ നിന്ന് തുക മാറ്റി വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പിലെ ഫയൽ നമ്പരും ആയതിന്റെ തപാൽ നമ്പരും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കിഫ്ബി (KIIFB)-യിൽ ഉൾപ്പെടുത്തി 17-10-2017-ലെ ജി.ഒ.നമ്പർ 859/2017/ഡബ്ല്യൂ. ആർ.ഡി. നമ്പർ ഉത്തരവിലെ 5-ാം ക്രമനമ്പറിൽ ഉൾപ്പെടുത്തി 1010 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ പദ്ധതിവിഭാഗം - 2 ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ ഫയൽ നമ്പർ ഐ.ആർ. 3/12/2017/ജവിവ.-യും തപാൽ നമ്പർ 1231825/2017/WRD(OS)-ഉം ആണ്.

**കുറ്റിപ്പുറം-കാങ്കക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

222(942) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജുമായി ബന്ധപ്പെട്ട് കിഫ്ബിയിൽനിന്നും ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കിഫ്ബി ആവശ്യപ്പെട്ട വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച ചീഫ് എഞ്ചിനിയർ ഇറിഗേഷനും കേരള സ്റ്റേറ്റ് ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനിയർ സ്വീകരിച്ച നടപടികളും പ്രസ്തുത ഫയൽ സംബന്ധമായ മുഴുവൻ വിവരങ്ങളും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 3-11-2018-ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, മലപ്പുറത്തിന്റെ കാര്യാലയത്തിൽനിന്നും കിഫ്ബിയിലേയ്ക്ക് നല്കിയിട്ടുണ്ട്.

(ബി) കിഫ്ബിയിൽനിന്ന് ആവശ്യപ്പെട്ട വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) ഭാരതപ്പുഴയുടെയും കൈവഴിയായ കുന്തിപ്പുഴയുടെയും സംഗമ സ്ഥാനമായ കൂട്ടക്കടവിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കൂട്ടക്കടവ് ആർ.സി.ബി.-ക്ക് 8 കി.മീ. താഴെയായും ചമ്രവട്ടം ആർ.സി.ബി.-യുടെ 14 കി.മീ. മുകളിലായുമാണ് കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന കാങ്കകടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സ്ഥാനം നിർദ്ദേശിച്ചിട്ടുള്ളത്. നിർദ്ദിഷ്ട ആർ.സി.ബി.-ക്കുവേണ്ടി IDRB-യുടെ ഡിസൈൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഇരുകരകളിലെയും റോഡുകളുടെ നിർമ്മാണം ഉൾപ്പെടുത്തി യിട്ടുണ്ട്. കൂട്ടക്കടവ് ആർ.സി.ബി. പൂർണ്ണതോതിൽ സജ്ജമായാൽപ്പോലും കാങ്കകടവ് ആർ.സി.ബി.-യുടെ വൃഷ്ടി പ്രദേശങ്ങളിൽ വെള്ളമെത്തിക്കൽ സുഗമമല്ലാത്തതിനാലും ചമ്രവട്ടം ആർ.സി.ബി.-യിൽ നിലവിലെ സാഹചര്യത്തിൽ പൂർണ്ണതോതിൽ വെള്ളം സംഭരിക്കാൻ സാധിക്കാത്തതിനാലും കാങ്കകടവ് ആർ.സി.ബി.-യുടെ പ്രസക്തി വലുതാണ്. പ്രസ്തുത ആർ.സി.ബി.-യുടെ ഉയരം 2.5 മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്. അടുത്തടുത്ത രണ്ട് ആർ.സി.ബി.-കൾ ഉള്ള സാഹചര്യത്തിൽ, ഒരു ആർ.സി.ബി.-യുടെ ആവശ്യകതയോ പകരം ഒരു ചെക്ക് ഡാം നിർമ്മിക്കുന്ന വിഷയമോ പരിശോധിക്കേണ്ടതുണ്ട്. പാലത്തിന്റെ ആവശ്യകത സംബന്ധിച്ച് PWD നടത്തുന്ന ട്രാഫിക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ആർ.സി.ബി.-യോ പാലം ഒഴിവാക്കി റെഗുലേറ്റർ/ചെക്ക് ഡാം നിർമ്മിക്കുന്നത് സംബന്ധിച്ച് IDRB പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. PWD നടത്തിയ ട്രാഫിക് സ്റ്റഡിയുടെ റിപ്പോർട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറത്തിൽ നിന്നും ലഭ്യമായത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

## നട്ടിക്കടവിൽ റഗുലേറ്റർ- കം- ബ്രിഡ്ജ്

223(943) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നട്ടിക്കടവിൽ പെരമ്പപുഴക്ക് കുറുകെ റെഗുലേറ്റർ കംബ്രിഡ്ജ് നിർമ്മിക്കുന്നതിന് നിലവിലുള്ള ഡിസൈനിൽ മാറ്റങ്ങൾ വരുത്തി പുതിയ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പുതിയ ഡിസൈൻ തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്ഥലപരിശോധന നടത്തി സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ പുനർനിർണ്ണയത്തിനായി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

## പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള റഗുലേറ്റർ

224(944) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ നിർമ്മിക്കാൻ നബാർഡ് സഹായത്തോടെയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ അനുമതിക്കായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള 46 കോടി രൂപയുടെ പദ്ധതി നിർദ്ദേശം നബാർഡ് ട്രാഞ്ചെ 24-ൽ (2018-19) ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കപ്പെട്ടിരുന്നുവെങ്കിലും നബാർഡിന്റെ വർഷം തോറുമുള്ള സെക്ടറൽ അലോക്കേഷന്റെ കുറവ് കാരണം അവസാനത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## വി.സി.ബി. പുനരുദ്ധാരണം

225(945) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ ചൊക്ലി, മോന്താൽ വി.സി.ബി. (വാകും സർക്യൂട്ട് ബ്രേക്കർ)പുനരുദ്ധാരണം സംബന്ധിച്ച് ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ മോന്താൽ ഉപ്പുവെള്ള ബണ്ടിന്റെ (SWECB) പുനരുദ്ധാരണത്തിനുള്ള 21.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## കായനാട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട്

226(946) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കായനാട് ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ മോട്ടോർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ കേടുവന്നതിനെ തുടർന്ന് പദ്ധതി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 110 എച്ച്.പി. മോട്ടോർ പമ്പ് സെറ്റുകൾ റിപ്പെയർ ചെയ്യുന്ന പ്രവൃത്തികൾക്ക് 4702-00-101-88 എന്ന ശീർഷകത്തിൽ 2.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 135 എച്ച്.പി. മോട്ടോർ പമ്പ് സെറ്റ് റിപ്പെയർ ചെയ്യുന്ന പ്രവൃത്തികൾക്ക് വാർഷിക അറ്റകുറ്റ പണികളിലുൾപ്പെടുത്തി 1.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ

227 (947) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ തിരക്കുകളാൽ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജില്ലയിലെ ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ജില്ലയിൽ ഒരു ഇലക്ട്രിക്കൽ സബ് ഡിവിഷനും രണ്ട് സെക്ഷൻ ഓഫീസുകളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ) ചില അവസരങ്ങളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ ജലസേചന വകുപ്പിലെ ഇലക്ട്രിക്കൽ ജോലികൾ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഇലക്ട്രിക്കൽ വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

## തലപ്പിള്ളി സ്പെഷ്യൽ പാക്കേജ് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി

228 (948) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഭരണാനുമതി

നൽകിയ മുള്ളൂർക്കര പഞ്ചായത്തിലെ കോട്ടക്കുളം അഭിവൃദ്ധിപ്പെടുത്തൽ (ഫയൽ I.D.നമ്പർ 2016/1970/IA), പാഞ്ഞാൾ പഞ്ചായത്തിലെ കിള്ളിമംഗലം പാലത്തിനരികെ കിള്ളിമംഗലം തോടിനുകുറുകെ ചെക്ക്ഡാം നിർമ്മാണം (ഫയൽ I.D. No. 2016/1978/IA), പാഞ്ഞാൾ പഞ്ചായത്തിലെ പാഞ്ഞാൾ തോടിനുകുറുകെ ദേവസ്സിപ്പടിയിൽ സ്ലയിസ്-കം-ട്രാക്ടർ ക്രോസിംഗ് പാലം നിർമ്മാണം (ഫയൽ I.D. No. 2016/2256/IA), പാഞ്ഞാൾ പഞ്ചായത്തിലെ കുളിത്തോട്ടിൽ മനക്കൽകടവിൽ ചെക്ഡാം നിർമ്മാണം (ഫയൽ I.D. No. 2016/1611/IA) എന്നീ പ്രവൃത്തികൾക്ക് ചീഫ് എൻജിനീയർ ഇറിഗേഷന്റെ സാങ്കേതിക അനുമതി ഇനിയും ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർക്ക് വലിയ തോതിൽ ഗുണം ചെയ്യുന്ന ഈ പദ്ധതികൾ വേനൽക്കാലത്ത് മാത്രമെ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു എന്നത് കണക്കിലെടുത്ത് അടിയന്തരമായി സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

**നിർമ്മാണ പ്രവൃത്തികൾക്ക് ഇറിഗേഷൻ അനുമതി**

229 (949) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കോടി ഇറിഗേഷൻ സെക്ഷനുകളിലായി കോട്ടൂർ, നടുവണ്ണൂർ ഗ്രാമ പഞ്ചായത്തുകളിൽപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഇനിയും ഇറിഗേഷൻ വകുപ്പ് അനുമതി നൽകാൻ ബാക്കിയുള്ളത് എന്നറിയിക്കാമോ;

(ബി) ഇറിഗേഷൻ ഭൂമിയിലൂടെ കടന്നുപോകുന്ന ടാർ ചെയ്ത റോഡുകൾ റീ-ടാർ ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നിലവിലുള്ള സംവിധാനത്തിൽ ഏറെ കാല താമസം ഉണ്ടാകുന്നതായി കരുതുന്നുണ്ടോ;

(സി) ഇത്തരം റോഡുകൾ റീ-ടാർ ചെയ്യുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്ന് പറയാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) റീ-ടാർ ചെയ്യുന്നതിന് ആവശ്യമായ തുക ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് അനുമതി നൽകി വകുപ്പ് നേരിട്ട് പ്രവൃത്തി ചെയ്യുകയാണ് നിലവിൽ ചെയ്യുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ നടത്താനുള്ള സമയം മാത്രമെ എടുക്കാറുള്ളൂ.

(സി) നിലവിൽ ഇത്തരം അനുമതി നൽകുന്നത് സേവനാവകാശ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരാണ്.

**നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ**

230 (950) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇറിഗേഷൻ വകുപ്പ് (മൈനർ, മേജർ) മുഖാന്തരം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പീലാർമുഴി ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

231 (951) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി പഞ്ചായത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.എൽ.-ൽനിന്നും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) വൈദ്യുത കണക്ഷൻ ലഭ്യമായാലുടൻ പ്രവർത്തനസജ്ജമാക്കുന്നതാണ്.

**കൊട്ടാരക്കര മണ്ഡലത്തിലെ കനാൽ റോഡുകൾ**

232 (952) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ കല്ലട ജലസേചന പദ്ധതി (കെ.ഐ.പി)-യുടെ അധീനതയിൽ എത്ര കിലോമീറ്റർ ദൂരത്തിൽ കനാൽ റോഡുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കനാൽ റോഡുകളിൽ ഗതാഗതയോഗ്യമല്ലാതെ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 35.73 കിലോമീറ്റർ നീളത്തിൽ.

(ബി) 25.1 കിലോമീറ്റർ.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ**

233 (953) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിൽ നിന്നും കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട (ഭരണാനുമതി നൽകിയ) പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവയിൽനിന്നും അനുവദിക്കപ്പെട്ടതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III* എന്നിങ്ങനെ ചേർത്തിരിക്കുന്നു.

**കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

234(954) <u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ ബിലാത്തിക്കുളം, മൂർഖനാട്ടുചാലി, കോട്ടൂളി വി.സി.ബി. എന്നീ പ്രവൃത്തികൾക്ക് ജലസേചന വകുപ്പിൽ നിന്നും ഭരണാനുമതി നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

<u>ബിലാത്തികുളം</u> - 72 ലക്ഷം രൂപ തുക വരുന്ന പ്രൊപ്പോസൽ റെനോവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് അണ്ടർ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മൂർഖനാട്ടുചാലി</u> - മൂർഖനാട്ടുചാലി വി.സി.ബി.-യുടെ നിർമ്മാണ പ്രവൃത്തി എം.ഐ.-ക്ളാസ് 2 പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരുന്നത് എന്നാൽ പ്രളയത്തെത്തുടർന്നുള്ള അടിയന്തര പ്രവൃത്തികൾ ചെയ്യുന്നതിനായി എം.ഐ. ക്ളാസ് II-ൽ അനുവദിച്ച തുക പുനർവിനിയോഗം ചെയ്തതിനാൽ, മൂർഖനാട് താഴെ ചാലി വി.സി.ബി. നിർമ്മാണ പ്രവൃത്തിക്ക് ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ചുവരുന്നു.

<u>കോട്ടൂളി</u> - ഫണ്ടിന്റെ അപര്യാപ്തതമൂലം 2016-17 സാമ്പത്തിക വർഷത്തിൽ കോട്ടൂളി വി.സി.ബി.-യുടെ പ്രവൃത്തി ഏറ്റെടുക്കാൻ സാധിച്ചില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീം**

235 (955) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ സർവ്വെ നടപടികൾ പൂർത്തീകരിച്ചോ എന്ന് വിശദമാക്കാമോ;

(ബി) കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഈ ജലസേചന പദ്ധതി അടിയന്തരമായി തുടങ്ങാനുള്ള നടപടികൾ കൈക്കൊള്ളുമോ; ഇതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ സ്കീമിന്റെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

**അങ്കണവാടിക്ക് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം**

236 (956) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ സ്നേഹദീപം അങ്കണവാടിക്ക് കെട്ടിടം പണിയുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ പുറമ്പോക്ക് സ്ഥലം വിട്ടുകിട്ടുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) സ്ഥലം വിട്ടുനല്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ, പദ്ധതിവിഭാഗം-2 ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## പേഴുംപാറയിൽ കായിക പരിശീലന കേന്ദ്രം

237(957) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളുടെ കായികപരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനായി പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഉടമസ്ഥതയിൽ പേഴുംപാറയിലുള്ള സ്ഥലം വിട്ടുനൽകാൻ റാന്നി ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. 1 ഏക്കർ സ്ഥലം. ഇതിന്മേൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## റാന്നി ഗവൺമെന്റ് ഐ.ടി.ഐ.-ക്കായി പമ്പ ഇറിഗേഷൻ പ്രോജക്ട് വക സ്ഥലം വിട്ടുനൽകുന്നതിന് നടപടി

238 (958) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഗവൺമെന്റ് ഐ.ടി.ഐ.-ക്കായി പി.ഐ.പി. (പമ്പ ഇറിഗേഷൻ പ്രോജക്ട്)-യുടെ ഉടമസ്ഥതയിൽ ഉതിമൂട്ടിൽ ഉള്ള സ്ഥലം വിട്ടുനൽകുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; എത്ര സ്ഥലമാണ് ഐ.ടി.ഐ.-ക്കായി ആവശ്യപ്പെട്ടിരിക്കുന്നതെന്നും എന്തൊക്കെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് സ്ഥലം വിട്ടു നൽകുകയെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സമെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റാന്നി വില്ലേജിൽ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള റീസർവ്വേ നം. 534-ൽ 0.749 ഹെക്ടർ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുനൽകാനായി നിർദ്ദേശം നൽകിയിരുന്നു. സ്ഥലത്തിന്റെ വില നിർണ്ണയിച്ച് മഹസർ തയ്യാറാക്കുന്നതിനായി വില്ലേജ് ഓഫീസർക്കും തഹസീൽദാർക്കും ചീഫ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ പ്രളയക്കെടുതികൾ മൂലമുണ്ടായ നാശനഷ്ടങ്ങൾ**

239 (959) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികൾ മൂലം മലപ്പുറം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പുനരധിവാസ പ്രവർത്തനങ്ങൾക്കായി നാളിതുവരെ മേജർ, മൈനർ ഇറിഗേഷൻ വകുപ്പുകൾ തയ്യാറാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജലസേചന വകുപ്പിലെ ബണ്ടുകൾ, റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, മറ്റ് നിർമ്മിതികൾ എന്നിവയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി മലപ്പുറം ജില്ലയിൽ 52.08 കോടി രൂപ കണക്കാക്കിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പ്രളയക്കെടുതിമൂലം കേരള ജല അതോറിറ്റിക്ക് 313.05 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പിന് 60,993 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്ന കരുവാരക്കുണ്ട്, കുറ്റിപ്പുറം, ചോക്കാട്, മേലാറ്റൂർ, പറപ്പൂർ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ 31 സ്കീമുകളെയാണ് പ്രളയക്കെടുതി ബാധിച്ചിട്ടുള്ളത്. 31 സ്കീമുകളുടെ പുനഃസ്ഥാപനത്തിനുള്ള എസ്റ്റിമേറ്റ് തുക 38.29 ലക്ഷം രൂപയാണ്. അവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ പ്രളയത്തെത്തുടർന്നുണ്ടായ പുനരധിവാസ പ്രവർത്തനങ്ങൾക്കായി എം.ഐ. ഡിവിഷനിലേയ്ക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്ക് 177.74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ Repair to MI structures എന്ന plan head-ൽ ഉൾപ്പെടുത്തി 81.83 ലക്ഷം തുക വരുന്ന 3 പ്രവൃത്തികളുടേയും Flood control Head-ൽ ഉൾപ്പെടുത്തി 142 ലക്ഷം തുക വരുന്ന 5 പ്രവൃത്തികളുടേയും പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കൂടാതെ 605 ലക്ഷം തുകയുടെ "construction of Retaining Wall and rectification of damaged approach road for odajikkal RCB in Manpad panchayat in Malappuram district" എന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ നബാർഡിന്റെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

## ഭൂഗർഭ ജലനിരപ്പ്

240 (960) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴുന്നതു സംബന്ധിച്ച് എന്തെങ്കിലും വകുപ്പുതല പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. 2018 സെപ്റ്റംബറിലെ ഭൂജലവിതാനം സെപ്റ്റംബർ 2017-ലെ ഭൂജലവിതാനവുമായി താരതമ്യപഠനം നടത്തിയതിൽനിന്നും സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 75 ശതമാനത്തിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽ ക്കിണറുകളിൽ (ബോർവെൽ)72 ശതമാനത്തിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. സെപ്റ്റംബർ 2018-ലെ ഭൂജല വിതാനം ദശാബ്ദ ശരാശരി (2008-2017)-യുമായി താരതമ്യം ചെയ്യുപ്പോൾ സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിലും (ബോർവെൽ) 60% കിണറുകളിലും ഭൂജല വിതാനം കുറഞ്ഞതായി കാണുന്നു.

മഴയുടെ ആധിക്യവും ചെറിയ കാലയളവിൽ കൂടുതൽ മഴ ലഭിച്ചതും ഭൂതലത്തിൽ ഊർന്ന് ഇറങ്ങാനുള്ള സമയലഭ്യത കുറവുകൊണ്ട് ഭൂജലസംപോഷണം നടക്കുന്നതിന് കാലതാമസം ഉണ്ടാവുകയും പ്രദേശത്തെ

മേൽമണ്ണിനെ ഒഴുക്കി പുഴകളിലും നദികളിലും താഴ്ന്ന പ്രദേശങ്ങളിലും നിക്ഷേപിക്കുകയും ചെയ്യുന്നതിനിടയായതും ഭൂജല സംപോഷണം നടക്കുന്നതിന് വിഘാതമുണ്ടാക്കിയതും ജലഭൃതങ്ങളെ (aquifer) സംപോഷണം ചെയ്യപ്പെടാതിരിക്കാൻ കാരണമായിട്ടുണ്ട്. കൂടാതെ നദിയുടെ ഉത്ഭവസ്ഥാനങ്ങളായ മലമ്പ്രദേശങ്ങളിൽ തുടർച്ചയായ മഴയുടെ ആധിക്യം കൊണ്ട് നദിയിലെ അടിയൊഴുക്ക് കൂടിയതുമൂലം നദിയിലെ അടിത്തട്ടിലെ മണ്ണ് ഒഴുകിപ്പോയതിനാൽ സമീപപ്രദേശത്തെ കിണറുകളിലെ ജലം നദിയിലേയ്ക്ക് തിരിച്ചിറങ്ങുന്ന സ്ഥിതി ഉണ്ടാവുകയും ഇത്തരം പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് കുറയുന്നതിനും കാരണമായിട്ടുണ്ട്.

### ആമച്ചൽ പാഴ്ക്കുളക്കുളം റീചാർജ്ജ് പദ്ധതി

241 (961) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ പാഴ്ക്കുളക്കുളം റീചാർജ് ചെയ്യുന്ന പദ്ധതിയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ പാഴ്ക്കുളക്കുളം റീചാർജ് ചെയ്യുന്ന പദ്ധതിയുടെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും നൽകിയിട്ടുണ്ട്.

### കിണറുകളുടെ സംരക്ഷണം

242 (962) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന സ്രോതസ്സെന്ന നിലയിൽ കിണറുകളുടെ സംരക്ഷണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രളയാനന്തരം സംസ്ഥാനത്തെ ഭൂരിഭാഗം കിണറുകളും മലിനീകരിക്കപ്പെട്ട സാഹചര്യം ഗൗരവ പൂർവ്വം പരിഗണിച്ചിട്ടുണ്ടോ; പ്രസ്തുത കിണറുകൾ ശുചീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് അധീനതയിലുള്ള കിണറുകൾ വൃത്തിയാക്കി ആൾമറ കെട്ടിയും വലകെട്ടിയും സംരക്ഷിക്കുന്നു. കിണർ റീചാർജിംഗ്, ക്ലോറിനേഷൻ, കിണർ മെയിന്റനൻസ് പദ്ധതി, കിണറിന് ചുറ്റുമതിൽ കെട്ടുക, വർഷംതോറും കിണറുകൾ വൃത്തിയാക്കുന്നതിനും പൊട്ടാസ്യം പെർമാംഗനേറ്റ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിച്ച് അണുവിമുക്തമാക്കുന്നതിനും ബോധവൽക്കരണ ക്ലാസ്സുകൾ ഗ്രാമസഭകൾ മുഖേനയും ആരോഗ്യ വകുപ്പ് മുഖേനയും നടത്തുക തുടങ്ങിയ നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മലിനജലം പമ്പ് ചെയ്ത് മാറ്റി ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും നടത്തി ശുചീകരിക്കുക, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഹരിത കേരള മിഷന്റെയും ആഭിമുഖ്യത്തിൽ വാട്ടർ ടെസ്റ്റിംഗ് നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയാനന്തരം ഭൂജല വകുപ്പ് ജലസാമ്പിളുകൾ എടുത്ത് ഗുണനിലവാരപരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ/കുഴൽക്കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന 24 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ജലനിധിയുടെ രണ്ടാംഘട്ടം കുടിവെള്ള പദ്ധതിയിൽ ജലനിധിയുടെ സ്രോതസ്സിന്റെ സുസ്ഥിരതയ്ക്കുവേണ്ടി ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കെട്ടിടത്തിന്റെ മേൽക്കൂരയിൽനിന്നും മഴവെള്ളം കിണർ റീചാർജിംഗിന് ഉപയോഗപ്പെടുത്തുന്നു.

**ജലസംരക്ഷണത്തിനും ഭൂഗർഭ ജല റീചാർജിംഗിനും പദ്ധതികൾ**

243 (963) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനെ നദീതടാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ചെറു നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(സി) പുഴകളെ തന്നെ ജലസംഭരണികളാക്കി മാറ്റുന്നതിന് വേണ്ടി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാമുകളുടെയും റെഗുലേറ്ററുകളുടെയും ശൃംഖല പണിയുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) പ്രളയത്തിനുശേഷം ഭൂഗർഭജലത്തിന്റെ അളവിൽ കുറവ് വന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഭൂഗർഭജല റീചാർജിംഗിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) ഹരിതകേരളം മിഷന്റെ ഉപമിഷനനായ 'ജലസമൃദ്ധി'യുടെ ഭാഗമായാണ് ഈ പ്രവർത്തനം ഏറ്റെടുത്തത്. നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞ സമഗ്ര നീർത്തടപ്ലാനുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

ഗ്രാമപഞ്ചായത്ത് നീർത്തട പ്ലാൻ -852

ബ്ലോക്ക് പഞ്ചായത്ത് നീർത്തട മാസ്റ്റർ പ്ലാൻ -33

മുനിസിപ്പാലിറ്റി നീർത്തട പ്ലാൻ -72

കോർപ്പറേഷൻ നീർത്തട പ്ലാൻ -1

നീർത്തട പ്ലാനിൽ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ ബ്ലോക്ക് തലത്തിൽ സംയോജിപ്പിച്ച് നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തി നദീതട മാസ്റ്റർ പ്ലാനുകൾക്ക് രൂപം കൊടുക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. തയ്യാറാക്കപ്പെട്ട നീർത്തട പ്ലാനിൽ മുൻഗണന നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് നിലവിൽ നിർവ്വഹണത്തിനായി ഏറ്റെടുക്കുന്നത്.

(സി) കുപ്പം, വളപ്പട്ടണം, അഞ്ചരക്കണ്ടി, മാഹി, കുറ്റ്യാടി, കടലുണ്ടി, മൂവാറ്റുപുഴ, പൂന്തോട്ടി, അച്ചൻകോവിൽ, മണിമല, വാമനപുരം, കരമന മുതലായ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റഗുലേറ്ററുകൾ "കിഫ്ബി" -യുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ SPV-യായ KIIDC-മുഖേന നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

28 റെഗുലേറ്ററുകളുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്,16 പ്രവൃത്തികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഒരു പ്രവൃത്തി കിഫ്ബി അംഗീകരിക്കുകയും മറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാവശ്യമായ പര്യവേഷണ രൂപകല്പനാ നടപടികൾ പുരോഗതിയിലുമാണ്.

(ഡി) കേരളത്തിലെ പ്രളയാനന്തര ഭൂജല സ്ഥിതിയെക്കുറിച്ചുള്ള ഭൂജല വകുപ്പിന്റെ പഠനറിപ്പോർട്ട് പ്രകാരം, സെപ്റ്റംബർ 2018-ലെ ഭൂജലവിതാനം ദശാബ്ദശരാശരി (2008-2017)യുമായി താരതമ്യം ചെയ്യുമ്പോൾ, സംസ്ഥാനത്ത് തുറന്ന കിണറുകളിൽ 62% കിണറുകളിലും കരിങ്കൽ പ്രദേശങ്ങളിലെ 60% കുഴൽക്കിണറുകളിലും ഭൂജലവിതാനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിരമായ ഭൂജല പരിപാലനത്തിന് കൃത്രിമ ഭൂജലസംപോഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ, 2018-2019 സാമ്പത്തികവർഷം, വിവിധ ജില്ലകളിൽനിന്നും ലഭ്യമായ ശിപാർശകളിൽ 97 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 24 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികൾ കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

**ജലദൗർലഭ്യം പരിഹരിക്കുന്നതിനായുള്ള മുൻകരുതൽ നടപടികൾ**

244 (964) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എ. എൻ. ഷംസീർ:
പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച മുന്നിൽ കണ്ട് ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനുമായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ കുപ്പിവെള്ളം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നിലവിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കുപ്പിവെള്ളം ഉല്പാദിപ്പിക്കുന്നതിനായി അരുവിക്കരയിൽ സ്ഥാപിക്കുന്ന പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ഇതിന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ്, ഭക്ഷ്യസുരക്ഷ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുകൾ എന്നിവയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) മഴയുടെ ലഭ്യതയിലുണ്ടായ കുറവ് വരൾച്ചയ്ക്ക് കാരണമായേക്കാം എന്ന നിഗമനത്തിൽ ഡാമുകളിൽ ലഭ്യമായിട്ടുള്ള ജലം വളരെ കരുതലോടുകൂടി വിനിയോഗിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനുകൾ ആധാരമാക്കിയാകണം ജലസ്രോതസ്സുകൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. നീർത്തടത്തെ സംബന്ധിച്ചിടത്തോളം മുകളിൽനിന്ന് താഴേയ്ക്ക് (റിഡ്ജ് ടു വാലി സമീപനം) എന്ന ശാസ്ത്രീയ സമീപനം വഴി ജലസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ഇതോടൊപ്പം ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, നീരൊഴുക്ക് സുഗമമാക്കുക എന്നീ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നുണ്ട്.

കൂടാതെ നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനുള്ള പദ്ധതികൾ കേരള ജല അതോറിറ്റിയുടെ പരിഗണനയിലാണ്. പൈപ്പിലൂടെയുള്ള ജലവിതരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധനലഭ്യതയ്ക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാകാലത്തും ജല ലഭ്യത ഉറപ്പ് വരുത്താൻവേണ്ടി കാലപ്പഴക്കം ചെന്ന പൈപ്പുകൾ, പമ്പുകൾ, മോട്ടോറുകൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ മാറ്റിസ്ഥാപിച്ചും വിതരണ ശൃംഖലയിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തിയും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകളെ വരൾച്ചയിൽനിന്നും സംരക്ഷിക്കുന്നതിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പ്ലാൻ പദ്ധതി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു.

ജലനിധി പദ്ധതിയിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting) എന്നിവയും ചെയ്യുന്നുണ്ട്. ഭൂമിയുടെ കിടപ്പനുസരിച്ച് ചെറുകിട തടയണകൾ, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) ഭൂമിയുടെ അടിയിലുള്ള തടയണകൾ,VCB (Vented cross Bar), എന്നീ രീതികൾ ഭൂജല പരിപോഷണമനുസരിച്ച് നടപ്പിലാക്കിവരുന്നു. പമ്പിംഗ് യീൽഡ് തീരെ കുറഞ്ഞ സ്രോതസ്സുകൾ ഉള്ള ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും ജലനിധി നൽകിവരുന്നു. KRWSA-യുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണം ഭൂജല പരിപോഷണം പദ്ധതി നടപ്പിലാക്കുന്നു.

(ബി) സ്ഥല ലഭ്യത, മറ്റ് വകുപ്പുകളിൽ (റെയിൽവേ, പി.ഡബ്ല്യൂ.ഡി., എൻ.എച്ച്., വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ബി.എസ്.എൻ.എൽ, കെ.എസ്.ഇ.ബി.എൽ.) നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം മറ്റ് പ്രശ്നങ്ങൾമൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ടി ആവശ്യമായ നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ മുതലായവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിച്ചു വരുന്നു. കൂടാതെ സ്ഥല ലഭ്യതയുടെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ പരമാവധി സ്ഥല ലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രമെ പദ്ധതികൾക്ക് അനുമതി നല്കാറുള്ളൂ.

2018-2019 സാമ്പത്തിക വർഷം ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഭൂജല വകുപ്പിന് അനുവദിച്ച മൂന്ന് കോടി രൂപയിൽ ഉൾപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ നിർമ്മാണവും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികളും വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. പൂർത്തിയാകാത്ത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലനിധിയുടെ ആകെയുള്ള 2176 കുടിവെള്ള പദ്ധതികളിൽ 2027 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 149 കുടിവെള്ള പദ്ധതികൾ കൂടി മാർച്ച് 31-നകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ മഴകേന്ദ്രം പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 5 ജില്ലകളിലെ 1526 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. 2019 മാർച്ച് മാസം പകുതിയോടെ തെരഞ്ഞെടുക്കപ്പെട്ട 1526 കുടുംബങ്ങൾക്കും മഴവെള്ള സംഭരണി നിർമ്മിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ സാധിക്കും. പൂർത്തിയായ കുടുംബങ്ങളിലെ സംഭരണികൾ വെള്ളം നിറച്ച് ഉപയോഗിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) കേരള ജല അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റ് നിലവിൽ തിരുവനന്തപുരത്ത് അരുവിക്കരയിലാണ് സ്ഥാപിച്ചിട്ടുള്ളത്.

(ഡി) അരുവിക്കര കുപ്പിവെള്ള പദ്ധതിയുടെ എല്ലാ പണികളും പൂർത്തീകരിച്ചുകഴിഞ്ഞു.

(ഇ) ബി.ഐ.എസ്.-ന്റേയും, എഫ്.എസ്.എസ്. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് എന്നീ വകുപ്പുകളുടെ അനുമതി ലഭിക്കാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജിക്ക പദ്ധതി**

245(965) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റിയിലും പരിസരപ്രദേശങ്ങളിലും ജിക്ക പദ്ധതി പ്രാവർത്തികമായതോടെ നിലവിലുള്ള ഓഫീസുകളിലെ പ്രവർത്തനഭാരം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുന്ദമംഗലത്തും ഫറോഖിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇക്കാര്യം സംബന്ധിച്ച നിർദ്ദേശം ലഭിച്ചിട്ടില്ല.

**ജലനിധി പദ്ധതി**

246(966) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ മൂന്നിലൊന്നോളം പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എ.ജി.യുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സി.&എ.ജി. നടത്തിയ ജലനിധി ഒന്നാം ഘട്ടപദ്ധതിയുടെ പെർഫോമൻസ് അസസ്സ്മെന്റ് പ്രകാരം ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ ഏകദേശം മൂന്നിലൊന്നോളം പദ്ധതികളും പല കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കെ.ആർ.ഡബ്ല്യു.എസ്.എ.-യിലൂടെ സർക്കാർ നടപടികൾ കൈക്കൊള്ളണമെന്നും ജലനിധി പദ്ധതി അനുസരിച്ച് നിർമ്മിച്ച് നൽകുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് സർക്കാർ കെ.ആർ.ഡബ്യൂ.എസ്.എ.-യിലൂടെ സ്ഥിരമായി സാങ്കേതിക/ സാമ്പത്തിക സഹായം നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ പൊതുജനസമൂഹങ്ങളുടെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ഗുണഭോക്തൃ സമിതികളുടെ സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുകയും പദ്ധതി പരിപാലനത്തിന് പൊതുവായ മാർഗ്ഗരേഖ നൽകുകയും ചെയ്യുക.

- കുടിവെള്ള പദ്ധതികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാങ്കേതിക സാമൂഹിക മേഖലകളിൽ മികവുള്ള സഹായ സംഘടനകളെ ചുമതലപ്പെടുത്തുക.
- കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോഗ്യരായ പ്രൊഫഷണലുകളെ/സ്ഥാപനങ്ങളെ നിയോഗിക്കുന്നതിന് അധികാരമുള്ള സംസ്ഥാനതല GRM സെൽ രൂപീകരിക്കുക.
- പദ്ധതി ഉപകരണങ്ങൾ മാറ്റുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾക്കും 25,000 രൂപയ്ക്ക് മേൽവരുന്ന ചെലവുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തുക വകയിരുത്താൻ തീരുമാനിച്ചതനുസരിച്ച് 2018-2019-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ പ്രളയക്കെടുതിമൂലം ജലനിധി ഒന്നാം ഘട്ടത്തിലെ നിരവധി ശുദ്ധജലവിതരണ പദ്ധതികൾ പൂർണ്ണമായോ/ഭാഗികമായോ തകർന്നതിനാൽ അവ പുനഃസ്ഥാപിക്കുന്നതിന് നേരത്തെയുണ്ടായിരുന്ന 10 കോടി രൂപയിൽനിന്നും 5 കോടി രൂപ വകമാറ്റുകയും 5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ ജലനിധി ഒന്നാം ഘട്ടത്തിലെ പദ്ധതികൾ ഈ തുക വിനിയോഗിച്ച് നടപ്പുസാമ്പത്തിക വർഷം തന്നെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജലനിധി പദ്ധതി

247(967) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) ജലനിധി പദ്ധതികൾ പൂർത്തിയായി കഴിയുമ്പോൾ ഗുണഭോക്തൃസമിതികൾ പദ്ധതിയുടെ പ്രവർത്തനവും പരിപാലനവും നടത്തണമെന്നത് ജലനിധി പദ്ധതികളുടെ പരാജയത്തിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ജലനിധി പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ, സാധ്യമായ പഞ്ചായത്തുകളിൽ കെ.ഡബ്ല്യു.എ.-യുടെ ബൃഹദ് പദ്ധതിയിൽനിന്നും കുടിവെള്ളം ബൾക്കായി വാങ്ങി ജലനിധി മാതൃകയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കെ.ഡബ്ല്യു.എ.-യുടെ മൾട്ടി ജി.പി. ബൃഹദ് പദ്ധതികൾ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾ നടത്തി ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം നൽകുന്നതിനുള്ള ദീർഘകാലാടിസ്ഥാനത്തിനുള്ള പദ്ധതികളും ജലനിധി നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾ ഏറ്റെടുത്ത 3710 പദ്ധതികളിൽ ഏകദേശം 35 ശതമാനം ഒരു ദശാബ്ദക്കാലത്തിനപ്പുറം തുടർ നടത്തിപ്പ് കഴിഞ്ഞപ്പോൾ വിവിധ കാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായതായി കൺട്രോളർ & ഓഡിറ്റർ ജനറൽ നടത്തിയ പെർഫോമൻസ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതനുസരിച്ച് 13-ാം പഞ്ചവത്സര പദ്ധതിയിൻ കീഴിൽ 2018-2019 മുതൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ വകയിരുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നുണ്ട്. 2018-19-ലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ നൽകിയിട്ടുണ്ട്.

(ഡി) ജലനിധി പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ സ്കീമുകളിലും ക്ളോറിനേഷൻ സംവിധാനത്തിലൂടെയുള്ള അണുനശീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൗതികവും രാസപരവുമായ (Physical & Chemical) മാലിന്യങ്ങളായ കലക്കൽ, ഇരുമ്പിന്റെ അംശം എന്നിവ നീക്കം ചെയ്യുന്നതിനായി പ്രഷർ സാൻഡ് ഫിൽട്ടറുകളും അയൺ റിമൂവൽ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ജലനിധിയിൽ ഉൾപ്പെടുന്ന ബൃഹത്പദ്ധതികളിൽ ജല ശുദ്ധീകരണത്തിനായി ജല ശുദ്ധീകരണ പ്ലാന്റുകൾ (Water Treatment Plant) നിർമ്മിച്ച് ശുദ്ധീകരിച്ചതിനുശേഷമാണ് കുടിവെള്ളം വിതരണം ചെയ്തു വരുന്നത്.

## കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടികൾ

248 (968) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വേനൽക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിലെ ജലലഭ്യത മഴയെ മാത്രം ആശ്രയിച്ചായതിനാൽ മഴയുടെ അളവിലുണ്ടായ കുറവ് വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാക്കിയേക്കും എന്ന നിഗമനത്തിൽ അത്തരമൊരു സാഹചര്യം ഉണ്ടായാൽ ബാധിക്കാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികൾ അവലോകനം ചെയ്യുകയും സ്വീകരിക്കേണ്ട നടപടികളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് ഡിസംബർ മാസം തന്നെ നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താൽക്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം പൂർത്തിയാക്കിയിട്ടുണ്ട്. വേനൽ രൂക്ഷമാകുന്ന സ്ഥിതി ഉണ്ടാകുകയാണെങ്കിൽ അതോറിറ്റിയുടെ ചില പദ്ധതികളെ ബാധിക്കാൻ സാധ്യതയുണ്ട് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ഒരു അവസ്ഥ കുടിവെള്ള വിതരണത്തെ ബാധിക്കാതെയിരിക്കാൻ ആവശ്യമായ പ്രവൃത്തികളുടെ സംഗ്രഹം എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ചിട്ടുണ്ട്. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർകണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടുപോകാനുള്ള വിവിധയിനം പ്രവൃത്തികൾ ആണ് സമർപ്പിച്ചിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകതയ്ക്കനുസരിച്ച് ഇവയിൽനിന്നും തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ (എം.എൽ.എ., എം.പി.) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുതലായവ ആവശ്യപ്പെടുന്നതനുസരിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കാറുണ്ട്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

249(969) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പ് നടപ്പിലാക്കിവരുന്ന ഓരോ പദ്ധതികളുടെയും നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓരോ പദ്ധതിയുടെയും ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതിക അനുമതി നൽകിയ തീയതി, ടെൻഡർ ചെയ്ത തീയതി, പ്രവൃത്തി ആരംഭിച്ച തീയതി എന്നിവ സഹിതമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തികവർഷം അിയന്തരമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിയ്ക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ കേരള ജല അതോറിറ്റി, ജലസേചന വകുപ്പ് എന്നീ വകുപ്പുകൾ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I,* അനുബന്ധം II* എന്നിങ്ങനെ ചേർത്തിരിക്കുന്നു.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മേലാറ്റൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരുന്നു. 2446 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന 29 ചെറുകിട കുടിവെള്ള പദ്ധതികളാണ് ഈ പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നത്. നിലവിൽ എല്ലാ പദ്ധതികളും പൂർത്തീകരിച്ച് 2446 ഗുണഭോക്തൃ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നു.

2018-19 സാമ്പത്തിക വർഷം ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ 24 സ്ഥലങ്ങളിൽ കുഴൽകിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2,40,696 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 15 കുഴൽക്കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. മറ്റ് കുഴൽ കിണറുകളിൽ വെള്ളം കുറവായതിനാൽ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ തീയതി- T(1)- 2315/ 2018/DGW തീയതി-26-3-2018.

2. ടെണ്ടർ ചെയ്ത തീയതി-11-4-2018.

3. പ്രവൃത്തി ആരംഭിച്ച തീയതി-28-4-2018.

(സി) കേരള ജല അതോറിറ്റി ഈ സാമ്പത്തികവർഷം പെരിന്തൽമണ്ണ മണ്ഡലത്തിൽ അടിയന്തരമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ:

1. 19 പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - പെരിന്തൽമണ്ണ നഗര ശുദ്ധജലവിതരണ പദ്ധതി-എ.സി പൈപ്പ് മാറ്റി ഡി.ഐ.പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

2. മൈനോറിറ്റി-വെട്ടത്തൂർ പഞ്ചായത്തിലെ വെട്ടത്തൂർ സർവ്വീസ് ബാങ്ക് ഏരിയ കുടിവെള്ള പദ്ധതി-പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.

3. SLSC 2013-ൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽപ്പെട്ട താഴേക്കോട് ആളിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-രണ്ടാംഘട്ടം

താഴേക്കോട് ആളിപ്പറമ്പ് ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ പമ്പ്സെറ്റുകൾ, പമ്പിംഗ് മെയിൻ ജലസംഭരണി വിതരണ ശൃംഖല എന്നിവ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകാൻ സാധിച്ചിട്ടില്ല.

ജലസേചന വകുപ്പ് അടിയന്തരമായി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ:-

1. ഏലംകാളം പഞ്ചായത്തിലെ കുന്നക്കാവിൽ പനമ്പറ്റ വി.സി.ബി.-യുടെ അടിയന്തര അറ്റകുറ്റപ്പണികൾ-30 ലക്ഷം - എം.ഐ. സ്ട്രക്ചറുകളുടെ റിപ്പയറിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

2. ആലിപ്പറമ്പ് പഞ്ചായത്തിലെ മണലായ പോത്തൻകുഴിയിൽ തടയണ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്-290 ലക്ഷം -പ്രൊപ്പോസൽ പരിഗണനയിലാണ്.

3. മേലാറ്റൂർ പഞ്ചായത്തിലെ മണിയാണീരിക്കടവ് പാലത്തിന് താഴ്ഭാഗത്ത് കല്ലടയിൽ പുഴയ്ക്ക് കുറുകെ ഒരു തടയണ നിർമ്മാണം -136 ലക്ഷം രൂപ -പ്രൊപ്പോസൽ പരിഗണനയിലാണ്.

## കേരള ജല അതോറിറ്റിയുടെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കാൻ നടപടി

250 (970) ശ്രീ. കെ .സുരേഷ് കുറുപ്പ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടെ റവന്യൂ വരുമാനം റവന്യൂ ചെലവിന്റെ 45 ശതമാനത്തിൽ താഴെ മാത്രമായിരിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കാനിടയുള്ളത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കരാറുകാർക്ക് യഥാസമയം പണം നൽകാൻ സാധിക്കാത്തത് എല്ലാ വർഷവും പുതിയ രണ്ടു ലക്ഷം കണക്ഷനുകൾ നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾ പ്രവൃത്തിപഥത്തിലാക്കുന്നതിനെയും ജലശുദ്ധീകരണ പ്ലാന്റുകളുടെയും വിതരണലൈനുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിലുള്ള കാര്യ ക്ഷമതയെയും ബാധിക്കാനിടയുള്ളത് കണക്കിലെടുത്ത് സാധാരണക്കാരായ ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ട് റവന്യൂ വർദ്ധനവിന് പദ്ധതിയുണ്ടോ;

(സി) റവന്യൂ നഷ്ടത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് ജല ചോർച്ചയായതിനാൽ ആ പ്രശ്നം പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെ കണ്ടെത്തി യഥാസമയം ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും തുടർന്ന് തുക അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ച് നഷ്ടം ഒഴിവാക്കുക, യഥാസമയം റീഡിംഗ് പോസ്റ്റ് ചെയ്ത് കൃത്യമായി ബില്ലുകൾ ഉപഭോക്താവിന് എത്തിച്ച് പണം അടപ്പിക്കുക, ഉപഭോക്താവിന്റെ പരാതികൾ യഥാസമയം പരിഹരിച്ച് തുക അടപ്പിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്ത് എന്നിവ സംഘടിപ്പിച്ച് തുക അടപ്പിക്കുക തുടങ്ങിയവ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെയ്തുവരുന്നു.

(ബി) പുതിയ രണ്ട് ലക്ഷം കണക്ഷനുകൾ നൽകുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികൾ പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, വിതരണ ലൈനുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾക്ക് കരാറുകാരുടെ സേവനം അനിവാര്യമാണ്. എന്നാൽ യഥാസമയം കരാറുകാർക്ക് ഫണ്ട് നൽകാൻ സാധിക്കാത്തത് ഇത്തരത്തിലുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. സാധാരണക്കാരായ ആളുകളെ സാരമായി ബാധിക്കാതെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) ജലച്ചോർച്ച ഒഴിവാക്കുന്നതിനായി നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകി.

അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ 143.45 കോടി രൂപ ചെലവഴിച്ചു. കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് ജലച്ചോർച്ച ഒഴിവാക്കാൻ വേണ്ടിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്:

1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (District Meter Area) സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രിക്കുകയും ചെയ്യുക.
4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക
5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.
8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geographic Information System) മാപ്പ് തയ്യാറാക്കുക.
9. ഐ.ടി. അധിഷ്ഠിത MIS (Management Information System)- മുഖേന കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

**കേരള ജല അതോറിറ്റിയുടെ പദ്ധതികൾ**

251 (971) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടെ സാമ്പത്തിക ദുർബലാവസ്ഥ പരിഗണിച്ച് ചെറിയ തുക ചെലവഴിച്ചാൽ പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) വിതരണ ലൈനുകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇവ സത്വരമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ;

(സി) 500 കോടിരൂപ ചെലവിൽ കൊച്ചി സ്മാർട്സിറ്റിയിൽ സദാസമയവും വെള്ളം ലഭ്യമാക്കുന്നതിനും 735 കോടി രൂപ മുടക്കി പ്രധാന മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കാനുമുള്ള സമഗ്ര പരിപാടിയുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) പി.ഡബ്ല്യൂ.ഡി, റെയിൽവേ, എൻ.എച്ച്., കെ.എസ്.ഇ.ബി.എൽ., ബി.എസ്.എൻ.എൽ., വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് മുതലായവയിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് പ്രശ്നങ്ങൾമൂലവും പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ബന്ധപ്പെട്ട ജന പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ സത്വരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കൃത്യമായ ഇടവേളകളിൽ അവലോകനങ്ങൾ നടത്തുകയും തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. കിഫ്ബി-പദ്ധതികളുടെ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു *.

ഇതുകൂടാതെ വിതരണ ലൈനുകളുടെ വിപുലീകരണം ആവശ്യമായുള്ള 96 പദ്ധതികൾ നിലവിലുണ്ട്. വിവരം അനുബന്ധം 2 ആയി ചർക്കുന്നു *.

(സി) കൊച്ചി കോർപ്പറേഷനിൽ എ.ഡി.ബി.-യുടെ ധനസഹായത്താൽ 24 X 7 ജല വിതരണ സംവിധാനം നടപ്പാക്കുന്നതിനുള്ള പദ്ധതിക്കായി രൂപ രേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു.

735 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി 2016-2017-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സമഗ്ര പദ്ധതികൾക്ക് സർക്കാർ 909 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി-യുടെ അനുമതിയും ലഭിച്ചിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

252 (972) ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ:

(ബി) 2017-2018 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ വാട്ടർ അതോറിറ്റിയ്ക്കുള്ള ഗ്രാന്റ് വെട്ടിക്കുറച്ചത് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നതെന്ന് പറയാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം കൂടുതൽ തുക ഗ്രാന്റായി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതി നിർവ്വഹണത്തിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന കാരണങ്ങളാൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പദ്ധതിയുടെ ജലസ്രോതസ്സിൽ നിലനിൽക്കുന്ന പ്രാദേശികമായ തർക്കങ്ങൾ.
2. ലീക്കുകൾ പരിഹരിക്കുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനും ലഭ്യമാകേണ്ട റോഡ് കട്ടിംഗ് അനുമതിയിൽ ഉണ്ടാകുന്ന കാലതാമസം.
3. മറ്റു വകുപ്പുകളിൽ (റെയിൽവേ, പി.ഡബ്ല്യൂ.ഡി., എൻ.എച്ച്., വനം വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ്, ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി.എൽ.) നിന്ന് അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം.
4. വിവിധ ഫോറങ്ങളിലുള്ള (ഉദാ: നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ) കേസുകൾ.
5. ഫണ്ടിന്റെ അപര്യാപ്തത.
6. ജീവനക്കാരുടെ കുറവ്.
7. സ്വകാര്യ വ്യക്തികളിൽനിന്നും മറ്റ് ഡിപ്പാർട്ട്മെന്റുകളിൽനിന്നും വിവിധ പ്രോജക്ടുകളിലേയ്ക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസങ്ങളും തർക്കങ്ങളും.

സ്ഥലലഭ്യത, മറ്റു വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം, മറ്റു പ്രശ്നങ്ങൾ എന്നിവമൂലം മുടങ്ങിക്കിടക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ മുതലായവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. കൂടാതെ സ്ഥലലഭ്യതയുടെ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി നിലവിൽ പരമാവധി സ്ഥലലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രമെ അനുമതി നൽകാറുള്ളൂ.

(ബി) കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (NRDWP). സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രധാന പദ്ധതിയായിരുന്നു ഇത്. എന്നാൽ 2014-2015 സാമ്പത്തിക വർഷം മുതൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര വിഹിതത്തിൽ ഗണ്യമായ

കുറവുണ്ടായി. മാത്രമല്ല കേന്ദ്ര സർക്കാരിന്റെ 1-11-2016-ലെ കത്ത് പ്രകാരം 25%-ൽ താഴെ പുരോഗതി കൈവരിച്ച ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെട്ട കുടിവെള്ള പദ്ധതികൾ പൂർണ്ണമായും സംസ്ഥാന വിഹിതമുപയോഗിച്ച് പൂർത്തിയാക്കണമെന്ന നിർദ്ദേശവുമുണ്ടായി. ഇതിനെത്തുടർന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത കേന്ദ്ര സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം പ്രതിസന്ധിയിലായി. കൂടാതെ നിർവ്വഹണം ആരംഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് കരാറുകാർക്ക് നൽകാനുള്ള തുക കേന്ദ്ര വിഹിതത്തിലുണ്ടായ കുറവുമൂലം ഭീമമായ കുടിശ്ശികയാകുകയുമുണ്ടായി. ഇത് പദ്ധതി നിർവ്വഹണം മന്ദഗതിയിലാക്കി. ഇതിനെത്തുടർന്ന് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ നിർവ്വഹണം ആരംഭിക്കാത്തതുമായ 55 പദ്ധതികളുടെ ഭരണാനുമതി അനുയോജ്യമായ മറ്റ് ശീർഷകങ്ങളിൽ പരിഗണിക്കുന്നതിനായി ഉപേക്ഷിക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം മുതൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി പുതിയ പദ്ധതികൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല.

(സി) 95.16 കോടി രൂപ.

(ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി

253 (973) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുതയെപ്പറ്റി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ കഴിഞ്ഞ വർഷത്തെ വാർഷിക വരവും ചെലവും എത്രയാണ്;

(സി) വരുമാനത്തിലുള്ള കമ്മി എപ്രകാരം നികത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) വരുമാന നഷ്ടത്തിനുള്ള പ്രധാന കാരണം ജലചോർച്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിതരണ ശൃംഖല പുനരുദ്ധീകരിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഇ) ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇതിനുപുറമെ 1-10-2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കര നിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വില വർദ്ധനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.

പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രസഹായത്തിൽ 2014-2015 സാമ്പത്തിക വർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു.

(ബി)

| നം | വാർഷിക വരവ് - 2017-2018 | രൂപ (കോടിയിൽ) |
|---|---|---|
| 1 | വെള്ളക്കരത്തിൽ നിന്നുള്ള വരുമാനം | 591.45 |
| 2 | കേരള സർക്കാർ പദ്ധതിയേതര വിഹിതം | 312.24 |
| 3 | കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതവും മറ്റ് വരുമാനവും | 49.38 |
| | ആകെ വരവ് (A) | 953.07 |

| വാർഷിക ചെലവ് 2017-2018 | രൂപ (കോടി) |
|---|---|
| ശമ്പളവും കരാർ വേതനവും | 480.67 |
| പ്രതിമാസ പെൻഷൻ | 221.35 |
| കമ്മ്യൂട്ടേഷൻ,ഡി.സി.ആർ.ജി.-യും മറ്റു പെൻഷൻ ആനുകൂല്യങ്ങളും | 106.40 |

| | |
|---|---|
| വൈദ്യുതി ചെലവ് | 281.44 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 78.19 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 61.59 |
| വായ്പാ തിരിച്ചടവും പലിശയും | 16.00 |
| ആകെ ചെലവ്(B) | 1245.64 |
| കമ്മി (A-B) | 292.57 |

തേയ്മാനച്ചെലവും സർക്കാർ വായ്പയുടെ പലിശയും പരിഗണിക്കാതെയാണ് വാർഷിക കമ്മി കണക്കാക്കിയിരിക്കുന്നത്.

(സി) വരുമാനത്തിലുള്ള കമ്മി നികത്താനായി എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2017-18 സാമ്പത്തിക വർഷം മുൻ വർഷത്തേക്കാൾ 46 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

(ഡി) പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജല വിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബി-യുടെ അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണ ശൃംഖലയിലൂടെയുള്ള ചോർച്ച ഒഴിവാക്കുവാനുള്ള കേന്ദ്ര സംസ്ഥാന സംയുക്ത

പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പഴകിയതും കാലാവധി കഴിഞ്ഞതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാനായി 144.25 കോടി രൂപയുടെ 16 പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെ 2017-2018 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്ക് 59.57 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 X 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്:

1. ഉൽപ്പാദന ഘട്ടങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജല വിതരണം കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory Control and Data Acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജല വിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.
8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

(ഇ) ജല ചോർച്ച ഒഴിവാക്കുന്നതിനായി നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-2017-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 5 ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രൊപ്പോസലുകൾക്ക് 231.44 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റി ലീക്കേജ് ബെനിഫിറ്റ്

254 (974) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ലീക്കേജ് ബനിഫിറ്റിന്റെ ഭാഗമായി എന്തെങ്കിലും ഇളവുകൾ ഉപഭോക്താവിന് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഉപഭോക്താവിന്റെ ശ്രദ്ധയിൽപ്പെടാതെ ലീക്കേജ് സംഭവിക്കുന്നതിനാൽ വൻതുക ഈടാക്കി ഉപഭോക്താക്കളെ ബുദ്ധിമുട്ടിപ്പിക്കുന്നത് അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് 50 കിലോലിറ്ററിന് മുകളിലുള്ള ലീക്കുകൾക്കാണ് ലീക്ക് ബെനിഫിറ്റ് നൽകുന്നത്. ലീക്കുമൂലം 50 കിലോലിറ്ററിന് മുകളിൽ വരുന്ന ഓരോ കിലോലിറ്ററിനും പ്രതിമാസം 20 രൂപയായി കുറവ് ചെയ്താണ് ലീക്ക് ബെനിഫിറ്റ് നൽകുന്നത്.

(ബി) കേരള വാട്ടർ അതോറിറ്റി, മാനേജിംഗ് ഡയറക്ടറുടെ 26-9-2016-ലെ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(സി) പരാതികൾ തീർപ്പാക്കുന്നതിനുള്ള സാങ്കേതിക കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി കീഴ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുപ്പിവെള്ളക്കച്ചവടം

255 (975) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വർഷം എത്ര രൂപയുടെ കുപ്പിവെള്ളക്കച്ചവടം നടക്കുന്നു എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ;

(ബി) കുപ്പിവെള്ളം ലഭ്യമാക്കാനായി സർക്കാർ 2016-ൽ തറക്കല്ലിടുകയും കഴിഞ്ഞ മാർച്ചിൽ പ്രവർത്തന സജ്ജമായതുമായ അരുവിക്കര കുപ്പിവെള്ള ഫാക്ടറി നിർമ്മാണത്തിനായി എത്ര തുക ചെലവാക്കി; പ്രസ്തുത ഫാക്ടറിയുടെ പ്രതിദിന വിതരണശേഷി എത്ര; മണിക്കൂറിൽ എത്ര ലിറ്റർ ബോട്ടിലിംഗ് നടത്താൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കാർ ഫാക്ടറിയിലെ കുപ്പിവെള്ളനിർമ്മാണ ചെലവ് എത്ര; എത്ര തുകയ്ക്ക് വില്ക്കുവാൻ ഉദ്ദേശിക്കുന്നു; കുപ്പി വെള്ളം എപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് കുപ്പിവെള്ളലോബിയെ സഹായിക്കാനായി അരുവിക്കര കുപ്പിവെള്ള ഫാക്ടറി തുറക്കാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥരെ മാറ്റി, ജനങ്ങൾക്ക് കുപ്പിവെള്ളം കുറഞ്ഞ നിരക്കിൽ ഉടൻ ലഭ്യമാക്കാൻ വേണ്ട എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(ബി&സി) അരുവിക്കര കുപ്പിവെള്ള ഫാക്ടറിക്കായി ഇതിനോടകം 10 കോടി രൂപ ചെലവഴിച്ചു. പ്രസ്തുത പ്ലാന്റിന്റെ ഉൽപ്പാദനശേഷി മണിക്കൂറിൽ 7200 ലിറ്ററായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഒരു ദിവസം 1,72,800 ലിറ്റർ വെള്ളം കുപ്പികളിൽ നിറയ്ക്കാനുള്ള ശേഷിയുണ്ട്. കുപ്പിവെള്ളത്തിന്റെ നിർമ്മാണച്ചെലവ്, വിൽപ്പനത്തുക കണക്കാക്കിയിട്ടില്ല. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ.) എന്നിവിടങ്ങളിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

(ഡി) ഇതിന്റെ പണികൾ മാർച്ച് മാസത്തോടെ പൂർത്തീകരിച്ച് കുപ്പിവെള്ളം വിപണിയിൽ ഇറക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## അരുവിക്കര കുപ്പിവെള്ള പ്ലാന്റ്

256(976) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര പഞ്ചായത്തിൽ കേരള വാട്ടർ അതോറിട്ടിയുടെ കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; ഈ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിൽ പ്രവർത്തനം നടത്തുന്നതിനാവശ്യമായ തൊഴിലാളികളെ നിയമിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇവിടെ എത്രത്തോളം തൊഴിൽ അവസരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പറയാമോ;

(ഡി) ഇതിലേയ്ക്കായി പ്രദേശവാസികൾക്ക് മുൻഗണന നൽകുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അരുവിക്കര പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഫെബ്രുവരി മാസം ഫാക്ടറിയിൽ പരീക്ഷണ ഓട്ടം നടത്തുന്നതിനും ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ.) എന്നിവയിൽനിന്നും അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിച്ച് കുപ്പിവെള്ളം ജനങ്ങൾക്ക് ലഭ്യമാക്കാനും ഉദ്ദേശിക്കുന്നു.

(ബി) ഈ പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് കരാറുകാരൻ തന്നെ പദ്ധതി പൂർത്തികരിച്ച് 3 മാസം പ്ലാന്റിന്റെ നടത്തിപ്പും പരിപാലനവും നിർവ്വഹിക്കേണ്ടതാണ്. തുടർന്ന് ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി&ഡി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചു മാത്രമെ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽനിന്നുള്ള മലിനജലം

257(977) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കോസ്മോപോളിറ്റൻ ആശുപത്രിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നും ഉള്ളൂർ തോടിലേക്ക് സീവേജ് ടാങ്കിലെ മലിനജലം ഒഴുക്കിവിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുഴിവയൽ, ഗൗരീശപട്ടം പ്രദേശങ്ങളിലെ വീടുകളിൽ മഴക്കാലത്ത് തോട് കരകവിഞ്ഞൊഴുകി ഈ മലിനജലം വീടുകളിൽ കയറുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നടപടി ഒഴിവാക്കുന്നതിന് ജലവിഭവ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാമൂട് പമ്പ് ഹൗസിൽനിന്നും പമ്പ് ചെയ്യുന്ന സ്വീവേജ് കോസ്മോപോളിറ്റൻ ഹോസ്പിറ്റൽ ജംഗ്ഷനിൽനിന്നും കണ്ണമ്മൂല പമ്പ് ഹൗസിൽ എത്തിച്ച് മുട്ടത്തറ ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് എത്തിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. മുറിഞ്ഞപാലത്തു നിന്നും കണ്ണമ്മൂല പമ്പ് ഹൗസിലേയ്ക്കുള്ള പൈപ്പ് ഇടാനുള്ള നടപടി പുരോഗമിക്കുന്നു.

## അരുവിക്കര കുപ്പിവെള്ള പദ്ധതി

258(978) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതിനോടകം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടക്കാലത്ത് സ്തംഭനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്ലാന്റിലെ തൊഴിലാളികളെ എപ്രകാരമാണ് നിയമിക്കുന്നത്; കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്ക് പരിശീലനം നൽകി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരുവിക്കര കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ.) എന്നിവയിൽനിന്നും ലൈസൻസ് ലഭിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 10 കോടി രൂപ.

(സി) 10 കോടി രൂപയുടെ ഒറിജിനൽ ഭരണാനുമതി ടി തുകയിൽ ഉൾപ്പെടുത്തി മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചില്ല. 16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതിനെ തുടർന്നാണ് ശേഷിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) ഈ പദ്ധതിയുടെ ടെണ്ടർ വ്യവസ്ഥകൾ അനുസരിച്ച് കരാറുകാരൻ തന്നെ പദ്ധതി പൂർത്തീകരിച്ച് 3 മാസം പ്ലാന്റിന്റെ നടത്തിപ്പും പരിപാലനവും നിർവ്വഹിക്കേണ്ടതാണ്. പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനത്തിന് കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ജീവനക്കാരെ പരിശീലനം നൽകി നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**മാവേലിക്കര കേന്ദ്രീകരിച്ച് വാട്ടർ അതോറിറ്റി ഡിവിഷൻ**

259(979) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കേന്ദ്രീകരിച്ച് കേരള വാട്ടർ അതോറിറ്റി ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) മാവേലിക്കര, ഹരിപ്പാട് സബ്ഡിവിഷനു കീഴിലുള്ള മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി താലൂക്ക് പ്രദേശങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട ജലവിതരണം സാദ്ധ്യമാക്കുന്നതിന് ഇത് വഴിതെളിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിലുള്ള വാട്ടർ കണക്ഷനുകളുടെ വിശദവിവരം താലൂക്കുകൾ തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച് കേരള വാട്ടർ അതോറിറ്റിയിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രദേശങ്ങളിൽ നിലവിലുള്ള വാട്ടർ കണക്ഷനുകളുടെ താലൂക്കുകൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു :

| താലൂക്ക് | ഗാർഹികം | ഗാർഹികേതരം | വ്യവസായം | ആകെ |
|---|---|---|---|---|
| കാർത്തികപ്പള്ളി | 40549 | 650 | 25 | 41224 |
| മാവേലിക്കര | 14199 | 667 | 18 | 14884 |
| ചെങ്ങന്നൂർ | 6820 | 319 | 1 | 7140 |
| ആകെ | 61568 | 1636 | 44 | 63248 |

## മൂവാറ്റുപുഴ-ആരക്കുഴ റോഡിലെ പൈപ്പുകളിലെ ചോർച്ച

260 (980) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആരക്കുഴ റോഡിൽ കുടിവെള്ള വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ കാലപ്പഴക്കംകൊണ്ട് ചോർച്ചയുള്ള കാര്യവും അതുമൂലം ഉണ്ടാകുന്ന ജലനഷ്ടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 30 വർഷത്തിലധികമായുള്ള കാലപ്പഴക്കംകൊണ്ടും ടോറസ് പോലെയുള്ള ഭാരംകൂടിയ വാഹനങ്ങൾ സഞ്ചരിക്കുന്നതിനാലും പൈപ്പുകൾക്ക് കേടുപാടുകൾ സംഭവിച്ച് ചോർച്ചയും ജലനഷ്ടവും ഉണ്ടാകുന്നുണ്ട്.

(ബി) കേടുപാടുകൾ സംഭവിക്കുമ്പോൾ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ചോർച്ച പരിഹരിക്കാറുണ്ട്. ശാശ്വതപരിഹാരം എന്ന നിലയിൽ ഈ പദ്ധതിയുടെ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## കുപ്പിവെള്ള നിർമ്മാണ പദ്ധതി

261 (981) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ 14-1-2010-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) അരുവിക്കര കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഫാക്ടറിയിൽ പരീക്ഷണഓട്ടം നടത്തുകയും ചെയ്തു. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്.), ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇൻഡ്യ (എഫ്.എസ്.എസ്.എ.ഐ.) എന്നിവയിൽനിന്നും അനുമതി (ലൈസൻസ്) ലഭിക്കുന്നമുറയ്ക്ക് മാത്രമെ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

## മഴക്കാലപൂർവ്വ ശുചീകരണം

262 (982) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമയിഴഞ്ചാൻ തോട് ഉൾപ്പെടെയുള്ള തിരുവനന്തപുരം നഗരത്തിലെ തോടുകളിൽ മഴക്കാലപൂർവ്വ ശുചീകരണം യുദ്ധകാലാടിസ്ഥാനത്തിൽ തുടങ്ങുവാൻ 18-6-2017-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഉള്ളൂർ തോടിന്റെ കുഴിവയൽ മുതൽ തൈക്കൂട്ടം വരെയുള്ള ഭാഗത്ത് എക്കൽ അടിഞ്ഞുകൂടിയതുമൂലവും തോടിനുള്ളിൽ വാഴയും മറ്റും കൃഷിചെയ്യുന്നത് മൂലവും വെള്ളം സുഗമമായി ഒഴുകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഭാഗത്തെ തോടിലെ എക്കലും മാലിന്യവും നീക്കം ചെയ്ത് ആഴം കൂട്ടി തോട് വൃത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 18-6-2017-ൽ ഈ വിഷയത്തിൽ ഒരു യോഗം നടന്നിട്ടില്ല. വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളേയും കരമന കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES-ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിലുള്ള മണ്ണും എക്കലും നീക്കാനുള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് നിലവിൽ കരാറുകാരൻ ഏറ്റെടുത്ത ഒരു പ്രവൃത്തി സ്തംഭനാവസ്ഥയിലാണ്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാനും അല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്ത് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മങ്കട നിയോജകമണ്ഡത്തിലെ കുടിവെള്ള പദ്ധതി**

263(983) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നിലവിൽ ചെയ്തുവരുന്നതും 2018-19 സാമ്പത്തികവർഷം പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശം ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ/നോൺപ്ലാൻ ഫണ്ടിൽനിന്നും മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**തഴക്കര കുടിവെള്ള പദ്ധതി**

264 (984) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കൾ ഉണ്ടാകുമെന്നും എത്ര ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കണം എന്നതുൾപ്പെടെ പരിശോധിക്കുന്ന സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിട്ടുണ്ട്. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള ഡിജിറ്റൽ സർവ്വേ നടത്തുന്നതിനായി 2018-19-ലെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കേരള വാട്ടർ അതോറിറ്റി ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾ 1-2-2019-ൽ ആരംഭിക്കുന്നതാണ്.

117250 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഏകദേശം 800 കി.മീ. വിതരണ ശൃംഖലകൾ സ്ഥാപിക്കേണ്ടിവരും.

**വേങ്ങര പഞ്ചായത്തിലെ തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതി**

265 (985) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര പഞ്ചായത്തിലെ പാണ്ടികശാല വാർഡിൽ ഉൾപ്പെട്ട തട്ടാഞ്ചേരിമല കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഈ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(സി) ഇതിന്റെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് എത്രയാണെന്നും ഇത് വകയിരുത്തിയിട്ടുണ്ടോയെന്നും ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) മൈനോറിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തി പദ്ധതിയിൽ കിണറിനും ടാങ്കിനും പമ്പ് സെറ്റിനും മാത്രമായി 35 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും, ഇതിന്റെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി നടന്നുവരികയും ചെയ്യുന്നു. ഈ പദ്ധതിക്ക് ഇനിയും ആവശ്യമായ

പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, ഗാർഹിക കണക്ഷൻ എന്നീ പ്രവൃത്തികൾക്ക് 35 ലക്ഷം രൂപയും കൂടി ചെലവ് പ്രതീക്ഷിക്കുന്നു. പ്രസ്തുത തുക എം.എൽ.എ., എം.പി.-മാരുടെ ഫണ്ടിൽനിന്ന് ലഭ്യമാക്കാമെന്ന് വേങ്ങര ഗ്രാമ പഞ്ചായത്ത് ഭരണ സമിതി 17-10-2017-ന് നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുക ലക്ഷ്യമായാൽ പ്രവൃത്തി മേയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ചേലക്കര സമഗ്ര കുടിവെള്ള പദ്ധതി**

266 (986) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 407 പട്ടികജാതി കോളനികളും 5 പട്ടികവർഗ്ഗ കോളനികളും ഉള്ള ചേലക്കര നിയോജകമണ്ഡലത്തിൽ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് ജല അതോറിറ്റിയുടെ കീഴിൽ തിരുവില്ല്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ചും ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളും വടക്കാഞ്ചേരി നഗരസഭയും ചേർത്തും സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വാട്ടർ അതോറിറ്റി ഇത് സംബന്ധിച്ച സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഭാരതപ്പുഴയും ഗായത്രിപ്പുഴയും അതിലെ തടയണകളും ഉണ്ടായിട്ടും വേനൽക്കാലാരംഭത്തിൽ തന്നെ ടാങ്കറിൽ വെള്ളം എത്തിക്കേണ്ട അവസ്ഥ മണ്ഡലത്തിലെ പലഭാഗങ്ങളിലും ഉള്ളത് കണക്കിലെടുത്ത് സമഗ്ര കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

രൂപകല്പന അവസാന ഘട്ടത്തിലാണ്.

(സി) ഭാരതപ്പുഴയും ഗായത്രിപ്പുഴയും ചേരുന്ന കുട്ടിൽമുക്കിലെ തടയണ ഉപയുക്തമാകുന്ന രീതിയിൽ തിരുവില്ല്വാമല, പഴയന്നൂർ, കൊണ്ടാഴി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഭാരതപ്പുഴയിലെ ചെറുതുരുത്തി തടയണ

ആധാരമാക്കി ചേലക്കര, മുള്ളൂർക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകൾക്കും വടക്കാഞ്ചേരി നഗരസഭയ്ക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഭാരതപ്പുഴയിലെ ചെങ്ങണാംകുന്ന് തടയണ ആധാരമാക്കി ദേശമംഗലം, വേലൂർ, കടങ്ങോട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാലയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ പുരോഗതി

267 (987) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെട്ടതും വർക്കല മുനിസിപ്പാലിറ്റിയ്ക്കും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ളതുമായ കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നെയ്യാർ ഡാം കുടിവെള്ള പദ്ധതി

268 (988) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നെയ്യാർ ഡാം കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രതിദിനം നെയ്യാറിൽ നിന്നും എത്രലക്ഷം ലിറ്റർ വെള്ളം തിരുവനന്തപുരം നഗരത്തിലെത്തിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ തുക കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെടുന്ന ജലക്ഷാമത്തിന് പരിഹാരം കാണുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. നെയ്യാർ ഡാം പരിസരത്ത് പ്രതിദിനം 120 ദശലക്ഷം ലിറ്റർ (എം.എൽ.ഡി.)ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും നിർമ്മിച്ച് അവിടെനിന്നും 1422 മി.മീ. വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് ഗ്രാവിറ്റിയിൽ തിരുവനന്തപുരം നഗരത്തിൽ 100 എം.എൽ.ഡി. ശുദ്ധജലമെത്തിക്കാനാണ് കേരള വാട്ടർ അതോറിറ്റി വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ പൈപ്പ് ലൈൻ കടന്നുവരുന്ന പഞ്ചായത്തുകളായ മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ എന്നീ പഞ്ചായത്തുകൾക്ക് ഈ പദ്ധതിയിൽനിന്നും 20 എം.എൽ.ഡി. ശുദ്ധജലം ലഭ്യമാകും.

(ബി) 100 ദശലക്ഷം ലിറ്റർ.

(സി) ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി 60 കോടി രൂപ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പൈപ്പ് ലൈനിന്റെയും ബാക്കി ഘടകങ്ങളുടെയും നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി അധികമായി 100 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം തിരുവനന്തപുരം നഗരത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കും. അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ 75 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ പണികളും പുരോഗമിച്ചുവരുന്നു. ഈ രണ്ട് പദ്ധതികളും പൂർത്തീകരിക്കുന്നതോടുകൂടി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമാകും.

## കാളിപ്പാറ പദ്ധതി

269 (989) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളിപ്പാറ പദ്ധതി കൊല്ലയിൽ ഗ്രാമപഞ്ചായത്തിലേക്ക് നീട്ടി നൽകി ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് കൊല്ലയിൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ ജലവിതരണം നടത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ പദ്ധതിപ്രകാരം പൊൻവിളയിലെ ജലസംഭരണിയിൽ നിന്നും ശുദ്ധജലം ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഉപരിതല സംഭരണിയിൽ എത്തിക്കാനും ഇതിൽനിന്നും കൊല്ലയിൽ പഞ്ചായത്തിൽ ജലവിതരണം നടത്താനുമാണ് വിഭാവന ചെയ്തിരിക്കുന്നത്. എന്നാൽ, കാളിപ്പാറ പദ്ധതിയിൽനിന്നും പൊൻവിളയിൽ പൂർണ്ണതോതിൽ ശുദ്ധജലമെത്തിക്കുന്നതിന് നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷന് സമീപം റെയിൽവേ ക്രോസിംഗിന് അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ ഇതര മാർഗ്ഗമെന്ന നിലയിൽ റെയിൽവേ ക്രോസിംഗ് എത്തുന്നതിനുമുമ്പുള്ള ഭാഗത്തുനിന്നും ശുദ്ധജലം ടാപ്പ് ചെയ്ത് ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ എത്തിക്കാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ ശുദ്ധജല സംഭരണി

270 (990) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന ഞാറക്കൽ ശുദ്ധജല സംഭരണിയിലേക്കുള്ള ശുദ്ധജലം എവിടെ നിന്നാണെന്നും ഏത് പദ്ധതി പ്രകാരമാണെത്തിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജലസംഭരണിയിൽ സംഭരിക്കുന്ന ജലം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലുവ ജലശുദ്ധീകരണശാലയിൽനിന്നും പുതുവൈപ്പ് സംഭരണിയിൽ എത്തുന്ന ജലം പമ്പ് ചെയ്താണ് ഞാറയ്ക്കൽ ശുദ്ധജല സംഭരണിയിൽ എത്തുന്നത്. ജിഡ പദ്ധതി പ്രകാരമാണ് പ്രസ്തുത സംഭരണിയിൽ ശുദ്ധജലം എത്തിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) നായരമ്പലം പഞ്ചായത്തിലും ഞാറയ്ക്കൽ പഞ്ചായത്തിൽ ഭാഗികമായുമാണ് ജല വിതരണം നടത്തുന്നതിനായി ഉദ്ദേശിക്കുന്നത്.

## വളാഞ്ചേരി നഗരസഭയിലെ കുടിവെള്ള പദ്ധതി

271 (991) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് വകുപ്പിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ;

(ബി) തിരുനാവായ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നില്ലെന്ന പ്രശ്നം കെ.ഡബ്ല്യൂ.എ. പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധന റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) 17-7-2017-ലെ 2715/M(WR)VIP/2017 എന്ന നമ്പരിലുള്ള ഫയലിൽ വകുപ്പും കെ.ഡബ്ല്യൂ.എ.-യും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇത് സംബന്ധിച്ച പ്രൊപ്പോസലിന്മേൽ ബന്ധപ്പെട്ട എ.എൽ.എ.-യ്ക്ക് മറുപടിയോ അറിയിപ്പുകളോ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വളാഞ്ചേരി നഗരസഭയുടെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കണമെന്ന പ്രൊപ്പോസൽ അംഗീകരിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാന ജലവിഭവ വകുപ്പ് അംഗീകരിച്ചതും കിഫ്ബിയുടെ അനുമതി ലഭിച്ചതുമായ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വളാഞ്ചേരി നഗരസഭയിലെ ഉയർന്ന പ്രദേശങ്ങളായ കർത്തല, ചുങ്കം, കോണിക്കല്ല്, ചീരാണി എന്നിവിടങ്ങളിൽ എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി തിരുനാവായ കുടിവെള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-18-ൽ അനുമതി ലഭ്യമാക്കിയിട്ടുള്ള 72.17 കോടി രൂപയുടെ എടയൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ സാങ്കേതികാനുമതിക്ക് വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധിച്ചിട്ടില്ല, ബാധകമല്ല.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 30-6-2017-ലെ കത്തിന്റെ അടിസ്ഥാനത്തിൽ വളാഞ്ചേരി നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് ഔദ്യോഗികമായി മറുപടികളൊന്നും തന്നെ കേരള വാട്ടർ അതോറിറ്റി നൽകിയിട്ടില്ല.

(ഡി&ഇ) കിഫ്ബി 2017-2018-ൽ 72.17 കോടി രൂപയുടെ അംഗീകാരം ലഭിച്ചു.

## മുക്കത്തെ ശുദ്ധജലക്ഷാമം

272 (992) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് ആവിഷ്കരിച്ച കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് പ്രത്യേകം വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ അപ്രായോഗിക വ്യവസ്ഥകൾ ഒഴിവാക്കി പദ്ധതി പൂർണ്ണമായും ജല അതോറിറ്റിക്ക് കീഴിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 400 കോടി രൂപ മതിപ്പ് ചെലവ് കണക്കാക്കുന്ന ബൃഹത് പദ്ധതിയുടെ ഒന്നാംഘട്ടമായ 60 കോടി രൂപയുടെ പ്രവൃത്തിക്ക് പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്.

(ബി&സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് ജലം ലഭ്യമാക്കാനുള്ള പുതുക്കിയ പദ്ധതിയോടുകൂടി പ്രൊപ്പോസൽ തയ്യാറാക്കാൻ ജല അതോറിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ വിതരണ കുഴൽ പരിപാലനം, റവന്യൂ പിരിവ് എന്നിവ അതത് സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുകയും ബൾക്ക് മീറ്റർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിതരണ ശൃംഖലയിലേയ്ക്ക് നൽകുന്ന വെള്ളത്തിന്റെ മൊത്തത്തിലുള്ള തുക ജല അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുമായി ഒരു യോഗം കൂടി ചർച്ച ചെയ്ത് തീരുമാനം അറിയിക്കാൻ ഉത്തര മേഖല ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഞാറയ്ക്കൽ, മുരിക്കുംപാടം ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം

273 (993) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ, മുരിക്കുംപാടം ശുദ്ധജല ടാങ്കുകളുടെ നിർമ്മാണ പ്രവൃത്തി വൈകിയതിന് കരാറുകാരനിൽനിന്നും ഈടാക്കിയ പിഴ എത്രയെന്നും ഏതൊക്കെ കാലയളവിലെന്നും വ്യക്തമാക്കാമോ;

(ബി) ഇരു പ്രവൃത്തികൾക്കുമായി കരാർ നീട്ടിക്കൊടുക്കുന്നതിന് ആധാരമായ കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; എത്രതവണ കരാർ നീട്ടികൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കേരള ജല അതോറിറ്റി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 9-2-2014-ൽ കരാറുകാരന് നൽകിയ ആറാമത്തെ പാർട്ട് ബില്ലിൽനിന്നും ഒരു ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ട്. എന്നാൽ സമയം നീട്ടി നൽകിയതിനുശേഷവും നിർമ്മാണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്നതിനാൽ കരാർ തുകയുടെ 10% തുകയായ 56,93,094 രൂപ പിഴയായി ഈടാക്കേണ്ടതുണ്ട്. ഇതിൽ ഒരു ലക്ഷം രൂപ ഈടാക്കിയത് കഴിച്ച് ബാക്കി 55,93,094 രൂപ പിഴ ഈടാക്കേണ്ടതായിട്ടുണ്ട്.

മുരിക്കുംപാടം ജലസംഭരണിയുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വീഴ്ചവരുത്തിയതിന് കരാറുകാരനിൽനിന്നും പിഴ ഈടാക്കിയിട്ടില്ല. പക്ഷെ പ്രവൃത്തികൾ കരാറുകാരന്റെ വീഴ്ചമൂലം യഥാസമയം പൂർത്തീകരിക്കാത്തതിനാൽ കരാർ തുകയായ 10% പിഴ 54,69,825 രൂപ ഈടാക്കുന്നതിനും ബാക്കി നിർമ്മാണ പ്രവൃത്തികൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഈ പ്രവൃത്തികളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള കാലതാമസം, തൊഴിൽ തർക്കം, ടിപ്പർ ലോറി സമരം, ക്വാറി സമരം എന്നീ കാരണങ്ങളാണ് കരാർ നീട്ടികൊടുക്കുന്നതിന് കാരണമായത്.

മുരിക്കുംപാടം ജലസംഭരണിയുടെ കരാർ കാലാവധി 5 പ്രാവശ്യവും ഞാറയ്ക്കൽ ജലസംഭരണിയുടെ കരാർ 4 പ്രാവശ്യവും നീട്ടിനൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തികൾക്ക് ദർഘാസ് സ്വീകരിക്കുകയും ആയതിന്റെ തുടർനടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

## മൈനോറിറ്റി കുടിവെള്ള പദ്ധതി

274(994) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ പഞ്ചായത്തിൽ ഉൾപ്പെട്ട വെട്ടത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ഏരിയ കുടിവെള്ള പദ്ധതിക്കും പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ മൗലാന ജംഗ്ഷൻ മുതൽ ഊട്ടിറോഡ് ബൈപ്പാസ് ജംഗ്ഷൻ വരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കും നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള ഈ കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതി ത്വരിതപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ കൃത്യമായ മോണിറ്ററിംഗ് നടത്താത്തതാണ് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാത്തതിന് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കണ്ട് ഈ പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വെട്ടത്തൂർ സർവ്വീസ് ഏരിയ കുടിവെള്ള പദ്ധതിക്കുവേണ്ടി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്ത പ്രവൃത്തി കിണറിനുള്ള സ്ഥലം ലഭ്യമാക്കാനാകാതെ റദ്ദ് ചെയ്യുകയും ഇതിനുശേഷം പുതുക്കിയ സ്ഥലം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴേയ്ക്കും ഭരണാനുമതിയുടെ കാലാവധി കഴിയാത്തതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്നു. 19-4-2018-ന് മൈനോറിറ്റി വിഭാഗവും കേരള വാട്ടർ അതോറിറ്റിയുമായി നടന്ന മീറ്റിംഗിൽ 2016-ന് മുമ്പ് ഭരണാനുമതി ലഭ്യമായതും ഇതുവരെ നടപ്പിലാക്കാത്തതുമായ പ്രവൃത്തികൾ നടപ്പിലാക്കേണ്ട എന്ന നിർദ്ദേശവുമുണ്ടായി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മൗലാന ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപ്പാസ് ജംഗ്ഷൻ വരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിക്ക് റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ മാത്രം 29,67,800 രൂപ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടു. ഇപ്പോൾ KIIFB TRAN

10 WRD 025-13 രാമഞ്ചാടി പദ്ധതിയിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ മുഴുവൻ എ.സി. പൈപ്പുകളും മാറ്റുന്നതിന് 92.52 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഈ പ്രദേശവും ഉൾപ്പെടുത്തിയതിനാൽ ഇനി ഈ പ്രവൃത്തി മൈനോറിറ്റി പദ്ധതിയിൽ ചെയ്യേണ്ടതില്ല.

**അമ്പലപ്പാറ കുടിവെള്ള പദ്ധതി**

275(995) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ പൂർത്തീകരണത്തിനായി എത്ര തുകയുടെ പ്രൊപ്പോസലാണ് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ എന്നാണ് സമർപ്പിച്ചത്; അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി അമ്പലപ്പാറ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 10 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 18-7-2018-ൽ കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബിയുടെ വിശദമായ പരിശോധനകൾക്കിടയിൽ നിർദ്ദേശിക്കപ്പെട്ട മാറ്റങ്ങൾ ഉൾപ്പെടുത്തിയും ഇപ്പോഴത്തെ റോഡ് റെസ്റ്റോറേഷൻ ചാർജിൽ വന്ന വ്യത്യാസവും കണക്കിലെടുത്ത് 11.14 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽനിന്നും 12-11-2018-ൽ 11.14 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡ് ഡിവിഷനിൽനിന്നും റോഡ് റെസ്റ്റോറേഷൻ ചാർജ്ജിന്റെ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

276 (996) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന ഭരണാനുമതി ലഭിച്ച വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ വിവിധ പദ്ധതികൾക്ക് രണ്ട് വർഷത്തിലധികമായി സാങ്കേതികാനുമതി നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണാനുമതി ഉള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി സാങ്കേതികാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) മാനന്തവാടി നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പും ജല അതോറിറ്റിയും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ഭൂജല വകുപ്പ് വിവിധ പഞ്ചായത്തുകളിലെ 23 സ്ഥലങ്ങളിൽ കുഴൽപമ്പ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 2,31,426 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടവക, പനമരം, തവിഞ്ഞാൽ, തൊണ്ടേർനാട്, വെള്ളമുണ്ട എന്നീ ഗ്രാമപഞ്ചായത്തുകളിലായി ജലനിധി രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി 12,079 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന 79 പദ്ധതികൾക്കായി 54.99 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. അതിൽ 76 പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി, 11,172 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്തുവരികയാണ്. തവിഞ്ഞാൽ, പനമരം ഗ്രാമപഞ്ചായത്തുകളിൽ ഇനിയും 3 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. അതിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നീ വകുപ്പുകളിലെ പദ്ധതികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു.* ജലനിധി പദ്ധതികളുടെ ഭരണാനുമതി നൽകുന്നത് അതത് ഗ്രാമപഞ്ചായത്തുകളാണ്.

(സി&ഡി) ജലസേചന വകുപ്പിനുകീഴിൽ മാനന്തവാടി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ ചില പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റുകളിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ചീഫ് എഞ്ചിനീയർ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റി, ഭൂജല വകുപ്പ്, ജലനിധി എന്നീ വകുപ്പുകളിൽ രണ്ട് വർഷത്തിലധികമായി സാങ്കേതികാനുമതി നൽകാൻ കഴിയാത്ത പദ്ധതികൾ ഒന്നും ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തച്ചനാട്ടുകര കുടിവെള്ള പദ്ധതി

277 (997) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തച്ചനാട്ടുകര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര തുകയുടെ പ്രപ്പോസലാണ് പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തച്ചനാട്ടുകര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) തച്ചനാട്ടുകര, കോട്ടോപ്പാടം പഞ്ചായത്തുകളുടെ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അലനല്ലൂർ പഞ്ചായത്തിൽ സർവ്വേ വർക്കുകളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

## ചങ്ങനാശ്ശേരി-തിരുവല്ല നഗരങ്ങൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി

278 (998) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി-തിരുവല്ല നഗരങ്ങൾക്ക് വേണ്ടിയുള്ള പുതിയ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിലൂടെ ചങ്ങനാശ്ശേരി നഗരത്തിന് ഒരു ദിവസം അധികമായി എത്ര ലിറ്റർ ജലം ലഭ്യമാകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലെ പ്രധാന ജോലികൾ എന്തൊക്കെയാണെന്നും പദ്ധതിയുടെ ചെലവ് എത്രയെന്നും അറിയിക്കാമോ;

(ഡി) കുടിവെള്ള ക്ഷാമം പരിഗണിച്ച് സമയബന്ധിതമായി ഈ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി അഞ്ച് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. ഒന്നും രണ്ടും പാക്കേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പാക്കേജ് ഒന്നിലെ 40% പ്രവൃത്തികളും പാക്കേജ് രണ്ടിലെ 76% പ്രവൃത്തികളും പൂർത്തീകരിച്ചു.

പാക്കേജ് III a – ടെണ്ടർ ചെയ്യാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

പാക്കേജ് III b – ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

പാക്കേജ് IV – പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) 50 ലക്ഷം ലിറ്റർ.

(സി) <u>പാക്കേജ് I</u>

കല്ലിശ്ശേരിയിൽ 10 MLD ശുദ്ധീകരണശാലയുടെ നിർമ്മാണം, 25 MLD ശുദ്ധീകരണശാലയുടെ നവീകരണം, തിരുവല്ലയിലെ 33 MLD ശുദ്ധീകരണശാലയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, റോ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ.

<u>പാക്കേജ് II</u>

തിരുമൂലപുരത്ത് 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണി, 2 ലക്ഷം ലിറ്റർ സമ്പ് എന്നിവയുടെ നിർമ്മാണം, തിരുവല്ലയിൽ 22 ലക്ഷം ലിറ്റർ ഉപരിതല സംഭരണിയും ഓഫീസ് കോംപ്ലക്സിന്റെയും നിർമ്മാണം, ട്രാൻസ്മിഷൻ മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കൽ, 2500 ഹൗസ് കണക്ഷനുകൾ, സോളാർ പാനൽ സ്ഥാപിക്കൽ.

<u>പാക്കേജ് III a</u>

തിരുവൻവണ്ടൂരിൽ 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണിയുടെ നിർമ്മാണം, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, തിരുവൻവണ്ടൂർ പഞ്ചായത്തിലേയ്ക്ക് വിതരണ ശൃംഖല സ്ഥാപിക്കൽ.

<u>പാക്കേജ് III b</u>

കുറ്റൂരിൽ 15 ലക്ഷം ലിറ്റർ ഉപരിതല സംഭരണിയുടെ നിർമ്മാണം, ഉപരിതല സംഭരണിയിലേയ്ക്ക് ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, കുറ്റൂർ പഞ്ചായത്തിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കൽ.

പാക്കേജ് IV

കല്ലിശ്ശേരി സബ്സ്റ്റേഷന്റെ അപ്ഗ്രേഡേഷൻ, കറ്റോട് റോ വാട്ടർ പമ്പ് ഹൗസ് - HT പമ്പ് സ്റ്റേഷൻ അപ്ഗ്രഡേഷൻ, ഓൾഡ് കുട്ടനാട് പമ്പ് ഹൗസ്, പുതിയ കുട്ടനാട് പമ്പ് ഹൗസ്, തിരുവല്ല പ്ലാന്റിലെ ഇലക്ട്രിക്കൽ വർക്കുകൾ അപ്ഗ്രഡേഷൻ.

കൂടാതെ കല്ലിശ്ശേരി ഇൻടേക്കിന് ട്രീറ്റ്മെന്റ് പ്ലാന്റ്, തിരുവല്ല ഓഫീസ് കോമ്പൗണ്ട് എന്നിവയ്ക്കുള്ള ഡെഡിക്കേറ്റഡ് ഇലക്ട്രിസിറ്റി ഫീഡർ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.എൽ.-ൽനിന്നും ലഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ (2016-2017) നടപ്പിലാക്കുന്നതിന് പ്രസ്തുത പദ്ധതിക്ക് 58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി മോണിറ്ററിംഗ് സംവിധാനം നടത്തുന്നതിനുപുറമെ അവലോകന യോഗങ്ങൾ വിവിധ തലങ്ങളിൽ നടത്തിവരികയും; മാസം തോറും സർക്കിൾ തലത്തിൽ വിശദമായ അവലോകനം നടത്തി കുറവുകൾ നികത്തുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്ത് കാലതാമസം ഒഴിവാക്കി വർക്ക് പ്ലാൻ അനുസരിച്ച് പ്രവൃത്തികൾ മുമ്പോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പൊൻമുടിയിലെ കുടിവെള്ള ദൗർലഭ്യം**

279 (999) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയിൽ വേനൽക്കാലങ്ങളിൽ കുടിവെള്ള ദൗർലഭ്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊൻമുടി തിരുവനന്തപുരം ജില്ലയിൽ സമുദ്ര നിരപ്പിൽനിന്നും വളരെയധികം ഉയർന്ന പ്രദേശമായതിനാലും ഇതിന് സമീപത്തായി ജല സ്രോതസ്സുകളുടെ അപര്യാപ്തതയുള്ളതും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തടസ്സമാകുന്നുണ്ട്.

(സി) ടൂറിസം വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതിക്ക് 14.98 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതു കൂടാതെ നിലവിലുള്ള സംവിധാനത്തിന്റെ പൊൻമുടി സ്ലോ സാന്റ് ഫിൽട്രേഷൻ ബെഡിലെ ഫിൽറ്റർ മീഡിയ പാക്ക് ചെയ്യുന്നതിന് 5.21 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**തോടുകളുടെ സംരക്ഷണം**

280 (1000) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോടുകളുടെ സംരക്ഷണത്തിനുവേണ്ടി നടപ്പുവർഷം അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ തോടുകളുടെ സംരക്ഷണത്തിനുവേണ്ടി നടപ്പുവർഷം ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് വേണ്ടി നടപ്പുവർഷം അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ജില്ലതിരിച്ച് അറിയിക്കാമോ;

(ഡി) ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് നടപ്പുവർഷം മലപ്പുറം ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) തോട് സംരക്ഷണം, ചെക്ക്ഡാം നിർമ്മാണം എന്നിവയിലേക്ക് പ്രവൃത്തി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം, രീതി എന്നിവ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എഫ്.സി., എഫ്.ഡി., റിപ്പയേഴ്സ് ടു എഫ്.ഡി. എന്നീ ശീർഷകങ്ങളിലായി 35 കോടി രൂപ അനുവദിച്ചിരുന്നു.

നടപ്പുവർഷം ഈ ശീർഷകത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

2711-01-103-99-34-3-എഫ്.സി-287.15 ലക്ഷം രൂപ.

2711-01-103-98-എഫ്.ഡി-392.68 ലക്ഷം രൂപ.

2702-03-101-98(3)-515.89 ലക്ഷം രൂപ.

(ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ചെക്ക് ഡാം/വി.സി.ബി. എന്നിവയുടെ നിർമ്മാണത്തിനുവേണ്ടി എം.ഐ.ക്ലാസ് 1 ഹരിതകേരളം, എം.ഐ.ക്ലാസ് 2 ഹരിതകേരളം, പ്രയോറിറ്റി ഓഫ് എം.ഐ.വർക്സ് എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി നടപ്പുസാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ 50 ലക്ഷം രൂപ, വയനാട് ജില്ലയിൽ 235 ലക്ഷം രൂപ, മലപ്പുറം ജില്ലയിൽ 75 ലക്ഷം രൂപ, കാസർഗോഡ് ജില്ലയിൽ 148.5 ലക്ഷം രൂപ, കോഴിക്കോട് ജില്ലയിൽ 75 ലക്ഷം രൂപ, തിരുവനന്തപുരം ജില്ലയിൽ 20 ലക്ഷം രൂപ, കൊല്ലം ജില്ലയിൽ 73.5 ലക്ഷം രൂപ, കോട്ടയം ജില്ലയിൽ 45 ലക്ഷം രൂപ എന്നിങ്ങനെ അനുവദിച്ചു. ഈ പ്രവൃത്തികൾക്കായി നടപ്പുവർഷം ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) മലപ്പുറം ജില്ലയിൽ കടലുണ്ടി പുഴയ്ക്ക് കുറുകെ ആനപ്പാറ പൊറ്റമ്മാൾ ചെക്ക് ഡാമിന് വേണ്ടി 6 കോടി രൂപയും ചെറുപുഴയ്ക്കു കുറുകെ കാളികാവിൽ ഒരു വി.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 1.40 കോടി രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. ഇതിൽ ആനപ്പാറ പൊറ്റമ്മാൾ ചെക്ക് ഡാമിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. കാളികാവ് വി.സി.ബി.-യുടെയും നടപ്പു സാമ്പത്തിക വർഷം അനുമതി ലഭിച്ച 75 ലക്ഷം രൂപയുടെയും പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) <u>തോടുകളുടെ സംരക്ഷണം</u>

പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി അത്യാവശ്യമാണെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് തോട് സംരക്ഷണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കൃഷി സ്ഥലങ്ങളിലേയ്ക്ക് വെള്ളം കയറുന്നത് വീടുകൾക്കും മറ്റ് നിർമ്മിതികൾക്കും ഭീഷണിയാവുക എന്നിവ ഇതിനായി പരിഗണിക്കാറുണ്ട്. ജലസേചന വകുപ്പ് നിർമ്മിതികളോടനുബന്ധിച്ച ആവശ്യമായ സ്ഥലങ്ങളിലും സംരക്ഷണഭിത്തി നിർമ്മിക്കാറുണ്ട്.

<u>ചെക്ക് ഡാം നിർമ്മാണം</u>

കാർഷികാവശ്യങ്ങൾക്കും കുടിവെള്ളം മുതലായ മറ്റ് ആവശ്യങ്ങൾക്കും ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യം പരിഗണിച്ചും തോട്/പുഴ എന്നിവയിലെ ജലലഭ്യത പരിഗണിച്ചുമാണ് അനുയോജ്യമായ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിന് പദ്ധതികൾ തയ്യാറാക്കുന്നത്. ഈ വിഷയത്തിലും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കാറുണ്ട്.

## ഹരിത കേരള മിഷൻ

281 (1001) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിത കേരള മിഷന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജലവിഭവവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഹരിത കേരളം മിഷന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ക്ഷേത്രക്കുളവും ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് നമ്പൂതിരി ക്ഷേത്രക്കുളവും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

## ജനങ്ങൾ നേരിടുന്ന പൊടിശല്യവും യാത്രാക്ലേശവും

282 (1002) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിക്കായി റോഡ് വെട്ടിപ്പൊളിച്ച് പൈപ്പിടുന്ന പ്രവൃത്തി സമയബന്ധിതമായും കാര്യക്ഷമമായും നടത്താത്തതിനാൽ ജനങ്ങൾ നേരിടുന്ന പൊടിശല്യവും യാത്രാക്ലേശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള പദ്ധതിക്കായി റോഡ് വെട്ടിപ്പൊളിച്ച് പൈപ്പിടുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) പൈപ്പിടുന്നതിനായി റോഡ് കട്ടിംഗിന് പൊതുമരാമത്ത് വകുപ്പിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവാദം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) റോഡ് കട്ടിംഗിന് അനുവാദം ലഭിക്കുന്നതിനായി ജല അതോറിറ്റി എന്നാണ് അപേക്ഷ സമർപ്പിച്ചത്;

(ഇ) എത്ര രൂപയാണ് ഇതിനായി കെട്ടിവയ്ക്കേണ്ടതായിട്ടുള്ളത്; പൊതുമരാമത്ത് വകുപ്പ് പ്രസ്തുത തുക കെട്ടിവയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് എന്നാണ് സമർപ്പിച്ചത്; വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തുക എന്നത്തേക്ക് കെട്ടിവയ്ക്കാൻ സാധിക്കുമെന്നും അടുത്ത മഴക്കാലത്തിന് മുൻപ് പൊതുമരാമത്തിന്റെ അനുവാദം വാങ്ങി പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കേരള വാട്ടർ അതോറിറ്റി നേരിടുന്ന കാലതാമസത്തിനുള്ള കാരണം.

(സി) 609 മീറ്റർ നീളത്തിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. 441 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കാനുണ്ട്. 22-12-2016-ൽ PWD നൽകിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 51.17 ലക്ഷം രൂപയാണ് കെട്ടിവയ്ക്കേണ്ടിയിരുന്നത്. ഈ തുക അടച്ചിട്ടുണ്ട്. പുതുക്കിയ PWD നിരക്ക് അനുസരിച്ച് 17.92 ലക്ഷം രൂപകൂടി അടയ്ക്കേണ്ടതുണ്ട് എന്ന് 26-12-2018-ൽ PWD അറിയിച്ചതനുസരിച്ച് കേരള വാട്ടർ അതോറിറ്റി തുടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 29-9-2016 -ൽ.

(ഇ&എഫ്) 22-12-2016-ൽ PWD നൽകിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 51.17 ലക്ഷം രൂപയാണ് കെട്ടിവയ്ക്കേണ്ടിയിരുന്നത്. ഇപ്രകാരം 51.17 ലക്ഷം രൂപ അടച്ചിട്ടുണ്ട്. 26-12-2018-ൽ 17.92 ലക്ഷം രൂപകൂടി അടയ്ക്കേണ്ടതായിട്ടുണ്ടെന്ന് PWD അറിയിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിപ്രസ്തുത തുക കെട്ടിവച്ച് അടുത്ത മഴക്കാലത്തിനുമുമ്പായി ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## എൽനിനോ പ്രതിഭാസംമൂലം വരൾച്ച ഉണ്ടാകുവാനുള്ള സാധ്യത

283 (1003) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പസഫിക് സമുദ്രത്തിൽ എൽനിനോ സാധ്യത കൂടിയതുമൂലം രാജ്യത്ത് തെക്ക്പടിഞ്ഞാറൻ കാലവർഷത്തിന്റെ തോത് കുറയുമെന്നുള്ള കുസാറ്റ് കാലാവസ്ഥ ഗവേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പ് സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഈ വർഷം ഈ പ്രതിഭാസംമൂലം വരൾച്ച ഉണ്ടാകുവാനുള്ള സാധ്യത പരിഗണിച്ച് എന്തൊക്കെ മുൻകരുതലുകളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുടിവെള്ളം പാഴായി പോകുന്നത് തടയുന്നതിനും കാലേക്കൂട്ടി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എൽനിനോ സാധ്യതയുമായി ബന്ധപ്പെടുത്തി കുസാറ്റ് കാലാവസ്ഥാ പഠനവിഭാഗത്തിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രളയാനന്തരം മഴയുടെ ലഭ്യതയിൽ വന്നിട്ടുള്ള കുറവ് കണക്കിലെടുത്ത് ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലെ ജലമാനേജ്മെന്റ് കൂടുതൽ ശാസ്ത്രീയമായി നിർവ്വഹിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. കൂടാതെ കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് കൂടുതൽ സംഭരണശേഷി കൈവരിക്കുന്നതിനുള്ള നടപടികളും ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു.

കേരള ജല അതോറിറ്റിയുടെ കുടിവെള്ളസ്രോതസ്സുകളിലും സാധാരണയിൽക്കവിഞ്ഞ ജല ലഭ്യതക്കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും കുടിവെള്ള സ്രോതസ്സുകളുടെ ജലലഭ്യത മഴയെമാത്രം ആശ്രയിച്ചായതിനാൽ മഴയുടെ ലഭ്യതയിലുണ്ടാകുന്ന കുറവ് വരൾച്ചാ സമാനമായ സ്ഥിതിവിശേഷം ഉണ്ടാക്കിയേക്കും എന്ന നിഗമനത്തിൽ അത്തരമൊരു സാഹചര്യം ഉണ്ടായാൽ ബാധിക്കാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ അവലോകനവും സ്വീകരിക്കേണ്ട നടപടികളും സംബന്ധിച്ച് അവലോകനയോഗം നടത്തിയിട്ടുണ്ട്. കൂടാതെ സ്രോതസ്സുകളിൽ ഇപ്പോൾ നിലവിലുള്ള ജലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനായി കേരള ജല അതോറിറ്റി മേഖലാ ചീഫ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വേനൽ രൂക്ഷമാകുന്ന സ്ഥിതിവിശേഷത്തെ നേരിടാൻ താത്ക്കാലിക തടയണ നിർമ്മാണം, ഗാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ, തുടങ്ങി അത്യാവശ്യ മുൻകരുതൽ പ്രവൃത്തികൾ ആവശ്യാനുസരണം കേരള ജല അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ കിണർ കുഴിക്കൽ, കേടായതും കാര്യക്ഷമത കുറഞ്ഞതുമായ പമ്പ്/മോട്ടോർ തുടങ്ങിയവ നന്നാക്കൽ, ഇന്റർ കണക്ഷൻ, ടാങ്കർ ലോറിക്ക് ജലം നിറയ്ക്കാനുള്ള സൗകര്യമൊരുക്കൽ തുടങ്ങി ജലവിതരണം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള വിവിധയിനം പ്രവൃത്തികളുടെ സംഗ്രഹം എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു.

(സി) കേരള ജലഅതോറിറ്റിയുടെ കുടിവെള്ളസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി സാധ്യമായ സ്ഥലങ്ങളിൽ വേലികെട്ടുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. കുടിവെള്ളം പാഴായിപ്പോകുന്നത് പ്രധാനമായും ദുരുപയോഗം കാരണവും പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ചോർച്ച മൂലവുമാണ്. ജലത്തിന്റെ ദുരുപയോഗം തടയുന്നതിനായി കേരള ജല അതോറിറ്റിയിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെതന്നെ ഓരോ സെക്ഷന്റെ പരിധിയിലും ഉള്ള ജലത്തിന്റെ ദുരുപയോഗം കണ്ടുപിടിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ജല ദുരുപയോഗവുമായി ബന്ധപ്പെട്ട് പത്ര, ദൃശ്യ, ശ്രവ്യ മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചോർച്ചമൂലമുള്ള ജലനഷ്ടം കുറയ്ക്കുവാനായി ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിലേക്കായി റണ്ണിംഗ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് എന്നീ സംവിധാനങ്ങൾ പ്രവർത്തിച്ചു വരുന്നു. പുറമെ കാണപ്പെടാത്ത ലീക്കുകൾ കണ്ടുപിടിച്ച് പരിഹരിക്കാൻ വേണ്ടി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകളാണ് കൂടുതലും പൊട്ടുന്നത് എന്നതിനാൽ ഇത്തരം പൈപ്പുകൾ കണ്ടെത്തി സംസ്ഥാന ഗവൺമെന്റിന്റെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലും കിഫ്ബി-യിലും അമൃത് പദ്ധതിയിലും ഉൾപ്പെടുത്തി അവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ എം.എൽ.എ./എം.പി.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ മാറ്റിസ്ഥാപിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കെട്ടിടങ്ങൾക്ക് ചുമത്തുന്ന ലേബർ സെസ്

284(1004) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾക്ക് ചുമത്തിവരുന്ന ലേബർ സെസിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഒരിക്കൽ സെസ് ചുമത്തിയ കെട്ടിടങ്ങൾക്ക് ചെറിയ മാറ്റങ്ങൾ വരുത്തിയതിന്റെ പേരിൽ വീണ്ടും ഭാരിച്ച തുക സെസ് ചുമത്തുന്ന രീതി മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലേബർ സെസ് ചുമത്തുന്നതിന് നിലവിലുള്ള അശാസ്ത്രീയ സ്ലാബ് സംവിധാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് പ്രകാരം സെസ്സ് നിർണ്ണയിക്കുന്നതിന് പൊതു മാനദണ്ഡം പുതുക്കി നിശ്ചയിച്ചുകൊണ്ട് 14-7-2017 -ൽ സ.ഉ. (കൈ) 52/17/തൊഴിൽ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഒരിക്കൽ സെസ്സ് ചുമത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തുന്നതു മൂലം പ്ലിന്ത് ഏരിയയിൽ വർദ്ധനവ് വരുന്ന സാഹചര്യങ്ങളിൽ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിട ഭാഗത്തിന്റെ നിർമ്മാണച്ചെലവിനാനുപാതികമായി സെസ്സ് ഈടാക്കിവരുന്നുണ്ട്.

(സി) ലാന്റ് റവന്യൂ കമ്മീഷണർ, പൊതുമരാമത്ത് കെട്ടിട വിഭാഗം എന്നിവർ നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രായോഗികവും ശാസ്ത്രീയവുമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ സെസ്സ് നിശ്ചയിക്കുന്നതിന് സ്ലാബ് അടിസ്ഥാനത്തിൽ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്.

## ഇ പേമെന്റ് സംവിധാനം

285 (1005) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പ് വരുത്തുന്നതിന് ഇ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇല്ല.

## അസംഘടിത തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

286 (1006) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അസംഘടിത മേഖലകളിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് എത്ര രൂപയാണ് പെൻഷൻ ആയി വിതരണം ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അർഹതപ്പെട്ട പലർക്കും ഈ പെൻഷൻ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അസംഘടിത മേഖലകളിലെ തൊഴിലാളികൾക്കുവേണ്ടി രൂപീകരിച്ച കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള റിട്ടയർമെന്റ് പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. റിട്ടയർമെന്റ് പെൻഷൻ: 60 വയസ്സ് പൂർത്തിയാക്കി പദ്ധതിയിൽ നിന്ന് റിട്ടയർ ചെയ്യുന്ന അംഗത്തിന് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പെൻഷൻ തുക (നിലവിൽ 1,100 രൂപ) നൽകിവരുന്നു.

2. കുടുംബ പെൻഷൻ: പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് പ്രതിമാസം 300 രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

3. അവശതാ പെൻഷൻ: പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നപക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ത്തിന് മുകളിലാണെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷനായി പ്രതിമാസം 1,100 രൂപ നൽകുന്നതാണ്.

(ബി) അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് വഴി വിതരണം ചെയ്ത പെൻഷൻ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 45,49,600 |
| കൊല്ലം | 21,34,000 |
| പത്തനംതിട്ട | 8,40,400 |
| ആലപ്പുഴ | 16,58,800 |
| കോട്ടയം | 12,98,000 |
| ഇടുക്കി | 2,33,200 |
| എറണാകുളം | 9,72,400 |
| തൃശ്ശൂർ | 3,96,000 |
| പാലക്കാട് | 11,83,600 |
| മലപ്പുറം | 5,76,400 |
| കോഴിക്കോട് | 16,06,000 |
| വയനാട് | 2,11,200 |
| കണ്ണൂർ | 7,52,400 |
| കാസർഗോഡ് | 4,09,200 |

(സി) പദ്ധതിയുടെ ഏകീകരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന നിയമപരവും സാങ്കേതികവുമായ തടസ്സങ്ങളുള്ള അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. എന്നാൽ മതിയായ രേഖകൾ ഹാജരാക്കി പെൻഷൻ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

**തൊഴിലാളി ക്ഷേമത്തിനായി പുതിയ പദ്ധതികൾ**

287 (1007) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഏതെല്ലാം തൊഴിൽ മേഖലകളിലാണ് അടിസ്ഥാന ശമ്പളം പുതുക്കി നൽകിയത്; ആയത് അവർക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് അറിയിക്കാമോ;

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ഗ്രേഡിംഗ്: തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുക, തൊഴിലാളികൾക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക, നിശ്ചയിക്കപ്പെട്ട മിനിമം വേതനം നൽകുക, സ്ത്രീ സൗഹൃദാന്തരീക്ഷത്തിൽ പ്രവർത്തിക്കുക, വൃത്തിയും വെടിപ്പുമുള്ള തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വ്യാപാര സ്ഥാപനങ്ങളെ തരംതിരിക്കുന്ന പദ്ധതി.

2. കേരള ലേബർ ഡാറ്റാ ബാങ്ക്: തൊഴിൽ മേഖലകൾ തിരിച്ച് തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിച്ച് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ചുള്ള തൊഴിൽ കണ്ടുപിടിക്കുന്ന പദ്ധതി.

3. സ്റ്റുഡിയോ അപ്പാർട്ട്മെന്റ് ഫോർ വർക്കിംഗ് വുമൺ ഇൻ അർബൻ ഏരിയ: നഗര പ്രദേശങ്ങളിൽ താമസിച്ച് ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ വഴി സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ ഒറ്റമുറി അപ്പാർട്ട്മെന്റിൽ താമസസൗകര്യം ഒരുക്കുന്ന ഭവന പദ്ധതി.

4. ശ്രേഷ്ഠ തൊഴിലാളി അവാർഡ്: കേരളത്തിൽ വിവിധ മേഖലകളിൽ ജോലിചെയ്യുന്ന മികച്ച തൊഴിലാളികളെ കണ്ടെത്തി അംഗീകാരം നൽകുന്ന പദ്ധതി.

5. ആവാസ്:- ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 26 തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കിനിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും 9 മേഖലകളിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ തൊഴിൽ നിയമങ്ങളനുസരിച്ച് 113966 സ്ഥാപന പരിശോധനകൾ നടത്തുകയും 12894 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്യുകയും 1321 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മൊത്തം 80 തൊഴിൽ മേഖലകൾ മിനിമം വേതന നിയമം 1948-ലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധം II ആയി ചേർക്കുന്നു.*

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്ക് പരിശോധനക്കുറിപ്പ് നൽകി ലംഘനം പരിഹരിക്കുവാൻ ആവശ്യപ്പെടുന്നു. ആയത് പരിഹരിക്കാത്ത സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തുവരുന്നു.

## പുതിയ തൊഴിൽ നയം

288 (1008) ശ്രീ. പി. കെ. ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതിയ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; അവ നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും, മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉല്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവന ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ് വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതനസുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, സമസ്ത മേഖലയിലും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുക എന്നിവയിലൂടെ തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കാനാണ് തൊഴിൽ നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസ് വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണിവരെയുള്ള സമയങ്ങളിൽ വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ യഥാസമയം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

തൊഴിൽ നയത്തിന്റെ പൂർണ്ണരൂപം അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്ത് നിലവിൽ 80 മേഖലകൾ മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉറപ്പുവരുത്തുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാവിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തുകയും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത തൊഴിലുകൾക്ക് ഒരു അടിസ്ഥാന കൂലിയെങ്കിലും ഉറപ്പുവരുത്തുകയും തെരഞ്ഞെടുത്ത മേഖലകളിൽ ഫെയർ വേജസ് കൊണ്ടുവരികയും ചെയ്യുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/യൂറിനൽ സംവിധാനം, 20-ഉം അതിൽ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ ഹോസ്റ്റൽ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും ഉറപ്പുവരുത്താനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമപ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റും വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു.

**ക്ഷേമനിധി ബോർഡുകളിലെ നിയമനം**

289 (1009) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര ക്ഷേമനിധി ബോർഡുകളാണ് ഉള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡുകളിലെ ചീഫ് എക്സിക്യൂട്ടീവ് ആയി ആരെയെല്ലാമാണ് നിയമിച്ചിരിക്കുന്നതെന്നും നിയമന രീതിയും മാനദണ്ഡവും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ ബോർഡുകളിൽ ലേബർ വകുപ്പിൽ നിന്നും ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നും ചീഫ് എക്സിക്യൂട്ടീവ് തസ്തികയിൽ ഉൾപ്പെടെ എത്ര പേരെയാണ് നിയമിച്ചിരിക്കുന്നതെന്നും അവരുടെ പേര്, തസ്തിക, മാതൃവകുപ്പിലെ തസ്തിക എന്നിവയും ഡെപ്യൂട്ടേഷൻ നിയമനം ചട്ടപ്രകാരമുള്ള സമാന തസ്തികയാണോ എന്നും പരിശോധിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ ഉയർന്ന തസ്തികയിൽനിന്നും ബോർഡിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകുന്നതു വഴി മാതൃവകുപ്പിൽ ഉണ്ടാകുന്ന ഒഴിവിൽ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള കുറുക്കുവഴിയായി ഇത് മാറുകയും ബോർഡിനും സർക്കാരിനും അധിക സാമ്പത്തികബാധ്യത ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ബോർഡുകളിൽ നിയമനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി ഏതെങ്കിലും തസ്തികകളിൽ ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരും, തസ്തികയും തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു:

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്
14. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

(ബി&സി) ഓരോ ബോർഡുകളുമായി ബന്ധപ്പെട്ടുള്ള ആക്ടുകളിൽ പറയുന്ന നിബന്ധനകൾക്കനുസൃതമായി അന്യത്ര സേവന വ്യവസ്ഥയിലാണ് ബോർഡുകളിലേയ്ക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിക്കുന്നത്. ഈ ബോർഡുകളിൽ ലേബർ വകുപ്പിൽനിന്നും ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്നും ചീഫ് എക്സിക്യൂട്ടീവ് തസ്തികയിൽ ഉൾപ്പെടെ നിയമിച്ചിരിക്കുന്നവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോർഡിൽ നിലവിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് മാത്രമെ ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കുന്നുള്ളൂ.

(ഇ) ബോർഡുകളിൽ നിയമനങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ

290 (1010) <u>ശ്രീ. കെ. ദാസൻ:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പദ്ധതികൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്ഷേമനിധി ബോർഡുകളിലെ വിവരശേഖരം സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യുന്നതിനും വിവിധ ക്ഷേമനിധികളിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഓരോ ക്ഷേമനിധി ബോർഡിലും ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നത് ബോർഡുകളുടെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയാണ്. നിലവിൽ ചില ബോർഡുകൾ ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാരിൽ ശിപാർശകൾ സമർപ്പിക്കുകയും സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്ന തിനായി സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം

291 (1011) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും, മറ്റ് ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മിനിമം വേതന വിജ്ഞാപനത്തെ ചോദ്യംചെയ്ത് ആശുപത്രി ഉടമകൾ നൽകിയ കേസ് കോടതി തള്ളിയ സാഹചര്യത്തിൽ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിജ്ഞാപന പ്രകാരം നിശ്ചയിച്ച മിനിമം വേതനം നൽകാത്ത ഏതെങ്കിലും ആശുപത്രികൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) എട്ടുമണിക്കൂറിൽ കൂടുതൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഓവർടൈം അലവൻസ് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എന്താണെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) മിനിമം വേതനം വിജ്ഞാപനം ചോദ്യം ചെയ്തുകൊണ്ടുള്ള സ്വകാര്യ ആശുപത്രി ഉടമകളുടെ കേസുകൾ കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസുകളിൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് സ്റ്റേ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ആശുപത്രികളിൽ മിനിമം വേതനവുമായി ബന്ധപ്പെട്ട് പരിശോധനകൾ നടത്തി തുടർ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. സ്റ്റേ ഒഴിവാക്കുന്നതിനും പുതുക്കിയ വേതനം എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തൊഴിൽ വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ തൊഴിലാളികൾക്ക് ഓവർടൈം അലവൻസ് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ആയത് ലഭ്യമാക്കാത്ത തൊഴിലുടമകൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും നിയമലംഘനം പരിഹരിക്കാത്ത സാഹചര്യത്തിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പള വർദ്ധന**

292 (1012) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ ശമ്പള വർദ്ധന ഉത്തരവ് എല്ലാ സ്വകാര്യ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇനിയും ഉത്തരവ് നടപ്പിലാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഉത്തരവുപ്രകാരം ശമ്പള വർദ്ധനവ് നടപ്പാക്കിയ ആശുപത്രികളിൽ പലതും ശമ്പള കുടിശ്ശിക നൽകുന്നതിന് തയ്യാറാകുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) സുപ്രീം കോടതി നിയോഗിച്ച സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും എല്ലാ സ്വകാര്യ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ നിലവിലുള്ളതിനാൽ ഉത്തരവ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ശമ്പള കുടിശ്ശിക നൽകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലും ബഹുമാനപ്പെട്ട കോടതിവിധിയിന്മേൽ സ്റ്റേ ഒഴിവായി ലഭിക്കുന്നമുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള ശമ്പളത്തിന് സമാനമായ ശമ്പളമാണ് സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതന വിജ്ഞാപനത്തിലൂടെ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇതുസംബന്ധിച്ച വിജ്ഞാപനം നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ ആക്ടിലെ ഭേദഗതി

293 (1013) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ ആക്ടിൽ വരുത്തിയിട്ടുള്ള പുതിയ ഭേദഗതി എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതി പ്രകാരം ജീവനക്കാർക്ക് ലഭിച്ച ഇരിക്കാനുള്ള സൗകര്യവും അവകാശവും ഷോപ്പുകളിൽ അവർക്കു നൽകിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) (i) 2018-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്ടിലെ വകുപ്പ് 2(6): ഏത് വിഭാഗം തൊഴിലാളികളെയും ഒരു ഗസറ്റ് വിജ്ഞാപനം വഴി 'തൊഴിലാളി' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്താൻ സർക്കാരിന് അധികാരം നൽകുന്നു.

(ii) വകുപ്പ് 11(1) : ഈ വകുപ്പ് പ്രകാരം കടകൾ അടച്ചിടാതെതന്നെ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസം അവധി ലഭ്യമാക്കേണ്ടതാണ്.

വകുപ്പ് 11(2) : ഇതുപ്രകാരം ഒഴിവ് ദിവസം അനുവദിക്കപ്പെട്ട ഏതെങ്കിലും ദിവസത്തേയ്ക്ക് ഒരു സ്ഥാപനത്തിലെ ഏതെങ്കിലും തൊഴിലാളിയുടെ വേതനത്തിൽനിന്നും യാതൊരു കിഴിവും ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ദിവസത്തേയ്ക്ക് അയാൾക്ക് സാധാരണയായി വേതനം കിട്ടുന്നതല്ലെന്ന അടിസ്ഥാനത്തിലാണ് അയാളെ ജോലിക്കായി നിയോഗിച്ചിട്ടുള്ളതെങ്കിൽ കൂടി, പ്രസ്തുത ദിവസം ഒഴിവ് ദിവസമായി അനുവദിച്ചിരുന്നില്ലെങ്കിൽ അയാൾ വാങ്ങുമായിരുന്ന വേതനം പ്രസ്തുത ദിവസത്തേയ്ക്ക് അയാൾക്ക് നൽകേണ്ടതുമാണ്.

(iii) വകുപ്പ് 20 (1) : ഈ വകുപ്പുപ്രകാരം രാവിലെ ആറ് മണിക്ക് മുമ്പോ വൈകുന്നേരം ഒൻപത് മണിക്ക് ശേഷമോ യാതൊരു സ്ഥാപനത്തിലും യാതൊരു സ്ത്രീയോടോ പതിനേഴ് വയസ്സ് തികഞ്ഞിട്ടില്ലാത്ത ഏതെങ്കിലും ആളോടോ തൊഴിലാളിയായോ മറ്റുവിധത്തിലോ ജോലി ചെയ്യാൻ ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

വകുപ്പ് 20(ii) : ഈ വകുപ്പുപ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി 2 സ്ത്രീ തൊഴിലാളികൾ ഉൾപ്പടെ 5 തൊഴിലാളികൾ അടങ്ങുന്ന ഒരു ഗ്രൂപ്പായി ജോലിക്ക് നിയോഗിക്കാവുന്നതാണ്. ജോലിസ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ഈ വകുപ്പിൽ വ്യവസ്ഥ ചെയ്യുന്നു.

(iv) വകുപ്പ് 21 B : ഈ വകുപ്പുപ്രകാരം സ്ത്രീ തൊഴിലാളികൾക്ക് ജോലിസ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(v) വകുപ്പ് 29: ഈ വകുപ്പുപ്രകാരം കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ പ്രകാരമുള്ള ലംഘനങ്ങളുടെ പിഴശിക്ഷ പരമാവധി ഒരു ലക്ഷം രൂപയായും ആവർത്തിച്ചുള്ള നിയമലംഘനങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

വകുപ്പ് 29(4)(5) : ഈ വകുപ്പുപ്രകാരം 1973-ലെ ക്രിമിനൽ നടപടി സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 29-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയാകുന്ന പിഴ ചുമത്താൻ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(vi) വകുപ്പ് 30: ഈ വകുപ്പുപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും റിക്കാർഡുകളും ഇലക്ട്രോണിക് ഫോർമാറ്റിൽ സൂക്ഷിക്കാൻ സ്ഥാപന ഉടമയെ അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്. 20-12-2018-ൽ നടത്തിയ സ്പെഷ്യൽ ഡ്രൈവിലും തുടർന്നു നടത്തിയ ജില്ലാതല സ്ക്വാഡ് പരിശോധനകളിലുമായി 20 തൊഴിലാളികളിൽ കൂടുതൽ ജോലിചെയ്യുന്ന സംസ്ഥാനമൊട്ടാകെയുള്ള 230 സ്വകാര്യ സ്ഥാപനങ്ങളിൽ ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്തതുൾപ്പെടെ കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാതല സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനാ വേളയിലും പ്രസ്തുത നിയമ ഭേദഗതി പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് പരിശോധിച്ച് വരുന്നുണ്ട്.

## സ്ത്രീ തൊഴിലാളികളുടെ സുരക്ഷ

294 (1014) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിവരെ ജോലിക്ക് നിയോഗിക്കാനും രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാനും സാധ്യമാകുന്ന വിധത്തിൽ ഷോപ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) ഇപ്രകാരം രാത്രി 9 മണിവരെ ജോലിചെയ്യുവാൻ നിർബന്ധിതരാകുന്ന സ്ത്രീ തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ജോലിയിടങ്ങളിൽ ഇരിക്കുവാനുള്ള അവകാശം സ്ത്രീ തൊഴിലാളികൾക്ക് ഉറപ്പാക്കിയിട്ടുള്ളത് തൊഴിലുടമകൾ പാലിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത് നടപ്പിലാക്കാത്ത ഉടമകൾക്കെതിരെ എന്ത് നിയമനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്റ്റ്, 2018 പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലിസ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം, സുരക്ഷ, ലൈംഗിക ചൂഷണത്തിൽനിന്നുള്ള സംരക്ഷണം എന്നിവ ഉറപ്പാക്കേണ്ടതുമാണ്.

(സി&ഡി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനമൊട്ടാകെയുള്ള 20 സ്ത്രീ ജീവനക്കാരിൽ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഇരിപ്പിട സൗകര്യം ഏർപ്പെടുത്താത്ത തൊഴിൽ സ്ഥാപനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇരിക്കാനുള്ള അവകാശത്തെ സംബന്ധിച്ച് തൊഴിലാളികളെയും തൊഴിലുടമകളെയും ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നുണ്ട്.

സ്ഥാപന പരിശോധനാവേളയിൽ ഇത് നടപ്പിലാക്കാത്ത ഉടമകൾക്കെതിരെ തൊഴിൽ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കടകളിൽ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ ജോലിസമയം**

295 (1015) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടകളിൽ ജോലി ചെയ്യുന്ന പതിനേഴ് വയസ്സിൽ താഴെയുള്ള പെൺകുട്ടികളുടെ ജോലി സമയം രാത്രി 7 മണിവരെ എന്നതിൽ നിന്നും രാത്രി 9 മണി വരെ എന്നാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത സമയമാറ്റം കൊണ്ടുവന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്ത്രീകളെയും കൗമാര പ്രായക്കാരെയും രാത്രികാലങ്ങളിൽ സ്ഥാപനങ്ങളിലെ ജോലിക്ക് നിയോഗിക്കുന്നതിനുള്ള സമയ പരിധി രാത്രി 7 മണി എന്നായിരുന്നത് 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്ട് പ്രകാരം രാത്രി 9 മണി എന്നാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് മാറിയ തൊഴിൽ സാഹചര്യങ്ങൾ പരിഗണിച്ചും സ്ത്രീ സമത്വം ഉറപ്പാക്കാനും ലക്ഷ്യമിട്ടാണ് പ്രസ്തുത ഭേദഗതി നടപ്പിലാക്കിയിട്ടുള്ളത്.

## സ്വകാര്യ ഇൻഷ്വറൻസ് മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം

296(1016) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഇൻഷ്വറൻസ് മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) അടിസ്ഥാന ശമ്പളം, ഇ.എസ്.ഐ., പിഎഫ്.ആനുകൂല്യങ്ങൾ എന്നിവ നൽകാതെ തുച്ഛമായ കമ്മീഷൻ വ്യവസ്ഥയിൽ അഭ്യസ്തവിദ്യരായ യുവാക്കളെ ജോലി ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഇത്തരം ഇൻഷ്വറൻസ് സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) തൊഴിൽ വകുപ്പിന്റെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ മിനിമം വേതനം, ഇ.എസ്.ഐ., പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങളും അവകാശങ്ങളും തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് അന്വേഷിക്കാറുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം അതത് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നു.

## സ്വകാര്യ ഇൻഷ്വറൻസ് ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

297 (1017) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് യുവാക്കൾ തൊഴിലെടുക്കുന്ന സ്വകാര്യ ഇൻഷ്വറൻസ് മേഖലയിൽ ഇ.എസ്.ഐ, പി.എഫ്. ആനുകൂല്യങ്ങൾ നൽകാതെ കമ്മീഷൻ വ്യവസ്ഥയിലാണ് വേതനം നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ഇൻഷ്വറൻസ് മേഖലയിൽ ജോലിചെയ്യുന്ന ഏജന്റുമാരുടെ സംരക്ഷണത്തിനായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം

298 (1018) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണത്തിനെതിരെ ഈ സർക്കാർ ധാരാളം ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും സ്വകാര്യ കച്ചവടസ്ഥാപനങ്ങളിലും ചില ചെറുകിട ഫാക്ടറികളിലും മറ്റ് ചെറിയ സ്ഥാപനങ്ങളിലും സ്ത്രീ ജീവനക്കാരെകൊണ്ട് വളരെ വൈകിയും ജോലിയെടുപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ വകുപ്പ് തലത്തിൽ നടന്ന പരിശോധനകൾ വിശദമാക്കാമോ;

(ഡി) ചെങ്ങന്നൂരിലെ ചില വസ്ത്രവില്പനശാലകളിൽ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഇരിപ്പിടം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തി നൽകാതെ സ്ത്രീ ജീവനക്കാരെ വളരെ വൈകിയും ജോലി ചെയ്യിക്കുന്നതായി കണ്ടെത്തിയാൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ പരിശോധനക്കുറിപ്പ് നൽകി പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ 2016-ൽ ടെക്സ്റ്റൈൽ ഷോപ്പുകളിലും 2017-ൽ ഹോസ്പിറ്റൽ സെക്യൂരിറ്റി മേഖലകളിലും 2018-ൽ മിനി മുത്തൂറ്റ് നിധിയിലും സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവ് പരിശോധനകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്ട്, 2018 പ്രകാരമുള്ള സൗകര്യങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 20 തൊഴിലാളികളിൽ കൂടുതലുള്ള 230 വാണിജ്യ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ഡ്രൈവ് പരിശോധനകൾ നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്ക് പരിശോധനക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാതല സ്ക്വാഡ് പരിശോധനകളിലും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ സ്ഥാപന പരിശോധനകളിലും ജീവനക്കാർക്ക് ഓവർടൈം അലവൻസ്, അവധി ആനുകൂല്യങ്ങൾ, മിനിമം വേതനം എന്നിവ നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) ചെങ്ങന്നൂരിലെ അർച്ചന സിൽക്സ് എന്ന സ്ഥാപനത്തിൽ ജീവനക്കാർക്ക് ഇരിപ്പിട സൗകര്യമില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിന് നോട്ടീസ് നൽകി ജീവനക്കാർക്ക് ഇരിപ്പിട സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

**പ്ലാന്റേഷൻ മേഖലയുടെ സമഗ്ര വികസനം**

299 (1019) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഭവനരഹിതരും ഭൂരഹിതരുമായ പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തമായി വീടും സ്ഥലവും ലഭ്യമാക്കുന്നതിനായി നിലവിൽ പദ്ധതികൾ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്ലാന്റേഷൻ മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക നയം രൂപീകരിക്കാനും ഇതിനായി പ്രത്യേക പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരവും സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് തോട്ടം മേഖലയിലെ സമഗ്ര വികസനത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(2) തോട്ടം മേഖലയിൽനിന്നും കാർഷിക ആദായ നികുതി ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

(3) എസ്റ്റേറ്റുകളിലെ നിലവിലുള്ള ലയങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള ചട്ടഭേദഗതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(4) റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് ഉത്തരവായി.

(5) നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്)-ൽപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

(6) ഇ.എസ്.ഐ. സ്കീം ബാധകമാക്കുന്നതിനുള്ള നിയമഭേദഗതി സംബന്ധിച്ച വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണ്.

(7) പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തോട്ടങ്ങളുടെ പാട്ടം പുതുക്കി നിശ്ചയിക്കുന്ന വിഷയം റവന്യൂ/നിയമ വകുപ്പുകളുടെ പരിഗണനയിലാണ്.

(8) കേരള ഫോറസ്റ്റ് (വെസ്റ്റിംഗ്&മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്) ആക്റ്റിന്റെ പരിധിയിൽനിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചു.

(9) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായതോ ആയ തോട്ടങ്ങളുടെ ഭൂമി നിലവിലുള്ള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാർ ഉടമസ്ഥതയിൽ ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ തീരുമാനിച്ചു.

(ബി) തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും പുതുക്കി നിശ്ചയിക്കുന്നതിനായി തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്തു വരുന്നു.

(സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കായി വീട്/അപ്പാർട്ടുമെന്റ് ലൈഫ് പദ്ധതി മുഖേന നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയത് ഭവനം ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കിവരികയുമാണ്.

(ഡി) ഉണ്ട്. തോട്ടം മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ പോളിസി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തോട്ടം മേഖലയ്ക്ക് മാത്രമായി ഒരു പുതിയ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടിയും പരിഗണനയിലാണ്.

**തൊഴിലിടങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം**

300 (1020) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കുമോ;

(സി) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് തൊഴിൽ വകുപ്പിന് സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സ്ത്രീ തൊഴിലാളികളെ ബോധവൽക്കരിക്കുവാൻ തൊഴിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമല്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സർക്കാരിന്റെ കരട് തൊഴിൽ നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കാൻ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പുതിയ പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്റ്റ് പ്രകാരം ജോലി സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at work place (Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയും (ICC) ലോക്കൽ കപ്ലയിന്റ്സ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും പ്രവർത്തിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 25-5-2016-ലെ 1556/ബി3/16/സാനീവ.

പ്രകാരം സാമൂഹ്യനീതി വകുപ്പിൽനിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽനിന്നും ഇതുസംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10-ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്.

തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി (5) പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും രൂപീകരിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തൊഴിലുടമകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാത്ത പക്ഷം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി&ഡി) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ സ്ഥാപന പരിശോധനാ വേളയിൽ തൊഴിൽ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഇരിക്കാനുള്ള അവകാശത്തെ സംബന്ധിച്ച് തൊഴിലാളികളെയും തൊഴിലുടമകളെയും ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ വിതരണം ചെയ്തുവരുന്നുണ്ട്.

(ഇ) സ്വീകരിച്ചിട്ടില്ല.

**സൂപ്പർമാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും തൊഴിലാളികൾ**

301 (1021) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർമാർക്കറ്റുകളിലും ഷോപ്പിംഗ് മാളുകളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളും തൊഴിൽ സാഹചര്യങ്ങളും വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് മെച്ചപ്പെടുത്തുന്നതിന് ഇതിനകം എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്ത് മിനിമം കൂലി പ്രഖ്യാപിക്കാത്ത മേഖലകൾ, അവയിൽ മിനിമം കൂലി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സൂപ്പർമാർക്കറ്റുകളും ഷോപ്പിംഗ് മാളുകളും ഉൾപ്പെടെയുള്ള കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ ചട്ടപ്രകാരം ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷൻ യഥാസമയം ഫയൽ ചെയ്യുന്നുണ്ട്. മറ്റ് വിവിധ നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16-9-2015-ലെ ജി.ഒ.(പി) നമ്പർ 134/15/തൊഴിൽ ഉത്തരവ് പ്രകാരം, 1961-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്ലെറ്റ് സൗകര്യം, 20-ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ആക്ടിലെ വകുപ്പ് 21 (ബി) പ്രകാരം സ്ത്രീ തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

(സി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടും മിനിമം കൂലി പ്രഖ്യാപിക്കാത്ത 4 മേഖലകളുണ്ട്. ആയതിൽ മിനിമം കൂലി നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഇതര സംസ്ഥാന തൊഴിലാളികളുടെ സ്ഥിതിവിവര കണക്കുകൾ**

302 (1022) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ സർക്കാരിന്റെ കൈവശം ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ഐഡന്റിറ്റി കാർഡുകൾ നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഏതെങ്കിലും തരത്തിലുള്ള പരിശീലനപരിപാടികൾ/ശില്പശാലകൾ/ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടോ; എന്നറിയിക്കാമോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24-1-2019 തീയതി വരെ 357028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 31-10-2018 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 55475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) 'ആവാസ്' പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്നവർക്ക് വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകിവരുന്നു. കുടിയേറ്റ തൊഴിലാളി പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് പദ്ധതിയുടെ ഭാഗമായി തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്.

(ഡി&ഇ) ഇത്തരത്തിലുള്ള ഉദ്യമങ്ങൾ തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല.

## ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

303 (1023) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എല്ലാ തൊഴിലാളികളെയും ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇവരുടെ ആരോഗ്യ പരിശോധനയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) ഇവരുടെ താമസത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24-1-2019 തീയതി വരെ 357028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ 31-10-2018 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 55475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 'ആവാസ്' പദ്ധതിപ്രകാരം രജിസ്ട്രേഷൻ നടന്നുവരുന്നു. എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിനെ ഉൾക്കൊള്ളിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. ഈ ക്യാമ്പുകളിൽ മരുന്നുകൾ സൗജന്യമായി നൽകിവരുന്നു. തുടർ ചികിത്സ ആവശ്യമെന്നുകണ്ടാൽ തൊട്ടടുത്ത സർക്കാർ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെട്ട ടീം ലേബർ ക്യാമ്പുകളിൽ സ്ക്വാഡ് പരിശോധന നടത്തുകയും പരിസര ശുചീകരണം, ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകിവരുന്നു.

(ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം നൽകുന്ന പദ്ധതിയാണ് 'അപ്നാഘർ' പദ്ധതി. നിലവിൽ 'അപ്നാഘർ' പദ്ധതിയുടെ പാലക്കാട്ടുള്ള സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിൽ രാമനാട്ടുകരയിലും സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ പദ്ധതികൾ

304 (1024) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ സാമൂഹ്യസുരക്ഷാ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ നടന്നുവരുന്ന ചൂഷണം അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുപ്പ് പുരോഗമിക്കുകയാണ്. "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24-1-2019 തീയതി വരെ 357028 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 55,475 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ് കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം മരണാനന്തര ആനുകൂല്യം (50,000 രൂപ) അപകട മരണ ധനസഹായം (2,00,000 രൂപ) ഭൗതീക ശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം (പരമാവധി 50,000 രൂപ). ചികിത്സാ ധനസഹായം (പരമാവധി 20,000 രൂപ) ടെർമിനൽ ബെനിഫിറ്റ് (പരിമാവധി 50,000 രൂപ) പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം (1,000 മുതൽ 3,000 വരെ) തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നു.

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി 2010-ലെ കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതിയുടെ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം ഓരോ ജില്ലയിലേയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാർക്ക് നൽകിക്കൊണ്ട് റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുമുണ്ട്.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയി രിക്കുന്നത്.

"അപ്നാഘർ" പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് വാസഗൃഹം നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഫ്ലാറ്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഈ മാതൃകയിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ദിവസക്കൂലിയുടെ കാര്യത്തിൽ പരാതികൾ ലഭിച്ചാൽ ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി സംബന്ധിച്ചും പ്രശ്ന പരിഹാരങ്ങൾക്കും അന്വേഷണങ്ങൾക്കുമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകളും തൊഴിൽ ഭവനിൽ ഒരു കോൾ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

305 (1025) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ നാളിതുവരെ എത്ര ഇതരസംസ്ഥാന തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിലെടുക്കുന്നുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി എത്ര രൂപയാണ് ഇൻഷ്വറൻസ് തുകയായി അനുവദിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 24-1-2019 വരെ "ആവാസ്" പദ്ധതിയിൽ 357028 ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിലെടുക്കുന്നതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് നാളിതുവരെയായി അപകടമരണ ഇൻഷ്വറൻസ് തുകയായി 12 ലക്ഷം രൂപയും ചികിത്സാ ധനസഹായമായി 50,706 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ**

306 (1026) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിയിട്ടുള്ള തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആകെ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുകയാണ്. "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 24-1-2019 തീയതി വരെ 357028 ഇതര സംസ്ഥാന തൊഴിലാളികളെയും 31-10-2018 വരെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം 55475 ഇതര സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

**തൊഴിൽ നിയമങ്ങൾ**

307 (1027) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇടപെടൽ കൊണ്ട് സാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) തൊഴിൽ നിയമങ്ങൾ കൂടുതൽ ലംഘിക്കപ്പെടുന്ന പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് നിയമത്തിൻ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഗാർഹിക തൊഴിൽ, സെക്യൂരിറ്റി മേഖല എന്നിവയിൽ നിശ്ചയിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇടപെടൽ കൊണ്ട് സാധിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155 214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.lc.kerala.gov.in-ൽ തൊഴിൽ നിയമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനം എന്നിവയും പരാതികൾ നൽകേണ്ട തൊഴിൽ വകുപ്പിന്റെ കോൾസെന്റർ, ആയതിന്റെ ടോൾ ഫ്രീ നമ്പർ എന്നിവയും ടി വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോൾസെന്ററിനെക്കുറിച്ചുള്ള പ്രചരണം മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം ജീവനക്കാരുടെ ജോലിഭാരം വളരെ കൂടുതലായ സാഹചര്യത്തിൽ ജനസംഖ്യയുടെയും തൊഴിൽ സ്ഥാപനങ്ങളുടെയും എണ്ണത്തിന് ആനുപാതികമായി എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) മിനിമം വേതനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തി ഉറപ്പ് വരുത്താറുണ്ട്. നിലവിലെ മിനിമം വേതനം ലഭ്യമാക്കാത്ത തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. 2015 ജൂലൈ 1 മുതൽ നിലവിൽ വന്ന വേതന പരിഷ്കരണമാണ് ഇപ്പോൾ നിലവിലുള്ളത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി മീറ്റിംഗിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും തുടർ ചർച്ചകൾ നടന്നുവരികയുമാണ്. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം നൽകേണ്ടതായ താമസസൗകര്യം, ചികിത്സാ സൗകര്യം എന്നിവ തോട്ടം ഉടമകൾ തൊഴിലാളികൾക്ക് നൽകുന്നുണ്ടോയെന്ന് പ്ലാന്റേഷൻസ് ഇൻസ്പെക്ടർമാർ പരിശോധനാവേളകളിൽ പരിശോധിക്കുകയും അപാകതകൾ കാണുന്നപക്ഷം തൊഴിലുടമകൾക്ക് നോട്ടീസ് നൽകുകയും ആയത് പരിഹരിക്കപ്പെട്ടിട്ടില്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഡി) ഉണ്ട്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, ഫാക്ടറീസ് ആക്ട് എന്നിവയ്ക്ക് കീഴിൽ വരുന്ന തൊഴിൽ സ്ഥാപനങ്ങൾക്കും വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കും ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുകയും തൊഴിലുടമകൾ തൊഴിലാളികൾക്ക് നൽകുന്ന സേവന-വേതന വ്യവസ്ഥകളുടെയും മറ്റ് പ്രവർത്തന മികവിന്റെയും അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി അംഗീകരിക്കാനും ആയതിന് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. 2017 വർഷത്തെ ഗ്രേഡിംഗിൽ ആകെ 941 അപേക്ഷകൾ ലഭിച്ചു. ആയതിൽ നിശ്ചിത മാനദണ്ഡ ങ്ങൾപ്രകാരം ഗ്രേഡിംഗിനായി പരിഗണിച്ചത് 446 സ്ഥാപനങ്ങളെയാണ്. ഇതിൽ 271 സ്ഥാപനങ്ങൾ വജ്ര ഗ്രേഡിനും 119 സ്ഥാപനങ്ങൾ സുവർണ്ണ ഗ്രേഡിനും 56 സ്ഥാപനങ്ങൾ രജത ഗ്രേഡിനും അർഹരായി. ടി സ്ഥാപനങ്ങൾ ക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2018-ലെ ഗ്രേഡിംഗിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതു സംബന്ധിച്ചും പുതിയതായി 6 മേഖലകളെക്കൂടി ഉൾപ്പെടുത്തുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം ലഭിക്കുന്നില്ലെന്ന് പരാതികൾ ലഭിക്കുന്ന അവസരത്തിൽ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. വീടുകളിൽ സാധാരണ പരിശോധന നടത്താറില്ല. സെക്യൂരിറ്റി മേഖല ഉൾപ്പെടെയുള്ള മറ്റ് മേഖലകളിൽ തൊഴിൽ വകുപ്പ് നടപ്പാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിശ്ചയിച്ചിട്ടുള്ള വേതനം തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെതന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. സെക്യൂരിറ്റി മേഖലയിൽ 2017-ൽ സംസ്ഥാനമൊട്ടാകെ സ്പെഷ്യൽ ഡ്രൈവ് നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## റാന്നി മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

308 (1028) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഇ.എസ്.ഐ. ഡിസ്പെൻസറികളും ഇ.എസ്.ഐ. ആശുപത്രികളും ഉള്ളത് എവിടെയൊക്കെയാണെന്നറിയിക്കാമോ;

(ബി) തോട്ടം തൊഴിലാളികൾ ഏറെയുള്ള റാന്നി നിയോജകമണ്ഡലത്തിന് അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറി ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

### <u>ഉത്തരം</u>

(എ) ഏനാത്ത്, കടമ്പനാട്, പത്തനംതിട്ട, തിരുവല്ല എന്നിവയാണ് പത്തനംതിട്ട ജില്ലയിലുള്ള ഇ.എസ്.ഐ. ഡിസ്പെൻസറികൾ. ടി ജില്ലയിൽ ഇ.എസ്.ഐ. ആശുപത്രികളില്ല.

(ബി) ഇ.എസ്.ഐ. കോർപ്പറേഷന്റെ ഭാഗത്തുനിന്നും അനുകൂല തീരുമാനം ലഭിക്കാത്തതിനാലാണ് റാന്നി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത്.

## ചങ്കുവെട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ

309 (1029) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ. ആശുപത്രിയുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട, ഇൻഷ്വറൻസ് വകുപ്പിലെ ഇ/2682669/2018/എം (എൽബി ആന്റ് ആർഡി) എന്ന ഫയലിലെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഇ.എസ്.ഐ. വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ചങ്കുവെട്ടി ഇ.എസ്.ഐ. ആശുപത്രിയുമായി ബന്ധപ്പെട്ട എല്ലാ ഫയൽ വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി (ചങ്കുവെട്ടി)-യുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ എഫ്2/87/18/തൊഴിൽ നമ്പർ ഫയലിൽ സർക്കാരിൽ പരിശോധിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ 27-7-2018-ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറോട് സർക്കാർതലത്തിൽ റിപ്പോർട്ട് ആരാഞ്ഞിരുന്നു. ആയത് 26-11-2018-ൽ ലഭിച്ചിരുന്നു. ആയതിൽ നിലവിൽ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽനിന്നും കുറച്ചുകൂടി സൗകര്യം കൂടുതലുള്ള അനുയോജ്യമായ മറ്റൊരു വാടകക്കെട്ടിടം കണ്ടെത്തി നൽകുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ടി ഡിസ്പെൻസറിയിൽ ഒരു കോൺട്രാക്ട് ഡോക്ടറെ നിയമിക്കുകയും ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സമീപ സ്ഥാപനത്തിലെ ഡോക്ടറെ ആഴ്ചയിൽ ഒരു ദിവസം സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിക്കുകയും ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് 23-1-2019-ലെ എഫ്2/87/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് വാടകക്കെട്ടിടം അടിയന്തരമായി കണ്ടെത്തി ഡിസ്പെൻസറി മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി.

(ബി&സി) കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി കൂടുതൽ സൗകര്യമുള്ള പുതിയ വാടക കെട്ടിടം കണ്ടെത്തണമെന്ന് കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന്

ഇ.എസ്.ഐ. കോർപ്പറേഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ 5-1-2019-ലെ എ 2/24145/2018/ഡി.ഐ.എം.എസ്. നമ്പർ കത്ത് മുഖേന ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ഇ.എസ്.ഐ. കോർപ്പറേഷന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ ആഫീസറുടെ ഒഴിവിലേയ്ക്ക് പി.എസ്.സി. ശിപാർശ പ്രകാരം നിയമനം നൽകിയെങ്കിലും ടി ഡോക്ടർ പി. ജി. കോഴ്സ് ചെയ്യുന്നതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. നിലവിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം ലഭിച്ച ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൽക്കാലത്തേയ്ക്ക് സമീപസ്ഥാപനമായ കുറ്റിപ്പുറം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽനിന്നും ഒരു ഫാർമസിസ്റ്റിന്റെ സേവനം ആഴ്ചയിൽ 3 ദിവസത്തേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. വാടകക്കെട്ടിടം സംബന്ധിച്ച് എ 2-24145/2018 എന്ന ഫയലും മെഡിക്കൽ ഓഫീസറുടെ നിയമനം സംബന്ധിച്ച് ഇ 1-21631/2018 എന്ന ഫയലും ഫാർമസിസ്റ്റിന്റെ നിയമനം സംബന്ധിച്ച് ഇ 4-24115/2017 എന്ന ഫയലുമാണ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ളത്.

## അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ മിനിമം ശമ്പളം

310 (1030) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മിനിമം ശമ്പളം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രീ പ്രൈമറി/എൽ.പി./യു.പി./ഹൈസ്കൂൾ/ഹയർ സെക്കണ്ടറി എന്നീ വിഭാഗത്തിലെ അദ്ധ്യാപകർക്ക് നിശ്ചയിച്ച മിനിമം ശമ്പളം എത്ര രൂപയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ അദ്ധ്യാപകർക്ക് ഒരു ദിവസത്തെ ജോലി സമയം എത്ര മണിക്കൂറാണെന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ പേർക്കും ബാധകമാകുംവിധം മിനിമം കൂലി നിശ്ചയിക്കാനും ഇവരുടെ സേവനവേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല.

(സി&ഡി) അദ്ധ്യാപകർ മിനിമം വേതന നിയമത്തിന്റെ സെക്ഷൻ 2 (I) പ്രകാരം തൊഴിലാളി എന്നതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ ടി ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 12-9-2011-ലെ ജി.ഒ.(പി) നമ്പർ 155/2011/ തൊഴിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അനദ്ധ്യാപക ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിക്കാറുണ്ട്.

## സ്വകാര്യ സ്ഥാപനങ്ങളിലെ മിനിമം വേതനം

311 (1031) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനം ചില സ്ഥാപനങ്ങൾ നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തിവരുന്നു. കണ്ടെത്തുന്ന നിയമലംഘന ങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്യാറുമുണ്ട്. മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ തൊഴിൽ

നിയമപ്രകാരം 113966 സ്ഥാപന പരിശോധനകൾ നടത്തുകയും 12894 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്യുകയും 1321 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ**

312 (1032) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ശ്രീമതി റീജാ വർഗ്ഗീസ്, മുണ്ടംകുഴിയിൽ, ശാന്തിപുരം, പെരുവ, കോട്ടയം, 4708038156 നമ്പരായി എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ നൽകിയ അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീമതി റീജയ്ക്ക് ആനുകൂല്യം നൽകുവാൻ വൈകുന്നതിന്റെ കാരണവും ഒക്ടോബർ മാസം 10ാം തീയതി നൽകിയ അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷ ഇപ്പോൾ ആരുടെ പക്കലാണെന്നും ആയതിന്റെ ഫയൽ നമ്പരും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രീമതി റീജാ വർഗ്ഗീസ് 1-11-2018-ന് കോട്ടയം വെള്ളൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ സമർപ്പിച്ച 52,808 രൂപയുടെ സ്പെഷ്യാലിറ്റി ചികിത്സയുടെ ബില്ലുകൾ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ പരിശോധിച്ച ശേഷം അനുവദനീയമായ തുകയായ 9,775 രൂപ പാസ്സാക്കി 17-1-2019-ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അയച്ചിരുന്നു. ആയത് 23-1-2019-ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഡയറക്ടറേറ്റിൽ ഈ ക്ലെയിമിന്റെ അനുവദനീയത പരിശോധിച്ചുവരികയാണ്. ഫയൽ നമ്പർ-MRC3-1276/2019/DIMS.

**ഐ.ടി.ഐ.-കളുടെ ഭൗതിക സാഹചര്യം**

313 (1033) ശ്രീ .സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ-കളുടെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐ.- യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി അടിയന്തരമായി തുടർനടപടികൾ കൈക്കൊള്ളാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളുടെ ഭൗതീക സാഹചര്യം ഉയർത്തുന്നതിനായി ഐ.ടി.ഐ.-കളുടെ ഉപകരണസംഭരണം കെട്ടിട നിർമ്മാണം, കെട്ടിട നവീകരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണം, വിവരസാങ്കേതിക വിദ്യാധിഷ്ഠിത സൗകര്യങ്ങൾ, ഭാഷാന്യൂനപക്ഷ പ്രദേശത്തെ ഐ.ടി.ഐ.-കളുടെ ശാക്തീകരണം, വനിത ഐ.ടി.ഐ.-കളുടെ പദവി ഉയർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 10 ഐ.എടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി&സി) ധനുവച്ചപുരം ഐ.ടി.ഐ. ഉൾപ്പെടെ 10 സർക്കാർ ഐ.ടി. ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) തയ്യാറാക്കി KIIFB പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടി റിപ്പോർട്ട് അംഗീകരിച്ച് KIIFB യിൽനിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

## ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ

314 (1034) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഐ.ടി.ഐ.-കളിൽ ഏതൊക്കെ പുതിയ കോഴ്സുകളാണ് ആരംഭിച്ചത്; വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ചടയമംഗലം, മയ്യനാട്, ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ചാത്തമംഗലം, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കണ്ണൂർ ജില്ലയിലെ പടിയൂർ, പിണറായി പന്ന്യന്നൂർ, കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് എന്നിവിടങ്ങളിലായി 15 പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഐ.ടി.ഐ.-കളിൽ ആരംഭിച്ച കോഴ്സുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

| ഐ.ടി.ഐ.-യുടെ പേര് | അനുവദിച്ച ട്രേഡുകൾ |
|---|---|
| (1) | (2) |
| വാമനപുരം | പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ |
| പെരുമാട്ടി | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് അഗ്രികൾച്ചറൽ മെഷീനറി |
| പേരാമ്പ്ര | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് അഗ്രികൾച്ചറൽ മെഷീനറി |
| പടിയൂർ | ഫിറ്റർ |
| പിണറായി | മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഫിറ്റർ, ഇലക്ട്രീഷ്യൻ |
| കൊട്ടാരക്കര | വെൽഡർ, ഇലക്ട്രീഷ്യൻ |
| കോടോം-ബേളൂർ | കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് പ്ലംബർ |
| ചാത്തമംഗലം | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ |
| ചടയമംഗലം | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ |
| വർക്കല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക് ഡീസൽ, ഫുഡ് & ബിവറേജ് സർവ്വീസ് അസിസ്റ്റന്റ് |
| മയ്യനാട് | മെക്കാനിക് ഡീസൽ, കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ഇലക്ട്രീഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ |

| (1) | (2) |
|---|---|
| ചിത്തിരപുരം | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ |
| കുറ്റിക്കോൽ | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ഇലക്ട്രോണിക് മെക്കാനിക് |
| പീലിക്കോട് | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക് |
| പന്ന്യന്നൂർ | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ |
| മാടായി | ഇലക്ട്രീഷ്യൻ |

ഇതുകൂടാതെ ഐ.ടി.ഐ.-കളിലെ കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ വിവിധ ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി തൊഴിൽ സാധ്യത കൂടിയ ട്രേഡുകളിൽ 271 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ട്രേഡുകൾ താഴെപ്പറയും പ്രകാരമാണ്.

വെൽഡർ, സ്റ്റെനോഗ്രാഫി & സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് (ഇംഗ്ലീഷ്), മെക്കാനിക് റഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്, വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ), ടൂറിസ്റ്റ് ഗൈഡ്, മെക്കാനിക് ഓട്ടോ ബോഡി പെയിന്റിംഗ്, പെയിന്റർ ജനറൽ, ഡയറിയിംഗ്, മെക്കാനിക് മെഡിക്കൽ ഇലക്ട്രോണിക്സ്, ഷീറ്റ് മെറ്റൽ വർക്കർ, മെക്കാനിക് ഡീസൽ, പ്ലംബർ, ഇലക്ട്രീഷ്യൻ, സർവ്വേയർ, കാർപെന്റർ, മെഷീനിസ്റ്റ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയൻസസ്, ഫിറ്റർ, ഇലക്ട്രോപ്ലേറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് ഓട്ടോ ഇലക്ട്രിക്കൽ &ഇലക്ട്രോണിക്സ്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, ബേസിക് കോസ്മറ്റോളജി, മെക്കാനിക് മെക്കാട്രോണിക്സ്.

### സി.ടി.ഐ. ട്രെയിനിംഗ് കാലയളവിലെ ദിനബത്ത

315 (1035) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.പാർട്ട് II റൂൾ 59 റൂളിംഗ് നമ്പർ 2 പ്രകാരം ട്രെയിനിംഗിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് യാത്രപ്പടിയും ദിനബത്തയും അനുവദിക്കാമെന്നിരിക്കെ 2015-2016, 2016-2017 വർഷങ്ങളിൽ സി.ടി.ഐ. ട്രെയിനിംഗിന് നിയോഗിക്കപ്പെട്ട വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരിൽ ബഹുഭൂരിപക്ഷം പേർക്കും ദിനബത്ത അനുവദിച്ച് കിട്ടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) സമാനമായ സാഹചര്യത്തിൽ ഇതേ ട്രെയിനിംഗിന് ഇതേ കാലയളവിൽ നിയോഗിക്കപ്പെട്ട പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന ഐ. ടി. ഐ.- കളിലെ ഇൻസ്ട്രക്ടർമാർക്ക് ദിനബത്ത പ്രസ്തുത കെ എസ് ആർ റൂൾ പ്രകാരം ലഭിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി ടി ദിനബത്ത ആവശ്യപ്പെട്ട് ഇൻസ്ട്രക്ടർമാർ വ്യവസായിക പരിശീലന വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകിയപ്പോൾ എഫ് 3/37066/15 നമ്പരായ് ടി ഇൻസ്ട്രക്ടർമാർക്ക് ദിനബത്തയ്ക്ക് അർഹതയില്ലെന്നു വ്യക്തമാക്കി വകുപ്പ് ഡയറക്ടറുടെ തെറ്റായ ഉത്തരവ് ഇറങ്ങിയത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ദിനബത്ത അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും ദിനബത്ത അനുവദിച്ച് നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയെ സംബന്ധിച്ചും വിശദമാക്കുമോ;

(ഡി) 2015-2016, 2016-2017 കാലയളവിൽ സി.ടി.ഐ. ട്രെയ്നിംഗിന് നിയോഗിക്കപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് അർഹതപ്പെട്ട ദിനബത്ത അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ തടസ്സം പരിഹരിച്ച് ദിനബത്ത അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 15-6-2017-ലെ എഫ് 3/37066/15 നമ്പരായ കത്ത് പ്രകാരം 3 മാസം വരെയുള്ള ട്രെയിനിംഗുകൾക്ക് മാത്രമെ ദിനബത്തയ്ക്ക് (ഡി.എ.) അർഹതയുള്ളൂ എന്ന് കോഴിക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടില്ല.

(ഡി) സി.ടി.ഐ. ട്രെയിനിംഗിന് നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യത്തെ 3 മാസത്തേയ്ക്ക് ദിനബത്തയ്ക്ക് അർഹതയുണ്ട്. എന്നാൽ യാത്രാബത്ത ബില്ലുകൾ പല ഘട്ടങ്ങളിലായി മാറാൻ വ്യവസ്ഥയില്ലാത്തതിനാൽ മുൻപ് യാത്രാബത്ത മാത്രം നൽകിയ ബില്ലുകളിൽ വീണ്ടും ദിനബത്ത ക്ലെയിം ചെയ്തവർക്ക് ആയത് അനുവദിച്ച് നൽകാൻ ചട്ടപ്രകാരം നിർവ്വാഹമില്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഐ.ടി.ഐ.-കളുടെ വികസനം

316 (1036) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.കൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വികസനത്തിന് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വനിതകൾക്കായുള്ള ഐ.ടി.ഐ. ഏതൊക്കെയാണെന്നും മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഇതിനുവേണ്ടി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത തുകയിൽനിന്ന് ഏതെല്ലാം കാര്യങ്ങൾക്ക് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 97 സർക്കാർ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നു. ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 9 |
| കൊല്ലം | 9 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 6 |
| കോട്ടയം | 5 |
| ഇടുക്കി | 4 |
| എറണാകുളം | 6 |
| തൃശ്ശൂർ | 7 |

| (1) | (2) |
|---|---|
| പാലക്കാട് | 9 |
| മലപ്പുറം | 6 |
| കോഴിക്കോട് | 12 |
| വയനാട് | 2 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 9 |
| ആകെ | 97 |

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2011-2012 മുതൽ 2015-16 വരെയുള്ള കാലയളവിൽ 4,21,42,44,000 രൂപയും ഈ സർക്കാരിന്റെ കാലത്ത് 2016-17 മുതൽ 2018-2019 വരെയുള്ള കാലയളവിൽ 4,17,56,81,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് ജില്ലാ അടിസ്ഥാനത്തിൽ ചെയ്യുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഗവൺമെന്റ് ഐ.ടി.ഐ. (വനിത) പാറശ്ശാല, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) കഴക്കൂട്ടം, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) കൊല്ലം, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) മെഴുവേലി, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) ചെങ്ങന്നൂർ, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) ചങ്ങനാശ്ശേരി, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) കളമശ്ശേരി, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) ചാലക്കുടി, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) മലമ്പുഴ, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) താഴേക്കോട്, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) കോഴിക്കോട്, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) നെന്മേനി, ഗവൺമെന്റ് ഐ.ടി.ഐ. (വനിത) കണ്ണൂർ, ബേബി ജോൺ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ.(വനിത) വെസ്റ്റ് എളേരി എന്നീ ഗവൺമെന്റ് ഐ.ടി.ഐ.-കൾ സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു.

ഇതിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് 2012-2013 മുതൽ 2016-2017 വരെയുള്ള കാലയളവിൽ 5,35,00,000 രൂപയും ഈ സർക്കാരിന്റെ കാലത്ത് 2017-2018 മുതൽ 2018-2019 വരെയുള്ള കാലയളവിൽ 5,30,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ)

| | |
|---|---|
| 2011-2012 | ഇല്ല |
| 2012-2013 | കണ്ണൂർ (വനിത) ഐ.ടി.ഐ കെട്ടിട നിർമ്മാണം-2 കോടി രൂപ<br>ഉപകരണ സംഭരണം-24.2 ലക്ഷം |
| 2013-2014 | ഉപകരണ സംഭരണം-32,57,374 രൂപ |
| 2014-2015 | മലമ്പുഴ (വനിത), കണ്ണൂർ (വനിത),ചെങ്ങന്നൂർ (വനിത) ഐ.ടി. ഐ-കളുടെ നവീകരണം-1.5 കോടി രൂപ |
| 2015-2016 | മലമ്പുഴ (വനിത) കെട്ടിട നിർമ്മാണം-34,85,085 രൂപ<br>ഉപകരണ സംഭരണം-41,41,057 രൂപ |
| 2016-2017 | ഉപകരണ സംഭരണം-34,47,000 രൂപ |
| 2017-2018 | ചെങ്ങന്നൂർ (വനിത), ചാലക്കുടി (വനിത), കളമശ്ശേരി (വനിത) സർക്കാർ ഐ.ടി.ഐ.-കളുടെ കെട്ടിട നിർമ്മാണം -2,10,00,000 രൂപ<br>ഉപകരണ സംഭരണം-29,82,480 രൂപ |
| 2018-2019 | ഇല്ല |

**പുതിയ ഐ.ടി.ഐ.-കളും കോഴ്സുകളും**

317 (1037) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ആരംഭിച്ചിട്ടുള്ള ഐ.ടി.ഐ-കളുടെ വിശദവിവരം നൽകുമോ;

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയതായി ആരംഭിച്ചിട്ടുള്ള കോഴ്സുകൾ ഏതൊക്കെയാണ്; ഇതിലൂടെ പുതിയ തൊഴിൽ മേഖലകൾ സംസ്ഥാനത്ത് വളർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിലെ വാമനപുരം, വർക്കല കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ചടയമംഗലം, മയ്യനാട്, ഇടുക്കി ജില്ലയിലെ ചിത്തിരപുരം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ചാത്തമംഗലം, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കണ്ണൂർ ജില്ലയിലെ പടിയൂർ പിണറായി, പന്ന്യന്നൂർ, കാസർഗോഡ് ജില്ലയിലെ കോടോം-ബേളൂർ, കുറ്റിക്കോൽ, പീലിക്കോട് എന്നിവിടങ്ങളിലായി 15 പുതിയ ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുന്നത് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി.)-ന്റെ നിർദ്ദേശപ്രകാരമാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ട കോഴ്സുകൾ ഡി.ജി.ടി. നിർത്തലാക്കുകയും സിലബസ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും കോഴ്സുകളിൽ നൂതന സാങ്കേതികവിദ്യയ്ക്ക് അനുയോജ്യമായിട്ടുള്ള യന്ത്രസാമഗ്രികൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഡി.ജി.ടി. കോഴ്സുകളും സിലബസ്സും പരിഷ്കരിക്കുന്ന തനുസരിച്ച് ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ഐ.ടി.ഐ.-കളിൽ പരിശീലനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിലൂടെ പുതിയ തൊഴിൽ മേഖലകൾ സംസ്ഥാനത്ത് വളർന്നുവരുന്നതിനുള്ള പ്രവണത കാട്ടിത്തുടങ്ങിയിട്ടുണ്ട്.

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

318 (1038) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ അപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ കോഴ്സുകൾ ഉടൻതന്നെ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) മാടായി ഐ.ടി.ഐ.-യിൽ പുതുതായി ഫിറ്റർ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), മെക്കാനിക് (റെഫ്രിജറേഷൻ & എയർ കണ്ടീഷനിംഗ്), മെഷീനിസ്റ്റ്, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

## ഏലപ്പാറ പഞ്ചായത്തിൽ ഐ.ടി.ഐ.

319 (1039) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ ഏലപ്പാറ പഞ്ചായത്തിൽ ഐ.ടി.ഐ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള കാലവിളംബം സംബന്ധിച്ച കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പീരുമേട് നിയോജകമണ്ഡലത്തിലെ ഏലപ്പാറ പഞ്ചായത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം 2018-2019 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഐ.ടി.ഐ. ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

**കരിമ്പുഴ ഐ.ടി.ഐ.-യുടെ വികസനം**

320 (1040) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.-യുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(ബി) ഐ.ടി.ഐ.-യുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് നിലവിലുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.ടി.ഐ.-യുടെ നടത്തിപ്പിനാവശ്യമായ 8 പുതിയ തസ്തികകൾ സൃഷ്ടിച്ചു. കരാർ അടിസ്ഥാനത്തിൽ 2 സെക്യൂരിറ്റി ജീവനക്കാരെയും ഒരു ശുചീകരണ തൊഴിലാളിയെയും നിയമിച്ചു. ട്രെയിനിംഗ് ആവശ്യത്തിനായി യന്ത്രോപകരണങ്ങൾ അനുവദിച്ചു. നിലവിലുള്ള പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചതും പ്രസ്തുത ഐ.ടി.ഐ.-യുടെ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചതും നിലവിലെ സർക്കാരിന്റെ കാലത്താണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ള രണ്ട് ട്രേഡുകളിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് പ്രവർത്തിക്കുന്നതിനുള്ള സൗകര്യമാണ് നിലവിലുള്ള കെട്ടിടത്തിലുള്ളത്. പ്ലംബർ ട്രേഡ് താൽക്കാലിക സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. പ്ലംബർ ട്രേഡും ഭാവിയിൽ ഉണ്ടാകുന്ന ട്രേഡുകൾക്കും വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഷൊർണ്ണൂർ കെട്ടിട നിർമ്മാണ വിഭാഗം ഒരു പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്നത് ജല

വിഭവ വകുപ്പ് ലഭ്യമാക്കിയ 2 ഏക്കർ സ്ഥലത്താണ്. ടി സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമായിട്ടില്ല. ഉടമസ്ഥാകവാശം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം പൂർണ്ണമായും വകുപ്പിന് കൈമാറിയെങ്കിൽ മാത്രമെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. യന്ത്രോപകരണങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടിവകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ നവീകരണം

321 (1041) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിനായുള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യുടെ നവീകരണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. ആക്കി മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തിരുവമ്പാടി സർക്കാർ ഐ.ടി.ഐ. കെട്ടിടം

322 (1042) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി സർക്കാർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്ന കാര്യം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തിരുവമ്പാടി സർക്കാർ ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 6.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുന്നതാണ്.

**നവ ജീവൻ പദ്ധതി**

323 (1043) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും ജോലി ലഭിക്കാതെ പ്രായപരിധി കഴിഞ്ഞവർക്ക് വേണ്ടി നവജീവൻ എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന രീതിയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട ഗവർണറുടെ 2017-ലെ നയപ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി "നവജീവൻ" എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ പരിശോധിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് 20-3-2017-ലെ സ.ഉ. (കൈ) നമ്പർ 16/2017/തൊഴിൽ പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തിന്റെ ജനസംഖ്യയിൽ 1/3-ൽ കൂടുതൽ വരുന്ന മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനംചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. 50-65 പ്രായ പരിധിയിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിക്കുക, മുതിർന്ന പൗരന്മാർ ആർജ്ജിച്ചിട്ടുള്ള അറിവും പരിചയസമ്പത്തും സമൂഹനന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് അവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. നവജീവൻ പദ്ധതിയുടെ ചട്ടങ്ങൾക്ക് അന്തിമരൂപമായിട്ടില്ല.

## മലപ്പുറം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ നിയമനങ്ങൾ

324 (1044) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് നൽകുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) പുതുതായി ഏതെല്ലാം തസ്തികകളിലാണ് താൽക്കാലിക നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ നിയമനങ്ങളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽ ജീവനക്കാർ പ്രസവാവധി എടുക്കുന്ന താൽക്കാലിക ഒഴിവുകളിൽമാത്രം നിയമാനുസൃതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(സി) ജീവനക്കാർ പ്രസവാവധി എടുക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകളിലെ തസ്തികകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിലും ഒഴിവ് വരുന്നമുറയ്ക്ക് മാത്രം താൽക്കാലിക നിയമനങ്ങൾ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതികൾ

325 (1045) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ശരണ്യ പദ്ധതി പ്രകാരമുള്ള പലിശരഹിത വായ്പ തുക വർദ്ധിപ്പിച്ചുനൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെസ്റു പദ്ധതി പ്രകാരമുള്ള വായ്പ തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ എത്ര രൂപയാണ് വായ്പയായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി പ്രകാരം 2017-18 കാലയളവിൽ എത്ര പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. നിലവിൽ ഈ പദ്ധതിപ്രകാരം 1,00,000 രൂപ വരെ വായ്പയായി അനുവദിക്കുന്നു. ഈ പദ്ധതിപ്രകാരം 2017-2018 കാലയളവിൽ 745 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

**തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

326 (1046) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെ ഉദ്യോഗാർത്ഥികളുമായി ബന്ധപ്പെടുത്തി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിധവകൾക്കും അശരണരായ വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് സ്വകാര്യ മേഖലയിലെ ഒഴിവുകൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും "നിയുക്തി" എന്ന പേരിൽ മെഗാ ജോബ് ഫെയറുകളും മോഡൽ കരിയർ സെന്റർ, എംപ്ലോയബിലിറ്റി സെന്റർ തുടങ്ങിയ

പദ്ധതികളിലൂടെ നിശ്ചിത ഇടവേളകളിൽ മിനി ജോബ് ഫെയറുകൾ/പ്ലേസ്മെന്റ് ഡ്രൈവുകളും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംഘടിപ്പിച്ചുവരുന്നു. കൂടാതെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് വകുപ്പ് മുഖാന്തരം ശരണ്യ, കെസ് റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, കൈവല്യ തുടങ്ങിയ സ്വയംതൊഴിൽ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ പദ്ധതിപ്രകാരം ആവശ്യമായ നൈപുണ്യ പരിശീലനങ്ങൾ നൽകി സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നു. ഇപ്രകാരം പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ജോബ് ഫെയറുകളിലൂടെ സാധിക്കുന്നു. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുയോജ്യമായ സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ നേടാൻ അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് മോഡൽ കരിയർ സെന്റർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പിലാക്കിവരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതിപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി സർക്കാർ-സ്വകാര്യ മേഖലകളിൽ നിലവിലുള്ള തൊഴിലുകൾക്ക് അവരെ പ്രാപ്തരാക്കി വരുന്നുണ്ട്.

(സി) ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

(1) <u>കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ള കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ

സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000 രൂപ വായ്പയായി അനുവദിക്കുന്നു. വായ്പാത്തുകയുടെ 20% സബ്സിഡിയായി സംരംഭകരുടെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

(2) മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മദ്ധ്യേ (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷി ക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

(3) ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപ വരെ പലിശരഹിത വായ്പ (വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3%ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്.)

(4) കൈവല്യ

ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയുടെ ഘടകപദ്ധതിയായ സ്വയംതൊഴിൽ വായ്പ പദ്ധതിപ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശരഹിത വായ്പ നൽകുന്നു. 21-നും 55-നും മധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ള കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാം. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. പ്രോജക്ടിന് ആവശ്യമെങ്കിൽ 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പാതുകയുടെ 50 ശതമാനം, പരമാവധി 25,000 (ഇരുപത്തിയയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്.

(ഡി) വിധവകൾക്കും അശരണരായ വനിതകൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖാന്തരം "ശരണ്യ" എന്ന പേരിൽ ഒരു സ്വയംതൊഴിൽ വായ്പ പദ്ധതി നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ (സി) പിരിവിനുള്ള മറുപടി (3)-ൽ ചേർത്തിട്ടുണ്ട്.

**മെഗാ ജോബ് ഫെസ്റ്റുകൾ**

327 (1047) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാ ജോബ് ഫെസ്റ്റുകൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ജോബ് ഫെസ്റ്റുകളിൽ എത്ര പേർ പങ്കെടുത്തിരുന്നുവെന്ന വിശദവിവരം ലഭ്യമാക്കുമോ;

(സി) മെഗാ ജോബ് ഫെസ്റ്റ് മുഖേന എത്ര പേർക്ക് നാളിതുവരെ ജോലി ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 9 മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജോബ് ഫെസ്റ്റുകളിൽ ആകെ 70229 ഉദ്യോഗാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത മെഗാ ജോബ് ഫെസ്റ്റ് മുഖേന 10675 പേർക്ക് നാളിതുവരെയായി ജോലി ലഭിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ ഐ.പി.ടി. വികസനം

328 (1048) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ ഐ.പി.ടി.-യിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ ഐ.പി.ടി.-യിൽ പ്രിന്റിംഗ് മ്യൂസിയം ഉൾപ്പെടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ ഐ.പി.ടി.-യിൽ കിഫ്ബി-യിൽ ഉൾപ്പെടുത്തി വർക്ക് ഷോപ്പിനാവശ്യമായ കെട്ടിടനിർമ്മാണം (142 ലക്ഷം രൂപ) ഉൾപ്പെടെ 570.61 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും പോളിടെക്നിക്കുകളുടെ വികസനത്തിലുൾപ്പെടുത്തി 67.90 ലക്ഷം രൂപയും ഈ സർക്കാർ അധികാരമേറ്റശേഷം നൽകിയിട്ടുണ്ട്.

ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും മികച്ച അച്ചടി സൗകര്യങ്ങളുള്ള ഷൊർണ്ണൂർ ഐ.പി.ടി.-യിൽ ഒരു പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭാവസ്ഥയിലാണ്.

## ജോലി നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസം

329 (1049) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ പൂട്ടിയപ്പോൾ ജോലി നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി മദ്യ വിലയിൽ സെസ്സ് ഏർപ്പെടുത്തിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത സെസ്സ് പ്രകാരം സമാഹരിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി ഉപയോഗിച്ചോ; എങ്കിൽ എന്ത് തുകയാണ് ഇതിനായി വിനിയോഗിച്ചത്;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ കൂടുതൽ ബാറുകൾ തുറന്നിട്ടും ജോലി ലഭിക്കാത്ത ബാർ തൊഴിലാളികളുണ്ടോ; ഉണ്ടെങ്കിൽ അവർക്കായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) 1058.89 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 8,75,45,000 രൂപ (എട്ടുകോടി എഴുപത്തിയഞ്ച് ലക്ഷത്തി നാൽപ്പത്തിയയ്യായിരം രൂപ മാത്രം) ഇതിനകം വിനിയോഗിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇവർക്കായി "സുരക്ഷാ" സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**വിദേശ നിർമ്മിത മദ്യം**

330 (1050) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിർമ്മിത മദ്യം സംസ്ഥാനത്ത് വിൽക്കുന്നതിനായി പുതിയ ബ്രാന്റുകൾക്ക് ലേബൽ, ബ്രാന്റ് രജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ എക്സൈസ് വകുപ്പിന് വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ ഭാഗമായി വിദേശ നിർമ്മിത മദ്യം സംസ്ഥാനത്ത് വിൽക്കുവാൻ അനുമതി നൽകിയതിലൂടെ മേൽപ്പറഞ്ഞ ഇനങ്ങളിൽ സർക്കാരിന് ഇതിനകം എത്ര വരുമാനം ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും ഒരു ലേബലിൽ ചെറിയ മാറ്റം വരുത്തുന്ന സാഹചര്യത്തിൽ അവയ്ക്ക് പുതുതായി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ഡി) ഇപ്രകാരം പുതുതായി രജിസ്ട്രേഷൻ എടുത്ത വകയിൽ എക്സൈസ് വകുപ്പിന് 2018 ൽ ലഭിച്ച വരുമാനം എത്രയാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലേബൽ അപ്രൂവൽ ഫീസിനത്തിൽ ഒരു ലേബലിന് 25,000 രൂപയും (ഇരുപത്തിയയ്യായിരം രൂപ മാത്രം) ഒരു ബ്രാന്റ് രജിസ്റ്റർ ചെയ്യുന്നതിന് 50,000 രൂപയുമാണ് (അൻപതിനായിരം രൂപ മാത്രം) നിശ്ചയിച്ചിട്ടുള്ളത്.

(ബി) വിദേശ നിർമ്മിത വിദേശ മദ്യ ലേബൽ അംഗീകരിച്ചുനൽകിയ ഇനത്തിൽ 2018-2019 വർഷത്തിൽ 91,00,000 രൂപയും (തൊണ്ണൂറ്റി ഒന്ന് ലക്ഷം രൂപ മാത്രം) ബ്രാന്റ് രജിസ്റ്റർ ചെയ്ത് നൽകിയ ഇനത്തിൽ തൻ വർഷം 31,00,000 രൂപയും (മുപ്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നിലവിലെ ചട്ടപ്രകാരം ലേബലുകൾക്ക് മാറ്റംവരുത്തുന്ന സാഹചര്യത്തിൽ അത്തരം ലേബലുകൾക്ക് പുതുതായി അംഗീകാരം വാങ്ങേണ്ടതാണ്. പുതുതായി ലേബൽ അംഗീകരിച്ചു നൽകുന്നതിന് ലേബൽ ഒന്നിന് 25,000 (ഇരുപത്തി അയ്യായിരം രൂപ മാത്രം) ഫീസ് നൽകേണ്ടതാണ്.

(ഡി) 2018-ൽ ഇപ്രകാരം വിദേശ നിർമ്മിത മദ്യത്തിന്റെ അംഗീകാരം നൽകിയ ലേബലിൽ മാറ്റം വരുത്തിയ ഇനത്തിൽ വരുമാനം ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

**മദ്യംമൂലമുണ്ടാകുന്ന വിപത്തിനെക്കുറിച്ച് ബോധവൽക്കരണം**

331 (1051) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ വിപത്തിനെ കുറിച്ച് സർക്കാർ നടത്തുന്ന ബോധവൽക്കരണ പരിപാടികളിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ ഇത്തരം ബോധവൽക്കരണ പ്രവർത്തനത്തിലൂടെ നടത്തിയ ഇടപെടലുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോധവൽക്കരണത്തിലൂടെ മദ്യത്തോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടായതായും മദ്യ ഉപഭോഗത്തിൽ കുറവ് വന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ മുപ്പത് മാസത്തിനകം സംസ്ഥാനത്ത് മദ്യവില്പനയിൽ ഉണ്ടായ കുറവ് എത്രയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുതുന്നുണ്ട്.

(ബി) സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. തുടങ്ങിയവയുമായി ചേർന്നുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി മേഖലകളിലെ യുവതീ-യുവാക്കൾക്ക് ബോധവൽക്കരണ ട്രെയിനിംഗ്, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനപരിപാടികൾ, ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ചുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് എക്സൈസ് വകുപ്പ് മുഖാന്തരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന കർമ്മ പദ്ധതികൾ. വിവിധ ജനവിഭാഗങ്ങളുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.

വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ, ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സയ്ക്കും കൗൺസിലിംഗിനുമായി 14 ജില്ലകളിലും ഡി-അഡീക്ഷൻ സെന്ററുകൾ, ഉത്തര, മധ്യ, ദക്ഷിണ മേഖലകളിലായി കൗൺസിലിംഗ് സെന്ററുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) ജനുവരി 2014 മുതൽ ജൂൺ 2016 വരെയുള്ള 30 മാസങ്ങളിലെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന ജൂലൈ 2016 മുതൽ ഡിസംബർ 2018 വരെയുള്ള 30 മാസങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 11.99 ലക്ഷം കെയ്സിന്റെ കുറവ് കാണുന്നു. (535.49-523.50). ഈ കാലയളവിൽ ബിയറിന്റെ വിൽപ്പനയിലും 18.38 ലക്ഷം കെയ്സിന്റെ കുറവാണ് കാണുന്നത്. (326.27-307.89)

**കൊയിലാണ്ടി എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം**

332 (1052) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം ഇല്ലാതെ അസൗകര്യങ്ങളാൽ വീർപ്പുമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ഓഫീസിനായി ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസലുകൾ വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ഥലം ലഭ്യമായ ഇടങ്ങളിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കാനാവശ്യമായ ഫണ്ട് സർക്കാർ നൽകിവരുന്നുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടില്ല.

(സി) ലഭ്യമാക്കിവരുന്നുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച പ്ലാനും എസ്റ്റിമേറ്റും സഹിതം വിശദമായ പ്രൊപ്പോസൽ എക്സൈസ് കമ്മീഷണർ സമർപ്പിക്കേണ്ടതാണ്.

## വിദേശ നിർമ്മിത വിദേശമദ്യത്തിൽനിന്നുള്ള നികുതി വരുമാനം

333 (1053) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശനിർമ്മിത വിദേശ മദ്യത്തിന് കേരള വിപണിയിൽ പ്രിയം ഏറുന്നുവെന്നത് വസ്തുതയാണോ;

(ബി) സംസ്ഥാനത്ത് ഇത്തരം മദ്യം വിതരണം ചെയ്യുന്നതിനായി എത്ര ബ്രാന്റുകൾക്കാണ് ബിവറേജസ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) അതിൽ എത്ര ബ്രാന്റുകൾ നിലവിൽ സംസ്ഥാന വിപണിയിൽ വിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ഡി) 2018- ൽ എത്ര കോടി രൂപയുടെ വിദേശ നിർമ്മിത വിദേശമദ്യമാണ് സംസ്ഥാനത്ത് വില്പന നടത്തിയതെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാനത്തിന് ഈ ഇനത്തിൽ നികുതിയിനത്തിലും മറ്റുമായി എന്ത് വരുമാനം ലഭിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

(ബി) ബിവറേജസ് കോർപ്പറേഷന്റെ കേരള ഗവൺമെന്റ് ഇ-ടെണ്ടർ പോർട്ടൽവഴി ക്ഷണിച്ചിരുന്ന ഓഫറുകളോടുള്ള പ്രതികരണമായി 17 വിതരണ കമ്പനിക്കാരുടെ 227 ബ്രാൻഡുകൾ/പായ്ക്കുകൾക്കുള്ള ഓഫറുകൾ ലഭിക്കുകയും ആയത് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വിതരണക്കാരിൽ 5 വിതരണക്കാരുടെ 31 ബ്രാൻഡുകൾ നിലവിൽ വിൽപ്പന നടത്തിവരുന്നു.

(ഡി) കോർപ്പറേഷന്റെ വിദേശ നിർമ്മിത മദ്യത്തിന്റെ വിൽപ്പന 18-8-2018 മുതൽ ആരംഭിച്ചിട്ടുണ്ട്. 31-12-2018 വരെ മൊത്തം 12.41 കോടി രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്.

(ഇ) വിദേശ നിർമ്മിത വിദേശ മദ്യം വാങ്ങിയ ഇനത്തിലും വിറ്റയിനത്തിലുമായി കോർപ്പറേഷൻ 6.10 കോടി രൂപ നികുതിയായും തീരുവയായും സംസ്ഥാന ഖജനാവിൽ 2018 വർഷത്തിൽ അടച്ചിട്ടുണ്ട്.

## വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിന് നടപടി

334 (1054) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ് നവവത്സര ആഘോഷങ്ങളോടനുബന്ധിച്ച് വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചിരുന്നുവോ;

(ബി) ഇതിനോടനുബന്ധിച്ച് എത്ര റെയ്ഡുകളാണ് നടത്തിയതെന്നും എത്ര ലിറ്റർ വ്യാജമദ്യവും കോടയും പിടിച്ചെടുത്തുവെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിരുന്നു.

(ബി) നടത്തിയ റെയിഡുകൾ-12458 എണ്ണം

പിടിച്ചെടുത്ത വ്യാജ മദ്യം - 1736.025 ലിറ്റർ

നശിപ്പിച്ച കോട - 22041 ലിറ്റർ.

(സി) 990 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## മദ്യത്തിന്റെ ഗുണനിലവാരവും സുരക്ഷയും

335 (1055) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നിയന്ത്രണങ്ങൾ സംസ്ഥാനത്ത് എന്നുമുതൽ നിലവിൽവരുമെന്ന് പറയാമോ;

(ബി) നിയമം നടപ്പാകുന്നതോടെ മദ്യത്തിന്റെ ഗുണനിലവാരവും സുരക്ഷയും സംബന്ധിച്ച പരിശോധനകൾ ഭക്ഷ്യസുരക്ഷാ വിഭാഗം ഏറ്റെടുത്ത് നടത്തുമോ; അതോടൊപ്പം മദ്യം ആരോഗ്യത്തിന് ഹാനികരം, മദ്യപിച്ച് വാഹനമോടിക്കരുത് എന്നീ സന്ദേശങ്ങൾ കുപ്പികളിൽ രേഖപ്പെടുത്തുമോ;

(സി) നിയമം നടപ്പാക്കുന്നതോടെ മറ്റെന്തൊക്കെ നിബന്ധനകൾ പ്രാബല്യത്തിൽവരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ 5-9-2016-ലെ F.No.2/SA-24/2009(1)/FSSAI നോട്ടിഫിക്കേഷൻ പ്രകാരം എല്ലാ തരത്തിലുമുള്ള മദ്യത്തേയും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ആൽക്കഹോളിക് ബിവറേജസ്) റെഗുലേഷൻസ് 2018 പ്രകാരം 1-4-2019-ൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ബി) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് എക്സൈസ് വകുപ്പ് നടത്തുന്ന പരിശോധനയ്ക്കൊപ്പം ഭക്ഷ്യ സുരക്ഷാ വകുപ്പിനും 2018-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ആൽക്കഹോളിക് ബിവറേജസ്) റെഗുലേഷൻസ് 2018 അനുസരിച്ചുള്ള പരിശോധനകൾ നടത്താവുന്നതാണ്. മദ്യപാനം ആരോഗ്യത്തിന് ഹാനികരം, മദ്യപിച്ച് വാഹനമോടിക്കുന്നത് ശിക്ഷാർഹമാണ് എന്നീ സന്ദേശങ്ങൾ നിലവിൽ അബ്കാരി ചട്ടങ്ങൾ അനുസരിച്ച് രേഖപ്പെടുത്തുന്നുണ്ട്.

(സി) നിയമം നടപ്പിൽ വരുന്നതോടെ ഇപ്പോൾ അബ്കാരി നിയമത്തിൻ കീഴിലുള്ള നിയന്ത്രണങ്ങൾക്ക് പുറമെ മദ്യത്തിന്റെ ഗുണനിലവാരം സംബന്ധിച്ചും മദ്യക്കുപ്പികളിൽ പതിക്കുന്ന ലേബലുകളുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ആൽക്കഹോളിക് ബിവറേജ്സ്) റെഗുലേഷൻസ് 2018 പ്രകാരമുള്ള നിബന്ധനകൾകൂടി 2019, ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വരുന്നതാണ്.

**ലഹരി വസ്തുക്കളുടെ വിതരണം തടയുന്നതിനുള്ള നടപടി**

336 (1056) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ലഹരി മരുന്ന് മാഫിയ നടത്തുന്ന ലഹരി വസ്തുക്കളുടെ വിതരണം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര രൂപയുടെ നിരോധിത ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ലഹരി മരുന്ന് കേസുകളിൽ പിടികൂടുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ലഹരി മരുന്ന് മാഫിയയെ നേരിടുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം കർശന പരിശോധനകൾ നടത്തി വിദ്യാർത്ഥികൾക്ക് മയക്കമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്ക് പരമാവധി ശിക്ഷ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം ഉദ്ദേശം 650 കോടി രൂപയുടെ നിരോധിത ലഹരിവസ്തുക്കൾ പിടികൂടിയിട്ടുണ്ട്.

(സി) ലഹരി മരുന്ന് കേസ്സുകളിൽ പിടിയിലാകുന്നവർക്ക് കടുത്ത ശിക്ഷ ലഭിക്കുന്നതിനായി 1985-ലെ കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ലഹരി മരുന്ന് മാഫിയ നേരിടുന്നതിനായി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും നരീക്ഷണങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

## എക്സൈസ് വകുപ്പിൽ കേസ്സുകളുടെ എണ്ണം പെരുപ്പിച്ച് കാണിക്കാൻ സമ്മർദ്ദം

337 (1057) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടി മുതൽ നശിപ്പിച്ചതായി കോടതിയിൽ വ്യാജ റിപ്പോർട്ട് നൽകിയശേഷം അതുപയോഗിച്ച് എക്സൈസ് വകുപ്പ് വീണ്ടും വ്യാജ കേസ് എടുക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേസുകളുടെ എണ്ണം പെരുപ്പിച്ച കാണിക്കാനായി മേലുദ്യോഗസ്ഥരുടെ സമ്മർദ്ദംമൂലമാണോ ഇത്തരം നടപടികളെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുകാരണം ചെറിയ അളവിൽ ലഹരി മരുന്നുമായി പിടിയിലാകുന്നവരെ വലിയ അളവിൽ ലഹരി മരുന്നുമായി പിടികൂടിയെന്ന് കാണിച്ച് കേസെടുക്കേണ്ടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് പരിഹാരമായി ഓരോ കേസിലെയും തൊണ്ടി മുതൽ മജിസ്ട്രേറ്റിന്റെയോ തഹസീൽദാരുടെയോ സാന്നിദ്ധ്യത്തിൽ നശിപ്പിക്കുന്നത് വീഡിയോയിൽ ചിത്രീകരിച്ച് അത് എക്സൈസ് കമ്മീഷണർക്കും കോടതിക്കും കൈമാറാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരിഗണനയിലില്ല.

## ലഹരി മരുന്ന് കേസ്

338 (1058) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര ലഹരിമരുന്ന് കേസ് രജിസ്റ്റർ ചെയ്തെന്നും എത്ര പേർ അറസ്റ്റിലായെന്നും ഏറ്റവും കൂടുതൽ അറസ്റ്റുണ്ടായത് ഏത് ജില്ലയിൽ/സ്ഥലത്ത് ആണെന്നും അറിയിക്കാമോ;

(ബി) കുറിപ്പില്ലാതെ നല്കരുതെന്ന് നിർദ്ദേശമുള്ള മരുന്നുകൾ കുട്ടികൾക്ക് വിറ്റ എത്ര കേസ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തെന്നും എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കാമോ; ഇപ്രകാരമുള്ള കേസ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ല/പ്രദേശം ഏതാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2018 വർഷത്തിൽ എക്സൈസ് എൻ.ഡി.പി.എസ്. നിയമപ്രകാരം 7573 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 7802 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ അറസ്റ്റ് ഉണ്ടായിട്ടുള്ളത്. എറണാകുളം ജില്ലയിൽ 922 കേസ്സുകളിലായി 948 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള കേസ്സുകൾ കഴിഞ്ഞ വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടില്ല.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലഹരിവസ്തുക്കളുടെ വിൽപ്പന

339 (1059) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപത്തുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) അത്തരത്തിൽ ലഹരിവസ്തുക്കൾ കണ്ടെത്തിയ എത്ര വ്യാപാരികൾക്ക് എതിരെ ഈ സർക്കാർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ ലഹരി വില്പന നടത്തുന്നവരെ കണ്ടെത്തുന്നതിന് പ്രത്യേക പരിശോധന നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിലും മറ്റും നിരീക്ഷണം നടത്തുകയും പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികളിൽനിന്നും പൊതുജനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുകയും സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം മയക്കമരുന്നുകൾ തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) 3465 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നടത്താറുണ്ട്. ഷാഡോ എക്സൈസ് ടീമിനെ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും നടപടിയെടുക്കുകയും ആരോഗ്യം, പോലീസ് എന്നീ വകുപ്പുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്.

## കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം

340 (1060) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാരിലും യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) മയക്കുമരുന്ന് കടത്തുകാരായും വിൽപ്പനക്കാരായും പിടിക്കപ്പെടുന്ന കുറ്റവാളികളിൽ കൗമാരക്കാരുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) അതീവ ഗുരുതരമായ ഈ പ്രശ്നത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സമഗ്രമേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ആയതിലൂടെ ലഹരിവിമുക്ത കേരളം സാക്ഷാൽക്കരിക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്.

മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പംതന്നെ സ്കൂൾ കോളേജുതലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്വിസ്, ചിത്ര രചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. "വിമുക്തി" മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി റിപ്പബ്ലിക് ദിനമായ 26-1-2019-ന് സംസ്ഥാന വ്യാപകമായി പഞ്ചായത്തടിസ്ഥാനത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിച്ച്, സ്പോർട്സ് കൗൺസിൽ, മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി കുട്ടികൾക്കും യുവാക്കൾക്കുമായി കബഡി, വോളിബോൾ, ഫുട്ബോൾ തുടങ്ങിയ കായിക മത്സരങ്ങൾ നടത്തിവരുന്നു.

(ബി&സി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, സംഭരണം, വിപണനം എന്നിവ കർശനമായി തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. ഷാഡോ എക്സൈസ് സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്ക്വാഡുകളും മുഖേന സൂക്ഷ്മമായ നിരീക്ഷണങ്ങൾ നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി സഹകരിച്ചുകൊണ്ട് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. ചെക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കുകയും കർശനമായ വാഹന പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. ട്രെയിൻ വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി റെയിൽവേ സംരക്ഷണ സേനയുടെ സഹായത്തോടെ ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധനകൾ നടത്തിവരുന്നു.

കൂടാതെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**കാട്ടാക്കട കേന്ദ്രമായി എക്സൈസ് സർക്കിൾ ഓഫീസ്**

341 (1061) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് കോംപ്ലക്സ്**

342 (1062) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ;

(ഡി) എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ നമ്പർ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി 23-1-2019-ന് ലഭ്യമായ ശിപാർശ 3191993/ജി3/2019/നി.വ. ഫയലിൽ പരിശോധിച്ചുവരുന്നു.

## കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ്

343 (1063) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്ന പഴയകുന്നുമ്മേൽ ഗ്രാമ പഞ്ചായത്ത് വക സ്ഥലവും കെട്ടിടവും എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സ്ഥലത്തിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ചിറയിൻകീഴ് താലൂക്ക് ആഫീസിൽനിന്നും സബ് കളക്ടർക്ക് നൽകിയിട്ടുണ്ട്. സബ് കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളക്ടർ ടി സ്ഥലം എക്സൈസ് വകുപ്പിന് അനുവദിക്കുന്ന മുറയ്ക്ക് മാത്രമെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

**ചങ്ങനാശ്ശേരി എക്സൈസ് ഓഫീസ് കെട്ടിടം**

344 (1064) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംകൊണ്ട് തകർച്ചയെ നേരിടുന്ന ചങ്ങനാശ്ശേരി എക്സൈസ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സുരക്ഷിതമല്ലാത്ത ഈ കെട്ടിടത്തിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

**ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ്**

345 (1065) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ജനമൈത്രി എക്സൈസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പരിഗണനയിലില്ല.

**കൽപ്പറ്റയിൽ എക്സൈസ് ടവർ**

346 (1066) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിൽ എക്സൈസ് ടവർ സ്ഥാപിക്കുന്ന കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

വയനാട് എക്സൈസ് ടവർ നിർമ്മാണത്തിനുവേണ്ടി വൈത്തിരി താലൂക്കിൽ റവന്യൂഭൂമി ലഭ്യമല്ലാത്തതിനാൽ ഏതെങ്കിലും സർക്കാർ വകുപ്പുകളുടെ കൈവശം ഭൂമി ലഭ്യമാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നപക്ഷം തുടർ നടപടികൾ കൈക്കൊള്ളാമെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

തുടർന്ന് കൽപ്പറ്റ വില്ലേജിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശം ബ്ലോക്ക് നമ്പർ 18-ൽ റി. സ.472/2-ൽ ഉൾപ്പെട്ട 2.622 ഹെക്ടർ ഭൂമിയിൽ നിലവിൽ കൽപ്പറ്റ വില്ലേജ് ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്ന പഴയ കെട്ടിടം ഉൾപ്പെടെയുള്ള 20 സെന്റ് ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചുകിട്ടുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 23-10-2017-ന് അപേക്ഷ നൽകിയിരുന്നു വെങ്കിലും ടി സ്ഥലത്തെ കെട്ടിടം ഇറിഗേഷൻ വകുപ്പിനുള്ള കെട്ടിട നിർമ്മാണത്തിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കേണ്ടതിനാൽ ഇറിഗേഷൻ വകുപ്പ് എൻ.ഒ.സി. അനുവദിച്ചിട്ടില്ല.

ആയതിനാൽ പ്രസ്തുത സ്ഥലത്തുള്ള ഉപയോഗശൂന്യമായ 25 സെന്റ് സ്ഥലം അനുവദിച്ചുകിട്ടുന്നതിന് 6-10-2018-ന് ജില്ലാകളക്ടർക്ക് വീണ്ടും അപേക്ഷ സമർപ്പിച്ചിരുന്നു, എങ്കിലും പ്രസ്തുത സ്ഥലം വകുപ്പിന് ആവശ്യമാണെന്ന് കാരാപ്പുഴ പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ എക്സൈസ് ടവർ നിർമ്മാണത്തിനായി മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള അന്വേഷണം നടത്തിവരുന്നു.

**ഡി-അഡിക്ഷൻ സെന്ററുകൾ**

347 (1067) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പിന്റെ കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ മലപ്പുറം ജില്ലയിൽ ഇത്തരത്തിൽ എത്ര ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം;

(സി) ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ലഹരിക്ക് അടിമപ്പെട്ടവർക്ക് ഇത്തരം കേന്ദ്രങ്ങളിലൂടെ കൗൺസിലിംഗും ചികിത്സയും നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ പതിനാല് ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ നിലമ്പൂർ ഗവൺമെന്റ് ആശുപത്രിയിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) ഡി-അഡിക്ഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്നതിനായി ഒരു സെന്ററിൽ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒരു മെഡിക്കൽ ഓഫീസർ, ഒരു സോഷ്യൽ വർക്കർ, മൂന്ന് സ്റ്റാഫ് നഴ്സ് എന്നിങ്ങനെ ആകെ പതിനാല് സെന്ററുകൾക്കായി 84 താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ലഹരിക്ക് അടിമപ്പെട്ടവർക്ക് വിമുക്തി ഡി-അഡിക്ഷൻ സെന്ററുകൾ വഴി കൗൺസിലിംഗും ചികിത്സയും നൽകിവരുന്നുണ്ട്. 22-1-2019 വരെ പതിനാല് ഡി-അഡിക്ഷൻ സെന്ററുകളിലായി 1552 പേർ ഒ.പി. വിഭാഗത്തിലും 148 പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയിട്ടുണ്ട്.

## ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയൽ

348 (1068) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയുവാനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 3 വർഷങ്ങളിൽ എത്ര തുകയുടെ ലഹരി ഉല്പന്നങ്ങൾ പിടികൂടിയെന്നും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തുവെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഓരോ വർഷവും സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെ കുട്ടികൾക്ക് ലഹരി ഉല്പന്നങ്ങൾ വിപണനം നടത്തിയ എത്ര കടക്കാരെയും മറ്റുള്ളവരേയും പിടികൂടി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ലഹരിക്കടിമപ്പെട്ടവരെ മോചിപ്പിക്കാനായി എക്സൈസ് വകുപ്പ് ആരോഗ്യ വകുപ്പും മറ്റു വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽനിന്നും നിയമവിരുദ്ധ ലഹരിവസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി സഹകരിച്ചുവരുന്നതും വിവരങ്ങൾ പരസ്പരം കൈമാറി നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്.

(ബി)

| ഇനം | 2016 | 2017 | 2018 |
|---|---|---|---|
| പിടികൂടിയ ലഹരി ഉൽപ്പന്നങ്ങളുടെ വില | 200 കോടി രൂപ | 300 കോടി രൂപ | 650 കോടി രൂപ |
| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 35259 | 50089 | 79350 |

(സി)

| ഇനം | 2016 | 2017 | 2018 |
|---|---|---|---|
| കുട്ടികൾക്ക് ലഹരി ഉൽപ്പന്നങ്ങൾ വിപണനം നടത്തിയതിന് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 2409 | 3067 | 2474 |
| ടി കേസ്സുകളിൽ പിടികൂടിയവരുടെ എണ്ണം | 1098 | 1815 | 1884 |

(ഡി) ലഹരിക്ക് അടിമപ്പെട്ടവരെ സാധാരാണ ജീവിതത്തിലേയ്ക്ക് തിരികെയെത്തിക്കുന്നതിനായി "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലുമായി 14 സർക്കാർ ആശുപത്രികളിൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാക്കുന്ന തരത്തിൽ ഉത്തര-മധ്യ-ദക്ഷിണ മേഖലകളിലായി മൂന്ന് കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുമുണ്ട്.

## എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള അരൂകുറ്റിയിലെ സ്ഥലം

349 (1069) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി അരൂകുറ്റിയിൽ നിർമ്മിച്ചിക്കുന്ന ഹൗസ് ബോട്ട് ടെർമിനൽ പ്രയോജനപ്പെടുത്താനാവാത്ത സാഹചര്യം പരിഗണിച്ച് ബഹു. എക്സൈസ്, ടൂറിസം മന്ത്രിമാരും വകുപ്പ് മേധാവികളും എം.എൽ.എ.-യും പങ്കെടുത്ത യോഗതീരുമാനപ്രകാരം എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള അരൂകുറ്റിയിലെ സ്ഥലം, ടൂറിസം വകുപ്പിന്റെ പദ്ധതിയ്ക്ക് പെർമിസ്സീവ് സാംഗ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എക്സൈസ് വകുപ്പിന് പകരം സ്ഥലം കണ്ടെത്തി നല്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും പകരം നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ പലതും എക്സൈസ് വകുപ്പിന് തൃപ്തികരമാകാത്തതിനാൽ ഒന്നര കോടി രൂപ മുടക്കി നിർമ്മിച്ച അരൂകുറ്റിയിലെ ഹൗസ് ബോട്ട് ടെർമിനൽ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകരം സ്ഥലം കണ്ടെത്തിയതിന് ശേഷമേ എക്സൈസ് വകുപ്പ് ഈ വസ്തു ടൂറിസത്തിന് നൽകാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ യോഗതീരുമാനപ്രകാരമുള്ള പെർമിസ്സീവ് സാംഗ്ഷൻ നല്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) കോസ്റ്റൽ റെഗുലേഷൻ സോൺ മേഖലയിലുള്ള അതിമനോഹരമായ ഈ സ്ഥലം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാനാകാത്തത് പരിഗണിച്ച്, സാമൂഹ്യവിരുദ്ധരുടെ കയ്യേറ്റങ്ങളിൽനിന്ന് രക്ഷിച്ച് പ്രസ്തുത സ്ഥലം നാടിന്റെ വികസനാവശ്യങ്ങൾക്ക് വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പെർമിസ്സീവ് സാംഗ്ഷൻ നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പരിശോധിക്കുന്നതാണ്.

**മയക്കുമരുന്നും റേവ് പാർട്ടികളും**

350 (1070) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ലഹരി മാഫിയകളുടെ വെബ് സൈറ്റുകളിൽ നിന്ന് ബിറ്റ് കോയിൻ പോലുള്ളവ ഉപയോഗിച്ച് സംസ്ഥാനത്ത് ഗോവ വഴി മയക്കുമരുന്ന് എത്തിക്കുന്നതായ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) റേവ് പാർട്ടികൾ ധാരാളമായി നടക്കുന്നത് കൊച്ചിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില ജ്യൂസ്, സർബത്ത്, ഐസ്ക്രീം പൗഡർ നിർമ്മാതാക്കൾ അവരുടെ ലേബലിൽ ടിന്നുകളിലും കവറുകളിലുമാക്കി മയക്കുമരുന്ന് കടത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ ഗൗരവമായി കണ്ട് നിരീക്ഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റേവ് പാർട്ടികൾ കൊച്ചിയിൽ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഗൗരവമായ നിരീക്ഷണം നടത്തിവരുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 817-നുള്ള ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II അറിയിപ്പ്

### രക്തസാക്ഷി ദിനാചരണം

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ഒരു അറിയിപ്പുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ജീവൻ ബലികഴിച്ചവരുടെ സ്മരണാർത്ഥം, എല്ലാ വർഷവും രാജ്യമൊട്ടുക്ക് ജനുവരി 30-ന് രാവിലെ 11.00 മണി മുതൽ രണ്ട് മിനിട്ട് നേരം ഓരോരുത്തരും അവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട്, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരചരമം പ്രാപിച്ചവരെ സ്മരിച്ച് മൗനാചരണം നടത്താറുണ്ട്. ഐതിഹാസികമായി ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളായി വീരമൃത്യു വരിച്ചവരെ അനുസ്മരിച്ചുകൊണ്ട് നമ്മുടെ സഭയും ഇന്ന് പതിനൊന്ന് മണിക്ക് രണ്ടുമിനിട്ട് നേരം മൗനം ആചരിക്കുന്നതാണെന്നറിയിക്കുന്നു.

## III അടിയന്തരപ്രമേയം

### പ്രളയാനന്തര ദുരിതാശ്വാസ സഹായം

മി. സ്പീക്കർ: മഹാപ്രളയത്തിനുശേഷമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാത്തതും കൃഷിനാശം സംഭവിച്ചവർക്കും ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ട വിവിധ ജനവിഭാഗങ്ങൾക്കും സർക്കാരിൽനിന്നും നഷ്ടപരിഹാരം ലഭിക്കാത്തതും പ്രളയബാധിത പ്രദേശങ്ങളിലുണ്ടായിട്ടുള്ള സാമ്പത്തിക ത്തകർച്ചമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനം നേരിട്ട മഹാപ്രളയത്തെ സംസ്ഥാന സർക്കാർ വളരെ കാര്യക്ഷമമായിട്ടാണ് നേരിട്ടത്. സർക്കാർ ഏറ്റവും മുൻഗണന നൽകിയാണ് പ്രളയബാധിത കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇപ്പോൾ ആ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. പ്രളയം കാരണം പൂർണ്ണമായി തകർന്ന വീടുകൾ 13362 എണ്ണമാണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചുകൊള്ളാമെന്ന് അറിയിച്ചിരിക്കുകയാണ്. ആകെ 9343 പേർക്ക് അദ്യഗഡു സഹായം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അവർ വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം,

സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ബാക്കിയുള്ളവയുടെ നിർമ്മാണമേറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായി തകർന്ന എല്ലാ വീടുകളും പണിയുന്നതിനുള്ള ക്രമീകരണം ഇപ്പോൾ പൂർത്തിയായിരിക്കുകയാണ്. ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം ഏതാണ്ട് 255964 എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആ വിഭാഗത്തിൽപ്പെട്ട ഒന്നും രണ്ടും വിഭാഗത്തിലെ ആളുകൾക്ക് അതിന്റെ പൂർണ്ണമായ സാമ്പത്തിക സഹായം നൽകാനുള്ള നടപടികൾ സ്വീകരിച്ച് അത് പൂർണ്ണമായി നൽകിക്കഴിഞ്ഞിരിക്കുകയാണ്. അതോടൊപ്പം ആദ്യ രണ്ട് വിഭാഗങ്ങളുടെ ധനസഹായം പൂർണ്ണമായി നൽകി, ബാക്കിയുള്ളവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 130606 കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിക്കഴിഞ്ഞിരിക്കുകയാണ്. ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ അവശേഷിക്കുന്നവർക്കെല്ലാം പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ നിർദ്ദേശവും നൽകിയിരിക്കുകയാണ്. അർഹരായ നിരവധി ആളുകൾ ഗുണഭോക്താക്കളുടെ ലിസ്റ്റിലില്ലെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. അർഹരായ എല്ലാവരേയും ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങൾ സംബന്ധിച്ച് അപ്പീലുകളും പരാതികളുമായി 54792 അപേക്ഷകൾ ഇപ്പോൾ ലഭിച്ചിരിക്കുകയാണ്. ഈ അപേക്ഷകളെല്ലാം പരിശോധിച്ച് അർഹരായവർ ഇനിയും അതിലുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താനും സർക്കാർ സന്നദ്ധമാണ്. ഉദാഹരണത്തിന് 5-9-2018 ആയിരുന്നു 10,000 രൂപ അടിയന്തര സഹായം നൽകുന്നതിന് പട്ടിക തയ്യാറാക്കുന്നതിനുള്ള അവസാന തീയതി. ആ തീയതി വരെ ലഭിച്ചത് 6,10,802 പേരുടെ പട്ടികയാണ്. എന്നാൽ സർക്കാർ എല്ലാവിധ പരിശോധനകൾക്കുംശേഷം, 10,000 രൂപ അടിയന്തരസഹായം നൽകിയത് 6,87,843 പേർക്കാണ്. ഇതിന്റെ അർത്ഥം 77041 പേർ അപ്പീലുകൾ വഴിയാണ് ഈ സഹായത്തിന് അർഹത നേടിയതെന്നാണ്. പരിശോധിച്ച് അതിന് അർഹരായവരെ കണ്ടെത്തി അവരെക്കൂടി ഉൾപ്പെടുത്തുന്ന സമീപനമാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. സർക്കാരിന്റെ ഉദാരമായ സമീപനമാണ് ഇതിലൂടെ കാണിക്കുന്നത്. 10,000 രൂപ നൽകുന്നതിനോടൊപ്പം സർക്കാർ പ്രഖ്യാപിച്ച സഹായത്തിന്റെ കൂട്ടത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽ ആ വകുപ്പുകൾക്ക് പ്രത്യേകിച്ച് നൽകിയിട്ടുള്ള സഹായംകൂടി ഇതിനുപുറമേയുണ്ട്. എസ്.സി. വിഭാഗത്തിൽപ്പെട്ട 85207 കുടുംബങ്ങൾക്കും എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 3355 കുടുംബങ്ങൾക്കും പ്രത്യേക സഹായവും നൽകി. അതിൽ എസ്.സി. വിഭാഗത്തിന് 5,000 രൂപയും എസ്.റ്റി. വിഭാഗത്തിന് 10,000 രൂപയും സർക്കാർ നേരത്തെ കൊടുത്തതിനുപുറമേ നൽകിയിരിക്കുന്നു എന്നതുകൂടി ഇതിന്റെ കൂട്ടത്തിൽ കാണേണ്ടതുണ്ട്. എസ്.സി. കുടുംബങ്ങളുടെ രേഖകൾ പൂർത്തിയാകാത്തതും സാങ്കേതിക തടസ്സങ്ങളുള്ളതു

കൊണ്ടും ചില കാര്യങ്ങൾ മാത്രമാണ് പരിശോധനാ വിധേയമായി ബാക്കിയുള്ളത്. സർക്കാർ 42 കോടി 50 ലക്ഷം രൂപയുടെ സഹായം എസ്.സി./എസ്.റ്റി. വിഭാഗത്തിന് പ്രത്യേകമായി നൽകിയിരിക്കുകയാണ്. ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം 54792 വീടുകളുടെ അപേക്ഷ പരിഗണനയിലുണ്ട്, അത് പരിശോധിക്കുന്നതാണ്. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്കും ഒരു സഹായവും നൽകിയിട്ടില്ല എന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. രാജ്യത്ത് ഒരു സംസ്ഥാനത്തും ദുരന്താനന്തരം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് അത് പുനരാരംഭിക്കാൻ കേന്ദ്ര ദുരിതാശ്വാസ മാനദണ്ഡപ്രകാരം ഒരു സർക്കാർ നടപടിയും ഉണ്ടായിട്ടില്ല. ഇതിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ 'ഉജ്ജീവന സഹായ പദ്ധതി' എന്ന പേരിൽ സമ്പൂർണ്ണമായി കേരള സർക്കാർ സഹായത്തോടെ ബാങ്കുകളുമായി സഹകരിച്ച് ഉപജീവനമാർഗ്ഗം തിരിച്ചുപിടിക്കാനായി ചെറുകിട വ്യവസായ സംരംഭകർ, കടകൾ നടത്തുന്നവർ, അലങ്കാര മത്സ്യകർഷകർ, തേനീച്ച കർഷകർ, ക്ഷീരകർഷകർ, കിസാൻ കാർഡുള്ള കർഷകർ എന്നിവർക്കെല്ലാം ബാങ്ക് ലോൺ നൽകുന്ന ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപ്രകാരം ദുരന്തബാധിതർക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള സഹായം ലഭ്യമാണ്. എടുക്കുന്ന ലോണുകളുടെ മാർജിൻ മണിയായാണ് രണ്ട് ലക്ഷം രൂപ വരെയുള്ള സഹായം നൽകുന്നത്. ഉദാഹരണത്തിന്, പത്ത് ലക്ഷം രൂപയാണ് വായ്പ എടുക്കുന്നതെങ്കിൽ അവർക്ക് മാർജിൻ മണിയായി രണ്ട് ലക്ഷം രൂപ സർക്കാർ നൽകുന്നതാണ്. എസ്.എൽ.ബി.സി. കൂടി തീരുമാനമെടുത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് 2019 ഏപ്രിൽ മാസം വരെ സമയം നൽകിയിരിക്കുകയാണ്. കന്നുകാലികൾ നഷ്ടപ്പെട്ട 27363 കുടുംബങ്ങൾക്ക് 21 കോടി 70 ലക്ഷം രൂപ അനുവദിച്ചിരിക്കുകയാണ്. മത്സ്യബന്ധന മേഖലയിൽ 11.6 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് അതിന്റെ നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിന്റെ സൈന്യമായ മത്സ്യത്തൊഴിലാളികൾക്ക് ദുരന്തരക്ഷാപ്രവർത്തനത്തിലേർപ്പെട്ടപ്പോഴുണ്ടായ നാശ നഷ്ടങ്ങൾക്ക് 3 കോടി രൂപയിലധികം നേരത്തെതന്നെ അനുവദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. കേന്ദ്ര ദുരിതാശ്വാസ മാനദണ്ഡമനുസരിച്ച് നെൽകൃഷി നഷ്ടപ്പെട്ടാൽ ഹെക്ടറിന് 13,500 രൂപയാണ് നൽകാൻ സാധിക്കുന്നത്; അത് നൽകിയിട്ടുണ്ട്. കൂടാതെ പ്രളയം ബാധിച്ച പ്രദേശത്തെ പാടശേഖരങ്ങളിലെ പ്രളയജലം വറ്റിക്കാനും ചെളി നീക്കംചെയ്യാനുമായി വേണ്ടിവന്ന തുകയും ഇതിനുപുറമേ അനുദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 22.8 കോടി രൂപ വിലയുള്ള 5650.85 മെട്രിക് ടൺ നെൽവിത്ത് പൂർണ്ണമായും സൗജന്യമായി കാർഷിക

മേഖലയിൽ വിതരണം ചെയ്തുകഴിഞ്ഞിരിക്കു കയാണ്. പച്ചക്കറി കർഷകർക്കായി 92 കോടി രൂപയുടെ സഹായവും നൽകിയിരിക്കുകയാണ്. 238376 കർഷകർക്ക് ദുരന്തനിവാരണനിധി യിൽനിന്ന് 69.1 കോടി രൂപയും 224610 കർഷകർക്ക് 110.45 കോടി രൂപയുടെ കാർഷിക സഹായവും സംസ്ഥാന ബഡ്ജറ്റിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ട്. ആകെ 178 കോടി രൂപ ഇതുവരെ നൽകി. ഇതിനുപുറമേ 13321 കർഷകർക്ക് 21.57 കോടി രൂപ 'സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 'പ്രകാരവും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഒരു വാഴ നശിച്ചാൽ കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് 5 രൂപ 20 പൈസയാണ് നൽകുന്നത്. എന്നാൽ സംസ്ഥാന ഗവൺമെന്റ് അതിനോടൊപ്പം 96.40 രൂപ കൂടി കൊടുക്കുന്നു. സംസ്ഥാന സർക്കാർ ഈ സംഖ്യ അതിലേയ്ക്ക് അനുവദിച്ചിരിക്കുകയാണ്. അതുപോലെ ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ വാഴയ്ക്ക് 300 രൂപ വരെയാണ് നൽകുന്നത്. സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന വിള ഇൻഷ്വറൻസിൽ 21 കോടി രൂപയും കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഈ പറയുന്ന കാര്യങ്ങൾ, പ്രളയാനന്തരമുള്ള പ്രവർത്തനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ലെന്നും സർക്കാരിന്റെ മുൻഗണനയിലുള്ള പ്രശ്നമല്ലെന്നുമാണ് ശ്രീ. വി. ഡി. സതീശൻ അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റ് മുൻഗണന നൽകി നടപ്പാക്കുന്ന കാര്യമാണ്. അതോടൊപ്പം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള വിവിധ വിഭാഗം ആളുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടും അതിനുപുറമേ സംസ്ഥാന ഗവൺമെന്റിൽനിന്നും പ്രത്യേകിച്ച് സി.എം.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നൽകുന്ന സഹായമുൾപ്പെടെ നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഈ പറയുന്ന കാര്യങ്ങൾ ഇത്തരമൊരു അടിയന്തരപ്രമേയത്തിൽ ചർച്ച ചെയ്യേണ്ട പ്രശ്നമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 2018 ഡിസംബർ 5-ാം തീയതി മൂന്ന് മണിക്കൂറിലധികം ഈ സഭ പ്രളയത്തെക്കുറിച്ച് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്തുകൊണ്ട് സംസാരിച്ചതാണ്. അതിനുശേഷം 55 ദിവസങ്ങൾ കഴിഞ്ഞിരിക്കുകയാണ്. ഏകദേശം രണ്ടുമാസം പൂർത്തിയാവുകയാണ്. ഈ രണ്ട് മാസവും പ്രളയം കഴിഞ്ഞതിനുശേഷമടക്കമുള്ള അഞ്ച് മാസവും കൊട്ടിഘോഷിക്കപ്പെട്ട റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ എന്താണ് ഈ സർക്കാർ ചെയ്തതെന്ന് വ്യക്തമാക്കണം. കേരളത്തിൽ എന്താണ് പുനർനിർമ്മിച്ചത്; വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആളുകളുടെ ഉപജീവനമാർഗ്ഗങ്ങൾ എന്നിവ പുനർനിർമ്മിക്കുന്നതിനും അത് പുനരാരംഭിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? 5 മാസം കഴിഞ്ഞിട്ടും സർക്കാരിന്റെ ഫസ്റ്റ്

പ്രയോറിറ്റി ഇപ്പോഴും പ്രളയമാണോ? സർക്കാരിന്റെ മുൻഗണനയിൽപ്പോലും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളോ റീ-ബിൽഡ് കേരളയോ ഇല്ലെന്നാണ് ഞാൻ പറയുന്നത്. മറ്റ് പല കാര്യങ്ങളുമാണ് നിങ്ങളുടെ മുൻഗണനയിലുള്ളത്. മുൻഗണനാക്രമത്തിൽ പ്രളയത്തെ വളരെ താഴേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് യഥാർത്ഥത്തിൽ ചുവപ്പുനാടയിൽ കുരുങ്ങി സെക്രട്ടേറിയറ്റിൽ അന്ത്യവിശ്രമം കൊള്ളുകയാണ്. ഒരു നടപടിയും സ്വീകരിക്കാത്ത അവസ്ഥയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇവിടെ 10,000 രൂപയുടെ കാര്യം പറഞ്ഞു. രണ്ടുമാസം മുൻപും ഈ സഭ 10,000 രൂപ കിട്ടാത്ത അർഹതയുള്ള ആളുകളുടെ കാര്യം ചർച്ച ചെയ്തതാണ്. അന്ന് നടപടി സ്വീകരിക്കാമെന്നു പറഞ്ഞു. വില്ലേജ് ആഫീസും താലൂക്കാഫീസും കയറിയിറങ്ങി നടക്കുന്ന അർഹതയുള്ള ഏതെങ്കിലും ഒരു ആളിന് ഈ രണ്ട് മാസക്കാലയളവിൽ 10,000 രൂപ കൊടുക്കാൻ കഴിഞ്ഞോ? പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ നിർണ്ണയിക്കുന്നതിൽ ഗൗരവതരമായ പാളിച്ചയാണ് ഗവൺമെന്റിന് ഉണ്ടായിരിക്കുന്നത്. അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യം, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം 16,000-ത്തിൽ അധികമായിരുന്നു എന്നാണ് മന്ത്രിമാരും മുഖ്യമന്ത്രിയും വായിച്ചത്. പക്ഷേ ഈ നിയമസഭാ സമ്മേളനത്തിൽ പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം 13000-ത്തിൽ ചില്ല്വാനമായി കുറയുകയായിരുന്നു. ആദ്യത്തെ ലിസ്റ്റിൽ വന്ന 3000 വീടുകൾ എവിടെപോയി? അപ്പീൽ കൊടുത്താൽ കൂടുകയാണോ കുറയുകയാണോ ചെയ്യുന്നത്. ആദ്യത്തെ ലിസ്റ്റിൽ വന്നപ്പോൾ വീടുകൾ പലരും പൊളിച്ചിട്ടു. കാരണം, ഞങ്ങൾക്ക് അർഹതയുണ്ടെന്ന് ലിസ്റ്റ് വന്നിരിക്കുന്നു. രണ്ടാമത്തെ ലിസ്റ്റ് വന്നപ്പോൾ വീട് പൊളിച്ചുപോയവന്റെ പേരില്ല. വാസയോഗ്യമല്ലാത്ത പൂർണ്ണമായി തകർന്നുകിടക്കുന്ന വീടുകൾപോലും പുതിയ ലിസ്റ്റിൽ വന്നിട്ടില്ല. പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം കുറയ്ക്കണമെന്ന് ഗവൺമെന്റ് വളരെ പരോക്ഷമായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലെങ്കിൽ എവിടെനിന്നാണ് 3000 വീടുകൾ അപ്രത്യക്ഷമായത്. എന്റെ നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ ലിസ്റ്റിൽപ്പെടാത്ത അർഹതയുള്ള 400-ഓളം വീടുകൾ ഇനിയും നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്, അവരിൽ പലരും വീട് പൊളിച്ചു. വീട് കിട്ടുമെന്ന് കരുതി അവർ കാത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ലിസ്റ്റ് ക്ലോസുചെയ്തു, ഇനി പരിഗണിക്കാൻ കഴിയില്ല, എല്ലാവരും ഉൾക്കൊണ്ടു എന്നാണ്. അതുകൊണ്ട് അർഹതയുള്ള എല്ലാ ആളുകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതുവരെ ഈ ലിസ്റ്റ് ക്ലോസ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിൽ ആയിരക്കണക്കിന് റോഡുകൾ തകർന്നു. ഗ്രാമീണറോഡുകൾ പൂർണ്ണമായും

തകർന്നുതരിപ്പണമായി. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് മൂന്നുവർഷം തികയാൻ പോവുകയാണ്. ഇതുവരെ ഗ്രാമീണറോഡുകൾ നിർമ്മിക്കുന്നതിന് ഒരു രൂപപോലും അനുവദിച്ചിട്ടില്ല. പ്രളയത്തിൽ തകർന്നുതരിപ്പണമായിക്കിടക്കുന്ന ആയിരക്കണക്കിന് ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് ഒരു രൂപയെങ്കിലും സർക്കാർ അനുവദിച്ചോ; പിന്നെ എന്താണ് നിങ്ങൾ പുനർനിർമ്മിക്കുന്നത്? ഗ്രാമീണറോഡുകൾ നിർമ്മിക്കണ്ടേ; നിങ്ങൾ പ്രളയം ബാധിച്ച പ്രദേശങ്ങൾ കണ്ടിട്ടുണ്ടോ? ആ റോഡുകളിലെ മുഴുവൻ ടാറിംഗ് പോർഷനും പോയി പല സ്ഥലത്തും വൻ കുഴികളാണ്. ഏതെങ്കിലും പഞ്ചായത്തിന് കേരളത്തിലെ ആ റോഡുകൾ നന്നാക്കാൻ കഴിയുമോ? നിങ്ങൾ എന്തുകൊണ്ടാണ് ഇതുവരെ ആലോചിക്കാത്തത്? ആ റോഡുകൾ നന്നാക്കണ്ടേ? തകർന്നുപോയ ഗ്രാമീണ റോഡുകൾ നന്നാക്കാൻ നോൺ പ്ലാനിൽനിന്നെങ്കിലും പൈസ കൊടുക്കുമായിരുന്നല്ലോ; പ്രളയത്തിനുശേഷം അഞ്ചരമാസം കഴിഞ്ഞിട്ടും കേരളത്തിലെ ഏതെങ്കിലും ഒരു ഗ്രാമീണ റോഡ് നന്നാക്കാൻ പണം അനുവദിച്ചോ? സ്കൂൾ കെട്ടിടങ്ങൾ, ലാബുകൾ, ഫർണിച്ചറുകൾ മുതലായവ തകർന്നു. എന്ത് സഹായമാണ് നൽകിയത്? ഇവിടെ കഴിഞ്ഞ ദിവസം സ്കൂളുകളൊക്കെ ഹൈടെക്കാക്കിയെന്ന് പ്രസംഗിക്കുന്നത് കേട്ടു. പ്രളയം ബാധിച്ച് തകർന്ന സ്കൂളുകൾക്ക് നിങ്ങൾ എന്തെങ്കിലും കൊടുത്തോ? ഞാനൊരു കേസ് പറയാം, ചേന്ദമംഗലം വില്ലേജിലെ മാളിയേക്കൽ ജോണിയുടെ വീട് മുഴുവൻ കരയെടുത്തു, ആ വീടിന്റെ പകുതി ഭാഗം അടിത്തറയുമെടുത്തുകൊണ്ടുപോയി, വീടുമുഴുവൻ ഒരു കുറ്റിയിൽ നിർത്തിയിരിക്കുന്ന കാഴ്ചയാണുള്ളത്. അത് കാണാൻ കേന്ദ്ര സംഘം, ലോക ബാങ്ക് ടീം, രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, ജനപ്രതിനിധികൾ എല്ലാവരും പോയി. ഏഴ് ടീമാണ് ആ വീട് സന്ദർശിച്ചത്. അതുകണ്ട് എല്ലാവരും ഞെട്ടി. പക്ഷേ ഭാഗികമായി തകർന്ന വീടുകളുടെ ലിസ്റ്റിൽ മാളിയേക്കൽ ജോണി എന്ന ആളുടെ പേരില്ല. അതറിഞ്ഞ എല്ലാവരും അന്തംവിട്ടുപോയി. വീട് തകർന്ന വിവരം എല്ലാവരെയും അറിയിച്ചതും എല്ലാവരും പോയി കണ്ടതുമാണ്. ഞാൻ പല പ്രാവശ്യം മേൽപ്പറഞ്ഞ എല്ലാ സംഘങ്ങളുടെയും കൂടെ ആ വീട് സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹം ഇന്ന് എന്റെ വീട്ടിലാണ്. കാരണം ഞാൻ ആറ് തവണ പോയിക്കണ്ട വീടാണ്. ഇതൊക്കെ എവിടെയാണ് നടക്കുന്നത്? അമിതമായ ജലപ്രവാഹം നദീതീരങ്ങളിൽ ഗുരുതരമായ തരത്തിലുള്ള മണ്ണിടിച്ചിലിന് കാരണമാവുകയും അത് നദികളുടെ ഒഴുക്കിനെ ബാധിച്ചിരിക്കുകയുമാണ്. ആ പ്രദേശങ്ങളിൽ വേലിയേറ്റമുണ്ടാകുമ്പോൾ വീണ്ടും കരയിടിയുന്നത് നദീതീരങ്ങളിലുള്ള ജനങ്ങളിൽ വലിയ പരിഭ്രാന്തിയാണ് ഉണ്ടാക്കുന്നത്. പ്രളയത്തിൽ തകർന്നുപോയ നദീതീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കാനുള്ള എന്തെങ്കിലും നടപടി ജലസേചന വകുപ്പ് ഇതുവരെ ചെയ്തിട്ടുണ്ടോ; ഒരു രൂപയെങ്കിലും അതിനായി

അനുവദിച്ചിട്ടുണ്ടോ? എസ്റ്റിമേറ്റ് എടുത്തതെല്ലാം തിരുവനന്തപുരം ജില്ലയിലാണ്. ഞാൻ വെറുതെ പറയുന്നതല്ല. ഫയലുകൾ സെക്രട്ടേറിയറ്റിൽ അന്ത്യവിശ്രമം കൊള്ളുകയാണ്. ഒരു ഫയലിലും നടപടിയില്ല. 45 സെന്റ് വരെയുള്ള കരഭൂമി പ്രളയം എടുത്തിരിക്കുകയാണ്. അവിടെയൊക്കെ കല്ലുകെട്ടി, ഇനിയും വേലിയേറ്റ മുണ്ടാകുമ്പോൾ കര പോകാതെ സംരക്ഷിക്കണം. അവിടെയുള്ള പ്രദേശങ്ങളും വീടുകളും വലിയ ഭീഷണിയിലാണ്. ഞങ്ങൾ ഇതെല്ലാം കണ്ടു കൊണ്ടിരിക്കുകയാണ്. കല്ല് കെട്ടാനുള്ള നടപടി എന്തായെന്ന് ഞങ്ങൾ ചോദിക്കും. ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. ഇതാണോ പുനർനിർമ്മാണം; ഇതാണോ Rebuild Kerala? ഒന്നും ചെയ്യാതെ കുറേ നമ്പരുകൾ പറഞ്ഞു കൊണ്ടിരിക്കുകയാണ്. പലരുടെയും വീട്ടുപകരണങ്ങൾ തകർന്നുപോയിട്ടുണ്ട്. കുടുംബശ്രീ ലോൺ കൊടുക്കുന്നുണ്ട്. കുടുംബശ്രീ ലോൺ എത്രപേർക്ക് കിട്ടും? കുടുംബശ്രീ ലോണിന് അർഹതയുള്ള എത്ര ആളുകളുണ്ട്? ഈ നാട്ടിലെ ലോവർ മിഡിൽ ക്ലാസ്സിലും മിഡിൽ ക്ലാസ്സിലും ഉൾപ്പെട്ട പതിനായിരക്കണക്കിനാളുകൾ ജീവിതകാലം മുഴുവൻ സമ്പാദിച്ചത് ഒഴുകിപ്പോയി. എന്ത് സഹായമാണ് അവർക്ക് ചെയ്യുന്നത്? ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവരെ സഹായിക്കാൻ ബാങ്കുകൾ തയ്യാറാകുന്നില്ലെന്നത് കഴിഞ്ഞ അടിയന്തരപ്രമേയ ചർച്ചയിൽ ഗൗരവമായി ഉയർന്നുവന്ന വിഷയമാണ്. ഇപ്പോൾ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രളയം കഴിഞ്ഞ് 5 മാസം കഴിഞ്ഞിട്ടും കേരളത്തിൽ ഏതെങ്കിലും ഒരു ബാങ്ക് ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട ഒരാൾക്ക് ലോൺ കൊടുത്തിട്ടുണ്ടോ? നിങ്ങൾ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചിട്ടുണ്ടോ? എന്തിനാണ് അടിയന്തരപ്രമേയമായി ചർച്ച ചെയ്തത്? ബാങ്കുകൾ സഹായിക്കുന്നില്ലെന്നുള്ളത് അന്ന് ഏറ്റവും ഗുരുതരമായി ഉയർന്നുവന്ന ആരോപണമായിരുന്നു. അതുസംബന്ധിച്ച് ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടി നിർദ്ദേശം കൊടുത്തോ? ഏതെങ്കിലും ബാങ്ക് സഹായിച്ചിട്ടുണ്ടോ? 5 മാസം കഴിഞ്ഞിട്ടും ഒരു ബാങ്കും ഒരാളെയും സഹായിച്ചിട്ടില്ല. വാഴകൃഷി നശിക്കുമ്പോൾ കർഷകർക്ക് 5 രൂപ കേന്ദ്ര ഗവൺമെന്റ് കൊടുക്കുമ്പോൾ 95 രൂപ കേരള ഗവൺമെന്റ് കൊടുക്കുമെന്ന് പറയുന്നത് പ്രളയത്തിനുശേഷമുള്ള പരിപാടിയല്ല. ഇത് എല്ലാ മൺസൂൺ കാലത്തും സർക്കാർ ചെയ്യുന്ന കാര്യമാണ്. കർഷകർക്ക് സ്പെഷ്യൽ പാക്കേജ് ഉണ്ടാകുമെന്നാണ് പ്രളയകാലത്ത് ഗവൺമെന്റ് പ്രഖ്യാപിച്ചത്. ആ സ്പെഷ്യൽ പാക്കേജ് കർഷകർക്ക് കൊടുക്കാൻ നിങ്ങൾ തയ്യാറായോ എന്നാണ് ചോദിക്കുന്നത്. അതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ? മഴക്കാലത്ത് റൊട്ടീനായി കൊടുക്കുന്ന നഷ്ടപരിഹാരംപോലും ഇതുവരെ പൂർണ്ണമായി കൊടുത്തുതീർത്തിട്ടില്ല. ഞാൻ കൃഷി വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുകയല്ല.

നിങ്ങൾക്ക് പണം ലഭിച്ചാൽ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. എന്തിനാണ് പണം വെറുതെ കെട്ടിവച്ചിരിക്കുന്നത്? കൃഷി വകുപ്പ് മുഴുവൻ ആളുകളുടെയും നഷ്ടത്തിന്റെ കണക്ക് ഇവിടെ കൊണ്ടുവന്നതാണ്. ആ ഫയൽ ഇവിടെയുണ്ട്. എന്തുകൊണ്ടാണ് ആ നഷ്ടപരിഹാരത്തിന് ആവശ്യമായ തുക അനുവദിക്കാത്തത്? എന്തുകൊണ്ടാണ് പ്രളയബാധിതരായ മുഴുവൻ എസ്.സി./എസ്.റ്റി. കുടുംബങ്ങൾക്കും 5,000 രൂപ കൊടുക്കാത്തത്? അതുകൊണ്ടാണ് ഭരണയന്ത്രം ചലിക്കുന്നില്ലെന്ന് ഞങ്ങൾ പരാതിപ്പെട്ടത്. ക്ഷീരകർഷകർക്ക് ഒരു പശുവിന് 30,000 രൂപ വീതമാണ് കൊടുത്തത്. ഒരു പശുവിന് 70,000 രൂപയാണ് വില. മൂന്ന് പശുക്കളെന്ന് നിജപ്പെടുത്തിയിട്ടുമുണ്ട്. 8, 12, 15 പശുക്കൾ വരെ നഷ്ടപ്പെട്ട കർഷകരെ ഞാൻ കാണിച്ചുതരാം. അവർ ലോണെടുത്ത് വാങ്ങിയ പശുക്കളായിരുന്നു. നിങ്ങൾ 90,000 രൂപ കൊടുത്താൽ രണ്ട് പശുവിനെപ്പോലും വാങ്ങാൻ കഴിയില്ല. ക്ഷീരകർഷകർ കടക്കെണിയിലാണ്. ഇത്തരത്തിൽ ബുദ്ധിമുട്ടിലായവരെ സഹായിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പണം അനുവദിച്ചുവെന്ന് ഇപ്പോൾ പറഞ്ഞു. വള്ളവും വലയും മത്സ്യബന്ധന ഉപാധികളും നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ യാതൊരു നഷ്ടപരിഹാരവും ലഭിച്ചിട്ടില്ല. ഇതുവരെ എത്ര രൂപ ചെലവായി? സി.എം.ഡി.ആർ.എഫ്.-ലെ 3,226 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച 3,048 കോടി രൂപയും ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിലെ 900 കോടി രൂപയും ഉൾപ്പെടെ 7,174 കോടി 54 ലക്ഷം രൂപ ഗവൺമെന്റിലുണ്ട്. അതിൽ ചെലവാക്കിയത് 1,772 കോടി രൂപ, 22 ശതമാനം പണംപോലും ചെലവാക്കിയിട്ടില്ല. പുതിയതായി പണമുണ്ടാക്കാനുള്ള ഇനിഷ്യേറ്റീവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പ്രളയബാധിതരായ ചെറുകിട-ഇടത്തരം കച്ചവടക്കാരും വ്യവസായ സംരംഭകരുമുണ്ട്. ഞങ്ങളുടെയൊക്കെ മണ്ഡലത്തിൽ 5,000 രൂപ മുതൽ 5 കോടി രൂപ വരെ നഷ്ടപ്പെട്ടവരുണ്ട്. അവരെ സഹായിക്കാൻ എന്താണ് ചെയ്തത്? ഞാനൊരു പ്രധാനപ്പെട്ട കാര്യം പറയാം. പ്രളയബാധിത പ്രദേശങ്ങളിൽ സാമ്പത്തികമായ ക്രയവിക്രയങ്ങൾ ഇല്ലാതായിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ പണത്തിന്റെ വിനിമയം നടക്കാത്ത അവസ്ഥ പ്രളയബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാമ്പത്തിക തകർച്ച ഉണ്ടാക്കിയിരിക്കുകയാണ്. സർക്കാരിന്റെ അനാസ്ഥ കാരണം കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങൾ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്നു. ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. അദ്ദേഹത്തിന്റെ Keynesian Theory എവിടെപ്പോയി? ഇത്തരത്തിൽ സാമ്പത്തിക ക്രയവിക്രയം നടക്കാതിരിക്കുമ്പോൾ, സാമ്പത്തികത്തകർച്ച ഉണ്ടാകുമ്പോൾ Keynesian Theory വേണം. പ്രളയബാധിത പ്രദേശങ്ങളിൽ സാമ്പത്തിക

പരിരക്ഷ ഉറപ്പുവരുത്താൻ ഒരു സ്റ്റിമുലസ് പാക്കേജ് വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. പ്രളയകാരണങ്ങളെക്കുറിച്ച് സർക്കാർ ഇതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? ഞങ്ങൾ മാത്രമല്ല, പ്രളയത്തെക്കുറിച്ച് പഠനം നടത്തിയ ഒരു ഡസൻ കമ്മിറ്റികളുടെ കണ്ടെത്തൽ, It was a man made disaster എന്നാണ്. ഇതൊരു മനുഷ്യനിർമ്മിത ദുരന്തമായിരുന്നുവെന്ന കണ്ടെത്തലാണ് ഉണ്ടായത്. മെട്രോ ശ്രീധരന് നിങ്ങളോട് എന്തെങ്കിലും വിരോധമുണ്ടോ; അദ്ദേഹത്തിൽ വിശ്വാസ്യതയില്ലേ? ഇതൊരു man made disaster ആണെന്ന് പറഞ്ഞ് മെട്രോ ശ്രീധരൻ കോടതിയിൽ പോയിരിക്കുകയാണ്. ഇതൊരു loss of thought ആണ്. കർത്തവ്യലംഘനവുമായി ബന്ധപ്പെട്ട വിഷയമാണിത്. Government is liable to compensate adequately. കർത്തവ്യലംഘനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നു. ഒരു വാഹനത്തിന്റെ ഡ്രൈവറുടെ അനാസ്ഥകൊണ്ട് അപകടമുണ്ടായി മരണമുണ്ടായാൽ ഡ്രൈവറാണ് തെറ്റ് ചെയ്തതെങ്കിലും ആ വാഹനത്തിന്റെ ഉടമയ്ക്ക് vicarious liability ഉണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥർ ചെയ്ത തെറ്റിന്, സർക്കാർ ചെയ്ത തെറ്റിന്, സർക്കാരിന് vicarious liability ഉണ്ട്. പ്രളയബാധിതരായ മുഴുവൻ ആളുകൾക്കും കോമ്പൻസേഷൻ കൊടുക്കാനുള്ള പൂർണ്ണ ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. ആ ബാദ്ധ്യത ഗവൺമെന്റിന്റെ തലയിലാണ്. ഗവൺമെന്റ് അത് ചെയ്യാതെ, ഇവിടെ പറയുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളും Rebuild Kerala-യും നിങ്ങളുടെ മുൻഗണനാക്രമത്തിൽനിന്നും മാറ്റി മറ്റ് വിഷയങ്ങളുടെ പിന്നാലെ പോകുമ്പോൾ പ്രളയത്തെ വഴിയിൽ ഉപേക്ഷിച്ച്, പ്രളയബാധിതരായ പാവങ്ങൾ വീടില്ലാതെ, ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് കേടുപാടുകൾ പറ്റിയ വീടിനകത്ത് ഭീതിയോടെ കഴിയുമ്പോൾ അതിനെതിരായി നടപടി സ്വീകരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് സംജാതമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഞാൻ നേരത്തെ പറഞ്ഞ കാര്യങ്ങളോട് ബന്ധപ്പെട്ട് കുറച്ച് കാര്യങ്ങൾ പുതിയതായി ഉൾപ്പെടുത്തി ഇവിടെ ഒന്നും നടക്കുന്നില്ല, ഒന്നും ചെയ്യുന്നില്ല എന്ന് വരുത്തിത്തീർക്കാനുള്ള പ്രസംഗമാണ് ശ്രീ. വി. ഡി. സതീശൻ ഇപ്പോൾ നടത്തിയത്. ആർക്കെങ്കിലും ലോൺ കൊടുത്തോയെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. കുടുംബശ്രീ വഴി 922.94 കോടി രൂപ ഇപ്പോൾത്തന്നെ ലോൺ നൽകിക്കഴിഞ്ഞു. പ്രളയത്തിൽ ഏറ്റവും കൂടുതൽ പ്രയാസപ്പെട്ട ആളുകൾക്കും കുടുംബങ്ങൾക്കും ഒരു ലക്ഷംരൂപ വരെ വായ്പ കൊടുക്കുന്ന

പദ്ധതി അനുസരിച്ച് കുടുംബശ്രീയിലൂടെ 922.94 കോടി രൂപ വായ്പ നൽകിക്കഴിഞ്ഞിരിക്കുയാണ്. സി.എം.ഡി.ആർ.എഫ്.-ൽനിന്ന് വീടുകളുടെ നാശനഷ്ടത്തിന് പരിഹാരം നൽകുന്നതിനായി നാളിതുവരെ 857.7 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ആശ്വാസ ധനസഹായമായി 6,200 രൂപ വീതം 737575 ഗുണഭോക്താക്കൾക്കായി 457,23,43,200 രൂപ അനുവദിച്ചതാണ് അതിൽ പ്രധാനപ്പെട്ടത്. ആഭ്യന്തര ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2,904 കോടി രൂപയാണ് കേന്ദ്ര സഹായമായി നമുക്ക് അനുവദിച്ചിരിക്കുന്നത്. വിവിധ ആവശ്യങ്ങൾക്കായി അതിന്റെ നോംസ് അനുസരിച്ചുമാത്രം നൽകാൻ കഴിയുന്ന സഹായമാണത്. അതിന്റെ അടിസ്ഥാനത്തിലുള്ള വിതരണവും സംവിധാനവുമാണ് നമ്മളിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞ, 30 ശതമാനം മുതൽ 59 ശതമാനം വരെയും 60 മുതൽ 74 ശതമാനം വരെയും വീട് നഷ്ടപ്പെട്ടവരുടെ കണക്കുകൾ നോക്കിയാൽ ആകെ വേണ്ടിവരുന്ന 2,55,964 വീടുകളുടെ തുകയിൽ ആദ്യ രണ്ട് വിഭാഗങ്ങളുടെ തുക പൂർണ്ണമായും കൊടുക്കുകയും മറ്റുള്ളത് ഫെബ്രുവരി മാസം 15-ാം തീയതിക്കകം കൊടുത്തുതീർക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്. തീർച്ചയായും പരാതികൾ സമർപ്പിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിൽ മാറ്റംവരികയാണെങ്കിൽ അതിനനുസരിച്ച് ഈ പണം ചെലവഴിക്കാൻ സാധിക്കും. അതുപോലെതന്നെ പരാതികൾ സമർപ്പിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിൽ മാറ്റം വരികയാണെങ്കിൽ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ആവശ്യമായ എല്ലാ സഹായങ്ങളും നൽകിയിരിക്കുകയാണ്. ദുരന്തങ്ങൾ പ്രവചിക്കാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖപ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രദേശങ്ങൾ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശമായി നൽകുന്നതിനുള്ള സംവിധാനവും അതിന്റെ ഭാഗമായി നൽകിയിരിക്കുന്നു. ഈപറയുന്ന കാലയളവിനുള്ളിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ള പണം ഇന്ന് കണ്ടെത്തിയിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കനുസരിച്ച് അർഹതപ്പെട്ട രീതിയിൽ നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. 95,000 രൂപയാണ് സമതലങ്ങളിൽ വീട് നഷ്ടപ്പെട്ടവർക്ക് കേന്ദ്രസഹായമായി നൽകുന്നത്. മലയോര മേഖലയിലാണെങ്കിൽ ഒരു ലക്ഷത്തി ഒരായിരത്തിലധികം രൂപയാണ്. ഇതിനാണ് 4 ലക്ഷം രൂപ നൽകുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് കേന്ദ്ര സഹായത്തിന് പുറമേയുള്ള തുക നൽകിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം

ചൂണ്ടിക്കാണിച്ച ഒരു കാര്യം കൃഷിക്കാർക്ക് സാമ്പത്തിക സഹായം വേണ്ടപോലെ നൽകുന്നില്ല എന്നാണ്. 69.1 കോടി രൂപയും 110.45 കോടി രൂപയുമുൾപ്പെടെ സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതമായുള്ളതുകൂടി ചേർത്തുകൊണ്ടാണ് കാർഷിക മേഖലയിൽ നൽകിയിട്ടുള്ളത്. ആഗസ്റ്റ് മാസത്തെ പ്രളയത്തിനുശേഷം പുനർനിർമ്മാണ ത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പരാതികളിൽ ഉന്നയിക്കപ്പെടുന്ന വിഷയങ്ങൾ സംബന്ധിച്ച് സൂക്ഷ്മപുനഃപരിശോധനയ്ക്കുള്ള സംവിധാനവുമുണ്ടാക്കിയിട്ടുണ്ട്. എണ്ണത്തിന്റെ വ്യത്യാസത്തെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. വിവിധ സന്ദർഭങ്ങളിലായി കണക്കാക്കിയിട്ടുള്ള കണക്കുകളിലെ പോരായ്മകൾ സൂക്ഷ്മപരിശോധനകളുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചത് പ്രകാരമുള്ളതാണ് ഇപ്പോൾ പറഞ്ഞിട്ടുള്ളത്. തീർച്ചയായും പരാതികൾ സമർപ്പിച്ചിട്ടുള്ള ആളുകളുടെ എണ്ണത്തിൽ മാറ്റം വരികയാണെങ്കിൽ അവർക്കുകൂടി സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുമെന്ന് ഇതിനുമുമ്പും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതാണ്, അതാണ് സർക്കാരിന്റെ പൊതു സമീപനം എന്നാണ് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. പുനർനിർമ്മാണ പ്രവർത്തനത്തിന് പ്രഥമ പരിഗണന നൽകുകയും ഏറ്റവും വലിയ ദുരന്തമുണ്ടായ സാഹചര്യത്തിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്ത ഒരു ഗവൺമെന്റിനെക്കുറിച്ച് വെറും രാഷ്ട്രീയമായ രീതിയിൽ എതിർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ഇത്ര വലിയ ദുരന്തത്തിനുശേഷം ചുരുങ്ങിയ കാലയളവിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്താൻ മറ്റെവിടെയെങ്കിലും സാധ്യമായെന്ന് പറയാനും ചൂണ്ടിക്കാണിക്കാനും കഴിയുകയില്ല. അങ്ങനെ ഏറ്റവും മെച്ചപ്പെട്ട രീതിയിലാണ് പ്രളയദുരന്തത്തെ നേരിടുന്നതിനുള്ള നിലപാട് സ്വീകരിച്ചത്, പ്രളയാനന്തര പുനർനിർമ്മിതിക്കുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടി മാതൃകാപരമാണ്. മഹാഭൂരിപക്ഷം വരുന്ന പ്രളയബാധിതരായ ജനങ്ങളോട് അനുഭാവപൂർവ്വമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാർ തുടർന്നും ആ നിലപാട് സ്വീകരിച്ചുകൊണ്ട് പുനരധിവാസ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ എല്ലാതവണയും മുഖ്യമന്ത്രിയാണ് മറുപടി പറയുന്നത്. പ്രളയാനന്തരം ഒന്നും നടന്നില്ലെന്ന് മുഖ്യമന്ത്രിക്ക് ബോധ്യമുള്ളതുകൊണ്ട് ആ പാപഭാരം താൻ ഏറ്റെടുക്കേണ്ട എന്നുകരുതി പാവം റവന്യൂ വകുപ്പുമന്ത്രിയെ ആ ജോലി ഏൽപ്പിക്കുകയാണ് ചെയ്തത്. രാമായണത്തിലെ യുദ്ധകാണ്ഡത്തിൽ രാവണൻ അവസാനം ഭാര്യ മണ്ഡോദരിയോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'ഇനി ഞാൻ എന്തു ചെയ്യണം'. ദുഃഖാർത്തയായ മണ്ഡോദരി തിരിച്ചുപറയുന്ന ഉത്തരം ഇവിടെ വളരെ പ്രസക്തമാണ്. 'എന്റെ മക്കളും മരിച്ചു, ലങ്കയും നശിച്ചു, സൈന്യവും മുടിഞ്ഞു, ഇനി ഞാനെന്തുചെയ്യാനാണ്; യുദ്ധം തുടങ്ങുന്നതിനുമുമ്പ് ചില ഉപദേശങ്ങൾ നൽകിയെങ്കിലും അതൊന്നും ചെവിക്കൊണ്ടില്ല'. കനത്ത മഴയുണ്ടായപ്പോൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി, അതൊന്നും ചെവിക്കൊണ്ടില്ല. പ്രതിപക്ഷവും മാധ്യമങ്ങളും മുന്നറിയിപ്പ് നൽകി. യുദ്ധം തുടങ്ങുന്നതിനുമുമ്പ് ചില ഉപദേശങ്ങൾ നൽകിയിട്ടും അതൊന്നും ചെവിക്കൊള്ളാത്തതുപോലെ അന്ന് നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും മുന്നറിയിപ്പുകളുമൊന്നും ഈ ഗവൺമെന്റ് ചെവിക്കൊണ്ടില്ല. പത്രക്കാർക്കുവേണ്ടി അണക്കെട്ട് തുറക്കില്ലെന്ന് പറഞ്ഞ് ഒരു മന്ത്രി ചന്ദ്രഹാസമിളക്കി. പ്രളയം സംഭവിച്ചപ്പോൾ കൂടെനിന്നപ്പോഴും പാളിച്ചകൾ തുറന്നുകാട്ടി പ്രതിപക്ഷം മുന്നോട്ടുപോയത് ഞാനിവിടെ ഓർക്കുകയാണ്. ഞങ്ങൾ ഈ പ്രളയത്തെപ്പറ്റി ഒരന്വേഷണം നടത്തണമെന്നും ഒരു പ്രത്യേക ട്രിബ്യൂണൽ രൂപീകരിച്ച് നഷ്ടപരിഹാര വിതരണം സുതാര്യമാക്കണമെന്നും പറഞ്ഞു, ഗവൺമെന്റ് കേട്ടില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ഒരു പ്രത്യേക നിധിയുണ്ടാക്കി ഇത് ചെലവഴിക്കണമെന്ന് പറഞ്ഞു, കേട്ടില്ല. ഇന്ന് ആയിരക്കണക്കിനാളുകൾ തകർന്ന വീടിനുമുമ്പിൽ നിസ്സഹായരായി നോക്കിനിൽക്കുന്നു. ഇന്നും ക്യാമ്പുകളിൽ കഴിയുന്ന ധാരാളം ആളുകളെ നമ്മൾ കാണുന്നു. നിസ്സഹായരായ ഒരു ജനതയുടെ വികാരമാണ് ബഹുമാന്യനായ വി. ഡി. സതീശൻ ഇവിടെ ഉയർത്തിക്കാട്ടിയത്. സർവ്വനാശത്തിനുമുമ്പിൽ എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്ന ഒരു ജനതയുടെ പരിവേദനമാണ് ഞങ്ങളിവിടെ അവതരിപ്പിച്ചത്. എന്നിട്ടും സർക്കാരിന്റെ മനസ്സലിയുന്നില്ല, കരുണയുടെ ഒരംശംപോലും ഇല്ല എന്നുള്ളതാണ് സത്യം. ഞാൻ പ്രളയം ബാധിച്ച സ്ഥലങ്ങളിലെല്ലാം പോയി. ആദ്യം പോയത് ചെങ്ങന്നൂരിലാണ്. രണ്ടാമത് കാർത്തികപ്പള്ളിയിലും മൂന്നാമത് റാന്നിയിലും നാലാമത് ആറന്മുളയിലും

അതുകഴിഞ്ഞ് പറവൂർ, ആലുവ, ചാലക്കുടി എന്നിവിടങ്ങളിലും പോയി. അവസാനം കുട്ടനാട്ടിൽ പോയി. ഇനി 3-ാം തീയതി ഞാൻ പോകുന്നത് വയനാട് ജില്ലയിലാണ്. അവിടെയുള്ള ജനങ്ങളുടെ തീരാത്ത വേദനയും തോരാത്ത കണ്ണുനീരും കാണാൻ ഈ സർക്കാരിന് കഴിയുന്നില്ല എന്നുള്ളതാണ് സത്യം. അങ്ങ് ഈ പ്രദേശങ്ങളിലൊക്കെ പോകണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ആയിരക്കണക്കിനാളുകളാണ് പരാതിയുമായി നിൽക്കുന്നത്. അവരുടെ പരാതികൾ പരിഹരിക്കപ്പെടാതെ കിടക്കുന്നു. ഈ പരാതികൾ കണ്ടില്ലെന്ന് നടിക്കാൻ സർക്കാരിന് എങ്ങനെ സാധിക്കും? സഹായങ്ങളെല്ലാം വിതരണം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞു. 10,000 രൂപ ലഭിക്കാത്ത ധാരാളം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർ നൽകിയ പരാതി കളക്ടർമാർ പരിശോധിച്ചപ്പോൾ ആരും അർഹരല്ലെന്ന് കണ്ടെത്തിയെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. മൂന്നുദിവസം വീട്ടിൽ വെള്ളം കെട്ടിനിന്നാൽ അവർക്ക് സഹായം കൊടുക്കുമെന്നാണ് സർക്കാർ പറഞ്ഞത്. ഇടുക്കി ജില്ല മലയോര പ്രദേശമാണ്. ഞാൻ ഇടുക്കി ജില്ലയിലെ ചെറുതോണിയിൽ കണ്ടത്, വെള്ളം വന്നാൽ പെട്ടെന്ന് ഒഴുകി താഴെയെത്തും അതേസമയം നാശം വിതയ്ക്കുകയും ചെയ്യും. അവിടെ എങ്ങനെയാണ് മൂന്നുദിവസം വെള്ളം കെട്ടിനിൽക്കുന്നത്? ഞാൻ റവന്യൂ വകുപ്പ് സെക്രട്ടറിയെയും ചീഫ് സെക്രട്ടറിയെയും വിളിച്ചു. പരിഹാരമുണ്ടാക്കാമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ നടന്നിട്ടില്ല. നഷ്ടപരിഹാരമായി 10,000 രൂപ നൽകിയതിൽ ഏറ്റവും കുറച്ച് ആളുകൾക്ക് നൽകിയത് ഇടുക്കി ജില്ലയിലാണ്. പല പ്രദേശങ്ങളിലും ആറന്മുളയിൽ മല്ലപ്പുഴശ്ശേരി പഞ്ചായത്തിൽ 10,000 രൂപ കിട്ടിയില്ലെന്ന് ധാരാളം ആളുകൾക്ക് പരാതിയുണ്ട്. ഏറ്റവും കൂടുതൽ പരാതികളുള്ളത് 10,000 രൂപ ലഭിക്കാത്തതിനെപ്പറ്റിയാണ്. പരാതി നൽകിയിട്ടും കളക്ടർമാർ ചെവിക്കൊള്ളാൻ തയ്യാറാകുന്നില്ല. റാന്നിയിൽ കണ്ടത് ഹൃദയഭേദകമായ കാഴ്ചയാണ്. കച്ചവടക്കാർ, വ്യാപാരികൾ എന്നിവരുടെ മുഴുവൻ സാധനങ്ങളും ഒലിച്ചുപോയി. ഒരാൾക്കും ഒരു രൂപയുടെ നഷ്ടപരിഹാരംപോലും ലഭിച്ചില്ല. ഞാൻ അവിടെനിന്ന് വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനെ വിളിച്ചു, ഗവൺമെന്റ് ചില പദ്ധതികൾ ആവിഷ്കരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. പക്ഷെ, ഇതുവരെ ഒരു സഹായവും ആ പാവപ്പെട്ട വ്യാപാരികൾക്ക് ലഭിച്ചില്ല എന്നുള്ളതാണ് സത്യം. ചെറിയ കടകളും സ്ഥാപനങ്ങളും നഷ്ടപ്പെട്ടവർക്ക് ഒരു സഹായവും കിട്ടിയില്ല. കണക്കെടുപ്പുപോലും ഇതുവരെ ഉണ്ടായിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത് റീ-വീൽഡ് കേരള മൊബൈൽ ആപ്പിനെ സംബന്ധിച്ചുള്ള പരാതിയാണ്. പല ആളുകളുടെയും വീട് മുഴുവൻ നഷ്ടപ്പെട്ടിട്ടും 74% ആണ് നഷ്ടപരിഹാരമായി പറഞ്ഞിരിക്കുന്നത്. 75%

ആയാൽ പുതിയ വീട് കൊടുക്കണം. അതുകൊണ്ട് പല വീടുകളുടേയും നഷ്ടം 74% എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യാതൊരു മുൻപരിചയവുമില്ലാത്ത എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളെയാണ് ഇതിനുവേണ്ടി ചുമതലപ്പെടുത്തിയത്. അവർ പലയിടത്തുംപോയി ഫോട്ടോയെടുത്തു. ഫോട്ടോ എടുക്കാൻ വന്നപ്പോൾ വീട്ടുകാർ വീട്ടിലില്ലായിരുന്നു, അവർ ക്യാമ്പിലോ ആശുപത്രിയിലോ ഒക്കെ ആയിരുന്നു എന്ന് പലർക്കും പരാതിയുണ്ട്. വ്യാപകമായ പരാതിയാണ് റീ-ബിൽഡ് കേരള മൊബൈൽ ആപ്പിനെ സംബന്ധിച്ചുള്ളത്. 74 ശതമാനം നഷ്ടം കണക്കാക്കിയതുകൊണ്ട് വീട് കിട്ടുന്നില്ല. ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് ഇനി എവിടെനിന്ന് വീട് കിട്ടും? സംസ്ഥാനത്ത് ജീവനോപാധികൾ നഷ്ടപ്പെട്ട ആളുകൾക്ക് പരിഹാരം ഉണ്ടാകുന്നില്ല. കൃഷിയുടെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ കൃഷി വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽമാത്രം പതിനായിരം ഹെക്ടർ നെൽകൃഷിയാണ് പൂർണ്ണമായും നശിച്ചത്. ഒരു ഹെക്ടർ നെൽകൃഷി നശിച്ചാൽ ഒന്നര ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി കണക്കാക്കുന്നത്. സർക്കാർ നൽകിയത് 13,500 രൂപ മാത്രം. അതും എല്ലാവർക്കും നൽകിയില്ല. കുട്ടനാട്ടിൽ പോയപ്പോൾ ഈ കർഷകരെല്ലാം പരാതിയുമായി നിൽക്കുകയാണ്. ആട്, കോഴി, അലങ്കാരമത്സ്യം എന്നിവ നഷ്ടപ്പെട്ടവർക്കാർക്കും നഷ്ടപരിഹാരം കിട്ടിയിട്ടില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കുട്ടനാട്ടിലെ നെൽകർഷകർക്ക് നഷ്ടപരിഹാരം കിട്ടിയിട്ടില്ലെന്നുപറയുന്നത് തെറ്റാണ്. 13,500 രൂപ വീതം അവിടത്തെ എല്ലാ കർഷകർക്കും കൊടുത്തുകഴിഞ്ഞു. അങ്ങ് കുട്ടനാട് മേഖലയിലെ എം.എൽ.എ. കൂടിയായതുകൊണ്ട് പറയുകയാണ്, കുട്ടനാട് മേഖലയിൽ 13,500 രൂപ കിട്ടാത്ത ഏതെങ്കിലും കൃഷിക്കാരനുണ്ടെങ്കിൽ പരിശോധിക്കാം. അതിനുപുറമെ ഡീസിൽറ്റിംഗിനു വേണ്ടി പുതിയ അപേക്ഷ സ്വീകരിച്ചുകൊണ്ട് പുതിയൊരു ഹെക്ടറിൽ 12,200 രൂപ വീതം 5 കോടിയിലധികം രൂപ കൊടുത്തുകഴിഞ്ഞു. ബാക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിനുപുറമെ അവിടെ 120 കിലോഗ്രാം വിത്തുവീതം എല്ലാ കൃഷിക്കാർക്കും കൊടുത്തുകഴിഞ്ഞു. പ്രത്യേക പാക്കേജിന്റെ പേരിൽ കുമ്മായം സൗജന്യമായി കൊടുത്തു. 148 മട വീണ സ്ഥലത്ത് 86 ഇടത്ത് പൂർണ്ണമായി പണം കൊടുത്തു. പ്രത്യേക പാക്കേജില്ലെന്ന് പറയുന്നത് ശരിയല്ല. ഇതെല്ലാം ചെയ്തതിനുശേഷം മണ്ണ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുനർജനി എന്നൊരു പരിപാടി എല്ലാ സ്ഥലത്തും നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാട് മേഖലയിൽ നെൽകർഷകർക്ക് ഇനിയും പണം കൊടുക്കാനുണ്ടെന്നുപറയുന്നത് തെറ്റാണ്, അത് വസ്തുതാവിരുദ്ധമായ കാര്യമാണ്. പൂർണ്ണമായും കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ പറഞ്ഞത് അതല്ല. 13,500 രൂപ കൊടുത്തില്ലെന്ന് ഞാൻ പറഞ്ഞില്ല. പതിനായിരം ഹെക്ടറിലേറെ കൃഷി നശിച്ചു. ഒരു ഹെക്ടർ നെൽകൃഷി നശിച്ചാൽ ഒന്നര ലക്ഷം രൂപയാണ് നഷ്ടം കണക്കാക്കുന്നത്. അവിടെയാണ് 13,500 രൂപ കൊടുത്തത്. ഒരു ഹെക്ടർ ഭൂമി നശിച്ചയാൾക്ക് 13,500 രൂപ കൊടുത്താൽ എന്താകും സ്ഥിതി? നഷ്ടപരിഹാരം ഒട്ടും പ്രായോഗികമല്ല, ആളുകൾക്ക് ഇതുകൊണ്ട് പ്രയോജനമുണ്ടായിട്ടില്ല, കൃഷിയിറക്കാൻ കഴിയാതെ കർഷകർ ബുദ്ധിമുട്ടുകയാണ്. ആ സംഭവമാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. യു.ഡി.എഫ്.-ന്റെ കമ്മിറ്റി അംഗങ്ങളായ സർവ്വശ്രീ കെ. സി. ജോസഫ്, മോൻസ് ജോസഫ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നിവർ അവിടെ സന്ദർശിച്ച് കർഷകരുമായി സംസാരിച്ചു. അതിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയതാണ്. കർഷകരുടെ പ്രശ്നം, 13,500 രൂപ കിട്ടിയാൽ എന്താകും എന്നതാണ്. ദിവസക്കൂലിക്ക് ഒരാളിന് ഒരു ദിവസം ആയിരം രൂപയോളം കൊടുക്കണം. ഒരു ഹെക്ടർ സ്ഥലമാണ് നശിച്ചത്. ഞാൻ പറഞ്ഞത്, ഈ സഹായങ്ങൾ അപര്യാപ്തമാണ്. ഏതെങ്കിലുമൊരാൾക്ക് പൂർണ്ണമായൊരു വീട് ഈ ഗവൺമെന്റ് ആറ് മാസത്തിനകം വച്ചുകൊടുത്തിട്ടുണ്ടോ; ആർക്കെങ്കിലുമൊരു പുതിയ വീട് വച്ചുകൊടുത്തിട്ടുണ്ടോ? ഒന്നാം ഗഡു കൊടുത്തുവെന്ന് പറഞ്ഞു, എത്രപേർക്ക് കൊടുത്തു? പരാതികൾ കുന്നുകൂടുകയാണ്. എന്റെ കയ്യിൽ മാത്രം 13500 പരാതികളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്. ഇനിയും പരാതികൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ ബധിരമായ കർണ്ണപുടങ്ങളിൽ കാര്യങ്ങളെത്തിച്ചിട്ട് യാതൊരു നടപടിയുമില്ലാത്തതുകൊണ്ടാണ് ഞാൻ കോടതിയിൽ പോയത്. ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇക്കാര്യം ഗൗരവപൂർവ്വം എടുത്തിരിക്കുകയാണ്. ഞാൻ മാത്രമല്ല, മെട്രോമാൻ എന്നറിയപ്പെടുന്ന, അങ്ങയുടെ നിയോജകമണ്ഡലത്തിലുള്ള ലോകപ്രശസ്തൻ ശ്രീ. ഇ. ശ്രീധരൻ ഒരു ടെക്നിക്കൽ ടീമിനെ വച്ചുകൊണ്ട് പ്രളയത്തിന്റെ കാരണങ്ങൾ കണ്ടെത്തണം, നാളെ ഇത്തരം പ്രളയം കേരളത്തിലുണ്ടാകാൻ പാടില്ല എന്നുപറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തുകൊടുത്തു. ആ മെട്രോമാന്റെ അപേക്ഷ മുഖ്യമന്ത്രി ചെവിക്കൊണ്ടില്ല. അതിനാൽ അദ്ദേഹവും കോടതിയിൽ പോയിരിക്കുകയാണ്. എന്റെ കേസ് കോടതിയിൽ നേരത്തെ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ കേസ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യനിർമ്മിതമായൊരു പ്രളയമാണിത്. കേരളത്തിലെ പാവപ്പെട്ട 460 ആളുകളുടെ ജീവൻ അപഹരിച്ച,

16 ലക്ഷം ആളുകൾ ദുരിതാശ്വാസ ക്യാമ്പിലെത്തിയ പ്രളയത്തിന് ഉത്തരവാദി ഈ ഗവൺമെന്റാണെന്ന് ദിവസം കഴിയുന്തോറും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. ഒരു സിറ്റിംഗ് ജഡ്ജിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ എക്സ്പെർട്ടുകളെ ഉൾപ്പെടുത്തി അന്വേഷണ സംഘത്തെ നിയോഗിക്കണമെന്നാണ് ഞങ്ങളുടെ ആദ്യത്തെ ആവശ്യം. രണ്ടാമത്തെ ആവശ്യം നഷ്ടപരിഹാരത്തെ സംബന്ധിച്ചാണ്. ഭോപ്പാൽ ദുരന്തമുണ്ടായപ്പോൾ അവിടെ ട്രിബ്യൂണലുണ്ടായിരുന്നു. അവിടെ ആളുകൾക്കുള്ള നഷ്ടപരിഹാരം സുതാര്യമായി നടപ്പാക്കി. ഇവിടെ രാഷ്ട്രീയാടിസ്ഥാനത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നുവെന്ന പരാതി നിലനിൽക്കുന്നു. ഇതിനുവേണ്ടി ഒരു ട്രിബ്യൂണൽ രൂപീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതുസംബന്ധിച്ചൊരു കരട് തയ്യാറാക്കി അങ്ങേയ്ക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും തന്നു. യു.ഡി.എഫ്. അംഗീകരിച്ച ആ ട്രിബ്യൂണലിന്റെ പദ്ധതി തയ്യാറാക്കിയാണ് കൊടുത്തത്. ഗവൺമെന്റ് അത് അംഗീകരിച്ചില്ല. ഇപ്പോൾ കോടതി ഇതുരണ്ടും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കോടതിയിൽ ഇക്കാര്യം നിലനിൽക്കുകയാണ്. കോടതി ഒരു അമിക്കസ് ക്യൂറിയെ നിയോഗിച്ചു. ഗുജറാത്ത് ഹൈക്കോടതിയിലെ Bipinchandra J. Diwan and Others Vs Govt. of Gujarat എന്ന കേസിനെ അടിസ്ഥാനപ്പെടുത്തി ഒരു ഓംബുഡ്സ്മാനെ നിയോഗിക്കണമെന്നാണ് അമിക്കസ് ക്യൂറി പറഞ്ഞത്. ഗവൺമെന്റിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രഞ്ജിത്ത് തമ്പാൻ അതിനെ എതിർത്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു, ഗവൺമെന്റ് എല്ലാം ചെയ്തു കൊണ്ടിരിക്കുകയാണെന്ന്. അങ്ങനെയാണെങ്കിൽ ഞാൻ പോയ സ്ഥലങ്ങളിൽ നിന്നും പതിമൂവായിരത്തോളം പരാതികളാണ് എനിക്കുമാത്രം ലഭിച്ചത്. എനിക്ക് പരാതി തരാത്ത എത്രയോ ആളുകളുണ്ടാകും. നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്നതുകൊണ്ടാണ് പരാതികളുമായി ആളുകൾ വന്നുനിൽക്കുന്നത്. 22-11-2018-ലെ ഉത്തരവ് പ്രകാരം എ.ഡി.എം. അഥവാ ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ first level redressal system ഉണ്ടെന്ന് ഗവൺമെന്റ് പറഞ്ഞു. പരാതി പരിഹരിച്ചില്ലെങ്കിൽ ജില്ലാ കളക്ടർക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയെ സമീപിക്കാമെന്നാണ് കോടതി പറഞ്ഞത്. എനിക്ക് കിട്ടിയ എല്ലാ പരാതികളും ഞാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൊടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട കോടതി പറഞ്ഞത്, "We, however, feel that the above mechanism set in place by the Government order dated 22-11-2018 can at best be the First Level Redressal Mechanism which is entirely constituted by the Government functionaries. But for the sake of ensuring independent consideration and also transparency, it might be

appropriate to have an independent appellate authority functioning above the First Level Authorities, envisaged under the Government order 22-11-2018" എന്നാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് അടങ്ങുന്ന ബഞ്ച് പറഞ്ഞിരിക്കുന്നത് ഒരു ഇൻഡിപ്പെൻഡന്റ് അതോറിറ്റി വേണമെന്നുള്ളതാണ്. ഗവൺമെന്റ് ജനുവരി മാസം 10-ാം തീയതി അപേക്ഷകൾ ക്ലോസ് ചെയ്യാൻ തീരുമാനിച്ചു. 31-1-2019 വരെ അപേക്ഷകൾ അപ്പീലായി സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞു. അവിടെയും നിൽക്കുന്നില്ല. "The Additional Advocate General should also receive instructions on the proposed establishment of independent appellate authorities such as Ombudsman, under the District Legal Services Authority and the permanent Lok Adalath, under the Legal Services Act." ഈ പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് വേഗതയില്ല, അർഹിക്കുന്ന ആളുകൾക്ക് ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല, പാവപ്പെട്ട ആളുകൾക്ക് കിട്ടേണ്ട ദുരിതാശ്വാസ നിധിയിൽനിന്നുള്ള ഫണ്ട് കിട്ടുന്നില്ല. ഈ പരാതികൾ യാഥാർത്ഥ്യമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിക്കുതന്നെ ബോധ്യപ്പെട്ടിരിക്കുന്നു. ഞാൻ പോയ ഔട്ട്റീച്ച് പ്രോഗ്രാമിലൂടെ കിട്ടിയ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള (Bipinchandra J Divan and Others vs. State of Gujarat) സത്യവാങ്മൂലം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട കോടതി എന്നോട് പറഞ്ഞു. ഞാൻ സത്യവാങ്മൂലം തയ്യാറാക്കിയിട്ടുണ്ട്. ഔട്ട്റീച്ച് പ്രോഗ്രാമിന്റെ ഡീറ്റെയിൽസ് ഫ്ലഡ്ഹിറ്റ് ഏരിയ എന്നുള്ള നിലയിൽ ഞാനത് കൊടുക്കാൻ പോവുകയാണ്. ഇതുപോലൊരു ദുരന്തം കേരളത്തിലുണ്ടായിട്ട് I am sorry to say that the Government has completely failed in tackling the issues of the people. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നില്ല. റോഡുകളും സ്കൂൾ കെട്ടിടങ്ങളും തകർന്നിരിക്കുന്നു. കർഷകർ പ്രതിസന്ധിയിലായിരിക്കുന്നു. ജീവനോപാധികൾ നഷ്ടപ്പെട്ടിരിക്കുന്നു. ഇവിടെ ഗവൺമെന്റ് ഉറങ്ങുന്നു, ഈ ഗവൺമെന്റ് ഉണർന്നു പ്രവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയില്ല. ഇത്രയും ഗൗരവമുള്ളൊരു പ്രശ്നത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞങ്ങൾ കരുതിയത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാളയം രക്തസാക്ഷി മണ്ഡപത്തിൽ 11.00 മണിക്കുള്ള പരിപാടിയിൽ പങ്കെടുക്കാൻ പോയതാണ്. ചെയറിനെ അറിയിച്ചിട്ടാണ് പോയത്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ ശ്രീ. ഇ. ചന്ദ്രശേഖരനെ കുറ്റം പറയില്ല. ശ്രീ. ഇ. ചന്ദ്രശേഖരൻ നല്ലയാളാണ്, പാവമാണ്. അദ്ദേഹത്തിന് ഇതിനെപ്പറ്റി ഒന്നും അറിയില്ല. കാരണം ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളെല്ലാം മുഖ്യമന്ത്രിയാണ് നോക്കിയത്. മുഖ്യമന്ത്രി ഇതിനെ ലാഘവബുദ്ധിയോടുകൂടിയാണ് കാണുന്നത്. മുഖ്യമന്ത്രിയും ഞാനും മൂന്ന് മന്ത്രിമാരും ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരുമടങ്ങുന്ന ഉപദേശക സമിതി രണ്ട് യോഗങ്ങൾ ചേർന്നു. പിന്നെ യോഗങ്ങൾ കൂടിയിട്ടില്ല. എന്ത് പദ്ധതിയാണ് Rebuild Kerala-യിൽ തയ്യാറാക്കുന്നത്. പ്രതിപക്ഷനേതാവെന്ന നിലയിൽ എന്തിനാണ് എന്നെ ആ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയത്. ആ കമ്മിറ്റി രണ്ടുതവണ കൂടി, പകുതിവച്ച് ചർച്ച അവസാനിപ്പിച്ചു. അടുത്ത തീയതി തീരുമാനിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു പിന്നീട് തീരുമാനിക്കാമെന്ന്. ഇതുവരെ ആ യോഗം കൂടിയിട്ടില്ല. ഇവിടെ ചർച്ചകളും സെമിനാറുകളും യോഗങ്ങളും മാത്രം. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് ദുരിതാശ്വാസമായി ഒരു സഹായവും കിട്ടുന്നില്ല. പരാതികൾ ഏറിവരുന്നു, ജനങ്ങൾ കഷ്ടപ്പാടുകളിൽ മുഴുകുന്നു. ഞാൻ ശ്രീ. വി. ഡി. സതീശന്റെ നിയോജകമണ്ഡലമായ പറവൂരിൽ പോയപ്പോൾ അവിടത്തെ മുനിസിപ്പൽ ടൗൺ ഹാളിൽ ആറ് കുടുംബങ്ങൾ ഇപ്പോഴും കഴിയുന്നത് കണ്ടു. ഇടുക്കി ചെറുതോണിയിലെ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസിലും നാല് കുടുംബങ്ങൾ കഴിയുകയാണ്. ഇതുപോലെ പല സ്ഥലത്തും ആളുകൾ ക്യാമ്പുകളിൽ കഴിയുന്നു. ഈ പാവങ്ങൾക്ക് എന്തെങ്കിലുമൊരു സഹായം കൊടുക്കാൻ ഈ സർക്കാർ മുന്നോട്ട് വരുന്നുണ്ടോ? സർക്കാരിന്റെ കയ്യിൽ പണമുണ്ട് - സാലറി ചലഞ്ചിലൂടെ ലഭിച്ച പണമുണ്ട്, കൂടാതെ കേന്ദ്രം കൊടുത്ത പണമുണ്ട്, ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പണമുണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പണമുണ്ട്. ഈ പണം എന്തുകൊണ്ടാണ് ആളുകൾക്ക് കൊടുക്കാത്തത്? വേയ്സ് ആന്റ് മീൻസ് അഡ്ജസ്റ്റ് ചെയ്യാൻ വേണ്ടിയാണോ ഇത് കൊടുക്കാത്തത്; ട്രഷറി പൂട്ടുമെന്നുള്ളതുകൊണ്ടാണോ കൊടുക്കാത്തത്? ദുരിതാശ്വാസം ലഭിക്കാൻ അർഹരായ നാട്ടിലെ പാവപ്പെട്ടവരും സാധാരണക്കാരുമായ പാവങ്ങളുടെ നേർക്ക് ഒരു വലിയ വെല്ലുവിളി ഉയർത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പാവങ്ങളുടെ ദുഃഖം കാണാൻ ഈ സർക്കാരിന് കഴിയുന്നില്ല. ഒരു നവകേരളവും ഇവിടെയുണ്ടാക്കാൻ പോകുന്നില്ല. ഇക്കാര്യത്തിൽ പരാജയപ്പെട്ട മറ്റൊരു സർക്കാരിനെ കാണാൻ കഴിയില്ല. അതുകൊണ്ട് ഇക്കാര്യം വിശദമായി വീണ്ടും സഭ ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഒട്ടും തൃപ്തികരമായിരുന്നില്ല. മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞങ്ങൾ കരുതിയത്. ഈ പാപഭാരം പാവപ്പെട്ട ശ്രീ. ഇ. ചന്ദ്രശേഖരന്റെ തലയിൽ വച്ചിട്ട് മുഖ്യമന്ത്രി പോയത് ഒട്ടും ശരിയായില്ല. ഏതായാലും ഞങ്ങൾ ഇക്കാര്യത്തിൽ ശക്തമായ

പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഒരു പുതിയ കേരളം നിർമ്മിക്കുമെന്ന് പറഞ്ഞ് ആളുകളെ കബളിപ്പിച്ച ഒരു സർക്കാരിന്റെ യഥാർത്ഥ മുഖമാണ് ഇന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, നിയമസഭയിൽത്തന്നെ ഈ ഗവൺമെന്റ് പ്രതിരോധത്തിലാണെന്ന് സൂചിപ്പിക്കുന്നതാണ് ഇതുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ വരുമ്പോൾ മറുപടിപോലും കൊടുക്കാൻ സാധിക്കുന്നില്ല എന്നുള്ളത്. പ്രളയംമൂലം കച്ചവടക്കാർക്കുണ്ടായ നഷ്ടം നികത്തുന്നതിനുള്ള നടപടി സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ചോദ്യം ഉന്നയിച്ചിരുന്നു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട പത്തനംതിട്ട ജില്ലയിലെ കച്ചവടക്കാരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; അവർക്കുണ്ടായ നാശനഷ്ടത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നുവെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് തരുമോ എന്നുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിന് മറുപടി കൊടുത്തിട്ടില്ല. റീബിൽഡ് കേരള പദ്ധതി സംബന്ധിച്ച് ശ്രീ. ജോർജ് എം. തോമസ് ചോദിച്ച ചോദ്യം, റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? അതിനും മറുപടിയില്ല. ഭരണപക്ഷത്തുള്ളവർ ചോദിക്കുന്ന പ്രാഥമികമായ ചോദ്യങ്ങൾക്കുപോലും മറുപടി നിയമസഭയിൽ കൊടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല എന്നുള്ളത് റീബിൽഡിനുവേണ്ടി എന്ത് കാര്യങ്ങളാണ് നിങ്ങൾ ചെയ്തിട്ടുള്ളത് എന്നതിന്റെ ഏറ്റവും വലിയ സൂചനയാണ്. മാത്രമല്ല, നിങ്ങളെ കാത്ത് ജനങ്ങൾ നിൽക്കുന്നില്ല എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണം, തിരുവനന്തപുരം ജില്ലയിൽ വീട് തകർന്നവർ 236 ആണ്. ഇതിൽ 188 പേരും സ്വയം വീട് നിർമ്മിച്ചുകഴിഞ്ഞു. കൊല്ലത്ത് 188 പേരിൽ 146 ആളുകൾ സ്വന്തമായി വീട് നിർമ്മിച്ചുകഴിഞ്ഞു. പത്തനംതിട്ടയിൽ 659 പേരിൽ 265 പേർ വീട് നിർമ്മിച്ചുകഴിഞ്ഞു. ആലപ്പുഴയിൽ 1162 വീടുകൾ പൊളിഞ്ഞതിൽ 701 പേർ വീട് നിർമ്മിച്ചു. അവർക്ക് സർക്കാരിന്റെ സഹായവും കാത്തുനിൽക്കാൻ പറ്റുമോ? ആറ് മാസം കഴിഞ്ഞിട്ടും വീട് നിർമ്മിച്ചുനൽകുന്നില്ലെന്ന് കാണുമ്പോൾ

അവരുടേതായ ചെറിയ മാർഗ്ഗങ്ങളിലൂടെ അവർ വീടുകൾ നിർമ്മിച്ചു. മൊത്തം കണക്കെടുത്താൽ 13340 തകർന്ന വീടുകളിൽ 7463 പേർ സ്വയം വീട് നിർമ്മിച്ചു. വ്യാപാരികളുടെയും വ്യവസായികളുടെയും കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. റാന്നിയിലെ കാര്യം ഇവിടെ പറഞ്ഞു. പ്രളയം ഏറ്റവുമധികം ബാധിച്ച പ്രദേശങ്ങളാണ് കളമശ്ശേരി, ചെങ്ങന്നൂർ, റാന്നി. അവിടെയുള്ള എം.എൽ.എ.-മാരെല്ലാം പല ഘട്ടങ്ങളിലായി ഇക്കാര്യങ്ങൾ പറഞ്ഞിട്ടുള്ളതാണ്. വീട് പുനർനിർമ്മാണത്തിന് കൊടുക്കാമെന്ന് പറഞ്ഞ നാല് ലക്ഷം രൂപയിൽ 98,000 രൂപയുടെ ആദ്യഗഡു കളമശ്ശേരിയിൽ കുറച്ചുപേർക്ക് നൽകിയിട്ടുണ്ട്. ഈ ആദ്യ ഗഡു കിട്ടിയവർ ഇപ്പോൾ കുടുങ്ങിയിരിക്കുകയാണ്. കാരണം സ്പെഷ്യൽ ബ്രാഞ്ച് പോലീസ് അവർക്ക് പണം കിട്ടിയത് ശരിയാണോ അല്ലയോ എന്നുള്ളതിനെക്കുറിച്ച് നിരന്തരം അന്വേഷണം നടത്തുന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്. എപ്പോഴാണ് 10,000 രൂപ കൊടുത്തത്; എന്തിനാണ് 10,000 രൂപ കൊടുക്കാൻ തീരുമാനിച്ചത്; വീട്ടിലേയ്ക്ക് തിരിച്ചുപോയാൽ അടിയന്തര ആവശ്യത്തിനായി ലഭിക്കേണ്ട 10,000 രൂപ എന്നാണ് കൊടുത്തത്; ഇപ്പോഴും അത് കൊടുത്തുതീർത്തിട്ടില്ലല്ലോ; ലഭിച്ച ചിലരിൽനിന്ന് തിരിച്ച് വാങ്ങുകയാണ്. ചിലർക്ക് രണ്ടുപ്രാവശ്യം 10,000 രൂപ കൊടുത്തു. എന്നാൽ 10,000 രൂപ ലഭിക്കാതെ അലഞ്ഞുനടക്കുന്ന ആളുകളെ ഇപ്പോഴും കാണാൻ സാധിക്കും. ആലുവയിലെ ഒരു മുൻ എം.എൽ.എ.-യ്ക്ക് 10,000 രൂപ കിട്ടിയപ്പോൾ തനിക്ക് ഇത് അർഹതയുള്ളതല്ലെന്ന് പറഞ്ഞ് അദ്ദേഹം തുക തിരിച്ചുകൊടുത്ത വാർത്ത നമ്മൾ പത്രത്തിൽ വായിച്ചു. അനർഹരായവർക്ക് 10,000 രൂപ കിട്ടുക, അർഹതയുള്ളവർക്ക് 10,000 രൂപ കിട്ടാതിരിക്കുക. ഇപ്പോഴും ഇത് ലഭിക്കാത്തതിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന എത്രയോ ആളുകളെ നമ്മുടെ സംസ്ഥാനത്ത് കാണാൻ സാധിക്കും. വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന ലൈഫ് പദ്ധതി, ഇപ്പോഴും പറയുന്നത് വീടിന്റെ 13 തരം ഡിസൈനുകൾ ഉണ്ടാക്കിവച്ചിട്ടുണ്ടെന്നാണ്. ഷോകെയ്സായി 13 ഡിസൈൻ ഉണ്ടാക്കിവച്ചിട്ടുണ്ട്. ഇഷ്ടമുള്ള ഡിസൈൻ എടുത്ത് വീട് വയ്ക്കാം. സഹകരണാടിസ്ഥാനത്തിൽ വീട് നിർമ്മിക്കാൻ ആഗ്രഹമുള്ളവർക്ക് ഞങ്ങളുമായി സഹകരിച്ചുകൊണ്ട് ചെയ്യാമെന്നാണ് പറയുന്നത്. സമൂഹം വളരെ ഞെട്ടലോട്ടുകൂടി മാത്രം നോക്കിനിൽക്കുന്ന, വളരെ ഗൗരവമുള്ള വിഷയമാണിത്. അടുത്തകാലത്ത് ട്രെയിനിൽ കയറാൻ രണ്ടുമൂന്ന് പേർനിന്നപ്പോൾ ട്രെയിൻ നീങ്ങിത്തുടങ്ങി. അപ്പോൾ ഒരാൾ സഹായിച്ച് രണ്ടുപേരെ വണ്ടിയിലേയ്ക്ക് കയറ്റി. ഒരാൾക്ക് കയറാൻ പറ്റിയില്ല. രണ്ടുപേരെ ഞാൻ സഹായിച്ച് കയറ്റിയിട്ടുണ്ട്; നിങ്ങളെ കയറ്റാൻ പറ്റാത്തതിൽ എനിക്ക് സങ്കടമുണ്ടെന്ന് സഹായിച്ച ആൾ പറഞ്ഞപ്പോൾ ട്രെയിനിൽ കയറാൻ പറ്റാത്തയാൾ പറഞ്ഞു, എന്നെ യാത്ര അയയ്ക്കാൻ

വന്നവരെയാണ് നിങ്ങൾ കയറ്റി അയച്ചിരിക്കുന്നത്, ഞാനാണ് യഥാർത്ഥത്തിൽ പോകേണ്ടയാൾ എന്ന്. അതുപോലെയാണ് ഇവിടെ ആർക്കാണോ പണം ആവശ്യം അവർക്ക് ലഭിച്ചിട്ടില്ല.

(രക്തസാക്ഷിദിനത്തിന്റെ ഭാഗമായി ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ ബലിയർപ്പിച്ചവരുടെ സ്മരണാർത്ഥം സഭാംഗങ്ങൾ രാവിലെ 11.00 മണിക്ക് രണ്ട് മിനിട്ട് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

11.00 am]

ഡോ. എം. കെ. മുനീർ (തുടർച്ച) : സർ, യഥാർത്ഥത്തിൽ സഹായം ആവശ്യമുള്ളവർക്കല്ല കിട്ടുന്നത്. സഹായം ആവശ്യമുള്ളവരെ അവഗണിക്കുകയും സഹായം ആവശ്യമില്ലാത്തവർക്ക് രണ്ട് ഗഡുക്കളായി കൊടുക്കുകയും ചെയ്യുന്ന സമീപനമാണ്. ഇതിനെയൊക്കെ നിസ്സാരമായി കാണുന്നത് സർക്കാരാണ്, ഭരണപക്ഷമാണ്. ഞങ്ങൾ ഗൗരവപൂർവ്വം അവതരിപ്പിക്കുന്ന കാര്യങ്ങളെ നിസ്സാരവൽക്കരിക്കുകയും തമാശയായി കാണുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഈ ഗവൺമെന്റിനോട് എന്തുപറഞ്ഞിട്ടും ഒരു കാര്യവുമില്ലെന്നുള്ളതിന് തെളിവാണ് ഈ രീതിയിലുള്ള പ്രതികരണം എന്നത് മനസ്സിലാക്കി ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി ഗവൺമെന്റ് നടത്തുമെന്ന് പറഞ്ഞ പ്രഖ്യാപനങ്ങളെല്ലാം ജലരേഖയായി നിൽക്കുകയാണ്. കോട്ടയം ജില്ലയിൽ ഇപ്പോൾ റീബിൽഡ് കേരളയുടെ പ്രോജക്ട് ഉണ്ടാക്കിക്കഴിഞ്ഞുവെന്നാണ് പറയുന്നത്. ഇതെല്ലാം ഇന്റർനെറ്റിൽ വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ വിഷയം ജില്ലയിലെ എം.എൽ.എ.-മാരുമായി ചർച്ച ചെയ്തിട്ടുപോലുമില്ല. ആസൂത്രണ സമിതി ഇപ്പോൾ റീബിൽഡ് കേരളയിലെ പ്രോജക്ടുകൾക്ക് അംഗീകാരം കൊടുത്തിരിക്കുന്നു. പ്രളയക്കെടുതിയിൽ തകർന്ന നിരവധി റോഡുകളും വീടുകളുമുണ്ട്. ഈ വിഷയങ്ങളൊക്കെ നിലനിൽക്കുമ്പോൾ അവിടെ ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത് ചില സ്ഥലങ്ങളിൽ നീന്തൽക്കുളവും ചില സ്ഥലങ്ങളിൽ സ്റ്റേഡിയവുമൊക്കെയാണ്. പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിയിൽ ഇതൊക്കെയാണോ ചെയ്യേണ്ടത്? കാശ് മിച്ചമുണ്ടെങ്കിൽ നമുക്ക് ആലോചിക്കാം. എന്നാൽ ഇവിടെ മുൻഗണന കൊടുക്കേണ്ടത് ഗ്രാമീണ റോഡുകൾക്കാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എല്ലാ മണ്ഡലങ്ങളിലും വന്നസമയത്ത് കടുത്തുരുത്തിയിലും വന്നു. ഞങ്ങളവിടെ ജനങ്ങളിൽനിന്ന് ഒന്നേകാൽ കോടി രൂപ സമാഹരിച്ച് കൊടുത്തു. കോടിക്കണക്കിന് രൂപ വേറെയും കൊടുത്തു. തകർന്ന ഗ്രാമീണ റോഡുകൾ നന്നാക്കാൻ ഗവൺമെന്റ് പരിഗണന നൽകണമെന്ന ഒറ്റ ആവശ്യമേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ഒരു പൈസ തന്നിട്ടില്ല, ഒരു രൂപയ്ക്കുള്ള നടപടിയുമില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തലത്തിൽ എം.എൽ.എ.-മാരുമായി ആലോചിക്കുന്നുണ്ട്, കാര്യങ്ങൾ ചെയ്യുന്നതിന് നടപടിയെടുക്കുന്നുണ്ട്, അതിൽ സന്തോഷമുണ്ട്. അത്തരം കാര്യങ്ങളൊക്കെ നടക്കുന്നുണ്ട്. എന്നാൽ ഗ്രാമീണ റോഡുകളുടെ കാര്യത്തിൽ പഞ്ചായത്തിനും റവന്യൂ വകുപ്പിനും ഉത്തരവാദിത്വമില്ല, ഈ ദുരവസ്ഥ നിലനിൽക്കുകയാണ്. പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. വീടുകളുടെ കാര്യം ഇവിടെ പറഞ്ഞു. ഇനി എന്ന് വീട് വയ്ക്കാനാണ്? ഈ വിഷയങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണ്ടേ? അതിനൊന്നും തയ്യാറാകാത്ത നടപടികൾ നിൽക്കുന്നു. കൃഷിക്കാർക്ക് സഹായം കൊടുത്തതിനെക്കുറിച്ച് കൃഷി വകുപ്പുമന്ത്രി പറഞ്ഞു. 2015, 2016-17 വർഷങ്ങളിലെ കൃഷി നശിച്ചതിന്റെ കാശുപോലും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഉൾപ്പെടെ വന്നപ്പോൾ ഞങ്ങൾ നൽകിയ നിവേദനത്തിൽ, കോട്ടയം ജില്ലയിലേത് ഉൾപ്പെടെ ഇനിയും കുടിശ്ശികയുണ്ട്. അങ്ങ് അക്കാര്യം പരിശോധിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആകെ കൊടുക്കാനുള്ള കുടിശ്ശിക എന്നുപറയുന്നത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ നഷ്ടപരിഹാരത്തിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയപ്പോൾ അതിനനുസരിച്ച് കേന്ദ്ര ഗവൺമെന്റ് കുറച്ച പൈസ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടിറക്കിയിരിക്കുന്ന ഉത്തരവിന്റെ വൈകല്യംമൂലം കൊടുക്കാൻ കഴിയാത്ത പൈസയാണ്. അതൊഴികെ ഒരു പൈസയും കൃഷിക്കാർക്ക് കുടിശ്ശിക കൊടുക്കാനില്ല. ബാക്കിയെല്ലാം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ആ തുക കിട്ടാത്തത് നിങ്ങൾ ഇറക്കിയിരിക്കുന്ന ഉത്തരവിന്റെ വൈകല്യം കൊണ്ടാണ്. ആ കാലഘട്ടത്തിൽ നിങ്ങളുടെ ഗവൺമെന്റ് കൃത്യമായ ഉത്തരവിറക്കാത്തതിനാലും നിയമപരമായ തടസ്സമുള്ളതുകൊണ്ടുമാണ് കൊടുക്കാൻ സാധിക്കാത്തത്, അല്ലാതെ പൈസയില്ലാത്തതുകൊണ്ടല്ല കൊടുക്കാത്തത്. നിയമപരമായി തടസ്സമുണ്ടാക്കുന്ന രീതിയിലുള്ള ഒരുത്തരവ് അന്ന് നിങ്ങൾ ഇറക്കിയതുകൊണ്ടാണ്, അത് മാറ്റാൻ കഴിയാത്തതുകൊണ്ടാണ്. അല്ലാത്ത എല്ലാ കുടിശ്ശികയും ഈ ഗവൺമെന്റ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നതനുസരിച്ചാണെങ്കിൽ 2021-ൽ യു.ഡി.എഫ്. ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നാലല്ലേ ഇനി ആ ഉത്തരവ് തിരുത്താൻ പറ്റുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഒരുത്തരവിറങ്ങിപ്പോയി. അതിലെ അപാകതകൊണ്ട് ഇപ്പോൾ കാശ് കൊടുക്കാൻ പറ്റുന്നില്ല. ഈ ഗവൺമെന്റ് അത് തിരുത്തണ്ടേ? ഈ ഗവൺമെന്റിനല്ലേ ഇപ്പോൾ തിരുത്താൻ സാധിക്കുകയുള്ളൂ. ഇനി യു.ഡി.എഫ്. തന്നെ തിരുത്തണമെന്നുണ്ടെങ്കിൽ 2021 വരെ കാത്തിരിക്കേണ്ടിവരും. അതുവരെ കൃഷിക്കാരും കാത്തിരിക്കണോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഉത്തരവ് വന്നതിനുശേഷം ശ്രീ. മോൻസ് ജോസഫിന്റെ ഗവൺമെന്റ് മൂന്നുകൊല്ലമുണ്ടായിരുന്നു. നിങ്ങൾക്ക് തിരുത്താൻ സാധിച്ചിട്ടില്ല. അന്ന് തിരുത്താതെ ഇനി നിങ്ങൾ വന്നാൽ തിരുത്തുമെന്നാണ് പറയുന്നത്; നടക്കുന്ന കാര്യം വല്ലതും പറയൂ?

ശ്രീ. മോൻസ് ജോസഫ്: സർ, സാങ്കേതികത്വം എന്തായാലും കൃഷിക്കാരന് കാശ് കിട്ടിയിട്ടില്ലെന്നുള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയെടുക്കണം. ഇത്തരം കാര്യങ്ങളിൽ നടപടിയെടുക്കാത്ത സാഹചര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കണം. റീബിൽഡ് കേരള ഉൾപ്പെടെയുള്ള കാര്യങ്ങൾ എം.എൽ.എ.-മാരുമായി ചർച്ച ചെയ്യാൻ തയ്യാറാകണം. പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിയിൽ എം.എൽ.എ.-മാരോട് കൂടിയാലോചിക്കാൻപോലും തയ്യാറാകാത്ത നിലപാട് നിൽക്കുകയാണ്. അതുപോലെ സർക്കാരിനടക്കം മാനസാന്തരമുണ്ടാകാനും ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമെല്ലാം ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനമായ ഇന്ന് ഗാന്ധിജി സ്റ്റഡി സെന്ററിന്റെ ചെയർമാൻ ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിൽ രക്തസാക്ഷി മണ്ഡപത്തിൽ രണ്ടുമണി മുതൽ അഞ്ചുമണി വരെ സർവ്വമത പ്രാർത്ഥന നടത്തുകയാണ്. ഞങ്ങളെല്ലാം അതിൽ പങ്കെടുക്കുകയാണ് എന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവൺമെന്റിന്റെ നിഷേധാത്മക നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നതായി അറിയിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രളയാനന്തര പുനർനിർമ്മാണത്തെ സംബന്ധിച്ച് പല സന്ദർഭങ്ങളിൽ ഈ സഭ ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ ഇന്ന് പറഞ്ഞ വിഷയങ്ങളെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പല തവണ ഉന്നയിച്ചിട്ടുള്ള

കാര്യങ്ങളാണ്. പക്ഷെ ഇവിടെ യാതൊരു രീതിയിലുള്ള മാറ്റവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഇക്കാര്യങ്ങളിൽ ഇപ്പോഴും അതേ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. തീർത്തും നിരുത്തരവാദപരമായ സമീപനം ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നുവെന്നത് വാസ്തവമാണ്. വീടിനുള്ളിൽ മൂന്നുദിവസം വെള്ളം കെട്ടിക്കിടന്നാൽ മാത്രമേ തുക കൊടുക്കുകയുള്ളൂവെന്ന ഉത്തരവ് ആദ്യമിറക്കി. അതിന്റെ അപാകത ഉൾപ്പെടെ അനവധി കാര്യങ്ങൾ ചൂണ്ടിക്കാട്ടിയതാണ്. 10,000 രൂപ എന്ന നാമമാത്രമായ സംഖ്യ പര്യാപ്തമല്ല. സംഖ്യ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായില്ലെന്നുള്ളത് മാത്രമല്ല, അതിപ്പോൾ ലഭിക്കുന്നില്ലെന്നത് വാസ്തവമാണ്. 40 ശതമാനത്തോളം ആൾക്കാർക്ക് 10,000 രൂപ കിട്ടിയിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ കണക്കുകൾ എടുത്തുപറയാൻ കഴിയും. ഇതിനോടനുബന്ധിച്ച് ഇവിടെ പരാതികൾ വരുന്നതെന്തുകൊണ്ടാണ്; ധാരാളം പരാതികൾ ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോ? അദ്ദേഹം പോയ സ്ഥലങ്ങളിലെല്ലാം ധാരാളം പരാതികൾ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു. ആ പരാതികൾ വരുന്നത് ഈ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും പരാജയമാണെന്നതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. യാതൊരു സംശയവും അക്കാര്യത്തിലില്ല. വായ്പകളുടെ കാര്യത്തിൽ മോറട്ടോറിയം പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. കാർഷികേതര വായ്പകളുടെ കാര്യത്തിൽ ഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനമെന്താണ്? പ്രളയബാധിത പ്രദേശങ്ങളിൽ കാർഷികേതര വായ്പകൾ എടുത്തിരിക്കുന്ന അനവധി സാധാരണക്കാരുടെ കാര്യം ഇപ്പോഴും വലിയ പ്രതിസന്ധിയിൽ നിൽക്കുകയാണ്. അക്കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാർഷിക മേഖലയുടെ കാര്യം, എന്തുപറഞ്ഞാലും ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നഷ്ടപരിഹാരം കിട്ടാത്ത ധാരാളം കർഷകരുണ്ട്. അങ്ങ് എന്റെ നിയോജക മണ്ഡലത്തിൽ വന്നപ്പോൾ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടു വന്നതാണ്. എന്തായാലും കർഷകർക്കുണ്ടായ നഷ്ടപരിഹാരത്തിന് പ്രളയാനന്തരം ഒരു പാക്കേജ് പ്രഖ്യാപിക്കാത്തത് തീർത്തും നിരുത്തരവാദപരമായ സമീപനമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, 460 പേർ മരിച്ചുപോയിട്ടുള്ള, വലിയ നഷ്ടം വന്നിട്ടുള്ള, ഹൈക്കോടതിക്കുപോലും വലിയ താൽപ്പര്യമുള്ള, പൊതുജനത്തിനു പോലും കോടതിയിൽ പോകേണ്ട സാഹചര്യം ഉണ്ടായിട്ടും സർക്കാർ ഈ വിഷയത്തെ വേണ്ട ഗൗരവത്തിൽ കാണുന്നില്ല എന്നുള്ളതാണ് വസ്തുത. ആ നിലപാടിനെതിരായി ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

മി. സ്പീക്കർ: ശ്രദ്ധ ക്ഷണിക്കലും സബ്മിഷനും ഇന്നലത്തെ പോലെ നീട്ടിക്കൊണ്ടുപോകാൻ സമ്മതിക്കില്ല. നിശ്ചിത സമയത്തിനുള്ളിൽ തീർക്കണം. ഇക്കാര്യം മറുപടി നൽകുമ്പോഴും ബാധകമാണ്.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം

ശ്രീ. ആർ. രാജേഷ്: സർ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനത്തിൽ സംവരണം ഏർപ്പെടുത്തണമെന്നാണ് ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. കേരള സർക്കാർ കെ.എ.എസ്. നടപ്പിലാക്കുന്നതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിനും പിന്നാക്ക വിഭാഗക്കാർക്കും സംവരണാർഹർക്കും അർഹമായ പ്രാതിനിധ്യം സംവരണത്തിലൂടെ ഉറപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കെ.എ.എസ്.-ന്റെ സെക്കന്റ് & തേർഡ് സ്ട്രീമിൽ നിയമാനുസൃതം സംവരണം കൊടുക്കുന്നതിൽ തടസ്സമില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. സംവരണാർഹരില്ലെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കുറവ് പരിഹരിക്കുമെന്നാണ് മുമ്പ് സഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ കൂടിയല്ലാതെ സെക്കന്റ് & തേർഡ് സ്ട്രീമിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നിയമാനുസൃതമായ സംവരണത്തിലൂടെ നിയമനം ഉറപ്പാക്കണമെന്നാണ് ഇതിലൂടെ അഭ്യർത്ഥിക്കുന്നത്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പരിഹരിക്കപ്പെടാൻ കഴിയുന്ന നഷ്ടമല്ല സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംഭവിക്കുന്നത്. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ കാര്യം പരിശോധിച്ചാൽ, മൂന്ന് സ്ട്രീമുകളിലായി കെ.എ.എസ്. സെലക്ഷൻ നടത്തിയതിനുശേഷം പി.എസ്.സി.-യുടെ

സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്കീം 2-ലും 3-ലും സംവരണ സീനിയോറിറ്റി ലിസ്റ്റിൽ 1 മുതൽ 100 വരെയുള്ളവരിൽ സംവരണാർഹരായിട്ടുള്ളവർ, പ്രത്യേകിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ആരും ഉണ്ടാകാൻ സാധ്യതയില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സെലക്ട് ചെയ്യപ്പെടുന്നവരെ സീനിയോറിറ്റി ലിസ്റ്റിലേയ്ക്ക് ഉൾപ്പെടുത്തിയാൽത്തന്നെ 150-ാം റാങ്കിനുശേഷം മാത്രമേ ഉൾപ്പെടാൻ സാധ്യതയുള്ളൂ. അതിന്റെ ഭാഗമായി സ്കീം 2-ലും 3-ലും സംവരണം ഉണ്ടായിരുന്നുവെങ്കിൽ, പട്ടികജാതി വിഭാഗത്തിന്റെ സീനിയോറിറ്റി ലിസ്റ്റിൽ 4, 12, 24, 32, 44, 52, 64, 72, 84, 92 എന്നീ സ്ഥാനങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന നമ്പരായി മാറുമായിരുന്നു. ഈ നിലയിൽ പിന്നോക്ക വിഭാഗക്കാരും സംവരണാർഹരും താഴേയ്ക്ക് പിന്തള്ളപ്പെട്ടുപോകുന്ന സ്ഥിതി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ആയാൽ തന്നെയും ഉണ്ടാകും. ജനറൽ റിക്രൂട്ട്മെന്റിന്റെ നിയമനം പൂർത്തിയായതിന് ശേഷമാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത്. ഇപ്പോൾ കെ.എ.എസ്.-ൽ മാറ്റിവച്ചിട്ടുള്ള 150 തസ്തികകളുടെയും നിയമനവും സംവരണാർഹർക്ക് കുറവ് വന്നിട്ടുണ്ടോയെന്ന പരിശോധനയും പൂർത്തിയായതിനുശേഷം മതിയായ പ്രാതിനിധ്യം ഇല്ലെന്ന് കാണുമ്പോൾ മാത്രമാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നത്. ഇത് വലിയ കാലതാമസത്തിന് ഇടയാകുകയും സീനിയോറിറ്റി ലിസ്റ്റിൽ നഷ്ടമുണ്ടാവുകയും ചെയ്യും. കെ.എ.എസ്. എന്നുപറയുന്നത് ഫീഡർ കാറ്റഗറിയാണ്. കേന്ദ്ര സർവ്വീസിലേയ്ക്ക് കെ.എ.എസ്.-ൽനിന്ന് സെലക്ട് ചെയ്ത് ഫീഡർ കാറ്റഗറിയായി മാറുമ്പോൾ സീനിയോറിറ്റി പ്രശ്നം വലിയ തടസ്സമായി നിലനിൽക്കുകയാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റാണെങ്കിൽ തന്നെയും തെരഞ്ഞെടുക്കപ്പെടുന്നവർ സീനിയോറിറ്റി ലിസ്റ്റിൽ 165-ന് ശേഷം മാത്രമായിരിക്കും ഉൾപ്പെടാൻ സാധ്യത. അതുകൊണ്ട് കെ.എ.എസ്.-ലെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും സീനിയോറിറ്റി അടിസ്ഥാനത്തിൽ ഐ.എ.എസ്.-ന് കൺഫർ ചെയ്യപ്പെടുമ്പോൾ ദീർഘ കാലത്തേയ്ക്ക് സംവരണ വിഭാഗത്തിൽനിന്ന് ആളുകൾ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഇതിന്റെ ഭാഗമായി എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിൽ ഒരു സംവരണനയം ഉണ്ടായിരുന്നു. 1998-ലെ ഇന്ദിര സാഹ്നി കേസിലാണ് ഇത്തരമൊരു വിധി ഉണ്ടാകുന്നത്. അതിനുശേഷം 2003 വരെ പി.എസ്.സി. ബൈ ട്രാൻസ്ഫർ വഴി നടത്തിയ നിയമനങ്ങളിൽ സംവരണം കൊടുത്തിരുന്നു. 2003-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ഭരണപരിഷ്കാരങ്ങളുടെ ഭാഗമായി ബൈ ട്രാൻസ്ഫറിന് സംവരണം കൊടുക്കാൻ പാടില്ലെന്ന് ചട്ടം ഭേദഗതി ചെയ്യുന്നത്. 2003-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ അഡ്മിനിസ്ട്രേറ്റീവ്

റിഫോംസിന്റെ ഭാഗമായാണ് ഇപ്പോൾ വന്നിട്ടുള്ള സാഹചര്യം. അതുകൊണ്ട് ഇത് പരിഹരിക്കാനും ഭരണഘടനാപരമായി സംവരണം ലഭ്യമാകേണ്ട പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിന് കേരള ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും വലിയ ഭരണപരിഷ്കാരത്തിന്റെ ഭാഗമായ കെ.എ.എസ്.-ൽ സംവരണം ഉറപ്പാക്കുന്ന നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവിധ വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ പത്ത് ശതമാനം തസ്തികകൾ ഉൾപ്പെടുത്തിയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. നിലവിലുള്ള തസ്തികകളിൽനിന്ന് രൂപീകരിക്കുന്ന സർവ്വീസായതിനാൽ അവ മൂന്ന് സ്ട്രീമുകളായി തരംതിരിക്കുകയും രണ്ട് സ്ട്രീമുകൾ ജീവനക്കാർക്കുള്ള തസ്തികമാറ്റ നിയമനത്തിനും ഒരു സ്ട്രീം നേരിട്ടുള്ള നിയമനത്തിനുമായി വ്യവസ്ഥ ചെയ്തു. തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്നും അപ്രകാരം എല്ലാ വകുപ്പുകളും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്നുമുള്ള 2003-ലെ സർക്കുലർ നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിൽനിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് നിലവിൽ സംവരണതത്വം ബാധകമാക്കാറില്ല. ഇതിനാലാണ് കെ.എ.എസ്.-നും തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാതിരുന്നത്. മാത്രവുമല്ല, ഇക്കാര്യത്തിൽ സർക്കാർ നിയമോപദേശവും തേടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സഭയിൽ പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ട ഘട്ടത്തിൽ സംവരണം സംരക്ഷിക്കപ്പെടണമെന്നും നഷ്ടപ്പെടാൻ ഇടയാക്കില്ലെന്നുമുള്ള സർക്കാരിന്റെ സമീപനം വ്യക്തമാക്കിയിരുന്നു. എല്ലാ സ്ട്രീമുകളിലും സംവരണം നടപ്പിലാക്കണമെന്ന സംസ്ഥാന പട്ടികജാതി/പട്ടികഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരുടെ നിവേദനങ്ങളും കണക്കിലെടുത്തുകൊണ്ട് എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുവരികയാണ്.

## (2) സ്കോളർഷിപ്പ് ആനുകൂല്യം

ശ്രീ. എം. വിൻസെന്റ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ബാധകമാക്കികൊണ്ടുള്ള സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ്, ട്യൂഷൻ ഫീസ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകിവരുന്നുണ്ട്. ഗവൺമെന്റ് കോളേജ്, എയ്ഡഡ് കോളേജ്, സ്വാശ്രയ പ്രൊഫഷണൽ കോളേജ്, പാരലൽ കോളേജ് എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. ഈ കോളേജുകളിലേയ്ക്ക് അഡ്മിഷന് വരുന്നവർ സർവ്വകലാശാലയിലെ ഓൺലൈൻ ആപ്ലിക്കേഷൻ സിസ്റ്റത്തിലൂടെ അപേക്ഷ സമർപ്പിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി അലോട്ട്മെന്റിലൂടെയാണ് സ്വാശ്രയ കോളേജുകളിലേയ്ക്ക് അഡ്മിഷൻ ലഭിച്ചുവരുന്നത്. അവിടെ അമ്പത് ശതമാനം മെരിറ്റിലും അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലുമാണ് അഡ്മിഷൻ നടത്തുന്നത്. 50 ശതമാനം മെരിറ്റിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. വളരെ ദൂരെനിന്ന് വന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റലിൽനിന്ന് പഠിക്കേണ്ടി വരും. അവർക്ക് യാത്രാച്ചെലവ് ഉൾപ്പെടെ ഭീമമായ തുകയാണ് ചെലവാകുന്നത്. ഇങ്ങനെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിലൂടെ നിരവധി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചുപോകുന്ന സാഹചര്യമുണ്ട്. മെരിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കാതിരിക്കുകയും പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുകയും ചെയ്യുന്ന ന്യായമല്ലാത്ത സ്ഥിതിവിശേഷം ഇവിടെ നിലനിൽക്കുകയാണ്. അതുകൊണ്ട് സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കുകൂടി ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തീരദേശ മേഖലയിലെ പല സ്വാശ്രയ കോളേജുകളേയും ഫിഷറീസ് വകുപ്പിന്റെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല. പല കോളേജുകളും ആപ്ലിക്കേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ആനുകൂല്യങ്ങൾക്കുവേണ്ടി അവർക്ക് അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. സ്വാശ്രയ/പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നു. എന്നാൽ ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കൊടുക്കുന്നില്ല. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിലും പ്രളയത്തിൽ അറുപത്തിയയ്യായിരത്തോളം ആളുകളെ രക്ഷിച്ച വിഭാഗമെന്ന നിലയ്ക്കും മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളെക്കൂടി ഫിഷറീസ് വകുപ്പിന്റെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്താനും അവർക്കുകൂടി ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 9-9-2014-ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 4714/മ.ഇ.വ. പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ പട്ടികജാതി വകുപ്പ് പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്ക് വിധേയമായാണ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്കും ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. സ്വാശ്രയ സ്ഥാപനങ്ങളിൽ മാനേജ്മെന്റ്, പ്രിവിലേജ്, എൻ.ആർ.ഐ. ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നതല്ലെന്ന് 9-9-2014-ലെ ഉത്തരവിലെ പൊതുവ്യവസ്ഥകളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ ഗവൺമെന്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഇങ്ങനെ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരാണ് സ്കോളർഷിപ്പ് നൽകിവരുന്നത്. മേൽ പരാമർശിച്ച മാർഗ്ഗനിർദ്ദേശപ്രകാരം സ്വകാര്യ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്ന് അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്ന് സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കും ജനറൽ നഴ്സിംഗിനും മെറിറ്റ് ക്വാട്ടയിലും റിസർവ്വേഷൻ ക്വാട്ടയിലും പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുകൾ അർഹതയനുസരിച്ച് നൽകിവരുന്നുണ്ട്. കൂടാതെ CAT (Common Admission Test), MAT (Management Aptitude Test), SCAT (School and College Ability Test), ATMA (AIMS Test for Management Admissions) തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷവഴി സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നവർക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്. എന്നാൽ മാനേജ്മെന്റ്, പ്രിവിലേജ്, എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയവർക്ക് യാതൊരു ആനുകൂല്യങ്ങളുമുണ്ടാവില്ലെന്ന് 9-6-2016-ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ. 4714/മ.ഇ.വ. ഉത്തരവിലെ 'ഡി' പാരഗ്രാഫിൽ നിഷ്കർഷിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ ഉത്തരവാണ് ഫിഷറീസ് വകുപ്പ് മാനദണ്ഡമാക്കുന്നത്. അവിടെ മാറ്റം വരുത്തിയാൽ മാത്രമേ

ഫിഷറീസ് വകുപ്പിനും മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. പുതുതായി ഒരു നിഷേധവും ഈ ഗവൺമെന്റ് നടത്തിയിട്ടില്ല. അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായി എല്ലാവർക്കും കൊടുക്കുന്നുണ്ട്. ഇ-ഗ്രാന്റ്സ് പോർട്ടലിൽ പുതുതായി ആരെയെങ്കിലും ഉൾപ്പെടുത്താൻ ഫിഷറീസ് വകുപ്പിന് മാത്രമായി കഴിയുന്നതല്ല. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് സ്വീകരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫിഷറീസ് വകുപ്പ് ഉത്തരവിറക്കുന്നത്. പൊതുവായ തീരുമാനം വന്നാൽ മാത്രമേ പുതിയ കാര്യങ്ങളെന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇക്കാര്യത്തിലൊരു ഡിസ്പാരിറ്റിയുണ്ടെന്നുള്ള കാര്യം സർക്കാരിന് ബോദ്ധ്യമല്ലേ? പാരലൽ കോളേജിൽ പഠിക്കുന്ന മാർക്ക് കുറഞ്ഞ കുട്ടികൾക്ക് ഈ ആനുകൂല്യം കൊടുക്കുന്നുണ്ട്. അവർ സ്വാശ്രയ കോളേജുകളിൽ പഠിക്കണമെന്ന് ആഗ്രഹിക്കുന്നതല്ല. യൂണിവേഴ്സിറ്റിയുടെ അലോട്ട്മെന്റിലൂടെ അവർ സ്വാശ്രയ കോളേജിലേയ്ക്ക് പോകുകയാണ്. മെരിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നത് ശരിയല്ല. അവർ ദുരന്തംകൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ്. വിദ്യാഭ്യാസം അവരുടെ മുന്നിൽ എല്ലാക്കാലത്തേയ്ക്കുമായി കൊട്ടിയടയ്ക്കാൻ മാത്രമേ ഇത് വഴിയൊരുക്കുകയുള്ളൂ. അതുകൊണ്ട് ദയവായി ഗവൺമെന്റ് അത് പുനഃപരിശോധിക്കണം. ഏതെങ്കിലും ഉത്തരവുകളിൽ എന്തെങ്കിലും പിശക് വന്നിട്ടുണ്ടെങ്കിൽ അത് തിരുത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികൾക്കുംകൂടി ആനുകൂല്യം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. പാരലൽ കോളേജുകളിലും പ്രൊഫഷണൽ കോളേജുകളിലും ആനുകൂല്യം കിട്ടുന്നുണ്ട്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ യൂണിവേഴ്സിറ്റിയുടെ അലോട്ടുമെന്റിലൂടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നതിൽ യാതൊരു നീതിയുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇക്കാര്യത്തിലിടപെട്ട് പുതിയൊരു ഉത്തരവിറക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾ അവരുടെ ദയനീയസ്ഥിതി വിശദീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കത്തയച്ചിട്ടുണ്ട്. കേരളത്തിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏറ്റവും കൂടുതലിടപെട്ട ഒരു വിഭാഗമെന്ന നിലയ്ക്ക് ദയവായി ഇക്കാര്യങ്ങൾ പരിഗണിക്കണം. അതുപോലെ ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഉൾപ്പെടുത്താത്ത സ്വാശ്രയ കോളേജുകളെക്കൂടി അതിൽ ഉൾപ്പെടുത്തുകയും ഈ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യണമെന്ന് വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഫിഷറീസ് വകുപ്പ് മാത്രമായി ഒരുത്തരവ് ഇറക്കുകയെന്നത് ഇതുവരെ ചെയ്തിട്ടില്ല. പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പ് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്കും പ്രാപ്തമാക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിൽ ആർട്സ് & സയൻസ് കോളേജിലെ എല്ലാ കുട്ടികൾക്കും സ്റ്റൈപ്പന്റും ആനുകൂല്യങ്ങളുമുണ്ട്. പ്രൊഫഷണൽ കോളേജുകളിൽ സ്വാശ്രയ കോളേജുകളുമുണ്ട്. സ്വാശ്രയ കോളേജിന്റെ കാര്യം പരിഗണിക്കണമെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമായി കൂടിയാലോചിക്കണം. ഗവൺമെന്റ് കൂട്ടായി എടുക്കേണ്ട തീരുമാനമായതിനാൽ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## V സബ്മിഷൻ

### (1) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശഭൂമി

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ആശങ്കയുണ്ടാക്കിയിട്ടുള്ള പ്രധാനപ്പെട്ട കാര്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കേസ് വളരെ സമുദ്ധമായി മുന്നോട്ട് കൊണ്ടുപോകുകയും ഹാരിസൺ മലയാളം പ്ലാന്റേഷന്റെ മുഴുവൻ ഭൂമിയും പിടിച്ചെടുക്കാനുള്ള ശക്തമായ നടപടികൾ തുടങ്ങുകയും ചെയ്തതാണ്. കമ്പനിയുടെ പക്കലുള്ള ഭൂമി പൂർണ്ണമായും ഏറ്റെടുക്കണമെന്ന് നിർദ്ദേശിക്കുന്ന ആറ് അന്വേഷണ റിപ്പോർട്ടുകളാണ് ഇന്നുള്ളത്. കമ്പനിക്കെതിരായി 25-ൽപ്പരം കോടതിവിധികൾ നിലനിൽക്കുകയാണ്. നിലവിൽ ഏതാണ്ട് 76000 ഏക്കർ ഭൂമിയാണ് ഹാരിസൺ മലയാളം പാന്റേഷന്റെ കൈവശമുള്ളത്. സംസ്ഥാനത്ത് ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശംവച്ചിരിക്കുന്ന 38000 ഏക്കർ സർക്കാർ വക ഭൂമി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. രാജമാണിക്യം കമ്മിറ്റിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും ഭൂമി എറ്റെടുക്കൽ സംബന്ധിച്ച് നിയമപരമായ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് വിധിക്കുകയുമുണ്ടായി. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീ. അടൂർ പ്രകാശ് ആയിരുന്നു അന്നതിന് നേതൃത്വം കൊടുത്തത്. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളുമായിട്ടാണ് അന്നത്തെ ഗവൺമെന്റ് മുന്നോട്ടുപോയത്. പ്രസ്തുത വിധിയിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഹാരിസൺ മലയാളം പ്ലാന്റേഷന് കോടതി ഇതുവരെ നൽകിയിട്ടില്ല. കോടതിവിധി പരിശോധിച്ചാൽ അത് വ്യക്തമാകുന്നതാണ്. ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ

പോയപ്പോഴും സമാനമായ നിലപാടാണെടുത്തത്. സിവിൽ കേസുവഴി തർക്കം തീർപ്പാക്കാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. സുപ്രീം കോടതി നിർദ്ദേശിച്ചതനുസരിച്ച് ഇത് സിവിൽ കേസായി പരിഗണിച്ചുകൊണ്ട് അതിനുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ് ഗവൺമെന്റ് ഇപ്പോൾ ചെയ്യേണ്ടത്. അതിനിടയിലാണ് ഹാരിസൺ മലയാളം പ്ലാന്റേഷൻ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് കരം അടപ്പിക്കാനുള്ള കുത്സിത നീക്കം നടക്കുന്നുവെന്ന് മാധ്യമങ്ങളിലൂടെ ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ കേസ് നടത്തിപ്പിൽത്തന്നെ വലിയ വീഴ്ചയുണ്ടായിട്ടുണ്ടെന്നാണ് ആരോപണം. ഈ കേസ് ഭംഗിയായി നടത്തിയ അഡ്വക്കേറ്റ് സുശീല ഭട്ടിനെ മാറ്റിയപ്പോൾത്തന്നെ ഈ കേസ് അട്ടിമറിക്കാനുള്ള നീക്കം നടക്കുകയാണെന്ന് ഞങ്ങൾ പറഞ്ഞതാണ്. ആ വക്കീലിനോട് ഞങ്ങൾക്ക് പ്രത്യേകിച്ച് താല്പര്യമൊന്നുമില്ല. പക്ഷേ ആ വക്കീൽ നന്നായി കേസ് നടത്തിയിരുന്നു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ നന്നായി നടത്തിയ അഭിഭാഷകയെന്നുള്ള നിലയിലാണ് അഡ്വക്കേറ്റ് സുശീല ഭട്ടിനെ മാറ്റിയപ്പോൾ ഇത് ഗവൺമെന്റിന് പ്രതികൂലമായി വരുമെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റാണ് വക്കീലന്മാരെ നിയമിക്കുന്നതെന്ന നിലപാടാണ് അന്ന് റവന്യൂ വകുപ്പുമന്ത്രി എടുത്തത്. ഞങ്ങൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ അതിന്റെ പരിണിതഫലമായാണ് ഇപ്പോൾ ഗവൺമെന്റിനെതിരായി കോടതി വിധി വന്നിരിക്കുന്നത്. ഈ കേസ് സിവിൽ കേസായി നടത്തുകയെന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. അതിനിടയിലാണ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ കരം അടപ്പിക്കാനുള്ള നീക്കം ഉദ്യോഗസ്ഥതലത്തിൽ നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെയുണ്ട്. കേരളത്തെ ബാധിക്കുന്ന വളരെ ഗൗരവതരമായ പ്രശ്നമാണിത്. നിയമ വകുപ്പ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ കണ്ട ഇതുസംബന്ധിച്ച ഫയൽ മന്ത്രിസഭയിൽ വയ്ക്കാൻ പോകുന്നുവെന്നാണ് വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. എനിക്ക് അതിന്റെ സത്യസ്ഥിതി അറിയില്ല. ഇന്നത്തെ കേരള കൗമുദിയിൽ അതുസംബന്ധിച്ച വാർത്ത വന്നിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായംപോലും അറിയാതെയാണ് ഉദ്യോഗസ്ഥതലത്തിൽ നീക്കം നടക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് കരം അടയ്ക്കാനുള്ള അനുവാദം കൊടുത്താൽ ഭാവിയിൽ ഈ ഭൂമി മുഴുവൻ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കയ്യിലേയ്ക്ക് പോകുമെന്നുള്ള ആശങ്കയാണ് ഞാനിവിടെ ഉന്നയിക്കുന്നത്. അതുകൊണ്ട് ഹാരിസൺ മലയാളം

പ്ലാന്റേഷനെപ്പോലെയുള്ള വൻകിട തോട്ടം ഉടമകൾക്ക് സഹായകരമായ നിലപാട് സർക്കാർ സ്വീകരിക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ഇരുപത്തിയഞ്ചോളം അന്വേഷണ റിപ്പോർട്ടുകളും കമ്പനിക്കെതിരായ ഇരുപത്തിയഞ്ചിൽപ്പരം കോടതി വിധികളും ആറ് അന്വേഷണ റിപ്പോർട്ടുകളുമുണ്ട്. സമഗ്രമായി പരിശോധിക്കേണ്ട കാര്യമാണിത്. പക്ഷേ ഇതിന്റെ പിന്നിൽ ധാരാളം കള്ളക്കളികൾ നടക്കുന്നുവെന്നാണ് പുറത്തുവരുന്ന വിവരം. ആധികാരികമായ തെളിവുകളൊന്നും എന്റെ കൈവശമില്ലാത്തതുകൊണ്ട് ഞാനിവിടെ പറയുന്നില്ല. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കത്തക്ക നടപടിയുമായി ഗവൺമെന്റ് മുന്നോട്ട് പോകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്തെ ഹാരിസൺ മലയാളം പ്ലാന്റേഷനും സമാന കമ്പനികളും കൈവശം വച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി നിയോഗിച്ചിരുന്ന സ്പെഷ്യൽ ഓഫീസർ ശ്രീ. രാജമാണിക്യം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ കമ്പനി കൈവശം വച്ചിരുന്ന 38000 ഏക്കർ ഭൂമി (38000 ഏക്കർ എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷനിൽ പറഞ്ഞിരിക്കുന്നത്) ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകൾ ചോദ്യം ചെയ്തുകൊണ്ട് ഭൂമി കൈവശം വച്ചിരുന്നവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്യുകയാണ് ചെയ്തത്. കേസ്സുകൾ വിശദമായി കേട്ട ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-4-2018-ന് വിധി പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധി പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിനാണെന്ന് കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ഥാപിക്കുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് അധികാരമല്ലെന്ന് രേഖപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദാക്കുകയാണ് ചെയ്തത്. കമ്പനികൾക്കും ഭൂമി കൈവശംവച്ചിരുന്ന മറ്റുള്ളവർക്കും അനുകൂലമായ കണ്ടെത്തലുകളും ഡിവിഷൻ ബഞ്ച് നടത്തിയിരുന്നു.

പ്രസ്തുത വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP (C) 24028/2018, 24035/2018 എന്നീ കേസ്സുകൾ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട സുപ്രീംകോടതി SLP തള്ളിക്കൊണ്ട് 17-9-2018-ൽ വിധി പ്രസ്താവിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതി SLP തള്ളിയ സാഹചര്യത്തിൽ ഡിവിഷൻ ബഞ്ചിന്റെ വിധിന്യായം റിവ്യൂ ചെയ്യുന്നതിനുള്ള സാദ്ധ്യത ആരായുകയുണ്ടായി. നിയമവകുപ്പ് റിവ്യൂവിന് സാദ്ധ്യതയില്ലെന്നാണ് അറിയിച്ചിരിക്കുന്നത്.

ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ ഫയൽ ചെയ്ത SLP-യും തള്ളിയ സാഹചര്യത്തിൽ കരം അടച്ചുകിട്ടണമെന്നാവശ്യപ്പെട്ട് വിവിധ കമ്പനികൾ ഫയൽ ചെയ്ത WP(C)38958/15, WP(C)7241/18, WP(C)16876/18 എന്നീ കേസ്സുകളിൽ 30-10-2018-നും WP(C)10014/16, WP(C)29182/15, WP(C)29283/15 എന്നീ കേസ്സുകളിൽ 14-9-2018-നും WP(C)36519/16 എന്ന കേസിൽ 7-11-2018-നും പുറപ്പെടുവിച്ച വിധിന്യായങ്ങളിൽ കരം സ്വീകരിക്കേണ്ടതാണെന്ന് വിധി പ്രസ്താവിച്ചിരിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. കരം സ്വീകരിക്കുന്ന കാര്യത്തിൽ ഇതുവരെയും ഒരു തീരുമാനവും എടുത്തിട്ടില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതൊരു സിവിൽ കേസായി പരിഗണിച്ച് മുന്നോട്ടുപോകണ മെന്നാണ് പറഞ്ഞത്. അതനുസരിച്ചുള്ള എന്തെങ്കിലും നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, സിവിൽ കോടതിയെ സമീപിക്കണ മെന്നതു സംബന്ധിച്ച കോടതിയുടെ നിർദ്ദേശമനുസരിച്ചുള്ള കാര്യങ്ങൾകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിയമ വകുപ്പുമായി ആലോചി ക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി ടൈറ്റിലിനെ സംബന്ധിച്ചുള്ള തീരുമാനമെടുത്തിട്ടില്ലെന്നാണ് പറഞ്ഞത്. അത് വിദേശ കമ്പനിയാണ്. രണ്ടാമത്, കോടതി ഇതുമായി ബന്ധപ്പെട്ടുള്ള തർക്കം സിവിൽ കേസുവഴി തീർപ്പാക്കാനുള്ള തീരുമാനമെടുത്തിട്ട് എത്രയോ മാസങ്ങളായി. നമ്മൾ ഇപ്പോൾ അവരുടെ പെറ്റീഷന്റെ കാര്യമേ പറയുന്നുള്ളൂ. സുപ്രീംകോടതി പറഞ്ഞ സിവിൽ കേസ് നടപടികൾ എന്തുകൊണ്ട് റവന്യൂ വകുപ്പ് വൈകിക്കുന്നു; ആ കോടതിയിൽ എന്തുകൊണ്ട് ഇത് കൊടുക്കാൻ തയ്യാറാകുന്നില്ല; ഈ വിധി ഉണ്ടായിട്ട് എത്ര മാസങ്ങളായി? ഇപ്പോൾ കരമടയ്ക്കുന്നതിനെ സംബന്ധിച്ചാണ് റവന്യൂ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും മറ്റുള്ളവരും പറയുന്നത്. അങ്ങ് ഇത് ഗൗരവമായി കാണേണ്ട കാര്യമാണ്. ഇത് വലിയ പ്രതിസന്ധിയുണ്ടാക്കാൻ പോകുന്ന ഒരു പ്രശ്നമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ പറയുന്ന കാര്യങ്ങൾ ഏതെങ്കിലും സെക്രട്ടറിമാരുടെ നിർദ്ദേശമനുസരിച്ച് പറയുന്നതല്ല. ഇപ്പോൾ ഗവൺമെന്റിന്റെ മുമ്പിലുള്ളത് കോടതിവിധിയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ കാര്യങ്ങൾ പറഞ്ഞത്. കരമടയ്ക്കണമെന്ന് നിർദ്ദേശിച്ചത് കോടതിയാണ്. അതേസമയം കരം സ്വീകരിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളോടുകൂടി വേണമെന്നുള്ളത് സംബന്ധിച്ചാണ് ഗവൺമെന്റ് പരിശോധിച്ചുവരുന്നത്. അതോടൊപ്പം സിവിൽ കോടതിയിലൂടെ അതിന്റെ ടൈറ്റിൽ സംബന്ധിച്ച തീരുമാനമെടുക്കണമെന്ന നിർദ്ദേശം കൂടി നടപ്പാക്കണമെന്നതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളത്.

## (2) ചരക്ക് ഗതാഗത രംഗത്തെ പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരള സ്റ്റേറ്റ് ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷന്റെ നേതൃത്വത്തിൽ കേരളത്തിലെ ചരക്ക് ഗതാഗത രംഗത്തെ ലോറി, മിനി ലോറി, ടാങ്കർ ലോറി, എൽ.പി.ജി. ട്രക്ക്, കണ്ടെയ്നർ ട്രെയിലർ, ടിപ്പർ, ടെമ്പോ വാൻ പാഴ്സൽ കമ്പനികളിൽ പണിയെടുക്കുന്നവരടക്കമുള്ള തൊഴിലാളികൾ ഇന്ന് സെക്രട്ടേറിയറ്റിന് മുന്നിലേയ്ക്ക് മാർച്ച് ചെയ്യുകയാണ്. അവർ ഉന്നയിക്കുന്ന വിവിധ ആവശ്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർക്ക് നിവേദനം കൊടുത്തിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. തൊഴിലാളികളുടെ ഈ ആവശ്യങ്ങൾ ഗവൺമെന്റ് അനുഭാവപൂർവം പരിഗണിച്ചുകൊണ്ട് ന്യായമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിശദമായ മറുപടിയായതിനാൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## (3) വില്ലേജ് ഓഫീസ് അനുവദിക്കൽ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി താലൂക്കിലെ കണ്ണമാലി-ചെറിയകടവ് പ്രദേശത്തെ ജനങ്ങൾക്കായി ഒരു പുതിയ വില്ലേജ് ഓഫീസ് സ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. കണ്ണമാലി-ചെറിയകടവ് പ്രദേശത്ത് ഏകദേശം 5000-ത്തോളം ജനങ്ങൾ അധിവസിക്കുന്നുണ്ട്. ഇവരിൽ ഏറെക്കുറെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളും കൂലിപ്പണിക്കാരുമാണ്. നിരന്തരമായ കടലാക്രമണവും പ്രകൃതിക്ഷോഭവും അനുഭവിക്കുന്നവരാണ് ഏറിയ

---

* അനുബന്ധമായി ചേർക്കുന്നു.

പങ്കം. ഇവിടത്തെ ജനങ്ങൾക്ക് വില്ലേജ് ഓഫീസിലെത്തണമെങ്കിൽ രണ്ട് ബസ്സിലും ഓട്ടോറിക്ഷയിലും കയറേണ്ടിവരുന്നു. ഒരു പ്രാവശ്യം വില്ലേജ് ഓഫീസിൽ പോകണമെങ്കിൽ യാത്രാച്ചെലവിനത്തിൽ മിനിമം 150 രൂപയെങ്കിലും ഇവരുടെ കയ്യിൽനിന്ന് ചെലവായിക്കൊണ്ടിരിക്കുകയാണ്. പള്ളുരുത്തി, കുമ്പളങ്ങി, രാമേശ്വരം വില്ലേജ് ഓഫീസുകളെയാണ് ആശ്രയിക്കുന്നത്. ഇത് കണ്ണമാലി-ചെറിയകടവ് നിവാസികൾക്ക് വളരെയധികം പ്രയാസം അനുഭവപ്പെടുന്നു. വില്ലേജ് ഓഫീസുകളുടെ പരിധി നിശ്ചയിക്കുന്നതിൽ വന്നിട്ടുള്ള അപാകതയാണ് ഇതിനുകാരണം. ആയതിനാൽ കണ്ണമാലി-ചെറിയകടവ് പ്രദേശത്തെ ജനങ്ങളുടെ സൗകര്യം പരിഗണിച്ച് പള്ളുരുത്തി, കുമ്പളങ്ങി, രാമേശ്വരം വില്ലേജ് ഓഫീസുകൾ പുനഃക്രമീകരിച്ച് കണ്ണമാലി-ചെറിയകടവ് പ്രദേശത്ത് ഒരു പുതിയ വില്ലേജ് ഓഫീസ് പ്രവർത്തനസജ്ജമാക്കാൻ നടപടിൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, എറണാകുളം ജില്ലയിലെ തെക്കുപടിഞ്ഞാറ് ഭാഗത്തായി ഏകദേശം 16 കിലോമീറ്റർ നീളത്തിലും അര കിലോമീറ്റർ വീതിയിലും പടിഞ്ഞാറ് ഭാഗം കടലും കിഴക്കുഭാഗം കായലുമായി കിടക്കുന്ന കൊച്ചി താലൂക്കിൽപ്പെട്ട പ്രദേശങ്ങളാണ് ചെല്ലാനം, കണ്ണമാലി, ചെറിയകടവ്, കട്ടിപ്പറമ്പ്, സൗദി എന്നിവ. ഈ പ്രദേശങ്ങളിൽ ചെല്ലാനം ഒഴികെയുള്ള മറ്റു ഭാഗങ്ങൾ കൊച്ചി താലൂക്കിലെ കുമ്പളങ്ങി, പള്ളുരുത്തി, രാമേശ്വരം എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടുകിടക്കുന്നു. ആയതിനാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസുകളിൽ എത്തുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുകയും ഏറെ സാമ്പത്തികച്ചെലവ് ഉണ്ടാകുകയും ചെയ്യുന്നു. കൂടാതെ ഈ പ്രദേശങ്ങളിലുണ്ടാകുന്ന കടൽക്ഷോഭം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിന് റവന്യൂ വകുപ്പിന് വളരെയധികം പ്രയാസവുമുണ്ടാകുന്നു. ജനസംഖ്യാനുപാതികമായി വില്ലേജ് ഓഫീസിലെ സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കാത്തതിനാൽ ജീവനക്കാരുടെ കുറവുമൂലം മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന് സാധിക്കാതെയും വരുന്നുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കണ്ണമാലി- ചെറിയകടവ് കേന്ദ്രീകരിച്ച് പുതിയ വില്ലേജ് ഓഫീസ് അനുവദിക്കേണ്ടത് ആവശ്യമായി കാണുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. പുതിയ

വില്ലേജ് ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം, ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികൾ തീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## (4) സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിലെ ഏറ്റവും പ്രശസ്തമായ പൊതുമേഖലാ സ്ഥാപനമാണ് സി-ഡിറ്റ്. ആധുനിക സാങ്കേതികവിദ്യ കൈകാര്യം ചെയ്യാൻ പ്രാഗത്ഭ്യമുള്ള സ്ഥാപനമാണ് സി-ഡിറ്റ്. നിർഭാഗ്യവശാൽ കഴിഞ്ഞ രണ്ട് വർഷമായി സി-ഡിറ്റിന്റെ പ്രവർത്തനങ്ങളിൽ ഗണ്യമായ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സി-ഡിറ്റ് നിർവ്വഹിച്ചുവന്ന പല ചുമതലകളും അവിടെനിന്നും കൈമാറി സ്വകാര്യമേഖലയ്ക്ക് നൽകുന്നു. കെ.എസ്.എഫ്.ഇ.-യുടെ ചുമതല സി-ഡിറ്റിനായിരുന്നു. ആ ചുമതല സി-ഡിറ്റിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് പങ്കാളിത്തമുള്ള ഒരു സ്വകാര്യ സ്ഥാപനത്തിന് കൈമാറി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 'നാം മുന്നോട്ട്' എന്ന പരിപാടി കഴിഞ്ഞകാലം വരെ സി-ഡിറ്റായിരുന്നു നിർവ്വഹിച്ചുകൊണ്ടിരുന്നത്. ഇപ്പോഴത് മാറ്റി കൈരളി ചാനലിന് നൽകി. ഇതുപോലെ സാങ്കേതികമായി കേരളത്തിൽ ഏറ്റവും കൂടുതൽ എക്സ്പെർട്ടൈസുള്ള സി-ഡിറ്റിന്റെ പ്രവർത്തനങ്ങളെ ഒന്നൊന്നായി സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സി-ഡിറ്റിന്റെ ഭാവിക്ക് ഗുണകരമാകുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം അന്വേഷിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വളരെയേറെ ബുദ്ധിമുട്ടിയാണ് സി-ഡിറ്റിനെ നിലനിർത്തിയത്. എക്സൈസ് വകുപ്പിന്റെ ഹോളോഗ്രാം നിർമ്മാണം ഉൾപ്പെടെയുള്ള ചില പ്രവൃത്തികൾ സി-ഡിറ്റിന് കൈമാറി കൊടുത്തിരുന്നു. ഇപ്പോൾ സി-ഡിറ്റ് നിർവ്വഹിച്ചിരുന്ന പല ജോലികളും സ്വകാര്യ മേഖലയ്ക്ക് പോകുന്നു. അത് ശരിയായ കാര്യമല്ല. സി-ഡിറ്റ് ദുർബ്ബലമാകാതിരിക്കാനും അവിടെ ചെയ്തു ജോലികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്ന രീതി അവസാനിപ്പിക്കാനും അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ശുദ്ധ അബദ്ധത്തിന്റെ ഭാഗമായിട്ടുള്ള സ്റ്റേറ്റ്മെന്റാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും വന്നത്. സി-ഡിറ്റിനെ എങ്ങനെയൊക്കെ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ നോക്കുന്നത്. അതുകൊണ്ട് വിശദമായിത്തന്നെ പറയാം. സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സി-ഡിറ്റിനെ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ ഭരണ ചുമതലയിലേയ്ക്ക് മാറ്റുകയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഭരണ സമിതി പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഐ.ടി. രംഗത്തും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2016-19 കാലഘട്ടത്തിൽ 12,36,00,000 രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സാങ്കേതിക ജീവനക്കാരുടെ പരിശീലനവും ഉപകരണങ്ങളുടെ ആധുനികവൽക്കരണവും നിർവ്വഹിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പുതിയ സോഫ്റ്റ്‌വെയർ, സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടിയുള്ള ഹോളോഗ്രാം ലേബൽ നിർമ്മാണം, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും സംസ്ഥാനത്തിന് പുറത്തുള്ള ഇന്ത്യൻ നേവി ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ചു നൽകൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടിയുള്ള ഓൺലൈൻ പരീക്ഷാ സോഫ്റ്റ്‌വെയർ, എഴുത്തു പരീക്ഷയുടെ മൂല്യനിർണ്ണയം നടത്തുന്നതിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കൽ എന്നിവയും സി-ഡിറ്റ് വിജയകരമായി നടപ്പിലാക്കിവരുന്നു. പ്രളയാനന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനകൾ ലോകമെമ്പാടുനിന്നും ഓൺലൈനായി ശേഖരിക്കുന്നതിനുള്ള പോർട്ടൽ സി-ഡിറ്റാണ് വികസിപ്പിച്ചത്. സർക്കാർ വകുപ്പുകളുടെ സൈബർ സെക്യൂരിറ്റി കൈകാര്യം ചെയ്യുന്ന മികവിന്റെ കേന്ദ്രമായി സി-ഡിറ്റിനെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയരേഖയ്ക്കനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്വൽ റിയാലിറ്റി, സൈബർ സെക്യൂരിറ്റി, ബിഗ് ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ നൂതന മേഖലകളിൽ പ്രാവീണ്യം ആർജ്ജിക്കുന്നതിന് ഈ മേഖലകളിലെ പ്രമുഖ കമ്പനികളുമായി സാങ്കേതികവിദ്യാ സഹകരണത്തിനും പരിശീലനത്തിനും ഉള്ളടക്ക വികസനത്തിനുമുള്ള പദ്ധതികൾ സി-ഡിറ്റ് ആവിഷ്കരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും വകുപ്പുകളുടെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെയും പ്രവർത്തനം, മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ സോഫ്റ്റ്‌വെയർ വികസനം, പ്രതിവാര ടെലിവിഷൻ സംവാദ പരിപാടിയായ നാം മുന്നോട്ട് തുടങ്ങിയവ സി-ഡിറ്റാണ് സാങ്കേതിക സഹായം നൽകി ഏകോപിപ്പിക്കുന്നത്. സി-ഡിറ്റിലെ ജീവനക്കാർക്ക് 9, 10 ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ശാസ്ത്രസാങ്കേതിക രംഗത്തും വിവരസാങ്കേതിക വിദ്യയിലും കമ്മ്യൂണിക്കേഷൻ രംഗത്തും സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമാക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാന്യനായ കെ. സി. ജോസഫ് എന്തോ കേട്ട് പറഞ്ഞതാണ്. 'നാം മുന്നോട്ട് എന്ന പരിപാടി സി-ഡിറ്റ് തന്നെയാണ് ഏകോപിപ്പിക്കുന്നത്. ഭാവിയിലും അവർതന്നെ ഏകോപി പ്പിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 'നാം മുന്നോട്ട്' എന്ന പരിപാടി കൈരളി ചാനലാണ് കൈകാര്യം ചെയ്യുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. കെ. സി. ജോസഫ് എന്തോ കേട്ടിട്ട് പറയുകയാണ്. 'നാം മുന്നോട്ട്' എന്ന പരിപാടി എവിടെ വച്ച് എങ്ങനെ നടത്തണം എന്നതുസംബന്ധിച്ച് സി-ഡിറ്റ് കൈരളി ചാനലിൽ ഒരു പരസ്യം നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ഭാഗമായി തന്നെയാണ് അത് വന്നിട്ടുള്ളത്. സി-ഡിറ്റിനെ ഒഴിവാക്കുന്ന കാര്യമൊന്നും എവിടെയും ആലോചിച്ചിട്ടില്ല. ഏതായാലും സി-ഡിറ്റിനെ കൂടുതൽ മെച്ചപ്പെടുത്താൻ തന്നെയാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, കെ.എസ്.എഫ്.ഇ.ലിമിറ്റഡുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളത്.?

ശ്രീ. പിണറായി വിജയൻ: സർ, കെ.എസ്.എഫ്.ഇ.ലിമിറ്റഡുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ഇപ്പോൾ എന്റെ കയ്യിലില്ല.

## (5) മൂർക്കനാട് നടപ്പാലം പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി, അരീക്കോട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചാലിയാർപ്പുഴയ്ക്ക് കുറുകെ മൂർക്കനാട് എന്ന സ്ഥലത്ത് 2009-10 കാലഘട്ടത്തിൽ ദുരന്ത നിവാരണ ഫണ്ട് വിനിയോഗിച്ച് ഒരു നടപ്പാലം നിർമ്മിച്ചിട്ടുണ്ട്. മൂർക്കനാട് കടവിൽ 2008-09 കാലഘട്ടത്തിൽ തോണി അപകടമുണ്ടാകുകയും എട്ട് കുട്ടികൾ മരണമടയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ആ കടവിൽ ഒരു നടപ്പാലം നിർമ്മിച്ചത്. പക്ഷെ കഴിഞ്ഞ ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി മഴവെള്ളപ്പാച്ചിലിൽ തകർന്നുപോയി. ആ പാലം പുനർനിർമ്മിക്കുന്നതിനായി ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് 9-8-2018-ന് ഒരു കത്ത് നൽകി. ആ കത്തിന് അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി അണ്ടർ സെക്രട്ടറി ശ്രീമതി സുനിത മറുപടിയായി നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നത് ദുരന്ത നിവാരണ ഫണ്ടുപയോഗിച്ച് ഈ പാലം പുനർനിർമ്മിക്കാൻ സാധിക്കുകയില്ലെന്നും അതിന്റെ ഗൈഡ്‌ലൈൻസിൽ ഇത് വരില്ലെന്നുമാണ്. ദുരിതാശ്വാസത്തിനായി ഇത്രയൊക്ക പണം കിട്ടിയിട്ടും അതിന്റെ ഗൈഡ്‌ലൈൻസിൽ ഇത് വരില്ലെന്ന് എന്ത് അടിസ്ഥാനത്തിലാണ് പറയുന്നത്? ഈ പാലം അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രൻ മുൻകയ്യെടുത്ത് നിർമ്മിച്ചതാണ്. ഈ പാലവുമായി ബന്ധപ്പെട്ട് ഞാൻ ചോദിച്ച

ചോദ്യത്തിന് 10-12-2018-ന് നൽകിയ മറുപടിയുമുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന്റെ ഭാഗമായി 2245-60-800-80-- other items എന്ന ശീർഷകത്തിൽനിന്നാണ് ഈ പാലം നിർമ്മിക്കുന്നതിന് തുക അനുവദിച്ചതെന്ന് പറയുന്നുണ്ട്. പ്രളയദുരന്തത്തിന്റെ ഫലമായാണ് ഈ പാലം ഒലിച്ചുപോയത്. അതുകൊണ്ട് എല്ലാ സാങ്കേതികത്വങ്ങളും ഒഴിവാക്കി അരീക്കോട്-ഊർങ്ങാട്ടിരി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന മൂർക്കനാട് പ്രദേശത്ത് നിലവിലുള്ള പാലം പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2009-ലെ കാലവർഷത്തിൽ മലപ്പുറം ജില്ലയിലെ ചാലിയാർപ്പുഴയിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ മൂർക്കനാട് കടവിൽ വള്ളം മറിഞ്ഞുണ്ടായ ദുരന്തത്തിൽ 8 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. പ്രസ്തുത കടവിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അവിടെയൊരു നടപ്പാലം സ്ഥാപിക്കുന്നതിന് പൊതുമേഖലാ സംരംഭമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിനെ (കെൽ) ചുമതലപ്പെടുത്തുകയുണ്ടായി. അതിനായി മിസലേനിയസ് എക്സ്പെൻഡിച്ചർ എന്ന ശീർഷകത്തിൽ 1.36 കോടി രൂപയാണ് അതിന്റെ മതിപ്പ് ചെലവ് കണക്കാക്കിയത്. 24-3-2010-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത കടവിൽ പാലം നിർമ്മിച്ചത്. അതുപ്രകാരം പ്രസ്തുത കടവിൽ സ്റ്റീൽ ഫൂട്ട് ടവർ ബ്രിഡ്ജ് നിർമ്മിച്ചിരുന്നതാണ്. എന്നാൽ കേരള സംസ്ഥാനം സാക്ഷ്യം വഹിച്ച 2018-ലെ മഹാപ്രളയത്തിൽ അരീക്കോട്-ഊർങ്ങാട്ടിരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഏകദേശം 150 മീറ്റർ നീളമുള്ള മൂർക്കനാട് നടപ്പാലം ഒഴുക്കിൽപ്പെട്ട് തകർന്നിട്ടുള്ളതാണ്. പ്രസ്തുത പാലത്തിന്റെ തകർച്ച സംബന്ധിച്ച് പരിശോധിച്ച മിലിട്ടറി എഞ്ചിനീയറിംഗ് ഗ്രൂപ്പ് പാലം അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്തവിധം തകർന്നിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മൂർക്കനാട് പ്രദേശത്ത് പാലത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പാലം പുനർനിർമ്മിക്കുന്നതിനുള്ള അപേക്ഷകൾ പ്രദേശവാസികളിൽനിന്നും ലഭിച്ചുവരുന്നു. (ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ അപേക്ഷ നൽകിയിട്ടുണ്ട്) പ്രസ്തുത അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കിട്ടുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ. 2015-നുശേഷം കാർഡമം രജിസ്ട്രേഷൻ ഏലം കൃഷിക്കാർക്ക് കിട്ടുന്നില്ല. പതിനായിരക്കണക്കിന് ഏലം കൃഷിക്കാരാണ് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്തതുമൂലം കടുത്ത പ്രതിസന്ധിയിലായിരിക്കുന്നത്. 1965-ലെ സെൻട്രൽ കാർഡമം ആക്ടിന്റെ അടിസ്ഥാനത്തിൽ 1966-ൽ പുറപ്പെടുവിച്ച റൂൾസാണ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നത്. 1986-ലാണ് സ്പൈസസ് ബോർഡിന്റെ ആക്ട് വന്നത്, 1994-ൽ അതുമായി ബന്ധപ്പെട്ട കാർഡമം ഓണേഴ്സ് രജിസ്ട്രേഷൻ റൂൾസ് ഇറങ്ങി. 1994 വരെ കൃഷിക്കാർക്ക് ഈ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് യാതൊരുവിധ ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. 1994-നുശേഷമുണ്ടായ ഒരു ഉത്തരവ്, ഓരോ വർഷവും വച്ച് ഇത് പുതുക്കിക്കൊടുക്കുന്ന സാഹചര്യമാണ് നിലനിന്നിരുന്നത്. ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം, ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് 2015-ൽ ഇറങ്ങിയ ഉത്തരവാണ്. ആ ഉത്തരവിൽ ഒരു വർഷമെന്നുള്ളത് എട്ട് വർഷക്കാലാവധിയായി വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട് ആ ഉത്തരവിലുണ്ടായ അവ്യക്തതമൂലമാണ് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഏലം കൃഷിക്കാർക്ക് ലഭിക്കാത്തത്. ഈ ഉത്തരവുമായി ബന്ധപ്പെട്ട് ഉണ്ടായ അവ്യക്തത പരിഹരിക്കുന്നതിന് വളരെ ഗൗരവതരമായ ഇടപെടലുണ്ടാകണം. ഏത് ഫോമിലാണ് ആപ്ലിക്കേഷൻ കൊടുക്കേണ്ടത്; എത്ര രൂപയാണ് ഫീസ് അടയ്ക്കേണ്ടത്; ഓണർഷിപ്പ് മാറുന്നതുമായി ബന്ധപ്പെട്ട് എത്ര രൂപ അധികമായി അടയ്ക്കേണ്ടിവരും തുടങ്ങിയ ധാരാളം അവ്യക്തതകൾ ഈ ഉത്തരവുമായി ബന്ധപ്പെട്ടുണ്ട്. 1994 വരെ അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അവകാശങ്ങൾ തുടർന്നും ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം, ഏലം കൃഷിക്കാരുടെ അഞ്ചുമുതൽ എട്ട് വരെ ഏക്കർ സ്ഥലങ്ങളിൽ ഏലം കൃഷി ചെയ്യുന്നതിനിടയിൽ ഒന്ന്-ഒന്നര ഏക്കർ കുത്തക പാട്ടഭൂമിയുണ്ട്. ഇതിൽ ഏലം കൃഷി ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തി കുത്തക പാട്ടത്തിന്റെ രജിസ്ട്രേഷൻ പുതുക്കിക്കൊടുക്കണം. അത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയാണ് ചെയ്തു കൊടുക്കേണ്ടത്. ഓഫീസും റവന്യൂ വകുപ്പിന്റെ കീഴിലാണ്. ഈ കുത്തക പാട്ടം പുതുക്കിക്കൊടുക്കുന്നതിനും പതിനായിരക്കണക്കിന് ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി നൽകുന്നതിനും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇത് ഏലം കൃഷിക്കാരുടെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഏലം കൃഷിയുടെ വ്യാപനവും വളർച്ചയും സുസ്ഥിരതയും ലക്ഷ്യമിട്ടുകൊണ്ട് 1965-ലാണ് കാർഡമം ആക്ട് നിലവിൽ വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഏലം കർഷകർക്കുവേണ്ടി സ്ഥിരം കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. 1994-ലെ ഉത്തരവനുസരിച്ച് കാർഡമം രജിസ്ട്രേഷന് അപേക്ഷിക്കാനുള്ള കാലാവധി 31-12-1994 വരെ നിജപ്പെടുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ സമയപരിധിക്കുള്ളിൽ നിലവിലുള്ള കാർഡമം എസ്റ്റേറ്റ് ഉടമകൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സമയപരിധി ദീർഘിപ്പിക്കണമെന്ന് അവർ രേഖാമൂലം ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷന്റെ കാലാവധി പല ഘട്ടങ്ങളിലായി 31-3-2017 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ചരിത്രം, 24-4-2015-ലെ ഒരുത്തരവ് അനുസരിച്ച് കാർഡമം രജിസ്ട്രേഷന്റെ കാലാവധി എട്ട് വർഷമായി നിജപ്പെടുത്തുകയുണ്ടായി. എന്നാൽ 1986-ലെ സ്പൈസസ് ബോർഡ് ആക്ടിലെ എട്ടാം വകുപ്പിലെ രണ്ടാം ഉപവകുപ്പ് പ്രകാരം കാർഡമം രജിസ്ട്രേഷൻ റദ്ദാക്കുന്നതുവരെ നിലനിൽക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും 1994-ലെ കേരള കാർഡമം എസ്റ്റേറ്റ് ഓണേഴ്സ് രജിസ്ട്രേഷൻ റൂൾസിലെ ഏലം രജിസ്ട്രേഷനുള്ള കാലാവധി നിശ്ചയിച്ചിട്ടില്ലാത്തതിനാലും 19-7-2018-ലെ സർക്കാർ ഉത്തരവുപ്രകാരം കാർഡമം രജിസ്ട്രേഷൻ കാലാവധി എട്ട് വർഷമായി നിജപ്പെടുത്തിയെന്ന മുൻ ഉത്തരവ് റദ്ദാക്കുകയാണുണ്ടായത്. എന്നാൽ കാർഡമം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിലുള്ള സമയപരിധിയും ഫീസ് ഘടനയും പുനർനിർണ്ണയിച്ചുകൊണ്ട് 29-2-2016-ൽ സർക്കാർ ഇറക്കിയ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പങ്ങൾ ഇപ്പോൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാണ് പ്രധാനപ്പെട്ട വിഷയം. ഈ സാഹചര്യത്തിൽ 2016-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ട് കാർഡമം രജിസ്ട്രേഷന് നേരത്തെ കൊടുത്തിരുന്ന 31-3-2017 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ള ആ കാലാവധി വീണ്ടും 30-1-2019 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. കുത്തകപ്പാട്ടം ഉൾപ്പെടെയുള്ള വിഷയങ്ങളും അതിന്റെ ഫീസും മറ്റുകാര്യങ്ങളും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട എം.എൽ.എ.-യും സ്പൈസസ് ബോർഡ്, ഏലം കർഷക സംഘടനാ പ്രതിനിധികളുമായും ഉന്നതതല ചർച്ച വിളിച്ചുചേർക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) സർവ്വകലാശാല അസിസ്റ്റന്റ് നിയമനം

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് തസ്തികയുടെ നിയമനത്തിനുവേണ്ടി 10-8-2016-ൽ പ്രസിദ്ധീകരിച്ച ലിസ്റ്റിന്റെ കാലാവധി കഴിയാൻ കുറച്ചുനാൾ മാത്രമേ ബാക്കിയുള്ളൂ. ഇവിടെ വിദ്യാഭ്യാസമുള്ളവർക്ക് ജോലി ലഭിക്കുക എന്നത് വളരെ പ്രയാസമാണെന്ന് എല്ലാവർക്കുമറിയാം. ഇത് കേരളത്തിന്റെ വലിയ പ്രശ്നമാണ്. ആ സാഹചര്യത്തിൽ അവിടെ ഉണ്ടാകുന്ന ഒഴിവുകൾ യഥാവിധി പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നതിനും ഒഴിവുകളിലേയ്ക്ക് പിൻവാതിൽവഴി നിയമനം നടത്തുന്നത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും നടപടിയുണ്ടാകണം. ഇത് പല സ്ഥലങ്ങളിലും പാലിക്കുന്നില്ല. യുവാക്കളെ സാരമായി ബാധിക്കുന്ന വിഷയമാണിത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരന്വേഷണം നടത്തണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, വിവിധ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് 2015-ൽ സർക്കാർ നിയമം പാസ്സാക്കി. 26-2-2016-ൽ ഇതുമായി ബന്ധപ്പെട്ട് ഉത്തരവും പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പ്രകാരം 10-8-2016 മുതൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും 1768 പേർക്ക് ഇതിനോടകം നിയമനം നൽകിക്കഴിഞ്ഞു. നിലവിലുള്ള അന്വേഷണത്തിൽ വിവിധ സർവ്വകലാശാലകളിലായി പത്ത് ഒഴിവുകളുണ്ടെന്നാണ് അറിയാൻ സാധിച്ചത്. അവ എത്രയും പെട്ടെന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

## (8) നഷ്ടപരിഹാരം

ശ്രീ. അനൂപ് ജേക്കബ് : സർ, നമ്മുടെ രാജ്യത്ത് 2015-ൽ ഏകദേശം 170-ഓളം ആസിഡ് ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. അത് 2016-ൽ 206 ആയും 2017-ൽ 215 ആയും വർദ്ധിച്ചിട്ടുണ്ട്. ഇതേസമയം കേരളത്തിൽ 2015-ൽ ആറും 2016-ൽ ഒൻപതും 2017-ൽ ഏകദേശം എട്ടോളവും ആസിഡ് ആക്രമണങ്ങളുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച 2018-ലെ കണക്ക് ലഭ്യമല്ല. സ്ത്രീകളാണ് ഇതിന്റെ ഇരകളായി മാറുന്നത്. ഇതിനുള്ള കാരണങ്ങൾ പലതാണ്. സി.ആർ.പി.സി. 357(എ) പ്രകാരം വിക്ടിം കോമ്പൻസേഷൻ സ്കീം സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന് കേന്ദ്ര ഗവൺമെന്റ് തുക ലഭ്യമാക്കുന്നുവെന്നും അറിയാൻ കഴിഞ്ഞു. മിനിമം കോമ്പൻസേഷനും റീ-കൺസ്ട്രക്ഷൻ സർജറീസും ഉൾപ്പെടെ ഈ പദ്ധതിപ്രകാരം നടത്താൻ

സാധിക്കും. ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ ആസിഡ് ആക്രമണങ്ങളിൽ ഇരയായവർക്ക് പെൻഷൻ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. നമ്മുടെ ഗവൺമെന്റും അത്തരത്തിലുള്ള പെൻഷൻ സ്കീമുകളെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇത്തരത്തിലുള്ള ആക്രമണങ്ങൾക്ക് ഇരയാകുന്നവരുടെ പിന്നീടുള്ള ജീവിതം വഴിമുട്ടിപ്പോകുന്ന സാഹചര്യമാണ് കാണാൻ സാധിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുമായി ബന്ധപ്പെട്ടില്ലെങ്കിൽപ്പോലും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ആസിഡിന്റെ വിൽപ്പന നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം. ഇത് വിൽക്കണമെങ്കിൽ ലോഗ് ബുക്കുണ്ടാകണം, അതിൽ കൃത്യമായ റിക്കോർഡിംഗും, വാങ്ങുന്ന ആളിന്റെ ഐ.ഡി.-യും ഉണ്ടാകണം. കൂടാതെ ഇത് എന്തിനുവേണ്ടി വാങ്ങുന്നു എന്നുള്ള വിവരങ്ങൾ കൃത്യമായി അറിയിക്കണം. ഈ നിർദ്ദേശങ്ങളൊന്നും പാലിക്കുന്നില്ല. ആർക്കും എപ്പോൾ വേണമെങ്കിലും ആസിഡ് വാങ്ങുന്നതിനുള്ള സാഹചര്യമുണ്ട്. ആസിഡ് ആക്രമണം വർദ്ധിക്കുകയും അത് ഏറ്റവും എളുപ്പം ലഭ്യമാകുന്ന ആയുധമായി ഇന്ന് മാറിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഈ വിഷയം ഇവിടെ ഉന്നയിക്കാനുള്ള കാരണം എഴുതിത്തന്നിട്ടുണ്ട്, രാമമംഗലം നിവാസിയായ സ്മിത എന്ന ഒരു സ്ത്രീക്കും അവരുടെ നാല് കുട്ടികൾക്കും നേരെ രാത്രിയിൽ ആസിഡ് ആക്രമണമുണ്ടായി. അതിൽ സ്മിജ എന്ന പന്ത്രണ്ട് വയസ്സുള്ള പെൺകുട്ടിയുടെ കണ്ണിനും മുഖത്തും ഗൗരവമായി പരിക്കേറ്റ് ആശുപത്രിയിലാണ്. ആ കുട്ടിയുടെ മുഖം പൊള്ളലേറ്റ് വളരെ വികൃതമായിപ്പോയി. അവരുടെ ചികിത്സാച്ചെലവും മറ്റും ഗവൺമെന്റ് പൂർണ്ണമായി വഹിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ആ കുട്ടിക്ക് സർജറി ആവശ്യമായിവരും. ഈ അഞ്ചുപേരുടെയും മുഖത്തുതന്നെയാണ് പൊള്ളലേറ്റിട്ടുള്ളത്. പന്ത്രണ്ട് വയസ്സുള്ള കുട്ടിയുടെ പൊള്ളലാണ് ഏറ്റവും ഗുരുതരമായത്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനം സ്വീകരിച്ച്, ചികിത്സാച്ചെലവ് പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും ആസിഡ് ആക്രമണങ്ങളെ വളരെ ഗൗരവമായിക്കണ്ട്, പ്രതികൾക്കുനേരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിൽ ഏറ്റവും ഹീനമായ ഒന്നാണ് ആസിഡ് ആക്രമണം. അത് കേരളത്തിലും നടക്കുന്നുവെന്നുള്ളത് നമുക്കെല്ലാം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. ഇവിടെ പറഞ്ഞ

സംഭവം 2019 ജനുവരി 17-ാം തീയതിയാണ് നടക്കുന്നത്. സ്മിത എന്ന സ്ത്രീ വാടകവീട്ടിൽ അവരുടെ കുട്ടികളോടൊപ്പം കിടന്നുറങ്ങുന്ന സമയം അവരുടെ മുറിയുടെ ജനൽ ചില്ലിലൂടെ ആസിഡ് വീശിയെറിഞ്ഞതിന്റെ ഫലമായാണ് കുട്ടികൾക്കും സ്മിതയ്ക്കും പരിക്ക് പറ്റിയിട്ടുള്ളത്. സ്മിതയുടെ കുട്ടികളായ സ്മിജ, നിവിൻ, സ്മിന, സ്മിനു എന്നിവർ പിറവം താലൂക്കാശുപത്രിയിൽ അത്യാഹിതവിഭാഗത്തിൽ ചികിത്സ തേടിയിരുന്നു. ഇതിൽ സ്മിത, നിവിൻ, സ്മിന, സ്മിനു എന്നിവർക്കുള്ള പൊള്ളലിന് ലേപനവും ആന്റിബയോട്ടിക് മരുന്നുകളുമൊക്കെ കൊടുത്ത് ചികിത്സിച്ച് ഭേദമാക്കുകയുണ്ടായി. എന്നാൽ ഒരു കുട്ടിയുടെ പരിക്ക് താരതമ്യേന ഗൗരവമുള്ളതായിരുന്നു. പന്ത്രണ്ട് വയസ്സുള്ള സ്മിജയുടെ മുഖത്തിനും കണ്ണുകൾക്കുമാണ് സാരമായി പരിക്കേറ്റത്. ആ കുട്ടിയെ കോട്ടയം മെഡിക്കൽ കോളേജിൽ അയച്ച് ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഗവൺമെന്റ് വളരെ ഗൗരവമായാണ് എടുക്കുന്നത്. 2017-ൽ ഈ സംഭവമുണ്ടാകുന്നതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുത്തുകൊണ്ട് ആഭ്യന്തര വകുപ്പ് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ആസിഡ് ആക്രമണത്തിന് വിധേയരാകുന്നവർക്ക് വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കണമെന്നും ഒരു ചർച്ചയുടെ ഭാഗമായി ഫണ്ട് പ്രഖ്യാപിക്കുകയും ചെയ്തു. അതിനുശേഷം സാമൂഹ്യനീതി വകുപ്പും ഇപ്പോൾ വനിത-ശിശുക്ഷേമ വകുപ്പുമാണ് അത് കൈകാര്യം ചെയ്യുന്നത്, ഈ വകുപ്പിന്റെ ഉത്തരവുപ്രകാരം 2018 ഡിസംബറിൽ ഇത്തരം ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്കുവേണ്ടി ആശ്വാസനിധി എന്ന പദ്ധതി ആരംഭിക്കുകയും അതുവഴി വളരെ പെട്ടെന്നുതന്നെ ആശ്വാസമെത്തിക്കാൻ ശ്രമിക്കുന്നുമുണ്ട്. ആശ്വാസനിധിയുടെ ഗൈഡ്‌ലൈനിൽ പറയുന്നത്, വളരെ പെട്ടെന്നുതന്നെ ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് ഒരു ലക്ഷം രൂപ മിനിമം കൊടുക്കുക, പിന്നീട് അവരുടെ പരിക്കും മറ്റും നോക്കി രണ്ട് ലക്ഷം രൂപ വരെ കൊടുക്കാം എന്നാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഈ സംഭവം നടന്നിട്ട് നാളെ പതിനഞ്ച് ദിവസമാകുന്നു. പക്ഷേ ആ തുക ഇതുവരെയും ലഭിച്ചിട്ടില്ല.

12.00 Noon]

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അക്കാര്യം ഞാൻ പറയുന്നുണ്ട്. വളരെ പെട്ടെന്നുതന്നെ ഒരു ലക്ഷം രൂപ കൊടുക്കുകയും പിന്നീട് പരിക്കിന്റെ സ്ഥിതി നോക്കിയശേഷം 2 ലക്ഷം രൂപ വരെ കൊടുക്കാമെന്നുള്ളതുമാണ്. ഇതനുസരിച്ച് ജില്ലയിലെ വനിതാ സംരക്ഷണ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ

ഓഫീസർ എന്നിവരുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്മിതയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഒരു ലക്ഷം രൂപ കൈമാറിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്നും തുക ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ സാധിച്ചത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബാങ്ക് അക്കൗണ്ട് പരിശോധിക്കാൻ പറയണം. കയ്യിലല്ല തുക കൊടുക്കുന്നത്; ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ നമുക്കത് പരിശോധിക്കാം. ഒരു ലക്ഷം രൂപ കൈമാറിയതായി അറിയിച്ചിട്ടുണ്ട്. കൂടാതെ ആഡിസ് ആക്രമണത്തിൽ പൊള്ളലേറ്റ ഓരോ കുട്ടിയുടെയും പാമ്പാക്കട ശിശുവികസന പ്രോജക്ട് ഓഫീസറുടെയും പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങണം. കുട്ടികൾ മൈനറായതുകൊണ്ട് ശിശുവികസന പ്രോജക്ട് ഓഫീസറുടെയും കുട്ടിയുടെയും പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേയ്ക്കാണ് കുട്ടികൾക്കുള്ള പണം നിക്ഷേപിക്കുന്നത്. അതിൽ ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് രണ്ടുലക്ഷം രൂപയും മറ്റുള്ള കുട്ടികൾക്ക് ഒരു ലക്ഷം രൂപയും നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ആരംഭിക്കാൻ ശിശുവികസന പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ട് ആരംഭിക്കുന്നമുറയ്ക്ക് 2 ലക്ഷം രൂപ സ്മിജയ്ക്കും മറ്റുള്ള കുട്ടികൾക്ക് ഒരു ലക്ഷം രൂപ വീതവും അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. ഈ സംഭവം അറിഞ്ഞയുടൻ ഞാൻ ബന്ധപ്പെട്ടിരുന്നു. ഇവരുടെ ചികിത്സാച്ചെലവ് പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജിലും മറ്റ് ആശുപത്രികളിലുമെല്ലാം പൂർണ്ണമായും സൗജന്യ ചികിത്സയാണ് കൊടുത്തത്. ഇതിന്റെ ഭാഗമായി ഇനിയെന്തെങ്കിലും ചികിത്സ അവർക്കാവശ്യമുണ്ടെങ്കിൽ അതും പൂർണ്ണമായും സൗജന്യമായി നിർവ്വഹിച്ചുകൊടുക്കും. ബഹുമാനപ്പെട്ട മെമ്പറുടെ ചില നിർദ്ദേശങ്ങളിൽ ഭാവിയിൽ പെൻഷൻ കൊടുക്കുന്നതടക്കം ഉണ്ട്. അക്കാര്യം ഒന്നുകൂടി പരിശോധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് നോക്കാം. സ്ത്രീകളെയും കുട്ടികളെയും ഉപദ്രവിക്കുന്നവർക്കെതിരെ ശക്തമായ നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. ഇതിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ കൂടാതെ ജുവനൈൽ ജസ്റ്റിസ് ആക്ട്, പ്രൊട്ടക്ഷൻ ഓഫ് വിമെൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട് എന്നിവ പ്രകാരമുള്ള വകുപ്പുകൾകൂടി ചേർത്തിട്ടാണ് കേസ് എടുക്കുന്നത്. ഈ കേസിലും അത്തരത്തിലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

## (9) പരപ്പനങ്ങാടി ഹാർബർ നിർമ്മാണം

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മലപ്പുറം ജില്ലയുടെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച്, പരപ്പനങ്ങാടിയിൽ വളരെ വർഷങ്ങൾക്കുമുമ്പ് ആരംഭിക്കാൻ ശ്രമിച്ച മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. ഈ പ്രദേശത്തുള്ള ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യയാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെടുന്ന അവസ്ഥ നിരന്തരമായി തുടരുകയാണ്. ഇതിന് പരിഹാരമായി താനൂരും പരപ്പനങ്ങാടിയിലുമാണ് മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനമെടുത്തത്. അതിന്റെ ഭാഗമായി ശ്രീ. എസ്. ശർമ്മ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് താനൂരിൽ മത്സ്യബന്ധന തുറമുഖം ആരംഭിച്ചത്. തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരമായി അവരുടെ ഉപകരണങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിനും അവരുടെ മത്സ്യബന്ധന സംവിധാനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഉതകുന്ന രീതിയിൽ പരപ്പനങ്ങാടി ഫിഷറീസ് ഹാർബറിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയും; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പരപ്പനങ്ങാടി ഹാർബറിന്റെ കാര്യം താനൂർ എം.എൽ.എ. ആയ എന്റെ സുഹൃത്ത് ശ്രീ. വി. അബ്ദുറഹിമാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കേണ്ടതിന്റെ സാംഗത്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പരപ്പനങ്ങാടിയിലെ ഹാർബർ നിർമ്മാണം കുറേ വർഷങ്ങൾക്കുമുമ്പ് ആരംഭിക്കേണ്ടതായിരുന്നു. രണ്ടുഭാഗത്തുള്ള ആളുകൾ തമ്മിലുള്ള തർക്കം കാരണമാണ് അത് നീണ്ടുപോയത്. എന്റെ മണ്ഡലത്തിലെ കാര്യമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലത്താണ് ആ തർക്കങ്ങൾ പരിഹരിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ മുറിത്തോടിന്റെ രണ്ടുഭാഗത്തുകൂടിയായി ഹാർബർ നിർമ്മാണം നടത്താൻ തീരുമാനിക്കുകയും അതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയും ചെയ്തു. ആ നടപടിക്രമങ്ങളും പരിശോധനകളും സാങ്കേതികത്വവും ഇപ്പോൾ അവസാനിപ്പിച്ചു. കഴിഞ്ഞയാഴ്ച തിരൂരിൽവച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞത് അടുത്തുതന്നെ തറക്കല്ലിടാൻ പോകുന്നുവെന്നാണ്. അതൊക്കെ എനിക്കും നേരത്തേ അറിയാവുന്ന കാര്യമാണ്. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ അതിന്റെ തറക്കല്ലിടണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും എനിക്കും ആഗ്രഹമുള്ളതാണ്. അതിനപ്പുറം ഇങ്ങനെയൊരു സബ്മിഷൻ ഇവിടെ കൊണ്ടുവരേണ്ടതിന്റെ ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. കഴിഞ്ഞ

ഗവൺമെന്റിന്റെ ഭരണകാലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 2016-ൽ തറക്കല്ലിട്ട ഹാർബറാണ്. ബാക്കിയുള്ള സാങ്കേതിക കാര്യങ്ങൾ പൂർത്തിയാക്കാനാണ് ഇത്രയും സമയം നമ്മൾ എടുത്തത്. അത് പൂർത്തിയാക്കി ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ മലപ്പുറം ജില്ലയിൽ പ്രസ്താവിച്ചതാണ്. എനിക്കൊരു കാര്യംകൂടി പറയാനുള്ളത്, പരപ്പനങ്ങാടിയെയും താനൂരിനെയും ബന്ധിപ്പിക്കുന്ന തീരദേശ റോഡിലെ കൊട്ടുങ്ങൽപാലത്തിന്റെ താനൂർ ഭാഗത്തുള്ള അപ്രോച്ച് റോഡിന് ഒരു വ്യക്തി സ്ഥലം കൊടുക്കാത്തതുകൊണ്ട് ഇപ്പോഴും അത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, പരപ്പനങ്ങാടി ഹാർബറിന്റെ പ്രാധാന്യവും ഹാർബർ പൂർത്തീകരിക്കണമെന്നതും മലപ്പുറം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ സ്വപ്നമാണ് എന്നതാണ് രണ്ട് മെമ്പർമാരും ഈ വിഷയം ഇവിടെ ഉന്നയിച്ചതിന്റെ ഗൗരവം. 50 വർഷങ്ങൾക്കുമുമ്പ് അവുക്കാദർകുട്ടി നഹയുടെ കാലംമുതൽ തൊഴിലാളികൾ ആവശ്യപ്പെടുന്ന ഹാർബറാണിത്. 50 വർഷങ്ങൾക്കുശേഷം 2004-ൽ അതിന് ജീവൻ വച്ചുവെന്നത് വസ്തുതയാണ്. 2004-ൽ 216/04/മതുവ. ഉത്തരവുപ്രകാരം നിങ്ങൾ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ആ പദ്ധതിയുടെ സ്ഥാനം സംബന്ധിച്ച് ചാപ്പപ്പടിയിലെയും ആലുങ്കൽ ഭാഗത്തെയും മത്സ്യത്തൊഴിലാളികൾ തമ്മിൽ നിലനിന്നിരുന്ന തർക്കം പരിഹരിക്കപ്പെടാതിരുന്നതിനാലും പദ്ധതിക്കുവേണ്ടി പ്രത്യേക ഫണ്ട് വകയിരുത്തിയിരുന്നില്ലെന്നതിനാലും നിർമ്മാണം ആരംഭിച്ചില്ല, ഇതാണ് വസ്തുത. ഞങ്ങൾ എന്തോ ചെയ്തുവെന്ന് ഇപ്പോൾ ഇവിടെ പറയുകയുണ്ടായി. തർക്കം, പണമില്ലായ്മ എന്നീ രണ്ട് കാരണങ്ങളാൽ അന്ന് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. വി. അബ്ദുറഹിമാൻ അടക്കമുള്ള എം.എൽ.എ.-മാരും അവിടെയുള്ള മത്സ്യത്തൊഴിലാളികളും ബഹുമാനപ്പെട്ട അംഗവും എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഒരു പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചു. 22-4-2017-ലെ ഉത്തരവുപ്രകാരം മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചു. ആ കമ്മിറ്റി നടത്തിയ വിശദമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവർ നൽകിയ ശിപാർശ പ്രകാരമാണ് 6-8-2018-ലെ ഉത്തരവുപ്രകാരം CWPRS (The Central Water and Power Research Station)-ന്റെ അന്തിമ മാതൃകാ പഠനറിപ്പോർട്ടിൽ വിഭാവന ചെയ്ത രീതിയിൽ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ആരംഭിക്കാൻ തീരുമാനിച്ചത്. 22-4-2017-നാണ് വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നത്. ആ സമിതിയുടെ

റിപ്പോർട്ട് പ്രകാരമാണ് നമ്മൾ CWPRS-ന് വീണ്ടും പഠനത്തിനായി അയച്ചത്. അവരുടെ ശിപാർശ പ്രകാരം 8-8-2018-ലെ 649/2018/മതുവ. പ്രകാരം CWPRS-ന്റെ അന്തിമ മാതൃകാ പഠന റിപ്പോർട്ടിൽ വിഭാവന ചെയ്ത രീതിയിൽ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം മുറിത്തോടിൽനിന്നും 60 മീറ്റർ തെക്കുമാറി 1375 മീറ്റർ നീളത്തിൽ തെക്കേ പുലിമുട്ടും മുറിത്തോടിൽനിന്നും 685 മീറ്റർ വടക്കുമാറി 785 മീറ്റർ നീളത്തിലുള്ള വടക്കേ പുലിമുട്ടുമായി നിശ്ചയിച്ച് സ്ഥാനം പുനഃനിർണ്ണയിച്ച് 2018-ൽ ഉത്തരവായിരുന്നു. തുടർന്ന് 22-8-2018-ലെ 689/2018/മതുവ. ഉത്തരവുപ്രകാരം ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച പരപ്പനങ്ങാടി മത്സ്യ ബന്ധനതുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ടിന് തത്വത്തിൽ ഭരണാനുമതി നൽകിക്കൊണ്ടും ടി പദ്ധതിയെ കിഫ്ബി ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി K.S.C.A.D.C.L( Kerala State Coastal Area Development Corporation Ltd.)-യെ എസ്.പി.വി. ആക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവായിരുന്നു. 17-1-2019-ൽ നടന്ന കിഫ്ബി ഡയറക്ടർ ബോർഡ് യോഗത്തിൽ 112.3 കോടി രൂപയുടെ അടങ്കൽ തുക വരുന്ന ടി പദ്ധതിക്ക് അംഗീകാരം നൽകി തീരുമാനമായിട്ടുണ്ട്. മുൻകാലത്ത് തീരുമാനിച്ചിരുന്നത് ഇതുവരെ നടന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. അതുകൊണ്ടാണ് വിശദീകരിച്ച് പറയേണ്ടിവന്നത്. ഇപ്പോൾ കിഫ്ബി ബോർഡിൽ 112 കോടി രൂപയാണ് അംഗീകരിച്ച് നൽകിയത്. അതുപ്രകാരമുള്ള ടെക്നിക്കൽ സാംഗ്ഷൻ ഞങ്ങൾ ഉടനടി നൽകി 3 വർഷത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഒരു ഹാർബർ തുടങ്ങുക, സമയബന്ധിതമായി പൂർത്തീകരിക്കുക എന്നതാണ് ഈ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഈ ഗവൺമെന്റിന്റെ ആയിരം ദിവസം തികയുന്നതിന്റെ ഭാഗമായി ഈ ഹാർബറിന് തറക്കല്ലിടാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യംകൂടി ഉറപ്പാക്കിക്കൊണ്ട് ഈ ഹാർബർ നിർമ്മാണത്തിന് തറക്കല്ലിടും. ബഹുമാനപ്പെട്ട അങ്ങയുടെ സാന്നിദ്ധ്യവും ഞങ്ങൾ ഉറപ്പാക്കും. അതുകൊണ്ട് തെറ്റിദ്ധാരണ പരത്തരുത്. മലപ്പുറം ജില്ലയിലെ ജനങ്ങളുടെ സ്വപ്നമാണ് ഈ ഗവൺമെന്റ് സാക്ഷാത്കരിക്കുന്നത് എന്നതാണ് വസ്തുത.

## (10) വന്യമൃഗ ആക്രമണം

ശ്രീ. റ്റി. വി. രാജേഷ്: സർ, കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലും ഇപ്പോൾ തീരദേശ മണ്ഡലങ്ങളുൾപ്പെടെയുള്ള ജനവാസകേന്ദ്രങ്ങളിലും ഭീതിവിതച്ച് കാർഷിക വിളകൾ നശിപ്പിച്ചുകൊണ്ട് വന്യമൃഗങ്ങളുടെ അക്രമം വർദ്ധിച്ചുവരികയാണ്. ആറളം ഫാമിലും ആദിവാസി മേഖലകളിലും കഴിഞ്ഞ നാല്

വർഷത്തിനിടയിൽ ആനയുടെ അക്രമത്തിൽ ആറുപേരാണ് കൊല്ലപ്പെട്ടത്. ഇപ്പോൾ ആറളം ഫാമിൽ ആളുകൾക്ക് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കണ്ണൂർ ജില്ലയിലെ മലയോര മേഖലകളിൽ പ്രത്യേകിച്ച് പയ്യാവൂർ പോലുള്ള മേഖലകളിൽ വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കുടിയേറ്റ കാലത്തുപോലും ഇത്രയും കാട്ടുമൃഗങ്ങളുടെ ശല്യം ഉണ്ടായിട്ടില്ലെന്നാണ് പ്രായമായവർ പറയുന്നത്. നേരത്തെ വനം വകുപ്പ് ഒട്ടേറെ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ആ നടപടികളൊന്നും ഫലപ്രദമാകുന്നില്ല. സോളാർ വേലി കെട്ടിയാൽ അവ സംരക്ഷിക്കുന്നില്ല. ബാറ്ററികൾ കാലഹരണപ്പെട്ടുപോയാൽ പകരം ബാറ്ററികൾ സ്ഥാപിക്കുന്നില്ല. കാട്ടുമൃഗങ്ങളെ തിരിച്ച് കാട്ടിലെത്തിക്കുന്നതിന് വനം വകുപ്പ് രൂപംകൊടുത്ത ടാസ്ക് ഫോഴ്സ് ഒട്ടും ഫലപ്രദമല്ല. നഷ്ടപരിഹാരത്തുക പരമാവധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചെങ്കിലും കഴിഞ്ഞ ഒരു വർഷമായി പയ്യാവൂർ പഞ്ചായത്തിലുൾപ്പെടെയുള്ള മേഖലകളിൽ നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്നാണ് കർഷകരുടെ ഭാഗത്തുനിന്നും ലഭിക്കുന്ന പരാതി. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അവിടെ കർഷകസംഘം സമരത്തിലാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കണം. കണ്ണൂർ ജില്ലയിൽ 503 കിലോമീറ്ററാണ് വനാതിർത്തിയുള്ളത്. അതിൽ 120 കിലോമീറ്ററിൽ മാത്രമാണ് സോളാർ ഫെൻസിംഗുള്ളത്. പലയിടത്തും ആനമതിൽ കെട്ടിയിട്ടുണ്ടെങ്കിലും അത് നിർമ്മിച്ച കോൺട്രാക്ടർമാർക്ക് പണം കൊടുക്കാതെ കുടിശ്ശികയാണ്. അതുകൊണ്ട് വനാതിർത്തിയിൽ സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ആനമതിൽ തുടങ്ങിയവ നിർമ്മിച്ച് കാടിനകത്തുതന്നെ മൃഗങ്ങൾ നിൽക്കുമെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം നഷ്ടപരിഹാരം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും മലയോര മേഖലയിലെ കർഷകർക്ക് സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ശ്രീ. റ്റി. വി. രാജേഷ് ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നുണ്ട്. ഇടുക്കി, വയനാട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് രൂക്ഷമായ വന്യജീവി ആക്രമണം ഉണ്ടാകുന്നത്. ആവാസ വ്യവസ്ഥയുടെ ശോഷണം, കാലാവസ്ഥാ വ്യതിയാനം, മാറിയ കൃഷി രീതികൾ, വന്യമൃഗ ഇടനാഴികളുടെ അഭാവം, വനംകയ്യേറ്റം തുടങ്ങിയവയാണ് വന്യജീവി ആക്രമണം രൂക്ഷമാകുന്നതിനുള്ള പ്രധാന കാരണങ്ങൾ. പ്രതിവർഷം ശരാശരി ഇരുപതിലധികംപേർ വന്യജീവി സംഘർഷത്തിന്റെ ഭാഗമായി വനത്തിനുള്ളിലോ

വനാതിർത്തികളിലോ വച്ച് കൊല്ലപ്പെടുന്നുമുണ്ട്. കൂടാതെ, നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും സംഭവിക്കുന്നുണ്ട്. വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് നിരവധി പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2017-18 വരെ 2100 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജ വേലി, 618 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങ്, 177 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ മതിൽ, 6 കിലോമീറ്റർ നീളത്തിൽ കല്ലുകെട്ടിയ കിടങ്ങുകൾ, 26 കിലോമീറ്റർ നീളത്തിൽ ജൈവവേലി, 248 കിലോമീറ്റർ നീളത്തിൽ കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വനാതിർത്തിയിലുള്ള ജനങ്ങളുടെ സ്വൈരജീവിതത്തിനും വന്യജീവികളുടെ സംരക്ഷണത്തിനുമായി വനം വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയാണ്. കാട്ടിൽനിന്നും നാട്ടിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിന് കുങ്കിയാനകളുടെ സേവനം അനിവാര്യമാണ്. കുങ്കി പരിശീലനം പൂർത്തിയാക്കിയ പുതിയ ആനകളെ വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. ആന ക്യാമ്പിൽനിന്നും അനുയോജ്യരായ കൂടുതൽ ആനകളെ തെരഞ്ഞെടുത്ത് കുങ്കി പരിശീലനം നൽകി പ്രശ്നബാധിത പ്രദേശങ്ങളിൽ വിന്യസിക്കുന്നതാണ്. കൂടാതെ, വയനാട് പാലക്കാട് മേഖലകളിൽ സ്ഥിരമായി വന്യമൃഗ ആക്രമണം നടത്തുന്ന കാട്ടാനകളെ നിരന്തരം നിരീക്ഷിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർച്ചയായി നാട്ടിലിറങ്ങി ആക്രമണം നടത്തുന്ന കടുവ, പുലി തുടങ്ങിയ ജീവികളെ കൂടുവച്ച് പിടികൂടി ഉൾക്കാട്ടിൽ തുറന്നുവിടുന്നുണ്ട്. അടുത്തിടെ വയനാട്ടിൽ നാട്ടിലേയ്ക്കിറങ്ങിയ ഒരു കടുവയെയും പുലിയെയും ഇത്തരത്തിൽ കൂടുവച്ച് പിടികൂടിയിട്ടുണ്ട്. വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളുടെ കാര്യശേഷി സംബന്ധിച്ചും ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ജീവനക്കാർക്ക് അടിയന്തര സാഹചര്യം നേരിടാനാവശ്യമായുള്ള പരിശീലനം നൽകുന്നതിനും മനുഷ്യ-

വന്യജീവി സംഘർഷം നേരിടുന്നതിന് ഒരു സമഗ്രപദ്ധതി തയ്യാറാക്കുന്നതിനും ആ പഠനറിപ്പോർട്ട് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങി അപകടങ്ങൾ വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടായാൽ സംയോജിതമായി പ്രവർത്തിക്കുന്നതിന് റാപിഡ് റെസ്പോൺസ് ടീമിനെ ശാക്തീകരിക്കുന്നതിനും സജ്ജമാക്കുന്നതിനും പ്രശ്നബാധിത പ്രദേശങ്ങളിൽ പുതിയ ദ്രുതകർമ്മസേനകൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജ വേലി, ആന പ്രതിരോധ മതിൽ, ക്രാഷ് ഗാർഡ്, റോപ് ഫെൻസ് എന്നീ പ്രവൃത്തികൾക്കായി 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വന്യജീവി സംഘർഷം രൂക്ഷമായ വനപ്രദേശങ്ങളിലെ സെറ്റിൽമെന്റുകളിൽനിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽനിന്നും നാനൂറോളം കുടുംബങ്ങളെ ഇതിനോടകം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കൂടുതൽ ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലും കണ്ണൂർ ജില്ലയിലും നഷ്ടപരിഹാരത്തുക കുടിശ്ശികയുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അടിയന്തരമായി അതിൽ ഇടപെട്ട് ആവശ്യമായ പരിശോധന നടത്തി കുടിശ്ശികയുണ്ടെങ്കിൽ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## VI മേശപ്പുറത്തുവച്ച കടലാസുകൾ

1. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 'സാമ്പത്തിക അവലോകനം-2018' ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

2. ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

(I) മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 535/2018 | ജി.ഒ. (പി.) നം. 8/2018/ജിഎഡി. | 25-7-2018 | അതെ |
| 2 | 840/2018 | ജി.ഒ. (പി.) നം. 72/2018/ഹോം. | 8-11-2018 | അല്ല |
| 3 | 844/2018 | ജി.ഒ.(ആർ.റ്റി.)നം. 1392/2018/ഹോം. | 16-5-2018 | അല്ല |
| 4 | 862/2018 | ജി.ഒ.(ആർ.റ്റി.)നം.3322/2018/ഹോം. | 13-11-2018 | അല്ല |
| 5 | 863/2018 | ജി.ഒ.(ആർ.റ്റി.)നം. 3323/2018/ഹോം. | 13-11-2018 | അല്ല |
| 6 | 864/2018 | ജി.ഒ.(ആർ.റ്റി.)നം.3324/2018/ഹോം. | 13-11-2018 | അല്ല |
| 7 | 878/2018 | ജി.ഒ. (പി.) നം. 75/2018/ഹോം. | 3-11-2018 | അല്ല |
| 8 | 886/2018 | ജി.ഒ.(ആർ.റ്റി.)നം.3485/2018/ഹോം. | 29-11-2018 | അല്ല |
| 9 | 897/2018 | ജി.ഒ. (പി) നം. 21/2018/പ്ലാനിംഗ്. | 12-12-2018 | അല്ല |
| 10 | 909/2018 | ജി.ഒ.(ആർ.റ്റി.)നം.1393/2018/ ഹോം. | 16-5-2018 | അല്ല |
| 11 | 931/2018 | സ.ഉ. (കൈ.) നം. 8/2018/നോർക്ക. | 17-12-2018 | അല്ല |
| 12 | 13/2019 | ജി.ഒ.(ആർ.റ്റി.) നം. 84/2019/ഹോം. | 7-1-2019 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | 2017-18 | വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടും | അല്ല |
| 2 | അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ | 2016-17 | വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്, കേരള | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കോഴിക്കോട് സൈബർ പാർക്ക് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 751/2018 | ജി.ഒ. (പി.) നം. 64/2018/ഹോം. | 9-10-2018 |
| 2 | 758/2018 | ജി.ഒ. (ആർ.റ്റി.) നം. 3126/2018/ഹോം. | 29-10-2018 |
| 3 | 759/2018 | ജി.ഒ. (ആർ.റ്റി.) നം. 3127/2018/ഹോം. | 29-10-2018 |
| 4 | 799/2018 | നം.60903/എസ്എസ്.എ 2/2016/ഹോം. | 14-11-2018 |
| 5 | 808/2018 | ജി.ഒ.(ആർ.റ്റി.)നം. 7504/2018/ജിഎഡി. | 17-11-2018 |
| 6 | 810/2018 | ജി.ഒ. (എംഎസ്.) നം. 183/2018/ഹോം. | 19-11-2018 |
| 7 | 825/2018 | ജി.ഒ. (എംഎസ്.) നം. 186/2018/ഹോം. | 23-11-2018 |

(II) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 865/2018 | ജി.ഒ (പി.)നം. 20/ 2018/ഐഎൻഡി. | 29-10-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 4 | കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 5 | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | 2017-18 | വാർഷിക റിപ്പോർട്ട് | അല്ല |
| 6 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) | 2015-16 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 10 | കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി (സുരഭി) | 2016-17 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

(III) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 800/2018 | ജി.ഒ.(പി.) നമ്പർ74/2018/ആർഡി. | 15-11-2018 | അല്ല |
| 2 | 857/2018 | ജി.ഒ.(പി.)നമ്പർ78/2018/ ആർഡി. | 28-11-2018 | അല്ല |
| 3 | 896/2018 | ജി.ഒ.(പി.) നമ്പർ 83/2018 ആർഡി. | 12-12-2018 | അല്ല |
| 4 | 915/2018 | ജി.ഒ.(പി.) നമ്പർ 88/2018 ആർഡി. | 20-12-2018 | അല്ല |
| 5 | 928/2018 | ജി.ഒ.(പി.)നമ്പർ84/2018/ ആർഡി. | 13-12-2018 | അല്ല |
| 6 | 933/2018 | ജി.ഒ.(പി.) നമ്പർ 91/2018/ആർഡി. | 24-12-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 777/2018 | ജി.ഒ. (പി.) നമ്പർ 71/2018/ആർഡി. | 5-11-2018 |
| 2 | 809/2018 | ജി.ഒ. (പി.) നമ്പർ 73/2018/ആർഡി. | 13-11-2018 |

(IV) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഡാം സുരക്ഷാ അതോറിറ്റി | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

(V) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 821/2018 | ജി.ഒ.(പി.) നമ്പർ 37/2018/ ട്രാൻ. | 13-11-2018 | അല്ല |
| 2 | 843/2018 | ജി.ഒ.(പി.) നമ്പർ 40/2018/ ട്രാൻ. | 21-11-2018 | അല്ല |
| 3 | 845/2018 | ജി.ഒ. (പി.) നമ്പർ41/2018/ട്രാൻ. | 22-11-2018 | അല്ല |
| 4 | 858/2018 | ജി.ഒ.(പി.) നമ്പർ 42/2018/ ട്രാൻ. | 24-11-2018 | അല്ല |
| 5 | 894/2018 | ജി.ഒ.(പി.) നമ്പർ. 45/2018/ ട്രാൻ. | 11-12-2018 | അല്ല |
| 6 | 900/2018 | ജി.ഒ. (പി.) നമ്പർ 43/2018/ ട്രാൻ. | 1-12-2018 | അല്ല |
| 7 | 901/2018 | ജി.ഒ.(പി.)നമ്പർ. 46/2018/ ട്രാൻ. | 15-12-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 761/2018 | ജി.ഒ. (പി.) നമ്പർ 33/2018/ട്രാൻ. | 26-10-2018 |
| 2 | 778/2018 | ജി.ഒ. (പി.) നമ്പർ 35/2018/ട്രാൻസ്. | 29-10-2018 |
| 3 | 798/2018 | ജി.ഒ. (പി.) നമ്പർ 38/2018/ട്രാൻ. | 14-11-2018 |

(VI) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 823/2018 | ജി.ഒ.(പി.) നമ്പർ 83/2018/റ്റിഡി. | 23-11-2018 | അല്ല |
| 2 | 824/2018 | ജി.ഒ.(പി.) നമ്പർ.184/2018/റ്റിഡി. | 23-11-2018 | അല്ല |
| 3 | 850/2018 | ജി.ഒ.(പി.) നമ്പർ 185/2018/ടാക്സസ്. | 27-11-2018 | അല്ല |
| 4 | 861/2018 | ജി.ഒ.(പി.) നമ്പർ 21/2018/ഐഡി. | 1-12-2018 | അല്ല |
| 5 | 870/2018 | ജി.ഒ.(പി.) നമ്പർ 192/2018/റ്റിഡി. | 5-12-2018 | അല്ല |
| 6 | 871/2018 | ജി.ഒ.(പി.) നമ്പർ 193/2018/റ്റിഡി. | 6-12-2018 | അല്ല |
| 7 | 872/2018 | ജി.ഒ.(പി.) നമ്പർ. 194/2018/റ്റിഡി. | 6-12-2018 | അല്ല |
| 8 | 873/2018 | ജി.ഒ.(പി.) നമ്പർ 195/2018/റ്റിഡി. | 6-12-2018 | അല്ല |
| 9 | 874/2018 | ജി.ഒ.(പി.) നമ്പർ 196/2018/റ്റിഡി. | 6-12-2018 | അല്ല |
| 10 | 875/2018 | ജി.ഒ.(പി.) നമ്പർ 197/2018/റ്റിഡി. | 6-12-2018 | അല്ല |
| 11 | 876/2018 | ജി.ഒ.(പി.) നമ്പർ 198/2018/റ്റിഡി. | 6-12-2018 | അല്ല |
| 12 | 925/2018 | ജി.ഒ.(പി.) നമ്പർ 205/2018/ടാക്സസ്. | 22-12-2018 | അല്ല |
| 13 | 926/2018 | ജി.ഒ.(പി.)നമ്പർ 206/2018/ടാക്സസ്. | 22-12-2018 | അല്ല |
| 14 | 934/2018 | ജി.ഒ.(പി.) നമ്പർ 207/2018/ടാക്സസ്. | 27.12.2018 | അല്ല |
| 15 | 935/2018 | ജി.ഒ.(പി.) നമ്പർ 208/2018/ടാക്സസ്. | 27.12.2018 | അല്ല |
| 16 | 937/2018 | ജി.ഒ.(പി.) നമ്പർ 210/2018/ടാക്സസ്. | 28-12-2018 | അല്ല |
| 17 | 938/2018 | ജി.ഒ.(പി.) നമ്പർ. 211/2018/ടാക്സസ്. | 28-12-2018 | അല്ല |
| 18 | 939/2018 | ജി.ഒ.(പി.) നമ്പർ 212/2018/ടാക്സസ്. | 28-12-2018 | അല്ല |
| 19 | 940/2018 | ജി.ഒ.(പി.) നമ്പർ 213/2018/ടാക്സസ്. | 28-12-2018 | അല്ല |
| 20 | 941/2018 | ജി.ഒ.(പി.) നമ്പർ 214/2018/ടാക്സസ്. | 28-12-2018 | അല്ല |
| 21 | 945/2018 | ജി.ഒ.(പി.) നമ്പർ 218/2018/ടാക്സസ്. | 31-12-2018 | അല്ല |
| 22 | 946/2018 | ജി.ഒ.(പി.) നമ്പർ 219/2018/ടാക്സസ്. | 31-12-2018 | അല്ല |
| 23 | 947/2018 | ജി.ഒ.(പി.) നമ്പർ 220/2018/ടാക്സസ്. | 31-12-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 24 | 948/2018 | ജി.ഒ.(പി.) നമ്പർ 221/2018/ടാക്സസ്. | 31-12-2018 | അല്ല |
| 25 | 949/2018 | ജി.ഒ.(പി.) നമ്പർ 222/2018/ടാക്സസ്. | 31-12-2018 | അല്ല |
| 26 | 950/2018 | ജി.ഒ.(പി.) നമ്പർ 223/2018/ടാക്സസ്. | 31-12-2018 | അല്ല |
| 27 | 951/2018 | ജി.ഒ.(പി.) നമ്പർ 224/2018/ടാക്സസ്. | 31-12-2018 | അല്ല |
| 28 | 953/2018 | ജി.ഒ.(പി.) നമ്പർ 216/2018/ടാക്സസ്. | 31-12-2018 | അല്ല |
| 29 | 954/2018 | ജി.ഒ.(പി.) നമ്പർ 217/2018/ടാക്സസ്. | 31-12-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 1998 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 1999 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 1999-2000 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 4 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | സമാഹൃത ആഡിറ്റ് റിപ്പോർട്ട് 2000-01 | തിരുത്തൽ സ്റ്റേറ്റ്മെന്റ് | ബാധകമല്ല |
| 5 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2017-18 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 6 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് | 2015-16 | വാർഷിക കണക്കുകൾ | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 314/2018 | ജി.ഒ.(പി.) നമ്പർ 72/2018/റ്റിഡി. | 18-5-2018 |
| 2 | 315/2018 | ജി.ഒ.(പി.) നമ്പർ 73/2018/റ്റിഡി. | 18-5-2018 |
| 3 | 391/2018 | ജി.ഒ.(പി.) നമ്പർ 85/2018/റ്റിഡി. | 13-6-2018 |
| 4 | 392/2018 | ജി.ഒ.(പി.) നമ്പർ. 86/2018/റ്റിഡി. | 13-6-2018 |
| 5 | 393/2018 | ജി.ഒ.(പി.) നമ്പർ 87/2018/റ്റിഡി. | 13-6-2018 |
| 6 | 394/2018 | ജി.ഒ.(പി.) നമ്പർ 88/2018/റ്റിഡി. | 13-6-2018 |
| 7 | 395/2018 | ജി.ഒ.(പി.) നമ്പർ 89/2018/റ്റിഡി. | 13-6-2018 |
| 8 | 396/2018 | ജി.ഒ.(പി.) നമ്പർ 90/2018/റ്റിഡി. | 13-6-2018 |
| 9 | 397/2018 | ജി.ഒ.(പി.) നമ്പർ 91/2018/റ്റിഡി. | 13-6-2018 |
| 10 | 458/2018 | ജി.ഒ.(പി.) നമ്പർ 94/2018/റ്റിഡി. | 10-7-2018 |
| 11 | 459/2018 | ജി.ഒ.(പി.) നമ്പർ 95/2018/റ്റിഡി. | 10-7-2018 |
| 12 | 700/2018 | ജി.ഒ.(പി.) നമ്പർ 158/2018/റ്റിഡി. | 8-10-2018 |
| 13 | 701/2018 | ജി.ഒ.(പി.) നമ്പർ 159/2018/റ്റിഡി. | 8-10-2018 |

(VII) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കാർഷിക സർവകലാശാല | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

(VII) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 782/2018 | ജി.ഒ.(പി.) നമ്പർ 02/2018/ബിസിഡിഡി. | 25-10-2018 | അല്ല |
| 2 | 879/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1504/2018/നിയമം. | 7-12-2018 | അല്ല |
| 3 | 880/2018 | ജി.ഒ.(ആർറ്റി.) നമ്പർ. 1505/2018/നിയമം. | 7-12-2018 | അല്ല |
| 4 | 903/2018 | സ. ഉ. (പി) നമ്പർ 08/2018/സാംകാവ. | 28-11-2018 | അല്ല |
| 5 | 920/2018 | ജി.ഒ.(പി.) നമ്പർ 13/2018/നിയമം. | 21-12-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 735/2018 | ജി.ഒ.(എംഎസ്.) നമ്പർ.150/2018/നിയമം. | 17-10-2018 |
| 2 | 807/2018 | ജി.ഒ.(പി.) നമ്പർ. 12/2018/നിയമം. | 16-11-2018 |

(IX) ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 762/2018 | ജി.ഒ.(പി.) നമ്പർ 16/2018/ എസ്ജെഡി. | 5-11-2018 | അല്ല |
| 2 | 813/2018 | ജി.ഒ.(പി.) നമ്പർ. 17/2018/ആയുഷ്. | 13-9-2018 | അല്ല |
| 3 | 884/2018 | ജി.ഒ. (പി.) നമ്പർ.156/2018/ എച്ച്&എഫ്ഡബ്ല്യൂഡി. | 10-12-2018 | അല്ല |
| 4 | 929/2018 | സ.ഉ. (അച്ചടി) നമ്പർ.159/2018/ ആകുവ. | 26-12-2018 | അല്ല |
| 5 | 936/2018 | സ.ഉ. (അച്ചടി) നമ്പർ 160/2018/ ആകുവ. | 28-12-2018 | അല്ല |
| 6 | 943/2018 | ജി.ഒ. (പി.) നമ്പർ 161/2018/ എച്ച്& എഫ്ഡബ്ല്യൂഡി. | 31-12-2018 | അല്ല |
| 7 | 944/2018 | ജി.ഒ. (പി.) നമ്പർ.162/2018/ എച്ച്& എഫ്ഡബ്ല്യൂഡി. | 31-12-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 710/2018 | ജി.ഒ.(പി.)നമ്പർ 126/2018/ എച്ച്&എഫ്ഡബ്ല്യൂഡി | 11-10-2018 |
| 2 | 797/2018 | ജി.ഒ.(പി.) നമ്പർ 17/2018/എസ്ജെഡി. | 13-11-2018 |
| 3 | 829/2018 | ജി.ഒ.(പി.) നമ്പർ 20/2018/ആയുഷ്. | 13-11-2018 |

(X) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 814/2018 | ജി.ഒ.(പി.) നമ്പർ 179/2018/റ്റിഡി. | 20-11-2018 | അല്ല |
| 2 | 815/2018 | ജി.ഒ.(പി.) നമ്പർ 180/2018/റ്റിഡി. | 20-11-2018 | അല്ല |
| 3 | 816/2018 | ജി.ഒ.(പി.) നമ്പർ 181/2018/റ്റിഡി. | 20-11-2018 | അല്ല |
| 4 | 860/2018 | ജി.ഒ.(പി.) നമ്പർ 186/2018/റ്റിഡി. | 29-11-2018 | അല്ല |
| 5 | 882/2018 | ജി.ഒ.(പി.) നമ്പർ 199/2018/റ്റിഡി. | 7-12-2018 | അല്ല |
| 6 | 883/2018 | ജി.ഒ.(പി.) നമ്പർ 200/2018/റ്റിഡി. | 7-12-2018 | അല്ല |
| 7 | 906/2018 | ജി.ഒ.(പി.) നമ്പർ 202/2018/റ്റിഡി. | 18-12-2018 | അല്ല |
| 8 | 907/2018 | ജി.ഒ.(പി.) നമ്പർ 203/2018/റ്റിഡി. | 18-12-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 779/2018 | ജി.ഒ.(പി.) നമ്പർ 173/2018/റ്റിഡി. | 1-11-2018 |
| 2 | 780/2018 | ജി.ഒ.(പി.) നമ്പർ 174/2018/റ്റിഡി. | 1-11-2018 |

(XI) തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 388/2018 | ജി.ഒ.(എംഎസ്.)നമ്പർ33/2018/ എൽബിആർ. | 4-6-2018 | അതെ |
| 2 | 819/2018 | ജി.ഒ.(പി.) നമ്പർ.103/2018/എൽബിആർ. | 19-11-2018 | അല്ല |
| 3 | 828/2018 | സ. ഉ. (അച്ചടി) നമ്പർ 102/2018/തൊഴിൽ | 19-11-2018 | അല്ല |
| 4 | 847/2018 | ജി.ഒ.(പി.) നമ്പർ.105/2018/എൽബിആർ. | 20-11-2018 | അല്ല |
| 5 | 849/2018 | ജി.ഒ.(ആർറ്റി.) നമ്പർ.1348/2018/എൽബിആർ. | 25-11-2018 | അല്ല |
| 6 | 851/2018 | ജി.ഒ.(പി.) നമ്പർ 187/2018/റ്റിഡി. | 30-11-2018 | അല്ല |
| 7 | 852/2018 | ജി.ഒ.(പി.) നമ്പർ 188/2018/റ്റിഡി. | 30-11-2018 | അല്ല |
| 8 | 856/2018 | ജി.ഒ.(പി.) നമ്പർ 189/2018/റ്റിഡി. | 1-12-2018 | അല്ല |
| 9 | 6/2019 | ജി.ഒ.(പി.) നമ്പർ 2/2019/എൽബിആർ. | 2-1-2019 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | പ്രവർത്തന (ഭരണ) റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 194/2018 | ജി.ഒ.(പി.) നമ്പർ 26/2018/എൽബിആർ. | 1-4-2018 |
| 2 | 732/2018 | ജി.ഒ.(പി.) നമ്പർ 87/2018/എൽബിആർ. | 10-10-2018 |
| 3 | 733/2018 | ജി.ഒ.(പി.) നമ്പർ 88/2018/എൽബിആർ. | 10-10-2018 |
| 4 | 734/2018 | ജി.ഒ.(പി.) നമ്പർ 89/2018/എൽബിആർ. | 10-10-2018 |
| 5 | 765/2018 | ജി.ഒ.(പി.) നമ്പർ 93/2018/എൽബിആർ. | 29-10-2018 |
| 6 | 776/2018 | ജി.ഒ.(പി.) നമ്പർ 94/2018/എൽബിആർ. | 29-10-2018 |
| 7 | 781/2018 | ജി.ഒ.(പി.) നമ്പർ 178/2018/റ്റിഡി. | 10-11-2018 |
| 8 | 794/2018 | ജി.ഒ.(പി.) നമ്പർ 95/2018/എൽബിആർ. | 12-11-2018 |
| 9 | 795/2018 | സ.ഉ. (അച്ചടി) നമ്പർ .96/2018/തൊഴിൽ | 12-11-2018 |
| 10 | 796/2018 | സ.ഉ. (അച്ചടി) നമ്പർ 98/2018/തൊഴിൽ | 12-11-2018 |
| 11 | 817/2018 | ജി.ഒ.(പി.) നമ്പർ 182/2018/റ്റിഡി. | 21-11-2018 |

(XII) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 811/2018 | ജി.ഒ.(പി.) നമ്പർ 17/2018/സിഎഡി. | 13-11-2018 |
| 2 | 812/2018 | ജി.ഒ.(പി.) നമ്പർ 18/2018/സിഎഡി. | 15-11-2018 |

(XIII) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 433/2018 | ജി.ഒ.(പി.) നമ്പർ 70/2018/കോ-ഓപ്. | 16-6-2018 | അതെ |
| 2 | 826/2018 | ജി.ഒ.(പി.) നമ്പർ 76/2018/ആർഡി. | 24-11-2018 | അല്ല |
| 3 | 854/2018 | ജി.ഒ.(പി.) നമ്പർ 79/2018/ആർഡി. | 30-11-2018 | അല്ല |
| 4 | 855/2018 | ജി.ഒ.(പി.) നമ്പർ 80/2018/ആർഡി. | 30-11-2018 | അല്ല |
| 5 | 868/2018 | ജി.ഒ.(പി.) നമ്പർ 36/2018/കോ-ഓപ്. | 29-3-2018 | അല്ല |
| 6 | 888/2018 | ജി.ഒ.(പി.) നമ്പർ 162/2018/കോ-ഓപ്. | 1-12-2018 | അല്ല |
| 7 | 889/2018 | ജി.ഒ.(പി.) നമ്പർ 163/2018/കോ-ഓപ്. | 1-12-2018 | അല്ല |
| 8 | 890/2018 | ജി.ഒ.(പി.) നമ്പർ 164/2018/കോ-ഓപ്. | 1-12-2018 | അല്ല |
| 9 | 891/2018 | ജി.ഒ.(പി.) നമ്പർ 165/2018/കോ-ഓപ്. | 1-12-2018 | അല്ല |
| 10 | 892/2018 | ജി.ഒ.(പി.) നമ്പർ 166/2018/കോ-ഓപ്. | 3-12-2018 | അല്ല |
| 11 | 893/2018 | ജി.ഒ.(പി.) നമ്പർ 167/2018/കോ-ഓപ്. | 4-12-2018 | അല്ല |
| 12 | 895/2018 | ജി.ഒ.(പി.) നമ്പർ 168/2018/കോ-ഓപ്. | 6-12-2018 | അല്ല |
| 13 | 905/2018 | ജി.ഒ.(പി.) നമ്പർ 156/2018/കോ-ഓപ്. | 21-11-2018 | അല്ല |
| 14 | 910/2018 | ജി.ഒ.(പി.) നമ്പർ 154/2018/കോ-ഓപ്. | 15-11-2018 | അല്ല |
| 15 | 911/2018 | ജി.ഒ.(പി.) നമ്പർ 155/2018/കോ-ഓപ്. | 15-11-2018 | അല്ല |
| 16 | 912/2018 | ജി.ഒ.(പി.) നമ്പർ 172/2018/കോ-ഓപ്. | 11-12-2018 | അല്ല |
| 17 | 917/2018 | ജി.ഒ.(പി.) നമ്പർ 170/2018/കോ-ഓപ്. | 11-12-2018 | അല്ല |
| 18 | 918/2018 | ജി.ഒ.(പി.) നമ്പർ 171/2018/കോ-ഓപ്. | 11-12-2018 | അല്ല |
| 19 | 919/2018 | ജി.ഒ.(പി.) നമ്പർ 173/2018/കോ-ഓപ്. | 14-12-2018 | അല്ല |
| 20 | 930/2018 | ജി.ഒ.(പി.) നമ്പർ 174/2018/കോ-ഓപ്. | 15-12-2018 | അല്ല |
| 21 | 3/2019 | ജി.ഒ.(പി.) നമ്പർ 183/2018/കോ-ഓപ്. | 24-12-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് | 2016-17 | ഓഡിറ്റഡ് അക്കൗണ്ട്സ് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| (1) | (2) | (3) | (4) |
| 1 | 310/2018 | ജി.ഒ.(പി.) നമ്പർ 64/2018/കോ-ഓപ്. | 11-5-2018 |
| 2 | 736/2018 | ജി.ഒ.(പി.) നമ്പർ 124/2018/കോ-ഓപ്. | 3-10-2018 |
| 3 | 754/2018 | ജി.ഒ.(പി.) നമ്പർ 142/2018/കോ-ഓപ്. | 31-10-2018 |
| 4 | 755/2018 | ജി.ഒ.(പി.) നമ്പർ 133/2018/കോ-ഓപ്. | 22-10-2018 |
| 5 | 772/2018 | ജി.ഒ.(പി.) നമ്പർ 123/2018/കോ-ഓപ്. | 1-10-2018 |
| 6 | 773/2018 | ജി.ഒ.(പി.) നമ്പർ 138/2018/കോ-ഓപ്. | 26-10-2018 |
| 7 | 783/2018 | ജി.ഒ.(പി.) നമ്പർ 130/2018/കോ-ഓപ്. | 16-10-2018 |
| 8 | 784/2018 | ജി.ഒ.(പി.) നമ്പർ 132/2018/കോ-ഓപ്. | 20-10-2018 |
| 9 | 785/2018 | ജി.ഒ.(പി.) നമ്പർ 139/2018/കോ-ഓപ്. | 30-10-2018 |
| 10 | 786/2018 | ജി.ഒ.(പി.) നമ്പർ 141/2018/കോ-ഓപ്. | 30-10-2018 |
| 11 | 787/2018 | ജി.ഒ.(പി.) നമ്പർ 145/2018/കോ-ഓപ്. | 1-11-2018 |
| 12 | 788/2018 | ജി.ഒ.(പി.) നമ്പർ 146/2018/കോ-ഓപ്. | 2-11-2018 |
| 13 | 792/2018 | ജി.ഒ.(പി.) നമ്പർ 143/2018/കോ-ഓപ്. | 1-11-2018 |
| 14 | 793/2018 | ജി.ഒ.(പി.) നമ്പർ 144/2018/കോ-ഓപ്. | 1-11-2018 |
| 15 | 801/2018 | ജി.ഒ.(പി.) നമ്പർ 85/2018/കോ-ഓപ്. | 16-7-2018 |
| 16 | 802/2018 | ജി.ഒ.(പി.) നമ്പർ140/2018/കോ-ഓപ്. | 30-10-2018 |
| 17 | 803/2018 | ജി.ഒ.(പി.) നമ്പർ 147/2018/കോ-ഓപ്. | 5-11-2018 |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 804/2018 | ജി.ഒ.(പി.) നമ്പർ 148/2018/കോ-ഓപ്. | 5-11-2018 |
| 19 | 805/2018 | ജി.ഒ.(പി.) നമ്പർ 149/2018/കോ-ഓപ്. | 5-11-2018 |
| 20 | 806/2018 | ജി.ഒ.(പി.) നമ്പർ 151/2018/കോ-ഓപ്. | 7-11-2018 |
| 21 | 832/2018 | ജി.ഒ.(പി.) നമ്പർ 136/2018/കോ-ഓപ്. | 24-10-2018 |
| 22 | 833/2018 | ജി.ഒ.(പി.) നമ്പർ 150/2018/കോ-ഓപ്. | 8-11-2018 |
| 23 | 834/2018 | ജി.ഒ.(പി.) നമ്പർ 152/2018/കോ-ഓപ്. | 8-11-2018 |
| 24 | 835/2018 | ജി.ഒ.(പി.) നമ്പർ 153/2018/കോ-ഓപ്. | 13-11-2018 |
| 25 | 846/2018 | ജി.ഒ.(പി.) നമ്പർ 161/2018/കോ-ഓപ്. | 24-11-2018 |

(XIV) തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 836/2018 | ജി.ഒ.(പി.) നമ്പർ 81/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |
| 2 | 837/2018 | ജി.ഒ.(പി.) നമ്പർ 82/2018/ എൽഎസ്ജിഡി. | 30-10-2018 | അല്ല |
| 3 | 838/2018 | ജി.ഒ.(പി.) നമ്പർ 84/2018/ എൽഎസ്ജിഡി. | 9-11-2018 | അല്ല |
| 4 | 839/2018 | ജി.ഒ.(പി.) നമ്പർ 85/2018/ എൽഎസ്ജിഡി. | 14-11-2018 | അല്ല |
| 5 | 841/2018 | ജി.ഒ.(പി.) നമ്പർ 86/2018/ എൽഎസ്ജിഡി. | 17-11-2018 | അല്ല |
| 6 | 842/2018 | ജി.ഒ.(പി.) നമ്പർ 87/2018/ എൽഎസ്ജിഡി. | 22-11-2018 | അല്ല |
| 7 | 916/2018 | ജി.ഒ.(പി.) നമ്പർ 90/2018/ എൽഎസ്ജിഡി. | 13-12-2018 | അല്ല |
| 8 | 927/2018 | ജി.ഒ.(പി.) നമ്പർ 92/2018/ എൽഎസ്ജിഡി. | 18-12-2018 | അല്ല |

വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 749/2018 | സ.ഉ. (അച്ചടി.) നമ്പർ 72/2018/തസ്വഭവ. | 23-10-2018 |
| 2 | 763/2018 | ജി.ഒ.(പി.) നമ്പർ 83/2018/ എൽഎസ്ജിഡി. | 31-10-2018 |
| 3 | 766/2018 | ജി.ഒ.(പി.) നമ്പർ 73/2018/ എൽഎസ്ജിഡി. | 27-10-2018 |
| 4 | 767/2018 | ജി.ഒ.(പി.) നമ്പർ 75/2018/ എൽഎസ്ജിഡി. | 29-10-2018 |
| 5 | 768/2018 | ജി.ഒ.(പി.) നമ്പർ 76/2018/ എൽഎസ്ജിഡി. | 30-10-2018 |
| 6 | 789/2018 | ജി.ഒ.(പി.) നമ്പർ 74/2018/ എൽഎസ്ജിഡി. | 29-10-2018 |
| 7 | 790/2018 | ജി.ഒ.(പി.) നമ്പർ 79/2018/ എൽഎസ്ജിഡി. | 30-10-2018 |
| 8 | 791/2018 | ജി.ഒ.(പി.) നമ്പർ 80/2018/ എൽഎസ്ജിഡി. | 30-10-2018 |

(XV) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടിവ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 830/2018 | ജി.ഒ.(പി.) നമ്പർ 19/2018/എഫ്&പിഡി. | 20-11-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 478/2017 | ജി.ഒ.(പി.) നമ്പർ.19/2017/എഫ്&പിഡി. | 17-7-2017 |

(XVI) വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 818/2018 | ജി.ഒ.(പി.) നമ്പർ 10/2018/ എഫ് ഡബ്ല്യൂഎൽഡി. | 7-11-2018 | അല്ല |

(XVII) ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല | 2012-13<br>2013-14<br>2014-15<br>2015-16 | ആഡിറ്റ് റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല | 2014-15<br>2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 716/2018 | ജി.ഒ.(പി.) നമ്പർ 10/2018/ജിഎഡി. | 16-10-2018 |

(XVIII) വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെ ന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 898/2018 | ജി.ഒ.(പി.) നം. 5/2018/പവർ | 23-11-2018 | അല്ല |
| 2 | - | നമ്പർ 875/അഡ്മിൻ/ 14/ കെഎസ് ഇആർസി | 12-6-2018 | അല്ല |

(XIX) നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| (1) | (2) | (3) | (4) |
| 1 | 2018 | 30 | 2018- ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ്. |
| 2 | 2018 | 31 | 2018-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ്. |
| 3 | 2018 | 32 | 2018-ലെ കേരള മുനിസിപ്പാലിറ്റി ( മൂന്നാം ഭേദഗതി) ആക്റ്റ്. |
| 4 | 2018 | 33 | 2018-ലെ കേരള പഞ്ചായത്ത് രാജ് ( മൂന്നാം ഭേദഗതി) ആക്റ്റ്. |
| 5 | 2018 | 34 | ദി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ആക്റ്റ്, 2018 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 2018 | 35 | 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ്. |
| 7 | 2018 | 36 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ആക്റ്റ്, 2018 |
| 8 | 2018 | 37 | 2018-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ്. |
| 9 | 2018 | 38 | 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്. |
| 10 | 2018 | 39 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കന്റ് അമെന്റ്മെന്റ്) ആക്റ്റ്, 2018 |

ലിസ്റ്റ് 2 -ചട്ടം 47(2) അനുസരിച്ചുള്ളത്:

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 122, 1826, പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 3102, പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 28, പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1571, 4422 പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2030, 2057 പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 9, 10, 20, 46, 64, 68, 69, 115, 124, 127, 132, 150, 152, 153, 155, 226, 1949, 1958, 2030, 2098, 2112, 3911, 3927 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3315, 3386 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

3. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3891 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 461, 508, 2335, 3753 പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 500, 2361 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 257 പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 5834, പതിനൊന്നാം സമ്മേളനത്തിലെ 3602 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2732 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

7. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1845 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ലിസ്റ്റ് 3 - ചട്ടം 236(5) അനുസരിച്ചുള്ളത്:

I. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| II-ഭൂനികുതിയും ദേവസ്വവും | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2012-13 | 2 | 14,15,16,17 |
| | 2017-18 | 2 | 6 |

II. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| VIII-സാമ്പത്തിക കാര്യങ്ങൾ | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2017-18 | 2 | 46-49 |

III. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2014-15 | 4 | 2,16,17,27,30 |

IV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| I-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2015-16 | 5 | 100-108 |

V. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| VI-വിദ്യാഭ്യാസം | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2014-15 | 4 | 61,62 |

VI. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| VI-വിദ്യാഭ്യാസം | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2015-16 | 5 | 21,38,53 |
| | 2017-18 | 2 | 24,36,37,39,43,48-55,58,59,77-79 |

XVII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| VII-വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| | 2017-18 | 2 | 51-55 |

ലിസ്റ്റ് 4 - ചട്ടം 236(6) അനുസരിച്ചുള്ളത്:

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2013-14 | ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് |
| XLI-ഗതാഗതം | 2017-18 | ജലവിഭവ വകുപ്പ് (ഉൾനാടൻ ജലഗതാഗതം) |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| XXXVII-വ്യവസായങ്ങൾ | 2014-15 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| | 2015-16 | |
| XLI-ഗതാഗതം | 2016-17 | |

| (1) | (2) | (3) |
|---|---|---|
| | 2017-18 | ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| | | പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ദി കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് |
| | | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| | | കേരള സിറാമിക്സ് ലിമിറ്റഡ് |

III. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2017-18 | കേരള സംസ്ഥാന ഭൂജല വകുപ്പ് |
| | | ജലവിഭവ വകുപ്പ് (ചെറുകിട ജലസേചനം) |
| XXXVIII-ജലസേചനം | 2017-18 | ജലവിഭവ വകുപ്പ് |

IV. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ<br>XVI-പെൻഷനും പലവകയും | 2017-18 | ധനകാര്യ വകുപ്പ് |

V. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി<br>XXX-ഭക്ഷ്യം<br>XXXIX-വൈദ്യുതപദ്ധതികൾ | 2017-18 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |

VI. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII-വൈദ്യസഹായ രംഗവും പൊതുജനാ രോഗ്യവും | 2016-17 | ആയുഷ് വകുപ്പ് |

VII. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | വ്യാവസായിക പരിശീലന വകുപ്പ് |
| | 2012-13 | തൊഴിൽ വകുപ്പ് |
| | 2016-17 | തൊഴിലും നൈപുണ്യവും (ജി) വകുപ്പ് |

VIII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്ത് മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXI-മൃഗസംരക്ഷണം | 2012-13 | കൃഷി[മൃഗസംരക്ഷണ (ജി)]വകുപ്പ് |
| XXXII-ക്ഷീര വികസനം | 2017-18 | ക്ഷീര വികസന വകുപ്പ് |

## VII. ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കായി സർഗ്ഗാത്മക നടപടികളിലൂടെ മുന്നേറുന്ന എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങളിൽ ഭരണനിർവ്വഹണത്തിൽ കേരളം ഒന്നാമത് എത്തിയിരിക്കുന്നുവെന്ന് പറയുന്നത് കേവലമൊരു രാഷ്ട്രീയപരമായ അവകാശമല്ല. വിവിധ കേന്ദ്ര ഏജൻസികൾ നടത്തിയിട്ടുള്ള അന്വേഷണങ്ങളിലും പഠനങ്ങളിലും ഒന്നാം സ്ഥാനത്ത് കേരളമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവുമൊടുവിൽ ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന പബ്ലിക് അഫയേഴ്സ് സെന്റർ പുറത്തുവിട്ട പബ്ലിക് അഫയേഴ്സ് ഇൻഡക്സ് ഈ വിലയിരുത്തൽ കൂടുതൽ ശക്തിപ്പെടുത്തുകയാണ്. ഏതെങ്കിലും ഒരു മേഖലയിൽ മാത്രമല്ല, വ്യത്യസ്ത മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളുമാണ് രാജ്യത്ത് ഒന്നാം സ്ഥാനത്തെത്താൻ സർക്കാരിനെ പ്രാപ്തമാക്കിയതെന്ന് ഇൻഡക്സ് ചൂണ്ടിക്കാണിക്കുന്നു. വലിയ സംസ്ഥാനങ്ങളുടെ ഗണത്തിൽ തുടർച്ചയായി നമ്മുടെ ഗവൺമെന്റ് ഒന്നാം സ്ഥാനം നേടിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയപരമായി വ്യത്യസ്ത അഭിപ്രായങ്ങളുള്ള വർക്കുപോലും ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിമർശിക്കാൻ കാര്യമായി ഒന്നുമില്ല എന്നുള്ളതാണ് സത്യം. ഇന്നലെ ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി കൊച്ചിയിൽ നടത്തിയ പ്രസംഗത്തിനിടയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ എന്ത് നേട്ടമാണ് ഉണ്ടായതെന്ന് ചോദിച്ചതായി പത്രങ്ങളിൽ കാണുകയുണ്ടായി. സാമാന്യമായി കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് പരിശോധിച്ച വേണമായിരുന്നു

രാഹുൽ ഗാന്ധിയെപ്പോലെ ഒരാൾക്ക് പ്രസംഗം എഴുതിക്കൊടുക്കേണ്ടത്. കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നതൊന്നും കാണാതെ ഒരു പ്രസംഗം നടത്തിയത് അദ്ദേഹത്തിന്റെ സ്ഥാനത്തിന് ചേരുന്നതാണോ? ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ നിയമസഭാമണ്ഡലങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ നമ്മൾ കാണുന്നുണ്ട്. എല്ലാ മണ്ഡലങ്ങളിലും അഞ്ച് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നു. അതുകൂടാതെ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടക്കുകയാണ്. സ്കൂളുകൾ ഹൈടെക് ആക്കുകയാണ്. വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി ഒരു സമഗ്ര നയം നടപ്പിലാക്കുന്നു. വാക്കാൽ മാത്രമല്ല, പ്രവൃത്തിയിലും അത് കാണുകയാണ്. പക്ഷേ, രാഹുൽ ഗാന്ധി അത് കാണുന്നില്ലെന്ന് പറഞ്ഞാൽ കഷ്ടമാണ്. ആരോഗ്യ മേഖലയിൽ സംസ്ഥാനത്ത് എന്ത് ചെയ്യുന്നുവെന്ന് ചോദിക്കുന്ന രാഹുൽ ഗാന്ധിയോട് അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എന്ത് നടക്കുന്നുവെന്ന് തിരിച്ച് ചോദിക്കാൻ നമുക്ക് അവകാശമുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നടപ്പിലാക്കിയിട്ടുള്ളത് മാതൃകാപരമായ പദ്ധതികളാണ്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ ചരിത്രത്തിൽ ഇല്ലാത്തതരത്തിലുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ഏതൊരു സ്വകാര്യ മെഡിക്കൽ കോളേജിനെയും വെല്ലുന്ന അടിസ്ഥാനസൗകര്യ വികസനം ഈ ആശുപത്രികളിലെല്ലാം കാണുന്നുണ്ട്. 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. രണ്ടാം ഘട്ടത്തിൽ 503 പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയുണ്ടായി. ഇവിടെ സി.എച്ച്.സി.-കളും താലൂക്കാശുപത്രികളും മാറ്റത്തിന്റെ പാതയിലാണ്. ഈ ഗവൺമെന്റിനെ എതിർക്കുന്ന ആളുകൾപോലും കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിക്കുന്നുവെന്നല്ലാതെ ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ മോശമായി പറയില്ല. ആ തരത്തിൽ എല്ലാ മേഖലയിലും ഈ ഗവൺമെന്റ് നല്ല രീതിയിലുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. കൃഷി വകുപ്പിലായാലും മറ്റ് വകുപ്പുകളിലായാലും നല്ല മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയകാര്യങ്ങളിലേയ്ക്ക് വരുമ്പോൾ ഇന്ത്യയിലെ പ്രധാന പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസ് അതിന്റെ

ചരിത്ര പാരമ്പര്യങ്ങളിൽനിന്ന് വ്യതിചലിക്കുന്നു. മതനിരപേക്ഷതയ്ക്കുവേണ്ടി ശക്തമായ വാദമുഖങ്ങളുയർത്തിയിരുന്ന ജവഹർലാൽ നെഹ്റുവിന്റെ പാർട്ടി ഇന്നെടുക്കുന്ന നിലപാട്, ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ഉയർത്തുന്ന വർഗ്ഗീയ വാദത്തിന് ഫലപ്രദമായ മരുന്നായി നിൽക്കുന്നുണ്ടോ? പലയിടത്തും ബി.ജെ.പി.-യുടെ ഒരു 'ബി' ടീമായി അവർ മാറുകയാണ്. അധികാരം കിട്ടിയ സംസ്ഥാനങ്ങളിൽപ്പോലും അവർ ഗോ രക്ഷാശാലകളും മറ്റും നടപ്പിലാക്കിക്കൊണ്ട് ബി.ജെ.പി.-യെ അനുകരിക്കാൻ ശ്രമിക്കുകയാണ്. ചരിത്രപാരമ്പര്യമുള്ള ഈ കോൺഗ്രസ് പാർട്ടി അതിലൊരു ദയനീയമായ 'സ്കെലിറ്റൻ' മാത്രമായി ഇപ്പോൾ നിൽക്കുകയാണ്. ബംഗാളിൽ സി.പി.ഐ.(എം)-ന് എന്ത് സംഭവിച്ചുവെന്ന് ചോദിച്ച ആളുകളോട് തിരിച്ച് ഞങ്ങൾ ചോദിക്കുന്നു, ഉത്തർപ്രദേശിൽ നിങ്ങളുടെ സ്ഥിതിയെന്താണ്? മഹാഭൂരിപക്ഷം സീറ്റുകളുണ്ടായിരുന്ന ഉത്തർപ്രദേശിൽ വളരെ ദയനീയമായ അവസ്ഥയിലല്ലേ കോൺഗ്രസ്; എങ്ങനെയാണ് കോൺഗ്രസ് അങ്ങനെ ചെന്നെത്തിയത്? കോൺഗ്രസ് മതനിരപേക്ഷ പാതയിൽനിന്നും വ്യതിചലിച്ച താണ് അതിനൊക്കെ കാരണം. ബാബറി മസ്ജിദ് തകർക്കുമ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി നരസിംഹറാവു ആയിരുന്നു. അദ്ദേഹം ബാബറി മസ്ജിദ് സംരക്ഷിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചില്ല. വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടി നഗ്നമായ പക്ഷപാതിത്വം സ്വീകരിച്ചതിന്റെ ഫലമായി ഒട്ടേറെ പ്രബലരായ ആളുകൾ കോൺഗ്രസ്സിൽനിന്നും പോയിട്ടുണ്ട്. അതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമുണ്ടോ? ശ്രീ. എൻ. ഡി. തിവാരി, ശ്രീമതി നജ്മ ഹെപ്തുള്ള, ശ്രീ. നാരായണ റാണെ, ശ്രീ. എസ്. എം. കൃഷ്ണ. ഇവരാരും ചില്ലറക്കാരല്ല. ശ്രീ. ചൗധരി ബീരേന്ദർ സിംഗ്, ശ്രീ. റാവു ഇന്ദ്രജിത്ത് സിംഗ്, ശ്രീമതി റീത്താ ബഹുഗുണ, ശ്രീ. ജഗദാംബിക പാൽ, ശ്രീ. വിജയ് ബഹുഗുണ, ശ്രീ. സത്യപാൽ മഹാരാജ്, ശ്രീ. ഹിമന്ത ബിശ്വ ശർമ്മ, ശ്രീ. ബൈരൺ സിംഗ്, കേരളത്തിൽ ശ്രീ. എസ്. കൃഷ്ണകുമാർ, ശ്രീ. ജി. രാമൻ നായർ, ശ്രീമതി പ്രമീളാ ദേവി എന്നിവർ. ശ്രീ. കെ. എസ്. രാധാകൃഷ്ണൻ അപ്പുറത്താണോ ഇപ്പുറത്താണോ എന്ന് പറയാൻ സാധിക്കില്ല. ഇത്തരത്തിൽ നേതാക്കൾ കാലുമാറി അപ്പുറത്ത് പോകുന്നു. കോൺഗ്രസ് അതിന്റെ നിലപാടിൽനിന്ന് വ്യതിചലിക്കുന്നു എന്നതാണ് അതിന് കാരണം. ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ വളരെ മാന്യമായി സംസാരിക്കുന്ന ആളാണ്. ഇന്നലെ ഞങ്ങളിത് പറഞ്ഞപ്പോൾ അദ്ദേഹം ബദലായി ചോദിച്ചത്, മിഠായി വാങ്ങിക്കൊടുത്ത് ഒരു കുട്ടിയെ ശ്രീ. ശ്രീധരൻ പിള്ള

കൊണ്ടുപോയില്ലേ എന്നാണ്. രാഷ്ട്രീയമായി ഉന്നയിക്കാവുന്ന ഏതെങ്കിലുമൊരു പ്രശ്നം ഉന്നയിക്കാൻ കഴിഞ്ഞോ? ശ്രീ. അൽഫോൺസ് കണ്ണന്താനത്തിന് സി.പി.ഐ.(എം.)-ഉം ആയി എന്താണ് ബന്ധം? അദ്ദേഹം സ്വതന്ത്രനായിരുന്നല്ലോ. ശ്രീ. വി. വിശ്വനാഥ മേനോൻ ഇപ്പോൾ ബി.ജെ.പി.-ക്കെതിരെ നിലപാടെടുത്ത് നിൽക്കുന്നൊരാളാണ്. പ്രഖ്യാപിതമായ നയങ്ങളിൽനിന്ന് പുറകോട്ട് പോയതിന്റെ ഗതികേട് കോൺഗ്രസ് പാർട്ടി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളത്തിൽ എടുക്കുന്ന നിലപാടെന്താണ്? ശബരിമല പ്രശ്നത്തിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ സുപ്രധാന വിധിയുമായി ബന്ധപ്പെട്ട് കോൺഗ്രസ് എടുത്ത നിലപാടെന്താണ്? എന്താണ് കോൺഗ്രസിന്റെ പ്രഖ്യാപിത നിലപാട്? ഇതൊരു ഹിസ്റ്റോറിക് വിധിയാണെന്നും ഞങ്ങൾ അതിനെ പിന്താങ്ങുന്നു എന്നുമാണ് എ.ഐ.സി.സി. ആദ്യം പറഞ്ഞത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നാം അംഗീകരിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ആദ്യം നടത്തിയ പത്രസമ്മേളനത്തിൽ പറയുകയു ണ്ടായി. പക്ഷേ പിന്നീടല്ലേ കാല് മാറിയത്. എന്തൊരു ലജ്ജാകരമായ പതനമാണ്. വിശ്വാസമാണ് പ്രധാനമെന്ന് പറയുമ്പോൾ ബഹുമതങ്ങളുള്ള ഒരു രാജ്യത്ത് വിശ്വാസങ്ങൾ തമ്മിലുള്ള തർക്കങ്ങൾ ആരാണ് പരിഹരിക്കേണ്ടത്? ഭരണഘടനയും ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അതിന്റെ ഭാഗമായ സുപ്രീംകോടതിയുമാണ്. ആ വിധിയല്ല പ്രശ്നം, വിശ്വാസമാണ് പ്രധാനമെന്ന് പറയുമ്പോൾ അയോധ്യ കേസിൽ എന്താണ് പറയുക? താന്ത്രും തിത്രും ആർ.എസ്.എസ്.-ന്റെ ജാഥയെ പിന്താങ്ങാൻ മുസ്ലീം ലീഗുകാർ പച്ചക്കൊടിയുമായി പോയല്ലോ. അപ്പോൾ അയോധ്യ കേസിൽ വിശ്വാസമാണ് പ്രധാനമെന്ന് പറയുമ്പോൾ നിങ്ങൾ എടുത്ത നിലപാട് എത്രമാത്രം വഞ്ചനാപരമായിരുന്നു എന്ന് ഇതെല്ലാം കാണിക്കുകയാണ്. നിങ്ങൾക്ക് കൃത്യമായ നിലപാടില്ലാത്തൊരു അവസ്ഥ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. മുസ്ലീം ലീഗുകാർ പച്ചക്കൊടിയുമായി പോയി ആർ.എസ്.എസ്.-ന്റെ ജാഥയെ പിന്താങ്ങി എന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. അത് വസ്തുതാപരമായി വിരുദ്ധമാണ്. രേഖകളിൽ കാണാൻ പാടില്ല.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.*

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 633/ഇ.ബി./2019/നി.സെ. തീയതി 30-1-2019) പ്രകാരം രേഖയിൽ നിലനിർത്തി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വിശ്വാസ സംരക്ഷണമെന്ന പേരിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ നടന്ന ജാഥയെ പച്ചക്കൊടിയുമേന്തി ലീഗുകാർ പിന്താങ്ങി എന്നുള്ളത് വസ്തുതയാണ്. പത്രങ്ങളിൽ ഫോട്ടോ വന്നതാണ്. അത് പിൻവലിക്കേണ്ട ഒരു കാര്യവും നിലനിൽക്കുന്നില്ല.

കോൺഗ്രസ് തങ്ങളുടെ നിലപാടിൽനിന്ന് പിന്നോട്ട് പോയതിന്റെ ഫലമായി അബദ്ധങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. ടി. പി. സെൻകുമാറിന്റെ വിഷയം വന്നപ്പോൾ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ശ്രീ. ടി. പി. സെൻകുമാർ വിഷയത്തിൽ ഗവൺമെന്റിനെതിരായി വലിയ തോതിൽ പ്രസംഗിച്ചയാളാണ്. ശ്രീ. ടി. പി. സെൻകുമാറിന്റെ ശക്തിയെ സംബന്ധിച്ച് ഇന്നലെ ഇവിടെ ഡോ. എം. കെ. മുനീർ പറഞ്ഞു. ശ്രീ. പി. ടി. എ. റഹീം ഈ ഗവൺമെന്റ് ശ്രീ. ടി. പി. സെൻകുമാറിനെ എതിർക്കുന്നതുമായി ബന്ധപ്പെട്ട് പറഞ്ഞപ്പോൾ ഡോ. എം. കെ. മുനീർ പറഞ്ഞത്, ശ്രീ. ടി. പി. സെൻകുമാർ ബാഹുബലിയെപ്പോലെ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. എത്രമാത്രം വസ്തുതാവിരുദ്ധമായ നിലപാട് പ്രതിപക്ഷം എടുക്കുന്നു എന്നതിന്റെ ഒന്നാമത്തെ തെളിവാണ് ശ്രീ. ടി. പി. സെൻകുമാർ വിഷയത്തിൽ സ്വീകരിച്ച നിലപാട്.

ഈ ഗവൺമെന്റ് സംസ്ഥാനത്തിന്റെ സാമൂഹിക വികസനത്തിനും ഐക്യത്തിനുംവേണ്ടി എടുക്കുന്ന നിലപാടിനെ ഈ നാട് വളരെ പ്രതീക്ഷാപൂർവ്വമാണ് ഉറ്റുനോക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചു തുടങ്ങിയതുതന്നെ ശ്രീ. രാഹുൽ ഗാന്ധി നടത്തിയ പരാമർശത്തെ കുറിച്ചാണ്. കേരളത്തിന്റെ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലുള്ള പുരോഗതി ഈ ഗവൺമെന്റിന്റെ നേട്ടമാണെന്ന് ആരെങ്കിലും അവകാശപ്പെടുമെന്ന് തോന്നുന്നില്ല. ഐക്യകേരളം രൂപീകരിക്കുന്നതിന് മുമ്പുണ്ടായ മുന്നേറ്റത്തിന്റെ ഭാഗമായിട്ടാണ് അതൊക്കെയുള്ളത്. സമയപരിമിതികൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല.

ഇന്നലെ ശ്രീ. രാഹുൽ ഗാന്ധി അത്തരമൊരു പരാമർശം നടത്താനുള്ള കാരണം, മുഹമ്മദ് അസീം എന്ന രണ്ട് കൈകളുമില്ലാത്തൊരു കുട്ടി വിദ്യാഭ്യാസത്തിനായി തൊട്ടടുത്ത് ഒരു വിദ്യാലയം ഇല്ലാത്ത സാഹചര്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തിയപ്പോഴാണ് ഈ ഗവൺമെന്റ് കാര്യമായൊന്നും ചെയ്യുന്നില്ലെന്നുള്ള രീതിയിലുള്ള പരാമർശമുണ്ടായത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എല്ലാ മാധ്യമങ്ങളും പ്രസ്തുത കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കോൺഗ്രസ് എടുത്തത് പിന്തിരിപ്പൻ നിലപാടാണെന്നാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത്. എനിക്ക് ബോധ്യപ്പെടേണ്ടൊരു കാര്യം, ശ്രീ. കെ. വി. അബ്ദുൾ ഖാദറായാലും ഇനി തുടർന്ന് സംസാരിക്കുന്നവരായാലും എപ്പോഴാണ് മാർക്സിസ്റ്റ് പാർട്ടിക്ക് ഇത് ബോധ്യം വന്നത് എന്നുള്ളതാണ്. ശബരിമലയെ സംബന്ധിച്ച് ഒരു പിന്തിരിപ്പൻ സമീപനം നടക്കുന്നു, അല്ലെങ്കിൽ ഇവിടത്തെ നവോത്ഥാനത്തിന് അത് എതിരാണെന്ന് എപ്പോഴാണ് സിപി.ഐ.(എം.)-ന് ബോധ്യമായത്? 1957-ലും 1967-ലും ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹം മുഖ്യമന്ത്രി മാത്രമല്ല, ഇന്ത്യ കണ്ട ഏറ്റവും പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റ് നേതാവുമായിരുന്നു. 1991-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പത്ത് വയസ്സിനും 50 വയസ്സിനും ഇടയിലുള്ള സ്ത്രീകൾ ശബരിമലയിൽ കയറാൻ പാടില്ലെന്ന ഉത്തരവ് കൊണ്ടുവന്നപ്പോൾ 'ചിന്ത'യിലോ, 'ദേശാഭിമാനി'യിലോ എവിടെയെങ്കിലും സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞോ? ഞാൻ ഓർക്കുകയാണ്, 1991-ൽ ഞാൻ ജില്ലാ കൗൺസിൽ സ്ഥാനാർത്ഥിയായിരിക്കുന്ന സമയത്ത് ഒരു സുപ്രഭാതത്തിൽ അദ്ദേഹം സദ്ദാം ഹുസൈന് പിന്തുണ പ്രഖ്യാപിക്കുന്നു എന്നൊരു പ്രസ്താവന വന്നു. അദ്ദേഹത്തിന് രാഷ്ട്രീയ താൽപര്യം ഉണ്ടായിരുന്നു. ഞാൻ അതിലേയ്ക്ക് വരുന്നില്ല. ഞാൻ പറഞ്ഞുവന്നത്, ആകാശത്തിന് കീഴിലുള്ള മുഴുവൻ കാര്യങ്ങളെക്കുറിച്ചും സംസാരിക്കുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്തുകൊണ്ട് ശബരിമലയിൽ സ്ത്രീകൾ കയറുന്നതിനെതിരായി ഹൈക്കോടതി വിധി വന്നപ്പോൾ ഒരക്ഷരം പറഞ്ഞില്ലെന്ന് നിങ്ങൾ ഞങ്ങളെ ബോധ്യപ്പെടുത്തണം.

ഇ. കെ. നായനാർ ഒന്നിലധികം തവണ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്ന ആളാണ്. സരസമായി എല്ലാ കാര്യങ്ങളും പറയുന്ന പ്രതിപക്ഷത്തുള്ളവരും അംഗീകരിക്കുന്നൊരു നേതാവായിരുന്നു. അദ്ദേഹം എപ്പോഴെങ്കിലും ഇങ്ങനെയൊരു അനാചാരം ഇവിടെ നടക്കുന്നുണ്ടെന്ന് പറഞ്ഞിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ ധാരാളം പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഞങ്ങൾ ഇതിനെതിരെ സമരം നടത്തുകയാണ്. നവോത്ഥാനം പൂർത്തീകരിക്കണമെങ്കിൽ ശബരിമലയിൽ സ്ത്രീകൾ കയറണമെന്ന് എപ്പോഴെങ്കിലും ഇ. കെ. നായനാർ പറഞ്ഞിട്ടുണ്ടെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്തും ഈ അനാചാരമുണ്ട്. എന്തുകൊണ്ട് അദ്ദേഹം പറഞ്ഞില്ല? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് മൂന്ന് തവണ സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന ആളാണ്.

ഈ അനാചാരം അന്നുമുണ്ടല്ലോ. ശബരിമലയിലെ ഈ അനാചാരം അവസാനിപ്പിക്കണമെന്നുള്ള പ്രമേയം അങ്ങ് എപ്പോഴെങ്കിലും സംസ്ഥാന കമ്മിറ്റിയിൽ പറഞ്ഞിട്ടുണ്ടോ; എന്താണ് പറയാതിരുന്നത്? ഞാൻ സൂചിപ്പിച്ചു വരുന്നത്, അതൊരു ആചാരത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയാൻ ഇ. എം. എസ്.-നും ഇ. കെ. നായനാർക്കും കഴിഞ്ഞിരുന്നു. ഇ. എം. എസ്.-ന്റെ ആത്മകഥ വായിച്ചാൽ അറിയാമല്ലോ. നമ്പൂതിരി സമുദായത്തിലെ വിധവാ വിവാഹത്തെക്കുറിച്ചും ബാല്യവിവാഹത്തെക്കുറിച്ചുമൊക്കെ ഉണ്ടായിരുന്ന പ്രയാസങ്ങൾ, അദ്ദേഹത്തിന്റെ കാഴ്ചപ്പാട് എഴുതിയിട്ടുമുണ്ട്. അങ്ങനെയുള്ള അദ്ദേഹം ഇതുവരെ എവിടെയും ശബരിമലയിലെ ഈ പ്രശ്നം പറഞ്ഞിട്ടില്ല. ഇനി പറയാനും പറ്റില്ലല്ലോ. അങ്ങനെ ഇ. എം. എസ്.-ന് തോന്നാത്ത ഒരു നവോത്ഥാനം ഇപ്പോഴെന്തേ തോന്നിയത് എന്നുള്ളത് ബോധ്യപ്പെടുത്തണമെന്നേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

കേരളത്തിലെ സ്ത്രീകളുടെ മുന്നേറ്റം സംബന്ധിച്ച് കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ അറിയാൻ സാധിക്കും. മാറുമറയ്ക്കൽ സമരം നടന്ന സംസ്ഥാനമാണ് കേരളം. ഇവിടെ സ്ത്രീകളുടെ മുന്നേറ്റത്തിനുവേണ്ടി ഇതിന് മുൻപും ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ട്. നമ്പൂതിരി സമുദായത്തിലെ ഘോഷാ ബഹിഷ്കരണം നടന്ന സംസ്ഥാനമാണ് കേരളം. സ്ത്രീകൾക്ക് അത്തരത്തിലുള്ള ഏതെല്ലാം തിരിച്ചടികളുണ്ടോ അതൊക്കെ കാലം നവോത്ഥാന മുന്നേറ്റങ്ങളിലൂടെ മാറ്റിയിട്ടുണ്ട്. പക്ഷേ എന്തുകൊണ്ട് ഇത് വന്നില്ല? വരാത്തത് മറ്റൊന്നും കൊണ്ടല്ല. ആ ആചാരം നിലനിൽക്കട്ടെ, സ്ത്രീകൾക്ക് അതുകൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുമില്ല. ഉണ്ടെങ്കിൽ ഘോഷാ ബഹിഷ്കരണം പോലെ, മാറുമറയ്ക്കൽ സമരം പോലെ ഒട്ടനവധി കാര്യങ്ങളിൽ പ്രക്ഷോഭം നടന്ന കേരളത്തിൽ ഇതും നടക്കുമായിരുന്നു. ഞാൻ സൂചിപ്പിച്ചുവരുന്നത്, ഇതിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി നടപ്പാക്കുന്നതിന് നിങ്ങൾ താൽപര്യം കാണിച്ചോളൂ. അത് നവോത്ഥാനവുമായി കൂട്ടിക്കെട്ടരുത്. അത് നവോത്ഥാനവുമായി കൂട്ടിക്കെട്ടുമ്പോൾ ഞങ്ങൾക്കതിനെ എതിർക്കേണ്ടി വരും. ഇപ്പോൾ എടുത്ത നിലപാടിന്റെ പേരിൽ കോൺഗ്രസ് 100 വർഷം പുറകിൽ പോയി എന്നുപറഞ്ഞാൽ, കോൺഗ്രസ് പുറകെ പോകുന്നതോടൊപ്പം ഇ. എം. എസ്.-ഉം ഇ. കെ. നായനാരും എന്തിന് ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയ വാളണ്ടിയർ ക്യാപ്റ്റനായിരുന്ന എ. കെ. ജി. ഉൾപ്പെടെയുള്ളവർ 100 വർഷം പുറകിൽ പോയെന്ന് മാർക്സിസ്റ്റുകാർക്ക് അംഗീകരിക്കേണ്ടിവരും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നവോത്ഥാനം നിങ്ങൾ മാറ്റിവയ്ക്കുക. വനിതാമതിലും വർഗ്ഗീയ മതിലും നിങ്ങൾ മാറ്റിവയ്ക്കുക. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി

വന്നു, ഞങ്ങളത് നടപ്പിലാക്കും, ഗവൺമെന്റിന്റെ ഇച്ഛാശക്തി അതാണെന്ന് നിങ്ങൾ പറഞ്ഞോളൂ. എന്തിനുവേണ്ടിയാണ് ഇത് പറയുന്നത്. അപ്പോൾ നവോത്ഥാനത്തിന്റെ മറവിൽ നിങ്ങൾക്കും ബി.ജെ.പി.ക്കും രാഷ്ട്രീയ കാഴ്ചപ്പാടുണ്ട്. ബി.ജെ.പി.-യുടെ കാഴ്ചപ്പാട് പറയേണ്ടതില്ലല്ലോ, ബി.ജെ.പി. സമരം നടത്തുകയാണ്, എവിടെയൊക്കയാണ് സമരം? റോഡിൽ സമരം, സന്നിധാനത്ത് സമരം, അയ്യപ്പജ്യോതി തുടങ്ങി എല്ലായിടത്തും സമരമാണ് ഇവിടെ ബി.ജെ.പി. എന്തിനാണ് ഈ സമരം നടത്തുന്നത്? ബി.ജെ.പി. പാവപ്പെട്ട ഹിന്ദുമത വിശ്വാസികളെ ഇങ്ങനെ സമരത്തിലേയ്ക്ക് നയിക്കേണ്ട കാര്യമുണ്ടോ? കൊല്ലത്ത് പ്രോഗ്രാം നടന്നപ്പോൾ മുഖ്യമന്ത്രിയുടെ ചടങ്ങിൽ ബി.ജെ.പി.-ക്കാർ കൂവി, ഞങ്ങൾ അതിനോടൊന്നും യോജിക്കുന്നില്ല. ആ കൂവുന്ന ഊർജ്ജമെടുത്ത് ഒരു നിയമം കൊണ്ടുവരാൻ അവർക്ക് പ്രധാനമന്ത്രിയോട് പറഞ്ഞുകൂടെ? ബി.ജെ.പി.-ക്കാരന് ഒരു നിയമം കൊണ്ടുവരാൻ ഇന്ന് വല്ല ബുദ്ധിമുട്ടുമുണ്ടോ? അത് ബി.ജെ.പി.-ക്കാരൻ ചെയ്യുകയില്ല. ബി.ജെ.പി.-ക്കാരന് രാഷ്ട്രീയ താല്പര്യങ്ങളാണ്. ഈ ഒരു കാര്യത്തിൽ ഞാൻ ഒരിക്കൽകൂടി പറയുന്നു, നവോത്ഥാനവും സ്ത്രീ മുന്നേറ്റവുമൊക്കെ വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടി കാണേണ്ട ഒന്നാണ്. ശബരിമല വിഷയത്തേയും വ്യത്യസ്തമായ തലത്തിൽനിന്നുകൊണ്ട് കാണേണ്ട ഒന്നാണ്.

ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, സംവരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ വ്യത്യസ്ത നിലപാടാണ് എനിക്കുള്ളത്. അതൊരു ചേരിതിരിവ് ഉണ്ടാക്കാനല്ല. വ്യത്യസ്ത അഭിപ്രായ വ്യത്യാസം-ജാതികൾ, സമൂഹങ്ങൾ, സമുദായങ്ങൾ തമ്മിലുണ്ടാക്കാനല്ല. സംവരണമെന്ന് പറയുന്നത്, ഒരു സാമൂഹ്യ മുന്നേറ്റത്തിനുള്ള ആയുധമാണ്. അതിന് നൂറ്റാണ്ടുകളുടെ സാമൂഹിക പശ്ചാത്തലമുണ്ട്. അതിന് അർഹമായ പങ്കാളിത്തം വേണം. അധികാര സ്ഥാനങ്ങളിലെ, ഉദ്യോഗസ്ഥതലങ്ങളിലെ പങ്കാളിത്തം; ഇതൊക്കെ എവിടെയൊക്കെ നിഷേധിക്കപ്പെട്ടോ അവിടെയുള്ളൊരു പങ്കാളിത്തമല്ലേ സംവരണം? ആ പങ്കാളിത്തം ഉണ്ടായിക്കഴിഞ്ഞാൽ സംവരണത്തിൽനിന്ന് പുറകോട്ട് പോകുകയാണ് വേണ്ടത്. ഓരോ ദിവസവും കൂടുതൽ സംവരണം കൊണ്ടുവരിക, അതിലൂടെ മുന്നോട്ട് പോകുക, മുഴുവൻ സംവരണം ആകുകയല്ല വേണ്ടത്. ഇവിടെ നമ്മുടെ മുമ്പിൽ ഒരു യാഥാർത്ഥ്യമുണ്ട് പിന്നോക്കാവസ്ഥ അനുഭവിച്ച ഒരു ജനതയുണ്ട്, വിദ്യാലയങ്ങളിൽ പോകാൻ കഴിയാത്ത ഒരു സമൂഹമുണ്ടായിരുന്നു. അവരുടെ പിന്നാക്കാവസ്ഥയിൽനിന്നും മാറിവരുന്നതിനു വേണ്ടി, അധികാര പങ്കാളിത്തം ഉണ്ടാക്കുന്നതിനുവേണ്ടി കൊണ്ടുവന്നതാണ് സംവരണം. അതിനെ മറ്റൊരു കാഴ്ചപ്പാടിലൂടെ കാണുമ്പോൾ വലിയ പ്രത്യാഘാതം നമ്മുടെ നാട്ടിലുണ്ടാകുമെന്നതിൽ സംശയമില്ല. സമയപരിമിതികൊണ്ടും മറ്റൊരു

സന്ദർഭത്തിൽ അക്കാര്യങ്ങൾ സംസാരിക്കാം എന്നുള്ളതുകൊണ്ടും ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും സംവരണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റെടുത്ത നടപടി ശരിയല്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കോൺഗ്രസ് ഇന്ന് ദേശീയ തലത്തിൽ, ഭരണഘടനയുടെ ആർട്ടിക്കിൾ 15, 16 എന്നിവയിൽ അമെന്റ്മെന്റ് കൊണ്ടുവന്നപ്പോൾ അതിനെ പിന്തുണച്ച നടപടിയിലും എന്റെ പാർട്ടിയെടുത്ത നടപടിയിലും എനിക്ക് വിയോജിപ്പുണ്ടെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയാണ്.

കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകം കരുതലുള്ള, അതുപോലെ ഭരണഘടനയെ സംരക്ഷിക്കുന്ന ഉത്തരവാദിത്വം മുൻനിർത്തിയുള്ള, പ്രളയാനന്തര കേരളത്തെ കെട്ടിപ്പടുക്കാനുള്ള ക്രിയാത്മകമായ നടപടികളിലേയ്ക്ക് വിരൽചൂണ്ടുന്ന ഒന്നാണ് ഗവർണറുടെ നയപ്രഖ്യാപനം. സ്ത്രീകൾ ശബരിമലയിൽ കയറണമെന്ന് പറഞ്ഞുകൊണ്ട് ഇ. എം. എസ്. അടക്കമുള്ള ഇടതുപക്ഷ നേതാക്കൾ എന്താണ് ലേഖനമെഴുതാതിരുന്നത്, പ്രമേയം പാസ്സാക്കാതിരുന്നത് എന്നൊക്കെ ചോദിക്കുന്നത് കേട്ടു. ലേഖനമെഴുതിയ ആളുകൾ, ഇപ്പോഴും സഭയിൽ ഇരിക്കുന്ന ബി.ജെ.പി.-യുടെ ഏക പ്രതിനിധി ഇവിടെയുണ്ട്. ലേഖനമെഴുതിയ ആളുകൾതന്നെ അതിൽനിന്നും മാറി. ആ അഭിപ്രായത്തോട് യോജിച്ചിരുന്ന ശ്രീ. രാഹുൽ ഗാന്ധിയെപ്പോലും ആ തീരുമാനത്തിൽനിന്നും മാറ്റിയെടുക്കാൻ ഇവിടത്തെ കോൺഗ്രസ്സിന് കഴിഞ്ഞു. ഞാൻ പറയുന്നത്, ശബരിമലയിലേയ്ക്ക് സ്ത്രീകളെ കയറ്റാനുള്ള റിക്രൂട്ട്മെന്റ് ഏജൻസിയല്ല എൽ.ഡി.എഫ്., എൽ.ഡി.എഫ്. എടുത്ത സ്റ്റാന്റെന്നുപറയുന്നത്, നമ്മുടെ രാജ്യത്തിന്റെ ഭരണഘടന വെല്ലുവിളിക്കപ്പെടുന്ന സമയത്ത്, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് പുറപ്പെടുവിച്ച, ഭരണഘടനയെ വ്യാഖ്യാനിച്ചുകൊണ്ട് പുറപ്പെടുവിച്ച വിധി, ആ വിധി നടപ്പിലാക്കുന്നത് ഭരണഘടനയെ സംരക്ഷിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ്. അതുകൊണ്ടാണ് ഞങ്ങൾ അതിനെ പിൻതുണച്ചത്. ഞങ്ങൾക്ക് അഭിപ്രായമുണ്ട്. പക്ഷെ നേരത്തെ പറഞ്ഞതുപോലെ ക്ഷേത്രത്തിലേയ്ക്ക് അല്ലെങ്കിൽ പള്ളികളിലേയ്ക്ക് ആളുകളെ കയറ്റാൻ വേണ്ടിയുള്ള റിക്രൂട്ട്മെന്റ് ഏജൻസിയല്ല ഞങ്ങൾ. ഭരണഘടനയെ സംരക്ഷിക്കുക എന്ന മഹത്തായ ഉത്തരവാദിത്വം ഈ കാലഘട്ടത്തിൽ ഏറ്റവും

പ്രധാനപ്പെട്ടതാണെന്ന് മനസ്സിലാക്കിക്കൊണ്ട്, ആ ഉത്തരവാദിത്വം നിറവേറ്റാൻ മാത്രമാണ് ശ്രമിച്ചിട്ടുള്ളത്. ഈ രാജ്യത്ത് നമ്മുടെ ഭരണഘടന വെല്ലുവിളിക്കപ്പെടുകയാണ്. ഈ രാജ്യത്തിന്റെ മതനിരപേക്ഷതയെ തകർക്കുന്ന തീരുമാനങ്ങൾ രാജ്യം ഭരിക്കുന്ന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ, നിങ്ങൾ ഇരു തോണിയിലും കാൽവച്ചുകൊണ്ട് ഭൂരിപക്ഷത്തിന്റെ അഭിപ്രായം ഇതായിരിക്കുമെന്ന് വിചാരിച്ചുകൊണ്ട് നിലപാടില്ലാതെ മാറിനിൽക്കുന്നത് കോൺഗ്രസ്സ് ഒലിച്ചുപോകുകയും തകർന്നടിയുകയും ചെയ്യുന്നതിന് ഇടയാക്കുമെന്ന് ഞാൻ ഈ സമയത്ത് പറയാൻ ആഗ്രഹിക്കുകയാണ്. പുതിയ സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ബിൽ പാർലമെന്റിൽ വരികയാണ്. രാജ്യത്ത് പൗരത്വം കൊടുക്കുന്നത് മതത്തിന്റെ അടിസ്ഥാനത്തിലാക്കിയിരിക്കുന്നു. അതിൽ തീരുമാനമെടുക്കുകയാണ്, പുറമേനിന്ന് വരുന്ന ആളുകൾ മുസ്ലീങ്ങളാണെങ്കിൽ അവർക്ക് പൗരത്വം കൊടുക്കേണ്ടതില്ലെന്ന് പാർലമെന്റ് ബിൽ പാസ്സാക്കുകയാണ്. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങൾ തകർക്കുകയാണ്. സുപ്രീംകോടതിയുടെ കൊളീജിയം സിസ്റ്റത്തെക്കുറിച്ച് നമുക്കറിയാം. ജഡ്ജിമാരെ തെരഞ്ഞെടുക്കുന്ന ഇൻഡിപെൻഡന്റായ സിസ്റ്റത്തെ തകർക്കാനുള്ള ശ്രമങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കണ്ടതാണ്. ഞങ്ങൾ അപകടത്തിലാണെന്ന് ചരിത്രത്തിൽ ആദ്യമായിട്ടാണ് നാല് സുപ്രീം കോടതി ജഡ്ജിമാർ പരസ്യമായി പറഞ്ഞത്. പാർലമെന്റിൽനിന്നും എക്സിക്യൂട്ടീവിൽനിന്നും നീതി ലഭിക്കാതെയാകുമ്പോൾ, ആളുകൾക്ക് അവസാന ആശ്രയമായിട്ടുള്ള സുപ്രീം കോടതിയുടെ, പരമോന്നതമായ ആ കോടതിയുടെ ജഡ്ജിമാരാണ് പറയുന്നത് ഈ രാജ്യത്ത് നീതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന്. അത് ഭരണഘടനയെ വെല്ലുവിളിക്കുകയല്ലേ? ഈ രാജ്യത്ത് തെരഞ്ഞെടുപ്പ് നടത്തുന്ന E.V.M. (Electronic Voting Machines) സിസ്റ്റത്തെപ്പോലും സംശയത്തോടെ കാണുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. മുത്തലാഖ് അടക്കമുള്ള ബില്ലുകൾ നിങ്ങൾ കണ്ടതാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ധ്രുവീകരിക്കാൻമാത്രം പാർലമെന്റിൽ ബില്ലുകൾ പാസ്സാക്കുന്ന രീതിയിലേയ്ക്ക് ഇന്ത്യയുടെ പാർലമെന്റ് മാറിയിരിക്കുകയാണ്. മുത്തലാഖ് ബിൽ കേവലം ഒരു മതവിഭാഗത്തെ മാത്രം ടാർജറ്റ് ചെയ്തുകൊണ്ടാണ്. മൂന്ന് തലാഖും ചൊല്ലിയെന്ന് പറഞ്ഞ് ഒരു എസ്.എം.എസ്. അയച്ച് ബന്ധം വേർപെടുത്തുന്നതിനെ ഞാനും ഒരിക്കലും അംഗീകരിക്കുന്നില്ല. പക്ഷെ ഒരു മതത്തെ മാത്രമായി ടാർജറ്റ് ചെയ്യുന്നത് ശരിയല്ല. ഏത് മതത്തിലെയും സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിക്കാൻ പൊതു നിയമമല്ലേ വേണ്ടത്? അതിനെന്തിനാണ് മുത്തലാഖ് ബിൽ എന്നുപറഞ്ഞ് കൊണ്ടുവന്നത്, ഒരു മതത്തെ ഇല്ലാതാക്കാൻ. അത് കൊണ്ടുവന്ന പാർലമെന്റിന്റെ

അധിപനായിട്ടുള്ള പ്രധാനമന്ത്രി സ്വന്തം ഭാര്യയെ ചെറുപ്രായത്തിൽ ഉപേക്ഷിച്ച്, ഭാര്യയ്ക്ക് ചെലവിനും കൊടുത്തിട്ടില്ല. ഇന്നുവരെ ആ ഭാര്യയെ റെക്കഗ്നൈസ് ചെയ്യാൻപോലും കഴിയാതെ, മൂന്നുതവണ മുഖ്യമന്ത്രിയാകുമ്പോഴും ആ ഭാര്യയുടെ പേര് എഴുതി വച്ചിട്ടില്ല. പ്രധാനമന്ത്രിയാകുമ്പോൾ ഏതെങ്കിലും തരത്തിൽ പ്രശ്നമുണ്ടാകുമെന്ന് കണ്ടപ്പോഴാണ് ഭാര്യയുടെ പേര് എഴുതിവച്ചത്. അങ്ങനെയുള്ളൊരു പ്രധാനമന്ത്രി രാജ്യം ഭരിക്കുമ്പോൾ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി ഇത്രയും വലിയ ആത്മാർത്ഥത അവർ കാണിക്കുമോ എന്നതിൽ എന്താണ് നമുക്ക് പറയാനുള്ളത്? ഇത്തരത്തിൽ നമ്മുടെ രാജ്യത്തിന്റെ ഭരണഘടന വെല്ലുവിളിക്കുന്ന ഈ സമയത്ത്, ആ ഭരണഘടനയെ സംരക്ഷിക്കൽ അനിവാര്യമായിട്ടുള്ള ഘടകമാണെന്നുള്ളതുകൊണ്ട് മാത്രമാണ് ശബരിമല വിഷയത്തിലാണെങ്കിലും ഭരണഘടനയെ സംരക്ഷിക്കുന്ന കാര്യത്തിൽ തെരുവുകളിൽ പോരാട്ടത്തിന്റെ കാര്യത്തിലാണെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ആത്മാർത്ഥതയോടുകൂടി പോരാടുന്നത്. ആരാണ് എവിടെയാണ് ഭൂരിപക്ഷം എന്നു നോക്കിയിട്ടല്ല. ഇന്ന് രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വത്തിന്റെ 71-ാമത്തെ വർഷമാണ്. ഇന്നത്തെ ദിവസം, നമുക്കറിയാം ഗാന്ധിജിയുടെ വാക്കുകൾ, 'Even if you have a minority of one, the truth is the truth'. നിങ്ങൾ യു.ഡി.എഫ്.-ഉം., ബി.ജെ.പി.-യും കൊടികളില്ലാതെ നാമജപത്തിന്റെ കൂടെ കൂടിക്കൊണ്ട് എല്ലാപേരും തിരിഞ്ഞാലും 'truth is truth', ഒരാളാണെങ്കിലും ആ ട്രൂത്തിനുവേണ്ടി തെരുവുകളിൽ പോരാടാൻ ഞങ്ങൾ തയ്യാറാണെന്ന സന്ദേശമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ നൽകുന്നത്. റിസർവ്വേഷന്റെ കാര്യത്തിൽ, ഈ രാജ്യത്ത് തൊഴിലില്ലായ്മ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഒരു കോടിയും രണ്ടുകോടിയും ഓരോവർഷവും തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞ്, വലിയ പ്രഖ്യാപനം നടത്തിയ പ്രധാനമന്ത്രിക്ക് അവസാനം നാലുവർഷം കഴിഞ്ഞ് അഞ്ചാം വർഷത്തിന്റെ അവസാന ഘട്ടത്തിൽ നിൽക്കുമ്പോൾ 10 ലക്ഷം തൊഴിൽ പോലും കൊടുക്കാൻ കഴിയാതെ വന്നപ്പോൾ, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ചെറുപ്പക്കാർ വലിയ രീതിയിലുള്ള സമരങ്ങളിലേയ്ക്ക് പോകുമ്പോൾ, അവരുടെ മനസ്സിൽ നിങ്ങളുടെ തൊഴിലില്ലായ്മക്ക് കാരണം റിസർവ്വേഷനാണെന്ന സന്ദേശം കൊടുത്തുകൊണ്ട്, അവരെ തെറ്റിദ്ധരിപ്പിക്കാൻ ഭരണഘടനപോലും തിരുത്തിക്കൊണ്ട്, 10 ശതമാനം മുന്നാക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്കുവേണ്ടി എന്നുപറഞ്ഞുകൊണ്ട് സംവരണം നടപ്പാക്കുകയാണ്. ഇതിന്റെ ഗുണം ആർക്കും ലഭിക്കാൻ പോകുന്നില്ല, കാരണം തൊഴിലില്ലായ്മ എല്ലാവരും അനുഭവിക്കുന്നതാണ്. പരമ്പരാഗത തൊഴിൽ നഷ്ടപ്പെട്ടതിന്റെ പേരിൽ ഉയർന്ന ജാതിയെന്ന് വിളിക്കപ്പെടുന്ന ആളുകളും ഉന്നത ജാതിയെന്ന് പറയുന്നവരും വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. എന്നാൽ അതിലേറെ

റിസർവ്വേഷൻ കാറ്റഗറിയിലുള്ള ആളുകൾ ആദിവാസികളും ദളിതരും പാവപ്പെട്ടവരും ബുദ്ധിമുട്ടുന്നുണ്ട്. അവരുടെ ജീവിതം മാറിപ്പോയിരിക്കുന്നു. ഇത് റിസർവ്വേഷൻകൊണ്ട് പരിഹരിക്കാൻ പറ്റുകയില്ല. ഇതിന് തൊഴിൽ നിർമ്മിക്കണം. ഇവിടെ പ്രധാനമന്ത്രി ആരാകണമെന്നൊക്കെ ചർച്ച വരുമ്പോൾ ശ്രീ. രാഹുൽ ഗാന്ധിയാണ് പ്രധാനമന്ത്രിയെന്ന രീതിയിൽ കോൺഗ്രസ് പറയുകയാണ്.

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്, ശ്രീ. മുഹമ്മദ് മുഹസിൻ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നിങ്ങളിൽ ആര് പ്രധാനമന്ത്രിയാകണമെന്ന് തീരുമാനിക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ശ്രീമതി മായാവതിയാണോ, ശ്രീ. രാഹുൽ ഗാന്ധിയാണോ എന്നതല്ല പ്രശ്നം. ഈ രാജ്യത്തിന്റെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും, അതിനുള്ള ഒരു പ്രോഗ്രാമാണ് ഇവിടെ ജനങ്ങളുടെ മുൻപിൽ വയ്ക്കേണ്ടതെന്നാണ് പറയാനുള്ളത്. വനിതാ സംരക്ഷണ സംവരണ ബിൽ നടപ്പിലാക്കുമെന്ന് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞു. ഞാൻ ചോദിക്കട്ടെ, ശ്രീ. രാഹുൽ ഗാന്ധി പുറകോട്ട് തിരിഞ്ഞു നോക്കിയിരുന്നെങ്കിൽ നാല് സ്ത്രീകൾപോലും ആ സ്റ്റേജിലുണ്ടായിരുന്നില്ല എന്നുള്ളത് മനസ്സിലാകുമായിരുന്നു. ആദ്യം കോൺഗ്രസ് പാർട്ടിയിൽ ആ സംവരണ ബിൽ നടപ്പിലാക്കി കാണിക്കണം. അതിനുശേഷം ഈ രാജ്യത്ത് നടപ്പാക്കിയാൽ എല്ലാപേർക്കും വിശ്വാസം വരും. അങ്ങനെ വിശ്വാസമാർജ്ജിച്ചു കൊണ്ട് ഈ രാജ്യത്തിന്റെ ജനാധിപത്യം വീണ്ടെടുക്കാൻ നമ്മൾ എല്ലാപേരും ഒന്നിച്ചു നിൽക്കണമെന്നാണ് പറയാനുള്ളത്. പൂർണ്ണമായും ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നില്ല. ബഹുമാനപ്പെട്ട ഗവർണർ പ്രസംഗിച്ച നയം അദ്ദേഹത്തിന്റെ അഭിപ്രായമല്ല, നേരെമറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമാണെന്നും ഗവൺമെന്റിന്റെ അഭിപ്രായങ്ങളും ആശയങ്ങളും ഗവർണർ പറയുകയാണെന്നും നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ടു തന്നെയാണ് അദ്ദേഹം ഇവിടെ നടത്തിയ പ്രസംഗവും റിപ്പബ്ലിക് ഡേ പരേഡിന്റെ സമയത്ത് ഗ്രൗണ്ടിൽ നടത്തിയ പ്രസംഗവും തമ്മിൽ വ്യത്യാസമുണ്ടായത്. ശ്രീ. നരേന്ദ്ര മോദിയെ പ്രശംസിച്ചുകൊണ്ടും കേരളത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചും അനുകൂലമായി അദ്ദേഹം അവിടെ സംസാരിച്ചിരുന്നു. സ്വാഭാവികമായും അതൊന്നും ഇവിടെ നടത്തിയ പ്രസംഗത്തിൽ കാണില്ല. ഇവിടെ ഗവൺമെന്റിന്റെ നയമാണ് അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ളത്. അതിലേയ്ക്കൊന്നും

ഞാൻ പോകുന്നില്ല. ഇവിടെ എല്ലാവരും പ്രധാനമായി ഉന്നയിക്കുന്നതും ചർച്ച ചെയ്യുന്നതും ശബരിമല ഇഷ്യൂ ആണ്. ഈ വിഷയത്തിന്റെ യഥാർത്ഥ ബാക്ക്ഗ്രൗണ്ട് ഇഷ്യൂ എന്താണ്? ശബരിമലയിലെ ആചാരങ്ങളും സമ്പ്രദായങ്ങളുമൊന്നും അറിയാത്ത 'ജന്റർ ജസ്റ്റിസ്'-ന്റെ കുറേയാളുകൾ ഡൽഹിയിലുണ്ട്. അവർ ശബരിമല കണ്ടിട്ടില്ല, അവിടെയുള്ള ആചാരം അറിയില്ല. വാസ്തവത്തിൽ അങ്ങനെയുള്ള കുറച്ചാളുകൾ 'ജന്റർ ജസ്റ്റിസ് ' -ന്റെ പേരിൽ... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ...

ശ്രീ. ഒ. രാജഗോപാൽ: സർ, സംരക്ഷണം വേണം, ആകെ ഒരാളെ സംസാരിക്കാനുള്ളൂ, എല്ലാവരും എതിർക്കുകയാണ്. അതിന്റെ കാര്യം പറയാനായി കുറച്ച് ക്ഷമ കാണിക്കണം. ഈ സാഹചര്യത്തിലാണ് 'ജന്റർ ജസ്റ്റിസ് ' ഇല്ലെന്ന പേരിൽ ചില ആളുകൾ കോടതിയിൽ കേസ് കൊടുത്തത്. ഇവിടെ പരമ്പരാഗതമായി നിലനിൽക്കുന്ന ഒരു ആചാരമാണെന്ന് അവർക്കറിയില്ല. കേരളത്തിലെ സ്ത്രീകളിൽ വിശ്വാസികളായ ആരെങ്കിലും ഞങ്ങൾക്ക് അവിടെ പോകണം....(ബഹളം)....

മി. സ്പീക്കർ: ദയവായി അദ്ദേഹം സംസാരിക്കട്ടെ... നിങ്ങൾ എന്തിനാണ് ബഹളമുണ്ടാക്കുന്നത്... നിങ്ങളുടെ സംസാര സമയത്ത് മറുപടി പറഞ്ഞാൽപ്പോരേ .....ഇത് ശരിയല്ല....അങ്ങ് സംസാരിക്കൂ...

ശ്രീ. ഒ. രാജഗോപാൽ: സർ, അപ്പോഴത്തെ സാഹചര്യത്തിൽ പറയാനുള്ള വ്യവസ്ഥ ഉണ്ടായിരുന്നില്ല. സ്ത്രീകളിൽ ചില പ്രായത്തിലുള്ളവർക്ക് അവിടെ പോകുന്നതിന് തടസ്സമുണ്ട് എന്നുള്ളത് ശരിയാണ്. അതൊരു പുതിയ ഏർപ്പാടല്ല, കാലങ്ങളായിട്ടുള്ളതാണ്, അത് അംഗീകരിച്ചിട്ടുള്ളതുമാണ്. കേരളത്തിലെ വിശ്വാസിയായ ഒരു സ്ത്രീ പോലും കോടതിവിധിയെ അനുകൂലിച്ച് വന്നിട്ടില്ല. വാസ്തവത്തിൽ ഈ ജഡ്ജ്മെന്റിനെതിരായി പ്രകടനം നടത്താൻ മുന്നോട്ടുവന്നത് കേരളത്തിലെ വിശ്വാസികളായ സ്ത്രീകളാണ്. ഞാനത് പന്തളത്ത് വച്ച് കണ്ടതാണ്. പാർട്ടി ഒരു സമരവും ഇക്കാര്യത്തിൽ നടത്തിയിട്ടില്ല. പോലീസ് വിവേചനം കാണിക്കാൻ പാടില്ല എന്നതാണ് പാർട്ടി നിലപാട്. നാമജപം നടത്തുന്ന വാളന്റിയർമാർ കലാപമുണ്ടാക്കുന്ന എന്നുപറയുന്നു. ആർക്കെതിരെ കലാപം? അവർ നാമജപം ചെയ്യുന്നു, ഇവിടെ നടക്കുന്ന അനീതിക്കെതിരെ വികാരം പ്രകടിപ്പിക്കുന്നു. അതിനെ കലാപമാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് ചിലയാളുകൾ പറഞ്ഞ അവസരത്തിൽ, അവിടെ സ്വാഭാവികമായും നാമജപം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

അവിടെ ഒരു കലാപവും ഉണ്ടായിട്ടില്ല. ആർക്കെതിരെയാണ് കലാപം, ഇതിന്റെ പേരിൽ ഇവിടെ വല്ല വർഗ്ഗീയ കലാപവുമുണ്ടായോ;മുസ്ലീം-ക്രിസ്ത്യൻ സഹോദരങ്ങൾക്ക് യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല. ബി.ജെ.പി.-യെയും ആചാരങ്ങളെയും ആക്ഷേപിക്കുന്ന, അവിശ്വാസികളായിട്ടുള്ള ആളുകൾ ഒരു വ്രതമായെടുത്ത് ചില കാര്യങ്ങൾ ചെയ്തു. ഇതൊന്നും വാസ്തവത്തിൽ സംരക്ഷണത്തിന്റെ പേരിൽ ചെയ്തതല്ല. പരമ്പരാഗതമായി രാജ്യം അംഗീകരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ വിശ്വാസപ്രമാണങ്ങളെ ചോദ്യം ചെയ്യാൻ ചില ആളുകൾ ശ്രമിക്കുന്നുണ്ടെന്നത് ശരിയാണ്. അവർക്ക് അതിനെപ്പറ്റി അറിയില്ല. അതുകൊണ്ടാണ് ഇ. എം. എസ്. നമ്പൂതിരിപ്പാടും ഇ. കെ. നായനാരുമടക്കമുള്ളവർ അവിടെ നിലനിൽക്കുന്ന ആചാരങ്ങളെ വിമർശിക്കാൻ തയ്യാറാകാതിരുന്നത്. കേരളത്തിൽനിന്നും ആരും അങ്ങനെ ചെയ്തിട്ടില്ല. മറ്റു ഭാഗത്തുനിന്നുള്ള ആളുകളാണ് അങ്ങനെ ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കോടതി എന്ത് വിധിച്ചാലും സ്വാഭാവികമായും അത് അംഗീകരിക്കാൻ നമ്മൾ തയ്യാറാണ്, അംഗീകരിക്കാതെ നിവൃത്തിയില്ല, അത് സാദ്ധ്യമാണ്. എന്നാൽ വിധി ഫൈനലായിട്ടില്ല. കോടതി വിധി വന്ന ഉടനെ അതിനെതിരെ 39 റിവ്യൂ പെറ്റീഷനുകൾ പോയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലും അതിന് തയ്യാറായി മുന്നോട്ട് വന്നെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടസ്സംനിന്നതുകൊണ്ട് അത് സാധിച്ചില്ല. കൊടുത്ത 39 റിവ്യൂ പെറ്റീഷനുകളും വിചാരണയ്ക്ക് വരാൻ പോകുകയാണ്.

മി. സ്പീക്കർ: പ്ലീസ്.... അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു, 2 മിനിട്ട് അധികം എടുത്തു. ഇനി കൺക്ലൂഡ് ചെയ്യൂ..

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതാണ് ഇവിടെയുള്ള ആചാരമെന്ന് ഞങ്ങൾ അറിഞ്ഞില്ലെന്നും ജന്റർ ഇൻജസ്റ്റിസിന്റെ കാര്യം മാത്രമാണ് നോക്കിയതെന്നുമാണ് ജഡ്ജ്മെന്റ് നടത്തിയവർതന്നെ പറയുന്നത്. അങ്ങനെയൊരു കാര്യത്തിൽ കലാപമുണ്ടാക്കാൻ പോകുകയാണെന്ന് വെറുതെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആരാണ് കലാപമുണ്ടാക്കുന്നത്; നാമം ജപിക്കുന്നത് കലാപമുണ്ടാക്കലാണോ? കലാപമുണ്ടാക്കിയെങ്കിൽ അങ്ങനെയുള്ള ആളുകളെ തെളിവുകൾ ശേഖരിച്ച് ശിക്ഷിക്കണം, അല്ലാതെ അസത്യം പ്രചരിപ്പിക്കുകയല്ല ചെയ്യേണ്ടത്. എന്നാൽ ഈ പറഞ്ഞ കാര്യത്തിൽ സർക്കാർ എഴുതിക്കൊടുത്തത് ബഹുമാനപ്പെട്ട ഗവർണർക്ക് പറയേണ്ടി വന്നുവെന്നല്ലാതെ അതിൽ യാതൊരു കാര്യവുമില്ല. കലാപമുണ്ടാക്കാൻ പോകുന്നുവെന്ന ദുർവ്യാഖ്യാനം അടിസ്ഥാനരഹിതമാണെന്നും കോടതിവിധിയെ മാനിക്കാൻ നമ്മൾ എല്ലാവരും ബാദ്ധ്യസ്ഥരാണെന്നുമുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കേരളത്തിന്റെ അടിസ്ഥാന മേഖല എന്നത് കാർഷിക മേഖലയാണെന്ന വലിയ തിരിച്ചറിവ് കേരള ജനതയ്ക്കുണ്ടായി. കാർഷിക മേഖലയെ പൂർണ്ണമായും അവഗണിക്കുന്ന നിലപാടാണ് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രതിഫലിച്ചിട്ടുള്ളത്. ഇതിൽ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. പ്രളയാനന്തര കേരളത്തെ പടുത്തുയർത്താൻ ഗവൺമെന്റ് നേതൃത്വം നൽകുന്ന ഈ കാലഘട്ടത്തിൽ ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ട കേരളത്തിന്റെ അടിസ്ഥാന മേഖലയാണ് കാർഷിക മേഖല. എന്തുകൊണ്ടാണ് ഗവൺമെന്റ് കാർഷിക മേഖലയ്ക്ക് ആ നിലയിലുള്ള പ്രാധാന്യം കൊടുക്കാത്തത്; കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കാതെ കേരളത്തിന് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? ഈ കാലഘട്ടത്തിൽ കേരളത്തിലെ കൃഷിക്കാർ പ്രതീക്ഷയോടുകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അനുകൂല നടപടികൾക്കുവേണ്ടി കാത്തുനിൽക്കുമ്പോൾ വേണ്ടത്ര പരിഗണന നൽകാത്ത നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കൃഷിയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ ഇന്ന് കേരളത്തിൽ നിലനിൽക്കുകയാണ്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം കൃഷി നശിച്ചവരുടെ സഹായത്തിന്റെ കാര്യമാണ്. ഇന്നത്തെ അടിയന്തര പ്രമേയത്തിൽ അത് വന്നിരുന്നു. കൃഷി നശിച്ചവരുടേതടക്കമുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യപ്പെട്ടതെങ്കിൽ ഇനി കേരളത്തിന്റെ കാർഷിക മേഖല പുനരുദ്ധരിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് കൃഷിക്കുമാത്രം ഒരു സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കേണ്ടതുണ്ട്. കൃഷിയുടെ ഓരോ മേഖലകളെയും ബന്ധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള പാക്കേജ് ആവിഷ്കരിച്ചെങ്കിൽ മാത്രമേ പ്രളയാനന്തര കേരള സൃഷ്ടിയിൽ കർഷകരെ ഗവൺമെന്റ് പരിഗണിച്ചുവെന്ന് പറയാൻ കഴിയുകയുള്ളൂ. അതിനുള്ള എന്തെങ്കിലും നടപടികൾ ഇവിടെ ഉണ്ടായിട്ടുണ്ടോ? നയപ്രഖ്യാപനത്തിൽ ഒന്നും ഉണ്ടായിട്ടില്ല. ഇവിടെ നിലവിലുള്ള ധാരാളം പ്രശ്നങ്ങളുണ്ട്, നിരവധിയായ ആവശ്യങ്ങൾ കർഷകർ ഉന്നയിക്കുന്നുണ്ട്. റബ്ബറിന്റെ വിഷയമെടുത്താൽ കൃഷി ചെയ്യാൻ കഴിയാത്ത പ്രതിസന്ധിയിലേയ്ക്ക് പോയിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണി ബഡ്ജറ്റിലൂടെ 150 രൂപയുടെ റബ്ബർ വിലസ്ഥിരതാ ഫണ്ട് കൊണ്ടുവന്നത് മാത്രമാണ് ആശ്വാസം. ആ പദ്ധതിയെപ്പോലും ഞെക്കിക്കൊല്ലുന്ന വിധത്തിലുള്ള സമീപനം ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. 150 രൂപയുടെ പദ്ധതിപോലും ഇപ്പോൾ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല എന്നതാണ് റബ്ബർകൃഷി മേഖലയുടെ അവസ്ഥ. ഞങ്ങളെല്ലാം എം.എൽ.എ.-മാർ എന്ന നിലയിലും പാർട്ടി എന്ന നിലയിലും കേരള കോൺഗ്രസ് തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും

കൃഷി വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കുമെല്ലാം സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ റബ്ബറിന്റെ അടിസ്ഥാനവില 200 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യമുന്നയിച്ചിരുന്നു. എന്നാൽ അത് വർദ്ധിപ്പിച്ചില്ല എന്നുമാത്രമല്ല, ഈ 150 രൂപപോലും കൊടുക്കാൻ താല്പര്യമെടുക്കാത്ത, റബ്ബർ വിലസ്ഥിരതാ പദ്ധതി തന്നെ ഇല്ലായ്മ ചെയ്യുന്നതിലേയ്ക്കും വിസ്മരിക്കപ്പെടുന്ന വിധത്തിലേയ്ക്കും നമ്മുടെ സംസ്ഥാനത്തെ കാര്യങ്ങൾ വരികയാണ്.

1.00 pm]

കാർഷികോല്പാദനം വർദ്ധിപ്പിക്കണം, നെൽകർഷകരെ കൂടുതലായി പരിഗണിക്കണം, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നെൽകൃഷി വ്യാപകമായി ചെയ്യണം എന്നിങ്ങനെയുള്ള നല്ല സന്ദേശങ്ങൾ ഗവൺമെന്റ് മുന്നോട്ട് വയ്ക്കുമ്പോൾ മൂന്നര വർഷമായി മുടങ്ങിക്കിടക്കുന്ന, നെൽക്കർഷകർക്ക് കൊടുക്കാനുള്ള ഉല്പാദന ബോണസ് കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് റവന്യൂ-കൃഷി വകുപ്പുമന്ത്രിമാർ നിയമസഭാംഗങ്ങൾക്ക് മറുപടി തന്നിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ നയ പ്രഖ്യാപനത്തിന് എന്തർത്ഥമാണുള്ളത്? ഈ രാജ്യത്തെ കർഷകനെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഡ്രസ് ചെയ്യാനും പരിഹരിക്കാനും കഴിയുന്നില്ലെങ്കിൽ, യാതൊരു നയവും വീക്ഷണവുമില്ലാത്ത ഗവൺമെന്റിനുവേണ്ടി കുറെയേറെ കാര്യങ്ങൾ വിശദീകരിക്കുന്ന ഒരു രേഖയെന്നതിനപ്പുറത്ത് കാര്യമായ പ്രയോജനം ചെയ്യാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുകയാണ്. എല്ലാ മേഖലകളേയും ബന്ധപ്പെടുത്തിക്കൊണ്ട് കൃഷി സംരക്ഷിക്കപ്പെടാനും കാർഷികോല്പാദനം വർദ്ധിപ്പിക്കാനും കഴിയുന്ന വിധത്തിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് ഗവൺമെന്റ് ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. കൃഷിയുടെ അനുബന്ധ മേഖലയായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സെക്ടറാണ് ക്ഷീരോല്പാദന മേഖല. പശുക്കൾ ചത്തുപോയതിന്റെ നഷ്ടംമൂലം ക്ഷീര-കാർഷികമേഖലയിൽ നില്ക്കാൻ കഴിയാത്തതും വെള്ളപ്പൊക്കത്തിന്റെ കെടുതിയിൽ വീടുകൾ പോയതുപോലെ തൊഴുത്തും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നശിച്ചു പോയിരിക്കുകയാണ്. ഇതെല്ലാം പുനരാവിഷ്കരിക്കണമെങ്കിൽ ഇവിടത്തെ സാധാരണക്കാരായ കർഷക കുടുംബങ്ങൾക്ക് മാത്രം കഴിയുകയില്ല. അതുകൊണ്ട് ക്ഷീരകർഷകരെ സഹായിക്കാൻ പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും ധനസഹായം കൊടുക്കണം. ഇത്തരം കാര്യങ്ങൾ ഒരു സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി മുൻഗണന നൽകിയാൽ മാത്രമേ അവരെ സഹായിക്കാൻ കഴിയുകയുള്ളൂ. പ്രളയക്കെടുതിയുടെ കാലഘട്ടത്തിൽ കർഷകരടക്കം

എടുത്തിരിക്കുന്ന വായ്പ എങ്ങനെ തിരിച്ചടയ്ക്കാൻ കഴിയും? വളരെ ഗൗരവമായ ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. എല്ലാ വായ്പകൾക്കും ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ടുള്ള ചീഫ് സെക്രട്ടറിയുടെ ഉത്തരവ് നിയമസഭാംഗങ്ങൾക്കെല്ലാം ലഭിച്ചു. ഇപ്പോൾ ബാങ്കുകളെടുക്കുന്ന നിലപാടെന്താണ്? ഗവൺമെന്റ് അങ്ങനെ പല ഉത്തരവുകളും ഇറക്കും, ഇതൊന്നും ഇവിടെ ബാധകമല്ലെന്നുപറഞ്ഞ് സഹകരണ-ദേശസാൽകൃത ബാങ്കുകൾ കർഷകർക്ക് ജപ്തി നോട്ടീസ് അയയ്ക്കുകയും എത്രയും പെട്ടെന്ന് പൈസ തിരിച്ചടച്ചില്ലെങ്കിൽ വീട് ജപ്തിചെയ്യുമെന്നുപറഞ്ഞ് അവരെ ഭീഷണിപ്പെടുത്തി പോലീസുമായി ചെല്ലുകയുമാണ്. അതിനുവേണ്ടി കോടതിയുടെ അനുവാദം വാങ്ങുകയാണ്. കോടതിയുടെ അനുവാദം കിട്ടിയാൽ ഉദ്യോഗസ്ഥർക്ക് ജപ്തിചെയ്യുകയേ മാർഗ്ഗമുള്ളൂ. ഈ സമയത്ത് ഇങ്ങനെ ജപ്തിനടപടിയിലേയ്ക്ക് പോയാൽ കർഷകരും മറ്റുള്ള ആളുകളും കേരളത്തിൽ എങ്ങനെ പിടിച്ചുനിൽക്കും? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിൽ ഗൗരവമായി ഇടപെടണം. ഗവൺമെന്റ് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നതിന്റെ പ്രയോജനം വായ്പ എടുത്തിരിക്കുന്ന എല്ലാവർക്കും ഉറപ്പുവരുത്തണം. സർക്കാരിന്റെ ഉത്തരവുണ്ടായിട്ടും ജപ്തിചെയ്യാൻ ബാങ്കുകൾ കാണിക്കുന്ന ജനവിരുദ്ധവും നിഷേധാത്മകവുമായ നിലപാട് തിരുത്തണം. ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചത് നടപ്പാക്കാനും കർഷകരുടെ വായ്പാ കാലാവധി നീട്ടിക്കൊടുക്കാനും കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തി കൃഷിക്കാരേയും സാധാരണ ജനങ്ങളേയും സഹായിക്കണം. അതിന് വിരുദ്ധമായ നിലപാട് നിലനില്ക്കുന്നതുകൊണ്ട് കേരള ജനത ആശങ്കയോടെയാണ് ഈ സാഹചര്യങ്ങളെ നോക്കിക്കാണുന്നത്. ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാൻ കഴിയാത്ത നിലയിലുള്ള സാഹചര്യങ്ങളാണ് ഈ നയപ്രഖ്യാപനത്തിലുള്ളത് എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. സത്യൻ]

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭരണഘടനാ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട്, ഒരു ജനാധിപത്യ സർക്കാർ എങ്ങനെയാണ് മുന്നോട്ട് പോകേണ്ടതെന്നുള്ളതിന്റെ ഗൃഹപാഠം നടത്തി ശക്തമായ നിലപാടുകളിൽക്കൂടി സമൂഹത്തിലെ ജനവിഭാഗങ്ങളെയും കേരളത്തിന്റെ അടിസ്ഥാന വികസനത്തേയും ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഗവർണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം

അദ്ദേഹത്തിന്റേതല്ലെന്ന് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് അതിലൂടെ വന്നിട്ടുള്ളത്. അതിൽ ഒട്ടേറെ കാര്യങ്ങൾ പറഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ സമാനതകളില്ലാത്ത മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. യുദ്ധകാലാടിസ്ഥാനത്തിലുള്ള വർക്കുകളും പൊളിഞ്ഞുപോകാത്ത റോഡുകളും നിർമ്മിച്ചുകൊണ്ടുള്ള ഒരു പുതിയ നയമാണ് സ്വീകരിച്ചിരിക്കുന്നത്. ഇവിടെ ഒന്നും നടന്നിട്ടില്ലെന്ന് പ്രതിപക്ഷത്തിരിക്കുന്നവരൊക്കെ പറയുന്നത് കേട്ടു. കണ്ണുതുറന്ന് നോക്കിയാലേ കാണാൻ കഴിയുകയുള്ളൂ. കണ്ണടച്ചിരുന്നാൽ ഒന്നും കാണാൻ കഴിയില്ല. കണ്ണടച്ച് ഇരുട്ടാക്കുമെന്ന് പറയുന്നതുപോലെയാണ് ഇവരൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നത്. 2017 ജനുവരി മാസം 10-ാം തീയതിയാണ് ഏനാത്ത് പാലം തകർന്നത്. അത് കേരളമാകെ ശ്രദ്ധിച്ചതാണ്. ആറ് മാസത്തിനുള്ളിൽ ആ പാലം പുനർനിർമ്മിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്ത സർക്കാരാണിത്. BM&BC - യിൽ ചെയ്ത റോഡുകൾ. നാട്ടിലാകെ വളരെയധികം മാറ്റമാണുണ്ടായിട്ടുള്ളത്. ജലസംരക്ഷണവും കാർഷികമേഖലയും മെച്ചപ്പെടുത്തി ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരട്ടാറടക്കമുള്ള കാര്യങ്ങൾ ഇവിടെ എപ്പോഴും ചർച്ചചെയ്യുന്നതാണ്. കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ 17 കിലോമീറ്റർ വരുന്ന പാണ്ടിവയൽതോട് 8-ാം തീയതി ബഹുമാനപ്പെട്ട മന്ത്രികൂടി പങ്കെടുത്ത് ഒറ്റ ദിവസംകൊണ്ട് പുനരുദ്ധരിച്ച് 15 ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തു. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിലും ജലസംരക്ഷണ പ്രവർത്തനങ്ങളിലും കുടിവെള്ള വിതരണത്തിലും മനുഷ്യസാധ്യമായിട്ടുള്ള എല്ലാകാര്യങ്ങളും ചെയ്തുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ആരോഗ്യ മേഖലയെക്കുറിച്ച് എന്തെങ്കിലും പോരായ്മകൾ നിങ്ങൾക്ക് പറയാൻ കഴിയുമോ? ആരോഗ്യ മേഖലയിൽ ഓരോ ആശുപത്രികൾക്കും എന്തെല്ലാം സൗകര്യങ്ങളാണുണ്ടാക്കിയിട്ടുള്ളത്. ഒന്നും ചെയ്യുന്നില്ലെന്ന് നിങ്ങൾക്ക് ഹൃദയത്തിൽ തട്ടി പറയാൻ കഴിയുമോ? കഴിഞ്ഞകാലങ്ങളെ അപേക്ഷിച്ച് വലിയ മാറ്റമാണുണ്ടായിരിക്കുന്നത്. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാകെയർ സൗകര്യം സജ്ജമാക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ ഡയാലിസിസ് യൂണിറ്റ് അനുവദിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ഇപ്പോഴത്തെ സർക്കാരാണ് അത് അനുവദിച്ചത്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞു. കാട് കയറിക്കിടന്ന കൊട്ടാരക്കര സിവിൽ സ്റ്റേഷൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി യുദ്ധകാലാടിസ്ഥാനത്തിൽ അതിന്റെ ഒന്നാംഘട്ടം തീർത്തു.

രണ്ടാം ഘട്ടത്തിന്റെ വാർപ്പ് കഴിഞ്ഞു. ഇതുപോലെയാണ് ഓരോ കാര്യവും. സ്ഥലത്തിന് അംഗീകാരം തന്നുവെന്നതല്ലാതെ ഒരു പണിയും തുടങ്ങിയിട്ടില്ലായിരുന്നു. കേരളത്തിലെ തൊഴിലന്വേഷകരെ സഹായിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

ഈ സർക്കാർ വന്നതിനുശേഷം സ്കിൽ പാർക്കിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചു. 2017 ജനുവരി മാസം 4-ാം തീയതി ആരംഭിച്ച ഏറ്റവും ബൃഹത്തായ അന്താരാഷ്ട്ര നിലവാരത്തിലുള്ള അസാപ്- ന്റെ സ്കിൽ പാർക്കിന്റെ പണി പൂർത്തീകരിച്ച് ഫെബ്രുവരി മാസം 2-ാം തീയതി ജനങ്ങൾക്കായി തുറന്നു കൊടുക്കുകയാണ്. ഈ ഗവൺമെന്റ് തൊഴിൽ അന്വേഷകരെ സഹായിക്കുകയല്ലേ; അത് കാണാതിരിക്കാൻ കഴിയുമോ; യുദ്ധകാലാടി സ്ഥാനത്തിലാണ് ഓരോ കാര്യങ്ങളും ചെയ്തുപോകുന്നത്.

സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സുരക്ഷ ഒരുക്കുന്നതിലും അവർക്കെതിരായി വരുന്ന പ്രശ്നങ്ങളിൽ കേസെടുക്കുന്നതിലുമെല്ലാം എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വൈദ്യുതി മേഖലയിൽ പവർ കട്ടും ലോഡ് ഷെഡിംഗും ഇല്ലാത്ത സംവിധാനമാണ് ഇവിടെയുള്ളത്. രണ്ടുവർഷമായി ഇതൊന്നും ഉണ്ടായിട്ടില്ല. സൗരോർജ്ജം ഉൾപ്പെടെ 132 മെഗാവാട്ട് വൈദ്യുതി പുതുതായി ഉല്പാദിപ്പിക്കാനും പ്രസരണ- ശൃഖല മേഖല ശക്തിപ്പെടുത്താനും കഴിഞ്ഞു. മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികളുടെ പണി വളരെ വേഗത്തിൽ കൊണ്ടുപോകാൻ കഴിഞ്ഞു. ഉപഭോക്താക്കൾക്ക് വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരവധി സേവനങ്ങൾ ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ പതിനൊന്ന് മേഖലയിൽ ഒന്നാമതായി വന്നിട്ടുണ്ട്. ബി.ജെ.പി. ഗവൺമെന്റിനുപോലും ഈ അംഗീകാരം തരേണ്ടിവന്നത് നല്ല നിലയിലുള്ള പ്രവർത്തനം ഉള്ളതുകൊണ്ടല്ലേ. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സമാനതകളില്ലാത്ത മാറ്റങ്ങളാണ് വിദ്യാഭ്യാസ മേഖലയിലുണ്ടാക്കുന്നത്. രക്ഷകർത്താക്കളുടെ പോക്കറ്റ് ചോരാതെ താഴെത്തട്ടുമുതൽ മുകളറ്റംവരെ മികച്ച വിദ്യാഭ്യാസം കിട്ടുന്നുവെന്നുള്ളതാണ് അതുകൊണ്ടുള്ള ഗുണം. ഭാരിച്ച ഫീസ് കൊടുത്ത് സ്വാശ്രയ സ്കൂളുകളിൽ പഠിക്കുന്നവർക്ക് അതെല്ലാം ഒഴിവാക്കി, ജനങ്ങൾക്ക് ആശ്വാസകരമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ സ്ഥലത്തുമുള്ള സ്കൂളുകൾ പരിശോധിച്ചാൽ വളരെ ക്വാളിറ്റിയുള്ള വിദ്യാഭ്യാസമാണ് എൽ.കെ.ജി. മുതലുള്ള ഗവൺമെന്റ് സ്കൂളുകളിൽ കൊടുക്കുന്നതെന്ന് കാണാൻ കഴിയും. മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ

ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയപ്പോൾ ജനങ്ങളുടെ പോക്കറ്റാണ് ചോരാതെ വന്നിട്ടുള്ളത്. നല്ല നിലയ്ക്കുള്ള സഹായമാണ് ലഭിക്കുന്നത്. ഇതൊന്നും കാണാതെ പോകാൻ കഴിയുമോ; ഇത് ജനങ്ങളെ സഹായിക്കുകയല്ലേ? ഈ സർക്കാരിന്റെ തുടക്കം മുതൽ പാവങ്ങളുടേയും സാധാരണക്കാരുടേയും ഒപ്പംനിന്നുകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം ഉൾപ്പെടെ ചെയ്യുമ്പോഴാണ് ഇവിടെ ഓഖി ദുരന്തം വന്നത്. അതിനെയും ഈ സർക്കാർ അതിജീവിച്ചു. അതുകഴിഞ്ഞ് സംസ്ഥാന സർക്കാരിന്റെ നികുതിപിരിക്കാനുള്ള അവകാശംപോലും എടുത്തുകളഞ്ഞുകൊണ്ട് ജി.എസ്.ടി. കൊണ്ടുവന്നു. അപ്പോഴും ഈ സർക്കാർ അതിജീവിച്ചു. ഈ അവസരത്തിലാണ് കേരളത്തിലെ മുഴുവൻ ജനങ്ങളെയും പ്രയാസത്തിലാക്കിക്കൊണ്ട് വലിയ പ്രളയം വന്നത്. അപ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യം, സുഖമില്ലാതിരുന്നിട്ടുപോലും (ഇവിടെ പറയുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല) സ്വന്തം കാര്യം മാറ്റിവച്ചിട്ട് ജനങ്ങളെ സഹായിക്കാൻ ഒരു മുഖ്യമന്ത്രിയുണ്ടായിരുന്നു. തോരാതെ പെയ്യുന്ന മഴ വന്നപ്പോൾ എങ്ങനെയാണ് മുന്നോട്ടുപോകുന്നത്; എന്താണ് ഇവിടെ സംഭവിക്കാൻ പോകുന്നത് എന്ന ആശങ്കയോടും വലിയ പ്രയാസത്തോടും ഇരിക്കുമ്പോൾ ധൈര്യമായിരിക്കൂ, നമ്മൾ അതിജീവിക്കുമെന്ന് പറയാൻ ഒരു മുഖ്യമന്ത്രി ഇവിടെയുണ്ടായിരുന്നു. മുഖ്യമന്ത്രിയെ പുകഴ്ത്താനല്ല ഇത് പറയുന്നത്. മന്ത്രിസഭ ഒന്നാകെനിന്നു, ഉദ്യോഗസ്ഥരെ ഒന്നാകെ നിർത്തി, കേരളത്തിലെ സമസ്തവിഭാഗം ജനങ്ങളേയും ജാതിമത ഭേദമെന്യേ ഒരുമിപ്പിച്ചുകൊണ്ട് ബോധശ്രദ്ധയെ ആകർഷിച്ച ഒരു പ്രവർത്തനം നടത്താൻ തന്റേടവും ഇച്ഛാശക്തിയുമുള്ള ഒരു ഗവൺമെന്റും അതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയും കൂടെനിൽക്കുന്ന മന്ത്രിമാരും ഉണ്ടായതുകൊണ്ടല്ലേ ഈ പ്രവർത്തനങ്ങളെല്ലാം നടത്താൻ സാധിച്ചത്. ആ കൂട്ടായ്മ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള നടപടികളല്ലേ പിന്നീട് സ്വീകരിച്ചത്?സെപ്റ്റംബർ 28-ാം തീയതി സുപ്രീംകോടതി വിധി വന്നു. ബഹുമാനപ്പെട്ട ഒരംഗം അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ശബരിമല വിഷയം സംസാരിക്കണമെന്ന് ഞാൻ വിചാരിച്ചതല്ല. പക്ഷേ, ഇവിടെ പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് സംസാരിക്കാതിരിക്കാൻ നിവൃത്തിയില്ല. ഞാനൊരു വിശ്വാസിയാണെന്ന് പറയുന്നതിൽ എനിക്ക് ഒരു വിഷമവുമില്ല. അന്ധവിശ്വാസം അശേഷമില്ലെന്നുള്ളത് ഒരു സംശയവുമില്ലാത്ത കാര്യമാണ്. നായനാരോ ഇ.എം.എസ്.-ഓ മറ്റാരെങ്കിലുമോ 1991-ലെ വിധിക്കെതിരായി എന്തെങ്കിലും പറഞ്ഞോ എന്നാണ് അദ്ദേഹം ഇവിടെ ചോദിച്ചത്. 2018-ൽ ഈ വിധി വരുന്നതുവരെയും ആരും ഒന്നും പറഞ്ഞില്ല. ശബരിമലയിൽ കയറണമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയോ ഈ

ഗവൺമെന്റോ പറഞ്ഞില്ല. പരമോന്നത കോടതിയായ സുപ്രീംകോടതിയിൽ ഈ വിഷയങ്ങളെല്ലാം ചർച്ച ചെയ്തു. തന്ത്രി കക്ഷിയായിരുന്നു. സുപ്രീംകോടതിയിലെ എല്ലാ വിഭാഗത്തിന്റെയും വാദം കേട്ടിട്ടാണ് ഭരണഘടനാ ബെഞ്ച് ഒരു തീരുമാനമെടുത്തത്. അതിന്മേൽ ഇവരെല്ലാം ചേർന്ന് മറ്റൊരു റിവ്യൂ ഹർജി കൊടുത്തപ്പോൾ വിയോജിപ്പ് പ്രകടിപ്പിച്ച ജസ്റ്റിസ് ഇന്ദു മൽഹോത്രപോലും സ്റ്റേ കൊടുക്കണമെന്ന് പറഞ്ഞില്ലെന്നുവച്ചാൽ അതിന്റെ അർത്ഥമെന്താണ്? ഒരു വക്കീലായ എനിക്ക് ഇതേ മനസ്സിലാക്കാൻ കഴിയുന്നുള്ളൂ. തീർച്ചയായും ഒരു സ്റ്റേ വേണ്ട. എന്തുകൊണ്ട് ആ ജഡ്ജിപോലും ഒരു സ്റ്റേ കൊടുക്കണമെന്ന് പറഞ്ഞില്ല? സ്റ്റേ ഇല്ലെന്ന് എടുത്തുപറഞ്ഞുകൊണ്ടാണ് ആ വിധി വന്നിട്ടുള്ളതെന്ന് ആലോചിക്കണം. തീർച്ചയായും സ്ത്രീകളെ ഇത്രയേറെ ആക്ഷേപിച്ച ഒരു കാലമുണ്ടായിട്ടുണ്ടോയെന്ന് ചിന്തിച്ച് നോക്കൂ. നിങ്ങൾക്കെല്ലാം അമ്മയും പെങ്ങന്മാരുമുള്ളതല്ലേ? ഇത് അനുവദിക്കാൻ കഴിയുമോ? സ്ത്രീയുടെ ജൈവികമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് പത്തിനും അമ്പതിനുമിടയ്ക്ക് പ്രായമുള്ളവർക്ക് ഇതെല്ലാം തീർന്നുവെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? പത്ത് വയസ്സിനുമുമ്പ് ഇതൊന്നുമില്ലെന്നാണോ; അതോ അമ്പത് വയസ്സ് കഴിഞ്ഞാൽ തീർന്നെന്നാണോ; പുരുഷന്മാർക്കുമില്ലേ ജൈവികമായ കാര്യങ്ങൾ; എന്തുകൊണ്ടാണ് സ്ത്രീയെ മാത്രം മാറ്റിനിർത്തുന്നത്? എത്രയോ സ്ത്രീകൾ അവിടെ പോയിട്ടുണ്ട്. വല്ലതും സംഭവിച്ചോ? ഈശ്വരൻ എല്ലാത്തിലും വലുതാണെന്നല്ലേ നിങ്ങളൊക്കെ വിചാരിക്കുന്നത്. വിശ്വാസികളാണെങ്കിൽ ഓർക്കണം, ഭഗവാന് സ്ത്രീയും പുരുഷനും എന്നുള്ള വ്യത്യാസമില്ല. ഏത് പ്രായമായാലും ഒരുപോലെയാണ്. അവിടെ എത്രയോ പേർ പോയിട്ടുണ്ടെന്ന് നമുക്കെല്ലാമറിയാം. ഒന്നും സംഭവിച്ചില്ലല്ലോ. ഭഗവാന് അങ്ങനെ ഇഷ്ടമല്ലായിരുന്നെങ്കിൽ ആരും അവിടെ കയറില്ലല്ലോ. അതിനൊന്നും ഒരു സംശയവും വേണ്ട. ബി.ജെ.പി.-യും കോൺഗ്രസു മുൾപ്പെടെയുള്ളവർ പറഞ്ഞതെല്ലാം ദൃശ്യമാധ്യമങ്ങൾ വീണ്ടും കാണിക്കുന്നുണ്ട്. എങ്ങനെയാണ് ലജ്ജയില്ലാതെ നാല് വോട്ടിനുവേണ്ടി ഈ നിലപാട് മാറ്റുന്നത്? അന്നും കേരളത്തിന്റെ മുഖ്യമന്ത്രിയും മന്ത്രിമാരും ഞങ്ങളും നമ്മുടെ നിലപാട് ശരിയാണെന്ന് സത്യസന്ധമായും നീതിയോടെയും ചങ്കൂറ്റത്തോടെയും പറഞ്ഞു. അതുകൊണ്ട് ഒരു കാരണവശാലും ഈ കാര്യങ്ങൾ അംഗീകരിക്കുന്നില്ല. നിങ്ങൾ ഓർത്തോളൂ, ഈ നാട്ടിലെ സ്ത്രീകളെല്ലാം ഇക്കാര്യങ്ങൾ എണ്ണിവച്ചിട്ടുണ്ട്. കുറേ സ്ത്രീകൾ വന്നുവെന്നുപറഞ്ഞ് അവരെ പേടിപ്പിച്ച് കൊണ്ടുവന്നു. അവിടെ ആരും കയറാത്തതെന്താ; പേടിച്ചിട്ട് പോകാൻ പറ്റുമോ? നാമജപം എന്നുപറയുന്നത് ഭക്തിയോടെ ജപിക്കേണ്ടതാണ്. ശരണമന്ത്രം ജപിക്കേണ്ടതും സ്വാമി ശരണം പറയേണ്ടതും വഴക്കുണ്ടാക്കാനും നാടുനീളെ പോകാനുമല്ല.

മി. ചെയർമാൻ: യെസ്... പ്ലീസ് കൺക്ലൂഡ്.... സമയം കഴിഞ്ഞു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ശബരിമല കയറുന്ന സ്ത്രീകളെ അടിച്ചോടിക്കുന്ന, ഇത്ര കാടത്തമുള്ള ഒരു സംസ്ഥാനമായി കേരളം മാറിയെന്നുള്ളത് ലോകം മുഴുവൻ കാണുകയല്ലേ. ഇത് തീർച്ചയായും നിങ്ങളെ തിരിച്ചടിക്കും. അതിൽ യാതൊരു സംശയവുമില്ല. സ്ത്രീകളും ചെറുപ്പക്കാരും ഇതെല്ലാം മനസ്സിൽ വച്ചിട്ടുണ്ടെന്ന് നിങ്ങൾ ഓർക്കുക. വോട്ടിനുവേണ്ടി ഇങ്ങനെ ഒരു നിലപാട് എടുക്കുന്നത് ഒരിക്കലും ശരിയല്ല. പ്രായഭേദമെന്യേ പ്രവേശനം കൊടുക്കണമെന്ന് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ പോലും 1999-ൽ പറഞ്ഞത് പത്രത്തിൽ കണ്ടതാണ്.

<u>മി. ചെയർമാൻ:</u> യെസ്... പ്ലീസ് കൺക്ലൂഡ് . . . സമയം കഴിഞ്ഞു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, സ്ത്രീകളെ മാറ്റിനിർത്തണമെന്ന് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും ധാരാളം ആളുകൾ പറയുന്നുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളൊക്കെ ഈ നാട്ടിലെ ജനങ്ങൾ കണ്ണുതുറന്ന് കാണും. ജനങ്ങളാണ് വലുത്. ഞങ്ങൾ അതാണ് വിശ്വസിക്കുന്നത്. അവർ ഇതെല്ലാം കണ്ടുകൊണ്ട് പ്രതികരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. 1937-ൽ, കേരളത്തിലെ ആദ്യ സർവ്വകലാശാലയായ തിരുവിതാംകൂർ സർവ്വകലാശാലയിൽ ശാസ്ത്രപ്രതിഭയായ ആൽബർട്ട് ഐൻസ്റ്റീനെ വൈസ് ചാൻസലറാക്കാനായി ക്ഷണിച്ചു. ആറായിരം രൂപയാണ് ശമ്പളം നിശ്ചയിച്ചത്. അന്നത്തെ ദിവാൻ സർ സി.പി.-ക്ക് നാലായിരം രൂപയായിരുന്നു ശമ്പളമുണ്ടായിരുന്നത്. അതിനേക്കാൾ വലിയ ശമ്പളം കൊടുത്ത് ആൽബർട്ട് ഐൻസ്റ്റീൻ എന്ന ശാസ്ത്രജ്ഞനെ നമ്മുടെ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കാൻ ക്ഷണിച്ച പാരമ്പര്യമുള്ള ഒരു രാജ്യമാണ് നമ്മുടേത്. അദ്ദേഹം അത് നിരസിച്ചെങ്കിൽപ്പോലും നമുക്ക് അങ്ങനെ പ്രതിഭകളെ കണ്ടെത്താനും അവരെ സ്വീകരിക്കാനുമൊക്കെയുള്ള വിശാല മനഃസ്ഥിതിയുണ്ടായിരുന്നു. അതൊരു ചരിത്രമായി ഇന്ന് അവശേഷിക്കുകയാണ്. അതിനുശേഷം അങ്ങനെ ഒരു നിയമനമുണ്ടായത് അടുത്തകാലത്താണ്. അതിന് ഇന്റർവ്യൂ, ചട്ടങ്ങൾ ഒന്നുമുണ്ടായിട്ടില്ല. എല്ലാ ചട്ടങ്ങളും മറികടന്ന് ശ്രീ. കെ. ടി. ആദിബ് എന്നയാളെ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ജനറൽ മാനേജരായി നിയമിച്ചു. അതും ഒരു ചരിത്രമായി നിലനിൽക്കുകയാണ്. പ്രസ്തുത നിയമനം പ്രശ്നമായപ്പോൾ 'എനിക്ക് ആത്മാഭിമാനമുള്ളതുകൊണ്ട് ഞാൻ രാജിവച്ചുപോകുകയാണ് ' എന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ, നിയമിച്ച മന്ത്രിക്ക് ആത്മാഭിമാനമില്ലാത്തതുകൊണ്ട് അദ്ദേഹം ഇപ്പോഴും ആ സ്ഥാനത്ത് തുടരുകയാണെന്നുള്ളത് വിരോധാഭാസമാണ്.

ഖണ്ഡിക 28-ൽ 'ഗോത്രബന്ധു' സ്കീം നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 'ഗോത്രബന്ധു സ്കീം' നടപ്പിലാക്കിയില്ലെങ്കിലും മന്ത്രിബന്ധു സ്കീം വളരെ ഭംഗിയായി നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ നവോത്ഥാനത്തിന്റെ കാലഘട്ടമാണല്ലോ. നവോത്ഥാനമെന്ന് പറയുമ്പോൾ നമുക്ക് ഇറ്റലിയിലെ ഫ്രാൻസിസ്കോ പെട്രാർക്ക, രാജാറാം മോഹൻറോയി, ശ്രീനാരായണ ഗുരു തുടങ്ങി ലോകത്തും ഇന്ത്യയിലുമൊക്കെയുള്ള നവോത്ഥാന നായകന്മാരെ ഓർമ്മ വരും. ഇപ്പോൾ നവോത്ഥാനമെന്ന് കേൾക്കുമ്പോൾ നമുക്ക് ഓർമ്മ വരുന്നത് ശ്രീ. സി. പി. സുഗതനെയാണ്. ശ്രീ. സി. പി. സുഗതന്റെ പാരമ്പര്യം വളരെ മഹത്തരമായിരിക്കാം. അത് ഉൾക്കൊണ്ടുകൊണ്ടായിരിക്കാം അദ്ദേഹത്തിനെ വനിതാമതിൽ സംഘടിപ്പിക്കുന്നതിന്റെ ജോയിന്റ് കൺവീനറായി നിയമിച്ചത്. ശ്രീ. കെ. ടി. ആദിബിനെ നിശ്ചയിച്ചതുപോലെ പെട്ടെന്നായിരുന്നു നിയമന ഉത്തരവ് കൊടുത്തത്. ശ്രീമതി ഹാദിയയുടെ അച്ഛന്റെ സ്ഥാനത്ത് താനായിരുന്നെങ്കിൽ അവളുടെ തട്ടം വലിച്ചുകീറി ഉടലും തലയും രണ്ടാക്കി ജയിലിൽ പോകുമായിരുന്നുവെന്ന് ശ്രീ. സുഗതൻ പറയുകയുണ്ടായി. ഇവിടെ സ്ത്രീ സമത്വത്തിനുവേണ്ടി പോരാടിയ, ബാബറി മസ്ജിദ് തകർത്തപ്പോൾ കർസേവ നടത്തിയിട്ടുള്ള ആളാണിത്. അങ്ങനെയുള്ള ഒരാളാണ് വനിതാ മതിലിന്റെ കൺവീനറായി, നവോത്ഥാന നായകനായി വന്നിട്ടുള്ളത്. വനിതാ മതിലിനെ സംബന്ധിച്ച് പറയുമ്പോൾ, ദോഷൈകദൃക്കുകളായ ആളുകൾ അതിനെ വർഗ്ഗീയ മതിലെന്നും പറയുന്നുണ്ട്. വർഗ്ഗീയം എന്ന വാക്കുതന്നെ ഇപ്പോൾ ഡിക്ഷ്ണറിയിൽ ഇല്ലാതായിരിക്കുകയാണ്. ഈ മതിൽ വന്നതോടുകൂടി വർഗ്ഗീയമെന്ന വാക്കുതന്നെ രാജ്യത്തുനിന്ന് പോയി. ഇപ്പോൾ ഇവിടം സമാധാനവും മതസൗഹാർദ്ദതയുമുള്ള ഒരു രാജ്യമായതിനാൽ വർഗ്ഗീയമെന്ന വാക്കുതന്നെ പറയാൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. നവോത്ഥാന മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറയുന്നു. അത് വളരെ നല്ല കാര്യമാണ്. ഗവർണറുടെ പ്രസംഗത്തിൽ മൂന്നോ നാലോ സ്ഥലത്ത് മ്യൂസിയം സ്ഥാപിക്കുമെന്ന് പറയുന്നുണ്ട്. നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച ആളുകളുടെ സ്മരണയ്ക്കുവേണ്ടി എന്തെങ്കിലും ഇതിനകത്ത് വയ്ക്കണ്ടേ. അങ്ങനെ വരുമ്പോൾ ശ്രീ. സുഗതന്റെ പ്രവർത്തനമെന്ന് പറയപ്പെടുമ്പോൾ, ബാബറി മസ്ജിദ് പൊളിച്ച കല്ലുകളുണ്ട്. ആ കല്ലുകൾ കൊണ്ടുപോയി ഈ മ്യൂസിയത്തിൽ വയ്ക്കുന്നത് നല്ലതാണ്. വരുംതലമുറയ്ക്ക് ഈ നവോത്ഥാന നായകൻ ചെയ്ത കാര്യങ്ങൾ എന്താണെന്ന് പഠിക്കാൻ അതുപകരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയുള്ള ആളുകളാണ് നവോത്ഥാനം നടപ്പിലാക്കി എന്നുപറയുന്നത്. അതുപോലെ തന്നെ, പേരാമ്പ്ര പള്ളിക്കുനേരെ കല്ലേറുണ്ടായി. ഒരു പാർട്ടിക്കാരൻ അവിചാരിതമായി അല്ലെങ്കിൽ

ഒരു ബഹളത്തിനിടയിൽ കല്ലേറുണ്ടാക്കിയത് ഞാനത്ര വലുതായി കാണുന്നില്ല. പക്ഷേ, ഇവിടെ പ്രശ്നമെന്താണ്? 154 വകുപ്പ് ചേർത്ത് പേരാമ്പ്ര പോലീസ് അവിടെ കേസെടുക്കുകയുണ്ടായി. അതിൽ ഒന്നാം പ്രതിയായ ശ്രീ. അഖിൽദാസ് സി.പി.ഐ.(എം).-ന്റെ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിയാണ്. ഒന്നാംപ്രതിയായ ശ്രീ. അഖിൽദാസിനോടൊപ്പം ഇരുപതോളം ആളുകൾക്കെതിരെ കേസെടുത്തപ്പോൾ, കേസെടുത്ത പോലീസിന്റെ ആർജ്ജവത്തെ അഭിനന്ദിക്കുന്നതിനുപകരം അപ്പോൾത്തന്നെ പ്രതികരിച്ച ചില മന്ത്രിമാർ അത് തെറ്റായിപ്പോയെന്ന് പറഞ്ഞു. പോലീസിന് തെറ്റുപറ്റിയെന്ന് മന്ത്രി അപ്പോൾത്തന്നെ സർട്ടിഫിക്കറ്റ് നൽകുകയാണ്. മന്ത്രി എഫ്.ഐ.ആർ. കണ്ടോ? ഒന്നും കാണാതെ അദ്ദേഹം സർട്ടിഫിക്കറ്റ് നൽകുകയാണ്. അതുപോലെ തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ രണ്ട് മന്ത്രിമാർ ഇരിക്കുമ്പോൾ രണ്ട് മന്ത്രിമാർക്കും അകമ്പടിയെന്നോണം പോലീസ് തെരഞ്ഞുകൊണ്ടിരിക്കുന്ന, പോലീസുകാരെ ആക്രമിച്ച ഒരു എസ്.എഫ്.ഐ. നേതാവ് അവിടെ കൂട്ടിരിക്കുകയാണ്. അങ്ങനെയാകുമ്പോൾ പോലീസിന് എവിടെയും പോയി തെരയേണ്ടിവരും. ഒരുപാട് സഹോദരിമാരെപ്പറ്റിയും ഉമ്മ, പെങ്ങന്മാരെക്കുറിച്ചും പറയുകയുണ്ടായി. ഏതായാലും ഒരു പെങ്ങളുംകൂടി ഉണ്ടെന്നതിൽ എനിക്ക് അഭിമാനം തോന്നുന്നു. ഏത് മാർക്സിസ്റ്റ് പാർട്ടി ഓഫീസിലായിരുന്നാലും പ്രതികൾ ഒളിച്ചിരിക്കുന്നുണ്ടെങ്കിൽ അവിടെ പോയി പരിശോധിക്കുന്നതിന് ചൈത്ര എന്ന ഒരു ഐ.പി.എസ്. പെങ്ങൾ ഇവിടെ ഉണ്ടെന്നതിൽ എനിക്ക് അഭിമാനമുണ്ട്. എല്ലാവരെയും അങ്ങനെ ചെറുതാക്കി കാണേണ്ട കാര്യമില്ല. അവർക്കെതിരെ എന്ത് നടപടിയെടുക്കണമെന്നുള്ളതാണ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ അമ്പത് ലക്ഷം വനിതകൾ പങ്കെടുത്ത വനിതാമതിൽ സംഘടിപ്പിച്ചു എന്നാണ് പറയുന്നത്. ഇതിനുവേണ്ടി അമ്പത് ലക്ഷം കല്ലുകളാണ് ഉപയോഗിച്ചിട്ടുള്ളത്. അതിൽനിന്ന് തെറിച്ചുപോയ ഒരു കല്ല് ചെന്നുവീണത് സി.പി.ഐ.(എം).-ന്റെ പാർട്ടി ഓഫീസിലാണ്. അതാണ് ചൈത്ര. ചതിക്കുഴിയിൽ വീണുവെന്ന് അതിൽ പങ്കെടുത്ത ആളുകൾതന്നെ പറഞ്ഞല്ലോ. വനിതാമതിൽ എന്നത് ചതിക്കുഴിയായിരുന്നുവെന്ന് സാംസ്കാരിക നായകന്മാരായി നിങ്ങൾ കൊട്ടിഘോഷിച്ചവർ പറയുകയുണ്ടായില്ലേ. അതിൽപ്പെട്ടവർ ഞങ്ങൾ വഞ്ചിതരായി, അത് ഞങ്ങളെ വഞ്ചിക്കലായിരുന്നുവെന്ന് മനസ്സിലാക്കിയെന്നു പറയുന്നു. അതുകൊണ്ട്, ഈ അമ്പതുലക്ഷം ആളുകളുടെ എണ്ണം കണക്കാക്കി, നിങ്ങൾ കൊണ്ടുപോയി ചതിച്ച ആളുകളൊക്കെത്തന്നെ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ പോളിംഗ് ബൂത്തിൽ നിങ്ങൾക്കെതിരായി, നിങ്ങളുടെ പൊള്ളയായ വാഗ്ദാനങ്ങൾക്കെതിരായി പ്രതികരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള നന്ദിപ്രമേയം വെറും പൊള്ളയാണ്.

<u>മി. ചെയർമാൻ:</u> സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ഉമ്മർ: സർ, എന്റെ സർക്കാർ പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പ്രതിജ്ഞാബദ്ധമാണെന്നാണ് നയപ്രഖ്യാപനത്തിൽ ഖണ്ഡിക 19-ൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ ഇങ്ങനെ പ്രതിജ്ഞാബദ്ധമായ സർക്കാരാണ് രണ്ട് മന്ത്രിമാർ കയറുന്ന സ്ഥലത്ത് പ്രതികൾക്ക് അനായാസം വിലസാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നത്. ഇങ്ങനെ പ്രതിജ്ഞാ ബദ്ധമാണെന്ന് പറഞ്ഞ ഗവൺമെന്റാണ് സി.പി.ഐ.(എം). ഓഫീസുകളിൽ പ്രതികൾക്ക് ഒളിത്താവളങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇങ്ങനെ പ്രഖ്യാപിച്ച ഈ ഗവൺമെന്റാണ് പള്ളിക്കുനേരെ കല്ലെറിഞ്ഞ ആളുകൾക്ക് സ്വീകരണം കൊടുത്തത്. ഇങ്ങനെയൊരു സംഭവം കേരളത്തിന്റെയോ ഇന്ത്യയുടെയോ ചരിത്രത്തിൽത്തന്നെയുണ്ടായിട്ടില്ല. പേരാമ്പ്ര പള്ളിക്കുനേരെ കല്ലെറിഞ്ഞ പാർട്ടി സെക്രട്ടറിക്ക് തെറ്റുപറ്റിയെങ്കിൽ അയാളെ പുറത്താക്കേണ്ടതിനുപകരം അദ്ദേഹത്തെ ചുവന്നഹാരം അണിയിപ്പിച്ച് തെരുവിൽക്കൂടി കൊണ്ടു പോകുന്നതിന്റെ സന്ദേശമെന്താണ്? അത് ശ്രീ. സുഗതന്റെ സന്ദേശമാണ്. പള്ളി പൊളിച്ച ശ്രീ. സുഗതനെ ജോയിന്റ് കൺവീനറാക്കിയെങ്കിൽ പള്ളിക്കുനേരെ കല്ലെറിഞ്ഞ ബ്രാഞ്ച് സെക്രട്ടറിയെ ഞങ്ങൾ ഇനിയും ഉയരങ്ങളിലേയ്ക്കെത്തിക്കുമെന്നുള്ള സന്ദേശമാണോ നവോത്ഥാനത്തിന് നൽകാനുള്ളത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അപ്പോൾ ഈ പറയപ്പെടുന്ന നവോത്ഥാനം പൊള്ളയായ നവോത്ഥാനമാണ്. ചരിത്രത്തിൽ ആദ്യമുണ്ടായിട്ടുള്ള നവോത്ഥാനങ്ങളെയൊക്കെതന്നെ പരിഹസിക്കുന്ന ഒരു നവോത്ഥാനമാണിത്. നവോത്ഥാന നായകന്മാരായി വന്നിട്ടുള്ള ആളുകളെ കണ്ടാൽത്തന്നെ ഈ നവോത്ഥാനത്തിൽ നിങ്ങൾക്ക് എത്രമാത്രം ആത്മാർത്ഥതയുണ്ടാകുമെന്ന് മനസ്സിലാകുന്നതാണ്.

ശ്രീ. കാരാട്ട് റസാഖ്: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ചിലർ ചരിത്രം വായിക്കുന്നു, ചിലർ ചരിത്രം സൃഷ്ടിക്കുന്നു. ഈ സർക്കാർ ചരിത്രം സൃഷ്ടിക്കുകയാണ്. ഇപ്പോൾ ബഹുമാന്യനായ എം. ഉമ്മർ ഇവിടെ സൂചിപ്പിച്ചത് പേരാമ്പ്ര പള്ളിക്ക് നേരെ ബോംബെറിഞ്ഞ് ആക്രമിച്ചുവെന്നാണ്. ഇത് സാധാരണ പറയുന്ന ഒരു കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന് അധികാരത്തിൽ വന്നിട്ടുണ്ടോ ആ സമയത്തൊക്കെ മുസ്ലീം ലീഗിന്റെ ആളുകൾ പ്രചരിപ്പിക്കുന്നതാണ്, പള്ളിക്ക് ബോംബെറിഞ്ഞു, പള്ളിയിൽ മൂത്രമൊഴിച്ചു, നബീസൂനെ ബലാത്സംഗം ചെയ്തു എന്നൊക്കെ. ഇതൊക്കെ പ്രചരിപ്പിച്ചുകൊണ്ടാണ് ഇവർ മുന്നോട്ടുപോകുന്നത്. ഇതൊക്കെ ജനങ്ങൾ, പ്രത്യേകിച്ച് മുസ്ലീം ലീഗിന്റെ ആളുകൾ മനസ്സിലാക്കിയിട്ടുണ്ട്. ഇതൊന്നും എക്കാലത്തും മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കില്ല. അത്തരം പൊള്ളയായ കാര്യങ്ങളൊക്കെ

നിർത്തിവയ്ക്കുന്നതായിരിക്കും മുസ്ലീംലീഗിന് നല്ലത് എന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്. ഈ സർക്കാർ വിദ്യാഭ്യാസ, ആരോഗ്യ, കാർഷിക, പാർപ്പിട, പൊതുമരാമത്ത് രംഗങ്ങളിൽ വളരെ നല്ല രീതിയിലുള്ള മുന്നേറ്റമാണുണ്ടാക്കിയിട്ടുള്ളത്. ഇത്തരം മേഖലയിലുള്ള പ്രവർത്തനങ്ങൾക്കുനേരെ പ്രതിപക്ഷം കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ഈ സർക്കാർ എല്ലാ മേഖലയിലും വികസനപരമായ മുന്നേറ്റമുണ്ടാക്കിയിട്ടുണ്ട് എന്നുള്ള കാര്യം അവർക്കറിയാം. ഇതിന്റെയൊക്കെ ഗുണം അവരും അനുഭവിക്കുന്നുണ്ടല്ലോ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദ്യാലയങ്ങൾക്ക് ഒരു നയാപൈസപോലും കൊടുത്തിട്ടില്ലായിരുന്നു. ഇപ്പോൾ പ്രതിപക്ഷ എം.എൽ.എ.-മാർക്ക് മൂന്ന് കോടി രൂപ, അഞ്ച് കോടി രൂപ, ഒരു കോടി രൂപയൊക്കെ കിട്ടിയിട്ടില്ലേ? എന്നിട്ടും ഞങ്ങൾക്ക് കിട്ടിയില്ല എന്നുപറയാനാണ് ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആരോഗ്യരംഗത്തെ ആശുപത്രികളുടെ കാര്യം പരിശോധിച്ചാൽ, ആർദ്രം പദ്ധതിയിലുൾപ്പെടുത്തി എൽ.ഡി.എഫ്.-ന് മാത്രമല്ല പ്രതിപക്ഷ കക്ഷികൾക്കും അതിന്റെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. ഇതൊക്കെ കിട്ടിയിട്ടുള്ളവർ തന്നെയാണ് ഈ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ടുള്ള നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നത്. പൊതുമരാമത്ത് രംഗത്ത് തകർന്നുപോയ എല്ലാ റോഡുകളും പൂർണ്ണമായും പൂർത്തീകരിച്ചിരിക്കുകയാണ്. BM & BC റോഡുകളുടെ കാര്യത്തിൽ പ്രതിപക്ഷത്തിനോ ഭരണപക്ഷത്തിനോ പ്രത്യേക പരിഗണന ഇല്ലാതെ എല്ലാ എം.എൽ.എ.-മാർക്കും തുല്യനീതി നടപ്പിലാക്കിക്കൊണ്ടാണ് പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്.

ശബരിമലയിലെ വിഷയമാണ് ഇവിടെ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പ്രതിപക്ഷം എല്ലാ ദിവസവും സഭ ബഹിഷ്കരിച്ചത് ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ഏതെങ്കിലും ഒരു തീരുമാനമെടുത്തുകൊണ്ട് സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചതല്ല ശബരിമല വിഷയം. ബഹുമാനപ്പെട്ട സുപ്രീംകോടതി സ്ത്രീകൾക്കും പ്രവേശനമാവാം എന്നുപറഞ്ഞതാണ്. പ്രസ്തുത വിഷയത്തെ ഇവിടത്തെ പ്രതിപക്ഷ നേതാക്കളും ബി.ജെ.പി. നേതാക്കളും സ്വാഗതം ചെയ്തു. പിന്നീട് രണ്ട് കക്ഷികളും കൂടിച്ചേർന്നുകൊണ്ട് അവിടെ കലാപങ്ങളുണ്ടാക്കാനാണ് ശ്രമിച്ചത്. അവിടത്തെ സമാധാനാന്തരീക്ഷം നഷ്ടപ്പെടുന്ന, വർഗ്ഗീയത ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് അവർ നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രത്യേകം നിയമം കൊണ്ടുവന്ന് ഏതെങ്കിലും ഒരു വിഭാഗത്തെ തകർക്കാനോ അല്ലെങ്കിൽ സ്ത്രീകൾക്ക് പ്രത്യേക അവകാശം കൊടുക്കാനോ അല്ല തീരുമാനിച്ചത്. സുപ്രീംകോടതി വിധി നടപ്പിലാക്കേണ്ടത് ഒരു ഭരണ

കർത്താവിന്റെ അവകാശമാണ്. ആ നിയമമാണ് ഇവിടെ നടപ്പിലാക്കാൻ ശ്രമിച്ചത്. ആ നിയമം നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കഴിഞ്ഞ സമ്മേളനത്തിൽ പരിപൂർണ്ണമായിട്ടും സഭ ബഹിഷ്കരിച്ചുകൊണ്ട് നിയമസഭാ നടപടികൾ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് ഇവർ നേതൃത്വം കൊടുത്തിട്ടുള്ളത്. ആരോടാണ് വെല്ലുവിളിക്കുന്നത്? ബഹുമാനപ്പെട്ട സുപ്രീംകോടതിയോടല്ലേ ഇവർ വെല്ലുവിളിക്കുന്നത്. ഒരു ഭാഗത്ത് വർഗ്ഗീയതയും മറുഭാഗത്ത് സമാധാന അന്തരീക്ഷം നഷ്ടപ്പെടുന്ന രൂപത്തിലേയ്ക്കുമാണ് ഇവരുടെ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്. ഇവിടെ കേരളത്തിലെ ഇടതുപക്ഷത്തും വലതുപക്ഷത്തുമുള്ള എല്ലാ വിഭാഗം ആളുകളും വനിതാമതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു. അതിനെ വർഗ്ഗീയമതിലായിട്ടാണ് ഇവർ ചിത്രീകരിച്ചത്. എന്തിനാണ് വർഗ്ഗീയമതിൽ; വർഗ്ഗീയമതിൽ എന്നൊരു സംഭവമില്ലല്ലോ. വനിതാ മതിലാണുള്ളത്. വനിതാമതിലിന്റെ പേരുപോലും ഉൾക്കൊള്ളാൻ കഴിയാത്ത ആളുകളാണ് വനിതകൾക്കെതിരായി ഇവിടെ നിലകൊള്ളുന്നത് എന്നുള്ളതിൽ സംശയമില്ല. ഇന്ന് പ്രതിപക്ഷം പ്രളയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് സഭയിൽനിന്നും ഇറങ്ങിപ്പോകുകയുണ്ടായി. ഈ പ്രളയത്തിന്റെ തുടക്കം എന്റെ നിയോജകമണ്ഡലത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ പഞ്ചായത്തിലെ കരിഞ്ചോലയിലായിരുന്നു ആദ്യത്തെ പ്രളയത്തിന് തുടക്കംകുറിച്ചത്. 14 പേരാണ് മരിച്ചത്. ഒരുപാട് പേർക്ക് വീടുകളും കൃഷിയും നഷ്ടപ്പെട്ടു. അങ്ങനെ വലിയൊരു ദുരന്തമാണ് കട്ടിപ്പാറയിൽ ഉണ്ടായത്. ആ പ്രളയത്തിൽ 13 ദിവസം കൊണ്ടാണ് ഗവൺമെന്റ് ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളത്. മരിച്ച ഓരോ ആളുകൾക്കും 4 ലക്ഷം രൂപ വീതം 13 ദിവസം കൊണ്ട് കൊടുത്തു. പ്രതിപക്ഷ കക്ഷികൾ ഇവിടെ പറഞ്ഞു ഒരു നയാപൈസ പോലും കൊടുത്തിട്ടില്ലെന്ന്, എന്താണിത്, ഇവർക്ക് കണ്ണും കാതും ഇല്ലേ? കണ്ണും കാതും നഷ്ടപ്പെട്ടുപോയ ഒരു പ്രതിപക്ഷമായി ഇവർ അധഃപതിച്ചു പോയിട്ടുണ്ടെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. 'മലയാളികളേ നവകേരള സൃഷ്ടിക്കുവേണ്ടി നിങ്ങൾ സഹായിക്കൂ. നിങ്ങൾ മുന്നോട്ടു വരൂ' എന്നാണ് ലോക മലയാളികളോട് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. എല്ലാവരും അത് ഏറ്റെടുത്തു. മറ്റ് സംസ്ഥാനങ്ങളിലെ ആളുകൾ, രാഷ്ട്രങ്ങൾപോലും മുഖ്യമന്ത്രിയുടെ വാക്കുകൾ ഏറ്റെടുത്തു. അപ്പോൾ ഇവിടെ നടക്കുന്നതെന്താണ്? ഇതിനെ നിസ്സഹകരിച്ചുകൊണ്ട് തകർക്കാൻ, പ്രളയത്തിലകപ്പെട്ട ആളുകളെ സഹായിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഇവർ തടസ്സപ്പെടുത്തുകയാണ്. പാവപ്പെട്ട ജനവിഭാഗത്തോടാണ് വെല്ലുവിളിക്കുന്നത്. വീടുകൾ നഷ്ടപ്പെട്ടവർ, കിടപ്പാടമില്ലാത്തവർ അങ്ങനെ എല്ലാം നഷ്ടപ്പെട്ടവരുടെ പുനഃസൃഷ്ടിക്കുവേണ്ടി പ്രവർത്തിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

വീട്ടിലേയ്ക്കല്ല അതിന്റെ ആനുകൂല്യങ്ങൾ പോകുന്നത്, മറിച്ച് ഈ സമൂഹത്തിനും രാജ്യത്തിനും സംസ്ഥാനത്തിനും വേണ്ടിയാണ്. അതുപോലും മനസ്സിലാക്കാതെയാണ് പ്രതിപക്ഷം ഇതിനെ ശക്തമായി എതിർത്തു കൊണ്ടിരിക്കുന്നത്. ആനുകൂല്യങ്ങൾ മുഴുവനും കൊടുക്കുകയു ണ്ടായി, കൊടുത്തത് ഇന്നും അവർ അറിഞ്ഞിട്ടില്ല എന്നാണ് പറയപ്പെടുന്നത്. ആ നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് പ്രതിപക്ഷ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷം കുറച്ചുകൂടി ചിന്തിക്കാനും ആലോചിക്കാനുമുള്ള തരത്തിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. അങ്ങനെ നീങ്ങുമ്പോൾ മാത്രമേ ക്രിയാത്മകമായിട്ടുള്ള നിലപാടുമായി അവർക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷം കേരളത്തിന്റെ പുനഃസൃഷ്ടിക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുന്ന എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. കേന്ദ്രഭരണം നമുക്കെതിരായി പ്രവർത്തിക്കുമ്പോൾ അതിനെ അതിജീവിക്കാൻ നമ്മൾ ഒറ്റക്കെട്ടായി പോകേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഈ നയപ്രഖ്യാപനത്തിലൂടെ കടന്നുവരുന്നത്. അതിന് സർവ്വപിന്തുണയും ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഗവർണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം വെറും പൊള്ളയായ പ്രഖ്യാപനങ്ങൾ മാത്രമായി കണക്കാക്കേണ്ടിവരും. കഴിഞ്ഞ വർഷത്തെ ഗവർണറുടെ പ്രസംഗത്തിൽ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് പറഞ്ഞത് സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിൽ അറിവ് പകർന്നുകൊടുക്കുന്ന അദ്ധ്യാപകർക്ക് ഏറ്റവും കുറഞ്ഞ വേതനം ഉറപ്പാക്കേണ്ടത് എന്റെ സർക്കാർ അംഗീകരിക്കുന്നു, അതിനാൽ അദ്ധ്യാപനവൃത്തിയിൽ അടിസ്ഥാനവേതനം ഉറപ്പാക്കുന്നതിനും താൽപ്പര്യമുള്ളവരെ ആകർഷിക്കുന്നതിനുമായി അദ്ധ്യാപകരുടെ മിനിമം വേതനം ആക്ട് എന്ന നിയമം ഉണ്ടാക്കുന്നതാണ് എന്ന് കഴിഞ്ഞ നയപ്രഖ്യാപനത്തിൽ ബഹുമാനപ്പെട്ട ഗവർണറെക്കൊണ്ട് ഈ സർക്കാർ വായിപ്പിച്ചതാണ്. ഒരു വർഷം പിന്നിടുമ്പോൾ എന്തുസംഭവിച്ചു എന്നറിയാൻ പൊതുജനത്തിന് താൽപ്പര്യമുണ്ട്. കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ പരിപൂർണ്ണമായി തകർന്ന ക്രമസമാധാനപാലനമാണ് കേരളത്തിലുള്ളതെന്നത് വാസ്തവമാണ്. കഴിഞ്ഞ ഹർത്താലുകളിലുണ്ടായ വ്യാപക ആക്രമണങ്ങൾ ഇന്റലിജൻസിന്റെ സമ്പൂർണ്ണമായ പരാജയവും വീഴ്ചയുമായിരുന്നു. അതിന് തടയിടുവാൻ ഗവൺമെന്റിന് കഴിഞ്ഞില്ലെന്നത് വളരെ വാസ്തവമാണ്. ഇവിടെ പോലീസ് സംവിധാനത്തെ ഭരണത്തിന്റെ തണലിൽ അകപ്പെടുത്തി യിരിക്കുകയാണ്. നിയമസഭയിലെ കഴിഞ്ഞ സമ്മേളനത്തിൽ കുറേ ഡി.വൈ.എഫ്.ഐ. നേതാക്കൾ താലൂക്കാശുപത്രിയിൽ നടത്തിയ

അതിക്രമത്തെക്കുറിച്ച് 3909-ാം നമ്പറായി ഞാനൊരു ചോദ്യം ചോദിച്ചു. ഇതുവരെ അതിനുള്ള മറുപടി എനിക്ക് ലഭിച്ചിട്ടില്ല. സി.പി.ഐ.(എം.)- കാർ പ്രതികളായിട്ടുള്ള കേസുകളിൽ ഗവൺമെന്റ് ബോധപൂർവ്വമായി നിശ്ശബ്ദത പാലിക്കുകയാണ്. സാധാരണക്കാർക്ക് ഒരു നീതിയും സി.പി.ഐ.(എം) നേതാക്കളോ പ്രവർത്തകരോ പ്രതികളായിട്ടുള്ള കേസ്സുകളിൽ മറ്റൊരു സമീപനവുമാണ് ഗവൺമെന്റ് ഇവിടെ സ്വീകരിക്കുന്നത്. ഇവിടെ ഒരു വനിത ഐ.പി.എസ്. ഓഫീസർക്കുണ്ടായ അനുഭവം നമ്മൾ കേട്ടു, അതിനെക്കുറിച്ച് ചർച്ച ചെയ്തു. അവർ അവരുടെ റുട്ടീനായിട്ടുള്ള ഡ്യൂട്ടിയുടെ ഭാഗമായി ചെയ്തതാണ്. അതിനുപരിയായി അതിനെ കാണാൻ കഴിയുകയില്ല. പക്ഷെ ഇവിടെ സംഭവിച്ചത് അവർക്കുനേരെ ശക്തമായ താക്കീത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. അതും ഒരു വനിതാ ഐ.പി.എസ്. ഓഫീസർക്കെതിരെയാണ്. ഇവിടെ സ്ത്രീമുന്നേറ്റത്തെക്കുറിച്ചും നവോത്ഥാന ത്തെക്കുറിച്ചും സംസാരിക്കുമ്പോൾ നിങ്ങളുടേത് സെലക്ടീവ് നവോത്ഥാന മാണെന്നുള്ള തിരിച്ചറിവ് പൊതുസമൂഹത്തിന് ഉണ്ടായിരിക്കുന്നു. കാർഷിക മേഖലയിലുണ്ടായിരിക്കുന്ന തകർച്ച സംബന്ധിച്ച് ഈ നയപ്രഖ്യാപനത്തിൽ യാതൊരു പ്രതീക്ഷകളും ഉണ്ടാകുന്നില്ലെന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റാണ് റബ്ബർ കർഷകർക്ക് 150 രൂപ അടിസ്ഥാനവില നൽകിയത്. അത് വർദ്ധിപ്പിക്കണമെന്ന് പല പ്രാവശ്യം ഉന്നയിച്ചിട്ടും അക്കാര്യത്തിൽ അനുകൂല സമീപനം സ്വീകരിച്ചിട്ടില്ല. ഇപ്പോൾ റബ്ബർ മേഖലയിൽ പരിസ്ഥിതി അനുകൂല സുസ്ഥിര നയങ്ങൾ രൂപപ്പെട്ടുവരികയാണെന്ന് റിപ്പോർട്ടുകളുണ്ട്. ഇതുസംബന്ധിച്ച് റബ്ബർ മേഖലയിൽ കർഷകരുടെ ഇടയിൽ ഉളവായിട്ടുള്ള ആശങ്ക സംബന്ധിച്ച് പരിശോധന നടത്തി നയം വ്യക്തമാക്കണം. നെൽകർഷകരുടെ ആറര കോടിയോളം രൂപ വരുന്ന ഇൻഷ്വറൻസ് ആനുകൂല്യം ഈ ഗവൺമെന്റ് നഷ്ടപ്പെടുത്തി. അവിടെ കൃത്യമായ നിലയിൽ സംഭരണം നടക്കുന്നില്ല. ഇൻഷ്വറൻസ് നിക്ഷേപമുൾപ്പെടെ കർഷകരെ വലിയൊരു പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. കാർഷിക മേഖലയിലെ നഷ്ടത്തെക്കുറിച്ച് പറയുമ്പോൾ വാഴ കൃഷിക്കാർക്ക് 95 രൂപ കൊടുത്തത് ഇനി ദയവായി പറയരുത്. പ്രളയത്തിനുശേഷം കാർഷിക മേഖലയുടെ തകർച്ചയിൽ എല്ലാം നഷ്ടപ്പെട്ട കർഷകർക്ക് ഏതെങ്കിലും തരത്തിലുള്ള പാക്കേജ് പ്രഖ്യാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പ്രളയബാധിതരുടെ പുനരധിവാസത്തിന് വ്യക്തികളും സന്നദ്ധസംഘടനകളും നൽകുന്ന തുകകൊണ്ടാണ് വീടുവച്ചു കൊടുക്കുകയും ഭൂമി വാങ്ങിക്കൊടുക്കുകയും ചെയ്യുന്നത്. അതിൽ ഗവൺമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് പ്രഖ്യാപിച്ചത് സ്വാഗതാർഹമാണെങ്കിലും 2019 മാർച്ച് 31-ന് അത് അവസാനിക്കുകയാണ്. അത് ദീർഘിപ്പിച്ചുകൊടുക്കാൻ നടപടിയുണ്ടാകണം.

ശ്രീ. എം. സ്വരാജ്: സർ, ഈ നയപ്രഖ്യാപനത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണർ ആദ്യഭാഗത്ത് പരാമർശിച്ച ഒരു വാചകം, ജാതീയതയുടെയും വർഗ്ഗീയതയുടെയും മറ്റ് നാനാവിധ പ്രതിബന്ധങ്ങളുടെയും ഇരുണ്ട മേഘങ്ങൾ നിറഞ്ഞ ലോകത്ത് പ്രതീക്ഷയുടെ ഒരു ദീപനാളമാണ് ഈ സർക്കാർ എന്നാണ്. സമകാലിക കേരളീയ സാഹചര്യങ്ങളെ വിലയിരുത്തുന്ന ഏതൊരാളുടെയും ചിന്തയാണത്. ഇങ്ങനെ ശരിയായ ഒരു നയപ്രഖ്യാപന പ്രസംഗത്തെ എതിർക്കാനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ടെന്ന് നമുക്കറിയാം, അത് സ്വാഭാവികമാണ്. പക്ഷെ ഗൗരവമുള്ള ഒരു വിമർശനമെങ്കിലും മുന്നോട്ടുവയ്ക്കാൻ പ്രതിപക്ഷത്തിന് സാധിച്ചോ? പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തെ പൊതുവായി നോക്കിയാൽ നിലവാരമില്ലാത്ത തമാശകൾ, അസ്ഥാനത്തുള്ള കവിതകൾ, അരോചകമായ ഉപമകൾ, ഈ സഭയുടെ അന്തസ്സ് ഉയർത്തുന്ന ഒരു വാക്കുപോലും പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗത്തിൽ നമുക്ക് കാണാനാകില്ല. സൃഷ്ടിപരമായ വിമർശനങ്ങൾ ഉയർത്തുക, ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നത് പ്രതിപക്ഷത്തിന്റെ അവകാശവും കടമയുമാണ്. നിങ്ങൾക്ക് കഴമ്പുള്ള ഒരു വിമർശനം ഉന്നയിക്കാനാകുന്നുണ്ടോ? കടമ മറന്നുപോയ പ്രതിപക്ഷത്തെയാണ് നമുക്കിവിടെ കാണാനാകുന്നത്. പ്രതിപക്ഷം കടമ മറക്കുമ്പോൾ ജനാധിപത്യം ദുർബ്ബലമാവുകയാണ് ചെയ്യുക. അസാധാരണമായ പ്രതിസന്ധികൾ പെയ്തൊഴിയാതെ നമ്മളെ നേരിട്ട ഒരു കാലമായിരുന്നു കഴിഞ്ഞുപോയതെന്ന് നമുക്കറിയാം. 'നിപയും ഓഖിയും' ഒടുവിൽ 'പ്രളയവും' കടന്നുവന്നു. ലോകത്തിലെ ഏത് സമൂഹവും അടിപതറിവീഴുമായിരുന്ന അപകടങ്ങളുടെ മുമ്പിൽ നമ്മൾ പിടിച്ചുനിന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, പ്രതിപക്ഷം കടമ മറന്നതല്ല. അവർക്ക് കുറ്റപ്പെടുത്താനൊന്നും ഭരണപക്ഷത്തില്ലാത്തതുകൊണ്ട് അവർ ചെയ്യാത്തതാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, അങ്ങനെയാകാം. എനിക്കതിനോട് വിയോജിപ്പില്ല. പ്രളയത്തിൽ തകർന്നുപോയ കേരളത്തെ പുനർനിർമ്മിക്കാനുള്ള യോജിച്ച ശ്രമത്തെ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് തുരങ്കം വയ്ക്കുന്നത് നമ്മൾ കണ്ടു. അതിനൊപ്പമാണ് കേരളത്തിലെ യു.ഡി.എഫ്. നിന്നത്. സാലറി ചലഞ്ചിനെ എതിർക്കാൻ യു.ഡി.എഫ്.-ഉം വിദേശത്തുനിന്നും വരുന്ന സഹായങ്ങളെ എതിർക്കാൻ ബി.ജെ.പി.-യും ഒരേ നിലപാട് സ്വീകരിച്ചു. ഈ രണ്ട് കൂട്ടരേയും നേരിട്ടുകൊണ്ടാണ് പ്രളയാനന്തര കേരളത്തെ അഭിവൃദ്ധിയിലേയ്ക്ക് നയിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് സർക്കാർ മുന്നോട്ടുപോകുന്നത്. വിവിധ

മേഖലകളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പരിഷ്കാരങ്ങൾ, മുന്നേറ്റങ്ങൾ-അതിന്റെ വിശദാംശങ്ങളിലേയ്ക്ക് സമയം കുറവായതുകൊണ്ട് കടന്നുപോകുന്നില്ല. ഒരു കാലത്ത് കിഫ്ബിയെ പരിഹസിച്ചവർക്ക് ഇപ്പോൾ കിഫ്ബി ഫണ്ടുമൂലമുള്ള പ്രവർത്തനങ്ങൾ കാണാതിരിക്കാനാകില്ല. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ ഈ സർക്കാരിന്റെ പുതിയ സമീപനത്തോടുകൂടിയുള്ള ഇടപെടൽ, ഒരു ആദിവാസി കുടുംബത്തിൽ ഒരാൾക്ക് ജോലി എന്ന പുതിയ പ്രഖ്യാപനം ഇതെല്ലാം നയപ്രഖ്യാപനത്തെ കൂടുതൽ തിളക്കമുള്ളതാക്കി മാറ്റുന്നുണ്ട്. സർക്കാരിന്റെ നേട്ടങ്ങൾ വിശദമായി പ്രതിപാദിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ല. അവസരസമത്വത്തിന്റെയും തുല്യാവകാശത്തിന്റെയും ഭരണഘടനാമൂല്യങ്ങളെ ഉയർത്തിപിടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ഏറെ അഭിമാനകരമാണ്. സുപ്രീംകോടതി സ്ത്രീകളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന വിധി പുറപ്പെടുവിച്ചപ്പോൾ അതിനെ മാനിക്കാനും അന്തഃസത്ത ഉൾക്കൊള്ളാനുമുള്ള ജനാധിപത്യബോധവും ഭരണഘടനാബോധവും ഗവൺമെന്റ് പ്രകടിപ്പിച്ചു. ആൾക്കൂട്ടം കണ്ട് നിലപാട് മാറ്റിയ ആളുകൾ നമ്മുടെ ഇടയിലുണ്ട്. ആൾക്കൂട്ടംകണ്ട് നിലപാട് സ്വീകരിക്കുകയല്ല വേണ്ടത്. ശരിയായ നിലപാട് സ്വീകരിച്ച് ആ നിലപാടിനൊപ്പം ആളെ കൂട്ടുകയാണ് വേണ്ടത്. പക്ഷേ നിർഭാഗ്യവശാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയോ, സഖാവ് കേശവന്റെയോ, കെ. കേളപ്പന്റെയോ കോൺഗ്രസ് ഇന്നില്ല. ആ മഹാന്മാരായ നേതാക്കന്മാരും അവരുടെ കോൺഗ്രസും മരിച്ചുവെന്ന നിർഭാഗ്യകരമായ സത്യം തിരിച്ചറിയാനുള്ള അവസരംകൂടിയായി ഈ വേള മാറിയെന്ന് നാം കാണുന്നു.

ശബരിമല വിഷയത്തിൽ ആദ്യാവസാനം വരെ ബി.ജെ.പി.-യുടെ 'ബി' ടീമായി കോൺഗ്രസ് മാറുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. സഭയ്ക്ക് പുറത്ത് യു.ഡി.എഫ്.-ന്റെയും സെക്രട്ടറിയേറ്റിനുമുന്നിൽ ബി.ജെ.പി.-യുടെ സമരവും നടന്നു. എല്ലാ സമരങ്ങളിലും ഒരേ നിലപാടുകൾ. പ്രളയാനന്തരം ഈ രണ്ട് പാർട്ടികളും ഒരേ തൂവൽപക്ഷികളായി നിലപാട് സ്വീകരിക്കുന്ന കാഴ്ചയാണ് നാം നിരന്തരം കണ്ടുകൊണ്ടിരുന്നത്. കോൺഗ്രസിന്റെ നേതൃത്വത്തിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് കുത്തൊഴുക്കുപോലെ പോയ ആളുകളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ ചൂണ്ടിക്കാണിച്ചു. അതിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാന്യനായ വട്ടിയൂർക്കാവ് അംഗം ഇവിടെ സംസാരിച്ചു. എന്തൊരു വിരോധാഭാസമാണ് നമ്മൾ കേട്ടത്. എത്ര പരിഹാസ്യമായ വാദം. മൂന്ന് തവണ യു.പി.-യുടെയും ഒരുതവണ ഉത്തരാഖണ്ഡിന്റെയും മുഖ്യമന്ത്രിയായിരുന്ന ശ്രീ. എൻ. ഡി. തിവാരിയെക്കുറിച്ചും ഉത്തരാഖണ്ഡിന്റെ മുഖ്യമന്ത്രിയായ വിജയ് ബഹുഗുണയെക്കുറിച്ചും കർണ്ണാടക മുഖ്യമന്ത്രിയായിരുന്ന എസ്. എം. കൃഷ്ണയെക്കുറിച്ചും യു.പി.

മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജഗദംബിക പാലിനെക്കുറിച്ചുമാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇങ്ങനെ മുഖ്യമന്ത്രിമാരുൾപ്പെടെ വലിയ നേതാക്കൾ പോയതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഒരു പ്ലസ്ടു വിദ്യാർത്ഥി ടിന്റുമോൻ (ലോറൻസിന്റെ പേരക്കുട്ടി) ബി.ജെ.പി.-യിലേയ്ക്ക് പോയി എന്നാണ് ബഹുമാന്യനായ വട്ടിയൂർക്കാവ് അംഗം അതിന് മറുപടിയായി പറഞ്ഞത്. അത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന ഒരു മറുപടിയാണോ? പാർട്ടിയിൽനിന്ന് പുറത്താക്കിയ ശ്രീ. വിശ്വനാഥ മേനോനും പാർട്ടി അംഗം പോലുമല്ലാത്ത ശ്രീ. അൽഫോൺസ് കണ്ണന്താനവും പോയി. ഇതൊക്കെയാണോ മറുപടി. ശ്രീ. പി. സി. തോമസിന്റെ പേരും അദ്ദേഹം പറഞ്ഞു. ഞാൻ ആ അംഗത്തെ ബഹുമാനത്തോടെ ഓർമ്മിപ്പിക്കുന്നു. നിങ്ങളോടൊപ്പം മത്സരിച്ച് ജയിച്ച എം.പി.-ആയിരുന്നു അദ്ദേഹം. ആ പോയതിന്റെ ഭാരമത്രയും എന്തിന് ഇങ്ങോട്ടിടണം. അത് നിങ്ങൾ സ്വയം എടുത്താൽ മതി. അതിനുശേഷം സ്വത്ത് ഭാഗംവച്ച തറവാടിന്റെ കഥ അദ്ദേഹം പറഞ്ഞു. വീടും സ്വത്തും ഭാഗം വച്ചു, അവസാനം ആരും ശ്രദ്ധിക്കാതെ ഉപേക്ഷിച്ച കിണ്ടിയും കിണ്ണവും അതാണ് സി.പി.ഐ.(എം) എന്നാണ് അദ്ദേഹമിവിടെ പറഞ്ഞത്. സ്വത്ത് ഭാഗംവയ്ക്കുകയല്ല, സ്വത്ത് മുടിഞ്ഞുപോകും. സ്വത്ത് മുടിഞ്ഞുപോയി അന്യാധീനപ്പെട്ട് അവസാനം കൗപീനം മാത്രം ഉടുത്ത് റോഡിൽ നിൽക്കേണ്ട കാരണവരുടെ അവസ്ഥയിലാണിപ്പോൾ കോൺഗ്രസ് നിൽക്കുന്നത്. അങ്ങനെ പെരുവഴിയിൽനിന്ന് വലിയ പ്രതാപം അയവിറക്കാൻ മാത്രം കഴിയുമായിരുന്ന കോൺഗ്രസിനെ 2004-ൽ അധികാരത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവന്നത് ഇടതുപക്ഷത്തെ 61 എം.എൽ.എ.-മാരുടെ ഒരുപാധിയുമില്ലാത്ത പിന്തുണയായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കണം. അവരെ ആരെയും റിസോർട്ടിൽ പൂട്ടിയിടേണ്ടി വന്നില്ല, കാവൽ നിൽക്കേണ്ടി വന്നില്ല. ഈ ലോക്സഭ തെരഞ്ഞെടുപ്പിൽ ഇരുപത് എം.പി.-മാർ കേരളത്തിലെ ഇടതുപക്ഷത്തുനിന്ന് വിജയിച്ച് പോയാൽ മതനിരപേക്ഷതയുടെ പക്ഷത്ത് ആ ഇരുപത് പേർ ഉണ്ടാകും എന്ന് നിങ്ങൾക്ക് ഉറപ്പിക്കാം. ഒരു റിസോർട്ട് തൊഴിലാളിക്കും അവർക്ക് അഭയം കൊടുക്കേണ്ടി വരില്ല. ആ ധൈര്യം പറയാൻ നിങ്ങൾക്ക് സാധിക്കുമോയെന്ന ചോദ്യം തന്നെയാണ് ചോദിച്ചത്. ഇവിടെ കഴിഞ്ഞ ദിവസവും ഇപ്പോഴും പ്രസംഗിച്ചപ്പോൾ കോൺഗ്രസിനോടൊപ്പം ചേർന്നു നിൽക്കുന്നത് കൊണ്ടാകാം ലീഗും അവരുടെതായ ചില ഗുണങ്ങൾ പ്രദർശിപ്പിച്ചത്. ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗവും ലീഗിന്റെ സമുന്നതനായ മറ്റൊരു നേതാവും പ്രസംഗിച്ചപ്പോൾ വനിതാ മതിലിനെ കാര്യമായി വിമർശിച്ചു. വനിതാ മതിലിന് നിറയെ ജനലുകൾ ഉണ്ടായിരുന്നുവെന്നാണ് ഇന്നലെ പ്രസംഗിച്ചപ്പോൾ പറഞ്ഞത്. ജനലുകൾ പൊളിഞ്ഞുപോയെന്ന് പറഞ്ഞത് ആലങ്കാരികമായ പ്രയോഗമാണ്. ശരി, നിങ്ങളുടെ വിമർശനം നടക്കട്ടെ. പക്ഷേ നൂറിരട്ടിയായി ആളുകളുടെ വലിപ്പം

പെരുപ്പിച്ച കാണിച്ച ബി.ജെ.പി.-യുടെ നേതൃത്വത്തിൽ നടന്ന അയ്യപ്പ ജ്യോതിയുണ്ടായിരുന്നല്ലോ? നിങ്ങൾ അതിനെക്കുറിച്ച് ഒരു വാക്ക് പറഞ്ഞോ; നിങ്ങൾ ഒരു വാക്ക് ബി.ജെ.പി.-യെക്കുറിച്ച് സംസാരിച്ചോ? പത്ത് മിനിട്ട് സമയത്തിൽ ഒൻപത് മിനിട്ടും നിങ്ങൾ ഞങ്ങളെ വിമർശിച്ചു കൊള്ളൂ. പക്ഷേ ഒരു മിനിട്ട് നിങ്ങൾ ബി.ജെ.പി.-ക്കെതിരെ സംസാരിക്കുമോ? നിങ്ങളുടെ നാവ് പൊങ്ങില്ല. രാഷ്ട്രപതിക്ക് വോട്ട് ചെയ്യാൻ നിങ്ങൾക്ക് വിമാനം കിട്ടില്ല. മുത്തലാഖ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ പോകാൻ നിങ്ങൾക്ക് കഴിയില്ല. ബിരിയാണിചെമ്പിൽ കാവൽ നിൽക്കുന്നതാണ് അതിനേക്കാൾ വലിയ ഉത്തരവാദിത്വമെന്ന് നിങ്ങൾ പറയും. നിങ്ങൾക്ക് വർഗ്ഗീയതയെ എതിർക്കാനാവില്ല. കാരണം, നിങ്ങൾ ഉയർത്തിപ്പിടിക്കുന്നതും കൈകാര്യം ചെയ്യുന്നതും വർഗ്ഗീയതയാണ്. ഒരു വർഗ്ഗീയതയ്ക്ക് മറ്റൊരു വർഗ്ഗീയതയെ എതിർക്കാനാവില്ല. ബഹുമാന്യനായ അഴീക്കോട് അംഗം ശ്രീ. കാരാട്ട് റസാഖ് ഇവിടെ എഴുന്നേറ്റ്നിന്നപ്പോൾ ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്തല്ലോ? അതൊരു തെരഞ്ഞെടുപ്പ് കേസാണ്. അത്തരത്തിൽ ഒരുപാട് കേസുകൾ നമ്മൾ കണ്ടിട്ടുണ്ട്. അഴീക്കോട് അംഗത്തിന്റെ അത്തരമൊരു കേസല്ല. എന്തായിരുന്നു ഹൈക്കോടതി കണ്ടെത്തിയത്. പച്ചയായ വർഗ്ഗീയത നിങ്ങൾ പ്രചരിപ്പിച്ചു. ഇതാണ് ആ നോട്ടീസ് (നോട്ടീസ് ഉയർത്തിക്കാട്ടി), എന്താണ് നോട്ടീസിലെ വാചകം - കാരുണ്യവാനായ അള്ളാഹുവിന്റെ അടുക്കൽ അമുസ്ലീങ്ങൾക്ക് സ്ഥാനമില്ല. അന്ത്യനാളിൽ അവർ സിറാത്തിന്റെ പാലം ഒരിക്കലും കടക്കുകയില്ല. അവർ ചെകുത്താന്റെ കൂടെ അന്തിയുറങ്ങേണ്ടവരാണ്. അഞ്ചുനേരം നമസ്കരിച്ച് നമ്മൾക്കുവേണ്ടി കാവൽ തേടുന്ന ഒരു മുഹമ്മദീയനായ ശ്രീ. കെ. മുഹമ്മദ് ഷാജിയെന്ന ശ്രീ. കെ. എം. ഷാജിയെ വിജയിക്കാൻ എല്ലാ മുഹമ്മദീയനുകളും അള്ളാഹുവിനോട് പ്രാർത്ഥിക്കുക. ഇത് കേരള ഹൈക്കോടതി പരിശോധിച്ചിട്ടാണ് ആറുകൊല്ലത്തേയ്ക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കരുതെന്ന് നിങ്ങളോട് പറഞ്ഞത്. ഇത് നിങ്ങൾ അച്ചടിച്ച നോട്ടീസല്ലെന്ന് നിങ്ങൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അത് ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിയാത്തതുകൊണ്ടാണ് നിങ്ങൾക്കെതിരെ വിധി വന്നത്. ഞാൻ വായിച്ച ഭാഗം നിങ്ങൾ അടിച്ച നോട്ടീസിലില്ലെന്ന് വാദത്തരങ്ങൾ സമ്മതിച്ചാൽപോലും ആ ഭാഗത്തെ നിങ്ങൾ തള്ളിപ്പറയുമോ? നിങ്ങളുടെ അഭിപ്രായമെന്താണ്? സിറാത്ത് പാലം കടക്കാൻ കഴിയില്ലേ; ഇവിടെയിരിക്കുന്ന പറവൂർ അംഗത്തിനും തൃത്താല അംഗത്തിനും കഴിയില്ലേ; എന്താണ് ലീഗിന്റെ അഭിപ്രായം? ഇവരൊന്നുമില്ലാത്ത വിധം സങ്കുചിതമായിപ്പോയതാണോ നിങ്ങളുടെ സ്വർഗ്ഗം. സിറാത്ത് പാലത്തിന്റെ കാവൽക്കാരായി നിങ്ങളെ ആരാണ് ചുമതലയേൽപ്പിച്ചത്? ആ പാലത്തിന്റെ ടോൾപിരിവുകാരായി നിങ്ങളെ നിയമിച്ചതാരാണ്? ഇങ്ങനെ പച്ചയായ വർഗ്ഗീയത

കേരളത്തിന്റെ മതനിരപേക്ഷാന്തരീക്ഷത്തെ വർഗ്ഗീയ കലുഷിതമാക്കി മാറ്റാൻ ശ്രമിക്കുന്ന നിങ്ങൾക്ക് ബി.ജെ.പി.-യെ എതിർക്കാനോ ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരെ നിലപാട് സ്വീകരിക്കാനോ കഴിയില്ല. നിങ്ങൾക്ക് മുത്തലാഖിനേക്കാൾ പ്രധാനം ബിരിയാണിയായി മാറും. നിങ്ങൾക്ക് ബി.ജെ.പി.-യുടെ അയ്യപ്പജ്യോതിയെ വിമർശിക്കുന്നതിന് പകരം വനിതാ നവോത്ഥാനത്തിന്റെ മുന്നേറ്റങ്ങളെ വിമർശിക്കണമെന്ന് തോന്നും. ഈ നാടിന്റെ മതനിര പേക്ഷതയെയാണ് നിങ്ങളും കോൺഗ്രസും പരിക്കേൽപ്പിക്കുന്നത്. മതനിരപേക്ഷതയെ പരിക്കേൽപ്പിക്കുന്ന നീക്കങ്ങൾ ആത്യന്തികമായി നമ്മുടെ രാജ്യത്തെതന്നെ പ്രതികൂലമായി ബാധിക്കും എന്ന തിരിച്ചറിവ് വൈകിയ വേളയിലെങ്കിലും നിങ്ങൾക്കുണ്ടാകണം എന്ന് മാത്രം സൂചിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ് :</u> സർ, ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഞങ്ങൾ ബി.ജെ.പി.യെ എതിർത്തിട്ടില്ല, യു.ഡി.എഫ്., ബി.ജെ.പി.-യെ ഒരക്ഷരംപോലും എതിർത്തില്ലെന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നിങ്ങളുടെ ഈ ഒൻപത് മിനിട്ടിൽ ഒരു വാക്ക് ബി.ജെ.പി.-ക്കെതിരായി ഉരിയാടിയിട്ടുണ്ടോ; എന്നിട്ടാണ് നിങ്ങൾ കോൺഗ്രസിനെ വിമർശിക്കുന്നത്. Green Campus, SMILE, Rainbow Project, Second Innings, Project Green Grass, Great Wildlife Corridor, Green Field Corridor, Partnering Academic Industrial Research, Central Intrusion Monitoring System, Mission Reconnect തുടങ്ങിയ ഇംഗ്ലീഷ് ഭാഷയിലുള്ള പദ്ധതികളാണ് നയപ്രഖ്യാപനത്തിൽ കൂടുതലായിട്ടുള്ളത്. നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്, 'പൊന്നമ്മ എന്നാണ് പേര്, പക്ഷേ കഴുത്തിൽ കിടക്കുന്നത് വാഴനാരാണ്' എന്നുപറഞ്ഞതുപോലെ മലയാള ഭാഷയ്ക്കുവേണ്ടിയാണ് സംസാരിക്കുന്നതെങ്കിലും ഭാഷ മുഴുവനും ഇംഗ്ലീഷിലാണ്. കേട്ടാൽ സന്തോഷം തോന്നുന്ന പ്രഖ്യാപനങ്ങളാണ്. അനവസരത്തിലാണ് ഉപമയെങ്കിൽ ക്ഷമിക്കണം. 'വെള്ളിമൂങ്ങ' എന്ന സിനിമയിൽ പാർട്ടി ഓഫീസിൽ വരുന്ന എല്ലാപേർക്കും ആദ്യം ജ്യൂസ് ഓർഡർ ചെയ്യും. പക്ഷേ അവസാനംവരെ ചർച്ച ചെയ്ത് പാർട്ടി ഓഫീസിൽനിന്ന് പോയാലും ആ ജ്യൂസ് വരില്ല. ജ്യൂസ് ഓർഡർ ചെയ്യുമ്പോൾ സന്തോഷം തോന്നും. പക്ഷേ ഇറങ്ങിപ്പോകുമ്പോൾപോലും ആ ജ്യൂസ് കിട്ടില്ല. അതുപോലെ പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ. പ്രഖ്യാപനങ്ങൾ കേൾക്കുമ്പോൾ സന്തോഷമുണ്ടെങ്കിലും ഒന്നും നടപ്പിലാക്കുന്നില്ല.

ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് 2017-ൽ പറയാൻ തുടങ്ങിയതാണ്. നയപ്രഖ്യാപനം വായിച്ചാൽ മനസ്സിലാകും. പുതിയതായി 432000 ഭവന രഹിതർക്ക് വീട് നൽകും എന്നുപറഞ്ഞു. രണ്ടര വർഷമായി പുതിയതായി ഒരു

വീടെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? ഭവനം നൽകുന്നുവെന്ന് മാത്രമല്ല, ഇതൊരു വലിയ പദ്ധതിയാണ്. അവർക്ക് ജീവനോപാധിയും പ്രാഥമികാരോഗ്യ സംരക്ഷണവും നൈപുണ്യ വികസനവും സാമ്പത്തിക സഹായവും വയോജന സഹായവും ചെയ്യും. ഇതെല്ലാമുൾപ്പെട്ട ഒരു പദ്ധതിയിൽ ഒരു പുതിയ വീടുപോലും ഈ രണ്ടര വർഷമായി ഇവർക്ക് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 432000 വീടുകൾ കൊടുക്കുമെന്ന് പറഞ്ഞിട്ട് വെറും 80000 വീടുകൾക്കാണ് ആദ്യ ഗഡു നൽകിയത്. പഴയ വീടുകൾക്ക് ഒരു ഗഡു കൊടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ മേനിപറഞ്ഞാണിവർ ഇപ്പോൾ നടക്കുന്നത്. പക്ഷേ രണ്ടര വർഷംകൊണ്ട് 80000 വീടുകൾക്ക് മാത്രമാണ് ആദ്യത്തെ ഗഡു കൊടുത്തത്. ഇനി എത്ര വർഷമെടുത്താൽ ലക്ഷ്യമിട്ട 432000 വീടുകൾ പൂർത്തീകരിക്കാൻ സാധിക്കും? ഒന്നാം ഗഡു ലഭിച്ചവർ വീട് പൊളിച്ചിട്ട് ഇപ്പോൾ വഴിയാധാരമായിരിക്കുകയാണ്. രണ്ടാം ഗഡു കൊടുക്കാൻ കഴിയാതിരിക്കുകയാണ്. ഇതൊക്കെ ഞങ്ങൾ വിമർശിക്കുമ്പോൾ ഞങ്ങൾ പറയുന്നതെല്ലാം തമാശയാണെന്ന് പറഞ്ഞ് നിങ്ങൾക്ക് തള്ളാം.

ഓഖി ദുരന്തം ഉണ്ടായതിനുശേഷം രണ്ടായിരം കോടി രൂപയുടെ പദ്ധതിയുണ്ടാക്കുമെന്നു പറഞ്ഞു. പക്ഷേ ഇത്രയും കാലമായി രണ്ടായിരം കോടി രൂപയുടെ പോയിട്ട് രണ്ടായിരം പൈസയുടെ പദ്ധതിയുണ്ടാക്കി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. പ്രളയകാലത്ത് അറുപത്തി അയ്യായിരത്തോളം ജീവനുകൾ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് ബിഗ് സല്യൂട്ട് കൊടുത്തു. അവർക്കുവേണ്ടി പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പദ്ധതിപോലും തുടങ്ങാൻ ഇവർക്ക് സാധിച്ചിട്ടില്ല. ബിഗ് സല്യൂട്ട് കൊടുത്ത മത്സ്യത്തൊഴിലാളികളെ ഇപ്പോൾ ബിഗ് ചീറ്റിംഗ് ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രളയദുരന്തത്തിൽ സർക്കാർ എല്ലാം ചെയ്തു എന്നാണ് പറയുന്നത്. പക്ഷേ പ്രളയമുണ്ടാക്കാനാണ് സർക്കാർ എല്ലാം ചെയ്തിട്ടുള്ളത്. നമ്മുടെയെല്ലാം അഭിമാനമായ മെട്രോമാൻ ശ്രീ. ഇ. ശ്രീധരൻ ഹൈക്കോടതിയിൽ ഹർജി കൊടുത്തിരിക്കുന്നു. തന്റെ 65 വർഷക്കാലത്തെ എഞ്ചിനീയറിംഗ് ജീവിതത്തിന്റെ അടിസ്ഥാനത്തിൽ ഇതൊരു മനുഷ്യനിർമ്മിതമായ പ്രളയമാണെന്നും അതിനാൽ ഈ പ്രളയത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരു വെടിക്കെട്ട് ദുരന്തമോ ഒരു ബസ് അപകടമോ ഉണ്ടായാൽ അന്വേഷണം നടത്തുന്ന സർക്കാർ എന്തുകൊണ്ടാണ് ഇതിനെക്കുറിച്ച് അന്വേഷണം നടത്താത്തത്; ഓഖിയെക്കുറിച്ചും പ്രളയത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ? അന്വേഷണം നടത്തിയാൽ ഒന്നാംപ്രതിസ്ഥാനത്ത്

ഈ സർക്കാർ ആയിരിക്കും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. പ്രളയത്തിൽ വീട് നഷ്ടപ്പെട്ട പതിമൂന്നായിരം പേർക്ക് വീടുകൾ നിർമ്മിച്ചുനൽകുമെന്ന് അന്നുപറഞ്ഞു. എന്നാൽ രണ്ടായിരം വീടുകളാണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിരിക്കുന്നത്. ഇതെല്ലാം ഞങ്ങൾ പറയുമ്പോൾ തമാശയാണ്. ഇപ്പോൾ സംസ്ഥാനത്ത് മുഴുവനും നവോത്ഥാന ബഹളമാണ്. നമ്മുടെ നയപ്രഖ്യാപനത്തിലും ക്ഷീര നവോത്ഥാനം വന്നിരിക്കുന്നു. എന്തിനും ഏതിനും നവോത്ഥാനമെന്നു പറയുകയാണ്. ഇങ്ങനെ ആയാൽ പാർട്ടി ഓഫീസിൽ പ്രതികളെ ഒളിപ്പിക്കുന്നതിന് ഒളിപ്പിക്കൽ നവോത്ഥാനമെന്ന് വിളിക്കാൻ പറ്റുമോ; അത് പരിശോധിക്കാൻ പോയ പോലീസ് ഓഫീസറെ പറപ്പിക്കുമെന്നുപറയുന്നത് നവോത്ഥാന പറപ്പിക്കൽ എന്നിവർ പറയുമോ? എന്ത് ചപ്പ് ചവറിനെയും നവോത്ഥാനമെന്ന വർണ്ണക്കടലാസിൽ പൊതിഞ്ഞിടാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഏതിനെയും നവോത്ഥാനമെന്നു പറഞ്ഞാൽ എല്ലാം മഹത്വവത്ക്കരിക്കപ്പെടും എന്നുള്ള നിലയിലാണ് ഈ സർക്കാർ കാണുന്നത്. ഇന്ത്യാ ടുഡേയെ കൂട്ടുപിടിച്ചുകൊണ്ട് ക്രമസമാധാനം ഭദ്രമാണെന്ന് പറയുന്നു. സ്വന്തം പാർട്ടി അണികളെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ? മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കല്ലെറിഞ്ഞു. ഈ സർക്കാരിന്റെ പോലീസിൽ വിശ്വാസമുള്ളതുകൊണ്ടാണോ; യഥാർത്ഥത്തിൽ മെഡിക്കൽ കോളേജ് പോലീസിന്റെ നേർക്കാണോ കല്ലെറിഞ്ഞത്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് നേരെ ഡി.വൈ.എഫ്.ഐ. എറിഞ്ഞ കല്ലുകളാണ് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കാണാൻ കഴിഞ്ഞത്. റോഡിൽ നിൽക്കുന്ന ട്രാഫിക് പോലീസുകാരനെ മർദ്ദിച്ച എസ്.എഫ്.ഐ.-ക്കാർക്ക് പോലീസിന്റെ ക്രമസമാധാനത്തിലും നീതിനിർവ്വഹണത്തിലും എന്ത് വിശ്വാസമാണുള്ളത്? കഴിഞ്ഞ മൂന്നുനാല് മാസംകൊണ്ട് കേരളത്തിലെ ക്രമസമാധാനനില പൂർണ്ണമായും തകർന്നു. സ്വന്തം അണികളെപ്പോലും ബോദ്ധ്യപ്പെടുത്താൻ കഴിയുന്നില്ല. ആൾക്കൂട്ടംകണ്ട് നിലപാട് സ്വീകരിക്കുകയല്ല വേണ്ടത്. ശരിയായ നിലപാട് സ്വീകരിച്ചുകൊണ്ട് ആ നിലപാടിനൊപ്പം ആളെ കൂട്ടുകയാണ് വേണ്ടതെന്ന് ഇവിടെ എനിക്കുമുമ്പ് സംസാരിച്ച അംഗം പറഞ്ഞു. ആൾക്കൂട്ടത്തെ കണ്ട് നിലപാട് മാറ്റിയ പാരമ്പര്യം ആർക്കാണ്? 2006-ലും 2011-ലും സഖാവ് വി. എസ്. അച്ചുതാനന്ദന് സീറ്റ് നിഷേധിച്ചുകൊണ്ട് പാർട്ടി തീരുമാനമെടുത്തപ്പോൾ ആൾക്കൂട്ടത്തെ കണ്ട് ആ തീരുമാനം മാറ്റിയ പാരമ്പര്യം നിങ്ങളുടെ പാർട്ടിക്കാണുള്ളത്.

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തമായി പിന്തുണയ്ക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ വലിയ പ്രതിസന്ധികളിലൂടെ

കടന്നുപോയ ഒരു കാലത്താണ് കേരള ഗവൺമെന്റ് നേരത്തെ ബഹുമാന്യനായ എം. സ്വരാജ് സൂചിപ്പിച്ചതുപോലെ കേരളത്തിലും ഇൻഡ്യയിലും ലോകത്തും ബി.ജെ.പി.-യേയും യു.ഡി.എഫ്.-നേയും പോലെ വലതുപക്ഷ ക്രമീകരണമുള്ള ശക്തികളെല്ലാം എതിർത്തിട്ടും ശക്തമായൊരു കേരളത്തിന്റെ നവനിർമ്മിതിക്കു വേണ്ടിയുള്ള പരിശ്രമം ആരംഭിച്ച അസാധ്യമായ, അനന്യമായ വികസന സംസ്കാരത്തിന്റെ ഭാഗത്തുനിന്നുകൊണ്ടാണ് ഈ കാലഘട്ടത്തിൽ ബഹുമാന്യനായ ഗവർണർ കേരളത്തിലെ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ കാണേണ്ടതെന്നാണ് എന്റെ അഭിപ്രായം. പ്രളയാനന്തര കേരളത്തെ പുനരുദ്ധരിക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശ്രമങ്ങളെ എതിർക്കുന്ന നിലപാടാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സ്വീകരിച്ചിരിക്കുന്നത്. കേന്ദ്ര സാഹിത്യ അക്കാഡമി സെക്രട്ടറിയായിട്ടുള്ള ബഹുമാന്യനായ സച്ചിദാനന്ദനും കേരളത്തിലെ അറിയപ്പെടുന്ന കവിയായ ശ്രീ. ആലങ്കോട് ലീലാകൃഷ്ണനും പ്രളയാനന്തര കേരളത്തിൽ രചിക്കപ്പെട്ട രണ്ട് കവിതകളുടെ അവസാനം കേരളം ഹൃദയവായ്പോടെ ഏറ്റുവാങ്ങുന്നതാണ്.

"ഞാൻ ഭൂമിക്കു മേൽ വെച്ച
മഴവില്ല് ഒരു വാഗ്ദാനമാണ്:
ഒരു തുമ്പപ്പൂ, ഒരു നെൽക്കതിർ,
അലിവാർന്ന ഒരു ഹൃദയം
പ്രളയാവസാനം
രക്തം പുരളാത്ത,
പുതു ബോധത്തിന്റെ
മറുകര"

എന്നാണ് സച്ചിദാനന്ദൻ അദ്ദേഹത്തിന്റെ കവിത പറഞ്ഞ് അവസാനിപ്പിച്ചത്. ശ്രീ. ആലങ്കോട് ലീലാകൃഷ്ണൻ അദ്ദേഹത്തിന്റെ കവിതയിൽ എഴുതിയത്,

"ഇനിയുമുണ്ടാം നനഞ്ഞമണ്ണിൽനിന്നു
പുതുപിറപ്പുക, ളജ്ഞാത കോടികൾ
അതിനു നിന്നിൽ ഋതുപ്രാപ്ത ജീവന്റെ
പ്രളയരാഗം പകർന്നു പോവുന്നു ഞാൻ."

എന്നാണ്. അക്ഷരാർത്ഥത്തിൽ പ്രളയഭീകരതയെ നേരിട്ട ഒരു കേരളത്തെ മാറ്റിനിർമ്മിക്കാനുള്ള അതിശക്തമായ ഇടപെടലുകളുമായി കേരളത്തിലെ

ഗവൺമെന്റ് കടന്നുപോകുമ്പോൾ അതിനെ പുച്ഛിക്കുകയും അതിനെതിരായ നടപടിയെടുക്കുകയും ചെയ്ത ഒരു രാഷ്ട്രീയ പാപ്പരത്തമാണ് കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടായിരുന്നത്. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചയ്ക്കിടയിൽ പ്രളയത്തെക്കുറിച്ച് ചർച്ച ചെയ്തല്ലോ; ആ പ്രളയാനന്തര കേരളത്തെ രക്ഷപ്പെടുത്താനുള്ള കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഇടപെടലുകളെ ഏതെല്ലാം വഴികളിലൂടെയാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സംഘടിതമായി എതിർത്തതെന്ന് നിങ്ങൾ ഈ ഘട്ടത്തിൽ ഓർമ്മിക്കുന്നുണ്ടോ? കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന, പ്രളയാനന്തര കേരളത്തിന് സഹായം കിട്ടാനുള്ള പരിശ്രമങ്ങളെ ഇവിടെയിരിക്കുന്ന ശ്രീ. വി. ഡി. സതീശൻ ആദ്യത്തെ ചർച്ചയിൽ സൂചിപ്പിച്ചത് Man made disaster, മനുഷ്യനിർമ്മിത അപകടമാണെന്നാണ്. കേരളത്തിന് ലോകത്തിന്റെ ഒരു സ്ഥലത്തുനിന്നും സഹായം കിട്ടാതിരിക്കാൻ ഇതൊരു മനുഷ്യനിർമ്മിത ദുരന്തമാണെന്ന് നിങ്ങളവതരിപ്പിച്ചു. അവിടെനിന്ന് ആരംഭിക്കുന്നതാണതിന്റെ ചർച്ച. സാലറി ചലഞ്ചിനെ നിങ്ങളെതിർത്തു, എന്തിനുവേണ്ടി എതിർത്തു? ഒരു മാസത്തെ ശമ്പളം പത്ത് തവണകളായി ലോകത്തിലെ മലയാളിയോടാവശ്യപ്പെട്ട കേരള ഗവൺമെന്റിനെ നിങ്ങൾ ആക്രമിക്കാൻ തീരുമാനിച്ചത് പ്രളയാനന്തര കേരളത്തിന്റെ നവനിർമ്മിതിക്കുവേണ്ടി കേരളം നിലനിൽക്കുമെന്ന് കരുതിയതുകൊണ്ടല്ലേ. കേരളത്തിന് വിദേശ ഗവൺമെന്റുകൾ നൽകുന്ന സഹായങ്ങളെ എതിർക്കാൻ തീരുമാനിച്ച കേന്ദ്ര ഗവൺമെന്റ്, അതിനുശേഷം കേരളത്തിന്റെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള 17 മന്ത്രിമാർ ലോക കേരള സഭയോടനുബന്ധിച്ച് വിളിച്ചുകൂട്ടിയ യോഗങ്ങളുടെ ഭാഗമായി രാജ്യത്ത് സഞ്ചരിക്കാൻ തീരുമാനിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് ആ മന്ത്രിമാർക്ക് യാത്ര ചെയ്യാനുള്ള അവസരം എന്താണ് കൊടുക്കാത്തത്? അതിനെതിരെ ഒരക്ഷരം മിണ്ടിയോ കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി. കേരളത്തിലെ ലീഗ് ഉൾപ്പെടെയുള്ള ഘടകകക്ഷികൾ ഒരക്ഷരം മിണ്ടിയില്ലല്ലോ? കേരളം കടം മേടിക്കാനാവശ്യപ്പെടുന്ന വായ്പാപരിധി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. അവിടെയും എതിർപക്ഷത്താണ് കേന്ദ്ര ഗവൺമെന്റ്നിന്നത്. ആ കേന്ദ്ര ഗവൺമെന്റിന്റെ കൂടെയായിരുന്നല്ലോ യു.ഡി.എഫ്. ബി.ജെ.പി.-യെക്കുറിച്ച് പ്രത്യേകിച്ച് സംസാരിക്കേണ്ട കാര്യമില്ല. കാരണം, ഞങ്ങളുടെ നയവും നിലപാടും അതിനെതിരാണ്. കേന്ദ്ര ഗവൺമെന്റിന്റെ കൂടെനിൽക്കുന്ന സയാമീസ് ഇരട്ടകളായി കേരളത്തിലെ കോൺഗ്രസ് മാറിപ്പോയി എന്ന ദയനീയത നമ്മൾ കാണണ്ടേ; സയാമീസ് ഇരട്ടകൾ എങ്ങനെയാണ്? പുറത്തുകാണുമ്പോൾ രണ്ട് മുഖമാണ്. തുണിയഴിച്ചുനോക്കിയാൽ ഒറ്റ ഉടലാണെന്ന് ബോധ്യപ്പെടുന്ന തരത്തിൽ

സയാമീസ് ഇരട്ടകളായി കേരളത്തിലെ കോൺഗ്രസ് മാറിയെന്നത് അപകടകരമായ കാര്യമല്ലേ. നിങ്ങളെന്താ രാഷ്ട്രീയം ചർച്ച ചെയ്യാത്തത്? നിങ്ങൾ രാഷ്ട്രീയം ചർച്ച ചെയ്യണം, ഞങ്ങൾ ആ രാഷ്ട്രീയം ചർച്ച ചെയ്യാൻ തയ്യാറാണ്. കേരള ഗവൺമെന്റിന്റെ രാഷ്ട്രീയമെന്താണ്? നവലിബറൽ സാമ്പത്തിക നയത്തിനും വർഗ്ഗീയതയ്ക്കു മെതിരെ ഒഴുക്കിനെതിരായൊരു നീന്തലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയം. ആ രാഷ്ട്രീയമാണ് അനന്യമായൊരു വികസന സംസ്കാരത്തെ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചത്. ആ രാഷ്ട്രീയമല്ല നിങ്ങളുയർത്തിപ്പിടിക്കുന്ന രാഷ്ട്രീയം. നിങ്ങൾ നവോത്ഥാന കേരളത്തിന്റെ ചരിത്രത്തെ എങ്ങനെയാണ് കാണുന്നത്? നവോത്ഥാന കേരളത്തെക്കുറിച്ച് അഭിപ്രായം പറയുകയാണ് കോൺഗ്രസ്. നിങ്ങൾക്കവസാനം ശബരിമലയിൽ രാഷ്ട്രീയമില്ലാതായി. ഇന്നലെ ശ്രീ. കെ. എൻ. എ. ഖാദറിനെപ്പോലെ ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ പഴയ നേതാവായിരുന്നൊരാൾ പ്രസംഗിച്ചപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. "ഞങ്ങൾക്ക് കണ്ണീരിലാണിനി വിശ്വാസം". കേരളത്തിലെ ഐക്യജനാധി പത്യ മുന്നണി കേരളത്തിലെ വിശ്വാസിയായ മനുഷ്യന്റെ കണ്ണീരിൽനിന്ന് ലോക്സഭയിൽ ജയിക്കാൻ പോകുകയാണ്. എന്തൊരപമാനമാണീ കേരളത്തിൽ. ലീഗിനെപ്പോലെ ഒരു രാഷ്ട്രീയ പാർട്ടിക്ക് പറയാൻ കഴിയുന്ന നവോത്ഥാനത്തിന്റെ വരികളാണോ ഇത്. കേരളം നവോത്ഥാനത്തിന്റെ വഴികളിലൂടെ കടന്നുപോകുന്നത് കേരളം ആചാരങ്ങൾക്കും അനാചാരങ്ങൾ ക്കുമെതിരെ നടത്തിയ സമരത്തിലാണ്. അത് നിങ്ങൾക്കറിയില്ല. മാറ് മറച്ചും, മാറ് മുറിച്ചും കേരളത്തിൽ പെണ്ണ് നടത്തിയ സമരത്തിന്റെ ചരിത്രമുഹൂർത്തങ്ങളിലാണ് 50 ലക്ഷം പെണ്ണുങ്ങൾ അണിനിരന്ന വനിതാ മതിൽ കേരളത്തിൽ സൃഷ്ടിച്ചത്. അതിനെ നിങ്ങൾ വർഗ്ഗീയ മതിലെന്ന് വിളിക്കുന്നതെന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയാം. കാസർഗോഡ് മുതൽ മഞ്ചേശ്വരം വരെ പതിനായിരങ്ങളല്ല 50 ലക്ഷം സ്ത്രീകളാണ് വനിതാ മതിലിൽ അണിനിരന്നത്. മലപ്പുറത്ത് ഒരു പഞ്ചായത്തിൽ ഒരു വനിതാ വേലി കെട്ടാൻ നിവൃത്തിയില്ലാത്ത ലീഗാണ് വനിതാ മതിലിനെക്കുറിച്ച് കേരളത്തിലെ പ്രബുദ്ധ ഘടകങ്ങളോട് രാഷ്ട്രീയം പറയാൻ നിൽക്കുന്നത്. അതൊരു നവോത്ഥാനത്തിന്റെ മാറ്റമാണ്. കേരളത്തിന്റെ നവോത്ഥാന രാഷ്ട്രീയത്തെക്കുറിച്ച് ഇടതുപക്ഷം പറഞ്ഞുവച്ചതെന്താണെന്ന് അറിയാത്തതു കൊണ്ടാണ് നിങ്ങൾ ശബരിമലയിൽ സ്ത്രീകളെ കയറ്റുന്ന ചർച്ച ഇവിടെ നടത്തുന്നത്. നവലിബറൽ സാമ്പത്തിക നയത്തിനും വർഗ്ഗീയതയ്ക്കുമെതിരെ ഒരൊഴുക്കായി കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ഈ വികസന സംസ്കാരം നിങ്ങളെവിടെയാണ് കാണാത്തത്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ കിഫ്ബി കേരളത്തിൽ നടപ്പിലാവില്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ.

2.00 pm]

41000 കോടി രൂപയാണ് കിഫ്ബിയിലൂടെ കേരളത്തിൽ അവതരിപ്പിക്കപ്പെട്ടത്. കേരളം വികസനത്തിന്റെ വ്യത്യസ്തമായ, അനന്യമായ സംസ്കാരത്തെ അവതരിപ്പിക്കുകയാണ്. അപ്പോഴാണ് കേരളത്തിലെ വിദ്യാഭ്യാസ മേഖല മാറുന്നത്. ഏത് എം.എൽ.എ.-യുടെ മണ്ഡലത്തിലാണ് അഞ്ച് കോടി രൂപയുടെ ആധുനിക സ്കൂൾ വരാത്തത്; ഏത് എം.എൽ.എ.-യുടെ മണ്ഡലത്തിലാണ് മൂന്ന് കോടി രൂപയുടെ പുതിയ പദ്ധതി വരാത്തത്? എന്റെ മണ്ഡലത്തിൽ 21 കോടി രൂപയുടെ പദ്ധതിയാണ് വിദ്യാഭ്യാസ വകുപ്പിൽനിന്നുമാത്രം അനുവദിച്ചത്. സന്തോഷമുണ്ട്! കേരളത്തിൽ 45000 സ്മാർട്ട് ക്ലാസ്സ് റൂമുകൾ കൊണ്ടുവന്നു. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ മേഖലയിൽ കേരളം ആദ്യത്തെ ഹൈടെക് സംസ്ഥാനമായി മാറാൻ പോകുകയാണ്. പ്രളയാനന്തര കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക ജീവിതത്തിൽ കേരളത്തിലെ ഗവൺമെന്റിടപെടുന്നതു പോലെ കൃഷി വകുപ്പ് കൊണ്ടുവന്ന 'പുനർജനി'-യുടെ ഫലമനുഭവിക്കാത്ത ഏത് എം.എൽ.എ.-യുണ്ട് ഈ നാട്ടിൽ? ഇന്നലെ ശ്രീ. കെ. എൻ. എ. ഖാദർ സംസാരിക്കുമ്പോൾ കളർ കോഡിനെക്കുറിച്ച് പറയുന്നത് കേട്ടു. കളർ കോഡാണോ കേരളത്തിൽ നടത്താൻ പോകുന്ന ഏറ്റവും പ്രധാന ചർച്ച? സുപ്രീംകോടതി നടപ്പിലാക്കിയ ഒരു വിധിക്കെതിരെ പരസ്യമായി അഭിപ്രായം പറയാൻ പേടിച്ച് ബി.ജെ.പി നടത്തുന്ന നാണംകെട്ട നടപടികളുടെ കൂട്ടത്തിൽ സയാമീസ് ഇരട്ടകളായി നിങ്ങൾ മാറുമ്പോൾ അപമാനമല്ലാതെ കേരളത്തിന്റെ ജനാധിപത്യ രാഷ്ട്രീയത്തിൽ എന്താണുണ്ടാകുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ ഇനിയും ഇരുപത് ലോക് സഭാ മണ്ഡലത്തിലും വിജയിക്കണമെന്ന് ഞങ്ങൾ പറയുന്നത് ആ ഇരുപത് പേരും ഇന്ത്യൻ മതനിരപേക്ഷതയുടേയും വിശുദ്ധമായ ഭരണഘടനയുടേയും കാവലാളുകളായി നിൽക്കുമെന്ന് ഞങ്ങൾക്കുറപ്പുള്ളതുകൊണ്ടാണ്. ആ ഇരുപത് എം.പി.-മാർ കേരളത്തിൽ ജയിച്ചാൽ ഒരു റിസോർട്ടിന്റെയും മുമ്പിൽ ബി.ജെ.പി.-ക്ക് ചെന്നുനിൽക്കാൻ അവകാശമില്ലാത്തതുപോലെ ഈ രാജ്യത്തിന്റെ മതനിരപേക്ഷതയെ നിലനിർത്തുന്നതിനുവേണ്ടിയുള്ള മഹാപരിവർത്തനത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി തയ്യാറായി നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നവോത്ഥാനത്തിന്റെ വഴികളിലൂടെ കടന്നു പോകുമ്പോൾ നിങ്ങളുടെ ഭരണകാലത്ത് ക്ഷേമപെൻഷൻ കൊടുക്കാത്തവർക്ക് ഞങ്ങൾ കൊടുത്തു. നിങ്ങളുയർത്തിപ്പിടിച്ച എതിർപ്പിന്റെ എല്ലാ ശബ്ദങ്ങളേയും അതിജീവിച്ചുകൊണ്ട് പ്രളയാനന്തര കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിശക്തമായി

നിലകൊണ്ട എന്നുള്ളതുതന്നെയാണ് ഞങ്ങൾക്ക് ഈ നവോത്ഥാന സമൂഹത്തിൽ സംസാരിക്കാനുള്ള അവകാശം. ആ നവോത്ഥാനം ശബരിമലയിൽ ആളെ പ്രവേശിപ്പിക്കലല്ല. വഴിനടക്കാൻ അവകാശമില്ലാതിരുന്ന, ഭക്ഷണം കഴിക്കാൻ നിവൃത്തിയില്ലാതിരുന്ന, പൊതുവഴികളിൽ നടക്കാനും പൊതുകുളങ്ങളിൽ കുളിക്കാനും പൊതു കിണറുകളിൽനിന്ന് വെള്ളമെടുത്തുപയോഗിക്കാനും അവകാശമില്ലാതിരുന്ന, പട്ടിയും പൂച്ചയും കാക്കയും പറന്നുനടക്കുന്ന അമ്പലത്തിലെ ഇടവഴികളിൽ ആരാധന നടത്താൻ അവകാശമില്ലാതിരുന്ന, കേരളത്തിൽ മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്ന സാമാന്യ ജനവിഭാഗത്തെ നേർവഴിയിലേയ്ക്ക് നയിക്കാൻ നടന്ന നവോത്ഥാനത്തിന്റെ പിൻതലമുറക്കാരായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന രാഷ്ട്രീയപ്രസ്ഥാനം കേരളത്തിൽ നീങ്ങുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ നന്ദി പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. ഒരു കലത്തിൽ ചോറുവച്ചാൽ അത് വെന്തോയെന്നറിയാൻ എല്ലാ ചോറും എടുത്ത് ഞെക്കിനോക്കേണ്ട കാര്യമില്ല; ഒന്നോ രണ്ടോ ചോറെടുത്ത് നോക്കിയാൽ മതി. അഴിമതിയില്ലാത്ത വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന, ഒരു വലിയ പ്രകൃതിക്ഷോഭത്തെ വളരെ നല്ലനിലയിൽ നേരിട്ട ഗവൺമെന്റിനെ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് കുറ്റപ്പെടുത്താനും പരിഹസിക്കാനും ശ്രമിക്കുന്ന കാഴ്ചയാണ് ഈ ചർച്ചയിൽ രണ്ടുദിവസമായി കാണുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈവരിച്ച വലിയ നേട്ടങ്ങൾ, കഴിഞ്ഞ കാലങ്ങളിലൊന്നുമില്ലാത്ത നേട്ടം കൈവരിച്ച ചില വകുപ്പുകളുണ്ട്, അതിലൊന്നാണ് വിദ്യാഭ്യാസ വകുപ്പ്. വിദ്യാഭ്യാസ വകുപ്പിലുണ്ടായ നേട്ടമെന്ന് പറയുന്നത് ഈ സഭയിലിരിക്കുന്ന എല്ലാപേർക്കും, ജനങ്ങൾക്കുമറിയാം. കഴിഞ്ഞ മുപ്പതുവർഷത്തിനിടയിൽ നമ്മുടെ സർക്കാർ സ്കൂളുകളിൽ രണ്ട് നിലയിൽ പത്ത് മുറികളുള്ള കെട്ടിടം പണിത ഏതെങ്കിലും സ്ഥലമുണ്ടോ എന്ന് പരിശോധിക്കണം. ചില എം.എൽ.എ.-മാർ അവരുടെ ഫണ്ടുപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയതൊഴിച്ചാൽ, സർക്കാരിന്റെ ഫണ്ടുപയോഗിച്ച് വടക്കൻ ജില്ലകളിൽ മലപ്പുറത്തോ മറ്റോ ചെയ്തിട്ടുണ്ടോയെന്നെനിക്കറിയില്ല. പക്ഷേ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ സർക്കാരിന്റെ ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കാറുണ്ട് - സർവ്വശിക്ഷാ അഭിയാൻ, രണ്ട് മുറി, ഒരു കക്കൂസ്, ഒരു മൂത്രപ്പുരയുടെ രണ്ട് മുറി, ഒരു കഞ്ഞിപ്പുര ഇതൊക്കെ ജില്ലാ പഞ്ചായത്തിന്റെയും പഞ്ചായത്തിന്റെയുമൊക്കെ ഫണ്ടുപയോഗിച്ച് ചെയ്യാറുണ്ട്. പക്ഷേ, ഒരു കോടി രൂപ മുതൽ നാല് കോടി രൂപ വരെ ചെലവഴിച്ച് മനോഹരമായി ടൈൽസിട്ട്, വൈദ്യുതീകരിച്ച്, ഫാനിട്ട്, മനോഹരമായ മന്ദിരങ്ങൾ നിർമ്മിക്കാൻ തുടങ്ങിയത് ഇക്കഴിഞ്ഞ ആയിരം ദിവസത്തെ ഭരണത്തിലൂടെയാണ്. അതിൽ

പ്രതിപക്ഷത്തുള്ളവർക്കും അഭിപ്രായവ്യത്യാസമില്ല. എം.എൽ.എ.-മാർ ചെയ്തിട്ടുണ്ടാകാം. അല്ലാതെ സർക്കാർ പണം ചെലവാക്കി നമ്മൾ കണ്ടിട്ടില്ല. ഞാൻ എം.എൽ.എ. ആയി വരുന്നതിനുമുമ്പ് വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുള്ള ഒരാളാണ്. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, പൊതു വിദ്യാഭ്യാസത്തെ രക്ഷിക്കാനുള്ള ഈ സർക്കാരിന്റെ നയം വലിയ വിജയമാകുകയും സ്വാശ്രയ സ്കൂളുകളിൽനിന്നും കുട്ടികളെ ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് കൊണ്ടുവരുന്നതിൽ വളരെ വിപ്ലവകരമായ നേട്ടം കൈവരിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട് എന്നതാണ്. അതിന് കിഫ്ബിയുടെ ഫണ്ടുപയോഗിച്ചു. ഇവിടെ പലരും കളിയാക്കിപ്പറഞ്ഞു. പക്ഷേ, 41,000 കോടി രൂപയുടെ കിഫ്ബി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 66 പേജുകളിലായി പ്രിന്റ് ചെയ്തുതന്നിരിക്കുന്ന ഗവർണറുടെ പ്രസംഗത്തിൽ നടത്താൻ പോകുന്ന കാര്യങ്ങളെക്കാൾ നടത്തിയ കാര്യങ്ങളെക്കുറിച്ചുള്ള പരാമർശമാണ് ശ്രദ്ധിക്കേണ്ടത്. നടത്തിയ കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. 41,000 കോടി രൂപയുടെ 500 പദ്ധതികൾ കിഫ്ബി ഏറ്റെടുക്കുകയും അതിൽ 9,000 കോടി രൂപയുടെ പദ്ധതികൾക്ക് ടെണ്ടർ വിളിക്കുകയും 5,500 കോടിയുടെ വർക്ക് ആരംഭിക്കുകയും ചെയ്തു. എല്ലാ മണ്ഡലങ്ങളിലും അത് നടന്നു കൊണ്ടിരിക്കുകയാണ്. സ്കൂളുകളുടെ നവീകരണത്തിന് 5 കോടി രൂപവച്ച് ഒരു സ്കൂളിന് കൊടുത്തു. അതുകൂടാതെ റോഡുകൾ, പാലങ്ങൾ, ഓവർ ബ്രിഡ്ജുകൾ, തീരദേശ ഹൈവേയുടെ പണി, മലയോര ഹൈവേയുടെ പണി അങ്ങനെ എല്ലാരംഗത്തും വലിയ പുരോഗതിയുണ്ടായി. പൊതുമരാമത്ത് വകുപ്പിൽ പ്രത്യേകിച്ച്, കെട്ടിടങ്ങളുടെ കാര്യത്തിൽ വലിയ അഴിമതിയുണ്ടായിരുന്ന വകുപ്പാണ്, അത് മാറ്റിക്കൊണ്ട് വളരെ സുതാര്യമായ നിലയിൽ വേഗത്തിൽ പണിതീർക്കുകയാണ്. ശ്രീ. ജി. സുധാകരൻ വന്നതിനുശേഷം എന്റെ നിയോജകമണ്ഡലത്തിൽ പാലത്തിന്റെ പണി തീർത്തത് 365 ദിവസം തികയുന്നതിന് മുമ്പാണ്. അത് ചെറിയ പാലമല്ല, തകർന്നുപോയ ഏനാത്ത് പാലത്തേക്കാൾ നീളമുള്ളതാണ്. ഇവിടെ ശ്രീമതി പി. അയിഷാ പോറ്റി പറയുകയുണ്ടായി ആറ് മാസംകൊണ്ട് ഏനാത്ത് പാലം റിപ്പയർ ചെയ്തുവെന്ന്. ഏനാത്ത് പാലത്തേക്കാൾ വലിപ്പമുള്ള പാലം 365 ദിവസം കൊണ്ട് തീർക്കാൻ ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യംകൊണ്ട് സാധിച്ചുവെന്നതിൽ നമ്മൾ അഭിമാനം കൊള്ളണം. അതുകൊണ്ടാണ് അഴിമതിയില്ലാതെ ചെയ്തുവെന്ന് പറയുന്നത്. പ്രതിപക്ഷ നേതാവിന്റെ മണ്ഡലമായ ആലപ്പുഴയിൽനിന്നും ഹരിപ്പാടുവഴി കൊല്ലത്തുവരുന്ന റോഡ് പണിത് ആറ് മാസത്തിനുള്ളിൽ തകർന്നുപോയതാണ്. അത് ശ്രീ. ജി. സുധാകരനും ഈ ഗവൺമെന്റും

വന്നതിനുശേഷം പണിഞ്ഞത് മനോഹരമായി, ഇന്നും ഒരു കേടുപാടും കൂടാതെ കിടക്കുകയാണ്. അതിൽ ശ്രീ. വി. ടി. ബൽറാമിനും അഭിപ്രായവ്യത്യാസമുണ്ടാകില്ല. റോഡുകളിലെ പണികളിലൊക്കെയുണ്ടാകുന്ന സുതാര്യതയും ഉറപ്പും തീർച്ചയായും നമ്മൾ അംഗീകരിക്കണം. അഴിമതിയില്ലാത്ത കാര്യക്ഷമമായ ഗവൺമെന്റാണിത്. ഇതുരണ്ടും മാത്രമല്ല, ആർദ്രം പദ്ധതി. ശ്രീ. എം. വിൻസെന്റ് പുച്ഛരൂപത്തിൽ പറഞ്ഞു, പഴയ വീടുകൾക്ക് കുറച്ച് പൈസ കൊടുത്തുവെന്ന്. അത് ചെറിയ കാര്യമാണോ? എന്റെ സുഹൃത്തായ ഡോ. എം. കെ. മുനീർ പ്രസംഗിക്കാൻ പോകുകയാണ്. അദ്ദേഹം പഞ്ചായത്ത് വകുപ്പുമന്ത്രിയായിരുന്നു. അദ്ദേഹം സ്വന്തം മനഃസാക്ഷിയോട് ചോദിക്കണം. സഖാവ് വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് തുടങ്ങിയ ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ ശരാശരി ഒരു വർഷം ഏഴോ, എട്ടോ, പത്തോ വീട് വച്ചുകൊടുക്കാൻ അന്നത്തെ പഞ്ചായത്ത് മെമ്പർക്ക് കഴിഞ്ഞിട്ടുണ്ട്. ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്നപ്പോൾ ആവശ്യമുള്ള ഫണ്ട് കൊടുത്തിട്ടില്ലെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. അദ്ദേഹത്തിന് താൽപ്പര്യമില്ലാത്തതുകൊണ്ടല്ല. പക്ഷേ, ഫണ്ട് കൊടുക്കാത്തതുകൊണ്ട് കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്ര വീടുകൾ ഒരു ഗ്രാമപഞ്ചായത്തിൽ ചെയ്തുകൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇന്ദിരാഗാന്ധി ആവാസ് യോജന, മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം ഇങ്ങനെയൊക്കെ പേരുകൾ വരുന്ന പദ്ധതികളുടെ കേന്ദ്രഫണ്ടുകൾകൂടി ഉൾപ്പെടുത്തിയുള്ള പദ്ധതികൾ, അതിൽ പലതും പൂർത്തിയാക്കാനുള്ള ഫണ്ട് ഡോ. എം. കെ. മുനീറിന് കൊടുത്തിട്ടില്ല. അദ്ദേഹം അത് നിഷേധിക്കട്ടെ. കൊടുക്കാത്തതുകൊണ്ട് എന്തുപറ്റി; പല പദ്ധതികളും തീർന്നിട്ടില്ല. അന്നുമുതൽ പണിതീരാതെ കിടന്ന കെട്ടിടങ്ങൾ പൊളിച്ച് പകുതി കാശും വാങ്ങി വല്ലവരുടേയും വീടിന്റെ സൈഡിൽപ്പോയി ചായ്പ്പ് വച്ചും ടാർപ്പ വലിച്ചുകെട്ടിയും കിടന്നവർക്ക് ബാക്കി പണംകൂടി കൊടുത്ത് ഈ സർക്കാർ വന്നതിനുശേഷം ഏതാണ്ട് 50000 വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞു. വഴിയാധാരമായി കിടന്ന 50000 പേർ വീടുകളിൽ കയറി താമസിക്കുകയാണ്. ഇനി പുതിയ പദ്ധതികൾ എവിടെയാണ്? ഈ രാജ്യത്ത് വലിയൊരു വെള്ളപ്പൊക്കം വന്നു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിനെ സഹായിക്കാത്തതിനെപ്പറ്റി ഇവിടെ എല്ലാവരും പ്രസംഗിച്ചല്ലോ. ഇവിടെ ബി ടീമായി നിൽക്കുന്ന കോൺഗ്രസിന്റെ, യു.ഡി.എഫ്.-ന്റെ ആളുകളുടെ വായിൽനിന്ന് ഒരു പ്രതിഷേധ വാക്കുപോലും ഉയർന്നില്ലല്ലോ; ഈ വെള്ളപ്പൊക്കത്തിൽ അവർ വേണ്ട വിധത്തിൽ സഹായിച്ചോ? ഇല്ല. രാഷ്ട്രീയ വിലപേശലാണ് നടത്തുന്നത്. ഇവിടെ ഇന്ത്യൻ പ്രധാനമന്ത്രി വരുന്നു, ബി.ജെ.പി. ഇലക്ഷൻ പ്രചരണം തുടങ്ങുന്നു. കോൺഗ്രസ് പ്രസിഡന്റ് ഇന്നലെ വന്ന് പ്രസംഗിച്ചു. പക്ഷേ ഇവരൊക്കെ വന്ന്

പ്രസംഗിക്കുമ്പോൾ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് ഇവിടെയുള്ള നേതാക്കൾ അവർക്ക് പറഞ്ഞുകൊടുക്കുമ്പോൾ ഒന്നും ചെയ്തില്ലെന്ന് പറയുന്ന ഒന്നോ രണ്ടോ കാര്യങ്ങൾ എന്താണെന്ന് എടുത്ത് പറയണം. വെറുതെ കാടടച്ച് വെടിവയ്ക്കാതെ കാര്യം പറയൂ. ഈ ഗവൺമെന്റിന് ഇന്ന കുഴപ്പമുണ്ടെന്ന് പറയൂ. ഇവിടെയൊന്നും ശരിയല്ലെന്ന് ഇന്നലെ ശ്രീ. രാഹുൽ ഗാന്ധിയും പറഞ്ഞു. ശരിയല്ലാത്തത് എന്താണെന്ന് പറയണം.

ഇവിടെ ആശുപത്രിയില്ലെന്നാണ് പറയുന്നത്. ഇവിടത്തെ ആരോഗ്യ വകുപ്പിന്റെ വളർച്ച ശ്രദ്ധിക്കാം. ആശുപത്രികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബക്ഷേമ കേന്ദ്രങ്ങളായി നവീകരിച്ചു. അത് നന്നായി എന്നുള്ള കാര്യത്തിൽ ഏതെങ്കിലും എം.എൽ.എ.-മാർക്ക് അഭിപ്രായ വ്യത്യാസമുണ്ടോ? ഇത് ശ്രീ. രാഹുൽ ഗാന്ധിയെ കാണിച്ചുകൊടുക്കണം. ഇത് യു.പി. അല്ല, യു.പി. മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ കുട്ടികൾ മരിക്കുന്നതുപോലുള്ള സ്ഥലമല്ല കേരളം. നിപ്പാ പോലുള്ള വൈറസുകൾ വന്നപ്പോൾ മന്ത്രിതന്നെ നേരിട്ടിറങ്ങി ആരോഗ്യ വകുപ്പിലെ ജീവനക്കാരോടൊപ്പംനിന്ന് പ്രവർത്തിച്ച് അതിനെ പ്രതിരോധിക്കാൻ കഴിഞ്ഞ ശക്തമായ ഭരണമാണ് കേരളത്തിൽ നടക്കുന്നത്. 200 ആശുപത്രികൾകൂടി നവീകരിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ആരോടും പറയാതെ 170 ആശുപത്രികൾ നവീകരിച്ച ഈ സർക്കാരിന് അടുത്ത 200 ആശുപത്രികളും കൂടി നവീകരിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല.

ഡിറ്റർമിനേഷനുള്ള ഒരു മുഖ്യമന്ത്രിയാണ് കേരളത്തെ നയിക്കുന്നത്. കേരളത്തിന്റെ പുരോഗതിക്കുവേണ്ടി നമുക്ക് കിട്ടിയ ഒരു വലിയ പദ്ധതിയാണ് പവർഗ്രിഡ് കോർപ്പറേഷന്റെ കൂടംകുളം - മടക്കത്തറ ലൈൻ. മലബാർ മേഖലയിലേയ്ക്ക് വൈദ്യുതി കൊണ്ടുപോകുന്നതിനാവശ്യമായ ലൈൻ വലിക്കാൻ സഖാവ് വി. എസ്. അച്ചുതാനന്ദന്റെ കാലം മുതൽ പരിശ്രമിച്ചിട്ട് നടക്കാത്ത കാര്യം കേരളത്തിന്റെ മുഖ്യമന്ത്രി ഉയർന്ന നഷ്ടപരിഹാരം വാങ്ങിക്കൊടുത്തതിന്റെ ഫലമായി പദ്ധതി തുടങ്ങിക്കഴിഞ്ഞു. ആ പദ്ധതിയിലൂടെ വടക്കൻ മലബാറിലേയ്ക്ക് വൈദ്യുതി എത്താൻ പോകുകയാണ്. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്.

ഗെയിൽ പൈപ്പ് ലൈൻ - കേന്ദ്ര ഗവൺമെന്റ് പൈസ തന്നു, ഞങ്ങളാണ് അവകാശി എന്ന് കൊല്ലത്തെ ബൈപ്പാസ് ഉദ്ഘാടനത്തിൽ പലരും പറഞ്ഞു. എന്നാൽ കിട്ടിയ തുക മെറ്റീരിയലൈസ് ചെയ്യാൻ കഴിഞ്ഞത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. തീവ്രവാദ സംഘടനകളാണ് ഗെയിൽ പൈപ്പ്ലൈനിനെതിരെ സമരം ചെയ്തത്. അവരെ അടിച്ചമർത്തിക്കൊണ്ടും

അവരുടെ കള്ളത്തരം പുറത്തുകൊണ്ടുവന്നും കേരളത്തിലെ മുഖ്യമന്ത്രി അത് നടപ്പിലാക്കിയത് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ പ്രകൃതി വാതകം ലഭിക്കുന്നതിനുവേണ്ടിയാണ്. അതിന്റെ ഫലമായി വ്യാവസായികവും തൊഴിൽപരവുമായ പല മാറ്റങ്ങളും കേരളത്തിലുണ്ടാകും. ഇത് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള രീതിയിൽ സംസാരിക്കുന്നത് ശരിയല്ല. ശ്രീ. സി. ദിവാകരൻ ചെയർമാനായ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയിലെ അംഗമാണ് ഞാൻ. കഴിഞ്ഞ കാലങ്ങളിൽ ഓഡിറ്റ് പോലും ഇല്ലാതിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും കണക്കുകൾ ഇപ്പോൾ കറക്ടായി, അതിന്റെ പ്രവർത്തനങ്ങൾ ലാഭത്തിലേയ്ക്ക് നീങ്ങുന്ന തരത്തിലാണ് പോകുന്നത്. ഉദാഹരണത്തിന്, ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ഇപ്പോൾ ഒന്നര കോടി രൂപയുടെ ലാഭമുണ്ടാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കണം. 35 വർഷം മുമ്പ് സ്ഥാപിച്ച ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ മന്ത്രിയായിരുന്നു ഞാൻ (2011-ൽ). അന്ന് തുടങ്ങിവച്ച പദ്ധതികൾക്ക് ഇന്ന് റിസൾട്ട് കണ്ടിരിക്കുന്നു. ഞാൻ തുടങ്ങിവച്ച ഐഡിയകളാണ്. അതിൽ മാറ്റമൊന്നുമില്ല. തിയേറ്ററുകളുടെ നവീകരണം കേരളത്തിൽ തുടങ്ങിയത് ഞാനാണ്. അത് പറയാൻ എനിക്ക് അഭിമാനക്കുറവൊന്നുമില്ല. നാട്ടുകാർക്കും അറിയാം. ഇന്നത് ഒന്നര കോടി രൂപയുടെ ലാഭം നേടിയിരിക്കുകയാണ്. പക്ഷേ ചില ആളുകൾ അതിനെ കുറച്ചുനാൾ പുറകോട്ട് പിടിച്ചു. ഞാൻ തുടങ്ങിവച്ച പദ്ധതികൾ നല്ലതായതുകൊണ്ടാണ് ഇപ്പോൾ അത് ലാഭത്തിലേയ്ക്ക് പോകുന്നത്. സാംസ്കാരിക വകുപ്പിൽ വലിയ നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളത്. മഹാത്മാഗാന്ധിയുടെ ജന്മദേശത്തുപോലും അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികമോ 70-ാം ചരമവാർഷികമോ ആഘോഷിച്ചിട്ടില്ല. പക്ഷേ കേരളത്തിലെ സാംസ്കാരിക വകുപ്പ് മഹാത്മാഗാന്ധിയുടെ ജന്മദിനവും ചരമദിനവും വളരെ നല്ല രീതിയിൽ ആഘോഷിച്ചു. തിരുവനന്തപുരത്ത്, അയ്യങ്കാളിയോടൊപ്പം മഹാത്മജി സമയം ചെലവഴിച്ച സ്ഥലത്ത്, പാലക്കാട് ശബരി ആശ്രമത്തിൽ എന്നിങ്ങനെ പല സ്ഥലങ്ങളിലും ആഘോഷിച്ചു. കോൺഗ്രസ് നേതാവായിരുന്നു മഹാത്മാഗാന്ധി. കോൺഗ്രസ് പിരിച്ചുവിടണമെന്ന നല്ലൊരു സത്യം സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി കോൺഗ്രസ്സുകാരനായിരുന്നു എന്ന അപരാധം മാത്രമേയുള്ളൂ. ഈ പാർട്ടി പിരിച്ചുവിട്ടേയ്ക്കണമെന്ന് പറഞ്ഞു. കാരണം ഇനി വരാൻ പോകുന്ന കുഴപ്പങ്ങളെക്കുറിച്ചും കർണ്ണാടകത്തിൽ കാണുന്ന റിസോർട്ട് വാസങ്ങളെക്കുറിച്ചുമൊക്കെ അഭിപ്രായം പറയാതിരിക്കാൻവേണ്ടി അദ്ദേഹം പറഞ്ഞതാണ്. അദ്ദേഹവും ഭാര്യ കസ്തൂർബാ ഗാന്ധിയും സന്ദർശിച്ച പാലക്കാട് ശബരി ആശ്രമം കാടുപിടിച്ച് കിടന്നിട്ട് ഇവിടത്തെ യു.ഡി.എഫ്. സർക്കാർ ഇതൊന്നും അറിഞ്ഞില്ല. ആ കാട് വെട്ടിത്തെളിക്കുകയും 5 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതിൽ രണ്ടര കോടി രൂപയുടെ പ്രവർത്തനങ്ങൾ സാംസ്കാരിക വകുപ്പ് ആരംഭിക്കുകയും ചെയ്തു. ഇതൊക്കെ നല്ല കാര്യങ്ങളല്ലേ? മലയാളത്തിന്റെ അഭിമാനമായ സിനിമാ നടൻ

സത്യൻ മരിച്ച് ഏതാണ്ട് 46-ാം ചരമവാർഷികം വന്നപ്പോഴാണ് അദ്ദേഹത്തിന് ഒരു സ്മാരകം പോലുമില്ലെന്ന് അറിയുന്നത്. അതിന്റെ പ്രവർത്തനങ്ങളും സാംസ്കാരിക വകുപ്പ് തുടങ്ങി. മലയാള സിനിമയുടെ ഏറ്റവും വലിയ കലാകാരനാണ് പ്രേംനസീർ. അദ്ദേഹം കുറച്ചുനാൾ കോൺഗ്രസ്സിനോടൊപ്പം ചേർന്ന് ചില ഉപദ്രവങ്ങളുണ്ടായി എന്നതൊഴിച്ചാൽ, അദ്ദേഹത്തിനൊരു സ്മാരകം സ്ഥാപിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. 10 കൊല്ലമായി അദ്ദേഹത്തിന്റെ ഒരു പ്രതിമ തിരുവനന്തപുരത്ത് പണിതുവച്ചിരിക്കുകയാണ്. അത് പൂർത്തിയാക്കി തിരുവനന്തപുരം നഗരത്തിലെവിടെയെങ്കിലും സ്ഥാപിക്കാൻ സാംസ്കാരിക വകുപ്പ് മുൻകയ്യെടുക്കണം.

പട്ടികജാതി വികസന വകുപ്പിനെക്കുറിച്ച് നമുക്കെല്ലാം അറിയാം. എം.എൽ.എ.-മാർ പട്ടികജാതി വികസന വകുപ്പിൽ കൊടുക്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ഒരാഴ്ചയ്ക്കുള്ളിൽ 15,000 - 20,000 രൂപയ്ക്കിടയിലുള്ള തുക എത്തിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ ഏതാണ്ട് 250 പേരെ സർക്കാർ ഏജൻസികളിലൂടെ വിദേശ രാജ്യത്തേയ്ക്ക് അയച്ചത് ഈ ഗവൺമെന്റിന്റെ ചെറിയ നേട്ടമല്ല. അവരുടെ ജീവിതനിലവാരം കൂടുതൽ ഉയർത്തുന്നതിന് ഇനി 1500 പേരെക്കൂടി അയയ്ക്കാൻ പോകുകയാണ്. സർക്കാർ ശമ്പളത്തിനപ്പുറം, ഗോത്രവർഗ്ഗത്തിലെ ഒരു കുടുംബത്തിലെ ഒരാളുടെ ജോലിക്കപ്പുറത്തേയ്ക്കുള്ള വലിയ വളർച്ചയിലേയ്ക്ക് പോവുകയാണ്. ഇതിനെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് എനിക്കുള്ള വിഷമം ഞാൻ രേഖപ്പെടുത്തുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ എം.ഡി.-യെ നിയമിച്ചപ്പോൾ അദ്ദേഹം കൊള്ളാമെന്നുപറഞ്ഞ ആളാണ് ഞാൻ. പക്ഷേ എം.എൽ.എ.-മാരോട് ഇത്രയും മോശമായി പെരുമാറുന്ന ഉദ്യോഗസ്ഥരെ നിയന്ത്രിക്കണമെന്ന അഭിപ്രായം എനിക്കുണ്ട്. എന്റെ പരാതി ഞാൻ പറയാം. എം.എൽ.എ.-മാർ വിളിച്ചാൽ സെക്യൂരിറ്റിയെക്കൊണ്ട് ഫോൺ എടുപ്പിക്കും. അത് ശരിയാണോ? പിന്നെ വിളിക്കാമെന്ന് പറയും. അത് ശരിയല്ല. അദ്ദേഹത്തിന്റെ മാത്രം തീരുമാനത്തിൽ ബസ്സുകൾ വെട്ടി ക്കുറയ്ക്കുന്നതിൽ ഗവൺമെന്റ് ഇടപെടണം. ബസ്സുകൾ വെട്ടിക്കുറയ്ക്കാൻ പാടില്ല. കാരണം പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളും പട്ടികജാതി യിൽപ്പെട്ടവരും അവരുടെ കുഞ്ഞുങ്ങളും യാത്രചെയ്യുന്ന ലോക്കൽ ബസ്സുകൾ വെട്ടിക്കുറയ്ക്കരുതെന്ന് ഗതാഗത വകുപ്പുമന്ത്രി ദയവുചെയ്ത് എം.ഡി.-യോട് പറയണം. മുഖ്യമന്ത്രിയും അതിൽ ഇടപെടണം. സ്കൂട്ടർ വാങ്ങാൻ കാശില്ലാത്ത

ഏറ്റവും പാവപ്പെട്ടവരാണ് ഈ ബസിൽ കയറുന്നത്. അവരെ വിഷമിപ്പിക്കരുത്. ഗ്രാമപ്രദേശങ്ങളിലെ നാഷണലൈസ്ഡ് റൂട്ടുകളിലെ ബസുകൾ വെട്ടിക്കുറയ്ക്കരുത് എന്നൊരു അഭ്യർത്ഥന എനിക്കുണ്ട്. ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ മുന്നോട്ടു പോകുന്നുണ്ട്. ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞതിനപ്പുറത്തേയ്ക്കുള്ള വലിയ കാര്യങ്ങൾ വരുംദിവസങ്ങളിൽ ചെയ്യാൻ ഈ ഗവൺമെന്റിന് കഴിയും. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പോകുന്ന സെമി ഹൈസ്പീഡ് ട്രെയിൻ എന്ന ആശയം ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2009-ലെ ബഡ്ജറ്റിൽ പറഞ്ഞതാണ്. ഈ ഗവൺമെന്റ് അത് നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിന് അത്യന്താപേക്ഷിതമായ ഒരു പദ്ധതിയാണത്. ആ പദ്ധതി നടപ്പിലാക്കാനുള്ള കഴിവും ആർജ്ജവവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടെന്ന വിശ്വാസത്തോടെ ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്താങ്ങുന്നു. 32 മാസക്കാലത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സേവനങ്ങളും പുരോഗതിയും വരച്ചുകാണിക്കുന്നതോടൊപ്പം ഈ ഗവൺമെന്റ് ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ഗവർണർ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. അടുത്തകാലത്തുണ്ടായ പ്രകൃതി ദുരന്തങ്ങളേയും മഹാപ്രളയത്തേയും അതിജീവിച്ചുകൊണ്ടാണ് ഈ നേട്ടങ്ങളുണ്ടാക്കിയത് എന്നുള്ളത് ഏറെ സന്തോഷകരവും അഭിമാനകരവുമാണ്. 32 മാസത്തെ ഭരണത്തിലൂടെ നേടിയ കേരളത്തിന്റെ വികസനത്തെക്കുറിച്ച് പ്രസംഗത്തിൽ പരാമർശിച്ചിരിക്കുന്നത് പരിശോധിച്ചാൽ ഈ ഗവൺമെന്റ് വികസനത്തിന്റെ വൻ വെളിച്ചത്തിലാണെന്ന് കാണാൻ സാധിക്കും. എല്ലാ മേഖലകളിലും ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളും പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളും നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. അതുകൊണ്ടാണ് പ്രതിപക്ഷത്തുനിന്നും പ്രസംഗിച്ച ഒരാൾക്കുപോലും ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങളോ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളോ നടപ്പിലാക്കിയില്ലെന്ന് പറയാൻ സാധിക്കാതിരുന്നത്. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും അതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുമെല്ലാം ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന കാഴ്ച എവിടെയും കാണാൻ സാധിക്കും. ഏതെങ്കിലും ഒരു മണ്ഡലം അതിൽനിന്നും ഒഴിവാകുന്നില്ല. മുമ്പ് അങ്ങനെയല്ലായിരുന്നു. നിയമനിർമ്മാണത്തിലൂടെ പ്രത്യേക വിഭവസമാഹരണം നടത്തി കിഫ്ബി പദ്ധതികൂടി നടപ്പിലാക്കിയപ്പോൾ വലിയ തോതിൽ അതെല്ലാം

മുന്നേറിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമസഭാംഗമായിരുന്ന എനിക്ക് ഒരു റോഡിന്റെ എ.എസ്. കിട്ടാൻ ഉപവാസ സമരം നടത്തേണ്ടി വന്ന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. പല ആളുകൾക്കും അതറിയാം. പക്ഷേ, അന്ന് എ.എസ്. നൽകിയെങ്കിലും പണം നൽകിയില്ല. എന്റെ മണ്ഡലത്തിലെ 28 കിലോമീറ്റർ ദൈർഘ്യമുള്ള പ്രധാനപ്പെട്ട റോഡ് ഇരുപത്തിയൊമ്പതര കോടി രൂപ ചെലവിൽ BM&BC-ൽ നിർമ്മാണം പൂർത്തികരിച്ച് 1000 ദിവസത്തെ പദ്ധതിയുടെ ഭാഗമായി ആ റോഡ് തുറന്നുകൊടുക്കാൻ പോകുകയാണ്. മാത്രമല്ല എന്റെ മണ്ഡലത്തിൽമാത്രം പതിനാറോളം റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. റോഡുകളുടെയും പാലങ്ങളുടെയും തോടുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇത്രമാത്രം ത്വരിതഗതിയിൽ നടപ്പിലാക്കിയ ഒരു കാലം വേറെ ഉണ്ടായിട്ടില്ല. എന്റെ മണ്ഡലത്തിൽ ഉൾപ്പെട്ട ചൂളക്കടവ് പാലത്തിന് 18 വർഷം മുമ്പ് ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്ന കാലത്ത് ശിലയിട്ടതാണ്. ആ പാലം നിർമ്മിക്കുന്നതിനുള്ള യാതൊരു നടപടിയും അക്കാലത്തോ പിന്നീടോ സ്വീകരിച്ചില്ല. ഇപ്പോൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ആ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറായിക്കഴിഞ്ഞിരിക്കുകയാണ്. മുമ്പ് മുടങ്ങിക്കിടന്ന പദ്ധതികൾ ഉൾപ്പെടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു വെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. വികസന പ്രവർത്തനങ്ങളിലുള്ള മറ്റ് കാര്യങ്ങൾ ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. കീറാമുട്ടിയായി കിടന്നിരുന്ന ദേശീയ പാതയുടെ വികസനവും സ്ഥലമെടുപ്പും ഏതാണ്ട് പൂർത്തിയാകാൻ പോവുകയാണ്. മലയോര ജനതയുടെ സ്വപ്നമായിരുന്ന മലയോര പാതയ്ക്ക് 3,500 കോടി രൂപ വകയിരുത്തി അതിന്റെ നിർമ്മാണം തുടങ്ങിക്കഴി ഞ്ഞിരിക്കുന്നു. കണ്ണൂർ ജില്ലയിൽ, എന്റെ മണ്ഡലത്തിൽ 12 മീറ്റർ വീതിയിൽ ദേശീയ പാത നിർമ്മാണം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്, ആ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തീരദേശ വികസനവുമായി അഭേദ്യം ബന്ധപ്പെട്ട് കിടക്കുന്നതാണ് തീരദേശ പാത. 12 മീറ്റർ റോഡും 2 മീറ്റർ സൈക്കിൾ വേയും ഉൾപ്പെടെ 14 മീറ്റർ വീതിയിലുള്ള 657 കിലോമീറ്റർ തീരദേശ പാതയാണ് നിർമ്മിക്കാൻ പോകുന്നത്. ഗവൺമെന്റ് 6,600 കോടി രൂപ വകയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ പോകുകയാണ്. കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ ഉപകരിക്കുന്നതാണ് ദേശീയ ജലപാത. 599 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയ ജലപാതയും എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്നതാണ്. ഇത്തരത്തിലുള്ള നിരവധി പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഗെയ്ൽ പൈപ്പ്ലൈനിന്റെ 444 കിലോമീറ്ററിൽ

ഏതാനും കിലോമീറ്റർ ഒഴികെ ബാക്കി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള കാസർഗോഡ്-തിരുവനന്തപുരം സമാന്തര റെയിൽപാതയും സെമി ഹൈസ്പീഡ് ട്രെയിനും വന്നുകഴിഞ്ഞാൽ കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ നവകേരള സൃഷ്ടിയുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മിഷനുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അഞ്ച് വർഷംകൊണ്ട് ഭവനരഹിതരില്ലാത്ത നാടായി കേരളം മാറാൻ പോവുകയാണ്. എവിടെയെങ്കിലും ഒരു വീട് നിർമ്മിച്ചോയെന്ന് നേരത്തെ ഇവിടെ ചോദിച്ചു. എന്റെ മണ്ഡലത്തിൽ 1136 വീടുകളുടെ നിർമ്മാണം നടന്നുകൊണ്ടിരി ക്കുകയാണ്. ഈ വർഷം അതിൽ 300 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഈ സെഷൻ കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ആ വീടുകളുടെ താക്കോൽദാനം നിർവ്വഹിക്കാൻ പോവുകയാണ്. 50,000, 75,000 രൂപ വാങ്ങി പണി മുടങ്ങിക്കിടന്ന 169 വീടുകളുണ്ടായിരുന്നു. അതിൽ 159 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ആ കുടുംബങ്ങളെ താമസിപ്പിച്ചു. ആശുപത്രികളുടെ കാര്യത്തിൽ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചു. ചിലത് ഇപ്പോൾത്തന്നെ മാറിക്കഴിഞ്ഞിട്ടുണ്ട്. താലൂക്കാശുപത്രികൾ ഉൾപ്പെടെ സ്പെഷ്യാലിറ്റി ആശുപത്രികളായും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായും മാറാൻ പോവുകയാണ്. സ്കൂളുകളുടെ കാര്യം പറയുകയുണ്ടായി. കെട്ടിടങ്ങൾ ഉൾപ്പെടെ ഇത്രയും അടിസ്ഥാന സൗകര്യങ്ങൾ അനുവദിച്ച കാലം വേറെ ഉണ്ടായിട്ടില്ല. നാല് മിഷനുകളുമായി ബന്ധപ്പെട്ട് അഭൂതപൂർവ്വമായ വികസനമാണ് മണ്ഡലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. വ്യാവസായിക തൊഴിൽ മേഖലയിലെ അഭിവൃദ്ധി സൂചിപ്പിക്കുന്നതാണ് പൊതുമേഖലയുടെ വളർച്ചയും അത് നഷ്ടത്തിൽനിന്ന് ലാഭത്തിലേയ്ക്ക് എത്തിക്കലും. അതുപോലെ തന്നെയാണ് പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ബീഡി പോലുള്ള മേഖലകളെ ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. പത്ത് വർഷത്തോളമായി മുടങ്ങിക്കിടന്നിരുന്ന മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഏറ്റവും കുറഞ്ഞ വരുമാനക്കാരായ ആശാ വർക്കർമാരും അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും സ്കൂളുകളിൽ ഉച്ചഭക്ഷണം പാകംചെയ്യുന്ന അമ്മമാരും സഹോദരിമാരും അടങ്ങുന്ന പതിനായിരക്കണക്കിന് ആളുകളുണ്ട്. അവരുടെയെല്ലാം വരുമാനം ഗവൺമെന്റിന്റെ പ്രഖ്യാപിത നയമനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. അസംഘടിത മേഖലകളിൽ ജോലിചെയ്യുന്ന പതിനായിരക്കണക്കിന് സഹോദരിമാർക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവസരമുണ്ടായിരുന്നില്ല. അതിനുവേണ്ടി sales person എന്ന

പേരിൽ, ജോലി ചെയ്യുന്നതിനിടയിൽ ഒന്നിരിക്കാൻ അവർക്ക് അവസരം നൽകുന്ന നിയമനിർമ്മാണം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ഇ.എസ്.ഐ. ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. ക്ലിനിക്കുകളാക്കി മാറ്റുന്നതിനുള്ള തീരുമാനം ഗവൺമെന്റ് ഈ നയപ്രഖ്യാപനത്തിലൂടെ നടത്തിയിരിക്കുകയാണ്. അവിടങ്ങളിലെല്ലാം ഐ.സി. യൂണിറ്റുകൾ ഉണ്ടായിരിക്കും. തൊഴിലാളികളുടെ വേതനം ഉയർത്തുന്നതിനും അവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വ്യവസായങ്ങളുടെ അഭിവൃദ്ധിക്കും വേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും പ്രതിപക്ഷത്തിന് കാണാൻ സാധിക്കുന്നില്ലെന്നും അവർക്ക് നിഷേധിക്കാൻ സാധിക്കില്ലെന്നും അറിയാം. മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. എം. കെ. മുനീർ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. Oscar Wilde പറഞ്ഞ ഒരു വാചകമുണ്ട്. ഒരു ഭരണാധികാരിക്ക് ഇന്ന് എന്ത് നടക്കും, നാളെ എന്ത് നടക്കും, ഒരു വർഷം കഴിഞ്ഞ് എന്ത് നടക്കും, രണ്ട് വർഷം കഴിഞ്ഞ് എന്ത് നടക്കും എന്ന് പറയാനുള്ള ദീർഘവീക്ഷണമുണ്ടായിരിക്കണം. അതുപോലെ രണ്ട് വർഷം കഴിഞ്ഞാൽ ഇതൊക്കെ എന്തുകൊണ്ട് നടന്നില്ലെന്ന് പറയാനുള്ള ബുദ്ധിയും ഉണ്ടാകണം. ഏതായാലും കഴിഞ്ഞ കുറേ നയപ്രഖ്യാപനങ്ങളിലൂടെ ഇന്ന് എന്ത് നടക്കും, നാളെ എന്ത് നടക്കും, മറ്റന്നാൾ എന്ത് നടക്കും എന്നൊക്കെ പറഞ്ഞുകഴിഞ്ഞു. അവസാനത്തെ നയപ്രഖ്യാപനത്തിൽ ഇതൊക്കെ എന്തുകൊണ്ട് നടന്നില്ലെന്ന് പറയാൻ കൂടിയുള്ള ഒരുത്തരം ഈ സർക്കാർ കണ്ടുവയ്ക്കുന്നത് നന്നായിരിക്കുമെന്ന് Oscar Wilde-നെ ഉദ്ധരിച്ചുകൊണ്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രിയപ്പെട്ട മാത്യു ടി. തോമസ് നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്, കഴിഞ്ഞ സർക്കാർ നയമില്ലാത്ത സർക്കാർ ആയിരുന്നുവെന്നും ഈ സർക്കാർ നയങ്ങൾ നടപ്പിലാക്കുന്ന സർക്കാരുമാണെന്നാണ്. ശ്രീ. മാത്യു ടി. തോമസ് അറിയേണ്ട ഒരു കാര്യമുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാ നയങ്ങളും യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. എല്ലാ നയങ്ങളും ഉണ്ടാക്കി, അത് നടപ്പിലാക്കിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. നയപ്രഖ്യാപനത്തിൽ ട്രാൻസ്ജെൻഡർ പോളിസി ലോകത്തിലെ ഏറ്റവും വലിയ കാര്യമായി എടുത്തുപറയുന്നുണ്ടെങ്കിൽ ആ ട്രാൻസ്ജെൻഡർ പോളിസി അവതരിപ്പിച്ച ആളെന്ന നിലയ്ക്ക് അതുൾപ്പെടുത്തിയതിലുള്ള എന്റെ നന്ദി കൂടി അറിയിക്കുന്നു. വൈകല്യമുള്ള ആളുകളുടെ സെൻസസ് എടുത്തത് ലോക ചരിത്രമാണെന്ന് പറഞ്ഞുകൊണ്ട് ആദ്യത്തെ

നയപ്രഖ്യാപനത്തിൽ ഒരു വരിയുണ്ടായിരുന്നു. അതെല്ലാം നടപ്പിലാക്കിയത് കഴിഞ്ഞ ഗവൺമെന്റാണെന്ന് വളരെ സന്തോഷത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ഇതിൽ എയർപോർട്ടുകളെക്കുറിച്ച് പറഞ്ഞപ്പോഴും അവസാനത്തെ 20 ശതമാനം പണി പൂർത്തീകരിച്ച് കണ്ണൂർ എയർപോർട്ട് നടപ്പിലാക്കിയതിലുള്ള സന്തോഷം അങ്ങ് രേഖപ്പെടുത്തി. 80 ശതമാനം വർക്ക് കഴിഞ്ഞ ഗവൺമെന്റ് ചെയ്തിട്ടുണ്ടായിരുന്നു, 20 ശതമാനം പൂർത്തിയാക്കിയതിനാണ് എല്ലാ ക്രെഡിറ്റുമെങ്കിൽ അത് കൊണ്ടുപോകുന്നതിൽ ഞങ്ങൾക്ക് പ്രയാസമില്ല. ഞങ്ങളുടെ കുഞ്ഞിനെ നിങ്ങൾ നോക്കുന്നുണ്ടല്ലോയെന്ന സമാധാനം ഞങ്ങൾക്കുണ്ട്. മാത്രമല്ല, കൊച്ചിൻ എയർപോർട്ട് സ്വകാര്യ പങ്കാളിത്തത്തിന്റെ ലോക മാതൃകയാണെന്നുപറയുമ്പോൾ അതുണ്ടാക്കാൻ കെ. കരുണാകരൻ ശ്രമിച്ചപ്പോൾ അതിനെതിരെ സമരം ചെയ്ത ബഹുമാനപ്പെട്ട എസ്. ശർമ്മയടക്കം അവിടെയുണ്ടെന്നുള്ള കാര്യംകൂടി ഓർക്കണം. ഏതായാലും ചീഫ് ജസ്റ്റിസ് ആയിരുന്ന ഒരാളെക്കൊണ്ടാണ് ഇത്തരത്തിൽ പറയിപ്പിച്ചിട്ടുള്ളത് എന്നതിലുള്ള പ്രയാസം ഞങ്ങൾക്കുണ്ടെങ്കിലും ഒരിക്കലും നടപ്പിലാകാത്തതും നടപ്പിലായിയെന്ന് നിങ്ങൾ പറയുന്നുണ്ടെങ്കിലും എടുത്തുനോക്കിയാൽ ഒന്നും കാണാത്തതുമായ കുറെ കാര്യങ്ങൾ മാത്രമാണ് ഇതിലുള്ളത്. ക്രൗഡ് ഫണ്ടിംഗിനുവേണ്ടി കെ.പി.എം.ജി.-യെ ഇതിനായി നിയോഗിച്ചു. അത് പരാജയപ്പെട്ടുവെന്നത് എല്ലാവർക്കുമറിയാവുന്ന കാര്യമാണല്ലോ. അതിനായി തുടങ്ങിയ വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനുമൊക്കെ ഇപ്പോൾ എവിടെ പോയി? അതുപോലെതന്നെ ലോക ബാങ്കിൽനിന്ന് ലോണെടുക്കുന്നതിന് പരിമിതിയുണ്ടെന്ന് സർക്കാർ പറയുന്നു. എന്നാൽ നയപ്രഖ്യാപനത്തിൽ നവ ലിബറൽ ബാങ്കെന്ന് ഇടതുപക്ഷം വിളിക്കുന്ന ആഗോള സാമ്പത്തിക ശക്തികളെ ആശ്രയിക്കണമെന്ന് പറയുന്ന വൈരുദ്ധ്യവും നമ്മളിതിൽ കാണുന്നു. ആറുമാസമായിട്ടും ഈ ലോൺ ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്? എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനെ ഓർമ്മപ്പെടുത്താനുള്ളത് നിങ്ങൾ ഭരണത്തിൽ വന്നിട്ട് ആയിരം ദിവസം കഴിഞ്ഞുവെന്നാണ്. ഇനി എത്ര ദിവസം ഗവൺമെന്റിന്റെ മുന്നിലുണ്ട്; അടുത്തത് രണ്ട് തെരഞ്ഞെടുപ്പ് വർഷങ്ങളാണ്. ലോകസഭാ തെരഞ്ഞെടുപ്പിനും പഞ്ചായത്ത് തെരഞ്ഞെടുപ്പിനും വേണ്ടിയുള്ള പെരുമാറ്റച്ചട്ടം വരുമ്പോൾ എത്ര ദിവസങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെടും? നിയമസഭ തെരഞ്ഞെടുപ്പിന് എത്ര നാൾ മുമ്പ് നിങ്ങൾക്ക് നിങ്ങളുടെ പണി നിർത്തേണ്ടിവരും? അങ്ങനെ നോക്കുമ്പോൾ ഇനിയൊരു 500 ദിവസം മാത്രമേ നിങ്ങളുടെ കയ്യിലുള്ളൂ. ആ 500 ദിവസങ്ങൾ വച്ചുകൊണ്ടാണ് കേരളത്തെ മനോഹരമാക്കുമെന്ന് പറഞ്ഞുകൊണ്ടൊരു നയപ്രഖ്യാപനം നടത്തിയിരിക്കുന്നത്. ഏതായാലും നല്ല മനോഹരമായ വാക്കുകളാണ്. ഈ വാക്കുകളിൽ പലതും കടിച്ചാൽ പൊട്ടാത്തതായതുകൊണ്ടാണ് ഗവർണർക്കുപോലും

ഇതെന്താണ് പറഞ്ഞിരിക്കുന്നതെന്ന് ആവർത്തിച്ച് പറയുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കറുടെ സഹായം തേടേണ്ടിവന്നത്. ഏതായാലും വരാനിരിക്കുന്ന ദിവസങ്ങൾ നമ്മളെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്. ലൈഫ് പദ്ധതിയിലൂടെ വീടുകൾ നിർമ്മിക്കുന്ന കാര്യം ഇവിടെ പറഞ്ഞു. 65000 വീടുകൾ എങ്ങനെ പൂർത്തീകരിച്ചുവെന്നാണ് പറയുന്നത്; ഒരു സുപ്രഭാതത്തിൽ 'അലാവുദീന്റെ അത്ഭുത വിളക്ക്'പോലെ വീടുകളുടെ പണി പൂർത്തീകരിച്ചതാണോ; അല്ല. 80 ശതമാനത്തോളം ഞങ്ങളുടെ കാലഘട്ടത്തിൽ പൂർത്തീകരിച്ചു. 20 ശതമാനംകൂടി പൂർത്തീകരിച്ച് 50000 വീടുകൾ നിങ്ങൾക്കുണ്ടാക്കാൻ സാധിച്ചത് ഞങ്ങൾ 80 ശതമാനം പൂർത്തീകരിച്ചതുകൊണ്ടാണ്. അതില്ലായിരുന്നുവെങ്കിൽ പറയാൻ ഒറ്റ വീടുണ്ടാകില്ലായിരുന്നു. ഞങ്ങളുടെ കാലഘട്ടത്തിൽ പഞ്ചായത്തുകൾക്ക് ഒരു തീരുമാനമെടുത്തുകൊടുത്തു. പഞ്ചായത്തുകൾ സ്വന്തമായി പദ്ധതി തയ്യാറാക്കി വീടുകൾ വയ്ക്കുന്നതിനുള്ള അനുവാദം നൽകി. പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്ന് അതെടുക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കി. അവരവരുടെ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോഴാണ് ഈ ഗവൺമെന്റ് അതെല്ലാം നിർത്തിവയ്ക്കാൻ പറയുന്നത്. ഇനി ലൈഫ് പദ്ധതിയാണ്. നിലവിലുള്ള ലൈഫും പോയി പഞ്ചായത്തുകൾക്ക് അവരുടേതായ വീടുപോലും നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് വീടുനിർമ്മാണം സ്തംഭനാവസ്ഥയിലുമാണ്. ഇപ്പോഴും പറയുന്നത് 13 ഡിസൈനുകൾ ഷോകെയ്സ് ചെയ്തുവച്ചിട്ടുണ്ട്, ആർക്കുവേണമെങ്കിലും വന്ന് വീടുണ്ടാക്കാം എന്നാണ്. ഏത് കാലത്തുണ്ടാകാൻ പോകുന്ന വീടാണ്? ഈ വരുന്ന 500 ദിവസം കൊണ്ടാണോ നിങ്ങൾ ഈ വീടുകൾ പൂർത്തീകരിക്കാൻ പോകുന്നത്? അതുകൊണ്ട് പ്രളയവുമായി ബന്ധപ്പെട്ട് നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന അപകടം, സത്യത്തിൽ നമ്മളൊരു മരുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ മരുഭൂമിയിൽ മാത്രമേ ചില ദേശാടന പക്ഷികൾ വരികയുള്ളൂവെന്ന്. അങ്ങനെയൊരു പക്ഷിയാണ് റോസി പാസ്റ്റർ. അത് നമ്മുടെ നാട്ടിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. നമ്മുടെ കാലാവസ്ഥ മാറി. മരുഭൂമിയായി മാറുമ്പോഴാണ് ഇത്തരം പക്ഷികൾ ഇങ്ങോട്ട് കടന്നുവരുന്നതെന്നും അത് അപകടമാണെന്നും അങ്ങ് പറഞ്ഞു. അങ്ങ് ഉദ്ദേശിച്ച ദേശാടന പക്ഷി ആരാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. ആ ദേശാടന പക്ഷി ഇവിടെ വന്നതുപോലെ തിരിച്ചു പോകുമെന്നല്ലാതെ അവർ എന്തെങ്കിലും സ്വപ്നം കാണുന്നുണ്ടെങ്കിൽ അത് അവരുടെ അടുപ്പിൽത്തന്നെ ഇരിക്കുകയേയുള്ളൂവെന്ന് മാത്രം ആ പ്രസ്ഥാനത്തെ ഓർമ്മപ്പെടുത്തുകയാണ്. 'കൗപീനം ഉടുത്തുകൊണ്ട് കോൺഗ്രസ് വഴിയിൽ നിൽക്കുകയാണെന്ന്' പ്രിയപ്പെട്ട ശ്രീ. എം. സ്വരാജ് പറയുകയുണ്ടായി. ഏതായാലും കോട്ടും സ്യൂട്ടും ധരിച്ചുകൊണ്ട്

ഇന്ത്യാ രാജ്യം ഭരിക്കാൻ പോകുന്നത് ശ്രീ. പ്രകാശ് കാരാട്ടും ശ്രീ. സീതാറാം യെച്ചൂരിയുമാണെന്ന് അങ്ങ് സ്വപ്നം കാണുന്നുണ്ടെങ്കിൽ അങ്ങയുടെ അത്തരം സ്വപ്നം, 'ഭിക്ഷക്കാർക്ക് സ്വപ്നം കാണാൻ സാധിച്ചിരുന്നുവെങ്കിൽ അവരൊക്കെ കുതിരപ്പുറത്ത് സഞ്ചരിക്കുമായിരുന്നു വെന്ന്' പറഞ്ഞതുപോലെ പ്രിയപ്പെട്ട സ്വരാജ്, അങ്ങ് സ്വപ്നം കാണുന്നുണ്ടെങ്കിൽ ശ്രീ. പ്രകാശ് കാരാട്ട് കുവൈറ്റിൽ നടത്തിയ പത്രസമ്മേളനം ഒന്ന് വായിക്കണം. ശ്രീ. പ്രകാശ് കാരാട്ട് ഈ 11-ാം തീയതി പറഞ്ഞതാണ്. " There is no situation for a Third front because, Congress is the major opposition party. Without Congress there cannot be an effective non BJP combination - says Prakash Karat" . അത് മലയാള മനോരമ പത്രത്തിലും വന്നിട്ടുണ്ട്. 'കോൺഗ്രസ് ഇല്ലാതെ ബി.ജെ.പി.-യെ പ്രതിരോധിക്കാൻ ആവില്ല: കാരാട്ട്'. കുവൈറ്റിൽ 'കല' സംഘടിപ്പിച്ച പ്രസ് മീറ്റിൽ വച്ച് അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യമാണിത്. ശ്രീ. പ്രകാശ് കാരാട്ടിലും മാറ്റമുണ്ടായിരിക്കുന്നു. അദ്ദേഹമൊരു യെച്ചൂരി ലൈനിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. കാരണം, എല്ലാവരും ഒരേ സ്വരത്തിൽ സമ്മതിക്കുന്ന, ആരാണ് ശ്രീ. നരേന്ദ്ര മോദിയെ നേരിടാനുള്ളത്? ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിക്ക് 9 സീറ്റുണ്ട്. ഇനി അടുത്ത തെരഞ്ഞെടുപ്പിൽ ഇതിൽനിന്ന് രണ്ട് സീറ്റെങ്കിലും കിട്ടുമോയെന്നുള്ള കാര്യം സംശയമാണ്. ഇന്ത്യാ ടുഡെ അടക്കമുള്ള പത്രങ്ങൾ ഇവാല്യുവേഷനിൽ പറഞ്ഞിട്ടുള്ളത് 16 സീറ്റുകൾ ഐക്യജനാധിപത്യ മുന്നണിക്കാണെന്നാണ്. അത് നമ്മൾ 20-ലേയ്ക്ക് എത്തിക്കുകയാണ്. കുവൈറ്റിലുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തോടുകൂടി ഇന്ത്യയുടെ പ്രധാനമന്ത്രി ആരായിരിക്കുമെന്നുള്ളത് ഒരുവിധം എല്ലാവരും നിശ്ചയിച്ചുകഴിഞ്ഞ സാഹചര്യത്തിൽ അങ്ങേയ്ക്ക് എന്തിനാണ് ഈ കോൺഗ്രസ് വിരുദ്ധത? എന്നിട്ട് പറയുകയാണ് 'ബി.ജെ.പി.-കോൺഗ്രസ് ബാന്ധവം' ഉണ്ടെന്ന്. അത് ആര്, ഏത് നാട്ടിൽപ്പോയി പറഞ്ഞാലാണ് വിശ്വസിക്കുന്നത്? ഇന്ത്യാ രാജ്യത്ത് നേരിട്ട് ബി.ജെ.പി.-യുമായി എല്ലാ സംസ്ഥാനത്തോടും മുഖാമുഖം പോരാടുന്ന ഒരു പ്രസ്ഥാനം ബി.ജെ.പി.-യുമായി ചേർന്നാണ് ഈ രാജ്യം ഭരിക്കാൻ പോകുന്നത് എന്നുപറഞ്ഞാൽ അത് വിശ്വസിക്കാൻ മാത്രം മൂഢരാണ് കേരളത്തിലുള്ളതെന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടെങ്കിൽ ആ വിശ്വാസത്തെ ഓർത്ത് ഞാൻ പരിതപിക്കുകയാണ്. ഏതായാലും വരാൻ പോകുന്ന ദിവസങ്ങൾ നമ്മളെ സംബന്ധിച്ചിടത്തോളം വളരെ നിർണ്ണായകമാണ്. നമ്മൾ മനസ്സിലാക്കേണ്ടത് ഇപ്പോൾ കേരളത്തിൽ ബി.ജെ.പി.-ക്ക് വളരാനുള്ള സാഹചര്യമുണ്ടാക്കി ക്കൊടുക്കരുതെന്നാണ്. ഞാൻ ശ്രീ. ടി. പി. സെൻ കുമാറിനെ വലുതാക്കി പറഞ്ഞുവെന്ന് പറഞ്ഞ് എന്നെപ്പറ്റി ഇവിടെ ചില ആളുകൾ പരാമർശിച്ചു. നിങ്ങൾ അതൊന്ന് ശരിക്ക് വായിക്കണം. എന്റെ പ്രസംഗം വായിച്ചിട്ടില്ലെങ്കിൽ ഒന്നുകൂടി ഞാൻ ആ ഭാഗം വായിക്കാം.

അദ്ദേഹത്തിന് 'ബാഹുബലിയുടെ' പരിവേഷം ലഭിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം സർക്കാർ ഓർക്കണം. നിങ്ങൾ 'ബാഹുബലി'യുടെ പരിവേഷം ഇവിടെ പലർക്കും കൊടുക്കുന്നു. നിങ്ങൾ ശ്രീമതി ശശികലയ്ക്ക് 'ഝാൻസിറാണി'യുടെ പരിവേഷം നൽകുന്നു. നിങ്ങൾ ശ്രീ. കെ. സുരേന്ദ്രനും ശ്രീ. ശ്രീധരൻ പിള്ളയ്ക്കും അതുപോലെ പരിവേഷം നൽകുന്നു. അവരൊക്കെ സുഭാഷ് ചന്ദ്രബോസായി മാറുന്നു.പ്രളയകാലത്ത് അവർക്കൊന്നും വിരൽ കുത്താനുള്ള സ്ഥലമുണ്ടായിരുന്നില്ല. പായ വിരിച്ചിട്ട് കിടന്നോയെന്ന് പറയുന്ന ഒരവസ്ഥയിലേയ്ക്ക് കേരള രാഷ്ട്രീയത്തെ എത്തിച്ചിട്ട് ഇപ്പോൾ ഇതിന്റെ ഉത്തരവാദിത്വം മുഴുവൻ ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്. ഞങ്ങളല്ലേ നേരിട്ട് ബി.ജെ.പി.-യുമായി പോരാടിക്കൊണ്ടിരിക്കുന്നത്? ബി.ജെ.പി.-എന്നുപറയുന്ന പ്രസ്ഥാനം, സത്യത്തിൽ പ്രതിപക്ഷത്തിന് പറയാനുള്ളത് നിങ്ങൾ കേൾക്കണം. കേരളത്തിന്റെ സോഷ്യൽ ഫാബ്രിക് തകർന്നില്ലേ? കേരളത്തെ ഏതൊക്കെ രീതിയിൽ നിങ്ങൾ തകർത്ത് തരിപ്പണമാക്കി. ആദ്യം സവർണ്ണൻ, അവർണ്ണൻ എന്നുപറഞ്ഞ് മാറ്റിയില്ലേ; അതുകഴിഞ്ഞ് ലിംഗത്തിന്റെ പേരിൽ സ്ത്രീ-പുരുഷൻ എന്നുപറഞ്ഞ് വെട്ടിമുറിച്ചില്ലേ? വർഗ്ഗീയമെന്ന പേരിൽ പല വർഗ്ഗങ്ങളാക്കി മാറ്റിയില്ലേ; ഇങ്ങനെ കേരളത്തെ പല പേരുകളിലായി വെട്ടിമുറിച്ചിട്ട് ഈ സോഷ്യൽ ഫാബ്രിക് ഇനിയും കൂട്ടിയോജിപ്പിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ? നിങ്ങൾ കത്രികയുടെ ജോലിയാണ് ചെയ്യുന്നത്. ഞങ്ങൾ സൂചിയും നൂലിന്റെയും ജോലിയാണ് ചെയ്യുന്നത്. നിങ്ങൾ വെട്ടിമുറിക്കുമ്പോൾ ഞങ്ങൾ കൂട്ടിത്തുന്നുന്ന ജോലിയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഈ രാജ്യത്തെ എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും ഒരുമിച്ചു നിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയമാണ് ഐക്യജനാധിപത്യ മുന്നണി എടുത്തിട്ടുള്ളത്. നിങ്ങൾ ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത് വർഗ്ഗീയതയല്ലേ; ഞങ്ങൾ 'വർഗ്ഗീയ മതിൽ' എന്നുപറഞ്ഞാൽ പ്രശ്നം. എന്നാൽ വർഗ്ഗീയ സംഘടനയാണ് മുസ്ലീം ലീഗ് എന്ന് എത്ര പ്രാവശ്യം ശ്രീ. എം. സ്വരാജ് അടക്കം ഇന്നും പറഞ്ഞു. അതൊന്നും രേഖയിൽനിന്ന് നീക്കാൻ പറ്റില്ല. ഞാൻ 'വർഗ്ഗീയ മതിൽ' എന്നുപറഞ്ഞ ഭാഗം മുഴുവൻ നിങ്ങൾ വെട്ടിമാറ്റിയിരിക്കുന്നു. പ്രിയപ്പെട്ട സ്വരാജ് ഞങ്ങൾ പറയുന്നതിൽ അസഹിഷ്ണുത അങ്ങേയ്ക്ക് തോന്നിത്തുടങ്ങിയിട്ടുണ്ടെങ്കിൽ ഒരു ഡോക്ടർ എന്ന നിലയിൽ ഞാൻ പറയാനാഗ്രഹിക്കുന്നു, നിങ്ങൾക്ക് ഒരു ഫാസിസത്തിന്റെ ലക്ഷണങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. വേഗം ചികിത്സിക്കുന്നതാണ് നല്ലത്. എതിരഭിപ്രായം കേൾക്കാൻ പോലും മനസ്സ് കാണിക്കാത്ത ഒരു മനസ്സുണ്ടല്ലോ അതിനെയാണ് ഫാസിസം എന്നുവിളിക്കുന്നത്. ആ ഫാസിസം നിങ്ങളിലുണ്ടാകരുതെന്ന് ഞങ്ങളാഗ്രഹിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, അങ്ങ് പറഞ്ഞതിന് അങ്ങയോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഞാൻ അതിനെ തമാശയായിട്ടേ എടുക്കുന്നുള്ളൂ. അങ്ങയുടെ

ശ്രദ്ധയിൽപ്പെടുത്താനുള്ളൊരു കാര്യം, ഞാൻ പ്രസംഗിച്ചപ്പോൾ പറഞ്ഞ കാര്യങ്ങൾ നിർഭാഗ്യവശാൽ അങ്ങ് ശരിയായിട്ടല്ല ആദ്യംമുതലേ കേട്ടിരുന്നത്. അങ്ങ് അപ്പോൾ മറ്റെന്തോ ആലോചിച്ച് കൊണ്ടിരിക്കുകയായിരുന്നുവെന്ന് ഞാൻ ന്യായമായും ബലമായും വിശ്വസിക്കുന്നു. ഞാൻ കോൺഗ്രസ്സിനെ ആക്ഷേപിക്കുകയല്ല ചെയ്തത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വട്ടിയൂർക്കാവ് അംഗം ചില ഉപമകൾ പറഞ്ഞപ്പോൾ ഞാൻ അതിന് മറുപടി പറയുകയാണ് ചെയ്തത്. കോൺഗ്രസ് നശിച്ചുപോകണമെന്നല്ല ഞാൻ പറഞ്ഞത്. അവിടംമുതൽ താങ്കൾക്ക് കാര്യങ്ങൾ തെറ്റി. ഇപ്പോഴും താങ്കൾ പറയുന്നത് വർഗ്ഗീയതയെന്ന് പറഞ്ഞ് ആക്ഷേപിച്ചുവെന്നാണ്. അത് ഞാൻ പറഞ്ഞതല്ല. കേരള ഹൈക്കോടതിയിലെ കേസിന്റെ രേഖ ഞാൻ വായിച്ചതാണ്. ഏറ്റവും ഒടുവിൽ അങ്ങുപറഞ്ഞു ഒരു ഡോക്ടർ എന്ന നിലയിൽ ഞാൻ ഫാസിസ്റ്റാണെന്ന്. അങ്ങയുടെ പ്രയോഗത്തിൽ എനിക്കൊരു അസംതൃപ്തിയുമില്ല. പക്ഷെ ഡോക്ടർ എന്ന നിലയിൽ എന്നുപറഞ്ഞത് എനിക്ക് മനസ്സിലായില്ല. ഫാസിസത്തെ കണ്ടുപിടിക്കാൻ ഡോക്ടറല്ല ആകേണ്ടത്. ഡോക്ടർ വേറെ, ഫാസിസം വേറെ. അതിന് ചരിത്രപരമായിട്ടുള്ള വിശകലന പാഠവവും രാഷ്ട്രീയമായ അവബോധവുമാണുണ്ടാകേണ്ടത്. അങ്ങ് അങ്ങനെ വിമർശിക്കു.

ഡോ. എം. കെ. മുനീർ: സർ, അതായത് ഫാസിസം എന്നുപറയുന്നത് ഒരു രോഗലക്ഷണമായി മാറിയിരിക്കുകയാണ്. അങ്ങയിൽ അതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. കാരണം, ആരെങ്കിലും ഒന്നു പറഞ്ഞാൽ അതിനെക്കുറിച്ച് ഞങ്ങൾക്ക് കേൾക്കുകയേ വേണ്ട എന്നൊരു മനസ്സ് വന്നാൽ അതിനർത്ഥം ഫാസിസം എന്ന രോഗം അങ്ങയെ പിടികൂടിയിരിക്കുന്നുവെന്നാണ്. ഉടൻ ചികിത്സിച്ചില്ലെങ്കിൽ അപകടകരമായ അവസ്ഥയിലേയ്ക്ക് പോകും. ഞാൻ ഒരു കാര്യംകൂടി പറഞ്ഞവസാനിപ്പിക്കാം. ശബരിമല, വർഗ്ഗീയം, ലിംഗ അസമത്വം എന്നൊക്കെ പറഞ്ഞ് പേടിപ്പിച്ച് അതിലൂടെ ഭരണത്തിൽ വീണ്ടും വരാം അല്ലെങ്കിൽ കുറേ സീറ്റുണ്ടാക്കാമെന്ന് വ്യാമോഹിക്കുന്നുണ്ടെങ്കിൽ, പണ്ട് തീവണ്ടിയിൽ കയറിയിട്ട് പാമ്പ്, പാമ്പ് എന്നുപറഞ്ഞ് കമ്പാർട്ട്മെന്റിൽനിന്ന് ഇറങ്ങി നോക്കുമ്പോൾ കമ്പാർട്ട്മെന്റ് അവിടെത്തന്നെ കിടക്കുന്നു. എന്താ വണ്ടി പോയില്ലേയെന്ന് ചോദിച്ചപ്പോൾ പാമ്പുള്ളതുകൊണ്ട് ഈ കമ്പാർട്ട്മെന്റ് അഴിച്ചുവച്ചിട്ടാണ് വണ്ടി പോയത് എന്നുപറഞ്ഞൊരു കഥയുണ്ട്. ഇവിടെ ഇടതുപക്ഷം ഇങ്ങനെ പേടിപ്പിച്ചാൽ കമ്പാർട്ട്മെന്റ് ഇവിടെ കിടക്കും, വണ്ടി ശ്രീ. രാഹുൽ ഗാന്ധി ആവശ്യമായ സ്ഥലത്തേയ്ക്ക് കൊണ്ടുപോകും. ഇന്ത്യാരാജ്യം ശ്രീ. രാഹുൽ ഗാന്ധിയുടെതാണ്, ഐക്യജനാധിപത്യ മുന്നണി ശക്തമായി ഈ തെരഞ്ഞെടുപ്പിൽ ഇരുപതിൽ ഇരുപതും ലഭിക്കുന്ന അവസ്ഥയിലേയ്ക്ക് മാറും. നിങ്ങളുടെ ഈ രാഷ്ട്രീയംകൊണ്ട് ഉണ്ടാകാൻ പോകുന്നത് അതാണെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ബഹുമാന്യനായ എം.എൽ.എ. ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. പ്രതിപക്ഷത്തുനിന്ന് ചർച്ചകൾക്ക് തുടക്കംകുറിച്ചുകൊണ്ട് സംസാരിച്ച ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ നയപ്രഖ്യാപന പ്രസംഗത്തെ ഒരു ആചാരവെടിയായി ചിത്രീകരിച്ചു. അതൊക്കെ യു.ഡി.എഫ്.-ന്റെ കാലത്ത് കഴിഞ്ഞുപോയതാണ്. അത് ആചാരവെടിയല്ല. ആധുനിക കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക ജീവിത പ്രശ്നങ്ങളെ വളരെ സമഗ്രതയോടെ അഭിസംബോധന ചെയ്യുന്നതായിരുന്നു ഗവർണറുടെ പ്രസംഗം. അതാണ് അതിന്റെ പ്രത്യേകതയും. ഏറ്റവും ഒടുവിൽ സംസാരിച്ച പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ ഓസ്കാർ വൈൽഡിനെ ഉദ്ധരിച്ചുകൊണ്ട് ഒരു ഭരണാധികാരി എങ്ങനെ ആയിരിക്കണം, എന്തൊക്കെയാണ് ഇന്ന് ചെയ്യേണ്ടത്, നാളെ ചെയ്യേണ്ടത് എന്നൊക്കെയുള്ള കാര്യങ്ങൾ ഇവിടെ വിശദീകരിച്ചു. നമ്മുടെ ദേശീയ മാധ്യമങ്ങൾ പലതും ഒരു ലീഡർ എങ്ങനെയായിരിക്കണമെന്ന് ചർച്ച നടത്തി. അത് കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ചാണ്. ആ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് ഈ സർക്കാരിന്റെ ഭരണം മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഇക്കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ ഇതുവരെ ചെയ്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇനി അവസാന പ്രസംഗത്തിൽ ചെയ്ത കാര്യങ്ങളോരോന്നും പൂർത്തിയാക്കി ഓരോ വർഷവും പ്രോഗ്രസ്സ് റിപ്പോർട്ട് തരുന്നതുപോലെ സർക്കാരിന്റെ പ്രവർത്തന നേട്ടങ്ങൾ അങ്ങയുടെ കയ്യിലേയ്ക്ക് സമർപ്പിക്കുകതന്നെ ചെയ്യും. കേരള ചരിത്രത്തിൽ മുമ്പൊരു സർക്കാരിനും നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രതിസന്ധികളെ, ദുരന്തങ്ങളെ ഈ സർക്കാരിന് നേരിടേണ്ടിവന്നിട്ടുണ്ട്. അതിൽ ഒന്നാമത്തെ ദുരന്തം അഞ്ചുവർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണം സൃഷ്ടിച്ച ദുരന്തമാണ്. സാമ്പത്തികമായി ഈ സംസ്ഥാനത്തെ തകർത്തു, സാംസ്കാരിക മണ്ഡലം മലീമസമാക്കി. അതിന്റെ തുടർച്ചയായിട്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. നിപ്പ വൈറസ് ബാധ, ഓഖി ദുരന്തം, മഹാപ്രളയം എന്നീ പ്രതികൂല സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നൊരു സർക്കാർ കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. പക്ഷെ ഇക്കാര്യങ്ങൾ ഓരോന്നിനേയും ഈ സർക്കാരും വകുപ്പുകളും മന്ത്രിമാരും മുഖ്യമന്ത്രിയുമെല്ലാം കൈകാര്യം ചെയ്തതിനെ സാർവ്വദേശീയമായി പ്രശംസിക്കപ്പെട്ടിട്ടുള്ളതാണ്. നിപ്പ വൈറസ് ബാധയെ ഗവൺമെന്റ് കൈകാര്യം ചെയ്തതിനെ ലോകാരോഗ്യ സംഘടനപോലും വളരെയേറെ പ്രശംസിച്ചു. മഹാപ്രളയത്തിലെ രക്ഷാപ്രവർത്തനത്തിന്റെ കേരള മാതൃക ഇന്ന് സാർവ്വദേശീയതലത്തിൽ ചർച്ച ചെയ്യപ്പെടുന്നതായി മാറി. നിങ്ങൾ തകർത്ത കേരളത്തിന്റെ സമ്പദ്ഘടന പുനഃസൃഷ്ടിക്കാനാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡുൾപ്പെടെയുള്ള സംവിധാനങ്ങൾ

ഈ ഗവൺമെന്റ് കൊണ്ടുവന്നത്. അതിന് അനുവദിച്ച കോടികളുടെ കണക്ക് എല്ലാവരും പറഞ്ഞുകൊണ്ട് ഞാൻ ഇവിടെ പറയുന്നില്ല. യു.ഡി.എഫ്. തകർത്തതിന് കിഫ്ബി, പ്രളയം സൃഷ്ടിച്ച തകർച്ചയിൽനിന്നും കേരളത്തെ പുനർനിർമ്മിക്കാൻ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. ഇക്കാര്യത്തിലൊക്കെ നിങ്ങളുടെ സമീപനമെന്താണ്? നിങ്ങളിപ്പോഴും നേരത്തെ പലരും പറഞ്ഞതുപോലെ കേന്ദ്ര ബി.ജെ.പി. ഭരണത്തിന്റെ 'ബി ടീം' ആയി പ്രവർത്തിക്കുകയാണ്. നിങ്ങൾ ഒരുഘട്ടത്തിലും കേന്ദ്ര സമീപനത്തെ എതിർത്തില്ല. കേന്ദ്രസർക്കാരിന്റേത് ഒരുതരം സാഡിസ്റ്റ് സമീപനമാണ്. മുപ്പത്തൊന്നായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായി എന്നത് കേന്ദ്രവും അന്താരാഷ്ട്ര ഏജൻസികളും അംഗീകരിച്ചതാണ്. പക്ഷെ നമുക്ക് റീ-ബിൽഡിന് പണം കണ്ടെത്തുന്നതിന് വിദേശ സഹായത്തിന്റെ സാദ്ധ്യത മുടക്കി, നമ്മുടെ പ്രവാസി സമൂഹം സന്മനസ്സോടെ സമാഹരിച്ചുതരുമായിരുന്ന പണം ലഭിക്കാതിരിക്കാൻ മന്ത്രിമാരുടെ യാത്ര മുടക്കി. അതിനെക്കുറിച്ചൊരക്ഷരം നിങ്ങൾ പറഞ്ഞോ? ഈ നാടിനുവേണ്ടി നിങ്ങൾ ഒരു വിമർശനമുന്നയിച്ചോ? 'ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട്' എന്നുപറഞ്ഞതുപോലെ നിങ്ങൾ സാലറി ചലഞ്ച് പൊളിക്കാൻ ശ്രമിച്ചു. അതിൽ നിങ്ങൾ വിജയിച്ചില്ല, പക്ഷെ നിങ്ങൾ ആവത് ശ്രമിച്ചു. പ്രതിപക്ഷ നേതാവ് പണം കൊടുത്തു, എന്നാൽ അദ്ദേഹത്തിന്റെ ആഫീസിലുള്ള ഇരുപത്തിയഞ്ചിലധികം സ്റ്റാഫിൽ ഒരാളെങ്കിലും സാലറി ചലഞ്ചിൽ പങ്കെടുത്തോ? എന്നിട്ടും പുനർനിർമ്മാണ പ്രക്രിയയിൽ എന്തെങ്കിലും ദൗർബല്യങ്ങളുണ്ടാകുകയാണെങ്കിൽ അതിനെക്കുറിച്ച് വിമർശിക്കാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്? സത്യത്തിൽ അതൊരുതരം വഞ്ചനയല്ലേ ചെയ്തത്. വിദേശത്തുപോയി പ്രവാസി സമൂഹത്തിന്റെ മീറ്റിംഗിൽ പങ്കെടുത്ത് പ്രളയ പുനർനിർമ്മാണ പ്രവർത്തനത്തിന് നയാപൈസ കൊടുക്കരുതെന്നുപറഞ്ഞ എം.എൽ.എ. ഈ സഭയിൽ യു.ഡി.എഫ്.-ന്റെ പക്ഷത്തില്ലേ? അത് നിങ്ങൾക്ക് നിഷേധിക്കാനാകുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിക്കാൻ പോവുകയാണ്. അദ്ദേഹം അത് നിഷേധിക്കട്ടെ. വിഭവ സമാഹരണത്തിൽ മാത്രമല്ല, കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള ആശയ സമാഹരണത്തിലും വളരെ ജനാധിപത്യപരമായ സമീപനം ഈ സർക്കാർ സ്വീകരിച്ചു. എങ്ങനെയാകണം റീബിൽഡിംഗ് എന്നതു സംബന്ധിച്ച ആശയ സമാഹരണത്തിന് കേരള നിയമസഭ പ്രത്യേക സമ്മേളനം വിളിച്ചുചേർത്തു. അതിൽ എന്തായിരുന്നു നിങ്ങളുടെ പങ്ക്? നിങ്ങൾ നിങ്ങളുടെ മണ്ഡലത്തിലെ ചെറിയ ചെറിയ പ്രശ്നങ്ങൾ അവതരിപ്പിച്ചു. നിങ്ങൾ ശാസ്ത്രലോകത്തെപ്പോലും അമ്പരിപ്പിക്കുന്ന വിധത്തിൽ ഇത് മനുഷ്യനിർമ്മിത പ്രളയമാണെന്ന വ്യാഖ്യാനമുണ്ടാക്കാൻ പരിശ്രമിച്ച് പരാജയപ്പെട്ടു. ഞങ്ങൾ വിചാരിച്ചത് പ്രതിപക്ഷാംഗങ്ങളുമായി കൂടിയാലോചിച്ച് ഒരു ശില്പശാലയൊക്കെ സംഘടിപ്പിച്ച്

കേരളത്തിന്റെ റീബിൽഡിംഗ് എങ്ങനെയാകണമെന്നുള്ള ആശയങ്ങൾ ആവിഷ്കരിച്ച് കൊണ്ടുവരും, അത് സമർപ്പിക്കും, അത് സർക്കാരിന് വലിയൊരു പിൻബലമാകും എന്നാണ്. ഒന്നും ഉണ്ടായില്ല. അവിടെയും കൊതുകിന് കൗതുകം ചോരതന്നെ എന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. ഈ സർക്കാരിന്റെ വികസന സമീപനത്തിൽ ഇതുവരെ കേരളം കണ്ടതിൽനിന്നും തികച്ചും വ്യത്യസ്തമായ വികസന സമീപനം ഓരോ മേഖലയിലും സ്വീകരിക്കുന്നുണ്ട്. ഓരോ മേഖലയിലും വികസന പദ്ധതികൾ കൊണ്ടുവരുമ്പോൾ അതിനൊരു സമഗ്രമായ കാഴ്ചപ്പാട് ഇന്ന് കാണാൻ കഴിയും. അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴി 50,000 കോടി രൂപ പ്രഖ്യാപിച്ചതും 41,000 കോടി രൂപയുടെ എ.എസ്. കൊടുത്തതുമൊക്കെ ഇവിടെ പറഞ്ഞു. മുമ്പൊരു സർക്കാരിനും സ്വപ്നം കാണാൻ കഴിയാത്ത വലിയ പദ്ധതിയാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. പക്ഷെ ഇവിടെ ഇന്നുണ്ടായത് ആചാരവെടിയും ബഡായിയുമൊന്നുമല്ല. ഓരോ പദ്ധതികളും പ്രാവർത്തികമാക്കി നിങ്ങളോരോരുത്തരുടെയും മണ്ഡലത്തിൽ കോടാനുകോടി രൂപ മുടക്കിയുള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. നമ്മുടെ ഗവൺമെന്റിന്റെ കാഴ്ചപ്പാട് അടിസ്ഥാന സൗകര്യ വികസനം വന്നാൽ അതിന്റെ അനുബന്ധ വികസന പ്രവാഹം സ്വാഭാവികമായി ഉണ്ടാകുമെന്നാണ്. ടൂറിസം, ഐ.ടി., വ്യാപാര-വ്യാവസായിക മേഖലകൾ എന്നിവയിലെല്ലാം പുരോഗതിയുണ്ടാകും. വിദ്യാഭ്യാസ മേഖല ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. വിദ്യാഭ്യാസ മേഖലയിൽ അഞ്ചു കോടിയും മൂന്നു കോടിയും ഒരു കോടിയുമൊക്കെ ചെലവഴിച്ച് കുറെ കെട്ടിടങ്ങളുണ്ടാക്കുകയല്ല ചെയ്യുന്നത്. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുമ്പോൾ സ്കൂളുകളുടെ സൗകര്യവും സൗന്ദര്യവും സാങ്കേതിക വിദ്യയും അക്കാദമിക നിലവാരവും ഉയർത്താനുതകുന്ന കാഴ്ചപ്പാടോടുകൂടിയാണ് ആ പദ്ധതികൾ നടപ്പാക്കുന്നത്. കുട്ടികളുടെ ഭാവനയെ തൊട്ടുണർത്തുന്ന, ചിന്തയെ ഉജ്ജീവിപ്പിക്കുന്ന, പഠിക്കാനും പരീക്ഷണം നടത്താനും പ്രചോദനം ഉണ്ടാക്കുന്ന അന്തരീക്ഷ സൃഷ്ടിയാണ് അവിടെയെല്ലാം ഉദ്ദേശിക്കുന്നത്. ആ നിലയിലാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജലവിഭവ വകുപ്പിനും വികസന കാര്യത്തിൽ വമ്പിച്ച നേട്ടമുണ്ടായി. യു.ഡി.എഫ്.-ന്റെ കാലത്ത് 2,400 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് നടപ്പിലാക്കിയതെങ്കിൽ എൽ.ഡി.എഫ്.-ന്റെ രണ്ടര വർഷംകൊണ്ട് 9,600 കോടിയിലധികം രൂപയുടെ പ്രവൃത്തികൾക്ക് എ.എസ്. നൽകിയിട്ടുണ്ട്. സ്വകാര്യ കുടിവെള്ള കമ്പനികളുടെ സമ്മർദ്ദത്തിന് വിധേയമായി നിങ്ങളുടെ കാലത്ത് പണി ആരംഭിക്കാതിരുന്ന അരുവിക്കരയിലെ കുടിവെള്ള പ്ലാന്റിന് ഭരണാനുമതി നൽകി അതിന്റെ പ്രവൃത്തിയിലേയ്ക്ക് പോകുകയാണ്. അത് ഈ സർക്കാരിന്റെ നേട്ടമാണ്. കാർഷിക മേഖലയും കൃഷിയും ജലസേചനവും മണ്ണ് സംരക്ഷണവുമെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര കാഴ്ചപ്പാടോടു

കൂടിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. യു.ഡി.എഫ്. എന്ന നിലയിൽ പ്രതിപക്ഷത്തിരുന്നുകൊണ്ട് നിങ്ങൾ സ്വീകരിക്കുന്ന സമീപനത്തെ സംബന്ധിച്ചുള്ള വിശദമായ വിമർശനം എനിക്കുണ്ട്. വിമോചന സമരത്തിനുശേഷം കേരള രാഷ്ട്രീയത്തിൽ നിങ്ങൾ സ്വീകരിക്കുന്ന ഏറ്റവും നീചമായ നിലപാടാണ് ഈ കാലയളവിലുണ്ടായത്. നവോത്ഥാനം നിങ്ങൾക്കിപ്പോൾ പരിഹാസമാണ്; ഭരണഘടന നിങ്ങൾക്കിപ്പോൾ വിശ്വാസത്തെക്കാൾ വിലകുറഞ്ഞ ഒന്നാണ്; വനിതാ മതിൽ നിങ്ങൾക്ക് വർഗ്ഗീയമാണ്; സ്ത്രീ നിങ്ങൾക്ക് അശുദ്ധയാണ്; ഇതാണ് നിങ്ങളുടെ സമീപനം. നിങ്ങളുടെ വിമോചന സമരകാലത്തെ വഞ്ചനാപരമായ ഒരു നിലപാടുണ്ടായിരുന്നല്ലോ, അതിനുശേഷവും കേരള രാഷ്ട്രീയത്തിൽ നിങ്ങൾ എല്ലാ കാലത്തും പിന്തിരിപ്പൻ നിലപാട് സ്വീകരിച്ചു. പക്ഷെ നിങ്ങൾ സ്വീകരിക്കുന്ന ഏറ്റവും നീചമായിട്ടുള്ള നിലപാടാണ് ഇപ്പോഴുള്ളത്. കേരളീയ നവോത്ഥാനത്തിന്റെ സയുക്തികമായ തുടർച്ച എന്തുകൊണ്ട് നാം മുന്നോട്ട് കൊണ്ടുപോകണം എന്ന കാഴ്ചപ്പാട് ഈ നയപ്രഖ്യാപനത്തിൽ ഏറ്റവും വ്യക്തതയോടെ പറയുന്നുണ്ട്. ഇവിടെ ശബരിമലയുടെ വിഷയമെല്ലാം പറഞ്ഞു. അതൊന്നും വിശദമായി ചർച്ച ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ, ശബരിമലയിൽ സ്ത്രീ പ്രവേശനത്തിന് അനുമതി കൊടുത്തുകൊണ്ടുള്ള സുപ്രീം കോടതി വിധിയെ തുടർന്നുണ്ടായിട്ടുള്ള സാഹചര്യം നമ്മെ ബോധ്യപ്പെടുത്തുന്നത് എന്താണ്? നവോത്ഥാന പോരാട്ടങ്ങൾ ഉഴുതുമറിച്ച മണ്ണ് എന്നുപറഞ്ഞ് നമ്മൾ അഭിമാനിക്കുകയാണ്. ജാതിരഹിതവും മതനിരപേക്ഷവുമായ സാമൂഹ്യാന്തരീക്ഷം വികസിച്ചുവന്നുവെന്ന് എല്ലാ കാലത്തും അഭിമാനപൂർവ്വം പറഞ്ഞുകൊണ്ടിരിക്കുന്ന ഈ നാട്ടിൽ ഇന്ന് സ്ത്രീ അശുദ്ധയല്ലേ? നിങ്ങളുടെ ഉത്തരവാദപ്പെട്ട നേതാക്കന്മാർക്കുപോലും സ്ത്രീയും അവരുടെ ജൈവികമായ പ്രത്യേകതകളും അശുദ്ധമാണ്. പലപ്പോഴും സംഘികളുടെ ഇംഗിതത്തി നൊത്ത് നിങ്ങൾനിന്നുകൊടുത്തിട്ടില്ലേ. സ്ത്രീ നമുക്ക് ആരാണ്; അമ്മയും മകളും ഭാര്യയും സഹോദരിയുമെല്ലാമാണ്. അങ്ങനെ പല തരത്തിലുള്ള ബന്ധമാണ് നമുക്കെല്ലാം സ്ത്രീകളുമായിട്ടുള്ളത്. അവർ അശുദ്ധയാണോ; അവർ എവിടെയെങ്കിലും അകറ്റിനിർത്തേണ്ടവരാണോ; ഇക്കാര്യത്തിൽ ഒരു നിലപാടുണ്ടാകണ്ടേ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ അശുദ്ധിയുടെ പേരിൽ എവിടെയെങ്കിലും അകറ്റിനിർത്തപ്പെടേണ്ടവരാണോ സ്ത്രീ എന്നത് സംബന്ധിച്ച് വ്യക്തതയോടെയുള്ള നിലപാട് പറയണം. സ്ത്രീകളെ അശുദ്ധി പറഞ്ഞ് തടഞ്ഞുനിർത്തി ശരീര പരിശോധന നടത്തി അവരുടെ വയസ്സ് നിർണ്ണയിക്കാൻ ശ്രമം നടന്നപ്പോൾ അതിനെതിരെ ഒരക്ഷരം നിങ്ങൾ പറഞ്ഞോ; അതാണ് നിങ്ങൾ ആർ.എസ്.എസ്.-നും സംഘികൾക്കുമെതിരെ പറഞ്ഞില്ലെന്ന് ആക്ഷേപി ക്കാനുള്ള കാരണം. ഭരണഘടനയല്ല, വിശ്വാസമാണ് ഏറ്റവും വലുതെന്ന് പറയുന്നുണ്ടല്ലോ, എല്ലാ വിശ്വാസങ്ങളെയും സംരക്ഷിക്കുന്നത് നമ്മുടെ അഭിപ്രായത്തിൽ ഭരണഘടനയാണ്. നമുക്ക് ഇഷ്ടമുള്ള മതത്തിലും ദൈവത്തിലും

വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനുമുള്ള അവകാശം ഭരണഘടനയാണ്. കേരളത്തിന്റെ പ്രതിപക്ഷ നേതാവ് എന്നത് ബഹുമാന്യമായ ഒരു പദവിയാണ്. ഞങ്ങളെല്ലാവരും അതിനെ ബഹുമാനിക്കുന്നു. ആ പദവിയിലിരുന്നുകൊണ്ട് അങ്ങ് ഒരു കാര്യത്തിൽ വ്യക്തതയുണ്ടാക്കണം. ശബരിമല സംവാദങ്ങൾ നടന്നു കൊണ്ടിരിക്കുന്ന സമയത്ത് വളരെ പ്രധാനപ്പെട്ട ഒരു പ്രസ്താവന അങ്ങ് നടത്തുകയുണ്ടായി. ടി.വി.-യിൽ അത് കണ്ടപ്പോൾ എനിക്ക് വല്ലാത്ത അസ്വസ്ഥതയും വിഷമവുമുണ്ടായി. അതൊരു ആവേശത്തിൽ പറഞ്ഞതാണെങ്കിൽ ശരി. ആലോചിച്ച് ഉറപ്പിച്ച് പറഞ്ഞതാണെങ്കിൽ ഗൗരവമാണ്. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള പോരാട്ടമാണ് ഇവിടെ നടക്കുന്നതെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങനെയാണോ; വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള പോരാട്ടമാണോ? അങ്ങ് ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ആളാണ്, ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്ത ആളാണ്. നമ്മുടെ ഭരണഘടന തുടങ്ങുന്നത് " WE THE PEOPLE OF INDIA, having solemnly resolved to constitute" എന്നുപറഞ്ഞുകൊണ്ടാണ്. ഭരണഘടനയിൽ വിശ്വാസിയെയും അവിശ്വാസിയെയും വേർതിരിച്ചിട്ടുണ്ടോ. ഇന്ത്യൻ പൗരന്മാരെ മുഴുവനും ഒന്നായല്ലേ കണ്ടത്. നെഹ്റുവിന്റെ പാരമ്പര്യമുള്ള ഒരു പ്രസ്ഥാനത്തിന്റെ നേതാവായിരിക്കുന്ന അങ്ങ് എങ്ങനെയാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്; എന്താണ് അതിനുള്ള ന്യായം? വിശ്വാസിയും അവിശ്വാസിയും എന്നുള്ള നിലയിൽ കാണുന്നത് അങ്ങേയറ്റം നീചമായ കാര്യമല്ലേ. ഹിന്ദുവും മുസ്ലീമും എന്നുപറഞ്ഞ് വേർതിരിച്ച് പറയുന്നതുപോലെ തന്നെയല്ലേ അത്. ഭരണഘടനയിൽ എല്ലാവരും ഒരേപോലെയുള്ള പൗരന്മാരല്ലേ. അക്കാര്യത്തിൽ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്ത പ്രതികരണമാണുണ്ടായത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. എല്ലാ രംഗത്തും പരാജയപ്പെട്ട ഒരു സർക്കാരിന്റെ നയപ്രഖ്യാപനമാണ് ബഹുമാനപ്പെട്ട ഗവർണർ നിയമസഭയിൽ വായിച്ചത്. 1000 ദിവസങ്ങൾകൊണ്ട് കേരളത്തെ വളരെ ദൂരം പിന്നോട്ട് കൊണ്ടുപോയ ഒരു ഗവൺമെന്റാണിത്. ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവും സർക്കാരിന്റെ മുഖമുദ്രയായിത്തന്നെ മാറിയിരിക്കുന്നു. കെടുകാര്യസ്ഥതയും വികസന മുരടിപ്പും ഈ സർക്കാരിന്റെ പ്രത്യേകതകളാണ്. രണ്ടര വർഷംകൊണ്ട് ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിന് നേതൃത്വം കൊടുക്കാൻ കഴിയാതെപോയ ഒരു സർക്കാരിന്റെ വിലാപകാവ്യമായി ഗവർണറുടെ നയപ്രഖ്യാപനത്തെ വിശേഷിപ്പിക്കാൻ കഴിയും. ഈ ഗവൺമെന്റ് എപ്പോഴും പറയുന്നത് സാമ്പത്തിക പ്രതിസന്ധിയെപ്പറ്റിയാണ്. പ്രവർത്തനത്തിന് പണമില്ലെന്ന് പറയുമ്പോഴും

സർക്കാരിന്റെ ധൂർത്തിന് യാതൊരു കുറവുമില്ല. സത്യപ്രതിജ്ഞയ്ക്ക് ചെലവായ തുക - 3,17,48,873 രൂപ; സർക്കാരിന്റെ 100-ാം ദിവസം - പരസ്യം മാത്രം 2,24,40,192 രൂപ; ഒന്നാം വാർഷികം - 18,00,32,800 രൂപ; രണ്ടാം വാർഷികത്തിന്റെ പൂർണ്ണമായ കണക്ക് കിട്ടിയിട്ടില്ല - 16.01 കോടി രൂപ; 1000 ദിവസത്തേയ്ക്ക് 9.56 കോടി രൂപ. ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകാൻ പണമില്ല. പ്രളയത്തിൽ നശിച്ച നെല്ലിന്റെയും മറ്റും നഷ്ടപരിഹാരത്തിന് സബ്സിഡി ഇനത്തിൽ 503.48 കോടി രൂപ നൽകാനുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന് വിപണിയിൽ ഇടപെടാൻ കഴിയുന്നില്ല. എല്ലാ ഡിപ്പാർട്ട്മെന്റുകളും സാമ്പത്തിക ബുദ്ധിമുട്ട് കാരണം നട്ടംതിരിയുമ്പോൾ സർക്കാരിന്റെ ധൂർത്തിന്റെ നേർചിത്രമാണ് ഞാനിവിടെ വരച്ചുകാട്ടിയത്.

രണ്ട് മഹാദുരന്തങ്ങളാണ് നമ്മൾ നേരിട്ടത്. ഈ രണ്ട് മഹാദുരന്തങ്ങൾ ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുണ്ടായതാണ്. 2017 നവംബർ 30-ന് കേരള തീരത്തെ തകർത്തെറിഞ്ഞ ഓഖി ദുരന്തം; 2018 ആഗസ്റ്റ് 15, 16, 17 തീയതികളിൽ കേരളത്തെ നേരിട്ട ഏറ്റവും വലിയ പ്രളയം. ഇത് രണ്ടും കേരളത്തിന്റെ അടിത്തറയെത്തന്നെ പിടിച്ചുലച്ച രണ്ട് പ്രധാന ദുരന്തങ്ങളായിരുന്നു. ഈ രണ്ട് മഹാദുരന്തങ്ങളും സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണ് ഉണ്ടായതെന്ന് ശക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഓഖിയിൽ ലക്ഷദ്വീപിൽ ഒരാളും മരിച്ചില്ല, കന്യാകുമാരിയിൽ ഒരാളും മരിച്ചില്ല. മുന്നറിയിപ്പുകൾ ചെവിക്കൊള്ളാ ത്തതിനാലാണ് കേരള തീരത്ത് നൂറ്റിചില്വാനം ആളുകൾ മരണപ്പെട്ടത്. സംസ്ഥാന ഗവൺമെന്റ് ദേശീയ ഏജൻസികളുടെ മുന്നറിയിപ്പുകൾ അവഗണിച്ചതുകൊണ്ടാണ് കേരള തീരത്തുമാത്രം ഇത്രവലിയ മഹാദുരന്തമുണ്ടായത്. നമ്മൾ വളരെയേറെ ചർച്ച ചെയ്ത ഒരു വിഷയമാണത്. ഇപ്പോഴും ആളുകൾ തിരിച്ചുവരുമെന്ന് കരുതി കാത്തിരിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടിലുകളുണ്ട്. അവിടത്തെ പാവപ്പെട്ട സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാർ തിരിച്ചുവരുമെന്ന് കരുതി കാത്തിരിക്കുന്നുണ്ട്. അവർ തിരിച്ചുവരുമോ? മുൻകരുതലെടുക്കാൻ കഴിയാത്തതുകൊണ്ടുണ്ടായ ഒരു ദുരന്തം. ഡാമുകൾ കൂട്ടത്തോടെ യാതൊരു മുന്നറിയിപ്പുമില്ലാതെ തുറന്നുവിട്ടപ്പോൾ കേരളം നേരിട്ട മനുഷ്യനിർമ്മിതമായ പ്രളയം. ഈ സർക്കാരിന്റെ വീഴ്ച കൊണ്ട് ലക്ഷക്കണക്കിനാളുകൾക്കാണ് ദുരന്തം നേരിടേണ്ടിവന്നത്. ഓഖി കടന്നുപോയിട്ട് ഒരു വർഷവും രണ്ട് മാസവുമായി. മഹാപ്രളയം കടന്നുപോയിട്ട് ആറ് മാസം കഴിഞ്ഞു. സർക്കാരിന്റെ വീഴ്ചകൊണ്ട് സംഭവിച്ച രണ്ട് ദുരന്തങ്ങളിൽനിന്ന് കേരളത്തെ കരകയറ്റാൻ സർക്കാർ എന്തുചെയ്തുവെന്നത് പ്രധാനപ്പെട്ട ചോദ്യമാണ്. ഉത്തരം ഖേദകരമാണ്. രണ്ടിലും സർക്കാർ പൂർണ്ണമായും പരാജയപ്പെടുകയാണ്.

3.00 pm]

മോഹനസുന്ദരങ്ങളായ വാഗ്ദാനങ്ങൾ വാരിക്കോരി നൽകിയെന്നുള്ളതല്ലാതെ ഒന്നും പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണ് സത്യം. ഓഖി ദുരന്തത്തിനിരയായ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയാണ് സർക്കാർ ചെയ്തത്. ദുരിതാശ്വാസ പ്രവർത്തനത്തിനായി കേന്ദ്ര സർക്കാർ നൽകിയ പണംപോലും വിനിയോഗിച്ചില്ല. ഇതുകാരണം 143.54 കോടി രൂപ കേന്ദ്രം തിരിച്ചെടുത്തു. ഇതാണ് കാര്യക്ഷമതയുടെ ഉദാഹരണം. കഴിഞ്ഞ ബഡ്ജറ്റിൽ തീരദേശത്തിനുവേണ്ടി 2,000 കോടി രൂപയുടെ പാക്കേജാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഖണ്ഡിക 3-ലൂടെ പ്രഖ്യാപിച്ചത്. മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി ടാറ്റാ കൺസൾട്ടൻസിയെ നിയോഗിച്ചു എന്നല്ലാതെ, ഈ പാക്കേജിന്റെ ഭാഗമായി അഞ്ച് പൈസ കേരളത്തിലെ ബിഗ് സല്യൂട്ട് നൽകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ സർക്കാർ നൽകിയിട്ടില്ല. ഈ സർക്കാർ തീരദേശ ജനതയെ കബളിപ്പിക്കുകയാണ്. സ്വന്തമായ ഭൂമിയോ വീടോ ഇല്ലാത്ത 13436 മത്സ്യത്തൊഴിലാളികൾക്കും ഭൂമിയുണ്ടെങ്കിലും വീടില്ലാത്ത 4148 പേർക്കും 2018-19-ൽ വീട് നൽകുമെന്ന് 25-1-2018-ന് മുഖ്യമന്ത്രി സഭയിൽ പറഞ്ഞിരുന്നു. ഒരാൾക്കുപോലും വീട് കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ല. ഐ.എസ്.ആർ.ഒ.-യുമായി ചേർന്നൊരുക്കിയ ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് സംവിധാനമായ നാവിക് സൗജന്യമായി 500 എണ്ണം നൽകുമെന്ന് സർക്കാർ പറഞ്ഞു. അത് എത്ര പേർക്ക് വിതരണം ചെയ്തു? ഓഖി ദുരന്തത്തിൽപ്പെട്ട 144 കുടുംബങ്ങൾക്ക് തൊഴിൽ നൽകുമെന്ന് സർക്കാർ പറഞ്ഞു. എത്ര പേർക്ക് തൊഴിൽ കൊടുത്തു? മുട്ടത്തറയിൽ 44 പേർക്ക് വലനിർമ്മാണ ഫാക്ടറിയിൽ മൂന്ന് മാസത്തേയ്ക്ക് താൽക്കാലിക നിയമനമാണ് ഈ ഗവൺമെന്റ് നൽകിയത്. മൂന്ന് മാസം കഴിഞ്ഞാൽ ജോലിയുള്ളപ്പോൾ മാത്രം 300 രൂപ ദിവസ വേതനമാണ് അവർക്ക് കിട്ടാൻ പോകുന്നത്. ഇത്രയും മനുഷ്യത്വരഹിതമായ ഒരു സമീപനം സ്വീകരിക്കാൻ ഏതെങ്കിലും സർക്കാരിന് കഴിയുമോ? ദുരന്തബാധിതർക്ക് വീട് വച്ചുകൊടുക്കുമെന്ന സർക്കാരിന്റെ വാഗ്ദാനം മറ്റൊരു കളിപ്പിക്കലായിരുന്നു. ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി വീട് നൽകാമെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. അതിനായി 6 ലക്ഷം രൂപ നൽകും. ആദ്യം നൽകുന്ന രണ്ട് ലക്ഷം രൂപ കൊണ്ട് 4 സെന്റ് സ്ഥലം വാങ്ങണം എങ്കിൽ മാത്രമേ ബാക്കി തുകയായ 4 ലക്ഷം രൂപ ലഭിക്കുകയുള്ളൂ. 2 ലക്ഷം രൂപയ്ക്ക് തിരുവനന്തപുരത്ത് ഒരു സെന്റ് സ്ഥലം ലഭിക്കുമോ? അപ്പോൾ ഇതൊരു തട്ടിപ്പല്ലേ? തീരദേശത്ത് കഴിഞ്ഞ ജനുവരി 26-ന് മത്സ്യത്തൊഴിലാളികൾ ഒരു വിധവാമതിൽ സംഘടിപ്പിച്ചു. ഓഖി

ദുരന്തത്തിൽ മരിച്ചവരുടെ വിധവകളും ആശ്രിതരുമായിരുന്ന ആ മതിലിൽ അണിചേർന്നത്. ജോലിയുൾപ്പെടെ, വീടുൾപ്പെടെ നഷ്ടപരിഹാരമൊന്നും ലഭിക്കാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വളരെ കഷ്ടത്തിലാണ്. 144 കോടി രൂപ ഓഖി ഫണ്ട് നഷ്ടം - സർക്കാരിനെതിരെ ലത്തീൻ സഭ. അതേ സമയം ഒരു പ്രയോജനവുമില്ലാത്ത ദുരന്ത നിവാരണ അതോറിറ്റിക്ക് കോടികൾ ചെലവഴിച്ച് ഒരു കോർപ്പറേറ്റ് കമ്പനിയുടെ മാതൃകയിൽ വൻ ഓഫീസ് സമുച്ചയം സ്ഥാപിച്ചു. ഞങ്ങളുടെ കാലത്ത് ആരംഭിച്ചതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞങ്ങളുടെ കാലത്ത് ആരംഭിച്ചതെല്ലാം തുടരാനാണ് നിങ്ങളിരിക്കുന്നതെങ്കിൽ എനിക്കൊന്നും പറയാനില്ല. മഹാപ്രളയമുണ്ടായതിനുശേഷം നിയമസഭയുടെ ആദ്യത്തെ ബഡ്ജറ്റ് സമ്മേളനമാണിത്. ഗവർണറെക്കൊണ്ട് ഏതെങ്കിലുമൊരു പ്രധാനപ്പെട്ട പാക്കേജ് ഈ ഗവൺമെന്റ് പ്രഖ്യാപിക്കുമെന്നാണ് ഞാൻ കരുതിയത്. ഡോ. ടി. എം. തോമസ് ഐസക്കിൽ ഞങ്ങൾക്ക് വിശ്വാസമില്ല. 2,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ട് ഒന്നും നടപ്പാക്കാത്ത ആളാണ് അദ്ദേഹം. നാളെ ഒരു പാക്കേജ് പ്രഖ്യാപിച്ചാൽ കേരളത്തിലെ ജനങ്ങൾ അത് വിശ്വസിക്കാൻ പോകുന്നില്ല. കേരളത്തെ പരിപൂർണ്ണമായി പുനർ നിർമ്മിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകൊണ്ടിരുന്നത്. ഇതിന് പണമെവിടെ? പണം സ്വരൂപിക്കാൻ മാർഗ്ഗങ്ങളെവിടെ? ഇതിനുവേണ്ടി നിയോഗിച്ച പല കമ്മിറ്റികളുടെയും സ്ഥിതിയെന്താണ്? കെ.പി.എം.ജി. എവിടെ? കെ.പി.എം.ജി.-ക്ക് മുന്നോട്ടു പോകാൻ കഴിഞ്ഞോ? ക്രൗഡ് ഫണ്ടിംഗാണ് കെ.പി.എം.ജി. പറഞ്ഞത്. ക്രൗഡ് ഫണ്ടിംഗിലൂടെ എത്ര രൂപ കിട്ടി? ഇന്ന് ആഗോള ടെണ്ടറിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടുവരികയാണ്. പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ച് ഇന്ന് രാവിലെ പറയുകയുണ്ടായി. പ്രളയത്തിനുശേഷം ഭരണം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് പൊതുകടം പെരുകുന്നു. സംസ്ഥാന ഭരണത്തിലും വികസനത്തിലും പരിപൂർണ്ണമായി പരാജയപ്പെട്ട സർക്കാരാ ണിത്. അതേസമയം കടം വാങ്ങി കേരളത്തിലെ ജനങ്ങളെ കടക്കാരനാക്കി മാറ്റുന്ന സ്ഥിതിയാണുള്ളത്. 21-11-2018-ൽ ശ്രീ. അനിൽ അക്കരയ്ക്ക് നൽകിയ മറുപടിയിൽ ധനകാര്യ വകുപ്പുമന്ത്രി പറയുന്നു, സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ 15,34,396 രൂപ. 2016 മാർച്ച് 31-ന് യു.ഡി.എഫ്.-ന്റെ കാലത്ത് 10,97,030 രൂപയായിരുന്നെങ്കിൽ ഈ സർക്കാർ വന്നതിനുശേഷം പൊതുകടം വർദ്ധിച്ചിരിക്കുന്നു. കടം വർദ്ധിപ്പിക്കുക മാത്രമല്ല, കടം വാങ്ങിയ തുകകൊണ്ട് എന്തെങ്കിലും വികസന പദ്ധതികൾ നടപ്പാക്കാനും സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തെ വൻകിട പദ്ധതികളൊക്കെ അവതാളത്തിലായിരിക്കുന്നു. 13 പ്രോജക്ടുകൾക്കായി 1,638.31 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചത്. എന്നാൽ ചെലവാക്കിയത്

172.29 കോടി രൂപ മാത്രം. ഇതാണോ സർക്കാരിന്റെ കാര്യക്ഷമത? ഉദ്ഘാടനം ചെയ്ത പദ്ധതികളെപ്പറ്റി ഡോ. എം. കെ. മുനീർ പറഞ്ഞതുകൊണ്ട് ഞാൻ അങ്ങോട്ട് കടക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റ് പൂർത്തീകരിച്ച കൊച്ചി മെട്രോ, 80% പൂർത്തിയാക്കിയ കണ്ണൂർ വിമാനത്താവളം, 50:50 എന്ന തോതിലാരംഭിച്ച കൊല്ലം ബൈപ്പാസ് ഇതെല്ലാം യു.ഡി.എഫ്.-ന്റെ കാലത്ത് പണിതുടങ്ങിയ പദ്ധതികളാണ്. കിഫ്ബി എന്നുപറയുന്നത് ഇപ്പോഴും ഒരു ആകാശ കുസുമമായി നിൽക്കുന്നു. ബഡ്ജറ്റ് വരുമ്പോൾ അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ ഞാൻ പറയുന്നതാണ്. ഇന്ന് 469 പദ്ധതികളാണ് നടപ്പാക്കുന്നത്, അതിന് 39,000 കോടി രൂപ വേണം. കിഫ്ബിയിൽ ആകെയുള്ളത് 5,258.36 കോടി രൂപയാണ്. കൈയിൽ പണമില്ലെങ്കിലും പദ്ധതി ആരംഭിക്കുന്ന കാര്യത്തിൽ യാതൊരു ലുബ്ധുമില്ല. പദ്ധതികൾ ഇങ്ങനെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്, ഇതിന് പണമെവിടെ എന്നുചോദിച്ചാൽ ഉത്തരം കണ്ടെത്താൻ കഴിയില്ല. പ്രവാസി ചിട്ടിയിൽനിന്ന് 1,000 കോടി രൂപ സംഭരിക്കുമെന്ന് പറഞ്ഞു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ ചോദ്യത്തിന് മറുപടിയായി ധനകാര്യ വകുപ്പുമന്ത്രി 13-12-2018-ൽ പറഞ്ഞത് - പ്രവാസി ചിട്ടിയിൽനിന്ന് ഇതുവരെ സമാഹരിക്കാൻ കഴിഞ്ഞത് 3.30 കോടി രൂപയാണെന്നാണ്. എത്ര രൂപ ചെലവായി? പ്രവാസി ചിട്ടിയുടെ പ്രചരണത്തിനുവേണ്ടി ഉദ്യോഗസ്ഥർ ഗൾഫിൽ പോയ വകയിൽ 5 കോടി രൂപ ചെലവായി. കിട്ടിയത് 3.30 കോടി രൂപ. ചിട്ടിക്ക് പണം പിരിക്കാൻപോയി 2 കോടി രൂപ നഷ്ടമുണ്ടാക്കിയെന്നുള്ളതല്ലാതെ പ്രവാസി ചിട്ടി നടപ്പാക്കാൻ കഴിഞ്ഞോ? നമ്മൾ എവിടേയ്ക്കാണ് പോകുന്നത്? ഈ ഗവൺമെന്റിന്റെ 4 മിഷനുകൾ കടലാസ് പദ്ധതികളാണ്. ഒരു മിഷനും ടേക്ക് ഓഫ് ചെയ്തിട്ടില്ല. മുഖ്യമന്ത്രി ഇടയ്ക്കിടയ്ക്ക് റിവ്യൂ മീറ്റിംഗ് വിളിച്ചുകൂട്ടുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ യാഥാർത്ഥ്യമല്ലാത്ത കണക്കുകൾ അവതരിപ്പിക്കുകയാണ്. ലൈഫ് മിഷനെപ്പറ്റി ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അങ്ങോട്ട് കടക്കുന്നില്ല. ലൈഫ് മിഷൻ വഴി പുതുതായി ഒരു വീടുപോലും വച്ചുകൊടുക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് എല്ലാവർഷവും 5000 വീടുകൾ വച്ചുകൊടുക്കുമായിരുന്നു. ഇത്തവണ ഒരു വീടും വച്ചുകൊടുത്തില്ല. കാരണം ഈ പദ്ധതി മുഴുവനും ലൈഫിലാണ്. മത്സ്യത്തൊഴിലാളികൾക്കും വീടില്ല, എല്ലാം ലൈഫിലാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പകുതിയായതും 75% പണി തീർന്നതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി പൂർത്തീകരിച്ചുവെന്നുള്ളതല്ലാതെ പുതിയ ഒരു വീടുപോലും നിർമ്മിക്കാൻ കഴിഞ്ഞില്ല. ഹരിത മിഷൻ പരിശോധിച്ചാൽ നമുക്കറിയാം, അതിന്റെ ഒരു റിപ്പോർട്ടെങ്കിലും പ്രസിദ്ധീകരിക്കണം. വൻതുക ശമ്പളം കൊടുത്ത് ഒരു മുൻ

എം.പി.-യെ നിയോഗിച്ചതല്ലാതെ ഹരിതമിഷനുവേണ്ടി നിങ്ങൾ എന്തുചെയ്തു? കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യസംസ്കരണം കേൾക്കാൻ നല്ല വാക്കുകളുണ്ട്. പക്ഷെ ഒന്നും നടപ്പായിട്ടില്ല. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ ഞാനും പങ്കെടുത്തതാണ്. ഞാൻ കരുതിയത് നല്ലൊരു പദ്ധതിയായിരിക്കുമെന്നാണ്. പ്രഖ്യാപനങ്ങളല്ലാതെ പലയിടത്തും ഈ പദ്ധതികൾ ടേക്ക് ഓഫ് ചെയ്യാൻ പോലും കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം. സർക്കാരിന്റെ സമീപനമെന്താണ്? പദ്ധതികൾ പ്രഖ്യാപിക്കുന്ന തല്ലാതെ നടപ്പാക്കാനുള്ള ഇച്ഛാശക്തിയില്ലാത്ത ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. തകരുന്ന ക്രമസമാധാനനില- പോലീസ് ഉദ്യോഗസ്ഥർക്ക് നടപടികൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമില്ലാത്ത കാലഘട്ടം. ഇവിടെ അവാർഡിനെപ്പറ്റി ആരോ പറഞ്ഞു, പ്രമുഖ വാരികയായ ഇന്ത്യാ ടുഡെ 2018 നവംബറിൽ വിവിധ സംസ്ഥാന സർക്കാരുകളുടെ പ്രവർത്തന റിപ്പോർട്ട് കൊണ്ടുവന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളം ക്രമസമാധാനത്തിന്റെ ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും ഒന്നാമതായിരുന്നു. എന്നാൽ ഇന്ന് ഒന്നാം സ്ഥാനം തമിഴ്നാടിനാണ്. അതോടൊപ്പം ഓവറോൾ പെർഫോമൻസിലും തമിഴ്നാടാണ് ഒന്നാമത്. ടൂറിസത്തിൽ തമിഴ്നാടും സാമ്പത്തിക വളർച്ചയിൽ മഹാരാഷ്ട്രയും കൃഷിയിൽ പഞ്ചാബും വിദ്യാഭ്യാസത്തിൽ ഹിമാചൽ പ്രദേശും ആരോഗ്യരംഗത്ത് ജമ്മു കാശ്മീരും ക്രമസമാധാന പാലനത്തിൽ തമിഴ്നാടും മികച്ച ഭരണനിർവ്വഹണത്തിന് രാജസ്ഥാനും സമഗ്രവികസനത്തിന് ഛത്തീസ്ഗഡും സംരംഭകത്വത്തിൽ ഹരിയാനയും അടിസ്ഥാന വികസനത്തിൽ ഗുജറാത്തും പരിസ്ഥിതി സംരക്ഷണം, ശുചിത്വം എന്നിവയിൽ കേരളവുമാണ് മുന്നിൽ. മലയാളികൾ മറ്റു സംസ്ഥാനത്തേക്കാൾ ശുചിയായി ജീവിക്കുന്നവരാണ്. അതിന് ഒരു അവാർഡ് കിട്ടുന്നതിൽ സർക്കാരിന് മേന്മ നടിക്കാനില്ല. കേരളം എല്ലാ രംഗത്തും ഒന്നാമതായിരുന്നു. ഈ രണ്ടര വർഷത്തിനിടയിൽ കേരളം എങ്ങോട്ട് പോകുന്നുവെന്നുള്ളതിന്റെ യഥാർത്ഥ സൂചനയാണ് ഇന്ത്യാ ടുഡെയുടെ റിപ്പോർട്ടിലൂടെ സൂചിപ്പിക്കുന്നത്. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിന്റെ സ്ഥിതി എന്താണ്? അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തുടർന്നു കൊണ്ടിരിക്കുമ്പോഴും അതിനെതിരെ നടപടികളുണ്ടാകുന്നുണ്ടോ? പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തി നായി നീക്കിവച്ച തുക ചെലവഴിക്കുന്നില്ല. മധു എന്ന ആദിവാസിയെ ജനക്കൂട്ടം തല്ലിക്കൊന്ന കേസിൽ ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ പോലും വയ്ക്കാൻ കഴിയാത്ത ഗവൺമെന്റാണിത്. ഏത് രംഗത്താണ് സർക്കാരിന് നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്.

വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾ വമ്പിച്ച പിന്തുണ യു.ഡി.എഫ്.-ന് നൽകുമെന്ന കാര്യത്തിൽ അശേഷം

സംശയമില്ല. നരേന്ദ്ര മോദിയെയും ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും താഴെയിറക്കാൻ, അതിനുവേണ്ടിയുള്ള പോരാട്ടം നടത്താൻ കഴിയുന്ന ഇന്ത്യയിലെ ഏക നേതാവ് രാഹുൽ ഗാന്ധിയാണെന്ന് അസന്നിഗ്ദ്ധമായി തെളിയിച്ചിരിക്കുന്ന സന്ദർഭമാണ്. മധ്യപ്രദേശും രാജസ്ഥാനും ചത്തീസ്ഗഡും ഒരു ചൂണ്ടുപലകയാണ്. വർഗ്ഗീയ, ഫാസിസ്റ്റ് ശക്തികളുടെ കയ്യിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ കഴിയുന്ന പ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ജനാധിപത്യ മതേതര മുന്നേറ്റമാണ് എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. സംശയമുള്ളത് കേരളത്തിലെ മുഖ്യമന്ത്രിക്കും മൂന്നുനാല് പോളിറ്റ് ബ്യൂറോ അംഗങ്ങൾക്കും മാത്രമാണ്. അവരുടെ സംശയം തനിയെ മാറിക്കൊള്ളും. ശ്രീ. പ്രകാശ് കാരാട്ടിന്റെ നയങ്ങൾ മാറ്റിയിട്ടുണ്ട്; പതുക്കെ മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ നാലര വർഷം ശ്രീ. നരേന്ദ്ര മോദി കേരളത്തിൽ വന്നിട്ടില്ല, ഒരു പദ്ധതിക്കും കല്ലിട്ടിട്ടില്ല. തെരഞ്ഞെടുപ്പ് അടുത്തപ്പോൾ നരേന്ദ്ര മോദി എല്ലാ ആഴ്ചയിലും കേരളത്തിൽ വരുന്നു. അദ്ദേഹം വന്ന് എല്ലാ കല്ലുകളും ഇടുന്നു. ഇതൊന്നുംകൊണ്ട് കേരളത്തിലെ ചിന്താശക്തിയുള്ള, രാഷ്ട്രീയ ബോധമുള്ള, രാഷ്ട്രീയ പക്വതയുള്ള കേരള ജനതയെ പറ്റിക്കാൻ കഴിയില്ല. ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ബി.ജെ.പി.-ക്ക് വട്ടപ്പൂജ്യമായിരിക്കും ലഭിക്കാൻ പോകുന്നത്. ബി.ജെ.പി. ഒരു കാരണവശാലും കേരളത്തിൽ ക്ലച്ച് പിടിക്കാൻ പോകുന്നില്ല. കേരളത്തിൽ കോൺഗ്രസ്സിനെ തോൽപ്പിച്ച് സി.പി.ഐ. (എം)-നെ ജയിപ്പിച്ച് ഡൽഹിയിൽ കോൺഗ്രസ്സിനെ പിന്തുണയ്ക്കാമെന്ന തെറ്റായ കാഴ്ചപ്പാട് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല. കേരള ജനത മതേതര ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും ശ്രീ. നരേന്ദ്ര മോദിയെയും താഴെയിറക്കാനുള്ള പോരാട്ടത്തിൽ യു.ഡി.എഫ്.-നോടൊപ്പം നിൽക്കുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. ഇന്ത്യൻ പ്രധാനമന്ത്രി അഴിമതിക്കാരനായി നിൽക്കുന്നു. രാജ്യത്തിന്റെ കാവൽക്കാരനായി വന്ന ഇന്ത്യൻ പ്രധാനമന്ത്രി പറഞ്ഞത്, 'മൈം ചൗക്കീദാർ ഹും' എന്നാണ്. ഇന്ന് ആ ചൗക്കിദാർ 'ചോർ' ആയി നിൽക്കുന്ന കള്ളനായി നിൽക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയുന്നു. റാഫേൽ പോലെ 30,000 കോടി രൂപയുടെ അഴിമതി നടത്തിയ ഇന്ത്യൻ പ്രധാനമന്ത്രിയെ ജനങ്ങൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ പാഠം പഠിപ്പിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയ ബോധവും പക്വതയുമുള്ള കേരളത്തിലെ ജനങ്ങൾ ദേശീയതലത്തിൽ ശ്രീ. നരേന്ദ്ര മോദിയെ പരാജയപ്പെടുത്താൻ, ആർ.എസ്.എസ്.-നെയും സംഘപരിവാറിനെയും പരാജയപ്പെടുത്താൻ യു.ഡി.എഫ്.-നോടൊപ്പം അണിനിരക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയന്റെ

നേതൃത്വത്തിലുള്ള രണ്ടര വർഷത്തെ ഭരണം പൂർണ്ണ പരാജയമാണെന്ന് ചൂണ്ടിക്കാണിക്കാനാണ് ഉദ്ദേശിക്കുന്നത്. Robert Baden Powell-ന്റെ പ്രശസ്തമായ വാചകമുണ്ട്. " We never fail when we try to do our duty, we always fail when we neglect to do it." ' ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യാതിരുന്നാൽ നാം ദുഃഖിക്കേണ്ടി വരും'. കേരളത്തിന് നഷ്ടപ്പെട്ടത് രണ്ടര വർഷമാണ്. ഈ രണ്ടരവർഷം ആർക്ക് തിരിച്ചുനൽകാൻ കഴിയും? ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാം ശരിയാക്കാൻ വന്നിട്ട് ജനങ്ങളെ ശരിയാക്കിക്കൊണ്ടിരിക്കുന്ന കാഴ്ച ഇന്ന് കേരളം കാണുന്നു. ഗവർണറെക്കൊണ്ട് അവതരിപ്പിച്ച പ്രസംഗം തെറ്റിദ്ധരിപ്പിക്കപ്പെടുന്ന പ്രസംഗം മാത്രമാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയിൽ ഗവർണറുടെ പ്രസംഗം അവതരിപ്പിക്കുക മാത്രമല്ല, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഓരോ വർഷവും പൂർത്തിയാകുമ്പോൾ ഈ സർക്കാർ അധികാരത്തിലേറുമ്പോൾ എന്തൊക്കെ ചെയ്യുമെന്ന് പറഞ്ഞിരുന്നോ അതുമായി ബന്ധപ്പെട്ട ഒരു പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നുണ്ട്. ഇക്കഴിഞ്ഞ രണ്ട് വർഷവും ഞങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മൂന്നാമത്തെ വർഷം തെരഞ്ഞെടുപ്പ് ഘട്ടമാകാൻ ഇടയുള്ളതുകൊണ്ട് കുറച്ച് ദിവസം താമസിക്കുമായിരിക്കും. എന്നാലും മൂന്നാമത്തെ വർഷവും പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കും.

ഇവിടെ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സംസാരിക്കുമ്പോൾ അവസാന നയപ്രഖ്യാപനത്തിൽ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ പറയണമെന്ന് പറഞ്ഞല്ലോ; അതുണ്ടാകില്ല. എല്ലാ കാര്യങ്ങളും അപ്പോഴേയ്ക്കും ചെയ്തു കഴിഞ്ഞിട്ടുണ്ടാകും. കാരണം ജനങ്ങളാകെ വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളാണ് വിധികർത്താക്കൾ. പ്രതിപക്ഷം ശാപം ചൊരിഞ്ഞു കൊണ്ടിരിക്കുകയാണ്. ഇവർ നന്നാകരുതേയെന്നാണ് എപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത്. അതിൽതന്നെ നിൽക്കുകയാണ്. ഒരു കാര്യവും ആരോഗ്യപരമായി ചിന്തിക്കാൻ കഴിയുന്നില്ല. എല്ലാ കാര്യത്തിലും നേരത്തേ എന്താണോ പറഞ്ഞുകൊണ്ടിരുന്നത് അത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാലും നാട് മുഴുവനും എല്ലാ അധികൃതകേന്ദ്രങ്ങളും നിങ്ങൾ പറഞ്ഞത് ശരിയല്ലെന്ന് പറഞ്ഞാലും തങ്ങൾ പറഞ്ഞതിൽനിന്ന് പിന്മാറില്ല, അതാണ് സ്ഥിതി. പ്രതിപക്ഷ നേതാവ് ഇപ്പോൾ പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ ആദ്യത്തെ പ്രധാന പോയിന്റായി ഓഖി ദുരന്തം സർക്കാർ വീഴ്ചമൂലം സംഭവിച്ചതാണെന്നാണ് പറഞ്ഞത്. എന്തൊരു പരിഹാസ്യമായ നിലപാടാണ്? ആദ്യം ഒരു തെറ്റിദ്ധാരണ അവർക്കുണ്ടായി

എന്നുള്ളത് ശരിയാണ്. ആ തെറ്റിദ്ധാരണ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്ന തരത്തിലുള്ള എല്ലാ അധികൃത വിശദീകരണങ്ങളും വന്നു. എല്ലാ കേന്ദ്രങ്ങളും അന്ന് സംസ്ഥാന ഗവൺമെന്റ് പറഞ്ഞത് സമ്മതിക്കുകയും ചെയ്തു. വീണ്ടും അതുതന്നെ ആവർത്തിക്കുകയാണ്. ഇതാണ് പ്രതിപക്ഷത്തിന്റെ സ്ഥിതി. അതേപോലെയാണ് പ്രളയത്തെ സംബന്ധിച്ച കാര്യവും. അത് എന്താണെന്നുള്ളത് പിന്നീട് ഞാൻ പറയാം.

ഓഖി ദുരന്തത്തിൽപ്പെട്ടവരെ പൂർണ്ണമായി വഞ്ചിച്ചുവെന്നും സർക്കാർ സമാഹരിച്ച പണത്തിൽ യാതൊന്നും ചെയ്യാൻ തയ്യാറായില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഇതുമായി ബന്ധപ്പെട്ട് 108 കോടി രൂപയാണ് ലഭിച്ചത്. 96 മത്സ്യബന്ധന ഉപകരണങ്ങൾ പൂർണ്ണമായും 284 എണ്ണം ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. അങ്ങനെ നഷ്ടപ്പെട്ടവർക്ക് അഞ്ച് ഘട്ടങ്ങളിലായി നഷ്ടപരിഹാരം നൽകുകയാണ്. അതിനായി 6,75,00,000 രൂപയാണ് വേണ്ടത്. അതുപോലെ കടൽ സുരക്ഷാ സ്ക്വാഡ്, 900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം, 300 മത്സ്യബന്ധന യാനങ്ങളിൽ കടൽ സുരക്ഷാ ഉപകരണങ്ങൾ ഇതിനായി 7,15,00,000 രൂപയാണ് വേണ്ടത്. സൗജന്യ വിദ്യാഭ്യാസ പാക്കേജ് 2037 വരെയുള്ളതാണ്. ഇതിനായി 13,92,00,000 രൂപയാണ് വേണ്ടത്. മൂന്ന് മറൈൻ ആംബുലൻസുകൾക്ക് 7,36,00,000 രൂപ വേണം. പൂർണ്ണമായി നഷ്ടപ്പെട്ട 72 വീടുകൾക്കായി 7,41,00,000 രൂപ വേണം. 15,000 മത്സ്യബന്ധന യാനങ്ങൾക്ക് നാവിക് ഉപകരണങ്ങൾ വയ്ക്കുന്നതിനായി 15,93,00,000 രൂപയും ആയിരം മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ ഇനത്തിൽ 9,42,00,000 രൂപയും നാൽപ്പതിനായിരം മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6,10,00,000 രൂപയും വേണം. ഭാഗികമായി തകർന്ന 458 വീടുകൾക്ക് കേടുപാടുകൾ തീർക്കുന്നതിന് 2,04,00,000 രൂപയാണ് നൽകിയത്. ജോഷി എന്ന ബോട്ട് ഉടമയുടെ പ്രശ്നപരിഹാരത്തിനായി അദ്ദേഹത്തിനും പത്ത് ലക്ഷം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ നോക്കിയാൽ ആ ഇനത്തിൽ 76,18,00,000 രൂപയുടെ ചെലവ് വരും. അതോടൊപ്പം തന്നെ മരണപ്പെട്ടവരും കാണാതായവരുടെയും 143 കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 20,00,000 രൂപ വീതം നൽകി. 22,88,00,000 രൂപ ആ ഇനത്തിൽ വന്നിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ കളക്ടറേറ്റ് മുഖേന കൊടുത്തിട്ടുള്ളത് 2,52,00,000 രൂപയാണ്. ഇങ്ങനെ നോക്കിയാൽ 25,40,00,000 രൂപ വരും. റേഷൻ വിതരണത്തിൽ 9,23,00,000 രൂപ വേണ്ടതുണ്ട്. ഇങ്ങനെ മൊത്തത്തിൽ

നോക്കിയാൽ 110,84,00,000 രൂപ വേണം. ഗവൺമെന്റ് സമാഹരിച്ചത് 108,34,00,000 രൂപയാണ്. ഗവൺമെന്റിന്റെ കയ്യിലുള്ള പൈസ സൂക്ഷിച്ചിരിക്കുകയല്ല, ചെലവിടുക തന്നെയാണ്, ചെലവിട്ടുകൊണ്ടേയിരിക്കുകയാണ്. ദുരന്തനിവാരണ അതോറിറ്റിക്കുവേണ്ടി ഓഫീസ് എടുത്തത് സംബന്ധിച്ച് പരാമർശിച്ചത് എന്തിനാണെന്ന് മനസ്സിലായില്ല. ദുരന്തമുണ്ടായപ്പോഴാണ് അതിന്റെ പ്രയാസം നാം നേരിടുന്നത്. ദുരന്തനിവാരണ അതോറിറ്റി അതിനും മുന്നിലുണ്ട്. റവന്യൂ വകുപ്പ് സെക്രട്ടറിയുടെ മുറിയോട് ചേർന്നുള്ള ചെറിയ മുറിയിൽ കൺട്രോൾ റൂം സ്ഥാപിച്ചിട്ട് നിന്നുതിരിയാനിടമില്ലായിരുന്നു. അവിടെയാണ് രാവും പകലും അവർ വർക്ക് ചെയ്തിരുന്നത്. ആ ദിവസങ്ങളിൽ അവർ ഉറങ്ങിയിരുന്നില്ല. ഒരു മണിക്കൂർ പോലും ഉറങ്ങാത്തവരുണ്ട്. അത്തരത്തിലാണ് അവർ പ്രവർത്തിച്ചത്. അവർക്ക് സൗകര്യങ്ങൾ വേണ്ടേ; സാറ്റലൈറ്റ് വഴി ലഭിക്കുന്ന വിവരങ്ങളൊക്കെ ശേഖരിക്കാനും മനസ്സിലാക്കാനുമുള്ള സംവിധാനങ്ങളൊരുക്കണ്ടേ; അതിന് പര്യാപ്തമായ സ്ഥലം വേണ്ടേ; അത് പൂർത്തിയാക്കുകയെന്നുള്ളത് നാടിന്റെ ആവശ്യമല്ലേ? അതിനെപ്പോലും മോശമായ കണ്ണോടെ കാണുന്നതരത്തിലേയ്ക്ക് പ്രതിപക്ഷം മാറാൻ പാടില്ല.

റീ-ബിൽഡിംഗുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എങ്ങനെയാണ് ഇത് പുനർനിർമ്മിക്കാൻ കഴിയുകയെന്നാണ് പ്രധാനമായും ചോദിച്ചത്. കാലവർഷക്കെടുതി പരിഹരിക്കുന്നതിന് രണ്ട് തരത്തിലുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഒന്നാമത്തേത് ആദ്യ ഘട്ടത്തിലുള്ള ആശ്വാസ നടപടികളും രണ്ടാമത്തേത് ദീർഘകാല പദ്ധതികളുമാണ്. ഇത് രണ്ടിനേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് നീങ്ങുന്ന നിലപാടാണ് സർക്കാർ എടുത്തത്.

അടിയന്തര നഷ്ടപരിഹാര വിതരണം കൃത്യമായി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. 6,87,843 (ആറ് ലക്ഷത്തി എൺപത്തിയേഴായിരത്തി എണ്ണൂറ്റി നാല്പത്തിമൂന്ന്) പേർക്കാണ് 10,000 രൂപവീതം അടിയന്തര സഹായം നൽകിയത്. അത് വലിയൊരു കാര്യമല്ലേ? അക്കാര്യത്തിൽ ഇനിയും പരാതിയുണ്ടെങ്കിൽ അവർ നൽകിയാൽ അപ്പോൾ പരിശോധിച്ച് പരിഹാരമുണ്ടാക്കാം. ഇക്കാര്യത്തിലൊക്കെ തുറന്ന മനസ്സ് മാത്രമേ സർക്കാരിനുള്ളൂ. ഒക്ടോബർ മാസം മുതൽ ഡിസംബർ വരെ 1050838 (പത്ത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയെട്ട്) കിറ്റുകൾ ഓരോ മാസവും വിതരണം ചെയ്യുന്ന നിലയുണ്ടായിട്ടുണ്ട്. ഇതിന് 52 കോടി 54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും വീടുകളിലേയ്ക്ക് തിരിച്ചുപോയപ്പോൾ നൽകിയ കിറ്റുമുണ്ട്.

കന്നുകാലികളുടെ കാര്യത്തിൽ 27363 കുടുംബങ്ങൾക്ക് 21 കോടി 70 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 13362 വീടുകളാണ് പൂർണ്ണമായും തകർന്നത്. തകർന്ന വീടുകളുടെ കൃത്യമായ എണ്ണമാണിത്. ആദ്യഘട്ടത്തിലെ വിലയിരുത്തലിൽ ചിലപ്പോൾ തെറ്റുപറ്റിയിട്ടുണ്ടാകാം. കൃത്യമായി കണക്കാക്കിയപ്പോൾ 13362 വീടുകളാണ് തകർന്നിട്ടുള്ളത്. ഇതിൽ ആദ്യഗഡു ധനസഹായം നൽകുകയും വീടുപണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ തകർന്നുപോയ വീടുകളെല്ലാം 2019 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാകുന്ന തരത്തിലുള്ള പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സന്നദ്ധ സംഘടനകളുടെ സഹായമെന്ന നിലയ്ക്ക് ഏറ്റവും കൂടുതൽ വീടുകൾ നൽകിയത് സഹകരണ മേഖലയുടെ സഹായത്തോടെ നിർമ്മിക്കുന്ന കെയർ ഹോം പദ്ധതി തന്നെയാണ്. ആ പദ്ധതിയിലൂടെ 2000 വീടുകളാണ് നൽകിയത്. ഇപ്പോഴും മറ്റ് വിവിധ സന്നദ്ധ സംഘടനകൾ സഹായിക്കാൻ തയ്യാറായി മുന്നോട്ട് വരുന്നുണ്ട്. ഏറെക്കുറെ വീടുകളും ആയിക്കഴിഞ്ഞു എന്നുള്ളതാണ് നില. അത് മറ്റ് തരത്തിൽ ഉപയോഗിക്കേണ്ടതായിവരും. വീടുകൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടാകുമെന്ന് കണക്കാക്കേണ്ടതില്ല. എല്ലാ വീടുകളും സമയബന്ധിതമായി പൂർത്തീകരിച്ച് കൊടുക്കാൻ കഴിയും.

ഭാഗികമായി തകർന്ന വീടുകളുടെ കാര്യത്തിൽ ആദ്യത്തെ രണ്ട് കാറ്റഗറികൾക്കും ആദ്യംതന്നെ പൂർണ്ണമായും സഹായം നൽകാനും ബാക്കിയുള്ളതിന് ഒന്നാം ഗഡു നൽകാനും പിന്നീട് അടുത്ത ഗഡു നൽകാനുമായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ സഹായം ആർക്കെല്ലാം നൽകേണ്ടതുണ്ടോ അവർക്കെല്ലാം ഫെബ്രുവരി 15-നുള്ളിൽ നൽകണമെന്ന് ഇപ്പോൾ നിർദ്ദേശിച്ചിട്ടുണ്ട്. അപ്പോഴേയ്ക്കും അതുമുഴുവൻ പൂർത്തിയാകും.

ദേശീയ ദുരന്തനിവാരണ ചട്ടക്കൂടിലെ പ്രളയബാധിത പ്രദേശത്തുള്ള ചെറുകിട വ്യവസായ സംരംഭകർക്കും മറ്റും സഹായങ്ങളില്ലാത്ത പ്രശ്നമുണ്ട്. അതിനായി പ്രളയബാധിത പ്രദേശങ്ങളിലുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ബാങ്ക് വായ്പകളിൽ മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങൾക്കും ഇത്തരം സംരംഭകർക്കും അവരുടെ നഷ്ടങ്ങൾ നികത്തുന്ന രീതിയിലോ ഭാഗികമായെങ്കിലും ആശ്വാസം നൽകുന്ന രീതിയിലോ ഉള്ള ഒരു സംവിധാനവും ദേശീയ ദുരന്തനിവാരണ ചട്ടക്കൂടിലില്ല. ആ സാഹചര്യത്തിൽ ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് അതിന്റെ പ്രയോജനം ലഭിക്കും. അവരുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് പുതിയ ബാങ്ക് വായ്പ ലഭ്യമാക്കുകയാണ് സാധാരണ ഗതിയിൽ സ്വീകരിച്ചുവരുന്നത്. നാശനഷ്ടം സംഭവിച്ച ആസ്തികളുടെ വിശദമായ കണക്കെടുത്തിട്ടുണ്ട്. ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കു ന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിലൂടെ നൽകാവുന്ന സഹായം ലഭ്യമാക്കാനുള്ള സംവിധാനം ആസൂത്രണ ബോർഡുവഴി

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമെയാണ് ബാങ്ക് വായ്പ ഉപയോഗിച്ച് ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിന് ഉജ്ജീവന സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ നടപടികളെല്ലാം പുരോഗമിച്ചുവരികയാണ്. ദുരന്തത്തെ അതിജീവിക്കാനാകുംവിധം ആസ്തികളെയും ജീവിതോപാധികളെയും സംരക്ഷിക്കാൻ കഴിയുന്ന ഒന്നായാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ദുരന്തബാധിതരെ സാധാരണ ജീവിതത്തിലേയ്ക്ക് വേഗം മടക്കിക്കൊണ്ടുവരാനാവുക എന്ന കാഴ്ചപ്പാടും ഇതോടൊപ്പമുണ്ട്.

കൃഷിനാശം സംഭവിച്ചവരുടെ കാര്യത്തിൽ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ചു. കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ നാല് ശതമാനം താങ്ങ് പലിശയായിരുന്നു നൽകുന്നത്. ഇതുകൊണ്ട് ഈ കർഷകർക്ക് ഫലത്തിൽ പലിശരഹിത വായ്പ ഉറപ്പാക്കാൻ കഴിയും. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എസ്.ഡി.ആർ. എഫ്.-ൽനിന്ന് 66 കോടി 74 ലക്ഷം രൂപയും സംസ്ഥാന വിഹിതമെന്ന നിലയിൽ 110 കോടി 30 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. അതുപോലെ ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ നീക്കം ചെയ്യൽ, ഉരുൾപൊട്ടൽ ഇതിന്റെയൊക്കെ ഭാഗമായി കൃഷിഭൂമി നഷ്ടപ്പെട്ടവർക്ക് 6 കോടി 21 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കർഷകർക്ക് 21 കോടി 58 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലെ കർഷകർക്ക് ഇൻഷ്വറൻസ് തുകയുടെ 25 ശതമാനം നഷ്ടപരിഹാരമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രളയാനന്തര പാക്കേജ് പദ്ധതികൾക്കായി 65 കോടി 81 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തകർന്ന ബണ്ടുകൾ നന്നാക്കൽ, പാടശേഖരത്തിൽ കയറിയ വെള്ളം വറ്റിക്കൽ എന്നിവയ്ക്കായി പാടശേഖര സമിതിക്കും കർഷക സംഘങ്ങൾക്കും ചെലവായ തുക നിശ്ചയിച്ച മാനദണ്ഡപ്രകാരം നൽകിയിട്ടുണ്ട്. പ്രളയത്തിനുശേഷം കാർഷികരംഗത്തും തോട്ടം മേഖലയിലുമൊക്കെ പുതിയ കാർഷിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ അമാന്തം നേരിടുകയും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിൽ പരിമിതിയുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത് മുൻനിർത്തിക്കൊണ്ടാണ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. ഇതനുസരിച്ച് പ്രളയബാധിത മേഖലയിൽ 150 തൊഴിൽദിനങ്ങളായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രളയാനന്തരം 948000 കുടുംബങ്ങളിൽപ്പെട്ട 1078000 വ്യക്തികൾക്ക് പുതിയ തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 60996 പുതിയ തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 4 കോടി 93 ലക്ഷം തൊഴിൽദിനങ്ങളാണ് ഈ പദ്ധതിപ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, കൃഷിക്കാരുടെ വായ്പയ്ക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമെന്ന് പറഞ്ഞു. ഈ പീരീഡ് കഴിയുമ്പോൾ മോറട്ടോറിയത്തിന്റെ പലിശയുൾപ്പെടെ തിരിച്ചടയ്ക്കേണ്ടിവരും. അപ്പോഴുണ്ടാകുന്ന ക്രൈസിസ് വളരെയധികമാണ്. എനിക്ക് ചോദിക്കാനുള്ളത്, പ്രളയം ബാധിക്കാത്ത രാജസ്ഥാൻ, ഛത്തീസ്ഗഢ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ചെയ്തതുപോലെ കേരളത്തിലും 2 ലക്ഷം രൂപ വരെയുള്ള വായ്പകൾ റൈറ്റ് ഓഫ് ചെയ്യാനുള്ള നടപടി ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൃഷിക്കാരുടെ കാര്യത്തിൽ അവർക്ക് വന്നുചേരുന്ന പ്രയാസങ്ങൾ ഗൗരവപൂർവ്വം പരിഗണിക്കുന്ന സർക്കാരാണിത്. ഇതെല്ലാം സംബന്ധിച്ചുള്ള ഗൗരവമായ പരിശോധന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. 1,336 കോടി രൂപയുടെ പ്രവർത്തനമാണ് ഈ കാലയളവിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നത്. എന്നാൽ ദു:ഖകരമായ ഒരു കാര്യമുള്ളത്, നമുക്ക് പണം മുഴുവൻ അനുവദിച്ച് കിട്ടിയില്ല. 559 കോടി 19 ലക്ഷം രൂപ മാത്രമേ കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളൂ. 800 കോടി രൂപ ഇപ്പോഴും കുടിശ്ശികയാണ്. അതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതോടൊപ്പം പ്രളയത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുക, ദുരിതബാധിതർക്ക് പ്രത്യേക പലിശരഹിത വായ്പാ പദ്ധതിയായ റീസർജന്റ് കേരള ലോൺ സ്കീം പ്രകാരം വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് പരമാവധി ഒരു ലക്ഷം രൂപവരെയുള്ള ലോൺ ബാങ്കുകൾവഴി ലഭ്യമാക്കുക, അതിന്റെ പലിശ സർക്കാർ വഹിക്കുക, അത്തരമൊരു പദ്ധതി ആദ്യമായി ആവിഷ്കരിച്ചത് (രാജ്യത്ത് പലയിടത്തും ദുരിതങ്ങൾ ഉണ്ടായിട്ടുണ്ട്) നമ്മുടെ സംസ്ഥാനമാണ്. കുടുംബശ്രീ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. 24149 അയൽക്കൂട്ടങ്ങൾ വഴി 140143 ആളുകൾ ഈ പദ്ധതിലൂടെ ലോണിന് അപേക്ഷിക്കുകയുണ്ടായി. ആകെ 1,114 കോടി 78 ലക്ഷം രൂപയുടെ ലോണിനാണ് അപേക്ഷ നൽകിയിട്ടുള്ളത്. നിലവിലുള്ള 13502 അയൽക്കൂട്ടങ്ങളിൽപ്പെട്ട 94891 പേർക്ക് ഇതിനകം 732 കോടി 46 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി മാർച്ച് 31 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ബാക്കിയുള്ള അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചവയാണ്. അതിലുള്ള ഒരു ബുദ്ധിമുട്ടെന്നുപറയുന്നത്, അവർക്ക് ആറുമാസം കഴിഞ്ഞതിനുശേഷം മാത്രമേ ബാങ്ക് ലോണിനുള്ള അർഹത ലഭിക്കുകയുള്ളൂ. മാർച്ച് മാസത്തോടെ അതും പരിഗണിക്കപ്പെടും.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലഭ്യമായ തുക 3,242 കോടി 69 ലക്ഷം രൂപയാണ്. ഇതിൽ സാലറി ചലഞ്ച് മുഖേന സമാഹരിച്ച തുകയും ഉൾപ്പെടും. വീടുകളുടെ നാശനഷ്ടത്തിന് CMDRF -ൽനിന്നും 1,357 കോടി 78 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതിയെപ്പറ്റി പറയുമ്പോൾ, തിരിച്ചടികളെ എങ്ങനെ കരുത്താക്കി മാറ്റാൻ സാധിക്കു മെന്നുള്ള രീതിയിൽ മുന്നോട്ടുപോകണമെന്ന സമീപനമാണ് സ്വീകരിച്ചത്. കേരളത്തിന്റെ പുനർനിർമ്മാണത്തിന് നാടിന് അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുകയാണ് ലക്ഷ്യം. ഇക്കാര്യത്തിൽ ഒട്ടേറെ അറിവുകളുള്ള നാടാണ് നമ്മുടേത്. എന്നാൽ എല്ലാ അറിവുകളും നമ്മുടെ കയ്യിലില്ല. ലോകത്തിന്റെ പല ഭാഗങ്ങളിൽ പുതിയ സാങ്കേതികവിദ്യകൾ ധാരാളമുണ്ട്. അങ്ങനെ ലോകത്തെമ്പാടുമുള്ള അനുഭവങ്ങളെയും അറിവുകളെയും നമുക്ക് സ്വാംശീകരിക്കാൻ കഴിയുകയാണ് വേണ്ടത്. നമ്മുടെ സംസ്ഥാനത്ത് ഓരോ പ്രദേശത്തിനും അതിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളുണ്ട്. അതുകൂടി ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തരമൊരു നയം രൂപീകരിക്കുന്നത്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ഉൾക്കൊണ്ടുകൊണ്ടാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് കേരള പുനർനിർമ്മാണ പദ്ധതി (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) രൂപകല്പന ചെയ്തിരിക്കുന്നത്. പുതിയ കേരളം സൃഷ്ടിക്കുന്നതിന് ധാരാളം ആശയങ്ങളും വിദഗ്ദ്ധോപദേശങ്ങളും സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിൽ ഒട്ടേറെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അത്തരം നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് ഇതുവരെയുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും അവ രൂപപ്പെടുത്തുന്നതിനുമുള്ള നിലപാടുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇക്കാര്യത്തിൽ ചില മുൻകൈ സർക്കാർ സ്വീകരിക്കുകയും ചെയ്യും.

യുവജനങ്ങളുടെ നൂതന ആശയങ്ങൾ വിവിധ മേഖലകളിൽ വിപുലമായ അനുഭവമുള്ള വിദഗ്ദ്ധരുടെ പരിജ്ഞാനം ഇതെല്ലാം അർത്ഥവത്തായി സമന്വയിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുപോലെ നൂതനവികസന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും സമാഹരിക്കുന്നതിനും വികസന സെമിനാറുകൾ, (ഇന്നലെയും നബാർഡിന്റെ നേതൃത്വത്തിൽ ഒരു സെമിനാർ ഇവിടെ നടക്കുകയുണ്ടായി) ഹാക്കത്തോണുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. അതോടൊപ്പം സ്കൂൾ/കോളേജ് തലങ്ങളിൽ അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കും. ആശയരൂപീകരണത്തിനുള്ള ഹാക്കത്തോണുകളുടെ നടത്തിപ്പ്, നവീന ആശയ കൈമാറ്റങ്ങൾക്കുള്ള വേദി,

പ്രോജക്റ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കൽ, പദ്ധതി പരിശോധനകളും അംഗീകാരങ്ങളും ഇവയൊക്കെ കൈകാര്യം ചെയ്യുന്നതിന് ഓൺലൈൻ സംവിധാനമുണ്ടാകും. നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഗുണഭോക്തൃ സ്വീകാര്യത അറിയുന്നതിന് ഇ-പോളിംഗ് സംവിധാനം നടപ്പാക്കും.

നേരത്തെ എല്ലാവരും സൂചിപ്പിച്ചതുപോലെ, മത്സ്യത്തൊഴിലാളികൾക്കുള്ള സല്യൂട്ട് സമർപ്പിച്ചതാണ്. ദുരന്ത രക്ഷാപ്രവർത്തനങ്ങൾക്ക് താങ്ങായിനിന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് അപേക്ഷ നൽകിയ എല്ലാവർക്കും ആവശ്യമായ തുക ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ബോട്ടുകൾക്കുള്ള ഇന്ധനച്ചെലവ് മുഴുവൻ സർക്കാരാണ് വഹിച്ചത് എന്ന കാര്യം നേരത്തെ പ്രസ്താവിച്ചതാണ്. മത്സ്യത്തൊഴിലാളികൾ നൽകിയ സേവനത്തെ സർക്കാർ ആദരിക്കുകയും കേന്ദ്ര സേനകൾക്ക് സ്വീകരണം നൽകുന്ന പരിപാടി ആവിഷ്കരിക്കുകയും ചെയ്തു.

ലോക ബാങ്കിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെ കീഴിലുള്ള ഏജൻസികളുടെയും സൂചികപ്രകാരം നാശനഷ്ടങ്ങൾ പരിഹരിക്കാൻ മുപ്പത്തൊന്നായിരം കോടി രൂപ മുതൽമുടക്കേണ്ടതുണ്ട്. ഇവിടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ 2,994 കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 898 കോടി രൂപ ചെലവായിക്കഴിഞ്ഞു. നിലവിൽ 706 കോടി 74 ലക്ഷം രൂപ കൂടി കിട്ടിയാൽ മാത്രമേ നാളിതുവരെയുള്ള ബാധ്യത തീർക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന് ഇനിയെന്തെങ്കിലും കൊടുക്കാനുണ്ടോ എന്നുള്ളത്, അതിന്റെ അവസാന കണക്ക് വരുമ്പോൾ മാത്രമേ മനസ്സിലാകൂ. കാരണം, റേഷൻ അനുവദിച്ച പൈസയുടെ ഒരു പ്രശ്നമുണ്ട്. കൂടാതെ, വിമാനം ഉപയോഗിച്ച കാര്യം, അതുവേണമെന്നും വേണ്ടെന്നും കേൾക്കുന്നുണ്ട്. ഇതിന്റെയൊക്കെ അവസാന നിലപാട് വ്യക്തമാകേണ്ടതാ യിട്ടുണ്ട്. അപ്പോൾ എസ്.ഡി.ആർ.എഫ്.-ലുള്ള തുക മുഴുവൻ വിനിയോഗിച്ചാലും ബാധ്യതപ്പെട്ട തുക കൊടുത്തുതീർക്കാൻ നിലവിലുള്ള ഫണ്ട് പര്യാപ്തമല്ലെന്നാണ് നാം കാണേണ്ടത്. പ്രളയദുരന്തത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുരന്തനിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹഫോൺ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടമായി എറണാകുളം, വയനാട്, ഇടുക്കി, പത്തനംതിട്ട ജില്ലാ കളക്ടർമാർക്ക് ഉപഗ്രഹഫോൺ നൽകി. പ്രാദേശികമായി ദുരന്ത സാധ്യത പ്രവചനം-അതത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖപ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി അയയ്ക്കാൻ 'ലൊക്കേഷൻ ബെയ്സ്ഡ് മെസേജിംഗ് സിസ്റ്റം' എന്ന

സാങ്കേതികവിദ്യ പ്രളയത്തിനുശേഷം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഇവയെല്ലാം ബാധിച്ച പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന സ്ഥലങ്ങളിൽ നിലവിൽ വീട് നിർമ്മിക്കാൻ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അത്തരം പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരികയാണ്. ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേയ്ക്ക് വിവരങ്ങൾ നൽകാൻ വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എം.ജി. യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്റർ തുടങ്ങിയവയെ ചുമതലപ്പെടുത്തുകയും പൊതുജനങ്ങൾക്ക് ഈ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇങ്ങനെ ശേഖരിച്ച വിവരം ആധികാരിക ഭൂപടം നിർമ്മിക്കാൻ കേന്ദ്ര ജല കമ്മീഷന് നൽകുന്നുണ്ട്. അതോടൊപ്പം കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ 'മീഡിയം വേവ്' സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോയെന്ന് പരീക്ഷിക്കാൻ സംസ്ഥാന ദുരന്ത നിവാരണ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീരസംരക്ഷണ സേനയുടെ കപ്പലിൽ 200 കി.മീ. ദൂരം അഞ്ച് ദിവസം സഞ്ചരിക്കുകയുണ്ടായി. പരീക്ഷണം വിജയകരമായിരുന്നു. അതുകൊണ്ടു തന്നെ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചിട്ടുണ്ട്. യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം, യുണൈറ്റഡ് എൻവയോൺമെന്റൽ പ്രോഗ്രാം ഇവരുടെയെല്ലാം സഹകരണത്തോടെ സംസ്ഥാനത്തെ ഏഴ് ജില്ലകളിലും സംസ്ഥാന അതോറ്റിയിലും ദുരന്ത ലഘൂകരണ പ്രവൃത്തികൾക്ക് സഹായകമാകാൻ അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്.

പ്രളയം സംബന്ധിച്ച് ഒട്ടേറെ തെറ്റിദ്ധാരണ ഇപ്പോഴും പ്രതിപക്ഷം വച്ചുപുലർത്തുകയാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമാണ് നമ്മൾ നേരിട്ടത്. 'കേരളത്തിലുണ്ടായ പ്രളയം, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം, ഈ വർഷം ലോകത്ത് സംഭവിച്ച ഏറ്റവും ഭീകരമായ കാലാവസ്ഥാ ദുരന്തം'

എന്നാണ് ഐക്യരാഷ്ട്ര സംഘടന വിലയിരുത്തിയിരിക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയുടെ ഏജൻസിയായ ലോക കാലാവസ്ഥാനിരീക്ഷണ വിഭാഗമാണ് കേരളത്തിലുണ്ടായ പ്രളയത്തിന്റെ ആഘാതം വിലയിരുത്തിയത്. ഏറ്റവും അധികം സാമ്പത്തിക നഷ്ടമുണ്ടാക്കിയ പ്രകൃതി ദുരന്തങ്ങളിൽ നാലാം സ്ഥാനത്ത് കേരളത്തിലുണ്ടായ പ്രളയമാണ്. അപ്രതീക്ഷിതമായി എത്തുന്ന കൊടുങ്കാറ്റും കനത്ത മഴയും ലോകത്ത് വർദ്ധിച്ചുവരുന്ന പ്രതിഭാസങ്ങളാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു. വർദ്ധിച്ചുവരുന്ന ആഗോളതാപനത്തിന്റെ പ്രത്യാഘാതം തന്നെയാണ് കാലംതെറ്റിയെത്തിയ ഈ പ്രകൃതിദുരന്തങ്ങൾക്ക് കാരണമെന്നതും ഈ റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. 2018-ലെ അമിതമഴയാണ് പ്രളയത്തിന് കാരണമെന്നാണ് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജല കമ്മീഷന്റെ വിലയിരുത്തൽ അണക്കെട്ടുകൾ തുറന്നുവിട്ടതല്ല, അപ്രതീക്ഷിതമായി പെയ്ത അതിതീവ്ര മഴയാണ് പ്രളയദുരന്തത്തിന് കാരണം. നിയന്ത്രിക്കാൻ കഴിയാത്ത ദുരന്ത സാഹചര്യമായിരുന്നു കേരളത്തിൽ. അമ്പതോ നൂറോ വർഷത്തിലൊരിക്കൽ മാത്രം സംഭവിക്കുന്ന ദുരന്തമാണിത് എന്നാണ് കേന്ദ്ര ജല കമ്മീഷൻ വിലയിരുത്തിയിരിക്കുന്നത്. ഇതുസംബന്ധിച്ച് ഐ.ഐ.ടി. മദ്രാസ് ഒരു പഠനം നടത്തി. ഡാമുകളിൽനിന്നും തുറന്നുവിട്ട വെള്ളമല്ല അമിത മഴയാണ് വെള്ളപ്പൊക്കത്തിന് ഇടയാക്കിയതെന്ന് അവർ പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമായി നിൽക്കുന്നവർക്ക് ഇതൊന്നും മനസ്സിലാകാത്തതു കൊണ്ടല്ല, ഇങ്ങനെ പറഞ്ഞുകൊണ്ടേയിരിക്കണം എന്നുള്ളതുകൊണ്ട് ഈ ആക്ഷേപം ഉന്നയിക്കുന്നുവെന്ന് മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ.

ചില പദ്ധതികൾ പൂർത്തിയായതിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങളാണല്ലോ വിലയിരുത്തേണ്ടത്. അങ്ങനെ നോക്കിയാൽ എന്താണ് അവസ്ഥ? 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിയ ഒരു പദ്ധതിയാണ് കണ്ണൂർ എയർപോർട്ട്. അതുസംബന്ധിച്ച് ബഹുമാന്യനായ കെ. സി. ജോസഫ് ഓർക്കുന്നുണ്ടാകും. അക്കാലത്ത് അതിനെ എതിർത്തു. ഇത്തരമൊരു പദ്ധതി വരുമ്പോൾ എതിർക്കേണ്ട കാര്യമുണ്ടോ? ആരാണ് എതിർത്തതെന്ന് അദ്ദേഹത്തിനറിയാം. ചില ജനപ്രതിനിധികൾ പോലും അതിനെ എതിർക്കുകയുണ്ടായി. 1996-ൽ കണ്ണൂർ എയർപോർട്ടിന് അംഗീകാരമായി സ്ഥലമെടുപ്പ് തുടങ്ങി. 2001 മുതൽ 2006 വരെ യു.ഡി.എഫ്. ഗവൺമെന്റാണ് ഇവിടെ ഭരിച്ചിരുന്നത്. ആ അഞ്ച് വർഷവും ഈ എതിർപ്പിന്റെ ഭാഗമായി അവിടെ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. യഥാർത്ഥത്തിൽ അത് നേരത്തെ ഉദ്ഘാടനം ചെയ്യേണ്ടൊരു വിമാനത്താവളമായിരുന്നു. അതിന് വീണ്ടും ജീവൻ വയ്ക്കുന്നത് 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ

വന്നപ്പോഴാണ്. 2006 മുതൽ 2011 വരെ സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അത്രയും ആയതിനുശേഷം 2011 മുതൽ 2016 വരെ അധികാരത്തിലിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്തു. പക്ഷെ അത് വേണ്ടത്ര വേഗതയിൽ ആയിരുന്നില്ല. അവിടെ ഇത്രയും കാര്യങ്ങൾ ചെയ്യാൻ ബാക്കി നിൽക്കുമ്പോൾ പരിഹാസ്യമായി ഉദ്ഘാടനം നടത്തി എന്നാണ് നാം ഓർക്കേണ്ടത്. എയർഫോഴ്സിന്റെ കയ്യിൽ എവിടെയും ഇറക്കാൻ സാധിക്കുന്ന (റോഡിൽ ഇറക്കാൻ സാധിക്കുന്ന) പലതരത്തിലുള്ള വിമാനങ്ങളുണ്ട്. അത്തരമൊരു വിമാനം അവിടെ കൊണ്ടുവന്ന് ഇറക്കി പരിഹാസ്യമായ നിലയിൽ ഉദ്ഘാടനം നടത്തി. ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. യഥാർത്ഥത്തിലുള്ള ഉദ്ഘാടനത്തിന് ഇത്രയും ദിവസം വേണ്ടിവന്നു. ഇപ്പോൾ എല്ലാ കാര്യങ്ങളും പൂർത്തിയാക്കിയിട്ടാണ് വിമാനത്താവളത്തിന്റെ ഉദ്ഘാടനം നടത്തിയത്. അവിടെ ആവശ്യമായ വിമാനങ്ങൾ ലഭ്യമാകുമോയെന്ന് പരിശോധിക്കുന്നതിന് വിമാനക്കമ്പനികളുടെ യോഗം വിളിച്ചപ്പോൾ സിവിൽ എവിയേഷൻ സെക്രട്ടറിയും വിമാനക്കമ്പനികളുടെ മേധാവികളും പറയുന്നത് ഇതുപോലൊരു വിമാനത്താവളം ഉദ്ഘാടനം ചെയ്തതിനുശേഷം ആദ്യത്തെ മാസം ഇത്രയും വിമാനങ്ങൾ വന്നത് ചരിത്രത്തിലാദ്യമാണെന്നാണ്. എല്ലാ കാര്യങ്ങളും അവിടെ ഒരുക്കാൻ കഴിഞ്ഞതിന്റെ ഭാഗമായിട്ടാണ് അങ്ങനെ സംഭവിച്ചത്. അതിനുശേഷമാണ് ഉദ്ഘാടനം നടന്നത്. ഓരോ ഗവൺമെന്റും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. അത് ചെയ്യാതിരുന്നതുകൊണ്ടാണ് കാലതാമസം വന്നത്.

പ്രവാസി ചിട്ടികളിലൂടെ ആയിരം കോടി രൂപ സമാഹരിക്കുമെന്ന് പറഞ്ഞിട്ട് വേണ്ടത്ര സമാഹരിക്കാൻ കഴിഞ്ഞില്ലെന്ന് ഇവിടെ പറയുകയുണ്ടായി. ചെലവഴിച്ച സംഖ്യയുടെ കണക്ക് അങ്ങേയ്ക്ക് കിട്ടിയത് ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുമായി ബന്ധപ്പെട്ട് അത്രത്തോളം സംഖ്യ ചെലവഴിച്ചിട്ടില്ല. ഇത്തരമൊരു പരിപാടിക്ക് കുറച്ച് തുക ചെലവാകുമല്ലോ; ന്യായമായ തുക ചെലവഴിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ പറഞ്ഞതല്ല, 13-12-2018-ൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യുടെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. " 3.30 കോടി രൂപ സമാഹരിക്കാൻ സാധിച്ചു. ചിട്ടിയുടെ ചെലവ് 5 കോടി രൂപയാണ് " എന്ന്. നിയമസഭയിൽ ചോദിച്ച ചോദ്യത്തിന്റെ ഉത്തരമാണ്. എന്റെ കണക്കിൽ വന്ന പിശകല്ല. അങ്ങ് ശ്രദ്ധിക്കണമെന്ന് പറയുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതുസംബന്ധിച്ച് ഞാൻ പറയുന്നുണ്ട്. 5 കോടി രൂപയെന്നത് ഈ പദ്ധതിയുടെ ക്യാപിറ്റൽ എക്സ്പെന്റിച്ചറാണ്. 40 മാസം പൂർത്തിയാകുമ്പോൾ 160 കോടി രൂപയുടെ ചിട്ടിയിൽ ആളെ ചേർത്തുകഴിഞ്ഞിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറഞ്ഞ 3.9 കോടി രൂപ എന്നത് ആദ്യമാസ തവണയാണ്, അതാണ് കണക്ക്. ഇതിനകം ലഭിച്ച 160 കോടി രൂപയുടെ 5 ശതമാനമായ 8 കോടി രൂപ കെ.എസ്.എഫ്.ഇ.-ക്ക് ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത, അതാണ് ഇതിന്റെ മെക്കാനിസം. അതുസംബന്ധിച്ച് മറ്റ് പ്രശ്നങ്ങളില്ല. ഇത് നല്ല പദ്ധതിയാണ്. ഇവിടെ മാത്രമല്ല, മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയാണ്. നല്ല ആകർഷകത്വം അതിന് വന്നിട്ടുണ്ട്. പ്രവാസി സഹോദരങ്ങൾ നല്ലതുപോലെ അതിൽ ചേരുന്നുണ്ട്. ഇപ്പോൾ യു.എ.ഇ.-യിൽ മാത്രമാണ് ചിട്ടി ഉള്ളതെങ്കിൽ മറ്റ് പ്രദേശങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും ഇത് വ്യാപിപ്പിക്കാൻ സാധിക്കും. കേരളത്തിന്റെ ഒരു വലിയ വരുമാനമാർഗ്ഗമായി ഈ സ്രോതസ്സ് ഉപയോഗിക്കാൻ സാധിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയുടെ വിശ്വാസം രക്ഷിക്കട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, വിശ്വാസം എപ്പോഴും നല്ലതാണ്. നമ്മൾ പ്രതീക്ഷ കൈവിടാൻ പാടില്ല, നിരാശയുംകൊണ്ട് നടക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. പ്രതീക്ഷയോടുകൂടി പോയാൽ നമുക്ക് കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ സാധിക്കും. അതിൽ ഒരു സംശയവുമില്ല. നാല് മിഷനുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി അതിനുള്ള മറുപടിയാണ് ഞാൻ പറയുന്നത്. നാല് മിഷനുകളും കടലാസ് പദ്ധതികളായി കിടക്കുകയാണെന്നാണ് ഇവിടെ പറഞ്ഞത്. ഈ പദ്ധതികളെല്ലാം കേരളത്തിലെ യാഥാർത്ഥ്യങ്ങളല്ലേ? യാഥാർത്ഥ്യങ്ങളായി നിൽക്കുന്ന വസ്തുതകൾ ബഹുമാന്യനായ പ്രതിപക്ഷനേതാവ് നിഷേധിക്കാമോ? അങ്ങനെ നിഷേധിച്ചാൽ ശ്രീ. രാഹുൽ ഗാന്ധിക്ക് പറ്റിയത് അദ്ദേഹത്തിനും പറ്റുമെന്ന് അദ്ദേഹം ചിന്തിക്കുന്നു. കേരളത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ എത്രമാത്രം പരിഹാസ്യതയിലാണ് ജനങ്ങൾ അത് എടുത്തത്. ഇതാണല്ലോ നേരത്തെ ശ്രീ. യോഗി ആദിത്യനാഥിനും പറ്റിയത്. ശ്രീ. യോഗി ആദിത്യനാഥ് കേരളത്തിൽ വന്ന് ഇവിടെ എന്ത് ആശുപത്രി, എന്റെ നാട്ടിലെ നല്ല ആശുപത്രികളിൽ വന്ന് നോക്കൂ. അപ്പോഴല്ലേ ആളുകൾ ഗൊരഖ്പൂർ ആശുപത്രിയെയും തലശ്ശേരി ആശുപത്രിയെയും തമ്മിൽ താരതമ്യപ്പെടുത്തിയത്. അതല്ലേ നമ്മുടെ നാടിന്റെ വ്യത്യാസം. അദ്ദേഹത്തിന്റെ കൂടെ വന്ന മാധ്യമങ്ങൾ തന്നെയാണ് അത് ചെയ്തത്. ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത്, ഇതെല്ലാം കടലാസ് പദ്ധതിയായിപ്പോയെന്നാണ്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു വീടെങ്കിലും നിർമ്മിക്കാൻ കഴിഞ്ഞോയെന്ന്

അദ്ദേഹം ചോദിച്ചു. ലൈഫ് പദ്ധതിയെപ്പറ്റി ചിന്തിക്കുമ്പോൾ എങ്ങനെയാണ് ലൈഫ് പദ്ധതി പൂർത്തീകരിക്കുന്നതെന്ന് അന്നേ പറഞ്ഞിരുന്നു. അതിന് ഇപ്പോഴും വ്യത്യാസമില്ല. അതിൽ മൂന്ന് ഘട്ടമാണ്. ഒന്നാം ഘട്ടം, വിവിധ പദ്ധതികളിലൂടെ പണി പൂർത്തീകരിക്കാതെ നിൽക്കുന്ന വീടുകൾ, ആദ്യഘട്ടം ആ വീടുകൾ പൂർത്തീകരിക്കലായിരുന്നു. രണ്ടാമത്തേത് സ്ഥലമുണ്ട്, വീടില്ല. സ്ഥലമുള്ളവർക്ക് വീട് നിർമ്മിക്കലായിരുന്നു രണ്ടാം ഘട്ടം. മൂന്നാം ഘട്ടം, വീടും സ്ഥലവുമില്ലാത്തവർക്കുള്ള വീട് നിർമ്മിക്കലാണ്. ആദ്യഘട്ടം പൂർണ്ണമായി. അത് ഞങ്ങളുടെ കാലത്ത് ചെയ്തതല്ലേയെന്ന് ചോദിച്ചാൽ, അതിനുമുമ്പേ ഈ പദ്ധതി തുടങ്ങിയിട്ടുണ്ടാകും. കഴിഞ്ഞ അഞ്ച് വർഷം മാത്രമല്ല, അതിനുമുമ്പ് എൽ.ഡി.എഫ്. ഭരണത്തിലുള്ള കാലം മുതൽ തുടങ്ങിയ ചില പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ടാകും. മുടങ്ങിക്കിടന്ന പദ്ധതികൾ മുടങ്ങിത്തന്നെ കിടക്കുകയായിരുന്നു. വർക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതിപ്പോൾ പൂർത്തീകരിക്കാനായി. ആ ഇനത്തിൽപ്പെട്ട 50000 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്, ഇനി ബാക്കിയില്ല. അതോടൊപ്പം സ്ഥലമുണ്ട് വീടില്ല എന്ന പട്ടികയിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കാനുള്ള നടപടികളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ രണ്ട് കാറ്റഗറിയിലുള്ളവരുണ്ട്. ഒന്ന്, സ്വന്തമായി വീട് നിർമ്മിക്കാൻ സാധിക്കുന്നവരാണ്. അവർക്ക് വീടിന്റെ നിർമ്മാണത്തിനനുസരിച്ച് തുക ഗഡുക്കളായി കൊടുത്താൽ മതി. അപൂർവ്വം ചിലർ സ്വന്തമായി വീട് നിർമ്മിക്കാൻ ശേഷിയില്ലാത്തവരായിരിക്കും. അവരെ നമ്മൾ സഹായിച്ച് വീട് നിർമ്മിച്ചു കൊടുക്കും. അതും ഇതിന്റെ കൂടെ നടക്കുകയാണ്. മൂന്നാമത്തെ വിഭാഗം വീടുമില്ല, സ്ഥലവുമില്ല. ഈ വർഷം ഉദ്ദേശിക്കുന്നത്, അവർക്കായി ജില്ലയിൽ ഒരു ഭവന സമുച്ചയമെങ്കിലും നിർമ്മിക്കണം. ബാക്കി അടുത്ത വർഷം ചെയ്യും. അടുത്ത വർഷത്തോടെ പൂർണ്ണതയിലേയ്ക്കെത്തും.

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 35-ൽ "ലൈഫ് പാർപ്പിട പദ്ധതിക്കായി ഈ വർഷം 2,500 കോടി രൂപ വകയിരുത്തുന്നു" എന്നാണ്. അതിൽ 142.69 കോടി രൂപയാണ് ചെലവഴിച്ചത്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 2,500 കോടി രൂപ ചെലവഴിച്ചിരുന്നെങ്കിൽ ഇപ്പോൾ ഒരു ഘട്ടം വരെയെങ്കിലും എത്തുമായിരുന്നു. അതിന് എന്ത് സംഭവിച്ചു?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന് ചെയ്തുവരുന്നത്, എല്ലാം കൂടി ഒരുമിച്ച് പൂർത്തീകരിക്കലല്ല. ഓരോ ഘട്ടമായി പൂർത്തീകരിക്കലാണ്. അതിൽ HUDCO (Housing and Urban Development Corporation)-യിൽനിന്നും ലോൺ തയ്യാറായിട്ടുണ്ട്. ഇപ്പോൾ പണത്തിന് യാതൊരു പ്രശ്നവുമില്ല. ഹഡ്കോ ലോൺ ലഭിച്ചുകഴിഞ്ഞു. ഇനി പൂർണ്ണമായി പൂർത്തീകരിക്കാനാകും. ഒരു പ്രയാസവും ഉണ്ടാകില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, പഞ്ചായത്തുകളുടെ പ്ലാൻഫണ്ടും ഹഡ്കോ ലോണുമല്ലാതെ ലൈഫ് മിഷനുവേണ്ടി സർക്കാർ വാഗ്ദാനം ചെയ്ത, 'ഒരു ലക്ഷം രൂപ ഒരു വീടിന്' എന്നതിൽ ഒരു രൂപപോലും ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ മുഴുവൻ ബാധ്യതയും സർക്കാർ വഹിച്ചുകൊണ്ട് ഒരു തരത്തിലുള്ള ആശങ്കയ്ക്കും വകയില്ലാതെ കാര്യങ്ങൾ വളരെ ഭംഗിയായി പോകുന്നുണ്ട്. ഹരിത കേരള മിഷൻ ഇപ്പോൾ എന്താണ് ചെയ്യുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. സംസ്ഥാനത്ത് നടത്തുന്ന ചെറിയ കാര്യങ്ങളാണെങ്കിൽപ്പോലും വലിയ കാര്യമായിത്തന്നെ കാണണം. തോടുകൾ നവീകരിച്ചു, 17,182 കിലോമീറ്റർ തോടുകൾ നവീകരിക്കാൻ സാധിച്ചു. ഓരോ തോടിന്റെയും നവീകരണം നടന്നിട്ടുണ്ട്. ഇതെല്ലാം ഓരോ പ്രദേശത്തും നടന്നിട്ടുള്ളതാണ്. നാട്ടിലിറങ്ങിയാൽ കാണുന്ന കാഴ്ചയാണിത്. 48,936 കിണറുകൾ റീചാർജ്ജ് ചെയ്തു. ഇതൊന്നും പെട്ടെന്നുണ്ടായ ഒരു നമ്പരല്ല. ഹരിത കേരള മിഷന്റെ ഭാഗമായി ഓരോ ഘട്ടത്തിലും എത്ര വീതം പൂർത്തീകരിക്കുന്നുവെന്നുള്ളത് പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി വന്നതാണ്. 9,889 കുളങ്ങൾ നവീകരിച്ചു. നവീകരിച്ചതും പുതിയതായി നിർമ്മിച്ചതുമായ കുളങ്ങളും ഇതിന്റെ കൂടെ വരും. 9889 നവീകരിച്ച കുളങ്ങളും 8675 പുതിയതായി നിർമ്മിച്ച കുളങ്ങളും 4625 നവീകരിച്ച കിണറുകളുമുണ്ട്. നാട്ടുകാർ മുൻകയ്യെടുത്ത് ചെയ്ത പ്രവൃത്തികളുമുണ്ട്. കിള്ളിയാർ, കോലറയാർ, വടക്കേപ്പുഴ, ചാലംകോട് തോട്, മുട്ടം പറമ്പ് തോട്, കടമ്പ്രയാർ,_പെരുന്തോട്, പുത്തൂർപ്പുഴ, മീനച്ചിലാർ, കൂടാതെ വരട്ടാർ നദി എന്നിവയെ പുനരുജ്ജീവിപ്പിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വസ്തുതാവിരുദ്ധമായിട്ടല്ല പറയുന്നത്. അങ്ങയെ ആരോ തെറ്റിദ്ധരിപ്പിച്ചിരിക്കു കയാണ്. ഇത് ഉദ്യോഗസ്ഥർ എഴുതിത്തരുന്നതാണ്. ഹരിത മിഷന്റെ വെബ്സൈറ്റ് പരിശോധിച്ചാൽ മനസ്സിലാകും, അങ്ങ് പറയുന്നത് ചെയ്തതായി അവരാരും അവകാശപ്പെടുന്നില്ല. ആ വെബ്സൈറ്റ് നോക്കിയപ്പോൾ മനോഹരമായ കുറെ ആശയങ്ങൾ അതിൽ പറയുന്നുണ്ട്. വെള്ളപ്പൊക്കമുണ്ടായപ്പോൾ നടന്ന ചില കാര്യങ്ങൾ അതിൽ എഴുതിയിട്ടുണ്ട്. ഇതല്ലാതെ ഒന്നും ചെയ്തിട്ടില്ല. അങ്ങ് ഇത് പരിശോധിക്കണം. അങ്ങയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, വരട്ടാർ പുനരുജ്ജീവിപ്പിച്ച കാര്യം ഇവിടെ അംഗങ്ങൾ തന്നെ പറയുമല്ലോ; അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓരോരുത്തർക്കും പറയാനുണ്ടല്ലോ; നമ്മുടെ നാടിന്റെ ഒരനുഭവമല്ലേ അത്?

മിഷന്റെ കാര്യം പറയുമ്പോൾ വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - അതിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷമെടുത്ത് പരിശോധിച്ചാൽ രണ്ടര ലക്ഷത്തിലധികം കുട്ടികൾ പുതുതായി സ്കൂളുകളിൽ വന്നല്ലോ; ഇതിനുമുമ്പ് പൊതുവിദ്യാലയങ്ങളിൽ എല്ലാവർഷവും കുട്ടികൾ കുറയുന്നതാണല്ലോ നമ്മൾ ചർച്ച ചെയ്തിട്ടുള്ളത്. ആദ്യ വർഷം ഒന്നര ലക്ഷത്തിലധികം കുട്ടികൾ വന്നു. ഈ വർഷം ഒരു ലക്ഷത്തിലധികം കുട്ടികൾ വന്നു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ ശാക്തീകരിച്ചതിലൂടെയല്ലേ വന്നത്; 45000 ക്ലാസ് മുറികൾ ഹൈടെക്കായി എന്നുപറയുന്നത് ചെറിയതാണോ; കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഈ പറയുന്ന മാറ്റം ദൃശ്യമാണല്ലോ; പൊതുവിദ്യാലയങ്ങളിൽ വന്ന മാറ്റങ്ങൾ ദൃശ്യമാണല്ലോ; എന്തിനാണ് നമ്മൾ വന്ന മാറ്റം ഉണ്ടായില്ല എന്നുകാണുന്നത്; അതല്ലേ പ്രധാനം.

അതുപോലെ തന്നെ ആരോഗ്യ രംഗം - ആർദ്രം മിഷൻ - അതാണ് അങ്ങ് പറഞ്ഞ നാല് മിഷനിലെ ഒരു മിഷൻ. ആർദ്രം മിഷൻ ഒരു കടലാസ് പദ്ധതി അല്ലല്ലോ; നമ്മുടെ സംസ്ഥാനത്ത് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇപ്പോൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറിയില്ലേ; എല്ലാം പ്രവൃത്തിപഥത്തിൽ എത്തിയില്ലേ; അഞ്ഞൂറിലധികം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇനി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറാൻ പോകുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എല്ലാം പ്രഖ്യാപിച്ചിട്ടേയുള്ളൂ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അല്ല. ഉള്ളതൊന്നും ഇല്ല എന്ന് കാണിക്കാൻ " ഈ കാണുന്നതെല്ലാം ശരിയല്ല, എല്ലാം മായയാണ്," എന്ന് പണ്ട് ഒരുകൂട്ടർ പറയുന്ന തരത്തിലുള്ള വാദം നിങ്ങൾ ഉന്നയിക്കാൻ പാടുള്ളതല്ല. യഥാർത്ഥത്തിൽ നമ്മൾ, ഓരോ പ്രദേശത്തുമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഗവൺമെന്റ് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ആ തരത്തിലാണല്ലോ അത് പ്രവർത്തിച്ചുവരുന്നത്; 5 ജീവനക്കാർ പുതുതായുണ്ട്. ലാബുണ്ട്, എല്ലാ സൗകര്യങ്ങളും ഒരുക്കിയിരിക്കുകയാണ്. നമ്മുടെ ആരോഗ്യ രംഗം പുതുതായി മാറുകയല്ലേ; നിങ്ങൾക്കത് ബോദ്ധ്യമില്ലെങ്കിലും നാട്ടുകാർക്ക് നല്ല ബോദ്ധ്യമുണ്ട്. എല്ലാ വിഭാഗക്കാരും ആശുപത്രികളെ ശരണം പ്രാപിക്കാൻ തയ്യാറാകുന്നുണ്ട്. നേരത്തേ പോകാത്ത രോഗികളായിട്ടുള്ളവർ ഇപ്പോൾ ആശുപത്രിയിലേയ്ക്ക് പോകുകയാണ്. നേരത്തേ സർക്കാർ ആശുപത്രികളിൽ പോകാതിരുന്ന ഒരു വിഭാഗം ഇപ്പോൾ നമ്മുടെ ആശുപത്രികളിൽ എല്ലാ സൗകര്യങ്ങളും ഉണ്ടെന്നുള്ളതുകൊണ്ട് അവിടെ പോകുകയാണ്. ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിച്ച കാര്യം നിങ്ങൾ

കാണണ്ടേ; എന്തിനാണ് ഇല്ല എന്നുപറയുന്നത്. അതുപോലെ നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുകയല്ലേ; ചികിത്സാരംഗത്ത് - ക്യാൻസർ ചികിത്സാ മേഖലയിൽ ആർ.സി.സി.-യും എം.സി.സി.-യുമാണ് നേരത്തേയുണ്ടായിരുന്നത്. ഇപ്പോൾ കൊച്ചിയിലും ക്യാൻസർ സെന്റർ ആരംഭിച്ചിട്ടുണ്ട്. അതുമാത്രമല്ല, എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളൊരുക്കുകയാണ്. എല്ലാ സൗകര്യങ്ങളോടുകൂടിയും മെഡിക്കൽ കോളേജ് മാറുകയല്ലേ; ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യമടക്കം ഒരുക്കുകയല്ലേ; ഇതൊക്ക വസ്തുതയല്ലേ; എറണാകുളം ജനറൽ ആശുപത്രിയുടെ സ്ഥിതി എടുത്താൽ എത്രമാത്രം മെച്ചപ്പെട്ട ആശുപത്രിയാണ്. അതിനടുത്തുവച്ചാണ് ശ്രീ. രാഹുൽ ഗാന്ധി ആശുപത്രിയുടെ അപര്യാപ്തതയെക്കുറിച്ച് പറഞ്ഞത്. നല്ല രീതിയിൽ ആ രംഗം അഭിവൃദ്ധിപ്പെട്ടിരിക്കുകയാണല്ലോ; ഇനിയും മെച്ചപ്പെടാനാണ് പോകുന്നത്. ഇത് നാം കാണേണ്ടതായിട്ടുണ്ട്.

അതുപോലെ പട്ടികജാതി മേഖലയിൽ ഒന്നും നടക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് വളരെ വിചിത്രമായിപ്പോയി. ബഹുമാനപ്പെട്ട മന്ത്രി ആ സമയത്ത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഞാൻ അദ്ദേഹത്തെ പ്രകോപിപ്പിക്കുന്നില്ല. എല്ലാ കാര്യവും ഇവിടെ ചെയ്തതാണ്. വളരെ വിശദമായി കാര്യങ്ങൾ നിർവ്വഹിച്ചതാണ്. എല്ലാ മേഖലയിലും പാവപ്പെട്ട വിഭാഗത്തെ വളരെ കരുതലോടെ സഹായിക്കുന്ന നിലയാണുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് എല്ലാ വർഷവും 5000 പുതിയ വീടുകൾ വച്ചുകൊടുക്കുന്ന പരിപാടിയുണ്ടായിരുന്നു. ലൈഫ് മിഷനിൽ ചേർത്തതിനുശേഷം ഒരു വീടും അവർക്ക് കിട്ടുന്നില്ല. കഴിഞ്ഞ രണ്ടുവർഷത്തെ സ്ഥിതിയാണിത്. ഇടയ്ക്ക് ശ്രീ. എ. കെ. ബാലൻ ഇടപെട്ട് കുറച്ചുപേർക്ക് വീടുകൾ കൊടുക്കാനുള്ള ശ്രമം നടത്തി. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അത് ലൈഫ് മിഷനിൽനിന്നും മാറ്റിക്കൊടുത്താൽ വകുപ്പ് അത് നന്നായി കൈകാര്യം ചെയ്യും. ആളുകൾക്ക് വീട് ലഭിക്കുകയും ചെയ്യും. ലൈഫ് പദ്ധതിയിൽ ആ വീടുകളുടെ എണ്ണംകൂടി ചേർത്തോളൂ. പക്ഷേ, പ്രത്യേകിച്ച് കൊടുത്താൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് ലഭിക്കും.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒരു പ്രയാസവും ഉണ്ടാകാനില്ല. വീടുകളെല്ലാം നിർമ്മിക്കുന്ന നടപടികളിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതുസംബന്ധിച്ച് ഒരു വിഷമവുമുണ്ടാകില്ല. പൂർണ്ണമായി നടപ്പാക്കുന്ന നടപടി തന്നെയാണ് സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ലൈഫ് പദ്ധതിക്ക് മാനദണ്ഡങ്ങളുണ്ട്. പട്ടികജാതി വകുപ്പ് വീട് കൊടുത്തുകൊണ്ടിരുന്ന പദ്ധതിയുമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും വീടുകൾ കൊടുത്തു. രണ്ട് പദ്ധതിയിലെയും മാനദണ്ഡങ്ങൾ വെവ്വേറെയാണ്. വകുപ്പ് വീട് നൽകുമ്പോഴുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം പലർക്കും വീട് ലഭിച്ചുകൊണ്ടിരുന്നു. അങ്ങ് അന്വേഷിക്കണം. സി.പി.ഐ.(എം)-ന്റെ പഞ്ചായത്ത് പ്രസിഡന്റുമാർ പരാതി പറഞ്ഞു. ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ വച്ചുകഴിഞ്ഞാൽ എസ്.സി. വിഭാഗത്തിലെ ആളുകൾക്ക് കിട്ടാത്ത സാഹചര്യമുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പരിശോധി ക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ സംവരണ വ്യവസ്ഥ നടപ്പാക്കുന്നതിനെപ്പറ്റി നേരത്തേ പരാമർശിക്കുകയുണ്ടായി. അത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ടുള്ളതാണ്. രാവിലെ അക്കാര്യം ഞാൻ പറഞ്ഞതാണ്. സംവരണം നടപ്പാക്കുക എന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. തസ്തിക മാറ്റമായിരുന്നു ആദ്യം ഉദ്ദേശിച്ചത്. അപ്പോഴുണ്ടാകുന്ന നിയമപ്രശ്നം ഉന്നയിച്ചിട്ടുണ്ട്. ഏതായാലും എല്ലാ മേഖലയിലും സംവരണം ബാധകമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശബരിമലയുമായി ബന്ധപ്പെട്ടുള്ളതാണ് മറ്റൊരു കാര്യം. ശബരിമല വേണ്ടത്ര ചർച്ചചെയ്ത വിഷയമായതുകൊണ്ട് അതിലേയ്ക്ക് കൂടുതലായി ഞാൻ കടക്കുന്നില്ല. സുപ്രീംകോടതി ഒരു വിധി പുറപ്പെടുവിച്ചു. ആ വിധിയനുസരിച്ച് സ്ത്രീക്കും പുരുഷനും തുല്യമായ അവകാശമുണ്ട്. അത് സ്ഥാപിച്ചുകൊടുക്കാൻ സുപ്രീംകോടതി പറഞ്ഞു. കാരണം നേരത്തേയുള്ള നടപടി തെറ്റാണ്, അത് തിരുത്തേണ്ടതാണെന്ന് പറഞ്ഞു. ആ വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. എങ്ങനെയാണ് നവോത്ഥാനം വരുന്നത്; നവോത്ഥാനവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം പറഞ്ഞു. നമ്മുടെ സമൂഹം അതിനുമുമ്പേ തന്നെ വളരെ മുന്നേറിയതാണ്. സ്ത്രീകൾക്ക് മാത്രമല്ല മറ്റ് ചില ജനവിഭാഗങ്ങൾക്കും അടിമത്തരീതിയായിരുന്നല്ലോ ഇവിടെ ഉണ്ടായിരുന്നത്. അത് മാറിവന്നതാണല്ലോ; നവോത്ഥാനമാണ് അത് മാറ്റിയത്. അതിന്റെ ഭാഗമായി മാറിവന്ന സാമൂഹ്യാവസ്ഥയെയും അതിന്റെ ഭാഗമായി സ്ത്രീ നേടിയ അവകാശത്തെയും തുലനാവസ്ഥയെയും പുറന്തള്ളാനുള്ള ശ്രമമാണ് നടന്നത്. നമ്മെ ഇരുണ്ട യുഗത്തിലേയ്ക്ക് തള്ളിവിടാനുള്ള ശ്രമമാണ് നടന്നത്. അവിടെയാണ് നവോത്ഥാനവുമായി ബന്ധപ്പെടുന്നത്. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ട പ്രശ്നം അവിടെയാണ് വന്നത്. സുപ്രീംകോടതി വിധി നടപ്പാക്കുന്നതോടൊപ്പം നമ്മുടെ സമൂഹത്തിന്റെ പ്രത്യേകതകൂടി ഓർത്തുകൊണ്ടാണ് നവോത്ഥാനമൂല്യ സംരക്ഷണം എന്ന പ്രശ്നം

പറഞ്ഞത്. അത് ഒരുപാട് ചർച്ച ചെയ്ത കാര്യമായതുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. ഒരു ഭാഗം ഞാൻ ഉദ്ധരിക്കുകയാണ്. " പരിതാപകരമെന്ന് പറയട്ടെ, കേരളത്തിന്റെ സാംസ്കാരിക പൈതൃകം വലിയ ആക്രമണം നേരിടുകയാണ്. അതിന് നേതൃത്വം നൽകുന്നത് കേരളം ഭരിക്കുന്ന പാർട്ടിയാണ്. ശബരിമല വിഷയം രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും നേടിയ സംഭവമാണ്. കേരള സംസ്കാരം എല്ലാ രീതിയിലും തകർക്കപ്പെടുന്ന അവസ്ഥയാണ് ശബരിമലയിലുണ്ടായത്. എന്തുകൊണ്ടാണ് നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ സംസ്കാരത്തെ അട്ടിമറിക്കാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല." ഈ 'എനിക്ക്' ആരാണെന്ന് എല്ലാവർക്കുമറിയാം. ഇന്ത്യൻ പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ ഒരു ഭാഗമാണ് ഞാൻ ഇവിടെ ഉദ്ധരിച്ചത്. ഇത്തരം ഒരു പരാമർശം യഥാർത്ഥത്തിൽ കേരളത്തെ അപമാനിക്കുന്നതാണ്. കേരളത്തിന്റെ സാംസ്കാരിക പൈതൃകം ആക്രമണം നേരിടുന്നുവെന്ന് പറയുമ്പോൾ, സംഘപരിവാറിന്റെ കാഴ്ചപ്പാടിലൂടെയുള്ള ആക്രമണമാണോ ഇവിടെ നേരിടുന്നത്. കേരളത്തിന്റെ സാംസ്കാരിക പൈതൃകമെന്ന് പറയുന്നത് നേരത്തെ പറഞ്ഞ നവോത്ഥാന മൂല്യത്തിന്റെ ഭാഗമായി നിലനിൽക്കുന്ന സാമൂഹ്യ അന്തരീക്ഷമാണ്. ആ നവോത്ഥാനമൂല്യങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. അതിനെതിരെയുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിന് ഏറ്റവും വലിയ തോതിൽ നേതൃത്വം കൊടുക്കാൻ ശ്രമിച്ചത് സംഘപരിവാർ തന്നെയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയെന്ന നിലയ്ക്ക് അദ്ദേഹം രാജ്യത്തിന്റെ സുപ്രീംകോടതിയുടെ വിധിയെ അപ്ഹോൾഡ് ചെയ്യാൻ ബാദ്ധ്യതപ്പെട്ട ഒരു സ്ഥാനത്തല്ലേ ഇരിക്കുന്നത്. ശബരിമല വിഷയം രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും നേടിയ സംഭവമാണെന്ന് പറഞ്ഞുനിർത്തിയാൽ മതിയോ; കേരളീയ സംസ്കാരം എല്ലാ രീതിയിലും തകർക്കപ്പെടുന്ന അവസ്ഥയാണ് ശബരിമലയിൽ ഉണ്ടായതെന്ന് പറഞ്ഞാൽ, ശബരിമലയുടെ ഭാഗമായി നിലയ്ക്കലിൽ ഉണ്ടായ ആക്രമണം ഈ പ്രധാനമന്ത്രിയുടെ അനുയായികളാണെന്ന് പറയുന്ന സംഘപരിവാറുകാരല്ലേ നടത്തിയത്. അതുപോലെതന്നെ സന്നിധാനത്ത് നടത്തിയ ആക്രമണവും അദ്ദേഹത്തിന്റെ അനുയായികളാണെന്ന് പറയുന്നവർ തന്നെയല്ലേ നടത്തിയത്. ഒരു നേതാവ് അവിടെ കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത് കണ്ടല്ലോ; സാധാരണ വിശ്വാസികളുടെ വിശ്വാസമനുസരിച്ച്, പ്രതിഷ്ഠയ്ക്ക് പുറംതിരിഞ്ഞ്, പൃഷ്ഠഭാഗം പ്രതിഷ്ഠയോട് കാണിച്ചുനിൽക്കാൻ പാടില്ലെന്നാണ്. അങ്ങനെനിൽക്കുന്നത് കണ്ടല്ലോ; ഇതൊക്കെ ഇവരുടെ അനുയായികളല്ലേ കാണിച്ചിട്ടുള്ളത്. അതിനെ അപലപിക്കാനല്ലേ തയ്യാറാകേണ്ടത്; അങ്ങനെ അപലപിക്കാൻ തയ്യാറാകാതെയുള്ള ഒരു നില അദ്ദേഹം സ്വീകരിക്കുക, അതിനിടയ്ക്ക് കമ്മ്യൂണിസ്റ്റുകാരെ പറഞ്ഞുവെന്നുള്ളതുകൊണ്ട് അല്ലെങ്കിൽ

എൽ.ഡി.എഫ്.-കാരെ പറഞ്ഞുവെന്ന ഉള്ളതുകൊണ്ട് നിങ്ങൾ അനങ്ങാതിരിക്കാൻ പാടുണ്ടോ; നിങ്ങൾ അക്കാര്യത്തിൽ പ്രതികരിക്കേണ്ടതായിരുന്നില്ലേ; എന്തുകൊണ്ടാണ് നിങ്ങൾക്ക് അതിൽ പ്രതികരിക്കാൻ കഴിയാതിരുന്നത്; ഇത് കേരളത്തെ അപമാനിക്കാനുള്ള ശ്രമമാണ്, നിങ്ങളാണ് ഇക്കാര്യങ്ങൾ നടത്തിയത്, എന്തുകൊണ്ട് അതിൽനിന്നും വേറിട്ടുനിന്ന് ഒരു സ്വരം നിങ്ങൾക്ക് പുറപ്പെടുവിക്കാൻ കഴിയുന്നില്ല; അതുപോലെ ബഹുമാന്യനായ രാഹുൽ ഗാന്ധി വന്ന് നടത്തിയ പ്രസ്താവന, ഇതുപോലെ അബദ്ധമായ ഒരു കാര്യം പറയാനുണ്ടോ; നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ-വിദ്യാഭ്യാസ രംഗം ആകെ തകർന്ന പോയതാണെന്ന് പറഞ്ഞാൽ, കേരളത്തിന്റെ വസ്തുത അതല്ലെന്ന് പ്രസംഗം തർജ്ജമ ചെയ്യുന്ന ശ്രീ. വി. ഡി. സതീശനെങ്കിലും സ്വകാര്യമായി പറയാമായിരുന്നല്ലോ; അങ്ങനെയൊരു നിലപാട് യഥാർത്ഥത്തിൽ സ്വീകരിക്കാമോ; ലോക്സഭാ തെരഞ്ഞെടുപ്പിൽ നിങ്ങളെയാണ് ജനങ്ങളാകെ അംഗീകരിക്കാൻ പോകുന്നതെന്ന് ഇവിടെ നിങ്ങൾ പറഞ്ഞു. കോൺഗ്രസ് എന്നുപറയുന്നത്, പണ്ട് രാജ്യത്തെ വലിയ പാർട്ടി തന്നെയായിരുന്നു. അതിൽ സംശയമൊന്നുമില്ല. രാജ്യമാകെ നിലനിന്നിരുന്ന പാർട്ടിയായിരുന്നു. എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ്സായിരുന്നു. അതൊക്കെ വസ്തുതയാണ്. പക്ഷെ അവിടെനിന്നും ശോഷിച്ചുശോഷിച്ച് ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, നിങ്ങൾ എവിടെയാണ് എത്തിനിൽക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, അന്ന് ഞങ്ങളെ താരതമ്യപ്പെടുത്തിയാൽ ഞങ്ങൾ ഒന്നുമല്ലായിരുന്നല്ലോ; നിങ്ങൾ മഹാമേരുവായി നിൽക്കുന്ന കാലത്ത് ഞങ്ങൾ ഒന്നുമല്ല. ഞങ്ങൾ വളരെ ചെറിയ തോതിലേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ എ. കെ. ഗോപാലനായിരുന്നു പ്രതിപക്ഷ നേതാവ്.

ശ്രീ. പിണറായി വിജയൻ: സർ, അതെ. അതൊന്നും മറന്നുകൊണ്ടല്ല ഞാൻ പറയുന്നത്. പക്ഷേ, നിങ്ങൾ കാണേണ്ടത് അവിടെനിന്നും എങ്ങനെ ശോഷണം സംഭവിച്ചുവെന്നാണ്. ഈ രീതിയിൽ ശോഷിച്ചുപോയത് എന്തുകൊണ്ടാണ്; ഇന്ന് നിങ്ങൾ കാണുന്നതുപോലെ ആ മഹാമേരു അല്ല നിങ്ങൾ. നേരത്തെ നിങ്ങൾ അതായിരുന്നുവെന്നത് ശരിയാണ്. പക്ഷേ, ഇപ്പോൾ യഥാർത്ഥത്തിൽ മൂന്നോനാലോ സംസ്ഥാനത്ത് ബി.ജെ.പി.-യോട് നേരിട്ട് മത്സരിക്കാൻ ശേഷിയുള്ള ഒരു പാർട്ടിയാണെന്നത് വസ്തുതയാണ്. ആ മൂന്നോനാലോ സംസ്ഥാനം കഴിഞ്ഞുള്ള സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ്; ഞാൻ എല്ലാ

സംസ്ഥാനങ്ങളുടെയൊന്നും പട്ടിക കൊണ്ടുവന്നിട്ടില്ല. ഇപ്പോൾ ഏറ്റവും വലിയ സംസ്ഥാനമാണ് ഉത്തർപ്രദേശ്. ഉത്തർപ്രദേശിൽ എസ്.പി.-യും ബി.എസ്.പി.-യും കൂടി ചേർന്നാൽ വലിയ കോമ്പിനേഷനായില്ലേ; പ്രാദേശികമായ സഖ്യങ്ങൾ പ്രധാനമല്ലേ; അത് നിങ്ങൾ മനസ്സിലാക്കണം, കാണണം. ഓരോ സംസ്ഥാനത്തെയും പ്രാദേശിക കക്ഷികളുടെ പ്രാധാന്യം കാണാതിരിക്കരുത്. അവിടെ തങ്ങളാണ് വലുതെന്ന് കാണേണ്ട. തെരഞ്ഞെടുപ്പിൽ ബി.ജെ.പി. പരാജയപ്പെടണമെന്നതിൽ ഒരു സംശയവുമില്ല. ബി.ജെ.പി. ഇനി ഒരു തവണകൂടി കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ അതിന്റെ അർത്ഥം നമ്മുടെ രാജ്യത്തിന് വലിയ നാശം സംഭവിക്കുന്നുവെന്നാണ്. രാജ്യത്തിന്റെ മതനിരപേക്ഷത, പാർലമെന്ററി ജനാധിപത്യം, ഇവിടത്തെ ജനാധിപത്യ സംവിധാനങ്ങളും ജുഡീഷ്യറി, സി.ബി.ഐ., ആർ.ബി.ഐ. തുടങ്ങിയ സംവിധാനങ്ങളെല്ലാം തകരുന്ന നിലയാണ് വരുന്നത്. അതിനുള്ള നടപടികളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഇവിടെ തകരണം. പക്ഷേ, അവർ തകരുമ്പോൾ ഞങ്ങളാണ് അതിന്റെയെല്ലാം മേലെയെന്ന ധാരണയിൽ നിങ്ങൾ നിൽക്കരുത്. ഇന്ത്യയിലെ യാഥാർത്ഥ്യം മനസ്സിലാക്കണം. മൂന്നുനാല് സംസ്ഥാനങ്ങളിൽ നിങ്ങളും ബി.ജെ.പി.-യും തമ്മിൽ നേരിട്ട് മത്സരിക്കാൻ കെൽപ്പുള്ളവരാണ്. ബാക്കി സ്ഥലങ്ങളിലൊക്കെ പ്രാദേശികകക്ഷികളാണ് പ്രധാനം. ആ പ്രാദേശിക കക്ഷികൾകൂടിയുള്ള നില വരണം. അതിന്റെ ഭാഗമായി തെരഞ്ഞെടുപ്പിനുശേഷം എന്ത് സംഭവിക്കുമെന്ന് നമുക്ക് കാണാം. അതുവരെ ക്ഷമിക്കണം. അതിന് വല്ലാതെ ധൃതി കാണിക്കേണ്ട കാര്യമില്ല. ആ നിലയാണ് പൊതുവിൽ സ്വീകരിക്കേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം ആർക്കും ഒരു സംശയവുമില്ല. നിങ്ങൾ കർണ്ണാടകയിൽ നല്ല വിജയം നേടിയില്ലേ; എന്നാൽ കർണ്ണാടകയിൽ ജയിച്ചവരെ ആളുകൾക്ക് വിശ്വസിക്കാൻ കഴിയുന്നുണ്ടോ; അവർ എങ്ങോട്ടാണ് പോകുകയെന്ന ഭയപ്പാടിൽ നിൽക്കുകയല്ലേ; അങ്ങനെയൊരു അവസ്ഥ കേരളത്തിൽ ഉണ്ടാകുകയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചാൽ നല്ല ഉറപ്പോടെ നിന്നോളും. അതിൽ ഒരു ആശങ്കയും വേണ്ട. 20 സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെത്തന്നെ വലിയ തോതിൽ വിജയിപ്പിക്കാനുള്ള ഒരുക്കങ്ങളാണ് നാട്ടിലെ മതനിരപേക്ഷ ചിന്താഗതിക്കാരാകെ നടത്തുന്നതെന്ന് കാണണം. ഇക്കാര്യത്തിൽ എൽ.ഡി.എഫ്.-നോടൊപ്പമാണ് എല്ലാവരും. നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. ഇതാണ് യാഥാർത്ഥ്യം എന്നത് അംഗീകരിക്കണം. ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനിൽ അക്കര അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് അതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. പി. വി. അൻവർ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീ. എൽദോ എബ്രഹാം
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ

21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീ. കെ. ജെ. മാക്സി
36. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
37. ശ്രീ. എ. സി. മൊയ്തീൻ
38. ശ്രീ. മുഹമ്മദ് മുഹസിൻ പി.
39. ശ്രീ. എം. മുകേഷ്
40. ശ്രീ. ഡി. കെ. മുരളി
41. ശ്രീ. മുരളി പെരുനെല്ലി
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീമതി യു. പ്രതിഭ

47. ശ്രീ. പുരുഷൻ കടലുണ്ടി
48. ശ്രീ. പി. ടി. എ. റഹീം
49. ശ്രീ. എം. രാജഗോപാലൻ
50. ശ്രീ. കെ. രാജൻ
51. ശ്രീ. എസ്. രാജേന്ദ്രൻ
52. ശ്രീ. ആർ. രാജേഷ്
53. ശ്രീ. റ്റി. വി. രാജേഷ്
54. ശ്രീ. കെ. രാജു
55. ശ്രീ. രാജു എബ്രഹാം
56. ശ്രീ. ആർ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
59. ശ്രീ. മുല്ലക്കര രത്നാകരൻ
60. പ്രൊഫ. സി. രവീന്ദ്രനാഥ്
61. ശ്രീ. സജി ചെറിയാൻ
62. ശ്രീ. എ. കെ. ശശീന്ദ്രൻ
63. ശ്രീ. പി. കെ. ശശി
64. ശ്രീ. വി. ശശി
65. ശ്രീ. ഐ. ബി. സതീഷ്
66. ശ്രീ. ബി. സത്യൻ
67. ശ്രീ. എ. എൻ. ഷംസീർ
68. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
69. ശ്രീ. ജി. സുധാകരൻ
70. ശ്രീ. വി. എസ്. സുനിൽ കുമാർ
71. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
72. ശ്രീ. കെ. സുരേഷ് കുറുപ്പ്

73. ശ്രീ. എം. സ്വരാജ്
74. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
75. ശ്രീ. പി. തിലോത്തമൻ
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. കെ. വി. വിജയദാസ്
79. ശ്രീ. ഇ. കെ. വിജയൻ
80. ശ്രീ. പിണറായി വിജയൻ
81. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
15. ശ്രീ. ടി. വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്

17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. വി. ഡി. സതീശൻ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ: 81

പ്രതികൂലിക്കുന്നവർ: 33

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ് .

(2019 ജനുവരി മാസം 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.19-ന് പിരിഞ്ഞു.)

## അനുബന്ധം

### 1. ചരക്ക് ഗതാഗത രംഗത്തെ പ്രശ്നങ്ങൾ സംബന്ധിച്ച ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി

ടിപ്പർ അടക്കമുള്ള ചരക്ക് വാഹനങ്ങളുടെ സമയം, പ്രാദേശിക സാഹചര്യം പരിഗണിച്ച് സ്കൂൾ, ഓഫീസ് യാത്രക്കാർക്കും ടിപ്പർ, ലോറി ഉടമസ്ഥർക്കും സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം വാഹനങ്ങൾക്ക് സമയനിയന്ത്രണം ഏർപ്പെടുത്തിയത്. പൊതുസുരക്ഷ മുൻനിർത്തി സമയനിയന്ത്രണം പാലിക്കപ്പെടുന്നുവെന്ന് പോലീസും മോട്ടോർ വാഹന വകുപ്പും ഉറപ്പുവരുത്തുന്നുണ്ട്.

നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്ന വാഹനങ്ങൾ അമിതഭാരം കയറ്റിയും അമിതവേഗത്തിൽ ഓടിച്ചും നിയമലംഘനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പോലീസും മോട്ടോർ വാഹന വകുപ്പും നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നുണ്ട്.

അംഗീകൃത പാസ് ഇല്ലാതെ നിർമ്മാണ സാമഗ്രികൾ ചരക്കുവാഹനങ്ങളിൽ കൊണ്ടുപോകുന്നത് റവന്യൂ സ്ക്വാഡുകളുടെയും പോലീസിന്റെയും പരിശോധനയിൽ കണ്ടെത്തിയാൽ ഇത്തരം വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത് നിയമാനുസൃത പിഴ ഈടാക്കി വിട്ടുനൽകുന്നുണ്ട്. അല്ലാത്തപക്ഷം കോടതിവഴി തീർപ്പു കൽപ്പിക്കുന്നതിന് കൈമാറിവരുന്നു. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഓടിക്കുന്ന വാഹനങ്ങൾക്ക് കൂടുതൽ പിഴ ചുമത്തുന്നതായോ അനാവശ്യമായി കസ്റ്റഡിയിലെടുക്കുന്നതായോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റ് സംസ്ഥാനങ്ങളിൽ പ്രൈവറ്റ് വാഹനമായി രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ കരാർ എടുത്ത് വാടകയ്ക്ക് ഓടുന്ന ജെ.സി.ബി. പോലുള്ള വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾക്ക് ടാക്സ് ഈടാക്കുന്നുണ്ട്. നികുതി ഒടുക്കാതെ സർവ്വീസ് നടത്തുന്നത് കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾ പിടിക്കപ്പെട്ടാൽ അടയ്ക്കേണ്ട നികുതിയുടെ ഇരട്ടി തുക നികുതിയായി ഈടാക്കി വരുന്നുമുണ്ട്. എന്നാൽ ഹിറ്റാച്ചി മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന വാഹനമല്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ പാഴ്സൽ സർവ്വീസ്, ലോറി ഏജന്റ്സ് രംഗത്തെ ജീവനക്കാരെ ഉൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥയില്ല.

# അനുബന്ധം-II

## 2. 29-1-2019-ലെ ചോദ്യോത്തരങ്ങൾ

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള ബാങ്ക് രൂപീകരണം

1(*31) ശ്രീ. കെ. സി.ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളെ പിരിച്ചുവിട്ടിട്ട് രണ്ട് വർഷത്തിലേറെയായിട്ടും കേരള ബാങ്ക് രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) വായ്പേതര സംഘങ്ങളുടെ ജില്ലാ ബാങ്കിലെ വോട്ടവകാശം സർക്കാർ നിയമ ഭേദഗതിയിലൂടെ ഇല്ലാതാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ജില്ലാ ബാങ്കുകളുടെ ലയന തീരുമാനത്തിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിബന്ധനയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധനയിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കേരള ബാങ്ക് ഭരണ സമിതിയുടെ ഘടന സംബന്ധിച്ച് നബാർഡ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ ഉല്പന്നങ്ങൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ. ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും തനത് ഫണ്ടിൽനിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ സഹകരണ ബാങ്കുകൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതിയോടെ ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) നിലവിലെ നിയമങ്ങൾ പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള അംഗങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ അർബൻ സഹകരണ ബാങ്കുകൾ എന്നിവയാണ്. വായ്പേതര സംഘങ്ങൾ നോമിനൽ/അസ്സോസിയേറ്റ് അംഗങ്ങൾ മാത്രമാണ്. വായ്പേതര സംഘങ്ങൾക്ക് അവയുടേതായ അപ്പക്സ് സംഘങ്ങളുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ അപ്പക്സ് സംഘമാണ് ജില്ലാ ബാങ്കുകൾ.

(ഡി) സംഘങ്ങളുടെ ലയനത്തിന് കേവല ഭൂരിപക്ഷം മാത്രം മതിയാകും എന്ന വിധത്തിലുള്ള നിയമ ഭേദഗതി അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) കേരള ബാങ്ക് ഭരണസമിതിയുടെ സമ്പൂർണ്ണമായ ഘടന സംബന്ധിച്ച് നബാർഡ് നിർദ്ദേശങ്ങൾ ഇല്ല. ഭരണസമിതിയിൽ വായ്പേതര സംഘങ്ങൾക്ക് പ്രാതിനിധ്യം നൽകണമെന്ന് നബാർഡ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലെ സംസ്ഥാന സഹകരണ നിയമത്തിൽ ഇത് വ്യവസ്ഥ ചെയ്യുന്നില്ല.

## കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി

2 (*32) ശ്രീ. ജി. എസ്.ജയലാൽ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ഭേദഗതികൾ സംസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൻകിട ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന അധികതുക ക്രോസ് സബ്സിഡിയായി നല്കി സാധാരണക്കാർക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് നൽകുന്ന സംവിധാനം വേണ്ടെന്ന് വയ്ക്കുന്നതിന് പ്രസ്തുത നിയമ ഭേദഗതിയിൽ നിർദ്ദേശമുണ്ടോ;

(സി) ക്രോസ് സബ്സിഡി നിർത്തലാക്കുന്നത് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും ചെറുകിട വ്യവസായങ്ങളെയും ദോഷകരമായി ബാധിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലാ വൈദ്യുതി കമ്പനികളെ തളർത്തി സ്വകാര്യ വൈദ്യുതി ഉല്പാദകരെ പ്രോത്സാഹിപ്പിക്കുന്ന നിർദ്ദേശങ്ങളാണോ പ്രസ്തുത നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ഭേദഗതി ബില്ലിന്റെ കരട് നിർദ്ദേശങ്ങൾ സംസ്ഥാനത്തിൽ വൈദ്യുതി മേഖലയിലെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നവയാണ്.

നിർദ്ദിഷ്ട ഭേദഗതികൾ പ്രധാനമായും വൈദ്യുത വിതരണ മേഖലയുടെ കൂടുതലായുള്ള സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിച്ചേക്കാം. വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിച്ച് വൈദ്യുത വില്പനയ്ക്ക് സ്വകാര്യ സംരംഭകർക്ക് അവസരമൊരുക്കുക, ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കുക, വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ തുടങ്ങി പല നിയമഭേദഗതികളും ദൂരവ്യാപകമായ

പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇതിനുപുറമേ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിലടക്കം സംസ്ഥാന സർക്കാരിന്റെ അധികാര അവകാശങ്ങളിലേയ്ക്ക് കേന്ദ്ര സർക്കാർ കടന്നുകയറുന്ന നിർദ്ദേശങ്ങളും ഭേദഗതിയുടെ ഭാഗമായി വന്നിട്ടുണ്ട്. രാജ്യത്തെവിടെയും ആർക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരവും കേന്ദ്ര സർക്കാരിന് ലഭിക്കുംവിധമുള്ള ഭേദഗതി നിർദ്ദേശവും ദൂരവ്യാപക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വൈദ്യുതിയുടെ ഗുണഫലങ്ങൾ ലഭിക്കാനും നിലനിർത്താനും അത്യാവശ്യമായ ക്രോസ് സബ്സിഡി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിക്കാനും വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നുണ്ട്. ക്രോസ് സബ്സിഡി നിർത്തലാക്കുന്നത് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും ചെറുകിട വ്യവസായങ്ങളേയും ദോഷകരമായി ബാധിക്കും. ക്രോസ് സബ്സ്ഡി മൂന്ന് വർഷംകൊണ്ട് ഒഴിവാക്കണമെന്ന നിബന്ധന കാർഷിക-ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുത നിരക്ക് കുത്തനെ ഉയരാൻ കാരണമാകും. ക്രോസ് സബ്സിഡി ഒഴിവാക്കി പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന് വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും.

(ഡി) കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ വൈദ്യുതി വിതരണ രംഗത്ത് മുതൽ മുടക്കില്ലാതെ സ്വകാര്യ മേഖലയ്ക്ക് കടന്നുവരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഭാവിയിൽ വൈദ്യുത വിതരണ മേഖലയുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് വഴിതെളിക്കാവുന്നതും സമൂഹത്തിലെ സാമ്പത്തിക മായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വൈദ്യുതിയുടെ ഗുണഫലങ്ങൾ ലഭിക്കാനും നിലനിർത്താനുമുള്ള സാധ്യതകൾ ഇല്ലാതാക്കുന്നതും വൈദ്യുതിയെ ഊഹക്കച്ചവടത്തിന് വിധേയമാക്കാൻ ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതും ദീർഘകാലാടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ താല്പര്യം ഹനിക്കുന്നതുമാണ്. സ്വകാര്യ സംരംഭകരുടെ നിലവിലുള്ള വൈദ്യുത പദ്ധതികൾക്ക് കമ്പോളം തുറന്നുകൊടുക്കുന്നതിനും ഭേദഗതി നിർദ്ദേശങ്ങൾ ലക്ഷ്യംവയ്ക്കുന്നു.

## വിനോദസഞ്ചാര മേഖലയിൽ കെ.ടി.ഡി.സി.-യുടെ പ്രവർത്തനം

3(*33) ശ്രീ. കെ. ബാബു:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ ഉന്നമനത്തിനായി കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കുമോ;

(ബി) ടൂറിസം മാർക്കറ്റിംഗ് മേഖലയിൽ കെ.ടി.ഡി.സി. നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികൾക്കായി കെ.ടി.ഡി.സി. നടത്തിവരുന്ന ടൂർ പാക്കേജുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

1. കേരളത്തിലെ പല ടൂറിസം കേന്ദ്രങ്ങളും വികസിക്കാൻ കാരണമായത് കെ.ടി.ഡി.സി.-യുടെ ആദ്യ സാന്നിദ്ധ്യം കൊണ്ടാണ്. ഉദാ: തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയവ.

2. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.ടി.ഡി.സി. ആണ്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർ ലൈൻ ടൂർ പാക്കേജ് (2000 മുതൽ) പ്രൈവറ്റ് ടൂർ ഏജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ് എന്നിവയും മൺസൂൺ സമയത്ത് താരിഫ് കുറച്ച് മൺസൂൺ ടൂറിസം ആദ്യമായി നടപ്പിലാക്കിയതും കെ.ടി.ഡി.സി.-യാണ്.

3. കെ.ടി.ഡി.സി.-യുടെ പ്രീമിയം ബഡ്ജറ്റ് ഹോട്ടലുകളും കേരളത്തിലെ വികസിതവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ ഡെസ്റ്റിനേഷനുകളുടേയും സാന്നിദ്ധ്യം അവിടെയുള്ള ടൂറിസത്തിന് ഉത്തേജനം നൽകുന്നുണ്ട്. ഉദാ: നിലമ്പൂർ, തിരുനെല്ലി, പീരുമേട്, സുൽത്താൻ ബത്തേരി.

4. കെ.ടി.ഡി.സി.-യുടെ ഹോട്ടലുകളും റെസ്റ്റോറന്റുകളും സഞ്ചാരികൾക്ക് വൃത്തിയുള്ള ശുചിമുറികളും രുചിയോടെ ഭക്ഷണവും നൽകുന്നതിനാൽ വിനോദസഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്നുണ്ട്.

5. കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ 11 മോട്ടൽ ആരാമുകളാണുള്ളത്. രുചികരമായ ഭക്ഷണവും ശുചിത്വമുള്ള ശുചിമുറികളും പരിസരവും മറ്റ് പ്രാഥമിക സൗകര്യങ്ങളും ഒരുക്കി മികച്ച രീതിയിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. ദേശീയ പാതയിലെ ഇടത്താവളമായി യാത്രക്കാർക്ക് വിശ്രമിക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും പുതുഉന്മേഷത്തോടെ യാത്ര പുനരാരംഭിക്കുന്നതിനും കെ.ടി.ഡി. സി.-യുടെ മോട്ടലുകൾ വലിയ തോതിൽ സഹായകരമായി തീർന്നിട്ടുണ്ട്. നിലവിൽ പുനലൂർ, പാലരുവി, പാറശ്ശാല, കൊട്ടാരക്കര, കായംകുളം, ആലപ്പുഴ, വൈക്കം, വടകര, എരുമയൂർ, കുറ്റിപ്പുറം, മങ്ങാട്ടുപറമ്പ് എന്നിവിടങ്ങളിൽ കെ.ടി.ഡി.സി.-യുടെ മോട്ടൽ ആരാമുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) മാർക്കറ്റിംഗിൽ ഉല്പന്ന കേന്ദ്രീകൃതമായി താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു:

കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി. ഹോട്ടലുകൾ പ്രവർത്തിക്കുന്നു. പ്രീമിയം, ബഡ്ജറ്റ്, ഇക്കണോമി വിഭാഗത്തിലായി 29 ഹോട്ടലുകളും 11 മോട്ടലുകളുമാണ് നിലവിലുള്ളത്.

മലബാർ മേഖലയിൽ പുതിയ ഉല്പന്നവും അതിന്റെ പ്രചാരണവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലെ 6 മുറികളുള്ള കാസർകോട്ടെ ബേക്കലിലെ കെ.ടി.ഡി.സി. റിസോർട്ടായ ബേക്കൽ ബീച്ച് ക്യാമ്പ് പുതുതായി 10 മുറികൾ കൂട്ടിച്ചേർത്ത് ഉന്നത-ഇടത്തരക്കാരായ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ വിപുലീകരിക്കാൻ പദ്ധതിയുണ്ട്. മുഴപ്പിലങ്ങാട് 40 മുറികളുള്ള ഒരു ത്രീ സ്റ്റാർ റിസോർട്ടും കോഴിക്കോട് ഒരു ത്രീ സ്റ്റാർ ഹോട്ടലും ഇടത്തരക്കാരായ ടൂറിസ്റ്റുകൾക്ക് ഉതകുന്ന രീതിയിൽ ആരംഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നിലവിലുള്ള ഹോട്ടലുകൾ മികച്ച രീതിയിൽ നവീകരിക്കുന്നതിന്റെ ഭാഗമായി പൊൻമുടിയിലെ റിസോർട്ടായ ഗോൾഡൻ പീക്കിൽ പുതിയതായി 15 മുറികൾകൂടി ചേർത്ത് 29 മുറികളാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തെ തമ്പാനൂരിലെ ചൈത്രം ഹോട്ടൽ കൂടുതൽ ആകർഷകമായി നവീകരിച്ചു കൊണ്ടിരിക്കുന്നു. മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട്, കോവളത്തെ സമുദ്ര എന്നിവയുടെ വിപുലമായ നവീകരണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. കുമരകത്തെ വാട്ടർ സ്കേയ്പ്സ് റിസോർട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

ഉല്പന്ന പ്രൊമോഷനുവേണ്ടി താഴെപ്പറയുന്ന നടപടികൾ എടുത്തുവരുന്നു:

1. കേരളത്തിലെ വിനോദസഞ്ചാരികളിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിന് പുറത്തുള്ളവരും കേരളത്തിൽ താമസിക്കുന്നവരുമായ കേരളീയർ തന്നെയാണ്. അതിനാൽ ഏറ്റവും കൂടുതൽ കേരളീയർ ഉപയോഗിക്കുന്ന മലയാള മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ ഓൺലൈൻ എഡിഷനുകളിൽ കെ.ടി.ഡി.സി. ഹോട്ടലുകളെ ഡെസ്റ്റിനേഷനുമായി ബന്ധപ്പെടുത്തി ലേഖനങ്ങൾ/ വിവരണങ്ങൾ/ചിത്രങ്ങൾ/വീഡിയോകൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രചരണങ്ങൾ നല്കിവരുന്നുണ്ട്. ഇതുമൂലം ലോകമാകമാനമുള്ള മലയാളികളുടെയിടയിൽ കെ.ടി.ഡി.സി. ഹോട്ടലുകളെക്കുറിച്ചും/ ഡെസ്റ്റിനേഷനുകളെക്കുറിച്ചും വിവരണങ്ങളെ ത്തിക്കുന്നതിനും പ്രചരണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി പുറംനാട്ടിൽ താമസിക്കുന്ന മലയാളികളെ വിവിധ ഡെസ്റ്റിനേഷനുകളുടെയും കെ.ടി.ഡി.സി. ഹോട്ടലുകളുടെയും പ്രചാരകരാക്കി മാറ്റാൻ കഴിയുന്നുണ്ട്.

2. പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മേക്ക് മൈ ട്രിപ്പ്, ഗോ ഐബിബോ, ട്രാവൽ ഗുരു, യാത്രാ തുടങ്ങിയവയിലും പ്രമുഖ വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്, കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചരണവും വില്പനയും നടക്കുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്.

3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പരമ്പരാഗതമായ ട്രാവൽ ഏജൻസികളുമായി നിരന്തരം ബിസിനസ്സ് ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതുവഴി കെ.ടി.ഡി.സി. ഹോട്ടലുകൾക്കും ഡെസ്റ്റിനേഷനുകൾക്കും പ്രചാരണം കിട്ടുന്നുണ്ട്.

4. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നതിനും പ്രചാരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.

5. കെ.ടി.ഡി.സി.-യുടെ വൈബ്സൈറ്റ് വഴി പ്രചാരണം ലഭിക്കുന്നുണ്ട്.

6. ഓരോ വർഷത്തിലും ഇറക്കുന്ന ബ്രോഷറുകൾ, വിവിധ ടൂറിസം മേളകൾ, കെ.ടി.ഡി.സി. ഹോട്ടലുകൾ തുടങ്ങിയവയിലൂടെ ഉപഭോക്താക്കൾക്കും പ്രചരിപ്പിക്കാൻ സാധ്യതയുള്ളവർക്കും നൽകി പ്രചാരണം നടത്തുന്നുണ്ട്.

7. മറ്റ് മാർഗ്ഗങ്ങളായ പ്രൊമോഷൻ, കെ.ടി.ഡി.സി. സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്കുവേണ്ടി ചെയ്യുന്ന വാട്ട്സ് ആപ്പ് പ്രൊമോഷൻ തുടങ്ങിയവ കെ.ടി.ഡി.സി. ബ്രാൻഡിനേയും പ്രോപ്പർട്ടികളെയും പ്രചരിപ്പിക്കുന്നുണ്ട്.

8. വിവിധ മാധ്യമങ്ങൾ (റേഡിയോ, പ്രിന്റ്) പരസ്യങ്ങൾ നൽകി പ്രചരണം നടത്തുന്നുണ്ട്.

9. ബിസിനസ്സ് ലഭിക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളിൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകൾ നേരിട്ട് പോയി പ്രചരിപ്പിക്കുന്നുണ്ട്.

(സി) 1. സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികൾക്കായി കെ.ടി.ഡി.സി. വിവിധ ടൂർ പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ ഡെസ്റ്റിനേഷനുകളിലുള്ള കെ.ടി.ഡി.സി.-യുടെ പ്രമുഖ ഹോട്ടലുകളെ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ മികച്ച ഡിസ്കൗണ്ട് നൽകിയാണ് തയ്യാർ ചെയ്യുന്നത്. ടൂർ പാക്കേജുകളിൽ കെ.ടി.ഡി.സി. ഹോട്ടലുകളിലെ താമസം, പ്രഭാത ഭക്ഷണം, ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽനിന്നും മറ്റൊന്നിലേയ്ക്കുള്ള യാത്ര, നികുതികൾ, കാർ പാർക്കിംഗ് ഫീസ്, ടോൾ എന്നിവ ഉൾപ്പെടുത്തിയാണ് നൽകുന്നത്.

ഇത്തരം ടൂർ പാക്കേജുകൾ സഞ്ചാരികൾക്ക് സൗകര്യപ്രദവും ആദായകരവുമാണ്. ഇതുവഴി കേരളത്തിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കെ.ടി.ഡി.സി. ഹോട്ടലുകളിൽ കുറഞ്ഞ നിരക്കിൽ താമസിക്കുന്നതിനും കഴിയുന്നു. കേരളത്തിന്റെ ടൂറിസം സീസൺ അടിസ്ഥാനമാക്കി ഒക്ടോബർ മുതൽ ഫെബ്രുവരി വരെയും മാർച്ച് മുതൽ സെപ്റ്റംബർ വരെയുമുള്ള രണ്ട് സീസണുകളിലായി വ്യത്യസ്തങ്ങളായ ടൂർ

പാക്കേജുകളാണ് സഞ്ചാരികൾക്കായി നൽകിവരുന്നത്. സഞ്ചാരികളുടെ അഭിരുചിക്കും സൗകര്യത്തിനും അനുസൃതമായി ടൂർ പാക്കേജുകളിൽ മാറ്റം വരുത്താനുള്ള സൗകര്യവുമുണ്ട്. കെ.ടി.ഡി.സി. ടൂർ പാക്കേജുകൾക്ക് സഞ്ചാരികളിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചുവരുന്നത്.

2. വിവിധ ഡെസ്റ്റിനേഷനുകളിലുള്ള പ്രോപ്പർട്ടികൾക്ക് സമ്മർ-മൺസൂൺ തുടങ്ങിയ സമയങ്ങളിൽ രണ്ട് രാത്രിയും മൂന്ന് പകലും താമസിക്കുന്നതിനുള്ള മികച്ച പാക്കേജുകൾ കുടുംബങ്ങൾക്ക് തയ്യാറാക്കി പ്രചരിപ്പിക്കുന്നുണ്ട്.

(ഡി) കെ.ടി.ഡി.സി.-യുടെ മിക്കവാറും യൂണിറ്റുകൾ നവീകരണത്തിന് വിധേയമാക്കേണ്ട സ്ഥിതിയിലാണുള്ളത്. ഇന്നത്തെ സ്ഥിതിയിൽ സ്വകാര്യ മേഖലയുമായി മത്സരാധിഷ്ഠിതമാകണമെങ്കിൽ നവീകരിക്കുക മാത്രമേ പോംവഴിയായിട്ടുള്ളൂ. അതിനാൽ കെ.ടി.ഡി.സി.-യെ പൂർണ്ണമായും നവീകരിക്കാൻ ഉദ്ദേശിക്കുന്നു. അതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവശ്യമാണ്.

(1) ഹോട്ടലുകൾ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുക.

(2) ബിയർ പാർലറുകളും മോട്ടലുകളും ബ്രാൻഡ് ചെയ്യൽ

(3) ബോട്ടുകൾ നവീകരിക്കൽ

(4) പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കൽ

- പൊന്മുടിയിൽ 3.1 കോടി രൂപ ചെലവിൽ പുതുതായി 15 കോട്ടേജുകൾ നിർമ്മിക്കുകയുണ്ടായി. ഈ കോട്ടേജുകൾ ഉൾപ്പെടുത്തി പുതിയ ടൂർ പാക്കേജുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.
- തമ്പാനൂർ ചൈത്രത്തിന്റെ റൂമുകൾ പൂർണ്ണമായി നവീകരിച്ചു. ലോബി, റെസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നവീകരണം ഉടൻ തുടങ്ങുന്നതാണ്.
- മസ്കറ്റ് ഹോട്ടലിൽ പുതിയ ഒരു കൺവെൻഷൻ സെന്റർ സർക്കാരിൽനിന്നും ലഭിച്ച 5 കോടി രൂപ വച്ച് നവീകരിക്കാൻ ഉദ്ദേശിക്കുന്നു.
- 2.92 കോടി രൂപ ചെലവിൽ കണ്ണൂർ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിക്കുന്നതിനായി ടെണ്ടർ നടപടിക്രമങ്ങൾ ആരംഭിച്ചു.

- സർക്കാർ അനുവദിച്ച 2 കോടി രൂപ ചെലവിൽ ആലപ്പുഴ ടാമറിന്റ് ഹോട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കോവളം സമുദ്ര ഹോട്ടൽ നവീകരണത്തിനുള്ള പദ്ധതി അടുത്ത വർഷം ആരംഭിക്കും.
- ടീ കൗണ്ടി, മൂന്നാർ ഹോട്ടൽ നവീകരണത്തിനുള്ള പദ്ധതി അടുത്ത വർഷം ആരംഭിക്കും.
- 12.69 കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വാട്ടർ സ്കേയ്പ്സ്, കുമരകം അടുത്ത സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കുന്നതാണ്.
- മൂന്നാറിൽ നിലവിലുള്ള ടീ കൗണ്ടി റിസോർട്ടിന്റെ വളപ്പിൽ 100 മുറികളുള്ള ബഡ്ജറ്റ് ഹോട്ടൽ നിർമ്മിക്കാനുള്ള പണികൾ ആരംഭിക്കും.
- മുഴപ്പിലങ്ങാട്ടും കോഴിക്കോട്ടും KIIFB-യുടെ സഹായത്തോടെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്.
- കന്യാകുമാരിയിൽ 17.6 കോടി രൂപ ചെലവിൽ ഒരു ഹോട്ടൽ ആരംഭിക്കുന്നതാണ്.
- കെ.ടി.ഡി.സി.-യുടെ കാസർഗോഡുള്ള ബേക്കൽ ബീച്ച് ക്യാമ്പെയിൻ 10 ഹോട്ടലുകൾക്കും ഒരു സ്വിമ്മിംഗ് പൂളിനുമുള്ള ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

## കാരുണ്യ പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നടത്തിപ്പ്

4 (*34) ശ്രീ. കെ. ആൻസലൻ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാരുണ്യ പദ്ധതിയുടെ ഫലപ്രദവും സുതാര്യവുമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്ക് എത്ര തുകയാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ കാരുണ്യ ചികിത്സാ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഈ സർക്കാർ കാരുണ്യ പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി.

2. താല്ക്കാലികാടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ഭാഗ്യക്കുറി വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.

3. വൃക്കരോഗികൾക്കുള്ള ചികിത്സാ സഹായം രണ്ട് ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

4. കാരുണ്യയ്ക്കുള്ള ബഡ്ജറ്റ് വിഹിതം കഴിഞ്ഞ സാമ്പത്തിക വർഷം 261.32 കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷം 397.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. സർക്കാർ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ ഏകീകരിക്കുന്നതിനും സ്വകാര്യ ആശുപത്രികളിലെ പാക്കേജ് നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനുമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായി കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

6. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് 1,56,68,760 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഗഡുവായി 78,34,380 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(ബി) ക്യാൻസർ, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ

ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്ക് 2 ലക്ഷം രൂപ വരെയും വൃക്ക സംബന്ധമായ രോഗങ്ങൾക്ക് 3 ലക്ഷം രൂപ വരെയും ഹീമോഫീലിയ രോഗ ചികിത്സയ്ക്ക് തുക പരിധിയില്ലാതെ ആജീവനാന്തവും അവയവദാനത്തിന് ഒരു ലക്ഷം രൂപയും ചികിത്സാ സഹായമനുവദിക്കുന്നു.

(സി) ഈ സർക്കാർ കാരുണ്യ ചികിത്സാ പദ്ധതിക്കായി 20-1-2019 വരെ 772,11,55,444 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഫലം കൂടുതൽ പേർക്ക് ലഭ്യമാകുന്നതിനായി സംസ്ഥാനത്ത് നിലവിലുള്ള ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ അഷ്വറൻസ് മോഡലിലുള്ള പദ്ധതിയും RSBY CHIS എന്നീ ഇൻഷ്വറൻസ് പദ്ധതികളും കൂടി യോജിപ്പിച്ച് " കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി" എന്ന പേരിൽ ഒരു പുതിയ പദ്ധതി 1-4-2019 മുതൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചിയാക്-നെ അതിന്റെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

**കായികക്ഷമത മിഷൻ**

5 (*35) ശ്രീ. യു. ആർ. പ്രദീപ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും ആരോഗ്യവും കൈവരിക്കുന്നതിന് കായികക്ഷമത മിഷൻ രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പരിശീലന പരിപാടികളാണ് വിഭാവന ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് " കായിക ക്ഷമത മിഷൻ"

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്.

നഴ്സറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ

8-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ

യൂണിവേഴ്സിറ്റി തലം

യുവജനങ്ങൾ മുതൽ മുതിർന്ന പൗരൻമാർ വരെ

പരിശീലന പരിപാടികൾ വിഭാവന ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വിദ്യാഭ്യാസം/ആരോഗ്യ കുടുംബക്ഷേമം/തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

(സി) കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 57 സ്റ്റേഡിയങ്ങളാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾക്ക് കേരളം വേദിയാവുകയും ചെയ്യുന്നതാണ്.

കായികരംഗത്ത് അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി സഹായത്തോടെ എഴുന്നൂറ് കോടി രൂപ ചെലവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധം - I-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പുസാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറിക്കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപ അനുവദിക്കുകയും ജി.വി. രാജ സ്പോർട്സ് സ്കൂളിൽ സിന്തറ്റിക് ട്രാക്ക്, ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന കായിക അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കായിക യുവജനകാര്യ വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ പൂർത്തീകരിച്ചു/നടന്നു വരുന്നു.

(I) നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ

1. കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം
2. കോഴിക്കോട് വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം
3. തൃശ്ശൂർ ജവഹർ സ്ക്വയർ ഇൻഡോർ സ്റ്റേഡിയം
4. വോളീബോൾ അക്കാഡമി, ഇടുക്കി
5. കക്കാട് സ്വിമ്മിംഗ് പൂൾ, കണ്ണൂർ
6. പൂഞ്ഞാർ ജി.വി. രാജ സ്പോർട്സ് കോംപ്ലക്സ്
7. കോട്ടയം ഇൻഡോർ സ്റ്റേഡിയം
8. ആലപ്പുഴ രാജാ കേശവദാസ് സ്വിമ്മിംഗ് പൂൾ
9. ആലപ്പുഴ റോവിംഗ് ബോട്ട് ഹൗസ്
10. ഹോക്കി സ്റ്റേഡിയം, കൊല്ലം
11. കൊല്ലം പത്തനാപുരം വോളീബോൾ കോർട്ട്
12. തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

13. തിരുവനന്തപുരം കുമാരപുരം ടെന്നീസ് കോംപ്ലക്സ്
14. തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂൾ
15. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
16. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്
17. പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ
18. ശംഖുമുഖം ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം
19. തിരുവനന്തപുരം നന്ദിയോട് സ്വിമ്മിംഗ് പൂൾ
20. തിരുവനന്തപുരം പി. ടി. ഉഷ ട്രെയിനിംഗ് സെന്റർ ഹോസ്റ്റൽ
21. കാസർഗോഡ് സ്പോർട്സ് ഹോസ്റ്റൽ
22. കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ
23. കണ്ണൂർ ജി.വി.എച്ച്.എസ്.എസ്.കായികാടിസ്ഥാന സൗകര്യ വികസനം
24. വയനാട് ആർച്ചറി അക്കാഡമി
25. കോഴിക്കോട് നടക്കാവ് നീന്തൽക്കുളം
26. മഞ്ചേരി ജില്ലാ സ്പോർട്സ് കോംപ്ലക്സ്
27. തൃശ്ശൂർ അക്വാട്ടിക്ക്സ് കോംപ്ലക്സ്
28. കുന്നംകുളം ജി.എച്ച്.എസ്.എസ്. സ്റ്റേഡിയം
29. വേലൂർ ആർ.എസ്.ആർ.വി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, കുന്നംകുളം
30. തൃശ്ശൂർ കൈപ്പറമ്പ് മൾട്ടിപർപ്പസ് സ്റ്റേഡിയം
31. വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം
32. ചെങ്ങന്നൂർ പുലിയൂർ പഞ്ചായത്ത് ഗ്രൗണ്ട്
33. ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, തിരുവണ്ടൂർ, ചെങ്ങന്നൂർ
34. ആലപ്പുഴ സെന്റ് ജോസഫ് എച്ച്.എസ്.എസ്. ബാസ്കറ്റ്ബോൾ കോർട്ട്
35. കൊല്ലം എൽ.ബി.എസ്. സ്റ്റേഡിയം ഹോസ്റ്റൽ
36. കൊട്ടാരക്കര ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്
37. തിരുവനന്തപുരം വെള്ളയമ്പലം നീന്തൽക്കുളം

(II) പുതിയതായി നിർമ്മിച്ച അടിസ്ഥാനസൗകര്യങ്ങൾ

1. കണ്ണൂർ പിണറായി ഗ്രാമപഞ്ചായത്ത് നീന്തൽക്കുളം

2. കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നീന്തൽക്കുളം

3. കണ്ണൂർ പിലാത്തറ ഇൻഡോർ സ്റ്റേഡിയം

4. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ഡി.ജി. സെറ്റ് സ്ഥാപിക്കൽ

5. പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം

6. പാലക്കാട് കോട്ടായി എച്ച്.എസ്.എസ്. സ്റ്റേഡിയം

കായിക യുവജനകാര്യ വകുപ്പ് നേരിട്ട് നടപ്പാക്കുന്ന മേൽ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം -II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

**കയർ ഉല്പന്നങ്ങളുടെ ക്രയവില സ്ഥിരതാ പദ്ധതി**

6 (*36) ശ്രീ. എ. എം. ആരിഫ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ ഉല്പന്നങ്ങളുടെയും ചകിരിയുടെയും വിലസ്ഥിരത ഉറപ്പാക്കുന്നതിനുവേണ്ടിയും വില വ്യതിയാനം പരിഹരിക്കുന്നതിനുവേണ്ടിയും നടപ്പിലാക്കിയിട്ടുള്ള ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർഫെഡിനും കയർ കോർപ്പറേഷനും ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണി വികസനത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയറിന്റേയും കയറുല്പന്നങ്ങളുടേയും വിലസ്ഥിരതയ്ക്കുവേണ്ടി വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് (Price Fluctuation Fund Scheme) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കയറും കയർ ഉല്പന്നങ്ങളും സർക്കാർ നിശ്ചയിക്കുന്ന റിബേറ്റ്/ഡിസ്കൗണ്ട് നൽകി കേരളത്തിനകത്തും പുറത്തുമായി വിപണനം നടത്തിവരുന്നു. കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനും മേളകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും വില്പനയ്ക്കുള്ള " വിപണി വികസന സഹായം (എം.ഡി.എ.)" എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം നാളിതുവരെ കയർഫെഡിന് 23,07,92,253 രൂപയും കയർ കോർപ്പറേഷന് 24.5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കയറിന്റെയും കയർ ഉല്പന്നങ്ങളുടേയും വിപണി വികസനത്തിനായി സർക്കാർ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിപണനം, പ്രചാരണ പരിപാടികൾ, വ്യാപാര മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

2. കയറും കയർ ഉല്പന്നങ്ങളുടേയും വില്പനയ്ക്കുള്ള വിപണന വികസന സഹായം (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്)

3. ഉല്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതി

4. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്

**വൈദ്യുതി മേഖലയിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ**

7 (*37) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ വിവിധ

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പി. എം. യു) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ പ്രസരണ ലൈനുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ നൽകുന്നതിനും കണക്ഷൻ ലഭിക്കാനുള്ള ചെലവ് കുറയ്ക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായും ഗുണമേന്മയേറിയതും അപകടരഹിതവുമായി വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4,035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവന ചെയ്തിട്ടുള്ളത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സെൻട്രൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സർക്കിൾ തലത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലുള്ള നിരവധി 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400 കെ.വി./220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുമായി

ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനും വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുമാണ് പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വിവിധ ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 4,745.77 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാംഘട്ട പദ്ധതി 2021-ഓടെയും 1,629.6 കോടി രൂപയുടെ രണ്ടാംഘട്ട പദ്ധതി 2024-ഓടെയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിനായി കേരള സർക്കാർ സംരംഭമായ KIIFB വഴി ഫണ്ട് സ്വരൂപിക്കാൻ ഉത്തരാവുകയും KIIFB-യിൽനിന്നും 5,200 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒന്നാം ഘട്ട പദ്ധതിയിൽപ്പെടുന്ന രണ്ട് പദ്ധതികളുടെ ഫണ്ടിംഗിനായി കേന്ദ്ര ഏജൻസിയായ PSDF വഴി 400 കോടി രൂപ ഗ്രാന്റ് അനുവദിച്ചുകിട്ടിയിട്ടുണ്ട്.

ഒന്നാംഘട്ട പദ്ധതിയിൽ 5 സബ്സ്റ്റേഷൻ പാക്കേജുകളും 9 ലൈൻ പാക്കേജുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഒരു പദ്ധതി പൂർത്തിയായി. 2 സബ്സ്റ്റേഷൻ പാക്കേജുകളുടെയും 3 ലൈൻ പാക്കേജുകളുടെയും പണി പുരോഗമിച്ചുവരുന്നു. 5 ലൈൻ പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. 3 സബ്സ്റ്റേഷൻ പാക്കേജുകളും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുറത്തുനിന്ന് വൈദ്യുതി കൊണ്ടു വരുന്നതിനായി ഇടമൺ കൊച്ചി 400 കെ.വി. ലൈൻ, പുനലൂർ-മാടക്കത്തറ HVDC link, ഉഡുപ്പി-മൈലാട്ടി 400 കെ.വി. ലൈൻ എന്നിവയുടെ പണി പുരോഗമിച്ചു വരുന്നു.

മുകളിൽ പറഞ്ഞ പ്രത്യേക പദ്ധതികൾക്കുപുറമേ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും വോൾട്ടേജ് ലെവൽ ഉയർത്തുന്നതിന്റേയും ശേഷി വർദ്ധിപ്പിക്കുന്നതിന്റേയും പ്രവൃത്തികൾ ബോർഡിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ സപ്ലൈ കോഡ് 2014-ൽ വൈദ്യുതി

കണക്ഷൻ ലഭിക്കാൻ നിഷ്കർഷിച്ചിട്ടുള്ള വിവിധ രേഖകൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടപടിക്രമങ്ങൾ ലഘൂകരിക്കാനും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താനും കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. ലിമിറ്റഡ് അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ലോ ടെൻഷൻ ഉപഭോക്താക്കൾക്ക് ഓൺലൈനായി വൈദ്യുതി കണക്ഷന് അപേക്ഷിക്കാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഹൈ ടെൻഷൻ/എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഏകജാലക സംവിധാനംവഴി ഓൺലൈനായി സമർപ്പിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി.

കേരള സർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, APL ഉപഭോക്താക്കൾക്ക് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികളും BPL ഉപഭോക്താക്കൾക്ക് സർവ്വീസ് കണക്ഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളും വിവിധ ഫണ്ടുകളിൽ ഉൾപ്പെടുത്തി നൽകുകയും തത്ഫലമായി വൈദ്യുതി കണക്ഷനുവേണ്ടി ഉപഭോക്താക്കൾക്ക് നേരിടേണ്ടിവന്നിരുന്ന ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

BPL ഉപഭോക്താക്കൾക്ക് നൽകിവന്നിരുന്ന സൗജന്യ വൈദ്യുതി കണക്ഷൻ തുടർന്നും ലഭ്യമാക്കുന്നതിനുവേണ്ടി ദ്യുതി-2021 പദ്ധതിയിൽ ഉൾപ്പെടുത്തി 1000 വാട്ട്സ് വരെയുള്ള BPL ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി 50 കോടി രൂപ ബോർഡിന്റെ തനത് ഫണ്ടിൽനിന്നും വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടി**

8 (*38) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം നേടിയ വാർഷിക ലാഭത്തിന്റെ വിശദാംശം നൽകുമോ;

(സി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 2015-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കാൻ സാധിച്ചു.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 2017-18 കാലയളവിലെ ലാഭ നഷ്ടക്കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

(Rs. In Lakhs)

| Sl. No. | Name of the Company | Net Profit/Loss | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | Travancore Titanium Products Limited | 852.53 | 1883.41 |
| 2 | Travancore-Cochin Chemicals Limited | 621.00 | 3317.00 |
| 3 | Transformers and Electricals Kerala Limited | 106.27 | 657.01 |
| 4 | Steel and Industrial Forgings Limited | 46.00 | 240.00 |
| 5 | Kerala Minerals and Metals Limited | 2882.12 | 19578.03 |
| 6 | Traco Cable Company Limited | 133.94 | -575.17 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടേയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി വിശകലനംചെയ്ത് അനുയോജ്യമായ നവീകരണ-വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉല്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണത്തിലൂടെയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ മാനവ വിഭവശേഷി ശക്തിപ്പെടുത്തുന്നതിനനു യോജ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

## ആലപ്പാട്ട് ഗ്രാമത്തിലെ ഖനനം

9 (*39) ശ്രീ. പാറക്കൽ അബ്ദുല്ല:
ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെള്ളനാതുരുത്ത് മുതൽ അഴീക്കൽ വരെയുള്ള ആലപ്പാട്ട് ഗ്രാമം ഖനനം മൂലം ഇല്ലാതാകുമെന്നുള്ള തദ്ദേശീയരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1955-ൽ 89.5 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉണ്ടായിരുന്ന ആലപ്പാട്ട് പ്രദേശം ഇപ്പോൾ 7.5 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഖനനംമൂലം ഉണ്ടായിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നാട്ടുകാരുടെ ആശങ്ക കണക്കിലെടുത്ത് 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും കമ്പനി അധികൃതരുടെയും ഒരു യോഗം 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട്ട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം മാത്രമേ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കാ നാകുമെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ. കൂടാതെ, ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം. ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതിയുമായി 17-1-2019-ലെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിരുന്നു. ഖനനം സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കുക എന്നതാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ നയം.

## വൈദ്യുത സേവന കേന്ദ്രങ്ങൾ

10 (*40) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള എന്തെല്ലാം ക്രമീകരണങ്ങളാണ് കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് സേഫ്റ്റി മോണിട്ടറിംഗ് ആന്റ് അക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ (സ്മാർട്ട്) എന്ന സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുത സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമ നെറ്റ് സോഫ്റ്റ് വെയറിലൂടെ മികച്ച ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ്വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തി ക്കഴിഞ്ഞു. കൂടാതെ

1. പുതിയ വൈദ്യുതി കണക്ഷന് ഓൺലൈനിലൂടെ അപേക്ഷിക്കാനുള്ള സൗകര്യം
2. വൈദ്യുതി ബില്ലുകൾ ഓൺലൈനിലൂടെ അടയ്ക്കാനുള്ള സൗകര്യം
3. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജം -ദൂത് പദ്ധതി '

4. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾ സെന്ററിൽ രേഖപ്പെടുത്താനുള്ള " 1912" എന്ന ടോൾഫ്രീ സംവിധാനം
5. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ പദ്ധതി '
6. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി. ' എന്ന മൊബൈൽ ആപ്ലിക്കേഷൻ
7. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.-യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.)
8. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം
9. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം
10. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ
11. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ
12. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം
13. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

14. ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനായി ഓൺലൈനായി അപേക്ഷിക്കുന്നതിനും ആവശ്യമായ ഫീസ് അടയ്ക്കുന്നതിനും കാലതാമസമില്ലാതെ കണക്ഷൻ ലഭിക്കുന്നതിനായുള്ള ഗ്രീൻ ചാനൽ സംവിധാനം.

2019 ജനുവരി മാസം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന സംവിധാനങ്ങൾ

1. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബി.പി.എസ്. സംവിധാനം

2. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായി തന്നെ ഏത് സ്ഥലത്തുനിന്നും അപേക്ഷിക്കുവാനുള്ള സംവിധാനം

കൂടാതെ വിവര സാങ്കേതികവിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സേവനങ്ങൾകൂടി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്.

(a) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ് കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. സ്കാഡ് പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(b) തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

(c) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഇ.ആർ.പി. (എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്) എന്ന സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കി വരുന്നു.

(ബി) സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൺ) സോഫ്റ്റ്‌വെയർ

കെ.എസ്.ഇ.ബി. ലിമിറ്റഡ് വികസിപ്പിച്ച സ്മാർട്ട് എന്ന സോഫ്റ്റ് വെയർ, സ്ഥാപനത്തിലെ ജോലി സുരക്ഷയും വൈദ്യുതി അപകടങ്ങളും സംബന്ധിച്ച കാര്യങ്ങളെ നിരീക്ഷിച്ച് മേൽനോട്ടം വഹിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സഹായിക്കും. വൈദ്യുതി അപകടങ്ങൾ ഈ സോഫ്റ്റ് വെയർ വഴി റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൂടാതെ വിതരണ മേഖലയിലെ ഓഫീസുകളിലെ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്താനും തുടർനടപടി കൈക്കൊള്ളാനും ഈ സോഫ്റ്റ്

വെയർ സഹായിക്കും. അപകടങ്ങളെ അധികരിച്ച് സമർപ്പിക്കപ്പെടേണ്ടതായി നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള റിപ്പോർട്ടുകളും കോർപ്പറേറ്റ് തലത്തിൽ ലഭ്യമാക്കാൻ ഈ സോഫ്റ്റ്‌വെയർ സഹായിക്കും. അപകടസാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർനടപടിക്ക് ആരംഭം കുറിക്കാനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ ഒരുക്കിയിട്ടുണ്ട്.

(സി) ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതി ബോർഡിൽനിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്തുനിന്നുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് പ്രദേശവ്യത്യാസമില്ലാതെ ഏത് വൈദ്യുതി സേവന കേന്ദ്രങ്ങളെയും സമീപിക്കാവുന്നതാണ്.

പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യപ്രദമായ ഇടങ്ങളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സേവന കേന്ദ്രങ്ങൾ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളത്. പുതിയ കണക്ഷനുകൾക്ക് വേണ്ടിയും മീറ്റർ മാറ്റിവയ്ക്കൽ, ഉടമസ്ഥാവകാശം, താരിഫ് മാറ്റം, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചുമാറ്റൽ തുടങ്ങിയ മറ്റു സേവനങ്ങൾക്കായുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ബില്ലിംഗിനെ സംബന്ധിച്ചും സർവീസ് ക്വാളിറ്റിയെ സംബന്ധിച്ചുമുള്ള അന്വേഷണങ്ങൾക്കായും പരാതികൾ സമർപ്പിക്കുന്നതിനായും പ്രസ്തുത സേവന കേന്ദ്രങ്ങളെ സമീപിക്കാനാവും. വൈദ്യുതി സേവനകേന്ദ്രങ്ങളെ വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റു സേവനകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ടി കേന്ദ്രങ്ങളിൽ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ ഗ്രിഡ് കണക്റ്റഡ് സോളാർ കണക്ഷൻ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുവാൻ ആലോചിക്കുന്നു. ഭാവിയിൽ ഊർജ്ജ വകുപ്പിന്റെ കീഴിൽ വരുന്ന ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്, EMC, ANERT തുടങ്ങിയ മറ്റു സ്ഥാപനങ്ങൾ നൽകി വരുന്ന സേവനങ്ങളും ഈ സേവനത്തിന്റെ അധീനതയിൽ കൊണ്ടുവരുന്ന കാര്യവും പരിഗണനയിലാണ്.

വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ബോർഡിലെ അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടന്നുവരികയാണ്.

## കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ

11 (*41) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് ചില സംഘടനകൾ നടത്തുന്ന അക്രമങ്ങളും കലാപങ്ങളും കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകളെയും വിദേശരാജ്യങ്ങളിൽ കേരളത്തെക്കുറിച്ചുള്ള പ്രതിച്ഛായയെയും ദോഷകരമായി ബാധിക്കുന്നുവോ; വ്യക്തമാക്കാമോ;

(ബി) യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് വ്യാപകമായ അക്രമങ്ങൾ അരങ്ങേറുന്ന കാരണത്താൽ ഏതെങ്കിലും വിദേശരാജ്യങ്ങൾ അവരുടെ പൗരൻമാരെ മടക്കി വിളിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായ കലാപം മൂലം ടൂറിസം സീസണിലുണ്ടായ വിദേശ വിനോദസഞ്ചാരികളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ലോകത്തിലെ ഏറ്റവും സമാധാന അന്തരീക്ഷം നിലനിന്നിരുന്ന സ്ഥലമായ കേരളത്തെ പ്രസ്തുത പ്രതിച്ഛായയിലേയ്ക്ക് മടക്കികൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ശബരിമല യുവതീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ട് ചില സംഘടനകൾ നടത്തിയ ഹർത്താലുകളും അക്രമങ്ങളും അനിഷ്ട സംഭവങ്ങളും കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകളെയും വിദേശ രാജ്യങ്ങളിൽ കേരളത്തെക്കുറിച്ചുള്ള പ്രതിച്ഛായയെയും ബാധിച്ചുവെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

(ബി) യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് വ്യാപകമായ അക്രമങ്ങൾ അരങ്ങേറുന്ന കാരണത്താൽ വിദേശരാജ്യങ്ങൾ അവരുടെ പൗരൻമാരെ മടക്കി വിളിക്കുന്ന സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച 2018 നവംബർ വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഒക്ടോബർ-നവംബർ മാസങ്ങളിൽ കേരളം സന്ദർശിച്ച വിദേശവിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുണ്ടായ അനിഷ്ട സംഭവങ്ങളുടെയും ഹർത്താലുകളുടെയും ഭാഗമായി സംസ്ഥാനത്തുണ്ടായ പ്രശ്നങ്ങൾ വിദേശ വിനോദസഞ്ചാരികളെയും ബാധിച്ചിട്ടുണ്ടാകാം എന്നത് വസ്തുതയാണ്. ഇത്തരത്തിൽ ടൂറിസം രംഗത്ത് എന്തെങ്കിലും കുറവുണ്ടാകുന്ന പക്ഷം അത് പരിഹരിക്കുന്നതിന് ഉതകുന്ന ക്യാമ്പെയിനുകളാണ് വകുപ്പ് ഇപ്പോഴും നടത്തിവരുന്നത്. പ്രളയാനന്തര കേരള ടൂറിസത്തെ മടക്കിക്കൊണ്ടുവരാൻ സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയായ "Post Flood Campaign- It's Time for Kerala" യുടെ തുടർച്ചയായാണ് പരസ്യ പ്രചരണം നടത്തി വരുന്നത്. രാജ്യത്തെ പ്രമുഖ സിനിമ ഹാളുകളിലും എയർപോർട്ടുകളിലും ടി.വി., റേഡിയോ, പ്രിന്റ് മാധ്യമങ്ങളിലും വകുപ്പ് പ്രചരണം നടത്തിക്കഴിഞ്ഞു. വിദേശങ്ങളിലും മറ്റും സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിലും പാർട്ണർഷിപ്പ് മീറ്റുകളിലും ഇത്തരുണത്തിൽ മികച്ച ഒരു പ്രചരണം സംഘടിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്. മാത്രമല്ല ജനുവരി-മാർച്ച് മാസങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പെയിനുകളിലൂടെ അടുത്തിടെയുണ്ടായ ഹർത്താലുകളും അനിഷ്ട സംഭവങ്ങളും കാരണം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ വന്ന കുറവ് പരിഹരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഏറ്റവും സമാധാനമായ അന്തരീക്ഷമാണ് കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ, വിവിധ കാരണങ്ങളാൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ പ്രവർത്തനം പ്രതിസന്ധികൾ നേരിടുന്നുണ്ട്. അത്തരം സാഹചര്യങ്ങളെ അതിജീവിച്ച് വിനോദസഞ്ചാര മേഖലയുടെ പ്രതിച്ഛായ മടക്കിക്കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയാനന്തര ക്യാമ്പെയിനുകൾ (സിനിമ, ടി.വി., റേഡിയോ, പ്രിന്റ്, എയർപോർട്ട്) വഴി ഇക്കാര്യത്തിൽ മികച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. വരുംമാസങ്ങളിൽ നടത്തുന്ന നാഷണൽ പ്രിന്റ് ക്യാമ്പെയിൻ (എയർപോർട്ട്, സിനിമ ഹാൾ), യൂറോപ്പ് ടി.വി. ക്യാമ്പെയിനുകൾ, നാഷണൽ ക്യാമ്പയിനുകൾ, യൂറോപ്പിലെ ജർമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെ എയർപോർട്ട്, മാൾ ക്യാമ്പെയിനുകൾ, അമേരിക്കൻ ക്യാമ്പെയിനുകൾ എന്നിവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ പ്രതിച്ഛായ വീണ്ടെടുക്കാനാകും.

## ഹർത്താലും പണിമുടക്കും ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുന്ന നഷ്ടം

12 (*42) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയ്ക്കടിയുണ്ടാകുന്ന ഹർത്താലുകളും മിന്നൽ പണിമുടക്കുകളും ടൂറിസം മേഖലയെ പിന്നോട്ടടിച്ചുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019 ലുണ്ടായ ഹർത്താലിലും പണിമുടക്കിലും ടൂറിസം മേഖലയ്ക്ക് ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) യു. കെ., യു.എസ്.എ. തുടങ്ങിയ രാജ്യങ്ങൾ, കേരളത്തിലെത്തുന്ന അവരുടെ പൗരന്മാർക്ക് സുരക്ഷാ മുന്നറിയിപ്പ് നൽകിയത് ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ടൂറിസം മേഖലയെ പൂർണ്ണമായും ഹർത്താലിൽനിന്നും പണിമുടക്കിൽനിന്നും ഒഴിവാക്കുന്നതിനും സംസ്ഥാനത്തെത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്. തുടർച്ചയായി ഉണ്ടാകുന്ന ഹർത്താലുകളും മിന്നൽ പണിമുടക്കുകളും ടൂറിസം മേഖലയെ എങ്ങനെ ബാധിച്ചു എന്നതിനെ സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ 2018-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് മേയ് മാസം മുതൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ് മാസം മുതൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും ഇടിവ് ഉണ്ടായിട്ടുണ്ട്.

(ബി) 2019-ലെ സ്ഥിതിവിവരക്കണക്ക് ശേഖരിച്ച് തുടങ്ങിയിട്ടില്ല.

(സി) യു.കെ., യു.എസ്.എ., തുടങ്ങിയ രാജ്യങ്ങൾ, കേരളത്തിലെത്തുന്ന അവരുടെ പൗരന്മാർക്ക് സുരക്ഷാ മുന്നറിയിപ്പ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സുരക്ഷാ മുന്നറിയിപ്പുകൾ ടൂറിസം മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

(ഡി) 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. വിനോദസഞ്ചാരികൾക്ക് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ ജില്ലാ ഭരണകൂടങ്ങളുടെയും ആഭ്യന്തര വകുപ്പിന്റെയും സഹായത്തോടെ വിഷയം പരിഹരിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കാറുണ്ട്.

**ശബരിമലയിലെ യുവതീ പ്രവേശനം**

13 (*43) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിലെത്തിയ ഭക്തജനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശബരിമലയിലെ യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനുള്ള സർക്കാരിന്റെ അനാവശ്യ തിടുക്കവും ഭക്തരെ പ്രകോപിപ്പിക്കുന്ന തരത്തിൽ ഉത്തരവാദിത്തപ്പെട്ടവർ നടത്തിയ പരാമർശങ്ങളും ശബരിമലയെ സംഘർഷമേഖല ആക്കിയതുകൊണ്ടാണോ ഭക്തജനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായത്; വ്യക്തമാക്കാമോ;

(സി) ശബരിമലയുടെ ചരിത്രത്തിൽ ആദ്യമായി മണ്ഡല-മകര വിളക്ക് കാലം മുഴുവൻ നിരോധനാജ്ഞയും ഭക്തർക്ക് കർശന നിയന്ത്രണവും ഏർപ്പെടുത്തിയത് ശബരിമലയെ തകർക്കുവാൻ വേണ്ടിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഭക്തജനങ്ങളുടെ കുറവുമൂലം ശബരിമലയിലെ നടവരവിൽ വൻ കുറവുണ്ടായിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്തെയപേക്ഷിച്ച് എന്തുകുറവാണ് ഈ വർഷം ഉണ്ടായത് എന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്. ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയെ തുടർന്ന് വിവിധ സംഘടനകൾ നടത്തിയ ഹർത്താലുകളും പ്രതിഷേധങ്ങളും കാരണമാണ് ഈ കുറവ് ഉണ്ടായത്.

(ബി) ശബരിമല യുവതീപ്രവേശനം സംബന്ധിച്ച് സുപ്രീം കോടതി വിധി നടപ്പാക്കുന്നതിന് സർക്കാർ ബാധ്യസ്ഥമാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചില യുവതികൾ ദർശനത്തിന് മല ചവിട്ടിയപ്പോൾ ഭക്തരെന്ന വ്യാജേന എത്തിയ ചിലർ തടയാനും ആക്രമിക്കാനും ശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പോലീസ് സംരക്ഷണം നൽകാനാണ് സർക്കാർ നടപടി സ്വീകരിച്ചത്. ഭക്തരെന്ന വ്യാജേന ശബരിമലയിൽ എത്തിയ ചിലർ ശബരിമലയെ സംഘർഷഭൂമിയാക്കിയതുമൂലവും ചില സംഘടനകൾ നടത്തിയ ഹർത്താലുകളും വ്യാപക അക്രമങ്ങളുംമൂലവുമാണ് ശബരിമലയിൽ ഈ വർഷത്തെ മണ്ഡല-മകരവിളക്ക് മഹോത്സവകാലത്ത് തീർത്ഥാടകരുടെ എണ്ണത്തിൽ കുറവ് വന്നത്.

(സി) സുപ്രീം കോടതി വിധിയെ തുടർന്ന് നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ചില സംഘടനകൾ, യുവതികളായ സ്ത്രീകൾ ദർശനത്തിനെത്തുന്നത് തടഞ്ഞ് സംഘർഷമുണ്ടാക്കിയതിനാലാണ് ശബരിമലയിൽ നിരോധനാജ്ഞയും നേരിയ തോതിലുള്ള നിയന്ത്രണങ്ങളും കൊണ്ടുവന്നത്. പ്രതിഷേധക്കാരെ മാറ്റിനിർത്തി എല്ലാ അയ്യപ്പഭക്തർക്കും ദർശനം ലഭിക്കുന്ന രീതിയിൽ തീർത്ഥാടനം സുഗമമായി നടത്തുന്നതിന് ഇതിലൂടെ കഴിഞ്ഞു. ശബരിമലയെ തകർക്കുന്ന നടപടികളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. യഥാർത്ഥ ഭക്തർക്ക് ദർശനം നടത്തുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല.

(ഡി) മുൻ വർഷത്തെക്കാൾ 99,24,51,694 രൂപയുടെ കുറവുള്ളതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്ന് വൈദ്യുതോല്പാദനം

14 (*44) ശ്രീ. എം. സ്വരാജ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ ഉല്പാദന രംഗത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കി വരുന്നത്;

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽനിന്നും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനെർട്ട് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഏതെല്ലാം സ്ഥലങ്ങളിലാണ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) വൈദ്യുതിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ ഉല്പാദന രംഗത്ത് അനെർട്ട്, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഊർജ്ജ കേരള മിഷന്റെ ഭാഗമായ 'സൗര' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതുവഴി 500 മെഗാവാട്ടും പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കാനാണ് 'സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനെർട്ടും കേരള സംസ്ഥാന വൈദ്യുതി ബോർഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യ-വ്യവസായം തുടങ്ങിയ സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

അനെർട്ട് മുഖേനയുള്ള മറ്റ് പദ്ധതികൾ

ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റ് - വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. ആകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമായിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു.

ഇതുകൂടാതെ ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന 3 മെഗാവാട്ട് സോളാർ വിൻഡ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടുകൂടി മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗരപദ്ധതി പ്രകാരം കേരളത്തിനുള്ളിൽ 1000 മെഗാവാട്ട് സോളാർ വൈദ്യുതി ശേഷി കൂട്ടിച്ചേർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് മുഖേനയുള്ള മറ്റ് പദ്ധതികൾ

ബാണാസുരസാഗർ റിസർവോയറിൽ 500 kWp യുടെ ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

കാസർഗോഡ് സോളാർ പാർക്കിൽനിന്നും നിലവിലുള്ള 50 മെഗാവാട്ടിന് പുറമേ മറ്റൊരു 50 മെഗാവാട്ട് കൂടി വാങ്ങാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ THDCIL-മായി വൈദ്യുതി വാങ്ങൽ കരാർ, റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. കായംകുളത്ത് NTPC-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

കാറ്റിൽനിന്നും 3 പദ്ധതികളിൽ നിന്നായി 6.125 മെഗാവാട്ടിന്റെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകർ നടപ്പാക്കുന്ന പദ്ധതികൾക്ക് ഗ്രിഡ് കണക്ടിവിറ്റി നൽകിവരുന്നു. ഇത്തരത്തിൽ 12 മെഗാവാട്ട് (മലയാള മനോരമ – പാലക്കാട് - 10 മെഗാവാട്ട്, രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് - ഇടുക്കി - 2 മെഗാവാട്ട്) കണക്ട് ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ സംരംഭകർവഴി കാറ്റിൽനിന്നും സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന പദ്ധതികളിൽനിന്നും കെ.എസ്.ഇ.ബി.എൽ. റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ടിന്റെ വരെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു.

എനർജി മാനേജ്മെന്റ് സെന്റർ മുഖേനയുള്ള പദ്ധതികൾ

സ്വകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയ പദ്ധതികളിൽ പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. 2019-ൽ 8 മെഗാവാട്ടും 2020-ൽ 12.5 മെഗാവാട്ടും ശേഷിയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ 25 കിലോവാട്ടിന്റെ ഹൈഡ്രോ

കൈനറ്റിക് സാങ്കേതിക വിദ്യയിലുള്ള കേരളത്തിലെ ആദ്യ മൈക്രോ ജലവൈദ്യുത പദ്ധതി 2019-ൽ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റേസിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ 20 പദ്ധതികളി ലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ പുതിയതായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇന്ത്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. 10kW-ന്റെ രണ്ട് വോർടെക്സ് ടർബയിനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5 kW-ന്റെ 5 കൈനറ്റിക് ടർബൈനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽ റേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

4 kW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗസങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ 50-ലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾ വഴി 1 kW മുതൽ 5 kW-ൽ താഴെയുള്ള പീക്കോ ടർബയിനുകൾ ഏകദേശം 114-ഓളം എണ്ണം നടപ്പിലാക്കി കഴിഞ്ഞു. ഇതിനോട്ടുകൂടി തന്നെ ചിന്നാർ വന്യമൃഗസങ്കേതത്തിനകത്തെ തായന്നൻ കുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) എല്ലാ ഏജൻസികളും കൂടിച്ചേർന്ന് കാറ്റിൽനിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്.

(1) <u>രാമക്കൽമേട് ഹൈബ്രിഡ് പവർ പ്ലാൻറ്</u>

ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ അനെർട്ടിന് റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂമിയിൽ സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിൽ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റാണ് ഈ വർഷം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പാക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്, കേരള സർക്കാർ സ്ഥാപനമായ കെൽട്രോൺ എന്നീ സ്ഥാപനങ്ങളുമായി ചേർന്നാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്.

(2) <u>സോളാർ റേഡിയേഷൻ വിഭവ പഠനം</u>

സോളാർ റേഡിയേഷൻ വിഭവ പഠനം നടത്തുന്നതിനുള്ള ഉപകരണങ്ങൾ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തും ഇടുക്കിയിലെ രാമക്കൽമേട്ടിലും സ്ഥാപിച്ചു. ഇത് സൗരോർജ്ജ നിലയങ്ങളുടെ വൈദ്യുതി ഉല്പാദനശേഷിയെ സംബന്ധിച്ച് മുൻകൂട്ടി വിവരം നൽകുന്നതിന് ഉപകരിക്കുന്നതാണ്.

(3) <u>സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന സൗരനിലയങ്ങൾ</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു.

ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(4) <u>സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ</u>

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോവാട്ട് മുതൽ 3 കിലോവാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. ഇതിന് സബ്സിഡി ലഭ്യമാണ്.

സംസ്ഥാനത്തെ ഒൻപത് കളക്ടറേറ്റ് കെട്ടിടങ്ങളിലായി 380 kWp സൗരോർജ്ജ പദ്ധതിയും തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലും പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിലുമായി ആകെ 1260 kWp സൗരോർജ്ജ പദ്ധതിയുമാണ് കെ.എസ്.ഇ.ബി.എൽ. അനെർട്ടിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നത്.

(സി) വൈദ്യുതി ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. എൽ. വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. *

(ഡി) ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ചുവടെ പറയുന്ന സ്ഥലങ്ങളിലാണ് KSIDC മുഖേന സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| 1 | പെരിങ്ങമ്മല, തിരുവനന്തപുരം | 5 MW |
| 2 | ലാലൂർ, തൃശ്ശൂർ | 5 MW |
| 3 | കഞ്ചിക്കോട്, പാലക്കാട് | 5 MW |
| 4 | ഞെളിയൻപറമ്പ്, കോഴിക്കോട് | 5 MW |
| 5 | ചെലോറ, കണ്ണൂർ | 5 MW |
| 6 | കുരീപ്പുഴ, കൊല്ലം | 5 MW |
| 7 | പാണക്കാട്, മലപ്പുറം | 5 MW |

ഇതിനുപുറമേ കൊച്ചി കോർപ്പറേഷൻ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ടിന്റെയും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി 0.6 മെഗാവാട്ടിന്റെയും പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

ഇവയിൽനിന്നും 45.36 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരണം

15 (*45) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനായി അംഗ ബാങ്കുകളുടെ പൊതു യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദിഷ്ട കേരള ബാങ്കിൽ അംഗത്വം നൽകണമെന്ന് നബാർഡ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനനുസൃതമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. കടകംപള്ളി സുരേന്ദ്രൻ):</u> (എ) സംഘങ്ങളുടെ ലയനത്തിന് കേവല ഭൂരിപക്ഷം (simple majority) മാത്രം മതിയാകും എന്ന വിധത്തിലുള്ള നിയമ ഭേദഗതി അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 2018 ഡിസംബർ 27-ന് നബാർഡ് സംസ്ഥാന സർക്കാരിന് അയച്ച കത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് ഫങ്ഷണൽ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്കിന്റെ ബോർഡിൽ പ്രാതിനിധ്യം നൽകണമെന്ന് പറഞ്ഞിരുന്നു. ഇതിന് നിലവിലെ സംസ്ഥാന സഹകരണ നിയമം അനുവദിക്കുന്നില്ല എന്ന മറുപടി നബാർഡിന് നൽകിയിട്ടുണ്ട്.

(സി)

- അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പ ഉല്പന്നങ്ങൾ 1-1-2019 മുതൽ ഏകീകരിച്ചു.
- 14 ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ. ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു.
- നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി.
- സഹകരണ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ, നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചുവരുന്നു.
- 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽനിന്നും നടത്തിയിട്ടുള്ള ട്രഷറി നിക്ഷേപങ്ങൾ പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-വേ ബിൽ

16 (*46) <u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ചരക്ക് നീക്കങ്ങൾക്കും സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കങ്ങൾക്കും ഇ-വേ ബിൽ സമ്പ്രദായം നിർബന്ധമാക്കിയത് എന്ന് മുതലാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രസ്തുത സംവിധാനം എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ചരക്കുകളെയാണ് ഈ സംവിധാനത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്;

(ഡി) നൂതന സാങ്കേതികവിദ്യകളും സർവെയ്‌ലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള തെരഞ്ഞെടുക്കപ്പെട്ട ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ.-ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് ഇ-വേ ബില്ലിന്റെ വിശദപരിശോധനയുടേയുംകൂടി ഫലമാണെന്ന് വിലയിരുത്തപ്പെടുന്നു. ഇ-വേ ബിൽ നടപ്പിലാക്കിയതിനുശേഷം നാളിതുവരെ ഒരു കോടി 17 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. ഇതിൽ 13,78,220 എണ്ണം ഇന്റലിജൻസ് വിഭാഗം പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ന്യൂനതകൾ കണ്ടെത്തിയ 1,368 കേസ്സുകളിൽ പിഴ ഈടാക്കലും തുടർനടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം നമ്പർ 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നം. 03/2018 പ്രകാരം വാൻ സെയിലും സംസ്ഥാനത്തിനകത്ത് കർഷകരിൽനിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും ഇ-വേ ബില്ലിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ യന്ത്രവൽക്കൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ഉപഭോക്തൃ വില്പന 25 കിലോമീറ്റർ പരിധിക്കകത്ത് ആണെങ്കിൽ ആയതിനും ഇ-വേ ബിൽ നിർബന്ധമല്ല.

(ഡി) കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണ ക്യാമറകളിൽനിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ് വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയംതന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. ഇ-വേ ബിൽ പരിശോധനാ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനായി ഇതിനെ ആർ.എഫ്.ഐ.ഡി.-യുമായി ബന്ധപ്പെടുത്തി ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്നതിനെപ്പറ്റിയുള്ള തുടർനടപടികൾ 32-ാം ജി.എസ്.ടി. കൗൺസിലിൽ ഒരു പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തിയിരുന്നു. കേന്ദ്ര സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. നിലവിൽ ഇന്റലിജൻസ് വിഭാഗം ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് ഇ-വേ ബിൽ പരിശോധിക്കുകയാണ് ചെയ്യുന്നത്.

**കരിമണൽ ഖനനം**

17 (*47) <u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് കരിമണൽ ഖനനത്തിനെതിരെ ജനങ്ങൾ നടത്തുന്ന സമരം നിക്ഷിപ്ത താല്പര്യമുള്ള ചില കേന്ദ്രങ്ങളുടെ ഒത്താശയോടെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നത് എന്ത് വസ്തുതകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കരിമണൽ ഖനനം ഖനന വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണോ എന്നറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി സമിതി (2016-19)യുടെ 8-മത് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ & ബി) വിലയിരുത്തിയിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ് ഖനനം നടത്തിവരുന്നതെന്ന് ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിരിക്കുന്നത്. 16-1-2019 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ആലപ്പാട്ട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട്ട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും.

(ഡി) ആലപ്പാട്ടെ കരിമണൽ ഖനനം സംബന്ധിച്ച് കേരള നിയമസഭ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ടിൽ പതിനൊന്ന് ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ ശിപാർശ നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ച് ശാസ്ത്രീയമായി മാത്രം ഖനനം നടത്തുക,

സീ വാഷിംഗിന് ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകുക, പ്രദേശത്തിന്റെ പുനരുദ്ധാരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2,3,4,10,11 എന്നീ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്ത് ശാസ്ത്രീയമായി ഖനനം നടത്തുന്നത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്താൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. പുലിമുട്ട് നിർമ്മിക്കുക, മാനദണ്ഡങ്ങൾ പാലിച്ച് ജനങ്ങളുടെ എതിർപ്പ് ക്ഷണിച്ചു വരുത്താതെ ഖനനപ്രവർത്തനം നടത്തുക, ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭൂമി ഉടമസ്ഥർക്ക് തിരികെ നൽകുക, ഏറ്റെടുത്തിരിക്കുന്ന സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം നൽകുക, മണ്ണൊലിപ്പ് തടയുന്നതിനായി ജലവിഭവ വകുപ്പുമായി നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കുക, കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുക തുടങ്ങിയ നിർദ്ദേശങ്ങളടങ്ങിയ 2,5,6,7,8 എന്നീ ശിപാർശകൾ നടപ്പാക്കാൻ സർക്കാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഖനന പ്രവൃത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടത്തുന്ന ഒരു പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖനന പ്രദേശത്തെ ബാക്കി പുലിമുട്ടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാനാകുമെന്നുമാണ് ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിരിക്കുന്നത്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയുംവേഗം ആയത് നൽകുകയും ചെയ്യണം എന്നും പ്രസ്തുത യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിലും നടപടികൾ സ്വീകരിച്ചുവരുന്നതായാണ് ഐ.ആർ.ഇ.എൽ കമ്പനി അധികൃതർ അറിയിച്ചിട്ടുള്ളത്. കൂടാതെ നാശം സംഭവിച്ചിട്ടുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും

വേണ്ട നടപടികൾ കൈക്കൊള്ളാമെന്നും (ശിപാർശ 7) ഐ.ആർ.ഇ.എൽ. അധികൃതർ അറിയിച്ചിട്ടുണ്ട്. കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കണമെന്ന ഒൻപതാം ശിപാർശയിലെ നിർദ്ദേശം നടപ്പാക്കിയതായി ഐ.ആർ.ഇ. അറിയിച്ചിരിക്കുന്നു. ജില്ലാ മിനറൽ ഫൗണ്ടേഷനിലേയ്ക്ക് റോയൽറ്റിയുടെ 30 ശതമാനം പ്രതിവർഷം മെസ്സേസ് ഐ.ആർ.ഇ.എൽ. നൽകാറുണ്ട്. കൂടാതെ, ജില്ലാ കളക്ടർ ചെയർമാനായ മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന് മെ. ഐ.ആർ.ഇ.എൽ.-ഉം കെ.എം.ആർ.എൽ.-ഉം വിഹിതം നൽകുന്നുമുണ്ട്.

(ഇ) ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും കമ്പനി അധികൃതരുടെയും ഒരു യോഗം 16-1-2019-ന് വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. കൂടാതെ, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം. ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതിയുമായി 17-1-2019-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്.

## ആലപ്പാട് പ്രദേശത്തെ അശാസ്ത്രീയ ഖനനം

18 (*48) ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് പ്രദേശത്ത് അശാസ്ത്രീയ ഖനനത്തിലൂടെ തീരങ്ങളെ തകർക്കുന്ന സീ വാഷിംഗ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനെക്കുറിച്ച് പഠിക്കാൻ സർക്കാർ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സീ വാഷിംഗ് നിർത്തണമെന്ന് കേന്ദ്രം മുമ്പ് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇത് പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ ഏതെങ്കിലും മാനദണ്ഡങ്ങൾ ലംഘിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിയമവിരുദ്ധമായി രാത്രിയിൽ കരിമണൽ കടത്തുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഈ പ്രദേശത്ത് ഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ആലപ്പാട് പ്രദേശത്ത് യന്ത്രങ്ങളുപയോഗിച്ച് സീ വാഷിംഗ് നടത്തിയിരുന്നു. സീ വാഷിംഗിന് ആറ് മാസത്തിൽ കുറയാതെയുള്ള ഇടവേള നൽകണമെന്ന് ആലപ്പാട്ടെ കരിമണൽ ഖനനം സംബന്ധിച്ച് പഠനം നടത്തിയ കേരള നിയമസഭ പരിസ്ഥിതി സംബന്ധിച്ച സമിതി ശിപാർശ ചെയ്തിരുന്നു. 16-1-2019 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം

നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്.

(ബി) സീ വാഷിംഗ് നിർത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(സി) ആലപ്പാട് പ്രദേശത്തെ ഖനനം സംബന്ധിച്ച് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. വ്യവസ്ഥകൾ ലംഘിച്ചുള്ള ഖനന പ്രവർത്തനമാണ് തുടക്കം മുതലേ നടക്കുന്നതെന്നുള്ള പരിസരവാസികളുടെ പരാതികൾ സമിതിക്ക് ലഭിച്ചിട്ടുണ്ട്. ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും കമ്പനി അധികൃതരുടെയും ഒരു യോഗം 16-1-2019-ന് വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്താൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. ആലപ്പാട്ടെ കരിമണൽ ഖനനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കെതിരെ രൂപീകരിച്ചിട്ടുള്ള സമരസമിതിയുമായി 17-1-2019-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) കേരളത്തിൽനിന്ന് കരിമണൽ അനധികൃതമായി കടത്തുന്നത് സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിൽനിന്നും അനധികൃതമായി കരിമണൽ സമീപ സംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മൈനിംഗ് & ജിയോളജി വകുപ്പിലെ ദക്ഷിണ മേഖലാ സ്ക്വാഡിനോട് ധാതുമണൽ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ക്വാഡ് കൊല്ലം ജില്ലയിൽ തീരപ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് പരിശോധന നടത്തിവരുന്നു. കൂടാതെ, അനധികൃത ധാതുമണൽ കടത്ത് തടയുന്നതിനായി പോലീസ് പട്രോളിംഗ് നടത്തുന്നുണ്ട്. 28-12-2009-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1603/09/വ്യവ നമ്പർ ഉത്തരവുപ്രകാരം റവന്യൂ, മൈനിംഗ് & ജിയോളജി, പോലീസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങിയ ഒരു സ്ക്വാഡും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

(ഇ) പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ National Institute for Interdisciplinary Science & Technology എന്ന സ്ഥാപനമാണ് പഠനം നടത്തിയിട്ടുള്ളത്.

**ഖാദി ഗ്രാമവ്യവസായ മേഖലയുടെ ഉന്നമനത്തിനായി നടപടി**

19 (*49) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>:
<u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. എൻ. വിജയൻ പിള്ള</u>:
<u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമവ്യവസായ മേഖലയുടെ ഉന്നമനത്തിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിയ്ക്കാമോ;

(സി) ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി ഖാദി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ഖാദി ഗ്രാമം പദ്ധതിക്കുവേണ്ടി 2017-18 സാമ്പത്തിക വർഷം 4.52 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കാസർഗോഡ്, വയനാട്, കണ്ണൂർ ജില്ലകളിൽ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 60.31 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം ഖാദി ഗ്രാമം പദ്ധതിക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പുതുതായി 250 ചർക്കകളും 10 തറികളും സ്പെയർ പാർട്സ് എന്നിവ വാങ്ങുകയും ഗോഡൗൺ സ്ഥാപിക്കുകയും ചർക്ക-തറി റിപ്പയർ സെന്റർ, പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2018-19 വർഷത്തെ ബഡ്ജറ്റിൽ 432 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഖാദി ഗ്രാമ വ്യവസായ മേഖലയിൽ ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ ടോയ്ലെറ്റ്) ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1,500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, ഇൻസെന്റീവ് എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം, നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് സ്ഥിരം റിപ്പയറിംഗ് സെന്റർ ഇവയ്ക്ക് ആവശ്യമായ സെൻട്രലൈസ്ഡ് സ്പെയർപാർട്സ് ഗോഡൗൺ തുടങ്ങിയവ ഉൾപ്പെടുന്ന കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഖാദി തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനായി കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഗ്രാമ വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണമേഖലയിൽ കുറഞ്ഞ മൂലധനച്ചെലവിൽ പരമാവധി 5 ലക്ഷം രൂപയുടെ പ്രോജക്റ്റ് വരെ ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതിച്ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമെ പ്രധാനമന്ത്രിയുടെ തൊഴിൽദായക (പി.എം.ഇ.ജി.പി.) പദ്ധതി പ്രകാരം 25 ലക്ഷം രൂപ വരെ ബാങ്ക് വായ്പ ലഭ്യമാക്കി ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് മൊത്തം പദ്ധതിയുടെ 25% മുതൽ 35% വരെ സബ്സിഡി നൽകി വരുന്നു. കൂടാതെ ഗ്രാമ വ്യവസായ ഡിപ്പാർട്ട്മെന്റൽ യൂണിറ്റുകളായി 5 റെഡിമെയ്ഡ് ഗാർമെന്റ്സ് മേക്കിംഗ് കേന്ദ്രങ്ങളും 6 ഹണി പ്രോസസ്സിംഗ് യൂണിറ്റുകളും 3 ഓയിൽ യൂണിറ്റുകളും 2 കിടക്ക നിർമ്മാണ യൂണിറ്റുകളും 4 കൈക്കടലാസ് യൂണിറ്റുകളും ഒരു സോപ്പ് യൂണിറ്റും ഒരു നോട്ട് ബുക്ക് യൂണിറ്റും ഒരു മൺപാത്ര യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 175 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.

(ഡി) ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് 2010-11-ൽ ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നടപ്പിലാക്കിയത്. തുടർന്ന് ഈ സർക്കാർ വീണ്ടും 6-8-2018 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് പ്രഖ്യാപിക്കുകയുണ്ടായി. പുതുക്കിയ നിരക്കനുസരിച്ച് മിനിമം വേതനത്തിൽ പീസ്റേറ്റ് വിഭാഗം തൊഴിലാളികൾക്ക് 266.30 രൂപയിൽനിന്ന് 400.60 രൂപയായും ദിവസ വേതന തൊഴിലാളികൾക്ക് 283.46 രൂപയിൽനിന്നും 425 രൂപയായും വർദ്ധിക്കും. ഇതുകൂടാതെ ജീവിത വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്തയും ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ലഭിക്കുന്ന തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മാർച്ച് മാസം വരെ ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള തൊഴിലാളികളുടെ എണ്ണം 13803 ആയിരുന്നത് കഴിഞ്ഞ 2 വർഷം കൊണ്ട് ഇത് 14733 ആയി വർദ്ധിച്ചിട്ടുണ്ട്. ഖാദി

തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് അധികം തുക ആവശ്യമായിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 24.5 കോടി രൂപ അനുവദിക്കുകയും ആയത് 13600 തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. 2018-19 വർഷത്തിൽ 21.80 കോടി രൂപയും ഖാദി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുക പ്രയോജനപ്പെടുത്തിയാണ് ഖാദി തൊഴിലാളികളുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നത്. ഈ വർഷം ലഭിച്ച തുകയിൽ 16.80 കോടി രൂപ വിനിയോഗിച്ച് ഖാദി തൊഴിലാളികളുടെ 2018 ജൂലൈ മാസം വരെയുള്ള മിനിമം വേതനം വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി ക്ലെയിമുകൾ പരിശോധിച്ച് തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പുതുക്കി നിശ്ചയിച്ച മിനിമം വേതനം നടപ്പാക്കാൻ പ്രതിവർഷം 55 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. നിലവിലുള്ള കോസ്റ്റ് ചാർട്ട് അഖിലേന്ത്യാടിസ്ഥാനത്തിൽ ഖാദി കമ്മീഷൻ പുതുതായി നിശ്ചയിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ പ്രാവർത്തികമാക്കാൻ സന്നദ്ധമായിട്ടില്ല. പുതുക്കിയ മിനിമം കൂലി നടപ്പിലാക്കുന്നതിന് ഖാദി ബോർഡും ഖാദി സ്ഥാപനങ്ങളും കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വില നിയന്ത്രണത്തിന് സഹകരണ വകുപ്പിന്റെ ഇടപെടൽ**

20 (*50) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സഹകരണ വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ എല്ലാ പഞ്ചായത്തുകളിലും നീതി സ്റ്റോറുകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സംഘങ്ങൾ മുഖേനയും നീതി സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനംചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. ഇക്കഴിഞ്ഞ റംസാൻ വിപണിക്കായി 1 കോടി രൂപയും ഓണം വിപണിക്കായി 30 കോടി രൂപയും ക്രിസ്തുമസ് പുതുവത്സര വിപണിക്കായി 10 കോടി രൂപയും സബ്സിഡിയായി അനുവദിച്ചുനൽകിയിരുന്നു. ഉത്സവ വിപണികളിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയിൽനിന്നും വില കുറച്ച് സപ്ലൈകോ നൽകുന്ന സമാനമായ സബ്സിഡി നിരക്കിൽ വില്പന നടത്തുന്നു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവ വിപണിക്കായുള്ള സബ്സിഡി നൽകുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്സവ കാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള വിപണികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു.

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ഉൾപ്പെടെ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 194 നീതി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ നീതി സ്റ്റോറുകളുടെ ശൃംഖല വിപുലീകരിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഫെഡറേഷന്റെ നേതൃത്വത്തിൽ പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ മൊബൈൽ ത്രിവേണികളുടെ സേവനം ലഭ്യമാക്കി വരുന്നു.

(സി) കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിനും അതുവഴി വിലക്കയറ്റത്തെ തടഞ്ഞുനിർത്തുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാധനങ്ങൾ വിലകുറച്ച് വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ

ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. വിതരണക്കാരെ അവരുടെ കഴിഞ്ഞകാല പ്രവർത്തനത്തിന്റേയും ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണമേന്മയുടേയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനും പദ്ധതിയുണ്ട്. കൂടാതെ ടെണ്ടറിൽ പങ്കെടുക്കുന്ന വിതരണക്കാരിൽനിന്നും സാധനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാക്കി ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### കേരള ബാങ്ക് രൂപീകരണവും സഹകരണ സ്ഥാപനങ്ങളുടെ വായ്പയും

21 (*51) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധികബാധ്യത കണക്കാക്കി യിട്ടുണ്ടോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ ബാധ്യതയാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ-സി) കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടില്ല. റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അനുവദിച്ചിരുന്ന ഏതാനും വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കി, ആയത് സർക്കാർ അടയ്ക്കുന്നതിനും പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് സർക്കാരിലുള്ള വായ്പാ ബാധ്യതയായി മാറ്റുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾ നിശ്ചിത കാലയളവിൽ തിരിച്ച് അടയ്ക്കേണ്ടതാണ്. മാത്രമല്ല തിരിച്ചടവ് ഉറപ്പുവരുത്തുന്നതിന് ഒരു MoU ഒപ്പ് വയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

## ടൂറിസം മേഖലയുടെ വികസനം

22 (*52) ശ്രീ. എം. മുകേഷ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം വികസന പ്രക്രിയയിൽ പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ, പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനുവേണ്ടിയുള്ള ടൂറിസം മാസ്റ്റർ പ്ലാനുകൾ നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദ്രുതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലാണ്.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ലതിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറിതലത്തിലും വകുപ്പ് ഡയറക്ടർ തലത്തിലും നടത്തിവരുന്നു.

- ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി 16-5-2017-ലെ ജി.ഒ. (ആർ.ടി.) നമ്പർ 232/2017/ടൂറിസം ഉത്തരവുപ്രകാരം അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗംചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർനടപടി സ്വീകരിച്ചുവരുന്നു.

- ഓരോ മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പു വരുത്തിയിട്ടുണ്ട്.
- അതത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- 14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

(ബി) ടൂറിസം വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് കേരള ടൂറിസം വകുപ്പ് സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതിയാണ് പെപ്പർ. ഇന്ത്യയിൽ ആദ്യമായി നടപ്പാക്കുന്ന ജനപങ്കാളിത്ത ടൂറിസം വികസന പദ്ധതിയാണ് പെപ്പർ. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പങ്കാളിത്ത ടൂറിസം ആസൂത്രണ പ്രക്രിയയാണ് ഇത്. 2017-18-ൽ ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയത് കോട്ടയം ജില്ലയിലെ വൈക്കത്താണ്. ആദ്യഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം,

വെച്ചൂർ, തലയാഴം, കല്ലറ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാം ഘട്ടത്തിൽ തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകും. ടൂറിസം മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പാണ് പെപ്പർ ടൂറിസം പദ്ധതി. നടപ്പ് സാമ്പത്തിക വർഷത്തിൽ രണ്ടാം ഘട്ടമായി തലയോലപ്പറമ്പ്, വെള്ളൂർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, കള്ളിക്കാട്, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം, അതിരപ്പിള്ളി എന്നീ സ്ഥലങ്ങളിലും പെപ്പർ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവയിൽ കാന്തല്ലൂർ ഒഴികെയുള്ള പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടന്നു. റിസോഴ്സ് മാപ്പിംഗ് നടന്നു വരുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽപ്പെടുന്ന 6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ പൊന്നാനി മുനിസിപ്പാലിറ്റി, മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ്, ആലംകോട്, നന്നംമുക്ക് എന്നീ സ്ഥലങ്ങളിൽ പെപ്പർ ടൂറിസം പദ്ധതി തുടങ്ങാൻ നടപടിയായിട്ടുണ്ട്. ഇവയിൽ പൊന്നാനി മുനിസിപ്പാലിറ്റി ഒഴികെ ബാക്കിയുള്ള പ്രദേശങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭയും റിസോഴ്സ് മാപ്പിംഗും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര സാധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായി വികസനത്തിന് വേണ്ടിയുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർ പ്ലാനിനെ കണക്കാക്കാം. താഴെപ്പറയുന്ന മാസ്റ്റർ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

1. കോവളം - പൂവാർ ടൂറിസം കോറിഡോർ
2. അഡ്വാൻസ് വിഷൻ & ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം
3. ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി & സറൗണ്ടിംഗ്
4. പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ഫോർ മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ

ടൂറിസം വകുപ്പ് തയ്യാറാക്കി വരുന്ന മാസ്റ്റർ പ്ലാനുകളുടെ വിവരം സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി നയം

23 (*53) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നയത്തിന് രൂപം കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ വൈദ്യുതി നയം നിലവിൽ വരുന്നതോടെ കെ.എസ്.ഇ.ബി.-യുടെ ചെലവുകൾ എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങളാണ് സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഈ നയം മാറ്റത്തിലൂടെ വൈദ്യുതി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടാമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഉണ്ട്. അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വൈദ്യുതനയത്തിന്റെ കരട് പൊതു അഭിപ്രായങ്ങൾ ആരായുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പുതിയ വൈദ്യുതിനയം നിലവിൽ വരുന്നതോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവുകൾ എത്രത്തോളം കുറയ്ക്കാനാകും എന്ന് കണക്കാക്കിയിട്ടില്ല.

(സി) നിലവിൽ പൊതുമേഖല മാത്രമായി കൈകാര്യം ചെയ്യുന്ന ഏതെങ്കിലും മേഖലയിലെ പ്രവർത്തനങ്ങൾ സ്വകാര്യ മേഖലയിലേയ്ക്ക് കൈമാറാൻ കരട് വൈദ്യുതനയം വിഭാവനം ചെയ്യുന്നില്ല. വൈദ്യുതി ഉല്പാദന രംഗത്ത് സ്വകാര്യ പങ്കാളിത്തം നിലവിലുള്ള രീതിയിൽ തുടർന്നും പ്രോത്സാഹിപ്പിക്കാൻ നയം ലക്ഷ്യമിടുന്നുണ്ട്.

(ഡി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രാഥമിക ഊർജ്ജ സ്രോതസ്സുകളിൽനിന്നും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി വരും വർഷങ്ങളിലെ സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത പൂർണ്ണമായും നിറവേറ്റുക എന്നതാണ് കരട് വൈദ്യുതിനയം 2019 ലക്ഷ്യമിടുന്നത്. പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ, സംഭരണ ശേഷിയോടുകൂടിയ ജലനിലയങ്ങൾ വികസിപ്പിക്കുക, പുനരുപയോഗ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി വിഹിതം വർദ്ധിപ്പിക്കുക, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുതി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക, നിർമ്മാണംസ്തംഭനത്തിലായ പദ്ധതികൾ ത്വരിതപ്പെടുത്തുക, നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥാപിതശേഷിയും സംഭരണ ശേഷിയും വർദ്ധിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങളിലൂടെ ഗുണമേന്മയുള്ള വൈദ്യുതി 24X7 അടിസ്ഥാനത്തിൽ വർഷം മുഴുവൻ കുറഞ്ഞ ചെലവിൽ ലഭ്യമാക്കാനാണ് കരട് നയം വിഭാവന ചെയ്യുന്നത്. കേരളത്തിലെ വൈദ്യുതി മേഖലയിൽ വിവിധ തരത്തിലുള്ള വൈദ്യുതി ഉല്പാദന രീതികൾ സമന്വയിപ്പിച്ച് സ്വയംപര്യാപ്തതയിൽ എത്തുക എന്നതാണ് ലക്ഷ്യം.

**ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനം**

24 (*54) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള സംരംഭകത്വസഹായ പദ്ധതി പ്രകാരം ഒരു സംരംഭകന് ലഭിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആരംഭിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പശ്ചാത്തല വികസന പദ്ധതികൾ

- പരമാവധി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുത്തിയുള്ള വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും
- ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണം
- സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനം
- പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുവാനും വിപണനം ചെയ്യുന്നതിനും വേദി ഒരുക്കുക
- വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുക

2. സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ നിലവിലുണ്ടായിരുന്ന സംസ്ഥാന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സംരംഭ സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

3. ഇ.ഡി.ക്ലബ്ബ്

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

4. ഇൻകുബേഷൻ സെന്ററുകൾ

പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ

യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

5. <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം</u>

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാംവിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവസംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം ലോൺ എടുത്ത് ആരംഭിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു.

(സി) എം.എസ്.എം.ഇ. മേഖലയിലെ സംരംഭകർക്കായി എൽ.ഐ.സി.-യുമായി ചേർന്നുകൊണ്ട് ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന നിലയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി 8-5-2018-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ.)നമ്പർ 526/2018/വ്യവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതി പ്രകാരം വ്യവസായ സംരംഭകന്റെ വിഹിതമായി 100 രൂപയും സർക്കാർ വിഹിതമായിട്ടുള്ള 100 രൂപയും ഉൾപ്പെടെ 200 രൂപ വ്യവസായ വാണിജ്യ ഡയറക്ടർ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് നൽകിയാണ് ഈ പദ്ധതി പ്രാവർത്തികമാക്കിവരുന്നത്.

## പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനം

25 (*55) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എസ്. ശർമ്മ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ ഉന്നമനത്തിനായി എന്തെല്ലാം ക്രിയാത്മക നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി)പരമ്പരാഗത വ്യവസായങ്ങളെ കാലാനുസൃതമായി നവീകരിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി ബഹുമുഖ പ്രവർത്തനങ്ങളാണ് കേരള സർക്കാർ നടപ്പിലാക്കിവരുന്നത്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം) എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും സാമ്പത്തിക സഹായത്തിലും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നു. ഇപ്രകാരം നൽകുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശല തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ചു നൽകുക, പരിശീലനം നൽകുക, ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു.

മേൽപ്പറഞ്ഞ രീതിയിൽ സംസ്ഥാന സ്ഥാപനങ്ങൾവഴി മേഖലയെ പരിപോഷിപ്പിക്കുന്നതിനും കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ' ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നുവരുന്നു. അത് പ്രകാരം പുതുതായി ആരംഭിക്കുന്ന കരകൗശല സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക ഗ്രാന്റായി നൽകുന്നു.

കരകൗശല മേഖലയിൽ പണിയെടുക്കുന്ന 10000 കരകൗശല തൊഴിലാളികൾക്ക് 10000 രൂപയുടെ ടൂൾ കിറ്റുകൾ സൗജന്യമായി നൽകുന്ന പദ്ധതി പുരോഗമിക്കുകയാണ്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി 20 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തിവരുന്നു. ഈ പരിപാടിയിലൂടെ 270-ഓളം ആർട്ടിസാന്മാർക്ക് പരിശീലനം നൽകുകയും 110-ഓളം പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുകയും ചെയ്തു.

കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽപ്പന നടത്തി വിപണനം വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലായി 38 എക്സിബിഷനുകൾ, 9 ക്രാഫ്റ്റ് ബസാറുകൾ എന്നിവയും സംഘടിപ്പിച്ചു. 3000-ഓളം ആർട്ടിസാന്മാർക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെ കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവെയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി 25 ക്രാഫ്റ്റ് അവെയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു.

ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കരകൗശലവികസന കോർപ്പറേഷൻ, KAIRALI HANDICRAFTS എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കിക്കൊണ്ട് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വൻകിട ഹോട്ടലുകളിലും ഡിസ്പ്ലേ കിയോസ്കുകൾ/ഷോറൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഇരുമ്പ് പണിയിലും മരപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാന്മാർക്ക് നൂതന സാങ്കേതിക വിദ്യയും ആധുനിക മെഷീനറികളും ഉപയോഗപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുസേവന കേന്ദ്രങ്ങൾ കാഡ്കോ

സ്ഥാപിച്ചുവരുന്നു. കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി തറികളുടെ നിർമ്മാണം, റിപ്പയർ എന്നിവ കാഡ്കോ ഏറ്റെടുത്ത് നടത്തുന്നു. പരമ്പരാഗത ഗ്രാമ വ്യവസായങ്ങളിലൊന്നായ മുള മേഖലയിൽ കരകൗശലക്കാരുടെ നൈപുണ്യ വികസനത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനുമായി കേരള സംസ്ഥാന ബാംബൂ മിഷൻ നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, വിപണന മേളകൾ സംഘടിപ്പിക്കുക തുടങ്ങിയവ നടത്തിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഏകദേശം 4800-ഓളം നെയ്ത്ത് തൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല സംഘങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിക്കാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി ആരംഭഘട്ടത്തിൽ തറി റിപ്പെയറിംഗിനും മറ്റു ചെലവുകൾക്കുമായി ഓരോ തറികൾക്കും 4,000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 87 കോടിയിലധികം രൂപ കൂലിയിനത്തിൽ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട് കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് 'യുവ വീവ് പദ്ധതി.' 18-നും 40-നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇതുവരെ കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലായി 15 ബാച്ചുകളിലായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു തറി ' പദ്ധതി പ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും 43 കൈത്തറി നെയ്ത്ത് സംഘങ്ങളിലെ നെയ്ത്തുകാർക്കുമായി ആകെ 322 പുതിയ തറികൾ വാങ്ങാൻ 108.66608 ലക്ഷം രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. കൈത്തറി ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് ഹാന്റക്സ് 'കൈത്തറി സുരക്ഷാ ' പദ്ധതി.

കേരളത്തിലെ കൈത്തറി ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം 120 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി (Production Incentive) പ്രകാരം 2016-17 വർഷത്തിൽ 311.72 ലക്ഷം രൂപയും 2017-18 വർഷത്തിൽ 860.36 ലക്ഷം രൂപയും 2018-19 വർഷത്തിൽ 500 ലക്ഷം രൂപയും അർഹരായ ഗുണഭോക്താക്കൾക്ക് നൽകി.

കൈത്തറി മേഖലയിൽ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ വിഭാവന ചെയ്തിരിക്കുന്ന പദ്ധതിയാണ് 'സ്വയംതൊഴിൽ സംരംഭം'. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1,50,000 രൂപയും സർക്കാർ ഗ്രാന്റായി നൽകിവരുന്നു.

സംരംഭകത്വ അഭിരുചിയുള്ള യുവതീയുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200-ൽ അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗത മേഖലയിൽ തൊഴിൽ നേടിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തന മികവ് അവലോകനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുകവഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്. 2017-18 വർഷം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ ഈ പദ്ധതി വഴി 3 കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതല അവാർഡുകളും 10 കൈത്തറി സംഘങ്ങൾക്ക് ജില്ലാതല അവാർഡുകളും നൽകുകയുണ്ടായി. സംസ്ഥാന തലത്തിൽ അവാർഡ് തുക 1 ലക്ഷം രൂപ വീതവും ജില്ലാതലത്തിൽ 50,000 രൂപ വീതവും വിതരണം ചെയ്യുകയുണ്ടായി. കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബങ്ങൾ എന്നിവരുടെ

ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആദ്യമായി 2017-18-ൽ നടപ്പിലാക്കിയ പദ്ധതിയാണ് Weaver's Fest.

ഖാദി മേഖലയിൽ 'എന്റെ ഗ്രാമം ' പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് 25%, 30%, 40% മാർജിൻ മണി ഗ്രാന്റ് നൽകുന്നു. ഇത് കൂടാതെ ഖാദി വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഖാദി മേഖലയിൽ ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1,500 രൂപയായി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് നൽകുന്നത്, റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, ഖാദി ഗ്രാമം പദ്ധതി തുടങ്ങിയവ നടത്തിവരുന്നു.

കയർപിരി മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ഇതിന്റെ ഭാഗമായി ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കി സംഭരിച്ച് വിപണനം നടത്തുന്നതിനായി പ്രൈസ് ഫ്ലക്ചുവേഷൻ സ്കീം നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ കശുവണ്ടി വികസന കോർപ്പറേഷന് ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനും അടഞ്ഞുകിടന്ന ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും ഓണം ബോണസ് നൽകുന്നതിനുമായി 30 കോടി രൂപയും ഫാക്ടറികളുടെ തുടർച്ചയായ പ്രവർത്തനത്തിനും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുമായി 30 കോടി രൂപയും ബാങ്കുകൾക്ക് ബാദ്ധ്യതയായ തുക ഒറ്റത്തവണയായി തീർപ്പാക്കാൻ 80 കോടി രൂപയും 2017-18-ൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗീക യന്ത്രവൽക്കരണത്തിനുമായി 40 കോടി രൂപയും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് 35 കോടി രൂപയും ഓണം ബോണസ് വിതരണത്തിനായി 10 കോടി രൂപയും 2018-19-ൽ സി.ഡി.സി. ബ്രാൻഡ് ബിൽഡിംഗിനുവേണ്ടി 50 ലക്ഷം രൂപയും 2011-12 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 16.5 കോടി രൂപയും അനുവദിച്ചു.

കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ

ഉല്പാദിപ്പിക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകി.

(ബി) പരമ്പരാഗത വ്യവസായങ്ങളെ കാലാനുസൃതമായി നവീകരിക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും സംഭരിച്ച് വിപണനം നടത്തുന്നതിനും പലവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കേരളത്തിലെ കരകൗശല മേഖലയെ നവീകരിക്കുന്നതിനായി പ്രധാന ഉല്പന്നങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന മേഖലകളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കലാമേന്മയുള്ള കരകൗശല ഉല്പന്നങ്ങളെ സുവനീറുകളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ പൊതുസേവന കേന്ദ്രങ്ങൾ (CFC) സ്ഥാപിക്കുക, ദേശീയ വർക്ക് ഷോപ്പ്, എക്സിബിഷനുകൾ, ഖാദി ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചാരണം കൂടാതെ ഉത്സവ കാലങ്ങളിൽ പ്രത്യേക മേളകൾ, സമ്മാന പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു. മുള മേഖലയിലെ കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷനും കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനുമായി ചേർന്ന് ഒരു 'ബാംബൂ സപ്ലൈ ചെയിൻ' രൂപീകരിച്ചു വരുന്നു. കൂടാതെ തനതായ കരകൗശല മേഖലയുടെ പുനരുദ്ധാരണത്തിനും നിലനില്പിനുംവേണ്ടി വ്യവസായ വാണിജ്യ വകുപ്പ് 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാട് ഇന്ദിരാ ഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽവച്ച് മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചു.

ഇടനിലക്കാരില്ലാതെ ഗുണനിലവാരമുള്ള കശുവണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പക്സിനും കെ.എസ്.സി. ഡി.സി.-ക്കും സ്വകാര്യ മേഖലയിലും വിതരണം ചെയ്ത് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സർക്കാർ പദ്ധതി വിഹിതത്തിൽ ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് മതിയായ തുക വകയിരുത്തി നൽകിയിട്ടുണ്ട്.

കശുവണ്ടി വ്യവസായ മേഖലയെ കാലാനുസൃതമായി നവീകരിക്കുന്നതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ നിലവിലുള്ള തട്ട് ബോർമ്മകൾക്ക് പകരം ഇലക്ട്രിക് ബോർമ്മ, ഹോട്ട് എയർ ബോർമ്മ എന്നിവയുടെ സ്ഥാപനം നടത്തിയിട്ടുണ്ട്. കയറ്റുമതി ചെയ്യുന്ന പരിപ്പ് ടിന്നിൽ ഫിൽ ചെയ്ത് അയയ്ക്കുന്നതിന് പകരമായി ഫ്ളെക്സി പായ്ക്കിംഗ് സിസ്റ്റം കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രോസസ്സിംഗ് വിഭാഗത്തിൽ ഭാഗികമായ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും കോർപ്പറേഷൻ ഫാക്ടറികൾ ISO നിലവാരത്തിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനം, നവീകരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള 40 കോടി രൂപ വിനിയോഗിച്ച് ഫാക്ടറികളുടെ അടിസ്ഥാനസൗകര്യ വികസനം, നവീകരണ പദ്ധതികൾ, ഫില്ലിംഗ്-പായ്ക്കിംഗ് ഷെഡ്ഡുകളുടെ സ്ഥാപനം, പാർഷ്യൽ മെക്കനൈസേഷൻ, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ സ്ഥാപനം, ഡൈനിംഗ് ഹാൾ, തൊട്ടിപ്പുര, ഷെഡ്ഡുകളുടെ നവീകരണം, ആവശ്യത്തിന് ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയും സാധ്യമാക്കി. കശുവണ്ടി ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം ലക്ഷ്യമിട്ട് പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂവിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉല്പന്നങ്ങളായ ചോക്കോ കാജു, മിൽക്കി കാജു എന്നിവയും ഉല്പാദിപ്പിച്ചുവരുന്നു. കശുവണ്ടി പരിപ്പ് ഉപയോഗിച്ച് ചിൽഡ്രൻസ് വിറ്റ എന്ന പുതിയ ഒരു മൂല്യ വർദ്ധിത ഉല്പന്നംകൂടി ഉല്പാദിപ്പിച്ചിട്ടുണ്ട്. കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സോഡാ, കാഷ്യൂ പൈൻ ജാം എന്നിവയും 2018 വർഷം വിപണിയിൽ ഇറക്കിയിട്ടുള്ളതാണ്. കശുവണ്ടി പരിപ്പിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനുമുള്ള ദേശീയ പുരസ്കാരം സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 2017-18 വർഷം ലഭിച്ചിട്ടുണ്ട്. കശുവണ്ടി പരിപ്പ് വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള നടപടികൾ പുനരാരംഭിച്ചിട്ടുള്ളതും കഴിഞ്ഞ 2 വർഷങ്ങളിലായി ദുബായ്, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് 14 കണ്ടെയ്നർ കശുവണ്ടി പരിപ്പ് കയറ്റി അയച്ചിട്ടുള്ളതുമാണ്.

വളരെയേറെ ജനപ്രിയമായ കൈത്തറി ഉല്പന്നങ്ങളായ റോയൽ വേഷ്ടികൾ, ഒറ്റമുണ്ടുകൾ, കാവികൾ, കളർ സാരികൾ, ഫർണിഷിംഗ് & ഷർട്ടിംഗ്സ് മുതലായവയ്ക്ക് ന്യായമായ കൂലിയുടെ അടിസ്ഥാനത്തിൽ വില ഉറപ്പാക്കി ഉല്പാദനം, സംഭരണം, വിപണനം എന്നിവ നടപ്പിലാക്കുന്നതിനായി ഹാന്റക്സ്/ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ധനസഹായം എന്നിവ നൽകുന്നു. ഉല്പന്നങ്ങളുടെ നവീകരണം (മൂല്യവർദ്ധന) ലക്ഷ്യമാക്കി കലാപരമായ കൈത്തറി പ്രോത്സാഹന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം മികച്ച കലാമൂല്യമുള്ള ഉല്പന്നങ്ങൾ നെയ്തെടുക്കാൻ നെയ്ത്തുകാരെ പരിശീലനം നൽകി പ്രാപ്തരാക്കി അവർ നെയ്യുന്ന ഉല്പന്നങ്ങളിൽ ഏറ്റവും മികച്ചതിന് അവാർഡുകൾ നൽകി പ്രോത്സാഹിപ്പിച്ച് വരുന്നു. കൈത്തറി ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സംസ്ഥാനത്തും പുറത്തും നടക്കുന്ന എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്നു. കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കയറ്റുമതി വിപണന ധനസഹായവും നൽകി വരുന്നു.

(സി) പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിലാളികളെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് S&SS സ്കീം വഴി കാഡ്കോയ്ക്ക് ലഭിക്കുന്ന വർക്കുകൾ നൽകിവരുന്നു. പരമ്പരാഗത മേഖലയിലെ കയർ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്ന തിനായി വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പാക്കിവരുന്നു. 1-1-2019 മുതൽ പരമ്പരാഗത കയർപിരി മേഖലയിലെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ പരമ്പരാഗത ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 8-5-2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.

കശുവണ്ടി മേഖലയിലെ ഫാക്ടറി ജീവനക്കാർക്കും ഹെഡ് ഓഫീസ് ജീവനക്കാർക്കും ശമ്പള വർദ്ധനവിന്റെ കരാർ നടപ്പിലാക്കിയിട്ടുണ്ട്. അതുപോലെ മിനിമം വേജസ് ആക്ട് പ്രകാരം തൊഴിലാളികൾക്ക് 2015 മാർച്ച് മാസം കൂലി പുതുക്കി നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഖാദി മേഖലയിൽ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്സവബത്ത 1,500 രൂപയായി വർദ്ധിപ്പിക്കുകയും ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട്. ESI, ക്ഷേമനിധി ആനുകൂല്യങ്ങൾ, ഗ്രൂപ്പ് ഇൻഷ്വറൻസ്, എം.ഡി.എ. ഇൻസെന്റീവ്

ഹോളിഡേ വേജസ്, 20 പ്രവൃത്തി ദിവസങ്ങൾക്ക് ഒന്ന് എന്ന നിലയിൽ വേജസ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബീഡി തൊഴിലാളികളുടെ മിനിമം വേതനം 2017-ൽ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിലെ ഉല്പാദനക്ഷമതയുള്ള തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനായി ഉല്പാദന പ്രചോദന പരിപാടി നടപ്പിലാക്കിവരുന്നു. ഒരു ദിവസം നിശ്ചിത അളവിൽ അധികമായി ജോലിചെയ്യുന്ന കൈത്തറി തൊഴിലാളികൾക്ക് അധികം നെയ്യുന്ന ഓരോ മീറ്ററിനും ഇരട്ടി വേതനം നൽകുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയിലൂടെ ആകെ 16.602 കോടി രൂപ തൊഴിലാളികൾക്ക് അധിക കൂലിയിനത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്.

യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 87 കോടിയിലധികം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരാഴ്ച 1,000 രൂപ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. ഏകദേശം 4800-ൽ കൂടുതൽ നെയ്ത്ത് തൊഴിലാളികൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്ത് തൊഴിലാളികൾക്കുള്ള കൂലി DBT സമ്പ്രദായത്തിലൂടെ നേരിട്ട് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നു.

## വിനോദസഞ്ചാര മേഖലയെ ഹർത്താലുകളിൽനിന്നും ഒഴിവാക്കാൻ നടപടി

26 (*56) ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ വിനോദസഞ്ചാര മേഖലയെ എപ്രകാരമാണ് ബാധിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരമേഖലയെ തകർക്കുന്ന മിന്നൽ ഹർത്താലുകൾ, പണിമുടക്ക് എന്നിവയോട് സഹകരിക്കേണ്ട എന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കണമെന്ന് സർക്കാർ രാഷ്ട്രീയ പാർട്ടികളോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പ്രതികരണം എന്താണ് എന്നറിയിക്കാമോ;

(ഡി) ജനുവരി 8, 9 തീയതികളിൽ നടന്ന ദേശീയ പണിമുടക്കിൽനിന്നും ടൂറിസം മേഖലയെ ഒഴിവാക്കി എന്ന് പ്രഖ്യാപിച്ചെങ്കിലും അതിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകാത്തതിനാൽ പ്രസ്തുത സമരം ടൂറിസം മേഖലയ്ക്ക് കനത്ത നഷ്ടം ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) വിദേശ പൗരന്മാരോട് അവരുടെ രാജ്യങ്ങൾ കേരളം സന്ദർശിക്കുന്നതിൽനിന്നും വിട്ട് നിൽക്കണമെന്ന നിർദ്ദേശം നൽകിയിട്ടുള്ളത് സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കനത്ത തിരിച്ചടിയായ സാഹചര്യത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് സംരക്ഷണം നൽകുന്നതിനും അടിയന്തര നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഹർത്താൽ ദിവസങ്ങളിൽ റോഡ് വഴിയുള്ള വാഹന ഗതാഗതം തടസ്സപ്പെടുന്നതും ഹോട്ടലുകൾ ഉൾപ്പെടെയുള്ള കടകൾ തുറന്നു പ്രവർത്തിക്കാത്തതും വിനോദസഞ്ചാരികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ അഭ്യർത്ഥി ച്ചിരുന്നു. ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും അനുകൂല നിലപാടാണ് സ്വീകരിച്ചത്.

(ഡി) ജനുവരി 8, 9 തീയതികളിൽ നടന്ന ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വിനോദസഞ്ചാരികൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. ഈ ദിനങ്ങളിൽ ടൂറിസ്റ്റുകൾക്ക് എതിരെയുള്ള ആക്രമണങ്ങളൊന്നും വിനോദസഞ്ചാര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനസൗകര്യങ്ങളുടെ അഭാവവും കടകൾ തുറന്നുപ്രവർത്തിക്കാത്തതും വിനോദ സഞ്ചാരികളെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ടൂറിസം മേഖലയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുമുണ്ട്.

(ഇ) ഹർത്താലിൽനിന്നും ടൂറിസം മേഖലയെ ഒഴിവാക്കണമെന്ന സർക്കാരിന്റെ അഭ്യർത്ഥനയിന്മേൽ രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ അനുകൂല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന**

27 (*57) ശ്രീ. എം. നൗഷാദ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനും വൈദ്യുതി വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) മറ്റ് എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു:

(1) പാർലമെന്റ് അംഗങ്ങൾ സമഗ്രവികസനത്തിനായി സൻസദ് ആദർശ് ഗ്രാമ യോജനയിൽ (SAGY) ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജുകളിലെ വൈദ്യുതി പ്രവൃത്തികൾ

(2) കേടായതും പഴയതുമായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ട്രാൻസ്ഫോർമർ മീറ്ററുകൾ വയ്ക്കുക, ഫീഡർ മീറ്ററുകൾ വയ്ക്കുക തുടങ്ങിയവ

(3) ബി.പി.എൽ. കണക്ഷനുകൾ അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ ചെയ്ത് സൗജന്യമായി നൽകുക

(4) ഗ്രാമപ്രദേശങ്ങളിലെ ഉപ-പ്രസരണ വിതരണം ശൃംഖലയുടെ ശാക്തീകരണ പ്രവൃത്തികൾ.

(സി) ഗ്രാമീണ മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ് പദ്ധതിയിൽപ്പെടുന്നത്. എന്നാൽ പദ്ധതി പ്രകാരം കേരളത്തിന് അനുവദിച്ച ടാർജറ്റ് പ്രകാരമുള്ള മുഴുവൻ കണക്ഷനുകളും ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി നേരിടാനുള്ള നടപടികൾ**

28 (*58) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തിക അച്ചടക്കമില്ലായ്മയും അഴിമതിയും മൂലമുണ്ടായ ഭീമമായ സാമ്പത്തിക ബാധ്യത ഏറ്റെടുത്തുകൊണ്ട് അധികാരത്തിലെത്തിയ ഈ സർക്കാർ, കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളുടെയും അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പാക്കിയതിന്റെയും ഫലമായി സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗുരുതരവും സങ്കീർണ്ണവുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ യാതൊരു കുറവും വരുത്താതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കുന്നതിനും അഴിമതിയും ധൂർത്തും ഇല്ലാതാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അഴിമതിയും സാമ്പത്തിക കെടുകാര്യസ്ഥതയുംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി താറുമാറായിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കൂടാതെ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യവും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചു. ടി സാമ്പത്തിക മുരടിപ്പ് തരണം ചെയ്യുന്നതിനായി ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിലുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സമാനതകളില്ലാത്ത ഈ നിക്ഷേപം ഉളവാക്കുന്ന സാമ്പത്തിക ഉത്തേജനം സാമ്പത്തിക മാന്ദ്യത്തിന് ഒരു മറുമരുന്നാകും. 41,326 കോടി രൂപയുടെ പദ്ധതികൾ KIIFB ഇതിനോടകം അംഗീകാരം നൽകിക്കഴിഞ്ഞു.

സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2,500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും. പല പദ്ധതികളിലുംപെടുത്തി നിർമ്മാണം നടത്തി പൂർത്തീകരിക്കാതെ കിടന്ന 54281 വീടുകളാണ് കണ്ടെത്തിയിരുന്നത്. അവയിൽ 49482 വീടുകൾ ഇതിനോടകം പൂർത്തിയാക്കിക്കഴിഞ്ഞു. 184255 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി കണ്ടെത്തിയത്. ഇവരിൽ രേഖകൾ സമർപ്പിച്ച് സഹായത്തിന് അപേക്ഷിച്ച 79158 പേർക്ക് ഒന്നാം ഗഡു വിതരണം നടന്നുവരുന്നു.

പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി, കയർ, കശുവണ്ടി വ്യവസായം തുടങ്ങിയവയ്ക്കും നെല്ല് സംഭരണം, തരിശുഭൂമിയിൽ കൃഷിയിറക്കൽ, നാളികേര വികസനം, വിളകളുടെ ആരോഗ്യ പരിപാലനം, ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കൽ, വ്യാവസായികാടിസ്ഥാനത്തിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് നൂതന സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുക, റബ്ബർ ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും കാലിത്തീറ്റ സബ്സിഡിക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും മുന്തിയ പരിഗണന ഉറപ്പുവരുത്തുന്നതിനും 2018-19-ലെ ബഡ്ജറ്റിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് നിയമങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി.

വൻകിട ഇടത്തരം ജലസേചന പദ്ധതികളോടൊപ്പം പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുന്നതിനും കനാലുകൾ നവീകരിക്കുന്നതിനും സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ജലസേചന ആവശ്യങ്ങൾക്ക് ഒരു പരിധി വരെ മേൽ പദ്ധതികൾ പര്യാപ്തമാകും.

2018-19-ൽ 37,247.99 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന പദ്ധതി അടങ്കൽ 29,150 കോടി രൂപ വരും. ഗ്രാമവികസനത്തിന് 226.04 കോടി രൂപയുടെയും കാർഷിക മേഖലയ്ക്ക് 155.12 കോടി രൂപയുടെയും വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 7,000 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽനിന്നും വ്യതിചലിക്കാതെയുമുള്ള ധന മാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ചു പോരുന്നത്.

(സി) സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

**ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം**

29 (*59) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് പ്രദേശത്ത് നടക്കുന്ന കരിമണൽ ഖനനം മൂലം ആലപ്പാടിന്റെ വിസ്തൃതി ചുരുങ്ങി വരുന്നു എന്നുള്ള റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുമതി നല്കിയപ്പോഴുള്ള വ്യവസ്ഥകളെല്ലാം പാലിച്ചാണോ ആലപ്പാട് മേഖലയിൽ ഖനനം നടത്തുന്നതെന്നും ആയത് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് നികത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഖനനം നടന്ന സ്ഥലത്തെ ഭ്രവിസ്തൃതി നഷ്ടപ്പെടാതിരിക്കുന്നതിനും കടൽവെള്ളം കയറി കൃഷിനാശം സംഭവിക്കാതിരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): (എ) ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആലപ്പാട് പ്രദേശത്തെ ജനങ്ങളുടെ ആശങ്കയും സമിതിയുടെ റിപ്പോർട്ടും കണക്കിലെടുത്ത് 16-1-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് അംഗീകരിച്ചുനൽകുന്ന മൈനിംഗ് പ്ലാൻ അനുസരിച്ചായിരിക്കണം കരിമണൽ ഖനനം നടത്തേണ്ടത്. ഖനനത്തിനാവശ്യമായ പാരിസ്ഥിതികാനുമതി നൽകുന്നത് വനം പരിസ്ഥിതി കാലാവസ്ഥ മന്ത്രാലയമാണ് (MoEF&CC). വനം പരിസ്ഥിതി കാലാവസ്ഥാ മന്ത്രാലയവും സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡുമാണ് Environment Management Plan പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത്. ഇത്തരത്തിലുള്ള ഖനനം മൈൻസ് ആക്റ്റിന്റെ പരിധിയിൽ വരുന്നതിനാൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻ സേഫ്റ്റിയും മൈനിംഗ് സംബന്ധിച്ച നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

(സി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ നികത്തി ഭ്രമി ഉടമസ്ഥർക്ക് തിരികെ നൽകാൻ സർക്കാർ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയുംവേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16-1-2019-ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ.എൽ.-നോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നതായി ഐ.ആർ. ഇ. കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഖനനം നടക്കുന്ന സ്ഥലത്ത് കടൽത്തീരത്തിന് സമാന്തരമായി കടൽഭിത്തി നിർമ്മിച്ച് വന്നിട്ടുള്ളതാണ്. ആയതിന്റെ അറ്റകുറ്റപ്പണികൾ ഖനനം നടത്തുന്ന കമ്പനികളുടെ സഹായത്തോടെ വർഷാവർഷം ചെയ്തുവരുന്നുണ്ട്. കൂടാതെ കടൽത്തീരവർദ്ധനവിനും തീരത്തടിയുന്ന ധാതുക്കൾ ശേഖരിക്കുന്നതിനും കടൽത്തീരത്തിന് ലംബമായി പുലിമുട്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്.

## ധനകാര്യ മാനേജ്മെന്റ്

30 (*60) <u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പുലർത്തിയുമുള്ള ധനകാര്യ മാനേജ്മെന്റാണോ സർക്കാർ നയം എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നയത്തിന് അനുസൃതമായി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(സി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് കൊണ്ടുവന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്ന നടപടി വിജയപ്രദമാണോ; വിശദമാക്കുമോ;

(ഇ) റവന്യൂ ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കമ്മി നിയന്ത്രണ വിധേയമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സമൂഹത്തിന്റെ എല്ലാ തുറകളിൽപ്പെട്ടവരെയും സ്പർശിക്കുന്നതും സമഗ്ര വികസനം സാദ്ധ്യമാക്കുന്നതും അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ കവചം ഒരുക്കുന്നതുമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി തുടരുന്ന വരവിന്റേയും ചെലവിന്റേയും വളർച്ചാ നിരക്കുകൾ തമ്മിലുള്ള അന്തരം വർദ്ധിക്കുന്നത് മൂലമുള്ള അസന്തുലിതാവസ്ഥ മേൽ നടപടികൾക്ക് ഒരു പ്രതിബന്ധമാണ്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളിലൂടെ ടി പ്രതിസന്ധി തരണം ചെയ്യുകയെന്നതാണ് സർക്കാർ നയം. വരുമാനവും പൊതുനിക്ഷേപവും വർദ്ധിപ്പിച്ചും അനാവശ്യവും ധൂർത്തുനിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ചും സർക്കാർ ചെലവ് ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുന്നതിന് ഉതകുന്ന ധനകാര്യ മാനേജ്മെന്റാണ് സർക്കാർ പിന്തുടർന്നുവരുന്നത്.

(ബി) സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട പ്രധാന നടപടികൾ ഇവയാണ്.

1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി
3. നികുതിച്ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി
5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് സാധിച്ചു.

(സി) അത്തരമൊരു സാഹചര്യവുമില്ല. എന്നാൽ ഏറ്റവും അനവധാനതയോടുകൂടി GST നടപ്പിൽ വരുത്തിയതുമൂലമുള്ള പ്രയാസങ്ങൾ നേരിടുന്നുണ്ട്. ആയവ പരിഹരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള ജാഗ്രത സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്.

(ഡി) വായ്പ എടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കുകയെന്ന് ലക്ഷ്യം മുൻനിർത്തി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബി-യും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 41,326 കോടി രൂപയുടെ 512 പദ്ധതികൾക്ക് ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ ഇവയിൽ 232 പദ്ധതികൾ ടെണ്ടർ ചെയ്യുകയും 185 പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമാനതകളില്ലാത്ത ഈ നിക്ഷേപം സമ്പദ്ഘടനയ്ക്ക് ഒരു ഉത്തേജനം പ്രദാനം ചെയ്തിട്ടുണ്ട്.

(ഇ) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണം വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നവകേരള സൃഷ്ടി

1 (372) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരള പുനഃസൃഷ്ടിക്കായി ധന സമാഹരണം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) നവകേരള സൃഷ്ടിക്കായി സംസ്ഥാന ജി.എസ്.ടി.യിൽ ഒരു ശതമാനം സെസ് ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ;

(സി) നവ കേരള സൃഷ്ടിക്കായുള്ള ധന സമാഹരണം തടയുന്നതിന് കേന്ദ്ര സർക്കാർ ഏതൊക്കെ രീതിയിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നിതിനായും നവകേരള സൃഷ്ടിക്കായും വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോക ബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ ലോക ബാങ്കിനോട് 'നോ ഒബ്ജക്ഷൻ' ശിപാർശ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10 ശതമാനം സെസ് ഏർപ്പെടുത്താൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ഒരു ശതമാനം പ്രളയനികുതി ഏർപ്പെടുത്താൻ ജി.എസ്.ടി. കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ട്. കൂടാതെ RIDF, NIDA, HUDCO എന്നിവിടങ്ങളിൽനിന്ന് ലഭ്യമാകുന്ന വായ്പയും LSGI വികസന ഫണ്ടിൽനിന്നുള്ള തുകയും പദ്ധതി പുനഃക്രമീകരിക്കുന്നതിലൂടെ ലഭിക്കുന്ന തുകയും പുനർനിർമ്മാണത്തിനായി വിനിയോഗിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) ജി.എസ്.ടി.-ക്കുമേൽ സെസ് ഏർപ്പെടുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം ജി.എസ്.ടി. കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ഇതിൽനിന്നും രണ്ടുകൊല്ലംകൊണ്ട് ഏകദേശം 1,000 കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ചില വിദേശരാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി അനുമതി നൽകണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് കേന്ദ്രത്തിൽനിന്നും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല.

**നികുതി വരുമാനത്തിലുണ്ടായ കുറവ്**

2(373) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം വ്യാപാര-വ്യവസായ മേഖലയ്ക്ക് ആഘാതം സൃഷ്ടിച്ചിട്ടുണ്ടോ; ഇതുകാരണം നികുതി വരുമാനത്തിൽ കുറവു വന്നിട്ടുണ്ടോ;

(ബി) ഈ വരുമാനനഷ്ടം എങ്ങനെ പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയം പൊതുവേ കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ ശരാശരി മാസ ജി.എസ്.ടി. വരുമാനം ഏകദേശം 650 കോടി രൂപയാണ്. എന്നാൽ പ്രളയത്തെത്തുടർന്ന് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 527.21 കോടി രൂപയും 525.30 കോടി രൂപയുമാണ്. പ്രളയത്തെത്തുടർന്ന് യഥാസമയം നികുതി റിട്ടേൺ ഫയൽ ചെയ്യാൻ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നുവെന്ന് വ്യാപാരികൾ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് 2018 സെപ്റ്റംബർ മാസം വരെയുള്ള റിട്ടേൺ ഫയൽ ചെയ്യേണ്ട തീയതി 2019 മാർച്ച് 31 വരെ ദീർഘിപ്പിക്കുകയുണ്ടായി. 2018 ഒക്ടോബറിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് 793.50 കോടി രൂപയാണ്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ എസ്.ജി.എസ്.ടി. നികുതിപിരിവ് ഭാഗികമായി ഒക്ടോബർ മാസത്തിലെ നികുതിപിരിവിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ വ്യാപാരികൾ ഫയൽ ചെയ്യുന്ന നികുതി റിട്ടേണിൽ എല്ലാ വിശദാംശങ്ങളും ലഭ്യമല്ല. ഒരു സംക്ഷിപ്ത വിവരണം മാത്രമേ നിലവിൽ ലഭ്യമാകുകയുള്ളൂ. കൂടാതെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സാധനങ്ങളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാപാരികൾ സ്വമേധയാ തിരുത്തി പുതുക്കിയ റിട്ടേണും നിയമപ്രകാരം ഫയൽ ചെയ്യേണ്ടതുണ്ട്. അത് ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ പ്രളയത്തെത്തുടർന്നുണ്ടായ കൃത്യമായ നികുതി വരുമാന നഷ്ടം തിട്ടപ്പെടുത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാൽ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടില്ല.

(ബി) നികുതി പിരിവിനെ പ്രളയം സാരമായി ബാധിച്ചിട്ടില്ല എങ്കിലും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ(അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.
4. റിട്ടേൺ സ്കൂട്ടിനി കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
6. നികുതിച്ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.
7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.
8. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.
9. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.
10. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

11. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെതുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. അതുകൊണ്ട് അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു.

**ധനകാര്യ പരിശോധനയിന്മേലുള്ള തുടർ നടപടി**

3 (374) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗം മറ്റ് വകുപ്പുകളിൻകീഴിലുള്ള ഓഫീസുകളിൽ പരിശോധന നടത്തി തെളിവുസഹിതം കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്ത് അയക്കുന്ന റിപ്പോർട്ടുകളിന്മേൽ അതതു വകുപ്പുകൾ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(ബി) മറ്റ് വകുപ്പുകൾ തുടർനടപടി സ്വീകരിക്കാൻ കാലതാമസമുണ്ടാക്കിയാൽ ഇതിന് പരിഹാരമായി എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) കഴിഞ്ഞ വർഷം ഇത്തരത്തിൽ എത്ര റിപ്പോർട്ടുകൾ തുടർനടപടി ശിപാർശ ചെയ്ത് വകുപ്പുകളിലേക്ക് അയച്ചിട്ടുണ്ടെന്നും അവയിൽ നടപടി സ്വീകരിച്ചതായി റിപ്പോർട്ട് ലഭിച്ചവ എത്രയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ധനകാര്യ പരിശോധനാ വിഭാഗം നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് മേൽനടപടി ശിപാർശ ചെയ്തുകൊണ്ട് ഭരണവകുപ്പുകൾക്ക് നൽകുന്ന പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ. (പി)നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ. (പി) നമ്പർ 2981/98/ധന തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്ന തിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരുന്നുണ്ട്.

(ബി) 31-7-18 ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ 71/2018 പ്രകാരം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ മനഃപൂർവ്വം കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

(സി) 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ 236 പരിശോധനാ റിപ്പോർട്ടുകൾ തുടർനടപടി ശിപാർശ ചെയ്ത് ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. അവയിൽ 43 എണ്ണത്തിൽ നടപടി സ്വീകരിച്ചതായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്.

**ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച ചെക്കുകൾ മടങ്ങിയ സാഹചര്യം**

4(375) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതികൾക്ക് ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച ചെക്കുകൾ മടങ്ങിയ സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ചെക്കുകളാണ് മടങ്ങിയതെന്നും ഇതിന്റെ ആകെ തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഇത്തരത്തിൽ മടങ്ങിയ ചെക്കുകൾ നൽകിയവരിൽനിന്ന്, വാഗ്ദാനം ചെയ്ത തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ചെക്കുകളിൽ ഒരു ലക്ഷത്തിലധികം തുകയുടെ ചെക്കുകൾ നൽകിയവരുടെ പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ലഭിച്ച ചെക്കുകളിൽ 344 എണ്ണം മടങ്ങിയിട്ടുണ്ട്. ഇതിന്റെ ആകെ തുക 1,66,33,067 രൂപയാണ് (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി അറുപത്തിയേഴ് രൂപ) ടി ചെക്കുകളിൽ 44 പേരാണ് ഒരു ലക്ഷത്തിനുമേൽ തുകയുടെ ചെക്ക് നൽകിയിട്ടുള്ളത്. മടങ്ങിയ ചെക്കുകളിൽനിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്പോൾ പേരുകൾ വെളിപ്പെടുത്തുന്നത് ഉചിതമായിരിക്കില്ല.

**മുദ്രപ്പത്രങ്ങളുടെ ക്ഷാമം**

5 (376) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് രജിസ്ട്രേഷൻ നടപടികൾ കൂടുതലുള്ളതും രണ്ട് രജിസ്ട്രാർമാർ ഉള്ളതുമായ കോതമംഗലത്ത് ചെറിയ വിലകൾക്കുള്ള മുദ്രപത്രങ്ങൾക്ക് ട്രഷറിയിൽ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസികളടക്കം നിരവധിയായ സാധാരണക്കാർക്ക് വിവിധ എഗ്രിമെന്റുകൾ, ജനന മരണ സർട്ടിഫിക്കറ്റുകൾ, സ്കൂൾ സർട്ടിഫിക്കറ്റുകൾ അടക്കമുള്ള ആവശ്യങ്ങൾക്ക് വലിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾ വാങ്ങേണ്ടി വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കോതമംഗലം ട്രഷറിയിൽ എല്ലാ വിലകൾക്കുമുള്ള മുദ്രപത്രങ്ങൾ യഥേഷ്ടം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&സി) 50 രൂപ, 100 രൂപ വിലയുള്ള മുദ്രപ്പത്രങ്ങളുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഈ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ ആവശ്യാനുസരണം സ്റ്റോക്കുള്ള ട്രഷറികളിൽനിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് നൽകി ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

6 (377) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം ഐക്യരാഷ്ട്രസഭയുടെ കണക്കുപ്രകാരം എത്രയെന്നും ലോക ബാങ്ക് കണക്കുപ്രകാരം എത്രയെന്നും ധനകാര്യ വകുപ്പിന്റെ കണക്കുപ്രകാരം എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രളയദുരിതാശ്വാസത്തിനും പുനഃസൃഷ്ടിയ്ക്കുമായി ലോക ബാങ്കിൽ നിന്നോ ഐക്യരാഷ്ട്രസഭയിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ലഭിച്ച സഹായങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ധനകാര്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം പുനഃസൃഷ്ടിക്കായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേരള സംസ്ഥാന പുനഃസൃഷ്ടിക്കായി കേന്ദ്ര സഹായം,വിദേശ വായ്പ, സാലറി ചലഞ്ച്, ക്രൗഡ് ഫണ്ടിംഗ് എന്നിവ ഉപയോഗിച്ച് ലഭിക്കാവുന്നതായി കണക്കാക്കപ്പെട്ട തുക എത്രയെന്നതിന്റെയും ലഭ്യമായ തുക എത്രയെന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ ആർ.ഡി.എൻ.എ. റിപ്പോർട്ടുപ്രകാരവും ഐക്യരാഷ്ട്ര സഭയുടെ പി.ഡി.എൻ.എ. റിപ്പോർട്ട് പ്രകാരവും പ്രളയംമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം യഥാക്രമം 250,50 കോടി രൂപയും 26,996 കോടി രൂപയുമാണ്.

(ബി) ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ ദുരിതാശ്വാസ സഹായമായി ലഭിച്ചിട്ടുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്താനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി. കൗൺസിൽ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നോ ഒബ്ജക്ഷൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വായ്പ സംബന്ധിച്ച് ലോക ബാങ്ക്, എ.ഡി.ബി., കെ.എഫ്.ഡബ്ല്യു. എന്നിവരുമായി ചർച്ചകൾ നടന്നുവരികയാണ്.

(സി) പി.ഡി.എൻ.എ. റിപ്പോർട്ടുപ്രകാരം പുനഃസൃഷ്ടിക്കായി 26,985 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കേരള സംസ്ഥാന പുനഃസൃഷ്ടിക്കായി കേന്ദ്രസഹായം, വിദേശ വായ്പ, സാലറി ചലഞ്ച്, ക്രൗഡ് ഫണ്ടിംഗ് എന്നിവ വഴി പ്രതീക്ഷിച്ച തുകയും ഇതുവരെ ലഭ്യമായ തുകയും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

തുകകോടിയിൽ

| ഇനം | പ്രതീക്ഷിച്ച തുക | ഇതുവരെ ലഭ്യമായ തുക |
|---|---|---|
| കേന്ദ്രസഹായം | 5616* | 2904.85* |
| വിദേശ വായ്പ | 7200** | 400.00# |
| സാലറി ചലഞ്ച് | 2200 | 808.00 |
| ക്രൗഡ് ഫണ്ടിംഗ് | വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്നും സ്പോൺസർഷിപ്പ് മുഖേനയാണ് ക്രൗഡ് ഫണ്ടിംഗ് മോഡൽ നടപ്പിലാക്കുന്നത് | |

*ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച്

** പ്രത്യേക ധനസഹായം വഴി

# ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നോ ഒബ്ജക്ഷൻ അറിയിച്ചിട്ടുണ്ട്.

## അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

7 (378) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാവശ്യചെലവുകൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രളയാനന്തരം അനാവശ്യ ചെലവുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(സി) G.O.(Rt) No. 8190/2018/GAD, GO(Rt) No. 8331/2018/GAD പ്രകാരമുള്ള എയർ കണ്ടീഷൻ സിസ്റ്റം വാങ്ങാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രളയാനന്തരം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; പ്രവൃത്തി അനുവദിച്ച തീയതി, തുക, അനുമതി നൽകിയതാർക്ക് തുടങ്ങിയവ പട്ടിക തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20 ശതമാനം പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾ എന്നിവ ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാക്രമത്തിൽ ഭേദഗതി വരുത്താനും നിശ്ചയിച്ചിരുന്നു.

(സി) സെക്രട്ടേറിയറ്റ് അനക്സ്-1-ൽ നേരത്തെ തുടങ്ങിയതും തുടർന്ന് വന്നതുമായ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായിട്ടാണ് എയർ കണ്ടീഷണറുകൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ്

8 (379) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം 31-12-2018 വരെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

(ബി) മുൻവർഷത്തെ പദ്ധതിച്ചെലവുമായി താരതമ്യപ്പെടുത്തിയുള്ള കണക്കുകൾ ലഭ്യമാക്കാമോ; പദ്ധതിച്ചെലവിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) പദ്ധതി ചെലവ് ഏറ്റവും കുറവ് രേഖപ്പെടുത്തിയ വകുപ്പ് ഏതാണ്; മറ്റ് വകുപ്പുകളെ അപേക്ഷിച്ച് പ്രസ്തുത വകുപ്പിലെ പദ്ധതി ചെലവ് കുറവ് രേഖപ്പെടുത്തിയതിന് എന്താണ് കാരണമായി വിലയിരുത്തുന്നത്; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) 31-12-2018 വരെയുള്ള വിവിധ വകുപ്പുകളുടെ പദ്ധതി ചെലവ് സംബന്ധിച്ച കണക്കുകൾ അനുബന്ധം- I ആയി ചേർത്തിരിക്കുന്നു. *

(ബി) മുൻ വർഷത്തെ പദ്ധതിച്ചെലവുമായി താരതമ്യപ്പെടുത്തിയുള്ള കണക്കുകൾ അനുബന്ധം-II* ആയി ചേർക്കുന്നു. പദ്ധതിച്ചെലവിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) 31-12-2018 വരെയുള്ള പദ്ധതിച്ചെലവ് കണക്കുകൾ പ്രകാരം ഏറ്റവും കുറവ് പദ്ധതി ചെലവ് വരുത്തിയിരിക്കുന്നത് നിയമ വകുപ്പാണ്. നിയമ വകുപ്പിന് രണ്ട് പദ്ധതികളാണുള്ളത്. രണ്ട് പദ്ധതികളുടെയും നിർവ്വഹണച്ചുമതല കെൽട്രോണിനാണ്. പദ്ധതികളുടെ നിർവ്വഹണം നടന്നുവരികയാണ്. അന്തിമ ബിൽ ഫെബ്രുവരി മാസത്തിലാണ് സമർപ്പിക്കുന്നത്. പാർട്ട് ബിൽ സമർപ്പണം കെൽട്രോൺ ചെയ്യുന്നില്ല. അതുകൊണ്ടാണ് നിയമ വകുപ്പിന് പദ്ധതിച്ചെലവ് കുറയാൻ കാരണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അനാവശ്യ ചെലവുകൾക്ക് നിയന്ത്രണം

9 (380) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാവശ്യചെലവുകൾ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രളയാനന്തരം അനാവശ്യചെലവുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) G.O.(Rt) No.8190/2018/GAD, G.O(Rt) No.8331/2018/GAD എന്നിവ പ്രകാരമുള്ള എയർ കണ്ടീഷൻ സിസ്റ്റം വാങ്ങാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രളയാനന്തരം എത്ര കോടിരൂപയുടെ പ്രവൃത്തികളാണ് സെക്രട്ടറിയേറ്റ് ഓഫീസ് നവീകരണത്തിനായി ചെലവഴിച്ചതെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും വിമാനയാത്രക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പ് വർഷത്തെ പദ്ധതിയിൽ 20 ശതമാനം പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾ, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾ എന്നിവ ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാക്രമത്തിൽ ഭേദഗതി വരുത്തുവാനും നിശ്ചയിച്ചിരുന്നു.

(സി) സെക്രട്ടേറിയറ്റ് അനക്സ്-1-ൽ നേരത്തെ തുടങ്ങിയതും തുടർന്ന് വന്നതുമായ നിർമ്മാണ പ്രവൃത്തികളുടെ അനിവാര്യഭാഗമായിട്ടാണ് എയർ കണ്ടീഷണറുകൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) നിയമ, ധനകാര്യ വകുപ്പുകളിൽ ഓഫീസ് നവീകരണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ പൊതുഭരണ വകുപ്പിൽ 20-8-2018 മുതൽ 25-1-2019 വരെയുള്ള കാലയളവിൽ സ.ഉ. (സാധാ)നമ്പർ 265/2019/ പൊ.ഭ.വ. തീയതി 16-1-2019 പ്രകാരം 19,138 രൂപ (പത്തൊമ്പതിനായിരത്തി ഒരുനൂറ്റിമുപ്പത്തിയെട്ട് രൂപ മാത്രം) ഓഫീസ് നവീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

**നികുതിയേതര വരുമാനം**

10 (381) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ നികുതിയേതര വരുമാനം സംബന്ധിച്ച 2018 നവംബർ വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ഇത് പ്രകാരം ഓരോ മേഖലയിലും പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന തുക എത്രയെന്നും പിരിഞ്ഞ് കിട്ടിയ തുക എത്രയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ നികുതിയേതര വരുമാനത്തിൽ കുറവ് വന്ന മേഖലകൾ ഏതൊക്കെയാണ്; കുറവ് വരാനുള്ള കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം ഓരോ മേഖലയിലും പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്ന തുക, 2018 നവംബർ മാസം വരെ പിരിഞ്ഞുകിട്ടിയ തുക എന്നിവ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായശേഷം പൂർണ്ണമായ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഏതെങ്കിലും മേഖലയിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്താനാവൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

11 (382) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) 1-4-2017 മുതൽ 31-3-2018 വരെ ഉണ്ടായ സർക്കാരിന്റെ വരവ് ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ വിഭവ സമാഹരണത്തിനായി വിഭാവനം ചെയ്യപ്പെട്ട പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രളയദുരന്തവുമായി ബന്ധപ്പെട്ട് അധിക വിഭവസമാഹരണത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിയുള്ള ബഹുമുഖ സമീപനമാണ് സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതിയെ പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം കേന്ദ്രഗവൺമെന്റിൽനിന്നുള്ള കൈമാറ്റം ഉൾപ്പെടെ 83,020.14 കോടി രൂപയും ആകെ ചെലവ് 1,10,237.81 കോടി രൂപയുമായിരുന്നു.

(സി) സംസ്ഥാനത്തിന്റെ വിഭവ സമാഹരണത്തിനായി പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളൊന്നും സർക്കാർ രൂപീകരിച്ചിട്ടില്ല.

(ഡി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടു വരുന്നത്. നടപ്പു വർഷത്തെ പദ്ധതിയിൽ 20 ശതമാനം പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും ഈ തുക റോഡുകളുടെയും

കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്താനും നിശ്ചയിച്ചിരുന്നു. സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ധനദൃഢീകരണം സാധ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളും പ്രാബല്യത്തിലുണ്ട്.

പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമ്മാണ വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് പുറമെ 10 ശതമാനം സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ലോക ബാങ്ക്, എ.ഡി.ബി. എന്നിവയിൽനിന്നും വായ്പകൾ ലഭ്യമാക്കുന്നതിനും നിലവിൽ മേൽ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതികളിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക വിനിയോഗിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ RIDF, NDA, HUDCO എന്നിവിടങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ മൂലധനച്ചെലവ്

12 (383) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണമെന്നാണ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഏഴ് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിൽ എത്ര ശതമാനം മൂലധനത്തിൽ നിന്നായിരുന്നുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത മൂലധനച്ചെലവിനെ (BE) അപേക്ഷിച്ച് 14 ശതമാനത്തിന്റെ വർദ്ധനവാണ് നടപ്പുസാമ്പത്തിക വർഷത്തെ മൂലധനച്ചെലവിൽ (BE) പ്രതീക്ഷിച്ചിരുന്നത്.

(ബി) 2011-12 മുതൽ 2017-18 വരെയുള്ള സംസ്ഥാനത്തിന്റെ

മൂലധനച്ചെലവും ആകെ ചെലവും ആകെ ചെലവിൽ മൂലധനച്ചെലവിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
|---|---|---|---|---|---|---|---|
| മൂലധന ച്ചെലവ് | 3852.92 | 4603.29 | 4294.33 | 4254.59 | 7500.04 | 10125.95 | 8748.87 |
| ആകെ ചെലവ് | 50896.08 | 59228.18 | 66244.00 | 76744.12 | 87031.76 | 102382.55 | 110237.81 |
| ആകെ ചെലവിൽ മൂലധന ച്ചെലവി ന്റെ ശതമാനം | 7.57 | 7.77 | 6.48 | 5.54 | 8.62 | 9.89 | 7.94 |

**വായ്പ എടുത്ത തുക**

13 (384) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 ജൂൺ ഒന്ന് മുതൽ കടപ്പത്രങ്ങൾ വഴിയും മറ്റും എന്ത് തുക വായ്പയായി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കടം വാങ്ങിയ തുക ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) വായ്പ എടുത്ത തുക കടബാധ്യത തീർക്കുന്നതിനും മൂലധനചെലവുകൾക്കുമല്ലാതെ ചെലവഴിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് അക്കൗണ്ടന്റ് ജനറൽ സംസ്ഥാനത്തിന്റെ അന്തിമ കണക്കുകൾ തയ്യാറാക്കുന്നത്. അതുപ്രകാരം

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 29,083.55 കോടി രൂപ, 24,429.28 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12241.20 കോടി രൂപയും സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട്, മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 9,565.86 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്ക് വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനുശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ.

## സംസ്ഥാനത്തിന്റെ പൊതുകടം

14(385) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയായിരുന്നു;

(ബി) 2018 ഡിസംബർ 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) എത്രയാണ്?

### ഉത്തരം

(എ &ബി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുപ്രകാരം 2016 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (തനി) 1,09,730.97 കോടി രൂപയും അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുപ്രകാരം 2018 നവംബർ 30 വരെയുള്ള പൊതുകടം (തനി) 1,55,225.73 കോടി രൂപയുമാണ്.

## ജി.എസ്.ടി. ഇനത്തിൽ ലഭ്യമായ തുക

15(386) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്ത് പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തിട്ടുണ്ടോ; പ്രസ്തുത റിട്ടേണുകൾ പരിശോധന നടത്തി വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും നികുതിയായി ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിൽ എത്തുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(സി) ജി.എസ്.ടി. നിലവിൽ വന്നശേഷം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഡി) ഈ ഇനത്തിൽ ഇതിനകം എന്ത് തുകയാണ് ലഭിച്ചത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം മുതൽ ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി നികുതി പിരിവ് വർദ്ധിപ്പിക്കാമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്.

3. അന്തർ സംസ്ഥാനത്തെയും സംസ്ഥാനത്തിനകത്തെയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ മാത്രമേ നടപ്പിലാക്കിയുള്ളൂ. ഇതിനുണ്ടായ കാലതാമസംമൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തുനോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

4. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതി നിരക്ക് 23-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം 28 ശതമാനത്തിൽനിന്ന് 18 ശതമാനം, 12 ശതമാനം ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതി നിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുന:പരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

(ബി) ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട 2017-18 ന്റെ ആനുവൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് 30-6-2019 വരെ സമയം അനുവദിച്ചിട്ടുണ്ട്. അതുകഴിഞ്ഞുമാത്രമേ പ്രസ്തുത റിട്ടേണുകൾ പരിശോധന നടത്തി വ്യാപാരികൾ ഉപഭോക്താക്കളിൽനിന്നും നികുതിയായി ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിൽ എത്തിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്.

(ഡി) ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷം 2,102 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 31-12-2018 വരെ 2,075 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

## നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

16(387) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി എത്ര തുക ലഭിച്ചിട്ടുണ്ട്; 1-4-2016 മുതൽ 31-3-2018 വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) 2018-19 സാമ്പത്തികവർഷത്തെ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്ര; നാളിതുവരെ എത്ര തുക പിരിച്ചെടുത്തു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുതന്നെ വിവര സാങ്കേതിക വിദ്യയുടെ സാധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തി രജിസ്ട്രേഷൻ നടപടികൾ, റിട്ടേൺ ഫയലിംഗ്, ഇ-പേമെന്റ് എന്നിവ പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കിയിരുന്നു. ജി.എസ്.ടി. നടപ്പിലായതോടെ ഇന്ത്യയൊട്ടാകെ ഇതിന്റെ ഓൺലൈൻ ഫയലിംഗ്, പേമെന്റ് സമ്പ്രദായം GSTN ആണ് നടപ്പിലാക്കി വരുന്നത്. എന്നാൽ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം ജി. എസ്.ടി. റിട്ടേൺ പൂർണ്ണമായും ഫയൽ ചെയ്യാനുള്ള സംവിധാനം ഇതുവരെ നടപ്പിലായിട്ടില്ല. കൂടാതെ ചരക്കുനീക്കങ്ങളുടെ വിശദാംശങ്ങളും ഇ-വേ ബിൽ വഴി പൂർണ്ണമായും ഓൺലൈൻ ആയി രേഖപ്പെടുത്തുന്നുണ്ട്. ഇതിന്റെ തുടർ നടപടിയുടെ ഭാഗമായി ഇ-വേ ബിൽ സംവിധാനത്തെ RFID-യുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. GST-യിൽ റിട്ടേൺ ഫയലിംഗ്, നികുതി അടവ്, രജിസ്ട്രേഷൻ നടപടികൾ എന്നിവ പൂർണ്ണമായും ഓൺ ലൈൻ ആണ്. ജി.എസ്.ടി. റിട്ടേൺ ഫയലിംഗുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 1-4-2016 മുതൽ 31-3-2018 വരെയുള്ള കാലയളവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി വകുപ്പിന് 56428 കേസുകളിൽ നിന്നായി 11,20,42,271 രൂപ ലഭിച്ചിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷം പ്രതീക്ഷിച്ച റവന്യൂ വരുമാനം 1,02,801.24 കോടി രൂപയാണ്. 31-12-2018 വരെ 64,227.23 കോടി രൂപ പിരിച്ചെടുത്തു.

## നികുതി-നികുതിയേതര വരുമാനം

17 (388) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ നികുതി-നികുതീയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ നികുതി-നികുതിയേതര വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം എത്രയായിരുന്നു; പ്രസ്തുത കാലയളവിൽ നികുതി-നികുതിയേതര വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നോട്ട് നിരോധനം, ജി.എസ്.ടി, പ്രകൃതി ദുരന്തങ്ങൾ ഇവ മൂലം ഗുരുതര പ്രതിസന്ധിയിലായ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുകയും ചെയ്തു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുവേണ്ടി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ) പോസ്റ്റും കൂടുതലായി അനുവദിച്ചു.
4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

8. മെറ്റൽ ക്രഷർ യൂണിറ്റുകൾ മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

9. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കി.

11. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ അതിർത്തി കടന്നുവരുന്ന വാഹനങ്ങളിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നതിന് വേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ച് അതിർത്തികളിൽ വിന്യസിച്ചു. ഇതിന്റെ ഫലമായി 31-12-2018 വരെ 14 ശതമാനം വർദ്ധനവ് നേടാൻ സാധിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ നികുതി നികുതിയേതര വരുമാനം യഥാക്രമം 46,459.61 കോടി രൂപയും 111,99.61 കോടി രൂപയുമായിരുന്നു. ഇത് മുൻവർഷത്തെ അപേക്ഷിച്ച് യഥാക്രമം 10.16 ശതമാനവും 15.46 ശതമാനവും വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) 1. കേന്ദ്ര-സംസ്ഥാന ചരക്കുസേവന നികുതി വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന നികുതി സെക്രട്ടറി, സ്റ്റേറ്റ് ജി.എസ്.ടി. കമ്മീഷണർ, കേന്ദ്ര പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ, ഡയറക്ടർ ജനറൽ ഓഫ് ജി.എസ്.ടി. ഇന്റലിജൻസ് എന്നിവർ അംഗങ്ങളായ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

2. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേണും അനുബന്ധ രേഖകളും2019 ജൂലൈ മുതലും 2018-19 വാർഷിക റിട്ടേണും അനുബന്ധ രേഖകളും 2019 ഡിസംബർ മാസം മുതലും ലഭ്യമാകും. ഇവയുടെ പരിശോധനകൾ സമയബന്ധിതമായി നടപ്പിലാക്കിയാൽ മാത്രമേ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കാൻ കഴിയുകയുള്ളൂ. വാർഷിക റിട്ടേൺ സ്കൂട്ടിനിക്ക് ഡിപ്പാർട്ടുമെന്റിനെ സജ്ജമാക്കുന്നതിന് തീവ്ര പരിശീലന പരിപാടി നടപ്പിലാക്കും.

3. ജി.എസ്.ടി. ആർ. 2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ആവശ്യമായ ഒരു ബാക്ക് എൻഡ് മൊഡ്യൂൾ സംവിധാനവും മേഖല തിരിച്ചുള്ള ഡാറ്റാ വിശകലനവും അനിവാര്യമാണ്. ബാക്ക് എൻഡ് മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിനും ഡാറ്റാ അനലിറ്റിക്സിനും വേണ്ടിയുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തും. ഇതിന് ഒന്നോ രണ്ടോ വർഷത്തേയ്ക്ക് പ്രൊഫഷണൽ കൺസൾട്ടന്റുമാരെയും ഉപയോഗപ്പെടുത്തും.

4. ജൂൺ 1 മുതൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി. ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. ഈ പദ്ധതി മോട്ടോർ വാഹന വകുപ്പുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. കൂടാതെ ചരക്കുവാഹനം കടന്നുപോകുമ്പോൾ ഓൺ-ദ-ഗോ വേബ്രിഡ്ജ് സംവിധാനത്തിലൂടെ ചരക്കുകളുടെ തൂക്കവും ഇ-വേ ബില്ലിൽ രേഖപ്പെടുത്തിയ തൂക്കവും പരിശോധനാ വിധേയമാക്കുന്നതാണ്. ഈ സംവിധാനം വഴി ശേഖരിക്കുന്ന വിവരങ്ങൾ ഡാറ്റാ വിശകലനം നടത്തി തുടർനടപടികൾക്കായി വിനിയോഗിക്കുന്നതാണ്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന് ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വാഹനങ്ങൾ ലഭ്യമാക്കുന്നതാണ്. ജി.എസ്.ടി.എൻ. പോർട്ടലിൽനിന്നും ഇ-വേ ബില്ലിൽ ഡാറ്റാ തൽസമയം ലഭ്യമാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടും ഇത് ലഭ്യമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. കൗൺസിലുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

5. സേവനദാതാക്കളിൽ മഹാഭൂരിപക്ഷവും ജി.എസ്.ടി. രജിസ്ട്രേഷനിലേയ്ക്ക് വന്നിട്ടില്ല. ഇപ്പോൾ ചെറുകിട സേവനദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പോസിഷൻ രീതി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ പേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സമഗ്രമായ സ്ട്രീറ്റ് സർവ്വേ പോലുള്ള പരിപാടികൾ സംഘടിപ്പിക്കും.

6. വാറ്റ് ആംനസ്റ്റി 2010-ലെപോലെ ഊർജ്ജിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങളുണ്ടാകും. ആംനസ്റ്റിയോടൊപ്പം റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കും.

7. നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കും. എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തും. ഡാറ്റാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിധേയമാക്കി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടിവരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നികുതി വെട്ടിപ്പിന് മുഖ്യകാരണമാകുന്ന ഒരു വസ്തുത കുറഞ്ഞ വില കാണിച്ച് ഇൻവോയ്സുകൾ തയ്യാറാക്കുന്ന പ്രവണതയാണ്. ഫലപ്രദമായ രീതിയിൽ ഇത് തടയേണ്ടത് നികുതി വരുമാന വർദ്ധനവിന് അനിവാര്യമാണ്. വാങ്ങൽ, വിൽപ്പന വിലകൾ തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നതിനും വ്യാപാരികൾ ഈടാക്കുന്ന ലാഭക്കണക്കുകളിൽ പ്രതിഫലിക്കുന്നുണ്ടോയെന്നും വിൽപ്പനകൾക്ക് ബില്ലുകൾ നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും ടെസ്റ്റ് പർച്ചേസ് നടത്തേണ്ടത് അനിവാര്യമാണ്. നികുതി ചോർച്ച തടയുന്നതിന് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തും.

8. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും നൽകുന്നതാണ്. അനിവാര്യമായ ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണത്തിന് പ്രത്യേക ബില്ലിംഗ് സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകുന്നതിനുവേണ്ട അനുവാദം സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് നൽകുന്നതാണ്. ഇത്തരം നടപടികളിലൂടെ ജി.എസ്.ടി. വരുമാനം ഉയർത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി

18 (389) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിൽനിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകൾക്ക് ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി ഒരു ശതമാനമാക്കി കുറച്ചത് വഴി ഈ ഇനത്തിൽ സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകും എന്നറിയിക്കാമോ;

(ബി) എത്ര വർഷത്തേക്കാണ് ഇങ്ങനെ നികുതി കുറച്ച് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇപ്രകാരം നികുതി കുറച്ച് നൽകുവാനുണ്ടായ സാഹചര്യം എന്താണ് എന്ന് വിശദമാക്കുമോ;

(സി) പൂർണമായും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട്, തിരുവനന്തപുരം എയർപോർട്ടുകളുടെ വളർച്ചയ്ക്ക് ഇപ്രകാരം നികുതി ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ഡി) സർക്കാർ പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക് കൂടി ഇപ്രകാരം ഇന്ധന ടാക്സിൽ ഇളവ് നൽകിയാൽ നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ ഒരു പരിധി വരെ രക്ഷിക്കാൻ സാധിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള ഏവിയേഷൻ ഫ്യൂവലിനുള്ള ഇന്ധന നികുതി ഒരു ശതമാനമാക്കി കുറച്ചത് വഴി സംസ്ഥാനത്തിന് പ്രതിവർഷം 4.32 കോടി രൂപ വിൽപ്പന നികുതി വരുമാനത്തിൽ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

(ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ ഗതാഗത വകുപ്പ് പരിശോധിച്ച് നയപരമായ തീരുമാനമെടുത്ത് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നികുതി വകുപ്പ് 1963-ലെ കേരള പൊതു വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് 10 പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും ആഭ്യന്തര സർവ്വീസ് നടത്തുന്ന എല്ലാ വിമാന സർവ്വീസുകൾക്കും ഉപയോഗിക്കുന്ന ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ (ATF)ന്റെ പൊതുവിൽപ്പന നികുതി നിരക്ക് 1963-ലെ കേരള പൊതുവിൽപ്പന നികുതി നിയമത്തിലെ 10-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് 10 വർഷത്തേയ്ക്ക് ഒരു ശതമാനമാക്കി കുറച്ചുകൊണ്ട് എസ്. ആർ.ഒ. നമ്പർ 757/2018 പുറപ്പെടുവിച്ചിരുന്നു. മാത്രമല്ല കേരള പൊതു വിൽപ്പന നികുതി നിയമം 1963-ലെ വകുപ്പ് 5D പ്രകാരമുള്ള അധിക പൊതുനികുതിയും ഒഴിവാക്കിയിട്ടുണ്ട്.

(സി) പൂർണ്ണമായും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന കോഴിക്കോട്, തിരുവനന്തപുരം എയർപോർട്ടുകളുടെ വളർച്ചയ്ക്ക് നികുതി ഇളവ് നൽകുവാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല.

(ഡി) സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-ക്ക് നികുതി ഇളവ് നൽകാൻ നയപരമായ തീരുമാനം എടുത്തിട്ടില്ല.

**പ്രളയംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി**

19(390) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) അടിയന്തര ധനസമാഹരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുള്ള അടിയന്തര വിഭവ സമാഹരണത്തിനും തുടർന്നുള്ള നവകേരള സൃഷ്ടിക്കായും വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായുള്ള വായ്പാ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോക ബാങ്ക്, എ.ഡി.ബി., കെ.എഫ്.ഡബ്ല്യു. തുടങ്ങിയവയുടെ പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്ക് മേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് 10 ശതമാനം സെസ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ഒരു ശതമാനം അധികമായി ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ, ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കുക എന്ന സമീപനം സർക്കാരിനില്ല. നിയമന നിരോധനമോ അനിവാര്യ തസ്തിക സൃഷ്ടിക്കൽ നിരോധനമോ ഏർപ്പെടുത്തില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ അടക്കം ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പോസ്റ്റുകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കൂ. മറ്റ് ചെലവ് ചെയ്യലുകൾക്ക് ധൂർത്ത് ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ കമ്മി ഒഴിവാക്കി മൂലധനചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

## സംസ്ഥാനത്തിന്റെ പൊതുകടം

20 (391) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം നിലവിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ കടപ്പത്രങ്ങൾ മുഖാന്തരവും മറ്റിനത്തിലും എത്ര തുക വായ്പ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ 2016 മാർച്ച് 31 ന് പൊതുകടം എത്രയായിരുന്നു;

(ഡി) മുൻ സർക്കാർ 2011 ജൂൺ ഒന്നുമുതൽ 2013 ഡിസംബർ 31 വരെ കടപ്പത്രത്തിലൂടെയും മറ്റിനത്തിലും എത്ര തുകയാണ് വായ്പ എടുത്തതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്ക് പ്രകാരം 2018 നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (തനി) 1,55,225.73 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിലെ പൊതുകടം (തനി) ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| | 2016-17 യഥാർത്ഥ കണക്ക് | 2017-18* | 2018-19* (നവംബർ 30 വരെ ) |
|---|---|---|---|
| പൊതുകടം | 16151.89 | 17101.67 | 12241.20 |

*താത്ക്കാലിക കണക്ക്

(സി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്ക് പ്രകാരം 2016 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (തനി) 1,09,730.97 കോടി രൂപയായിരുന്നു.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്ക് പ്രകാരം 2011-12, 2012-13 വർഷങ്ങളിലെ സംസ്ഥാനത്തിന്റെ പൊതുകടം (തനി) യഥാക്രമം 6,905.90 കോടി രൂപ, 10,457.10 കോടി രൂപ എന്നിങ്ങനെയാണ്

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

21 (392) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവയും ഒപ്പം വന്നുചേർന്ന പ്രളയക്കെടുതിയും സംസ്ഥാന സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽനിന്നും കരകയറുവാൻ എന്തെല്ലാം കേന്ദ്രസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2017-18 ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂചെലവ് എന്നിവ എത്രയെന്നും ആയത് 2018-19-ൽ എത്രയാകുമെന്നാണ് പ്രതീക്ഷിയ്ക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ പൊതുകടം ഈ സർക്കാർ അധികാരത്തി ലേറുമ്പോൾ എത്രയായിരുന്നു എന്നും നിലവിലെ കണക്കുകൾ പ്രകാരം എത്ര എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. അസംഘടിത മേഖലകളിലെയും പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ എന്നിവയിൽനിന്നുള്ള വരുമാനത്തെ ആശ്രയിച്ചുകഴിയുന്ന ലക്ഷക്കണക്കിന് ആളുകളെ നോട്ടുനിരോധനം നേരിട്ട് ബാധിച്ചു. 2016-17 ബഡ്ജറ്റിൽ സംസ്ഥാന ത്തിന്റെ തനതുനികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61 കോടി രൂപയായിരുന്നു. എന്നാൽ നോട്ടുനിരോധനം നടപ്പിലാക്കിയ ടി സാമ്പത്തിക വർഷത്തിൽ 42,176.43 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്.

ഉപഭോക്തൃ സംസ്ഥാനമെന്ന നിലയ്ക്ക് ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ നികുതി 20-25 ശതമാനം വർദ്ധിക്കുമെന്ന് സർക്കാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ ഇനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചില്ല എന്നതൊരു വസ്തുതയാണ്. ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതും ടി കാരണത്താൽ നികുതി വെട്ടിപ്പ് തടയാൻ കഴിയാത്തതും ചെക്ക് പോസ്റ്റുകളില്ലാത്തതും പകരം ഏർപ്പെടുത്തിയ ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാവാത്തതുമടക്കമുള്ള കാരണങ്ങൾ ചരക്കുസേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വരുമാനത്തിൽ ഇടിവിന് ഹേതുവായിട്ടുണ്ട്.

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം സംസ്ഥാനത്തിന്റെ നികുതി/നികുതിയേതര വരുമാനത്തെ എപ്രകാരം ബാധിച്ചെന്ന് വിശകലനം ചെയ്യാൻ പര്യാപ്തമായ ആധികാരിക കണക്കുകൾ നിലവിൽ ലഭ്യമായിട്ടില്ല. അതേ സമയം പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്‌മെന്റ് (Post Disaster Need Assessment PDNA)റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം26,996 കോടി രൂപയും റാപ്പിഡ് ഡാമേജ് അസസ്സ്‌മെന്റ് ആൻഡ് നീഡ്സ് അനാലിസിസ് ( Rapid Damage Assessment and Needs Analysis-RDANA) റിപ്പോർട്ട് അനുസരിച്ച് 25,050 കോടി രൂപയുമാണ്.

(ബി) നോട്ട് നിരോധനം, ചരക്ക് സേവന നികുതി എന്നിവമൂലം സംസ്ഥാന സമ്പദ് വ്യവസ്ഥയിലുണ്ടായ ആഘാതം ലഘൂകരിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും സഹായമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പ്രളയാനന്തരം

കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും 2,904.85 കോടി രൂപ ദുരിതാശ്വാസ ധനസഹായമായും കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷത്തിൽ 192.6 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നിവ യഥാക്രമം 83,020.14 കോടി, 99,948.35 കോടി രൂപയായിരുന്നു. 2018-19-ൽ ഇത് യഥാക്രമം 1,02,801.24 കോടി, 1,15,661.05 കോടി രൂപയാകുമെന്നാണ് ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്.

(ഡി) ഈ സർക്കാർ അധികാരം ഏൽക്കുന്നതിന് തൊട്ടുമുമ്പ് അവസാനിച്ച സാമ്പത്തിക വർഷത്തെ (2016 മാർച്ച് 31-ന്) സംസ്ഥാനത്തിന്റെ പൊതുകടം 1,57,370.33 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2018 നവംബർ 30-ൽ ഇത് 2,32,689.22 കോടി രൂപയാണ്.

## കിഫ്ബി

22 (393) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ എത്ര കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പുതിയ പദ്ധതികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് അനുമതി നൽകുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(സി) പുതിയ സാമ്പത്തിക വർഷം മിനിമം ഒരു പദ്ധതിയ്ക്കെങ്കിലും പുതിയതായി നിശ്ചിത തുകയ്ക്കുള്ള പ്രോജക്ടിന് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കിഫ്ബി മുഖേന നാളിതുവരെ 41,325.91 കോടി രൂപയുടെ 512 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി നൽകിയിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെങ്കിലും ഇതിനോടകം തന്നെ സർക്കാർ 50,000 കോടിയിൽ കവിഞ്ഞ പദ്ധതികൾ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ 41,325.91 കോടി രൂപയുടെ പദ്ധതികൾക്ക് നാളിതുവരെ അംഗീകാരവും നൽകിയിട്ടുണ്ട്. പ്രഖ്യാപിത പദ്ധതികൾക്കു പുറമേ വ്യാപകമായി ഇനിയും പദ്ധതികൾ ഏറ്റെടുക്കുന്നത് കിഫ്ബിയുടെ തിരിച്ചടവ് ബാദ്ധ്യതയെ പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ പൊതു വികസന സമീപനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പദ്ധതികളൊഴികെ മറ്റ് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലില്ല.

## കിഫ്ബി

23 (394) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഇതുവരെ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികളിൽ പ്രവൃത്തി തുടങ്ങിയതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി പദ്ധതികൾ ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്നും ഇതുവരെ അവർക്ക് നൽകിയ ബിൽ തുക എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തി, ഇതിനകം പൂർത്തിയാക്കിയ എത്ര കരാറുകാരുണ്ടെന്നും അവരുടെ തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) കിഫ്ബിയിൽ ഇതുവരെ ഉൾപ്പെടുത്തിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകളുടെ പരിശോധനയ്ക്കുശേഷം കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾക്ക് അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും അനുബന്ധം 2 ആയി ചേർക്കുന്നു. *

(ഡി) കിഫ്ബി പദ്ധതികൾ ഏറ്റെടുത്ത കാരാറുകാർ ആരൊക്കെയാണെന്നും ഇതുവരെ അവർക്ക് നൽകിയ ബിൽ തുക എത്രയെന്നും ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. *

(ഇ) കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ 41 പദ്ധതികൾ/ ഉപപദ്ധതികൾ പൂർത്തിയാക്കിയ 62 കരാറുകാർക്കായി സമർപ്പിക്കപ്പെട്ട ബില്ലുകളിൽ നാളിതുവരെ 359.5 കോടി രൂപ നൽകിയിട്ടുണ്ട്.

## കിഫ്ബി പദ്ധതികളുടെ കാലതാമസം

24 (395) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽനിന്നുള്ള ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. പരിശോധനയ്ക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കിഫ്ബിയുടെ കൗൺസിൽ അംഗീകാരം ലഭിച്ച ശേഷം സാങ്കേതിക പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) കിഫ്ബിയുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ചിറ്റുമൂല റെയിൽ ഓവർ ബ്രിഡ്ജ്, കരുനാഗപ്പള്ളി ബൈപ്പാസ്, കാട്ടിൽ കടവ് പാലം, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രികെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പൂർണ്ണമായ വിശദാംശങ്ങളുള്ള ഡി.പി.ആർ. വേഗത്തിൽത്തന്നെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് കിഫ്ബി ധനാനുമതി നൽകിവരുന്നു. അപൂർണ്ണമായ ഡി.പി. ആർ.-കൾ വിശദാംശങ്ങൾ തേടിയശേഷം കഴിയുന്നത്ര വേഗത്തിൽത്തന്നെ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ കാലതാമസം ഒന്നുംതന്നെ നേരിട്ടതായി കരുതുന്നില്ല.

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ കാലതാമസം കൂടാതെ തന്നെ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി.-കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. പ്രസ്തുത യോഗത്തിൽ ഭരണ വകുപ്പും കിഫ്ബിയും മറ്റ് ബന്ധപ്പെട്ടവരും ചർച്ച ചെയ്ത് എസ്.പി.വി.-കൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുണ്ട്.

(സി) കിഫ്ബിയുടെ സഹായത്തോടെ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ചിറ്റുമൂല റെയിൽ ഓവർ ബ്രിഡ്ജ്, കരുനാഗപ്പള്ളി ബൈപ്പാസ്, കാട്ടിൽകടവ് പാലം, കരുനാഗപ്പള്ളി താലൂക്കാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം എന്നീ പദ്ധതികളുടെ പുരോഗതി അനുബന്ധത്തിൽ കാണാവുന്നതാണ്*.

## കിഫ്ബി ഉദ്യോഗസ്ഥരുടെ സേവന വേതന വ്യവസ്ഥകൾ

25(396) <u>ശ്രീ. വി. ടി. ബൽറാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നാളിതുവരെ എന്ത് തുക കൈപ്പറ്റിയിട്ടുണ്ട്;

(സി) കിഫ്ബി ചീഫ് പ്രോജക്ട് എക്സാമിനറുടെ ചുമതലകൾ വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) ചീഫ് പ്രോജക്ട് എക്സാമിനർ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ നാളിതുവരെ എന്ത് തുക കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ മൂന്ന് വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്. പ്രതിവർഷം 10 ശതമാനം വർദ്ധനവോടുകൂടി മാസം 2.75 ലക്ഷം രൂപ ഏകീകൃത വേതനവും വാഹനസൗകര്യവും മൊബൈൽ ഫോൺ ചാർജ്, ലാന്റ് ഫോൺ ചാർജ്, ഇന്റർനെറ്റ് കണക്ഷനോടുകൂടിയ ലാപ് ടോപ്/ഡെസ്ക് ടോപ് കമ്പ്യൂട്ടർ എന്നിവയും സർക്കാർ ഉത്തരവ് വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ 30,24,704 രൂപ നൽകിയിട്ടുണ്ട്.

(സി) കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന് നേതൃത്വം നൽകുക, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ സാങ്കേതിക വശങ്ങളും ഗുണനിലവാരവും പരിശോധിക്കുക എന്നിവയാണ് ചീഫ് പ്രോജക്ട് എക്സാമിനറുടെ പ്രധാനപ്പെട്ട ചുമതലകൾ.

(ഡി) കിഫ്ബിയുടെ ചീഫ് പ്രോജക്ട് എക്സാമിനറെ മൂന്ന് വർഷത്തെ കരാർ അടിസ്ഥാനത്തിൽ പ്രതിവർഷം 10 ശതമാനം വർദ്ധനവോടുകൂടി മാസം 2.3 ലക്ഷം രൂപ ഏകീകൃത വേതനം നിശ്ചയിച്ചാണ് നിയമിച്ചിരിക്കുന്നത്. കൂടാതെ വാഹന സൗകര്യവും മൊബൈൽ ഫോൺ ചാർജും അനുവദിച്ചിട്ടുണ്ട്.

(ഇ) നാളിതുവരെ ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ 32,57,566 രൂപ നൽകിയിട്ടുണ്ട്.

### കിഫ്ബി പുറപ്പെടുവിച്ച ബോണ്ടുകൾ

26(397) <u>ശ്രീ. കെ. എം. മാണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ ഏതെല്ലാം ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; എത്ര കോടി രൂപയുടെ ബോണ്ടാണ് ഇഷ്യൂ ചെയ്തത്; വ്യക്തമാക്കാമോ;

(ബി) ഇതിലേയ്ക്ക് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI)യുടെ അനുവാദം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ;

(സി) കിഫ്ബി പുറപ്പെടുവിച്ച ബോണ്ടുകൾക്ക് സർക്കാർ ഗ്യാരണ്ടി നിന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ നൽകിയ ഗ്യാരണ്ടിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) സർക്കാർ നൽകിയ ഗ്യാരണ്ടിക്ക് എത്ര രൂപയാണ് ഗ്യാരണ്ടി കമ്മീഷൻ ലഭിക്കുകയെന്ന് പറയാമോ;

(ഇ) കിഫ്ബി പ്രവാസി ചിട്ടിക്കായി ബോണ്ട് ഇഷ്യൂ ചെയ്ത് പിരിച്ച തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രവാസി ചിട്ടി വഴി സമാഹരിക്കുന്ന തുക കിഫ്ബി പദ്ധതികളിലേയ്ക്കായി വിനിയോഗിക്കുന്നതിനായി കെ.എസ്.എഫ്.ഇ.-ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത കിഫ്ബി ബോണ്ടുകളാണ് പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിലൂടെ നാളിതുവരെ 4,13,60,000 രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച ബോണ്ടുകൾ പ്രൈവറ്റ് പ്ലെയ്സ്മെന്റ് വിഭാഗത്തിൽപ്പെടുന്നതിനാൽ ഇവയ്ക്ക് സെബിയുടെ അനുവാദം ആവശ്യമില്ല.

(സി) കിഫ്ബി പുറപ്പെടുവിച്ച ബോണ്ടുകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) 16-10-2004-ലെ സ.ഉ. (കൈ) നമ്പർ 487/04/ധന പ്രകാരം സർക്കാർ ഗ്യാരന്റി നൽകുന്ന തുകയുടെ 0.75 ശതമാനം എന്ന നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ ലഭിക്കും.

(ഇ) പ്രവാസി ചിട്ടിയിലൂടെ സമാഹരിച്ച് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കപ്പെട്ട തുക മറ്റ് മാർഗ്ഗങ്ങളിലൂടെ സമാഹരിച്ച ഫണ്ടുകളിലെന്ന പോലെ പൊതുവായ കിഫ് ഫണ്ടിൽ ഉൾപ്പെടുത്തി കിഫ്ബി പദ്ധതികളുടെ നിർവ്വഹണത്തിനും അനുബന്ധ കാര്യങ്ങൾക്കും വിനിയോഗിച്ചുവരുന്നു.

**കിഫ്ബി സ്വീകരിക്കുന്ന സേവനങ്ങൾക്ക് നൽകുന്ന തുക**

27 (398) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അതിന്റെ പ്രവർത്തനങ്ങൾക്കായി ഏതൊക്കെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സേവനം സ്വീകരിച്ചിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സേവനങ്ങൾക്ക് കിഫ്ബി ഇതുവരെ ഓരോ സ്ഥാപനത്തിനും നൽകിയ തുകയുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) കിഫ്ബി നേരിട്ടും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴിയും കിഫ്ബി പദ്ധതികളുടെ പ്രോജക്ട് അപ്രൈസൽ പ്രവൃത്തികൾക്ക് ടെറനസ് എന്ന സ്ഥാപനത്തിന് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി)കിഫ്ബിയുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സേവനങ്ങൾ സ്വീകരിച്ച സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പേരും അവരിൽനിന്നും ലഭ്യമായ സേവനങ്ങളും ഓരോ സ്ഥാപനത്തിനും നൽകിയ തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) കിഫ്ബി നാളിതുവരെ പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കായി നേരിട്ട് 63,38,697 രൂപയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ജി.എസ്.ടി. ഉൾപ്പെടെ 6.06 കോടി രൂപയും ടെറനസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

## കിഫ്ബി മാനദണ്ഡങ്ങളിൽ ഭേദഗതി

28 (399) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളിൽ സ്ഥലമേറ്റെടുക്കുന്നതിന് എവിടെയെങ്കിലും നഷ്ടപരിഹാരം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റോഡ് വികസന പ്രവൃത്തികൾക്ക് സൗജന്യമായി ഭൂമി ലഭിക്കാത്തയിടങ്ങളിൽ റോഡിന്റെ വീതി സംബന്ധിച്ച കിഫ്ബി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) നിലവിൽ വ്യക്തമായ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കിഫ്ബി പദ്ധതികൾക്ക് ബോർഡ് അംഗീകാരം നൽകുന്നത്. ഈ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് ബോർഡ് അംഗീകാരം നൽകിയ ചില പദ്ധതികളെ വിലയിരുത്തിയശേഷം അവയുടെ പ്രാധാന്യം കണക്കിലെടുത്ത് ചില ഇളവുകളോടെ ബോർഡ് അംഗീകാരം നൽകിവരുന്നു.

**കിഫ്ബി സഹായത്തോടെയുള്ള പ്രവൃത്തികൾ**

29 (400) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി സഹായത്തോടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രായോഗികമാവാത്ത ഏതെങ്കിലും പദ്ധതികളുണ്ടോ; ഏതെല്ലാം പദ്ധതികളാണ് ടെണ്ടർ ചെയ്തിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രവൃത്തികൾ അവലോകനം ചെയ്യാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നറിയിക്കാമോ;

(എഫ്) പ്രവൃത്തികൾക്ക് സൗജന്യമായി സ്ഥലം വിട്ട് നൽകുന്നവർക്ക് പൊളിക്കേണ്ടി വരുന്ന കോമ്പൗണ്ട് വാളുകൾ പുനഃസ്ഥാപിച്ച് നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയതിന്റെ വ്യവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

(ജി) യൂട്ടിലിറ്റികൾ മാറ്റുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; റോഡുകൾക്ക് കുറഞ്ഞ വീതി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കോഴിക്കോട് ജില്ലയിൽ കിഫ്ബി മുഖേന അംഗീകാരം നൽകിയിട്ടുള്ളതും ടെണ്ടർ ചെയ്തിട്ടുള്ളതുമായ പദ്ധതികളുടെ വിവരം അനുബന്ധം-1* ആയി ചേർക്കുന്നു. ഇതിൽ എല്ലാ പ്രവൃത്തികളും ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതാണ്.

(ഡി) പദ്ധതികൾ ഒന്നുംതന്നെ പൂർത്തിയാക്കിയിട്ടില്ല. പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളുടെ രൂപീകരണം പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്.

(ഇ) ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിക്കുകയും ആവശ്യമെങ്കിൽ പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി റിപ്പോർട്ട് കുറ്റമറ്റതാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് വ്യക്തമായ നിർദ്ദേശം കൊടുക്കുകയും അത്തരത്തിൽ പരിഷ്കരിച്ച്/തെറ്റുതിരുത്തി നൽകുന്ന റിപ്പോർട്ട് കിഫ് ബോർഡിന്/എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതും അതിനാവശ്യമായ ഉത്തരവിറക്കുന്നതും അപ്രൈസൽ ഡിവിഷന്റെ ചുമതലയാണ്. അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി പ്രവർത്തന പുരോഗതി വിലയിരുത്താൻ അഡ്മിനിസ്റ്റേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗവും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിമാരുടെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗവും നടത്തിവരുന്നു.

(എഫ്) പ്രവൃത്തികൾക്ക് സൗജന്യമായി സ്ഥലം വിട്ട് നൽകുന്നവർക്ക് പൊളിക്കേണ്ടി വരുന്ന കോമ്പൗണ്ട് വാളുകൾ പുനഃസ്ഥാപിച്ച് നൽകുന്നതിനോ അല്ലെങ്കിൽ ആയതിന് നഷ്ടപരിഹാരം നൽകുന്നതിനോ ഉള്ള പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) യൂട്ടിലിറ്റികൾ മാറ്റുന്നതിനുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 23-11-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 444/2018/ധന അനുബന്ധം-2* ആയി ചേർക്കുന്നു. വിവിധ റോഡുകളുടെ അളവുകളെ പറ്റി കിഫ്ബിയുടെ റോഡ് മാനദണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്ന പ്രസക്ത ഭാഗം അനുബന്ധം-3* ആയി ചേർക്കുന്നു.

## തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

30(401) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി മുഖാന്തിരം തലശ്ശേരി മണ്ഡലത്തിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന് അനുവദിച്ച തുക എത്രവീതമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണ വകുപ്പാണ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ അതാത് ഭരണ വകുപ്പുകൾ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളിൽ നാളിതുവരെ 522.93 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്.

(ബി) തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബിയിലെ ഓഡിറ്റ് പരിശോധന

31(402) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ അക്കൗണ്ടന്റ് ജനറൽ (എ. ജി.) ഓഡിറ്റ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കിഫ്ബിയിൽ പരിശോധന നടത്തുന്നതിൽനിന്നും അക്കൗണ്ടന്റ് ജനറലിനെ തടസ്സപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കിഫ്ബിയിൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) ഓഡിറ്റ് പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

**കിഫ്ബിക്ക് മോട്ടോർ വാഹന നികുതിയിൽനിന്ന് നൽകിയ വിഹിതം**

32(403) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതിയിൽനിന്ന് കിഫ്ബിയ്ക്ക് നാളിതുവരെ നൽകിയ വിഹിതം എത്ര കോടി രൂപയാണെന്ന് പറയാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ന്യൂജനറേഷൻ ബാങ്കുകളിലാണ് കിഫ്ബി നിക്ഷേപിച്ചിരിക്കുന്നത്;

(സി) കിഫ്ബിക്ക് ഇതിൽനിന്നും നാളിതുവരെ എത്ര കോടി രൂപ പലിശ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം നിക്ഷേപം നടത്താൻ കിഫ്ബിക്ക് അനുവാദം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) മോട്ടോർ വാഹന നികുതിയിൽനിന്ന് നാളിതുവരെ 2,001.74 കോടി രൂപ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന നികുതിയിലൂടെയും പെട്രോൾ/ഡീസൽ സെസ്സിനത്തിലൂടെയും ലഭിച്ച തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കൊടാക്ക് മഹീന്ദ്രാ ബാങ്ക്, ആക്സിസ് ബാങ്ക്, എസ് ബാങ്ക്, ഐ.എസി.ഐ.സി.ഐ. ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, ഇൻഡസ് ഇൻഡ് ബാങ്ക് എന്നിവിടങ്ങളിലാണ് നിലവിൽ നിക്ഷേപിച്ചിട്ടുള്ളത്.

(സി) കിഫ്ബിക്ക് നാളിതുവരെ പലിശ ഇനത്തിൽ 129,03,23,102 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) 2016 വകുപ്പ് 3, ഉപവകുപ്പ് 5 പ്രകാരം ബോർഡിന്റെ അംഗീകാരത്തോടെ ദേശാസാൽകൃത ബാങ്കിലോ അപ്രകാരമുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിലോ നിക്ഷേപം നടത്താവുന്നതാണ്.

## കിഫ്ബിയുടെ പ്രോജക്ട് അപ്രൈസൽ ഡിവിഷൻ

33 (404) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ ചുമതലകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത അപ്രൈസൽ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ കിഫ്ബിയിൽ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിക്കുകയും ആവശ്യമെങ്കിൽ പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി റിപ്പോർട്ട് കുറ്റമറ്റതാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് വിശദമായ നിർദ്ദേശം കൊടുക്കുകയും അത്തരത്തിൽ പരിഷ്കരിച്ച്/തെറ്റുതിരുത്തി നൽകുന്ന റിപ്പോർട്ട് കിഫ് ബോർഡ്/എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതും അതിനാവശ്യമായ ഉത്തരവിറക്കുന്നതും അപ്രൈസൽ ഡിവിഷന്റെ ചുമതലയാണ്. പദ്ധതിയുടെ എണ്ണക്കൂടുതലും സമയബന്ധിത സ്വഭാവവും കാരണം പരിശോധനയ്ക്കായി സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ സഹായം കൂടി ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. അംഗീകാരം നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രസ്തുത ഡിവിഷൻ നൽകുന്നു.

(ബി) അപ്രൈസൽ ഡിവിഷനിലെ ജീവനക്കാരുടെ ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനങ്ങളിൽ നാളിതുവരെ 1,32,45,900 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കിഫ്ബിയിലെ ജീവനക്കാർക്കായി പ്രത്യേക പരിശീലന നയം

34 (405) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലെ ജീവനക്കാർക്കായി പ്രത്യേക പരിശീലന നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്നവരെ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് എവിടെവച്ചാണ് പരിശീലനം നൽകിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പരിശീലന പരിപാടികളിലോരോന്നിലും പങ്കെടുത്തവർക്കായി കിഫ്ബി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കിഫ്ബിയിലെ ജീവനക്കാർക്കായി പ്രത്യേക പരിശീലന നയം രൂപീകരിച്ചിട്ടില്ല. എന്നാൽ ജീവനക്കാരുടെ ജോലി സംബന്ധമായ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആവശ്യാനുസരണം വിദഗ്ധ പരിശീലനം നൽകിവരുന്നു.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**കിഫ്ബിക്ക് വായ്പ എടുക്കുന്നതിനുള്ള നടപടികൾ**

35 (406) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് വായ്പ എടുക്കുന്നതിന് ജനറൽ ഒബ്ലിഗേഷൻ ബോണ്ടും റവന്യൂ ഒബ്ലിഗേഷൻ ബോണ്ടും പുറപ്പെടുവിക്കുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ബോണ്ട് പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റേയും സെബിയുടെയും അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ചെലവഴിച്ചത്;

(ഡി) കിഫ്ബിക്ക് നബാർഡിൽനിന്നും വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പലിശ നിരക്കിലാണ് വായ്പ ലഭ്യമാക്കിയതെന്നും പ്രസ്തുത വായ്പ എത്ര കാലം കൊണ്ട് തിരിച്ചടയ്ക്കണമെന്നും വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇതിൽ പ്രവാസി ചിട്ടി വഴി സമാഹരിക്കുന്ന തുക കിഫ്ബി പദ്ധതികളിലേയ്ക്കായി ചെലവഴിക്കുന്നതിനായി കെ.എസ്.എഫ്.ഇ.-ക്കായി പ്രത്യേക രൂപകൽപ്പന ചെയ്ത കിഫ്ബി ബോണ്ടുകൾ മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) മേൽ സൂചിപ്പിച്ച ബോണ്ടുകൾ പ്രൈവറ്റ് പ്ലെയ്സ്മെന്റ് വിഭാഗത്തിൽപ്പെടുന്നതിനാൽ ഇവയ്ക്ക് കേന്ദ്രസർക്കാരിന്റെയോ സെബിയുടെയോ റിസർവ് ബാങ്കിന്റെയോ അനുവാദം ആവശ്യമില്ല.

(സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ ഡയാലിസിസ് സെന്ററുകൾ-33, കാത്ത് ലാബ്-1, കുടിവെള്ള പദ്ധതികൾ-3, ചേർത്തല തണ്ണീർമുക്കം റോഡ്, ട്രാൻസ്ഗ്രിഡ്-കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടം എന്നിവ പൂർത്തിയായിട്ടുണ്ട്. കൂടാതെ വനം വകുപ്പിന്റെ കീഴിലുള്ള സോളാർ ഫെൻസിങ് പദ്ധതിയുടെ 3 ഘട്ടങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 80 ശതമാനത്തോളം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളും അവയ്ക്ക് ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.* 9,882.39 കോടി രൂപയുടെ 234 പ്രവൃത്തികൾ ടെണ്ടർ ചെയ്തുകഴിഞ്ഞതിൽ 7,450.54 കോടി രൂപയുടെ 188 പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്. 301.17 കോടി രൂപയുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തിയാക്കിയവയുടെയും നിർമ്മാണ പുരോഗതിയിലുള്ളവയുടെയും ടെണ്ടർ ചെയ്യപ്പെട്ടവയുടെയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള വയുടെയും ആകെ തുക 10,183.56 കോടി രൂപ വരും

(ഡി) ഉണ്ട്. 9.3 ശതമാനം പലിശനിരക്കിൽ ലഭ്യമായ വായ്പ 12 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

## കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ച പദ്ധതികൾ

36 (407) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിലെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 41,325.91 കോടി രൂപയുടെ 512 പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2016-17, 2017-18, 2018-19 വർഷങ്ങളിലെ കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**കിഫ്ബിയിലൂടെ സമാഹരിച്ച തുക**

37(408) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിലേയ്ക്ക് മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്സ് എന്നീ ഇനത്തിൽ ഇതുവരെ എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ഫണ്ട് സമാഹരിക്കുന്നതിന് കിഫ്ബി ബോർഡ് അനുമതി നൽകിയിരുന്നോ; എങ്കിൽ ഈയിനത്തിൽ ഇതിനകം എന്ത് തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി ഫണ്ടിലേയ്ക്ക് മോട്ടോർ വാഹനനികുതിയിനത്തിൽ 2,001.74 കോടി രൂപയും പെട്രോൾ/ഡീസൽ സെസിനത്തിൽ 1,371.11 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

(ബി) ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ഫണ്ട് സമാഹരിക്കുന്നതിന് ബോർഡ് സമയാസമയങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നബാർഡിൽനിന്നും 100.8 കോടി രൂപയും കെ.എസ്.എഫ്.ഇ.-ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ബോണ്ടുവഴി നാളിതുവരെ 4,13,60,000 രൂപയും സമാഹരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിവിധ പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായം

38 (409) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ സാമ്പത്തിക സഹായമാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളത്; ഈ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കിഫ്ബി ധനസഹായം ആവശ്യപ്പെട്ട് പീരുമേട് നിയോജക മണ്ഡലത്തിൽനിന്നും സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നാളിതുവരെ പീരുമേട് നിയോജകമണ്ഡലത്തിൽനിന്നും കിഫ്ബി വഴി ധനസഹായം ആവശ്യപ്പെട്ട് നാല് പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയും അവ പരിശോധിച്ച് നാല് പദ്ധതികൾക്കായി 166.44 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. ഈ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

39 (410) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖേന വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളും കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതികളും അവയിൽ കിഫ്ബി അംഗീകാരം നൽകിയതുമായി പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

40 (411) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകി എന്ന് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത് ഏതെല്ലാം വകുപ്പുകളാണ്; വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചതും ഇനിയും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി നൽകിയിട്ടില്ലാ ത്തതുമായ പദ്ധതികളുടെയും അവ നടപ്പിലാക്കേണ്ട ഭരണ വകുപ്പുകളും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് ആയത് തൃപ്തികരമെങ്കിൽ കിഫ് ബോർഡ് സാമ്പത്തികാനുമതി നൽകുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നത് നിയുക്ത പദ്ധതി നിർവ്വഹണ ഏജൻസി (SPV)യാണ്;

(സി) വകുപ്പുകളുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

## ഇരവിപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

41 (412) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ കീഴിൽ താല്ക്കാലിക എൽ.എ. യൂണിറ്റ് ആരംഭിക്കുന്നതിന് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഇരവിപുരം നിയോജകമണ്ഡലത്തിലെ 8 പ്രവൃത്തികൾക്കാണ് കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഭൂമി ഏറ്റെടുക്കൽ ജോലികൾ വേഗത്തിലും സമയബന്ധിതമായും നടത്തുന്നതിനായി തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ നാല് മേഖലകളിലായി പ്രത്യേക എൽ.എ. യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയുടെ ഒൻപതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിക്കുകയും പ്രസ്തുത എൽ.എ. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ആയതിന്മേൽ വിശദ പരിശോധനകൾക്കുശേഷം നാല് എൽ.എ. യൂണിറ്റുകളിലേയ്ക്കുമായി 52 പുതിയ തസ്തികകൾ സൃഷ്ടിക്കാനും അവയിൽ 28 എണ്ണത്തിൽ പുനർവിന്യാസം നടത്താനും ആയത് സാധ്യമല്ലാത്ത പക്ഷം സ്ഥിരം നിയമനം നടത്താനും ബാക്കിയുള്ള 24 തസ്തികകളിൽ കിഫ്ബിക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുവാനും ധനകാര്യ വകുപ്പ് ശിപാർശ ചെയ്തുകൊണ്ട് 21-1-2019-ലെ നം. E-1011865/EXP-A2/573/2018-ധന, അനൗദ്യോഗിക കുറിപ്പ് പ്രകാരം റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

42 (413) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ആയതിലേയ്ക്കായി എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട് എന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി തയ്യാറാക്കിയിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി അംഗീകാരം ലഭ്യമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *

(ബി) കിഫ്ബി ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

**പൂഞ്ഞാർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

43 (414) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിനായി കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

പൂഞ്ഞാർ മണ്ഡലത്തിനായി കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

44 (415) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു.*

**മാവേലിക്കര ജില്ലാ ആശുപത്രിയുടെ ഡി.പി.ആർ.**

45 (416) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാവേലിക്കര ജില്ലാ ആശുപത്രിക്ക് കിഫ്ബി മുഖാന്തരം തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അംഗീകാരത്തിന് ഡി. പി. ആർ. സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡി. പി. ആർ അംഗീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കര മണ്ഡലത്തിൽ മാവേലിക്കര ജില്ലാ ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ (SPV) ഇൻകെൽ ലിമിറ്റഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ കിഫ്ബിയുടെ സാങ്കേതിക പരിശോധന നടന്നുവരുന്നതുമാണ്. പദ്ധതിരേഖകളുടെ വിശകലനത്തിൽ ചില ന്യൂനതകൾ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതിനാൽ അവ തിരുത്തിയതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമായ തിരുത്തലുകളും/ പരിഷ്കാരങ്ങളും വരുത്തിയ റിപ്പോർട്ട് കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി SPV ലഭ്യമാക്കുന്ന മുറയ്ക്ക് കിഫ് ബോർഡിന്റെ അനുമതിയോടെ സാമ്പത്തിക അനുമതി നൽകുന്നതാണ്.

## കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ

46 (417) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്; വകുപ്പു തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയായി കിഫ്ബി വഴി എത്ര പ്രവൃത്തികളുടെ എത്ര കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്; അതിൽ എത്ര കോടി രൂപയുടെ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി വഴി 181.74 കോടി രൂപയുടെ ആറ് പദ്ധതികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്. അതിൽ 121.84 കോടി രൂപയുടെ നാല് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിഫ്ബി വർക്കുകളുടെ അംഗീകാരം

47(418) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 സാമ്പത്തിക വർഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ എത്ര കിഫ്ബി വർക്കുകൾക്ക് കിഫ്ബി ബോർഡ് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ, കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പദ്ധതികളായ കടുത്തുരുത്തി റെയിൽവെ മേൽപ്പാലം, കുറവിലങ്ങാട് താലൂക്ക് ആശുപത്രി എന്നിവയുടെ ഡി.പി.ആർ.-കൾക്ക് കിഫ്ബി ബോർഡ് അംഗീകാരം നല്കിയിട്ടുണ്ടോ; ഇവയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇവ തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും നേരിടേണ്ടിവന്ന കാലതാമസ ത്തിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ രണ്ട് പദ്ധതികൾക്ക് കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കടുത്തുരുത്തി റെയിൽവേ മേൽപ്പാലം എന്ന പദ്ധതിക്കായി നിയുക്തനിർവ്വഹണ ഏജൻസിയായ ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് താലൂക്കാശുപത്രി എന്ന പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല. കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തൃപ്തികരമെങ്കിൽ കിഫ് എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് സാമ്പത്തിക അനുമതി നൽകുന്നതാണ്. ടി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കിഫ്ബിയിൽനിന്ന് കാലതാമസം ഉണ്ടായിട്ടില്ല.

### നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

48 (419) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ കിഫ്ബിവഴി നടപ്പിൽ വരുത്തുന്ന ആയയിൽ-മുള്ളറവിള പാലം, കന്നിപുറം-നെയ്യാറ്റിൻകര പാലം, പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ കുടിവെള്ള പദ്ധതി എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ കാലതാമസം വരുന്നവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിൽ വരുത്തുന്ന ആയയിൽ-മുള്ളറവിള പാലം, കുന്നിപുറം-നെയ്യാറ്റിൻകര പാലം, പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി അതിയന്നൂർ കുടിവെള്ള പദ്ധതി എന്നിവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.(പദ്ധതി നിർവ്വഹണ ഏജൻസി)യുടെ ചുമതലയാണ്.

### ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി

49 (420) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജക മണ്ഡലത്തിനായി ശിപാർശ ചെയ്ത ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രവൃത്തികൾക്ക് ഭരണാനുമതി വേഗത്തിൽ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2018-19 വർഷത്തിൽ 19 പ്രവൃത്തികളാണ് ബഹു. മങ്കട നിയോജകമണ്ഡലം എം.എൽ.എ. എൽ.എ.സി./എ.ഡി.എസ്.-ൽ ഉൾപ്പെടുത്തു ന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്. ആയതിൽ ഒരു പ്രവൃത്തി റദ്ദാക്കിയിട്ടുണ്ട്. നാല് പ്രവൃത്തികൾക്ക് ഡി.പി.ആർ. ലഭിക്കുകയും ഭരണാനുമതി നൽകുന്ന നടപടി പുരോഗമിച്ചുവരികയുമാണ്. 14 പ്രവൃത്തികളുടെ ഡി.പി.ആർ. ലഭിക്കാനുണ്ട്.

(ബി) നാല് പ്രവൃത്തികളുടെ ഡി.പി.ആർ. മാത്രമേ ബന്ധപ്പെട്ട വകുപ്പുകൾ സമർപ്പിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി) ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**മാനന്തവാടി നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

50 (421) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) മാനന്തവാടി നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിരവിൽപുഴ ബസ് സ്റ്റാന്റ് നിർമ്മാണം എന്ന പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

51 (422) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലും നിർവ്വഹണത്തിലും നിലനിൽക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി നിർവ്വഹണം സാധ്യമാക്കുന്നതിനും പൂർത്തിയാക്കുന്നതിനും കർശന നടപടി സ്വീകരിക്കാനാകുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി പദ്ധതി ഇപ്പോൾ കളക്ടറേറ്റുകളിലൂടെയാണ് നടപ്പിലാക്കിവരുന്നത്. ആയതനുസരിച്ച് അടങ്കൽ തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാതലത്തിൽത്തന്നെ ഭരണാനുമതി നൽകിവരുന്നുണ്ട്. ഒരു കോടി രൂപയോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 4-8-2018-ലെ സ.ഉ.(അച്ചടി)നമ്പർ 119/2018/ ധനപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം (3) പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി എല്ലാ അനുബന്ധ രേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകംതന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണെന്നും ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം തീർപ്പാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്

52 (423) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത സ്കൂൾ, ആശുപത്രി എന്നിവയ്ക്ക് പഴയതോ പുതിയതോ ആയ കെട്ടിടം വാങ്ങുന്നതിന് വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ, ആശുപത്രി, മറ്റേതെങ്കിലും സർക്കാർ സ്ഥാപനം തുടങ്ങിയവയ്ക്ക് പഴയതോ പുതിയതോ ആയ കെട്ടിടം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC-ADS) ആരംഭിച്ചത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിവരുന്നത്. പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം കെട്ടിടങ്ങൾ വാങ്ങുന്നതിനായി ഫണ്ട് വിനിയോഗിക്കാൻ അനുമതിയില്ല.

(ബി) ബാധകമല്ല.

(സി) ധനകാര്യ വകുപ്പിൽനിന്ന് അനുമതി നൽകിയിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

53 (424) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രാദേശിക ആസ്തി വികസന നിധികളിൽനിന്നും അനുവദിക്കുന്ന സ്കൂൾ ബസ്സുകൾ, ആംബുലൻസുകൾ എന്നിവ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പിന്തുടരേണ്ട പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ;

(ബി) വാഹനം വാങ്ങുന്ന കാര്യത്തിൽ പല നിർവ്വഹണ ഉദ്യോഗസ്ഥരും വരുത്തുന്ന കാലതാമസം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരമായി വ്യക്തമായ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടോ (MLA-SDF) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടോ (LAC-ADS) ഉപയോഗിച്ച് വാഹനം വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ പിന്തുടരേണ്ടത്.

(ബി) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി നടപ്പാക്കുന്നത്

54 (425) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി ആരംഭിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഓരോ വർഷവും ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ.-മാർ നൽകിയ പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്നും (2017-2018 വരെ) മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ പ്രൊപ്പോസലുകൾ അംഗീകരിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ ഫണ്ട് എന്ത് ചെയ്യുമെന്നും ഭരണാനുമതി ലഭ്യമാകാത്തതെന്ത് കൊണ്ടാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012 മുതലാണ് എം.എൽ.എ. ആസ്തി വികസന പദ്ധതി ആരംഭിച്ചത്.

(ബി) അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്ര ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിച്ച പദ്ധതികൾ

55 (426) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാർ പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി; വകുപ്പ് തിരിച്ച് പദ്ധതികൾക്ക് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കടമെടുപ്പ് അവകാശം**

56 (427) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശങ്ങളിൽ കേന്ദ്രം കയ്യേറ്റം നടത്തുന്നതായി കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് കേന്ദ്രം സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കാതിരുന്നത് എന്നറിയിക്കാമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്തുവാനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണം എന്നത്തേയ്ക്ക് കൊണ്ടു വരുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളുടെ നടത്തിപ്പ് കർശനമാക്കിയതോടുകൂടി അടുത്ത വർഷം സംസ്ഥാനത്തിന്റെ കടമെടുക്കൽ തുകയിൽ കുറവുണ്ടാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ അടിസ്ഥാനമാക്കിയുള്ള, സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പദ്ധതി പ്രകാരം, മുൻ വർഷങ്ങളിൽ അധികമായി എടുക്കുന്ന വായ്പാ തുക വരുംവർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽനിന്നും കുറവ് ചെയ്യുന്ന സാഹചര്യമുണ്ട്. പ്രളയക്കെടുതി മുഖാന്തരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയായും വിഭാവന ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ

സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി. എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഇതുസംബന്ധിച്ച അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(സി&ഡി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി സെസ്സ് ഏർപ്പെടുത്താനുള്ള സംസ്ഥാന നിർദ്ദേശം ജി.എസ്.ടി. കൗൺസിൽ അനുഭാവപൂർണ്ണം പരിഗണിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം ബഡ്ജറ്റിനുശേഷം പരിശോധിക്കുന്നതാണ്.

(ഇ) കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പദ്ധതിപ്രകാരം മുൻവർഷങ്ങളിൽ പബ്ലിക് അക്കൗണ്ട് വഴി അധികമായി എടുക്കുന്ന വായ്പാ തുക വരുംവർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽനിന്നും കുറവ് ചെയ്യുന്ന സാഹചര്യമുണ്ട്. ഇത്തരത്തിലൊരു നിലപാട് കേന്ദ്രസർക്കാർ ഇതിനുമുമ്പ് ഒരിക്കലും സ്വീകരിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മുൻ അനുമതി പ്രകാരം എടുക്കാമായിരുന്ന വായ്പാ പരിധിയിൽ ഈ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. ഇത് അസാധാരണമായ സ്ഥിതിവിശേഷമാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് വരുംവർഷം പ്രയാസമുണ്ടാകാത്ത തരത്തിലുള്ള സാമ്പത്തിക ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് കഠിനമായി പരിശ്രമിക്കുന്നത്. 2018-19-ലെ അക്കൗണ്ടന്റ് ജനറലിന്റെ തരംതിരിച്ചുള്ള അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ**

57 (428) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എത്ര പ്രൊപ്പോസലുകൾ ധനവകുപ്പിന്റെ മുമ്പാകെ വന്നിട്ടുണ്ട്; വകുപ്പ് തിരിച്ച് വിവരങ്ങൾ നൽകാമോ;

(ബി) ഇതിൽ എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ട്; അവയ്ക്ക് എന്ന് അംഗീകാരം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന ശിപാർശകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽ ലഭിക്കുന്ന ശിപാർശകൾ നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് അനുസൃതമായി തസ്തിക സൃഷ്ടിക്കലിന്റെ ഭരണപരമായ ആവശ്യകത വിലയിരുത്തി സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചാണ് അംഗീകാരം നൽകുമോ എന്നതിൽ തീരുമാനം കൈക്കൊള്ളുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി 15095 തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) എത്ര പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിലവിൽ തസ്തിക സൃഷ്ടിക്കാനായി സമർപ്പിച്ചിട്ടുള്ള എല്ലാ തസ്തികകൾക്കും എന്നത്തേയ്ക്ക് അംഗീകാരം നൽകാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമാക്കാൻ കഴിയില്ല.

## ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്ന അസിസ്റ്റന്റ് തസ്തിക

58 (429) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല ഉൾപ്പെടെ മൂന്ന് ജില്ലകളുടെ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ധനകാര്യ വകുപ്പിലെ നോഡൽ-സി യിലെ അസിസ്റ്റന്റ് തസ്തിക കഴിഞ്ഞ മൂന്ന് മാസമായി ഒഴിഞ്ഞ് കിടക്കുന്നത് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സീറ്റിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് അസിസ്റ്റന്റിനെ ചുമതലപ്പെടുത്താൻ സത്വര നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത സീറ്റിലേയ്ക്ക് 16-1-2019-ലെ ഭരണം 3-2-2019-ധന നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം അസിസ്റ്റന്റിനെ നിയമിച്ചിട്ടുണ്ട്.

**സാലറി ചലഞ്ച് മുഖേന ലഭിച്ച തുക**

59 (430) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം നവകേരള നിർമ്മിതിക്കായി ജീവനക്കാരിൽനിന്നും സാലറി ചലഞ്ച് മുഖേന എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജീവനക്കാർ വാഗ്ദാനം നൽകിയ പ്രകാരം ഇനി എത്ര തുക കൂടി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയവുമായി ബന്ധപ്പെട്ട് ജീവനക്കാരിൽനിന്ന് സാലറി ചലഞ്ച് മുഖേന 4-2-2019 വരെ 808 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) നിലവിലെ സാഹചര്യത്തിൽ സാലറി ചലഞ്ച് മുഖേന 1,400-1,500 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ശമ്പള പരിഷ്കരണ കമ്മീഷൻ**

60 (431) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജീവനക്കാരുടെ ശമ്പളം അഞ്ച് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്നുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ശമ്പള പരിഷ്കരണം എന്നുമുതലാണ് നടപ്പിലാക്കേണ്ടതെന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട തീയതിക്ക് എത്രമാസം മുമ്പേ കമ്മീഷനെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മീഷനെ രൂപീകരിക്കുന്ന കാര്യത്തിലും ശമ്പള പരിഷ്കരണം എന്നുമുതൽ നടപ്പിലാക്കണമെന്ന കാര്യത്തിലും സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ശമ്പള പരിഷ്കരണ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ട തീയതിക്ക് ഏഴ് മാസംമുമ്പ് ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. എന്നാൽ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചത് രണ്ട് വർഷത്തിനുശേഷമാണ്.

## സാലറി ചലഞ്ചിൽ പ്രതീക്ഷിച്ച തുക

61 (432) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചാലഞ്ച് വഴി സർക്കാർ രണ്ടായിരത്തി ഇരുന്നൂറ്റി പതിനൊന്ന് കോടി രൂപ ലക്ഷ്യമിട്ടെങ്കിലും ലഭിച്ചത് 488 കോടി രൂപ മാത്രമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇത് പ്രതീക്ഷിച്ച തുകയുടെ 25% മാത്രമാണോ; മൊത്തം ജീവനക്കാരിൽനിന്നും എത്ര ശതമാനം പേരാണ് സാലറി ചാലഞ്ചിൽ പങ്കെടുത്തത്;

(സി) സാലറി ചാലഞ്ച് നിർബന്ധമാക്കരുതെന്ന ഹൈക്കോടതി നിർദ്ദേശവും ഉയർന്ന ശമ്പളക്കാരിൽ ഭൂരിഭാഗവും സാലറി ചാലഞ്ചിൽനിന്നും വിട്ടുനിന്നതും പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന് കാരണമാണോ;

(ഡി) അല്ലെങ്കിൽ പ്രതീക്ഷിച്ച തുക ലഭിക്കാത്തതിന്റെ കാരണങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ-ഡി) നൂറ്റാണ്ടുകണ്ട ഏറ്റവും ഭീതിദമായ പ്രളയത്തിൽ ദുരിതത്തിലായവർക്ക് കൈത്താങ്ങാകുന്നതിന് സമൂഹത്തിൽ താരതമ്യേന സുരക്ഷിതത്വം അനുഭവിക്കുന്ന വിഭാഗമെന്ന തരത്തിൽ സർക്കാർ ജീവനക്കാർ അവർക്ക് ഭാരമാകാത്തവിധം ഗഡുക്കളായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകണമെന്ന് അഭ്യർത്ഥിച്ചാണ് സാലറി ചലഞ്ച് പദ്ധതി പ്രഖ്യാപിച്ചത്. ആകെ 2,200 കോടി രൂപയോളം 10 മാസംകൊണ്ട് സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പലവിധ കാരണങ്ങളാലും കുറച്ചുപേർ ഈ പദ്ധതിയിൽനിന്നും വിട്ടുനിന്നു. 56.84 ശതമാനം പേരാണ് പദ്ധതിയിൽ

ചേർന്നത്. ഇതിനോടകം 808 കോടി രൂപ സാലറി ചലഞ്ച് വഴി സമാഹരിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ 1,500 കോടി രൂപയെങ്കിലും സമാഹരിക്കാൻ കഴിയും. ദുരിതബാധിതർക്ക് ഇത് വലിയ തോതിൽ സഹായകരമാണ്.

**ക്ഷാമബത്ത കുടിശ്ശിക**

62 (433) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര ഗഡുക്കളാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക നൽകുവാൻ എന്ത് തുക വേണ്ടിവരുമെന്ന് അറിയിക്കുമോ;

(സി) ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-2018, 1-7-2018 എന്നീ തീയതി പ്രാബല്യത്തിൽ കേന്ദ്രസർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിച്ചിട്ടുള്ള ക്ഷാമബത്തയ്ക്ക് ആനുപാതികമായ രണ്ട് ഗഡു ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച് നൽകാനുള്ളത്.

(ബി) 1-1-2018-ലെ ക്ഷാമബത്ത കുടിശ്ശിക നൽകാൻ ഒരു വർഷത്തേയ്ക്ക് 736.32 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുണ്ട്. 1-7-2018 ലെ ക്ഷാമബത്ത കുടിശ്ശിക നൽകാനുള്ള തുക കണക്കാക്കിയിട്ടില്ല.

(സി) ക്ഷാമബത്ത കുടിശ്ശിക അടിയന്തരമായി അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

**പെൻഷൻ പരിഷ്കരണം**

63 (434) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻകാരായ കോളേജ് അധ്യാപകർക്ക് കഴിഞ്ഞ 13 വർഷമായി പെൻഷൻ പരിഷ്കരണ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പെൻഷൻ പരിഷ്കരണം അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവരിൽ പലരും 70 വയസ്സിന് മുകളിൽ പ്രായമുള്ളവരായതിനാൽ ഇക്കാര്യത്തിൽ മാനുഷിക പരിഗണന നൽകി പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-സി) 2016-ൽ യു.ജി.സി. പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം സംസ്ഥാനത്ത് ഇതുവരെ നടപ്പാക്കിയിട്ടില്ല. ആയത് നടപ്പാക്കുന്ന മുറയ്ക്ക് വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

64 (435) <u>ശ്രീ. സി. മമ്മൂട്ടി:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിന് സമിതിയെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിൽ ആരെയെല്ലാമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) സമിതി സർവ്വീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിയ്ക്കത്തക്ക തരത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സമിതിയെ നിയോഗിച്ചതിനുശേഷമോ സമിതിയുടെ റിപ്പോർട്ട് കാലാവധിയ്ക്കുള്ളിലോ ഏതെങ്കിലും സ്ഥാപനങ്ങളിൽ പങ്കാളിത്തപെൻഷൻ പദ്ധതി ഏർപ്പെടുത്തുകയുണ്ടായോ എന്നും ഇനി ഏതെങ്കിലും സ്ഥാപനങ്ങളിൽ പദ്ധതി ഏർപ്പെടുത്താൻ ഉദ്ദേശിയ്ക്കുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പിൻവലിയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ട് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട. ഐ.എ.എസ്.) പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ.ഉ.(പി)നമ്പർ172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനം പുരോഗമിക്കുന്ന മുറയ്ക്ക് വിവിധ വിഭാഗങ്ങളുമായി ഈ വിഷയം സമഗ്രമായി ചർച്ചചെയ്ത് ആറുമാസത്തിനകം പുന:പരിശോധന സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

(സി) ഇല്ല.

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച് സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ ജീവനക്കരുടെയും അദ്ധ്യാപകരുടെയും ഭവന നിർമ്മാണ വായ്പ

65 (436) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ഭവന നിർമ്മാണ വായ്പ ബാങ്കുകൾ മുഖേന അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പുതുതായി വായ്പ അനുവദിക്കുന്നതിന് ഏതൊക്കെ ബാങ്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ഭവനനിർമ്മാണ വായ്പ ബാങ്കുകൾ മുഖേനയാകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, അപേക്ഷ സ്വീകരിച്ച് തുടങ്ങുന്ന തീയതി എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 5-7-2018-ലെ ജി.ഒ. (പി) നമ്പർ 105/2018/ധന, 11-9-2018-ലെ ജി.ഒ. (പി) നമ്പർ 143/2018/ധന. ഉത്തരവുകൾ പ്രകാരം ഷെഡ്യൂൾഡ്-വാണിജ്യ

ബാങ്കുകൾ, LIC, HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽനിന്ന് സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ എടുക്കാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ഭവന വായ്പയെടുക്കുന്നതിന് 18-1-2019-ലെ 06/2019-ധന സർക്കുലർ പ്രകാരം ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഭവന വായ്പാ പദ്ധതി പ്രകാരം എല്ലാ ഷെഡ്യൂൾഡ്-വാണിജ്യ ബാങ്കുകളിൽനിന്നും LIC, HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷനുകളിൽനിന്നും സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ എടുക്കാവുന്നതാണ്.

(സി) 18-1-2019-ലെ 06/2019-ധന സർക്കുലർ പ്രകാരം പ്രസ്തുത ഭവന വായ്പാ പദ്ധതി പ്രകാരം ഭവന വായ്പയെടുക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി**

66 (437) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം വിവിധ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കുമായി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ധനവകുപ്പ് എത്ര രൂപയുടെ അനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രളയാനന്തരം, വാഹനങ്ങൾ വാങ്ങുന്നതിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിനുശേഷം വിവിധ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ധനകാര്യ വകുപ്പ് ഏകദേശം 3,74,00,000 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. മന്ത്രിമാർക്കായി ഇക്കാലയളവിൽ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടില്ല.

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിലല്ലെങ്കിലും പൊതുവിൽ വാഹനം വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും വകുപ്പുകൾ വാഹനം വാങ്ങുന്നതിന് പകരം ദീർഘകാലകരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കണമെന്നും നിഷ്കർഷിച്ചുകൊണ്ട് 15-9-2018-ലെ ഉത്തരവ് നമ്പർ 85/2018/ധന പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ്**

67(438) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2018 മുതൽ 31-12-2018 വരെ വിവിധ വകുപ്പുകളുടെ പദ്ധതി ചെലവ് എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിലെ തൃതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(സി) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന് പദ്ധതി ചെലവിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് വരുത്തിയത്;

(ഡി) ഇതിലൂടെ എത്ര കോടി രൂപ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 1-4-2018 മുതൽ 31-12-2018 വരെ വിവിധ വകുപ്പുകളുടെ പദ്ധതി ച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 1-4-2018 മുതൽ 31-12-2018 വരെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ച്ചെലവ് 52.76 ശതമാനമാണ്.

(സി&ഡി) പ്രളയക്കെടുതി കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം 1681.96 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഇരവിപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

68 (439) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ ബഡ്ജറ്റിൽ ഇരവിപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും ആയത് പൂർത്തീകരിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

അനുബന്ധം എ-യിൽ ചേർത്തിരിക്കുന്നു. *

## പ്ലാൻ ഫണ്ടിൽനിന്ന് തുക

69 (440) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ഈ ഇനത്തിൽ എന്ത് തുകയാണ് ലഭിച്ചത്;

(സി) പ്രസ്തുത തുക ഉപയോഗപ്പെടുത്തി പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രളയക്കെടുതി കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവിൽ 20 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം 1681.96 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്.

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നിലവിലെ പദ്ധതികളുടെ മുൻഗണനാക്രമം പുനഃക്രമീകരിച്ചുകൊണ്ട് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആലത്തൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

70 (441) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സ് തുക മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 2016-17 സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ 53,76,908 രൂപ ടെണ്ടർ സേവിംഗ്സ് ഉണ്ട്.

(ബി) സംസ്ഥാനത്ത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളിലെ ടെണ്ടർ സേവിംഗ്സ് മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിക്കാൻ 4-8-2018-ലെ സ.ഉ.(അ)നം. 119/2018/ധന ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധത്തിൽ കാണാവുന്നതാണ്. *

## പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ

71 (442) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പട്ടാമ്പി മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

### ഉത്തരം

പട്ടാമ്പി അസംബ്ലി നിയോജകമണ്ഡലത്തിലെ വിവിധ വികസന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തെ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിൽ നിർദ്ദേശിക്കപ്പെട്ട 18 പദ്ധതികളിൽ 14 എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് -I *ൽ ചേർക്കുന്നു. എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട 7 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് II-* ൽ കൊടുത്തിരിക്കുന്നു. കിഫ്ബി വഴി നടപ്പാക്കുന്ന വല്ലാപുഴ റെയിൽവേ മേൽപ്പാലം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റ് പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ സ്റ്റേറ്റ്മെന്റ് III-ൽ കൊടുത്തിരിക്കുന്നു.

## പി.എഫ്. പെൻഷൻ

72 (443) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പി.എഫ്. പെൻഷൻ കൈപ്പറ്റുന്നവർക്ക് മറ്റു ക്ഷേമ പെൻഷനുകൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വളരെ കുറഞ്ഞ തുക പി.എഫ്. പെൻഷനായി കൈപ്പറ്റുന്നവരെക്കൂടി ക്ഷേമപെൻഷനുകളുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ ഇ.പി.എഫ്. പെൻഷൻ കൈപ്പറ്റുന്നവർക്ക് മറ്റ് ക്ഷേമപെൻഷനുകൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലില്ല.

(ബി) ഇ.പി.എഫ്. പെൻഷൻ ഗുണഭോക്താക്കൾക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു ക്ഷേമനിധി ബോർഡ് പെൻഷനോ ഒരു സാമൂഹ്യ സുരക്ഷാ പെൻഷനോ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുമെന്ന് ഉത്തരവായിട്ടുണ്ട്.

## കേരള ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ

73 (444) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന വ്യക്തിക്ക് ഏതെങ്കിലും സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടോ;

(ബി) മറ്റ് ക്ഷേമ നിധിപെൻഷനുകളുടെ കൂടെ ക്ഷീര ക്ഷേമനിധിയിലേയ്ക്ക് അംശദായം ഒടുക്കിയവർക്ക് ക്ഷീര ക്ഷേമനിധിയിൽനിന്നും പെൻഷൻ നൽകി വരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ക്ഷീര ക്ഷേമനിധിയിലേയ്ക്ക് ഒടുക്കിയ പണം തിരികെ നൽകുമോ; ആയത് ലഭിക്കാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡ് പെൻഷൻ ബാധ്യത സർക്കാർ വഹിക്കുന്ന ബോർഡുകളിൽനിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനു മാത്രമേ അർഹതയുള്ളൂ. എന്നാൽ 6-2-2017-നുമുമ്പ് ക്ഷേമനിധി ബോർഡ് പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിച്ചുകൊണ്ടിരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ ഉയർന്ന നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ ലഭിക്കുന്ന ക്ഷേമനിധി ബോർഡുകളിൽനിന്ന് പെൻഷൻ നൽകുന്ന ഗുണഭോക്താക്കൾക്ക് ബോർഡ് പെൻഷന് പുറമെ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

(ബി) ഇല്ല.

(സി) ക്ഷീര കർഷകരിൽനിന്നും അംശദായ ഇനത്തിലാണ് പണം ലഭിക്കുന്നത്. ക്ഷീര കർഷക ക്ഷേമനിധി നിയമ പ്രകാരം അംശദായ തുക തിരികെ നൽകുന്നതിന് വ്യവസ്ഥയില്ല.

## കൊച്ചിൻ ക്ലബ്ബിന്റെ കൈവശം വച്ചിരിക്കുന്ന ഭൂമി

74 (445) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടകാലാവധി 31-3-2006-ൽ അവസാനിച്ചതും പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഫോർട്ട് കൊച്ചിയിലെ കൊച്ചിൻ ക്ലബിന്റെ കൈവശം വച്ചിരിക്കുന്നതുമായ 4.44.220 ഏക്കർ ഭൂമി തിരിച്ചെടുക്കുന്ന വിഷയം സംബന്ധിച്ച മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട ഫയലിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) ധനകാര്യവകുപ്പിൽ എന്നാണ് പ്രസ്തുത ഫയൽ ലഭ്യമായതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമി പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ നിലവിലുള്ള പാട്ട നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നതിനാൽ പ്രസ്തുത നടപടി പൂർത്തിയാക്കിയതിനുശേഷം ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് 13-12-2018-ൽ റവന്യൂ വകുപ്പിന് മറുപടി നൽകിയിട്ടുണ്ട്.

(ബി) E File No. 719145 Rev-A3/97/2018/Rev ഫയൽ 13-4-2018-നാണ് ധനകാര്യ വകുപ്പിൽ ലഭ്യമായത്. ധനകാര്യ വകുപ്പ് ഫയൽ നമ്പർ E 898263/Exp.A2/336/2018/Fin.

(സി) എ-യിൽ പരാമർശിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് അന്തിമ അഭിപ്രായം ലഭ്യമാക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

75(446) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) 2013-ന് മുമ്പ് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് ഫുൾടൈം ബെനിഫിറ്റ് ലഭിക്കുകയും ചെയ്ത പാർട്ട്ടൈം അദ്ധ്യാപകരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ടുള്ള വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) G.O. (Rt) 173/18 നമ്പർ ഉത്തരവുപ്രകാരം പ്രസ്തുത അധ്യാപകർ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി റിട്ടേർഡ് ജില്ലാ ജഡ്ജി ശ്രീ. സതീഷ് ചന്ദ്രബാബു ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ (റിട്ട.ഐ.എ.എസ്), പ്രൊഫ. ഡി. നാരായണ (ജി.ഐ.എഫ്.റ്റി ഡയറക്ടർ) എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ച് സർക്കാർ 7-11-2018-ലെ സ. ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി & സി) ഉണ്ട്. ഫുൾടൈം ബെനിഫിറ്റ് ലഭിച്ച് പാർട്ട് ടൈം തസ്തികയിൽ തന്നെ തുടരുന്ന ജീവനക്കാരുടെ പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

**സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ**

76 (447) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ഭവനവായ്പ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനുള്ള ഉത്തരവുകൾ എന്നാണ് പുറപ്പെടുവിച്ചതെന്നും ഏതെല്ലാം ബാങ്കുകൾ വഴിയാണെന്നും എത്രപേർ നാളിതുവരെ അപേക്ഷ നൽകിയെന്നും എത്രപേർക്ക് വായ്പ ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ ഭവനവായ്പ നൽകുന്നതിനായി എത്ര തുക നീക്കിവച്ചുവെന്നും എത്രപേർക്ക് എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ;

(സി) വായ്പകൾ ബാങ്കുകളിലേയ്ക്ക് മാറ്റി ജീവനക്കാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പൂർത്തീകരിച്ച നടപടിക്രമങ്ങളുടെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാർക്ക് ബാങ്കിൽനിന്ന് ഭവന നിർമ്മാണ വായ്പയെടുക്കുന്നതിന് 5-7-2018-നും (ജി.ഒ.(പി) നമ്പർ 105/2018/ധന), 11-9-2018- (ജി.ഒ.(പി) നമ്പർ 143/2018/ധന)- തീയതിയിലും പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം ഷെഡ്യൂൾഡ്-വാണിജ്യ ബാങ്കുകൾ, LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽനിന്ന് ഭവന വായ്പ എടുക്കാവുന്നതാണ്. പലിശ സബ്സിഡിക്ക് അപേക്ഷ ലഭ്യമായാൽ മാത്രമേ എത്ര ജീവനക്കാർ വായ്പ എടുത്തുവെന്ന് വ്യക്തമാകൂ.

(ബി) 2018-19 സാമ്പത്തികവർഷം ഭവന വായ്പ നൽകുന്നതിനായി 354,87,22,000 രൂപ നീക്കിവച്ചു. ഇതിൽ 209,87,22,000 രൂപ അധിക ധനാനുമതി മുഖാന്തരം അനുവദിച്ചതാണ്. 2017-18-ലെ ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ അവശേഷിച്ച 2385 പേർക്കും വായ്പ അനുവദിക്കാനായി മുഴുവൻ തുകയും അലോട്ട് ചെയ്ത് നൽകി.

(സി) 18-1-2019-ലെ 06/2019-ധന നമ്പർ സർക്കുലർ (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്)* പ്രകാരം 2018-19 സാമ്പത്തിക വർഷം ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ ജീവനക്കാർ ബാങ്കിൽനിന്ന് ഭവന വായ്പ ലഭിക്കുന്നതിന് ബന്ധപ്പെട്ട ഡി.ഡി.ഒ.-യ്ക്ക് NOC-യ്ക്ക് അപേക്ഷിക്കുകയും ഡി.ഡി.ഒ. ആയത് പരിശോധിച്ച് NOC നൽകി ജീവനക്കാർ അത് ബാങ്കിൽ സമർപ്പിക്കുകയും ബാങ്കിൽനിന്നുള്ള വായ്പാ അനുമതി പത്രം വാങ്ങി ഡി.ഡി.ഒ.-യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

**കിറ്റ്കോയുടെ ഓഹരി വിൽക്കാനുള്ള തീരുമാനം**

77 (448) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി വൻകിട നിർമ്മാണപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതു മുതൽ നിർമ്മാണ പ്രക്രിയകൾ വരെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയിൽ സംസ്ഥാന സർക്കാരിന് എത്ര ശതമാനമാണ് ഓഹരി പങ്കാളിത്തമുള്ളതെന്ന് അറിയിക്കുമോ;

(ബി) കിറ്റ്കോയുടെ ഓഹരികൾ വില്പന നടത്താൻ കേന്ദ്ര തീരുമാനമുണ്ടായിട്ടുള്ളതിനാൽ സംസ്ഥാന സർക്കാരിന്റെ ഓഹരിപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാരിന്റെ ഓഹരിവില്പനയിൽ പങ്കെടുക്കുന്ന സ്വകാര്യ കമ്പനികൾ ലാഭത്തിൽ പ്രവർത്തിക്കുന്ന കിറ്റ്കോയുടെ ഓഹരികൾ ഉയർന്ന തുക ക്വോട്ട് ചെയ്ത് കൈവശപ്പെടുത്തിയാൽ സംസ്ഥാന സർക്കാർ കിഫ്ബി മുഖേനയും അല്ലാതെയും കിറ്റ്കോയെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർവഹണത്തിൽ എന്തെങ്കിലും തടസ്സമുണ്ടാകുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിരവധി വൻകിട നിർമ്മാണപദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതുമുതൽ നിർമ്മാണ പ്രക്രിയകൾ വരെയുള്ള പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയിൽ സംസ്ഥാന സർക്കാരിന് 2.996% ഓഹരി പങ്കാളിത്തമാണുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഏറ്റെടുത്ത ജോലികൾ കരാർ അനുസരിച്ച് പൂർത്തീകരിക്കുന്നതാണെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

**പ്രളയക്കെടുതി**

78 (449) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക, വ്യാപാര, വിനോദസഞ്ചാരമേഖലയ്ക്ക് കനത്ത നാശനഷ്ടം വരുത്തിയ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പീരുമേട് നിയോജക മണ്ഡലത്തിലെ വിവിധ മേഖലകളിലെ സംരംഭകർ വിവിധങ്ങളായ ആവശ്യങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിനും വായ്പ തിരിച്ചടവിന് പരമാവധി കാലാവധി അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുകയും പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിക്കുകയും ചെയ്ത വ്യവസായ സംരംഭങ്ങൾക്ക് പിഴപ്പലിശ ഒഴിവാക്കുക, വായ്പ പുനഃക്രമീകരിക്കുക, മോറട്ടോറിയം അനുവദിക്കുക, പുനർനിർമ്മാണത്തിനുള്ള വായ്പ അനുവദിക്കുക തുടങ്ങിയ സൗകര്യങ്ങൾ ആവശ്യങ്ങൾക്കനുസരിച്ച് ചെയ്തുകൊടുത്തിട്ടുണ്ട്.

**പൊഴിയൂർ യു.പി. സ്കൂളിൽ ഫർണിച്ചർ വാങ്ങിയതിലെ ക്രമക്കേട്**

79(450) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി സ്കൂളിൽ കുട്ടികൾക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങാൻ കോസ്റ്റൽ ഏര്യ ഡെവലപ്മെന്റ്

കോർപ്പറേഷൻ നൽകിയ ഫണ്ട് സർക്കാർ പർച്ചേയ്സ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച വിഷയം ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിൽ ഉള്ള ക്രമക്കേടുകൾ ആണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊഴിയൂർ യു.പി. സ്കൂളിൽ ഫർണിച്ചർ വാങ്ങാൻ സ്കൂൾ എച്ച്.എം ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(സി) ഫർണിച്ചർ വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെങ്കിൽ സ്കൂൾ എച്ച്.എം.-ന്റെ പേരിൽ നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി. സ്കൂളിന് ഫർണിച്ചർ വാങ്ങാൻ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ കരട് അംഗീകാരത്തിനായി സമർപ്പണത്തിലാണ്.

**ഇ-വേ ബിൽ**

80 (451) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ നടപ്പിലാക്കിയതുമൂലം ചരക്ക് സേവന നികുതിയിൽ ഉണ്ടാകുന്ന വെട്ടിപ്പ് തടയുവാൻ സാധിച്ചുവെന്ന് കരുതുന്നുണ്ടോ;

(ബി) ഒരു ഇ-വേ ബിൽ ഉപയോഗിച്ച് വാഹനങ്ങൾ ഒന്നിലധികം തവണ ട്രിപ്പുകൾ നടത്തുന്നതായും അതിലൂടെ നികുതി വെട്ടിക്കുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതു തടയുന്നതിന് എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്;

(ഡി) ചരക്ക് നീക്കത്തിനുള്ള ഇ-വേ ബില്ലിന് ടോൾ പ്ലാസകളുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ഈ സംവിധാനം പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ഇ-വേ ബില്ലിലുള്ള വിവരങ്ങൾ വെബ്പോർട്ടലിൽ അപ്ഡേറ്റ് ആകുന്നതുകൊണ്ട് ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്ന വ്യാപാരികൾക്ക് ആയത് കണക്കിൽ ഉൾക്കൊള്ളിക്കാതെ നിർവ്വാഹമില്ല. ഇ-വേ ബിൽ ജനറേറ്റ് ചെയ്യുന്നതിനായി നൽകുന്ന വിവരങ്ങൾ വ്യാപാരികളുടെ റിട്ടേണുമായി ഒത്തുനോക്കി പൊരുത്തക്കേട് കണ്ടുപിടിക്കാൻ സാധിക്കുമെന്നുള്ളതിനാൽ കണക്കിലെ തിരിമറിക്ക് സാധ്യത കുറവാണ്.

(ബി &സി) ഉണ്ട്. അപ്രൂവ് ചെയ്ത ഇ-വേ ബിൽ ക്യാൻസൽ ചെയ്യാൻ സാധിക്കുകയില്ല. കൂടാതെ ഒരു ഇൻവോയ്സ് ഉപയോഗിച്ച് ഒന്നിലധികം തവണ (നിയമപരമായി ക്യാൻസൽ ചെയ്തത് ഒഴികെ) ഇ-വേ ബിൽ ജനറേറ്റ് ചെയ്യാൻ സാധിക്കാത്ത വിധത്തിൽ ഇ-വേ ബിൽ പോർട്ടൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒരൊറ്റ ഇ-വേ ബിൽ ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുന്നത് തടയാൻ ഇ-വേ ബില്ലും വാഹനങ്ങളിലെ ടോൾ സംവിധാനമായ ഫാസ്ടാഗും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 30-ാം ജി.എസ്.ടി. കൗൺസിലിലെ ഓഫീസർമാരുടെ സമ്മേളനത്തിൽ ഇ-വേ ബില്ലും ടോൾ പ്ലാസയുമായും ബന്ധപ്പെടുത്തി ഇ-വേ ബില്ലുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറുന്നതിനും ഇതിലൂടെ ചരക്ക് വാഹനങ്ങൾ പിന്തുടരുന്നതിനുമായി Radio Frequency Identification Data (RFID) അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും 32-ാം ജി.എസ്.ടി. കൗൺസിലിൽ 9-ാമത്തെ അജണ്ടയായി പരിഗണിച്ച് പ്രാഥമിക ചർച്ച നടത്തിയതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## ജി.എസ്.ടി.

81 (452) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2018 വരെയുള്ള ജി.എസ്.ടി.യിൽ ഗുഡ്സിനും സർവ്വീസസിനും ടാക്സ് ഇനത്തിൽ എത്ര തുക കിട്ടിയെന്ന്പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കാലയളവിലെ ഗുഡ്സ് ടാക്സും സർവ്വീസ് ടാക്സും എത്ര തുകയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-7-2017 മുതലാണ് ജി.എസ്.ടി. സംസ്ഥാനത്ത് നടപ്പിൽ വരുത്തിയത്. അതിനുശേഷം 2017-18 സാമ്പത്തികവർഷം ജി.എസ്.ടി.-യും കോമ്പൻസേഷനും ഉൾപ്പെടെ 14,302.11 കോടി രൂപയും 2018-19 സാമ്പത്തികവർഷം 31-12-2018 വരെ 17,940.96 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്.

## ജി.എസ്.ടി.-യിലെ നികുതിയിളവ്

82 (453) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വന്നിട്ടുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നികുതി നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കുകളിൽ വന്ന കുറവ് ജനങ്ങൾക്ക് കൈമാറാതെ വ്യാപാരികൾ അമിത ലാഭം കൊയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം അമിത വില ഈടാക്കിയതിന്റെ പേരിൽ വ്യാപാരികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അമിതലാഭമെടുപ്പ് തടയുന്നതിനായി കൊണ്ടുവന്ന ആന്റി പ്രോഫിറ്റിയറിംഗ് സംവിധാനം സംസ്ഥാനത്ത് വിജയപ്രദമാണോ;

(ഇ) നികുതിയിളവ് പൊതുവിപണിയിൽ പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കുമോ;

(എഫ്) കോഴിയിറച്ചിക്കുണ്ടായിരുന്ന നികുതി പൂർണ്ണമായി ഒഴിവാക്കിയിട്ടും ഭക്ഷ്യ എണ്ണകളുടെ നികുതി അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടും ഇപ്പോഴും അവയുടെ വില വർദ്ധിക്കുന്നതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5% മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽനിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.-യിൽ 14% ആയി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി. കൗൺസിൽ 9%, 6% എന്നീ നികുതി നിരക്കുകളിലേയ്ക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിലേയ്ക്ക് തട്ടിക്കിഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി. റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമാകുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിൽ പ്രതീക്ഷിത വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും 2015-16 സാമ്പത്തികവർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ വാർഷിക വർദ്ധനവ് 14% കണക്കാക്കി നികുതി പിരിവിലുണ്ടാകുന്ന കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നുണ്ട്.

(ബി-ഡി) Anti profiteering നിയമപ്രകാരം പരാതികൾ വലിയ തോതിൽ പൊതുജനങ്ങളിൽനിന്ന് ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി (ആദ്യഘട്ടം ജി.എസ്.ടി.-ക്ക് മുമ്പും ജി.എസ്.ടി. നടപ്പിൽ വന്നതിനുശേഷവും രണ്ടാംഘട്ടത്തിൽ ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷം നികുതിനിരക്കിൽ കുറവ് വരുന്നതിനുമുമ്പും കുറവ് വന്നതിനുശേഷവും) നിത്യോപയോഗ സാധനങ്ങളുടെയും മറ്റുചരക്കുകളുടെയും വിലനിലവാരത്തിൽ ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര anti profiteering അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള കണക്ക് പരിശോധനയും തെളിവെടുപ്പുകളും പുരോഗമിച്ചുവരികയാണ്.

(ഇ) നികുതിയിളവുമായി ബന്ധപ്പെട്ട ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ അവർക്ക് ഇതിനെപ്പറ്റിയുള്ള പരാതി സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിക്ക് തെളിവുകളുടെ അടിസ്ഥാനത്തിൽ നൽകാവുന്ന സംവിധാനമാണ് ജി.എസ്.ടി. നിയമത്തിൽ നിലവിലുള്ളത്. ഇത്തരം പരാതികളിൽ പ്രാഥമിക പരിശോധന സ്ക്രീനിംഗ് കമ്മിറ്റി നടത്തുകയും ഇതിൽ പ്രഥമദൃഷ്ട്യാ തെളിവുള്ള കേസ്സുകൾ കേന്ദ്ര anti profiteering അതോറിറ്റിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. കേരളത്തിൽ, ഉപഭോക്താക്കളിൽനിന്നും ഇത്തരം പരാതികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് മുൻകയ്യെടുത്ത് ജി.എസ്.ടി.-ക്ക് മുമ്പും പിമ്പുമുള്ള വിലകൾ നികുതിനിരക്കുകൂടി പരിഗണിച്ച് ശേഖരിക്കുകയും ഇതിൽ പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് ബോധ്യപ്പെട്ടവ കേന്ദ്ര anti profiteering അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

(എഫ്) ജി.എസ്.ടി. നിലവിൽ വന്നശേഷം കോഴിയും കോഴി ഇറച്ചിയും നികുതിവിമുക്തമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിന് മുൻപും ഭക്ഷ്യ എണ്ണകളുടെ നികുതി അഞ്ച് ശതമാനം ആയിരുന്നു. ആയതിനാൽ കോഴിയുടെ/ഭക്ഷ്യ എണ്ണയുടെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിൽ നികുതി ഒരു ഘടകമല്ല. മാർക്കറ്റിൽ ചരക്കുകളുടെ ലഭ്യതയും ആവശ്യകതയുമാണ് വില നിശ്ചയിക്കുന്നതിൽ പ്രധാന ഘടകം

## ജി.എസ്.ടി.-യിൽ പ്രളയ സെസ്സ്

83 (454) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം നാളിതുവരെ ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തുനിന്ന് പിരിച്ചെടുത്ത തുകയും കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വേണ്ടി പിരിച്ചെടുത്ത് നൽകിയ തുകയും എത്രയെന്ന് മാസാടിസ്ഥാനത്തിൽ പട്ടിക തിരിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഉല്പന്നങ്ങൾക്കാണ് ജി.എസ്.ടി.- യിൽ പ്രളയ സെസ്സ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് പ്രളയ സെസ്സ് ഈടാക്കണമെന്നാണ് ജി.എസ്.ടി കൗൺസിലിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) സെസ്സ് ഏർപ്പെടുത്തുമ്പോൾ ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധന വരുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

| Month | SGST (Rs. In crore) | IGST utilized for payment of SGST (Rs. In crore) |
|---|---|---|
| ആഗസ്റ്റ് , 2017 | 716.47 | 451.74 |
| സെപ്റ്റംബർ, 2017 | 807.05 | 763.46 |
| ഒക്ടോബർ, 2017 | 740.47 | 822.65 |
| നവംബർ, 2017 | 610.30 | 801.36 |
| ഡിസംബർ, 2017 | 600.51 | 795.95 |
| ജനുവരി, 2018 | 700.39 | 826.90 |
| ഫെബ്രുവരി,2018 | 619.68 | 808.82 |
| മാർച്ച്, 2018 | 604.24 | 794.12 |
| ഏപ്രിൽ, 2018 | 693.64 | 802.07 |
| മേയ്, 2018 | 661.80 | 785.97 |
| ജൂൺ, 2018 | 682.47 | 879.89 |
| ജൂലൈ, 2018 | 658.46 | 848.44 |
| ആഗസ്റ്റ്, 2018 | 527.51 | 746.21 |
| സെപ്റ്റംബർ, 2018 | 525.30 | 651.90 |
| ഒക്ടോബർ, 2018 | 793.50 | 1068.43 |
| നവംബർ, 2018 | 675.69 | 1014.34 |
| ഡിസംബർ, 2018 | 719.81 | 816.86 |

(ബി-ഡി) 32-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം എല്ലാ നികുതിവിധേയമായ ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യത്തിൽ സംസ്ഥാന ചരക്കുസേവന നികുതിക്കുപുറമേ ഒരു ശതമാനത്തിൽ കവിയാത്ത സെസ്സ് ഏർപ്പെടുത്താൻ കേരള സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം, 2 വർഷക്കാലത്തേയ്ക്ക് സംസ്ഥാനത്തിന് ഈ രീതിയിൽ സെസ്സ് തുക സമാഹരിക്കാവുന്നതാണ്. സെസ്സ് എത്ര ശതമാനം എന്നും ഏതൊക്കെ ചരക്ക്-സേവനങ്ങൾക്ക് ചുമത്തണമെന്നും ഇതുവരെ തീരുമാനിച്ചിട്ടില്ല. പുതുതായി സെസ്സ് ചുമത്തുന്ന ചരക്ക്-സേവനങ്ങൾക്ക് ആനുപാതിക വിലവർദ്ധനവ് ഉണ്ടാകാൻ ഇടയുണ്ട്.

**ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ നഷ്ടപരിഹാരം**

84 (455) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കിയതിനത്തുടർന്നുണ്ടായ നഷ്ടപരിഹാരമായി കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്നുണ്ടായ നഷ്ടപരിഹാരമായി കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തികവർഷം ലഭിച്ചത് - 2102 കോടി രൂപ

2018-19 സാമ്പത്തികവർഷം 31-12-2018 വരെ ലഭിച്ചത് 2,075 കോടി രൂപ.

**ജി.എസ്.ടി.**

85 (456) ശ്രീ. പി. കെ . ബഷീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ഇൻകം പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ; ഓരോ മാസവും ലഭിച്ച കോമ്പൻസേഷൻ ഇൻകത്തിന്റെ വിശദാംശം നൽകുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം നികുതി ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും അന്തർ സംസ്ഥാന ചരക്ക നീക്കത്തിലും വന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ;

(ഡി) അന്തർസംസ്ഥാന ചരക്ക നീക്കം വീക്ഷിക്കുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത സമ്പ്രദായം പ്രാവർത്തികമാക്കിയതോടുകൂടി നികുതി വെട്ടിപ്പ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിന് ശേഷം ജി.എസ്.ടി. വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെയും ആന്റി പ്രോഫിറ്റീയറിംഗ് വിഭാഗത്തിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവർ നടത്തുന്ന പരിശോധന നികുതി വെട്ടിപ്പ് തടയുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ;

(ജി) രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ഇൻകം ലഭിച്ചിട്ടുണ്ട്. ഇത്തരം കോമ്പൻസേഷൻ രണ്ട് മാസത്തിൽ ഒരിക്കലാണ് ലഭ്യമാകുന്നത്. കോമ്പൻസേഷൻ ഇൻകത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

2017-18 സാമ്പത്തിക വർഷം

| മാസം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| ജൂലൈ 2017 , ആഗസ്റ്റ് 2017 | 810.00 |

| | |
|---|---|
| സെപ്റ്റംബർ 2017, ഒക്ടോബർ 2017 | 395.00 |
| ജനുവരി 2018, ഫെബ്രുവരി 2018 | 567.00 |
| മാർച്ച് 2018 | 330.00 |

2018-19 സാമ്പത്തിക വർഷം

| മാസം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| ഏപ്രിൽ 2018, മേയ് 2018 | 67.00 |
| ജൂൺ 2018, ജൂലൈ 2018 | 780.00 |
| ആഗസ്റ്റ് 2018, സെപ്റ്റംബർ 2018 | 1033.00 |
| ഒക്ടോബർ 2018, നവംബർ 2018 | 195.00 |

(ബി) ഇല്ല.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി സമ്പ്രദായ വ്യവസ്ഥയിൽ കാര്യമായ മാറ്റമുണ്ടായി. ഇത് അന്തർസംസ്ഥാന വ്യാപാരത്തെ സംബന്ധിച്ചിടത്തോളം ഉത്ഭവസ്ഥാന നികുതിയിൽനിന്നും പ്രാപ്യസ്ഥാന അധിഷ്ഠിത നികുതിയായി മാറി. പ്രധാനമായും ഉപഭോഗ സംസ്ഥാനമായ കേരളത്തിന് ഇത് പ്രയോജനപ്പെടുമെന്നാണ് കരുതിയിരുന്നതെങ്കിലും ആ രീതിയിലുള്ള പ്രയോജനം ആരംഭ കാലഘട്ടത്തിൽ ദൃശ്യമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കപ്പെട്ടു. ഉല്പാദന ഘട്ടം മുതൽ ഉപഭോഗത്തിന് ചരക്കുസേവനം കിട്ടുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ മുമ്പുണ്ടായിരുന്ന നികുതികൾ ഏകീകരിച്ച് നികുതിക്ക് നികുതി വരുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കിയതിനാൽ ഉല്പാദകർക്ക് കടുത്ത മത്സരം നേരിടുന്ന വിപണിയിൽ പിടിച്ചുനിൽക്കാനുള്ള സാഹചര്യം ഉണ്ടാക്കി. കൂടാതെ കയറ്റുമതി മേഖലയ്ക്കും റീഫണ്ട് കാലതാമസം കൂടാതെ കിട്ടുന്ന അവസ്ഥ സംജാതമായി. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള വാങ്ങലിനും ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകും എന്നതിനാൽ വ്യാപാരം മെച്ചപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ട്. സമ്പദ്‌വ്യവസ്ഥയിൽ ഇപ്പോൾ പ്രത്യക്ഷമായി പുരോഗതി ദൃശ്യമില്ലെങ്കിലും താമസംവിനാ അതിന്റെ പ്രയോജനം കണ്ടുതുടങ്ങും എന്നാണ് വിലയിരുത്തുന്നത്.

(ഡി) ഉണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ.- ന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക് പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് നികുതിവരുമാനത്തിലുണ്ടായ വർദ്ധനവ് ഇ-വേ ബില്ലിന്റെ വിശദ പരിശോധനയുടെയുംകൂടി ഫലമായാണെന്ന് വിലയിരുത്തപ്പെടുന്നു. ഇ-വേ ബിൽ നടപ്പിലാക്കി നാളിതുവരെ ഒരു കോടി 17 ലക്ഷത്തോളം ഇ-വേ ബില്ലുകൾ ഓൺലൈനായി എടുത്തിട്ടുണ്ട്. ഇതിൽ 1378220 എണ്ണം ഇന്റലിജൻസ് വിഭാഗം പരിശോധനാവിധേയമാക്കിയിട്ടുണ്ട്. ന്യൂനതകൾ കണ്ടെത്തിയ 1368 കേസ്സുകളിൽ പിഴ ഈടാക്കലും തുടർനടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) 1-4-2018 മുതൽ സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി. അതിനുശേഷം ലഭിച്ച ജി.എസ്.ടി. വരുമാനം ചുവടെ ചേർക്കുന്നു:

| മാസം | ലഭിച്ച ജി.എസ്.ടി വരുമാനം (കോമ്പൻസേഷൻ ഉൾപ്പെടെ) (തുക കോടിയിൽ) |
|---|---|
| ഏപ്രിൽ 2018 | 1495.71 |
| മേയ് 2018 | 1514.77 |
| ജൂൺ 2018 | 2614.36 |
| ജൂലൈ 2018 | 2286.90 |
| ആഗസ്റ്റ് 2018 | 1525.72 |
| സെപ്റ്റംബർ 2018 | 2210.20 |
| ഒക്ടോബർ 2018 | 2492.97 |
| നവംബർ 2018 | 1885.03 |
| ഡിസംബർ 2018 | 1915.30 |

(എഫ്) ഉണ്ട്. Anti profiteering നിയമപ്രകാരം പരാതികൾ വലിയ തോതിൽ പൊതുജനങ്ങളിൽനിന്ന് ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വേ നടത്തുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര anti profiteering അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള കണക്ക് പരിശോധനയും തെളിവെടുപ്പുകളും പുരോഗമിച്ചുവരികയാണ്.

(ജി) സംസ്ഥാന ചരക്കുവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ട്.

## ജി.എസ്.ടി. സെസ് മുഖേനയുള്ള വരുമാനം

86 (457) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.യിൽ പുതുതായി ഏർപ്പെടുത്തിയ സെസ് മുഖേന എത്ര അധികവരുമാനം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെസ് തുക വ്യാപാരികൾ ഒടുക്കാതെ നഷ്ടപ്പെടുന്നത് തടയുന്നതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സെസ്സ് എത്ര ശതമാനം എന്നും ഏതൊക്കെ ചരക്ക് സേവനങ്ങൾക്ക് ചുമത്തുന്നുവെന്നും ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല.

(ബി) സെസ്സ് ഏർപ്പെടുത്തുന്ന പക്ഷം അത് പിരിച്ചെടുക്കാനുള്ള കർശനമായ നടപടിക്രമങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

## ജി.എസ്.ടി. വരുമാനം

87 (458) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ വരുമാനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ വരുമാനത്തിലുണ്ടായ കുറവ് എത്രയെന്ന് അറിയിക്കുമോ;

(സി) ഇത് മൂലമുണ്ടായ നഷ്ടം നികത്തുന്നതിനായി കേന്ദ്രസർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ വരുമാനത്തിൽ 2017-18 സാമ്പത്തിക വർഷം 3784.68 കോടി രൂപയും 2018-19 സാമ്പത്തികവർഷം 31-12-2018 വരെ 3782.93 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ 2015-16-ലെ വരുമാനത്തിന്റെ 14 ശതമാനം വർദ്ധനവിൽ കുറവുള്ളത് കോമ്പൻസേഷനായി നൽകുമെന്നാണ് കേന്ദ്രസർക്കാർ തീരുമാനിച്ചത്. അതുപ്രകാരം 2017-18 സാമ്പത്തികവർഷം 2,102 കോടി രൂപയും 2018-19 സാമ്പത്തികവർഷം 31-12-2018 വരെ 2,075 കോടി രൂപയും കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

**ജി.എസ്.ടി. റിട്ടേൺ**

88 (459) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീലർമാരിൽനിന്ന് ലഭിക്കേണ്ട ജി.എസ്.ടി. റിട്ടേൺ ഏതെല്ലാം രീതിയിലാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത് എന്നറിയിക്കാമോ;

(ബി) റിട്ടേൺ നൽകിയില്ലെങ്കിൽ സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ലഭ്യമായ റിട്ടേണുകൾ ജി.എസ്.ടി. ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പരിശോധിക്കാത്ത എത്ര റിട്ടേണുകൾ ജി.എസ്.ടി. ഓഫീസിൽ നിലവിലുണ്ട്; ഇത് ദ്രുതഗതിയിൽ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷനുള്ള വ്യക്തികൾ തങ്ങളുടെ ഒരു മാസത്തെ വാങ്ങലും വില്പനയും വെളിപ്പെടുത്തി നികുതിയടയ്ക്കുന്നത് റിട്ടേണുകൾ

ഫയൽ ചെയ്യലാണ്. നിലവിൽ, ഒരു സാധാരണവ്യാപാരി തന്റെ പുറത്തേയ്ക്കുള്ള സപ്ലൈയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത് ജി.എസ്.ടി.ആർ. 1 ഫയൽ ചെയ്താണ്. ജി.എസ്.ടി.ആർ. 2, ജി.എസ്.ടി.ആർ. 3 എന്നിവയുടെ സമർപ്പണത്തിലുണ്ടായ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വ്യാപാരികൾക്ക് കൃത്യമായി റിട്ടേണുകൾ ഫയൽ ചെയ്ത് നികുതിയടയ്ക്കുന്നതിലേയ്ക്കായി ജി.എസ്.ടി.ആർ. 3 ബി എന്ന റിട്ടേൺ പ്രാവർത്തികമാക്കി. കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്ത വ്യാപാരികൾ ജി.എസ്.ആർ. 4 ആണ് ഫയൽ ചെയ്യേണ്ടത്. ഇൻപുട്ട് സർവ്വീസ് വിതരണം നടത്തുന്നവർ ജി.എസ്.ടി.ആർ. 6 എന്ന റിട്ടേണും സ്രോതസ്സിൽ നികുതി പരിക്കാൻ ബാധ്യസ്ഥരായവർ ജി.എസ്.ടി.ആർ. 7, ഇ-കൊമേഴ്സ് വ്യാപാരം നടത്തുന്നവർ ജി.എസ്.ടി.ആർ. 8 എന്ന റിട്ടേണുമാണ് ഫയൽ ചെയ്യേണ്ടത്. ഒരു വ്യാപാരിയുടെ ഒരു വർഷത്തെ കണക്കുകൾ ജി.എസ്.ടി.ആർ. 9 എന്ന വാർഷിക റിട്ടേൺ വഴി അടുത്ത ധനകാര്യവർഷം ഡിസംബർ 31-ന് മുൻപായി ഫയൽ ചെയ്യേണ്ടതാണ്. 2017-18-ലെ ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിയമപ്രകാരം റിട്ടേണുകൾ ഫയൽ ചെയ്യുന്നത് വൈകിയാൽ വൈകിയ ഓരോ ദിവസത്തിനും 50 രൂപ ലേറ്റ് ഫീസ് ഈടാക്കുന്നതാണ്. ജി.എസ്.ടി.ആർ. 9 എന്ന വാർഷിക റിട്ടേൺ ഫയൽ ചെയ്യാൻ കാലതാമസം ഉണ്ടായാൽ ഈടാക്കാവുന്ന പരാമവധി ലേറ്റ് ഫീസ് ആ വ്യാപാരിയുടെ സംസ്ഥാനത്തെ മൊത്തം വിറ്റുവരവിന്റെ കാൽശതമാനം വരെയാണ്. കൂടാതെ നികുതി അടയ്ക്കാൻ വൈകിയാൽ 18% വാർഷിക പലിശയും തെറ്റായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയോ ഔട്ട്പുട്ട് ടാക്സ് കുറയ്ക്കുകയോ ചെയ്താൽ 24% വാർഷികപലിശയും ഈടാക്കുന്നതാണ്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശപ്രകാരം ഇത്തരം ലേറ്റ് ഫീ പലതവണയും ഒഴിവാക്കിയിട്ടുണ്ട്. അവസാനമായി 31-ാം ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശപ്രകാരം 2017 ജൂലൈ മുതൽ 2018 സെപ്റ്റംബർ വരെയുള്ള ജി.എസ്.ടി.ആർ. 1, ജി.എസ്.ടി.ആർ. 3 ബി എന്നീ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി 2019 മാർച്ച് 31 വരെ നീട്ടുകയും ലേറ്റ് ഫീ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ജി.എസ്.ടി. നിയമത്തിൽ പ്രതിപാദിച്ച രീതിയിലുള്ള കർശനനടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പിന് പരിമിതികളുണ്ടെങ്കിലും റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്ത എല്ലാ വ്യാപാരികൾക്കും 3 എ എന്ന ഡിഫോൾട്ടർ നോട്ടീസ് ബാക്ക്എൻഡ് വഴി അയച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി.-യിൽ റിട്ടേണുകളുടെ പരിശോധന പൂർണ്ണമാകണമെങ്കിൽ ഓരോ വ്യാപാരിയും അവരുടെ വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ടതുണ്ട്. 2017-18 സാമ്പത്തികവർഷത്തിലെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2019 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. എന്നിരുന്നാലും വ്യാപാരികൾ ഫയൽ ചെയ്ത ജി.എസ്.ടി.ആർ. 1, ജി.എസ്.ടി. ആർ. 3 ബി, ഓട്ടോജനറേറ്റഡ് ആയ ജി.എസ്.ടി.ആർ. 2 എ എന്നീ റിട്ടേണുകൾ പരിശോധിച്ച് അവയിലെ വ്യത്യാസങ്ങൾക്കുള്ള നോട്ടീസുകൾ അയയ്ക്കുന്നതിനുള്ള നടപടികൾ ഉദ്യോഗസ്ഥതലത്തിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) റിട്ടേണുകൾ എല്ലാ വിശദാംശങ്ങളോടുംകൂടി ഇതുവരെയും ഫയൽ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഫയൽ ചെയ്തിട്ടുള്ള റിട്ടേണുകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് പരിമിതികളുണ്ട്. കൂടാതെ 2017-18 സാമ്പത്തികവർഷത്തിലെ ഇൻവോയ്സ്, ഡെബിറ്റ് നോട്ട്സ് എന്നിവയിൽ മാറ്റം വരുത്തി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യുന്നതിനുള്ള കാലപരിധി 2019 മാർച്ച് 31 വരെയും നീട്ടിയിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ഫലപ്രദമായ റിട്ടേൺ സ്കൂട്ടിണിക്ക് പരിമിതികളുണ്ട്. എന്നാൽ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതോടുകൂടി കൃത്യമായ റിട്ടേൺ സ്കൂട്ടിണി ആരംഭിക്കുന്നതാണ്. കൃത്യമായ സ്കൂട്ടിനിക്ക് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ജി.എസ്.ടി. രജിസ്ട്രേഷൻ

89 (460) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാൽപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ജി.എസ്.ടി. രജിസ്ട്രേഷനിൽനിന്നും ഒഴിവാക്കുവാൻ ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര വ്യാപാരികൾക്കാണ് പ്രസ്തുത തീരുമാനത്തിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്തെങ്കിലും കുറവ് ഉണ്ടാകുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) 10-1-2019-ലെ 32-ാമത് ജി.എസ്.ടി. കൗൺസിലിന്റെ യോഗതീരുമാനപ്രകാരം വ്യാപാരികൾക്ക് നിർബന്ധമായും രജിസ്ട്രേഷൻ

എടുക്കേണ്ട വിറ്റുവരവിന്റെ പരിധി 40 ലക്ഷം രൂപയാക്കുവാൻ കൗൺസിൽ ശിപാർശ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ ജി.എസ്.ടി. കൗൺസിലിന്റെ അന്തിമ തീരുമാനം ലഭ്യമാകേണ്ടതുണ്ട്.

(ബി) ടി പരിധി 40 ലക്ഷം രൂപയാക്കിയാൽ സംസ്ഥാനത്ത് 199802 വ്യാപാരികൾ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കാൻ ബാധ്യതയുള്ള വിഭാഗത്തിൽനിന്നും പുറത്താകുന്നതാണ്.

(സി) ടി പരിധി 40 ലക്ഷം രൂപയാക്കിയാൽ സംസ്ഥാനത്ത് ഏകദേശം 307 കോടി രൂപയുടെ വരുമാന നഷ്ടമാണ് ഉണ്ടാകുന്നത്.

**ചരക്ക് സേവന നികുതി**

90 (461) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതിയിൽനിന്നും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച വരുമാന വളർച്ച നേടാനാവാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രതീക്ഷിച്ച റവന്യൂ വരുമാന വർദ്ധനവ് നേടിയെടുക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നിർബന്ധിതമല്ലാത്ത ചെലവുകൾ മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിക്കൊണ്ടുമുള്ള ഒരു ധനകാര്യ മാനേജ്മെന്റാണോ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രളയാനന്തരമുള്ള സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും ആഘോഷ പരിപാടികൾക്കും അനാവശ്യ കാര്യങ്ങൾക്കും നിർലോഭം പണം ചെലവഴിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്നറിയിക്കാമോ;

(ഇ) ഇത്തരം കാര്യങ്ങൾ സംസ്ഥാനത്തെ
കടക്കെണിയിലാക്കുമെന്നതിനാൽ ഇതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചരക്കുസേവന നികുതിയിൽനിന്നും സംസ്ഥാന സർക്കാർ പ്രതീക്ഷിച്ച വരുമാന വളർച്ച നേടാനായിട്ടില്ല. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ ബഹുഭൂരിഭാഗവും 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽനിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേൺ മുഴുവൻ ഫയൽ ചെയ്യാത്തതിനാൽ വിശദാംശങ്ങൾ ലഭിക്കുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

2. GST- യുമായി ബന്ധപ്പെട്ട് 2017-18- ന്റെ Annual Return ജൂൺ 2019 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്ക്രൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്.

3. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ മാത്രമേ നടപ്പിലാക്കിയുള്ളൂ. ഇതിനുണ്ടായ കാലതാമസംമൂലം വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഇ-വേ ബില്ലിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ ഒത്തുനോക്കി നികുതി വെട്ടിപ്പ് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

4. ഭൂരിഭാഗം ആഡംബര ഉപഭോക്തൃ ചരക്കുകളുടെയും നികുതിനിരക്ക് 23-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനപ്രകാരം 28%-ൽനിന്ന് 18%, 12% ആയി കുറച്ചിട്ടുണ്ട്. ഇത് സംസ്ഥാനങ്ങളുടെ നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കേരളം അന്നുതന്നെ ചൂണ്ടിക്കാണിച്ചിരുന്നു. നികുതിനിരക്കിലെ വ്യതിയാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതായതിനാൽ ഇത് പുനഃപരിശോധിക്കാനുള്ള സാധ്യത വിരളമാണ്.

(സി) അഴിമതിയും കെടുകാര്യസ്ഥതയും ഒഴിവാക്കിയും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും നികുതി പിരിവ് ഊർജ്ജിതവും കാര്യക്ഷമവുമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും പരിപൂർണ്ണമായി ഒഴിവാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുന്ന നടപടികളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. ആയതിനുതകുന്ന ക്രിയാത്മകവും ഫലപ്രദവുമായ ധനകാര്യ മാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ച് പോരുന്നത്.

(ഡി & ഇ) അനാവശ്യ ചെലവുകൾക്കും ആഘോഷങ്ങൾക്കും അമിതമായി പണം ചെലവഴിക്കുകയെന്നത് സർക്കാരിന്റെ നയമല്ല.

**ഇൻപുട്ട് നികുതി**

91 (462) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻപുട്ട് നികുതി അവകാശപ്പെടുന്നതിനും നികുതിവിധേയമായി ചരക്ക് നീക്കം നടത്തുന്നതിനും ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമാണോ; വിശദമാക്കുമോ;

(ബി) നാൽപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ജി.എസ്.ടി. രജിസ്ട്രേഷനിൽനിന്നും ഒഴിവാക്കുമ്പോൾ മേല്പറഞ്ഞ ആനുകൂല്യം പ്രസ്തുത വ്യാപാരികൾക്ക് ലഭ്യമാകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമപ്രകാരം, രജിസ്ട്രേഷനുള്ള വ്യാപാരികൾക്ക് മാത്രമേ നികുതി പിരിക്കുവാനുള്ള അവകാശമുള്ളൂ. ഇത്തരം വ്യാപാരികൾക്ക് വകുപ്പ് 16-ൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി.-യിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നുകൊണ്ട് വിവക്ഷിക്കുന്നത് രജിസ്റ്റർ ചെയ്ത ഒരു വ്യക്തി വാങ്ങിയ ചരക്കുകൾക്കോ സേവനങ്ങൾക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ചുമത്തപ്പെട്ട നികുതിയാണ്. രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തിക്കുമാത്രമേ തന്റെ പിന്നീടുള്ള സപ്ലൈയുടെ മുകളിൽ വരുന്ന നികുതി ബാധ്യതയ്ക്കെതിരെ ഈ ക്രെഡിറ്റ് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി. നിയമത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രധാനപ്പെട്ട നിബന്ധനകളിൽ ഒന്നാണ് ചരക്കുസേവനങ്ങൾ കച്ചവടത്തിനുവേണ്ടി വാങ്ങിയ വ്യക്തിക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം എന്നത്.

(ബി) ഇൻപുട്ട് നികുതിയുടെ ആനുകൂല്യം ആവശ്യമാണെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമാണ്.

## സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്റ്റ് ടാക്സസ് ആന്റ് കസ്റ്റംസിന്റെ ഉത്തരവ്

92 (463) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത്തഞ്ച് ഇനങ്ങളിലധികം സാധനങ്ങൾ കൊണ്ടുപോകുന്നത് ജി.എസ്.ടി. ഉദ്യോഗസ്ഥർ തടയരുതെന്ന് വ്യക്തമാക്കി സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്റ്റ് ടാക്സസ് ആൻഡ് കസ്റ്റംസ് ഉത്തരവ് പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതുപ്രകാരം ഏതെല്ലാം സാധനങ്ങൾ കൊണ്ടുപോകുമ്പോൾ തടഞ്ഞ് വയ്ക്കരുതെന്നാണ് ഉത്തരവിറക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഉത്തരവുമൂലം നികുതി അടയ്ക്കാതെ സാധനങ്ങൾ കൊണ്ടുപോകുന്നത് വർദ്ധിക്കുമെന്ന കാര്യം ഗൗരവമായി കാണുമോ?

ഉത്തരം

(എ-സി) സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്റ്റ് ടാക്സസ് ആന്റ് കസ്റ്റംസിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സെൻട്രൽ നോട്ടിഫിക്കേഷൻ 27/2018 പ്രകാരം ജി.എസ്.ടി. വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന പെട്ടെന്ന് നശിച്ച് പോകുന്ന സാധനങ്ങൾ, കാലവിളംബംകൊണ്ട് വിലക്കുറവുണ്ടാകുന്ന സാധനങ്ങൾ, ശേഖരിച്ച് വയ്ക്കാൻ കൂടുതൽ സ്ഥലം ആവശ്യമായ സാധനങ്ങൾ എന്നിവയുടെ ഗണത്തിൽപ്പെടുത്തി ചില ഉത്പ്പന്നങ്ങളെ പിടിച്ചെടുക്കാനുള്ള സാഹചര്യം ഉണ്ടായാൽ അവ എത്രയുംപെട്ടെന്ന് തീർപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

## പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സെസ്സ്

93 (464) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പണം സമാഹരിക്കുന്നതിന് ജി.എസ്.ടി.-ക്ക് പുറമെ ഒരു ശതമാനം സെസ്സ് ചുമത്തുവാൻ ജി.എസ്.ടി. കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എത്ര വർഷത്തേയ്ക്ക് സെസ്സ് ചുമത്തുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെസ്സ് ചുമത്തുന്നതിലൂടെ പ്രതിവർഷം എത്ര കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളും പ്രളയദുരന്തത്തിനിരയായവർ ആണെന്നിരിക്കെ അവരുടെ മേൽ വീണ്ടും സെസ്സ് ചുമത്തുന്നത് ദുരന്തത്തിൽപ്പെട്ടവർക്ക് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഇ) അവശ്യ വസ്തുക്കളെ സെസ്സിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 32-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം എല്ലാ നികുതിവിധേയമായ ചരക്കുകളെയും സേവനങ്ങളുടെയും പുറത്തുള്ള സംസ്ഥാന ചരക്കുസേവനനികുതിക്കുപുറമെ 1%-ൽ കൂടാത്ത നികുതി സെസ്സായി ഏർപ്പെടുത്താൻ കേരള സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 1-4-2019 മുതൽ 2 വർഷത്തേയ്ക്കാണ് ഇതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

(സി) പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള വിഭവ സമാഹരണ ത്തിനായാണ് സെസ്സ് ചുമത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. ഏകദേശം 600 കോടി രൂപ ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) രജിസ്ട്രേഷനുള്ള വ്യാപാരികൾ സംസ്ഥാനത്തിനകത്ത് നടത്തുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും അവസാന വിതരണഘട്ടത്തിൽ അതായത് ഉപഭോക്താക്കൾക്കും രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്കും നൽകുന്ന വിതരണത്തിന്റെ മൂല്യത്തിനു മുകളിൽ (ബി&സി) മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. 12, 18, 28 ശതമാനത്തിൽ വരുന്ന ചരക്കുകളുടെയും സേവനത്തിനും മുകളിൽ മാത്രമാണ് സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. സ്വർണ്ണം, സ്വർണ്ണാഭരണങ്ങൾ, വെള്ളി തുടങ്ങിയവയുടെ മുകളിൽ 0.25 ശതമാനം മാത്രമാണ് സെസ്സ്. വിതരണത്തിന്റെ അവസാനഘട്ടത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ്സ് പരാമവധി വില്പന വിലയ്ക്കുമുകളിൽ അധികരിക്കാത്തതുകൊണ്ടും 1.5 കോടി രൂപ വരെ കോമ്പോസിഷൻ സ്വീകരിച്ചിട്ടുള്ളവരെ ഒഴിവാക്കിയതിനാലും ബുദ്ധിമുട്ട് ഉണ്ടാകും എന്ന് കരുതുന്നില്ല.

(ഇ) അവശ്യ വസ്തുക്കൾ 5% നികുതി നിരക്കിലാണ് ഉൾപ്പെടുന്നത്. അവയെ സെസ്സിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## പ്രളയാനന്തര പുനർനിർമ്മാണം

94 (465) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജി.എസ്.ടി കൗൺസിൽ, സംസ്ഥാനത്തുണ്ടായ പ്രളയം കണക്കാക്കി പ്രളയാനന്തര പുനർനിർമ്മാണത്തിനായി എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ലഭ്യമാകുന്ന ജി.എസ്.ടി. നഷ്ടപരിഹാരം എന്തെല്ലാമെന്നും രാജ്യാന്തര വായ്പയെടുക്കാൻ ജി.എസ്.ടി കൗൺസിലും കേന്ദ്ര സർക്കാരും എന്തെല്ലാം അനുമതികൾ നല്കിയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനുമതികളോടെ, പ്രളയാനന്തര പുനർ നിർമ്മാണത്തിനായി രാജ്യാന്തര വായ്പ ഉൾപ്പെടെ മറ്റു വായ്പകൾ എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര തുകയുടെ വായ്പ ഏതെല്ലാം മേഖലകളിൽനിന്നും എടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 32-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം പ്രളയാനന്തര പുനർനിർമ്മാണത്തിന് അധിക വിഭവസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് എല്ലാ നികുതിവിധേയമായ ചരക്കുകളെയും സേവനങ്ങളുടെയും പുറത്തുള്ള സംസ്ഥാന ചരക്കുസേവന നികുതിക്കുപുറമെ 1%-ൽ കൂടാത്ത നികുതി സെസ്സായി ഏർപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 2 വർഷകാലത്തേയ്ക്ക് സംസ്ഥാനത്തിന് ഈ രീതിയിൽ തുക സമാഹരിക്കാവുന്നതാണ്.

(ബി-ഡി) പാർലമെന്റ് പാസ്സാക്കിയ ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി.-യിൽ ലയിപ്പിച്ച നികുതികളുടെ 2015-16 ധനകാര്യ വർഷത്തെ നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ വാർഷികമായി 14% വർദ്ധനവ് കണക്കാക്കി 2017-18-ൽ പ്രതിമാസം സംസ്ഥാനത്തിന് കിട്ടേണ്ട ജി.എസ്.ടി. നികുതി 1,822 കോടിയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് 2018-19-ൽ 2,077 കോടി രൂപയാണ്. സംസ്ഥാനത്തിന്

കിട്ടുന്ന സംസ്ഥാന ചരക്കുസേനവനികുതി, ഇത്തരം നികുതി യടയ്ക്കുവാനുപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റ്, അതാത് മാസങ്ങളിൽ ലഭ്യമാകുന്ന പഴയ അസസ്മെന്റുമായി ബന്ധപ്പെട്ട വാറ്റ് നികുതി എന്നിവ പരിഗണിച്ച് മേല്പറഞ്ഞ തുകയുമായി താരതമ്യം ചെയ്ത് ഇതിൽ കുറവുണ്ടാകുന്ന തുക ദ്വൈമാസമായി കേന്ദ്രം നഷ്ടപരിഹാരമായി നൽകുന്നതാണ്. വായ്പയിനത്തിൽ ലോകബാങ്ക്/ADB/KFW എന്നിവയിൽനിന്നും 7,200 കോടി രൂപയും RIDF-ൽനിന്നും 400 കോടി രൂപയും NIDA-യിൽനിന്നും 2,500 കോടി രൂപയും HUDCO-യിൽനിന്നും 1,300 കോടി രൂപയും സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്ക് മേൽ സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 600 കോടി രൂപയും പ്രളയാനന്തര പുനർനിർമ്മാണത്തിനായി കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

## മൂല്യവർദ്ധിത നികുതി കുടിശ്ശിക

95(466) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽനിന്നും പിടിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകി ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് വിധി പുറപ്പെടുവിച്ചത്; വിധി പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നിലവിൽ വന്ന് ഒരു കൊല്ലം കഴിഞ്ഞതോടെ പഴയ മൂല്യവർദ്ധിത നികുതി ഈടാക്കാൻ സർക്കാരിന് അധികാരമില്ല എന്ന കേസ്സുമായി ഹൈക്കോടതിയെ സമീപിച്ചവർ എത്രയാണെന്നും ഇവർ മാത്രം അടയ്ക്കാനുള്ള മൂല്യവർദ്ധിത നികുതി എത്രയാണെന്നും വെളിപ്പെടുത്തുമോ;

(സി) മൂല്യവർദ്ധിത നികുതി കുടിശ്ശികയുള്ളതും എന്നാൽ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടില്ലാത്തവരുമായവരിൽനിന്നും പ്രസ്തുത നികുതിയായി പിരിഞ്ഞുകിട്ടേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ 2011-12 വർഷം മുതൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട കുടിശ്ശികയും പിഴയും എത്ര തുക എന്നും ഇവ പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലുള്ള കാലയളവിലെ കുടിശ്ശികയും പിഴയും വ്യാപാരികളിൽനിന്നും പിരിച്ചെടുക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകി ഹൈക്കോടതി 11-1-2019-ൽ വിധി പ്രഖ്യാപിച്ചിട്ടുണ്ട്. വിധിയുടെ പകർപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല.

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 2011-12 വർഷം മുതൽ സംസ്ഥാനത്തിന് ലഭിക്കേണ്ട കുടിശ്ശികയും പിഴയും എത്രയാണെന്നുള്ള വിവരം ഡെപ്യൂട്ടി കമ്മീഷണർമാരിൽനിന്നും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

നികുതി കുടിശ്ശിക, പലിശ, പിഴ എന്നിവ പിരിച്ചെടുക്കാൻ സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന് വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ ഉണ്ട്. നിയമപ്രകാരം വ്യാപാരി ഒടുക്കേണ്ടതോ, നികുതി നിർണ്ണയാധികാരി നിർണ്ണയിച്ചതോ ആയ നികുതി തുക, നികുതി സംബന്ധമായ ക്രമക്കേടുകൾ കാരണം ചുമത്തിയ പിഴ, നിയമപ്രകാരമുള്ള പലിശ എന്നിവ നിശ്ചിത തീയതിക്കുള്ളിൽ അടച്ചുതീർത്തില്ലെങ്കിൽ അത്തരം തുകകൾ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ കൈക്കൊണ്ട് വരുന്നുണ്ട്. വ്യാപാരം തുടർന്നു വരുന്നവർക്ക് എതിരെയുള്ള റിക്കവറി നടപടികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർ ആണ് സ്വീകരിക്കുന്നത്. വ്യാപാരം നിർത്തിയതോ അസിസ്റ്റന്റ് കമ്മീഷണർ, തനിക്ക് കുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിയുകയില്ല എന്ന് അറിയിക്കുകയോ ചെയ്യുന്ന കേസുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറ്റം ചെയ്യുകയാണ് ചെയ്യുന്നത്. കുടിശ്ശികക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കൾ പിടിച്ചെടുക്കുക, അവ ലേലം ചെയ്ത് വിൽക്കുക, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുക എന്നിവ സാധാരണയായി സ്വീകരിച്ചുവരുന്ന നടപടികളാണ്. പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളുടെയോ കമ്പനികളുടെയോ കുടിശ്ശികയാണെങ്കിൽ സ്ഥാപനത്തിന്റെ സ്വത്തുക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പുറമെ ബന്ധപ്പെട്ട പാർട്ട്ണർമാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ സ്വകാര്യ സ്വത്തുക്കളിൽനിന്നും റിക്കവറി നടത്തുവാൻ നടപടികൾ കൈക്കൊള്ളാറുണ്ട്. കുടിശ്ശികക്കാരൻ സംസ്ഥാനത്തിന് വെളിയിൽ താമസിക്കുന്ന ആളാണെങ്കിൽ അയാൾ താമസിക്കുന്ന സംസ്ഥാനത്തെ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് റിക്കവറിക്കായുള്ള അർത്ഥനാപത്രം അയച്ചുകൊടുക്കാറുണ്ട്. ഇതുകൂടാതെ പഴയ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി കാലാകാലങ്ങളിൽ പിഴപ്പലിശ, പലിശ എന്നിവയിൽ ഇളവുകൾ നൽകിക്കൊണ്ടുള്ള ആംനെസ്റ്റി പദ്ധതികളും സർക്കാർ പ്രഖ്യാപിക്കാറുണ്ട്.

## ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടന

96 (467) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുന:സംഘടന സംബന്ധിച്ച് നാളിതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും നടപടിക്രമങ്ങൾ എത്ര സമയത്തിനുള്ളിൽ പൂർത്തിയാകുമെന്നും അറിയിക്കുമോ;

(ബി) വകുപ്പിലെ എൻട്രി കേഡർ തസ്തികയായ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എപ്പോൾ പിൻവലിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018 വർഷത്തിൽ സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പാലിച്ച് ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഏതെല്ലാം തസ്തികയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എ.എസ്.റ്റി.ഒ. കേഡറിൽ മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; 2018-ൽ എ.എസ്.റ്റി.ഒ.മാരുടെ പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് സർക്കാർ ഉത്തരവിന്റെ ലംഘനമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി രൂപീകരിച്ച സർവെയ്‌ലൻസ് സ്ക്വാഡുകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രാഥമിക ആവശ്യം നിറവേറ്റുന്നതിന് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത സ്ക്വാഡിലെ ജീവനക്കാർക്ക് ക്യാമ്പ് ഓഫീസ് ഉൾപ്പെടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല സമിതി GO(Rt) No.593/2018/TAXES dated 13-8-2018 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

17-12-2018-ലെ യോഗതീരുമാനപ്രകാരം എൽ.ഡി.സി. തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും വകുപ്പിൽ അധികമായുള്ള

ഓഫീസ് അറ്റൻഡന്റ് തസ്തികകൾ മറ്റ് വകുപ്പുകളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാന നികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ 2018 വർഷത്തിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ, ടൈപ്പിസ്റ്റ്, ക്ലാർക്ക് തസ്തികകളിൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ട്.

(ഡി) മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2018 വർഷത്തിൽ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. പ്രസ്തുത വർഷത്തിൽ അന്യസംസ്ഥാനത്തിൽനിന്നും വരുന്ന ചരക്കുകളിൽകൂടി നികുതി ചോർച്ച തടയുന്നതിനായി സർവൈലൻസ് സ്ക്വാഡുകൾ അതിർത്തി ജില്ലകളിൽ രൂപീകരിക്കുകയും തല്ഫലമായി ജീവനക്കാരെ പ്രസ്തുത സ്ക്വാഡുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടി വന്നതിനാൽ പൊതുസ്ഥലംമാറ്റം നടത്തിയിട്ടില്ല. ജീവനക്കാരെ ഭരണപരമായ സൗകര്യത്തിനായി പുനർവിന്യസിക്കാൻ വകുപ്പിന് അധികാരമുണ്ട്.

(ഇ) ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി രൂപീകരിച്ച സർവൈലൻസ് സ്ക്വാഡുകളിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് അവരുടെ സൗകര്യാർത്ഥമായ സ്ഥലങ്ങളിൽ വിശ്രമിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കുമായി വകുപ്പിന്റെ അധീനതയിലുള്ള പഴയ വാറ്റ് നികുതി കാലയളവിലെ തെരഞ്ഞെടുക്കപ്പെട്ട ചെക്ക്പോസ്റ്റുകൾ ക്യാമ്പ് ഓഫീസുകളാക്കി മാറ്റി സജ്ജീകരിച്ചിട്ടുണ്ട്. സർക്കാർ സർവൈലൻസ് സ്ക്വാഡുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മാത്രമായി 16,50,000 രൂപ നൽകിയിട്ടുള്ളതും ആയത് പ്രകാരം വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ സർവൈലൻസ് സ്ക്വാഡിൽ ജോലിചെയ്തുവരുന്ന എല്ലാ അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാർക്കും സ്വന്തം മൊബൈൽ ഫോണിലെ സംവിധാനങ്ങളുപയോഗിച്ച് ഇ-വേ ബിൽ പരിശോധന നടത്തുന്നതിനായി ഡാറ്റാ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 500 രൂപ നൽകിവരുന്നു. സ്ക്വാഡിന് ഔദ്യോഗിക ആവശ്യങ്ങൾക്കായി ലാപ്-ടോപ്പും വാഹന സൗകര്യവും നിലവിലുണ്ട്.

(എഫ്) വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഇന്റലിജൻസ് ഓഫീസുകളുടെ കീഴിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ 15 ക്യാമ്പ് ഓഫീസുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്:

| നമ്പർ | ക്യാമ്പ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം | ജില്ല | അധികാരപരിധിയിലുള്ള ഇന്റലിജൻസ് ഓഫീസ് |
|---|---|---|---|
| 1 | അമരവിള | തിരുവനന്തപുരം | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), തിരുവനന്തപുരം |
| 2 | ആര്യങ്കാവ് | കൊല്ലം | |
| 3 | കുമിളി | ഇടുക്കി | |
| 4 | ബോഡിമെട്ട് | ഇടുക്കി | |
| 5 | കമ്പംമേട് | ഇടുക്കി | |
| 6 | വാളയാർ | പാലക്കാട് | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), എറണാകുളം |
| 7 | ഗോപാലപുരം | പാലക്കാട് | |
| 8 | ഗോവിന്ദപുരം | പാലക്കാട് | |
| 9 | മീനാക്ഷിപുരം | പാലക്കാട് | |
| 10 | വേലന്താവളം | പാലക്കാട് | |
| 11 | താമരശ്ശേരി | കോഴിക്കോട് | ഡെപ്യൂട്ടി കമ്മീഷണർ (ഇന്റ), കോഴിക്കോട് |
| 12 | വട്ടുവഞ്ചാൽ | വയനാട് | |
| 13 | കൂട്ടുപുഴ | കണ്ണൂർ | |
| 14 | ബംഗ്രമഞ്ചേശ്വരം | കാസർഗോഡ് | |
| 15 | പെർലാ | കാസർഗോഡ് | |

## കൊമേഴ്സ്യൽ ടാക്സ് ഓഫീസർ തസ്തികയിലെ നിയമനം

97 (468) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിലെ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ (സ്റ്റേറ്റ് ടാക്സ് ഓഫീസർ) തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിച്ചവരെ പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 3/4/18-ലെ ഡി3/4/18- ടാക്സസ് നമ്പർ കത്ത് മുഖേന നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ടയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ പാടില്ലെന്ന നികുതി വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം ജി.എസ്.ടി. കമ്മീഷണർ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ടായിരുന്ന ഒ.എ. (ഇ.കെ.എം.) 2453/17 നമ്പർ കേസിലെ

28-11-18-ലെ അന്തിമവിധിയിൽ പ്രസ്തുത തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കമ്മീഷണർ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കൊമേഴ്സ്യൽ ടാക്സ് ഓഫീസർ (സ്റ്റേറ്റ് ടാക്സ് ഓഫീസർ) തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം ലഭിച്ചവർക്ക് പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ടയിൽ ഉൾപ്പെടുത്തിയല്ല നിയമനം നൽകേണ്ടത് എന്ന് 3-4-2018 തീയതിയിലെ ഡി3/04/2018/നി.വ. നമ്പർ കത്ത് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി കത്തിന്മേൽ സംസ്ഥാന നികുതി കമ്മീഷണർ അധിക സ്പഷ്ടീകരണം ആവശ്യപ്പെട്ട സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ വിശദമായ അഭിപ്രായത്തിനായി ഫയൽ നിയമ വകുപ്പിന്റെ പരിഗണനയിലാണ്.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം**

98 (469) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകാമോ?

ഉത്തരം

(എ) 28-12-2018 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 10644/2018/ധന ഉത്തരവ് പ്രകാരം പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് 2,13,91,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് വർക്ക് അവാർഡ് ചെയ്യുന്നതിന്റെ പ്രാരംഭ നടപടിയായി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടെന്നും 21-1-2019-ന് മുമ്പ് Electronics mode വഴി ടെണ്ടർ സമർപ്പിക്കാൻ പത്രപ്പരസ്യം നൽകിയിരുന്നതായും 2 ടെണ്ടറുകൾ ലഭ്യമായിട്ടുണ്ടെന്നും Tender Valuation നടപടികൾ പുരോഗമിക്കുകയാണെന്ന് ഇൻകെൽ ലിമിറ്റഡ് അറിയിച്ചിട്ടുള്ളതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഇൻകെൽ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ട് പഴയങ്ങാടി സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണെന്നും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രഷറികളുടെ നവീകരണം

99 (470) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികൾ ആധുനികവൽക്കരിക്കുന്നതിനും പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ട്രഷറികൾ കറൻസി രഹിതവും കടലാസ് രഹിതവുമാക്കുന്ന പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് എസ്.എം.എസ്. അലർട്ട് സൗകര്യം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

(1) ഐ.എഫ്.എം.എസ്. (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)

ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ് രഹിത/ കറൻസിരഹിത ഇടപാടുകളിലേയ്ക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയിത്തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെതന്നെ സേവനങ്ങൾ ലഭിക്കുന്നതരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.

(2) ടി.ഐ.ഡി.പി. (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)

ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി

പൂർത്തിയാകുന്നതോടുകൂടി ആധുനിക ബാങ്കിംഗ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്.

(ബി) സർക്കാരിൽനിന്നുള്ള എല്ലാ പേമെന്റുകളും ഇലക്ട്രോണിക് ട്രാൻസാക്ഷൻ വഴിയാണ് ഇപ്പോൾ നടക്കുന്നത്. വരവുകളെ (Receipts) സംബന്ധിച്ച് കറൻസിരഹിത ഇടപാടുകൾ നടത്തുന്നതിനായി ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ. (UPI) എന്നീ സൗകര്യങ്ങൾ ഉപയോഗിച്ചുള്ള പണമിടപാടുകൾ നിലവിൽ സാധ്യമാണ്. ഇടപാടുകൾ കടലാസുരഹിതമാക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. കടലാസുരഹിതമാകുമ്പോൾ പാലിക്കേണ്ട നടപടികളെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലുമായി ചർച്ച നടത്തുകയും ആയതിനനുസരിച്ചുള്ള മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുമുണ്ട്. അടുത്ത ധനകാര്യ വർഷം മുതൽ ട്രഷറികൾ പരമാവധി കടലാസുരഹിത സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ട്രഷറി ഇടപാടുകൾക്ക് എസ്.എം.എസ്. അലർട്ട് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിനുവേണ്ടി സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. SMS Gateway സംവിധാനം ഏർപ്പെടുത്തുന്നതിനായി BSNL-മായി കരാറിലേർപ്പെട്ട് ഈ സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്.

## മാന്നാർ സബ്ട്രഷറി നിർമ്മാണം

100 (471) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മാന്നാർ സബ് ട്രഷറി നിർമ്മാണ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം വിശദമാക്കാമോ?

### ഉത്തരം

27-4-2018 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3728/18/ധന ഉത്തരവ് പ്രകാരം മാന്നാർ സബ്ട്രഷറി കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് 1,91,10,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

## ട്രഷറികളുടെ ആധുനികവത്കരണം

101 (472) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എസ്.ശർമ്മ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണം ലക്ഷ്യമാക്കി എന്തെല്ലാം നവീകരണ പദ്ധതികളാണ് ട്രഷറികളിൽ നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ട്രഷറികളിലെ സേവനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം(IFMS) ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വിവരസാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ട്രഷറികളിൽനിന്ന് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്ന തരത്തിൽ ജീവനക്കാർക്കായി പരിശീലന പരിപാടികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.

(1) ഐ.എഫ്.എം.എസ്. (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)

ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പരമാവധി ഡിജിറ്റൽ ഇടപാടുകളിലേയ്ക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയിത്തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാർ ധനവിനിമയത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഗണ്യമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.

(2) ടി.ഐ.ഡി.പി. (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)

ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃസൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ആധുനിക ബാങ്കിംഗ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്.

(ബി) ഉണ്ട്.

(സി) വിവരസാങ്കേതികവിദ്യയുടെ നൂതന സംവിധാനങ്ങളെല്ലാംതന്നെ ഉൾപ്പെടുത്തിയാണ് ട്രഷറികളിൽ ഐ.എഫ്.എം.എസ്. നടപ്പിലാക്കിയിട്ടുള്ളത്. വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കു ന്നതുമൂലം ഇടപാടുകാർക്ക് എവിടെനിന്നും ആക്സസ് ചെയ്യുന്നതിന് സാധിക്കും. ട്രഷറികളിലേയ്ക്ക് ഓൺലൈൻ രീതിയിൽ എല്ലാതരം ബില്ലുകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഇപ്പോൾ ലഭ്യമാണ്. പെൻഷൻകാർക്ക് ഒരു പുതിയ പോർട്ടൽ ഏർപ്പെടുത്തി. പെൻഷൻ സംബന്ധമായ എല്ലാ വിവരങ്ങളും ട്രഷറിയിൽ വരാതെ തന്നെ പെൻഷൻകാർക്ക് ഇപ്പോൾ അറിയാൻ കഴിയും. കൂടാതെ ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യവും ട്രഷറി ഇടപാടുകാർക്ക് മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) ട്രഷറി പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് ലഭിക്കുന്ന തരത്തിൽ കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

**ട്രഷറി സ്ഥിരനിക്ഷേപ പലിശ നിരക്ക്**

102 (473) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>

<u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രഷറി സ്ഥിര നിക്ഷേപത്തിന്റെ പലിശ നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് പലിശ നിരക്കിൽ ആകെ ഉണ്ടായിട്ടുള്ളത്;

(ബി) പലിശ നിരക്കിൽ വരുത്തിയിട്ടുള്ള ഈ കുറവ് ട്രഷറി നിക്ഷേപങ്ങളെ അനാകർഷകമാക്കിയിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഏത് സാഹചര്യത്തിലാണ് പലിശ നിരക്കിൽ കുറവ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രഷറി നിക്ഷേപങ്ങളെ ആകർഷകമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 21-2-2017-ലെ സ.ഉ.(പി) നമ്പർ 25/17/ധന. 30-10-2018-ലെ സ.ഉ.(പി) നമ്പർ 167/18/ധന. 12-12-2018-ലെ സ.ഉ.(പി) നമ്പർ 193/18/ധന. എന്നീ ഉത്തരവുകളിലൂടെ എല്ലാത്തരം ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെയും പലിശ നിരക്കിൽ 0.5% കണക്കിൽ കുറവു വരുത്തിയതിനെ തുടർന്ന് ഒരു വർഷത്തിന് താഴെയുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് ആകെ 1.00%-വും ഒരു വർഷത്തിന് മുകളിലുള്ള ട്രഷറി നിക്ഷേപങ്ങൾക്ക് 1.50%-വും കുറവുവന്നിട്ടുണ്ട്.

(ബി) ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന പലിശ നിരക്കിനേക്കാൾ ഉയർന്ന നിരക്കാണ് ട്രഷറി നിക്ഷേപങ്ങൾക്ക് നിലവിൽ നൽകി വരുന്നതെന്നതിനാൽ അത്തരമൊരു വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റിസർവ് ബാങ്ക് അടിസ്ഥാന പലിശ നിരക്കിൽ വരുത്തുന്ന മാറ്റത്തിന് അനുസരിച്ചാണ് ട്രഷറി നിക്ഷേപങ്ങളുടെ പലിശയിലും മാറ്റങ്ങൾ വരുത്തുന്നത്.

(ഡി) ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഏത് ട്രഷറി വഴിയും ഇടപാടുകൾ നടത്തി പണം പിൻവലിക്കാനും നിക്ഷേപിക്കാനും സാധിക്കുന്നുണ്ട്. ട്രഷറി നിക്ഷേപങ്ങൾക്ക് ലഭിക്കുന്ന പലിശ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരവുവെയ്ക്കാനും നെറ്റ് ബാങ്കിംഗ് ഉൾപ്പെടെയുള്ള സൗകര്യം ഉപയോഗിച്ച് തുക കൈകാര്യം ചെയ്യാനുള്ള സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ട്രഷറി എ.ടി.എം.-കൾ സ്ഥാപിക്കുന്നതിനു പകരമായി ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് നൽകുന്ന കാര്യം പരിഗണിച്ചുവരികയാണ്.

**ട്രഷറി നിക്ഷേപം**

103 (474) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം ബില്ലുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്;

(ബി) ട്രഷറികളിൽ ഫണ്ട് മൊബിലൈസ് ചെയ്യുവാൻ ഏതെല്ലാം മാർഗ്ഗങ്ങളാണ് ഇപ്പോൾ സ്വീകരിക്കുന്നത്; ഫണ്ട് മൊബിലൈസ് ചെയ്യുന്ന മാർഗ്ഗങ്ങളിൽ പിഴവ് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ട്രഷറി നിക്ഷേപം കുറഞ്ഞുവരുന്ന കാര്യം പരിശോധിക്കുമോ; ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; 2016, 2017, 2018 വർഷങ്ങളിലെ ട്രഷറി നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 20 ലക്ഷം രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

(ബി) സംസ്ഥാന ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് സൗകര്യം നിലവിലുണ്ട്. ഇതിന്റെ ഭാഗമായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിന് സാധിക്കും. പബ്ലിക് അക്കൗണ്ട് വഴി ധനസമാഹരണം നടത്തി ബഡ്ജറ്റ് ചെലവുകൾ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ കർശന നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(സി) പബ്ലിക് അക്കൗണ്ടിലെ വർദ്ധനവ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കുമെന്നതിനാൽ ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമെന്ന് കാണുന്നില്ല. എന്നാൽ ട്രഷറി സേവിംഗ്സ് ബാങ്ക് ഉപഭോക്താക്കൾക്ക് സൗഹൃദപരമായ രീതിയിൽ ട്രഷറി സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ട്രഷറി നിക്ഷേപം യഥാക്രമം 5,615.38 കോടി രൂപ, 9,361.61 കോടി രൂപ, 2,023.45 കോടി രൂപയാണ്.

**ട്രഷറി**

104 (475) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രഷറി വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയ പരിഷ്കരണ നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## ഉത്തരം

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണവും.

1. അടിസ്ഥാന സൗകര്യ വികസന പദ്ധതി

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കിപ്പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. ഇതിൻപ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷം 20 ട്രഷറികളുടെ നിർമ്മാണത്തിനായുള്ള ഭരണാനുമതി ലഭിച്ചതിൽ സാങ്കേതികാനുമതി ലഭിച്ച 8 ട്രഷറികളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികളിൽ ട്രഷറി ഡയറക്ടറേറ്റ് കെട്ടിടം ഉൾപ്പെടെയുള്ള 8 പ്രവൃത്തികൾക്ക് സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാനത്തെ എല്ലാ ട്രഷറികൾക്കും ഇടപാട് സൗഹൃദ സമീപനത്തോടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുക എന്ന പദ്ധതിയാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്.

2. ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണം

ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം, ഐ.എഫ്.എം.എസ് (സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. " മികച്ച സേവനം, ഉയർന്ന സാങ്കേതികത്തികവ്, ആധുനിക ധനകാര്യ മാനേജ്മെന്റ് " എന്നതാണ് പ്രസ്തുത പദ്ധതിയുടെ ആപ്തവാക്യം. വിവര സാങ്കേതികവിദ്യയുടെ എല്ലാ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ഐ.എഫ്.എം.എസ്.-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊണ്ട് കടലാസുരഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പ്പാണ് ഐ.എഫ്.എം.എസ്.-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ

സാമ്പത്തികകാര്യ പരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധന വകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്ക്, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിൻകീഴിൽ കൊണ്ടുവരിക എന്നതാണ് ഐ.എഫ്.എം.എസ്.-ന്റെ ലക്ഷ്യം.

ഐ.എഫ്.എം.എസ്.-ന്റെ വിവിധ ഘടകങ്ങൾ

1. റവന്യൂ മാനേജ്മെന്റ് - ഇ-ട്രഷറി - ലോകത്ത് എവിടെനിന്നും 24 മണിക്കൂറും സർക്കാരിലേയ്ക്ക് പണം സ്വീകരിക്കുന്നതിനുള്ള സൗകര്യം, കറൻസിരഹിത ഇടപാടുകൾക്കുള്ള സൗകര്യം, വരവുകളുടെ തത്സമയ വിവര ശേഖരണം.

2. ബഡ്ജറ്റ് മാനേജ്മെന്റ്- ബഡ്ജറ്റിനാവശ്യമായ വിവര ശേഖരണം മുതൽ ബഡ്ജറ്റ് തയ്യാറാക്കുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ അധിഷ്ഠിത പ്രവർത്തനത്തിലൂടെ നിർവ്വഹിക്കുന്നതിനുള്ള സംവിധാനം.

3. എക്സ്പെൻഡിച്ചർ മാനേജ്മെന്റ്

സംസ്ഥാനത്ത് എല്ലായിടത്തും സമാനമായ രീതിയിൽ ധനവിനിയോഗം നടപ്പിലാക്കുന്നതിനായി കേന്ദ്രീകൃത ട്രഷറി മാനേജ്മെന്റ് സംവിധാനം, കോർട്ടീസ്-ലൂടെ (CORETIS) സാധ്യമാകുന്നു. റിസർവ് ബാങ്കിന്റെ E-kuber പോർട്ടലുമായി ബന്ധിപ്പിച്ച് ഇലക്ട്രോണിക്കായി പണം ഇടപാടുകാരുടെ അക്കൗണ്ടിൽ എത്തിക്കുന്നു.

4. സ്പാർക്ക്- സമഗ്ര എച്ച്.ആർ. മാനേജ്മെന്റ് സംവിധാനം

സംസ്ഥാനത്തെ മുഴുവൻ ജീവനക്കാരുടെയും സർവ്വീസ് സംബന്ധമായ എല്ലാ വിവരങ്ങളും ശേഖരിച്ചിട്ടുള്ള വെബ് അധിഷ്ഠിത സെൻട്രൽ ഡാറ്റാ ബേസ്.

5. ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം - ബിംസ്

സർക്കാർ വകുപ്പുകളുടെ എച്ച്.ആർ. ഇതര ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ഓൺലൈൻ ബിൽ പ്രിപ്പറേഷൻ സിസ്റ്റം.

6. ബഡ്ജറ്റ് അലോക്കേഷൻ ആന്റ് മോണിറ്ററിംഗ് സിസ്റ്റം - ബാംസ്- വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം ഓൺലൈനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം.

7. <u>കേന്ദ്രീകൃത പെൻഷൻ നിർവ്വഹണ സംവിധാനം - (PIMS)</u>- സംസ്ഥാന സർക്കാരിനു കീഴിൽ വരുന്ന എല്ലാ പെൻഷൻകാരെയും കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് കൊണ്ടുവന്നുകഴിഞ്ഞു. പെൻഷൻകാരുടെ സൗകര്യാർത്ഥം ഓൺലൈൻ പോർട്ടൽ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

8. <u>ട്രഷറി കോർ ബാങ്കിംഗ് സിസ്റ്റം</u>- ട്രഷറി സേവിംഗ്സ് ബാങ്ക് കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഏത് ട്രഷറിയിൽനിന്നും പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയുന്നു. ഏത് അക്കൗണ്ടിലേയ്ക്കും ഇലക്ട്രോണിക്കായി പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യം തുടങ്ങിയവയാണ് ആയതിന്റെ മെച്ചങ്ങൾ.

9. <u>അക്കൗണ്ട്സ് മാനേജ്മെന്റ്</u> - കമ്പ്യൂട്ടർവത്കൃത സംവിധാനത്തിലൂടെ വരവുചെലവ് കണക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കാൻ കഴിയുന്നു. അക്കൗണ്ട്സ് സംബന്ധമായ വിവരങ്ങൾ ട്രഷറിയും അക്കൗണ്ടന്റ് ജനറലുമായി ഓൺലൈനായി കൈമാറ്റം ചെയ്യാൻ കഴിയുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി സമാഹൃത വിവരങ്ങൾ തയ്യാറാക്കുന്നതിന് കുറ്റമറ്റതും സമഗ്രവുമായ ഒരു ഡാഷ് ബോർഡ് എന്നിവയാണ് ആയതിന്റെ സവിശേഷതകൾ. ഫലപ്രദമായ ലിക്വിഡിറ്റി മാനേജ്മെന്റിനായി വാംസ് (WAMS) എന്ന സംവിധാനവും ഏർപ്പെടുത്തിക്കഴിഞ്ഞു.

10. <u>നെറ്റ് വർക്കിംഗ്</u> - ധനകാര്യ ഇടപാടുകളുടെ സുരക്ഷിതത്വം മുൻനിർത്തി ട്രഷറികൾ തമ്മിലും ഡയറക്ടറേറ്റ്, സംസ്ഥാന ഡേറ്റാ സെന്റർ എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചും കൂടുതൽ സുരക്ഷിതത്വവും ഫലപ്രദവുമായ ട്രഷറി വൈഡ് ഏരിയ നെറ്റ് വർക്കിംഗ് സംവിധാനം ബി.എസ്.എൻ.എൽ. വഴി നടപ്പിലാക്കി. കൂടാതെ ഒരു റെഡണ്ടന്റ് നെറ്റ് വർക്ക് റെയിൽ ടെൽ മുഖേന നടപ്പിലാക്കിക്കഴിഞ്ഞു.

## ട്രഷറി നിക്ഷേപങ്ങളുടെ പരിശ നിരക്ക്

105 (476) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിലെ സ്ഥിര നിക്ഷേപങ്ങൾക്ക് 2018-ൽ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പലിശയാണ് കുറച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) റിസർവ് ബാങ്ക് പലിശ നിരക്ക് കുറയ്ക്കാത്ത സാഹചര്യത്തിൽ ട്രഷറി നിക്ഷേപത്തിന്റെ പലിശ കുറച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കുമോ;

(സി) ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തിയവരിൽ ഭൂരിഭാഗവും പെൻഷൻകാരാണെന്നിരിക്കെ ട്രഷറി നിക്ഷേപങ്ങളുടെ പലിശ കുറയ്ക്കുന്നത് അവരെ ബുദ്ധിമുട്ടിലാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അർബൻ സഹകരണ ബാങ്കുകൾ സ്ഥിരനിക്ഷേപത്തിന് നൽകുന്ന പലിശയെങ്കിലും ട്രഷറി നിക്ഷേപങ്ങൾക്ക് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-10-2018-ലെ സ.ഉ. (പി) നമ്പർ 167/2018/ധന ഉത്തരവുമുഖേന ഒരു വർഷത്തിനുമേൽ കാലയളവിലുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് മാത്രം പലിശനിരക്കിൽ 0.50% കുറവ് വരുത്തിയിട്ടുണ്ട്. പിന്നീട്, 12-12-2018-ലെ സ.ഉ. (പി) നമ്പർ 193/2018/ധന ഉത്തരവുമുഖേന എല്ലാവിധ ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്കും വീണ്ടും 0.50% കുറവ് വരുത്തിയിട്ടുണ്ട്.

(ബി) മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകുന്ന പലിശനിരക്കിന് ആനുപാതികമായിട്ടാണ് പലിശനിരക്കിൽ കുറവ് വരുത്തിയിട്ടുള്ളത്.

(സി) ട്രഷറി പലിശനിരക്കുകൾ ദേശസാൽകൃത ബാങ്കുകളുടെ പലിശ നിരക്കിനെ അപേക്ഷിച്ച് ആകർഷകമാണ്. പ്രാബല്യ തീയതിക്കുശേഷമുള്ള പുതിയ നിക്ഷേപങ്ങൾക്കാണ് പുതുക്കിയ നിരക്ക് ബാധകമാണെന്നിരിക്കെ നിലവിലുള്ള നിക്ഷേപങ്ങളെ ഇതു ബാധിക്കുന്നില്ല.

(ഡി) സഹകരണ ബാങ്കുകൾ നൽകുന്ന പലിശനിരക്ക് ട്രഷറി നിക്ഷേപങ്ങൾക്ക് ഉറപ്പാക്കുന്നത് പ്രായോഗികമല്ല.

**ട്രഷറികളിലെ നിക്ഷേപങ്ങൾ**

106 (477) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിലെ നിക്ഷേപങ്ങൾക്ക് നൽകിവരുന്ന പലിശ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സീനിയർ സിറ്റിസൺസിന് മുൻപ് നൽകിയിരുന്ന പലിശനിരക്കിൽ

വ്യത്യാസം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ; ഏത്ര ശതമാനത്തിന്റെ വ്യത്യാസമാണ് വരുത്തിയിരിക്കുന്നത്; ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ട്രഷറികൾ ബാങ്കുകളുടെ നിലവാരത്തിലേയ്ക്ക് സേവനം ഉയർത്തി കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുമ്പോൾ ഇടപാടുകാർക്ക് എ.ടി.എം. കാർഡ് സൗകര്യം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ ട്രഷറികൾ കേന്ദ്രീകരിച്ച് എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് 4%, 180 ദിവസത്തിനും ഒരു വർഷത്തിനും ഇടയിലുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് (പൊതുവിഭാഗത്തിന് 6.50%, സീനിയർ സിറ്റിസൺസിന് 7.00%) ഒരു വർഷത്തിനു മുകളിലുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് (പൊതുവിഭാഗത്തിന് 7.50%, സീനിയർ സിറ്റിസൺസിന് 8.00%) എന്ന നിരക്കുകളിൽ പലിശ നൽകിവരുന്നു.

(ബി) 12-12-2018-ലെ ജി.ഒ.(പി) നമ്പർ 193/2018/ധന ഉത്തരവുപ്രകാരം 1-1-2019 പ്രാബല്യത്തിൽ സീനിയർ സിറ്റിസൺ ഉൾപ്പെടെയുള്ളവർക്ക് പലിശനിരക്കിൽ 0.5% വ്യത്യാസം വരുത്തിയിട്ടുണ്ട്. മറ്റ് ദേശസാൽകൃത ബാങ്കുകൾ നൽകിവരുന്ന പലിശനിരക്കിനേക്കാൾ കൂടിയ പലിശനിരക്ക് ട്രഷറി നിക്ഷേപങ്ങൾക്ക് അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് പലിശനിരക്കിൽ വ്യത്യാസം വരുത്തിയത്.

(സി) ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായും ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) ട്രഷറികളിൽ എ.ടി.എം.-കൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. പകരം ബാങ്കുകൾ മുഖേന ട്രഷറി അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം. കാർഡ് നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

**ലോട്ടറിയിൽനിന്ന് ലഭിച്ച വരുമാനം**

107 (478) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലോട്ടറിയിൽനിന്ന് ലഭിച്ച വരുമാനം എത്ര;

(ബി) ഈ കാലയളവിൽ ഏജന്റ് കമ്മീഷൻ എത്ര ശതമാനം വർദ്ധിപ്പിച്ചു; ഇതിനായി എത്ര രൂപ കൂടുതൽ നൽകേണ്ടിവന്നു;

(സി) നവകേരള നിർമ്മിതിക്കായി കൊണ്ടുവന്ന ലോട്ടറിയിൽനിന്ന് എത്ര കോടി രൂപ വരുമാനം ലഭിച്ചു;

(ഡി) ജി.എസ്.ടി. ഏർപ്പെടുത്തിയതിന് ശേഷം സർക്കാരിന് ഇതരസംസ്ഥാന ലോട്ടറിയിൽനിന്ന് എത്ര നികുതി വിഹിതം ലഭിച്ചു;

(ഇ) പ്രളയ സെസ് ലോട്ടറിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലോട്ടറിയിൽനിന്ന് ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | വരുമാനം |
|---|---|
| 2015-16 | 6317.73 crore |
| 2016-17 | 7394.91 crore |
| 2017-18 | 9034.25 crore |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏജന്റുമാരുടെ കമ്മീഷനിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(സി) നവകേരള നിർമ്മിതിക്കായി ഏർപ്പെടുത്തിയ നവകേരള ഭാഗ്യക്കുറി (NK-1) യുടെ ആകെ വിറ്റുവരവ് 36.10 കോടി രൂപയാണ്. അതിൽ 16.57 കോടി രൂപയോളം അറ്റാദായമായി ലഭിച്ചിട്ടുണ്ട്.

(ഡി) ഇതര സംസ്ഥാന ലോട്ടറി വിൽപ്പന സംസ്ഥാനത്ത് നിലവിലില്ല.

(ഇ) തീരുമാനമെടുത്തിട്ടില്ല.

**ഇതര സംസ്ഥാന ലോട്ടറി നിയന്ത്രണം**

108(479) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. ഏകീകരണത്തിലൂടെ ഇതര സംസ്ഥാന ലോട്ടറി ലോബി വീണ്ടും കേരളത്തിലേയ്ക്ക് കടന്നുവരാൻ ശ്രമിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തിന്റെ ഔദ്യോഗിക ലോട്ടറിയെ തകർക്കുന്നതിനും അതുവഴി കോടിക്കണക്കിന് രൂപയുടെ നികുതി നഷ്ടത്തിനും ഒട്ടേറെ പേരുടെ തൊഴിൽ നഷ്ടത്തിനും കാരണമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 22-12-2018-ലെ 31-ാം GST കൗൺസിൽ മീറ്റിംഗിൽ Table Agenda ആയാണ് ലോട്ടറിയിന്മേൽ GST 28% ആയി ഏകീകരിക്കുന്നതിനുള്ള നിർദ്ദേശം കൊണ്ടുവന്നത്. എന്നാൽ കേരളത്തിന്റെ ശക്തമായ എതിർപ്പുകാരണം അന്ന് ഇതിന്മേൽ തീരുമാനമെടുക്കാതെ വിഷയം അടുത്ത GST Council യോഗത്തിലേയ്ക്ക് മാറ്റുകയായിരുന്നു. ഇതിനെത്തുടർന്ന് നിലവിൽ പിന്തുടരുന്ന GST നികുതിഘടനയിൽ മാറ്റം വരുത്തേണ്ട അടിയന്തരസാഹചര്യം നിലവിലില്ലെന്നും ലോട്ടറിയുടെ GST ഘടന 17-ാം GST കൗൺസിൽ തീരുമാനപ്രകാരം തുടരാവുന്നതാണെന്നും വിശദാംശം സഹിതം കേരളത്തിന്റെ നിലപാടുകൾ വ്യക്തമാക്കി ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിക്കും ഇതരസംസ്ഥാന ധനകാര്യ മന്ത്രിമാർക്കും കത്ത് നൽകുകയുണ്ടായി. കൂടാതെ, കേരള ലോട്ടറി സംരക്ഷണസമിതി പ്രതിനിധികൾ ബഹു. ധനകാര്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ലോട്ടറിയിന്മേലുള്ള നിലവിലെ GST ഘടന തുടരേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയുമുണ്ടായി.

വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെ ബന്ധപ്പെട്ട് ജി.എസ്.ടി. ഏകീകരണ നിരക്കിന്മേലുള്ള കേരള നിലപാടിന് പിന്തുണ അഭ്യർത്ഥിക്കുകയും ആയതിൻപ്രകാരം സംസ്ഥാന ലോട്ടറികളുടെയും സ്റ്റേറ്റ് ആതറൈസ്ഡ് ലോട്ടറികളുടെയും GST നിരക്ക് 28%- മായി ഏകീകരിക്കാനുള്ള കൗൺസിൽ നീക്കം തടയുകയുംചെയ്തു. ഇതിനെത്തുടർന്ന് വിഷയം പരിശോധിക്കാൻ ജി.എസ്.ടി. കൗൺസിൽ ഒരു 7 അംഗ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കാരുണ്യ ബനവലന്റ് ഫണ്ട്**

109 (480) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് വഴി ഈ സർക്കാർ എത്ര രൂപയുടെ ധനസഹായം വിതരണം ചെയ്തു; വിശദമാക്കുമോ;

(ബി) എത്ര രോഗികൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമായത്; വിശദമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് ഫണ്ട് വഴി ഈ സർക്കാർ 766,71,04,473 രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഹീമോഫീലിയ രോഗികൾക്കും സർക്കാർ/സ്വകാര്യ ആശുപത്രികളിലുമായി ഈ സർക്കാർ ആകെ 96569 രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ട്.

**ലോട്ടറി ടിക്കറ്റ് ഏജന്റുമാർ**

110 (481) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റ് ഏജൻസിക്കായി എത്ര പേർ അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഇതുവരെയായി ഏജൻസി നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ലോട്ടറി ടിക്കറ്റ് വരുമാനത്തിൽനിന്നും എത്ര ശതമാനം രൂപ കമ്മീഷനും ക്ഷേമത്തിനുമായി ലോട്ടറി ഏജന്റുമാർക്ക് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം നിശ്ചിത തുക ഏജൻസി രജിസ്ട്രേഷൻ ഫീസായി ഒടുക്കുന്ന വ്യക്തികൾക്കെല്ലാം ഏജൻസി നൽകിവരുന്നുണ്ട്. നിലവിൽ 48937 പേർക്ക് ഭാഗ്യക്കുറി ഏജൻസി അനുവദിച്ചിട്ടുണ്ട്.

(ബി) ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിൽനിന്നും ഏകദേശം 26% തുക ഏജന്റുമാരുടെ കമ്മീഷൻ ഇനത്തിൽ അനുദിക്കുന്നുണ്ട്. ഇതിനുപുറമേ ഏകദേശം 5% തുക ഏജൻസി പ്രൈസ് ഇനത്തിലും നൽകുന്നുണ്ട്. ഓരോ വർഷവും ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആകെ വിറ്റുവരവിന്റെ 1% തുക കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായി നൽകുന്നുണ്ട്. ടി തുക ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

111 (482) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വളർച്ചയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകുന്ന സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കെ.എഫ്.സി.യിൽ പേയ്മെന്റുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡിജിറ്റൽ പണമിടപാട് ലളിതമാക്കുന്നതിന് കെ.എഫ്.സി. ബാങ്കുകളിൽ വെർച്ചൽ അക്കൗണ്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ സംവിധാനത്തിന്റെ പ്രയോജനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് വായ്പ അനുവദിച്ച് സംസ്ഥാനത്തെ വ്യവസായവത്കരണത്തിന് സഹായിക്കുന്ന സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. നാളിതുവരെ 50,000 ത്തിലധികം പദ്ധതികൾക്ക് കെ.എഫ്.സി. വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എഫ്.സി.-യിൽ ഇപ്പോൾ പണമിടപാടുകൾ ഡിജിറ്റൽ രൂപത്തിലാണ് നടക്കുന്നത്. രണ്ട് സംവിധാനങ്ങളാണ് ഇതിനായി നടപ്പിലാക്കിയിരിക്കുന്നത്.

(1) ഓൺലൈൻ പേമെന്റ് ഗേറ്റ് വേ

(2) വെർച്ചൽ അക്കൗണ്ട് സിസ്റ്റം

സൗത്ത് ഇന്ത്യൻ ബാങ്കുമായി ചേർന്ന് ഓൺലൈൻ പേമെന്റ് ഗേറ്റ് വേ നടപ്പിലാക്കിയിരിക്കുന്നത് www.onlinekfc.org വഴിയാണ്.

(സി) കെ.എഫ്.സി. ഇടപാടുകൾ ലളിതമാക്കുന്നതിന് ബാങ്കുകളുമായി ചേർന്ന് വെർച്ചൽ അക്കൗണ്ട് സംവിധാനം തുടങ്ങി. സൗത്ത് ഇന്ത്യൻ ബാങ്കും ഫെഡറൽ ബാങ്കുമായി ചേർന്നാണ് ഇത് നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനത്തിൽക്കൂടി വായ്പക്കാർക്ക് കെ.എഫ്.സി.-യിലെ വായ്പയുടെ അക്കൗണ്ട് നമ്പർതന്നെ ബാങ്ക് അക്കൗണ്ട് നമ്പരായി ഉപയോഗിക്കാൻ സാധിക്കുന്നു. അതിനാൽ ഉപഭോക്താക്കൾക്ക് അനായാസമായി പണം ബാങ്കുവഴി വായ്പയിലേയ്ക്ക് അടക്കാൻ സാധിക്കുന്നു. കൂടാതെ വെർച്ചൽ അക്കൗണ്ടിലേയ്ക്ക് വരുന്ന തുക കെ.എഫ്.സി.-യുടെ കോർ സിസ്റ്റത്തിൽ അന്നുതന്നെ സെറ്റിൽ ആകുകയും ചെയ്യുന്നു. പണമിടപാടുകളുടെ വിവരങ്ങൾ യഥാസമയം ഉപഭോക്താക്കളെ SMS/ഇ-മെയിൽ വഴി അറിയിക്കാനും കഴിയുന്നു.

## കെ.എസ്.എഫ്.ഇ.എൽ.-ന്റെ നിക്ഷേപങ്ങൾ

112 (483) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ. യുടെ നിക്ഷേപങ്ങൾ ലോൺ സ്കീമുകൾക്ക് നൽകുന്നതിന് പകരം സർക്കാരിന്റെ സാമ്പത്തികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് നിയമാനുസൃതമാണോ;

(ബി) ഈ സ്ഥാപനത്തിൽനിന്നും കെ.റ്റി.ഡി.എഫ്.സി.-ക്ക് ഈ സർക്കാർ കാലയളവിൽ ലോൺ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളത്; മറ്റ് സർക്കാർ സ്ഥാപനങ്ങൾക്ക് ലോൺ നൽകാൻ കെ.എസ്.എഫ്.ഇ.യ്ക്ക് അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ;.

(സി) കെ.എസ്.എഫ്.ഇ.യുടെ തന്നെ തിരുവനന്തപുരത്തെ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സർക്കാർ നിർദ്ദേശപ്രകാരം ലോൺ അനുവദിച്ചിട്ടുണ്ടോ; എത്ര വർഷത്തേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ തിരിമറി നടത്തിയ ഡയറക്ടർമാർക്ക് എതിരെ സർക്കാർ എന്തെല്ലാം നിയമ നടപടികളാണ് എടുത്തിട്ടുള്ളത്; എടുത്തിട്ടില്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം കമ്പനിക്ക് ബാങ്കുകൾക്കോ സർക്കാരിനോ സർക്കാർ സ്ഥാപനങ്ങൾക്കോ മറ്റു സ്ഥാപനങ്ങൾക്കോ വായ്പ, സെക്യൂരിറ്റീസ്, വസ്തു എന്നിവ നൽകുകയോ അവയിൽ നിക്ഷേപം നടത്തുകയോ ഗ്രാന്റുകൾ, ഇളവുകൾ എന്നിവ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. ആയതിനാൽ സർക്കാരിന് കെ.എസ്.എഫ്.ഇ.എൽ. നിക്ഷേപങ്ങളിൽനിന്ന് വായ്പ നൽകിയത് നിയമപരമാണ്.

(ബി) ഈ സർക്കാർ കാലയളവിൽ കെ.എസ്.എഫ്.ഇ.എൽ.-ൽനിന്നും KTDFC-യ്ക്ക് ലോൺ അനുവദിച്ചിട്ടില്ല.

(സി &ഡി) ഉണ്ട്. 18 മാസക്കാലാവധിയിലേയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. 16-9-2017-ലെ സ.ഉ (കൈ)34/2017/സഹ നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ

കബിളിപ്പിക്കപ്പെട്ട നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനായി കെ.എസ്.എഫ്.ഇ.-ൽനിന്നും 15 കോടി രൂപ 2 ഗഡുക്കളായി സൊസൈറ്റിക്ക് വായ്പയായി നൽകുന്നതിന് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

സർക്കാർ ഗ്യാരന്റിയിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. ടി വായ്പ 7.5 കോടി രൂപ വീതമുള്ള രണ്ട് തുല്യ ഗഡുക്കളായി നൽകുന്നതായിരിക്കും.
2. രണ്ടാം ഗഡു ആയ 7.5 കോടി രൂപ ക്രമക്കേടിന് ഉത്തരവാദികൾ ആയവരിൽനിന്നും അപഹരിക്കപ്പെട്ട തുകയുടെ 50% തുക തിരികെ ഈടാക്കിയതിനുശേഷം നൽകുന്നതാണ്.
3. 4% വാർഷിക പലിശനിരക്കിൽ 18 മാസത്തവണകളായി പ്രസ്തുത തുക തിരിച്ചടക്കേണ്ടതാണ്. ടി തിരിച്ചടവ് കൃത്യമായി വിലയിരുത്തേണ്ടതാണ്.
4. തിരിച്ചടവിൽ വീഴ്ച പറ്റുന്നപക്ഷം മേൽപ്പറഞ്ഞ സർക്കാർ ഗ്യാരന്റി അസാധുവാക്കുന്നതിന് കെ.എസ്.എഫ്.ഇ. നിർബന്ധിതമാകുന്നതാണ്.
5. (i) 16-10-2004-ലെ ജി.ഒ.(എം.എസ്) നം.487/04/ഫിൻ നമ്പർ ഉത്തരവ് പ്രകാരവും കേരള സീലിങ് ഓൺ ഗവൺമെന്റ് ഗ്യാരന്റി ആക്ട് 2003 (2003-ലെ ആക്ട് 30) പ്രകാരവും 0.75% നിരക്കിൽ സൊസൈറ്റി ഗ്യാരന്റി കമ്മീഷൻ നൽകേണ്ടതാണ്.

(ii) 16-10-2004-ലെ മേൽ സർക്കാർ ഉത്തരവിലെ ക്ലോസ് 5-ൽ വ്യക്തമാക്കിയിരിക്കുന്നതിൻപ്രകാരം വൈകിയടയ്ക്കുന്ന ഓരോ തവണകൾക്കും 12% നിരക്കിൽ സാധാരണ പലിശ ഈടാക്കുന്നതാണ്.

(iii) ഗ്യാരന്റി കമ്മീഷന്മേലുള്ള അർദ്ധ വാർഷിക റിപ്പോർട്ട്, ഗ്യാരന്റി കമ്മീഷനും പിഴപ്പലിശയും ഒടുക്കിയ ചെലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ധനകാര്യ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

(iv) വീഴ്ച വരുത്താതെ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് സഹകരണ വകുപ്പ് ഉചിതമായ സംവിധാനം ആവിഷ്കരിക്കുന്നതാണ്.

ടി വായ്പയുടെ ആദ്യ ഗഡു തുകയായ 7.5 കോടി രൂപ നിക്ഷേപകർക്ക് വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്. 2-ാം ഗഡു വായ്പാതുകയായ 7.5 കോടി രൂപ സംഘത്തിലെ ക്രമക്കേടിന് ഉത്തരവാദിയായവരിൽനിന്നും 50% തുക വസൂലാക്കിയശേഷം നൽകുന്നതിനാണ് ഗ്യാരന്റിയിൽ വ്യവസ്ഥ

ചെയ്തിട്ടുള്ളത്. ടി സഹകരണ സംഘത്തിൽ തിരിമറി നടത്തിയതായി അന്വേഷണത്തിൽ കണ്ടെത്തിയ സംഘം ഭരണസമിതി അംഗങ്ങളായ ശ്രീ. ആർ. രാമകൃഷ്ണൻ, ശ്രീ. എസ്. മോഹനകുമാർ, ശ്രീ. എം. പത്മകുമാർ, ശ്രീ. എസ്. ഗിരീഷ് കുമാർ, സംഘത്തിലെ താൽക്കാലിക ജീവനക്കാരൻ ശ്രീ. എസ്. രവിശങ്കർ എന്നിവർക്കെതിരെ കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരം സംഘത്തിൽനിന്നും അപഹരിച്ച 12,25,65,681 രൂപയും പലിശയും ഉൾപ്പെടെ 25,20,38,882 രൂപ ഈടാക്കുന്നതിന് സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടിയാളുകൾ തുക ഒടുക്കാൻ തയ്യാറാകാതിരുന്നതിനാൽ തുക വസൂലാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

113 (484) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ആരംഭിച്ച പ്രവാസി ചിട്ടിയിൽ എത്ര പ്രവാസികൾ വരിക്കാരായി ചേർന്നിട്ടുണ്ട്;

(ബി) ഈ ചിട്ടി ആരംഭിച്ച ശേഷം നാളിതുവരെയുള്ള ലാഭം എത്രയാണെന്ന് അറിയിക്കുമോ;

(സി) ചിട്ടി വഴി കിഫ്ബിയിലേയ്ക്ക് നാളിതുവരെ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഈ ചിട്ടി വഴി സമാഹരിക്കാൻ ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനമാണ് ഇപ്രകാരം സ്വരൂപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) വികസന പദ്ധതികളിൽ തങ്ങളുടെ വിഹിതം ഉപയോഗിക്കുന്നതിന് ചിട്ടിയിൽ ചേർന്നിട്ടുള്ള എല്ലാ വരിക്കാരും സമ്മതം നൽകിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും കൂടുതൽ പേർ സമ്മതം നൽകിയിട്ടുള്ളത് ഏത് വികസന പദ്ധതിയിൽ നിക്ഷേപിക്കുന്നതിനാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.എഫ്.ഇ.എൽ. പ്രവാസി ചിട്ടിയിൽ നാളിതുവരെ 2586 വരിക്കാർ 3137 ടിക്കറ്റുകളിൽ ചേർന്നിട്ടുണ്ട്.

(ബി) ചിട്ടി ആരംഭിച്ചത് 2018 നവംബർ 23-നു മാത്രമാണ്.

(സി) നിലവിൽ യു.എ.ഇ.-യിൽ മാത്രമാണ് ആദ്യ ഘട്ടമെന്നോണം പ്രവാസി ചിട്ടി ആരംഭിച്ചത്. നിക്ഷേപം തുടങ്ങിയ 2018 നവംബർ മാസം പകുതി

മുതൽ ജനുവരി വരെയുള്ള ചുരുങ്ങിയ കാലയളവിൽത്തന്നെ 4,13,60,000 രൂപ കിഫ്ബിയിൽ നിക്ഷേപിക്കാൻ കെ.എസ്.എഫ്.ഇ.-ന് സാധിച്ചു. കെ.എസ്.എഫ്.ഇ. ചിട്ടികൾ ശരാശരി 40 മാസം വരെ ദൈർഘ്യമുള്ള ചിട്ടികളാണ്. മേൽപ്പറഞ്ഞ തുക ഇതുവരെ തുടങ്ങിവച്ച 116 ചിട്ടികളുടെ ആദ്യമാസ ഗഡു മാത്രമാണ്. ഇതിനകംതന്നെ 153.89 കോടി രൂപയുടെ ടേണോവർ ഉറപ്പാക്കാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രവാസി ചിട്ടിക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ഈ തുകയിൽ നിക്ഷേപകരുടെ താത്പര്യാനുസരണം ഒരു സിംഹഭാഗം കിഫ്ബിയിലേയ്ക്ക് നിക്ഷേപിക്കപ്പെടുമെന്ന് കരുതുന്നു. പ്രവാസി ചിട്ടി മറ്റു രാജ്യങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതുവഴി ദീർഘകാലാടിസ്ഥാനത്തിൽ ഏകദേശം 10,000 കോടി രൂപ സമാഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) തീരദേശ ഹൈവേ ചിട്ടികൾ 567 പേർ, വിദ്യാലയ ചിട്ടികൾ 423 പേർ, ആരോഗ്യ ചിട്ടികൾ 398 പേർ എന്നിങ്ങനെയാണ് തങ്ങളുടെ വിഹിതം ഉപയോഗിക്കാൻ വരിക്കാർ സമ്മതം നൽകിയിട്ടുള്ളത്.

**കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി**

114 (485) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സായ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ആദ്യ വർഷം ഒരു ലക്ഷം പ്രവാസികളെ ചിട്ടിയിൽ ചേർക്കണമെന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രവാസി ചിട്ടിയുടെ പ്രചരണത്തിന് ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ച വകയിലും പരസ്യം നൽകിയ വകയിലും കോടികൾ ചെലവായി എന്നത് വസ്തുതയാണോ;

(ഡി) പ്രവാസി ചിട്ടിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. 2019 നവംബർ 23 മുതൽ ചിട്ടി ലേല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. പ്രവാസി ചിട്ടി 2018 നവംബർ 23-നാണ് ആരംഭിച്ചത്.

(സി) ദീർഘകാലാടിസ്ഥാനത്തിൽ പ്രവാസിചിട്ടിയിലൂടെ 10,000 കോടി രൂപയോളം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരമൊരു നൂതന സംരംഭത്തിന്റെ തുടക്കച്ചെലവുകൾക്ക് ന്യായമായും ഉണ്ടാകുന്ന പരസ്യ യാത്രാ ചെലവുകളാണ് ഉണ്ടായിട്ടുള്ളത്.

(ഡി) പലതരം പ്രചരണ നടപടികളിലൂടെ പ്രവാസി ചിട്ടിയിലേയ്ക്ക് ധാരാളം പേരെ ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പ്രവാസി ചിട്ടിയുടെ പ്രചരണം

115 (486) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട് വിദേശ യാത്ര, താമസം, പബ്ലിസിറ്റി തുടങ്ങിയ എല്ലാ പ്രവൃത്തികൾക്കും കിഫ്ബിയിൽനിന്നും ഇതുവരെ ചെലവാക്കിയ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രവാസി ചിട്ടിയുടെ പ്രചരണത്തിന്റെ ചുമതല ഏത് ഏജൻസിക്കായിരുന്നുവെന്നും പ്രസ്തുത ഏജൻസികൾക്ക് ഫീസ് ഇനത്തിൽ ആകെ എന്ത് തുകയാണ് നൽകേണ്ടതെന്നും ഇതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചിട്ടിയുടെ പ്രചരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ വിദേശ യാത്രകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് ഇപ്രകാരം വിദേശ യാത്ര നടത്തിയതെന്നും ഓരോരുത്തർക്കും യാത്ര, താമസം, ഭക്ഷണം എന്നീ ഇനങ്ങളിൽ ശരാശരി ചെലവായ തുക എത്രയെന്നും അറിയിക്കുമോ;

(ഡി) പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട വിദേശ യാത്രകളിൽ സ്വകാര്യ വ്യക്തികൾ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട് യാത്ര, താമസം, പബ്ലിസിറ്റി തുടങ്ങിയ പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും

ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പ്രചരണം | - | 4,54,04,871 രൂപ |
| താമസം | - | 34,36,511 രൂപ |
| ഭക്ഷണം | - | 20,68,147 രൂപ |
| യാത്ര/ടി.എ./ഡി.എ. | - | 8,40,750 രൂപ |
| Total | - | 5,17,50,279 രൂപ |
| GST | - | 93,15,050 രൂപ |
| Grand Total | - | 6,10,65,329 രൂപ |
| 2-ാം ഘട്ട പ്രചരണം അഡ്വാൻസ് | - | 1,04,22,277 രൂപ |

(ബി) കെ.എസ്.എഫ്.ഇ.-യുടെ പ്രീലോഞ്ച് പ്രചരണവുമായി ബന്ധപ്പെട്ട നടത്തിപ്പ് ചുമതലകൾ 'കേരളീയം' എന്ന ഏജൻസിയാണ് നിർവ്വഹിച്ചത്. ഈ വകയിൽ 5,41,736 രൂപ സർവീസ് ചാർജ് ഇനത്തിൽ അവർക്ക് നൽകുകയുണ്ടായി. അടുത്ത ഘട്ട പ്രചരണങ്ങൾ സി-ഡിറ്റ് എന്ന സ്ഥാപനമാണ് നിർവ്വഹിച്ചത്. സർവീസ് ചാർജ് ഇനത്തിൽ സി-ഡിറ്റിന് 39,08,251 രൂപ നാളിതുവരെ നൽകിയിട്ടുണ്ട്.

(സി) പ്രവാസി ചിട്ടിയുടെ പ്രചരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. ഇതിൽ കിഫ്ബി മുഖേന നടത്തിയ വിദേശയാത്രയിൽ ഉൾപ്പെട്ട വ്യക്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. അഡ്വ. പീലിപ്പോസ് തോമസ്സ്, ചെയർമാൻ, കെ.എസ്.എഫ്.ഇ.
2. ശ്രീ. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ.
3. ഡോ. പി.വി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ, സി-ഡിറ്റ്.
4. ശ്രീ. ജോർജ്ജ് തോമസ്. കെ., അഡീഷണൽ സെക്രട്ടറി, കിഫ്ബി.
5. ശ്രീ. ബി. ഗോപാലകൃഷ്ണൻ നായർ, ജനറൽ മാനേജർ, നോർക്ക.
6. ശ്രീ. സുബ്രഹ്മണ്യൻ, ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.
7. ശ്രീ. ദീപു ജേക്കബ് തോമസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കിഫ്ബി
8. ശ്രീ. ഹേമന്ദ്. ആർ. എസ്., അസിസ്റ്റന്റ്, കിഫ്ബി.
9. ശ്രീ. ശ്യാം കെ. ബി., കെ.എസ്.ഐ.ഇ. കൺസൾട്ടന്റ്, കിഫ്ബി.
10. ശ്രീ. രതീഷ് വർഗ്ഗീസ്, സോഫ്റ്റ് വെയർ ഡെവലപ്പർ, സി-ഡിറ്റ്.

11. അഡ്വ. വി. കെ. പ്രസാദ്, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.

12. അഡ്വ. റജി സക്കറിയ, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ.

13. ശ്രീ. സനിൽ. എസ്. കെ., ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.

14. ശരത് ചന്ദ്രൻ. എസ്., ജനറൽ മാനേജർ (ഫിനാൻസ്)

15. ശ്രീ. പി. കെ. സെൽവരാജ്, അസിസ്റ്റന്റ് ജനറൽ മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)

16. ശ്രീ. പത്മകുമാർ, മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)

17. ശ്രീ. ഷാജി, മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)

18. ശ്രീ. രാഹുൽ, അസിസ്റ്റന്റ് മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)

19. ശ്രീ. അനിൽ, അസിസ്റ്റന്റ് മാനേജർ (എൻ.ആർ.ഐ.ഡിവിഷൻ)

20. ശ്രീ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)

21. ശ്രീ. പ്രവീൺ, അസിസ്റ്റന്റ് (എൻ.ആർ.ഐ. ഡിവിഷൻ) എന്നിവർ പ്രവാസി ചിട്ടിയുടെ ഭാഗമായി വിദേശ യാത്ര നടത്തിയിട്ടുണ്ട്.

പല യാത്രകളും ഒന്നിലധികം പേർ ചേർന്ന് നടത്തിയിട്ടുള്ളതിനാലും ഭക്ഷണങ്ങളുടെ ചെലവുകൾ പലതും പ്രചരണ പരിപാടികളോടൊപ്പം നടത്തിയിട്ടുള്ളതിനാലും ഓരോരുത്തർക്കും ചെലവായ തുക കണ്ടെത്തുന്നത് അപ്രായോഗികമാണ്.

(ഡി) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബി മുഖേന നടത്തിയ യാത്രകളിൽ ആ പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ദ്ധരും ഭരണ നിർവ്വഹകരും മാത്രമേ പങ്കെടുത്തിട്ടുള്ളൂ.

**കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ**

116 (487) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച സാദ്ധ്യതാ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പുതിയ ശാഖകൾ ഏതെല്ലാം വിഭാഗത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ;

(സി) ഒരു കെ.എസ്.എഫ്.ഇ. ശാഖയ്ക്ക് ആവശ്യമായ സ്ഥലസൗകര്യം എത്രയാണെന്നും ഇതിന് പരമാവധി എത്ര രൂപ വാടകയിനത്തിൽ നൽകുമെന്നും വ്യക്തമാക്കുമോ;

(ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.എഫ്.ഇ.എൽ.-ൽ ഇപ്പോൾ നിലവിലുള്ള എല്ലാ പദ്ധതികളും ഉൾപ്പെടുത്തിയുള്ള ശാഖകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) പുതുതായി തുടങ്ങുന്ന ശാഖകൾക്ക് 1200-1500 ചതുരശ്ര അടിവരെ സ്ഥലമാണ് വേണ്ടിവരുക. വാടകയ്ക്ക് എടുക്കുന്ന സ്ഥലത്തിന്റെ പ്രാധാന്യം അനുസരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് ജനറൽ മാനേജരും കെട്ടിട ഉടമയുമായി ചർച്ച ചെയ്തതിനുശേഷം ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിന് ശേഷമാണ് തുക നിശ്ചയിക്കുന്നത്.

(ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ.എൽ. ശാഖ ആരംഭിക്കുന്നതിനുതകുന്ന ബിസിനസ്സ് പ്രായോഗികത വിലയിരുത്തി കൊല്ലം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരുടെ റിപ്പോർട്ട് ലഭിച്ചതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

117 (488) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നു മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് തയ്യാറായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-17-ലെ

സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള RFP (Request for proposals)-ഉം തയ്യാറാക്കി പ്രൊപ്പോസലുകൾ ക്ഷണിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പ് വെബ്സൈറ്റിലും www.etenders.kerala.gov.in എന്ന വെബ്സൈറ്റിലും (ടെണ്ടർ ID 2019_ FIN_258705_1) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്കുമാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രാബല്യത്തീയതി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആശ്രിതർ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## കയർ വ്യവസായ മേഖലയിൽ യന്ത്രവത്കരണം

118 (489) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. കെ. ദാസൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായ മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തുടരുന്ന കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശീയമായി തൊണ്ട് സംഭരണം ഊർജ്ജിതമാക്കാനും കുടുംബശ്രീ, നാളീകേര ഉല്പാദക കമ്പനികൾ എന്നിവ മുഖേന ചകിരി ഉല്പാദനം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കയർ മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കയർ മേഖലയിൽ നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുനഃസംഘടന. ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതും രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത് നടപ്പാക്കികഴിഞ്ഞു.

സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ്. ലി. നം. 721-ൽ 10

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു.

(ബി) പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉൽപ്പാദനം നടത്തുന്നതും അവരുടെ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചംവരുന്ന ഉൽപ്പന്നങ്ങൾ പ്രത്യേക വിപണന ക്യാമ്പെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ലക്ചേ്വഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏറ്റെടുത്തുനടത്തുന്നു.

പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടെയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.

2017-18 വർഷത്തിൽ 12,496.10 മെട്രിക് ടൺ കയർ (6616.97 ലക്ഷം രൂപ വില മതിക്കുന്ന) കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തിൽ 517.97 ലക്ഷം രൂപ വില മതിക്കുന്ന 2070.5 മെട്രിക് ടൺ ചകിരി കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

2018-19 വർഷത്തിൽ 31-12-2018 വരെ ഫൈബർ സബ്സിഡി ഇനത്തിൽ 83,43,865 രൂപ കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും മുടങ്ങാതെ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് കയർഫെഡിന് ഇപ്രകാരം തുക നൽകുന്നത്.

സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന ചകിരിയുടെ ഗണ്യമായ ഒരു ഭാഗം ഇതര സംസ്ഥാനങ്ങളിൽനിന്നാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തുടർച്ചയായി ചകിരിക്കുണ്ടാകുന്ന വില വർദ്ധനവ് വ്യവസായത്തെ പ്രതിസന്ധിയിലാക്കുകയും തൊഴിലാളികളുടെ വേതനത്തെ ബാധിക്കുകയും ചെയ്യുന്നത് മനസ്സിലാക്കിയാണ് കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തുവരുന്നത്. ഇതിനകം 50 ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 100 മില്ലുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡി അനുവദിച്ചുകൊണ്ട് ഡി.എഫ്. മിൽ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുകയാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക നിലയിൽ സ്വാശ്രയത്വം നേടിയാൽ മാത്രമേ വ്യവസായം ലാഭകരമാക്കാനും അതുവഴി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും സാധിക്കുകയുള്ളൂ. കയർ വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് മേൽ പ്രകാരമുള്ള നടപടികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

(സി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനയിലൂടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.

**കയർ മേഖലയുടെ ശാക്തീകരണം**

119 (490) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുവാനുള്ള രണ്ടാം പുനഃസംഘടന വിജയപ്രദമാണോ; വിശദമാക്കുമോ;

(ബി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ; ഇതിനായി എൻ.സി.ഡി.സി.യുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ പ്രസ്തുത മേഖലയിലെ മുരടിപ്പ് മാറ്റുന്നതിന് സഹായകമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്താനുള്ള 2-ാം പുനഃസംഘടന വിജയപ്രദമായി നടപ്പിലാക്കിവരുന്നു.

നവീന സാങ്കേതിക വിദ്യയിലൂടെ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം സാദ്ധ്യമാക്കുന്നതിനാണ് കയർ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നത്. നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയുടെ ആധുനികവൽക്കരണമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 1000 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് ചകിരിയാക്കുന്നതിന് കഴിയുന്ന 50 യന്ത്രവത്കൃത ചകിരി മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ,

കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90%, സ്വകാര്യ സംരംഭകർക്ക് 50% എന്ന തരത്തിൽ പ്രവർത്തനമൂലധനം ഒഴിവാക്കിയുള്ള ആകെ പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി.എൽ. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിയ്ക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡി.എഫ്. മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരി ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. കൂടാതെ വിവിധ ഡി.എഫ്.മില്ലുകൾ, ചകിരി ഉൽപ്പാദക സംഘങ്ങൾ ചകിരി ഉൽപ്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡി.എഫ്. മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉൽപ്പാദിപ്പിച്ച് എടുക്കുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. മുൻകാലങ്ങളിൽ സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ ഗുണനിലവാരക്കുറവും മെയിന്റനൻസ് സൗകര്യങ്ങൾ ഇല്ലാതെ പോയതും യന്ത്രവൽക്കരണത്തിന് ചില തടസ്സങ്ങൾ സൃഷ്ടിച്ചുവെങ്കിലും മുൻകാല അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ടു കൊണ്ടാണ് രണ്ടാം പുനഃസംഘടന ആവിഷ്കരിച്ചിട്ടുള്ളത്. 2019 ഫെബ്രുവരി മാസത്തിൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സ്ഥാപിക്കുന്ന 100-ാംമത്തെ ചകിരി മില്ല് ഉദ്ഘാടനം ചെയ്യും.

മേൽ സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വളരെ വിജയപ്രദമാണ്.

(ബി) കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. ഈ ലക്ഷ്യത്തോടെയാണ് 2017-ലെ കയർ കേരള അന്താരാഷ്ട്ര മേളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടത്. കേരളത്തിലെ കയർ മേഖലയെ സംബന്ധിച്ച് കയർപിരി രംഗത്തെയും ഉൽപ്പന്ന രംഗത്തെയും തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന തൊഴിലവസരങ്ങൾക്ക് പുറമെയാണ് ഈ പദ്ധതി നടപ്പാക്കലിലൂടെ വർദ്ധിച്ച തൊഴിൽദിനങ്ങൾ സാധ്യമായത്.

കയർ സംഭരണത്തിന്റെയും വിൽപ്പനയുടെയും വിശദാംശങ്ങൾ

| വർഷം | വാങ്ങൽ (മെട്രിക് ടൺ) | വിൽപ്പന (മെട്രിക് ടൺ) |
|---|---|---|
| 2015-16 | 7029.58 | 7029.58 |
| 2016-17 | 9467 | 9467 |
| 2017-18 | 15012.15 | 17167.93 (മുന്നിരിപ്പ് സഹിതം) |

കയർഫെഡിൽ സ്റ്റോക്കുണ്ടായിരുന്ന മുഴുവൻ കയറും വിറ്റഴിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല വാങ്ങലിന്റെയും വിൽപ്പനയുടെയും കാര്യത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു. ഇത് കയർ മേഖലയിൽ തൊഴിൽദിനങ്ങൾ വർദ്ധിച്ചു എന്നതിന്റെ തെളിവാണ്. നിലവിലെ സാഹചര്യത്തിൽ കയർഫെഡിൽ കയർ കെട്ടിക്കിടക്കുന്നില്ല. കൂടാതെ സംഘങ്ങളിൽനിന്നും കയർ സംഭരിക്കുമ്പോൾത്തന്നെ കയറിന്റെ വില നൽകാനും സാധിക്കുന്നു.

2017-18 സാമ്പത്തിക വർഷം പ്രവർത്തനമൂലധനമായി 1,600 ലക്ഷം രൂപയും Price Fluctuation Fund ആയി 861.17 ലക്ഷം രൂപയും കയർഫെഡിന് നൽകിയത് കയർ സംഭരണ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും അതുവഴി പ്രാഥമിക കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുവാനുമാണ്.

2017-18 വർഷത്തിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 15.07 കോടി രൂപയും 2018-19 വർഷത്തിൽ 24-1-2019 വരെ 14.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

1-1-2019 മുതൽ കയർ തൊഴിലാളികളുടെ അംഗീകൃത വേതനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിലെ വർദ്ധനവും തൊഴിൽദിനങ്ങളിലെ വർദ്ധനവിന്റെ തെളിവാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ തൊഴിൽദിനങ്ങളും കൂലിയും വർദ്ധിച്ചിട്ടുണ്ട്. 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും പൂർണ്ണമായി നടപ്പാക്കുന്നതിന് കയർ രണ്ടാം പുനഃസംഘടന പൂർത്തിയാകുന്നതോടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിജയപ്രദമാണ്. ഇതിനായി എൻ.സി.ഡി.സി.-യുടെ 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. യന്ത്രവൽക്കരണം, കയർ മ്യൂസിയം, പ്രവർത്തനമൂലധനം, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ, റിസർച്ച് & ഡെവലപ്മെന്റ്, കയർഫെഡിന്റെ ശാക്തീകരണം, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, പരിശീലനം തുടങ്ങിയ മേഖലകളിലേയ്ക്കാണ് സഹായം ലഭ്യമാക്കുന്നത്. പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

(ഡി) നവീന സാങ്കേതിക വിദ്യയിലൂടെ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം സാദ്ധ്യമാക്കുന്നതിനാണ് കയർ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നത്. എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയുടെ ആധുനികവൽക്കരണമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 1000 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് തല്ലാവുന്ന 50 യന്ത്രവത്കൃത ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡി.എഫ്. മില്ലുകൾ, കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.പി.സി. എന്നിവയ്ക്ക് 90% സ്വകാര്യ സംരംഭകർക്ക് 50% പ്രവർത്തനമൂലധനം ഒഴിവാക്കിയ ശേഷമുള്ള മൊത്തം പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ചേർത്തല, തിരുനെല്ലൂർ സി.വി.സി.എസ്. ലി.നമ്പർ 721-ൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

മേൽനടപടികൾ മുഖേന കയർ മേഖലയിലെ മുരടിപ്പ് മാറ്റുന്നതിന് സഹായകരമാകുന്നതാണ്.

**കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

120 (491) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം എത്ര ക്വിന്റൽ വരെ കയർ ഉത്പാദിപ്പിക്കുന്ന പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്കാണ് സർക്കാർ സഹായം നൽകുന്നത്; ഇത് സംബന്ധിച്ച പുതുക്കിയ ഉത്തരവ് നിലവിൽ വന്നതെന്നാണ്;

(ബി) സർക്കാർ ഉത്തരവ് പ്രകാരമുള്ള കയർ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരി ലഭിക്കാത്തതും തൊഴിലാളികളെ ലഭിക്കാത്തതും ഇത്തരം സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഇത് സംബന്ധിച്ച് സംഘങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കയർ ഡയറക്ടറേറ്റ് നടപ്പാക്കുന്ന ധനസഹായ പദ്ധതികളിൽ,

(1) കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സപ്പോർട്ട് സ്കീം (CCSS scheme)-ൽ ധനസഹായം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷം 100 ക്വി. കയർ കയർഫെഡിനോ കയർ കോർപ്പറേഷനോ വിൽപ്പന നടത്തിയിരിക്കണം. ഇതുസംബന്ധിച്ച പുതുക്കിയ സർക്കാർ ഉത്തരവ് നിലവിൽ വന്നത് 10-8-2017-നാണ്. കൂടാതെ 100 ക്വി. കയർ ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത സംഘങ്ങൾക്ക് തുക സ്വീകരിച്ച തീയതി മുതൽ 6 മാസത്തിനുള്ളിൽ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്ന നിബന്ധനയോടുകൂടി 1 ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നതിന് 8-2-2018-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

(2) മാനേജീരിയൽ സബ്സിഡി പദ്ധതിവഴി ധനസഹായം ലഭിക്കാൻ പ്രതിവർഷം 100 ക്വി. കയർ ഉൽപ്പാദിപ്പിച്ചിരിക്കണം. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിൽ വന്നത് 16-5-2017-ലാണ്.

(ബി&സി) കയർ/കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രക്രിയയ്ക്ക് ആവശ്യമായ തോതിൽ ചകിരി ആഭ്യന്തര വിപണിയിൽ ലഭ്യമാകുന്നില്ലെന്നതാണ് കയർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. എന്നാൽ ഈ പ്രതിസന്ധി

മറികടക്കുന്നതിനാണ് കയർ രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നത്. നവീന സാങ്കേതിക വിദ്യയിലൂടെ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം സാദ്ധ്യമാക്കുന്നതിനാണ് കയർ രണ്ടാം പുനഃസംഘടന നടപ്പിൽ വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുകളഞ്ഞ് സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയുടെ ആധുനികവൽക്കരണമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുകയാണ്. സംസ്ഥാനത്ത് ഇതുവരെ പ്രതിദിനം 8000 തൊണ്ട് തല്ലാവുന്ന 50 യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.പി.സി. എന്നിവയ്ക്ക് 90% സ്വകാര്യ സംരംഭകർക്ക് 50% പ്രവർത്തനമൂലധനം ഒഴിവാക്കി മൊത്തം പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി.എൽ. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പിലൂടെ കയർ ഉൽപ്പാദക സഹകരണ സംഘങ്ങളിൽ പ്രവൃത്തി ദിനങ്ങൾ വർദ്ധിക്കുകയും വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ മിനിമം കൂലി തൊഴിലാളികൾക്ക് നൽകുന്നതിനും സാധിക്കുന്നതാണ്. കയർപിരി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനായി 8000-ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500-ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽഫെഡ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണിവ. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ കീഴിൽ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

## കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർ

121 (492) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സേവനത്തിൽനിന്നും വിരമിച്ചതിനുശേഷം ലഭിക്കുന്ന മിനിമം പെൻഷൻ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ.)

പി.എം.ഐ. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റീ-അപ്രോപ്രിയേഷൻ മുഖേന 5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ. പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.

മാനേജീരിയൽ സബ്സിഡി & ഗ്രാറ്റുവിറ്റി

സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 1,79,47,500 രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 1-4-2006 മുതൽ 30-12-2016 കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുകയായി 88,56,344 രൂപ അനുവദിച്ചുനൽകുകയും 2010-11 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ ആലപ്പുഴ പ്രോജക്ടിന് കീഴിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയി നത്തിൽ 2,22,59,715 രൂപ അനുവദിക്കുകയുണ്ടായി.

<u>കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ 84,12,00,000 രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി. മുഖേന 10 കോടി രൂപയും അധിക ധനാനുമതി വഴി ലഭിച്ചിട്ടുള്ള 18,17,06,000 രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന 2018 ഓഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചുനൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമപ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. കയർ തൊഴിലാളികളുടെ പെൻഷൻ തുക 600 രൂപയിൽനിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായ തുക 1,000 രൂപയിൽനിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു. 41400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകി വരികയും ചെയ്യുന്നു.

(ബി) സഹകരണ സംഘങ്ങളിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സഹകരണ പെൻഷൻ ഫണ്ട് പദ്ധതി പ്രകാരം വിരമിക്കുന്ന സമയത്തെ ശരാശരി ശമ്പളത്തിന്റെയും 33 വർഷത്തിൽ കുറയാത്ത യോഗ്യത നേടിയ സേവന കാലയളവിന്റെയും അടിസ്ഥാനത്തിൽ പെൻഷൻ കണക്കാക്കപ്പെടുന്നു. ഇപ്രകാരം കണക്കാക്കപ്പെടുന്ന പരമാവധി പെൻഷൻ തുക 10,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കയർ/ചകിരി ഉല്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഈ പദ്ധതിയിൽ അംഗമല്ലാത്തതിനാൽ കയർ/ചകിരി ഉല്പാദക സഹകരണ സംഘങ്ങളിലെ വിരമിച്ച ജീവനക്കാർക്ക് നിലവിൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. എന്നാൽ ഇത്തരത്തിൽ വിരമിച്ച ജീവനക്കാർക്ക് സഹകരണ പെൻഷൻ ഫണ്ട് സ്കീം നിഷ്കർഷിക്കുന്ന പ്രകാരം മിനിമം 3,000 രൂപ പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

### കയർ ബോർഡിന്റെ സാമ്പത്തികനേട്ടം

122 (493) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മറ്റ് പ്രവൃത്തികൾക്കുമായി ആകെ എത്ര രൂപയുടെ കയർ നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഇതുവഴി എത്ര ശതമാനം തുക കയർ ബോർഡിന് അധികം സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളോ സർക്കാരോ വഴിയുള്ള പദ്ധതി പ്രകാരമല്ലാതെ എത്ര തുക ഈ സർക്കാരിന്റെ കാലത്ത് കയർബോർഡിന് സമാഹരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; ഈ ഇനത്തിൽ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും മറ്റ് പ്രവൃത്തികൾക്കുമായി കയർ ബോർഡിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 48,59,262 രൂപയുടെ കയർ വിൽക്കാനും ഇതിലൂടെ 2,68,321.60 രൂപയുടെ വരുമാനം നേടാനും കഴിഞ്ഞിട്ടുണ്ട്. അതേസമയം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് 2016-17 മുതൽ നാളിതുവരെ 25,56,72,586 രൂപയുടെ കയർ ഭൂവസ്ത്ര വ്യാപാരം നടത്തിയിട്ടുണ്ട്.

(ബി) സർക്കാരോ തദ്ദേശഭരണ സ്ഥാപനങ്ങളോ വഴിയുള്ള പദ്ധതി പ്രകാരമല്ലാതെ 37,06,446 രൂപയുടെ കയർ ഭൂവസ്ത്രം വിൽപ്പന നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ ഇനത്തിൽ 1,56,887 രൂപയുടെ വരുമാനം നേടുവാനും കഴിഞ്ഞിട്ടുണ്ടെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

### കൊച്ചി താലൂക്കിലെ കയർ സഹകരണ സംഘങ്ങൾ

123 (494) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നിവിടങ്ങളിലെ കയർ സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങൾ ഏതെല്ലാം;

(സി) പ്രസ്തുത സഹകരണ സംഘങ്ങളുടെ കൈവശം തൊണ്ട് മൂടുന്നതടക്കമുള്ള ഭൂമിയുടെ അളവ്, ഇത് സ്ഥിതി ചെയ്യുന്ന ഭൂമിയുടെ സർവ്വെ നമ്പർ, വില്ലേജ് എന്നിവ വിശദമാക്കാമോ?

## ഉത്തരം

(എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നിവിടങ്ങളിലെ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പെരുമ്പടപ്പ് സി.വി.സി.എസ്. ലി. നമ്പർ 388, ഇടക്കൊച്ചി
2. ചെല്ലാനം സി.വി.സി.എസ്. ലി. നമ്പർ 515, കൊച്ചി
3. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 579, കുമ്പളങ്ങി
4. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 208, കുമ്പളങ്ങി
5. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 361, കുമ്പളങ്ങി
6. ഇടക്കൊച്ചി സി.വി.സി.എസ്. ലി. നമ്പർ 444, പള്ളുരുത്തി.

(ബി) പെരുമ്പടപ്പ് സി.വി.സി.എസ്. ലി. നമ്പർ 388, ചെല്ലാനം സി.വി.സി.എസ്. ലി. നമ്പർ 515 എന്നീ സംഘങ്ങൾ പ്രവർത്തനരഹിതമായതും ബാക്കിയുള്ള സംഘങ്ങൾ ലിക്വിഡേഷനിലുമാണ്.

(സി) പ്രസ്തുത സഹകരണ സംഘങ്ങളുടെ കൈവശം തൊണ്ട് മൂടുന്നതടക്കമുള്ള ഭൂമിയുടെ അളവ്, ഇത് സ്ഥിതിചെയ്യുന്ന ഭൂമിയുടെ സർവ്വേ നമ്പർ, വില്ലേജ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഭൂമിയുടെ അളവ് | ഭൂമിയുടെ സർവ്വേ | വില്ലേജ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ചെല്ലാനം സി.വി.സി.എസ്. ലി നമ്പർ 515 | 5.5 സെന്റ് | 16/2 | ചെല്ലാനം |
| | | 1.40 ഏക്കർ 13/3 | | |
| 2 | പെരുമ്പടപ്പ് സി.വി.സി.എസ് ലി. നമ്പർ 388 | 26.500 സെന്റ് | 332/1 | ഇടക്കൊച്ചി |
| | | 11.200 സെന്റ് | 332/1 | |
| | | 3.500 സെന്റ് | 332/3 | |
| | | 1.500 സെന്റ് | 332/3 | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | കുമ്പളങ്ങി സി.വി.സി.എസ് ലി. നമ്പർ 579 | 10 സെന്റ് | 1952 | കുമ്പളങ്ങി |
| 4 | കുമ്പളങ്ങി സി.വി.സി.എസ് ലി. നമ്പർ 208 | 2 ആർ 85 ച.മീ | 443 | കുമ്പളങ്ങി |
| 5 | കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 361 | 26 ആർ 475 ച.മീ | 1920, 1919, 1657 | കുമ്പളങ്ങി |
| 6 | ഇടക്കൊച്ചി സി.വി.സി.എസ് ലി. നമ്പർ 444 | 10 ആർ 92 ച.മീ | 997/1-2 | പള്ളുരുത്തി |

**കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപടി**

124 (495) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) പ്രളയദുരന്തത്തിൽപ്പെട്ട് കയർ തൊഴിലാളികൾ തൊഴിൽ നഷ്ടത്താൽ വരുമാനമില്ലാതെ കടക്കെണിയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കയർമേഖലയുടെ വികസനത്തിനും പുരോഗതിക്കുമായി ഏതൊക്കെ സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് (PMI)

പി.എം.ഐ. പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ റീ-അപ്രോപ്രിയേഷൻ മുഖേന

5 കോടി രൂപയും അനുവദിച്ചിരുന്നു. ആകെ അനുവദിച്ച 9 കോടി രൂപ അർഹമായ സംഘങ്ങൾക്ക് 2018-19 സാമ്പത്തിക വർഷം പി.എം.ഐ. പദ്ധതി പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി വിനിയോഗിച്ചു. ടി തുക അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കൂലി കൊടുക്കുന്നതിനും വിനിയോഗിക്കാമെന്നതിനാൽ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് ഏറ്റവും സഹായകരമാണ്.

മാനേജീരിയൽ സബ്സിഡി & ഗ്രാറ്റുവിറ്റി

സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ 2018-19 സാമ്പത്തിക വർഷം 17,94,75,000 രൂപ വിവിധ സംഘങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

പ്രാഥമിക കയർ സഹകരണ സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ എന്നിവയിലെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനായി ഒറ്റത്തവണ പദ്ധതിപ്രകാരം 1-4-2006 മുതൽ 30-12-2016 വരെ കാലയളവിൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുകയായി 88,56,344 രൂപ അനുവദിക്കുകയും 2010-11 മുതൽ 31-7-2018 വരെയുള്ള കാലയളവിൽ ആലപ്പുഴ പ്രോജക്ടിന് കീഴിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയിനത്തിൽ 2,22,59,715 രൂപ അനുവദിക്കുകയുമുണ്ടായി.

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്

2018-19 സാമ്പത്തിക വർഷം കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബഡ്ജറ്റിൽ 84,12,00,000 രൂപ വകയിരുത്തിയിരുന്നു. ടി തുക മുഴുവനായി കയർ തൊഴിലാളി പെൻഷൻ, വിരമിക്കൽ ആനുകൂല്യം, മാച്ചിംഗ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങൾ നൽകുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി. മുഖേന 10 കോടി രൂപയും അധിക ധനാനുമതിവഴി ലഭിച്ചിട്ടുള്ള 18,17,06,000 രൂപയും കയർ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന 2018 ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള പെൻഷൻ തുക നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം നാളിതുവരെ 112.29 കോടി രൂപ ക്ഷേമ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പെൻഷൻ തുക 600 രൂപയിൽനിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചു. പ്രസവ ധനസഹായതുക 1,000 രൂപയിൽനിന്നും 15,000 രൂപയായി വർദ്ധിപ്പിച്ചു. 41400 കയർ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിന് 22.25 കോടി രൂപ അനുവദിച്ചു. കൂടാതെ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ നൽകിവരികയും ചെയ്യുന്നു.

(ബി) പ്രളയം സംഘങ്ങളെ ബാധിക്കുകയും ചില സംഘങ്ങളിൽ 2 മാസത്തോളം തൊഴിൽ നഷ്ടം നേരിടുകയും ചെയ്തിട്ടുണ്ട്. ചില സംഘങ്ങളിലെ കെട്ടിടങ്ങൾക്കും യന്ത്രസാമഗ്രികൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച യന്ത്രസാമഗ്രികൾ അറ്റകുറ്റപ്പണികൾ നടത്തിയും മാറ്റി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)

| | |
|---|---|
| നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) | കയർ മേഖലയിൽ ഗവേഷണവും വികസനവും |
| കേരള സംസ്ഥാന കയർ കോർപ്പറേഷൻ | കയർ, കയർ ഉല്പന്നങ്ങളുടെ വിപണനം |
| കയർഫെഡ് | ചകിരി/കയർ സംഭരണം, വിപണനം |
| ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | കയർ ഉൽപന്നങ്ങളുടെ നിർമ്മാണം, വിപണനം |
| കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കയർതൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നു. |
| കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി | കയർ മേഖലയ്ക്കാവശ്യമായ യന്ത്ര സാമഗ്രികളുടെ നിർമ്മാണം, മേൽനോട്ടം. |

**വാണിജ്യ-വിപണന തന്ത്രങ്ങളിൽ പരിശീലനം**

125 (496) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ സംരംഭകർക്കും നിലവിലെ സംരംഭകർക്കും പുതിയ വാണിജ്യ-വിപണന തന്ത്രങ്ങളിൽ പരിശീലനം നൽകാനും അതുവഴി അവബോധമുണ്ടാക്കാനും വ്യവസായ-വാണിജ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) വാണിജ്യ-വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിന് മാത്രമായി പരിശീലന പദ്ധതികൾ വ്യവസായ വകുപ്പിൽ നിലവിൽ ഇല്ലെങ്കിലും നവസംരംഭകർക്കായി പൊതുവായുള്ളതും പ്രത്യേക വ്യവസായ മേഖലകളെ സംബന്ധിക്കുന്നതുമായ പരിശീലന പദ്ധതികൾ ഉണ്ട്. വാണിജ്യ-വിപണന തന്ത്രങ്ങൾ സംബന്ധിച്ച അറിവും അവബോധവും നൽകുന്നതിനും കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നവസംരംഭകർക്കും നിലവിലെ സംരംഭകർക്കും എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു.

**സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങൾ**

126 (497) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; എത്ര കോടി രൂപ ഈയിനത്തിൽ മുതൽ മുടക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ എത്ര കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) പുതിയ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ അനുവദിക്കാതിരിക്കുകയും നിലവിലുള്ളവ സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ സുരക്ഷിതമായ വ്യാവസായിക അന്തരീക്ഷത്തെയും തൊഴിൽ മേഖലയെയും ദുർബലപ്പെടുത്തുമെന്ന വിലയിരുത്തൽ വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയതായി കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, HLL ലൈഫ് കെയർ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച് പുതിയ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്.ഇ.എൽ - ഇ.എം.എൽ.-ൽ ഉള്ള 51% ബി.എച്ച്.ഇ.എൽ-ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സബ്സിഡിയറിയായി കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെയും സ്വകാര്യവത്ക്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി പൊതു ലേലത്തിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി Expression of Interest-ൽ പങ്കെടുക്കാൻ കേരള സർക്കാരിനെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഹോൾഡിംഗ് കമ്പനിയായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ലിക്വിഡേഷൻ നടപടികൾ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിൽ നടന്നുവരുന്നതായാണ് അറിയുന്നത്.

എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള ക്യാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസ്സെറ്റ് മാനേജ്മെന്റാണ് ഇതുസംബന്ധിച്ച നോഡൽ ഏജൻസി. ഇതിന്റെ ഭാഗമായിട്ടുള്ള തുടർനടപടികൾക്കായി ട്രാൻസാക്ഷൻ അഡ്വൈസറിനെയും ലീഗൽ അഡ്വൈസറിനെയും സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള കൺസൾട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ലഭ്യമായ വിവരം.

(സി) ഉണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽനിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകും. ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാനാണ് സർക്കാർ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ശ്രമിച്ചുവരുന്നത്.

## തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ

127 (498) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറന്ന് പ്രവർത്തിപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലാക്കി എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, SIFL, TELK, Traco Cable Company Ltd., എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചു.

## കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

128 (499) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ കരകയറ്റുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്പനി ഇ-ആട്ടോകൾ വിപണിയിൽ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഇതിന് സി.എം.വി.ആർ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഇ-ആട്ടോകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം എപ്രകാരമാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ISRO-യ്ക്ക് വേണ്ടി ജോബ് വർക്കുകൾ ചെയ്തുകൊടുക്കുന്ന കരാറുകൾ അധികമായി സമാഹരിക്കുന്നതിനും അതുവഴി കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി പ്ലാന്റ് നവീകരണത്തിന് 7 കോടി രൂപ അനുവദിച്ചു. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കൂടുതൽ മെഷീനറികൾ സ്ഥാപിച്ചുകൊണ്ടുള്ള പ്ലാന്റ് നവീകരണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആയതിന്റെ ജോലികൾ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതാണ്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 350 ലക്ഷം രൂപ പ്രവർത്തന മൂലധനമായി കമ്പനിക്ക് നൽകിയിട്ടുണ്ട്.

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് പുതുതായി ആരംഭിച്ച പദ്ധതിയാണ് ഇലക്ട്രിക് ആട്ടോറിക്ഷ ഉൽപ്പാദനം. ഇതിനായി മൊത്തം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 10 കോടി രൂപ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രോട്ടോ ടൈപ്പ് മോഡൽ ഉൽപ്പാദിപ്പിച്ച് അതിന്റെ പരീക്ഷണ ഓട്ടം നടന്നുവരികയാണ്.

(ബി) ഉണ്ട്.

(സി) ഇ-ആട്ടോറിക്ഷകൾ വിപണിയിൽ ഇറക്കുന്നതിനുവേണ്ടി സി.എം.വി.ആർ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത ഇ-ആട്ടോകൾ ചാർജ് ചെയ്യുന്നതിനുവേണ്ടി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. എന്നിരുന്നാലും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ നിർദ്ദിഷ്ട ഇ-ആട്ടോകൾ വീടുകളിൽത്തന്നെ ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന സംവിധാനവുംകൂടി ഉള്ളതാണ്.

**ആരോപണ വിധേയനായ എം.ഡി.-ക്കെതിരെ നടപടി**

129 (500) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സി ആന്റ് എ.ജി റിപ്പോർട്ട് നമ്പർ 3 പ്രകാരം കണ്ടെത്തിയ 813.06 കോടി രൂപയുടെ ക്രമക്കേടുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ കാംകോയുടെ എം.ഡി, കരകൗശലവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആരോപണ വിധേയനായ എം.ഡി.-യെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായുള്ള അനുമതിക്കായി വ്യവസായ വകുപ്പിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് ലഭിച്ചുവെന്നും എന്തെല്ലാം തുടർ നടപടികൾ ഈ വിഷയത്തിൽ സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ C&AG-യുടെ പൊതുമേഖല സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ Para 3.2 ശിപാർശ പ്രകാരം സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ വ്യതിചലിച്ചും ടെണ്ടർ നടപടികൾ പാലിക്കാതെയും KAMCO യന്ത്ര സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് സമഗ്രമായ വിജിലൻസ് അന്വേഷണത്തിന് സർക്കാർ വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ V.E 3/16/S.I.U-11 നമ്പർ പ്രകാരം വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി) ഇതുസംബന്ധിച്ച് 23-10-2018-ൽ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

130 (501) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖല വ്യവസായ സ്ഥാപനങ്ങളാണ് നിലവിലുള്ളത്; അവയിൽ എത്രയെണ്ണം ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 40 പൊതുമേഖലാ സ്ഥാപനങ്ങളെയാണ് (സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായ കിൻഫ്ര, സഹകരണ സ്പിന്നിംഗ് മില്ലുകളുടെ അപെക്സ് സ്ഥാപനമായ ടെക്സ്ഫെഡും ഒഴികെ) അവലോകനത്തിനായി പരിഗണിച്ചുവരുന്നത്.

2017-18 സാമ്പത്തിക വർഷം അവലോകനത്തിനായി പരിഗണിച്ച 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിച്ച 14 സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) മുൻ സർക്കാരിന്റെ കാലത്ത്, 2015-16 കാലയളവിൽ 8 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. അതുസംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു. *

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനം**

131 (502) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലാഭത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) അടച്ചുപൂട്ടൽ നടപടി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇത്തരം സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ ലാഭത്തിലായ മറ്റു സ്ഥാപനങ്ങളിൽ കൈക്കൊണ്ട രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽനിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി, ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ മാനവ വിഭവശേഷി ശക്തിപ്പെടുത്തുന്നതിനനുയോജ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കാൻ സാധിച്ചു.

(സി) ഇപ്പോൾ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നില്ല.

**നിക്ഷേപക സൗഹൃദ നടപടികൾ**

132 (503) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ;

(ബി) കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ നിയമം പാസ്സാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ;

(സി) വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയുടെ നേതൃത്വത്തിലുള്ള പാർക്കുകളിൽ ആവശ്യമായ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) യുവ - വനിതാ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആണ്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് നിക്ഷേപം നടത്താൻ മുന്നോട്ടുവരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മിതമായ നിരക്കിൽ കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും വ്യവസായ പാർക്ക്/ഏരിയകളിൽ വേഗത്തിൽ ലഭ്യമാകുന്നതാണ്. കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ കെട്ടിട സമുച്ചയങ്ങളിൽ കാർഗോ ലിഫ്റ്റ്, പാസഞ്ചർ ലിഫ്റ്റ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെ പാർക്കുകളിൽ ഭൂമി/കെട്ടിടം എന്നിവയുടെ ലീസ്/വാടക തുക നിജപ്പെടുത്തിയിരിക്കുന്നത് പ്രസ്തുത സ്ഥലത്തെ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ചെലവായ തുകയെ അടിസ്ഥാനമാക്കിയാണ്.

(ഡി) അങ്കമാലിയിലെ ഇൻകെൽ ടവറിൽ കെ.എസ്.ഐ.ഡി.സി. സജ്ജീകരിച്ചിരിക്കുന്ന "വീ-സ്പേസ് " അഥവാ 'വനിതാ അപ്പാരൽ പാർക്ക്' വനിതാ സംരംഭകർക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നു. വസ്ത്ര നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകർക്ക് വളരെ കുറഞ്ഞ നിരക്കിൽ ലീസ് അടിസ്ഥാനത്തിൽ സ്പേസ് ലഭ്യമാണ്. കൂടാതെ കിൻഫ്ര പാർക്കുകളിലും യുവ-വനിതാ സംരംഭകർക്ക് അർഹമായ പരിഗണന ലഭിച്ചുവരുന്നു. വ്യവസായ-വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലും ഈ വിഭാഗത്തിന് പ്രത്യേക പരിഗണന നല്കുന്നുണ്ട്.

## വ്യാവസായിക മേഖലയിലെ നേട്ടങ്ങൾ

133 (504) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം വ്യാവസായിക മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത മേഖലയിൽ ആർജിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 2018-19 സാമ്പത്തിക വർഷം വ്യാവസായിക മേഖലയിൽ താഴെ സൂചിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

- (എ) പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിടുകയും ഇതിനായി 28 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു.

- (ബി) വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഗണിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.

- (സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കുക.

- (ഡി) സംരംഭകത്വ വികസന പദ്ധതികളിലൂന്നി പുതിയ സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി ഇ.ഡി. ക്ലബ്ബുകളും സംഘടിപ്പിക്കുക.

- (ഇ) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ എന്നിവ സംഘടിപ്പിക്കൽ.

2018-19 സാമ്പത്തിക വർഷം മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾക്കായി 160.01 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന എസ്റ്റേറ്റ് എന്നിവയുടെ നവീകരണത്തിനായി അനുവദിച്ച 28 കോടി രൂപയിൽ 23.91 കോടി രൂപയ്ക്ക് വിവിധ പദ്ധതികൾക്കായി ഭരണാനുമതി നൽകി. ഇതിൽ 13.98 കോടി രൂപ ചെലവഴിച്ച് അത്താണി, അയ്യൻകുന്ന്, ഇടയാർ, അങ്കമാലി, മുട്ടം, അനന്തപുരം, വരവൂർ, കട്ടിപ്പാറ കുന്നന്താനം എന്നീ വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപാടത്ത് രണ്ട് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമിയിൽ വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിലേയ്ക്കായി ഈ വർഷം 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി നടപ്പിലാക്കുന്ന ഇഡി ക്ലബ്ബ് പദ്ധതിപ്രകാരം 20,000 രൂപ നിരക്കിൽ ക്ലബ്ബുകൾക്ക് ഗ്രാന്റ് അനുവദിച്ചുവരുന്നു. നടപ്പ് വർഷം 211 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി 24.10 ലക്ഷം രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം തൃശ്ശൂരിലുള്ള ട്രഡിഷണൽ ഫർണിച്ചർ ക്ലസ്റ്റർ, മൂവാറ്റുപുഴയിലെ വെസ്റ്റ് മലബാർ പ്ലൈവുഡ് ക്ലസ്റ്റർ എന്നിവർക്കായി 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 80.22 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുവാനും വിപണനം ചെയ്യുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് "വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ". തനത് വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 140 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാലാനുസൃതമായ നവീകരണവും വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണവും വിപുലീകരണവും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കായി 297.35 കോടി രൂപ ഈ വർഷം വകയിരുത്തിയിരുന്നു. കമ്പനികൾ സമർപ്പിച്ച വിവിധ പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം ശക്തിപ്പെടുത്തി ആവശ്യമായ മേഖലകളിൽ സമയബന്ധിതമായി ഇടപെടാനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ-വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിക്കുക വഴി പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന റിപ്പോർട്ട് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷമേ ലഭ്യമാകുകയുള്ളൂ.

കാലാനുസൃതമായ സാങ്കേതിക വിദ്യകൾ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനായി നിലവിലുള്ള മാനവ വിഭവശേഷിയെ ശക്തിപ്പെടുത്തുന്ന തിനനുയോജ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു.

കൈത്തറി വ്യവസായ മേഖലയുടെ വളർച്ചയ്ക്കായി സ്കൂൾ യൂണിഫോം പദ്ധതി, യുവ വീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, നെയ്ത്തുകാർക്കും തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടികളും നടപ്പിലാക്കുന്നു. 2018-19 അദ്ധ്യയന വർഷം ആകെ 290156 മീറ്റർ തുണി യൂണിഫോമിനായി വിതരണം ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി 46.82 കോടി രൂപ ചെലവ് വരികയും ചെയ്തു. യുവ വീവ് പദ്ധതിക്കായി 250 ലക്ഷം രൂപ അനുവദിച്ചു. 7 ജില്ലകളിൽ 15 ബാച്ചുകളിലായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം 25 വ്യക്തികൾക്ക് പുതിയ തറികൾ വാങ്ങുന്നതിന് 10 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിങ് നൽകുന്നതിന് 120 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ അർഹരായ ഗുണഭോക്താക്കൾക്ക് 2018-19 വർഷത്തിൽ 500 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു.

## വ്യാവസായിക വളർച്ചയ്ക്കായുള്ള സ്റ്റാർട്ടപ്പുകൾ

134 (505) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് സ്റ്റാർട്ടപ്പുകൾക്കായി വകുപ്പ് സ്വീകരിച്ചുവരുന്ന സഹായപദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിക്കാൻ കഴിഞ്ഞ വ്യവസായ സംരംഭങ്ങൾ എന്തെല്ലാമാണ്; വിശദവിവരം അറിയിക്കുമോ;

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിച്ച പുതിയ വ്യവസായ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കിവരുന്ന സംരംഭ സഹായ പദ്ധതി, ഇൻഷ്വറൻസ് പദ്ധതി എന്നീ സഹായ പദ്ധതികൾ പൊതുവായി സംരംഭം ആരംഭിക്കുന്നവരോടൊപ്പം സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നവയാണ്.

സംരംഭക സഹായ പദ്ധതി പ്രകാരം പൊതുവിഭാഗത്തിലുള്ള സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% ഉം മറ്റുള്ള വിഭാഗത്തിൽപ്പെട്ടവർക്ക് 20%-ഉം സബ്സിഡിയായി നൽകിവരുന്നു. മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന മേഖലകളിൽ സംരംഭം ആരംഭിക്കുന്നവർക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം), പിന്നോക്ക ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം), സാങ്കേതിക വിദ്യ നേടുന്നതിന് ചിലവാകുന്ന തുകയുടെ 10% അധിക സബ്സിഡി (പരമാവധി 10 ലക്ഷം) എന്നിങ്ങനെ അധിക സഹായവും പരമാവധി 30 ലക്ഷം രൂപയിൽ അധികരിക്കാതെ അനുവദിച്ചുവരുന്നുണ്ട്.

ഇൻഷ്വറൻസ് പദ്ധതി : കേരളത്തിലെ MSME മേഖലയിലെ പ്രൊപ്രൈറ്റർ സ്ഥാപനങ്ങളുടെ ഉടമകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനായി ഒരു

ഇൻഷ്വറൻസ് പദ്ധതി LIC യുമായി ചേർന്ന് 2018-19 സാമ്പത്തിക വർഷം മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുള്ള സംരംഭകന് പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്താവും സർക്കാരും യഥാക്രമം 100 രൂപവീതമാണ് അടയ്ക്കേണ്ടത്.

സംസ്ഥാനത്ത് വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് സ്റ്റാർട്ട് അപ്പുകൾക്കായി വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഒരു ഇ-കോം പോർട്ടലും ഇൻഫർമേഷൻ ആപ്പും വികസിപ്പിക്കുന്നതിനായി ഐ.ടി. മിഷൻ/ഐ.ടി. ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു അനുയോജ്യമായ സ്റ്റാർട്ട് അപ് കമ്പനിയെ തെരഞ്ഞെടുത്ത് അറിയിക്കാൻ സംസ്ഥാന ഐ.ടി. മിഷനോട് നിർദ്ദേശിച്ചിട്ടുണ്ട്.

കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഈ വായ്പ ഒരു വർഷത്തേയ്ക്കുള്ള മൃദു വായ്പ (സോഫ്റ്റ് ലോൺ) ആയിട്ടാണ് അനുവദിക്കുന്നത്. പലിശ നിരക്ക് അതത് സമയത്ത് ആർ.ബി.ഐ. ബാങ്ക് വായ്പ നിരക്ക് അനുസരിച്ചായിരിക്കും. ഒരു വർഷത്തിനുശേഷം ഈ വായ്പയുടെ അടിസ്ഥാന വിലയ്ക്കുള്ള ഓഹരി മൂലധനമായി മാറ്റുകയോ അല്ലെങ്കിൽ അതത് സമയത്തെ വായ്പ നിരക്ക് അനുസരിച്ച് പലിശ അടക്കം വായ്പ തുക തിരിച്ചടയ്ക്കുകയോ ചെയ്യണം. വായ്പ അനുവദിച്ച സ്ഥാപനങ്ങൾ വായ്പ കൈപ്പറ്റുന്നതിനുമുമ്പായി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

പ്രസ്തുത പദ്ധതിയിൽ ഇതുവരെ 93 യുവസംരംഭങ്ങൾക്ക് 19.86 കോടി രൂപ മൂലധന സഹായം അനുവദിക്കുകയുണ്ടായി. ആരോഗ്യ പരിരക്ഷ, കൃഷി, വെബ് ഡെവലപ്പ്മെന്റ്, ഇ-കോമേഴ്സ്, പ്ലാറ്റ് ഫോമുകൾ, എൻജിനീയറിംഗ്, ആയുർവ്വേദ, ഫിനാൻഷ്യൽ സർവ്വീസ്, മീഡിയ, പരസ്യം, വിദ്യാഭ്യാസ സേവനങ്ങൾ, ഭക്ഷ്യ സംസ്കരണ, മാനവ വിഭവ പരിശീലനം, ബയോടെക്നോളജി, പ്രതിരോധ സാങ്കേതിക വിദ്യ മുതലായ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 33 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിലായി ഇൻക്യുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 38106 MSME സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ പ്രധാനമായും ജനറൽ എഞ്ചിനീയറിംഗ്, ഭക്ഷ്യ സംസ്കരണ മേഖല, വസ്ത്ര നിർമ്മാണം, നിർമ്മാണ മേഖല, തടി അധിഷ്ഠിത വ്യവസായങ്ങൾ, പ്രിന്റിംഗ് അനുബന്ധ മേഖല, വിവര സാങ്കേതികാധിഷ്ഠിത മേഖല എന്നീ വിഭാഗങ്ങളിലുള്ള സംരംഭങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

കേരള ഹാർഡ്‌വെയർ മിഷന്റെ ഭാഗമായി ലാപ്ടോപ്പുകളും സെർവറുകളും ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രോണിക് വ്യവസായ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനുള്ള കമ്പനി രൂപീകരിക്കുന്നതിനായി 10-4-2018-ലെ G.O. (Ms)No.29/2018/ID പ്രകാരം കെൽട്രോണിനെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | ജില്ല |
|---|---|---|
| 1 | ഇന്ത്യ മിഡിൽ ഈസ്റ്റ് ബ്രോഡ്കാസ്റ്റിങ്ങ് നെറ്റ്‌വർക്ക് (പ്രൈവറ്റ്) ലിമിറ്റഡ്, കൊച്ചി | എറണാകുളം |
| 2 | മലബാർ ഇസ്പാറ്റ് ലിമിറ്റഡ് | കാസർഗോഡ് |
| 3 | കൈരളി സ്ട്രക്ചറൽ ഫേബ്രിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്, അങ്കമാലി | എറണാകുളം |
| 4 | കോണ്ടൂർ ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, വാമനപുരം | തിരുവനന്തപുരം |
| 5 | അഗോർസാ ഗാർമെന്റ് പ്രൈവറ്റ് ലിമിറ്റഡ്, കൃഷ്ണഗിരി | വയനാട് |
| 6 | ഓക്സി ഫ്ളോ കൺട്രോൾസ്, കഞ്ചിക്കോട് | പാലക്കാട് |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.എസ്.ഇ.- സി.ഡി.പി. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കിവരുന്ന പദ്ധതി താഴെപ്പറയുന്നു.

1. വെസ്റ്റ് മലബാർ പ്ലൈവുഡ് മാനുഫാക്ചേഴ്സ് ക്ലസ്റ്റർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം ജില്ല.

കൂടാതെ സമോറിയൻസ് ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോടിന് കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്രധാന ഭക്ഷ്യോൽപ്പന്നമായ അരിയുടെ ഉപയോഗം കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും സഹകരണത്തോടെ കേരളത്തിലെ പ്രധാന നെല്ലുൽപ്പാദന കേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ റൈസ് മില്ലുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കൊകോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് (ലാപ്ടോപ്പുകളുടെയും സെർവറുകളുടെയും നിർമ്മാണത്തിനുള്ള കമ്പനി)</u> :- കേരള സർക്കാർ 11-6-2018-ൽ ഇന്റൽ അധിഷ്ഠിതമായ ലാപ്ടോപ്പുകളും സെർവറുകളും സംസ്ഥാനത്ത് നിർമ്മിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യുടെയും (23% ഓഹരി), കെൽട്രോണിന്റെയും (26% ഓഹരി) യു.എസ്.റ്റി.-ഗ്ലോബലിന്റേത് (49% ഓഹരി) ഹാർഡ്‌വെയർ നിർമ്മാണ രംഗത്തുള്ള സ്റ്റാർട്ടപ്പിന്റെയും (2% ഓഹരി) പങ്കാളിത്തത്തോടെ ഒരു പ്രത്യേക ഉദ്ദേശസ്ഥാപനം (എസ്.പി.വി.) സ്ഥാപിക്കാൻ അനുമതി നൽകി.

എസ്.പി.വി. കമ്പനിയുടെ രൂപീകരണത്തിനും രജിസ്ട്രേഷനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെയാണ് ചുമതലപ്പെടുത്തി യിരിക്കുന്നത്. ഇതനുസരിച്ച് കെ.എസ്.ഐ.ഡി.സി., കെൽട്രോൺ, യു.എസ്.റ്റി. ഗ്ലോബൽ, ആക്സിലറോൺ ലാബ് എന്നിവ തമ്മിൽ 30-7-2018-ന് കെ.എസ്.ഐ.ഡി.സി.-യിൽവച്ച് പങ്കാളിത്ത ഉടമ്പടി ഒപ്പിട്ടു. അതിനുശേഷം കെ.എസ്.ഐ.ഡി.സി. കൊകോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 22-10-2018-ന് രജിസ്റ്റർ ചെയ്യുകയും കെ.എസ്.ഐ.ഡി.സി. - യുടെ പ്രാരംഭ ഓഹരി ആയ 2.30 കോടി രൂപ കമ്പനിയിൽ നിക്ഷേപിക്കുകയും ചെയ്തു.

പ്രാരംഭ ഉൽപ്പാദനശേഷി പ്രതിവർഷം രണ്ടരലക്ഷം ലാപ്ടോപ്പുകളാണ്. ഒന്നാം ഘട്ടത്തിൽ ഇന്റലിന്റെ ഒ.ഡി.എം. പങ്കാളിയിൽനിന്ന് സെമിനോക്ക്ഡ്

ഡൗൺ (എസ്.കെ.ഡി.) ഭാഗങ്ങൾ ഇറക്കുമതി ചെയ്ത് സംയോജിപ്പിച്ച് ലാപ്ടോപ്പ് ഉണ്ടാക്കും. രണ്ടും മൂന്നും ഘട്ടത്തിൽ ലാപ്ടോപ്പിന്റെ ഭാഗങ്ങൾ ഇക്കോസിസ്റ്റത്തിന്റെ കഴിവുകൾ ഉപയോഗപ്പെടുത്തി തദ്ദേശീയമായി ഉണ്ടാക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു.

ലാപ്ടോപ്പ് ഉൽപ്പാദിപ്പിച്ച് ആവശ്യത്തിന് അനുഭവസമ്പത്ത് ഉണ്ടായിക്കഴിയുമ്പോൾ എസ്.പി.വി. കമ്പനി സെർവർ നിർമ്മാണത്തിലേയ്ക്കും ഐ.ടി. ഉൽപ്പന്നങ്ങളും കമ്പ്യൂട്ടർ ഭാഗങ്ങളും രൂപകൽപ്പന ചെയ്യുന്ന തരത്തിലേയ്ക്കും ശേഷി വർദ്ധിപ്പിക്കും.

കെൽട്രോണിന്റെ തിരുവനന്തപുരത്തെ മൺവിളയിലുള്ള സ്ഥലം ലാപ്ടോപ്പ് നിർമ്മാണത്തിനായി സജ്ജമായിക്കൊണ്ടിരിക്കുകയാണ്. 2019 മാർച്ചോടുകൂടി ലാപ്ടോപ്പ് നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

## ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് മാർജിൻ മണി വായ്പാ കുടിശ്ശിക

135 (506) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽനിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ച മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചു തീർക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ അത്തരം പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) മാർജിൻ മണി വായ്പയുടെ കുടിശ്ശിക അടച്ചുതീർക്കുന്നതിലേയ്ക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. 24-3-2017-ലെ സ.ഉ.(സാധാ)നമ്പർ 459/17/ID പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാറ്റഗറി I പ്രകാരം വായ്പക്കാരൻ മരിച്ചുപോയിട്ടുള്ളതും യൂണിറ്റ് പ്രവർത്തനരഹിതവും വ്യവസായ ആസ്തികൾ നിലവിലില്ലാത്തതുമായ കേസുകൾ വായ്പാ കാലാവധി കഴിയാൻ കാത്തുനിൽക്കാതെ കുടിശ്ശിക തുക പൂർണ്ണമായും എഴുതിത്തള്ളാവുന്നതാണ്. കാറ്റഗറി II പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് വിട്ട കേസുകൾ യൂണിറ്റ് പ്രവർത്തനരഹിതമായതും വ്യവസായ ആസ്തികൾ അവശേഷിക്കാത്തതുമായ

കേസുകൾ എന്നിവയിൽ വായ്പ അനുവദിച്ച തീയതി മുതൽ ഒറ്റത്തവണ തീർപ്പാക്കൽ അപേക്ഷയുടെ തീയതിവരെയുള്ള കാലയളവിലേയ്ക്ക് മുതൽതുകയും 6% പലിശയും ഉൾപ്പെട്ട തുക കണക്കാക്കി പ്രസ്തുത തുകയിൽനിന്നും നാളിതുവരെ അടച്ച തുക കുറച്ച് കിട്ടുന്ന സംഖ്യ കുടിശ്ശിക തുകയായി കണക്കാക്കുകയും ടി തുക അപേക്ഷ തീയതി മുതൽ ഒരുവർഷത്തിനകം മൂന്ന് ഗഡുക്കളായി അടയ്ക്കാവുന്നതുമാണ്. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(സി) ബാധകമല്ല.

## സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്കായി ഓൺലൈൻ സംവിധാനം

136 (507) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട വ്യവസായസംരംഭകർക്ക് വാണിജ്യ/ വിപണനങ്ങൾക്കായി ഓൺലൈൻ സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഇല്ലെങ്കിൽ അത്തരം സംവിധാനം ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയ്ക്കായി എസ്.എം.ഇ. പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വെബ് പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭകർക്ക് തങ്ങളുടെ വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുന്നതിനും വ്യാപാര ചർച്ചകൾ നടത്തുന്നതിനും അതുവഴി ദേശീയ-അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനും സാധിക്കും.

(ബി) ബാധകമല്ല.

## തീപ്പെട്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

137 (508) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീപ്പെട്ടി നിർമ്മാണത്തിന് പ്രധാനമായും ഉപയോഗിക്കുന്ന മട്ടി, പാല, ഇലവ് എന്നീ മരങ്ങൾ വിറകിനെന്ന പേരിൽ വൻതോതിൽ തമിഴ്നാട്ടിലേയ്ക്ക് കടത്തിക്കൊണ്ടു പോകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) അവിടെ ഇത് തീപ്പെട്ടി വ്യവസായത്തിന് ഉപയോഗിക്കുന്നതുവഴി കേരളത്തിന്റെ കൊള്ളി വിൽപ്പനയിൽ 50 ശതമാനത്തിന്റെ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം കേരളത്തിലെ ഒട്ടേറെ തീപ്പെട്ടികമ്പനികൾ അടച്ചു പൂട്ടുന്നതിനും നിലവിൽ 450 ഓളം കമ്പനികൾ അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നതിനും കാരണമായിട്ടുണ്ടോ;

(ഡി) വൻതോതിൽ നികുതി തട്ടിപ്പിന് ഇതു വഴിയൊരുക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തീപ്പെട്ടി നിർമ്മാണത്തിന് ഉപയോഗിക്കുന്ന മട്ടി, പാല, ഇലവ് എന്നീ വൃക്ഷങ്ങൾ എസ്സൻഷ്യൽ കമ്മോഡിറ്റി ആക്ടിന്റെ പരിധിയിൽപ്പെടുന്നില്ല. ആയതിനാൽ ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയേറെ തീപ്പെട്ടി കമ്പനികൾ അടുത്തകാലങ്ങളിൽ അടച്ചുപൂട്ടിയിട്ടുണ്ട്. എന്നാൽ മരങ്ങളുടെ ലഭ്യതക്കുറവ് മാത്രമല്ല, കൂലി നിരക്ക് ഉൾപ്പെടെ പല ഘടകങ്ങൾ ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണങ്ങളാണ്.

(ഡി) സംസ്ഥാനത്തിനകത്തുനിന്നും അന്യസംസ്ഥാനത്തേയ്ക്ക് മട്ടി, പാല, ഇലവ് എന്നീ മരങ്ങൾ കൊണ്ടുപോകുന്നതിന് IGST നികുതിയാണ് ബാധകമാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നികുതി വരുമാനം ഏതു സംസ്ഥാനത്തിലേയ്ക്കാണ് ചരക്കുകൾ കൊണ്ടുപോകുന്നത് ആ സംസ്ഥാനത്തിനാണ് ലഭ്യമാകുന്നത്.

(ഇ) നിയമപ്രകാരം കൈകൊണ്ടുണ്ടാക്കിയ തീപ്പെട്ടികൾക്ക് 5% ഉം യന്ത്രങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്നവയ്ക്ക് 18% ഉം ആണ് ചരക്ക് സേവന നികുതി നിരക്ക്. തീപ്പെട്ടി ഒരു ഉൽപ്പന്നമെന്ന നിലയിൽ കേരളത്തിൽ വിറ്റഴിക്കുമ്പോൾ ആയതിന്റെ നികുതിയിനത്തിൽ കേരള സർക്കാരിന് നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിനുള്ളിൽ വില്പനയ്ക്ക് കൊണ്ടുവരുന്ന സാധനങ്ങളുടെ IGST വിഹിതം കേരള സംസ്ഥാനത്തിനാണ് ലഭിക്കുന്നത്.

## വ്യവസായ സഹകരണ സംഘങ്ങൾ

138 (509) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കേരളത്തിലുള്ള വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തന ലാഭം എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ പുനരുദ്ധാരണത്തിന് എൻ.സി.ഡി.സി. വഴി വായ്പ ലഭ്യമാക്കാൻ കഴിയുമോ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര സ്ഥാപനങ്ങളാണ് വ്യവസായ സഹകരണ സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 29 വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ വിവരമനുസരിച്ച് നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങളിൽ 45 വ്യവസായ സഹകരണ സംഘങ്ങൾ ഏകദേശം 180.85 ലക്ഷം രൂപ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. എൻ.സി.ഡി.സി വായ്പ ലഭിക്കുന്നതിനായി ഒരു വ്യക്തമായ പ്രോജക്ട് പ്രൊപ്പോസൽ ഉണ്ടാകേണ്ടതും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം വേണ്ടതുമാണ്. പുറമേ സർക്കാർ ഗ്യാരന്റി നിൽക്കുയും വേണം. ഇതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്.

(സി) ആകെ 105 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ 25 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

## ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

139 (510) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിലെ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്നതിന് സിഡ്കോ മാനേജ്മെന്റിന് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആരാണ് ആനുകൂല്യങ്ങൾ അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽനിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിഡ്കോയ്ക്ക് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ കഴിയും.

## സിഡ്കോ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

140 (511) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ 1-7-2009 മുതൽ നടപ്പിൽ വരുത്തിയിട്ടുള്ള ഒൻപതാം പേറിവിഷൻ ആനുകൂല്യങ്ങൾ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ;

(ബി) ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ വാർഷിക ഇൻക്രിമെന്റ്, ആർജ്ജിതാവധി തുടങ്ങിയ ആനുകൂല്യങ്ങൾ സിഡ്കോ മാനേജ്മെന്റ് തടഞ്ഞുവെക്കുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ, ടി യൂണിറ്റിലെ തസ്തികകളുടെ യോഗ്യത, പ്രവൃത്തി പരിചയം, ശമ്പള സ്കെയിൽ എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ സിഡ്കോയിൽനിന്നും റിപ്പോർട്ട് ആരായുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയും ചെയ്യുന്നു. സർക്കാർ തീരുമാനമാകുന്ന മുറയ്ക്ക് സിഡ്കോയ്ക്ക് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നതാണ്.

## സിഡ്കോയിലെ സാമ്പത്തിക തട്ടിപ്പ്

141 (512) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടക്കുന്ന എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പ്രാഥമിക അന്വേഷണം നടക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) തട്ടിപ്പിന്റെ മുഴുവൻ വസ്തുതകളും കണ്ടെത്തുന്നതിന് വിദഗ്ദ്ധ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി - ഡി) അക്കൗണ്ടന്റ് ജനറൽ (കേരള), 2012-2015 കാലയളവിലെ സിഡ്കോയുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കി പരിശോധിച്ചതിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവാകുകയും ചെയ്തു. ടി കാലയളവിൽ സിഡ്കോ ഏറ്റെടുത്ത് നടത്തിയ പല പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ ത്വരിതാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ VC2/2014/SIU-II, VC5/2018/SIU-I, VC1/2015/PKD എന്നീ നമ്പർ വിജിലൻസ് കേസുകൾ മുൻ മാനേജിങ് ഡയറക്ടർ ശ്രീ. സജി ബഷീർ, സിഡ്കോയിലെ ചില ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും അന്വേഷണം നടന്നുവരുന്നു. ഇതുവരെ സർക്കാരിൽ ലഭിച്ചിട്ടുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് പ്രകാരം ഏകദേശം ഏഴ് കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ സിഡ്കോയുടെ പ്രൊഡക്ഷൻ, മാർക്കറ്റിംഗ് എന്നീ ഡിവിഷനുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സിഡ്കോ മാനേജ്മെന്റ് പ്രാഥമിക അന്വേഷണം നടത്തുകയും പ്രൊഡക്ഷൻ ഡിവിഷന്റെ കീഴിലുള്ള ഒല്ലൂർ സർവ്വീസ് വർക്ക്ഷോപ്പിൽ ഏകദേശം 2,30,327 രൂപയുടെ തിരിമറി കണ്ടെത്തുകയും ചെയ്തതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണത്തിന് പോലീസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു.

കൂടാതെ ഒല്ലൂർ വിപണന വിഭാഗത്തിന്റെ കീഴിലുള്ള ഒല്ലൂർ മാർക്കറ്റിംഗ് സെന്റർ മാനേജർ, കസ്റ്റമർ ഡിപ്പാർട്ട്മെന്റിൽനിന്നും സിഡ്കോയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുകകൾ സ്വന്തം അക്കൗണ്ടിലേയ്ക്ക് മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിനായി പോലീസിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായാലേ തട്ടിപ്പിന്റെ പൂർണ്ണരൂപം വ്യക്തമാകുകയുള്ളൂ.

**ബാംബൂ കോർപ്പറേഷനിലെ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യം**

142 (513) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷനിൽ ജോലിയിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി വിതരണത്തിൽ വീഴ്ച സംഭവിച്ചതിന്റെ കാരണം വിശദമാക്കുമോ;

(ബി) എത്ര ജീവനക്കാർക്ക് എത്ര തുകയാണ് ഇത്തരത്തിൽ വിതരണം ചെയ്യാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനായി സർക്കാരിൽനിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കാലയളവിൽ എത്ര തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിനായി സർക്കാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(എഫ്) മേൽ വിഷയവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകൾ നിലവിലുണ്ടെന്നും അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വിശദീകരിക്കാമോ;

(ജി) ഗ്രാറ്റുവിറ്റി തുക വിതരണം എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷൻ സഞ്ചിതനഷ്ടത്തിൽ (ഏകദേശം 81.26 കോടി രൂപ) പ്രവർത്തിക്കുന്ന സ്ഥാപനമാണ്. നിലവിൽ കോർപ്പറേഷന് എൽ.ഐ.സി.-യുമായി യോജിച്ച് ഒരു ഗ്രൂപ്പ് ഗ്രാറ്റുവിറ്റി സ്കീം പോളിസിയുണ്ടായിരുന്നത് കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ അതിന്റെ പ്രീമിയം ഇനത്തിൽ കഴിഞ്ഞ 3 വർഷത്തെ ഏകദേശം 40 ലക്ഷത്തോളം രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്. ഈ സ്ഥാപനത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളതു കൊണ്ടാണ് ജോലിയിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി, മറ്റ് ആനുകൂല്യങ്ങൾ എന്നിവ യഥാസമയം നൽകാൻ കഴിയാത്തത്. ഇതുമായി ബന്ധപ്പെട്ട് റിട്ടയേർഡായ ജീവനക്കാർ വിവിധ കോടതികൾ മുൻപാകെ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 31-12-2018 വരെ റിട്ടയർ ആയ 67 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, മറ്റ് ആനുകൂല്യങ്ങൾ ഇനത്തിൽ ഏകദേശം 3.50 കോടിയോളം തുക നൽകാനുണ്ട്.

(ബി) 31-12-2018 വരെ 67 ജീവനക്കാർക്ക് ഏകദേശം 3.50 കോടി രൂപയോളം നൽകാനുണ്ട്.

(സി) റിട്ടയേർഡ് ആയ ജീവനക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് WP(C)No.8942 of 2018 വിധിപ്രകാരം സീനിയോറിറ്റി അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുവാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഗഡുക്കളായി ടി തുക നൽകിവരുന്നു.

(ഡി & ഇ) വിരമിച്ച ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി വിതരണം ചെയ്യേണ്ടത് കോർപ്പറേഷന്റെ ഉത്തരവാദിത്വമാണ്.

(എഫ്) ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ 18 കേസും ഹൈക്കോടതിയിൽ ഒരു കണ്ടംപ്റ്റ് കേസും നിലവിലുണ്ട്. ഈ കേസുകൾ എല്ലാംതന്നെ വിവിധ കോടതികളുടെ പരിഗണനയിലാണ്.

(ജി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ബാംബൂ കോർപ്പറേഷനിൽനിന്നും വിരമിച്ച ജീവനക്കാർക്ക്

നൽകേണ്ടതായ ഗ്രാറ്റുവിറ്റി, മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളടക്കം ഏകദേശം 3.50 കോടിയോളം തുക ആവശ്യമുണ്ട്. എന്നാൽ സ്ഥാപനത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ സ്ഥാപനത്തിൽനിന്നും റിട്ടയേർഡ് ആയ ജീവനക്കാർക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നില്ല. ആവശ്യമായ തുക ലഭിക്കുന്ന മുറയ്ക്ക് മേൽ ആനുകൂല്യങ്ങൾ നൽകുന്നതാണ്.

## കോം-ട്രസ്റ്റ് ഫാക്ടറി തൊഴിലാളികൾക്കുള്ള ധനസഹായം

143 (514) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോം-ട്രസ്റ്റ് ഫാക്ടറി അടച്ച് പൂട്ടിയതോടെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് എന്തൊക്കെ സഹായമാണ് സർക്കാർ നൽകി വരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇവർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനെതിരെ വകുപ്പുമന്ത്രി നടത്തിയ പരാമർശം ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് എത്രയും പെട്ടെന്ന് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) സർക്കാർ പ്രതിമാസം 5,000 രൂപ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്നുണ്ട്.

## മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പ്രകൃതി സൗഹൃദ വ്യവസായ സ്ഥാപനം

144 (515) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഭൂമിയിൽ പ്രകൃതി സൗഹൃദ വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) മാവൂർ റയോൺസിനായി സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടുള്ള ഭൂമി തിരികെയെടുത്ത് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിനെതിരെ മാവൂർ റയോൺസ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിരിക്കുകയാണ്.

## മലപ്പുറം ഇൻകെൽ എഡ്യൂസിറ്റിയിൽ ഖരമാലിന്യപ്ലാന്റ്

145 (516) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഇൻകെൽ എഡ്യുസിറ്റിയിൽ കേന്ദ്രീകൃത വേസ്റ്റ് ടു എനർജി പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉത്തരവുകളും വിശദാംശങ്ങളും നൽകുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും വിദ്യാഭ്യാസ വ്യവസായ സ്ഥാപനങ്ങൾ നിലകൊള്ളുന്നതുമായ ഇൻകെൽ എഡ്യുസിറ്റിയിൽ ഖരമാലിന്യപ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കുമോ;

(സി) മാലിന്യ പ്ലാന്റുകൾക്കു പകരം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 11-6-2018- ലെ സ.ഉ.(കൈ)82/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പാണക്കാട് എന്ന സ്ഥലത്ത് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള 4.04 ഹെക്ടർ (10 ഏക്കർ) സ്ഥലത്ത് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ബി&സി) ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ പരിസ്ഥിതിക്ക് അനുകൂലമായ രീതിയിലാണ് പ്ലാന്റ് വിഭാവന ചെയ്തിരിക്കുന്നത്.

## കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

146 (517) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കും എന്ന മുൻ ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ചിറ്റടി പ്രദേശത്ത് തോട്ടം മേഖലയിൽ സ്ഥലം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ.നൽകിയ കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശമനുസരിച്ച് പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പാറത്തോട് പഞ്ചായത്തിൽ ചിറ്റടി പ്രദേശത്ത് മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജില്ലാ ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ സ്ഥലം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും സ്ഥലത്തിന്റെ പ്രാഥമിക പരിശോധന നടത്തുകയും വ്യവസായത്തിന് അനുയോജ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിലുള്ള ടി സ്ഥലത്തുനിന്നും ഒരു ആർ.-ന് 4,94,000 രൂപ നിരക്കിൽ 100 ഏക്കർ സ്ഥലം വിട്ടുനൽകുവാൻ സന്നദ്ധമാണെന്ന് കമ്പനി അറിയിച്ചതിനെ തുടർന്ന് 26-6-2018-ൽ ജില്ലാ ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി ടി സ്ഥലം സന്ദർശിക്കുകയും ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും പ്രാഥമികമായി പരിശോധിക്കുകയും ചെയ്തു. വിട്ടുനിൽക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ സ്കെച്ച് നൽകാൻ കമ്പനി അധികൃതരോടും സ്ഥലം ഏറ്റെടുക്കുന്നതിലും വ്യവസായ മേഖലയായി

പ്രഖ്യാപിക്കുന്നതിലും എന്തെങ്കിലും തടസ്സമുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യാൻ കാഞ്ഞിരപ്പള്ളി തഹസീൽദാരോടും കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽനിന്നും ആവശ്യപ്പെട്ടിരുന്നു. മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് വക ഭൂമി അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ "തോട്ടം" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെ.എൽ.ആർ. ആക്ട് അനുസരിച്ച് തോട്ടം എന്ന് നിർണ്ണയിക്കപ്പെട്ട് ഇളവുവാങ്ങിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനോ കഴിയുന്നതല്ലയെന്ന് അറിയച്ചിട്ടുണ്ട്.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

147(518) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി സ്ഥലമേറ്റെടുക്കുന്നതിലേക്ക് പ്രാഥമികമായി ലഭ്യമായ നാൽപ്പത്തിരണ്ട കോടി രൂപ വിതരണം ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക എത്ര സ്ഥലമുടമകൾക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നത്തേക്ക് വിതരണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാല്പത്തിരണ്ട് കോടി രൂപയുടെ ഫണ്ട് ലഭ്യമായ സാഹചര്യത്തിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പേരിലേയ്ക്ക് സ്ഥലം ആധാരം ചെയ്ത് നൽകുന്നതിനായി സ്ഥലത്തിന്റെ നാളത് കരം അടച്ച രസീത്, പൊസഷൻ & നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, നാളത് EC, Record of Right, പാൻകാർഡ് കോപ്പി, സ്ഥലം ഉടമയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിന് സ്ഥലമുടമകളോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് ലഭ്യമാക്കി ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തുക 63 സ്ഥലമുടകൾക്ക് 31-3-2019-നകം വിതരണം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു.

## പൂയംകുട്ടി പ്രദേശത്ത് ഈറ്റ വെട്ട് പുനരാരംഭിക്കാൻ നടപടി

148 (519) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലുള്ള പൂയംകുട്ടി വനമേഖലയിൽനിന്നും കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ 2018 മുതൽ ഈറ്റ, നെയ്ത്ത് ഈറ്റ എന്നിവ ശേഖരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ അനുമതി ഇല്ലാത്തതുമൂലം പൂയംകുട്ടി പ്രദേശത്തെ ഈറ്റ ശേഖരണം നടക്കാത്തതിനാൽ, ഈറ്റ വെട്ടിയും പനമ്പ് നെയ്തും മറ്റും ജീവിച്ചു പോരുന്ന നൂറ് കണക്കിന് തൊഴിലാളികളെ ഇത് പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്നവർക്കുണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കി പൂയംകുട്ടി പ്രദേശത്ത് ഈറ്റ വെട്ട് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മലയാറ്റൂർ ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 2019-20 വർഷത്തിൽ കുട്ടമ്പുഴ പ്രദേശത്തുനിന്നും ഈറ്റ ശേഖരിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ടി കാലയളവിൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂന്നാറിൽ പുതിയ വ്യവസായ സംരംഭങ്ങൾ

149 (520) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഈ സാമ്പത്തിക വർഷം പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം മൂന്നാറിൽ 9 വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. രണ്ട് ചെറുകിട വ്യവസായ സംരംഭങ്ങൾ മറ്റ് പദ്ധതികൾ വഴി ആരംഭിക്കാനും ഉദ്ദേശിക്കുന്നു. ഇവയുടെ ആകെ മുതൽമുടക്ക് 38 ലക്ഷം രൂപയും 38 പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്. ഈ സംരംഭങ്ങൾക്കായി ധനസഹായവും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ അനുമതിപത്രങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ വ്യവസായ-വാണിജ്യ വകുപ്പ് ചെയ്തുവരുന്നു. ടി പദ്ധതികളുമായി ബന്ധപ്പെട്ട് ബാങ്കിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പ്രവർത്തനം

150 (521) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പ്രവർത്തനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സെക്രട്ടറി തലത്തിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-ബി) ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ ഫാക്ടറി നിലനിന്നിരുന്ന സ്ഥലം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള ഭൂമിയാണ്. പ്രസ്തുത ഭൂമി സംസ്ഥാന സർക്കാരിന് കൈമാറിക്കിട്ടിയാൽ മാത്രമേ അവിടെ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത സ്ഥലം അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുസംബന്ധിച്ച്

തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തുകയും Livelihood, ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ജില്ലാ വ്യവസായ പരിശീലന കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതിരേഖ വ്യവസായ-വാണിജ്യ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

**ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ സമുച്ചയം**

151 (522) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വ്യവസായ സമുച്ചയത്തിന്റെ പ്രവൃത്തിയുടെ പുരോഗതിയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉത്തരം

ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയത്തിനായി 30-12-2016- ലെ ജി.ഒ.(സാധാ)1350/2016/ഐഡി പ്രകാരം 21.45 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി എച്ച്.എൽ.എൽ.-നെ ചുമതലപ്പെടുത്തുകയും വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. സാങ്കേതികാനുമതി കമ്മിറ്റി വ്യവസായ- വാണിജ്യ ഡയറക്ടറോട് ആവശ്യകത അപഗ്രഥനം (need analysis) നടത്താൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ-വാണിജ്യ ഡയറക്ടർ ആവശ്യകത അപഗ്രഥനം നടത്തുകയും സാങ്കേതികാനുമതി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർവഹണ ഏജൻസിയോട് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ഏജൻസി തയ്യാറാക്കിയ 30.17 കോടി രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**പുതുപ്പാടിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

152 (523) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടിയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മണ്ഡലത്തിൽ ഈങ്ങാപ്പുഴ വില്ലേജിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി 100 ഏക്കർ ഭൂമി ജില്ലാ വ്യവസായ സൈറ്റ് സെലക്ഷൻ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇവിടെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര മുഖേന ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ചെറുകിട വ്യാപാര മേഖലയെ പരിപോഷിപ്പിക്കാൻ നടപടി**

153 (524) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ തനതായ ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) സംസ്ഥാനത്തെ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ പരിപോഷിപ്പിക്കുന്നതിനും അവയുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതുൾപ്പെടെയുള്ളവ ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്:

- പശ്ചാത്തല വികസന പദ്ധതികൾ
- സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.)
- ഇ.ഡി.ക്ലബ്ബ്
- ഇൻകുബേഷൻ സെന്ററുകൾ
- ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം
- വ്യവസായികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി

എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാന ത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തിവരുന്നു. സംസ്ഥാന വ്യവസായ നയത്തിൽ പ്രതിപാദിച്ചതനുസരിച്ച് കേരളത്തിലെ എം.എസ്.എം.ഇ. പൊതുമേഖല, പരമ്പരാഗത മേഖല, കുടുംബശ്രീ തുടങ്ങി വിവിധ മേഖലകളിലെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ വിപണി കണ്ടെത്തി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 'വാണിജ്യ മിഷൻ' രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. മലബാർ ക്രാഫ്റ്റ്മേള, ദേശീയ- അന്തർദ്ദേശീയ മേളകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ.-കൾക്ക് നൽകുന്ന അവാർഡ് തുടങ്ങിയവ പ്രധാന പദ്ധതികളാണ്. സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ്.

## പാറ ഖനനം സംബന്ധിച്ച ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ്

154 (525) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ ഖനനത്തിന് അനുമതി നൽകേണ്ട ജില്ലാതല വിദഗ്ദ്ധ സമിതികൾ പിരിച്ചുവിടാൻ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) എങ്കിൽ പകരം അനുമതിക്കായി സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണയ സമിതിക്കാണോ അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റിക്കാണ് അപേക്ഷ നൽകേണ്ടതെങ്കിൽ ഇത് കാലതാമസത്തിനും അതുവഴി പാറക്ഷാമം രൂക്ഷമാകുന്നതിനും കാരണമാകുമോ എന്നറിയിക്കാമോ;

(ഡി) വീടുകളുടെയും റോഡുകളുടെയും നിർമ്മാണത്തിനും വിഴിഞ്ഞം തുറമുഖ നിർമ്മാണം പോലുള്ള വൻകിട പദ്ധതികൾക്കും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനത്തിനും ഈ ഉത്തരവ് തിരിച്ചടിയാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 15-1-2016 തീയതിയിലെ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിലെ നിർദ്ദേശാനുസരണമാണ് അഞ്ച് ഹെക്ടറിൽ കുറവുള്ള ഭൂമിയിൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയും (DEIAA) ജില്ലാതല വിദഗ്ദ്ധ അപഗ്രഥന സമിതിയും (DEAC) രൂപീകരിച്ചിരിക്കുന്നത്. എന്നാൽ 11-12-2018 തീയതിയിലെ ഉത്തരവിലൂടെ ദേശീയ ഹരിത ട്രൈബ്യൂണൽ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുവരെ, 15-1-2016 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തികൾ തടഞ്ഞിരിക്കുകയാണ്.

(ബി) 11-12-2018 തീയതിയിലെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജില്ലാതല അതോറിറ്റികൾക്ക് പ്രവർത്തിക്കാനാകാത്ത സാഹചര്യത്തിൽ ജില്ലകളിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതി സ്വീകരിച്ച് മുൻഗണനാക്രമത്തിൽ കമ്മിറ്റിയിൽവച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) പാരിസ്ഥിതികാനുമതിക്കായുള്ള എല്ലാ അപേക്ഷകളും സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതി പരിഗണിക്കേണ്ടുന്ന സാഹചര്യമുള്ളതിനാൽ അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകാൻ സാധ്യതയുണ്ട്. തന്മൂലം പുതുതായി ലൈസൻസ് ലഭിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുവാനും സാധ്യതയുണ്ട്.

## കെട്ടിട നിർമ്മാണ രംഗത്ത് സ്തംഭനാവസ്ഥ

155 (526) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം കെട്ടിട നിർമ്മാണ രംഗത്ത് ഉണ്ടാക്കിയ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽ, പാറ എന്നിവയുടെ രൂക്ഷമായ ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമ്പത്തുള്ളവർ ആവശ്യത്തിലധികം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ആഡംബര ഭവനങ്ങൾ നിർമ്മിക്കുമ്പോൾ പാവപ്പെട്ടവർ ചെറിയ വീട് നിർമ്മിക്കുന്നതിന് വളരെയധികം കഷ്ടപ്പെടുന്ന സാഹചര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മണൽ, പാറ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്:

അഞ്ച് ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതി കാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA) യുടെയും ജില്ലാതല അപഗ്രഥന സമിതി (DEAC) യുടെയും പ്രവർത്തനം കാര്യക്ഷമമാക്കി. എന്നാൽ 11-12-2018 തീയതിയിലെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമിതികൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

1. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ ( simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

2. നിർമ്മാണ മേഖലയിൽ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തു.

3. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

4. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

5. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

6. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ഖനനാനുമതി സംബന്ധിച്ച ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ്

156 (527) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ ഖനനത്തിന് അനുമതി നൽകേണ്ട ജില്ലാതല വിദഗ്ധ സമിതികൾ പിരിച്ചുവിട്ടുകൊണ്ട് ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ പ്രളയാനന്തര പുനർനിർമ്മാണത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ഉത്തരവോടെ പാറഖനന അനുമതിക്കായി സംസ്ഥാനതല അതോറിറ്റിയെ മാത്രം സമീപിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ജില്ലാ തലത്തിൽ തീരുമാനം ആകാത്ത നൂറുകണക്കിന് അപേക്ഷകൾ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയസമിതി മുമ്പാകെ വരുമ്പോൾ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 15-1-2016 തീയതിയിലെ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലത്തിന്റെ നോട്ടിഫിക്കേഷനിലെ നിർദ്ദേശാനുസരണമാണ് അഞ്ച് ഹെക്ടറിൽ കുറവുള്ള ഭൂമിയിൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയും (DEIAA) ജില്ലാതല വിദഗ്ദ്ധ അപഗ്രഥന സമിതിയും (DEAC) രൂപീകരിച്ചിരിക്കുന്നത്. എന്നാൽ 11-12-2018 തീയതിയിലെ ഉത്തരവിലൂടെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതുക്കിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുവരെ, 15-1-2016 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പ്രവർത്തികൾ തടഞ്ഞിരിക്കുകയാണ്.

(ബി) പാരിസ്ഥിതികാനുമതിക്കായുള്ള എല്ലാ അപേക്ഷകളും സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ സമിതി പരിഗണിക്കേണ്ടുന്ന സാഹചര്യമുള്ളപ്പോൾ അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ സാധ്യതയുണ്ട്. തന്മൂലം പുതുതായി ലൈസൻസ് ലഭിക്കുന്ന ക്വാറികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാനും സാധ്യതയുണ്ട്.

(സി&ഡി) ഉണ്ട്. 11-12-2018 തീയതിയിലെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം ജില്ലാതല അതോറിറ്റികൾക്ക് പ്രവർത്തിക്കാനാകാത്ത സാഹചര്യത്തിൽ ജില്ലകളിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയസമിതി സ്വീകരിച്ച് മുൻഗണനാക്രമത്തിൽ കമ്മിറ്റിയിൽവച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു.

## നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി

157 (528) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവുമൂലം നിർമ്മാണ മേഖലക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) വിദേശത്തുനിന്ന് ആറ്റുമണൽ ഇറക്കുമതി ചെയ്യുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ക്വാറി ഉല്പന്നങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിലേയ്ക്ക് ക്വാറി പ്രവർത്തനം സാധ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. അഞ്ച് ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തേയ്ക്ക് പരിസ്ഥിതി ക്ലിയറൻസ് അനുവദിക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA) യും ജില്ലാതല അപഗ്രഥന സമിതി (DEAC) യും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാതല വിദഗ്ദ്ധ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11-12-2018-ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തിക്കുന്നില്ല.)
2. ക്വാറി സ്ഥലത്തേയ്ക്ക് റോഡ്, വീട്, ആരാധനാലയങ്ങൾ തുടങ്ങിയവയിൽനിന്നുള്ള ദൂരപരിധി 100 മീറ്ററിൽനിന്നും 50 മീറ്ററായി കുറയ്ക്കുകയുണ്ടായി.
3. ചെറുകിട ക്വാറികളുടെ പ്രവർത്തനത്തിനായി ലഘൂകരിച്ച മൈനിംഗ് പ്ലാൻ സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

4. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയിൽനിന്നും ക്വാറിയിലേയ്ക്കുള്ള ദൂരപരിധി ഒരു കി.മീ. ആയി നിജപ്പെടുത്തി മറ്റുള്ള സ്ഥലങ്ങളിൽ വനാതിർത്തിയിൽനിന്നും ക്വാറിയിലേയ്ക്കുള്ള ദൂരപരിധി നിശ്ചയിച്ചിരുന്നത് ഒഴിവാക്കി.

5. അന്യ സംസ്ഥാനത്തുനിന്നും ക്വാറി ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ വിദേശങ്ങളിൽനിന്നും ക്വാറി ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും നിലവിൽ തടസ്സമില്ല.

6. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. ജില്ലാതലത്തിൽ പാരിസ്ഥിതികാനുമതി നൽകുന്നതിനുവേണ്ട നടപടികൾ ദ്രുതഗതിയിൽ ആക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർമാർക്കും ജില്ലാ ജിയോളജിസ്റ്റുമാർക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. 2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം വിവിധ ജില്ലകളിലായി കരിങ്കല്ല് ഖനനം ചെയ്യുന്നതിന് 277 ക്വാറിയിംഗ് ലീസുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വർഷ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റുകളും അനുവദിച്ചുവരുന്നുണ്ട്.

(ബി) വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 20-2-2018 തീയതിയിലെ 57/എ 3/2018/ഐ.ഡി നമ്പരായ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി സർക്കുലർ പ്രകാരം ഡീലേഴ്സ് ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത മണൽ കേരളത്തിൽ വിൽപ്പന നടത്തിവരുന്നുമുണ്ട്.

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ

158 (529) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും നിർമ്മാണമേഖലയെ എപ്രകാരമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കെട്ടിട, റോഡ് നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) നിലവിലുള്ള മണൽ ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ ഡാമുകളിൽനിന്ന് മണൽ ശേഖരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കിരങ്കല്ലും മെറ്റലും അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും വിലക്കയറ്റവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം കരിങ്കല്ല്, ചെങ്കല്ല്, കളിമണ്ണ്, മണ്ണ് തുടങ്ങിയ എല്ലാതരം ധാതുക്കളും ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നുള്ള കൺസന്റ് റ്റു ഓപ്പറേറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നുമുള്ള ഡി&ഒ ലൈസൻസ്, എക്സ്പോസീവ് ലൈസൻസ് എന്നിവയും നിർബന്ധമാണ്. പാരിസ്ഥിതികാനുമതിയും മേൽപ്പറഞ്ഞ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകളും സമ്പാദിച്ച് ക്വാറി പ്രവർത്തനം നടത്താൻ സാഹചര്യമുള്ള

ക്വാറികൾ കേരളത്തിൽ കുറവാണ്. 2-12-2016-ന് മുമ്പ് കേരളത്തിൽ 2500 ഓളം ക്വാറികൾ പ്രവർത്തിച്ചിരുന്നു. പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള ഇത്തരം ലൈസൻസുകൾ നിർബന്ധമായ സാഹചര്യത്തിൽ ക്വാറികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഇതാണ് കരിങ്കല്ല് ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റത്തിനും ലഭ്യതക്കുറവിനും കാരണം.

അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതക്കുറവും കാരണം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. 2-12-2016 തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉല്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വിലവർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. നദികളിൽനിന്നും മണൽ വാരുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിനാൽ നദികളിൽനിന്നും മണൽ വാരാൻ കഴിയാത്ത സാഹചര്യമുണ്ടായി. കൂടാതെ ആറ്റുമണലിന്റെ ക്ഷാമംമൂലം ഇതിനുപകരമായി കേരളത്തിലെ നിർമ്മാണ മേഖലയിൽ ഉപയോഗിച്ചുവന്നിരുന്ന കിരങ്കല്ല് പൊടിച്ചുനിർമ്മിക്കുന്ന എം.സാന്റിന്റെ ഉല്പാദനവും കരിങ്കല്ലിന്റെ ദൗർലഭ്യംമൂലം കുറഞ്ഞിട്ടുണ്ട്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽവന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നുമാത്രമേ കളിമൺ ഖനനം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. കളിമണ്ണിന്റെ ലഭ്യതക്കുറവ് സംസ്ഥാനത്തെ ഓട്/ഇഷ്ടിക നിർമ്മാണ മേഖലയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ക്വാറി ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും ജില്ലാ ഭരണകൂടം യോഗം വിളിച്ചുചേർത്ത് ചർച്ചകൾ നടത്തിയിരുന്നു.

(ബി) സംസ്ഥാനത്തുണ്ടായ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായും കരിങ്കല്ലിന്റെയും മെറ്റലിന്റെയും ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് തടയുന്നതിനായും ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. അഞ്ച് ഹെക്ടറിന് താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA) യും ജില്ലാതല അപഗ്രഥന സമിതി (DEAC)-യും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ജില്ലാതല വിദഗ്ധ സമിതികൾ പുനഃസംഘടിപ്പിക്കുവാൻ 11-12-2018 ൽ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ആയതിനാൽ നിലവിൽ ഈ സമിതികൾ പ്രവർത്തിക്കുന്നില്ല.)

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തു.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറി, സെക്രട്ടറി തലത്തിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽനിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.

6. ആറ് മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. തെരഞ്ഞെടുത്ത ഡാമുകളിൽനിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തുനിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

9. കേരളത്തിൽ സിമന്റിന്റെ വില മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതലാണെന്ന പരാതിയെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉല്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

10. ക്വാറി ഉല്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികളെടുക്കാൻ നിർദ്ദേശം നൽകി.

11. 9-3-2018, 21-11-2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.

12. 2008-നുമുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ്) നികത്തപ്പെട്ട ഭൂമിയിൽനിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാദ്ധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി)- യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട്

സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി.-യുടെ റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതി നൽകുന്നതിന് തുടർ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

13. റോഡ്, ടാറിംഗ് പ്രവൃത്തികളിൽ പെട്രോളിയം അനുബന്ധ ഉൽപ്പന്നമായ ബിറ്റുമിന്റെ വിലവർദ്ധനവുമൂലം പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ സർക്കാരിന്റെ 13-11-2018 തീയതിയിലെ GO(Rt)No.9386/2018/Fin ഉത്തരവ് പ്രകാരം കരാർ ഏർപ്പെട്ട പ്രവൃത്തികൾക്ക് ബിറ്റുമിന്റെ വില വ്യത്യാസം അനുവദിക്കുന്നതിന് തീരുമാനിച്ചു. ഇതുമൂലം പ്രവൃത്തികൾ തടസ്സമില്ലാതെ നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(സി) സംസ്ഥാനതല ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നീക്കം ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) 26-9-2017 തീയതിയിലെ GO(Ms)79/2017/WRD ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവറിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്താൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലോവർ പെരിയാർ ഡാമിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് 21-2-2011 തീയതിയിലെ സ.ഉ.(കൈ)നമ്പർ 46/2011/വ്യവ ഉത്തരവ് പ്രകാരം മെ.ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 4-6-2018 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പട്ട വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ ലോവർ പെരിയാർ റിസർവോയറിൽനിന്നും ശേഖരിക്കുന്ന മണൽ വിൽപ്പന നടത്തുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതിയുടെ അനുമതി തേടേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ടി പ്രവർത്തി 'TURNKEY' പ്രോജക്ടായി കാലവിളംബം കൂടാതെ നടപ്പാക്കുന്നതിന് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തു.

## വീട് നിർമ്മാണത്തിനായി മണ്ണെടുക്കുന്നതിന് പിഴചുമത്തൽ

159 (530) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനായി മണ്ണെടുക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമുണ്ടോ; വീട് നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നുള്ള പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കുമോ;

(ബി) കെട്ടിടനിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുത്തവർക്ക് ഭീമമായ തുക പിഴ ചുമത്തുന്നതായും മണ്ണെടുക്കുന്നതും കൊണ്ടുപോകുന്നതുമായ വാഹനങ്ങൾ പോലീസിനെ ഉപയോഗിച്ച് പിടിച്ചെടുക്കുന്നതായുമുള്ള വ്യാപക പരാതികൾ പരിഹരിക്കുന്നതിന് വകുപ്പുതല നടപടി സ്വീകരിക്കുമോ;

(സി) ലൈഫ് മിഷൻ പദ്ധതിയിൽ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഗുണഭോക്താക്കൾ പോലും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഭീഷണി നേരിടുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ;

(ഡി) കോട്ടയം ജില്ലയിൽ കോതനല്ലൂർ വില്ലേജ് കാഞ്ഞിരം കാലായിൽ ശ്രീമതി ഏലിയാമ്മക്ക്, മണ്ണെടുത്തതിന് ഭീമമായ തുക പിഴ ചുമത്തിയത് സംബന്ധിച്ച് സർക്കാരിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഇത് സംബന്ധിച്ച് വസ്തുതാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ശ്രീമതി ഏലിയാമ്മയെ നേരിൽ കേൾക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവരുടെ പിഴ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണ് മാറ്റി ഭൂമി നിരപ്പാക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുവാദം ആവശ്യമില്ല. എന്നാൽ നീക്കംചെയ്യുന്ന മണ്ണ് ഗതാഗതം ചെയ്യുന്നതിന് റോയൽറ്റി ഒടുക്കി വകുപ്പിൽനിന്നും മിനറൽ ട്രാൻസിറ്റ് പാസ്സുകൾ കരസ്ഥമാക്കേണ്ടതുണ്ട്. ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഖനനം ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ഗതാഗതം ചെയ്യുന്നതിന് ജിയോളജി വകുപ്പിൽനിന്നും മിനറൽ ട്രാൻസിറ്റ് പാസുകൾ സമ്പാദിക്കേണ്ടതുണ്ട്. പാസുകൾ സമ്പാദിക്കാതെ മണ്ണ് ഗതാഗതം ചെയ്യുന്നത് 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ്&ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാലാണ് ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നത്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ മുൻകൂർ അനുമതി കരസ്ഥമാക്കാതെ മണ്ണ് ഖനനം ചെയ്ത് കൂട്ടിയിട്ടിരിക്കുന്ന വ്യക്തികളിൽനിന്നും ചട്ടപ്രകാരം റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കിവരുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് സമ്പാദിച്ച് അതിന്റെ മറവിൽ കെട്ടിടം നിർമ്മിക്കാതെ അനധികൃതമായി കുന്നിടിച്ച് നിരപ്പാക്കുന്നവരെ നിയന്ത്രിക്കേണ്ടതുണ്ടെന്ന ഹൈക്കോടതി നിരീക്ഷണ ത്തിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരെ ഉപയോഗപ്പെടുത്തി അവർക്ക് ലഭ്യമായ അനുമതിയുടെ മറവിൽ അനധികൃതമായി കുന്നിടിച്ച് പ്രകൃതിക്ക് നാശം വരുത്തുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015- ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം 300 സ്ക്വയർ മീറ്റർ വരെ തറ വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് മണ്ണ് പുറത്തുകൊണ്ടുപോകേണ്ടതില്ലെങ്കിൽ മൈനിംഗ് & ജിയോളജി വകുപ്പിനെ സമീപിക്കേണ്ട ആവശ്യമില്ല. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരെ നിലവിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അനധികൃത മണ്ണ് ഖനനവും കടത്തും കണ്ടെത്തിയാൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പരാതി സംബന്ധിച്ച് വസ്തുതാ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പരാതിയുടെ പകർപ്പ് മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനാകൂ.

## ആലപ്പാട് കരിമണൽ ഖനനം

160 (531) ശ്രീ. കെ .വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് കരിമണൽ ഖനനവുമായി ബന്ധപ്പെട്ടുള്ള മാധ്യമ ആക്ഷേപങ്ങൾക്ക് എന്ത് അടിസ്ഥാനമാണുള്ളത് എന്നറിയിക്കാമോ ;

(ബി) ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയല്ലേ എന്നത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതുമായി ബന്ധപ്പെട്ട വിശദ പഠന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത ഖനനവുമായി ബന്ധപ്പെട്ട നിലപാട് വിശദമാക്കുമോ?

### ഉത്തരം

(എ & ബി) ആലപ്പാട് തീരപ്രദേശത്ത് 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും സുനാമിയുംമൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. കൂടാതെ ഖനന പ്രവർത്തനംമൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും കമ്പനി അധികൃതരുടെയും ഒരു യോഗം 16-1-2019-ന് വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാനപ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അശാസ്ത്രീയമായ ഖനനം പാടില്ല എന്നാണ് പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്. കരിമണൽ നീക്കം ചെയ്തശേഷം ഉണ്ടാകുന്ന കുഴികൾ ധാതുക്കൾ വേർതിരിച്ചശേഷം ലഭിക്കുന്ന മണലുപയോഗിച്ച് നികത്തുന്നതുവഴി തീരപ്രദേശം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായിക്കും എന്നാണ് പഠനങ്ങളിൽ കാണുന്നത്.

(ഡി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനിവരാത്ത രീതിയിൽ ശാസ്ത്രീയമായിട്ടാണ് കരിമണൽ ഖനനം നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## ആലപ്പാട്ടെ സീ വാഷിംഗിന്റെ പ്രത്യാഘാതങ്ങൾ

161 (532) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന സീ വാഷിംഗ് എന്ന ഖനനരീതിയുടെ പ്രത്യാഘാതങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഈ ഖനന രീതിയുടെ ന്യൂനതകൾ പരിശോധിച്ചിട്ടുണ്ടോ; ഇതുമൂലം കര വലിയതോതിൽ നഷ്ടപ്പെടുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) ഇവിടെ നടക്കുന്ന ഖനനം മൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ഒഴിവാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആലപ്പാട് തീരപ്രദേശത്ത് 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും സുനാമിയുംമൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. കൂടാതെ ഖനന പ്രവർത്തനംമൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-1-2019-ന് വിളിച്ചുചേർത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്തെ ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്.

(സി) ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും കമ്പനി അധികൃതരുടെയും ഒരു യോഗം 16-1-2019-ന് വിളിച്ചുചേർത്ത് ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി:

(i) ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS- നെ ചുമതലപ്പെടുത്തി. പ്രാഥമിക റിപ്പോർട്ട് ഒരുമാസത്തിനകം സമർപ്പിക്കേണ്ടതാണ്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്തെ ഖനനം നടത്തുന്ന ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നടത്താൻ പാടില്ല. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ചശേഷം വിശദമായ പഠനം നടത്തുന്നതിനെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കും. ഇനിമുതൽ മഴക്കാലത്ത് സീ വാഷിംഗ് നിർത്തിവെയ്ക്കേണ്ടതാണ്.

(ii) ഖനന പ്രവൃത്തികൾ നടക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഐ.ആർ.ഇ.എല്ലും, കെ.എം.എം.എൽ.-ഉം മുൻകൈ എടുക്കേണ്ടതാണ്.

(iii) കരിമണൽ ഖനനം നടക്കുന്ന മേഖലകളിലെ പ്രദേശവാസികൾക്ക് തൊഴിൽ നൽകുന്ന വിഷയത്തിൽ സുതാര്യമായ നടപടിക്രമം ഐ.ആർ.ഇ.എൽ. പിന്തുടരേണ്ടതാണ്.

(iv) ഐ.ആർ.ഇ.എൽ.-ന്റെ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടെ ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകണം. അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി, ഖനനം സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം നിയമപരമായി പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണം.

(v) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയുംവേഗം ആയത് നൽകുകയും ചെയ്യണം.

(vi) ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്ന സമരസമിതി പ്രതിനിധികളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തണം.

തുടർന്ന് ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനത്തിനെതിരെ സമരം ചെയ്യുന്ന സമരസമിതി പ്രതിനിധികളുമായി 17-10-2019-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തി ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കരിമണൽ ഖനനം നടത്തുന്ന ആലപ്പാട് പ്രദേശം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സന്ദർശിക്കും
2. ആലപ്പാട് പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യക്ഷേമ കാര്യങ്ങളിൽ ഐ.ആർ.ഇ.എൽ. കാര്യക്ഷമമായി ഇടപെടണം.
3. ആവശ്യമെങ്കിൽ സമരസമിതിയുമായി വീണ്ടും ചർച്ച നടത്താൻ സർക്കാർ സന്നദ്ധമാണ്.

**വെള്ളനാതുരുത്തിലെ ഖനന പ്രവർത്തനങ്ങൾ**

162 (T* 533) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. ഏതെല്ലാം തരത്തിലുള്ള ഖനന പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഡീപ് മൈനിംഗ് നടക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ സീവാഷിംഗ് രീതിയിലുള്ള മൈനിംഗ് നടക്കുന്നുണ്ടോ; സീ വാഷിംഗിനെ സംബന്ധിച്ച് പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സീ വാഷിംഗ് മൂലം തീരം നഷ്ടപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തീരസംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ബീച്ചിൽനിന്നും ബീച്ച് വാഷിംഗ്, കര പ്രദേശത്തുനിന്നും ഡ്രെഡ്ജിങ് എന്നീ ഖനന പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(ബി&സി) സീ വാഷിംഗ് രീതിയിലുള്ള മൈനിംഗ് നടന്നിട്ടുണ്ട്. ആലപ്പാട് തീരപ്രദേശത്ത് 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും സുനാമിയുംമൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിട യായിട്ടുണ്ട്. കൂടാതെ ഖനന പ്രവർത്തനംമൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-1-2019-ന് വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനപ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതുവരെ ആലപ്പാട് പ്രദേശത്തെ ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22-1-2019 മുതൽ ഐ.ആർ.ഇ.എൽ. സീ വാഷിംഗ് നിർത്തിവച്ചിട്ടുണ്ട്.

(ഡി) ആലപ്പാട് വില്ലേജിൽ 16 കിലോമീറ്ററോളം തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കിരമണൽ ഖനനം നടക്കുന്ന പ്രദേശത്ത് ഒരു പുലിമുട്ട് നിർമ്മിച്ചിട്ടുണ്ട്. കൂടുതൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടി മെ.ഐ.ആർ.ഇ.എൽ. സ്വീകരിച്ചിട്ടുണ്ട്.

**വെള്ളനാതുരുത്തിൽ ഐ.ആർ.ഇ.എൽ. നടത്തുന്ന ഖനന പ്രവർത്തനങ്ങൾ**

163 (534) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിലെ വെള്ളനാതുരുത്തിൽ ഐ.ആർ.ഇ. നടത്തുന്ന ഖനനപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ഇവിടെ ഏതെല്ലാം തരത്തിലുള്ള ഖനനപ്രവർത്തനങ്ങളാണ് നടക്കുന്നത്; ഏതെല്ലാം യന്ത്ര സംവിധാനങ്ങൾ ഖനനത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടൽക്ഷോഭംമൂലം എത്ര ഹെക്ടർ സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ഡി) ഇവിടെ കരയുടെ ശോഷണമുണ്ടാകുന്നതിന് ഖനനം മാത്രമാണോ കാരണം എന്നും ഖനനം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ എന്നും വിശദീകരിക്കുമോ; ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആലപ്പാട് വില്ലേജിൽപ്പെട്ട 4.80 ഹെക്ടർ സ്ഥലത്ത് ഖനനം നടത്തുന്നതിനും പന്മന, അയനിവേലി കുളങ്ങര, ആലപ്പാട് വില്ലേജുകളിൽപ്പെട്ട 180 ഹെക്ടർ സ്ഥലത്ത് ഖനനം നടത്തുന്നതിനും ഐ.ആർ.ഇ.എൽ.-ന് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. വെള്ളനാതുരുത്തിലെ ഖനന പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ല.

(ബി) കര പ്രദേശത്തുനിന്നും ഡ്രെഡ്ജർ ഉപയോഗിച്ചുള്ള ഡ്രെഡ്ജിങ്ങും കടൽ തീരപ്രദേശത്ത് എസ്കവേറ്റർ ഉപയോഗിച്ചുള്ള മണൽ നീക്കവും നടത്തുന്നുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടൽക്ഷോഭംമൂലം എത്ര ഹെക്ടർ സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്ന കൃത്യമായ വിവരം സർക്കാരിന്റെ പക്കൽ ലഭ്യമല്ല.

(ഡി) ആലപ്പാട് തീരപ്രദേശത്ത് 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും സുനാമിയുംമൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. കൂടാതെ ഖനന പ്രവർത്തനംമൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ആലപ്പാട് വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-1-2019-ന് വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനപ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനംമൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ചെങ്ങന്നൂർ പ്രഭുറാം മില്ലിന്റെ നവീകരണം

164 (535) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ പ്രഭുറാം മില്ലിന്റെ നവീകരണ പദ്ധതികൾക്കായി 2018-19 ൽ അനുവദിച്ച 7 കോടി രൂപ വിനിയോഗിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതിനായി ടെക്സ്റ്റൈയിൽ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ പ്രഭുറാം മില്ലിന്റെ നവീകരണ പദ്ധതികൾക്കായി 2018-19-ൽ അനുവദിച്ച ഏഴ് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നവീകരണത്തിനുള്ള പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രഭുറാം മില്ലിന്റെ ധനവിനിയോഗം സംബന്ധിച്ച ഫയലുകൾ കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല.

## ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ

165 (536) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും ഇത്തരം എത്ര ഏക്കർ സ്ഥലമാണ് ഉള്ളത്; നിലവിൽ ഈ സ്ഥലങ്ങളിൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നുണ്ടോ എന്നും അവയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്നും വിശദമാക്കുമോ;

(സി) ഇത്തരം സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് മതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ നെന്മാറ, എലവഞ്ചേരി, മുതലമട എന്നീ പഞ്ചായത്തുകളിലാണ് ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഉൽപ്പാദക കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത്.

(ബി) നെന്മാറ-1.5 ഏക്കർ (നെന്മാറ നൂൽപ്പ്/നെയ്ത്ത് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടം)

എലവഞ്ചേരി - പഞ്ചായത്ത് കെട്ടിടം (എലവഞ്ചേരി നൂൽപ്പ് കേന്ദ്രം)

മുതലമട - 25 സെന്റ് (ആട്ടയാംപതി നൂൽപ്പ് കേന്ദ്രം) പ്രവർത്തിക്കുന്ന കെട്ടിടമുണ്ട്.

<u>ഖാദി ഗ്രാമവ്യവസായ സഹകരണ സംഘങ്ങൾ</u>

- പല്ലശ്ശന പി.ജെ.പി.സി.എസ്. - 20 സെന്റ്
- അയിലൂർ ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 0.041 ഹെക്ടർ
- വടവന്നൂർ വില്ലേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 45 സെന്റ്
- നെന്മാറ ഖാദി പ്രൊഡ്യൂസേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി - 26 സെന്റ്.

(സി) ഖാദി ഉൽപ്പാദക കേന്ദ്രങ്ങളിൽ ആട്ടയാംപതി നൂൽപ്പ് കേന്ദ്രം അതിർത്തി നിർണ്ണയിച്ച് കമ്പിവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. നെന്മാറ നൂൽപ്പ്/നെയ്ത്ത് കേന്ദ്രത്തിൽ ഭാഗികമായി അതിർത്തി നിർണ്ണയം കഴിഞ്ഞിട്ടുണ്ട്. ഖാദി സഹകരണ സംഘങ്ങളിലെ സ്ഥലങ്ങൾ അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കായികമത്സരങ്ങളുടെ പരിശോധന

166 (537) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ അസോസിയേഷനുകൾ നടത്തുന്ന കായികമത്സരങ്ങൾ പരിശോധിക്കാറുണ്ടോ;

(ബി) ക്രിക്കറ്റ് അസോസിയേഷൻ, ഫുട്ബോൾ അസോസിയേഷൻ, വോളിബോൾ അസോസിയേഷൻ തുടങ്ങിയ വിവിധ അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങൾ പരിശോധിക്കുവാൻ നിലവിലുള്ള രീതി അപര്യാപ്തമാണെന്ന കാര്യം പരിശോധിക്കുമോ;

(സി) 2016 ജനുവരി മുതൽ ഇത്തരത്തിൽ ഓരോ അസോസിയേഷനുകളും സംഘടിപ്പിച്ച മത്സരങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; വരവ് ചെലവ് കണക്കുകളും ലഭ്യമാക്കുമോ;

(ഡി) ഇത്തരം കണക്കുകൾ സർക്കാർ ഏജൻസികൾ ഓഡിറ്റ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന അസോസിയേഷനുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങൾ നിരീക്ഷിക്കുന്നതിലേയ്ക്കായി നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നിരീക്ഷകരെ ചുമതലപ്പെടുത്താറുണ്ട്.

(ബി) 2000-ലെ കേരള സ്പോർട്സ് ആക്ട് സെക്ഷൻ 31 ബി പ്രകാരം അംഗീകാരമില്ലാത്ത ഏതൊരു സ്പോർട്സ് സംഘടനയും അവർ പ്രതിനിധാനം ചെയ്യുന്ന കായിക ഇനത്തിൽ താൽക്കാലികമായി ജില്ലാതല സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതി നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നേടിയിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ ക്രിക്കറ്റ് അസോസിയേഷനും കേരള സ്റ്റേറ്റ് വോളീബാൾ അസോസിയേഷനും കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ല.

(സി) 2016 ജനുവരി മുതൽ ഇത്തരത്തിൽ ഓരോ അസോസിയേഷനുകളും സംഘടിപ്പിച്ച മത്സരങ്ങളുടെ വിശദമായ വിവരങ്ങൾ അനുബന്ധം 1-ലും ലഭ്യമായ വരവ് ചെലവ് കണക്കുകൾ അനുബന്ധം II-ലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

(ഡി) സംസ്ഥാന സ്പോർട്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന മത്സരങ്ങളുടെ വരവ് ചെലവ് കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേന ആഡിറ്റ് ചെയ്യുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽനിന്നും സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അനുവദിക്കുന്ന ഗ്രാന്റുകൾ സംസ്ഥാന ആഡിറ്റ് വകുപ്പും എ.ജി.-യും ആഡിറ്റ് നടത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട്

167 (538) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും കായിക വകുപ്പിന്റെ വളർച്ചയ്ക്കുവേണ്ടി ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് തുകയടക്കം ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കായികയുവജനകാര്യാലയം

2018-19 സാമ്പത്തിക വർഷം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായി കായിക യുവജന കാര്യാലയത്തിൽനിന്നും ചെലവായ തുക ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* നിർമ്മാണ പ്രവർത്തനങ്ങൾക്കുപുറമെ പ്ലേ ഫോർ ഹെൽത്ത്, കിക്ക് ഓഫ്, ഖേലോ ഇന്ത്യ, സ്പോർട്സ് ഗൈഡ്, ടാലന്റ് ഹണ്ട്, മാരത്തോൺ, ക്ലബ്ബുകൾക്ക് നൽകിയ ഗ്രാന്റ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 7,16,51,327 രൂപ നടപ്പുസാമ്പത്തിക വർഷം ചെലവാക്കിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 43 അംഗീകൃത കായിക സംഘടനകളുടെ പ്രവർത്തനങ്ങൾക്കായി 3,71,96,940 രൂപ അനുവദിച്ചിട്ടുണ്ട്. സ്പോർട്സ് ഹോസ്റ്റലുകൾ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ, നാഷണൽ ഫെഡറേഷൻ സംഘടിപ്പിക്കുന്ന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാന താരങ്ങൾ എന്നിവർക്ക് സ്പോർട്സ് യൂണിഫോം, ട്രാക്ക് സ്യൂട്ട്, സ്പോർട്സ് സാമഗ്രികൾ, ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് 2,34,68,425 രൂപയും മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകുന്നതിനുള്ള ചെലവിനത്തിൽ 42,22,324 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകളിലെ ട്രെയിനർമാർക്ക് വേതനം നൽകുന്നതിനായി 50,62,657 രൂപ അനുവദിച്ചിട്ടുണ്ട്. ഡോ.എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് നൽകുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

7,00,000 രൂപ അനുവദിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം 18 മുതൽ സെപ്തംബർ 2 വരെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽവച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയവർക്ക് യഥാക്രമം 20,00,000, 15,00,000, 10,00,000 രൂപ വീതം ആകെ 2,05,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

കായികാടിസ്ഥാന സൗകര്യങ്ങളുടെ വികസനം/രൂപീകരണം/നിർമ്മാണ പ്രവർത്തനങ്ങൾക്കായി 8,13,90,000 രൂപ അനുവദിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ പരിശീലനത്തിനായി 1,35,58,189 രൂപ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് മേയ്ദിന കായിക മേള നടത്തുന്നതിലേയ്ക്കായി 2,00,000 രൂപയും ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നടത്തിപ്പ് ഗ്രാന്റിനത്തിൽ 81,34,329 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, ജില്ലാ സ്പോർട്സ് കൗൺസിൽ ഗ്രാന്റ്, ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി എന്നിവയുടെ ആവശ്യത്തിലേയ്ക്കായി ചെലവായ തുക (ജില്ല തിരിച്ച്) ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,79,42,857 രൂപ |
| 2 | കൊല്ലം | 1,43,82,900 രൂപ |
| 3 | ആലപ്പുഴ | 1,09,17,700 രൂപ |
| 4 | പത്തനംതിട്ട | 1,28,57,800 രൂപ |
| 5 | കോട്ടയം | 1,60,17,857 രൂപ |
| 6 | ഇടുക്കി | 1,01,42,957 രൂപ |
| 7 | എറണാകുളം | 1,47,37,600 രൂപ |
| 8 | തൃശ്ശൂർ | 1,81,42,975 രൂപ |
| 9 | പാലക്കാട് | 99,71,985 രൂപ |
| 10 | മലപ്പുറം | 14,54,700 രൂപ |
| 11 | കോഴിക്കോട് | 1,10,42,976 രൂപ |
| 12 | കണ്ണൂർ | 3,98,40,930 രൂപ |
| 13 | വയനാട് | 94,92,965 രൂപ |
| 14 | കാസർഗോഡ് | 86,20,987 രൂപ |

**കിക്കോഫ് പദ്ധതി**

168 (539) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കായിക വികസനത്തിന് വേണ്ടി നടപ്പിലാക്കുന്ന കിക്കോഫ് പദ്ധതി എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു; സ്കൂളുകളുടെ പേരുവിവരം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) കിക്കോഫ് പദ്ധതിയിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കിക്കോഫ് പദ്ധതിക്കായി അവസാനം തെരഞ്ഞെടുത്ത എട്ട് സ്കൂളുകളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുട്ടികളും സ്കൂളുകളുമുള്ള മലപ്പുറം ജില്ലയിൽനിന്ന് ഒരു സ്കൂൾ പോലും ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) കിക്കോഫ് പദ്ധതിയിൽ മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് അവസരം നിഷേധിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) കിക്കോഫ് പദ്ധതിയിലേയ്ക്ക് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ പേരുവിവരം അനുബന്ധം I *-ലും പദ്ധതി ആരംഭിച്ച സ്കൂളുകളുടെ ജില്ലതിരിച്ചുള്ള പേരുവിവരം അനുബന്ധം II * ലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) 'കിക്കോഫ് ' പരിശീലന പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കുപുറമേ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി Zig Zag, 2 Vs 2, Speed Test എന്നീ മൂന്ന് ടെസ്റ്റുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസം ഓരോ മണിക്കൂർ വീതമുള്ള പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് മികച്ച പരിശീലനത്തിനുവേണ്ടി സൗകര്യം ഒരുക്കുന്നത്. അതിനുശേഷം സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും.

(സി&ഡി) ഇല്ല. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 8 സ്കൂളുകളിൽ മലപ്പുറം ജില്ലയിലെ രാജാസ് ജി.എച്ച്.എസ്.എസ്. കോട്ടയ്ക്കൽ എന്ന സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല.

**കിക്കോഫ് ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി**

169 (540) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിക്കോഫ് ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിലൂടെ നൽകി വരുന്ന പരിശീലനങ്ങളുടെ വിശദാംശം നൽകുമോ; ഏതെല്ലാം വിദ്യാലയങ്ങളിൽ ഈ പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഫുട്ബാൾ കളിയിൽ ദേശീയ-അന്തർ ദേശീയ താരങ്ങളെ വാർത്തെടുക്കുകയും ഏറെ പ്രതിഭകളുള്ളതുമായ മലപ്പുറം മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. അരിമ്പ്ര, എം.എസ്.പി.എച്ച്.എസ്.എസ്. മലപ്പുറം എന്നീ വിദ്യാലയങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 20 സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഫുട്ബോൾ പരിശീലന പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കുപുറമേ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് Zig Zag, 2 Vs 2, Speed Test എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന ടെസ്റ്റ് നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസത്തെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് മികച്ച പരിശീലനത്തിനുവേണ്ടി സൗകര്യം ഒരുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾക്ക് ഓരോ ആഴ്ചയിലും രണ്ടുദിവസം ഒന്നര മണിക്കൂർ വീതം പരിശീലനം നൽകും. അതിനുശേഷം സ്കൂൾ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. 8 വിദ്യാലയങ്ങളിൽ ടി പരിശീലന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് അനുബന്ധം II * ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 8 സ്കൂളുകളിൽ മലപ്പുറം ജില്ലയിലെ രാജാസ് ജി.എച്ച്.എസ്.എസ്. കോട്ടയ്ക്കൽ എന്ന സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. അരിമ്പ്ര, എം.എസ്.പി. എച്ച്.എസ്.എസ്. മലപ്പുറം എന്നീ വിദ്യാലയങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി**

170 (541) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കായിക രംഗത്ത് തുടക്കം കുറിച്ച ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി കായിക താരങ്ങൾക്ക് പരിശീലനം നൽകുന്ന സെന്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ." ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതികൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

| ട്രെയിനിംഗ് സെന്റർ | കായികയിനം |
|---|---|
| എൽ.എൻ.സി.പി. കാര്യവട്ടം, തിരുവനന്തപുരം | അത്‌ലറ്റിക്സ് , സൈക്ലിംഗ് |
| ഗ്രീൻ ഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം | സ്വിമ്മിംഗ്, ബോക്സിംഗ്,റസ്ലിംഗ് |
| അഷ്ടമുടി കായൽ/ഹോക്കി സ്റ്റേഡിയം, കൊല്ലം | കനോയിംഗ് & കയാക്കിംഗ് |
| ആലപ്പുഴ | റോവിംഗ് |
| റീജിയണൽ സ്പോർട്സ് സെന്റർ, എറണാകുളം | ബാഡ്മിന്റൺ |
| മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | ഫെൻസിംഗ് |

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

171 (542) ശ്രീ. എം. സ്വരാജ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സിൽ മെഡൽ നേടാൻ കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിനായി ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം കായിക താരങ്ങൾക്ക് നൽകി വരുന്നതെന്നും ഏതെല്ലാം കായിക ഇനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. 2020, 2024 - ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ." ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. ഷൂട്ടിംഗ്, ആർച്ചറി, അത്‌ലറ്റിക്സ് എന്നിവയുടെ പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള ഓരോ കായിക ഇനത്തിന്റെയും മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. അത്‌ലറ്റിക്സ് - സംസ്ഥാന, ദേശീയതല മത്സരങ്ങളിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ 12-16 വയസിലുള്ള കുട്ടികളിൽനിന്നും അടിസ്ഥാനപരമായി സെലക്ഷൻ ട്രയൽസായ Vertical Jump, flexibility test, Endurance Test, Standing long jump, Shot put Backward Throw എന്നീ ടെസ്റ്റുകളിലെ പ്രകടനമാണ് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിരിക്കുന്നത്.

2. സ്വിമ്മിംഗ് - സംസ്ഥാന, ദേശീയതല മത്സരങ്ങളിൽ ഉന്നതസ്ഥാനം കരസ്ഥമാക്കിയ 14-20 വയസിലുള്ള കുട്ടികളിൽനിന്നും ട്രയൽ നടത്തി ട്രെയിനിംഗ് ഏജൂകൂടി പരിഗണിച്ച് മികച്ച ഭാവി പ്രകടനം ഉറപ്പുള്ളവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

3. ബോക്സിംഗ് - 13-20 വയസ്സിലുള്ള കുട്ടികളിൽനിന്നും മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 30 മീറ്റർ റൺ, 6 X 10 ഷട്ടിൽ റൺ, 3kg ഒ.എച്ച്.ബി.റ്റി, വെർട്ടിക്കൽ ജംബ്, മിനി ബാസ്കറ്റ് ബോൾ ത്രോ, 800 മീറ്റർ റൺ, സ്പെസിഫിക് ബോക്സിംഗ് ടെസ്റ്റ്, സ്പാരിംഗ്, പഞ്ചിംഗ് ബാഗ്, ഷാഡോ ബോക്സിംഗ് എന്നീ ടെസ്റ്റുകളും ബോക്സിംഗിലെ നേട്ടങ്ങളും പരിഗണിച്ചാണ് തെരഞ്ഞെടുക്കുന്നത്.

4. റോവിംഗ് - മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 800 മീറ്റർ റണ്ണിംഗ്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, ഹൈറ്റ്, വെയിറ്റ്, ആം ലെംഗ്ത്, 30 മീറ്റർ ഷട്ടിൽ റൺ, പുഷ് അപ്പ് എന്നീ ടെസ്റ്റുകളിൽ മികവ് തെളിയിച്ച 14-18 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

5. സൈക്ലിംഗ് - വെർട്ടിക്കൽ ജംപ് സ്റ്റാന്റിംഗ് ബ്രോഡ് ജംപ് 600 മീറ്റർ, ഷട്ടിൽ ജംപ് എന്നീ ടെസ്റ്റുകളും ഉയരവും പരിഗണിച്ച് 13-16 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

6. റസ്ലിംഗ് - 50 മീറ്റർ ഷട്ടിൽ റൺ, 10 X 6 ഷട്ടിൽ റൺ, ബീപ്പ് ടെസ്റ്റ്, സിറ്റ് & ത്രോ മെഡിസിൻ ബാൾ, സ്റ്റാന്റിംഗ് ബ്രോഡ് ജംപ് എന്നീ ടെസ്റ്റുകളിൽനിന്നും മികവുതെളിയിച്ച 12-16 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

7. ബാഡ്മിന്റൺ ഷട്ടിൽ - സംസ്ഥാന, ദേശീയതല മത്സരങ്ങളിൽ ഉന്നത സ്ഥാനം കരസ്ഥമാക്കിയ 15-18 വയസ്സിലുള്ള കുട്ടികളിൽനിന്നും ട്രയൽ നടത്തി ട്രെയിനിംഗ് ഏജൂകൂടി പരിഗണിച്ച് ഭാവി പ്രകടനം ഉറപ്പുള്ളവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

8. കനോയിംഗ് & കയാക്കിംഗ് - മോട്ടോർ ക്വാളിറ്റി ടെസ്റ്റ്, 800 മീറ്റർ റണ്ണിംഗ്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, ഹൈറ്റ്, വെയിറ്റ്, ആം ലെംഗ്ത്, 30 മീറ്റർ ഷട്ടിൽ റൺ, പുഷ് അപ്പ് എന്നീ ടെസ്റ്റുകളിൽ മികവ് തെളിയിച്ച 14-17 വയസ്സിലുള്ള കുട്ടികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

9. ഫെൻസിംഗ് - 30 മീറ്റർ ഫ്ലെയിംഗ് സ്റ്റാർട്ട്, സ്റ്റാന്റിംഗ് ബ്രോഡ് ജംപ്, സ്കെയിൽ ടെസ്റ്റ്, മെഡിസിൻ ബാൾ ത്രോ, 2000 മീറ്റർ റണ്ണിംഗ് എന്നീ ടെസ്റ്റുകളിൽനിന്നും മികവ് തെളിയിച്ച 17-25 വയസ്സിലുള്ള കുട്ടികളെ യാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

ആർച്ചറി, ഷൂട്ടിംഗ് എന്നിവയുടെ മാനദണ്ഡങ്ങൾ നിലവിൽ നിശ്ചയിച്ചിട്ടില്ല.

## യുവജനങ്ങളുടെ കായിക പരിശീലനം

172 (543) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ കായിക പരിശീലനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വലുതും ചെറുതുമായ സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് യുവജനങ്ങളുടെ കായിക പരിശീലനത്തിനായി കായിക യുവജനകാര്യാലയം മുഖാന്തരം സ്വിമ്മിംഗ്, ആസ്ത്ര (ASTRA), ജിം എന്നീ കായിക വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ എന്നിവിടങ്ങളിൽ വിവിധ കായികയിനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

കൂടാതെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

(1) <u>ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽതന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്.

(2) <u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 30 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലും ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. ഈ സെന്ററുകളിലെ കായികതാരങ്ങൾക്ക് പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(3) <u>ഓപ്പറേഷൻ ഒളിമ്പ്യ</u>

2020, 2024 - ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ് ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടിയ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ" . ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതികൂടിയാണിത്.

പദ്ധതിയുടെ പ്രാരംഭ ഘട്ടമായി റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നുവരുന്നു. കൂടാതെ ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ അന്തർദേശീയ പരിശീലനം നൽകുന്ന ഒരു പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

കൂടാതെ സംസ്ഥാനത്തുടനീളം മികച്ച പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും പുതിയതായി കായിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ചും പദ്ധതികൾ പൂർത്തിയാക്കിവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) <u>നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ</u>

1. കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം
2. കോഴിക്കോട് വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം
3. തൃശ്ശൂർ ജവഹർ സ്ക്വയർ ഇൻഡോർ സ്റ്റേഡിയം
4. വോളീബോൾ അക്കാഡമി, ഇടുക്കി
5. കക്കാട് സ്വിമ്മിംഗ് പൂൾ, കണ്ണൂർ
6. പൂഞ്ഞാർ ജി.വി. രാജ സ്പോർട്സ് കോംപ്ലക്സ്
7. കോട്ടയം ഇൻഡോർ സ്റ്റേഡിയം
8. ആലപ്പുഴ രാജ കേശവദാസ് സ്വിമ്മിംഗ് പൂൾ
9. ആലപ്പുഴ റോവിംഗ് ബോട്ട് ഹൗസ്
10. ഹോക്കി സ്റ്റേഡിയം, കൊല്ലം
11. കൊല്ലം, പത്തനാപുരം വോളീബോൾ കോർട്ട്
12. തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം
13. തിരുവനന്തപുരം കുമാരപുരം ടെന്നീസ് കോംപ്ലക്സ്
14. തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂൾ
15. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
16. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്

17. പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ

18. ശംഖുമുഖം ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം

19. തിരുവനന്തപുരം നന്ദിയോട് സ്വിമ്മിംഗ് പൂൾ

20. തിരുവനന്തപുരം പി.ടി. ഉഷ ട്രെയിനിംഗ് സെന്റർ ഹോസ്റ്റൽ

21. കാസർഗോഡ് സ്പോർട്സ് ഹോസ്റ്റൽ

22. കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ

23. കണ്ണൂർ ജി.വി.എച്ച്.എസ്.എസ്. കായികാടിസ്ഥാന സൗകര്യവികസനം

24. വയനാട് ആർച്ചറി അക്കാഡമി

25. കോഴിക്കോട് നടക്കാവ് നീന്തൽ കുളം

26. മഞ്ചേരി ജില്ലാ സ്പോർട്സ് കോംപ്ലക്സ്

27. തൃശ്ശൂർ അക്വാറ്റിക്സ് കോംപ്ലക്സ്

28. കുന്നംകുളം ജി.എച്ച്.എസ്.എസ്. സ്റ്റേഡിയം

29. വേലൂർ ആർ.എസ്.ആർ.വി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, കുന്നംകുളം

30. തൃശ്ശൂർ കൈപ്പറമ്പ് മൾട്ടിപർപ്പസ് സ്റ്റേഡിയം

31. വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം

32. ചെങ്ങന്നൂർ പുലിയൂർ പഞ്ചായത്ത് ഗ്രൗണ്ട്

33. ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, തിരുവണ്ടൂർ, ചെങ്ങന്നൂർ

34. ആലപ്പുഴ സെന്റ് ജോസഫ് എച്ച്.എസ്.എസ്. ബാസ്കറ്റ്ബോൾ കോർട്ട്

35. കൊല്ലം എൽ.ബി.എസ്. സ്റ്റേഡിയം ഹോസ്റ്റൽ

36. കൊട്ടാരക്കര ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്.

37. തിരുവനന്തപുരം വെള്ളയമ്പലം നീന്തൽകുളം.

(II) <u>പുതുയതായി നിർമ്മിച്ച അടിസ്ഥാന സൗകര്യങ്ങൾ</u>

1. കണ്ണൂർ പിണറായി ഗ്രാമപഞ്ചായത്ത് നീന്തൽ കുളം
2. കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നിന്തൽ കുളം
3. കണ്ണൂർ പിലാത്തറ ഇൻഡോർ സ്റ്റേഡിയം
4. കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ഡി.ജി. സെറ്റ് സ്ഥാപിക്കൽ
5. പാലക്കാട് കണ്ണമ്പ്ര പഞ്ചായത്ത് സ്റ്റേഡിയം
6. പാലക്കാട് കോട്ടായി എച്ച്.എസ്.എസ്. സ്റ്റേഡിയം.

(ബി) കായിക മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 57 സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിലെ കായിക മേഖലയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതാണ്. എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക് യാഥാർത്ഥ്യമാവുകയും കൂടുതൽ ദേശീയ അന്തർദേശീയ മത്സരങ്ങൾക്ക് കേരള വേദിയാവുകയും ചെയ്യുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തികൾ നടന്നുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും**

173 (544) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും നൽകണമെന്ന് ആവശ്യപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) വയനാട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;ലഭിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള കായികതാരങ്ങൾക്ക് വയനാട് ജില്ലയിൽ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള അപേക്ഷയിന്മേൽ അഭിപ്രായം നൽകുന്നതിൽ കാലതാമസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയതിന് ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒളിമ്പിക്സിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് വീടും സ്ഥലവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനുവൽ ഫെഡറിക്, ഒളിമ്പ്യൻ ഗോപി എന്നീ രണ്ടുപേരുടെ അപേക്ഷകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. മാനുവൽ ഫെഡറികിന് 20,00,000 രൂപ 2015-16 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി&സി) 2016-ൽ നടന്ന റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത ശ്രീ. ഒളിമ്പ്യൻ ഗോപിക്ക് വീടും സ്ഥലവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള അസോസിയേഷനുകൾ**

174 (545) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഇപ്പോൾ എത്ര കായിക അസോസിയേഷനുകൾക്ക് അംഗീകാരമുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കായിക അസോസിയേഷനുകൾ രൂപീകരിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 43 കായിക അസോസിയേഷനുകളെ അംഗീകരിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി *ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) അതാത് കായികയിനങ്ങളിലെ ദേശീയ ഫെഡറേഷനുകൾക്ക് ബാധകമായിട്ടുള്ള നിയമാവലി പ്രകാരം സംസ്ഥാനത്ത് കായിക അസോസിയേഷനുകൾ രൂപീകരിക്കാവുന്നതാണ്.

2000-ലെ സ്പോർട്സ് ആക്ടിലും അതിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലും കായിക അസോസിയേഷനുകൾക്ക് അംഗീകാരം നൽകാനുള്ള മാനദണ്ഡങ്ങൾ മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളൂ.

**സ്പോർട്സ് കൗൺസിൽ അംഗങ്ങൾ**

175 (546) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങൾ എന്നിവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം കായിക ഇനങ്ങളിൽ മികവ് തെളിയിച്ചവരാണ് സ്പോർട്സ് കൗൺസിൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതെന്നുള്ള വിവരം കൂടി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങൾ എന്നിവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) സ്പോർട്സ് കൗൺസിൽ അംഗങ്ങളുടെ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലത്തെ സ്കൂളുകളിലെ കായിക വികസനം

176 (547) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക കേരളത്തിന്റെ തലസ്ഥാനം എന്നറിയപ്പെടുന്ന കോതമംഗലത്തെ സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ, മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂൾ, മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവ സംസ്ഥാന സ്കൂൾ കായിക മേളകളിൽ തുടർച്ചയായി മികവ് തെളിയിക്കുകയും ദേശീയ-അന്തർ ദേശീയ ഒളിമ്പ്യൻ താരങ്ങളെ സൃഷ്ടിക്കുകയും ചെയ്തിട്ടുള്ള സ്കൂളുകളാണ് എന്നത് കണക്കിലെടുത്ത് പ്രസ്തുത സ്കൂളുകളിൽ കായിക വികസനത്തിനുവേണ്ടി സാമ്പത്തിക സഹായം അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) കായിക വികസനത്തിന്റെ ഭാഗമായി വലിയ തുക ഈ സ്കൂളുകൾ ചെലവഴിക്കേണ്ടി വരുന്നതിനാൽ ഈ സ്കൂളുകളിലേക്ക് കായിക വികസനത്തിനായി സാമ്പത്തിക സഹായമടക്കമുള്ള കായിക വികസന പദ്ധതികൾ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളെ കായിക മേഖലയുടെ ഉന്നതിയിലെത്തിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

## തെങ്ങിലക്കടവിൽ സ്പോർട്സ് കോംപ്ലക്സ്

177 (548) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ വില്ലേജിലെ തെങ്ങിലക്കടവിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 7.8 ഏക്കർ ഭൂമി അന്യാധീനപ്പെട്ടു പോകുന്നതായ വിവരം കായിക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത ഭൂമി ഒരു ഫുട്ബോൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഭാവിയിൽ പൊതുമരാമത്ത് വകുപ്പിൽ നടക്കാനിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി സംരക്ഷിക്കേണ്ടതിനാൽ മറ്റു വകുപ്പുകൾക്ക് പൊതുമരാമത്ത് വകുപ്പ് വക സ്ഥലങ്ങൾ വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതി**

178 (549) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതെങ്കിലും സ്റ്റേഡിയം തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം എന്ന പദ്ധതി പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം പദ്ധതി രേഖയിലോ ബഡ്ജറ്റ് പ്രസംഗത്തിലോ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കിവരുന്നത്. ഇതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) നിലവിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ സ്റ്റേഡിയങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

**എല്ലാ പഞ്ചായത്തുകളിലും കളിക്കളം**

179 (550) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കളിക്കളം നിർമ്മിക്കുന്നതിനായി 2016-17, 2018-19 വർഷങ്ങളിൽ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് കളിസ്ഥലം നിർമ്മിച്ചതെന്ന് വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ച എല്ലാ പഞ്ചായത്തുകളിലും കളിക്കളം പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കളിക്കളം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുടെ പേരുവിവരം, തുകയുടെ വിശദാംശം, നിർമ്മാണ പുരോഗതി എന്നിവ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ശ്രീപാദം സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിനുള്ള സജ്ജീകരണങ്ങൾ**

180 (551) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് ശ്രീപാദം സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായോ; കായിക വകുപ്പിന് കീഴിലുള്ള എത്രാമത്തെ ജിംനേഷ്യമാണ് ആറ്റിങ്ങലിലേത് എന്ന് അറിയിക്കാമോ;

(ബി) ജിംനേഷ്യം സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവ് വന്നിട്ടുള്ളത്; പരിശീലകർ ശാസ്ത്രീയ പരിശീലനം ലഭ്യമായവരാണോ; എത്ര പേർക്കാണ് പ്രതിദിനം ഇതിന്റെ ഗുണഫലം ലഭ്യമാകുക; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നെസ്സ് സെന്ററുമായി ബന്ധപ്പെട്ട് ഫിറ്റ്നെസ്സ് സെന്ററിൽ ഇന്റീരിയർ വർക്കുകളുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ജിം എക്യുപ്മെന്റ്സുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്.

കേരളത്തിലുടനീളം 9 സ്ഥലങ്ങളിൽ ജിമ്മുകളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

(1) മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം കണ്ണൂർ

(2) വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം കോഴിക്കോട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(3) വി.കെ.എൻ. സ്റ്റേഡിയം തൃശ്ശൂർ

(4) ഹോക്കി സ്റ്റേഡിയം കൊല്ലം

(5) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

(6) പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ

(7) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്

(8) ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം വെള്ളയമ്പലം

(9) ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം എന്നിവ.

(ബി) ആറ്റിങ്ങൽ വലിയകുന്ന് ശ്രീപാദം സ്റ്റേഡിയത്തിലെ ജിമ്മിന്റെ ഇന്റീരിയർ വർക്കുകൾക്കായി 29,42,073 രൂപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 22,71,360 രൂപയുടെ എക്യുപ്മെന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. ജിമ്മിന്റെ പണി പൂർത്തീകരിച്ചശേഷം പരിചയസമ്പന്നരായ പരിശീലകരെ തെരഞ്ഞെടുക്കുന്നതാണ്. പ്രതിദിനം 400- 500 ആളുകൾക്ക് ഈ പരിശീലന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും

**ആലത്തൂർ മണ്ഡലത്തിലെ കളിസ്ഥലം**

181 (552) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും കളിസ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ മണ്ഡലത്തിലെ കളിസ്ഥലം കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഒരുപഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിലെ കളിസ്ഥലം ഉൾപ്പെടുന്നില്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## കാര്യവട്ടം സ്പോർട്സ് ഹബ്ബ്

182 (553) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാര്യവട്ടം സ്പോർട്സ് ഹബ്ബ് സ്റ്റേഡിയത്തിന്റെ നടത്തിപ്പ് നിലവിൽ ആർക്കാണ് നൽകിയിട്ടുള്ളത്; എത്ര വർഷത്തേയ്ക്കാണ് പ്രസ്തുത കമ്പനിക്ക് ഇതിന്റെ നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്;

(ബി) നിലവിലെ കമ്പനി ഇതിന്റെ നടത്തിപ്പ് അവകാശം കൈമാറുന്നതിന് തീരുമാനം എടുത്തുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നടത്തിപ്പ് അവകാശം കൈമാറുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാര്യവട്ടം സ്പോർട്സ് ഹബ്ബ് സ്റ്റേഡിയത്തിന്റെ നടത്തിപ്പ് നിലവിൽ കെ.എസ്.എഫ്.എൽ. എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്. 2012 മുതൽ 15 വർഷത്തേയ്ക്കാണ് പ്രസ്തുത കമ്പനിക്ക് നടത്തിപ്പ് ചുമതല നൽകിയിട്ടുള്ളത്.

(ബി) നിബന്ധനകൾക്ക് വിധേയമായി നടത്തിപ്പ് അവകാശം കൈമാറുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച അറിയിപ്പുകളൊന്നും കമ്പനിയിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) നോട്ടീസ് ലഭിക്കുന്ന പക്ഷം പരിശോധിക്കുന്നതാണ്.

## കായിക രംഗത്തെ പ്രതിഭകൾക്ക് സർക്കാർ ജോലി

183 (554) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തുള്ള എത്ര പേർക്ക് മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കായിക രംഗത്തെ പ്രതിഭകൾക്ക് സർക്കാർ ജോലി നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കായിക താരം സർക്കാർ ജോലിയിൽ പ്രവേശിച്ചതിനുശേഷം തുടർന്നും അവർക്ക് പരിശീലനത്തിനുള്ള അവധിയടക്കമുള്ള സൗകര്യം സർക്കാർ നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതുകൂടാതെ ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് പരിഗണിക്കുന്ന നേട്ടങ്ങളുടെ മുൻഗണനാക്രമം ചുവടെ ചേർക്കുന്നു:

(1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും

വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ

(3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

(4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽനിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ സഹിതം പരാമർശിക്കുന്ന വിജ്ഞാപനം വഴിയാണ് സ്പോർട്സ് ക്വാട്ട നിയമന അപേക്ഷ ക്ഷണിക്കുന്നത്. ഇത് കൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായിക താരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകിവരുന്നു.

(സി) നിലവിൽ സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമിക്കപ്പെടുന്ന കായികതാരങ്ങൾക്ക് നിയമാനുസൃതം കോച്ചിംഗ് ക്യാമ്പിൽ പങ്കെടുക്കുന്നതിനും സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സ്പെഷ്യൽ ക്യാഷ്വൽ ലീവ് അനുവദിച്ച് വരുന്നുണ്ട്. ഇതിന് പുറമെ സൂപ്പർ ന്യൂമറി തസ്തികയിൽ നിയമിതരാകുന്ന കായിക താരങ്ങൾക്ക് നിത്യേനയുള്ള പരിശീലനത്തിനും ജോലി സമയത്തിൽ ഇളവ് അനുവദിച്ച് അവസരം നൽകി വരുന്നുണ്ട്.

**താമരക്കുളം സ്റ്റേഡിയത്തിന്റെ നിർമ്മാണം**

184 (555) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ താമരക്കുളം ഗ്രൗണ്ട് നിരവധി ഫുട്ബോൾ അക്കാദമികൾ പരിശീലനത്തിനായി ഉപയോഗിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗ്രൗണ്ടിനെ ഒരു സ്റ്റേഡിയമാക്കി മാറ്റുന്നതിന് അനുമതി ലഭ്യമാക്കുമോ; താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിച്ച് അനന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**വയനാട് ജില്ലയിൽ കായിക വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ**

185 (556) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ കായിക വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ

(ബി) വയനാട് ജില്ലയിൽ പനമരത്ത് ആരംഭിച്ച കിക്കോഫ് എന്ന ഫുട്ബോൾ പരിശീലന പരിപാടിയിൽ എത്ര കുട്ടികൾക്കാണ് പരിശീലനം നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ ആർച്ചറി അക്കാദമിയിൽ കോമ്പൗണ്ട് വാൾ നിർമ്മാണം, ഹോസ്റ്റലിലുള്ള പ്രീ ഫാബ് കെട്ടിടത്തിന്റെ നിർമ്മാണം എന്നിവയും കുഴൽക്കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം

നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി വയനാട്ടിൽ ഒരു ജില്ലാ സ്റ്റേഡിയവും ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള ഒരു സ്റ്റേഡിയവും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് സ്റ്റേഡിയമായ ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ജില്ലാ സ്റ്റേഡിയത്തിന്റെ ടെണ്ടറിംഗ് നടപടികൾ പൂർത്തിയായിവരുന്നു.

(ബി) 25 കുട്ടികൾക്കാണ് പരിശീലനം നൽകിവരുന്നത്.

**വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും**

186 (557) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും കായിക വകുപ്പ് മുഖാന്തരം നടപ്പിലാക്കേണ്ടതുമായ വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും എന്ന പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക വകുപ്പിന്റെ എൻജിനിയറിംഗ് വിഭാഗത്തെ ഉപയോഗപ്പെടുത്തി അടിയന്തരമായി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധനയിലാണ്.

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

187 (558) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വോളിബോൾ അക്കാദമിയുടെ പ്രവർത്തനം ഉടനടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2007 ജൂൺ മുതൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ നടുവണ്ണൂർ വോളിബോൾ സ്പോർട്സ് അക്കാദമി പ്രവർത്തിച്ചുവരികയും ടി സെന്ററിന് മാസംതോറുമുള്ള ബോർഡിംഗ്/ ലോഡ്ജിംഗ് അലവൻസ് അനുവദിച്ചുവരികയും ചെയ്യുന്നു. വോളിബോൾ അക്കാദമിയുടെ നവീകരണത്തിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതിക സമിതി യോഗം ചേർന്ന് പ്രസ്തുത പദ്ധതി പരിശോധിക്കുകയും സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സിവിൽ പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരു ടെണ്ടർ മാത്രമാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്**

188 (559) <u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിൽ എത്രപേർ പ്രസ്തുത ആക്ഷൻ ഫോഴ്സിൽ അംഗങ്ങളാണെന്നും അംഗങ്ങളായവർക്ക് ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്ലുത ഫോഴ്സ് അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും പി.എസ്.സി. നിയമനങ്ങളിൽ ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ദുരന്ത നിവാരണം, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, പരിസ്ഥിതി/ജലസംരക്ഷണം തുടങ്ങിയ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(ബി) 1,15,640 പേരാണ് കേരള യൂത്ത് വോളന്ററി ആക്ഷൻ ഫോഴ്സിൽ നിലവിൽ അംഗങ്ങളായിട്ടുള്ളത്. ഇവരിൽനിന്നും ശാരീരിക ക്ഷമതയും സന്നദ്ധ സേവന തൽപരതയുമുള്ള 25 വയസ്സിൽ താഴെയുള്ള 100 യുവതീ യുവാക്കളെ വീതം ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത് (100 x14 = 1400) ഇവർക്ക് പ്രത്യേക പരിശീലനം നൽകി ദുരന്ത നിവാരണ സേന, മാലിന്യമുക്ത കേരളത്തിനായി യൂത്ത് വോളന്റിയർ ഗ്രൂപ്പ്, പരിസ്ഥിതി സംരക്ഷണ സേന, റോഡ് സുരക്ഷയ്ക്കുള്ള വോളന്റിയർ ഗ്രൂപ്പ്, ജലസംരക്ഷണ സേന എന്നിങ്ങനെ 5 മേഖലകളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഇവരിൽനിന്നും ശാരീരിക യോഗ്യതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 100 പേർക്ക് എയർഫോഴ്സ് വിഭാഗത്തിന്റെ സഹകരണത്തോടെ പ്രത്യേകം പരിശീലനം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. പരിശീലന പരിപാടികൾ 2019 ഫെബ്രുവരി മാസം മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത വിഷയം നിലവിൽ പരിഗണനയിലില്ല.

**യുവജനക്ഷേമ ബോർഡ് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ**

189 (560) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് യുവജനക്ഷേമ ബോർഡ് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-ൽ കേരളോത്സവം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പാലക്കാട് ജില്ലയിൽ സംഘടിപ്പിച്ചു. കൂടാതെ വനിതാ ശിൽപശാല, പി.എസ്.സി. പരിശീലന പദ്ധതി, യുവജന ദിനാഘോഷം, ജില്ലയിലെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങളിൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ യുവ ക്ലബ്ബുകളുടെ രൂപീകരണം, ത്രിദിന യോഗ ക്യാമ്പ്, യൂത്ത് ബ്രിഗേഡ്, (പ്രകൃതിസംരക്ഷണസേന രൂപീകരണം) ഫുട്ബോൾ വേൾഡ്കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം എന്നീ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള യൂത്ത് വോളന്ററി ആക്ഷൻ ഫോഴ്സ് എന്ന പദ്ധതിയിൽ ജില്ലയിൽനിന്നും 15- നും 30-നും ഇടയിൽ പ്രായമുള്ള 7904 യുവാക്കളെ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,50,14,862 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| 1. കേരളോത്സവം ജില്ലാതലം വരെ<br>സംസ്ഥാനതലം | 45,15,000<br>99,11,664 |
| 2. വനിതാ ശിൽപശാല | 50,000 |
| 3. പി.എസ്.സി പരിശീലന പരിപാടി | 1,10,000 |
| 4. യുവജനദിനാഘോഷം (2017,2018,2019) | 29,297 |
| 5. യുവ ക്ലബ്ബുകൾ | 35,000 |
| 6. ത്രിദിന യോഗ ക്യാമ്പ് | 1,00,000 |
| 7. യൂത്ത് ബ്രിഗേഡ് | 72,155 |
| 8. ഫിഫ വേൾഡ്കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം | 41,706 |
| 9. KVYAF രജിസ്ട്രേഷൻ & കലാജാഥ | 33,620 |
| 10. ആർട്ട് ഡി ടൂർ - കാസർഗോഡ് ജില്ലയിലെ സമാപന യോഗത്തിൽ ജില്ലയിൽനിന്നുള്ള യുവാക്കളെ പങ്കെടുപ്പിച്ചത് | 1,16,420 |
| ആകെ | 1,50,14,862 |

**സംസ്ഥാന വൈദ്യുതി നയം**

190 (561) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി നയം തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(സി) സംസ്ഥാനത്തെ വൈദ്യുതി ആവശ്യം തടസ്സമില്ലാതെ നിറവേറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ചെലവ് കുറഞ്ഞ വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് വൈദ്യുത നയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കരട് നയം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്.

(ബി) വയനാട്, ഇടുക്കി ജില്ലകളിലുള്ള കെ.എസ്.ഇ. ബി. ലിമിറ്റഡിന്റെ ജലസംഭരണികളിൽ ഫ്ലോട്ടിംഗ് സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കായംകുളത്ത് NTPC -യുടെ കൈവശമുള്ള കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ NHPC മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്തെ വൈദ്യുത ആവശ്യകതയുടെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉൽപ്പാദന നിലയങ്ങൾ വഴി നിറവേറ്റാൻ കഴിയുന്നുള്ളൂ. ബാക്കി വേണ്ടിവരുന്ന വൈദ്യുതി ദീർഘകാല-ഹ്രസ്വകാല കരാറുകൾ വഴിയും കേന്ദ്രവൈദ്യുത നിലയങ്ങളിൽനിന്നും ലഭ്യമാക്കുന്നു. ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗര വൈദ്യുതി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ വഴി ലക്ഷ്യമിടുന്നു. കൂടാതെ റിവേഴ്സ് ബിഡ് മുഖേന 200 മെഗാവാട്ട് സൗരവൈദ്യുതിയും കാറ്റിൽനിന്നുള്ള വൈദ്യുതിയും ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ദീർഘകാല കരാറുകൾ വഴി നിരക്ക് കുറഞ്ഞ വൈദ്യുതിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടുമ്പോഴും കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികളിൽ കുറഞ്ഞ നിരക്ക് ലഭിക്കുന്നത് ഉറപ്പ് വരുത്താൻ റിവേഴ്സ് ബിഡ്ഡിംഗ് രീതി അവലംബിച്ചുവരുന്നു. കേരളത്തിലെ വൈദ്യുതി മേഖലയിൽ വിവിധ തരത്തിലുള്ള സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവയിൽനിന്നുള്ള വൈദ്യുതി ഉല്പാദന രീതികൾ സമന്വയിപ്പിച്ച് ചെലവുകുറഞ്ഞ വൈദ്യുതി ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

## കാർഷിക മേഖലയിലെ വൈദ്യുതി നിരക്ക് വർദ്ധനവ്

191 (562) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി. അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കാർഷിക മേഖലയിലെ എൽ.റ്റി.5 എ, എൽ.റ്റി.5 ബി വിഭാഗങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കണമെന്നാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വിശദീകരിക്കുമോ;

(സി) പല ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും കാർഷിക മേഖലയ്ക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുമ്പോൾ സംസ്ഥാനത്തെ നിരക്ക് വർദ്ധനവ് പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കുമോ;

(ഡി) കഴിഞ്ഞ വർഷത്തെ കനത്ത മഴയിൽ ഡാമുകൾ നിറഞ്ഞത് മൂലം എത്ര കോടി രൂപയുടെ അധിക വൈദ്യുതി ഉല്പാദനം നടത്തുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് റഗുലേഷൻ - 2018 പ്രകാരം, 2018-19 മുതൽ 4 (നാല്) സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള മതിപ്പ് വരവുചെലവ് കണക്കുകൾ അനുവദിക്കുന്നതിനും

താരിഫ് പരിഷ്കരിക്കുന്നതിനും (2018-19-ലും 2020-21-ലും) ഉള്ള അപേക്ഷ, വൈദ്യുതി ബോർഡ്, 31.10.2018 - ൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) റഗുലേറ്ററി കമ്മീഷന് മുമ്പാകെ എൽ.റ്റി.5 എ, എൽ.റ്റി.5 ബി വിഭാഗം ഉപഭോക്താക്കൾക്ക് ശിപാർശ ചെയ്തിട്ടുള്ള നിരക്ക് പരിഷ്കരണം (ശതമാനത്തിൽ) താഴെ കൊടുത്തിരിക്കുന്നു:

| വിഭാഗം | വർദ്ധനവ് (ശതമാനത്തിൽ) | |
|---|---|---|
| | ഫിക്സഡ് ചാർജ് | എനർജി ചാർജ് |
| എൽ.റ്റി.5(എ) | 25 | 20% |
| എൽ.റ്റി.5(ബി) | 25 | 8% |

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം ആവശ്യകതയുടെ 25% മുതൽ 35% വരെ മാത്രമാണ്. ബാക്കി വൈദ്യുതി ആവശ്യകത നിറവേറ്റുന്നത് പുറമേനിന്നുള്ള വില കൂടിയ താപ വൈദ്യുതി വാങ്ങിയാണ്. ആകെ ചെലവിന്റെ 55% മുതൽ 60% വരെ വാങ്ങൽ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ മറ്റ് ചെലവുകളിലും വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിനുള്ള ഏക വരുമാനം വൈദ്യുതി വില്പനയിൽനിന്നുമാണ്. ആകയാൽ നിരക്ക് വർദ്ധനവ് അനിവാര്യമായി തീരുന്നു. കൂടാതെ, നിലവിലുള്ള വൈദ്യുതി നിയമവും താരിഫ് നയവും ക്രോസ് സബ്സിഡി നിരക്കുകൾ ക്രമമായി കുറയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. സംസ്ഥാനത്ത് എൽ.റ്റി.5(ബി), കാർഷിക വിഭാഗങ്ങളുടെ നിരക്കുകൾ വളരെ കുറവാണ്. മേൽ പരാമർശിച്ച പ്രകാരം ക്രോസ് സബ്സിഡി കുറയ്ക്കണമെന്ന നിർദ്ദേശം അനുസരിച്ചാണ് ഈ വിഭാഗങ്ങളുടെ നിരക്കുകൾ പുതുക്കാൻ ശിപാർശ ചെയ്തത്.

(സി) ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മിക്കതിലും അതത് റഗുലേറ്ററി കമ്മീഷനുകൾ നിശ്ചയിച്ചിരിക്കുന്ന താരിഫ്, (തെലുങ്കാനയിലെ ഒരു വിഭാഗത്തിനൊഴിച്ച്) കേരളത്തിലേതിനേക്കാൾ ഉയർന്നതാണ്. അതത് സംസ്ഥാനങ്ങൾ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് വിവിധ നിരക്കിൽ കമ്മീഷൻ നിശ്ചയിച്ച സബ്സിഡി നൽകി വരുന്നുണ്ട്.

കേരളത്തിൽ എൽ.റ്റി. 5(എ) വിഭാഗത്തിൽപ്പെടുന്ന എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 85 പൈസ സബ്സിഡി നൽകുന്നുണ്ട്.

കൂടാതെ എൽ.റ്റി. 5(എ) വിഭാഗത്തിൽ താഴെ പറയുന്ന ഭൂപരിധി ഉള്ളവരുടെ വൈദ്യുതി ചാർജ് പൂർണ്ണമായും കൃഷിഭവൻ മുഖേന സർക്കാർ ഫണ്ടിൽനിന്ന് നല്കി വരുന്നു.

സർക്കാർ നിശ്ചയിച്ച ഭൂപരിധി

നെൽ കൃഷി - പരിധിയില്ലാതെ

മറ്റു വിളകൾ - കുറഞ്ഞത് 30 സെന്റ്

പച്ചക്കറി - കുറഞ്ഞത് 15 സെന്റ്

വെറ്റില - കുറഞ്ഞത് 5 സെന്റ്

(ഡി) കഴിഞ്ഞ വർഷത്തെ കനത്ത മഴയിൽ ഡാമുകൾ നിറഞ്ഞതുമൂലം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ 849.10 Mu-ന്റെ അധിക വൈദ്യുതി ഉത്പാദനം നടത്താൻ കഴിഞ്ഞു.

**വൈദ്യുതി ബോർഡിലെ തസ്തികകൾ വെട്ടിക്കുറയ്ക്കൽ**

192 (563) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ജീവനക്കാരെ പിരിച്ചുവിടാതെ തസ്തിക കുറയ്ക്കുന്നതു പഠിക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നോ; ആയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ;

(സി) വൈദ്യുതി ബോർഡിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ തസ്തികകൾ അതുപോലെ നിലനിർത്തി എഞ്ചിനീയർമാരുടെ തസ്തികകൾ മാത്രം വെട്ടിക്കുറയ്ക്കുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ടോ; ഇപ്രകാരമുള്ള ആക്ഷേപങ്ങൾ വല്ലതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും

പുന:ക്രമീകരണവും സംബന്ധിച്ച് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠനം നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കൊണ്ടുവരേണ്ട സാങ്കേതികവും ഘടനാപരവുമായ മാറ്റങ്ങളാണ് ആദ്യ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. രണ്ടാമത്തെ റിപ്പോർട്ടിൽ മുഖ്യമായും കോർപ്പറേറ്റ് ഓഫീസിൽ വരുത്തേണ്ട ഘടനാപരമായ മാറ്റങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ് കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

## വൈദ്യുതി ബോർഡിന് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക

193 (564) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് നിലവിൽ കുടിശ്ശികയിനത്തിൽ ഭീമമായ തുക സ്വകാര്യ കമ്പനികളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പിരിഞ്ഞ് കിട്ടുവാനുണ്ടോയെന്ന് അറിയിക്കുമോ;

(ബി) വൻകിട സ്വകാര്യ കമ്പനികളിൽനിന്നും ബോർഡിന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ്; പ്രസ്തുത കുടിശ്ശിക പിരിക്കുന്നതിന് ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ബോർഡ് വൈദ്യുതി നൽകിയ വകയിൽ ഉള്ള കുടിശ്ശിക പൂർണ്ണമായി പിരിക്കുന്നത് സംബന്ധിച്ച് 2008-ൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് നൽകിയിരുന്നോയെന്ന് പറയാമോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 30-9-2018 വരെയുള്ള കണക്ക് അനുസരിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) പൊതുമേഖലാ സ്ഥാപനങ്ങൾ - 104.47 -കോടി രൂപ.

(2) സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ - 450.72 കോടി രൂപ.

(ബി) വൻകിട സ്വകാര്യ കമ്പനികളിൽനിന്നും ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക തുക 450.72 കോടിരൂപയാണ്. കുടിശ്ശിക പിരിക്കുന്നതിന് ഡിസ്കണക്ഷൻ, ഡിസ്മാന്റിൽഡ്, റവന്യൂ റിക്കവറി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെയുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

(സി) 2008-9 -ലെ ARR&ERC ഉത്തരവിലെ കമ്മീഷൻ നിർദ്ദേശങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ്, അതിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിശദമായ ഒരു പദ്ധതി തയ്യാറാക്കണമെന്നും അത് കമ്മീഷൻ മുമ്പാകെ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(ഡി) കെ.എസ്.ഇ.ബി.ലിമിറ്റഡ് വ്യക്തമായ ആസൂത്രണത്തോടെ കുടിശ്ശിക പിരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. കുടിശ്ശിക നിവാരണത്തിനായി, ഒരു അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക കർമ്മ സമിതി രൂപീകരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ദീർഘകാലമായി വ്യവഹാരത്തിലേർപ്പെട്ടിരുന്ന ഉപഭോക്താക്കളുടെ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
2. കുടിശ്ശിക പിരിച്ചെടുക്കുന്നതിന്, പലിശ നിരക്കിൽ ഇളവുകൾ അനുവദിച്ച് വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു.
3. റവന്യൂ സംബന്ധമായി നടപടികൾ സ്വീകരിക്കുന്നതിന്, സെക്ഷൻ ഓഫീസ് തലത്തിൽ അധിക തസ്തികകൾ ഒന്നുംതന്നെ സൃഷ്ടിക്കാതെ, 'റവന്യൂ വിഭാഗം' രൂപീകരിച്ചിട്ടുണ്ട്.
4. റവന്യൂ സംബന്ധമായി എല്ലാവിധ പ്രവർത്തനങ്ങളും പരിശോധന നടത്തുന്നതിനും ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ഇലക്ട്രിക്കൽ സർക്കിൾ തലത്തിൽ, അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ Regional Audit Wing - കൾ രൂപീകരിച്ചിട്ടുണ്ട്.

## ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തി

194 (565) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി മേഖലയിലെ 11 കെ.വി. ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തികൾക്ക് എവിടെയെല്ലാമാണ് അനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും, ഇനി ഏതെല്ലാം പ്രദേശത്തെ പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്നും, ഇത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ ഇടക്കൊച്ചി മേഖലയിലെ താഴെ പറയുന്ന 11 കെ.വി. ഓവർഹെഡ് ലൈനുകൾ ഭൂഗർഭ കേബിളുകൾ ആക്കുന്ന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്:

1. വില്ലിംഗ്ടൺ ഐലന്റ് സബ്സ്റ്റേഷൻ മുതൽ പാമ്പായിമൂല വരെ (പുതിയകണ്ണങ്ങാട്ട് പാലം വഴി) -6 km.
2. അരൂർ സബ്സ്റ്റേഷൻ മുതൽ ഇടക്കൊച്ചി വരെ - 5 km.
3. കൃഷ്ണ ടെംബിൾ മുതൽ പാമ്പായിമൂലവരെ - 3 km.
4. എൻ.എച്ച്. 111 മുതൽ ജ്ഞാനോദയം ട്രാൻസ്ഫോർമർ വരെ - 2 km.

(ബി) ഇവയിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

വില്ലിംഗ്ടൺ ഐലന്റ് സബ്സ്റ്റേഷൻ മുതൽ പാമ്പായിമൂല വരെയുള്ള പ്രവൃത്തികൾ 2019 ഡിസംബർ മാസം പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അരൂർ സബ്സ്റ്റേഷൻ മുതൽ ഇടക്കൊച്ചി വരെയുള്ള പ്രവൃത്തികൾ 2021 മാർച്ചിലും കൃഷ്ണ ടെംബിൾ മുതൽ പാമ്പായിമൂല വരെയുള്ള പ്രവൃത്തികൾ 2021 ഫെബ്രുവരിയിലും എൻ.എച്ച്.111 മുതൽ ജ്ഞാനോദയം ട്രാൻസ്ഫോർമർ വരെയുള്ള പ്രവൃത്തികൾ 2021 ഡിസംബറിലും തീർക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെ എൽ.ഇ.ഡി. ബൾബുകൾ

195 (566) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു വരുന്ന കെ.എസ്.ഇ.ബി.യുടെ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ഉപഭോക്താക്കളിൽ എത്ര ശതമാനം പേരാണ് എൽ.ഇ.ഡി. ലൈറ്റുകൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) Domestic Efficient Lighting Programme (DELP) പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നരക്കോടി (1.5 കോടി) എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 2018 ഡിസംബർ വരെ 13433438 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു.

(ബി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

## കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെ സാമ്പത്തിക ബാദ്ധ്യത

196 (567) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നുമുതലാണ് ലിമിറ്റഡ് കമ്പനിയായി മാറ്റിയത്; കമ്പനിയാക്കിയപ്പോൾ വൈദ്യുതി ബോർഡിന് ഉണ്ടായിരുന്ന ബാദ്ധ്യത എത്രയെന്ന് വ്യക്തമാക്കാമോ; ഈ ബാദ്ധ്യതയുടെ ചുമതല സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) പുതുതായി രൂപീകരിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തുടക്കത്തിൽ കമ്പനിക്ക് എന്തെങ്കിലും ബാദ്ധ്യത ഉണ്ടായിരുന്നോ എന്ന് വിശദമാക്കാമോ;

(സി) ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് എത്രകോടി രൂപയുടെ ബാദ്ധ്യത ഉണ്ടെന്നും ഇങ്ങനെ ബാദ്ധ്യത ഉണ്ടാകാനുള്ള കാരണം, ഈ ബാദ്ധ്യത കുറയ്ക്കാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്നിവയും വിശദമാക്കാമോ;

(ഡി) ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് ശമ്പള ചെലവിൽ കമ്പനി എത്ര പൈസ ചെലവഴിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് 1-11-2013 മുതലാണ് കമ്പനിയായത്. കമ്പനിയാകുന്ന സമയത്ത് ദീർഘകാലവായ്പയും ഹ്രസ്വകാല വായ്പയും ചേർത്ത് 5,471.07 കോടി രൂപയായിരുന്നു ബാധ്യത. ഈ ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടില്ല.

(ബി) ഉണ്ടായിരുന്നു. 31-10-2013-ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഉണ്ടായിരുന്ന ബാധ്യത പുതിയ കമ്പനിയിലേയ്ക്ക് മാറ്റുകയായിരുന്നു.

(സി) 2017-18 സാമ്പത്തികവർഷത്തെ പൂർത്തിയായ ആഡിറ്റ് കണക്കുപ്രകാരം 31-3-2018 വരെ ദീർഘകാല-ഹ്രസ്വകാല വായ്പ ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 7,432.83 കോടി രൂപ ബാധ്യതയുണ്ട്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ബാധ്യത വർദ്ധിക്കാനുള്ള പ്രധാന കാരണം ചെലവിന് ആനുപാതികമായി വൈദ്യുതചാർജ്ജ് വർദ്ധന നടപ്പിലാകാത്തതും വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ളതുമാണ്. കൂടാതെ പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് ബോണ്ടുകൾ നൽകിയതുവഴി 12419 കോടി രൂപയുടെ അധിക ബാധ്യതയുണ്ട്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ ബാധ്യത കുറയ്ക്കുന്നതിനായി 30-9-2018 വരെയുള്ള വാട്ടർ അതോറിറ്റിയുടെ കുടിശ്ശികയായ 1,326.69 കോടി രൂപ 2019-20 മുതൽ നാല് ഗഡുക്കളായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഒരു യൂണിറ്റ് വൈദ്യുതി വാങ്ങിയും ഉൽപ്പാദിപ്പിച്ചും വിതരണം ചെയ്യുന്നതിന് ശമ്പള ചെലവിൽ കമ്പനിക്ക് 31-3-2018 -ലെ കണക്ക് പ്രകാരം 1.08 രൂപ ചെലവാകുന്നുണ്ട്.

## പ്രളയംമൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം

197 (568) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം മൂലം വൈദ്യുതി ബോർഡിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നഷ്ടം എങ്ങനെ പരിഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രളയവും കാലവർഷക്കെടുതിയുംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കുപ്രകാരം വൈദ്യുത ഉല്പാദനമേഖലയിൽ 80.85 കോടി രൂപയുടെയും പ്രസരണ മേഖലയിൽ 29.77 കോടി രൂപയുടെയും വിതരണമേഖലയിൽ 242.45 കോടി രൂപയുടെയും നഷ്ടവും ഇക്കാലയളവിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടതുകാരണം 472.10 കോടി രൂപയുടെ വരുമാനനഷ്ടവും കെ.എസ്.ഇ.ബി. ലിമിറ്റഡിന് വന്നിട്ടുണ്ട്.

ഇതിനുപുറമേ പ്രളയത്തെ തുടർന്ന് കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെ വിവിധ കെട്ടിടങ്ങൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പരിഹാര നിധിയിൽനിന്നും 85.03 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുവദിച്ചി ട്ടുണ്ട്. നഷ്ടപരിഹാര തുക നേടിയെടുത്തും പ്രവർത്തന ചെലവുകൾ കുറച്ചും നാശനഷ്ടങ്ങൾ പരിഹരിക്കാൻ അത്യാവശ്യമായ നിർമ്മാണ പരിപാലന ചെലവുകൾക്ക് റഗുലേറ്ററി കമ്മീഷനിൽനിന്നും അനുമതി നേടിയും മേൽ നഷ്ടം നികത്താൻ ലക്ഷ്യമിടുന്നു.

## വയറിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

198 (569) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് കണക്ഷനുവേണ്ടി കെ.എസ്.ഇ ബി യിൽ സ്വീകരിച്ചുവരുന്ന ഓൺലൈൻ സംവിധാനത്തിൽ വയർമാൻമാരുടെ ഡിജിറ്റൽ സിഗ്നേച്ചർ

പതിക്കുന്നതിനും ഓൺലൈൻ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) സർവ്വീസ് കണക്ഷന് അപേക്ഷ സമർപ്പിച്ച് ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിന് മുമ്പായി ലൈസൻസി സുരക്ഷാ പരിശോധന കാര്യക്ഷമമായി നടത്തണമെന്ന വ്യവസ്ഥ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; സപ്ലേകോഡിൽ ഉപഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ നടപടി പരിശോധിക്കുമോ ;

(സി) അനധികൃത വയറിംഗ് ക്രിമിനൽ കുറ്റങ്ങളുടെ ഗണത്തിൽപ്പെടുത്തുന്നതും, വയർമാൻമാർക്കും സൂപ്പർവൈസർമാർക്കും അർഹിക്കുന്ന തോതിൽ കെ.എസ്.ഇ.ബി.-യിൽ തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതും പരിഗണിക്കുമോ;

(ഡി) വയർമാൻമാർക്ക് സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ; അതിനുള്ള പ്രതിസന്ധി പരിഹരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ വൈദ്യുതി കണക്ഷനായി ഓൺലൈനിലൂടെ അപേക്ഷിക്കാൻ ഇപ്പോൾ ലഭ്യമായിട്ടുള്ള സംവിധാനം വഴി കോൺട്രാക്ടർ, സൂപ്പർവൈസർ, വയർമാൻ എന്നിവരുടെ ഒപ്പും സീലും ഉൾപ്പെടുത്തുന്നതിനായുള്ള സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. കൂടാതെ പ്രസ്തുത സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശംമാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ്, ഫീസിബിലിറ്റി അപേക്ഷ തുടങ്ങിയ ആവശ്യങ്ങൾക്ക് ഓൺലൈനിലൂടെ അപേക്ഷിക്കുവാനുള്ള സംവിധാനം ഉടൻതന്നെ ലഭ്യമാക്കുന്നതിനായി സോഫ്റ്റ്വെയറിൽ വേണ്ട മാറ്റങ്ങൾ കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് സെക്ഷൻ ഓഫീസുകളിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകളായാലും online വഴി ലഭിക്കുന്ന അപേക്ഷകളായാലും കണക്ഷൻ നൽകുന്നതിന് മുമ്പായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വൈദ്യുതി കണക്ഷൻ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലത്ത് പരിശോധന നടത്തി സുരക്ഷ ഉറപ്പുവരുത്തിയ ശേഷം മാത്രം കണക്ഷൻ നൽകണമെന്ന വ്യവസ്ഥ കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്.

കോടതിയിൽ കേസുകളോ മറ്റ് തർക്കങ്ങളോ ഒന്നുമില്ലാത്ത പക്ഷം സപ്ലൈകോഡിൽ ഉപഭോക്താക്കൾക്ക് അനുവദിച്ച ആനുകൂല്യങ്ങൾ നിഷേധിക്കാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

(സി) നിലവിൽ വൈദ്യുതി കണക്ഷൻ നൽകുന്നത് അംഗീകൃത വയർമാന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. വയർമാൻമാർക്കും സൂപ്പർവൈസർമാർക്കും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വയർമാൻമാർക്ക് സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ് അനുവദിക്കുന്നതിന് സാധാരണയായി എക്സംപ്ഷൻ കാറ്റഗറിയിൽപ്പെട്ടവർക്ക് (ITI/KGCC/Diploma പാസായവർക്ക്) വയർമാൻ പെർമിറ്റ് ലഭിച്ച് 3 വർഷത്തെയും വയർമാൻ പരീക്ഷ പാസായി പെർമിറ്റ് ലഭിക്കുന്നവർക്ക് 5 വർഷത്തേയും പ്രായോഗിക പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷിക്കാൻ അർഹതയുള്ളത്.

ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റുകളിൽ ലഭിക്കുന്ന അപേക്ഷയിൻമേൽ ഓഫീസ് മേലധികാരി അഭിമുഖം നടത്തി (ഇന്റർവ്യൂ) അപേക്ഷകന് വയറിംഗ് സംബന്ധമായ ആവശ്യം വേണ്ടുന്ന പരിജ്ഞാനങ്ങൾ തിട്ടപ്പെടുത്തി ശിപാർശ ചെയ്യുന്ന പ്രകാരം ലൈസൻസിംഗ് ബോർഡ് സെക്രട്ടറി സി ക്ലാസ്സ് ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസുകൾ അനുവദിച്ച് നൽകുകയുമാണ് പതിവ്. ഇക്കാര്യത്തിൽ നിലവിൽ പ്രതിസന്ധികളൊന്നുമില്ല.

ഇത്തരത്തിലുള്ള നടപടിക്രമങ്ങൾമൂലം ഉപഭോക്താവിന്റെ അവകാശങ്ങൾ ഒരു പരിധിവരെ സംരക്ഷിക്കപ്പെടാനും തദ്വാര വൈദ്യുത അപകടങ്ങൾ കുറയ്ക്കാനും സാധിക്കും.

**വൈദ്യുതി ബോർഡിലെ ഓൺലൈൻ ട്രാൻസ്ഫർ**

199 (570) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ബോർഡിലെ ഓഫീസർമാർ, മറ്റ് സ്റ്റാഫ് എന്നിവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്ഫർ വിജയകരമാണോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഓൺലൈൻ ട്രാൻസ്ഫർ ലഭ്യമായ ജീവനക്കാരിൽനിന്നും ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തിക വർഷം 784.09 കോടി രൂപയാണ് നഷ്ടം രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) വൈദ്യുതി ബോർഡിലെ നിലവിലുള്ള ഓഫീസർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും തസ്തിക തിരിച്ചുള്ള എണ്ണം പട്ടികയായി ഉള്ളടക്കം ചെയ്യുകൊള്ളുന്നു.

24-1-2019-ലെ വൈദ്യുതി ബോർഡിലെ ഓഫീസർ, തസ്തികകളിലുള്ള ജീവനക്കാരുടെ എണ്ണം

| | |
|---|---|
| അക്കൗണ്ട്സ് ഓഫീസർ | 38 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 79 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)<br>[അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രൊമോഷൻ നൽകിയ 142 എണ്ണം ഉൾപ്പെടെ] | 1986 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 214 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 622<br>(താത്കാലിക അപ്ഗ്രേഡ് സ്ഥാനങ്ങളുൾപ്പെടെ) |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 139 |

| | |
|---|---|
| അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| ഫിനാൻസ് ഓഫീസർ | 23 |
| ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 14 |
| ചീഫ് എഞ്ചിനീയർ (സിവിൽ) | 4 |
| ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 66 |
| ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ) | 12 |
| ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 216 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 51 |
| സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 52 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1128 |
| ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| ചീഫ് പേഴ്സണൽ ഓഫീസർ | 1 |
| ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| ഫെയർകോപ്പി സൂപ്രണ്ട് | 2 |
| ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് | 1 |
| റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| ഡയറക്ടർ (ഇലക്ട്രിക്കൽ) | 3 |
| ഡയറക്ടർ (സിവിൽ) | 1 |
| ആകെ | 4731 |

24-1-2019 - ലെ വൈദ്യുതി ബോർഡിലെ വർക്ക്മെൻ തസ്തികകളിലുള്ള ജീവനക്കാരുടെ എണ്ണം

| | |
|---|---|
| കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 828 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 19 |
| ഡ്രൈവർ | 207 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 106 |
| ലൈൻമാൻ | 9434 |
| മസ്ദൂർ | 5155 |
| മീറ്റർ റീഡർ | 410 |
| ഓഫീസ് അറ്റൻഡന്റ് | 506 |
| ഓവർസീയർ (ഇലക്ട്രിക്കൽ) | 5223 |
| ഓവർസീയർ (സിവിൽ) | 14 |
| സീനിയർ അസിസ്റ്റന്റ്/സൂപ്രണ്ട് | 2499 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 106 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) [സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രൊമോഷൻ നൽകിയ 141 എണ്ണം ഉൾപ്പെടെ] | 3336 |
| സബ് എഞ്ചിനീയർ (സിവിൽ) [സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേയ്ക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രൊമോഷൻ നൽകിയ 15 എണ്ണം ഉൾപ്പെടെ] | 455 |
| ക്ലറിക്കൽ അറ്റൻഡർ | 1 |
| ഡ്യൂപ്ലിക്കേറ്റ് ഓപ്പറേറ്റർ | 1 |

| | |
|---|---|
| ഫോർമാൻ ഗ്രേഡ് - II | 2 |
| ജൂനിയർ എഞ്ചിനീയർ | 5 |
| ഫാർമസിസ്റ്റന്റ് | 1 |
| സ്കാവഞ്ചർ | 2 |
| സീനിയർ ലൈൻ ഫിറ്റർ | 1 |
| സ്കിൽഡ് ടെക്നീഷ്യൻ ഗ്രേഡ് -I | 7 |
| സ്വീപ്പർ | 15 |
| ആകെ | 28333 |
| പി.റ്റി.സി. സ്വീപ്പർ | 293 |

(സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്ഫർ വിജയകരമാണ്.

2017 മുതലാണ് വൈദ്യുതി ബോർഡിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയത്. 2017 – ൽ ഭാഗികമായി നടപ്പിലാക്കിയ ഓൺലൈൻ ട്രാൻസ്ഫർ 2018 – ൽ പൂർണ്ണമായ രീതിയിൽ പ്രാവർത്തികമാക്കി. ട്രാൻസ്ഫർ പ്രക്രിയ സുതാര്യമായിട്ടും കഴിയുന്നത്ര പരാതിരഹിതമായിട്ടും യാതൊരു വിധത്തിലുള്ള ബാഹ്യഇടപെടലുകൾ ഇല്ലാതെയും നടത്താൻ ഓൺലൈൻ ട്രാൻസ്ഫർ മുഖേന സാധിച്ചു. വർക്ക്മെൻ വിഭാഗത്തിലുള്ള ജീവനക്കാർക്കും ഓഫീസർ വിഭാഗത്തിലുള്ള ജീവനക്കാർക്കും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡ ഉത്തരവുകളിലെ വ്യവസ്ഥകൾക്കുകം ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയത്. സ്ഥലംമാറ്റ സംബന്ധമായ കേസുകളും ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയതുമുതൽ വളരെയേറെ കുറഞ്ഞിട്ടുണ്ട്.

(ഡി) ഓൺലൈൻ ട്രാൻസ്ഫർ ലഭ്യമായ ജീവനക്കാരിൽനിന്നും ട്രാൻസ്ഫർ സംബന്ധിച്ച അഭിപ്രായങ്ങൾ തേടിയിട്ടില്ല. അങ്ങനെയൊരു നടപടിക്രമം ബോർഡിലില്ല. എന്നാൽ ജീവനക്കാർ അംഗങ്ങളായിട്ടുള്ള അംഗീകൃത സംഘടനകളുമായി കൂടിയാലോചിച്ചാണ് ട്രാൻസ്ഫർ നടപ്പാക്കുന്നത്. ട്രാൻസ്ഫറിനെ സംബന്ധിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത സംഘടനകൾ ബോർഡിൽ സമർപ്പിക്കുന്നുണ്ട്. ഓൺലൈൻ ട്രാൻസ്ഫറിന് എതിരായി യാതൊരു പരാതിയും സംഘടനകൾ ഉന്നയിച്ചിട്ടില്ല.

## ദുരിതാശ്വാസ നിധിയിലേയ്ക്ക് വൈദ്യുതി ബോർഡിന്റെ സംഭാവന

200 (571) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വൈദ്യുതി ബോർഡ് സംഭാവന നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇപ്രകാരം നൽകിയ തുക വൈദ്യുതി ബോർഡിന്റെ ചെലവിനത്തിലാണോ വകകൊള്ളിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഈ തുക നൽകിയതിലൂടെ വൈദ്യുതി ബോർഡിന് ഉണ്ടായ നഷ്ടം ഉപഭോക്താവിന്റെ പക്കൽനിന്നും ഈടാക്കി പരിഹരിക്കുവാനാണോ ബോർഡ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ശമ്പളത്തിൽനിന്നും അവരുടെ സ്വന്തം ഇഷ്ടപ്രകാരം സമാഹരിച്ച തുകയോടൊപ്പം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വിഹിതവുംകൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 20-8-2018-ലെ ഓഫീസ് ഓർഡർ നമ്പർ 330/2018/ACA/Relief fund/2018-19 പ്രകാരം 10.23 കോടി രൂപ വൈദ്യുതി ബോർഡിലെ ഓഫീസർമാരുടെയും മറ്റ് ജീവനക്കാരുടെയും സംഭാവനയായും 36.20 കോടി രൂപ വൈദ്യുതി ബോർഡിന്റെ സംഭാവനയായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നൽകിയിട്ടുണ്ട്. കൂടാതെ മാസ്റ്റർ ട്രസ്റ്റ് - (പെൻഷൻ)-ൽനിന്നുമുള്ള സംഭാവനയായ 2.57 കോടി രൂപയും നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 36.20 കോടി രൂപ ബോർഡിന്റെ ചെലവായും 10.23 കോടി രൂപ ജീവനക്കാരിൽനിന്നുള്ള സംഭാവനയുമായാണ് വകയിരുത്തിയിരി ക്കുന്നത്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംഭാവനയായി നൽകിയ തുക ഉപഭോക്താക്കളിൽനിന്നും ഈടാക്കാമോ എന്നത് സംബന്ധിച്ച നിർദ്ദേശം ബോർഡിന്റെ പരിഗണനയിലില്ല.

## അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വൈദ്യുതി വിതരണ പ്രശ്നങ്ങൾ

201 (572) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൈദ്യുതി വിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അനുവദിച്ച ജീപ്പ് (വാടക), രണ്ട് ആദിവാസി താൽക്കാലിക ജീവനക്കാരുടെ സേവനം എന്നിവ തുടർന്നും അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നുണ്ട്. അതിലേയ്ക്കായി എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും 24 മണിക്കൂറും ലഭ്യമാകുന്ന വിധത്തിൽ ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇലക്ട്രിക്കൽ സർക്കിളുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അത്യാവശ്യ ഘട്ടത്തിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മഴക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള കൂടുതൽ വൈദ്യുതി തടസ്സങ്ങൾ കണക്കിലെടുത്തും എത്തിച്ചേരാൻ ബുദ്ധിമുട്ടായ പ്രദേശമായതുകൊണ്ടും ജൂൺ മുതലുള്ള നാല് മാസത്തേയ്ക്ക് ഒരു അധിക വാഹനം പരിയാരം സെക്ഷനിലേയ്ക്ക് അനുവദിച്ചിരുന്നു. അതിരപ്പിള്ളി പ്രദേശത്ത് ഇപ്പോൾ നേരിടുന്ന വൈദ്യുതി സംബന്ധിച്ചുള്ള പരാതികൾക്ക് അവിടത്തെ ജീവനക്കാരെകൊണ്ടും ലഭ്യമായ വാഹനം ഉപയോഗിച്ചും പരിഹരിക്കാൻ സാധിക്കുന്നതുകൊണ്ട് ഒരു അധിക വാഹനം അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## ഗ്രീൻചാനൽ സംവിധാനം

202 (573) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് പുതിയ വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഗ്രീൻചാനൽ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗ്രീൻചാനൽ സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അത് എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാകുന്ന ഗ്രീൻചാനൽ സംവിധാനം 11-1-2019 മുതൽ ആരംഭിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കെ.എസ്.ഇ.ബി. ലിമിറ്റഡ് - ന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള HT/EHT ഗ്രീൻ ചാനൽ ലിങ്ക് വഴി ഉപഭോക്താക്കൾക്ക് പ്രസ്തുത സംവിധാനം മുഖാന്തരം പുതിയ കണക്ഷന് അപേക്ഷിക്കുവാൻ സാധിക്കും.
2. എനർജൈസേഷൻ അപ്രൂവൽ അടക്കം ആവശ്യമായ എല്ലാ രേഖകളും ഉള്ള അപേക്ഷകന് നിർദിഷ്ട ഫീസ് അടച്ച് ഓൺലൈനായി പുതിയ കണക്ഷന് അപേക്ഷിക്കാവുന്നതാണ്.
3. ശൃംഖലാവികസനം മുൻകൂറായി പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള അപേക്ഷ ആവശ്യമായ രേഖകളുടെ അഭാവത്തിലും നൽകാവുന്നതാണ്.
4. അപേക്ഷ തൽക്ഷണം അതാത് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ലഭിക്കുന്നു.
5. ഫീൽഡ് വെരിഫിക്കേഷൻ തുടർന്നുള്ള പ്രവർത്തനങ്ങളുടെ പുരോഗതിയും അപേക്ഷകന് തൽസമയം എസ്.എം.എസ്. ആയി ലഭിക്കുന്നു.

6. അപേക്ഷയുടെ പുരോഗതി ഓൺലൈനായി അപേക്ഷകന് നിരീക്ഷിക്കാനുള്ള സംവിധാനവും ലഭ്യമാണ്.

7. കോർപ്പറേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് തത്സമയം ഓൺലൈൻ അപേക്ഷകൾ ലഭിക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി നിരീക്ഷിക്കാൻ സാധിക്കുകയും ചെയ്യുന്നു.

8. കാലതാമസം കൂടാതെ ഉപഭോക്താവിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നു.

(ബി) എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഗ്രീൻചാനൽ സംവിധാനം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്ദേശിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തിൽ ഇത് പ്രവൃത്തി പഥത്തിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതി കമ്മി

203 (574) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൻതോതിലുള്ള വൈദ്യുതി കമ്മി നേരിടുന്നുണ്ടോ; എങ്കിൽ പ്രസ്തുത കമ്മി നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും, പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വിതരണ ശൃംഖലയുടെ നവീകരണവും, കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പ് വരുത്തുവാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) പ്രസരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും, പ്രസരണ ശേഷി ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനുമുള്ള ട്രാൻസ് ഗ്രിഡ് പദ്ധതി 2.0 യുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടം എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ആഭ്യന്തര ഉല്പാദനത്തിലൂടെയും ദീർഘകാല-ഹ്രസ്വകാല കരാറുകൾ വഴിയും കേന്ദ്ര ജനറേറ്റിഗ് സ്റ്റേഷനുകളിൽനിന്നും ലഭ്യമാക്കിയിട്ടുള്ളതിനാൽ വൈദ്യുതി കമ്മി നേരിടുന്നില്ല.

(ബി) നിർമ്മാണത്തിലിരിക്കുന്ന കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉന്നതതല അവലോകന കമ്മിറ്റി രൂപീകരിച്ച് പതിവായി പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തുവരുന്നു. ബഹുമാനപ്പെട്ട ഊർജ്ജവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി അവലോകനം നടത്തി വരുന്നു. പരിഗണനയിലുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനു വേണ്ട പ്രവർത്തനങ്ങളും നടന്നുവരുന്നു. പുനരുപയോഗ സ്രോതസ്സായ സൗരോർജ്ജത്തിൽനിന്നും 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട് പുറപ്പുര സൗരോർജ്ജ പദ്ധതികളിൽ നിന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി സൗരോർജ്ജ പ്ലാന്റുകൾ ഉപഭോക്താക്കളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടന്നുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണപുരോഗതി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മുതൽ വിവിധ തലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

കൂടാതെ വെള്ളത്തൂവൽ (3 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളിൽനിന്നും, ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ പുതിയ ജലവൈദ്യുത പദ്ധതികളായ അപ്പർ കല്ലാർ (2 മെഗാവാട്ട്), പഴശ്ശി സാഗർ (7.5 മെഗാവാട്ട്), ചിന്നാർ (24 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. കൂടാതെ 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 9-11-2017-ൽ പുനരാരംഭിച്ചു. മുടങ്ങിക്കിടന്നിരുന്ന തൊട്ടിയാർ (40 മെഗാവാട്ട്) ജലവൈദ്യുത പദ്ധതിയുടെ ബാക്കി സിവിൽ വർക്കുകൾ പുതിയ ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്ത് 6-4-18-ൽ പണികൾ ആരംഭിച്ചു. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ ഇൻടേക്ക് എന്നീ ജോലികൾക്ക് പുതിയ ടെണ്ടർ വിളിച്ച്, വർക്ക് അവാർഡ് ചെയ്ത് 19-3-2018-ൽ പണി ആരംഭിച്ചു.

നിർമ്മാണത്തിലിരിക്കുന്ന 'ബൂട്ട്' അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയ്ക്ക് നൽകിയിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നത് ക്രമമായി നിരീക്ഷിക്കാൻ ഇ.എം.സി., സാങ്കേതിക കമ്മിറ്റി,

ഇവാല്വേഷൻ കമ്മിറ്റി, ഹൈപവർ എംപവേർഡ് കമ്മിറ്റി ഇവ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയിൽ 47.4 MW കപ്പാസിറ്റിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ ഈ സർക്കാർ അനുവദിയ്ക്കുകയുണ്ടായി.

(സി) വിതരണ ശൃംഖലയുടെ നവീകരണവും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പുവരുന്നതിനായി 'ദ്യുതി 2021' എന്ന പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021 ഓട്ടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ 2018 മുതൽ 2021 വരെയുള്ള കാലയളവിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ DPR തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4,036 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. വിഭാവന ചെയ്തിരിക്കുന്ന 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഗവൺമെന്റ് അംഗീകാരം ലഭിച്ച 6,375 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി വിവിധ ഘട്ടങ്ങളായാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

ഒന്നാം ഘട്ടം-4,745.77 കോടി (2016-21)

രണ്ടാം ഘട്ടം-1,629.60 കോടി (2019-24)

ഒന്നാം ഘട്ടപദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികളുടെ നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാം ഘട്ടപദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾ 2019 മധ്യേ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടാം ഘട്ടപദ്ധതികളുടെ പ്രാരംഭ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്.

## വയനാട് ജില്ലയിൽ ജലവൈദ്യുത പദ്ധതി

204 (575) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഏതെങ്കിലും ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇത്തരത്തിൽ ജലവൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിൽ വയനാട് ജില്ലയിൽ വൈത്തിരി ജലവൈദ്യുത പദ്ധതിയുടെ (66 മെഗാവാട്ട്) വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അപ്പർ ചാലിയാർ ജലവൈദ്യുത പദ്ധതിയുടെ (84 മെഗാവാട്ട്) സാധ്യതാപഠനം നടന്നുകൊണ്ടിരിക്കുന്നു.

മിൽമ കൽപ്പറ്റ ഡയറിക്ക് സമീപം മൂച്ചുകുണ്ട് അരുവിയിൽ ഏകദേശം 50KW സ്ഥാപിതശേഷി പ്രതീക്ഷിക്കുന്ന മൈക്രോ ജലവൈദ്യുത പദ്ധതിക്കു വേണ്ടിയുള്ള പ്രാഥമിക പഠനങ്ങൾ മിൽമ കൽപ്പറ്റ ഡയറിക്കുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ നടത്തിയിട്ടുണ്ട്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

205 (576) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആരംഭിക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഉപഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിയിൽ രണ്ട് സ്കീമിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇതു സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധമുണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ പരസ്യ പ്രചാരണങ്ങൾ വേണ്ടവിധത്തിൽ നടത്തിയിരുന്നോ എന്നറിയിക്കാമോ; എങ്കിൽ എന്തെല്ലാം പരസ്യ പ്രചാരണങ്ങളാണ് നടത്തിയത് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതിയിൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽ സൗരനിലയം പണിയുന്നതിനുവേണ്ടി വരുന്ന ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. ഇതുകൂടാതെ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/ കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്
സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്
വാണിജ്യം -വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

(ബി) നിലവിൽ ഉദ്ദേശിക്കുന്നില്ല.

(സി) ചുരുങ്ങിയത് 200 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പുരപ്പുറം വിട്ട് നൽകാൻ താൽപ്പര്യപ്പെടുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മുഴുവൻ ഉപഭോക്താക്കൾക്കും എല്ലാ സ്കീമുകളിലും രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) സൗര പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണഗണങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കിക്കുന്നതിനും കേരളത്തിലെ 25 ഇലക്ട്രിക്കൽ സർക്കിളുകൾ വഴി സൗരയുടെ നോട്ടീസ് വിതരണവും മറ്റ് പരസ്യപ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഇതിനുപുറമേ www.sourakseb.in എന്ന വെബ്സൈറ്റ് ആരംഭിക്കുകയും വിവിധ സാമൂഹ്യമാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) മേൽക്കൂരയിൽ സൗരനിലയം പണിയുന്നതിന് ഏകദേശം 60,000 രൂപയിൽ താഴെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷമേ യഥാർത്ഥ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

206 (577) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വിവരം ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി പ്രാബല്യത്തിൽ വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 'സൗര' പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 2019 ജനുവരി 23 വരെ 121260 പേർ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 *ആയി ചേർക്കുന്നു.

അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിന്റെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം 2* ആയി ചേർക്കുന്നു.

(ബി) നിലവിലെ കമ്പോള നിരക്കിനെക്കാൾ കുറഞ്ഞ ചെലവിൽ സോളാർ നിലയം സ്വന്തമാക്കുന്നതിനും മൂലധനമുടക്കില്ലാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന്റെ ഉത്പാദകനാവാനും നിലവിലെ വൈദ്യുത ചാർജ്ജ് കുറയ്ക്കാനും ഉപഭോക്താക്കൾക്ക് അവസരം ലഭിക്കുന്ന തരത്തിലാണ് 'സൗര' വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്.

അനെർട്ട് വഴി നടത്തുന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആകെ 10 MW ശേഷിക്കുള്ള സബ്സിഡിയാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. അനുവദിക്കുന്ന മുറയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.

(സി) 'സൗര' പദ്ധതി പ്രഖ്യാപിച്ചശേഷം ഉപഭോക്താക്കളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയിരുന്നു. സൗര പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണഗണങ്ങൾ സാധാരണക്കാരെ മനസ്സിലാക്കിക്കുന്നതിനും കേരളത്തിലെ 25 ഇലക്ട്രിക്കൽ സർക്കിളുകൾവഴി സൗരയുടെ നോട്ടീസ് വിതരണവും മറ്റ് പരസ്യ പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഇതിനുപുറമെ www.sourakseb.in എന്ന വെബ്സൈറ്റ് ആരംഭിക്കുകയും വിവിധ സാമൂഹ്യ മാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കൊമേഴ്സ് വെബ്പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്തുകഴിഞ്ഞാൽ സ്ഥലം സന്ദർശിച്ച് സാധ്യതാപരിശോധന നടത്തുന്നു. അതിനുശേഷം ഗുണഭോക്താവിന് വെബ്സൈറ്റിലെ ലിസ്റ്റിലുള്ള കമ്പനിക്ക് ഓർഡർ നൽകാവുന്നതാണ്. എത്ര രൂപയാണ് ആകെ ചെലവ്, അതിൽ എത്ര രൂപ സബ്സിഡി ലഭ്യമാകും ബാക്കി എത്ര രൂപ അടയ്ക്കണം എന്നീ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലവൈദ്യുത പദ്ധതികൾ

207 (578) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ;

(ബി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് നിലവിലെ പദ്ധതികളുടെ നവീകരണവും ശേഷി വർദ്ധിപ്പിക്കലും ശിഷ്ടായുസ്സ് തിട്ടപ്പെടുത്തുന്നതിനുള്ള പഠനവും നടത്താറുണ്ട്. ഇപ്രകാരം പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി, മൂഴിയാർ, പെരിങ്ങൽക്കുത്ത്, ഷോളയാർ, കുറ്റ്യാടി, ഇടുക്കി എന്നീ പദ്ധതികളുടെ പഠനം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിലുള്ള ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കാനുള്ള പ്രാഥമിക സാധ്യതാപഠന റിപ്പോർട്ട് (780 മെഗാവാട്ട്) തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ജലവൈദ്യുത പദ്ധതികളായ ഇടമലയാർ, ശബരിഗിരി എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സാധ്യതാപഠനവും പ്രാഥമികഘട്ടത്തിലാണ്.

2012-22 കാലഘട്ടങ്ങളിൽ കെ.എസ്.ഇ.ബി. ഗ്രിഡിൽ സോളാർ പദ്ധതികളിൽനിന്നും ലഭ്യമാകുന്ന വൈദ്യുതിമൂലം ഗ്രിഡിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കൈകാര്യം ചെയ്യുന്നതിന് ജലവൈദ്യുത പദ്ധതികൾ അനിവാര്യമാണ്. പകൽ സമയങ്ങളിൽ സോളാർ മുതലായ റിന്യൂവബിൾ എനർജിയിൽനിന്നും ലഭ്യമാകുന്ന അധിക വൈദ്യുതി ഉപയോഗപ്പെടുത്താൻ പമ്പിംഗ് ഓപ്ഷൻ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ നിലവിലുള്ള ജലവൈദ്യുത പദ്ധതികളായ ഇടുക്കി, പള്ളിവാസൽ എന്നിവയിൽ സാധ്യതാപഠനവും നടന്നുവരുന്നു.

(ബി&സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭപ്രവൃത്തികൾ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് എതിരെ ചില സംഘടനകളും രാഷ്ട്രീയ പാർട്ടികളും, ആശങ്കകൾ ഉയർത്തിയിട്ടുണ്ട്, ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**തകരാറിലായ ജലവൈദ്യുത പദ്ധതികൾ**

208 (579) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്ര പൂളിൽനിന്നും വർഷം തോറും അവകാശപ്പെട്ട വൈദ്യുതി എത്രയാണ്; നിലവിൽ എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കുന്നുണ്ടെന്ന് പറയാമോ;

(ബി) സംസ്ഥാനത്ത് പരമാവധി എത്ര യൂണിറ്റ് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്നുണ്ട്; മഹാപ്രളയത്തിന് ശേഷം തകരാറിലായ ജലവൈദ്യുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയോ; ഇനി ഏതൊക്കെ പദ്ധതികളാണ് അറ്റകുറ്റപ്പണി നടത്താനുള്ളത്; അറ്റകുറ്റപ്പണി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഇവ എന്നത്തേയ്ക്ക് പ്രവർത്തിപ്പിക്കാനാവും എന്ന് പറയാമോ; വെള്ളം കയറിയതുമൂലം തകരാറിലായ പദ്ധതികൾ ഓരോന്നും പുനരുദ്ധരിക്കാൻ എത്ര രൂപ വീതം ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഡാമുകളിലെ വെള്ളത്തിന്റെ അളവനുസരിച്ച് ഇനി എത്ര ദിവസംകൂടി വൈദ്യുതി ഉത്പാദിപ്പിക്കാനാകും എന്ന് പറയാമോ; ഓരോ മാസവും സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് വിശദമാക്കാമോ; അധികമായി വേണ്ട വൈദ്യുതി കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള കേന്ദ്ര വിഹിതം 1724 മെഗാവാട്ട് ആണ്. ജനറേറ്റിംഗ് സ്റ്റേഷനുകളുടെ auxiliary consumption -നും പ്രസരണ നഷ്ടവും കഴിച്ച് 85% പ്ലാന്റ് ലോഡ് ഫാക്ടറും കണക്കിലെടുത്താൽ പ്രതിവർഷം ഏകദേശം 11485 ദശലക്ഷം യൂണിറ്റാണ് ഇതിൽനിന്നും പ്രതീക്ഷിക്കുന്നത്.

(ബി) മഹാപ്രളയത്തിനുശേഷം തകരാറിലായ കോതമംഗലം ജനറേഷൻ സർക്കിളിനുകീഴിലുള്ള ജലവൈദ്യുത പദ്ധതികൾ പ്രവർത്തനക്ഷമമാക്കി ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയിൽനിന്ന് പ്രളയത്തിനുശേഷം 23-9-2018 മുതൽ വൈദ്യുതി ഉല്പാദനം തുടങ്ങി.

തൃശ്ശൂർ ജനറേഷൻ സർക്കിളിനുകീഴിലുള്ള ചെമ്പുകടവ് - II ചെറുകിട ജലവൈദ്യുത പദ്ധതി ഒഴികെ തകരാറിലായ പദ്ധതികളെല്ലാം തന്നെ പ്രവർത്തനക്ഷമമാക്കി പവർ കനാലിന്റെ പണി പൂർത്തീകരിക്കാൻ ഉള്ളതുകൊണ്ടാണ് ചെമ്പുകടവ് പദ്ധതി പ്രവർത്തനക്ഷമമാക്കാൻ വൈകുന്നത്.

പ്രളയത്തിൽ മൂഴിയാർ ജനറേഷൻ സർക്കിളിനുകീഴിലുള്ള റാന്നി പെരുനാട് പവർ ഹൗസ് പൂർണ്ണമായും പെരുന്തേനരുവി പവർഹൗസ് ഭാഗികമായും തകർന്നിട്ടുണ്ട്. റാന്നി പെരുനാട് പവർ ഹൗസിലെ 2 ജനറേറ്ററുകളിൽ ഒന്ന് പ്രവർത്തനക്ഷമാക്കിയിട്ടുണ്ട്. രണ്ടാമത്തേതിന്റെ പണികൾ പുരോഗമിക്കുന്നു.

പെരുന്തേനരുവി പവർ ഹൗസിലെ ഒരു ജനറേറ്റർ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. രണ്ടാമത്തെ ജനറേറ്ററിന്റെ പണികൾ പുരോഗമിക്കുന്നു. ഈ പവർ ഹൗസിന്റെ പവർ കനാലിലും ഡാമിലും ചെളിയും മണ്ണും വന്നുനിറഞ്ഞതായിരുന്നു പ്രധാന കാരണം അതിൽ ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് അത്യാവശ്യം നീക്കം ചെയ്യേണ്ട ചെളിയും മണ്ണും യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റിയിട്ടുണ്ട്. ഡാമിന്റെ സംഭരണ ശേഷി പുനഃസ്ഥാപിക്കുന്നതിന് അടിത്തട്ടിലുള്ള ചെളിയും മണ്ണും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്. അതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനം ഡാം സേഫ്റ്റി ഡിവിഷൻ, സീതത്തോടിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

മഹാപ്രളയത്തിനുശേഷം തകരാറിലായ മീൻകെട്ട് ജനറേഷൻ സർക്കിളിനുകീഴിലുള്ള പന്നിയാർ പവർ സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കി. ഇപ്പോൾ പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരുന്നു. തകരാറിലായ മാട്ടുപ്പെട്ടി പദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല. പ്രസ്തുത ജനറേറ്ററിന്റെ പാനലുകൾ നിയന്ത്രണ സംവിധാനങ്ങൾ, ബെയറിംഗുകൾ, വൈൻഡിംഗുകൾ, റോട്ടർ മുതലായവ തകരാറിലായിരുന്നു. ഇവയിൽ വൈൻഡിംഗുകൾ ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചു. തകരാറിലായ വൈൻഡിംഗ് റീവൈൻഡ് ചെയ്ത കോയിൽ മാറ്റി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പണികൾ അടിയന്തര പ്രാധാന്യത്തോടെ നടന്നു വരുന്നു. പ്രസ്തുത ജോലികൾ പത്ത് ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച് ജനറേറ്റർ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രളയത്തിൽ വെള്ളത്തൂവൽ ചെറുകിട പദ്ധതിയുടെ റോഡുൾപ്പെടെയുള്ള സിവിൽ സ്ട്രക്ച്ചറുകൾ, ടെയിൽ റേസ് ചാൽ ഇൻടേക്ക് സംവിധാനങ്ങൾ മുതലായവയ്ക്ക് വലിയ തോതിൽ തകരാർ സംഭവിച്ചിരുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് കേവലം രണ്ട് വർഷമേ ആയിട്ടുള്ളൂ. ഗ്യാരണ്ടി കാലാവധി പൂർത്തിയായിട്ടില്ല. പദ്ധതി സ്ഥാപിത കമ്പനിയുമായി ബന്ധപ്പെട്ട് അറ്റകുറ്റ പണികൾ അടിയന്തര പ്രാധാന്യത്തോടെ നടന്നുവരുന്നു. ഏപ്രിൽ മാസത്തോടെ പണി പൂർത്തീകരിച്ച് പവർ ഹൗസ് സർവീസിലിടാൻ ഉദ്ദേശിക്കുന്നു.

മഹാപ്രളയത്തിൽ തകരാറിലായ സ്വകാര്യ മേഖലയിലെ ജലവൈദ്യുത പദ്ധതികൾ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ലെങ്കിലും പ്രളയംകൊണ്ട് വെള്ളത്തിനടിയിലായ അള്ളുങ്കൽ 7 മെഗാവാട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഒരു ടർബയിൻ പ്രവർത്തനക്ഷമമാക്കി ഉത്പാദനം ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ ടർബയിൻ ജനുവരി അവസാനത്തോടുകൂടി പുന:സ്ഥാപിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. മറ്റ് ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 20.56 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്, ഇനിയും നദീതീരത്തുള്ള സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവർത്തനം നടക്കാനുണ്ട്. ഈ പ്രവൃത്തികൾ പവർ ഹൗസിലെ വൈദ്യുത ഉല്പാദനവുമായി ബന്ധമില്ല. ഈ പ്രവൃത്തികൾക്കായി ഏകദേശം 4 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇടമലയാർ ജലവൈദ്യുത പദ്ധതിയിൽ പ്രളയവുമായി ബന്ധപ്പെട്ട അറ്റകുറ്റ പണിക്കായി 85,000 രൂപ ചെലവാക്കിയിട്ടുണ്ട്.

റാന്നി പെരുനാട് പവർ ഹൗസിലെ രണ്ടാമത്തെ ജനറേറ്റർ രണ്ട് മാസത്തിനകം പ്രവർത്തനക്ഷമമാക്കാനാകും.

പെരുന്തേനരുവി പവർ ഹൗസിലെ രണ്ടാമത്തെ ജനറേറ്റർ 10 ദിവസത്തിനകം പ്രവർത്തിപ്പിക്കാനാകും. എന്നാൽ ഡാമിൽനിന്നുള്ള ചെളിയും മണ്ണും നീക്കുന്നതിനുള്ള പണികൾക്കായി ഡാം സേഫ്റ്റി ഡിവിഷൻ സീതത്തോടിന്റെ നേതൃത്വത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുന്നു.

റാന്നി പെരുനാട് പവർ ഹൗസിന്റെ പുനരുദ്ധാരണത്തിന് ഏകദേശം ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

പെരുന്തേനരുവി പവർ ഹൗസിന്റെ പുനരുദ്ധാരണത്തിന് ഏകദേശം ഇരുപതുലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ചെമ്പുകടവ് - II പവർ കനാലിന്റെ പണി ഡിസൈൻ ലഭ്യമാക്കി ടെണ്ടറിംഗ് സ്റ്റേജിലാണ്. അടുത്ത മൺസൂണിനുമുൻപായി പദ്ധതി പ്രവർത്തനക്ഷമമാകും.

ബാക്കി പദ്ധതികൾക്കു വേണ്ട തുക താഴെ കാണിച്ചിരിക്കുന്നു:

ചെലവഴിച്ച തുക

പെരിങ്ങൽ കുത്ത് - 485 ലക്ഷം

ആഢ്യൻ പാറ - 100 ലക്ഷം

ഉറുമി I & II - 10 ലക്ഷം

പൂഴിത്തോട് - 10 ലക്ഷം

കക്കയം - 5 ലക്ഷം

ചെമ്പുകടവ് No. 1 - 46 ലക്ഷം

(ചെലവഴിക്കാനുള്ളത്)

<u>വേണ്ടി വരുന്ന ചെലവ്</u>

പന്നിയാർ പദ്ധതി - 4.5 കോടി

മാട്ടുപ്പെട്ടി പദ്ധതി - 15.5 ലക്ഷം

വെള്ളത്തൂവൽ ചെറുകിട പദ്ധതി - 6.85 കോടി

4.5 MW ന്റെ ഇരുട്ടുകാനം (IPP), 8 MW ന്റെ പാതംകയം (IPP), അള്ളുങ്കൽ 7 MW, 50 KW -ന്റെ കല്ലാർ, (ഇടുക്കി ജില്ലാ പഞ്ചായത്ത്), 110 KW-ന്റെ മാങ്കുളം (മാങ്കുളം പഞ്ചായത്ത്) ഈ പദ്ധതികളാണ് വെള്ളപ്പൊക്കത്തിൽ തകരാറിലായത്. ഇതിൽ അള്ളുങ്കൽ പദ്ധതിയുടെ ഒരു ടർബയിൻ പ്രവർത്തനക്ഷമാക്കി. ഇരുട്ടുകാനത്തിന്റെയും പാതംകയത്തിന്റെയും പണികൾ നടന്നുകൊണ്ടിരിക്കുന്നു. സെപ്റ്റംബർ അവസാനത്തോടെ പണികൾ പൂർത്തിയാവുന്ന തരത്തിൽ പ്രവൃത്തികൾ മുന്നേറുന്നു. കല്ലാർ, മാങ്കുളം പദ്ധതികളുടെ കണക്കെടുപ്പും അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് എടുക്കുന്ന നടപടികളും നടന്നുവരുന്നു.

(ഡി) ജനുവരി 01/2019- ലെ കണക്കനുസരിച്ച് ഏകദേശം 2943 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം ഡാമുകളിൽ ലഭ്യമാണ്. ഇതനുസരിച്ച് നിലവിലെ ഉപഭോഗവും പുറത്തുനിന്നുള്ള വൈദ്യുതിയുടെ ലഭ്യതയും കണക്കിലെടുത്താൽ 2019 മേയ് 31 വരെ വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള വെള്ളം ഡാമുകളിൽ ലഭ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. 2018 ഡിസംബർ മാസത്തെ കണക്കനുസരിച്ച് പ്രതിമാസ ഉപഭോഗം ശരാശരി 69.45 ദശലക്ഷം യൂണിറ്റ് ആകുന്നു.

## വൈദ്യുതി ബോർഡിന്റെ നവീന പദ്ധതികൾ

209 (580) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള സേവനവും മറ്റും ലഭ്യമാക്കുന്നതിനും വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുള്ള

വിശദാംശം നൽകാമോ; ഇതിനായി കേന്ദ്രസർക്കാർ അനുവദിച്ച തുകയെത്രയാണെന്ന് അറിയിക്കാമോ; ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ദീനദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ പദ്ധതികളുടെ ഭാഗമായി ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം അളക്കുന്നതിന് സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; ആയതിന് തെരഞ്ഞെടുത്തിരിക്കുന്ന കമ്പനികളേതെന്നും ഇതിലൂടെ ബോർഡിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാഫോറം ലളിതമാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതികണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. കൂടാതെ 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാനും 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും തീരുമാനിച്ചു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ "ദ്യുതി 2021"-പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാനുള്ള സംവിധാനം വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന ഊർജ്ജ-ദൂത് പദ്ധതി,

വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജസൗഹൃദ പദ്ധതി എന്നിവ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കാൻ സഹായിച്ചു. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ, മൊബൈൽ വാലറ്റുകൾവഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, വൈദ്യുതി ബിൽ തുക ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട് വരവ് വെയ്ക്കുന്ന നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് പദ്ധതി, ജനസേവന കേന്ദ്രങ്ങൾ വഴി വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യവും കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം ടോൾ ഫ്രീ ആക്കുകയും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഹൈടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഏകജാലക സംവിധാനം വഴി ഓൺലൈനായി സമർപ്പിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഐ.ടി. വിഭാഗം സ്വന്തം നിലയിൽ നിർമ്മിച്ച ഒരുമ നെറ്റ് സോഫ്റ്റ് വെയറിലൂടെ മികച്ച ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ വൈദ്യുതി കണക്ഷൻ, താരിഫ് മാറ്റൽ, അഡീഷണൽ ലോഡ് കണക്ട് ചെയ്യൽ, ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ ഷിഫ്റ്റിംഗ് തുടങ്ങിയ എല്ലാ അപേക്ഷകളും പ്രസ്തുത സോഫ്റ്റ് വെയറിലൂടെ ആയതിനാൽ ഈ സേവനങ്ങളുടെ സുതാര്യത ഉറപ്പു വരുത്തിക്കഴിഞ്ഞു. കൂടാതെ മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന മൊബൈൽ ആപ്ലിക്കേഷൻ, വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡ്.-ലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി).

കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

2019 ജനുവരി മാസം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന സംവിധാനങ്ങൾ

1. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള ബി.ബി.പി.എസ്. സംവിധാനം.
2. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായി തന്നെ ഏതു സ്ഥലത്തുനിന്നും അപേക്ഷിക്കാനുള്ള സംവിധാനം.
3. കൂടാതെ വിവരസാങ്കേതിക വിദ്യ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സേവനങ്ങൾ കൂടി നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചുവരികയാണ്.

(a) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി അവസാന ഘട്ടത്തിലാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അത് മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(b) തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ഗ്രാമീണ ഭവന വൈദ്യുതീകരണ, ഉപ-പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണം, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി നഷ്ടം കുറയ്ക്കൽ, സൻസദ് ആദർശ് ഗ്രാമ യോജന എന്നിവയാണ് കേന്ദ്ര പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയുടെ (ഡി.ഡി.യു.ജി.ജെ.വൈ.) ലക്ഷ്യങ്ങൾ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഘടകം | ഘടകത്തിന്റെ ഉദ്ദേശ്യം | അനുമതി ലഭിച്ച തുക (കോടി രൂപ) |
|---|---|---|
| സൻസദ് ആദർശ് ഗ്രാമ യോജന (SAGY) | എം.പി-മാർ അവരവരുടെ മണ്ഡലത്തിൽ തെരഞ്ഞെടുത്ത വില്ലേജ്/പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ (27 പഞ്ചായത്തുകൾ) | 59.14 |
| മീറ്ററിംഗ് | കേടായതും പഴയതുമായ 1968065 മീറ്ററുകൾ മാറ്റി വയ്ക്കുക, ട്രാൻസ്ഫോർമർ, ഫീഡർ മീറ്ററുകൾ സ്ഥാപിക്കുക | 159.16 |
| വൈദ്യുതിയില്ലാത്ത ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം | അനുബന്ധ പ്രവർത്തികൾ പൂർത്തീകരിച്ച് 118654 ബി.പി.എൽ കണക്ഷനുകൾ നൽകുക | 181.60 |
| വൈദ്യുതി ശൃംഖല ശാക്തീകരണം | ഉപ പ്രസരണ മേഖലയുൾപ്പെടെയുള്ള ശാക്തീകരണ പ്രവർത്തികൾ | 83.06 |
| ആകെ (പ്രവൃത്തികൾക്ക്) | | 482.96 |
| പ്രോജക്ട് മാനേജ്മെന്റ് ഏജൻസി തുക | | 2.41 |
| ആകെ പദ്ധതി തുക | | 485.37 |

ഈ പദ്ധതി 2019 മാർച്ച് മാസം പൂർത്തീകരിക്കും.

(സി) ഏറനാട് മണ്ഡലത്തിൽ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) ബി.പി.എൽ. സർവ്വീസ് കണക്ഷൻ - 1010 എണ്ണം

(2) 11 കെ.വി. ലൈൻ വലിച്ചത് - 5.45 കി.മീറ്റർ

(3) ത്രീ ഫേസ് ലൈൻ വലിച്ചത് - 2.87 കി.മീറ്റർ

(4) സിംഗിൾ ഫേസ് ലൈൻ വലിച്ചത് - 23.847 കി.മീറ്റർ

(5) ഡി.റ്റി.ആർ. മീറ്റർ സ്ഥാപിച്ചത് - 14 എണ്ണം

(6) പഴയ മീറ്റർ മാറ്റി പുതിയ മീറ്റർ സ്ഥാപിച്ചത് - 7151 എണ്ണം

(7) മീറ്റർ വീടിനുള്ളിൽനിന്നും പുറത്തേയ്ക്ക് മാറ്റിസ്ഥാപിച്ചത് -18 എണ്ണം.

(ഡി) ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിനുമുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി, സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കുവേണ്ടി കമ്പനികളെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ വൈദ്യുതി മോഷണം തടയാൻ പര്യാപ്തമായ മീറ്റർ റീഡിംഗ് റിമോട്ടായി ലഭിക്കുന്നതിന് കഴിയും. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം. വൈദ്യുതി നഷ്ടം കൃത്യതയോടെ കണ്ടുപിടിക്കുന്നതിനും അത് കുറച്ചുകൊണ്ടുവരുന്നതിനും കഴിയും. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം, സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക, വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരിക മുതലായ നേട്ടങ്ങൾ കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

210 (581) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതും ഈ കാലയളവിൽ നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

2016 മുതൽ, പട്ടാമ്പി മണ്ഡലത്തിൽ ബോർഡിന്റെ തനതു ഫണ്ട്, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, MLA SDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 8.49 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 18.56 കി. മീ. 11 കെ.വി ലൈനും, 28.67 കി. മീ. എൽ.ടി ലൈനും നിർമ്മിക്കുകയും 11.23 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 1.1 കി.മീ. 11 കെ. വി. ലൈനിന്റെയും 43.19 കി.മീ. എൽ. ടി.

ലൈനിന്റെയും ചാലകശേഷി കൂട്ടുകയും 28 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 6109 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 70.84 ലക്ഷം രൂപയുടെ പ്രവൃത്തികളിൽ MLA ഫണ്ടിൽനിന്നും ലഭിച്ച 25 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടുന്നു.

2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിരിക്കുന്ന 'ദ്യുതി 2021' പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ 88.13 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ, പട്ടാമ്പിയിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 18-9-2017-ൽ ഭരണാനുമതി ആയിട്ടുള്ളതാണ്. സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

**വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

211 (582) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജക മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ RAPDRP, DDUGJY, IPDS, Normal Scheme എന്നീ പദ്ധതികളിൽപ്പെടുത്തി 4289 പുതിയ സർവ്വീസ് കണക്ഷൻ നൽകുകയും 89.5 കി.മീ എച്ച്.റ്റി. ലൈനുകളും 27.87 കി.മീ. എൽ.റ്റി. ലൈൻ നിർമ്മിക്കുകയും 10.3 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കുകയും 3.22 കി.മീ. എച്ച്.റ്റി ലൈനും 213.62 കി.മീ. എൽ.റ്റി. ലൈനും റീ-കണ്ടക്ടറിംഗ്

നടത്തുകയും ചെയ്തു. 41 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 29240 കേടായ മീറ്റർ മാറ്റി പുതിയ മീറ്ററുകൾ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 65 കി.മീ. 11 KV UG Cable ഇടുകയും 32 RMU (Ring Main Unit)-കൾ സ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്കായി 35,09,40,132 രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ നടപ്പിലാക്കിയ പ്രവർത്തികൾ

1. 66.കെ.വി. സബ്സ്റ്റേഷൻ ഞാറയ്ക്കൽ - 169 ലക്ഷത്തിന്റെ വികസന പദ്ധതി IPDS പദ്ധതിയിൽപ്പെടുത്തി പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 15 ലക്ഷം രൂപയ്ക്ക് കൺട്രോൾ റൂം വലുതാക്കി 131 ലക്ഷത്തിന്റെ ട്രാൻസ്ഫോർമറും (16 MVA, 66/11KV) പാനലുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചുകഴിഞ്ഞു. ഇത് സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

2. 110 കെ.വി. ചെറായി സബ്സ്റ്റേഷൻ - മന്നത്തുനിന്നും പുതുതായി നിർമ്മിച്ചിരിക്കുന്ന ചെറായി 110 കെ.വി സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി. ലൈൻ നിർമ്മാണം പുരോഗമിക്കുന്നു. ചെറായി സബ്സ്റ്റേഷനിലേയ്ക്കുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഈ കാലയളവിൽ 5 കോടി രൂപയുടെ നിർമ്മാണപ്രവർത്തനം നടത്തിയിട്ടുണ്ട്. ബാക്കി ജോലികൾ പൂർത്തിയാക്കി സബ്സ്റ്റേഷൻ കുറഞ്ഞ സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് ഏകദേശം 30 കോടിയോളം രൂപ ചെലവുവരുന്നതാണ്.

3. 66 കെ.വി സബ്സ്റ്റേഷൻ മുളവുകാട് - നിലവിലുണ്ടായിരുന്ന 4 എം.വി.എ. ട്രാൻസ്ഫോർമർ മാറ്റി 6.3 എം.വി.എ ആക്കി സ്റ്റേഷൻ കപ്പാസിറ്റി വർദ്ധിപ്പിച്ചു. ഇതിനായി 30 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

## അനെർട്ടും ചക്ര കമ്മ്യൂണിക്കേഷനുമായുള്ള ഇടപാടുകൾ

212 (583) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; ഈ റിപ്പോർട്ടിൽ ചക്ര കമ്മ്യൂണിക്കേഷനുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയിയിൻമേലുള്ള വിജിലൻസ് അന്വേഷണമാണ് നടക്കുന്നത്;

(ബി) ആർ.ഹരികുമാർ ഡയറക്ടറായി ചാർജ്ജ് എടുത്തതിന് ശേഷം ചക്ര കമ്മ്യൂണിക്കേഷന് എത്ര കോടിയുടെ ഉത്തരവുകൾ നൽകിയിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(സി) അനെർട്ടിലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചക്ര കമ്മ്യൂണിക്കേഷനുമായുള്ള ഇടപാടിൽ വിജിലൻസ് അന്വേഷണം നടക്കവേ വീണ്ടും കോടികളുടെ ഉത്തരവ് കൊടുത്തത് എങ്ങിനെ എന്ന് വിശദീകരിക്കാമോ;

(ഡി) ഹരികുമാർ അനെർട്ടിൽ ഡയറക്ടറായി ചാർജ്ജ് എടുത്തശേഷം ചക്ര കമ്മ്യൂണിക്കേഷൻ എന്ന സ്ഥാപനത്തിന് തുക നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഇവരുടെ പേരും തസ്തികയും ലഭ്യമാക്കാമോ;

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഇനി മുതൽ അനെർട്ട് പരസ്യം നൽകുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡം എന്താണ്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അനെർട്ടിന്റെ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നില്ല.

(ബി) 2,01,64,422 രൂപയുടെ ഉത്തരവുകൾ നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(സി) ബാധകമല്ല.

(ഡി)

1. ശ്രീ. ജോസഫ് ജോർജ്ജ്, പ്രോഗ്രാം ഓഫീസർ

2. ശ്രീ. സി.റ്റി. അജിത് കുമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ

3. ശ്രീ. ആർ. ജയകുമാർ, പ്രോഗ്രാം ഓഫീസർ

4. ശ്രീ. ജയചന്ദ്രൻ നായർ, പ്രോഗ്രാം ഓഫീസർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ശ്രീ. ജെ. മനോഹരൻ, ടെക്നിക്കൽ ഓഫീസർ

6. ശ്രീ. അനീഷ്. എസ്. പ്രസാദ്, പ്രോഗ്രാം ഓഫീസർ

7. ശ്രീ. ആർ. രാജേഷ്, പ്രോഗ്രാം ഓഫീസർ

8. ശ്രീമതി കെ. ജി. കല, പ്രോഗ്രാം ഓഫീസർ

9. ശ്രീ. എസ്.വി.കലേശൻ, ഫിനാൻസ് മാനേജർ

10. ശ്രീമതി റ്റി. നിതാ കുമാരി, ഫിനാൻസ് മാനേജർ

11. ശ്രീ. കെ. ബാബു, ഫിനാൻസ് മാനേജർ

12. ശ്രീമതി മിനിമോൾ എബ്രഹാം, ജനറൽ മാനേജർ

13. ശ്രീമതി ലതാപണിക്കർ, ജനറൽ മാനേജർ

14. ഡോ. ആർ. ഹരികുമാർ, ഡയറക്ടർ

(ഇ) അനെർട്ട് പരസ്യം നൽകുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പാർട്ടിൽ പരാമർശിച്ചിട്ടില്ല.

**ഭൂതത്താൻകെട്ട് മിനിവൈദ്യുത പദ്ധതി**

213 (584) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടിന്റെ ഭാഗമായി ഭൂതത്താൻകെട്ടിൽ നിർമ്മാണം നടന്നുവരുന്ന മിനിവൈദ്യുത പദ്ധതിയുടെ സിവിൽ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇവിടെ നടക്കുന്ന സിവിൽ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉല്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മിനി വൈദ്യുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളുടെ 87 ശതമാനവും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളുടെ 79 ശതമാനവും പൂർത്തിയായി.

(ബി) <u>സിവിൽ വർക്ക്</u>

1. പവർ ഹൗസ് നിർമ്മാണം - 64% പണികൾ പൂർത്തിയായി.
2. പവർ ചാനൽ നിർമ്മാണം - 80% പണികൾ പൂർത്തിയായി.
3. ടെയിൽറേസ് ചാനൽ നിർമ്മാണം - 70% പണികൾ പൂർത്തിയായി.
4. സ്വിച്ച് യാർഡ് നിർമ്മാണം - 30% പണികൾ പൂർത്തിയായി.
5. പാലം നിർമ്മാണം - 100% പണികൾ പൂർത്തിയായി.
6. അപ്രോച്ച് റോഡ് - 12% പണികൾ പൂർത്തിയായി.

ഇടമലയാർ പദ്ധതി പ്രദേശത്ത് നടന്നുവരുന്ന ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. 3x8 MW ശേഷിയുള്ള ബൾബ് ടൈപ്പ് ടർബൈൻ സ്ഥാപിക്കൽ.
2. 8 MW ശേഷിയുള്ള മൂന്ന് ജനറേറ്ററുകൾ സ്ഥാപിക്കൽ.
3. 10 MVA സ്ഥാപിത ശേഷിയുള്ള മൂന്ന് ജനറേറ്റർ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ.
4. വൈദ്യുതി പ്രസരണത്തിന് ആവശ്യമായ മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കൽ.

(സി) പദ്ധതിയിലൂടെ 24 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) 2020 മാർച്ച് - ൽ വൈദ്യുതി ഉത്പാദനം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ**

214 (585) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നീണ്ട് പോകുന്നതുമൂലം പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചെലവ് കുത്തനെ ഉയരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനമാണ് വിവിധ കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്നത്;വിശദമാക്കാമോ;

(സി) പദ്ധതികളുടെ നിരീക്ഷണത്തിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി നിലവിൽ വന്നശേഷം നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(ഡി) പദ്ധതികൾ വൈകുന്നതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് നഷ്ടമായതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ഒരു ജലവൈദ്യുത പദ്ധതിപോലും മുടങ്ങിക്കിടക്കുന്നില്ല.

(സി&ഡി) ഉണ്ട്.

നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി ഒരു പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമെ പദ്ധതികളുടെ നിർമ്മാണ പുരോഗതി സർക്കാരിന്റെ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്.

ചിന്നാർ 24 മെഗാവാട്ട് - ന്റെ പദ്ധതി 2018 -ൽ നിർമ്മാണം ആരംഭിച്ചു. പെരുവണ്ണാമൂഴി 6 മെഗാവാട്ടിന്റെ പദ്ധതി മേയ് 2018 - ൽ ആരംഭിച്ചു.

കൂടാതെ 2015 മുതൽ മുടങ്ങിക്കിടക്കുന്ന തൊട്ടിയാർ 40 മെഗാവാട്ട് പദ്ധതി ബാക്കി സിവിൽ വർക്കുകൾ പുതിയ ടെണ്ടർ ക്ഷണിക്കുകയും 5-1-2018 -ൽ വർക്ക് അവാർഡ് ചെയ്യുകയും 6-4-2018- ൽ പണി ആരംഭിക്കുകയും ചെയ്തു. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയും ടണൽ ഇൻടേക്ക് എന്നീ ജോലികൾക്ക് പുതിയ ടെണ്ടർ ക്ഷണിക്കുകയും 5-1.2018 - ൽ വർക്ക് ഓർഡർ ചെയ്യുകയും 19-3-2018 - ൽ ജോലി ആരംഭിക്കുകയും ചെയ്തു.

കൂടാതെ കക്കയം ജലവൈദ്യുത പദ്ധതി (3 മെഗാവാട്ട്) ജൂലൈ 2018- ൽ കമ്മീഷൻ ചെയ്തു. നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന വൈദ്യുത പദ്ധതികൾ പൂർത്തിയാക്കുമ്പോൾ 193.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ സാധിക്കും.

സ്വകാര്യ മേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിലെ സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റിയും ഹൈ ലെവൽ ഇവാല്യേഷൻ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ കാലാകാലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കു ന്നതിന് നേരിടാറുള്ള തടസ്സങ്ങൾ വേണ്ടവിധം അവലോകനം ചെയ്ത് നടപടികൾ സ്വീകരിക്കാറുണ്ട്.

ഒരു പദ്ധതി നിർമ്മാണം ആരംഭിക്കുമ്പോൾ നിലവിലെ സാഹചര്യങ്ങൾ അനുസരിച്ചാണ് ഇതിന്റെ പൂർത്തീകരണ തീയതി അനുമാനിക്കുന്നത്. എന്നാൽ പദ്ധതി നിർവഹണത്തിന് ഇടയിൽ നിരവധി പ്രതിലോമ സാഹചര്യങ്ങൾ ഉണ്ടാകാനും അത് പദ്ധതി നിർവ്വഹണത്തിന്റെ കാലാവധി നീട്ടാൻ കാരണമായേക്കും. മനഃപൂർവ്വമായ കാരണങ്ങളാൽ കെ. എസ്. ഇ. ബി. ലിമിറ്റഡ്-ന്റെ ഒരു പദ്ധതിയും മുടങ്ങിക്കിടക്കുന്നില്ല. എന്നതിനാൽ വൈദ്യുതി ഉല്പാദന നഷ്ടം സാങ്കല്പികം മാത്രമാണ്.

## ദ്യുതി 2021 പദ്ധതി

215 (586) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി 'ദ്യുതി 2021' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം വിതരണ മേഖലയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) വൈദ്യുതി മേഖലയിൽ ഉണ്ടാകുന്ന അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരി ക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി 'ദ്യുതി 2021' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 'ദ്യുതി 2021' പദ്ധതി പ്രകാരം വിതരണ മേഖലയിൽ 4,035.57 കോടി രൂപയുടെ 7626 പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

(സി) 'ദ്യുതി 2021' എന്ന പദ്ധതിയിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക വഴി (റീ-കണ്ടക്റ്ററിംഗ് വർക്കുകൾ) വൈദ്യുതി കമ്പികൾ പൊട്ടിവീണ് അപകടം ഉണ്ടാകാനുള്ള സാധ്യത ഇല്ലാതാകും. ഇതിന് പുറമേ പുരയിടങ്ങൾക്ക് കുറുകെ കടന്നു പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിൽ അവ മാറ്റിസ്ഥാപിക്കുക എന്ന പ്രവൃത്തിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എബിസി) ഉപയോഗിക്കുന്ന വർക്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വർക്കുകളും ഗുണനിലവാരം ഉറപ്പാക്കണം എന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എനർജി ഓഡിറ്റിംഗ് നടത്തുന്നതിന് നടപടി

216 (587) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി ഓഡിറ്റിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ രംഗത്ത് എനർജി മാനേജ്മെന്റ് സെന്റർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എല്ലാ സിവിൽ സ്റ്റേഷനുകളിലും മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഊർജ്ജ സംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾക്കും ഗവേഷണങ്ങൾക്കുമായി എന്തെല്ലാം സാമ്പത്തിക സാങ്കേതിക സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാർ പാസ്സാക്കിയ ഊർജ്ജസംരക്ഷണ നിയമം 2001 (Energy Conservation Act 2001) പ്രകാരം 12 തരങ്ങളിൽപ്പെട്ട വൻകിട വ്യവസായശാലകളെ നിയുക്ത ഉപഭോക്താക്കളായി (Designated Consumers) പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം 9 വ്യവസായശാലകളാണ് കേരളത്തിലുള്ളത്. ഇത്തരം സ്ഥാപനങ്ങളിൽ ഓരോ മൂന്നു വർഷം കൂടുമ്പോഴും ഊർജ്ജ ആഡിറ്റ് നിർബന്ധമായും നടത്തേണ്ടതാണ്. ഇത്തരം ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി 200 - ൽ അധികം അക്രെഡിറ്റഡ് എനർജി ഓഡിറ്റേഴ്സിനെ (Accredited Energy Auditors) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദവിവരങ്ങൾ ബി.ഇ.ഇ.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം വ്യവസായ ശാലകളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയ റിപ്പോർട്ട് ബി.ഇ.ഇ. -യിലും എനർജി മാനേജ്മെന്റ് സെന്ററിലും സമർപ്പിക്കേണ്ടതാണ്. കൂടാതെ ഈ സ്ഥാപനങ്ങളിൽ ബി.ഇ.ഇ.-യുടെ Certified Energy Manager സർട്ടിഫിക്കേഷനുള്ള വ്യക്തിയെ എനർജി മാനേജരായി നിയമിക്കേണ്ടതാണ്.

സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ ഇ.എം.സി.-യുടെ website- ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരം എനർജി ഓഡിറ്റ് സ്ഥാപനങ്ങൾ വൻകിട ഊർജ്ജ ഉപഭോക്തൃ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ടിന്റെ പകർപ്പ് ഇ.എം.സി.-യിൽ സമർപ്പിക്കേണ്ടതാണ്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ എനർജി ഓഡിറ്റിംഗ് നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പട്ടികയിൽ സംസ്ഥാന വൈദ്യുതി ബോർഡിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എസ്കോട്ട് വിഭാഗം എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കെ.എസ്.ഇ.ബി.എൽ. എനർജി ഓഡിറ്റിംഗ് നടത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെകൊടുക്കുന്നു:

1. ജൂബിലി ഹോസ്പിറ്റൽ, തിരുവനന്തപുരം
2. സതേൺ എയർ കമാൻഡ് ഓഫീസ് കെട്ടിടം, ആക്കുളം, തിരുവനന്തപുരം
3. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോളജിക്കൽസ്, പാലോട്
4. കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ആശുപത്രി
5. ക്വസ്റ്റ്, ടെക്നോപാർക്ക്, തിരുവനന്തപുരം
6. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം
7. ജില്ലാ പഞ്ചായത്ത് ഓഫീസ് പട്ടം, തിരുവനന്തപുരം
8. ഡയറക്ടറേറ്റ് ഓഫ് ഡയറി ഡെവലപ്മെന്റ്(ക്ഷീരഭവൻ) - തിരുവനന്തപുരം
9. മിൽമ ഭവൻ, പട്ടം, തിരുവനന്തപുരം
10. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
11. സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്, തിരുവനന്തപുരം
12. യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം കാമ്പസ്, തിരുവനന്തപുരം

സബ് സ്റ്റേഷൻ ഊർജ്ജ ഓഡിറ്റിംഗിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ 220 കെ.വി. സബ് സ്റ്റേഷൻ ഇടപ്പോണിലെ വർക്കുകൾ പൂർത്തീകരിച്ചു.

കൂടാതെ കാർഷിക മേഖലയിൽ എനർജി ഓഡിറ്റിംഗിന്റെ ഭാഗമായി പെട്ടിപ്പറ സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള സബ്മേഴ്സിബിൾ പമ്പിംഗ് സമ്പ്രദായം നടത്തിവരുന്നു.

(ബി) വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഇ.എം.സി.-യിൽ ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിദഗ്ദ്ധ സമിതിയുടെ മേൽനോട്ടത്തിൽ അവലോകനം ചെയ്യുകയും അതിന്റെ റിപ്പോർട്ട് അതുമായി ബന്ധപ്പെട്ട ഉപഭോക്തൃ സ്ഥാപനത്തിനും ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിനും നൽകുന്നതാണ്. ഊർജ്ജ ഓഡിറ്റിംഗ് സുഗമമാക്കുന്നതിനായി "എനർജി ഓഡിറ്റ് മാന്വൽ" എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽപ്പെടുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി ചെലവാകുന്ന തുകയുടെ 50 ശതമാനം (50,000 രൂപ വരെ) എനർജി ഓഡിറ്റ് സബ്സിഡി സ്കീം പ്രകാരം ഇ.എം.സി. -യിൽനിന്നും നൽകിവരുന്നു.

ചെറുകിട വൈദ്യുതി ഉപഭോക്താക്കൾക്ക് (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നിലവിൽ ഉണ്ട്. ഇതുപ്രകാരം 30 കിലോ വാട്ടിൽ അധികം കണക്റ്റഡ് ലോഡ് വരുന്ന കെട്ടിടങ്ങളിലും 50 കിലോ വാട്ടിൽ അധികം വരുന്ന ചെറുകിട വ്യാവസായിക ഉപഭോക്താക്കൾക്കും പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഈ പദ്ധതി പ്രകാരം ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിന് 10,000 രൂപ നൽകി വരുന്നു. 3 kW മുതൽ 9 kW വരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വൈദ്യുത ഉപഭോക്താക്കൾക്ക് 3,000 രൂപയും 10 kW മുതൽ 19 kW വരെ 5,000 രൂപയും 20 kW മുതൽ 29 kW വരെ 7,500 രൂപയുമാണ് ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിന് പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം പ്രകാരം നൽകിവരുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് താഴെപ്പറയുന്ന സിവിൽ സ്റ്റേഷനുകളിൽ എനർജി ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

1. കൊല്ലം
2. പത്തനംതിട്ട
3. ആലപ്പുഴ
4. കോട്ടയം
5. എറണാകുളം

6. തൃശ്ശൂർ
7. പാലക്കാട്
8. കോഴിക്കോട്
9. കണ്ണൂർ.

മറ്റ് സിവിൽ സ്റ്റേഷനുകളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഇ.എം.സി.-യിൽ ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സർക്കാർ കെട്ടിടങ്ങളിൽ ചില ഊർജ്ജ ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ് ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം
9. മൻമോഹൻ ബംഗ്ലാവ്, തിരുവനന്തപുരം.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം മെഡിക്കൽ കോളേജ് (ഒരു കോടി രൂപ)
2. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷനുകൾ (10 ലക്ഷം രൂപ വീതം)

ഇതുകൂടാതെ താഴെപ്പറയുന്ന സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

1. അനെർട്ട് ഹെഡ്ക്വാർട്ടേഴ്സ്
2. AG's ഓഫീസ്
3. എം.സി. ചെറിയാൻ മെമ്മോറിയൽ താലൂക്ക് ഹോസ്പിറ്റൽ ഹെഡ്ക്വാർട്ടേഴ്സ്, റാന്നി
4. മാർക്കറ്റ് ഫെഡ് ഓഫീസ് കെട്ടിടം, കൊച്ചി
5. ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ്, തിരുവനന്തപുരം
6. തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റ് ബിൽഡിംഗ്
7. കേരള ആയുർവേദിക് & റിസർച്ച് സ്റ്റഡീസ്, കോട്ടയ്ക്കൽ.

(ഡി) ഊർജ്ജസംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾക്കും ഗവേഷണങ്ങൾക്കുമായി താഴെപ്പറയുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങളാണ് നൽകിവരുന്നത്.

ഊർജ്ജസംരക്ഷണത്തിനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സാങ്കേതിക ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് ഗവേഷണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

ഊർജ്ജ കാര്യക്ഷമതയും ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

## വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

217 (588) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നറിയിക്കാമോ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി സബ്സിഡി നിരക്കിൽ എൽ ഇ ഡി ബൾബ് വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് പുനരാരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ചെറുകിട ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW) പെരുന്തേനരുവി (6 MW) കക്കയം (3 MW) എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തു. ഇത് വഴി 12.6 MW വൈദ്യുതി അധികമായി ഉത്പ്പാദിപ്പിക്കുവാൻ സാധിച്ചു. കൂടാതെ, കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ അപ്പർ കല്ലാർ (2 MW), പഴശ്ശിസാഗർ (7.5 MW), ചിന്നാർ (24 MW) പെരുവണ്ണാമൂഴി (6 MW) എന്നീ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 2015 മുതൽ മുടങ്ങിക്കിടന്നിരുന്ന 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട, 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, തോട്ടിയാർ (40 MW) എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചു.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗരപദ്ധതി പ്രകാരം കേരളത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതിശേഷി കൂട്ടിച്ചേർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിനുള്ളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

"സൗര" പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട് സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മൊഗാവാട്ട് വാണിജ്യം - വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

2019 മധ്യത്തോടെ സൗരപദ്ധതിയിൽനിന്നുള്ള വൈദ്യുതോത്പ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ, കാസർഗോഡ് സോളാർ പാർക്കിൽനിന്നും നിലവിലുള്ള 50 മെഗാവാട്ടിന് പുറമേ മറ്റൊരു 50 മെഗാവാട്ട് കൂടി വാങ്ങുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ [THDCIL (Their Hydro Development Corporation

India Limited]- മായി വൈദ്യുതി വാങ്ങൽ കരാർ റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.എച്ച്.പി.സി. മുഖേന 10 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ അന്തിമമാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

കൂടാതെ, വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചുനൽകിയ പദ്ധതികളിൽ പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉദ്ഘാടനം ചെയ്തു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

- കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. 10 kW ന്റെ രണ്ട് വോർടെക്സ് ടർബയിനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.
- 5 kW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.
- 4 kW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗ സങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ 50 -തിലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(1) <u>സൗര ഊർജ്ജ കേരള മിഷൻ</u>

'ഊർജ്ജ കേരള മിഷൻ' പദ്ധതിപ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ

ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) <u>സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ</u>

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർസ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. ഇതിന് സബ്സിഡി ലഭ്യമാണ്.

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി സബ്സിഡി നിരക്കിൽ എൽ.ഇ.ഡി. ബൾബ് വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ഊർജ്ജ കേരള മിഷൻ പദ്ധതിയായ 'ഫിലമെന്റ് രഹിത കേരളം' പദ്ധതിയിൽ ഫ്ലൂറസെന്റ് ലാമ്പുകളും ട്യൂബുകളും മാറ്റി എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളുമാക്കുന്നതിന് ലക്ഷ്യമിടുന്നു.

## വൈദ്യുതി വിതരണ രംഗത്തെ പരിഷ്കാരങ്ങൾ

218 (589) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതി വിതരണ രംഗത്ത് ഈ സർക്കാർ എന്തെല്ലാം പുതിയ പരിഷ്കാരങ്ങൾ/പദ്ധതികൾ നടപ്പിലാക്കി; ഇവയുടെ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള സർക്കാർ 24-6-2016-ന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തീകരിച്ച് 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ 100 ചതുരശ്രമീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാനും 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും തീരുമാനിച്ചു.

2021-ാടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ "ദ്യുതി 2021"- പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുവാനുള്ള സംവിധാനം, വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന ഊർജ്ജ-ദൂത് പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജസൗഹൃദ പദ്ധതി എന്നിവ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കാൻ സഹായിച്ചു. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ, മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, വൈദ്യുതി ബിൽ തുക ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട് വരവ് വയ്ക്കുന്ന നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് പദ്ധതി, ജനസേവന കേന്ദ്രങ്ങൾ വഴി വൈദ്യുതിബിൽ ഓൺലൈൻ ആയി അടയ്ക്കാനുള്ള സൗകര്യം എന്നിവ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനായി

ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ വരേണ്ടിയിരുന്ന സ്ഥിതി ഒഴിവാക്കി. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം ടോൾ ഫ്രീ ആക്കുകയും Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഹൈടെൻഷൻ/എക്സ്ട്രാ ഹൈ ടെൻഷൻ വൈദ്യുതി കണക്ഷൻ അപേക്ഷകൾ ഏകജാലക സംവിധാനം വഴി ഓൺലൈനായി സമർപ്പിക്കുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കാൻ നടപടി

219 (590) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ മേഖലയിലെ നഷ്ടം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ബി) ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ആലോചിക്കുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുത പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവമാറ്റി പുതിയവ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കി. കൂടാതെ ആധുനികവത്കരണത്തിന്റെ ഭാഗമായി ജി.ഐ.എസ്. സബ്സ്റ്റേഷനുകൾ, 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം 2021-22 -നകം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

## വൈദ്യുതി ഉത്പാദനത്തിലുണ്ടായ കുറവ് പരിഹരിക്കാൻ നടപടി

220 (591) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയം മൂലം വൈദ്യുതി ഉത്പാദനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അടുത്ത വേനൽക്കാലത്ത് സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(ബി) പ്രളയംമൂലം വൈദ്യുതി ഉത്പാദനത്തിൽ കുറവ് ഉണ്ടായെങ്കിലും ആ സമയത്ത് വൈദ്യുതി ഉപഭോഗത്തിലുണ്ടായ കുറവുകാരണം ഇത് ഒരു പ്രശ്നമായി തീരുകയുണ്ടായില്ല.

ലോവർ പെരിയാർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട വൈദ്യുത നിലയങ്ങളിൽ എല്ലാം പെട്ടെന്നുതന്നെ ഉത്പാദനം പുനരാരംഭിക്കാൻ സാധിച്ചു. ഏതാനും ചെറുകിട വൈദ്യുത പദ്ധതികളിൽ മാത്രമാണ് ഉത്പാദനം പുനരാരംഭിക്കാൻ കാലതാമസം നേരിട്ടത്. ഇതുമൂലം കാര്യമായ ഉത്പാദനക്കുറവ് ഉണ്ടായിട്ടില്ല. എന്നാലും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങി ഉത്പാദനത്തിലുണ്ടായ കുറവ് പരിഹരിച്ചിട്ടുണ്ട്.

## വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദനം

221 (592) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-ക്ക് നല്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2019 ജനവരി 23 വരെ സൗര പദ്ധതിയിൽ 1,21,260 പേർ രജിസ്റ്റർ ചെയ്തു. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* ടെണ്ടറിംഗിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 2022-ഓടെ 500 മെഗാവാട്ട് പുരപ്പുറ സോളാർ വൈദ്യുതി ഉത്പ്പാദിപ്പിക്കാനാണ് സൗര പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

## ഒറ്റശേഖരമംഗലത്ത് ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി

222 (593) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ, ഒറ്റശേഖരമംഗലത്ത് ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പുതുതായി എത്ര സബ്സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ, ഒറ്റശേഖരമംഗലത്ത് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച സബ്സ്റ്റേഷനുകൾ അനുബന്ധമായി ചേർക്കുന്നു*.

## വൈദ്യുതി നിരക്ക് വർദ്ധന

223 (594) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) നിലവിലെ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വർദ്ധനവ് വിവിധ ഉപഭോക്താക്കൾക്ക് എപ്രകാരമാണെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഒരു തവണ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ (23-1-2019) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഒരു തവണയാണ് വൈദ്യുതി നിരക്ക് സ്വമേധയാ (സുവോ-മോട്ടോ) വർധിപ്പിച്ചത്.

(ബി) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കാനുള്ള അധികാരമുള്ളത്. കമ്മീഷൻ പുറപ്പെടുവിച്ച 2018- ലെ താരിഫ് റഗുലേഷൻ അനുസരിച്ച് 2018-19, 2020-21 എന്നീ വർഷങ്ങളിൽ താരിഫ് പരിഷ്കരണത്തിനുള്ള അപേക്ഷ കെ.എസ്.ഇ.ബി.ലിമിറ്റഡ് 31-10-2018-ൽ കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയിൽ അന്തിമ തീരുമാനം കമ്മീഷൻ ഇതുവരെ (23-1-2019) നൽകിയിട്ടില്ല.

**വൈദ്യുതി നിരക്ക് കൂട്ടണമെന്ന നിർദ്ദേശം**

224 (595) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. എം. വിൻസെന്റ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ബോർഡിന് എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിക്കുന്ന വിധത്തിൽ നിരക്ക് കൂട്ടണമെന്ന നിർദ്ദേശമാണ് റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്;വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശം പൂർണ്ണതോതിൽ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ നിരക്ക് വർദ്ധനവ് ബോർഡിന്റെ നഷ്ടം എത്രമാത്രം കുറയ്ക്കുവാൻ സഹായകരമാണ്;വിശദമാക്കുമോ;

(ഇ) പാഴ് ചെലവ് കുറച്ച് ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിന് പകരം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ച് പാവപ്പെട്ടവരെയും സാധാരണക്കാരെയും ബുദ്ധിമുട്ടിക്കുന്നത് സർക്കാരിന്റെ നയത്തിന് വിരുദ്ധമാണെന്നു കരുതുന്നുണ്ടോ;

(എഫ്) പ്രളയത്തിൽ ദുരിതമനുഭവിച്ചവരിൽനിന്നും വൈദ്യുതി ബോർഡ് അമിത നിരക്ക് ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം 1,101.72 കോടി രൂപയുടെയും 2021-22 -ൽ 700.44 കോടി രൂപയുടെയും അധികവരുമാനം പ്രതീക്ഷിക്കുന്ന നിരക്ക് പരിഷ്കരണത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്.

(സി) വൈദ്യുതി ബോർഡ് സമർപ്പിച്ച കണക്കുകളിൽ കമ്മീഷന്റെ പരിശോധന നടന്നുവരുന്നു.

(ഡി) പുതിയ വൈദ്യുതി നിയമം 2003 നടപ്പിൽ വന്നതിനുശേഷം 2012, 2013, 2014, 2017 എന്നീ വർഷങ്ങളിൽ താരിഫ് പുതുക്കിയിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന കമ്മിയുടെ ഒരു അംശം നികത്താൻ മാത്രമാണ് താരിഫ് പരിഷ്കരണത്തിൽ അനുവദിച്ചിരുന്നത്. അന്ന് അമിതമായ തോതിൽ താരിഫ് വർദ്ധനവ് ഉണ്ടാകാതിരിക്കാനാണ് ഇത് ചെയ്തത്. ബാക്കി തുക പിൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കപ്പെട്ടു. ഇപ്രകാരം മാറ്റിവയ്ക്കപ്പെട്ട തുക 2018 മാർച്ച് ആയപ്പോഴേയ്ക്കും 5,645 കോടി രൂപയായി ഉയർന്നു. അത് വൈദ്യുതി ബോർഡിന്റെ കട ബാധ്യത അമിതമായി വർദ്ധിക്കാൻ ഇടയാക്കി. 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ പഴയ റവന്യൂ കമ്മി ഏഴുവർഷം കൊണ്ട് താരിഫ് പരിഷ്കരണത്തിലൂടെ നികത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ (2018-19 മുതൽ 2021-22 വരെ) പഴയ കമ്മിയുടെ ഏഴിൽ ഒന്ന് അംശവും പലിശയും അടക്കം യഥാക്രമം 1,100.07 കോടി, 13,99.05 കോടി, 2,065.28 കോടി, 2,518.92 കോടി രൂപയുടെ കമ്മിയും വരും എന്നാണ് കണക്കാക്കപ്പെടുന്നത്. ഭാവിയിൽ അതാത് വർഷങ്ങളിലെ മേൽ കണക്കാക്കിയ കമ്മി നികത്തുന്ന വിധമാണ് താരിഫ് പരിഷ്കരണത്തിന് അപേക്ഷിച്ചിട്ടുള്ളത്.

(ഇ) പാഴ്ച്ചെലവ് കുറയ്ക്കുന്നതിനും നഷ്ടം നികത്തുന്നതിനും വൈദ്യുതി ബോർഡ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. വികസന പദ്ധതികൾക്കായി കുറഞ്ഞ പലിശനിരക്കിൽ പണം കണ്ടെത്തിയും ഋണബാധ്യത പ്രതിസ്ഥാപിച്ചും (ഡെബ്റ്റ് സ്വാപ്പിങ്), പ്രവർത്തന പരിപാലന ചെലവുകൾ പരമാവധി കുറച്ചും മാനവശേഷി പരമാവധി വിനിയോഗിച്ചും വിവിധ സർക്കാർ സംരംഭങ്ങൾക്ക് കൺസൾട്ടൻസി നൽകുക മുതലായ പുതിയ വരുമാന മാർഗ്ഗങ്ങൾ തേടിയും ആധുനിക രീതിയിൽ ഓൺലൈൻ വഴി പണം അടയ്ക്കാൻ പ്രോത്സാഹിപ്പിച്ചും എന്നിങ്ങനെ വിവിധ രീതികളിലാണ് കമ്മി കുറച്ചുവരുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങൾ കൊണ്ടുമാത്രം പൊതുവില വർദ്ധനവിന് അനുസരിച്ചുണ്ടാവുന്ന അധിക ചെലവുകൾ സൃഷ്ടിക്കുന്ന റവന്യൂ കമ്മി നികത്താൻ കഴിയില്ല.

മാത്രമല്ല ഭാവിയിൽ എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരത്തിൽ വൈദ്യുതി എത്തിക്കുന്നതിന് നിലവിലുള്ള വൈദ്യുതി പ്രസരണ വിതരണ ശൃംഖലയും പുനർനവീകരണീയ ഊർജ്ജ സ്രോതസ്സുകളും വൻതോതിൽ വികസിപ്പിക്കേണ്ടതുണ്ട്. അതിനായി പതിനായിരം കോടി രൂപ മുതൽമുടക്കുവേണ്ട ട്രാൻസ്ഗ്രിഡ് 2.0, നാലായിരം കോടി രൂപയുടെ ദ്യുതി-2021, സൗര തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ മുതൽമുടക്കും ആയത് താരിഫിലൂടെ ദീർഘ കാലയളവിലായി ഈടാക്കുന്നതും അനിവാര്യമായി വരും. എങ്കിലും, മുൻകാലത്ത് (2017 മാർച്ച് മുതൽ 2018 നവംബർ വരെ) ഉണ്ടായ ശരാശരി ഉപഭോക്തൃ വില സൂചിക വർദ്ധനവുമായി (9.82%) താരതമ്യം ചെയ്യുമ്പോൾ ബോർഡ് അനുവദിക്കണം എന്ന ആവശ്യപ്പെട്ട ശരാശരി വിതരണ ചെലവ് (ആവറേജ് കോസ്റ്റ് ഓഫ് സപ്ലൈ) വർദ്ധനവ് (8.70%) കുറവാണ് എന്ന് കാണാം.

(എഫ്) പ്രളയ ബാധിതരിൽനിന്ന് വൈദ്യുതി ബോർഡ് അധിക ചാർജ്ജുകൾ ഒന്നും തന്നെ ഈടാക്കിയിട്ടില്ല. പ്രളയ കാലത്ത് വൈദ്യുതി ബോർഡിന് ഗണ്യമായ (ഏകദേശം 352 കോടി രൂപയുടെ) നഷ്ടം ഉണ്ടായിരുന്നിട്ടും ബോർഡ് വൈദ്യുതി യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിക്കുകയും താഴെപ്പറയുന്ന വിവിധ ഇളവുകൾ നൽകുകയും ചെയ്തിട്ടുണ്ട്:

(1) പ്രളയത്തിനുശേഷം എടുത്ത മീറ്റർ റീഡിംഗ് പ്രകാരമുള്ള ഒരു തവണത്തെ ബിൽ നൽകുന്നത് പൂർണ്ണമായും ഒഴിവാക്കി

(2) പ്രളയബാധിത പ്രദേശങ്ങളിൽ അർഹതപ്പെട്ടവർക്ക് റീ-കണക്ഷൻ ഫീയും സർചാർജ്ജും ഒഴിവാക്കി

(3) പ്രളയത്തിനുമുമ്പ് നൽകിയ ബില്ലിലെ വിച്ഛേദന തീയതി 31-1-2019 വരെ നീട്ടി നൽകി.

(4) ആ ബില്ലുകൾ തവണ വ്യവസ്ഥയിൽ അടയ്ക്കാൻ അനുവദിച്ചു.

**സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി**

225 (596) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷൻ മുഖേന കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിച്ച് സൗരോർജ്ജത്തിൽനിന്നും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി, ഈ പദ്ധതിയിൽ എത്ര ഗാർഹിക ഉപഭോക്താക്കൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട് എന്നിവ വ്യക്തമാക്കാമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; ഇതിനായി ബാങ്ക് വായ്പ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) സൗരോർജ്ജ പദ്ധതിയിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിനായി ജനങ്ങളിൽ അവബോധം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

ഉത്തരം

(എ) 23-1-2019 വരെ ഊർജ്ജ വകുപ്പിന് കീഴിലുള്ള സൗര പദ്ധതിയിൽ 121260 പേർ രജിസ്റ്റർ ചെയ്തു. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു. ടെണ്ടറിംഗിനായുള്ള നടപടികൾ പുരോഗമിക്കുന്നു. 98144 ഗാർഹിക ഉപഭോക്താക്കൾ നിലവിലെ കണക്ക് പ്രകാരം താത്പര്യം പ്രകടിപ്പിച്ചതായി കാണുന്നു.

(ബി) സൗര പദ്ധതിയുടെ ഭാഗമായി പുരപ്പുറം വിട്ടുനൽകുന്നവർക്ക് സൗജന്യമായി സോളാർ പാനലുകൾ വച്ചുനൽകുകയും അതിൽനിന്നുള്ള വൈദ്യുതിയുടെ നിശ്ചിത ശതമാനം ഉപഭോക്താവിന് നൽകാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന സഹായങ്ങളാണ് നൽകിവരുന്നത്.

അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഉണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. നിലവിൽ ആകെ 10 MW പദ്ധതികൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇത്രയും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് അധിക പദ്ധതികൾക്ക് സബ്സിഡി നൽകാനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സൗര പദ്ധതി സംബന്ധിച്ച് ഉപഭോക്താക്കൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതിയുടെ ഗുണഗണങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കിക്കുന്നതിനും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കേരളത്തിലെ 25 ഇലക്ട്രിക്കൽ സർക്കിളുകൾവഴി സൗരയുടെ നോട്ടീസ് വിതരണവും മറ്റ് പരസ്യപ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഇതിനുപുറമേ www.sourakseb.in എന്ന വെബ്സൈറ്റ് ആരംഭിക്കുകയും വിവിധ സാമൂഹ്യമാധ്യമങ്ങളിലൂടെ വലിയ തോതിലുള്ള പ്രചരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

സൗരോർജ്ജ പദ്ധതിയിലേയ്ക്ക് പൊതുജനങ്ങളെ ആകർഷിക്കുന്നതിനായി ജനങ്ങളിൽ അവബോധം നൽകുന്നതിന് അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരുകയും ചെയ്യുന്നു. അനെർട്ട് സജ്ജമാക്കയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിനായി പൊതുജനങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിച്ച് അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ വിവിധ കമ്പനിയുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ കാണുന്നതിനും അവയിൽനിന്നും ഇഷ്ടപ്പെട്ടവ തെരഞ്ഞെടുക്കുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇ-ബാങ്കിംഗ് സംവിധാനം മുഖേന പേമെന്റ് ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

## വൈദ്യുതി ബോർഡ് നടപ്പാക്കുന്ന സൗരപദ്ധതി

226 (597) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നടപ്പാക്കുന്ന സൗരപദ്ധതി വിശദീകരിക്കാമോ;

(ബി) ഇത് വഴി ഉപഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; വ്യക്തമാക്കുമോ;

(സി) സൗര പദ്ധതിയിലൂടെ ഓരോ മാസവും ഒരു ഉപഭോക്താവിന് ശരാശരി എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ;

(ഡി) ബോർഡ് വഴി സംസ്ഥാനത്ത് കൂടുതൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഉത്തരം

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൻ കീഴിൽ സോളാർ വൈദ്യുതി ഉത്പ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മൊഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. കൂടാതെ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം -വ്യവസായം തുടങ്ങിയ മറ്റ് സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

(ബി) നിലവിലെ കമ്പോള നിരക്കിനേക്കാൾ കുറഞ്ഞ ചെലവിൽ സോളാർ നിലയം സ്വന്തമാക്കുന്നതിനും മൂലധനമുടക്കില്ലാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന്റെ ഉത്പാദകനാവാനും നിലവിലെ വൈദ്യുത ചാർജ്ജ് കുറയ്ക്കാനും ഉപഭോക്താക്കൾക്ക് അവസരം ലഭിക്കുന്ന തരത്തിലാണ് 'സൗര' വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്.

(സി) 1 കിലോവാട്ട് ശേഷിയുള്ള 'സൗര' നിലയത്തിൽനിന്ന് മാസം ഏകദേശം 100 യൂണിറ്റ് വരെ വൈദ്യുതി ഉത്പ്പാദിപ്പിക്കാനാകും.

(ഡി) അനെർട്ടിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 500 മെഗാവാട്ട് പുരപ്പുറ സോളാറും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളിൽനിന്ന് മറ്റൊരു 500 മെഗാവാട്ടും 2021-ഓടെ ഉത്പ്പാദിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

## സോളാർ വൈദ്യുതി

227 (598) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; ഇത് ഫലപ്രാപ്തിയിലെത്തിയ്ക്കുവാൻ കഴിയുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) അനർട്ടിന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ;

(സി) അനർട്ടിന്റെ പ്രവർത്തനം സജീവമല്ല എന്ന വിലയിരുത്തൽ വസ്തുതാപരമാണോ; നിലവിൽ അനർട്ട് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഊർജ്ജ കേരള മിഷനു കീഴിലുള്ള 'സൗര' പദ്ധതിയിലൂടെ അനെർട്ടിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 500 മെഗാവാട്ട് പുരപ്പുറ സോളാറും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളിൽനിന്ന് മറ്റൊരു 500 മെഗാവാട്ട് 2021 ഓടെ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. 23-1-2019 വരെ സൗര പദ്ധതിയിൽ 1,21,260 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സോളാർ വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിന് ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ</u>:- വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോ വാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കാൻ അനെർട്ട് ചുവടെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. <u>ബൈ മൈ സൺ 'വെബ് പോർട്ടൽ '</u>

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും വിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

2. <u>അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ</u>

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും അറ്റകുറ്റ പണികൾ ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക സേവനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജക മണ്ഡലത്തിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. <u>സൗര വീഥി മൊബൈൽ ആപ്ലിക്കേഷൻ</u>

സൗര വീഥി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

4. <u>ടെക്നീഷ്യൻമാർക്ക് ഇൻഷ്വറൻസ്</u>

ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള അക്ഷയ ഊർജ രംഗത്തെ ടെക്നീഷ്യൻമാർക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

5. <u>ഹെൽപ്പ് ലൈൻ</u>

അക്ഷയ ഊർജ്ജ രംഗത്ത് അനെർട്ടുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് അറിയുന്നതിനും പൊതുജനങ്ങളുടെ സംശയങ്ങളും പരാതികളും നേരിട്ട് കേൾക്കുന്നതിനും അവർക്ക് യഥാസമയം കൃത്യമായ മറുപടി നൽകുന്നതിനും അവരുടെ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി അനെർട്ട് കേന്ദ്ര ഓഫീസിൽ 1800 425 1803 എന്ന ടോൾ ഫ്രീ നമ്പർ സജ്ജമാക്കിയിട്ടുണ്ട്.

(ബി) അനെർട്ടിന്റെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. അതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. 30 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന അനെർട്ടിന്റെ പുനഃസംഘടന നടത്തുന്നതിനുള്ള പഠനത്തിനായി കേരള സർക്കാരിന്റെ മാനേജ്മെന്റ് വിദഗ്ദ്ധ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരമുള്ള പുന:സംഘടനാ റിപ്പോർട്ടിൽ നടപടി സ്വീകരിച്ചുവരുന്നു.

2. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റിനോടനുബന്ധിച്ച് സംസ്ഥാന തലത്തിലുള്ള പരിശീലന കേന്ദ്രം വിഭാവന ചെയ്യുന്നുണ്ട്.

3. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിലൂടെ പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാ വാട്ട് വൈദ്യുതിയും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) എല്ലാ ഏജൻസികളും കൂടിച്ചേർന്ന് കാറ്റിൽനിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

4. ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും വിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട്

പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. 'ബൈ മൈ സൺ' പ്രവർത്തനം ആരംഭിച്ച് 150 ദിവസം തികയുന്ന 23-1-2019 വരെ 33 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് പൊതുജനങ്ങളിൽനിന്നും രജിസ്ട്രേഷൻ ലഭിക്കുകയും അതിൽ 17 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുകയുമുണ്ടായി.

5. ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ അനെർട്ടിന്റെ പ്രവർത്തന ഫലമായി 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

6. പരസ്യ പ്രചാരണം.

സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽകൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തിവരികയും ചെയ്യുന്നു.

(സി) അനെർട്ടിന്റെ പ്രവർത്തനം സജീവമല്ല എന്ന വിലയിരുത്തൽ വസ്തുതാപരമല്ല. നിലവിൽ അനെർട്ട് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗര-ഊർജ്ജ കേരള മിഷൻ

ഊർജ്ജ കേരള മിഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള 'സൗര' പദ്ധതിപ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. ഇത് അനെർട്ടും കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്തമായി നടപ്പിലാക്കുന്നതാണ്.

2. ഓൺ ഗ്രിഡ് സോളാർ പവർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ഗുണഭോക്താക്കൾക്ക് എത്തിക്കുന്നു. വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്ക് കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാണ്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആകെ

10 MW ശേഷിക്കാണ് നിലവിൽ കേന്ദ്രസർക്കാർ സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇത്രയും പദ്ധതികൾ പൂർത്തിയാവുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ സബ്സിഡി ലഭിക്കുന്നതിന് കേന്ദ്രസർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

3. സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തെ 199 സർക്കാർ ഓഫീസ് കെട്ടിടങ്ങളിൽ വിവിധ പദ്ധതികളിലൂടെ ആകെ 1862 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു.

ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

4. വിൻഡ് എനർജി

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന 3 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടുകൂടി മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ കേരളത്തിൽ അനുയോജ്യമായ സ്ഥലങ്ങളിലെ കാറ്റിന്റെ വേഗത അളക്കുകയും കാറ്റാടി നിലയങ്ങൾ സ്ഥാപിക്കാനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്യുന്നത് അനെർട്ടാണ്. വിവിധ കമ്പനികളെ ഈ രംഗത്തേയ്ക്ക് ആകർഷിപ്പിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്യുന്നതും അനെർട്ട് ആണ്.

## സോളാർ പ്രോജക്ട്

228 (599) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മെഗാവാട്ട് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ടിന് നിലവിൽ എന്ത് ചെലവ് വരുമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സോളാർ പ്രോജക്ടുകളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്;

(സി) സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കുറഞ്ഞ ചെലവ് മാത്രമേ ആവശ്യമുള്ളൂ എന്നിരിക്കെ പ്രസ്തുത പദ്ധതികളോട് ബോർഡ് വിമുഖത കാണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1 മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രോജക്ടിന് നിലവിൽ ഏകദേശം 5.3 കോടി രൂപയോളം ചെലവ് വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായും സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 'സൗര' പദ്ധതിപ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

സോളാർ പാർക്ക് - 150 മെഗാവാട്ട്

ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്

കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്

സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. ഇക്കാര്യത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിമുഖത കാണിക്കുന്നില്ല.

## സൗരോർജ്ജ പാനൽ

229 (600) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുത ഉപഭോഗം എത്ര യൂണിറ്റാണ്; വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച്, വൈദ്യുതി ഉല്പാദിപ്പിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) എത്ര വീടുകളിലാണ് ഇതുവരെ സൗരോർജ്ജ പാനൽ സ്ഥാപിച്ചിട്ടുള്ളത്; സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2019 ജനുവരി മാസം 22-ാം തീയതിയിലെ കണക്കുപ്രകാരം സംസ്ഥാനത്തെ പ്രതിദിന വൈദ്യുത ഉപഭോഗം 63.4689 ദശലക്ഷം യൂണിറ്റാണ്. സൗര പദ്ധതിയുടെ ഭാഗമായി അനെർട്ടിന്റെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 500 മെഗാവാട്ട് പുരപ്പുറ സോളാറും കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളിൽനിന്ന് മറ്റൊരു 500 മെഗാവാട്ടും 2021-ഓടെ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. 23-1-2019 വരെ സൗര പദ്ധതിയിൽ 121260 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി നിലവിൽ 3824 വീടുകളുടെ മുകളിൽ ഗ്രിഡ് കണക്ട്ഡ് മാതൃകയിലും 1075 വീടുകളുടെ മുകളിൽ ഓഫ് ഗ്രിഡ് മാതൃകയിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്ന മാതൃകയിൽ, ഉപഭോക്താവിന്റെ ആവശ്യം കഴിഞ്ഞ് ഗ്രിഡിലേയ്ക്ക് നൽകുന്ന വൈദ്യുതിക്ക് യൂണിറ്റ് ഒന്നിന് കാലാകാലങ്ങളിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പണം നൽകിവരുന്നു. നിലവിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 3 രൂപ 26 പൈസ നിരക്കിലാണ് അത് നൽകിവരുന്നത്. ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്യാത്ത മാതൃകയ്ക്ക് (ഓഫ് ഗ്രിഡ്) ഉപഭോക്താവ് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് 1 രൂപ നിരക്കിൽ ഇൻസന്റീവ് നൽകിവരുന്നു.

അനെർട്ട് മുഖേന 14110 വീടുകളിലാണ് ഇതുവരെ സൗരോർജ്ജ പാനൽ സ്ഥാപിച്ചിട്ടുള്ളത്. സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന ഗ്രിഡ് ബന്ധിത സോളാർ പവർ പ്ലാന്റുകൾക്കും കേന്ദ്ര സർക്കാർ സബ്സിഡി അനെർട്ട് വഴി ലഭ്യമാക്കുന്നുണ്ട്.

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## സൗജന്യമായി സോളാർ പാനലുകൾ

230 (601) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗജന്യമായി വീടുകൾക്ക് മുകളിൽ സോളാർ പാനലുകൾ ഫിറ്റ് ചെയ്യുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സൗരപദ്ധതിപ്രകാരം ഉപഭോക്താക്കളുടെ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ചെലവിൽ സൗര നിലയം സ്ഥാപിക്കുവാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രയോജനം ചുവടെ പറയുന്ന രണ്ട് വ്യത്യസ്ത മാതൃകകളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാവുന്നതാണ്.

I. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിശ്ചിത ശതമാനം സൗജന്യമായി കെട്ടിടമുടമയ്ക്ക് നൽകുന്നു.

II. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ദീർഘകാലത്തേയ്ക്ക് (കരാർ കാലാവധി)നിശ്ചിത നിരക്കിൽ കെട്ടിടമുടമയ്ക്ക് നൽകുന്നു.

**മേൽപ്പുര സൗരോർജ്ജ പാനൽ പദ്ധതി**

231 (602) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മേൽപ്പുര സൗരോർജ്ജ പാനൽ പദ്ധതി എന്തെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനത്തിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു.

(ബി) സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു.

ഇതുകൂടാതെ 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

**വീടുകളിൽ സൗരോർജ്ജ പാനൽ**

232 (603) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് നിലവിൽ ധനസഹായം നൽകി വരുന്നുണ്ടോ;എങ്കിൽ അതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കമ്മി നേരിടുന്ന ഒരു സംസ്ഥാനം എന്ന നിലയ്ക്ക് വീടിന്റെ വലുപ്പം മാനദണ്ഡമാക്കി നിർബന്ധമായും സൗരോർജ്ജ പാനൽ സ്ഥാപിക്കണം എന്നുള്ള വ്യവസ്ഥ ഉണ്ടാക്കാൻ സാധിക്കുമോ?

ഉത്തരം

(എ) അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക്സ് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി വീടിന്റെ പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭ്യമാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ 10 MW പദ്ധതികൾക്കാണ് നിലവിൽ കേന്ദ്രസർക്കാർ സബ്സിഡി ഉള്ളത്. ഈ ശേഷി പൂർത്തിയാവുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾക്ക് സബ്സിഡി ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ട്.

'ബൈ മൈ സൺ' (www.buymusun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടലിൽ രജിസ്ട്രേഷൻ ചെയ്തുകഴിഞ്ഞാൽ സ്ഥലം സന്ദർശിച്ച് സാധ്യതാപരിശോധന നടത്തുന്നു. അതിനുശേഷം ഗുണഭോക്താവിന് വെബ്സൈറ്റിലെ ലിസ്റ്റിലുള്ള കമ്പനിക്ക് ഓർഡർ നൽകാവുന്നതാണ്. എത്ര രൂപയാണ് ആകെ ചെലവ് അതിൽ എത്ര രൂപ സബ്സിഡി ലഭ്യമാകും, ബാക്കി എത്ര രൂപ അടയ്ക്കണം എന്നീ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന ലക്ഷ്യം

233 (604) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജത്തിൽനിന്നുള്ള വൈദ്യുതി ഉല്പാദനം, 2022 -ഓടെ 1870 മെഗാവാട്ട് ശേഷിയാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) നിലവിൽ ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) ജലാശയങ്ങളുടെ മുകൾപരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഇതിനകം എവിടെയൊക്കെ പ്രാവർത്തികമാക്കി; അതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്;വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരുന്ന സോളാർ പദ്ധതികളിൽ, എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്ന് പറയാമോ;

(ഇ) ചീമേനിയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 2021-ഓടെ 1000 മെഗാവാട്ട് സൗരവൈദ്യുതി എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് സൗര പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൗര പദ്ധതിയുടെ ഭാഗമായി അനെർട്ടിന്റെയും കെ.എസ്.ഇ.ബി.ലിമിറ്റഡ്-ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പുരപ്പുറ സോളാർ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ -150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്, വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികളിൽനിന്ന് 500 മെഗാവാട്ട് വൈദ്യുതി താഴെപ്പറയുന്ന രീതിയിൽ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്:

സോളാർ പാർക്ക് - 150 മെഗാവാട്ട്

ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ -100 മെഗാവാട്ട്

കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്

സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട്

(ബി) ഇത് ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയുന്നുണ്ട്. 23-1-2019 വരെ സൗര പദ്ധതിയിൽ 121260 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജലാശയങ്ങളുടെ മുകൾപ്പരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ബാണാസുരസാഗർ അണക്കെട്ടിൽ പ്രാവർത്തികമാക്കി, അതിലൂടെ 0.51 മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഴി കഴിഞ്ഞ 2 വർഷങ്ങളിൽ പൂർത്തിയാക്കിയ സോളാർ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അനെർട്ടിന്റെ 'ബൈ മൈ സൺ' 2018 ജൂൺ 5-ന് പ്രവർത്തനം ആരംഭിച്ച ശേഷം 150 ദിവസത്തിനകം 33 കോടി രൂപയുടെ അക്ഷയ ഊർജ ഉപകരണങ്ങൾക്ക് ഓർഡർ ലഭിക്കുകയും ഇതിൽ 17 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഓർഡർ ലഭിക്കുകയും ഇതിൽ 17 കോടി രൂപയുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതി (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(ഇ) ചീമേനിയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല.

## വൈദ്യുതി ഉൽപ്പാദന രംഗത്തെ സ്വയംപര്യാപ്തത

234 (605) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദന രംഗത്തെ സ്വയംപര്യാപ്തതയ്ക്കായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പാരമ്പര്യേതര പദ്ധതികൾ എന്തെല്ലാമാണ്; വ്യത്യസ്ത മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന് പദ്ധതിയുണ്ടോ;എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതി പാഴാക്കൽ തടയുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ)

1. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ സൗര പദ്ധതി പ്രകാരം കേരളത്തിൽ 1000 മെഗാവാട്ട് സോളാർ വൈദ്യുതി ശേഷി കൂട്ടിച്ചേർക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ചുവടെപ്പറയുന്ന വിവിധ രീതികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ -100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു:

'സൗര' പദ്ധതിപ്രകാരം 500 മെഗാവാട്ട് വൈദ്യുതി ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു:

| | |
|---|---|
| ഗാർഹിക/കാർഷികഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 50 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

ഇതിന്റെ ഭാഗമായി കേരളത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്നും 200 മെഗാവാട്ട് സൗരോർജ്ജം 25 വർഷത്തേയ്ക്ക് വാങ്ങുവാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കാസർഗോഡ് സോളാർ പാർക്കിൽനിന്നും നിലവിലുള്ള 50 മെഗാവാട്ടിന് പുറമെ മറ്റൊരു 50 മെഗാവാട്ട് കൂടി വാങ്ങുവാൻ കേന്ദ്രസർക്കാർ സ്ഥാപനമായ തെരി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ഇന്ത്യ ലിമിറ്റഡ് (THDCIL) മായി വൈദ്യുതി വാങ്ങൽ കരാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി ഏർപ്പെട്ടിട്ടുണ്ട്. കായംകുളത്ത് NTPC-യുടെ കൈവശമുള്ള ഭൂമി/കായൽ ഉപയോഗപ്പെടുത്തി സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

2. സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്കു നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

4. കാറ്റിൽനിന്നുള്ള വൈദ്യുതി

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് നടപ്പിലാക്കിവരുന്നു.

ഇടുക്കിയിലെ രാമക്കൽമേട്ടിൽ അനെർട്ട് നേരിട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന 3 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ട് വിൻഡ് പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.

5. ചെറുകിട ജലവൈദ്യുത പദ്ധതികൾ

സ്വകാര്യ മേഖലവിൽ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയ പദ്ധതികളിൽ പാതംകയം 8MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉദ്ഘാടനം ചെയ്ത പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽ പാതംകയം പദ്ധതിക്ക്

ഇക്കഴിഞ്ഞ മഹാപ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിരുന്നു. ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സെപ്റ്റംബർ അവസാനത്തോടുകൂടി തീരുന്നവിധം നടന്നുകൊണ്ടിരിക്കുകയാണ്.

20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ നടപ്പിലാക്കിയിട്ടുണ്ട്. 10KW ന്റെ രണ്ട് വോർട്ടെക്സ് ടർബയിനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5KW-ന്റെ 5 കൈനറ്റിക് ടർബയിനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

4KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗ സങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ 50 -തിലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സാമ്പത്തിക സഹായത്തതോടെ (CFA) ഗുണഭോക്താക്കൾ വഴി 1KW മുതൽ 5KW-ൽ താഴെയുള്ള പീക്കോ ടർബൈനുകൾ ഏകദേശം 114 ഓളം എണ്ണം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനോടുകൂടിതന്നെ ചിന്നാർ വന്യമൃഗസങ്കേത ത്തിനകത്തെ തായന്നാർ കുടികോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയായ 'സൗര' യിലൂടെ കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായി ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ 500 മെഗാവാട്ട് ചുവടെപ്പറയുന്ന രീതിയിലാണ് നടപ്പിലാക്കുന്നത്.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്

സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

(സി) കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിലെ വൈദ്യുതി പാഴാക്കൽ തടയുന്നതിനായി വിവിധ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുപ്പതിലധികം സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമതാ കെട്ടിടങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി-യുടെ സാമ്പത്തിക സഹായത്തോടെ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സർക്കാർ കെട്ടിടങ്ങളിൽ ചില ഊർജ്ജ ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ്ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം
9. മൻമോഹൻ ബംഗ്ലാവ്, തിരുവനന്തപുരം

ഇതുകൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷനുകളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ സ്ഥാപനങ്ങളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽപ്പെടുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി ചെലവാകുന്ന തുകയുടെ 50 ശതമാനം (50,000 രൂപ വരെ) എനർജി ഓഡിറ്റ് സബ്സിഡി സ്കീം പ്രകാരം എനർജി മാനേജ്മെന്റ് സെന്റർ മുഖേന നൽകിവരുന്നു.

ചെറുകിട വൈദ്യുതി ഉപഭോക്താക്കൾക്ക് (ഗാർഹിക ഉപഭോക്താക്കൾ ഒഴികെ) ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നിലവിൽ ഉണ്ട്. ഇതുപ്രകാരം 30 കിലോ വാട്ടിൽ അധികം കണക്റ്റഡ് ലോഡ് വരുന്ന കെട്ടിടങ്ങളിലും 50 കിലോ വാട്ടിൽ അധികം വരുന്ന ചെറുകിട വ്യാവസായിക ഉപഭോക്താക്കൾക്കും പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് ഈ പദ്ധതിപ്രകാരം ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിന് 10,000 രൂപ നൽകിവരുന്നു. മൂന്ന് KW മുതൽ 9 KW വരെ കണക്റ്റഡ് ലോഡുള്ള ചെറുകിട വൈദ്യുത ഉപഭോക്താക്കൾക്ക് 3,000 രൂപയും 10 KW മുതൽ 19 KW വരെ 5,000 രൂപയും 20 KW മുതൽ 29 KW വരെ 7,500 രൂപയുമാണ് ഓഡിറ്റ് നടത്തുന്ന സ്ഥാപനത്തിന് പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം പ്രകാരം നൽകിവരുന്നത്.

ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജകാര്യക്ഷമത ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം ഈ പഞ്ചായത്തുകളിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജോൽപ്പാദനം

235 (606) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ അഞ്ച് ശതമാനം പാരമ്പര്യേതര മാർഗ്ഗങ്ങളിൽനിന്ന് ഉല്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരുന്നോ എന്നറിയിക്കാമോ; എങ്കിൽ എന്നാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്;

(ബി) നിലവിൽ ഈ മേഖലയിൽനിന്നുള്ള ഉല്പാദനം എത്ര ശതമാനമാണ്;

(സി) ആയത് വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിന് ആവശ്യമായ വൈദ്യുതിയുടെ അഞ്ച് ശതമാനം പാരമ്പര്യേതര മാർഗ്ഗങ്ങളിൽനിന്ന് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കേരളാ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി.) റിന്യൂവബിൾ എനർജി ഭേദഗതി റഗുലേഷൻ 2017 തീയതി 2-11-2017 പ്രകാരം 2016-17 ലേയ്ക്കുള്ള റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (ആർ.പി.ഒ.) 5% (പാരമ്പര്യേതര മാർഗ്ഗങ്ങളിൽനിന്നുള്ള ഉൽപ്പാദനം) ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2010-ൽ, ആ വർഷം മുതൽ വൈദ്യുതി വിതരണ ലൈസൻസികൾ, അവർ വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ഒരു നിശ്ചിത ശതമാനം അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്നായിരിക്കണമെന്നാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO)-ൽ വ്യക്തമാക്കിയിരുന്നത്. 2010-ൽ മൂന്ന് ശതമാനം ആയിരുന്നത് പല തവണ പുതുക്കി 2017-ലെ റെഗുലേഷൻ പ്രകാരം ഈ വർഷം ഇത് 9.75 ശതമാനമാണ്. ഇപ്പോൾ വൈദ്യുതി വിതരണ ലൈസൻസികളെ കൂടാതെ ഓപ്പൺ അക്സസ് ഉപഭോക്താക്കൾ ഒരു മെഗാവാട്ടിലധികം ശേഷിയുള്ള കാപ്റ്റീവ് ജനറേഷനുള്ളവർ എന്നിവർക്കും ഇത് ബാധകമാണ്.

റെഗുലേറ്ററി കമ്മീഷനുവേണ്ടി അനെർട്ടാണ് ഈ കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകുന്നത്. 2017-18-ൽ 7.5 ശതമാനം ഒബ്ലിഗേഷനുണ്ടായിരുന്നപ്പോൾ ഏകദേശം 5.63 ശതമാനമാണ് നിറവേറ്റാൻ സാധിച്ചിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരമേറ്റെടുത്തത് മുതൽ നാളിതുവരെ 65.25 മെഗാവാട്ട് വൈദ്യുതി വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും അധികമായി ഉൽപ്പാദിപ്പിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും അനെർട്ടും സംയുക്തമായി 'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്
സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്

വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്

2019 മധ്യത്തോടെ സൗരപദ്ധതിയിൽനിന്നുള്ള വൈദ്യുതോൽപ്പാദനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോ വാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെ സ്ഥാപിത ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചു നൽകിയ പദ്ധതികളിൽ പാതംകയം 8MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉൽഘാടനം ചെയ്തു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. 10KW-ന്റെ രണ്ട് വോർട്ടെക്സ് ടർബൈനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5 KW-ന്റെ 5 കൈനറ്റിക് ടർബൈനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

4KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗസങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ അമ്പതിലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**പാരമ്പര്യേതര ഊർജ്ജ പ്രോത്സാഹന പദ്ധതി**

236 (607) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് പാരമ്പര്യേതര ഊർജ്ജ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗാർഹിക സ്ഥാപനാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗപ്പെടുത്തുന്ന എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉൽപ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു.

വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് താഴെപ്പറയുന്ന പാരമ്പര്യേതര ഊർജ്ജ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>സബ്സിഡി</u>

സോളാർ പ്ലാന്റുകൾക്ക് കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡി ഉപഭോക്താക്കൾക്ക് എത്തിക്കുന്നത് അനെർട്ട് മുഖാന്തരമാണ്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ സബ്സിഡി ഇനത്തിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ആകെ 10 MW-നുള്ള സബ്സിഡിയാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. <u>അക്ഷയ ഊർജ്ജ അവാർഡ്</u>

അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തികകൾക്കും സ്ഥാപനങ്ങൾക്കും 2018 വർഷം മുതൽ അവാർഡ് നൽകി. വ്യവസായ യൂണിറ്റുകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്കാണ് അവാർഡ് നൽകിയത്. ഈ വർഷവും ഇത്തരത്തിലുള്ള അവാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയ പദ്ധതികളിൽ പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉൽഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൽ പാതംകയം പദ്ധതിക്ക് ഇക്കഴിഞ്ഞ മഹാപ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിരുന്നു.

20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജല വൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കി. 10 KW-ന്റെ രണ്ട് വോർട്ടെക്സ് ടർബൈനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5KW-ന്റെ 5 കൈനറ്റിക് ടർബൈനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

4KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗസങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ അമ്പതിലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഗുണഭോക്താക്കൾ വഴി 1KW മുതൽ 5 KW-ൽ താഴെയുള്ള പീക്കോ ടർബൈനുകൾ ഏകദേശം 114 ഓളം എണ്ണം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനോടുകൂടി തന്നെ ചിന്നാർ വന്യമൃഗസങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കൾക്കായി സൗര പദ്ധതിയിൽ 150 മെഗാവാട്ട് പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഉപഭോക്താവ് സ്വന്തം നിലയിൽ പണം മുടക്കി സ്ഥാപിക്കുന്ന തരത്തിലും പണം മുടക്കാൻ താല്പര്യം ഇല്ലാത്ത ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി.ലിമിറ്റഡ് നിലയം സ്ഥാപിച്ച് നൽകുന്ന തരത്തിലുമാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഉപഭോക്താവ് പണം മുടക്കാത്ത മോഡലിൽ നിലയത്തിൽനിന്ന് ഒരു നിശ്ചിത ശതമാനം യൂണിറ്റ് വൈദ്യുതിയോ, അല്ലെങ്കിൽ മുഴുവൻ വൈദ്യുതിയും ഒരു നിശ്ചിത നിരക്കിലോ നൽകാനാണ് ഉദ്ദേശിക്കുന്നത്.

ഗാർഹിക സ്ഥാപനാവശ്യങ്ങൾക്ക് സൗരോർജ്ജം ഉപയോഗപ്പെടുത്തു ന്നതിനായി ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) സൗര ഊർജ്ജ കേരള മിഷൻ

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോ വാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് 14-2-2018-ലെ സ.ഉ.(കൈ)നമ്പർ 22/2018/ത.സ്വ.വ. പ്രകാരം ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനരംഗത്തെ പുരോഗതി

237 (608) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടിമൂലം ഊർജ്ജ ഉല്പാദനരംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റെടുത്തത് മുതൽ നാളിതുവരെ 65.25 മെഗാവാട്ട് വൈദ്യുതി വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും അധികമായി ഉൽപ്പാദിപ്പിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉല്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നുവരുന്നു. സോളാർ പാർക്ക് - 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി - 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി - 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നേരിട്ട് നടപ്പിലാക്കുന്നു. 'സൗര' പദ്ധതി പ്രകാരം 500 മെഗാവാട്ട് ഉപഭോക്താക്കളുടെ പുരപ്പുറ സോളാർ പദ്ധതികളിലൂടെ താഴെപ്പറയുന്ന രീതിയിൽ നടപ്പിലാക്കുന്നു.

| | |
|---|---|
| ഗാർഹിക/കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ | 100 മെഗാവാട്ട് |
| വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ | 250 മെഗാവാട്ട് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2019 മധ്യത്തോടെ സൗര പദ്ധതിയൽനിന്നുള്ള വൈദ്യുതോൽപ്പാദനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അനെർട്ട് മുഖാന്തരമുള്ള സോളാർ സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ

വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി. വീടുകൾക്ക് 1 കിലോ വാട്ട് മുതൽ 3 കിലോ വാട്ട് വരെയും സ്ഥാപനങ്ങൾക്ക് 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. 1 കിലോവാട്ടിൽനിന്നും പ്രതിദിനം 3 യൂണിറ്റ് വൈദ്യുതി ലഭിക്കും.

സൗരോർജ്ജ പവർ പ്ലാന്റിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് സോളാർ കണക്ട് പദ്ധതി. 2 കിലോ വാട്ട് മുതൽ 500 കിലോ വാട്ട് വരെയും സ്ഥാപിത ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്.

സംസ്ഥാന സർക്കാർ പദ്ധതികൾ

ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങളായ ബയോഗ്യാസ് പ്ലാന്റ്, മെച്ചപ്പെട്ട വിറകടുപ്പുകൾ, സോളാർ വാട്ടർ ഹീറ്റർ, സൗര റാന്തൽ, സൗര ഗാർഹിക വിളക്ക് മുതലായവ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിനോടകം സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 150 മെഗാവാട്ട് വൈദ്യുതിയും (അനെർട്ട് മാത്രമായി 35 മെഗാവാട്ട് വൈദ്യുതി) എല്ലാ ഏജൻസികളും കൂടി ചേർന്ന് കാറ്റിൽനിന്നും 59.725 മെഗാവാട്ട് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ മുഖേനയുള്ള പദ്ധതികൾ

ജല വൈദ്യുത ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയ പദ്ധതികളിൽ പാതംകയം 8 MW, കാരരിക്കയം രണ്ടാം ഘട്ടം 4.5 MW എന്നിവ ഉൽഘാടനം ചെയ്തു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതുകൂടാതെ 20 പദ്ധതികളിലായി മൊത്തം 47.4 MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്.

കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വോർടെക്സ് ടർബൈൻ ഇൻഡ്യയിൽ ആദ്യമായി തിരുവനന്തപുരത്തെ കാട്ടുവെട്ടിയിൽ നടപ്പിലാക്കി. 10 KW-ന്റെ രണ്ട് വോർട്ടെക്സ് ടർബൈനുകളുള്ള ഈ പദ്ധതി കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.

5 KW-ന്റെ 5 കൈനറ്റിക് ടർബൈനുകൾ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽറേസിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു.

4KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതിയിലൂടെ ചിന്നാർ വന്യമൃഗസങ്കേതത്തിനുള്ളിലെ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ 50 ലധികം വീടുകളെ വൈദ്യുതീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കേന്ദ്ര സാമ്പത്തിക സഹായത്തോടെ (CFA) ഉണഭോക്താക്കൾ വഴി 1 KW മുതൽ 5 KW-ൽ താഴെയുള്ള പീക്കോ ടർബൈനുകൾ ഏകദേശം 114 എണ്ണം നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനോടുകൂടിതന്നെ ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്തെ തായന്നൻകുടി കോളനിയിലും മറയൂരിനടുത്ത് വനം വകുപ്പിന്റെ ഈച്ചാംപെട്ടി കോളനിയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ ബൂട്ട് അടിസ്ഥാനത്തിൽ 12.5 മെഗാവാട്ടും, പീക്കോ ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി 114 കിലോ വാട്ടും നൂതന സാങ്കേതിക വിദ്യയിൽ കൂടി 20 കിലോ വാട്ടും ശേഷിയുള്ള പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 2019-ൽ 8 മെഗാവാട്ടും, 2020-ൽ 12.5 മെഗാവാട്ടും ശേഷിയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ 25 കിലോ വാട്ടിന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യയിലുള്ള കേരളത്തിലെ ആദ്യ മൈക്രോ ജലവൈദ്യുത പദ്ധതി 2019-ൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലംകോട് ആസ്ഥാനമായി വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ്

238 (609) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ലഭ്യമായിട്ടുണ്ട്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ആലംകോട് ആസ്ഥാനമായി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ് പുനഃസ്ഥാപിക്കാൻ നടപടി

239 (610) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസും ക്യാഷ് കളക്ഷൻ സെന്ററും നിറുത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; ഓഫീസ് പുനഃസ്ഥാപിക്കുന്ന തിനായുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

2011-ൽ മോഡൽ സെക്ഷൻ രൂപീകരണത്തിന്റെ ഭാഗമായി (BO.1187/2010 dtd.11-5-2010) വിളവൂർക്കൽ പഞ്ചായത്തിൽ പേയാട് ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ പൊറ്റയിൽ എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന ഓവർസിയർ ഓഫീസ് നിർത്തലാക്കിയിട്ടുണ്ട്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ

പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി

240 (611) ശ്രീ. എൻ .എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഭാഗത്തുള്ള പ്രധാന സബ്സ്റ്റേഷനുകളായ വിദ്യാനഗർ, മുള്ളേരിയ, കബനൂർ, മഞ്ചേശ്വരം എന്നീ 110 കെ.വി.സബ്സ്റ്റേഷനുകളിലേക്കും കാസർഗോഡ് ടൗൺ, അനന്തപുരം, പെർള, ബദിയഡുക്ക എന്നീ 33 കെ.വി. സബ്സ്റ്റേഷനുകളിലേക്കും ഏത് കെ.വി.സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മൈലാട്ടി സബ്സ്റ്റേഷനിൽ നിന്നാണെങ്കിൽ എത്ര വർഷം മുമ്പ് നിർമ്മിച്ച സർക്യൂട്ട് ലൈനിൽ കൂടിയാണ് വൈദ്യുതി എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൈലാട്ടി-വിദ്യാനഗർ 110 കെ.വി.സിംഗിൾ സർക്യൂട്ട് ലൈനിനെ ശക്തിപ്പെടുത്തി ഒരു ഡബിൾ സർക്യൂട്ട് ലൈൻ പുതിയതായി വലിച്ചാൽ കാസർഗോഡ് ജില്ല ഇന്നനുഭവിക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലുള്ള താഴെപ്പറയുന്ന സബ്സ്റ്റേഷനുകളിൽനിന്ന് വൈദ്യുതി ലഭ്യമാക്കുന്ന സബ്സ്റ്റേഷനുകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| 1 | 110 കെ.വി സബ്സ്റ്റേഷൻ, വിദ്യാനഗർ | 220 കെ.വി. സബ്സ്റ്റേഷൻ, മൈലാട്ടി |
| 2 | 110 കെ.വി. സബ്സ്റ്റേഷൻ, മുള്ളേരിയ | |
| 3 | 33 കെ.വി. സബ്സ്റ്റേഷൻ, കാസർഗോഡ് ടൗൺ | |
| 4 | 33 കെ.വി. സബ്സ്റ്റേഷൻ, അനന്തപുരം | |
| 5 | 33 കെ.വി. സബ്സ്റ്റേഷൻ,പെർള | |
| 6 | 33 കെ.വി. സബ്സ്റ്റേഷൻ, ബദിയടുക്ക | |

| | | |
|---|---|---|
| 7 | 110 കെ.വി. സബ്സ്റ്റേഷൻ, കുബനൂർ | 110 കെ.വി. സബ്സ്റ്റേഷൻ, കൊനാജെ (കർണ്ണാടക സപ്ലൈ) |
| 8 | 110 കെ.വി. സബ്സ്റ്റേഷൻ, മഞ്ചേശ്വരം | |

(ബി) 220 കെ.വി. സബ്സ്റ്റേഷൻ, മൈലാട്ടിയിൽനിന്നുള്ള 110 കെ.വി. ലൈൻ 1968-ൽ നിർമ്മിച്ചതാണ്.

(സി) മൈലാട്ടി- വിദ്യാനഗർ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനിനെ ശക്തിപ്പെടുത്തി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കാനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

**ചെങ്ങന്നൂർ സബ്സ്റ്റേഷൻ കെട്ടിട നിർമ്മാണം**

241 (612) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പുവർഷ ബഡ്ജറ്റിൽ തുക വകയിരുത്തിയ ചെങ്ങന്നൂർ സബ്സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

നിലവിലുള്ള ചെങ്ങന്നൂർ സബ്സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി നടപ്പു വർഷം തുക വകവരുത്തിയിട്ടില്ല.

എന്നാൽ ചെങ്ങന്നൂർ കോട്ടയിൽ ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി നടപ്പുവർഷം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടിരിക്കുന്ന കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലെ പ്രഭുറാം മിൽസ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ രണ്ട് ഏക്കർ ഭൂമി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**അനങ്ങനടി പഞ്ചായത്തിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ**

242 (613) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി പഞ്ചായത്തിൽ പുതിയ 33 കെ.വി.സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിൽപ്പെട്ട അനങ്ങനടി പഞ്ചായത്തിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതി നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ട്രാൻസ്മിഷൻ വിഭാഗത്തിലെ ഒഴിവുകൾ

243 (614) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ട്രാൻസ്മിഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത തസ്തികയിലെ നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(സി) ആശ്രിത നിയമനം വഴി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽനിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ഉൽപ്പാദനം, പ്രസരണം, വിതരണം, കോർപ്പറേറ്റ് എന്നീ മേഖലകൾ തിരിച്ചല്ല ഒഴിവുകൾ കണക്കാക്കുന്നത്. ഒഴിവുകൾ കണക്കാക്കുന്നത് കേഡർ സ്ട്രെങ്ത്തിനെ അടിസ്ഥാനമാക്കിയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)തസ്തികയിലെ 20% പ്രൊമോഷൻ ക്വാട്ടയിൽ 185 ഒഴിവുകൾ നിലവിലുണ്ട്. 2016-ാം മാണ്ട് ഡിസംബർ മാസം നിലവിൽ വന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 40% ഓപ്പൺ ക്വാട്ടയിലെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 127 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ട്രാൻസ്മിഷൻ വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. എന്നാൽ വിവിധ സബ്സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവുണ്ടാകുമ്പോൾ അതിനാവശ്യമായ ആളുകളെ ലഭ്യമാക്കുന്നതിനായി 'വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിശ്ചിതകാലത്തേയ്ക്ക് ആളുകളെ നിയോഗിക്കുകയാണ് ചെയ്യുന്നത്.

(സി) ആശ്രിതനിയമനം വഴി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നില്ല. പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയുടെ 40%, 10% ക്വാട്ടകളിലെ റാങ്ക് ലിസ്റ്റുകളിൽനിന്നും അതാത് ക്വാട്ടകളിൽ വരുന്ന ഒഴിവുകളാണ് നികത്തുന്നത്.

## വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കൽ

244 (615) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വൈദ്യുതി ബോർഡിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) ഇതിനായി ഏതെങ്കിലും സമിതിയെ ബോർഡ് നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 2008-09-ൽ നിലവിലുണ്ടായിരുന്ന 27,175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR & ERC-ൽ തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചിരുന്നുള്ളൂ. കൂടാതെ 30-4-2013 ലെ ഉത്തരവുപ്രകാരം ജീവനക്കാരുടെ പുനഃക്രമീകരണം നടത്തി റിപ്പോർട്ട് ചെയ്യണമെന്ന് റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. ഇതിനെത്തുടർന്ന് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ ഫലപ്രദമായ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, വിവിധ ഓഫീസുകളുടേയും ജീവനക്കാരുടേയും പുനഃക്രമീകരണം സംബന്ധിച്ച് മുന്നോട്ട് വച്ച നിർദ്ദേശങ്ങളിൽ നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും പ്രസ്തുത വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുയും ചെയ്തിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം, വിവിധ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.ലിമിറ്റഡിൽ സബ് എഞ്ചിനീയർ നിയമനം

245 (616) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കും; ഇതുവരെയായി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് കെ.എസ്.ഇ.ബി. നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് 30-11-2018-ൽ അവസാനിച്ചു.

ഇതുവരെയായി 10% ക്വാട്ടയിൽ 283 ഒഴിവുകളും 30% ക്വാട്ടയിൽ 968 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 10% ക്വാട്ടയിൽ റിപ്പോർട്ട് ചെയ്ത 283 ഒഴിവുകളിൽ 275 പേർക്കും 10% ക്വാട്ടയിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതുകൊണ്ട് 1-11-1971-ലെ ബോർഡ് ഉത്തരവിലെ കുറിപ്പ് II (b) അനുസരിച്ച് 30% ക്വാട്ടയിൽനിന്ന് 8 പേർക്കും നിയമന ഉത്തരവ് നൽകി.

30% ക്വാട്ടയിൽ റിപ്പോർട്ട് ചെയ്ത 968 ഒഴിവുകളിൽ 56 NJD ഒഴിവുകൾ ഉൾപ്പെടെ 611 പേർക്ക് നിയമന ഉത്തരവ് നൽകി. 137 താൽക്കാലിക ഒഴിവുകളിൽ പി.എസ്.സി.-ക്ക് അഡ്വൈസ് ആയിട്ടില്ലാത്തതിനാൽ നിയമന ഉത്തരവ് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം റിപ്പോർട്ട് ചെയ്ത 220 ഒഴിവുകൾ ഹൈക്കോടതിയിൽ നിലവിലുള്ള IA1/2018 (WA.No.2208/2016,WP(c)/31433/2014)എന്ന കേസിന്റെ അന്തിമ വിധിക്ക് അനുസരിച്ച് മാത്രമേ അഡ്വൈസ് ചെയ്യാവൂ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പി.എസ്.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോതമംഗലം ഹൈഡൽ ടൂറിസം പദ്ധതി

246 (617) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഹൈഡൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ബോട്ടിംഗ്, ഗാർഡനിംഗ് തുടങ്ങിയവ ആദ്യഘട്ടമായി ഇവിടെ ആരംഭിക്കുമെന്ന് അറിയിച്ചിരുന്നെങ്കിലും പദ്ധതി ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രവർത്തനങ്ങളിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എല്ലാത്തരം തടസ്സങ്ങളും പരിഹരിച്ച് ഇടമലയാറിൽ ഹൈഡൽ ടൂറിസ്റ്റ് കേന്ദ്രം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇടമലയാർ റിസർവോയർ, വനമേഖലയ്ക്കുള്ളിലാണെന്ന കാരണം പറഞ്ഞ് വനം വകുപ്പ് തടസ്സവാദം ഉന്നയിക്കുന്നതിനാൽ ഹൈഡൽ ടൂറിസം സംബന്ധിച്ച പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(ബി) വനം വകുപ്പിന്റെ അനുമതിയില്ലാത്തതിനാലാണ് ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത്.

(സി) ഉണ്ട്. ഇടമലയാർ റിസർവോയർ വനമേഖലയിൽ സ്ഥിതി ചെയ്യുന്നതിനാൽ വനം വകുപ്പിൽനിന്നും ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ അനുമതിയില്ല.

(ഡി) തടസ്സങ്ങൾ പരിഹരിക്കാനായിട്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## നെയ്യാറ്റിൻകര നഗരപ്രദേശത്ത് വൈദ്യുതി വകുപ്പ് നടത്തുന്ന പ്രവൃത്തികൾ

247 (618) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരപ്രദേശത്ത് വൈദ്യുതി വകുപ്പ് പുതുതായി നടത്തുന്ന ലൈൻ ഷിഫ്റ്റിംഗ്, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്ക് എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) നഗരപ്രദേശത്ത് ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന മറ്റ് പ്രവൃത്തികൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എത്ര മാസം വേണ്ടിവരും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നെയ്യാറ്റിൻകര നഗരപ്രദേശത്ത് പ്രധാനമായും IPDS പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി 1,916.439 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ PPS പദ്ധതിയിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 39 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും 5.4 കി.മീ ത്രീ ഫേസ് എൽ.ടി. ലൈനും 3.3 കി.മീ എച്ച്.ടി. ലൈൻ നിർമ്മിക്കാനും 40 കി.മീ. സിംഗിൾ ഫേസ് ലൈനിന്റെയും 16 കി.മീ. എച്ച്.ടി. ലൈനിന്റെയും ചാലകശേഷി കൂട്ടാനും 2500 സിംഗിൾ ഫേസ് മീറ്ററുകളും 40 ത്രീ ഫേസ് മീറ്ററുകളും മാറ്റി വയ്ക്കാനും ലക്ഷ്യമിടുന്നു.

PPS പദ്ധതിയിൽ 2.539 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 4.315 കി.മീ. സ്ട്രീറ്റ് മെയിൻ ഉൾപ്പെടെയുള്ള സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 37.797 കി.മീ. സ്ട്രീറ്റ് മെയിൻ നിർമ്മിക്കുക, 82 ഡബിൾ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക, വിവിധ സ്ഥലങ്ങളിലെ പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

IPDS, PPS എന്നീ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) IPDS പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 2019 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കുന്നതാണ്.

**തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം**

248 (619) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആറിലെ ജലനിരപ്പ് കുറയുന്നതു കാരണം തൃപ്പൂണിത്തുറയിലെ കുടിവെള്ള വിതരണം തടസ്സപ്പെടുന്നുവെന്നും ഇത് പരിഹരിക്കുന്നതിലേക്കായി മലങ്കര ഡാമിൽനിന്നും കൂടുതൽ ജലം ഒഴുക്കി വിടണമെന്നും, മൂലമറ്റത്തെ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂലമറ്റത്തുനിന്നുള്ള വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച്, മലങ്കര പവർഹൗസിൽനിന്നും കൂടുതൽ ജനറേഷൻ ഉറപ്പാക്കുന്നുണ്ട്. ജനുവരി മാസം 4-ാം തീയതി മുതൽ മൂലമറ്റത്തുനിന്നുള്ള വൈദ്യുതി ഉൽപ്പാദനം ഉയർന്ന നിലയിലാണ്.

**മണീട് സർവ്വീസ് സഹകരണ ബാങ്ക്**

249 (620) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ മണീട് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ ഇലക്ഷൻ നടന്നത് എപ്പോഴാണെന്നും ഭരണസമിതിയുടെ കാലാവധി എന്നവസാനിച്ചുവെന്നും അറിയിക്കുമോ;

(ബി) തെരഞ്ഞെടുപ്പ് നടത്തണമെന്ന് ആവശ്യപ്പെട്ട് മണീട് സഹകരണബാങ്കിൽനിന്നും ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട രജിസ്ട്രാർ ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചത്;അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ടോ;അതിന്മേൽ സഹകരണ ഇലക്ഷൻ കമ്മീഷൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) നാളിതുവരെയും ഇലക്ഷൻ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മണീട് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് ഏറ്റവും ഒടുവിൽ 22-12-2013 ലാണ് ഇലക്ഷൻ നടന്നിട്ടുള്ളത്. ഭരണസമിതിയുടെ കാലാവധി 21-12-2018-ന് കഴിഞ്ഞിട്ടുള്ളതാണ്. സംഘത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളതാണ്.

(ബി&സി) ഉണ്ട്. 22-10-2018-നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ബാങ്കിലെ മൊത്തം 6718 അംഗങ്ങളിൽ 748 പേരുടെ വിവരങ്ങൾ സഹകരണ ചട്ടം 16A പ്രകാരമുള്ള 6 (ബി) രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാലും 334 അംഗങ്ങളുടെ വിവരങ്ങൾ 6 (ബി) രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ ഫോട്ടോ പതിച്ചിട്ടില്ലാത്തതിനാലും മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും ഇലക്ഷന് ശിപാർശ ചെയ്തിരുന്നില്ല. ആയതിനാൽ സഹകരണ ഇലക്ഷൻ കമ്മീഷൻ തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ലാത്തതാണ്.

(ഡി) തെരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽനിന്നും സഹകരണ ഇലക്ഷൻ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. സഹകരണ ഇലക്ഷൻ കമ്മീഷൻ ഇലക്ഷൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) 6 (ബി) രജിസ്റ്റർ കൃത്യവും പൂർണ്ണവുമായി തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ശിപാർശ ചെയ്യാതിരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലാണ് ഇലക്ഷൻ നടപടികൾ ആരംഭിക്കാത്തത്.

## ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

250 (621) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനും ആനുകൂല്യം കൈപ്പറ്റുന്നതിനുമായി സഹകരണ വകുപ്പിന്റെ കീഴിൽ നിരവധി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, സഹകരണസംഘം നിയമം അനുശാസിക്കും പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ 2016-മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ കണക്കുകൾ പരിശോധിക്കുവാനും ഓഡിറ്റ് നടത്തുവാനും സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുമോ;

(ഡി) ഇത്തരത്തിൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ രജിസ്ട്രേഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും മാത്രമായി സഹകരണ വകുപ്പിന്റെ കീഴിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതായി പരിശോധനകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ സഹകരണ നിയമം അനുശാസിക്കും പ്രകാരം തുടർ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്മേൽ ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓഡിറ്റ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ആനുകൂല്യങ്ങൾ നേടിയെടുക്കാൻവേണ്ടി മാത്രം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ ടി സഹകരണ സംഘങ്ങളുടെമേൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രളയക്കെടുതിയിൽപ്പെട്ട സഹകാരികൾക്കുള്ള പദ്ധതികൾ**

251 (622) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിലെ പ്രളയക്കെടുതിയിൽപ്പെട്ട സഹകാരികൾക്ക് പുത്തൻ പ്രതീക്ഷ നൽകുന്ന എന്തൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുള്ളവരുടെ വായ്പ തിരിച്ചടവിന് പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ കൂടുതൽ കാലാവധി അനുവദിക്കുന്നതിനും പിഴപലിശ ഒഴിവാക്കുന്നതിനും പലിശയിൽ ഇളവ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയ ബാധിതരെ ദീർകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala-Co-operative Alliance to Rebuild Kerala) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സഹകരണ സ്ഥാപനങ്ങളിൽനിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ സഹകാരികൾക്ക് അവരുടെ കുടിശ്ശിക വായ്പയിന്മേൽ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റേയും ശിപാർശയുടേയും അടിസ്ഥാനത്തിൽ പലിശയിളവ് ലഭിക്കുന്നതിനായി കുടിശ്ശിക നിവാരണം പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സമയ ബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്.

സർക്കാർ പ്രഖ്യാപിച്ച ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനമായ 10,000 രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനായി സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ കെയർലോൺ എന്ന പേരിലുള്ള വായ്പാപദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കിവരുന്നു.

പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർഗ്രേസ് (CARe Grace).

കൂടാതെ പ്രളയത്തിൽ സർക്കാർ പ്രളയബാധിത/ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷമ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്തബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു വായ്പാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വായ്പ എടുത്ത് കൃഷിയിറക്കിയ കർഷകരെ സസഹായിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിൽനിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-7-2018 മുതൽ ഒരു വർഷത്തേയ്ക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ തീയതി 15-10-2018 പ്രകാരം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്).* പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതാണ്. മോറട്ടോറിയം കാലാവധിയിലെ പിഴപ്പലിശ ഈടാക്കുന്നതല്ല. കൂടാതെ സഹകരണ സ്ഥാപനം/ബാങ്ക് സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളിന്മേലുള്ള മേൽ കാലയളവിലെ പലിശ അതാത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഇളവ് ചെയ്തു കൊടുക്കുന്നതാണ്.

## സഹകരണ മേഖലയുടെ കെയർ കേരള പദ്ധതി

252 (623) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനായി സമഗ്ര സഹകരണ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹായം നൽകുന്നതിനായി കെയർ കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൻകീഴിൽ എത്ര വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ മേഖല ഏറ്റെടുത്തിട്ടുള്ളത്;

(ഡി) പ്രസ്തുത വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സഹകരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള സഹകരണനയം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി എടുക്കുക എന്നതാണ് ഈ സഹകരണ നയം വിഭാവന ചെയ്യുന്നത്. നവലിബറൽ നയങ്ങൾ അസമത്വം വർദ്ധിപ്പിക്കുന്ന പശ്ചാത്തലത്തിൽ നാടിന്റെ പൊതുവായ വികസനം രൂപപ്പെടുത്തുന്നതിനും അസമത്വങ്ങൾ കുറയ്ക്കുന്നതിനും ഇടപെടുന്നതിന് സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുകയെന്ന കാഴ്ചപ്പാടാണ് സഹകരണ നയത്തിന്റെ അടിസ്ഥാനം.

(ബി) ഉണ്ട്.

(സി) കെയർ ഹോം പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ മേഖല ഏറ്റെടുത്തിട്ടുള്ളത്.

(ഡി) പ്രസ്തുത വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നിർമ്മാണ പ്രവർത്തനം തുടങ്ങി 3 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തൽ

253 (624) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിനെ ശക്തിപ്പെടുത്തുവാൻ ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

- സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനും വകുപ്പിൽ ഇ-ഗവേണൻസ് പ്രാവർത്തികമാക്കുന്നതിനും ആധുനികവത്കരണ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആദ്യഘട്ടമായി സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. എല്ലാ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും താലൂക്ക് തല ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഐ.സി.ഡി.എം.എസ്. (ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് സിസ്റ്റം) പദ്ധതി പ്രകാരം വകുപ്പിലെ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഇലക്ഷൻ നടപടിക്രമം, ഫണ്ട് മാനേജ്മെന്റ്, ആഡിറ്റ് എന്നിവ ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ബൈലാ ഭേദഗതി, രജിസ്ട്രേഷൻ, ഫണ്ട് മാനേജ്മെന്റ് എന്നീ മോഡ്യൂളുകൾ പൂർത്തിയാക്കുകയും മറ്റുള്ളവ ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെടിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

- സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേക്കായുള്ള ഊർജ്ജിത നടപടി കൈക്കൊണ്ടിട്ടുണ്ട്.

- സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുകയുണ്ടായി. ഉപരിയായി ഐ.എം.ജി., ഐ.സി.എം., എ.സി.എസ്.റ്റി.ഐ. എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാർക്കുവേണ്ടി നടത്തിവരുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നുണ്ട്.

- പുതിയതായി അനുവദിച്ച 14 താലൂക്കുകളിൽ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് രൂപീകരിക്കുകയും ആകെ 70 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

- അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ സ്വതന്ത്ര സ്ഥാപനമാക്കി സഹകരണ മേഖലയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് സഹായകമാകുന്ന ക്ലാസ്സുകൾ, ഗവേഷണങ്ങൾ, പഠനങ്ങൾ, പരിശീലനങ്ങൾ എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സഹകരണ വകുപ്പിനോടൊപ്പം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

- കേരളത്തിന്റെ പുനർ നിർമ്മാണത്തിന് കേരളത്തിലാകെയുള്ള സഹകരണ സ്ഥാപനങ്ങളെ പങ്കാളികളാക്കിക്കൊണ്ട് കെയർ കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രളയ ദുരന്തത്തെ അതിജീവിക്കുവാനുള്ള കേരളത്തിന്റെ പോരാട്ടത്തിന് കരുത്ത് പകരുന്ന സഹകരണ വകുപ്പിന്റെ കെയർ കേരള പദ്ധതിയിൽ കെയർ ഹോം, കെയർ വായ്പ, കെയർ ഗ്രേസ് എന്നീ പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നത്. കെയർ ഹോം പദ്ധതിയിലൂടെ പ്രളയ ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് 2000 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി ആരംഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും സജീവമായി നടന്നുവരുന്നു.

- സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 1-12-2018 മുതൽ 28-2-2019 വരെയാണ്.

- വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി

എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

- സമൂഹത്തിലെ താഴെ തട്ടിലുള്ളവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷപ്പെടുത്തുക, അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് മുറ്റത്തെ മുല്ല എന്ന ഗ്രാമീണ ലഘു വായ്പാ പദ്ധതി.

- കേരള സർക്കാർ തുടക്കം കുറിച്ച ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ട് വളർത്തുകയെന്ന ദൗത്യം 2017-ൽ സഹകരണ വകുപ്പ് ഏറ്റെടുക്കുകയും അതിന്റെ തുടർച്ചയായി 2018 മുതൽ 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ചുപിടിപ്പിക്കുക എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു. 2018-ൽ തീം ട്രീംസ് ഓഫ് കേരള എന്ന പേരിൽ അടുത്ത 5 വർഷംകൊണ്ട് 5 ലക്ഷം ഫലവൃക്ഷത്തൈകൾ നട്ടു പരിപാലിക്കുക എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളേയും വരുന്ന മൂന്ന് വർഷംകൊണ്ട് സ്വയംപര്യാപ്തമായ രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനപങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനിയുടെ ഒന്നാം ഘട്ടത്തിലേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

- അട്ടപ്പാടി മേഖലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സമ്പൂർണ്ണ ആരോഗ്യ പരിപാലന പദ്ധതിയായ അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയിലൂടെ അട്ടപ്പാടി മേഖലയിലെ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ആരോഗ്യകാര്യങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക, ആംബുലൻസ് സർവ്വീസ് എത്തിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പോഷകാഹാരങ്ങൾ നൽകുക എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- അപ്പെക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തുന്നതിലേയ്ക്ക് റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് ഇവയ്ക്ക് യഥാക്രമം 238.35 കോടി രൂപ, 41.39 കോടി രൂപ, 27.01 കോടി രൂപ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വായ്പാ കുടിശ്ശിക ക്രമീകരിക്കുന്നതിലേയ്ക്ക് ഒ.റ്റി.എസ്. പ്രകാരം സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

- സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ മൺമറഞ്ഞ സാഹിത്യകാരന്മാരേയും അവരുടെ കൃതികളെയും പരിചയപ്പെടുത്തതുന്നതോടൊപ്പം പ്രിന്റിംഗ് രംഗത്ത് വന്നിട്ടുള്ള പരിവർത്തനങ്ങളേയും പ്രദർശന സാമഗ്രികളേയും ഉൾപ്പെടുത്തിക്കൊണ്ട്, അക്ഷര നഗരി എന്നറിയപ്പെടുന്ന മ്യൂസിയം കോട്ടയത്ത് രൂപീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

- കൃതി അന്തർദേശീയ സാഹിത്യ വിജ്ഞാനോത്സവത്തിന്റെ രണ്ടാം പതിപ്പ് 2019 ഫെബ്രുവരി 8 മുതൽ എസ്.പി.സി.എസ്. മുഖേന നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

- സഹകരണ വകുപ്പിനായി നിലവിലുള്ള തുടർ പദ്ധതികൾക്ക് ഉപരിയായി സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്ക്കരണ സഹായ പദ്ധതി, സഹകരണ സംരംഭകത്വ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള സഹായ പദ്ധതി, വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായ പദ്ധതി, കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണത്തിനായുള്ള സഹായ പദ്ധതി എന്നീ പുതിയ സ്കീമുകൾ നടപ്പിലാക്കുകയും ധനസഹായം അനുവദിച്ച് വരികയും ചെയ്യുന്നു.

**സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി**

254 (625) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാപ്രളയത്തിൽ വീട് തകർന്നുപോയവർക്ക് പുതിയ വീട് നിർമ്മിച്ച് നൽകുന്ന കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകളാണ്

സഹകരണ വകുപ്പ് നിർമ്മിച്ച് നൽകുന്നത്; എത്ര രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിനായി ചെലവഴിക്കുന്നത്; പദ്ധതി നിർവ്വഹണം എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) കെയർഹോം പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ എത്ര വീടുകളാണ് നിർമ്മിച്ച് നൽകുന്നത്; ഏതൊക്കെ സഹകരണ സംഘങ്ങളാണ് വീട് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്; ഓരോ സംഘവും എത്ര വീടുകൾ വീതം നിർമ്മിച്ച് നൽകുമെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കെയർ ഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്; എത്ര ബാങ്കുകൾ ഇത്തരത്തിൽ വീട് നിർമ്മിച്ച് നൽകാൻ തയ്യാറായിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ) മഹാപ്രളയത്തിൽ വീട് തകർന്നുപോയവർക്ക് പുതിയ വീട് നിർമ്മിച്ചു നൽകുന്ന കെയർ ഹോം പദ്ധതിപ്രകാരം സംസ്ഥാനത്ത് 2000 വീടുകളാണ് സഹകരണ വകുപ്പ് നിർമ്മിച്ചുനൽകുന്നത്.

സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള തുകയും സഹകരണ വകുപ്പിന്റെ തുകയും ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിനായി ചെലവഴിക്കുന്നത്;

കെയർ ഹോം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെപ്പറയുന്നു.

1. ഗുണഭോക്താക്കളെ നിശ്ചയിക്കുക

ദുരന്ത പുനരധിവാസ ഭവന നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന ഭവന പുനർ നിർമ്മാണം 2 തരത്തിലാണ് നടപ്പിലാക്കുന്നത്.

1. സർക്കാർ പ്രഖ്യാപിച്ച ധനസഹായം കൈപ്പറ്റിക്കൊണ്ട് സ്വന്തം ഉത്തരവാദിത്വത്തോടെ വീടുനിർമ്മാണം ഏറ്റെടുക്കുക.
2. സർക്കാർ മേൽനോട്ടത്തിലൂടെ ഭവന നിർമ്മാണം നടത്തുക.

ഇതിൽ സർക്കാർ മേൽനോട്ടത്തിൽ നടത്തുന്ന ഭവന നിർമ്മാണമാണ് കെയർഹോം പദ്ധതി. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മാണത്തിന് ചെലവഴിക്കുന്നത്.

2. <u>പദ്ധതി നിർവ്വഹണ രീതി</u>

സംസ്ഥാനതല നിർവ്വഹണ സമിതി (പി.ഐ.യു) അംഗീകരിച്ച് നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ഒരു ഗുണഭോക്തൃ സമിതി രൂപീകരിക്കും. സമിതിയിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും.

1. നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെടുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റും ഒരു ഭരണ സമിതി അംഗവും.
2. സഹകരണ സംഘം സെക്രട്ടറി.
3. ഗുണഭോക്താവ്.
4. ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധിയും ജില്ലാ കളക്ടറുടെ പ്രതിനിധിയും.

നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത പ്രാദേശിക സഹകരണ സംഘത്തിന്റെ സെക്രട്ടറിയാണ് ഗുണഭോക്തൃ സമിതിയുടെ സെക്രട്ടറി. ഗുണഭോക്താവിനുവേണ്ടി പദ്ധതി നിർവ്വഹണം ഏറ്റെടുക്കുമ്പോൾ നിർമ്മാണത്തിനായി നിഷ്കർഷിക്കപ്പെട്ടിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി വിശദമായ പരിശോധന നടത്തി ശരിയായ വിലയിരുത്തലിനുശേഷം ജില്ലാതല നിർവ്വഹണ സമിതിക്ക് ഇതുസംബന്ധിച്ച റിപ്പോർട്ട് ഗുണഭോക്തൃ സമിതിയിലെ സഹകരണ സംഘം മുഖേന സമയബന്ധിതമായി നൽകേണ്ടതാണ്.

പണിയാനുദ്ദേശിക്കുന്ന പ്ലോട്ടുകൾ സംബന്ധിച്ച് യാതൊരുവിധ നിയമ പ്രശ്നങ്ങളോ കോടതി ഉത്തരവുകളോ ഇല്ലെന്നും പ്രസ്തുത വസ്തുവിൽ ഉപഭോക്താവിന് ഭവനം നിർമ്മിക്കുന്നതിന് പൂർണ്ണമായ അവകാശം ഉണ്ടെന്നും ഉറപ്പുവരുത്തുന്നു.

ബന്ധപ്പെട്ട ഗുണഭോക്താവ് നിർവ്വഹണത്തിനായി നിർമ്മാണ ഏജൻസിയായ സംഘം ഉൾപ്പെടുന്ന ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഗുണഭോക്തൃ സമിതി സെക്രട്ടറിയും ബന്ധപ്പെട്ട ഗുണഭോക്താവും ചേർന്ന് പ്രവർത്തിപ്പിക്കണം.

ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് യഥാവിധി ചെയ്യേണ്ടതിന്റെ ചുമതല പൂർണ്ണമായും ഗുണഭോക്താവിൽ നിക്ഷിപ്തമായിരിക്കും.

പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയും സമയ ക്ലിപ്തതയും നിർമ്മാണ ചുമതല ഏറ്റെടുക്കുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി എന്നിവർ ഉറപ്പുവരുത്തുകയും നിർമ്മാണ പുരോഗതി സംബന്ധിച്ച ഒരു അവലോകനം സംഘം പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 30 ദിവസ ഇടവേളകളിൽ ബന്ധപ്പെട്ട ജില്ലാതല സമിതി കൃത്യമായും നടത്തുകയും തത്സമയ പുരോഗതി സംസ്ഥാനതല നിർവ്വഹണ സമിതിയെ അറിയിക്കുകയും ചെയ്യുന്നു.

പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർ സാമ്പത്തികമായും അല്ലാതെയും നൽകുന്ന സഹായം ഭവന നിർമ്മാണത്തിന് ഉപയോഗിക്കുന്നുണ്ട്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 90 തൊഴിൽ ദിനങ്ങൾ ഭവന നിർമ്മാണത്തിന് അനുവദിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിനായി പ്രസ്തുത ആനുകൂല്യവും സമിതി പ്രയോജനപ്പെടുത്തുന്നു.

(ബി) കെയർ ഹോം പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ 114 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. വീട് നിർമ്മാണം ഏറ്റെടുത്തിരിക്കുന്ന സഹകരണ സംഘങ്ങളും അവർ നിർമ്മിച്ചു നൽകുന്ന വീടുകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(സി) കെയർഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർ ലഭ്യമാക്കുന്ന ലിസ്റ്റിൽനിന്നാണ്. സംസ്ഥാനത്തൊട്ടാകെ 729 സംഘങ്ങൾ/ബാങ്കുകളാണ് കെയർഹോം പദ്ധതി പ്രകാരം ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത്.

**കേരള ബാങ്ക് രൂപീകരണ നടപടിക്രമങ്ങൾ**

255 (626) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നബാർഡ് എന്തെങ്കിലും വ്യവസ്ഥകൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(സി)പ്രസ്തുത വ്യവസ്ഥകൾ അംഗീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്വേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽനിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) നബാർഡ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

1. വായ്പേതര സഹകരണ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ പ്രാതിനിധ്യം നൽകണം.
2. ജില്ലാ ബാങ്കുകളുടെ സംസ്ഥാന സഹകരണ ബാങ്കുമായുള്ള ലയനത്തിൽ താല്പര്യമില്ലാത്ത അംഗസംഘങ്ങൾക്ക് ഒരു നിശ്ചിത കാലാവധിക്കകം ജില്ലാ ബാങ്കുകളിൽ അവരുടെ പേരിലുള്ള ഓഹരി പിൻവലിക്കാൻ അവസരം നൽകണം. ഓഹരി മൂല്യം കണക്കാക്കേണ്ടത് മുഖവിലയിലല്ല, ബുക്ക് വാല്യുവിലാണ്.
3. ജില്ലാ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി അംഗങ്ങളുടെ ഓഹരി മൂല്യം പുനർനിർണ്ണയിച്ച് കേരള ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം.

മേൽ വ്യവസ്ഥകളിൽ ഓഹരി പിൻവലിക്കാനുള്ള വ്യവസ്ഥ ഒഴികെയുള്ളവ നിലവിലെ കേരള സഹകരണ നിയമം അനുശാസിക്കും പ്രകാരമുള്ളതല്ല എന്ന വിവരം നബാർഡിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

256 (627) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ ജീവനക്കാരുടെ ജോലിസ്ഥിരതയെ ബാധിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്വേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽനിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരള ബാങ്ക് യാഥാർത്ഥ്യമാകുന്നത് ജീവനക്കാരുടെ ജോലി സ്ഥിരതയെ ബാധിക്കുകയില്ല.

## കേരള ബാങ്ക് രൂപീകരണം

257 (628) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വന്തം ബാങ്കായ കേരള ബാങ്ക് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കഴിയും. കേരളാ ബാങ്ക് രൂപീകരിക്കുന്നതിനായി റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതിക്ക് വേണ്ടിയുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു.

(ബി) നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല.

## കേരള ബാങ്കിൽ വായ്പേതര സഹകരണ സംഘങ്ങൾക്കുള്ള പ്രാതിനിധ്യം

258 (629) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് റിസർവ് ബാങ്ക് മുന്നോട്ട് വച്ച ഉപാധികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉപാധികളിൽ ഏതെല്ലാം കാര്യങ്ങൾ ഇതിനകം പാലിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സഹകരണ ബാങ്കുകളുടെ നിയന്ത്രണാധികാരമുള്ള നബാർഡ് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒഴിവാക്കിയ വായ്പേതര സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിൽ പ്രാതിനിധ്യം നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി സഹകരണ സംഘ നിയമത്തിൽ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ)

1. കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.

2. ലയനത്തെ സ്റ്റേ ചെയ്തുകൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലെന്ന് സർക്കാർ ഉറപ്പ് വരുത്തണം.

3. സംസ്ഥാന സഹകരണ ബാങ്ക് ഒരു ലയന പദ്ധതി തയ്യാറാക്കി ജില്ലാ ബാങ്കുകൾ ആ ലയന പദ്ധതി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.

4. ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണം.

5. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ MoU ഒപ്പുവയ്ക്കണം. ഭരണ സമിതി മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവ ശേഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവയാണ് MoU യിൽ വരേണ്ടത്.

6. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും RBI മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കണം. ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.

7. ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ്ഷീറ്റ് എല്ലാവിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാവിധ സേവനങ്ങൾ നൽകുന്നതിന് അനുമതി തേടാൻ പര്യാപ്തവുമായിരിക്കണം.

8. ക്രമരഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.

9. ആസ്തി ബാധ്യതകളുടെ വാല്വേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.

10. സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.

11. ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നൽകാൻ കഴിയുംവിധമുള്ള മികച്ച സോഫ്റ്റ്‌വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം.

12. നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

13. സംസ്ഥാന സഹകരണ ബാങ്കിന്റെ CEO നിയമനം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഫിറ്റ് & പ്രോപ്പർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണ സമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽ ഡയറക്ടർമാർ ഉണ്ടാകണം.

14. ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് റിസർവ് ബാങ്കുമായി ചർച്ച ചെയ്ത് രൂപീകരിക്കണം. അതിനായി, ഉചിതമായ ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം.

15. ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI -ക്ക് അപേക്ഷ നൽകണം. RBI -യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റിസ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI ക്ക് സറണ്ടർ ചെയ്യണം.

16. ലയന പദ്ധതിക്കായിസംസ്ഥാന സഹകരണ ബാങ്കിന് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലിയറൻസ് കിട്ടണം.

17. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം.

18. ബാങ്ക് എന്ന പദം ഉപയോഗിച്ചുകൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

19. മേൽ വ്യവസ്ഥകൾ പാലിച്ചതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തരം റിസർവ് ബാങ്കിനെ സമീപിക്കണം.

(ബി) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ. ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്വേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്നുറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽനിന്നും ട്രഷറി നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ വായ്പേതര സംഘങ്ങൾക്ക് പ്രാതിനിധ്യം വേണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ഡി) ഈ നിർദ്ദേശം നിലവിലെ കേരള സഹകരണ നിയമപ്രകാരം പ്രായോഗികമല്ല.

## സഹകരണ ബാങ്കുകൾക്ക് കിട്ടാനുള്ള കുടിശ്ശികയും കേരള ബാങ്ക് രൂപീകരണവും

259 (630) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ബാങ്കുകളുടെ ശരാശരി ലാഭത്തിനേക്കാൾ കൂടുതലാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ലാഭത്തിലുള്ള ജില്ലാ ബാങ്കുകളെ നഷ്ടത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിലുള്ള ആശങ്ക ആർ.ബി.ഐ. പ്രകടിപ്പിക്കുകയുണ്ടായോ;

(സി) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി, സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾക്ക് കിട്ടാനുള്ള കുടിശ്ശിക തീർപ്പാക്കുന്നതിൽ സർക്കാർ ഇടപെടുമോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഇതിന്റെ ഭാഗമായി റബ്കോ അടക്കമുള്ള ചില സ്ഥാപനങ്ങൾ പ്രസ്തുത സഹകരണ ബാങ്കുകൾക്ക് നൽകാനുള്ള മുന്നൂറ്റിആറ് (306) കോടി രൂപയുടെ കടം സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്ക് കഴിഞ്ഞ നാല് വർഷങ്ങളിലായി തുടർച്ചയായി ലാഭത്തിലാണ്. 31-3-2018-ലെ കണക്കുകൾ പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് 151.52 കോടി സഞ്ചിത നഷ്ടം മാത്രമേ ഉള്ളൂ.

(ബി) ആർ.ബി.ഐ. ഇത്തരത്തിൽ ഒരു ആശങ്ക പ്രകടിപ്പിച്ചിട്ടില്ല.

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇളവുകളോടെ വായ്പകൾ തീർപ്പാക്കാൻ കുടിശ്ശികക്കാർക്ക് അവസരം ഒരുക്കിയിട്ടുണ്ട്.

(ഡി) റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അനുവദിച്ചിരുന്ന വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കി ആയത് സർക്കാർ അടയ്ക്കുന്നതിനും പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് സർക്കാരിലുള്ള വായ്പാ ബാധ്യതയായി മാറ്റുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾ നിശ്ചിത കാലയളവിൽ തിരിച്ച് അടയ്ക്കേണ്ടതാണ്.

**കേരളബാങ്കും ജീവനക്കാരുടെ പുനർവിന്യാസവും**

260 (631) <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്ക് നിലവിൽ വരുമ്പോൾ ജീവനക്കാരുടെ പുനർവിന്യാസം എപ്രകാരം നടത്തണമെന്ന വിഷയത്തിൽ എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) കേരളബാങ്ക് രൂപീകരണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ടാസ്ക് ഫോഴ്സ് ജില്ലാബാങ്കുകളിൽ അധികമായി തസ്തികകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതുടർന്ന് ഈ സർക്കാർ പുതിയ നിയമനങ്ങൾ ഒഴിവാക്കിയിട്ടുണ്ടോ ;

(സി) ക്ലാർക്ക് കം കാഷ്യർ തസ്തികയിലേക്ക് 2017 ൽ തയ്യാറാക്കപ്പെട്ട റാങ്ക് പട്ടികയിൽ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ ; ഇതേ തസ്തികയിലേക്ക് ഇതിനുമുമ്പ് തയ്യാറാക്കപ്പെട്ട റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു; വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലം മാറ്റം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രമായ പദ്ധതി സർക്കാർ തയ്യാറാക്കുന്നതാണ്.

(സി)

| ജില്ല | 2017-ൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം | നിയമനം നടത്തിയവരുടെ എണ്ണം | 2017-ന് മുമ്പുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയവരുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 688 | 3 | 155 |
| കൊല്ലം | 434 | 1 | 30 |
| ആലപ്പുഴ | 504 | 5 | 106 |
| പത്തനംതിട്ട | 334 | 18 | 80 |
| കോട്ടയം | 430 | 20 | 20 |
| ഇടുക്കി | 275 | 13 | 82 |
| എറണാകുളം | 463 | 27 | 81 |
| മലപ്പുറം | 580 | 45 | 143 |
| വയനാട് | 215 | 15 | 58 |
| തൃശ്ശൂർ | 504 | 2 | 96 |
| കോഴിക്കോട് | 789 | 31 | 189 |
| പാലക്കാട് | 519 | 32 | 107 |
| കണ്ണൂർ | 659 | 19 | 104 |
| കാസർഗോഡ് | 380 | 17 | 78 |
| ആകെ | 6774 | 248 | 1329 |

## സഹകരണ ബാങ്ക് ജീവനക്കാർക്കെതിരായ ആരോപണം

261(632) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ ചിട്ടി തുക അടയ്ക്കുവാനെത്തിയ യുവതിയെ ജീവനക്കാർ അപമാനിക്കുവാൻ ശ്രമിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാങ്കിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. തുടർനടപടികൾ ബാങ്ക് സ്വീകരിച്ചുവരുന്നു.

## കേരള ബാങ്കിന്റെ രൂപീകരണം

262 (633) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് നബാർഡ് ഉന്നയിച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും ആയത് നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(സി) സഹകരണ ബാങ്കുകളെ കേരള ബാങ്കാക്കി മാറ്റുമ്പോൾ സഹകരണ-കാർഷികമേഖലയിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് അനുമതി നൽകിയ അവസരത്തിൽ റിസർവ് ബാങ്ക് മുന്നോട്ടുവച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ പദ്ധതികൾ 1-1-2019 മുതൽ ഏകീകരിച്ചു. ജില്ലാ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ്, സി.എ. ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു. നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽനിന്നും ട്രഷറിനിക്ഷേപങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് രൂപീകരണത്തിനുള്ള നിയമ ഭേദഗതി നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നബാർഡ് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു:

1. വായ്പേതര സഹകരണ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്ക് ഭരണസമിതിയിൽ പ്രാതിനിധ്യം നൽകണം.

2. ജില്ലാ ബാങ്കുകളുടെ സംസ്ഥാന സഹകരണ ബാങ്കുമായുള്ള ലയനത്തിൽ താല്പര്യമില്ലാത്ത അംഗസംഘങ്ങൾക്ക് ഒരു നിശ്ചിത കാലാവധിക്കകം ജില്ലാ ബാങ്കുകളിൽ അവരുടെ പേരിലുള്ള ഓഹരി പിൻവലിക്കാൻ അവസരം നൽകണം. ഓഹരി മൂല്യം കണക്കാക്കേണ്ടത് മുഖവിലയിലല്ല, ബുക്കുവാല്യുവിലാണ്.

3. ജില്ലാ ബാങ്കുകളുടെ അറ്റമൂല്യം കണക്കാക്കി അംഗങ്ങളുടെ ഓഹരി മൂല്യം പുനർനിർണ്ണയിച്ച് കേരള ബാങ്കിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം.

മേൽ വ്യവസ്ഥകളിൽ ഓഹരി പിൻവലിക്കാനുള്ള വ്യവസ്ഥ ഒഴികെയുള്ളവ നിലവിലെ കേരള സഹകരണ നിയമം അനുശാസിക്കും പ്രകാരമുള്ളതല്ല എന്ന വിവരം നബാർഡിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(സി) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചാണ് കേരള ബാങ്ക് രൂപീകരിക്കുന്നത്. ഇതുമൂലം സഹകരണ കാർഷിക മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടാവുകയില്ല. ടി മേഖലയിൽ പുത്തൻ ഉണർവ് ഉണ്ടാകുന്ന രീതിയിലാണ് കേരള ബാങ്കിന്റെ പ്രവർത്തനം വിഭാവന ചെയ്തിട്ടുള്ളത്.

**സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ യാത്രപ്പടി**

263 (634) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ടി.എ, വാല്യുവേഷൻ ഫീസ് എന്നിവയുടെ വിശദാംശം വെളിപ്പെടുത്താമോ; ഇത് വർദ്ധിപ്പിച്ച നല്കുന്ന കാര്യം പരിഗണിക്കാമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

സഹകരണ സംഘം രജിസ്ട്രാറുടെ 7-8-2014-ലെ 39/2014 നം. സർക്കുലർ പ്രകാരവും 1-11-2014-ലെ 49/2014 നമ്പർ സർക്കുലർ പ്രകാരവുമാണ് യാത്രാബത്ത അനുവദിക്കുന്നത്. നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ കിലോമീറ്ററിന് 5 രൂപ നിരക്കിലാണ് യാത്രാബത്ത അനുവദിച്ചുവരുന്നത്.

കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ, കേരള വനിതാ സഹകരണ ഫെഡറേഷൻ, കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, റീജിയണൽ ആഗ്രോ ഇന്റസ്ട്രീയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, കേരള സഹകരണ സംഘം ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ള സ്പെഷ്യൽ ഗ്രേഡ് അർബൻ സഹകരണ ബാങ്ക്, പ്രാഥമിക വായ്പാ സംഘങ്ങൾ, കാർഷിക/കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും (ചട്ടങ്ങളിലെ

അനുബന്ധം III പ്രകാരമുള്ളത്) സൂപ്പർഗ്രേഡ്-200 കോടി രൂപയും അതിന് മുകളിലും നിക്ഷേപമുള്ളവ, സൂപ്പർഗ്രേഡ് -200 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളവ, സ്പെഷ്യൽ ഗ്രേഡ് ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ, ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ സ്പെഷ്യൽ ഗ്രേഡ് 50 ലക്ഷത്തിൽ കൂടുതൽ വാർഷിക വിറ്റുവരവ്/പ്രവർത്തന മൂലധനം-ഇവ ബാധകമായ മറ്റ് സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിൽ കിലോമീറ്ററിന് 4 രൂപ നിരക്കിലാണ് യാത്രാബത്ത അനുവദിക്കുന്നത്.

അർബൻ സഹകരണ ബാങ്കുകൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ള) ക്ലാസ്സ് II, ക്ലാസ്സ് IV, ക്ലാസ്സ് V, ക്ലാസ്സ് VI, പ്രാഥമിക വായ്പാ സംഘങ്ങൾ കാർഷിക/കാർഷികേതര/അർബൻ സംഘങ്ങൾ/റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പാ സംഘങ്ങൾ ഉൾപ്പെടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ് 1 മുതൽ ക്ലാസ്സ് VII വരെ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ് 1 മുതൽ ക്ലാസ്സ് III വരെ ചട്ടങ്ങളിലെ അനുബന്ധം III-ൽ പെടുന്നതും 2 കോടി രൂപയിൽ കൂടുതൽ, 5 കോടി രൂപയിൽ കൂടുതൽ, 10 കോടി രൂപയിൽ കൂടുതൽ പ്രവർത്തനമൂലധനമുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ, അനുബന്ധം III -ൽ പെടുന്നതും വാർഷിക വിറ്റുവരവ് 10 കോടി രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവ് 25 കോടി രൂപയിൽ കൂടുതൽ വാർഷിക വിറ്റുവരവ് 50 കോടി രൂപയിൽ കൂടുതലുള്ള പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ, ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ വാർഷിക വിറ്റുവരവ് 2 കോടിയിൽ കൂടുതലുള്ള മൊത്തവ്യാപാര സഹകരണ സംഘങ്ങൾ, 75 ലക്ഷം രൂപയിൽ മുകളിൽ പ്രവർത്തന മൂലധനമുള്ള വനിതാ സഹകരണ സംഘങ്ങൾ, ക്ലാസ്സ് 1 ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് കിലോമീറ്ററിന് 3.50 രൂപ നിരക്കിലാണ് യാത്രാ ബത്ത അനുവദിച്ച് നൽകുന്നത്.

ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ വാർഷിക വിറ്റുവരവ് 25 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ളവ കിലോമീറ്ററിന് 3.25 രൂപ നിരക്കിലും, ക്ലാസ്സ് III അർബൻ സഹകരണ ബാങ്കുകൾ 10 ലക്ഷം രൂപയ്ക്ക് മുകളിൽ പ്രവർത്തന മൂലധനമുള്ള വനിതാ സഹകരണ സംഘങ്ങൾ ക്ലാസ്സ് II ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ, കേരള സ്റ്റേറ്റ് ആഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കിലോമീറ്ററിന് 3 രൂപ നിരക്കിലും പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ്സ് 1 മുതൽ ക്ലാസ്സ് IV വരെ, വാർഷിക

വിറ്റുവരവ്/ പ്രവർത്തന മൂലധനം ഇവ ബാധകമായ 25 ലക്ഷം രൂപയും 10 ലക്ഷം രൂപയും കൂടുതലുള്ള മറ്റ് സഹകരണ സംഘങ്ങൾ കിലോമീറ്ററിന് 2.50 രൂപ നിരക്കിലുമാണ് യാത്രാബത്ത അനുവദിച്ച് നൽകുന്നത്.

സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് നിലവിൽ വാല്യുവേഷൻ ഫീസ് നൽകുന്നില്ല.

ഭരണ സമിതി അംഗങ്ങൾക്കുള്ള യാത്രാബത്ത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുന്നതാണ്.

**സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ്**

264 (635) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് രംഗത്ത് നടപ്പാക്കിയിട്ടുള്ള ആധുനികവൽക്കരണം സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് പുനർക്രമീകരിച്ച് കേരളാ ബാങ്ക് രൂപീകരിക്കുകയാണ്. ഇത് സഹകരണ മേഖലയെ ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കും. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക രീതിയിലുള്ള സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്. ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തുംവിധം എ.റ്റി.എം. സംവിധാനം,

ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.റ്റി., മൊബൈൽ ബാങ്കിംഗ് സൗകര്യങ്ങൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ വഴി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രാഥമിക സാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായ ഒരു ഉദ്യോഗസ്ഥതല സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. ടി സമിതിയുടെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകളിൽ ഏകീകൃത കോർബാങ്കിംഗ് സംവിധാനം സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടില്ല.

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് ഒരു ഏജൻസിയെയും സർക്കാർ നിയോഗിച്ചിട്ടില്ല. 25 കോടി രൂപയാണ് ഈ പദ്ധതിക്കായി സർക്കാർ നീക്കിവച്ചിട്ടുള്ളത്.

## പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ

265 (636) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ 2019 ജനുവരി മുതൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഫെഡറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ 2019 ജനുവരി മുതൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ വിതരണം ചെയ്യുന്ന മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ത്രിവേണി സ്റ്റോറുകൾ ജനകീയമാക്കുന്നതിന് നടപടി

266 (637) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലിസ്റ്റോറുകളിലെ നിരക്കിൽ കൺസ്യൂമർ ഫെഡിന്റെ ത്രിവേണിസ്റ്റോറുകളിലും സബ്സിഡി അനുവദിച്ച് കൊണ്ട് ത്രിവേണി സ്റ്റോറുകൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉത്സവകാല വിപണിയിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡിന് സബ്സിഡി നൽകുന്ന മാതൃകയിൽ ഉത്സവകാലം അല്ലാത്തപ്പോഴും സബ്സിഡി അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ വഴിയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ വഴിയും മിതമായ നിരക്കിലാണ് സാധനങ്ങളുടെ വിതരണം നടത്തുന്നത്. ത്രിവേണി സ്റ്റോറുകൾ വഴി സ്ഥിരമായി സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഓണം, വിഷു, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവകാല ചന്തകൾ നടത്തിവരുന്നത്. അല്ലാത്ത സമയത്തും സബ്സിഡി വില്പന നടത്തണമെന്ന നിർദ്ദേശം പരിശോധിച്ചുവരുന്നു.

## കൺസ്യൂമർഫെഡിന്റെ വിദേശമദ്യ ഷോപ്പുകൾ

267 (638) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള വിദേശമദ്യ ഷോപ്പുകളിൽ കൂടുതൽ സെൽഫ് സർവ്വീസ് കൗണ്ടറുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വിദേശമദ്യം സാർവത്രികമാക്കുന്നതിന് ഇടയാക്കുമെന്നതിനാൽ ഇത്തരം നടപടികൾ പുനഃപരിശോധിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന്റെ 39 വിദേശ മദ്യഷോപ്പുകളിൽ 15 എണ്ണം ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുള്ള സെൽഫ് സർവ്വീസ് കൗണ്ടറുകളായും 15 എണ്ണം 500 രൂപയിൽ കൂടുതൽ വിലയുള്ള പ്രീമിയം ഉല്പന്നങ്ങൾ വിൽക്കുന്ന പ്രത്യേകം കൗണ്ടറുകളായും 9 എണ്ണം ലോക്കൽ കൗണ്ടറുകളായുമാണ് പ്രവർത്തിക്കുന്നത്.

(ബി) ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും അനിയന്ത്രിതമായ ക്യൂ പല കടകളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനുമാണ് ഇത്തരം നടപടികൾ ആരംഭിച്ചത്.

**കൺസ്യൂമർഫെഡ് ഷോപ്പിംഗ് വെബ്സൈറ്റ്**

268 (639) <u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ഓൺലൈൻ ഷോപ്പിംഗ് വെബ് സൈറ്റായ ആമസോൺ, ഫ്ലിപ്പ് കാർട്ട് എന്നിവയുടെ മാതൃകയിൽ കൺസ്യൂമർഫെഡും ഷോപ്പിംഗ് വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഈ രീതിയിൽ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് നിലവിൽ സൗകര്യമുണ്ടെന്ന് അറിയിക്കുമോ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ ഇതിലൂടെ ലാഭകരമാക്കുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ സ്ഥാപനത്തെ ലാഭത്തിലാക്കാൻ മറ്റെന്തെങ്കിലും നടപടികളിലൂടെ സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) പരീക്ഷണാടിസ്ഥാനത്തിൽ പരിഷ്കാരങ്ങൾ നടപ്പാക്കി പരിപൂർണ്ണ തകർച്ചയിലാക്കാതെ സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തി ഈ സ്ഥാപനത്തെ ക്രമേണ ലാഭത്തിലാക്കുന്ന നടപടികൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡ് ഷോപ്പിംഗ് വെബ്സൈറ്റ് ആരംഭിച്ചിട്ടില്ല.

(ബി) കൺസ്യൂമർഫെഡിനെ കൂടുതൽ ലാഭകരമാക്കുന്നതിന് ഷോപ്പിംഗ് വെബ്സൈറ്റ് സഹായകരമാകുമെന്നാണ് കരുതുന്നത്. ഷോപ്പിംഗ് വെബ് സൈറ്റ് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിർമ്മാതാക്കളിൽനിന്നും നേരിട്ട് ഭക്ഷ്യവസ്തുക്കളും മറ്റും വൻതോതിൽ ശേഖരിച്ച് നൂതന രീതിയിൽ ശീതീകരിച്ച ഗോഡൗണുകളിൽ സൂക്ഷിച്ച് ഉത്സവകാല വിപണികളിൽ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനായി ശീതികരിച്ച ഗോഡൗണുകൾ പുതുതായി നിർമ്മിക്കാനുള്ള അപേക്ഷ ലഭ്യമായിട്ടുണ്ട്. ഇത് വരുംകാലങ്ങളിൽ നടപ്പിലാക്കിയാൽ കുറഞ്ഞ ചെലവിൽ ഭക്ഷ്യവസ്തുക്കൾ മുൻകൂട്ടി ശേഖരിച്ച് ലാഭകരമായ രീതിയിൽ വിപണനം നടത്താൻ സാധിക്കും. ഇതുകൂടാതെ നഷ്ടത്തിലായ ത്രിവേണി സ്റ്റോറുകൾ കൂടുതൽ കച്ചവടസാധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിച്ചും അനാവശ്യ ചെലവുകൾ വെട്ടിക്കുറച്ചും നിലവിലുള്ള നീതി സ്റ്റോറുകൾ നവീകരിച്ചും വിറ്റുവരവിൽ ലാഭം വർദ്ധിപ്പിക്കുവാൻ സാധിക്കും. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നിർദ്ദേശിച്ച 1500 നീതി മെഡിക്കൽ സ്റ്റോറുകളും 2000 നീതി സ്റ്റോറുകളും പ്രാവർത്തികമാക്കുന്നതിലൂടെ സ്ഥാപനത്തിന്റെ വിറ്റുവരവിൽ പതിൻമടങ്ങ് വളർച്ച ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കൃത്യവും സൂക്ഷ്മതയേറിയതുമായ ഭരണപരിഷ്കാരങ്ങളിലൂടെ സാമ്പത്തിക അച്ചടക്കത്തിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങളിലൂടെയും 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും ലാഭം നേടാൻ കഴിഞ്ഞിട്ടുണ്ട്. വരും വർഷങ്ങളിൽ നിലവിലെ സഞ്ചിത നഷ്ടം കുറയ്ക്കുന്നതിന് എല്ലാ നടപടികളും ഉചിതമായ രീതിയിൽ കൈക്കൊണ്ടിട്ടുണ്ട്. നഷ്ടത്തിലായ യൂണിറ്റുകൾ സൂക്ഷ്മ രീതിയിൽ പഠനം നടത്തി കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനും മൊബൈൽ ത്രിവേണികളുടെ സഞ്ചാരപഥത്തിൽ മാറ്റം വരുത്തി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ വെട്ടിച്ചുരുക്കിയും ആവശ്യമായ സ്ഥലങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും കൂടുതൽ ഉപഭോക്താക്കളെ കൺസ്യൂമർ ഫെഡിലേയ്ക്ക് ആകർഷിക്കുന്നതി ലേയ്ക്കായി സ്ഥിരം കസ്റ്റമർക്ക് സ്മാർട്ട് കാർഡ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ടും വിറ്റുവരവിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

## നീതി സ്റ്റോറുകളിലേയ്ക്കുള്ള സാമ്പിളുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി

269 (640) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള നീതി സ്റ്റോറുകളിലേക്ക് സാധനങ്ങൾ പർച്ചേസ് ചെയ്യുന്നതിന് ഇ-ടെണ്ടറുകൾ സമർപ്പിക്കുന്നവർ നൽകുന്ന സാമ്പിളുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന എത്ര നീതി സ്റ്റോറുകൾ നിലവിലുണ്ട്; കൂടുതൽ നീതി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇ-ടെണ്ടറുകളിൽ പങ്കെടുത്ത വിതരണക്കാരുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി സഹകരണ സംഘം പ്രതിനിധികൾ, മാനേജിംഗ് ഡയറക്ടർ, പർച്ചേസ് മാനേജർ, റീജിയണൽ പ്രതിനിധികൾ, പരിചയ സമ്പന്നരായ ഗോഡൗൺ മാനേജർമാർ എന്നിവർ ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിതരണക്കാരുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തി ടി സാമ്പിളുകൾ ഗോഡൗണിലേയ്ക്ക് നൽകുകയും ലോഡുമായി വരുന്ന വിതരണക്കാരുടെ സാധനങ്ങളുമായി ഒത്തുനോക്കി ഇറക്കുകയുമാണ് ചെയ്തുവരുന്നത്. ഉത്സവകാലങ്ങളിൽ കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാ സാധനങ്ങളുടേയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ലബോറട്ടറി ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ പരിശോധന നടത്തി ലഭ്യമാക്കുന്ന ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തിയാണ് സാധനങ്ങൾ വാങ്ങുന്നത്.

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന 745 നീതി സ്റ്റോറുകൾ നിലവിലുണ്ട്, കൂടുതൽ നീതി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ വകുപ്പ് മുഖേന സ്മാർട്ട് ക്ലാസ്സ് മുറികൾ

270 (641) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മലപ്പുറം ജില്ലയിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സഹകരണ വകുപ്പ് മുഖേന സ്മാർട്ട് ക്ലാസ്സ് മുറികൾ മലപ്പുറം ജില്ലയിൽ ഏതെങ്കിലും സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഇത്തരമൊരു തീരുമാനം മുൻകൂട്ടി അറിയിച്ച് എം.എൽ.എ.-മാർ മുഖേന സ്കൂളുകളുടെ പട്ടിക ശേഖരിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു. പി. സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചുനൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ചുനൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ആനമങ്ങാട് ഗവൺമെന്റ് സ്കൂൾ, കാളി കാവ് ഗവൺമെന്റ് യു.പി. ബസാർ സ്കൂൾ എന്നിവിടങ്ങളിൽ സഹകരണ ബാങ്കുകൾ മുഖേന സ്മാർട്ട് ക്ലാസ്സ് റൂമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സംഘങ്ങൾക്ക് വലിയ തുക ചെലവഴിക്കേണ്ടി വന്നതിനാലാണ് സഹകരണവകുപ്പിൽനിന്നും ഈ പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം നേരിടുന്നത്.

## സഹകരണ വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞം

271 (642) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളെ ബന്ധപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ നടത്തിപ്പിന് സഹകരണ വകുപ്പിലെ ഏത് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജക മണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ജില്ലയിലെ ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ.- മാർ ലഭ്യമാക്കുന്ന ലിസ്റ്റും നടപ്പാക്കാൻ സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മാവേലിക്കര മണ്ഡലത്തിലെ ചുവടെ പറയുന്ന സ്കൂളുകളെ ബന്ധപ്പെട്ട എം.എൽ.എ. -മാർ നിർദ്ദേശിച്ചിരുന്നു.

സ്മാർട്ട് ക്ലാസ്സ് റൂമിന് വേണ്ട സ്കൂളുകൾ

1. ഗവ. എൽ.പി.എസ്. അറുന്നൂറ്റിമംഗലം
2. എരുമക്കുഴി എൽ.പി.എസ്., നൂറനാട്
3. കല്ലിമേൽ എൽ.പി.എസ്.
4. ചുനക്കര ഗവ.യു.പി.എസ്.
5. ഇലിപ്പക്കുളം എൽ.പി.എസ്.
6. വരേണിക്കാൽ വെൽഫെയർ എൽ.പി.എസ്.
7. താമരക്കുളം വെൽഫെയർ എൽ.പി.എസ്.

കിച്ചണിന് വേണ്ട സ്കൂളുകൾ

1. ഇറവങ്കര എൽ.പി.എസ്.
2. കുന്നം എൽ.പി.എസ്.
3. കണ്ടിയൂർ ഗവൺമെന്റ് യു.പി.എസ്.
4. കണ്ണനാകുഴി എൽ.പി.എസ്.
5. ചത്തിയറ എൽ.പി.എസ്.
6. ഗവൺമെന്റ് എൽ.പി.എസ്. ഇരട്ട പള്ളിക്കൂടം വെട്ടിയാർ
7. വെൽഫെയർ എൽ.പി.എസ്. കടുവിനാൽ.

(സി) പ്രസ്തുത സ്കൂളുകളിൽ ടി പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ഡി) ടി പദ്ധതിയുടെ നടത്തിപ്പിന് ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## സ്കൂളുകൾ സഹകരണ മേഖലയുടെ ഭാഗമാക്കി പുനരുദ്ധാരണം

272 (643) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന് ഇരവിപുരം നിയോജക മണ്ഡലത്തിലെ എത്ര സ്കൂളുകൾ സഹകരണ മേഖലയുടെ ഭാഗമാക്കി പുനരുദ്ധാരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇവയുടെ പേരുവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ നവീകരിക്കുന്നതിന് ഇരവിപുരം നിയോജക മണ്ഡലത്തിലെ, വാളത്തുംഗൽ ഗവൺമെന്റ് ഗേൾസ് വി.എച്ച്.എസ്.-നെ, സഹകരണ മേഖലയുടെ ഭാഗമാക്കി പുനരുദ്ധാരണം നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**മുറ്റത്തെ മുല്ല ലഘുവായ്പാ പദ്ധതി**

273 (644) <u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. ആർ. രാജേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേക്ക് നയിക്കാൻ പ്രാപ്തമാക്കും വിധം സഹകരണ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ മേഖലയിലുള്ളവരെ വട്ടിപ്പലിശക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ തുടങ്ങിയവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിച്ച് അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി മുറ്റത്തെ മുല്ല എന്ന ലഘുവായ്പാ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(സി) എങ്കിൽ എത്ര രൂപയാണ് ഒരാൾക്ക് വായ്പയായി നൽകുന്നതെന്നും ഇതിന്റെ പലിശ നിരക്ക് എപ്രകാരമാണെന്നും വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേയ്ക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സഹകരണ മേഖലയെ

ശക്തിപ്പെടുത്തി കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി തെളിക്കുന്നതാണ്. ദേശസാത്കൃത, പുതുതലമുറ ബാങ്കുകൾ നൽകുന്ന എല്ലാ ആധുനിക രീതിയിലുള്ള സേവനങ്ങളും സഹകരണ ബാങ്കുകൾക്കും നൽകാൻ കഴിയുന്ന അവസ്ഥ സംജാതമാകുന്നതാണ്.

ആധുനിക ബാങ്കിംഗ് സേവനങ്ങൾ സഹകരണ മേഖല വഴി സാധാരണക്കാരിലേയ്ക്ക് എത്തിക്കണമെന്ന സർക്കാർ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തുംവിധം എ.റ്റി.എം. സംവിധാനം, RTGS/NEFT, mobile banking സൗകര്യങ്ങൾ എന്നിവ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ വഴി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ PACS ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് അവയുടെ കമ്പ്യൂട്ടർവത്കരണത്തിനായി 3 ലക്ഷം രൂപയും PACS-ന്റെ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കൽ, എ.റ്റി.എം. അടക്കമുള്ള ആധുനിക സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ എന്നിവയ്ക്കായി 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നുണ്ട്. PACS-കളിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തി അതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) വട്ടിപ്പലിശക്കാരുടെ ചൂഷണം ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതിവരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ, എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക സുരക്ഷിതത്വത്തിലേയ്ക്ക് നയിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണലഘു വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

(സി) പദ്ധതി പ്രകാരം 1,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽനിന്നും 12% പലിശ (നൂറ് രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ

ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം.

(ഡി) ഉണ്ട്. പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പിനായി സംഘം/ജില്ലാ/സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ജില്ല/സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതല മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

## നവകേരളീയം-കുടിശ്ശിക നിവാരണം 2019

274 (645) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നവകേരളീയം-കുടിശ്ശിക നിവാരണം 2019 പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപവരെ കുടിശ്ശികയുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയെന്ന് അറിയിക്കുമോ;

(സി) വിധവകൾ, മാരകരോഗം ബാധിച്ചവർ എന്നിവർക്ക് പലിശയിനത്തിൽ പ്രത്യേക ഇളവ് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി

മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ ബാധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി സംസ്ഥാനത്ത് സഹകരണ മേഖലയിൽ നവകേരളീയം-കുടിശ്ശിക നിവാരണം 2019 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ആണ്. 2018 നവംബർ 30 വരെ പൂർണ്ണമായോ, ഭാഗികമായോ കുടിശ്ശികയായ വായ്പകൾ ഈ പദ്ധതിയിൽ പരിഗണിക്കുന്നതാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതുമാണ്.

(ബി) ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ കുടിശ്ശിക ആയിട്ടുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

(സി) സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരുടെയോ കുടിശ്ശിക വായ്പകളിന്മേലുള്ള പലിശ ഭാഗികമായോ, പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ, പൂർണ്ണമായോ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് 50,000 രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ജില്ലാകമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് ഇളവിനായി സമർപ്പിക്കാവുന്നതാണ്.

**സഹകരണ റിസ്ക് ഫണ്ട്**

275 (646) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ടിൽപെടുത്തി വായ്പാ ആശ്വാസം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽനിന്നും ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ വേഗം തീർപ്പ് കൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതും അർഹതയില്ലാത്തതും ന്യൂനത ഉള്ളതുമായ ധാരാളം അപേക്ഷകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭ്യമാകുന്നുണ്ട്. ഇതുമൂലം യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ട അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. അർഹതയില്ലാത്തതും ന്യൂനതകൾ ഉള്ളതുമായ ധാരാളം അപേക്ഷകൾ വരുന്നതുകൂടി പരിശോധിച്ച് ബന്ധപ്പെട്ട സംഘങ്ങളെ രേഖാമൂലം അറിയിക്കുന്നതിനും ന്യൂനത പരിഹരിച്ച് വാങ്ങുന്നതിനും കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ളവരുടെ അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടെ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ നിയമനങ്ങൾ

276 (647) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. മുഖാന്തിരം നടത്തുവാൻ സ്പെഷ്യൽ റൂൾസ് ഭേദഗതി നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇരുപത് വർഷത്തിലേറെയായി ഉദ്യോഗാർത്ഥികൾ പ്രതീക്ഷിച്ചിരുന്ന പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. വഴി നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന കാർഷിക സഹകരണ വികസന ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചതിന് അനുസൃതമായി നിയമന ചട്ടം ഗവൺമെന്റ് അംഗീകരിച്ച് പി.എസ്.സി.-ക്ക് സമർപ്പിച്ചിരിക്കുകയാണ്. നിയമന ചട്ടം പി.എസ്.സി. അംഗീകരിച്ച് അന്തിമ ഉത്തരവ് ആകുന്ന മുറയ്ക്ക് ബാങ്കിലെ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

## ജില്ലാ ബാങ്കുകളിലെ പി.എസ്.സി. നിയമനം

277 (648) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളെ ലയിപ്പിച്ചുകൊണ്ട് കേരള ബാങ്ക് രൂപീകരിക്കുവാൻ ആർ.ബി.ഐ. നിർദ്ദേശിച്ചിരിക്കുന്നതിനാൽ പ്രസ്തുത ബാങ്കുകളിലേയ്ക്ക് പി.എസ്.സി. നിയമനം കാത്ത് ഇരിക്കുന്നവർക്ക് കാറ്റഗറി നമ്പർ 21/2014, 20/2016 റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം നടത്തുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സഹകരണ വകുപ്പ് രജിസ്ട്രാർ പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 31-3-2019 മുൻപ് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

കാറ്റഗറി നമ്പർ 20/14- ൽ എല്ലാ ജില്ലകളിലുമായി 161 നിയമനങ്ങളും കാറ്റഗറി നമ്പർ 21/14 -ൽ 97 നിയമനങ്ങളും നടന്നിട്ടുണ്ട്.

കാറ്റഗറി നമ്പർ 20/2016 ഈ വകുപ്പുമായി ബന്ധപ്പെട്ട വിജ്ഞാപനമല്ലെന്ന് കാണുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് സ്ഥാപനങ്ങൾ**

278 (649) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ഒരു കുടക്കീഴിലാക്കുവാൻ 2016-ൽ പണിപൂർത്തിയാക്കിയ ജഗതിയിലെ സഹകരണ ഭവനിൽ നിലവിൽ ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ പലതും വാടക കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്;

(സി) തിരുവനന്തപുരത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം എന്ത് തുക ചെലവാകുന്നുവെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ഓഫീസുകൾ അടിയന്തരമായി സഹകരണ ഭവനിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സഹകരണ ഭവനിൽ നിലവിൽ ഒന്നു മുതൽ അഞ്ച് നിലകളിലായി സഹകരണ സംഘം രജിസ്ട്രാർ ആഫീസും സഹകരണ ആഡിറ്റ് ഡയറക്ടറേറ്റും ആണ് പ്രവർത്തിച്ചുവരുന്നത്.

(ബി) അതെ.

(സി) തിരുവനന്തപുരത്ത് വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകയിനത്തിൽ പ്രതിമാസം 1,93,686 രൂപ ചെലവാകുന്നു.

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഓഫീസുകൾ, സഹകരണ ഭവനിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## സഹകരണ വകുപ്പിന്റെ നെല്ല് സംഭരണം

279 (650) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം സഹകരണ വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എന്ന് മുതൽ ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഏതെല്ലാം എജൻസികൾ മുഖേനയാണ് നെല്ല് സംഭരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) നിലവിലെ നെല്ല് സംഭരണ സംവിധാനങ്ങളിലെ അപര്യാപ്തത മൂലമാണോ ഇപ്രകാരമൊരു തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനുള്ള സാഹചര്യമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സംവിധാനത്തോടൊപ്പം സഹകരണ മേഖലയെക്കൂടി നെല്ല് സംഭരണത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ബി&സി) നെല്ല് സംഭരണത്തിന്റെ നിലവിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് സഹകരണ മേഖലയെ കൂടി നെല്ല് സംഭരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതി

280 (651) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ, മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് സഹകരണ ബാങ്കുകൾ വഴി വീട് വച്ചു നൽകുന്ന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം സർവ്വീസ് സഹകരണ ബാങ്കുകളുടെ സഹായത്തോടെയാണ് പ്രളയബാധിതർക്ക് വീടുകൾ വച്ചു നൽകുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് സഹകരണ ബാങ്കുകൾ വഴി വീട് വച്ച് നൽകുന്ന പദ്ധതി പ്രകാരം 41 വീടുകൾ നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ബി) ചുവടെ പറയുന്ന 11 സഹകരണ സംഘങ്ങളുടെ സഹായത്തോടെയാണ് ചാലക്കുടി മണ്ഡലത്തിൽ പ്രളയബാധിതർക്ക് വീടുകൾ നിർമ്മിച്ചുനൽകുന്നത്.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | നിർമ്മിക്കുന്ന വീടുകളുടെ എണ്ണം |
|---|---|---|
| 1 | ചാലക്കുടി ടൗൺ സഹകരണ സംഘം | 3 |
| 2 | ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് | 4 |
| 3 | വെസ്റ്റ് ചാലക്കുടി സർവ്വീസ് സഹകരണ ബാങ്ക് | 6 |
| 4 | ചാലക്കുടി ടൗൺ മൾട്ടി പർപ്പസ് സഹകരണ സംഘം | 2 |
| 5 | ചാലക്കുടി മൾട്ടി പർപ്പസ് സഹകരണ സംഘം | 2 |
| 6 | മേലൂർ സർവ്വീസ് സഹകരണ ബാങ്ക് | 1 |
| 7 | കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് | 7 |
| 8 | കൊടകര എഫ്.എസ്.സി.ബി | 5 |
| 9 | കോടശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 1 |
| 10 | കുറ്റിക്കാട് എഫ്.എസ്.സി.ബി | 2 |
| 11 | പരിയാരം സർവ്വീസ് സഹകരണ ബാങ്ക് | 8 |
| | ആകെ | 41 |

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

281 (652) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണവകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ.റ്റി.എസ്) പ്രകാരം വായ്പ കുടിശ്ശികക്കാർക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ ബാധ്യതയിൽനിന്നും ആശ്വാസം നൽകുന്നതിനുമായി സംസ്ഥാനത്ത് സഹകരണമേഖലയിൽ നവകേരളീയം കുടിശ്ശിക നിവാരണം 2019 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കാലാവധി 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ആണ്. 2018 നവംബർ 30 വരെ പൂർണ്ണമായോ, ഭാഗികമായോ കുടിശ്ശികയായ വായ്പകൾ ഈ പദ്ധതിയിൽ പരിഗണിക്കുന്നതാണ്. എല്ലാ വായ്പാ ഒത്തുതീർപ്പുകളിലും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതുമാണ്. ഇരുപത്തിയഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ കുടിശ്ശിക ആയിട്ടുള്ളവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.

സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരുടെയോ കുടിശ്ശിക വായ്പകളിന്മേലുള്ള പലിശ ഭാഗികമായോ പൂർണ്ണമായോ മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ പൂർണ്ണമായോ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘതല കമ്മിറ്റിക്ക് 50,000 രൂപ വരെ ഇളവ് അനുവദിക്കാവുന്നതാണ്. 50,000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും സംഘതല കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ജില്ലാ കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശിപാർശ ചെയ്ത് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് ഇളവിനായി സമർപ്പിക്കാവുന്നതാണ്.

**വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് നടപടി**

282 (653) ശ്രീ. എ. എം. ആരിഫ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികളായ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് വിവിധ ഓൺലൈൻ, സോഷ്യൽ മീഡിയകൾ മുഖേന വിദേശ രാജ്യങ്ങളിൽ പ്രചരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ കൂടുതൽ ശക്തമായ സാന്നിദ്ധ്യം അറിയിക്കുന്നതിനുവേണ്ടി അച്ചടി മാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിധ്യം കൂടുതലുള്ള സ്ഥലങ്ങളിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനുപുറമെ സമൂഹമാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. ടൂർ ഓപ്പറേറ്റർമാർ വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമപ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറാനുമായി "It's time for Kerala"എന്ന പേരിൽ ഒരു campaign ആരംഭിച്ചിട്ടുണ്ട്. ഈ

പ്രവർത്തനങ്ങളുടെ ഫലമായി വരുംവർഷങ്ങളിൽ കൂടുതൽ വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുമെന്ന് വിനോദ സഞ്ചാര വകുപ്പ് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതായ എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് നടപ്പാക്കിവരുന്നത്. ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനം ടൂറിസം സെന്ററുകളിൽ ലഭ്യമാക്കുന്നതിനുമായി ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി പ്രകാരം വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. കൂടാതെ അംഗപരിമിതരായ സഞ്ചാരികൾക്കായി പ്രധാനപ്പെട്ട എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും "ബാരിയർ ഫ്രീ കേരള മേക്കിംഗ് ടൂറിസം അക്സസിബിൾ ഫോർ ഓൾ" എന്ന പദ്ധതി പ്രകാരവും സൗകര്യങ്ങൾ ഏർപ്പെടുത്തി വരികയാണ്.

(സി) വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

- നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യു ട്യൂബ് എന്നിവയിലൂടെ ഉള്ള ഓൺലൈൻ പ്രചാരണങ്ങൾ
- ഓൺലൈൻ ടൂർ പ്ലാനറുകൾ
- ലൈവ് ടെലികാസ്റ്റുകൾ
- ക്ലിന്റ് പെയിന്റിംഗ് കോംപറ്റീഷൻ ഉൾപ്പെടെയുള്ള ഓൺലൈൻ മത്സരങ്ങൾ
- ഇ ബ്രോഷറുകൾ
- ടൂറിസം ഡെസ്റ്റിനേഷനുകളുടെ റിസോഴ്സ് മാപ്പിംഗ്
- ഹോളിഡേ IQ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചാരണം
- കൂടുതൽ അന്തർദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലഭ്യമാക്കൽ.

## വിനോദ സഞ്ചാരികൾക്കായുള്ള സുരക്ഷാസംവിധാനം

283 (654) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. ജോയി:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പോലീസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ടൂറിസം മേഖലയിൽ അപകട സാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് ടൂറിസ്റ്റുകൾക്ക് ബോധവത്ക്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിനോദസഞ്ചാര വ്യവസായത്തിന് പ്രതികൂലമായി ഭവിക്കുന്ന ചൂഷണം, കബളിപ്പിക്കൽ തുടങ്ങിയ അനഭിലഷണീയ പ്രവണതകൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും പ്രാധാന്യത്തോടെ കണക്കിലെടുത്ത് ഒട്ടേറെ നടപടികൾ റ്റൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന യോഗ തീരുമാനം അനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 18-5-2018-ലെ പോലീസ് മേധാവി നൽകിയ സർക്കുലറിൽ ടി വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് വകുപ്പ്, ഇതര വകുപ്പുകൾ തുടങ്ങിയവയുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിഗണനയിലാണ്.

(ബി) നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസ്സുകൾ, അവബോധ ക്ലാസ്സുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തരം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ടൂറിസം മേഖലയിൽ അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.

പ്രധാന ബീച്ചുകളിലെല്ലാംതന്നെ പരിശീലനം നേടിയ ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവന ചെയ്യുന്നു. ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി അതോറിറ്റി പ്രവർത്തിക്കുന്നതാണ്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടായിരിക്കും.

## പ്രളയംമൂലം ടൂറിസം മേഖലയിലുണ്ടായ നഷ്ടം

284 (655) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം ടൂറിസം മേഖലയിലുണ്ടായ തളർച്ചയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുമാത്രം നഷ്ടമുണ്ടായതായിട്ടാണ് വിലയിരുത്തിയിരിക്കുന്നത്; വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രസ്തുത നഷ്ടം പരിഹരിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് 1,017 കോടി രൂപയുടെയും ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ചർ ഇനത്തിൽ 35 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. 2018 നവംബർ മാസത്തിലെ കണക്കുപ്രകാരം കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ് മുതൽ കുറവ് സംഭവിച്ചിട്ടുണ്ട്.

(സി) പ്രളയംമൂലം സംസ്ഥാനത്ത് വിനോസഞ്ചാര മേഖലയിലുണ്ടായ നഷ്ടം പരിഹരിക്കാൻ വിവിധ കർമ്മ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രളയത്തിന്റെ കെടുതിയിൽനിന്നും ഉയിർത്തെഴുന്നേൽക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. " Post Flood Campaign" എന്ന ലേബലിൽ ' Its time for Kerala' എന്ന പേരിൽ രാജ്യത്തിനകത്ത് ടി.വി., റേഡിയോ, സിനിമാ തിയേറ്ററുകൾ, എയർപോർട്ടുകൾ കേന്ദ്രീകരിച്ച് പരസ്യ പ്രചാരണം നടത്തിക്കഴിഞ്ഞു. മാത്രമല്ല രാജ്യത്തെ വിവിധ പത്ര/മാസികകളിൽ പ്രിന്റ് ക്യാമ്പെയിനും നടത്തി. ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്തുവരുന്നു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃത്സർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന ട്രേഡ് ഫെയറുകളിലും പാർട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന പേരിൽ മികച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. 2019 ജനുവരി മുതൽ IITI Mumbai, SATTE Delhi, TTF Chennai, Bangalore, ITM Goa, IITE Bhuvaneswar, Nagpur എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിലും ജലന്ധർ, ഡൽഹി, ബോംബെ, ജയ്പൂർ, ചെന്നൈ, മധുരൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രളയാനന്തരം സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ട് വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിക്കഴിഞ്ഞു. കേരളാ ട്രാവൽ മാർട്ട് ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും വലിയ മേളകളിൽ ഒന്നാണ്. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് കേരളാ ട്രാവൽ മാർട്ട് നൽകുന്ന സംഭാവന എടുത്തുപറയേണ്ടതാണ്. ഈ വർഷത്തെ കേരളാ ട്രാവൽ മാർട്ട് വകുപ്പിന്റെ സ്പോൺസർഷിപ്പോടെ സെപ്റ്റംബർ 27 മുതൽ 30 വരെ കൊച്ചിയിൽ വെച്ച് നടന്നു. പ്രസ്തുത മേളയിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽനിന്നുള്ള ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ട് ഓപ്പറേറ്റേഴ്സ്, റിസോർട്ടുകൾ തുടങ്ങിയ സംരംഭകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ എത്തിയിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നും ടൂറിസം മേഖലയിലെ സംരംഭകർ പങ്കെടുക്കുകയും കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ 320 സ്റ്റാളുകൾ ഉണ്ടായിരുന്നു. ഇന്ത്യയിൽനിന്നും ഏതാണ്ട് 1653 ടൂർ ഓപ്പറേറ്റർമാരും 66 വിദേശ രാജ്യങ്ങളിൽനിന്നുള്ള 545 ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്തു.

പ്രളയാനന്തര കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ട് വളരെ വലിയ പങ്കാണ് വഹിച്ചത്.

പ്രളയ തകർച്ച മറികടക്കാൻ വരും മാസങ്ങളിൽ വടക്കേ അമേരിക്ക/ യൂറോപ്പ്/സിംഗപ്പൂർ/ദുബായ് എന്നിവിടങ്ങളിൽ പരസ്യ പ്രചരണം നടത്താനും വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകൾ/ പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നെതർലന്റ്സ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരീസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ജക്കാർത്ത, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചെലെസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ട്രേഡ് ഫെയറുകൾ/പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പ്രളയത്തിന്റെ ഭാഗമായി സംസ്ഥാന വിനോദ സഞ്ചാര മേഖലയിൽ സംഭവിച്ച തളർച്ച മറികടക്കാനായി വകുപ്പ് എടുത്ത അടിയന്തര നടപടികളാണ്.

പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി.
2. പുനലൂർ ബാത്തിംഗ് ഗാട്ട് - 77,00,000 രൂപ
3. മൺറോതുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ &ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ

## ടൂറിസം മേഖലയിലെ സേവന-വേതന കരാർ

285 (656) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിലെ സേവന വേതന കരാർ പരിഷ്കരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് ടൂറിസം മേഖലയുടെ സംഭാവന എന്ന് അറിയിക്കാമോ; ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഇതിൽ വർദ്ധനവുണ്ടായോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മേഖലയിലെ സേവന-വേതന കരാർ പരിഷ്കരിക്കുന്നത് സംബന്ധിച്ച് നടപടികൾ ടൂറിസം വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിന്റെ 9 മുതൽ 10 ശതമാനം വരെ ടൂറിസം മേഖലയിൽനിന്നുള്ളതാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ടൂറിസം രംഗത്തെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷത്തിൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആണ്. 2015 മുതൽ ഉള്ള കണക്കുകൾ പ്രകാരം ടൂറിസം മേഖലയിലെ വരുമാനത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വിശദമായ സ്ഥിതിവിവരക്കണക്ക് താഴെ കൊടുത്തിരിക്കുന്നു:

| Year | Foreign Exchange Earnings (Rs.In crores) | Percent age of Income | Total Income generated from Tourism (Direct&In direct Rs.in crores) | Percent age of increase |
|---|---|---|---|---|
| 2015 | 6949.88 | 8.61 | 26689.63 | 7.25 |
| 2016 | 7749.51 | 11.51 | 29658.56 | 11.12 |
| 2017 | 8392.11 | 8.29 | 33383.68 | 12.56 |

**മലബാർ മേഖലയിലെ വിനോദസഞ്ചാരം**

286 (657) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(ബി) ഈ മേഖലയിൽ ടൂറിസം രംഗത്തു പ്രവർത്തിക്കുന്നവരെ ഏകോപിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) മലബാറിലെ അറിയപ്പെടാത്ത ടൂറിസം കേന്ദ്രങ്ങൾ നാട്ടുകാർക്ക് പരിചയപ്പെടുത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ മേഖലയിലെ വിനോദസഞ്ചാര വികസനത്തിനായി വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് വിഭാവന ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതിയായി 53.08 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാട്, ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് പ്രസ്തുത പ്രദേശത്തെ അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കാനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കൂടാതെ തലശ്ശേരിയില പൈതൃക ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളെ ഉൾപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം രംഗത്തെ ഇനങ്ങളായ കയാക്കിംഗ് ഫെസ്റ്റ്, മൗണ്ടൻ ബൈക്കിംഗ് ചലഞ്ച് തുടങ്ങിയ പരിപാടികൾ വിജയകരമായി നടത്തിവരുന്നുണ്ട്.

(ബി) വിവിധ വകുപ്പുകളേയും ടൂറിസം സംരംഭകരേയും മറ്റ് ടൂറിസം സന്നദ്ധ സംഘടനകളേയും ഏകോപിപ്പിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നാടിനും നാട്ടുകാർക്കും ഗുണപ്രദമായ ടൂറിസം പദ്ധതികളും ടൂറിസം പാക്കേജുകളും (വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ളവ) നടപ്പിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ**

287 (658) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ ആരംഭിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; ഈ മേഖലയിലെ പ്രശ്നപരിഹാരത്തിന് ആവിഷ്കരിച്ച പുതിയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്തിയ വിദേശ വിനോദസഞ്ചാരികളുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി

- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- ഗ്രീൻ കാർപ്പറ്റ്
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- സ്വദേശ് ദർശൻ
- പ്രസാദ് സ്കീം
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- തീർത്ഥാടന ടൂറിസം പദ്ധതി
- നിശാഗന്ധി മ്യൂസിക് ഫെസ്റ്റിവെൽ
- കേരളാ ബോട്ട് റേസ് ലീഗ്
- മലനാട് റിവർ ക്രൂയിസ് പദ്ധതി
- Its Time for Kerala, Come out and play തുടങ്ങിയ നൂതന ക്യാമ്പെയിനുകൾ ഇന്ത്യയിലും വിദേശത്തും സംഘടിപ്പിച്ചു.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല ഇന്ന് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ച് കൊണ്ടുതന്നെയാണ് മുന്നോട്ട് പോകുന്നത്. ഏറ്റവും പ്രധാന പ്രശ്നമാണ് ഹർത്താൽ. അടിക്കടി ഉണ്ടാകുന്ന ഹർത്താലുകളും അന്താരാഷ്ട്ര-ആഭ്യന്തര വ്യോമയാന രംഗത്തെ സേവനങ്ങളുടെ കുറവും വിമാനയാത്രാക്കൂലി ഇനത്തിലെ വർദ്ധിച്ച നിരക്കും സർക്കാരിന് ടൂറിസം വ്യവസായ മേഖലയിൽ നിയമപരമായ അധികാരം ഇല്ലാത്തതും വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. 15-5-2018-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷിയോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. വിനോദസഞ്ചാരികൾക്ക് സുരക്ഷാപ്രശ്നങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ അതാത് ജില്ലാ ഭരണകൂടങ്ങളുടെയും ആഭ്യന്തര വകുപ്പിന്റെയും സഹായത്തോടെ വിഷയം പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.

ടൂറിസം മേഖലയിലെ പ്രശ്നങ്ങൾ നിലനിൽക്കെ തന്നെ അവ പരിഹരിക്കാനായി സ്വദേശത്തും വിദേശത്തും ശക്തമായ വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മാസങ്ങൾക്കുമുൻപ് നടപ്പിലാക്കിയ "Come out and play" എന്ന പരസ്യപ്രചരണം പ്രശ്നങ്ങൾക്കുപരി സംസ്ഥാനത്ത് വിനോദ സഞ്ചാരികൾക്ക് സൗകര്യങ്ങൾ ഉറപ്പാക്കും എന്നതിന് തെളിവായിരുന്നു.

അടുത്തിടെ ഉണ്ടായ പ്രളയവും വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിച്ചിരുന്നു. ഇത് മറികടക്കാൻ "Its time for Kerala" എന്ന വിപണന തന്ത്ര പരസ്യം ആണ് വകുപ്പ് ആവിഷ്കരിച്ചത്. സ്വദേശ/വിദേശ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും ടൂറിസം വകുപ്പ് പ്രതിനിധികൾ നേരിട്ട് പങ്കെടുത്ത് കേരളം ടൂറിസം രംഗത്ത് മികച്ച രീതിയിൽ തന്നെ മുന്നേറുന്നുവെന്നും എതിർ പ്രചരണങ്ങൾ ശരിയല്ല എന്നുള്ള രീതിയിൽ വിശദീകരിക്കാറുണ്ട്. ടൂറിസം മേഖലയിലെ പ്രശ്ന പരിഹാരത്തിന് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പരസ്യ ക്യാമ്പെയിനുകൾ മികച്ച പ്രതികരണമാണ് ഇക്കാലയളവിൽ ഉണ്ടാക്കിയിട്ടുള്ളതെന്ന് തന്നെയാണ് കരുതുന്നത്.

(സി) 2016-2017 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം 10,46,738 ആണ്. 2017-2018 വർഷം കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 11,39,526 ആണ്.

**പ്രളയാനന്തര വിനോദസഞ്ചാര മേഖല**

288 (659) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രസിച്ച മഹാപ്രളയം കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ പടർത്തിയ കരിനിഴൽ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ:

(ബി) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിലും, ഹോട്ടലുകളിലെയും മറ്റും മുറികൾ ഉപയോഗിക്കുന്ന കാര്യത്തിലും വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രധാന വിനോദസഞ്ചാര മേഖലയായ ജല ടൂറിസവും, ഹൗസ് ബോട്ട് മേഖലയും പ്രളയാനന്തരം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രളയാനന്തരം കേരള വിനോദ സഞ്ചാരമേഖലയെ കൈപിടിച്ചുയർത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗ്രസിച്ച മഹാപ്രളയത്തിനുശേഷം കേരളത്തിന്റെ വിനോദസഞ്ചാര മേഖല മെച്ചപ്പെട്ട് വരുന്നതായി കാണുന്നു.

(ബി) 2018 ആഗസ്റ്റ് മുതൽ കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) ജല ടൂറിസം ഹൗസ്ബോട്ട് മേഖലയും പ്രധാന ആകർഷകങ്ങളായ ആലപ്പുഴ ജില്ലയിൽ പ്രളയം സംഭവിച്ച ആഗസ്റ്റ് മാസത്തിലും തുടർന്നുള്ള സെപ്റ്റംബർ മാസത്തിലും വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തുടർന്നുള്ള മാസങ്ങളിലെ വളർച്ചാനിരക്കിൽ കാണിക്കുന്ന വർദ്ധനവ് പ്രസ്തുത മേഖലയിൽ പുരോഗതി നേടാൻ സാധിച്ചു എന്ന് സൂചിപ്പിക്കുന്നു.

(ഡി) പ്രളയംമൂലം സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലുണ്ടായ നഷ്ടം പരിഹരിക്കാൻ വിവിധ കർമ്മ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രളയത്തിന്റെ കെടുതിയിൽനിന്നും ഉയിർത്തെഴുന്നേൽക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. "Post Flood Campaign" എന്ന ലേബലിൽ 'Its time for Kerala' എന്ന പേരിൽ രാജ്യത്തിനകത്ത് ടി.വി. റേഡിയോ, സിനിമാ തിയേറ്ററുകൾ, എയർപോർട്ടുകൾ കേന്ദ്രീകരിച്ച് പരസ്യ പ്രചരണം നടത്തിക്കഴിഞ്ഞു. മാത്രമല്ല രാജ്യത്തെ വിവിധ പത്ര/മാസികകളിൽ പ്രിന്റ് ക്യാമ്പെയിനും നടത്തി. ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്തുവരുന്നു. മുംബൈ, അഹമ്മദാബാദ്, നാഗ്പൂർ, പൂനെ, ഡൽഹി, വിശാഖപട്ടണം, അമൃതസർ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടന്ന ട്രേഡ് ഫെയറുകളിലും പാർട്ട്ണർഷിപ്പ് മീറ്റുകളിലും "Its Time for Kerala" എന്ന പേരിൽ മികച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. 2019 ജനുവരി മുതൽ IITI Mumbai, SATTE Delhi, TTF Chennai, Bangalore, ITM Goa, IITE Bhuvaneswar, Nagpur എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിലും ജലന്ധർ, ഡൽഹി, ബോംബെ, ജയ്പൂർ, ചെന്നൈ, മധുരൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ പാർട്ട്ണർഷിപ്പ് മീറ്റുകളിലും പങ്കെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രളായാനന്തരം സംഘടിപ്പിച്ച കേരള ട്രാവൽ മാർട്ട് വിനോദസഞ്ചാര മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിക്കഴിഞ്ഞു. കേരളാ ട്രാവൽ മാർട്ട് ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയിലെ ഏറ്റവും വലിയ മേളകളിൽ ഒന്നാണ്. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് കേരളാ ട്രാവൽ മാർട്ട് നൽകുന്ന സംഭാവന എടുത്തുപറയേണ്ടതാണ്. ഈ വർഷത്തെ കേരളാ ട്രാവൽ മാർട്ട് വകുപ്പിന്റെ സ്പോൺസർഷിപ്പോടുകൂടി സെപ്റ്റംബർ 27 മുതൽ 30 വരെ കൊച്ചിയിൽ വച്ച് നടന്നു. പ്രസ്തുത മേളയിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽനിന്നുള്ള ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ട് ഓപ്പറേറ്റേഴ്സ്, റിസോർട്ടുകൾ തുടങ്ങിയ സംരംഭകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ എത്തിയിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്നും ടൂറിസം മേഖലയിലെ സംരംഭകർ പങ്കെടുക്കുകയും കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. ഈ വർഷത്തെ കേരള ട്രാവൽ മാർട്ടിൽ 320 സ്റ്റാളുകൾ ഉണ്ടായിരുന്നു. ഇന്ത്യയിൽനിന്നും ഏതാണ്ട് 1653 ടൂർ ഓപ്പറേറ്റർമാരും 66 വിദേശ രാജ്യങ്ങളിൽനിന്നുള്ള 545 ടൂർ ഓപ്പറേറ്റർമാരും പങ്കെടുത്തു.

പ്രളയാനന്തര കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിന് ഈ വർഷത്തെ ട്രാവൽ മാർട്ട് വളരെ വലിയ പങ്കാണ് വഹിച്ചത്.

പ്രളയ തകർച്ച മറികടക്കാൻ വരുംമാസങ്ങളിൽ വടക്കേ അമേരിക്ക/ യൂറോപ്പ്/സിംഗപ്പൂർ/ദുബായ് എന്നിവിടങ്ങളിൽ പരസ്യ പ്രചരണം നടത്താനും വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനുപുറമെ വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകൾ/ പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്. നെതർലാന്റ്സ്, മാഡ്രിഡ്, മിലാൻ, ടെൽ അവീവ്, ബെർലിൻ, പാരിസ്, വിയന്ന, റോം, പ്രാഗ്, സൂറിച്ച്, ജക്കാർത്ത, ചിക്കാഗോ, ഹ്യൂസ്റ്റൺ, ലോസ് ആഞ്ചെലെസ്, ലണ്ടൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ട്രേഡ് ഫെയറുകൾ/പാർട്ട്ണർഷിപ്പ് മീറ്റുകൾ എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇക്കാര്യങ്ങളിലെല്ലാം പ്രളയത്തിന്റെ ഭാഗമായി സംസ്ഥാന വിനോദസഞ്ചാര മേഖലയിൽ സംഭവിച്ച തളർച്ച മറികടക്കാനായി വകുപ്പ് എടുത്ത അടിയന്തര നടപടികളാണ്.

പുനർനിർമ്മാണത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകികയിട്ടുണ്ട്.

1. പ്രളയക്കെടുതിമൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000 രൂപയുടെ ഭരണാനുമതി
2. പുനലൂർ ബാത്തിംഗ് ഗാട്ട്- 77,00,000 രൂപ
3. മൺറോ തുരുത്ത് അഡ്വഞ്ചർ പാർക്ക്, കണ്ണേറ്റി ബോട്ട് ടെർമിനൽ &ബോട്ട് ടെർമിനൽ അറ്റ് കൊല്ലം - 9,94,446 രൂപ
4. വെള്ളിയാങ്കൽ ഹെറിറ്റേജ് പാർക്ക് - 43,22,030 രൂപ

**വിനോദസഞ്ചാര മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

289 (660) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനത്തിന്റെ പേരിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഉൾപ്പെടെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സ്വാഭാവിക പ്രകൃതി സൗന്ദര്യം നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് വിനോദസഞ്ചാരവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വിനോദസഞ്ചാര മേഖലയുടെ സ്വാഭാവിക പരിസ്ഥിതിയും ഭംഗിയും ഉറപ്പുവരുത്തികൊണ്ടാവണം ഈ കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് നിഷ്കർഷിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള നയം ക്രമീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽനിന്ന് വ്യതിചലിച്ചുകൊണ്ട് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിന്മേൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2017-ലെ ടൂറിസം നയത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് അതിയായ ഊന്നൽ നൽകുന്നുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ആ പ്രദേശത്തിന്

പാരിസ്ഥിതികമായി താങ്ങാവുന്നതാണെന്ന് ഉറപ്പ് വരുത്താൻ പുതിയ ടൂറിസം നയത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിനനുസൃതമായ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്.

(സി) ടൂറിസം വകുപ്പ് ഇത്തരം മേഖലകളിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ പരമാവധി പരിസ്ഥിതി സൗഹൃദമാക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നുണ്ട്.

**ടൂറിസം മേഖലയുടെ വളർച്ചയ്ക്കുവേണ്ടി അനുവദിച്ച തുക**

290 (661) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദ സഞ്ചാര വകുപ്പിന്റെ 2018-19 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ടൂറിസം മേഖലയുടെ വളർച്ചയ്ക്കു വേണ്ടി ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചതെന്നും എത്ര തുകയാണ് അനുവദിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-2019 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും സർക്കാർ അതിഥി മന്ദിരങ്ങളുടെ നിലവാരം ഉയർത്താൻ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങളും ടൂറിസം പദ്ധതികൾക്കായി സർക്കാർ ഉത്തരവിൻപ്രകാരം അനുവദിച്ച തുകയുടെ വിശദാംശങ്ങളും മാർക്കറ്റിംഗ് പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

**പ്രസാദ് പദ്ധതി**

291 (662) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പ്രസാദ് പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം കേന്ദ്രങ്ങളുടെ വികസനത്തിനാണ് ഈ സർക്കാരിന്റെ കാലയളവിൽ പണം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കൊല്ലം ജില്ലയിൽ അപ്രകാരം അനുവദിക്കപ്പെട്ട തുക ചെലവഴിച്ച് നടത്തിയ പ്രവർത്തനങ്ങൾ, ആയത് നടത്തപ്പെട്ട സ്ഥലങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസത്തിനായി 4,614.20 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. അതിൽ 2,197.42 ലക്ഷം രൂപ അനുവദിച്ചു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ
2. ടൂറിസ്റ്റ് അമിനിറ്റി സെന്റർ
3. കൺസ്ട്രക്ഷൻ ഓഫ് മൾട്ടി ലെവൽ കാർ പാർക്കിംഗ്
4. നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ ആന്റ് സി.സി.ടി.വി സിസ്റ്റം ഫോർ ടെമ്പിൾ പ്രിമിസസ്.

(ബി) കൊല്ലം ജില്ലയിൽ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി നിലവിൽ ടൂറിസം വകുപ്പ് മുഖേന പദ്ധതികൾ അനുവദിച്ചിട്ടില്ല.

## ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി

292 (663) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ വികസനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഗവേണിംഗ് ബോഡിയിൽ പൂഞ്ഞാർ എം.എൽ.എ.യോ മറ്റു ജനപ്രതിനിധികളോ ഉൾപ്പെട്ടിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയിലെ നിലവിലെ ഗവേണിംഗ് ബോഡിയിലുള്ള അംഗങ്ങൾ ആരൊക്കെയാണ് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ പൂഞ്ഞാർ മണ്ഡലത്തിലെ പ്രദേശങ്ങൾ നിലവിൽ ഉൾപ്പെട്ടിട്ടില്ല. പൂഞ്ഞാർ എം.എൽ.എ.-യും മണ്ഡലത്തിലെ മറ്റ് ജനപ്രതിനിധികളും ഭരണ സമിതിയിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ പ്രസ്തുത മണ്ഡലത്തിൽപ്പെടുന്ന തിക്കോയി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ഭരണ സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വദേശി ദർശൻ പദ്ധതി

293 (664) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം - കൊല്ലം ക്ലസ്റ്ററിലെ ഏതെല്ലാം ആത്മീയ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടെന്ന് ലഭിച്ച തുക സഹിതം വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്രവികസനത്തിന് സ്വദേശി ദർശൻ പദ്ധതിയിൽ സഹായം ലഭിച്ചിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ച പ്രകാരം സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായി കേരളത്തിലെ വിവിധ ആത്മീയ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അതിൽ ഒരു ക്ലസ്റ്ററായ തിരുവനന്തപുരം-കൊല്ലം ജില്ലകളിലെ ആത്മീയ കേന്ദ്രങ്ങളുടെ വികസനംകൂടി ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് അംഗീകരിച്ച് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ഉത്തരവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തികൾ

1. മുസ്ലീം ജമാ അത്ത് ചെമ്പഴന്തി-65, 24,759
2. മഹാദേവക്ഷേത്രം ഏലംകുളം - 75,57,148
3. ശ്രീ ഉദിയന്നൂർ ദേവി ക്ഷേത്ര യോഗം, തിരുവനന്തപുരം - 1,00,94,463
4. മറ്റീർ ഡീയസ് ചർച്ച്, തിരുവനന്തപുരം - 6327980
5. മുസ്ലീം ജമാ അത്ത്, വട്ടിയൂർക്കാവ് - 1826916

6. ശ്രീകൃഷ്ണ ക്ഷേത്രം, ശ്രീ ചക്രപുരം - 1,14,35,976
7. സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് മലങ്കര സിറിയൻ കാത്തലിക് ചർച്ച്, കുന്നപ്പുഴ - 17,78,530
8. സെന്റ് ജോസഫ് മെട്രോപൊളിറ്റൻ ലാറ്റിൻ കത്തീഡ്രൽ ചർച്ച് - 87,15,358
9. ശ്രീ. നീലകേശി മുടിപ്പുര ക്ഷേത്രം, തിരുവനന്തപുരം - 94,35,760
10. സെന്റ് ആന്റണി ചർച്ച് കമുകിൻകോട് - 25,64,086
11. സെന്റ് ജൂഡ് മലങ്കര സിറിയൻ കത്തോലിക് ചർച്ച് വേറ്റിനാട് - 1,90,45,858
12. ലൂർദ്ദ് ഫെറോന ചർച്ച് പാളയം - 12,56,594
13. ശ്രീ ശാസ്താ ക്ഷേത്രം പൂന്തുറ - 1,04,15,521
14. ശാന്തിഗിരി ആശ്രമം, ശാന്തിഗിരി പോത്തൻകോട് - 61,80,000
15. സെന്റ് ആനീസ് ലാറ്റിൻ ഫെറോന ചർച്ച് - 76,71,705
16. CSI ക്രൈസ്റ്റ് ചർച്ച്, ചൂഴാറ്റുകോട്ട - 18,63,087
17. കിടാരക്കുഴി ഇടിവിഴുന്നവിള അമ്മൻ ക്ഷേത്രം - 17,82,975

കൊല്ലം ജില്ലയിലെ പ്രവൃത്തികൾ

1. പരബ്രഹ്മ ക്ഷേത്രം, ഓച്ചിറ, കൊല്ലം - 1,15,12,008
2. മയ്യത്തിൻകര ജുമാ മസ്ജിദ്, ചക്കുവള്ളി പൊരുവഴി, കുന്നത്തൂർ - 19,05,233
3. ജഡായു ക്ഷേത്രം, ചടയമംഗലം - 84,33,628

(ബി) 15-1-2019-ലെ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം അനുമതി ലഭിച്ച മേൽ പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

(സി) കൊല്ലം ജില്ലയിലെ കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീ മഹാഗണപതി ക്ഷേത്ര വികസനത്തിന് സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ സഹായം ലഭിച്ചിട്ടില്ല.

## ശ്രീനാരായണ ഗുരു തീർത്ഥാടന സർക്യൂട്ട്

294(665) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഗുരു തീർത്ഥാടന സർക്യൂട്ടിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനമാണ് ഈ പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര തുകയാണ് ചെലവാക്കുന്നത്; അതിൽ എത്ര തുക ഇതിനകം അനുവദിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് എന്ന പദ്ധതിയുടെ ഒരു പ്രൊപ്പോസൽ സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 99.90 കോടി രൂപയുടെ പുനർ DPR (വിശദമായ പദ്ധതി രൂപരേഖ) ടൂറിസം വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ മേൽ പദ്ധതിയുടെ നിർമ്മാണ ചുമതല ഐ.ടി.ഡി.സി.-ക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയം നൽകിയിട്ടുള്ളത്.

(ബി) മേൽ പദ്ധതിക്കായി കേന്ദ്ര സർക്കാർ 69.47 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ടി പദ്ധതി ഐ.ടി.ഡി.സി. വഴി നടപ്പാക്കുന്നതിനാൽ ഇതിനായി എത്ര തുക ഇതിനകം അനുവദിച്ചു എന്നുള്ള വിവരം വകുപ്പിൽ ലഭ്യമല്ല.

(സി) കേന്ദ്ര സർക്കാരിന്റെ 3-1-2019 -ലെ ഭരണാനുമതി ഉത്തരവ് പ്രകാരം ടി തീയതി മുതൽ 24 മാസത്തിനുള്ളിൽ പദ്ധതി നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് ഐ.ടി.ഡി.സി.-ക്ക് ഉത്തരവ് നൽകിയിട്ടുള്ളത്.

## ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം

295 (666) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലോക വിനോദസഞ്ചാരമേഖലയിലെ സാന്നിദ്ധ്യമാക്കി മാറ്റുവാൻ ഉതകുന്ന ഏതൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; കിഫ്ബിയിൽനിന്നും ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് സഹായമാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഉത്തരവാദിത്ത മിഷൻ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസത്തിൽ ഉണ്ടായിട്ടുള്ള ഉണർവ് വ്യക്തമാക്കുമോ;

(ഡി) ടൂറിസ്റ്റ് സെന്ററുകളുടെ വികസനത്തിനായി നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഹൗസ് ബോട്ട്, ആയുർവേദ സെന്റർ, ഹോം സ്റ്റേകൾ തുടങ്ങിയ സർവ്വീസ് മേഖലകളിൽ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ലോക വിനോദ സഞ്ചാരമേഖലയിലെ സാന്നിദ്ധ്യമാക്കി മാറ്റുവാൻ ചുവടെ ചേർക്കുന്ന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്:

- വിദേശ രാജ്യങ്ങളിൽ കൂടുതൽ റോഡ് ഷോകൾ സംഘടിപ്പിക്കലും അന്താരാഷ്ട്ര ടൂറിസം ട്രേഡ് ഫെയറുകളിലെ സാന്നിദ്ധ്യവും

- ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം
- നവ മാധ്യമങ്ങളായ ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യു ട്യൂബ് എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചാരണങ്ങൾ.
- കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോത്സാഹനവും പ്രചരണവും
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ
- കൂടുതൽ അന്തർദേശീയ ഭാഷകളിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റ് ലഭ്യമാക്കൽ.
- ടൂർ ഓപറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകരും തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ.

(ബി) കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനായുള്ള പ്രോജക്ട് റിപ്പോർട്ട് നിലവിൽ വകുപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ വകുപ്പ് നിലവിൽ 6 പ്രൊപ്പോസലുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. കോഴിക്കോട് എസ്.ഐ.എച്ച്.എം. ക്യാമ്പസിൽ ത്രീസ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം
2. മുഴപ്പിലങ്ങാട് ത്രീസ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം
3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി-വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം
5. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്
6. റജുവനേഷൻ ഓഫ് ആക്കുളം ലേക്ക് .

അനുവദിച്ച പദ്ധതികൾ

1. മുഴപ്പിലങ്ങാട് ത്രീസ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണത്തിന് - 39.42 കോടി രൂപ.

2. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ടിന്റെ ആദ്യഘട്ടത്തിനായി 17.19 കോടി രൂപ

(സി) ഉത്തരവാദിത്ത മിഷൻ രൂപീകരിക്കുന്നതിന് മുൻപും രൂപീകരിച്ചതിനു ശേഷമുള്ള പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) നിലവിൽ വിനോദസഞ്ചാര വകുപ്പ് ഹൗസ് ബോട്ട്, ആയുർവ്വേദ സെന്റർ, ഹോംസ്റ്റേകൾ തുടങ്ങിയ സർവ്വീസ് മേഖലകളിൽ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പാക്കി വരുന്നുണ്ട്.

**കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച ടൂറിസം പദ്ധതികൾ**

296 (667) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം ടൂറിസം പദ്ധതികളാണ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ താഴെപ്പറയുന്ന ടൂറിസം പദ്ധതികൾക്കുള്ള പ്രൊപ്പോസലുകളാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി നൽകിയ പദ്ധതികൾ.

| | |
|---|---|
| 1 | കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട് |
| 2 | അതിരപ്പിള്ളി നേച്ചർ ബേയ്സ് ടൂറിസം സർക്യൂട്ട് |
| 3 | ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് |
| 4 | കേരള കോസ്റ്റൽ സർക്യൂട്ട് |
| 5 | പന്തിരുകുലം പദ്ധതി |
| 6 | കണ്ണൂർ പിൽഗ്രിം സർക്യൂട്ട് |
| 7 | നാലമ്പലം സർക്യൂട്ട് |
| 8 | കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ച പ്രകാരമുള്ള കേരളത്തിലെ വിവിധ ആരാധനാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച പദ്ധതികൾ |
| 9 | മലനാട് -മലബാർ ക്രൂയിസ് ടൂറിസം സർക്യൂട്ട് |

<u>കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി നൽകിയ പദ്ധതികൾ</u>

1. സെന്റ് തോമസ് ഇന്റർനാഷണൽ ഷ്റിൻ, മലയാറ്റൂർ
2. ചേരമാൻ ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ
3. ഗുരുവായൂർ ക്ഷേത്ര വികസനം

(ബി) താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. സ്വദേശ് ദർശൻ സ്കീമിലെ റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി മലനാട്-മലബാർ ക്രൂയിസ് ടൂറിസം പദ്ധതി
2. സ്വദേശ് ദർശൻ സ്കീമിൽ കേരളത്തിലെ 133 ആരാധനാലയങ്ങളെ ഉൾപ്പെടുത്തിയുള്ള 8,522.71 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി
3. പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം .

## വർക്കല ഗസ്റ്റ് ഹൗസ് നവീകരണം

297(668) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ഗസ്റ്റ്ഹൗസ് നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

വർക്കല ഗസ്റ്റ് ഹൗസിന്റെ പുതിയ ബ്ലോക്കിന്റെ നവീകരണത്തിനായി 25-5-2015-ലെ സ.ഉ.(സാധാ) നമ്പർ 187/15/ടൂറിസം പ്രകാരം 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിച്ചു. കൂടാതെ 25-5-2015 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 188/15/ടൂറിസം പ്രകാരം വർക്കല ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മെയിൻ ബ്ലോക്കിന്റെ നവീകരണ പ്രവൃത്തികൾക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയും പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

## ക്രൂസ് ടൂറിസം പദ്ധതി

298 (669) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൂസ് ടൂറിസത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ ക്രൂസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ ക്രൂസ് ടൂറിസം പദ്ധതിയുടെ സാധ്യതകൾ മനസിലാക്കാനായി നടത്തിയ പ്രവർത്തനങ്ങളും ആയതിന്റെ സാധ്യതകളും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ക്രൂസ് ടൂറിസത്തിന്റെ ഭാഗമായി മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് എന്ന പദ്ധതിക്കാണ് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 17 നിർമ്മാണ പദ്ധതികളിൽ 14 എണ്ണം കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി താഴെപ്പറയുന്ന പ്രകാരമാണ്:

1. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - 17 പൈലുകളുടെ നിർമ്മാണം പൂർത്തിയായി
2. പഴയങ്ങാടി ബോട്ട് ടെർമിനൽ, കണ്ണൂർ-നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.
3. ചാമ്പാട് ബോട്ട് ടെർമിനൽ, കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല. മാമ്പറത്തേയ്ക്ക് മാറ്റാൻ തീരുമാനിച്ചു.
4. പെരിങ്ങത്തൂർ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു.
5. മോന്താൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു. സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചിട്ടില്ല.
6. ധർമ്മടം ബോട്ട് ടെർമിനൽ, കണ്ണൂർ-സാങ്കേതികാനുമതി ലഭിച്ചു. മുൻ നിശ്ചയിച്ച സ്ഥലത്ത് പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ചിറക്കുനി എന്ന സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.
7. കരിയാട് ബോട്ട് ടെർമിനൽ കണ്ണൂർ - സ്ഥലത്തിന്റെ നിയന്ത്രണാനുമതി ലഭിച്ചു.
8. പാറപ്രം ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.
9. കമ്പനിമെട്ട ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ചേരിക്കലിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ തീരുമാനിച്ചു.
10. കക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.
11. ന്യൂമാഹി ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.
12. പാത്തിക്കൽ ബോട്ട് ടെർമിനൽ, കണ്ണൂർ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടി സ്വീകരിച്ചു.
13. മുക്കുവച്ചേരി ബോട്ട് ടെർമിനൽ, കണ്ണൂർ -സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.
14. പുന്നക്കടവ് ബോട്ട് ടെർമിനൽ, കണ്ണൂർ- സാങ്കേതികാനുമതി ലഭിച്ചു.

കാസർഗോഡ്

1. കോട്ടപ്പുറം - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.
2. മാവിലാക്കടപ്പുറം - സാങ്കേതികാനുമതി ലഭിച്ചിട്ടില്ല.
3. മാടക്കൽ - സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിൽ ക്രൂസ് ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

**വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

299 (670) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ കേരളത്തിലുണ്ടായ ഹർത്താലുകളിൽ വിനോദ സഞ്ചാര മേഖലയിൽ ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയെന്ന് അറിയിക്കുമോ ;

(ബി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ പഞ്ചായത്തിലെ കുറുമ്പാലക്കോട്ട വിനോദസഞ്ചാര കേന്ദ്രം ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) 2018-ൽ വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽനിന്നും ലഭിച്ച വരുമാനം എത്ര രൂപയാണെന്ന് ടൂറിസം കേന്ദ്രങ്ങളുടെ പേര്, തുക എന്നിവ സഹിതം മണ്ഡലാടിസ്ഥാനത്തിൽ നൽകുമോ?

ഉത്തരം

(എ) ഹർത്താലുകൾ വിനോദസഞ്ചാര മേഖലയെ എങ്ങനെ ബാധിച്ചു എന്നതിനെ സംബന്ധിച്ച പ്രത്യേക പഠനങ്ങൾ ഒന്നുംതന്നെ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ 2018-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് മേയ് മാസം മുതൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ് മാസം മുതൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിലും ഇടിവ് ഉണ്ടായിട്ടുണ്ട്. വിശദമായ പട്ടിക ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.*

(ബി) നിലവിൽ വകുപ്പിന്റെ പരഗണനയിലില്ല.

(സി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വയനാട് ജില്ലയിലെ വിനോദസഞ്ചാര പദ്ധതികൾ

300(671) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) വയനാട് ജില്ലയിൽ കൂടുതൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) പദ്ധതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വയനാട് ജില്ലയിൽ കൂടുതൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ഏനാമാവ് നെഹ്റു പാർക്ക്

301 (672) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിൽ ഏനാമാവ് നെഹ്റു പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പദ്ധതി രൂപരേഖ തയ്യാറാക്കുമെന്ന തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ കുട്ടികളുടെ പാർക്ക് നിർമ്മാണത്തിനായി ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) "Setting up of Children's Park at Nehru Park Enamavu" എന്ന പദ്ധതിക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പാർക്ക് സ്ഥാപിക്കുന്നതിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുന്നോടിയായി അടിസ്ഥാന സൗകര്യ വികസനം ആദ്യഘട്ടമായി നിർവ്വഹിക്കേണ്ടതുണ്ടെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, ലൈറ്റിംഗ്, കഫ്റ്റേരിയ, ടിക്കറ്റ് കൗണ്ടർ എന്നിവ ഉൾപ്പെടുത്തി 98 ലക്ഷം രൂപയുടെ ഒരു പദ്ധതി രൂപരേഖ വകുപ്പിന്റെ പരിഗണനയിലാണ്.

## മാമ്പുഴ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കാൻ നടപടി

302 (673) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാമ്പുഴ ഒരു ടൂറിസം ഡെസ്റ്റിനേഷനാക്കണമെന്ന നിർദ്ദേശത്തിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

### ഉത്തരം

ഉത്തരവാദിത്ത ടൂറിസം മിഷൻ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് മാമ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ 'ജലയാനം' എന്ന പേരിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. ഇത് ഒരു നിർമ്മാണ പ്രവർത്തനമല്ല. പ്രാദേശിക സമൂഹത്തിനുള്ള വിവിധ പരിശീലനങ്ങളും വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകളുമാണ് ഇതുവഴി നടപ്പിലാക്കുന്നത്. പദ്ധതി പുരോഗമിച്ചുവരുന്നു.

## വാഗമൺ റോപ് വേ

303 (674) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഗമൺ റോപ്പ് വേയുമായി ബന്ധപ്പെട്ട് നാറ്റ്പാക് സംഘം പഠനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നാറ്റ്പാക് സംഘത്തിന് പഠനത്തിനായി എത്ര ലക്ഷം രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വാഗമൺ റോപ്പ്വേയുടെ തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പ് ഒരു പഠനം നടത്തിയിട്ടില്ല.

## ഇരവിപുരം നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

304 (675) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അടിയന്തരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇരവിപുരം നിയോജക മണ്ഡലത്തിലെ മയ്യനാട് പഞ്ചായത്തിൽ താന്നി ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) താന്നി ബീച്ചിന്റെ വികസനത്തിനായി ടൂറിസം വകുപ്പ് 68.40 ലക്ഷം രൂപയുടെ പദ്ധതി ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരികയാണ്. നടപ്പാത, ഗാലറി, ഇരപ്പിടം, പടിപ്പുര ഓപ്പൺ സ്റ്റേജ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്ന ഈ ടൂറിസം പദ്ധതിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

## സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം

305 (676) ശ്രീ. എം. ഉമ്മർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന സർഗാലയ ആർട്സ്&ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം ഒരു സ്വകാര്യ സൊസൈറ്റിക്ക് നൽകുന്നതിന് നിയമപരമായ സാധുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാർ ചെലവിൽ നടത്തിയ സാഹചര്യത്തിൽ ഈ പൊതുസ്ഥാപനം ഒരു സ്വകാര്യ ഏജൻസിക്ക് നൽകുന്നതിന് അനുകൂലമായ ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ് അവകാശം കൈമാറുന്നതിന് മന്ത്രിസഭായോഗത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടൂറിസം വകുപ്പിന്റെ സംരംഭമായ സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിന്റെ ഉടമസ്ഥാവകാശം കൈമാറാൻ നിലവിൽ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നില്ല.

(സി) ടൂറിസം വകുപ്പിന്റെ സംരംഭമായ ഇരിങ്ങൽ സർഗാലയ ആർട്സ് & ക്രാഫ്റ്റ് വില്ലേജിനെ പ്രൊഫഷണൽ ആന്റ് കോ-ഓർഡിനേഷൻ ആക്ടിവിറ്റികൾ നടത്തുന്നതിനായി G.O.(Rt) No.8101/10/TSM തീയതി 2-10-2010 നമ്പർ ഉത്തരവുപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, വടകര, കോഴിക്കോട് എന്ന സ്ഥാപനത്തിന് 10 വർഷത്തേയ്ക്ക് കരാർ നൽകിയിട്ടുണ്ട്. എന്നാൽ മേൽ സംരംഭം ഒരു സ്വകാര്യ ഏജൻസിക്ക് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പ് അവകാശം കൈമാറുന്നത് സംബന്ധിച്ച് മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടില്ല.

**പട്ടാമ്പി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

306 (677) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;വിശദീകരിക്കുമോ;

(ബി) ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് ടൂറിസം രംഗത്ത് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫോക് ലോർ പാർക്ക് - തിരുവേഗപ്പുര എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ പ്രളയത്തിൽ ടി പാർക്കിൽ വെള്ളം കയറുകയും തുടർന്ന് പാർക്കിലെ എല്ലാ ഘടകങ്ങൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്തു. പ്രസ്തുത പാർക്കിൽ തുടർച്ചയായി മഴ പെയ്യുമ്പോൾ വെള്ളം കയറുന്നതിനാൽ പാർക്കിന്റെ പുനരുദ്ധാരണം നടത്തുന്നത് അഭികാമ്യമല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഭാരതപ്പുഴ കേന്ദ്രീകരിച്ച് നിലവിൽ ടൂറിസം പദ്ധതികൾ ഒന്നുംതന്നെ ഇല്ല. എന്നാൽ ഭാരതപ്പുഴയുടെ ടൂറിസം സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**പോത്തുണ്ടി ടൂറിസം പദ്ധതി**

307 (678) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പോത്തുണ്ടി ടൂറിസം പദ്ധതിയിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോത്തുണ്ടി ഡാം ഉദ്യാന നവീകരണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 15-12-2018-ന് കൂടുകയും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രവേശന കവാടം, ടോയ്‌ലറ്റ് ബ്ലോക്ക്, കിയോസ്ക്, കുട്ടികളുടെ കളി ഉപകരണങ്ങൾ, സൈക്കിൾ ട്രാക്ക് നടപ്പാത തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അഡ്വഞ്ചർ സ്പോർട്സ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്ക് ജലസേചന വകുപ്പ് IDRB-യുടെ അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനുവാദം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികളും ആരംഭിക്കുന്നതാണ്.

(സി) അനുമതിയുടെ അഭാവത്തിൽ തുടങ്ങാൻ കഴിയാത്ത അഡ്വഞ്ചർ സ്പോർട്സ് എന്ന ഇനം ഒഴികെ ബാക്കിയെല്ലാം 2019 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇടുക്കിയിൽ കുടിയേറ്റ കർഷക സ്മാരകം**

308 (679) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഉദ്യാനത്തോട് ചേർന്ന വിനോദസഞ്ചാര വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ കുടിയേറ്റ കർഷക സ്മാരകം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ സ്മാരകത്തോടനുബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് അവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 28-12-2018 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 545/2018/ടൂറിസം പ്രകാരം "മൈഗ്രേഷൻ മോണുമെന്റ്സ് ടൂറിസം വില്ലേജ് ഇടുക്കി" എന്ന ഈ പദ്ധതിക്ക് മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കഫ്റ്റേരിയ, മിനി എക്സിബിഷൻ സെന്റർ അഡ്വഞ്ചർ ആക്ടിവിറ്റീസ്, ലാന്റ് സ്കേപിംഗ്, ലൈറ്റിംഗ്, വാക്ക്‌വേ, മൈഗ്രേഷൻ ഇന്റർപ്രിട്ടേഷൻ, സിറ്റിംഗ് അറേഞ്ച്മെന്റ്സ്, ഫെൻസിംഗ്, റയിൻ ഷെൽട്ടർ, മൗണ്ടൻ ബാത്തിംഗ് ഫെസിലിറ്റി എന്നീ ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

**വിനോദസഞ്ചാര പദ്ധതികൾ**

309 (680) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വകുപ്പ് വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും, ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് "ബീച്ച് കോറിഡോർ അറ്റ് വൈപ്പിൻ ഐലന്റ്", ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽപ്പെട്ട "ഡെവലപ്മെന്റ് വർക്ക്സ് അറ്റ് ചെറായി ബീച്ച്" എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

## വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതി

310 (681) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പ്രധാനപ്പെട്ട ടൂറിസം പദ്ധതിയായ വെട്ടിക്കോട് ചാൽ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി വകയിരുത്തിയ തുകയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിലെ ഡെവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ വെട്ടിക്കോട് ആലപ്പുഴ എന്ന ടൂറിസം പദ്ധതിക്കായി 98,66,761 രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സൈറ്റ് ഡെവലപ്മെന്റ്, ഇൻഫർമേഷൻ സെന്റർ, വാഷ് റൂം & ടോയ്‌ലറ്റ്, കഫറ്റീരിയ, ടിക്കറ്റ് കൗണ്ടർ/സെക്യൂരിറ്റി ക്യാബിൻ, ചിൽഡ്രൻസ് പ്ലേ ഏരിയ, കുളത്തിന് ചുറ്റുമുള്ള നടപ്പാത, കുളത്തിന് ചുറ്റുമുള്ള ഇരിപ്പിടങ്ങൾ, എൻട്രി ഗേറ്റും മുൻവശത്തെ മതിലും കുളത്തിന് ചുറ്റുമുള്ള സുരക്ഷാവേലി മറ്റ് അനുബന്ധ പ്രവൃത്തികൾക്കും ഉൾപ്പെടെയാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന സ്ഥാപനത്തിനാണ് ഇതിന്റെ നിർവ്വഹണച്ചുമതല. പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തിന്റെ മധ്യഭാഗത്തായുള്ള കുളത്തിന്റെ നവീകരണവും സംരക്ഷണ പ്രവർത്തനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ടൂറിസം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

## കടമ്പ്രയാർ ടൂറിസം വികസന പദ്ധതി

311(682) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കടമ്പ്രയാർ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ കടമ്പ്രയാർ ടൂറിസം വികസനത്തിനായി ഒരു പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. എറണാകുളം ജില്ലയിൽ കടമ്പ്രയാർ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് സസ്പെൻഷൻ '(ബ്രിഡ്ജ് അറ്റ് മനയ്ക്കക്കടവ്)'' എന്ന പദ്ധതി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ

312 (683) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ വെള്ളിനേഴിയിൽ കലാഗ്രാമം പദ്ധതി 2 കോടി രൂപ ചെലവിൽ നടത്തിവരുന്നു. ഹാബിറ്റാറ്റാണ് ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമലയിലെ ഇക്കോ ടൂറിസം സാധ്യത സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു പദ്ധതി രൂപരേഖ വകുപ്പ് തയ്യാറാക്കുകയുണ്ടായി. എന്നാൽ പദ്ധതി പ്രദേശം വനം വകുപ്പിന്റെ അധീനതയിലായതിനാൽ പദ്ധതി നടത്താനുള്ള അനുമതി നൽകാൻ കഴിയില്ല എന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

## നീലക്കുറിഞ്ഞി സീസണിൽ മൂന്നാറിൽ ചെലവഴിച്ച തുക

313 (684) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് മൂന്നാറിൽ വിനോദസഞ്ചാര വകുപ്പ് എത്ര തുകയാണ് ചെലവാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക വനം വകുപ്പിനു കൈമാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് മൂന്നാറിൽ വിനോദസഞ്ചാര വകുപ്പ് വനം വകുപ്പ് മുഖാന്തരം 88,00,000 (എൻപത്തിയെട്ട് ലക്ഷം) രൂപയുടെ ഒരു പദ്ധതിക്കും ഡി.റ്റി.പി.സി. ഇടുക്കി മുഖാന്തരം 5 പദ്ധതികൾക്കായി 3,06,60,950 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ ഡി.റ്റി.പി.സി. ഇടുക്കി നാളിതുവരെ 2,43,22,680 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 88,00,000 (എൻപത്തിയെട്ട് ലക്ഷം) രൂപ രണ്ട് ഗഡുക്കളായി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. വൈൽഡ് ലൈഫ് വാർഡൻ, വൈൽഡ് ലൈഫ് ഡിവിഷൻ, മൂന്നാറിലാണ് തുക കൈമാറിയിട്ടുള്ളത്.

## തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര വികസനം

314 (685) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോവളം, ശംഖുംമുഖം, വേളി, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ജില്ലയിലെ മുടങ്ങിക്കിടക്കുന്ന വിനോദസഞ്ചാര പദ്ധതികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം സീസൺ ആരംഭിച്ചിട്ടും കോവളത്തെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ വിനോദസഞ്ചാര വകുപ്പ് അലംഭാവം കാണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആരംഭിച്ചതും നടപ്പിലാക്കാനുള്ളതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം I& II-ൽ ചേർത്തിട്ടുണ്ട്.*

(ബി) കോവളം, ശംഖുമുഖം, വേളി, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളുടെ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ചതും വകുപ്പ് നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികൾ അനുബന്ധം III-ൽ ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി) കോവളത്തെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിൽ വിനോദസഞ്ചാര വകുപ്പ് അലംഭാവം കാണിക്കാത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള പരാതികളോ ആക്ഷേപമോ ഉണ്ടായിട്ടില്ല. കോവളത്തെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വഴിവിളക്കുകളും ശുചിമുറികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും ഇക്കോ പ്രിസർവ് എന്ന NGO മുഖാന്തരം മാലിന്യ നിർമാർജ്ജനം നടത്തുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സുരക്ഷയുടെ ഭാഗമായി ക്യാമറ, അലാറം സിസ്റ്റം എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കക്കാടംപൊയിൽ പ്രദേശത്തെ വിനോദസഞ്ചാര സാധ്യതകൾ

315 (686) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കക്കാടംപൊയിൽ പ്രദേശത്തെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഡി.റ്റി.പി.സി. മുഖാന്തരം പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഉണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിച്ചുവരുന്നു.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ടൂറിസം പദ്ധതി

316 (687) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ സെന്ററിനും അനുബന്ധ പ്രവൃത്തികൾക്കുമായി ഡി.പി.ആർ. തയ്യാറാക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഏതൊക്കെ തരത്തിലുള്ള പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2019 മാർച്ചിന് മുൻപ് ഡി.പി.ആർ. പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഏജൻസിയെ തീരുമാനിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി&സി) പദ്ധതി റിപ്പോർട്ട് ലഭ്യമാകുമ്പോൾ ഇക്കാര്യം പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

**ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വദേശി ദർശൻ പദ്ധതി**

317 (688) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയുടെ ഭാഗമായി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി; എത്ര കോടി രൂപയാണ് ഈ പദ്ധതിയിൻ കീഴിൽ ചെലവഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഭക്തരെയും വിനോദസഞ്ചാരികളെയും ക്ഷേത്രത്തിലേക്ക് ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുന്ന സ്പിരിച്വൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി അനുവദിച്ച ശ്രീ പത്മനാഭ ടെമ്പിൾ-ആറന്മുള ശബരിമല വികസന പദ്ധതിയുടെ ഒരു ഘടകമായ ശ്രീ പത്മനാഭസ്വാമി ക്ഷേത്ര വികസനത്തിനായി താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നു.

| | |
|---|---|
| തെക്കെ നട വികസനം | 2,059.70 ലക്ഷം രൂപ |
| വടക്കേ നട വികസനം | 1,184.94 ലക്ഷം രൂപ |
| കിഴക്കേ നട വികസനം | 1,866.09 ലക്ഷം രൂപ |
| പടിഞ്ഞാറേ നട വികസനം | 2,478.12 ലക്ഷം രൂപ |
| ആകെ | 7,588.85 ലക്ഷം രൂപ |

ഓരോ നടയിലേയും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചും അവയിൽ പൂർത്തീകരിച്ച പ്രവൃത്തികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങൾ

318 (689) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് പേരു സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഈ ക്ഷേത്രങ്ങളിൽനിന്നും സർക്കാരിന് ലഭിച്ച പ്രതിവർഷ വരുമാനം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഈ ക്ഷേത്രങ്ങളുടെ നവീകരണത്തിനും മറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ അനുവദിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത എത്ര ക്ഷേത്രങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ ക്ഷേത്രങ്ങളിൽനിന്നും സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ടെങ്കിൽ ഈ സർക്കാർ കാലയളവിലെ ആയതിന്റെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;ഈ ക്ഷേത്രങ്ങളുടെ നവീകരണത്തിനും മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനും,സർക്കാർ തുക അനുവദിക്കാറുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം - I, II, III, IV, V ആയി ചേർത്തിട്ടുണ്ട്.*

(ബി) ക്ഷേത്രങ്ങളുടെ വരുമാനത്തിൽനിന്ന് യാതൊരു വിഹിതവും സർക്കാരിന് ലഭിക്കുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശബരിമല മാസ്റ്റർ പ്ലാൻ നിർവ്വഹണത്തിനായി 38 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 702 പൊതു ക്ഷേത്രങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കായി 6.095 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) ബോർഡിന്റെ കീഴിൽ അല്ലാത്ത ക്ഷേത്രങ്ങളുടെ കണക്ക് ലഭ്യമല്ല. ഈ ക്ഷേത്രങ്ങളിലെ വരുമാനം സർക്കാരിന് ലഭിച്ചിട്ടില്ല. സ്വകാര്യ ക്ഷേത്രങ്ങളുടെ നവീകരണത്തിനും മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ തുക ചെലവഴിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പോലീസ് മെസ്സ്

319 (690) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല മകര വിളക്കിനോടനുബന്ധിച്ച് പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കുള്ള മെസ് നടത്തിപ്പിനായി ഈ സീസണിൽ ദേവസ്വം വകുപ്പ് എത്ര രൂപയാണ് ഫണ്ടായി അനുവദിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിനായി മുൻകാലങ്ങളിൽ അനുവദിച്ച ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടില്ല.

## ശബരിമല യുവതി പ്രവേശനം

320 (691) ശ്രീ. കെ. മുരളീധരൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ.സി.ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനത്തിന് എത്തുന്ന യുവതികൾക്ക് പ്രത്യേക സുരക്ഷ ഒരുക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ;വ്യക്തമാക്കുമോ;

(ബി) ശബരിമലയിൽ യുവതി പ്രവേശം അനുവദിച്ച സുപ്രീംകോടതി വിധിക്ക് ശേഷം പത്തിനും അൻപതിനും ഇടയിൽ പ്രായമുള്ള എത്ര സ്ത്രീകൾ ശബരിമലയിൽ ദർശനം നടത്തി; വിശദമാക്കുമോ;

(സി) ശ്രീലങ്കൻ യുവതി ശശികല ശബരിമലയിൽ ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച സ്ഥിരീകരണം എപ്രകാരമാണ് നടത്തിയത്; വെളിപ്പെടുത്തുമോ;

(ഡി) ശ്രീലങ്കൻ യുവതി ദർശനം നടത്തിയതിന് തെളിവില്ലായെന്ന നിലപാട് ദേവസ്വം ബോർഡ് സ്വീകരിച്ചിരുന്നോ; എങ്കിൽ അപ്രകാരം ഒരു നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അത്തരം നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ട് പ്രകാരം 2 യുവതികൾ ശബരിമല ദർശനം നടത്തിയിട്ടുണ്ട്.

(സി&ഡി) ശ്രീലങ്കൻ യുവതി ദർശനം നടത്തിയിട്ടുള്ളതായി സ്ഥിരീകരണം ലഭിച്ചിട്ടില്ല.

**ശബരിമല നട വരവ്**

321 (692) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ 2018-19 വർഷത്തെ മണ്ഡല മകര വിളക്ക് കാലയളവിലെ നടവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2017-18-ലെ മണ്ഡല-മകര വിളക്ക് കാലത്ത് ലഭിച്ച നടവരവ് എത്രയായിരുന്നു;

(സി) 2017-18-ലെ മണ്ഡല-മകര വിളക്ക് കാലത്ത് ലഭിച്ച നടവരവിൽ അതിനു മുൻവർഷത്തെക്കാൾ എന്തു വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2018-19 വർഷത്തെ മണ്ഡല മകരവിളക്ക് നട വരവ് - 72,10,17,321.

(ബി) 2017-18 വർഷത്തെ മണ്ഡല മകര വിളക്ക് നട വരവ് - 97,52,20,478 രൂപ.

(സി) 14,10,75,013 രൂപ.

**ശബരിമല നട വരവ്**

322 (693) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ഈ വർഷം ലഭിച്ച നടവരവിന്റെ/കാണിക്കയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ശബരിമല ഉത്സവത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷം ലഭിച്ച നടവരവിന്റെ/കാണിക്കയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

**ശബരിമല ദർശന ഒരുക്കങ്ങൾ**

323 (694) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ മണ്ഡലകാലത്ത് ശബരിമല ദർശനത്തിനായി സർക്കാരും ദേവസ്വം ബോർഡും എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പമ്പയിൽനിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ. ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി ഇടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും അന്നദാനത്തിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണ തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുയും ചെയ്തിരുന്നു. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായി ഒഴിവാക്കുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അറിയിപ്പും ബോധവൽക്കരണവും നടത്തിയിരുന്നു. ഓക്സിജൻ പാർലറുകളും എമർജൻസി മെഡിക്കൽ സെന്ററുകളും സജ്ജമാക്കിയിരുന്നു. ഒരേസമയം 2500 പേർക്ക് ഭക്ഷണം നൽകുന്നതിനുള്ള അന്നദാന മണ്ഡപവും സജ്ജമാക്കിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ശബരിമല ദർശനം

324 (695) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘപരിവാർ സംഘടനകൾ ശബരിമലയെ തകർക്കാൻ നടത്തിയ സമരങ്ങളെ അതിജീവിച്ച് എത്ര ലക്ഷം ജനങ്ങളാണ് ശബരിമല ദർശനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ശബരിമലയിലെ ഈ മണ്ഡലകാലത്തെ വരുമാനം എത്രയെന്നും കഴിഞ്ഞ വർഷം ലഭിച്ചത് എത്രയെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) മണ്ഡല-മകരവിളക്ക് കാലത്ത് ദർശനം നടത്തിയ തീർത്ഥാടകരുടെ എണ്ണം ശേഖരിച്ചുവരുന്നു.

(ബി) 2018-19-180,18,98,585 രൂപ

2017-18-279,43,50,279.50 രൂപ

## ശബരിമല തന്ത്രിയോട് വിശദീകരണം ആരാഞ്ഞ നടപടി

325 (696) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രാചാരങ്ങളിൽ അറിഞ്ഞോ അറിയാതെയോ ആചാരലംഘനം സംഭവിച്ചാൽ പരിഹാരക്രിയ നിശ്ചയിക്കേണ്ടതും നിർവ്വഹിക്കേണ്ടതും ക്ഷേത്ര തന്ത്രിയുടെ ചുമതലകളിൽപെട്ടതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) മതാചാര പ്രകാരമുള്ള അനുഷ്ഠാനം സംബന്ധിച്ച ഷിരൂർ മഠം കേസിലെ വിധി അവയെ മൗലീകാവകാശമായി സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മതപരമായ വിശ്വാസങ്ങൾ, പുരാതന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ ലംഘിക്കപ്പെട്ടാൽ നടയടച്ച് പരിഹാര ക്രിയ ചെയ്യുകയെന്നത് തന്ത്രിയുടെ അധികാര പരിധിയിൽ വരുന്ന കാര്യമാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ശബരിമലയിൽ ആചാരലംഘനം ഉണ്ടായ സാഹചര്യത്തിൽ തന്ത്രി തന്നിൽ നിക്ഷിപ്തമായ കടമ നിർവ്വഹിച്ചതിന്റെ പേരിൽ തന്ത്രിയിൽനിന്നും ദേവസ്വം ബോർഡ് വിശദീകരണം ആരാഞ്ഞത് ഏതു സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അശുദ്ധി സംഭവിച്ചാൽ ദേവസ്വം അധികാരികൾ ആവശ്യമെങ്കിൽ തന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരക്രിയ നിശ്ചയിക്കേണ്ടതും നിർവ്വഹിക്കേണ്ടതുമാണ് എന്നാണ് ദേവസ്വം മാനുവലിൽ വ്യക്തമാക്കിയിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ദേവസ്വം മാനുവലിൽ വ്യക്തമാക്കിയിട്ടുള്ള തന്ത്രിയുടെ ചുമതലകളിൽ ആചാരാനുഷ്ഠാനങ്ങൾ ലംഘിക്കപ്പെട്ടാൽ നടയടച്ച് പരിഹാരക്രിയ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ അപ്രകാരം അശുദ്ധി നടന്നതായി സംശയം ഉണ്ടെങ്കിൽ ബന്ധപ്പെട്ട ദേവസ്വം അധികാരികൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ അറിയിക്കുകയും ആവശ്യമെങ്കിൽ തന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരക്രിയ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ദേവസ്വം അധികാരികളുടെ അനുമതി കൂടാതെയും സുപ്രീം കോടതി വിധി നിലനിൽക്കുന്ന പശ്ചാത്തലത്തിലും നട അടച്ചതിനാണ് തന്ത്രിയിൽനിന്നും ദേവസ്വം ബോർഡ് വിശദീകരണം ആരാഞ്ഞിട്ടുള്ളത്.

**ശബരിമല തന്ത്രിയുടെ അധികാരങ്ങൾ**

326 (697) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ യുവതീ പ്രവേശം ഉണ്ടായ സാഹചര്യത്തിൽ തന്ത്രി നടയടച്ച് ശുദ്ധിക്രിയ നടത്തിയിരുന്നുവോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത ശുദ്ധിക്രിയയുടെ പേരിൽ തന്ത്രിയിൽനിന്നും ദേവസ്വം ബോർഡ് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(സി) ശബരിമല ക്ഷേത്രത്തിലെ ആചാരപരവും വിശ്വാസപരവുമായ കാര്യങ്ങളിൽ തീരുമാനം എടുക്കുവാനുള്ള അധികാരം തന്ത്രിയിൽ നിക്ഷിപ്തമാണോ; എങ്കിൽ പ്രസ്തുത അധികാരത്തിൽ ഇടപെടുവാൻ ദേവസ്വം ബോർഡിനോ സർക്കാരിനോ അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിരുന്നു.

(ബി) ഉണ്ട്.

(സി) ആചാരപരവും വിശ്വാസപരവുമായ കാര്യങ്ങളിൽ തീരുമാന മെടുക്കാനുള്ള അധികാരം തന്ത്രിയിൽ മാത്രം നിക്ഷിപ്തമല്ല. ആചാരാനുഷ്ഠാനങ്ങളുടെ ലംഘനമുണ്ടായാൽ ദേവസ്വം ഉദ്യോഗസ്ഥരാണ് ആവശ്യമെങ്കിൽ തന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരക്രിയകൾ ചെയ്യേണ്ടത് എന്ന് ദേവസ്വം മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ശബരിമല വരുമാനത്തിലെ കുറവ്**

327 (698) <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്തിനിടെ ശബരിമലയിൽ ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മണ്ഡല-മകരവിളക്ക് കാലം അവസാനിച്ചപ്പോഴുള്ള ശബരിമലയിലെ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ശബരിമല വരുമാനം കുറഞ്ഞതിന് പിന്നിൽ ചില സംഘടനകൾ നടത്തിയ കുപ്രചരണങ്ങളാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിമല വരുമാനം കുറയുന്നത് ഏതൊക്കെ മേഖലകളിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി പമ്പയിൽനിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി, ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം

65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിയനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും അന്നദാനത്തിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണ ത്തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ശബരിമലയിൽ യുവതീ പ്രവേശനം അനുവദിക്കുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ചില സംഘടനകൾ നടത്തിയ പ്രചരണങ്ങൾ, സമരങ്ങൾ ഹർത്താലുകൾ എന്നിവ ഭക്തരെ ശബരിമലയിൽ എത്തുന്നതിനെ തടസ്സപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) ശബരിമല വരുമാനം കുറയുന്നത് ദേവസ്വം ബോർഡിലെയും ക്ഷേത്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, പെൻഷൻ, വികസന പ്രവർത്തനങ്ങൾ ബോർഡിലെയും ക്ഷേത്രങ്ങളിലെയും ദൈനംദിന ചെലവുകൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണ്.

**ശബരിമല തീർത്ഥാടകരുടെ കുറവ്**

328 (699) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാവുകയും അതുമൂലം വരുമാനത്തിൽ ഇടിവുണ്ടാവുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) യുവതി പ്രവേശം സംബന്ധിച്ച സുപ്രീം കോടതി വിധിക്ക് ശേഷം ഇക്കാര്യത്തിൽ സർക്കാർ കാണിച്ച അനാവശ്യ ധൃതിയും ശബരിമലയിൽ പ്രഖ്യാപിച്ച നിരോധനാജ്ഞയും ഭക്തരെ നിലയ്ക്കലിൽ നിയന്ത്രിച്ചതും ശബരിമലയിലെത്തുന്നതിൽനിന്നും ഭക്തരെ പിന്തിരിപ്പിച്ചതായി കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) തീർത്ഥാടകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുവാൻ ദേവസ്വം ബോർഡ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുള്ള ഗുരുസ്വാമിമാരുടെ യോഗം വിളിച്ച് ചേർത്തിരുന്നോ;

(ഡി) ശബരിമലയിലെ വരുമാനത്തിലുണ്ടായ ഗണ്യമായ കുറവ് തിരുവിതാംകൂർ ദേവസ്വത്തിന്റെ മറ്റ് ക്ഷേത്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കുറവ് നികത്തുവാൻ സർക്കാർ പ്രത്യേക സഹായം നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭക്തരുടെ കുറവ് കാരണം വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 99,24,51,695 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) യുവതീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിക്കുശേഷം ചില സംഘടനകൾ നടത്തിയ സമരങ്ങളും ഹർത്താലുകളുമാണ് ശബരിമലയിലേയ്ക്ക് ഭക്തരുടെ വരവ് കുറച്ചത്. പ്രതിഷേധക്കാരെ മാറ്റിനിർത്താനും യഥാർത്ഥ ഭക്തർക്ക് സുരക്ഷ ഒരുക്കുന്നതിനും വേണ്ടിയാണ് ശബരിമലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചതും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതും. ഇത് ശബരിമലയിലെത്തിയ എല്ലാ അയ്യപ്പ ഭക്തർക്കും സുഗമമായ ദർശനം ലഭിക്കുന്നതിന് കാരണമായി.

(സി) അനൗദ്യോഗികമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) വരുമാനക്കുറവ് ജീവനക്കാരുടെ ശമ്പളം, പെൻഷൻ വികസനപ്രവർത്തനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ

329 (T*700) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം മൂലം പമ്പയിൽ എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണ് അഭിമുഖീകരിക്കേണ്ടി വന്നത്; ശബരിമല മണ്ഡല-മകരവിളക്ക് സീസണുമായി ബന്ധപ്പെട്ട് എന്തൊക്കെ സൗകര്യങ്ങളാണ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്; തിർത്ഥാടകർക്ക് പരമാവധി ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞുവെന്നറിയിക്കാമോ;

(ബി) സുപ്രീം കോടതി ചുമതലപ്പെടുത്തിയ ശബരിമല ഉന്നതാധികാര സമിതി പമ്പയിലെ നിർമ്മാണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ സാഹചര്യത്തിൽ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പമ്പയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിനും പുതിയ പാലം നിർമ്മിക്കുന്നതിനും ഗതിമാറി ഒഴുകിയ പമ്പയെ പുനഃസ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) അടുത്ത വർഷത്തെ മണ്ഡല-മകരവിളക്ക് സീസണുമ്പായി തീർത്ഥാടക ക്ഷേമത്തെ മുൻനിർത്തി ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പമ്പാനദി ദിശമാറി ഒഴുകി ആ പ്രദേശം മുഴുവൻ വലിയതോതിൽ മണൽ നിറഞ്ഞു. പമ്പയിൽ നിലവിലുണ്ടായിരുന്ന രാമമൂർത്തി മണ്ഡപം, ടോയ്‌ലെറ്റ് കോംപ്ലക്സ്, നടപ്പന്തൽ, മീഡിയ കിയോസ്കുകൾ, മണപ്പുറത്ത് വിരിച്ചിരുന്ന ടൈലുകൾ, മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈനുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി വിതരണ സംവിധാനം എന്നിവ പൂർണ്ണമായും നശിച്ചുപോയിരുന്നു. മറ്റ് കെട്ടിടങ്ങൾക്കും ഇൻസിനറേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയത്തിനുശേഷം സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പമ്പയിൽനിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡ്ഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് പാലങ്ങളും നദിയും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ്‌ലെറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, അന്നദാനത്തിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണത്തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്

(സി) സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം ടാറ്റ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനി പമ്പയിൽ അടിഞ്ഞുകൂടിയ മണൽ, വൃക്ഷങ്ങൾ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്ത് പമ്പാനദിയെ പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പാലങ്ങളും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. പമ്പാതീരത്ത് 300 മീറ്ററോളം തകർന്ന ഭാഗത്തും മറ്റ് മണൽ സംഭരണ സ്ഥലങ്ങളിലും മണൽ ചാക്കുകൾ അടുക്കി തീർത്ഥാടന യോഗ്യമാക്കിയിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടികൾ ആരംഭിച്ചിട്ടില്ല.

(ഡി) അടുത്ത വർഷത്തെ മണ്ഡല-മകരവിളക്ക് സീസണ് മുന്നോടിയായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടില്ല.

**ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം**

330 (701) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല-മകര വിളക്ക് സീസണിൽ അരവണ, അപ്പം എന്നിവയുടെ വില്പനയിലൂടെ ദേവസ്വം ബോർഡിന് ലഭിച്ച വരുമാനം എത്രയാണ്;

(ബി) ഇത് മുൻവർഷത്തെ അപേക്ഷിച്ച് കുറവാണോ; എങ്കിൽ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അപ്പം - 7,40,74,000 രൂപ

അരവണ - 74,24,74,310 രൂപ

(ബി) അപ്പം വരുമാനത്തിൽ 10,93,08,645 രൂപയുടെ കുറവും അരവണ വരുമാനത്തിൽ 37,06,18,770 രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്.

**ശബരിമലയിലെ വരവ്**

331 (702) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കഴിഞ്ഞ മണ്ഡല കാലത്ത് ശബരിമലയിൽ എത്തിയ തീർത്ഥാടകരുടെ കണക്കും നടവരവിന്റെ വിശദ വിവരവും നൽകുമോ?

<u>ഉത്തരം</u>

തീർത്ഥാടകരുടെ കണക്ക് ശേഖരിച്ചുവരുന്നു. നടവരവിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**ശബരിമലയിലെ നടവരവ്**

332 (703) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് ശബരിമലയിലെ നടവരവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം എത്ര രൂപയുടെ കുറവാണ് നടവരവിൽ ഉണ്ടായിട്ടുള്ളത്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ശബരിമലയിലെ വരുമാനത്തിലുണ്ടായ കുറവ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടവരവ് ഉൾപ്പെടെ ആകെ വരുമാനം 180,18,98,585 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭക്തരുടെ കുറവ് കാരണം വരുമാനത്തിൽ 99,24,51,695.

(സി) വരുമാനത്തിലുണ്ടായ കുറവ് സ്വയംപര്യാപ്തത നേടാത്ത അമ്പലങ്ങളെ സാരമായി ബാധിക്കുന്നതിനോടൊപ്പം ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളം, പെൻഷൻ തുടങ്ങിയവയേയും ബാധിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ശബരിമലയിലെ തന്ത്രി പദവി

333 (704) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തന്ത്രി ദേവസ്വം ബോർഡിലെ ജീവനക്കാരനാണോ; അദ്ദേഹത്തെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ശബരിമലയിലെ തന്ത്രി പദവി പരമ്പരാഗതമായി താഴമൺ കുടുംബത്തിൽ വന്ന് ചേർന്നതാണെന്ന കാര്യം സിവിൽ കോടതി ശരി വച്ചിട്ടുണ്ടോ;

(സി) എങ്കിൽ തന്ത്രിയുടെ നിയമനത്തിൽ ദേവസ്വം ബോർഡോ, സർക്കാരോ ഇടപെടുന്നത് ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തന്ത്രി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാരൻ അല്ല. എന്നിരുന്നാലും ദേവസ്വം ബോർഡ് മാന്വൽ അനുസരിച്ച് പ്രവർത്തിക്കാൻ തന്ത്രി ബാധ്യസ്ഥനാണ്. മാന്വൽ പ്രകാരം ദേവസ്വം നടത്തിപ്പ് സംബന്ധിച്ച് മറ്റെല്ലാ ജീവനക്കാരേയും പോലെ തന്ത്രിയേയും കണക്കാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തന്ത്രിയുടെ നിയമനത്തിൽ സർക്കാരോ തിരിവിതാംകൂർ ദേവസ്വം ബോർഡോ ഇടപെട്ടിട്ടില്ല. എന്നാൽ തന്ത്രിയുടെ ചുമതലകൾ നിർവ്വഹിക്കേണ്ടത് ദേവസ്വം ബോർഡ് മാന്വൽ അനുസരിച്ചാണ്.

## ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾ

334 (705) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് എന്തൊക്കെ ശുചീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) ഈ വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീർത്ഥാടകർ നിക്ഷേപിക്കുന്ന പാഴ് വസ്തുക്കളും ഭക്ഷണ മാലിന്യങ്ങളും ഉൾപ്പെടെ എല്ലാവിധ മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്ത് സാന്നിധാനവും പരിസരവും വൃത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ശബരിമലയിൽ നടത്തിയിട്ടുള്ളത്.

(ബി) സർക്കാർ ഈ വർഷം ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്കായി 2,71,70,000 (രണ്ട് കോടി എഴുപത്തിയൊന്ന് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്.

## ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ

335 (706) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുണ്ടായ പോരായ്മ കാരണം തീർത്ഥാടകർക്ക് ബുദ്ധിമുട്ട് നേരിട്ടതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിൽ തകർന്ന പമ്പയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ അടിസ്ഥാനസൗകര്യങ്ങളോടുംകൂടി നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ. പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണലും വൃക്ഷങ്ങളും നീക്കംചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞുപോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സാന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും അന്നദാനത്തിനും കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമാർജ്ജനത്തിന് ശുചീകരണത്തൊഴി ലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെടുന്ന ബുദ്ധിമുട്ടുകൾ അപ്പോൾത്തന്നെ പരിഹരിച്ചിട്ടുണ്ട്.

## ശബരിമലയിൽ ഓൺലൈൻ സംവിധാനം

336 (707) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ശബരിമലയിൽ ദർശനത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത് എപ്പോഴൊക്കെയാണ്; ഓൺലൈൻ സംവിധാനം വഴി എത്രപേർക്കാണ് ഒരു ദിവസം ദർശനം സാധ്യമാക്കാൻ കഴിയുക എന്നറിയിക്കാമോ;

(ബി) അടുത്ത മണ്ഡല-മകരവിളക്ക് സീസൺ മുതൽ ദർശനം നടത്തേണ്ട തീർത്ഥാടകരെ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സന്നിധാനത്ത് മുറിയെടുക്കേണ്ട തീർത്ഥാടകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം മുറി നൽകുന്നതിനും കൂടുതൽ സമയം അവിടെ തങ്ങുന്നത് ഒഴിവാക്കുവാനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2012-13 മുതലുള്ള മണ്ഡല-മകരവിളക്ക് കാലഘട്ടത്തിൽ ശബരിമല തീർത്ഥാടനത്തിന് സഹായകമാകുന്ന ഓൺലൈൻ ഡിജിറ്റലൈസ്ഡ് ക്രൗഡ് മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തി വന്നിട്ടുണ്ട്. 2018-19 മണ്ഡല-മകരവിളക്ക് കാലഘട്ടത്തിൽ ഒരു ദിവസം കുറഞ്ഞത് 15000 മുതൽ 50000 വരെ ഭക്തർക്ക് ശബരിമല തീർത്ഥാടനത്തിന് വേണ്ട ക്രമീകരണങ്ങൾ ഓൺലൈൻ സംവിധാനം വഴി ഏർപ്പെടുത്തിയിരുന്നു.

(ബി&സി) ഇതുസംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

**മലയരയർക്ക് പൊന്നമ്പലമേട്ടിൽ ദീപാരാധന നടത്താനുള്ള അവകാശം**

337 (708) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മകരസംക്രമ ദിവസം പൊന്നമ്പലമേട്ടിൽ ദീപാരാധന നടത്തുവാനുള്ള അവകാശം മലയരയർക്ക് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളാണ് ഇക്കാര്യം ഉന്നയിച്ചിട്ടുള്ളത്;

(സി) ഇതിന്മേലുള്ള നിലപാട് എന്താണെന്നും പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോയെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഖില മലയരയ മഹാസഭയും ഐക്യ മലയരയ മഹാസഭയും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്.

(സി) സംഘടനകളുടെ പ്രതിനിധികളുമായും തന്ത്രിയുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതായി ബോർഡ് അറിയിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ**

338 (709) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് വിരമിക്കുന്ന ദിവസം തന്നെ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബോർഡിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സർവ്വീസ് കൺസൾട്ടന്റിനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ജീവനക്കാർ റിക്കാർഡുകൾ ഹാജരാക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നുവെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) നിലവിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) പുനർവിന്യാസം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

## പെരുമല പട്ടികജാതി കോളനി വികസന പദ്ധതിക്ക് കൊച്ചിൻദേവസ്വം ബോർഡിന്റെ അനുമതി

339 (710) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ പെരുമല പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച ഒരു കോടി രൂപ വിനിയോഗിക്കുന്നതിന് പ്രസ്തുത കോളനി കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഭൂമിയാണെന്നതിന്റെ പേരിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡ് അനുമതി നൽകാതിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമല പട്ടികജാതി കോളനി വികസനത്തിനായി അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-12-2018- ന് മണലൂർ എം.എൽ.എ. മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതി നടപ്പിലാക്കുന്നതിന് 13-3-2018-ൽ തന്നെ നിബന്ധനകളോടെ കൊച്ചിൻ ദേവസ്വം ബോർഡ് അനുമതി നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**വയനാട് ജില്ലയിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

340 (711) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതെല്ലാമാണ്;

(ബി) ഓരോ ക്ഷേത്രങ്ങളിലുള്ള തസ്തികകളും ജീവനക്കാരുടെ എണ്ണവും അറിയിക്കാമോ;

(സി) പ്രസ്തുത ക്ഷേത്രങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ദേവസ്വം ബോർഡ് നൽകുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്നും നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ പേര് വിവരങ്ങൾ, ജീവനക്കാരുടെ എണ്ണം, തസ്തികകളുടെ എണ്ണം, ഈ സർക്കാർ കാലയളവിൽ ബോർഡിൽനിന്നും നൽകിയ സാമ്പത്തിക സഹായം എന്നിവ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) വാർഷിക വരുമാനം 15 ലക്ഷം രൂപയിൽ കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ധനസഹായം, ക്ഷേത്ര പുനരുദ്ധാരണത്തിനുള്ള ഗ്രാന്റ്, കുളം-കാവ്-ആൽത്തറ എന്നിവയുടെ നവീകരണത്തിനുള്ള ഗ്രാന്റ്, ഉത്തര മലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം എന്നിവയാണ് നിലവിൽ മലബാർ ദേവസ്വം ബോർഡ് നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദേവസ്വംബോർഡ് ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളച്ചെലവ്

341 (712) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കു കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഓരോ ദേവസ്വം ബോർഡിന്റെയും കീഴിലുള്ള ക്ഷേത്രങ്ങളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഈ ക്ഷേത്രങ്ങളിലായി ആകെ എത്ര ക്ഷേത്ര ജീവനക്കാരുണ്ടെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(സി) ഓരോ ദേവസ്വം ബോർഡും ശമ്പളം നൽകുന്നതിന് 2018 വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ശബരിമല യുവതി പ്രവേശത്തെ എതിർക്കുന്നതിന്റെ ഭാഗമായി ചില ഹിന്ദു സംഘടനകൾ ചില ദേവസ്വം ബോർഡുകളുടെ ക്ഷേത്രങ്ങളിൽ കാണിക്ക ഇടരുതെന്ന് പറഞ്ഞതായിട്ടുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ക്ഷേത്രങ്ങളിലെ കാണിയ്ക്ക ഇനത്തിലുള്ള വരുമാന കുറവ് ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള ദേവസ്വം ബോർഡിന്റെ ശേഷിയെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 1249 ക്ഷേത്രങ്ങൾ
2. മലബാർ ദേവസ്വം ബോർഡ് - 1363 ക്ഷേത്രങ്ങൾ
3. കൊച്ചിൻ ദേവസ്വം ബോർഡ് - 701
4. ഗുരുവായൂർ ദേവസ്വം - 11 കീഴേടം ക്ഷേത്രങ്ങൾ
5. കൂടൽ മാണിക്യം ദേവസ്വം - 12 കീഴേടം ക്ഷേത്രങ്ങൾ .

(ബി-സി) വിവരം ശേഖരിച്ചുവരുന്നു.) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഏതാനും ക്ഷേത്രങ്ങളുടെ ഭണ്ഡാര വരവിൽ കുറവ് വന്നിട്ടുണ്ട്. ഇത് ബോർഡുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതാവുന്നതാണ്.

## ദേവസ്വംബോർഡുകളിലെ സംവരണം

342 (713) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി, പിന്നോക്കവിഭാഗക്കാർ എന്നിവർക്ക് വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അമ്പലങ്ങളിലെയും വിവിധ സ്ഥാപനങ്ങളിലെയും തസ്തികകളിൽ സംവരണം ഏർപ്പെടുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് നിർബന്ധമായും പ്രസ്തുത നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തേണ്ട കാലം അതിക്രമിച്ചുവെന്ന് കരുതുന്നുണ്ടോ;എങ്കിൽ അതുസംബന്ധിച്ച തുടർ നടപടി എന്ന് ആരംഭിക്കുമെന്നറിയിക്കുമോ;

(സി) സംവരണം ഏർപ്പെടുത്തുമ്പോൾ ബോർഡുകളുടെയും വിവിധ ട്രസ്റ്റുകളുടെയും അമ്പലങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലും ഇത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേയ്ക്ക് നിലവിലുള്ള എസ്.സി./എസ്.റ്റി. സംവരണ തത്വം പാലിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നടത്തിവരുന്നു.

(സി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേയ്ക്ക് സംവരണ തത്വം പാലിച്ച് നിയമനങ്ങൾ നൽകിവരികയാണ്.

## ദേവസ്വംബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ നിയമനം

343 (714) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതു വരെയായി ഏതൊക്കെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിലെ മുഖ്യ പൂജാരിമാരുൾപ്പെടെയുള്ള തസ്തികകളിൽ എസ്.സി./എസ്.ടി. പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്; ഏതൊക്കെ ഇടങ്ങളിൽ എത്ര വീതം എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് നിയമനം നൽകിയിട്ടില്ലെങ്കിൽ ഈ സർക്കാരിന്റെ കാലാവധി തികയും മുമ്പ് ഈ നിയമനം നടത്തുന്നമെന്നുറപ്പാക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുമോ;

(സി) എങ്കിൽ എന്നേക്ക് നടപ്പാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 12 പേർക്കും പിന്നാക്ക വിഭാഗത്തിൽപ്പെട്ട 57 പേർക്കും കൊച്ചിൻ ദേവസ്വം ബോർഡിൽ ഇരു വിഭാഗങ്ങളിലുമായി ആകെ 54 പേർക്കും നിയമനം നൽകിയിട്ടുണ്ട്. ഏതൊക്കെ ഇടങ്ങളിൽ എത്രവീതം എന്നത് ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി-സി) ബാധകമല്ല.

**അബ്രാഹ്മണ ശാന്തി നിയമനം**

344 (715) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശാന്തിമാരായി എത്ര അബ്രാഹ്മണരെ നിയമിച്ചിട്ടുണ്ട്; ഇതിനും മുൻപ് കേരളത്തിൽ എത്ര പേർ അബ്രാഹ്മണശാന്തിമാരായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിനു കീഴിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്രപേർ ശാന്തിക്കാരായി പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചട്ടപ്രകാരമുള്ള സംവരണ തത്വം പാലിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 120-ഉം കൊച്ചിൻ ദേവസ്വം ബോർഡിൽ 54-ഉം അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചിട്ടുണ്ട്. ഇതിനുമുമ്പ് ദേവസ്വം ബോർഡിൽ അപ്രകാരം അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചിട്ടില്ല.

(ബി) മലബാർ ദേവസ്വം ബോർഡിനുകീഴിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 4 പേർ ശാന്തിക്കാരായി പ്രവർത്തിക്കുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്കാർ അമ്പലങ്ങളിലെ നിയമനം

345 (716) ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെയും സർക്കാർ രജിസ്ട്രേഷനുള്ള വിവിധ ട്രസ്റ്റുകളുടെയും കീഴിലുള്ള അമ്പലങ്ങളിലെ മുഖ്യ കാർമ്മികനുൾപ്പെടെയുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് നിർബന്ധമായും നിശ്ചിത പ്രാതിനിധ്യം ഉറപ്പാക്കണമെന്ന ആവശ്യം പ്രസ്തുത വിഭാഗക്കാരിൽനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരക്കാരുടെ ആവശ്യം പരിഹരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് മതാരാധനാലയ ങ്ങളിൽ നിയമനം നൽകി സമത്വം ഉറപ്പാക്കാൻ മുൻകയ്യെടുക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്കാർക്ക് പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എൻ.ഡി.പി. യൂണിയൻ, ആദിവാസി കാണിക്കാർ സംയുക്ത സംഘം, കേരള ഗണക മഹാസഭ, കേരള യാദവ സേവാ സമിതി, പിന്നാക്ക സമുദായ ക്ഷേമ സമിതി, കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, കേരള ഗണക കണിശസഭ, അഞ്ചുമന വിശ്വകർമ്മ ധർമ്മോദ്ധാരണ സമാജം, അഖില കേരള പണ്ഡിതർ മഹാ സഭ, ശ്രീരാമ വിലാസം ചവളർ സൊസൈറ്റി തുടങ്ങി നിരവധി സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്.

(ബി&സി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകൾ എന്നിവയിലൊഴികെയുള്ള വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്കാർക്ക് നിയമപരമായ സംവരണ പ്രാതിനിധ്യം നടപ്പിലാക്കി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തിവരുന്നു.

## തൃത്തല്ലൂർ ശിവക്ഷേത്രത്തിൽ ശബരിമല ഇടത്താവള പദ്ധതി

346(717) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വാടാനപ്പള്ളി പഞ്ചായത്തിലെ ശ്രീ തൃത്തല്ലൂർ ശിവക്ഷേത്രത്തിൽ ശബരിമല ഇടത്താവളപദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

5-12-2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5200/2017/ ആർ.ഡി.പ്രകാരം ശ്രീ തൃത്തല്ലൂർ ദേവസ്വത്തിന് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് ലീവ് ആന്റ് ലൈസൻസ് വ്യവസ്ഥയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീ തൃത്തല്ലൂർ ദേവസ്വത്തിൽ ഇടത്താവളം നിർമ്മിക്കുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള പ്ലാനിൽ, ക്ഷേത്രത്തിന്റെ കൈവശമില്ലാത്ത ഭൂമിയും ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തുകയും ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## ചിറങ്ങരയിൽ ശബരിമല ഇടത്താവളം

347 (718) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ശബരിമല ഇടത്താവളങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചിറങ്ങരയിൽ ഇടത്താവളം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കൊരട്ടി ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ചിറങ്ങരയിൽ ഇടത്താവളം നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**വെള്ളൂർകുന്നം മഹാദേവ ക്ഷേത്രം**

348 (719) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വഴിക്കുള്ള ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുന്ന വിധം വെള്ളൂർകുന്നം മഹാദേവ ക്ഷേത്രം ശബരിമല ഇടത്താവളം ആക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളും ഒരുക്കങ്ങളുമാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)